# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

2023 സെപ്റ്റംബർ 11, തിങ്കൾ

# ഔദ്യോഗിക റിപ്പോർട്ട്


വാല്യം 192 –നമ്പർ 5

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

2023 സെപ്റ്റംബർ 11, തിങ്കൾ

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ശ്രീ. എ. എം. ബഷീർ

ചീഫ് എഡിറ്റർ
ശ്രീ. പി. രാമചന്ദ്രൻ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി | : ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. ബി. രാജേഷ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ് |

## ഉള്ളടക്കം


പേജ്

**I. ചോദ്യോത്തരങ്ങൾ**

വാങ്മൂലം നൽകിയ ഉത്തരങ്ങൾ ....

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്)

**II. സത്യപ്രതിജ്ഞ അഥവാ സഗൗരവ പ്രതിജ്ഞ**

ശ്രീ. ചാണ്ടി ഉമ്മന്റെ സത്യപ്രതിജ്ഞ .....

**III അറിയിപ്പ്**

ഗ്രൂപ്പ് ഫോട്ടോ എടുക്കുന്നത് മാറ്റിവച്ചത്

സംബന്ധിച്ച് ....

- മി. സ്പീക്കർ

**IV അടിയന്തരപ്രമേയ നോട്ടീസ്**

സോളാർ കേസിൽ മുൻ മുഖ്യമന്ത്രി
ഉമ്മൻ ചാണ്ടിക്കെതിരായ ഗൂഢാലോചന
(അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കാൻ തീരുമാനിച്ചു.) ....

**V ശ്രദ്ധ ക്ഷണിക്കൽ**

(1) മലബാർ ദേവസ്വം ബോർഡ് ഭരണം
കാര്യക്ഷമമാക്കൽ

- ശ്രീ. ടി. ഐ. മധുസൂദനൻ ....

(2) മാവൂർ ഗ്വാളിയാർ റയോൺസിന്റെ
ഭൂമി ഏറ്റെടുക്കൽ

- ശ്രീമതി കെ. കെ. രമ ....

VI റിപ്പോർട്ടുകളുടെ സമർപ്പണം ....

VII ധനകാര്യം

2023-24 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും ....

VIII അടിയന്തരപ്രമേയ ചർച്ച ....

IX വ്യക്തിപരമായ വിശദീകരണം

അടിയന്തരപ്രമേയ ചർച്ചയിലെ പരാമർശം സംബന്ധിച്ച്
- ശ്രീ. കെ. ബി. ഗണേഷ് കുമാർ ....

X നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും:

(i) 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ)ഭേദഗതി ബിൽ .....

(ii) 2022-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ .....

(iii) 2023-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ .....

XI അനുബന്ധം .....

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

2023 സെപ്റ്റംബർ 11, തിങ്കൾ

---

വാല്യം 192} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 5

---

നിയമസഭ 2023 സെപ്റ്റംബർ മാസം 11-ാം തീയതി തിങ്കളാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*91)

### റോഡുകളുടെ ശാസ്ത്രീയ പരിപാലനം

1 (*91) ശ്രീ. എം. രാജഗോപാലൻ ചുമതലപ്പെടുത്തിയതുപ്രകാരം
ശ്രീ. ലിന്റോ ജോസഫ്:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാന, മലയോര, തീരദേശ റോഡുകളുടെ എത്ര കിലോമീറ്റർ പൂർത്തിയാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ പരിപാലന രംഗത്ത് ശാസ്ത്രീയമായ പദ്ധതികൾ രൂപപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ; ഇപ്രകാരം വിജയകരമായി പ്രയോഗത്തിൽ വരുത്തിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(സി) റോഡ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഭരണാനുമതിയും സാങ്കേതികാനുമതിയും കാലതാമസം കൂടാതെ

ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) റണ്ണിംഗ് കോൺട്രാക്ട് നടപ്പാക്കി കൃത്യമായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, (എ) ഈ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പിന്റെ വിവിധ വിംഗുകളിലായി 5116.30 കി.മീ. റോഡ് ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തി നവീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള റോഡുകൾ ഘട്ടംഘട്ടമായി ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തുകയെന്നതാണ് വകുപ്പിന്റെ ലക്ഷ്യം. നിലവിൽ 50 ശതമാനത്തിലധികം റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തിക്കഴിഞ്ഞു.

സംസ്ഥാനത്തെ മലയോര ഹൈവേ, തീരദേശ ഹൈവേ തുടങ്ങിയ പദ്ധതികൾ കിഫ്ബി ധനസഹായത്തിൽ ഉൾപ്പെടുത്തി KRFB-PMU മുഖേനയാണ് നടപ്പാക്കിവരുന്നത്. പതിമൂന്ന് ജില്ലകളിൽക്കൂടി കടന്നുപോകുന്ന മലയോര ഹൈവേ പദ്ധതിയിൽ 794 കി.മീ. പാതയാണ് KRFB PMU മുഖേന നടപ്പാക്കുന്നത്. ഇതിൽ 88 കിലോമീറ്റർ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. 734 കി.മീ. റോഡിന് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. സാമ്പത്തികാനുമതി ലഭിച്ച റീച്ചുകളിൽ 474 കിലോമീറ്ററിന് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്തിട്ടുണ്ട്, 63 കിലോമീറ്ററിന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുകയാണ്. 411 കി.മീ. പ്രവൃത്തി ആരംഭിക്കുകയും 134 കി.മീ. വരുന്ന റീച്ചുകളിൽ പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കെ.ആർ.എഫ്.ബി.-പി.എം.യു. മുഖേന പ്രവൃത്തി നടത്തുന്ന 520 കി.മീ. വരുന്ന തീരദേശ ഹൈവേയുടെ 449 കി.മീ. റോഡിന്റെ സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുകയാണ്. മലപ്പുറം

ജില്ലയിലെ രണ്ട് റീച്ചുകളിലായി 18 കി.മീ. വരുന്ന റോഡിന്റെ പ്രവൃത്തി നടന്നുവരുന്നുണ്ട്.

(ബി) പ്രവൃത്തി പൂർത്തിയാക്കിയാൽ നിശ്ചിത കാലയളവുവരെ അത് കരാറുകാരുടെ പരിപാലന ചുമതലയിലാണ്. റോഡുകളുടെ പരിപാലനം ഉറപ്പുവരുത്തുന്നതിന് വൈവിധ്യമാർന്ന പദ്ധതികൾക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിൽ പരിപാലന കാലാവധിയിലില്ലാത്ത റോഡുകളിൽ പരിപാലനം ഉറപ്പാക്കാനുള്ള റണ്ണിംഗ് കോൺട്രാക്ട് പദ്ധതി പ്രധാനപ്പെട്ട ഒന്നാണ്. റോഡുകളുടെ അറ്റകുറ്റപ്പണിയും മറ്റും ഉടൻ പൂർത്തിയാക്കാൻ റണ്ണിംഗ് കോൺട്രാക്ട് സംവിധാനം സഹായിക്കുന്നു. 20026 കി.മീ. റോഡ് റണ്ണിംഗ് കോൺട്രാക്ടിന്റെ ഭാഗമായി പരിപാലിക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പരിപാലന കാലാവധിയിലുള്ള റോഡുകളുടെ പരിപാലനം ഉറപ്പാക്കുന്നതിന് ഡി.എൽ.പി. ബോർഡുകൾ സ്ഥാപിക്കുകയും പരിപാലന കാലാവധി വിവരങ്ങൾ പരസ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. റോഡുകളുടെ പരിപാലനത്തിനായി ഔട്ട്പുട്ട് ആന്റ് പെർഫോമൻസ്

ബേസ്ഡ് റോഡ് കോൺട്രാക്ട് സംവിധാനം നടപ്പാക്കുന്നുണ്ട്. ഏഴ് വർഷ കാലാവധിയിൽ റോഡ് പരിപാലനം ഉറപ്പാക്കുന്നതാണ് പദ്ധതി. 3 പാക്കേജുകളിലും ഈ പദ്ധതി പുരോഗമിക്കുകയാണ്.

(സി) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിൽ പദ്ധതി ആസൂത്രണത്തിനൊപ്പം ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്നതിനും പ്രധാന പരിഗണനയാണ് നൽകുന്നത്. ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ഉൾപ്പെടുന്ന റോഡുകളടക്കമുള്ളവയ്ക്ക് കൃത്യസമയത്തുതന്നെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകാൻ സംവിധാനമൊരുക്കിയിട്ടുണ്ട്. 2023-24 ബഡ്ജറ്റിൽ പ്രഖ്യാപിച്ച റോഡുകളിൽ 101 എണ്ണത്തിന് ഭരണാനുമതിയും 71 എണ്ണത്തിന് സാങ്കേതികാനുമതിയും നൽകിക്കഴിഞ്ഞു. ഇതിനായി നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ പ്രത്യേക ക്രമീകരണങ്ങളും ഒരുക്കിയിരിക്കുന്നു. ഇത് കൃത്യമായ ഇടവേളകളിൽ നടക്കുന്ന PWD മിഷൻ മീറ്റിംഗിൽ അവലോകനം ചെയ്യുന്നുണ്ട്.

(ഡി) പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള റണ്ണിംഗ് കോൺട്രാക്ട് പ്രകാരമുള്ള റോഡുകൾ പരിശോധിക്കാൻ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി, ചുമതലയുള്ള IAS ഉദ്യോഗസ്ഥർ (Nodal Officer), ചീഫ് എഞ്ചിനീയർമാർ എന്നിവരുൾപ്പെട്ട സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം നിലവിലുണ്ട്. ഓരോ ജില്ലയ്ക്കും നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. ഇതിൽ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം നിശ്ചിത ഇടവേളകളിൽ എല്ലാ റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികളും പരിശോധിച്ച് ഗുണനിലവാരവും പുരോഗതിയും വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ഇതുകൂടാതെ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലുള്ള പ്രത്യേക സംഘവും റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികൾ നിശ്ചിത ഇടവേളകളിൽ പരിശോധിക്കുന്നുണ്ട്.

<u>ശ്രീ. ലിന്റോ ജോസഫ്</u>: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് സംസ്ഥാനത്താകെ

നടന്നുകൊണ്ടിരിക്കുന്നത്. ദേശീയപാതയുടെയും തീരദേശ ഹൈവേയുടെയും മലയോര ഹൈവേയുടെയും കാര്യത്തിൽ ഇതെല്ലാം പ്രകടമാണ്. വകുപ്പിന് നേതൃത്വം നൽകുന്ന മന്ത്രിയെയും സർക്കാരിനെയും ഈ അവസരത്തിൽ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. പൊതുമരാമത്ത് വകുപ്പുകളുടെ പ്രവൃത്തികൾ ജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഡി.എൽ.പി. ബോർഡുകൾ പ്രദർശിപ്പിച്ച് ജനങ്ങളെ കാവൽക്കാരാക്കിക്കൊണ്ടുള്ള പ്രവർത്തനവും റണ്ണിംഗ് കോൺട്രാക്ട് സംവിധാനവുമൊക്കെ കൊണ്ടുവന്നത്. പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വർക്കിംഗ് കലണ്ടർ പ്രാബല്യത്തിൽ കൊണ്ടുവരുമെന്ന പ്രഖ്യാപനം എത്രത്തോളം നടപ്പാക്കാൻ കഴിഞ്ഞു; അതിന്റെ പുരോഗതി വിശദമാക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, വർക്കിംഗ് കലണ്ടർ പ്രാബല്യത്തിൽ വരണമെന്നുള്ളത് പൊതുവെ ഈ മേഖലയിലുള്ള എല്ലാവരും സൂചിപ്പിച്ച കാര്യമാണ്. ഇതിൽ നമ്മുടെ പ്രവൃത്തിയുമായി ബന്ധപ്പെട്ട് പ്രധാനമായും മൂന്ന് ഘട്ടമാണുള്ളത്. ഒന്ന്, പ്രഖ്യാപിക്കുന്ന പദ്ധതികൾക്ക് കൃത്യസമയത്ത് ഭരണാനുമതി, സാങ്കേതികാനുമതി, ടെണ്ടർ നടപടികൾ എന്നിവ നൽകുക എന്നതാണ്. ഈ വർഷം മുതൽ വർക്കിംഗ് കലണ്ടർ തയ്യാറാക്കി പ്രത്യേകിച്ച് ബഡ്ജറ്റിൽ പ്രഖ്യാപിച്ച, നിശ്ചയിക്കപ്പെട്ട പ്രവൃത്തികൾക്ക് ജൂൺ മാസത്തിനുമുമ്പ് ഭരണാനുമതി നൽകണമെന്നായിരുന്നു തീരുമാനിച്ചിരുന്നത്. എന്നാൽ അതിനുമുമ്പുതന്നെ ഭരണാനുമതി നൽകാൻ സാധിച്ചുവെന്ന സന്തോഷവിവരം പ്രത്യേകം സഭയെ അറിയിക്കുകയാണ്. ബഡ്ജറ്റ് പ്രാബല്യത്തിൽ വന്ന് 45 ദിവസത്തിനകം 82 റോഡ് പ്രവൃത്തികൾക്ക് പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകി. അതിൽ 5 കോടി

രൂപയിൽ അധികരിക്കുന്നതും ബഡ്ജറ്റ് പ്രൊവിഷനെക്കാൾ തുക അധികമായതുമായ പദ്ധതികൾ ധനകാര്യ വകുപ്പിന്റെ പരിശോധനയ്ക്ക് അയച്ചു. ധനകാര്യ വകുപ്പിന്റെ വിശദമായ പരിശോധനയ്ക്കുശേഷം 19 റോഡ് പ്രവൃത്തികൾക്ക് കഴിഞ്ഞ മാസം ഭരണാനുമതി നൽകി. ഭരണാനുമതി നൽകിയ 101 പ്രവൃത്തികളിൽ 71 എണ്ണത്തിന് സാങ്കേതികാനുമതി നൽകിക്കഴിഞ്ഞു. ആദ്യം നൽകിയതിൽ പതിനൊന്ന് എണ്ണവും അവസാനം നൽകിയതിൽ പത്തൊൻപത് എണ്ണവും സാങ്കേതികാനുമതി നൽകാൻ ബാക്കിയുണ്ട്. ഇതിൽ 71 എണ്ണം ടെണ്ടർ ചെയ്തു. 30 എണ്ണത്തിന്റെ കരാർ നടപടികൾ പൂർത്തിയാക്കിക്കഴിഞ്ഞു. പലയിടങ്ങളിലും പ്രവൃത്തി ആരംഭിക്കാൻ പോകുകകയാണ്. നടപടിക്രമങ്ങളെല്ലാം പൂർത്തിയായി ഒക്ടോബർ-നവംബർ മാസങ്ങളിൽ പ്രവൃത്തി ആരംഭിക്കാനാണ് തീരുമാനിച്ചിരുന്നതെങ്കിലും അതിനുമുമ്പുതന്നെ ഇത് ആരംഭിക്കാൻ

സാധിച്ചുവെന്ന വിവരവും സഭയെ അറിയിക്കുകയാണ്. ഇതിനായി റോഡ്സ് വിഭാഗത്തിൽ പ്രത്യേക ക്രമീകരണം ഏർപ്പെടുത്തിയത് വളരെ ഫലപ്രദമാണ്. സമയം പരമാവധി ലാഭിച്ച് സഭയിൽ പ്രഖ്യാപിച്ച വർക്കിംഗ് കലണ്ടർ നടപ്പാക്കി മുന്നോട്ടുപോകാൻ സാധിക്കുന്നതാണ്.

ശ്രീ. ലിന്റോ ജോസഫ്: സർ, സംസ്ഥാനത്തെ പി.ഡബ്ല്യു.ഡി. റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തുമെന്നുള്ളത് എൽ.ഡി.എഫ്. സർക്കാരിന്റെ പ്രഖ്യാപിത നിലപാടാണ്. സംസ്ഥാനത്തെ റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി രണ്ടര വർഷംകൊണ്ട് നടത്തിയിട്ടുള്ള പരിശ്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? പി.ഡബ്ല്യു.ഡി. റോഡുകളുടെ ദൈർഘ്യം ചില മണ്ഡലങ്ങളിൽ കുറവും ചിലയിടങ്ങളിൽ കൂടുതലുമാണ്. എന്റെ മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. റോഡുകളുടെ ദൈർഘ്യം 330 കിലോമീറ്ററാണ്. റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക്

ഉയർത്തുമ്പോൾ അത്തരം  മണ്ഡലങ്ങൾക്ക് കൂടുതൽ പരിഗണന നൽകാൻ സാധിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, പൊതുമരാമത്ത് വകുപ്പിന്റെ 50 ശതമാനത്തിലധികം റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിലാക്കാൻ ലക്ഷ്യം വച്ച് മുന്നോട്ടുപോകുമെന്ന് എൽ.ഡി.എഫ്.-ന്റെ പ്രകടനപത്രികയിൽത്തന്നെ സൂചിപ്പിച്ചിരുന്നു. റോഡ് പ്രതലങ്ങളെ ടാർ ചെയ്ത റോഡുകളെന്നും (ഫ്ലക്സിബിൾ പേവ്മെന്റ്) കോൺക്രീറ്റ് റോഡുകളെന്നും (റിജിഡ് പേവ്മെന്റ്) രണ്ടായി തരംതിരിച്ചിട്ടുണ്ട്. ഇവയിൽ ഫ്ലക്സിബിൾ പേവ്മെന്റിൽ മൂന്നുതരത്തിലുള്ള പ്രവൃത്തികൾ നിലവിൽ നടക്കുന്നുണ്ട്. ഒന്നാമത്തേത് ചെറിയ മെറ്റലുകൾ ഉപയോഗിച്ചുള്ള 20 mm chipping carpet ആണ്.  ഇത് പഴയ രീതിയിലുള്ള പ്രവൃത്തി നടത്തിപ്പാണ്. ഇതിൽ മെഷീനുകൾ ഉപയോഗിക്കുന്നില്ല.  ഇതിന്റെ ഡിഫക്റ്റ് ലയബിലിറ്റി പീരിയഡ് 12 മാസമാണെങ്കിലും രണ്ട് വർഷംവരെ ഈടുനിൽക്കും. 7 മീറ്റർ വീതിയുള്ള റോഡിന് കിലോമീറ്ററിന് 25 ലക്ഷം രൂപയാണ് ചെലവുവരുന്നത്.

രണ്ടാമത്തേത് 20 mm മുതൽ 40 mm വരെ കനത്തിലുള്ള mixed seal surfacing ആണ്. ഇത് മെഷീൻ ഉപയോഗിച്ചും അല്ലാതെയും ചെയ്യാൻ സാധിക്കും. പേവർ മെഷീൻ ഉപയോഗിച്ച് ചെയ്യുന്ന റോഡുകൾ കുറച്ചുകൂടി ഈട് നിൽക്കുന്നുണ്ട്. 7 മീറ്റർ വീതിയുള്ള റോഡിന് കിലോമീറ്ററിന് 25 മുതൽ 42 ലക്ഷം രൂപവരെ ചെലവ് വരും. ഇതിന്റെ ഡി.എൽ.പി. 18 മാസമാണ്. അതും മൂന്നുനാല് വർഷംവരെ കേടുകൂടാതെ നിൽക്കുന്നുണ്ട്. പേവർ മെഷീൻ ഉപയോഗിച്ച് ചെയ്യുമ്പോൾ റോഡിന്റെ ഉപരിതലത്തിന് ബി.എം.&ബി.സി. പോലുള്ള പ്രതലം ലഭ്യമാകും. രാജ്യത്ത് ഏറ്റവും ഉയർന്ന ഗുണനിലവാരം ഉറപ്പുവരുത്താവുന്ന റോഡ് നിർമ്മാണ രീതിയാണ് ബി.എം.&ബി.സി. (ബിറ്റുമിൻ മെക്കാർഡം ആൻഡ് ബിറ്റുമിൻ കോൺക്രീറ്റ്). ഇത് മെഷീൻ ഉപയോഗിച്ചാണ് ടാർ ചെയ്യുന്നത്. രണ്ട് ലെയറോടുകൂടിയ ടാറിംഗ് പ്രവൃത്തിയാണ് നടക്കുന്നത്. 7 മീറ്റർ വീതിയുള്ള റോഡിന് കിലോമീറ്ററിന് 80 ലക്ഷം രൂപയാണ് ചെലവ് വരുന്നത്. ഇതിന്റെ ഡി.എൽ.പി. രണ്ട് വർഷമാണെങ്കിലും നാലഞ്ച് വർഷംവരെ ഈ റോഡ് നിലനിൽക്കും. റോഡിന്റെ അടിത്തറ ശക്തിപ്പെടുത്തൽ, ഡ്രെയിനേജ് എന്നിവയുൾപ്പെടെ

ഇതിനുള്ള ചെലവ് കൂടുതലാണ്. ഒരു കിലോമീറ്ററിന് 1,30,00,000/- മുതൽ 2,80,00,000/- രൂപവരെ ചെലവ് വരുന്നുണ്ട്. ഇതിന്റെ ഡി.എൽ.പി. മൂന്ന് വർഷമാണ്. കേരളത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ആകെ 29590-30000-ത്തിനോടടുത്ത് റോഡുകളാണുള്ളത്. അതിൽ 50%, അതായത് 15000 കിലോമീറ്റർ റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തണമെന്ന ലക്ഷ്യത്തിലെത്താൻ ഇതിനകംതന്നെ സാധിച്ചുവെന്ന വിവരം സഭയെ അറിയിക്കുകയാണ്. 16456 കിലോമീറ്റർ റോഡുകൾ ഇപ്പോൾ ബി.എം.&ബി.സി. നിലവാരത്തിലാക്കിക്കഴിഞ്ഞു. ബഹുമാനപ്പെട്ട തിരുവമ്പാടി അംഗം സൂചിപ്പിച്ചതുപോലെ ചില നിയോജകമണ്ഡലങ്ങളിൽ പി.ഡബ്ല്യൂ.ഡി. റോഡുകളുടെ ദൈർഘ്യം കൂടുതലും ചിലയിടങ്ങളിൽ കുറവുമാണ്, പ്രത്യേകിച്ച് മലയോര മേഖലയിൽ. അത് പരിശോധിച്ച് മുന്നോട്ടുപോകാം. ബി.എം.&ബി.സി. റോഡുകൾ വരുന്നതിനനുസരിച്ച് റോഡുകൾ കൂടുതൽ കാലം ഈടുനിൽക്കുന്ന സ്ഥിതിയുണ്ടാകും. പ്രസ്തുത ലക്ഷ്യത്തിലെത്താൻ ഞങ്ങളോടൊപ്പം സഹകരിച്ച എല്ലാവർക്കും നന്ദി അറിയിക്കുകയാണ്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, റോഡ് നവീകരണ പ്രവൃത്തിയിൽ അങ്ങ് നടത്തുന്ന പ്രവർത്തനങ്ങളെ ഞാൻ അഭിനന്ദിക്കുകയാണ്. അങ്ങ് നഗരങ്ങളുടെ നവീകരണത്തിനായി ഒരു പദ്ധതി പ്രഖ്യാപിച്ചിരുന്നു. മട്ടന്നൂർ ടൗൺ കണ്ണൂർ വിമാനത്താവളത്തിന്റെ തൊട്ടടുത്താണ് സ്ഥിതിചെയ്യുന്നത്. ഈ ടൗണിലൂടെയാണ് വിമാനത്താവളത്തിലേയ്ക്ക് പോകേണ്ടത്. നഗര നവീകരണത്തിൽ മട്ടന്നൂരിനെയും ഉൾപ്പെടുത്തിയിരുന്നു. നഗരത്തിലെ ജംഗ്ഷനുകൾ ഇടുങ്ങിയതായതിനാൽ ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. അവിടെ ബ്യൂട്ടിഫിക്കേഷനും ആവശ്യമാണ്. ആയതിനാൽ മാസ്റ്റർ പ്ലാനും ഡി.പി.ആർ.-ഉം തയ്യാറാക്കി ടി പ്രവൃത്തി എത്രയും വേഗം നടപ്പാക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, കണ്ണൂർ വിമാനത്താവളം വന്നതുകൊണ്ട് മട്ടന്നൂർ പ്രധാനപ്പെട്ട നഗരമായി മാറിക്കഴിഞ്ഞു. ജംഗ്ഷൻ ഇംപ്രൂവ്മെന്റ് പദ്ധതികൾ നടപ്പാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. അതിന്റെ ഭാഗമായി അഞ്ച് ജംഗ്ഷനുകളെ തെരഞ്ഞെടുത്ത് പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, റോഡ് നിർമ്മാണത്തിൽ മികച്ച പ്രവർത്തനമാണ് പൊതുമരാമത്ത് വകുപ്പ് നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്ത് എവിടെ നോക്കിയാലും നിരവധി മികച്ച റോഡുകൾ കാണാൻ കഴിയും. ആലപ്പുഴയിലും അത്തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഇക്കാര്യത്തിൽ ഞാൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയെയും വകുപ്പിനെയും അഭിനന്ദിക്കുകയാണ്. നമ്മുടെ പരിസ്ഥിതിക്ക് ഇണങ്ങിയ രീതിയിൽ കൂടുതൽ കാലം ഈടുനിൽക്കുന്ന നിർമ്മാണ രീതികൾ അവലംബിക്കുന്നതിനുവേണ്ടി കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ഉപയോഗപ്പെടുത്തുമെന്ന് നേരത്തെ പ്രഖ്യാപിച്ചിരുന്നു. കാലാവസ്ഥയെ അതിജീവിക്കുന്ന നിർമ്മാണരീതികൾ കണ്ടെത്താൻ ഇത്തരം ഗവേഷണങ്ങളിലൂടെ എത്രത്തോളം സാധിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ധാരാളം ചർച്ച ചെയ്യുന്നതും സമൂഹം പൊതുവെ ഉറ്റുനോക്കുന്നതുമായ ഒരു വിഷയമാണിത്. കേരള ഹൈവേ

റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ഉപയോഗപ്പെടുത്തിക്കൊണ്ട് ഇത്തരം പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. സുസ്ഥിരമായ രീതിയിൽ മനുഷ്യന്റെ ആവശ്യങ്ങൾ നിറവേറ്റുകയെന്നതാണ് എഞ്ചിനീയറിംഗിന്റെ അടിസ്ഥാന ലക്ഷ്യം. സാങ്കേതികവിദ്യകൾ കാലക്രമേണ മെച്ചപ്പെടുത്തുന്നതിൽ ഗവേഷണം പ്രധാന ഘടകമാണ്. കേരളത്തിന്റെ സാഹചര്യത്തിനനുസരിച്ച് നിർമ്മാണമേഖലയിലെ ഗവേഷണങ്ങൾക്ക് കെ.എച്ച്.ആർ.ഐ.-യെ (കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്) ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള ഇടപെടലാണ് സർക്കാർ നടത്തുന്നത്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (ഐ.ഐ.ടി.) പോലുള്ള ദേശീയ ഗവേഷണ സ്ഥാപനങ്ങളുടെ സഹായത്തോടെയാണ് ഇത്തരം പഠനങ്ങൾ നടത്തുന്നത്. കെ.എച്ച്.ആർ.ഐ., ഐ.ഐ.ടി. മദ്രാസുമായി സഹകരിച്ച് വലിയഴീക്കൽ പാലത്തിൽ നടത്തിയ ഡ്യൂറബിലിറ്റി അടിസ്ഥാനമാക്കിയുള്ള പ്രാരംഭ പഠനമാണ് ഒന്നാമത്തേത്. പാലങ്ങളുടെ ഉറപ്പും ആയുസും മെച്ചപ്പെടുത്തുന്നതിന് അനുയോജ്യമായ സാങ്കേതികവിദ്യകൾ വികസിപ്പിക്കുകയാണ് ഇതിന്റെ ലക്ഷ്യം.

പാലത്തിന്റെ നിർമ്മാണത്തിനായി ബ്ലാസ്റ്റ് ഫർണസ് സ്ലാഗ് (Blast Furnace Slag) അടിസ്ഥാനമാക്കിയുള്ള സിമന്റാണ് ഉപയോഗിച്ചത്. നിലവിൽ ഉപയോഗിക്കുന്ന ഒ.പി.സി. (Ordinary Portland Cement)-യുമായി താരതമ്യപ്പെടുത്തുമ്പോൾ പാലത്തിന്റെ ആയുസ്സ് നാലിരട്ടിയായി വർദ്ധിക്കുന്നുവെന്നാണ് ഗവേഷണത്തിലൂടെ മനസ്സിലായത്. ഈ പഠനത്തിന്റെ കണ്ടെത്തലുകൾ പെർഫോമൻസ്, സ്പെസിഫിക്കേഷൻ, മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ വികസിപ്പിക്കാൻ ഉപയോഗിച്ചു. രണ്ടാമത്തെ പഠനം ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള തീരദേശ പാലങ്ങളുടെ പുനരുദ്ധാരണമാണ്. ഐ.ഐ.ടി. മദ്രാസിൽ നിന്നുള്ള സാങ്കേതിക സഹായത്തോടെ നടപ്പാക്കിയ പദ്ധതിയാണിത്. കാത്തോഡിക് പ്രൊട്ടക്ഷൻ, റീ ആൽക്കലൈസേഷൻ തുടങ്ങിയ ആധുനിക സാങ്കേതികവിദ്യകളുപയോഗിച്ച് തീരദേശ പാലങ്ങളുടെ പുനരുദ്ധാരണത്തിനുള്ള മാർഗ്ഗങ്ങൾ വികസിപ്പിക്കാൻ ലക്ഷ്യമിടുന്നതാണിത്. അൾട്രാ ഹൈ പെർഫോമൻസ് കോൺക്രീറ്റ് വികസിപ്പിക്കുന്നതിനുള്ള പ്രാരംഭ പഠനമാണ് മൂന്നാമത്തേത്. ഐ.ഐ.ടി. മദ്രാസ്, ഐ.ഐ.ടി.

തിരുപ്പതി, എൻ.ഐ.ടി. കോഴിക്കോട്, എം.എ.സി.ഇ. കോതമംഗലം എന്നിവരുമായി സഹകരിച്ചാണ് ഇത് നടപ്പാക്കുന്നത്. നോൺ പ്രൊപ്രൈറ്ററി അൾട്രാ ഹൈ പെർഫോമൻസ് കോൺക്രീറ്റ് മിക്സുകൾ പരമ്പരാഗത കോൺക്രീറ്റുമായി താരതമ്യം ചെയ്യുമ്പോൾ നാല് മുതൽ എട്ട് മടങ്ങുവരെ ശക്തമാണ്. പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം വികസിപ്പിക്കാനും ലക്ഷ്യമിടുന്നുണ്ട്. സംരക്ഷണ ഭിത്തികളും പാലങ്ങളും പോലുള്ള നിർമ്മാണ പ്രവൃത്തികളെ വേഗത്തിലാക്കുന്ന പ്രീ കാസ്റ്റ് നിർമ്മാണ രീതികളെ ഈ സാങ്കേതികവിദ്യ സഹായിക്കുന്നു. സെൻസറുകൾ ഉപയോഗിച്ച് പാലങ്ങളുടെ അവസ്ഥ വിലയിരുത്തുന്നതിനുള്ള പ്രാരംഭ പഠനമാണ് നാലാമത്തേത്. ഐ.ഐ.ടി. മദ്രാസിൽ നിന്നുള്ള സാങ്കേതിക പിന്തുണയോടെ ഇത് നടന്നുകൊണ്ടിരിക്കുകയാണ്. സെൻസർ സാങ്കേതികവിദ്യ ഉപയോഗിച്ച് പാലങ്ങളുടെ ഉറപ്പും ആയുസ്സും വിലയിരുത്താനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. കൂടാതെ പുതുതായി നിർമ്മിച്ച പാലങ്ങളെയും അപകടാവസ്ഥയിലായ പാലങ്ങളെയും നിരീക്ഷിക്കാനും വിവരങ്ങൾ ശേഖരിക്കാനും പദ്ധതി ലക്ഷ്യമിടുന്നുണ്ട്.

ശേഖരിച്ച വിവരങ്ങൾ വിലയിരുത്തി ഡിസൈനർമാർക്ക് സമാനമായ പാലങ്ങൾ രൂപകൽപ്പന ചെയ്യുന്നതിനും ഇത് ഉപയോഗിക്കാൻ സാധിക്കും. അഞ്ചാമത്തെ പ്രധാനപ്പെട്ട പഠനം ബലക്കുറവുള്ള മണ്ണിലെ ബഹുനില കെട്ടിടങ്ങൾക്കായി പ്രത്യേക തരത്തിൽ ചൈൽഡ് ഡ്രാഫ്റ്റ് ഫൗണ്ടേഷൻ ഡിസൈൻ ചെയ്യുക എന്നുള്ളതാണ്. ബലക്കുറവുള്ള മണ്ണിലെ ഫൗണ്ടേഷൻ ഒപ്റ്റിമൈസ് ചെയ്യുകയും അതുമുഖേന ചെലവ് ഗണ്യമായി കുറയ്ക്കുകയും ചെയ്യുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ആറാമത്തേത് ഹോട്ട് മിക്സ് അസ്ഫാൾട്ട് (എച്ച്.എം.എ.)-ന്റെ ഈർപ്പ സംവേദനക്ഷമത പഠനമാണ്. കേരളത്തിലെ മൊത്തം ക്വാറികളുടെ പെട്രോഗ്രാഫിയെയും ഈർപ്പ സംവേദനക്ഷമതയെയും കുറിച്ചുള്ള സമഗ്ര പഠനമാണിത്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി പതിവായുണ്ടാകുന്ന മഴമൂലം റോഡുകൾ തകരുന്നതിനുള്ള കാരണങ്ങൾ കണ്ടെത്തുന്നതിനും പ്രതിവിധികൾ നിർദ്ദേശിക്കുന്നതിനുമുള്ള ഗവേഷണം നടന്നുവരികയാണ്. കേരളത്തിൽ കൂടുതലായി കാണപ്പെടുന്ന അഗ്രഗേറ്റുകളുടെ പ്രത്യേക രാസഘടനമൂലം വെള്ളത്തിനും ഈർപ്പത്തിനും വിധേയമാകുകയും അതിന്റെ ഫലമായി

അസ്ഫാൽ റോഡുകളുടെ തകർച്ചയ്ക്ക് കാരണമാകുകയും ചെയ്യുന്നുവെന്നാണ് ഗവേഷണ പഠനത്തിന്റെ പ്രാഥമിക കണ്ടെത്തലുകൾ സൂചിപ്പിക്കുന്നത്. ഇതിന് ദീർഘകാല പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുള്ള ഗവേഷണ പ്രവർത്തനങ്ങൾ ഇൻസ്റ്റിറ്റ്യൂട്ടിൽ അവസാന ഘട്ടത്തിലാണ്. ഇവ പ്രതിപാദിക്കുന്ന phase report ഒക്ടോബർ ആദ്യവാരം സമർപ്പിക്കുമെന്ന് സഭയെ അറിയിക്കുകയാണ്. ഏഴാമത്തെ പ്രധാനപ്പെട്ട പഠനം റോഡ് നിർമ്മാണത്തിലെ അത്യാധുനിക സങ്കേതികവിദ്യകളും സമ്പ്രദായങ്ങളും അവതരിപ്പിക്കുന്ന സൂപ്പർപേവ് മിക്സ് ഡിസൈൻ രീതിയിലുള്ള പ്രായോഗികക്ഷമതയെക്കുറിച്ചുള്ളതാണ്. കേരളം കാലാവസ്ഥാ മാറ്റത്തെ അഭിമുഖീകരിക്കുന്നതിനാൽ കാലാവസ്ഥയ്ക്ക് അനുയോജ്യമായ റോഡ് രൂപകൽപ്പന കാലഘട്ടത്തിന്റെ ആവശ്യമാണ്. താപനില വ്യതിയാനമനുസരിച്ച് ഡിസൈൻ ചെയ്യുന്ന സുപ്പീരിയർ പെർഫോമിംഗ് അസ്ഫാൾട്ട് റോഡുകൾ സൂപ്പർപേവ് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കാനുള്ള പഠനങ്ങൾ കെ.എച്ച്.ആർ.ഐ.-ൽ പുരോഗമിക്കുന്നു. ഇതിനായി റോഡിലെ താപനിലയെ അടിസ്ഥാനമാക്കി രൂപപ്പെടുത്തുന്ന

പ്രത്യേക ബിറ്റുമിനാണ് ഉപയോഗിക്കുന്നത്, പെർഫോമൻസ് ഗ്രേഡാണ്. എട്ടാമത്തേത് റീസൈക്കിൾ ചെയ്ത അസ്ഫാൾട്ട് ആർ.എൽ.പി. സാമഗ്രികൾ ഉപയോഗിച്ചുള്ള സുസ്ഥിരമായ നിർമ്മാണ സാങ്കേതികവിദ്യകൾ നടപ്പാക്കുന്ന പഠനമാണ്. റോഡ് നിർമ്മാണത്തിൽ റീസൈക്കിൾ ചെയ്ത അസ്ഫാൾട്ട് ഉപയോഗം സംബന്ധിച്ച് കെ.എച്ച്.ആർ.ഐ. ഗവേഷണം നടത്തുന്നുണ്ട്. കേരളത്തിലെ ചില പദ്ധതികളിൽ ഈ സാങ്കേതികവിദ്യ ഉപയോഗിച്ചിട്ടുണ്ടെങ്കിലും ഡിസൈനിലും നിർമ്മാണത്തിലും വൈദഗ്ദ്ധ്യം പരിമിതമാണ്. ഈ വിടവ് നികത്തുന്നതിനും റോഡ് പദ്ധതികളിൽ നിർമ്മാണ സാമഗ്രികളുടെ പുനരുപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും ഈ പഠനം ലക്ഷ്യമിടുന്നു. കെ.എച്ച്.ആർ.ഐ.-യിൽ ഇത്തരം നിരവധി പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്, അതെല്ലാം ഞാൻ പറയുന്നില്ല. ഇത് ഭാവിയിൽ നിർമ്മാണരംഗത്ത് വലിയ മാറ്റങ്ങൾക്ക് കാരണമാകും. കാലത്തിന്റെ മാറ്റത്തിനനുസരിച്ച് സാങ്കേതികവിദ്യയെ ഫലപ്രദമായി ഉപയോഗിച്ച് മുന്നോട്ടുപോകാൻ ഇതിലൂടെ സാധിക്കും. അത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്.

ശ്രീ. പി. ടി. എ. റഹീം: സർ, സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അതിൽ എത്രത്തോളം പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്; ഡിജിറ്റലൈസേഷൻകൊണ്ട് എന്ത് മാറ്റമാണ് ഈ രംഗത്ത് ഉണ്ടാകുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, വിദേശ രാജ്യങ്ങളിൽ ഈ മേഖല മുന്നോട്ടുപോകുന്നതിന് ഡിജിറ്റലൈസേഷൻ വലിയ പങ്കാണ് വഹിക്കുന്നത്. ഒരു കേന്ദ്രത്തിൽ നിന്നുതന്നെ മൊത്തം റോഡുകളുടെയും കാര്യങ്ങൾ മനസ്സിലാക്കാൻ സാധിക്കും. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള എല്ലാ നിരത്തുകളും ഡിജിറ്റലൈസ് ചെയ്യുന്ന പ്രവൃത്തികൾ ഇതിനോടകം പൂർത്തിയായിട്ടുണ്ട്. എല്ലാ നിരത്തുകളുടെയും വിവരങ്ങൾ പി.ഡബ്ല്യു.ഡി. ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാകുന്ന രീതിയിൽ ക്രമീകരിച്ചിട്ടുണ്ട്. ഡിജിറ്റലൈസ്ഡ് റോഡ് മാപ്പിൽ നീല നിറത്തിലുള്ള എല്ലാ നിരത്തുകളും രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ ഓറഞ്ച് നിറത്തിൽ കാണപ്പെടുന്നത് DLP-യുടെ പരിധിയിലുള്ളവയാണ്. ഇതിൽ ഒരു നിരത്ത്

തെരഞ്ഞെടുത്താൽ നിരത്തിന്റെ ആരംഭം, നീളം, ഓഫീസറുടെ വിവരങ്ങൾ എന്നിവ അറിയാൻ സാധിക്കും. ഓറഞ്ച് നിറത്തിലുള്ള DLP-യുടെ പരിധിയിലുള്ള നിരത്തുകൾക്ക് മേൽപ്പറഞ്ഞ വിവരങ്ങൾക്കുപുറമെ DLP വിവരങ്ങളും കരാറുകാരുടെ വിവരങ്ങളും അറിയാൻ സാധിക്കും. ഡിജിറ്റലൈസ്ഡ് റോഡുകൾ PWD4U ആപ്പിലും ഉപയോഗിച്ചുവരുന്നു. ഈ ആപ്പ് ഉപയോഗിച്ച് നിരത്ത് തെരഞ്ഞെടുത്ത് പരാതി രേഖപ്പെടുത്താൻ സാധിക്കും. റോഡ് പരിപാലനം ശാസ്ത്രീയമായ രീതിയിലേയ്ക്ക് മാറ്റാൻ ഡിജിറ്റലൈസേഷൻ ഗുണകരമാകുമെന്നതിനാൽ അതിനുള്ള പദ്ധതികൾകൂടി നടപ്പാക്കുന്നുണ്ട്. എല്ലാ എം.എൽ.എ.-മാരും ഇത് പരിശോധിച്ച് നിർദ്ദേശങ്ങൾ പൊതുമരാമത്ത് വകുപ്പിനെ അറിയിക്കണം. ഡിജിറ്റലൈസേഷൻ രാജ്യത്ത് ഫലപ്രദമായി നടപ്പാക്കിയ സംസ്ഥാനത്തിന്റെ പട്ടികയിലേയ്ക്ക് കേരളം മുൻപന്തിയിൽ വന്നുവെന്ന വിവരവും സഭയെ അറിയിക്കുകയാണ്.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, റോഡുകളിൽ നിരന്തരം കുഴികളുണ്ടാകുന്നുണ്ട്. അവ സമയബന്ധിതമായി മെയിന്റനൻസ്

നടത്താത്തതിൽ ജനങ്ങൾക്ക് വലിയ പ്രതിഷേധമുണ്ട്. ആലുവ-പെരുമ്പാവൂർ, ദേശം-വല്ലം കടവ് എന്നിവ എന്റെ മണ്ഡലത്തിലെ പ്രധാന റോഡുകളാണ്. ഭരിക്കുന്ന പാർട്ടിയുടെ നേതാക്കൾതന്നെ എം.എൽ.എ.-യ്ക്കെതിരെ ബോർഡുകൾ വയ്ക്കുകയാണ്. അവലോകന യോഗങ്ങളിലും നിയുക്ത ഉദ്യോഗസ്ഥരോടും റോഡ് മെയിന്റനൻസിന്റെ കാര്യം നിരന്തരം ആവശ്യപ്പെടാറുണ്ട്. മെയിന്റനൻസിന് പ്രത്യേക വിഭാഗമുണ്ടായിട്ടും അത് സമയബന്ധിതമായി തീർക്കുന്നില്ല. റോഡുകളിലുള്ള കുഴികളിൽ വീണ് ആളുകൾക്ക് അപകടങ്ങളുമുണ്ടാകുന്നുണ്ട്. ഇക്കാര്യത്തിൽ എം.എൽ.എ.-മാരെല്ലാം വിമർശനം നേരിടുകയാണ്. സമയബന്ധിതമായി കുഴികൾ നികത്താൻ മെയിന്റനൻസ് വിഭാഗത്തിന് സാധിക്കുന്നില്ല. ഇതിനുള്ള പരിഹാരമെന്താണ്?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, റണ്ണിംഗ് കോൺട്രാക്ട് നടപ്പാക്കിയതിലൂടെ റോഡ് പരിപാലന കാര്യത്തിൽ വളരെയധികം മുന്നോട്ട് പോകാൻ നമുക്ക് സാധിച്ചിട്ടുണ്ട്. തുടക്കത്തിൽ ചർച്ച ചെയ്തത് പരിപാലന കാലാവധി കഴിയുന്ന റോഡിന്റെ പരിപാലനം പിന്നീട് എസ്റ്റിമേറ്റെടുത്ത്

ടെണ്ടർ വിളിച്ചെടുക്കുമ്പോഴേയ്ക്കും ധാരാളം സമയമെടുക്കുന്നു, റോഡ് കൂടുതൽ മോശമാകുന്നുവെന്നുള്ളതാണ്. ഇത് പരിഹരിക്കാനാണ് നമ്മുടെ രാജ്യത്ത് ആദ്യമായി പരിപാലന കാലാവധി കഴിഞ്ഞ റോഡിന്റെ പരിപാലനത്തിനായി ഒരു വർഷത്തേയ്ക്ക് ടെണ്ടർ വിളിക്കുന്ന സംവിധാനം, റണ്ണിംഗ് കോൺട്രാക്ട് കൊണ്ടുവന്നത്. മുപ്പതിനായിരത്തോളം കിലോമീറ്റർ വരുന്ന പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ ഇരുപതിനായിരത്തിലധികം കിലോമീറ്ററിൽ റണ്ണിംഗ് കോൺട്രാക്ട് വന്നതിന്റെ ഗുണമുണ്ടായെന്ന യാഥാർത്ഥ്യം ചർച്ച ചെയ്ത് പോകേണ്ടതുണ്ട്. അത് ചർച്ച ചെയ്യുന്ന വേളയിൽ ഇത്തരം വിഷയങ്ങൾകൂടി ചർച്ച ചെയ്ത് പരിഹാരം കണ്ടെത്താം. പൊതുവെ റോഡുകളുടെ പരിപാലനം നന്നായി നടപ്പാക്കാനും അത് പരിശോധിക്കാനും പൊതുമരാമത്ത് വകുപ്പിന് സാധിക്കുന്നുണ്ട്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, പി.ഡബ്ല്യു.ഡി. റോഡുകളിൽ പൈപ്പിടുന്നതിന് കെ.ഡബ്ല്യു.എ.-യ്ക്ക് അനുമതി നൽകാറുണ്ട്. ഇങ്ങനെ അനുമതി നൽകുന്ന റോഡുകൾ കെ.ഡബ്ല്യു.എ. തന്നെ പുനഃസ്ഥാപിക്കണമെന്നാണ് നിലവിലെ വ്യവസ്ഥ. എന്നാൽ ഇതിനായി വാട്ടർ അതോറിറ്റി ടെണ്ടർ ക്ഷണിച്ചാൽ കോൺട്രാക്ടർമാർ ക്വാട്ട് ചെയ്യുന്നില്ല. മാത്രമല്ല, അവർക്ക്

സൂപ്പർവിഷൻ സംവിധാനങ്ങളൊന്നുമില്ലാത്തതിനാൽ റോഡുകളുടെ ക്വാളിറ്റി മെയിന്റയിൻ ചെയ്യാനും സാധിക്കുന്നില്ല. ഇതിന്റെ ഫലമായി നിരവധി ബുദ്ധിമുട്ടുകളുണ്ടാകുന്നുണ്ട്. വലിയ റോഡുകളുടെ പുനഃസ്ഥാപന പ്രവൃത്തി പഴയതുപോലെ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് വർക്കായി വച്ച് പി.ഡബ്ല്യൂ.ഡി.-ക്ക് ചെയ്യാനുള്ള സംവിധാനമുണ്ടാക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഈ വിഷയം മുമ്പും ചർച്ച ചെയ്തതാണ്. പ്രസ്തുത പ്രശ്നപരിഹാരത്തിന് നിലവിൽ പുറപ്പെടുവിച്ചിരിക്കുന്ന പുതിയ ഗവൺമെന്റ് ഉത്തരവ് വളരെയധികം ഗുണകരമായിട്ടുണ്ട്. ജലവിഭവ വകുപ്പുമന്ത്രി മുൻകൈയെടുത്ത് ഒരു ടീമായി നിന്ന് എല്ലാവരും ഊർജ്ജസ്വലരായി പ്രവർത്തിച്ചതിന്റെ ഫലമായി ഈ സീസണിൽ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ കെ.ഡബ്ല്യൂ.എ. കീറിമുറിക്കുന്ന വിഷയം നല്ല രീതിയിൽ പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പുതിയൊരു ജി.ഒ.-യും പുറപ്പെടുവിച്ചിട്ടുണ്ട്.

ശ്രീമതി സി. കെ. ആശ: സർ, പല പി.ഡബ്ല്യൂ.ഡി. റോഡുകൾക്കും സ്കെച്ച് നിലവിലില്ലെന്ന വസ്തുതയാണ് എനിക്ക് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. റോഡുകൾക്ക് സ്കെച്ചില്ലാത്തതിനാൽ എന്റെ മണ്ഡലത്തിൽ പുറമ്പോക്ക്

തിട്ടപ്പെടുത്തുന്നതുൾപ്പെടെയുള്ള പ്രവൃത്തികൾക്ക് പ്രതിസന്ധി നേരിടുന്നുണ്ട്. അതുകൊണ്ട് പി.ഡബ്ല്യു.ഡി. റോഡുകളുടെ സ്കെച്ച് തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇത്തരം കാര്യങ്ങൾ പരിശോധിച്ച് റോഡുകളുടെ സ്കെച്ചും പൊതുമരാമത്ത് വകുപ്പിന്റെ  സ്ഥലവും തിട്ടപ്പെടുത്തുന്നതിന് ഉദ്യോഗസ്ഥർക്ക് കൃത്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ ഏതാണ്ട്  പൂർത്തീകരണ ഘട്ടത്തിലാണ്.

മി. സ്പീക്കർ: കമ്പ്യൂട്ടർവഴി നിരവധിപേർ ഉപചോദ്യത്തിന് അഭ്യർത്ഥിച്ചിട്ടുണ്ട്. അവരോട് ക്ഷമചോദിച്ചുകൊണ്ട് അടുത്ത ചോദ്യത്തിലേയ്ക്ക് കടക്കുകയാണ്.

## എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകൾ കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ

2 (*92) ശ്രീ. എ. സി. മൊയ്തീൻ ചുമതലപ്പെടുത്തിയതുപ്രകാരം
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. പി. പി. സുമോദ്:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷത്തെ എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകൾ പരാതികൾക്കിടയില്ലാതെ നടപ്പാക്കിയതിന് എന്തെല്ലാം നിർദ്ദേശങ്ങളും മുൻകരുതലുകളുമാണ് നൽകിയിരുന്നതെന്ന് വിശദമാക്കാമോ;

(ബി) മൂല്യനിർണ്ണയവും ഫലപ്രഖ്യാപനവും നിശ്ചയിച്ചപ്രകാരംതന്നെ നടത്തുന്നതിന് സ്വീകരിച്ചിരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(സി) കഴിഞ്ഞ വർഷത്തെ എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകൾ വിജയകരമായി നടത്തുന്നതിന് അദ്ധ്യാപകരും അനദ്ധ്യാപകരും ജീവനക്കാരും നടത്തിയ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) എസ്.എസ്.എൽ.സി., പ്ലസ് ടു സർട്ടിഫിക്കറ്റുകൾ വേഗത്തിൽ വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ,

(എ) 2023-ലെ എസ്.എസ്.എൽ.സി. പരീക്ഷാ വിജ്ഞാപനം 26-11-2022-ന് പുറപ്പെടുവിച്ചു. എസ്.സി.ഇ.ആർ.റ്റി. ലഭ്യമാക്കിയിട്ടുള്ള വിഷയ വിദഗ്ധരുടെ പാനലുപയോഗിച്ച് ചോദ്യപേപ്പർ തയ്യാറാക്കുകയും ആയത് അടിയന്തരമായി പ്രിന്റ് ചെയ്ത് സുരക്ഷാ ക്രമീകരണങ്ങളോടെ സൂക്ഷിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുകയുമുണ്ടായി. പരീക്ഷയുടെ സുഗമമായ നടത്തിപ്പിനായി ചീഫ് സൂപ്രണ്ട്, ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്, ഇൻവിജിലേറ്റർമാർ എന്നിവരുടെ നിയമനം സമയബന്ധിതമായി നടത്തുകയും ജില്ലാടിസ്ഥാനത്തിലും മേഖലാടിസ്ഥാനത്തിലും ഇവർക്കാവശ്യമായ പരിശീലനം നൽകുകയും ചെയ്തു. പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് സംസ്ഥാനതലത്തിലും ജില്ലാടിസ്ഥാനത്തിലും വിവിധ വകുപ്പുകളുടെ ഏകോപനത്തിനായി ആവശ്യമായ യോഗങ്ങൾ ചേർന്ന് നിർദ്ദേശങ്ങൾ നൽകുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തു. പരീക്ഷാ സമയത്ത്

ക്രമക്കേടുകളുണ്ടാകാതിരിക്കാൻ വിദ്യാഭ്യാസ ജില്ലാതലത്തിലും റവന്യൂ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും സ്ക്വാഡുകൾ രൂപീകരിച്ച് ആവശ്യമായ മോണിറ്ററിംഗ് 09-03-2023 മുതൽ 29-03-2023 വരെയുള്ള എല്ലാ പരീക്ഷാ ദിവസങ്ങളിലും നടത്തുകയുണ്ടായി.

കഴിഞ്ഞ വർഷത്തെ ഹയർ സെക്കണ്ടറി പരീക്ഷകൾ 10-03-2023 മുതൽ 30-03-2023 വരെ നടക്കുകയുണ്ടായി. രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ച് യഥാസമയം ഹാൾടിക്കറ്റ് വിതരണം ചെയ്തു. പരീക്ഷാ നടത്തിപ്പിലേയ്ക്കായി ചീഫ് സൂപ്രണ്ട്, ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്, ഇൻവിജിലേറ്റർമാർ എന്നിവരെ നിയമിക്കുകയും ചീഫ് സൂപ്രണ്ടുമാരുടെയും മേഖലാ ഉപമേധാവികളുടെയും മീറ്റിംഗുകൾ സംഘടിപ്പിക്കുകയും ചെയ്തിരുന്നു. കൂടാതെ ഉത്തരക്കടലാസുകളും ചോദ്യപേപ്പറുകളും കൃത്യസമയത്ത് എത്തിക്കുകയും ചോദ്യപേപ്പറുകളുടെ സുരക്ഷയ്ക്കാവശ്യമായ നടപടികൾ സ്വീകരിക്കുകയും വാർഷിക പരീക്ഷകൾക്ക് മുമ്പായി മാതൃകാ പരീക്ഷകൾ നടത്തുകയും ചെയ്തു. കേരളത്തിനകത്തും പുറത്തുമായി 2023 പരീക്ഷാ

കേന്ദ്രങ്ങളും കേരളത്തിനകത്ത് 80 മൂല്യനിർണ്ണയ ക്യാമ്പുകളും സജ്ജീകരിച്ചിരുന്നു. പരീക്ഷകളും അനുബന്ധ പ്രവർത്തനങ്ങളും കുറ്റമറ്റ രീതിയിൽ പൂർത്തീകരിച്ച് ഫലപ്രഖ്യാപനം നടത്തിയിട്ടുണ്ട്.

(ബി) 2023 മാർച്ച് മാസത്തിൽ നടന്ന എസ്.എസ്.എൽ.സി. പരീക്ഷയുടെ ഫലം സമയബന്ധിതമായി പ്രഖ്യാപിക്കുന്നതിനായി 2023 ഏപ്രിൽ മാസത്തിൽത്തന്നെ ഉത്തരക്കടലാസ്സുകളുടെ മൂല്യനിർണ്ണയം പൂർത്തീകരിക്കുന്നതിനുവേണ്ടി 03-04-2023 മുതൽ 26-04-2023 വരെ ഉത്തരക്കടലാസ് മൂല്യനിർണ്ണയം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും 70 മൂല്യനിർണ്ണയ ക്യാമ്പുകൾ ക്രമീകരിക്കുകയും ചെയ്തിരുന്നു. ഈ ക്യാമ്പുകളുടെ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് ഓരോ ക്യാമ്പിലും ക്യാമ്പ് ഓഫീസറെയും ഡെപ്യൂട്ടി ക്യാമ്പ് ഓഫീസറെയും നിയമിക്കുകയും ക്യാമ്പുകൾ തുടങ്ങുന്നതിന് മുന്നോടിയായി ക്യാമ്പ് ഓഫീസർമാർക്ക് പരിശീലനം നൽകുകയും ചെയ്തിരുന്നു. ഓരോ ക്യാമ്പിലേയ്ക്കും ആവശ്യമായ അഡീഷണൽ ചീഫ് എക്സാമിനർ, അസിസ്റ്റന്റ്

എക്സാമിനർ എന്നിവരെ സമയബന്ധിതമായി നിയമിക്കുകയും ക്യാമ്പുകളുടെ ചെലവുകൾക്കാവശ്യമായ ഫണ്ട് വിതരണം ചെയ്യുകയും ചെയ്തു. മൂല്യനിർണ്ണയ ക്യാമ്പുകൾക്ക് സമാന്തരമായി പരീക്ഷാഭവനിലെ മുഴുവൻ ജീവനക്കാരെയും ഉൾപ്പെടുത്തി ടാബുലേഷൻ നടപടികൾകൂടി നടത്തുകയും ഫലപ്രഖ്യാപനം നേരത്തെ നിശ്ചയിച്ചിരുന്ന 20-05-2023-നുമുമ്പായി 19-05-2023-ന് നടത്തുകയും ചെയ്തു.

കഴിഞ്ഞ വർഷത്തെ ഹയർ സെക്കണ്ടറി പരീക്ഷകളുടെ മൂല്യനിർണ്ണയം 80 ക്യാമ്പുകളിലാണ് നടന്നത്. 884 ക്യാമ്പ് ഒഫിഷ്യൽസിനെയും 23231 അദ്ധ്യാപകരെയും നിയോഗിച്ച് 03-04-2023-ന് മൂല്യനിർണ്ണയം ആരംഭിക്കുകയും 26-04-2023-ന് പൂർത്തീകരിക്കുകയും ചെയ്തു. മൂല്യനിർണ്ണയ ക്യാമ്പുകളിൽത്തന്നെ ടാബുലേഷൻ നടത്തി ഡാറ്റ എടുത്ത് ഡയറക്ടറേറ്റിൽ പ്രോസസ് ചെയ്യുകയും 16-05-2023-ന് പരീക്ഷാ ബോർഡ് കൂടുകയും 25-05-2023-ന് ഫലപ്രഖ്യാപനം നടത്തുകയും ചെയ്തു.

(സി) ഉണ്ട്.

(ഡി) എസ്.എസ്.എൽ.സി. പരീക്ഷയുടെയും അതിന്റെ പുനർമൂല്യനിർണ്ണയത്തിന്റെയും SAY പരീക്ഷയുടെയും ഫലം പ്രസിദ്ധീകരിച്ച ഉടൻതന്നെ സർട്ടിഫിക്കറ്റ് പ്രിന്റ് ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും പ്രിന്റിംഗ് സർട്ടിഫിക്കറ്റ്, സീലിംഗ്, വെരിഫിക്കേഷൻ തുടങ്ങിയ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുകയും ജൂലൈ 5 മുതൽ സർട്ടിഫിക്കറ്റ് വിതരണം ആരംഭിക്കുകയും എല്ലാ സ്കൂളുകളിലും സർട്ടിഫിക്കറ്റുകൾ എത്തിയെന്ന് ഉറപ്പുവരുത്തുകയും ചെയ്തിരുന്നു. കഴിഞ്ഞ വർഷം ആഗസ്റ്റ് 28-നാണ് സർട്ടിഫിക്കറ്റ് വിതരണം ആരംഭിക്കാൻ കഴിഞ്ഞത്.

മുൻവർഷംവരെ ഹയർ സെക്കണ്ടറി സർട്ടിഫിക്കറ്റുകൾ സെക്യൂരിറ്റി പ്രിന്റിംഗ് പ്രസ്സിൽനിന്നും പ്രിന്റ് ചെയ്ത് സ്കൂളുകളിലേയ്ക്ക് തപാൽ മാർഗ്ഗമാണ് അയച്ചിരുന്നത്. ഇപ്രകാരം രണ്ടായിരത്തിലധികം സ്കൂളുകളിലേയ്ക്ക് തപാൽ മുഖേന സർട്ടിഫിക്കറ്റുകൾ അയയ്ക്കുമ്പോൾ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ ഇക്കൊല്ലം മുതൽ സർട്ടിഫിക്കറ്റുകൾ ജില്ലാ

കേന്ദ്രങ്ങളിലെത്തിച്ച് അവിടെനിന്നും വിതരണം ചെയ്യുകയാണ് ചെയ്തത്. തന്മൂലം സർട്ടിഫിക്കറ്റുകൾ വേഗത്തിൽ വിദ്യാർത്ഥികളിൽ എത്തിക്കാൻ സാധിച്ചിട്ടുണ്ട്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, എസ്.എസ്.എൽ.സി. പരിശോധനാ സ്ക്വാഡുകളുടെ പ്രവർത്തനം സംബന്ധിച്ച വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ; അതുസംബന്ധിച്ച അഭിപ്രായമെന്താണ്; ഏതെല്ലാം തരത്തിലുള്ള സ്ക്വാഡുകൾ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഏതാണ്ട് നാല് ലക്ഷത്തോളം വിദ്യാർത്ഥികൾ എഴുതുന്ന, ജനങ്ങളാകെ ശ്രദ്ധിക്കപ്പെടുന്നതാണ് എസ്.എസ്.എൽ.സി. പരീക്ഷ. ചോദ്യപേപ്പർ തയ്യാറാക്കുന്നതിനും സൂക്ഷിക്കുന്നതിനുമുൾപ്പെടെയുള്ള നിരവധി നടപടിക്രമങ്ങൾ സ്വീകരിക്കുന്നുണ്ട്. ഇതിന്റെ സവിശേഷ പ്രാധാന്യവും ഗൗരവവും കണക്കിലെടുത്ത് പരീക്ഷാ നടത്തിപ്പിൽ ക്രമക്കേടുകളുണ്ടാകാതിരിക്കാനുള്ള എല്ലാ നടപടികളും സ്വീകരിച്ചിരുന്നു. അതിന്റെ ഭാഗമായി വിവിധ തലങ്ങളിലായി അഞ്ച് തരത്തിലുള്ള പരീക്ഷാ സ്ക്വാഡുകളെയാണ്

നിയോഗിച്ചത്. ജില്ലാ തലത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരുടെ സംയുക്ത സ്ക്വാഡുകളും റവന്യൂ ജില്ലാതലത്തിൽ പരിശോധനാ സ്ക്വാഡുകളും സംസ്ഥാന തലത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നേതൃത്വത്തിലുള്ള വിജിലൻസ് സ്ക്വാഡുകളുമുണ്ട്. ഇത്തരത്തിൽ വളരെയധികം ജാഗ്രതയോടുകൂടിയാണ് എസ്.എസ്.എൽ.സി. പരീക്ഷകളുടെ മേൽനോട്ടം വഹിക്കുന്നത്. അതുമായി ബന്ധപ്പെട്ട് പ്രത്യേകിച്ച് ആക്ഷേപമോ പരാതിയോ ഉണ്ടായിട്ടില്ല.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, എസ്.എസ്.എൽ.സി. പരീക്ഷാ ഫലം സമയബന്ധിതമായി പ്രഖ്യാപിച്ചതുവഴി വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ മേഖലയ്ക്കും എന്തെല്ലാം നേട്ടങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, 2023 മാർച്ച് മാസത്തിൽ നടന്ന എസ്.എസ്.എൽ.സി. പരീക്ഷയുടെ ഫലം സമയബന്ധിതമായി അതായത്, ഫലം പ്രഖ്യാപിക്കുമെന്ന് പറഞ്ഞിരുന്ന തീയതിക്ക് ഒരു ദിവസം മുമ്പുതന്നെ പ്രസിദ്ധീകരിക്കാൻ സാധിച്ചു. അതിന്റെ ഫലമായി വിദ്യാർത്ഥികൾക്ക് തുടർപഠനത്തിനായി വിദേശത്തുപോകുന്നതിനും പ്ലസ് വൺ

വിദ്യാർത്ഥികൾക്ക് മുൻ വർഷങ്ങളിൽ ലഭിച്ചതിനേക്കാൾ അമ്പത് അധ്യയന ദിവസം കൂടുതൽ ലഭിക്കുന്നതിനും ആയതുവഴി വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്. കൂടാതെ എസ്.എസ്.എൽ.സി.-ക്കുശേഷം തുടർപഠനത്തിനായി സംസ്ഥാനത്തിന് പുറത്തുപോകുന്ന വിദ്യാർത്ഥികൾക്കും പ്രവേശനം യഥാസമയം പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്.

<u>ശ്രീമതി യു. പ്രതിഭ</u>: സർ, ഏകദേശം 4.19 ലക്ഷത്തോളം കുട്ടികളാണ് ഈ വർഷം എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയത്. വളരെ കൃത്യമായും ചിട്ടയായും പ്രവർത്തിക്കാൻ വിദ്യാഭ്യാസ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. സർക്കാർ എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന എസ്.എസ്.എൽ.സി. പരീക്ഷാകേന്ദ്രങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് കൃത്യമായ റിപ്പോർട്ട് ശേഖരിക്കുന്നുണ്ടോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, എയ്ഡഡ്-അൺഎയ്ഡഡ് വിവേചനം കൂടാതെ എസ്.എസ്.എൽ.സി. പരീക്ഷ നടക്കുന്ന എല്ലാ പരീക്ഷാ കേന്ദ്രങ്ങളും മോണിറ്റർ ചെയ്യുന്നതിനും ആവശ്യമായ ഘട്ടത്തിൽ ആയത്

റിപ്പോർട്ട് ചെയ്യുന്നതിനും അതത് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും വിവിധ തലങ്ങളിലെ പരിശോധനാ സ്ക്വാഡുകളുടെയും റിപ്പോർട്ടുകളിന്മേൽ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. ഉത്തരക്കടലാസ് മൂല്യനിർണ്ണയ സമയത്ത് കണ്ടെത്തുന്ന വീഴ്ചകൾ അതീവ ഗൗരവമായി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. കഴിഞ്ഞപ്രാവശ്യം ഒന്നുംരണ്ടും വർഷ ഹയർ സെക്കണ്ടറി പരീക്ഷയുടെ മൂല്യനിർണ്ണയത്തിനായി നോട്ടീസ് നൽകിയിട്ടും ജോലിയിലേർപ്പെടാത്ത അദ്ധ്യാപകർക്ക് നോട്ടീസ് നൽകുകയും വിശദീകരണം വാങ്ങി ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

<u>ശ്രീ. പി. പി. സുമോദ്</u>: സർ, എസ്.എസ്.എൽ.സി. പരീക്ഷാ നടത്തിപ്പും മൂല്യനിർണ്ണയവും ഫലപ്രഖ്യാപനവുമെല്ലാം കുറ്റമറ്റതും കാലോചിതവുമാണ്. എസ്.എസ്.എൽ.സി. പരീക്ഷാ മാന്വൽ

നടപ്പിലാക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, നേരത്തെ സൂചിപ്പിച്ചതുപോലെ രാജ്യമാകെ ശ്രദ്ധിക്കപ്പെടുന്ന ഒരു പരീക്ഷയാണെങ്കിൽപ്പോലും എസ്.എസ്.എൽ.സി. പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് ഒരു മാന്വൽ ഇല്ല. ഹയർ സെക്കണ്ടറി തലത്തിൽ ഒരു പ്രത്യേക മാന്വലിന്റെ അടിസ്ഥാനത്തിലാണ് പരീക്ഷ നടക്കുന്നത്. നിലവിൽ എസ്.എസ്.എൽ.സി. പരീക്ഷാ മാന്വലിന്റെ കരട് തയ്യാറായിട്ടുണ്ട്. ഈ അക്കാദമിക് വർഷം അല്ലെങ്കിൽ അടുത്ത അക്കാദമിക് വർഷമെങ്കിലും പുതിയ മാന്വലിന്റെ അടിസ്ഥാനത്തിൽ പരീക്ഷ നടത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കരട് മാന്വൽ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് അദ്ധ്യാപക സംഘടനകൾ, വിദ്യാഭ്യാസ രംഗത്തെ വിദഗ്ദ്ധർ, മറ്റ് വ്യക്തിത്വങ്ങൾ എന്നിവരുമായി ചർച്ച നടത്തിയിരുന്നു. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെയും നിർദ്ദേശങ്ങൾ ആരായുന്നതാണ്. മാന്വലിന്റെ കരട് രൂപരേഖ എം.എൽ.എ.-മാർക്ക് എത്തിക്കുന്നതിനുള്ള

നടപടികൾ സ്വീകരിക്കുന്നതാണ്. ഇക്കാര്യത്തിൽ എല്ലാവരുടെയും സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുകയാണ്.

ശ്രീമതി ഒ. എസ്. അംബിക: സർ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷാ മാന്വൽ നിലവിൽ വന്നത് എന്നാണ്; ഇത് കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, 2005-ലാണ് ഹയർ സെക്കണ്ടറി മേഖലയിൽ പരീക്ഷാ മാന്വൽ നിലവിൽ വന്നത്. അത് പരിഷ്കരിക്കണമെന്ന ആവശ്യം ഇതുവരെയുണ്ടായിട്ടില്ല. അങ്ങനെയൊരു ആവശ്യമുണ്ടായാൽ തീർച്ചയായും അത് പരിശോധിക്കുന്നതാണ്. 2022 ജനവരി 18-നാണ് പുതിയ പരീക്ഷാ മാന്വൽ പ്രസിദ്ധീകരിച്ചത്. അതുകൊണ്ട് അതിൽ വലിയ മാറ്റങ്ങളൊന്നും പ്രതീക്ഷിക്കുന്നില്ല. ഇന്ത്യയിൽത്തന്നെ വളരെ കുറച്ച് സംസ്ഥാനങ്ങളിൽ മാത്രമേ ഹയർ സെക്കണ്ടറിക്ക് പരീക്ഷാ മാന്വൽ ഉള്ളൂ. പല സംസ്ഥാനങ്ങളും നമ്മുടെ പരീക്ഷാ മാന്വലാണ് മാതൃകയായി സ്വീകരിച്ചിട്ടുള്ളതെന്ന് നമുക്ക് അഭിമാനത്തോടുകൂടി പറയാൻ സാധിക്കും.

ശ്രീമതി ഉമ തോമസ്: സർ, ബഹുമാനപ്പെട്ട മന്ത്രി മറുപടി നൽകിയപ്പോൾ എസ്.എസ്.എൽ.സി. പരീക്ഷയുടെ ഫലം കൃത്യമായി പ്രസിദ്ധീകരിച്ചതുകൊണ്ട് കുട്ടികൾക്ക് വിദേശത്തൊക്കെ പോയി പഠിക്കാനുള്ള സാഹചര്യമുണ്ടായെന്ന് പറഞ്ഞു. അതിനേക്കാൾ നല്ലത് നമ്മുടെ നാട്ടിൽത്തന്നെ കുട്ടികൾക്ക് പഠിക്കാനുള്ള സാഹചര്യമുണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതല്ലേ?

ശ്രീ. വി. ശിവൻകുട്ടി: സർ, എസ്.എസ്.എൽ.സി. പരീക്ഷാ ഫലം നേരത്തേ പ്രഖ്യാപിച്ചതുകൊണ്ട് കഴിഞ്ഞ വർഷത്തേക്കാൾ അൻപത് ദിവസം മുമ്പ് പ്ലസ് വൺ ക്ലാസുകൾ ആരംഭിക്കാൻ കഴിഞ്ഞുവെന്നത് വലിയ നേട്ടമാണ്. മാത്രമല്ല, ഫലം നേരത്തേ പ്രഖ്യാപിച്ചതുകൊണ്ട് വിദേശത്തോ മറ്റ് സംസ്ഥാനങ്ങളിലോ പോയി പഠിക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് അതിനുള്ള അവസരവുമുണ്ടായി. അവർക്കെല്ലാം കേരളത്തിൽത്തന്നെ പഠിക്കുന്നതിനുള്ള സൗകര്യങ്ങളുമുണ്ടാക്കിയിട്ടുണ്ട്. ചരിത്രം പരിശോധിച്ചാൽ പല ഘട്ടങ്ങളിലും പരീക്ഷാ ഫലം പ്രഖ്യാപിക്കുന്നതിനായി സമരം നടത്തേണ്ടിവന്നിട്ടുള്ളതായി കാണാൻ

സാധിക്കും. ഇപ്രാവശ്യം അങ്ങനെയൊരു ഗതി വന്നിട്ടില്ല, പറഞ്ഞതിലും ഒരു ദിവസം മുമ്പുതന്നെ ഫലം പ്രഖ്യാപിക്കാൻ സാധിച്ചിട്ടുണ്ട്.

ശ്രീമതി ദെലീമ: സർ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷകൾ വിദ്യാർത്ഥികൾക്ക് മാനസിക സംഘർഷമില്ലാതെ എഴുതുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. വി. ശിവൻകുട്ടി:സർ, പരീക്ഷ എപ്പോഴും മനസ്സിന് സംഘർഷം നൽകുന്ന വിഷയമാണ്. അതൊഴിവാക്കാൻ പ്രത്യേകിച്ച് നടപടിയൊന്നും സ്വീകരിക്കാൻ കഴിയില്ല. കുട്ടികൾക്ക് കൗൺസിലിംഗ് നൽകി പരീക്ഷയ്ക്ക് തയ്യാറാക്കിയെടുക്കുകയെന്നുള്ളത് മാത്രമേയുള്ളൂ. ബഹുമാനപ്പെട്ട അംഗം ഇനിയൊരു പരീക്ഷയെഴുതാൻ പോയാലും മാനസിക സംഘർഷം ഉണ്ടാകുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. പരീക്ഷയുടെ ടെൻഷൻ മാറ്റുന്നതിനായി പ്രത്യേക ഗുളികയൊന്നുമില്ല.

ശ്രീ. മോൻസ് ജോസഫ്: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മനോഹരമായ മറുപടികളിലൊന്നായി ഞങ്ങൾ ഇതിനെ കാണുകയാണ്. സംഘർഷം കുറയ്ക്കാനുള്ള വഴിയെന്താണെന്നാണ് ബഹുമാനപ്പെട്ട അംഗം

ശ്രീമതി ദെലീമ ചോദിച്ചത്. അതിന് മറുപടിയായി അങ്ങ് പറഞ്ഞത് ശരിയാണ്. എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകൾ കാര്യക്ഷമമാക്കാൻ സർക്കാർ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് പറയുകയുണ്ടായി. ഇപ്പോൾ ദേശീയ വിദ്യാഭ്യാസ നയം പ്രഖ്യാപിച്ചിരിക്കുകയാണ്. അതിന്റെ ഭാഗമായി എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നിവയെല്ലാം ഏകീകരിക്കുന്ന രീതിയാണ് കേന്ദ്ര സർക്കാർ സ്വീകരിക്കാൻ പോകുന്നത്. നമ്മുടെ സംസ്ഥാനത്ത് ഇതെല്ലാം പ്രത്യേക ഡയറക്ടറേറ്റിന്റെ കീഴിലാണ് നിലനിൽക്കുന്നത്. ദേശീയ വിദ്യാഭ്യാസ നയത്തെത്തുടർന്ന് എസ്.എസ്.എൽ.സി., പ്ലസ് ടു ഉൾപ്പെടെയുള്ളവയുടെ കാര്യങ്ങൾ എങ്ങനെ ക്രമീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. വി. ശിവൻകുട്ടി: സർ, സംസ്ഥാനങ്ങൾ ദേശീയ വിദ്യാഭ്യാസ നയം പൂർണ്ണമായും അംഗീകരിച്ചിട്ടില്ല. തമിഴ്നാട് പൂർണ്ണമായും തള്ളിക്കളയുകയും കർണ്ണാടക ഭാഗികമായി മാത്രം നടപ്പിലാക്കാൻ തയ്യാറാകുകയും ചെയ്തിട്ടുണ്ട്. കേരളത്തിന് ഒരു വിദ്യാഭ്യാസ പാരമ്പര്യമുണ്ട്. അതിൽ നിന്നുകൊണ്ടുമാത്രമേ നമുക്ക് ദേശീയ വിദ്യാഭ്യാസ നയം നടപ്പിലാക്കാൻ

കഴിയുകയുള്ളൂ. ഇപ്പോൾ പ്ലസ് വൺ, പ്ലസ് ടു പാഠപുസ്തകത്തിൽത്തന്നെ ഒരുപാട് ഭാഗങ്ങൾ ഒഴിവാക്കപ്പെട്ടു. പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികളെ പഠിപ്പിക്കേണ്ട മഹാത്മാ ഗാന്ധിയുടെ വധം എന്നതിൽ ആർ.എസ്.എസ്. എന്ന വാക്ക് ഒഴിവാക്കിയിട്ടുണ്ട്. മുഗൾ രാജാക്കന്മാരുടെ ഭരണകാലം, മൗലാനാ അബ്ദുൾ കലാം ആസാദ്, ഇന്ത്യയുടെ സ്വാതന്ത്ര്യസമരം, ഗുജറാത്ത് കലാപം, പരിണാമ സിദ്ധാന്തം എന്നിങ്ങനെയുള്ള നിരവധി കാര്യങ്ങൾ ഒഴിവാക്കപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ ഒഴിവാക്കപ്പെട്ട കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് നമ്മൾ ഒരു പുതിയ പാഠപുസ്തകമുണ്ടാക്കി. ഇന്ത്യയിൽ ഏതെങ്കിലും സംസ്ഥാനം അങ്ങനെയൊരു പാഠപുസ്തകം തയ്യാറാക്കിയിട്ടുണ്ടെങ്കിൽ അത് കേരളമാണെന്ന് അഭിമാനത്തോടുകൂടി പറയാൻ കഴിയും. വെറും പാഠപുസ്തകമല്ല, കുട്ടികൾ പഠിച്ച് പരീക്ഷയെഴുതി മാർക്ക് വാങ്ങേണ്ട പുസ്തകമാണെന്ന കാര്യംകൂടി സൂചിപ്പിക്കുകയാണ്.

ശ്രീ. ഐ. ബി. സതീഷ്: സർ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷകളുടെ ചോദ്യക്കടലാസുകളുടെ ഗുണനിലവാരം നിലനിർത്താനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, എസ്.സി.ഇ.ആർ.ടി.-യാണ് ചോദ്യ പേപ്പറുകൾ തയ്യാറാക്കുന്നത്, അതിനൊരു നടപടിക്രമമുണ്ട്. കൂടാതെ വിദ്യാർത്ഥികൾക്ക് ചോദ്യപേപ്പർ വിലയിരുത്താനുള്ള അവസരവും നൽകുന്നുണ്ട്. പല സംസ്ഥാനങ്ങളിലും ഇങ്ങനെയൊരു നടപടിക്രമമില്ല. എസ്.സി.ഇ.ആർ.ടി.-യുടെ നടപടിക്രമം പ്രകാരം ആദ്യം അദ്ധ്യാപകർക്കായി ക്യാമ്പ് സംഘടിപ്പിക്കുകയാണ് ചെയ്യുന്നത്. ആ ക്യാമ്പിൽ ഓരോ വിഷയത്തെയും കുറിച്ച് ചർച്ച ചെയ്യുകയും അതിനുശേഷം നാല് സെറ്റ് ചോദ്യ പേപ്പറുകൾ തയ്യാറാക്കുകയും ചെയ്യും. ഒരു സെറ്റ് ചോദ്യ പേപ്പർ മോഡൽ പരീക്ഷയ്ക്കുവേണ്ടിയുള്ളതാണ്. നാല് സെറ്റ് ചോദ്യ പേപ്പറുകളിൽ നറുക്കിട്ടെടുക്കുന്ന ഒരെണ്ണമാണ് എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് നൽകുന്നത്. പരമാവധി നിലവാരം നിലനിർത്തിക്കൊണ്ടുള്ള ചോദ്യപേപ്പറുകളാണ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകൾ കാര്യക്ഷമമാക്കാൻ സർക്കാർ നടപടികൾ സ്വീകരിക്കുന്നുവെന്നുള്ളത് സന്തോഷകരമായ കാര്യമാണ്. എന്നാൽ

എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ചശേഷം പ്ലസ് വൺ പ്രവേശനം ലഭിക്കാതെ നിരവധി വിദ്യാർത്ഥികളും രക്ഷകർത്താക്കളും ഇപ്പോഴും നെട്ടോട്ടമോടുകയാണ്. മലബാർ മേഖലയിൽ അഡീഷണൽ ബാച്ച് അനുവദിച്ചുവെന്ന് പറയുന്നുണ്ട്. എന്നാൽ പ്രവേശനം ലഭിക്കാത്തതിനെത്തുടർന്ന് ചില കുട്ടികളും രക്ഷിതാക്കളും എം.എൽ.എ.-മാരുടെ വീടുകളിൽ വന്ന് കരയുകയാണ്. ഇക്കാര്യത്തിൽ സർക്കാർ എന്ത് നടപടി സ്വീകരിക്കുകയെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ വീട്ടിലെത്തി ആളുകൾ നിലവിളിച്ചോയെന്ന് എനിക്ക് അറിയില്ല, മറ്റുപല എം.എൽ.എ.-മാരുടെ വീടുകളിൽ ആളുകളെത്തി സന്തോഷംകൊണ്ട് നിലവിളിച്ചിട്ടുണ്ട്. പ്രവേശന സമയം കഴിഞ്ഞതിനുശേഷവും ബഹുമാനപ്പെട്ട അംഗം പറഞ്ഞ എല്ലാവർക്കും അഡ്മിഷൻ നൽകിയിട്ടുണ്ട്, ഇനിയും നൽകാം. അങ്ങ് വിഷമിക്കേണ്ട കാര്യമില്ല. കഴിഞ്ഞ വർഷം 82 ബാച്ചുകളും ഈ വർഷം 92 ബാച്ചുകളും പുതിയതായി മലബാർ മേഖലയിൽ മാത്രം അനുവദിക്കുകയുണ്ടായി. കൂടാതെ, 14 ബാച്ചുകൾ തിരുവിതാംകൂർ

മേഖലയിൽനിന്നും മലബാർ മേഖലയിലേയ്ക്ക് ഷിഫ്റ്റ് ചെയ്ത് നൽകിയിട്ടുമുണ്ട്. അതുകൊണ്ട് ആർക്കും പരാതിയുണ്ടാകാൻ സാധ്യതയില്ലെന്നാണ് എനിക്ക് തോന്നുന്നത്.

<u>ശ്രീ. കെ. പ്രേംകുമാർ</u>: സർ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷാ നടത്തിപ്പ് കാര്യക്ഷമമമാണോ, ഇതിനാവശ്യമായ മോണിറ്ററിംഗ് എത്രത്തോളം ശക്തമാണെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, അത് ഞാൻ നേരത്തേ വ്യക്തമാക്കിയിട്ടുള്ളതാണ്. എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി പരീക്ഷാ നടത്തിപ്പിനുവേണ്ടിയുള്ള സംവിധാനങ്ങൾ ശക്തമാണ്. അതിനൊരു സിസ്റ്റം തന്നെയുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വന്നതിനുശേഷമുണ്ടാക്കിയ സിസ്റ്റമാണെന്നൊന്നും ഞാൻ പറയുന്നില്ല. കേരളത്തിൽ എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി പരീക്ഷകൾ ആരംഭിച്ച കാലം മുതൽ നമുക്കൊരു സിസ്റ്റമുണ്ട്. ആ സിസ്റ്റത്തെ

ശക്തിപ്പെടുത്തി മുന്നോട്ടുപോകുന്നതിനുള്ള എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചുവരികയാണ്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, പരീക്ഷാ നടത്തിപ്പും മൂല്യനിർണ്ണയവും റിസൾട്ട് പ്രഖ്യാപനവും കാര്യക്ഷമമായി കൊണ്ടുപോകുന്ന വകുപ്പുമന്ത്രിയെയും വകുപ്പിനെയും ഞാൻ അഭിനന്ദിക്കുകയാണ്. എസ്.എസ്.എൽ.സി. ചോദ്യക്കടലാസുകൾ സൂക്ഷിക്കുന്നത് ട്രഷറികളിലാണ്. എന്നാൽ പ്ലസ് ടു ചോദ്യക്കടലാസുകൾ സൂക്ഷിക്കുന്നത് അതത് വിദ്യാഭ്യാസ സ്ഥാപനങ്ങളിലാണ്. അതുകൊണ്ടുതന്നെ ഈയടുത്തകാലത്ത് ഒരു ടീച്ചറിന് വലിയ ഫൈൻ നൽകേണ്ടിവന്നുവെന്ന ഒരു വാർത്ത വരികയുണ്ടായി. എന്നാൽ ഇനി മുതൽ അത്തരം ചോദ്യക്കടലാസുകൾ കൂടി ട്രഷറിയിൽ സൂക്ഷിക്കുമെന്ന് മന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. അതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, എസ്.എസ്.എൽ.സി. ചോദ്യക്കടലാസുകൾ സൂക്ഷിക്കുന്നത് ട്രഷറികളിലാണ്. ഹയർ സെക്കണ്ടറിയുടേതും അങ്ങനെ

സൂക്ഷിക്കണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. അപ്രകാരം ചെയ്യുന്നതിന് വലിയ സാമ്പത്തിക ബാധ്യതയുണ്ടാകുമെന്നാണ് കാണുന്നത്. ശക്തമായ സുരക്ഷാ നടപടികൾ സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകുകയല്ലാതെ ട്രഷറിയിൽ സൂക്ഷിക്കുന്നത് പ്രയാസമേറിയ കാര്യമാണ്. നിലവിലുള്ള നിയമമനുസരിച്ച് ചോദ്യക്കടലാസുകൾ സൂക്ഷിക്കുന്നതിൽ ഏതെങ്കിലും അധ്യാപകർ ഉത്തരവാദിത്വമില്ലായ്മ കാണിച്ചാൽ നടപടിയുണ്ടാകുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല.

**ലെവൽ ക്രോസില്ലാത്ത കേരളം പദ്ധതി**

3 (*93) ശ്രീ. എം. വിജിൻ:
ഡോ. കെ. ടി. ജലീൽ ചുമതലപ്പെടുത്തിയതുപ്രകാരം
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ എം. എസ്. അരുൺ കുമാർ ചുമതലപ്പെടുത്തിയതുപ്രകാരം
ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാന പാതകളിൽ ലെവൽ ക്രോസില്ലാത്ത കേരളം എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ലക്ഷ്യം പൂർത്തീകരിക്കാനായി എത്രത്തോളം മേൽപ്പാലങ്ങൾ നിർമ്മിക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; അറിയിക്കാമോ;

(സി) കിഫ്ബി വഴി നിർമ്മിക്കാനുദ്ദേശിക്കുന്ന മേൽപ്പാലങ്ങളുടെ വിശദാംശം നൽകാമോ;

(ഡി) കെ.ആർ.ഡി.സി.എൽ. വഴി നിർമ്മിക്കാനുദ്ദേശിക്കുന്ന മേൽപ്പാലങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) ഇതിൽ എത്ര മേൽപ്പാലങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, (എ&ബി) ലെവൽ ക്രോസില്ലാത്ത കേരളം എന്ന ദീർഘകാല ലക്ഷ്യം കൈവരിക്കുന്നതിനായി സംസ്ഥാന സർക്കാർ സമഗ്രമായ പദ്ധതിക്ക് രൂപം നൽകി നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി 99 റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ഇതിൽ 72 എണ്ണത്തിന്റെ നിർമ്മാണച്ചുമതല

ആർ.ബി.ഡി.സി.കെ.-യ്ക്കും 27 എണ്ണത്തിന്റേത് കെ.ആർ.ഡി.സി.എൽ.-നും നൽകിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഇത്രയും റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണം ഒരുമിച്ച് പുരോഗമിക്കുന്നത്. ആർ.ബി.ഡി.സി.കെ.-യ്ക്ക് നിർമ്മാണച്ചുമതലയുള്ള മേൽപ്പാലങ്ങളിൽ കാഞ്ഞങ്ങാട് ആർ.ഒ.ബി. പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നുകൊടുത്തിട്ടുണ്ട്. കൂടാതെ 12 ആർ.ഒ.ബി.-കളുടെ നിർമ്മാണം നടന്നുവരികയാണ്. ഒരു മേൽപ്പാലത്തിന്റെ ടെണ്ടർ നടപടി സ്വീകരിച്ചു വരികയും 21 എണ്ണത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുകയുമാണ്. 8 റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ GAD റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. സിൽവർ ലൈനുമായി ബന്ധപ്പെട്ടുകിടന്നിരുന്ന 15 ആർ.ഒ.ബി.-കളുടെ GAD പുതുക്കി റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. ഒരു ROB കിഫ്ബിയുടെ പരിഗണനയിലാണ്. 7 ROB-കളുടെ അലൈൻമെന്റിൽ തീരുമാനമെടുത്തുവരുന്നു. എറണാകുളത്തിനും ഷൊർണ്ണൂരിനുമിടയ്ക്കുള്ള മൂന്നാമത്തെ റെയിൽവേ ലൈനിന്റെ അലൈൻമെന്റ്

തീരുമാനമാകാത്തതിനാൽ ആറ് പദ്ധതികളുടെ പ്രവർത്തനം താൽക്കാലികമായി തടസ്സപ്പെട്ടിരിക്കുകയാണ്.

കെ.ആർ.ഡി.സി.എൽ-ന് നിർമ്മാണച്ചുമതലയുള്ള മേൽപ്പാലങ്ങളിൽ 3 എണ്ണത്തിന് ഭരണാനുമതി ലഭിക്കുകയും എൽ.സി. 12-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുള്ളതാണ്. മറ്റ് ആർ.ഒ.ബി-കളുടെയെല്ലാം ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾ പുരോഗമിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ സാധിക്കും.

(സി) ആർ.ബി.ഡി.സി.കെ.-യ്ക്ക് നിർമ്മാണച്ചുമതലയുള്ള 67 പാലങ്ങൾ കിഫ്ബി ഫണ്ട് മുഖേനയാണ് നടപ്പാക്കുന്നത്. ഇതിൽ 9 ആർ.ഒ.ബി.-കളുടെ നിർമ്മാണം നടന്നുവരികയും ഒരു ആർ.ഒ.ബി.-യുടെ ടെണ്ടർ നടപടി സ്വീകരിക്കുകയും 20 എണ്ണത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുകയുമാണ്. സിൽവർ ലൈനുമായി ബന്ധപ്പെട്ട് കിടന്നിരുന്ന 15 ആർ.ഒ.ബി.-കളുടെ ജി.എ.ഡി. പുതുക്കി റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രവൃത്തികൾ നടന്നുവരുന്നു. 8 ആർ.ഒ.ബി.-കളുടെ ജി.എ.ഡി. റെയിൽവേയുടെ

അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. ഒരു ആർ.ഒ.ബി. കിഫ്ബിയുടെ പരിഗണനയിലാണ്. 7 ആർ.ഒ.ബി.-കളുടെ അലൈൻമെന്റിൽ തീരുമാനമെടുത്തുവരുന്നു. എറണാകുളത്തിനും ഷൊർണ്ണൂരിനുമിടയ്ക്കുള്ള മൂന്നാമത്തെ റെയിൽവേ ലൈനിന്റെ അലൈൻമെന്റ് തീരുമാനമാകാത്തതിനാൽ ആറ് പദ്ധതികൾ താൽക്കാലികമായി തടസ്സപ്പെട്ടിരിക്കുകയാണ്.

(ഡി&ഇ) കെ.ആർ.ഡി.സി.എൽ. വഴി നിർമ്മിക്കാനുദ്ദേശിക്കുന്ന 27 മേൽപ്പാലങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

പ്രസ്തുത ആർ.ഒ.ബി-കളിൽ 3 എണ്ണത്തിന് നിർമ്മാണത്തിനുള്ള ഭരണാനുമതിയും 22 എണ്ണത്തിന് ഭൂമി ഏറ്റെടുക്കലിനുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. കണ്ണൂർ സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിൽ ഉൾപ്പെട്ടുവരുന്ന KRFB-യ്ക്ക് കൈമാറിയ 2 ROB-കൾ (LC 240 & LC 244) KRDCL-നുതന്നെ തിരികെ നൽകുന്നതിനും തീരുമാനമായിട്ടുണ്ട്.

<u>ശ്രീ. എം. വിജിൻ</u>: സർ, സംസ്ഥാനത്ത് കഴിഞ്ഞ 7 വർഷമായി പിണറായി സർക്കാരിന്റെ നേതൃത്വത്തിൽ അടിസ്ഥാന സൗകര്യ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വികസനത്തിൽ വലിയ കുതിച്ചുചാട്ടമാണ് നടന്നുകൊണ്ടിരിക്കുന്നത്. റെയിൽവേ ലെവൽ ക്രോസ് സൃഷ്ടിക്കുന്ന ഗതാഗത തടസ്സം പരിഹരിക്കുന്നതിനുവേണ്ടിയാണ് ലെവൽ ക്രോസില്ലാത്ത കേരളം എന്ന പദ്ധതി നടപ്പിലാക്കുന്നത്. ഈ വർഷം ഈ പദ്ധതിയിൽ എത്ര ആർ.ഒ.ബി.-കൾ പൂർത്തീകരിക്കാനാണ് ലക്ഷ്യംവയ്ക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, നമ്മുടെ നാട് നേരിടുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നമാണിത്. ദീർഘനേരം യാത്രക്കാർ കാത്തുനിൽക്കേണ്ട സ്ഥിതിയാണിന്നുള്ളത്. ഇതിന്റെ ഭാഗമായാണ് ലെവൽ ക്രോസ് ഇല്ലാത്ത കേരളം എന്ന സ്വപ്ന പദ്ധതി സംസ്ഥാന ഗവൺമെന്റ് വിഭാവനം ചെയ്ത് മുന്നോട്ടുപോകുന്നത്. ആർ.ബി.ഡി.സി.കെ.-യെ ഏൽപ്പിച്ചിട്ടുള്ള 72 റെയിൽവേ ഓവർബ്രിഡ്ജുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. ഇവയിൽ 67 എണ്ണം കിഫ്ബി ഫണ്ടും 5 എണ്ണം പൊതുമരാമത്ത് വകുപ്പിന്റെ ഫണ്ടും ഉപയോഗിച്ചാണ് നിർമ്മിക്കുന്നത്. കാഞ്ഞങ്ങാട് റെയിൽവേ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണം പൂർത്തിയാക്കി ജനങ്ങൾക്ക് ഗതാഗതത്തിന് തുറന്നുകൊടുത്തിട്ടുണ്ട്. കിഫ്ബി മുഖേന നടപ്പിലാക്കുന്ന 9 ആർ.ഒ.ബി.-

കളുടെ നിർമ്മാണം പുരോഗമിച്ചുവരികയാണ്. ഇതിൽ ഗുരുവായൂർ, ചിറങ്ങര, മാളിയേക്കൽ ആർ.ഒ.ബി.-കളുടെ സ്ലാബ് വരെയുള്ള പ്രവൃത്തികൾ പൂർത്തിയാക്കിക്കഴിഞ്ഞു. അകത്തേത്തറ, താനൂർ, തെയ്യാല, കൊടുവള്ളി, ചിറയിൻകീഴ് എന്നിവിടങ്ങളിൽ സ്ലാബുകളുടെ നിർമ്മാണവും ഇരവിപുരം, വാടാനംകുറിശ്ശി എന്നീ ആർ.ഒ.ബി.-കളുടെ ഗിർഡർ ഇറക്ഷൻ പ്രവൃത്തികളും പുരോഗമിക്കുന്നു. ഈ ആർ.ഒ.ബി.-കളുടെ റെയിൽവേയുടെ ഭാഗം റെയിൽവേ നേരിട്ടാണ് നടപ്പിലാക്കുന്നത്. അത് പൂർത്തിയായാൽ മാത്രമേ റെയിൽവേയോട് ചേർന്നുള്ള അഡ്ജസന്റ് സ്പാനിന്റെ പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. ഗുരുവായൂരിൽ റെയിൽവേ ഗിർഡർ ഇറക്ഷൻ പൂർത്തിയാക്കിയിട്ടുണ്ട്. ഈ ആർ.ഒ.ബി. നവംബർ മാസത്തിൽ ഗതാഗതത്തിന് തുറന്നുകൊടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ പദ്ധതി പൂർത്തിയാക്കാൻ റെയിൽവേയുമായി നിരന്തരം ഇടപെടൽ നടത്തിവരികയാണ്. വകുപ്പിന്റെ ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന ഫറോക്ക്, കാരിത്താസ്, മുളന്തുരുത്തി ആർ.ഒ.ബി.-കളുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. സർക്കാർ മുന്നോട്ടുവച്ച ലെവൽ ക്രോസില്ലാത്ത

കേരളം പദ്ധതി യാഥാർത്ഥ്യമാകുന്നത് യുദ്ധകാലാടിസ്ഥാനത്തിലാണെന്ന കാര്യം സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. എം. വിജിൻ</u>: സർ, സംസ്ഥാനത്തെ 27 റെയിൽവേ മേൽപ്പാലങ്ങൾ കെ-റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നിർമ്മിക്കാൻ നേരത്തേ അനുമതിയായിട്ടുണ്ട്. ഇതിൽ ഏഴിമല, കണ്ണപുരം, ചെറുകുന്ന് എന്നീ മൂന്ന് റെയിൽവേ ഗേറ്റുകൾ എന്റെ മണ്ഡലത്തിലാണുള്ളത്; ഇവയുടെ നിർമ്മാണം വേഗത്തിലാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, കല്ല്യാശ്ശേരി മണ്ഡലത്തിൽ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച മൂന്ന് റെയിൽവേ ഓവർബ്രിഡ്ജുകളാണ് കെ.ആർ.ഡി.സി.എൽ.-ൽ ഉള്ളത്. അതിൽ പഴയങ്ങാടി ഏഴിമല ഗേറ്റ്-LC-259-ന്റെ ലാൻഡ് അക്വിസിഷന് 01-08-2021-ന് 11(1) നോട്ടിഫിക്കേഷൻ പബ്ലിഷ് ചെയ്തിരുന്നു. ഭൂമി ഏറ്റെടുക്കൽ, ഫണ്ട് അനുവദിക്കൽ എന്നിവ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. കണ്ണപുരം-മൊറാഴ, ചെറുകുന്ന്-കീഴറ റോഡുകളിൽ അലൈൻമെന്റിന് അന്തിമരൂപമാകുകയാണ്.

<u>ശ്രീമതി കാനത്തിൽ ജമീല</u>: സർ, കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കൊയിലാണ്ടി മണ്ഡലത്തിലെ ആർ.ഒ.ബി.-യുടെ പ്രവൃത്തി ഇതിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ സാധിക്കുമോ;

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി പണി പൂർത്തീകരിക്കുന്ന ആർ.ഒ.ബി.-കളുടെ പ്രവർത്തനങ്ങൾ പരിശോധിക്കുന്ന കൂട്ടത്തിൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞ കൊയിലാണ്ടി മണ്ഡലത്തിലെ ആർ.ഒ.ബി.-യുടെ കാര്യവും പരിശോധിക്കാം.

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, കേരളത്തിലെ റോഡ് നിർമ്മാണ രംഗത്ത് നൂതന സംവിധാനങ്ങൾ ആവിഷ്കരിച്ച് മുന്നോട്ടുപോകുന്ന ബഹുമാനപ്പെട്ട മന്ത്രിയെയും വകുപ്പിനെയും ഞാൻ അഭിനന്ദിക്കുകയാണ്. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി പണി പൂർത്തിയാക്കുന്ന റോഡ് ഓവർബ്രിഡ്ജ് നിർമ്മാണങ്ങൾക്ക് സ്റ്റീൽ-കോൺക്രീറ്റ് കോമ്പോസിറ്റ് സ്ട്രക്ചർ ഉപയോഗിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ നിർമ്മാണരീതി കൊണ്ടുള്ള പ്രയോജനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ഇവിടെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി പണി പൂർത്തിയാക്കുന്ന റെയിൽവേ ഓവർബ്രിഡ്ജുകൾക്ക് സ്റ്റീൽ-കോൺക്രീറ്റ് കോമ്പോസിറ്റ് സ്ട്രക്ചറാണ് ഉപയോഗിക്കുന്നത്. നിലവിൽ ഒൻപത് ആർ.ഒ.ബി.-കളുടെ നിർമ്മാണത്തിന് സ്റ്റീൽ-കോൺക്രീറ്റ് കോമ്പോസിറ്റ് കൺസ്ട്രക്ഷൻ രീതിയാണ് റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് ഉപയോഗിക്കുന്നത്. ഇത് വളരെ വേഗത്തിൽ പദ്ധതികൾ നടത്താൻ ഗുണകരമാണ്, അത് പൊതുവെ വലിയ മാറ്റമാണുണ്ടാക്കുന്നത്. ഒരു വർഷംവരെ സമയം ലാഭിക്കാൻ ഇതിലൂടെ സാധിക്കും. ഫൗണ്ടേഷൻ പണികൾ നടത്തുന്ന സമയത്തുതന്നെ ഫാക്ടറിയിൽ തൂണുകളുടെയും ഗിർഡറുകളുടെയും ഫാബ്രിക്കേഷൻ നടത്തുന്നതുമൂലം വളരെയധികം സമയം ലാഭിക്കാൻ കഴിയുമെന്നുമാത്രമല്ല മറ്റുപല രീതിയിലും ഇത് ഗുണകരമാകുന്നുമുണ്ട്. സ്റ്റീൽ പുനരുപയോഗിക്കാൻ കഴിയുമെന്നതിനാൽ പരിസ്ഥിതി സൗഹൃദ മെറ്റീരിയലായും ഉപയോഗിക്കാൻ കഴിയും. അതാണ് വളരെ പ്രാധാന്യത്തോടുകൂടി ഇത്തരം കാര്യങ്ങൾ അവലംബിക്കാൻ

മുന്നോട്ടുവരുന്നത്. സ്റ്റീൽ ഒരു ഫാക്ടറി മെയ്ഡ് പ്രോഡക്ടായതിനാൽ കോൺക്രീറ്റിനെക്കാൾ ഗുണനിലവാരം ഉറപ്പാക്കാൻ സാധിക്കുമെന്നാണ് വിലയിരുത്തുന്നത്. നിർമ്മാണവേളയിലെ ബുദ്ധിമുട്ടുകൾ ഒഴിവാക്കാനും ഈ രീതി ഗുണകരമാകുമെന്നുള്ളതാണ് അനുഭവം. സ്റ്റീൽ-കോൺക്രീറ്റ് കോമ്പോസിറ്റ് സ്ട്രക്ചർ ഉപയോഗിച്ചുള്ള നിർമ്മാണം എല്ലാ നിലയിലും മാതൃകയാക്കാവുന്ന ഒന്നാണ്.

ശ്രീ. എച്ച്. സലാം: സർ, കേരളത്തിൽ ധാരാളം പാലങ്ങളുണ്ട്. എന്നാൽ കോടികൾ മുടക്കി നിർമ്മിക്കുന്ന പാലങ്ങളുടെ താഴ്ഭാഗം വേണ്ടത്ര ശ്രദ്ധിക്കാതെ കിടക്കുന്ന സ്ഥിതിയാണുള്ളത്. പൊതുമരാമത്ത് വകുപ്പ് നിരവധി നൂതനമായ പദ്ധതികൾ ആവിഷ്കരിക്കപ്പെടുന്ന കാലമാണിത്. പാലങ്ങളുടെ താഴെയുള്ള ഭാഗം മനോഹരമാക്കാനും അത്തരം സ്ഥലങ്ങൾ ജനങ്ങൾക്ക് കൂടുതൽ ഉപയോഗപ്രദമാക്കാനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ആർ.ഒ.ബി. ഉൾപ്പെടെയുള്ളവ അതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, എല്ലാ അംഗങ്ങളും ഇക്കാര്യം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. പല പാലങ്ങളുടെയും അടിയിലെ

സ്ഥലം വെറുതെ കിടക്കുകയാണ്. ഉത്തരേന്ത്യയിലൊക്കെ ഇത്തരം സ്ഥലങ്ങളിൽ ആളുകൾ ഷെഡ്ഡ് കെട്ടി താമസിക്കുകയാണ് ചെയ്യുന്നത്. പൊതുവിൽ ഈ സ്പേസ് എങ്ങനെ ഉപയോഗിക്കാമെന്നതിനെക്കുറിച്ചാണ് നമ്മൾ ചർച്ച ചെയ്തത്. ഡിസൈൻ പോളിസി വർക്ക്ഷോപ്പ് നടത്തി ചില നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയും ഇടപെടലുകൾ നടത്തുകയും ചെയ്തതിന്റെ ഭാഗമായി പാലങ്ങളുടെ അടിയിലുള്ള സ്പേസ് ഉപയോഗപ്പെടുത്താൻ തീരുമാനിക്കുകയുണ്ടായി. അങ്ങനെ അവിടെ വയോജന പാർക്ക്, കുട്ടികൾക്കുള്ള പാർക്ക്, ബാസ്ക്കറ്റ് ബോൾ കോർട്ട്, ടർഫ് ഗ്രൗണ്ട് തുടങ്ങിയവ നടപ്പിലാക്കാൻ തീരുമാനിച്ച വിവരം സന്തോഷപൂർവ്വം അറിയിക്കുകയാണ്. ആദ്യഘട്ടത്തിൽ കൊല്ലം, നെടുമ്പാശ്ശേരി എന്നിവിടങ്ങളിൽ പദ്ധതി നടപ്പിലാക്കും. കൊല്ലത്ത് എസ്.എൻ. കോളേജിന് സമീപത്തുള്ള റെയിൽവേ ഓവർബ്രിഡ്ജാണ് അതിനായി തെരഞ്ഞെടുത്തിരിക്കുന്നത്. അവിടെ ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ പദ്ധതി നടപ്പിലാക്കും. ടൂറിസം വർക്കിംഗ് ഗ്രൂപ്പ് പ്രസ്തുത പദ്ധതി അംഗീകരിച്ചിരിക്കുകയാണ്. ഉടൻതന്നെ അതുസംബന്ധിച്ച ഉത്തരവിറങ്ങും.

അപ്പോൾ വേഗത്തിൽ പ്രവൃത്തി ആരംഭിക്കാൻ സാധിക്കും. ഓരോ അംഗവും അവരവരുടെ മണ്ഡലത്തിലെ ഇതുപോലുള്ള സാധ്യതകൾ പൊതുമരാമത്ത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ അത് എങ്ങനെ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയുമെന്ന് ആലോചിക്കാം. പൊതു-സ്വകാര്യ-സഹകരണ മേഖലകളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് ഇത്തരം പദ്ധതികൾ നടപ്പിലാക്കി മുന്നോട്ടുപോകാം.

ശ്രീ. റോജി എം. ജോൺ: സർ, ലെവൽ ക്രോസില്ലാത്ത കേരളം പദ്ധതി എന്ന ആശയം നല്ലതുതന്നെയാണ്. അങ്കമാലി റെയിൽവേ സ്റ്റേഷൻ പ്ലാറ്റ്ഫോമിന്റെ ഒരു ഭാഗത്തുകൂടിയാണ് ചമ്പന്നൂർ ലെവൽ ക്രോസ് കടന്നുപോകുന്നത്. റെയിൽവേ സ്റ്റേഷന്റെ പ്ലാറ്റ്ഫോം കട്ട് ചെയ്തുകൊണ്ട് ലെവൽ ക്രോസുണ്ടാകുന്നത് അപൂർവ്വമായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. ഇതിന് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കുകയും അത് കോസ്റ്റ് ഷെയറിംഗ് ബേസിസിൽ ചെയ്യാമെന്ന് അറിയിപ്പ് ലഭിച്ചിട്ടുള്ളതുമാണ്. പക്ഷെ, സിൽവർ ലൈനുമായി ബന്ധപ്പെട്ട അലൈൻമെന്റിൽ അങ്കമാലി റെയിൽവേ സ്റ്റേഷൻ ഉൾപ്പെട്ടുവന്നതിനാൽ

അതിന്റെ തുടർനടപടികൾ തടസ്സപ്പെട്ടിരിക്കുകയാണ്. ആയതിനാൽ ഈ റെയിൽവേ ഓവർബ്രിഡ്ജിന്റെ തുടർപ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. സിൽവർലൈനുമായി ബന്ധപ്പെട്ടും അനിശ്ചിതത്വം നിലനിൽക്കുകയാണ്. അപ്പോൾ ഒരുതരത്തിലുള്ള നടപടിക്രമങ്ങളും മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കാതെ ചമ്പന്നൂർ റെയിൽവേ ഓവർബ്രിഡ്ജിന്റെ പ്രവർത്തനങ്ങൾ നിൽക്കുകയാണ്. ഇക്കാര്യത്തിൽ അങ്ങ് പ്രത്യേക ശ്രദ്ധചെലുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ചമ്പന്നൂർ റെയിൽവേ ഓവർബ്രിഡ്ജ്, സിൽവർ ലൈൻ ഇതെല്ലാം ജനങ്ങൾ ആഗ്രഹിക്കുന്ന കാര്യമാണ്. അതിൽ പ്രത്യേകമായി ഇടപെട്ട് എന്ത് ചെയ്യാൻ സാധിക്കുമെന്ന് പരിശോധിക്കാം.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, പത്തനാപുരം നിയോജക മണ്ഡലത്തിലെ ആവണീശ്വരം റെയിൽവേ ഓവർബ്രിഡ്ജിന് കഴിഞ്ഞ ബഡ്ജറ്റിൽ പണം മാറ്റിവയ്ക്കുകയും കേരള റെയിൽ ഡെവലപ്മെന്റ്

കോർപ്പറേഷൻ ലിമിറ്റഡ് അത് നിർമ്മിക്കാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. അതിനുശേഷം അത് കേരള റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ ഏൽപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഉത്തരവിറക്കുകയുണ്ടായി. അതിനെത്തുടർന്ന് രൂപരേഖ തയ്യാറാക്കാൻ ഉദ്യോഗസ്ഥരെത്തുകയും അളവെടുക്കുകയും ചെയ്തിരുന്നു. പക്ഷെ രൂപരേഖ തയ്യാറാക്കാൻ വൈകുകയാണ്. അങ്ങ് നേരിട്ട് ഇടപെട്ട് അത് പരിഹരിക്കാനും, കഴിയുമെങ്കിൽ പരിസ്ഥിതി സൗഹൃദ സ്റ്റീൽ ഓവർബ്രിഡ്ജ് എന്ന ആശയം അവിടെ നടപ്പിലാക്കി എത്രയുംവേഗം നിർമ്മാണം പൂർത്തീകരിക്കാനും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്:</u> സർ, സഭയിൽ ഉന്നയിക്കപ്പെട്ട വിഷയമെന്നുള്ള ഗൗരവത്തിൽത്തന്നെ ഈ വിഷയം പ്രത്യേകം പരിശോധിക്കാം.

<u>ശ്രീ. എ. പ്രഭാകരൻ:</u> സർ, അകത്തേത്തറ-നടക്കാവ് മേൽപ്പാലം നിർമ്മാണം റെയിൽവേയുടെ അനാസ്ഥകൊണ്ട് നീണ്ടുപോകുകയാണ്.

മലമ്പുഴയിലേയ്ക്കുള്ള പ്രധാനപ്പെട്ട ഈ റോഡിന്റെ നിർമ്മാണം എത്രയുംവേഗം പൂർത്തിയാക്കാനാവശ്യമായ നടപടി കൈക്കൊള്ളുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്:</u> സർ, ഈ വിഷയം റെയിൽവേയുമായി അടിയന്തരമായി ചർച്ച ചെയ്യുന്നതാണ്.

<u>ശ്രീ. അനൂപ് ജേക്കബ്:</u> സർ, എന്റെ നിയോജകമണ്ഡലത്തിലെ ചോറ്റാനിക്കര പഞ്ചായത്തിലെ കുരീക്കാട് റെയിൽവേ ഓവർബ്രിഡ്ജിന് കിഫ്ബി പദ്ധതിയിലാണ് അനുമതി ലഭിച്ചിരിക്കുന്നത്. ഭൂമി ഏറ്റെടുക്കൽ നടപടിയിലേയ്ക്ക് നീങ്ങിയെങ്കിലും സർവേയർമാരില്ലെന്ന കാരണത്താൽ അത് അനന്തമായി നീണ്ടുപോകുകയാണ്. ചട്ടപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് മാസങ്ങളും വർഷങ്ങളുമെടുക്കും. ആയതിനാൽ പ്രത്യേക പദ്ധതികൾ തയ്യാറാക്കി ഇങ്ങനെയുള്ള ആർ.ഒ.ബി.-കളുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ വേഗത്തിലാക്കുമോ; കുരീക്കാട് ആർ.ഒ.ബി. എത്രയുംവേഗം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്:</u> സർ, ഇക്കാര്യം കിഫ്ബിയുമായി ചർച്ച ചെയ്യാം. കൂടാതെ ഭൂമി എറ്റെടുക്കൽ വേഗത്തിലാക്കാൻ എന്തൊക്കെ

ചെയ്യാനാകുമെന്ന് പ്രത്യേകം പരിശോധിക്കുകയും ചെയ്യാം. പൊതുവെ ആർ.ഒ.ബി.-കളുമായി ബന്ധപ്പെട്ട കാര്യങ്ങൾ വേഗത്തിലാക്കാനാണ് ശ്രമിച്ചിട്ടുള്ളത്. അതുകൊണ്ടാണ് കൂടുതൽ ആർ.ഒ.ബി.-കളുടെ പ്രവൃത്തികൾ ഒരുപോലെ നടത്താൻ സാധിച്ചിട്ടുള്ളത്.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, നാഷണൽ ഹൈവേയുടെ വർക്ക് പുരോഗമിക്കുന്ന സന്ദർഭത്തിൽ മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ മഞ്ചേശ്വരം, ഉപ്പള ഗേറ്റ്, ഹൊസങ്കടി (Hosangadi) എന്നീ മൂന്ന് റെയിൽവേ മേൽപ്പാലങ്ങൾ ടെണ്ടർ ഘട്ടത്തിലായിരുന്നു. നാഷണൽ ഹൈവേയുടെ പ്രവൃത്തി ആരംഭിച്ചതിനാൽ റെയിൽവേ മേൽപ്പാലം നിർമ്മാണം ഉണ്ടാകുമോയെന്ന ആശങ്ക ജനങ്ങൾക്കിടയിൽ നിലനിൽക്കുകയാണ്. അങ്ങ് ഇടപെട്ട് അതിന് പരിഹാരം കാണുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, അത് പരിശോധിച്ച് മുന്നോട്ടുപോകാവുന്ന കാര്യമാണ്.

**ഡിജിറ്റൽ റീ-സർവ്വേ**

4 (*94) ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. എം. എം. മണി:

ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡിജിറ്റൽ റീസർവ്വേ നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) റീസർവ്വേ നടപടികളുമായി ബന്ധപ്പെട്ട തർക്കങ്ങളും ആശങ്കകളും പരിഹരിക്കാനായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ; ഈ ലക്ഷ്യം നേടുന്നതിനായി നിയമനിർമ്മാണം നടത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(സി) ഭൂരേഖ തയ്യാറാക്കാനായി നടത്തുന്ന സർവ്വേയുടെ ഭാഗമായി കൈവശമുള്ള ഭൂമി നഷ്ടപ്പെടുന്നുവെന്ന തരത്തിലുള്ള വ്യാജ പ്രചാരണം നടക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: ഉണ്ടെങ്കിൽ ശരിയായ വസ്തുത വെളിപ്പെടുത്താമോ;

(ഡി) ഡിജിറ്റൽ സർവ്വേ ഉപകരണങ്ങളുടെ ഗുണനിലവാരവും വാങ്ങൽ നടപടികളിൽ സുതാര്യതയും ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, (എ) "എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്" എന്നീ പ്രഖ്യാപിത ലക്ഷ്യങ്ങളോടെ സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ ഡിജിറ്റലായി സർവ്വേ ചെയ്ത 116 വില്ലേജുകൾ ഒഴികെയുള്ള 1550 വില്ലേജുകളിലെ ഡിജിറ്റൽ സർവ്വേ റിക്കാർഡുകൾ നാല് വർഷത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനുള്ള 858.42 കോടി രൂപയുടെ ബൃഹത് പദ്ധതിക്കാണ് 2022 നവംബർ 1-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത് തുടക്കംകുറിച്ചത്. ആദ്യഘട്ടത്തിൽ 339.438 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച ഈ പദ്ധതിയുടെ ആദ്യത്തെ മൂന്ന് വർഷങ്ങളിൽ 400 വില്ലേജുകൾ വീതവും നാലാം വർഷം 350 വില്ലേജുകളും ഉൾപ്പെടെയാണ് ആകെ 1550 വില്ലേജുകൾ കണക്കാക്കിയിരിക്കുന്നത്. ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 200 വില്ലേജുകളിൽ 32 വില്ലേജുകളുടെ സർവ്വേ അതിരടയാള നിയമം 9(2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് തുടർനടപടികൾ പുരോഗതിയിലാണ്. പ്രസ്തുത 200 വില്ലേജുകളിലായി 131373 ഹെക്ടർ സർവ്വേ നടത്തിയിട്ടുണ്ട്.

രണ്ടാംഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളുടെ പ്രാരംഭ ജോലികളും നടന്നുവരുന്നു.

(ബി) പൂർണ്ണമായും പൊതുജന പങ്കാളിത്തത്തോടെയാണ് സംസ്ഥാനത്ത് ഡിജിറ്റൽ റീസർവ്വേ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. ആയതിനാൽ പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി വിവിധ ഘട്ടങ്ങളിലുള്ള പരസ്യങ്ങൾ ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ഡിജിറ്റൽ സർവ്വേ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളിലാണ് നിലവിൽ സർവ്വേ ജോലികൾ പുരോഗമിക്കുന്നത്. ടി വില്ലേജുകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമസഭകളായി വാർഡുതലങ്ങളിൽ സർവ്വേ സഭകൾ കൂടി ഭൂവുടമസ്ഥർക്ക് കാര്യങ്ങൾ വിശദീകരിച്ച് നൽകിയിട്ടുള്ളതും സംശയങ്ങൾ ദൂരീകരിച്ചിട്ടുള്ളതുമാണ്. കൂടാതെ സർവ്വേ സംബന്ധമായ സംശയങ്ങൾക്ക് മറുപടി നൽകുന്നതിനായി 1800-4255-080 എന്ന ടോൾ ഫ്രീ നമ്പരും പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

ഡിജിറ്റൽ സർവ്വേ പദ്ധതിയുടെ ആദ്യഘട്ടം മുതൽ എല്ലാ നടപടികളും സുതാര്യമാക്കുക എന്ന ലക്ഷ്യത്തോടെ പൂർണ്ണമായും സോഫ്റ്റ്‌വെയർ അധിഷ്ഠിതമായാണ് പദ്ധതി നടപ്പിലാക്കുന്നത്. ഡിജിറ്റൽ റീസർവ്വേയുടെ ഭാഗമായി ഫീൽഡ് ജോലികൾ പൂർത്തിയാക്കി സർവ്വേ അതിരടയാള നിയമ പ്രകാരം സെക്ഷൻ 9(2) നോട്ടിഫൈ ചെയ്യുന്ന വില്ലേജുകളിലെ റിക്കാർഡുകൾ എന്റെ ഭൂമി പോർട്ടൽ മുഖേന പരിശോധിക്കാവുന്നതും ആക്ഷേപമുള്ളപക്ഷം അപ്പീൽ ലാൻഡ് കംപ്ലെയിന്റായി പോർട്ടൽ മുഖേന അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിലെ സർവ്വേ, റവന്യൂ നിയമ സംവിധാനത്തിലൂടെ മാത്രം പരിഹരിക്കാൻ സാധിക്കാത്ത അപാകതകൾ പരിഹരിക്കുന്നതിന് ഒരു സെറ്റിൽമെന്റ് സംവിധാനം കൊണ്ടുവരുന്നതിനുള്ള നടപടികൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) കൈവശമുള്ള ഭൂമി കൃത്യമായി അളന്ന് തിട്ടപ്പെടുത്തി രേഖകൾ നൽകുന്നതിനാണ് ഡിജിറ്റൽ സർവ്വേ ലക്ഷ്യമിടുന്നത്. കൈവശക്കാരന്റെ രേഖകൾ പ്രകാരമുള്ള ഭൂമിയുടെ അളവും ഡിജിറ്റൽ സർവ്വേയിലൂടെ

തിട്ടപ്പെടുത്തുന്ന കൈവശ ഭൂമിയുടെ അളവും തമ്മിലുള്ള വ്യത്യാസം നിശ്ചിത പരിധിയിലും കൂടുന്ന അവസരത്തിൽ പരാതികൾ പരിഹരിക്കുന്നതിനായി ഒരു പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്. ഭൂമി സംബന്ധമായ തർക്കങ്ങൾ പരിഹരിക്കുന്നതിനും നിലവിലെ സർവ്വേ, റവന്യൂ നിയമ സംവിധാനത്തിലൂടെ മാത്രം പരിഹരിക്കാൻ സാധിക്കാത്ത അപാകതകൾ പരിഹരിക്കുന്നതിനുമായി ഒരു സെറ്റിൽമെന്റ് നിയമം കൊണ്ടുവരുന്നതിനുള്ള നടപടികൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ഡി) റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ (ആർ.കെ.ഐ.) സാമ്പത്തിക സഹായത്തോടെ നാല് വർഷത്തിനുള്ളിൽ സംസ്ഥാനത്തെ 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വേ നൂതന സർവ്വേ ഉപകരണങ്ങളായ CORS, RTK, R-ETS തുടങ്ങിയ ഉപകരണങ്ങൾ ഉപയോഗിച്ച് പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

റിയൽ ടൈം കൈനമാറ്റിക് (RTK) (1500 എണ്ണം), റോബോട്ടിക് ETS (200 എണ്ണം), ടാബ്‌ലെറ്റ് പി.സി. (1700 എണ്ണം) വാങ്ങുന്നതിനുള്ള നടപടികളാണ് പദ്ധതിയുടെ ഭാഗമായി സ്വീകരിച്ചിട്ടുള്ളത്. ഡിജിറ്റൽ

ലാൻഡ് സർവ്വേ രംഗത്തെ വിദഗ്ധരായ Survey of India, National Informatics Centre (NIC), Kerala State Remote Sensing & Environment Centre (KSREC), Kerala State IT Mission (KSITM), Kerala State Council for Science, Technology & Environment (KSCSTE), College of Engineering, Thiruvananthapuram (CET) എന്നീ ഏജൻസികളിലെ സാങ്കേതിക വിദഗ്ധരും സർവ്വേ വകുപ്പിലെ സീനിയർ ഉദ്യോഗസ്ഥരും ഉൾപ്പെട്ട ടെക്നിക്കൽ കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് ടെണ്ടർ സ്പെസിഫിക്കേഷനും RFP-യും അന്തിമമാക്കി പർച്ചേസ് നടപടിയിലേയ്ക്ക് പോയിട്ടുള്ളത്.

ടെക്നിക്കൽ കമ്മറ്റി അംഗീകരിച്ച സ്പെസിഫിക്കേഷൻ അനുസരിച്ച് സംസ്ഥാന സർക്കാരിന്റെ procurement portal ആയ etenders.kerala.gov.in എന്ന ഓപ്പൺ ടെണ്ടർ പോർട്ടലിൽ ടെണ്ടർ പബ്ലിഷ് ചെയ്ത് ഏറ്റവും സുതാര്യമായ രീതിയിലാണ് പർച്ചേസ് നടപടികൾ സ്വീകരിച്ച് L1 ബിഡ്ഡറെ തെരഞ്ഞെടുത്തിട്ടുള്ളത്. കൂടാതെ L1 ബിഡ്ഡർ ലഭ്യമാക്കിയ ഉപകരണങ്ങൾ ടെക്നിക്കൽ കമ്മറ്റിയുടെ മേൽനോട്ടത്തിൽ ഫീൽഡിൽ പരീക്ഷണം നടത്തി ഉപകരണങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കിയതിനുശേഷമാണ്

വിതരണാനുമതി നൽകിയിട്ടുള്ളത്. അപ്രകാരം 1150 RTK, 200 RETS, 1350 Rugged Tab എന്നീ ഉപകരണങ്ങൾ കമ്പനി ലഭ്യമാക്കിയിട്ടുണ്ട്. അവയെല്ലാംതന്നെ 14 ജില്ലകളിലായി വിതരണം ചെയ്ത് സർവ്വേ ജോലികൾ പുരോഗമിക്കുകയുമാണ്.

ശ്രീ. ജി. സ്റ്റീഫൻ: സർ, എല്ലാ നിയോജകമണ്ഡലങ്ങളിലും ജനപ്രതിനിധികളുടെ പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് പട്ടയ അസംബ്ലി നടത്തുന്നത് ഉൾപ്പെടെയുള്ള വിപുലമായ ക്രമീകരണങ്ങളാണ് "എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്" എന്നുള്ള സർക്കാരിന്റെ പ്രഖ്യാപിത നയം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിക്കൊണ്ടിരിക്കുന്നത്. ഇതിനുമുമ്പ് റീസർവ്വേ നടത്തിയപ്പോൾ പല സ്ഥലങ്ങളിലും പട്ടയം ലഭിച്ചിട്ടില്ലാത്ത കൈവശഭൂമികളുടെ സർവ്വേ രേഖകളിൽ കൈവശക്കാരന്റെ പേര് രേഖപ്പെടുത്തിയിരുന്നു. ഇപ്പോൾ നടത്തിവരുന്ന ഡിജിറ്റൽ സർവ്വേയിൽ അങ്ങനെ പേര് രേഖപ്പെടുത്തേണ്ടതില്ലെന്ന നിർദ്ദേശമുണ്ടെന്നുള്ള ആശങ്ക പൊതുജനങ്ങളുടെയിടയിൽ നിലനിൽക്കുന്നുണ്ട്. അതുകൊണ്ട്

അത്തരത്തിലുള്ള എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോയെന്നും ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിന് പഴയതുപോലെ കൈവശക്കാരന്റെ പേര് രേഖകളിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോയെന്നുമാണ് അറിയേണ്ടത്.

ശ്രീ. കെ. രാജൻ: സർ, രേഖകളില്ലാതെ വ്യക്തികൾ കൈവശം വച്ചിരുന്ന സർക്കാർ ഭൂമിയിൽ സർക്കാരിന്റെ പേര് ചേർത്തുമാത്രമേ ഡിജിറ്റൽ സർവ്വേ റിക്കാർഡുകളിൽ രേഖപ്പെടുത്താൻ പാടുള്ളുവെന്ന് 04-07-2023-ന് ഒരു സർക്കുലർ പുറത്തിറക്കിയിരുന്നു. എന്നാൽ ലാൻഡ് രജിസ്റ്ററിൽ കൈവശക്കാരന്റെ പേര് രേഖപ്പെടുത്തിയിട്ടുള്ള കേസുകളിൽ മേൽപ്പറഞ്ഞ നിർദ്ദേശം ഒരുതരത്തിലും ദോഷകരമായി ബാധിക്കില്ലെന്നും ഇത്തരം കൈവശത്തിന്റെ കാര്യത്തിൽ വിവരം ഡിജിറ്റൽ സർവ്വേ റിക്കാർഡുകളിൽ ഉൾപ്പെടുത്താൻ കഴിയുമെന്നും കാണിച്ചുകൊണ്ട് 20-07-2023-ന് അക്കാര്യത്തിൽ ഒരു സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. അതുകൊണ്ട് നിലവിൽ കൈവശക്കാരന്റെ പേര് ലാൻഡ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള ഒരു കേസിൽപ്പോലും ആശങ്കയുടെ ആവശ്യമില്ല.

അവരുടെ പേര് അതേ സ്ഥലത്തുതന്നെ രേഖപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നുമാത്രമല്ല, ഇതിൽ സർക്കാരിന്റെ പേര് രേഖപ്പെടുത്തിയ സ്ഥലത്ത് കൈവശക്കാരുണ്ടെങ്കിൽ അന്യകൈവശം എന്ന് ഇപ്പോൾ രേഖപ്പെടുത്തുകയും പട്ടയം മിഷനിൽ ഉൾപ്പെടുത്തി അത്തരം സ്ഥലങ്ങളിൽ അതിവേഗം പട്ടയം കൊടുക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യും. എല്ലാവർക്കും ഭൂമി എന്നതാണ് ഗവൺമെന്റിന്റെ ലക്ഷ്യം.

ശ്രീ. ജി. സ്റ്റീഫൻ: സർ, എല്ലാവർക്കും ഭൂമിയെന്ന ലക്ഷ്യവുമായി മുന്നോട്ടുപോകുന്നതോടൊപ്പം ഇതിലുണ്ടാകാവുന്ന സാങ്കേതിക-നിയമ തടസ്സങ്ങളും കാലതാമസം കൂടാതെ നീക്കം ചെയ്യേണ്ടതായിട്ടുണ്ട്. ഇത്തരത്തിൽ സർവ്വേ നടപടികൾ പരമാവധി വേഗത്തിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; സർവ്വേ ജാഗ്രതാ സമിതികൾ പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ശ്രീ. കെ. രാജൻ: സർ, അത്യാധുനിക സർവ്വേ ഉപകരണങ്ങളായ RTK Rover, RETS, Rugged Tablets എന്നിവ ഉപയോഗിച്ച് CORS എന്ന സാങ്കേതികവിദ്യയുടെ 28 സ്റ്റേഷനുകൾ സ്ഥാപിച്ച് അതിവേഗമാണ് ഈ

നടപടിക്രമങ്ങൾ മുന്നോട്ടുപോകുന്നത്. 1995 മുതൽ 2022 വരെയുള്ള കാലത്ത് ETS മെഷീൻ ഉപയോഗിച്ച് ആകെ അളക്കാൻ കഴിഞ്ഞത് 90000 ഹെക്ടർ ഭൂമി മാത്രമാണ്. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത് കേവലം 8 മാസംകൊണ്ട് ആകെ 131373 ഹെക്ടർ ഭൂമി അളക്കാൻ കഴിഞ്ഞിട്ടുണ്ട്. അതായത്, കേവലം 8 മാസത്തിനുള്ളിൽ 32 വില്ലേജുകളിൽ 9(2) പ്രഖ്യാപിക്കാൻ സാധിച്ചിട്ടുണ്ട്. ഒരു ഇന്റഗ്രേറ്റഡ് പോർട്ടൽ വേണമെന്നുള്ളത് ദീർഘകാലത്തെ ആവശ്യമായിരുന്നു. രജിസ്ട്രേഷൻ വകുപ്പിന്റെ പോർട്ടലായ PEARL-ഉം റവന്യൂ വകുപ്പിന്റെ ReLIS-ഉം സർവ്വേ വകുപ്പിന്റെ emaps-ഉം മൂന്ന് നിലവാരത്തിൽ റീഡ് ചെയ്തുപോകുന്നതുകൊണ്ട് രജിസ്റ്റർ ചെയ്തവർക്ക് പോക്കുവരവ് ചെയ്തുകിട്ടുക, പോക്കുവരവ് ചെയ്തവർക്ക് സ്കെച്ചും പ്ലാനും കിട്ടുക എന്നിവയൊക്കെ ദുഷ്കരമായ കാര്യമായിരുന്നു. ഡിജിറ്റൽ റീസർവ്വേയുടെ ലക്ഷ്യം 'എന്റെ ഭൂമി' എന്ന പേരിൽ ഒരു ഇന്റഗ്രേറ്റഡ് പോർട്ടലുണ്ടാക്കുകയെന്നതാണ്. കേരളത്തിന്റെ അടുത്ത പിറന്നാൾ ആഘോഷിക്കുന്ന 2023 നവംബർ മാസത്തിൽ 15 വില്ലേജുകൾ

ഇന്റഗ്രേറ്റഡ് പോർട്ടലായി പ്രഖ്യാപിക്കാൻ സാധിക്കും വിധത്തിലുള്ള വേഗത ഡിജിറ്റൽ സർവ്വേയുണ്ടെന്ന് ഈ സഭയെ അറിയിക്കുകയാണ്.

Mr. Speaker: Shri M. M. Mani, not in the seat.

ശ്രീമതി ശാന്തകുമാരി കെ.: സർ, ഭൂരേഖകൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായാണ് ഡിജിറ്റൽ റീസർവ്വേയൊക്കെ വരുന്നതെന്ന് നമുക്ക് അറിയാം. ഡിജിറ്റൽ റീസർവ്വേ വരുന്നതോടുകൂടി ലാൻഡ് റിക്കാർഡ്സ് മെയിന്റനൻസുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാനാകുമോ; ഇതിനായി ഉപയോഗിക്കുന്ന കോടിക്കണക്കിന് രൂപ വിലമതിക്കുന്ന ഉപകരണങ്ങൾ റീസർവ്വേ കഴിയുന്നതോടുകൂടി ഉപയോഗശൂന്യമാകുമോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. രാജൻ: സർ, മുമ്പ് ഡിജിറ്റൽ റീസർവ്വേയുമായി ബന്ധപ്പെട്ട ETS ആണെങ്കിലും കൺവെൻഷണൽ മെത്തേഡിലൂടെ 1966-ൽ ആരംഭിച്ച റീസർവ്വേ നടപടികളാണെങ്കിലും 9(2) നോട്ടിഫിക്കേഷൻ പബ്ലിഷ് ചെയ്തതിനുശേഷം അത് ആളുകൾക്ക് കാണാൻ കഴിയുന്നില്ലെന്ന പ്രശ്നമുണ്ടായിരുന്നു. കൂടാതെ, അത് റവന്യൂ വകുപ്പ് സെക്ഷൻ 13 പ്രകാരം

റവന്യൂ രേഖകളിലേയ്ക്ക് മാറ്റുമ്പോൾ പരാതിപ്പെടാനും കഴിയുമായിരുന്നില്ല. ഇത്തവണ ഭൂവുടമകളുടെ സഹായത്തോടുകൂടിയാണ് ഈ രേഖകൾ തയ്യാറാക്കാൻ നിശ്ചയിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ സർവ്വേ സമയത്ത് നിലവിലുള്ള റിക്കാർഡുകളിൽ ഒറിജിനൽ ലാൻഡ് കംപ്ലെയിന്റ് (OLC) ആയും ഫീൽഡ് സർവ്വേ പൂർത്തീകരിച്ച സർവ്വേ അതിരടയാള നിയമപ്രകാരം 9(2) നോട്ടിഫിക്കേഷൻ നൽകുമ്പോൾ ഏതെങ്കിലും വിധത്തിൽ റിക്കാർഡുകളിൽ അപാകതയുണ്ടെന്ന് തോന്നിയാൽ അപ്പീൽ ലാൻഡ് കംപ്ലെയിന്റ് (ALC) ആയും രജിസ്റ്റർ ചെയ്യാൻ സൗകര്യമൊരുക്കിയിട്ടുണ്ട്. 9(2) നോട്ടിഫിക്കേഷൻ പ്രഖ്യാപിക്കുമ്പോൾ എന്റെ ഭൂമിയെന്ന പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മുഴുവൻ ഭൂവുടമകളുടെയും ഡിജിറ്റൽ ഡിവൈസിലേയ്ക്ക് ഭൂമി അളന്നതിന്റെ സ്കെച്ചും പ്ലാനും എത്തും. പരാതിയുണ്ടെങ്കിൽ രജിസ്റ്റർ ചെയ്യാൻ അതിൽത്തന്നെ അവസരമുണ്ടാകുകയാണ്. പരാതി രജിസ്റ്റർ ചെയ്താൽ അത് പൂർത്തീകരിച്ചതിനുശേഷമേ അന്തിമമായി റവന്യൂ രേഖകളിലേയ്ക്ക് മാറ്റുകയുള്ളൂ. അതുകൊണ്ട് സർവ്വേ കഴിഞ്ഞ 32 സ്ഥലങ്ങളിൽ വന്ന പരാതികളുടെ എണ്ണം നേരത്തേയുള്ളതുമായി താരതമ്യം

ചെയ്യുമ്പോൾ വളരെ കുറവാണ്. എല്ലാ റിക്കാർഡുകളും കൃത്യമായി നാളതീകരിക്കുന്ന നിലയിലാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ പ്രീ മ്യൂട്ടേഷൻ സ്കെച്ച് ഉൾപ്പെടെയും പോക്കുവരവും ഈ പദ്ധതിയുടെ ഭാഗമായി ഞങ്ങൾ വിഭാവന ചെയ്യുകയാണ്. ഡിജിറ്റൽ റീസർവ്വേ 4 വർഷംകൊണ്ട് പൂർത്തീകരിച്ചാൽ അത്യാധുനിക രീതിയിലുള്ള ആയിരത്തി എഴുന്നൂറോളം അളവ് മെഷീനുകൾ നമ്മുടെ പക്കൽ വരും. അപ്പോൾ 1666 വില്ലേജുകളിലും ഒരു വില്ലേജിൽ ഒരു ഉപകരണമെന്ന രീതിയിൽ കൊടുക്കാൻ കഴിഞ്ഞാൽ ഡിജിറ്റൽ റീസർവ്വേയ്ക്കുശേഷമുള്ള മറ്റെല്ലാ നടപടിക്രമങ്ങളും എത്രയും പെട്ടെന്ന് പൂർത്തീകരിക്കാൻ കഴിയും. സബ് ഡിവിഷൻ കേസുകളിൽ അപ്പപ്പോൾത്തന്നെ അത് മാറ്റാൻ കഴിയും. ആ വിധത്തിൽ  ദീർഘകാലത്തേയ്ക്ക് തുടർന്നും ഉപയോഗിക്കാൻ കഴിയുന്ന വിധത്തിലാണ് ഇത് തയ്യാറാക്കിയിട്ടുള്ളത്.

<u>ശ്രീ. എം. വിൻസെന്റ്:</u> സർ, തീരദേശ പട്ടയങ്ങൾക്ക് സർക്കാരിന്റെ അനുമതി ആവശ്യമാണ്. അഞ്ചാറ് വർഷങ്ങളായി എല്ലാ നടപടിക്രമങ്ങളും

പൂർത്തീകരിച്ച് സർക്കാർ അനുമതിക്കായി കാത്തിരിക്കുന്ന തീരപ്രദേശ പട്ടയങ്ങൾ അടിയന്തരമായി നൽകാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജൻ: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡലത്തിലും പട്ടയ അസംബ്ലി നടന്നിട്ടുള്ളതാണ്, നമ്മൾ പരസ്പരം ആശയവിനിമയം നടത്തിയതാണ്. CRZ-ന്റെ പരിധിയിലുള്ള ചില കേസുകളുടെ കാര്യത്തിൽ സംസ്ഥാന സർക്കാരിന് നേരിട്ട് തീരുമാനമെടുക്കാൻ കഴിയില്ല. റവന്യൂ വകുപ്പിന് കൊടുക്കാവുന്ന ഭൂമി കടലിനോട് ചേർന്ന് മഞ്ഞവര രേഖപ്പെടുത്തിയിട്ടുള്ള ചുണ്ണാമ്പുകല്ല് അതിർത്തിക്കും കാനനത്തിനോട് ചേർന്ന് വനം വകുപ്പ് തയ്യാറാക്കിയിട്ടുള്ള ജണ്ടയ്ക്കുമിടയിലാണ്. കടലും കാനനവും കേന്ദ്ര സർക്കാരിന്റെ അധികാരപരിധിയിൽപ്പെട്ടതാണ്. അതുകൊണ്ട് അത്തരം കേസുകളിൽ തീരുമാനമെടുക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമാണ്. ഡിജിറ്റൽ റീസർവ്വേയുടെ ഭാഗമായുള്ള കഡാസ്ട്രൽ മാപ്പ് തയ്യാറാക്കുന്നതോടെ തീരദേശത്തെ CRZ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും. 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്' എന്ന ലക്ഷ്യത്തിലേയ്ക്ക് കടക്കാൻ

എല്ലാവിധ നടപടിക്രമങ്ങളും തയ്യാറാക്കുകയാണ്. അതിൽ ഡിജിറ്റൽ റീസർവ്വേ കേരളത്തിന്റെ ചരിത്രത്തിൽ അടയാളപ്പെടുത്താൻ പോകുന്ന ഒരു റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയായിരിക്കും.

മി. സ്പീക്കർ: ഓർഡർ..... ഓർഡർ.... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

**10:00 AM]**

**II സത്യപ്രതിജ്ഞ അഥവാ സഗൗരവ പ്രതിജ്ഞ**

ശ്രീ. ചാണ്ടി ഉമ്മന്റെ സത്യപ്രതിജ്ഞ

നിയമസഭാ സെക്രട്ടറി (ശ്രീ. എ. എം. ബഷീർ): സർ, ഒഴിവുവന്ന '98-പുതുപ്പള്ളി' നിയോജകമണ്ഡലത്തിലേയ്ക്ക് നടന്ന ഉപതെരഞ്ഞെടുപ്പിൽ വിജയിച്ച ശ്രീ. ചാണ്ടി ഉമ്മൻ നിയമസഭാംഗമായി സത്യപ്രതിജ്ഞ ചെയ്യുന്നതിന് ഹാജരായിട്ടുണ്ട്.

ശ്രീ. ചാണ്ടി ഉമ്മൻ: ചാണ്ടി ഉമ്മൻ എന്ന ഞാൻ നിയമസഭയിലെ ഒരംഗമായി തെരഞ്ഞെടുക്കപ്പെട്ടതിനാൽ നിയമംവഴി സ്ഥാപിതമായ

ഭാരതത്തിന്റെ ഭരണഘടനയോട് ഞാൻ നിർവ്യാജമായ വിശ്വസ്തതയും കൂറും പുലർത്തുമെന്നും ഞാൻ ഭാരതത്തിന്റെ പരമാധികാരവും അഖണ്ഡതയും നിലനിർത്തുമെന്നും ഞാൻ ഏറ്റെടുക്കുവാൻ പോകുന്ന കർത്തവ്യം ഞാൻ വിശ്വസ്തതയോടുകൂടി നിർവ്വഹിക്കുമെന്നും ദൈവത്തിന്റെ നാമത്തിൽ ഞാൻ സത്യം ചെയ്യുന്നു.

(സത്യപ്രതിജ്ഞയ്ക്കുശേഷം ബഹുമാനപ്പെട്ട അംഗം സ്വസ്ഥാനത്ത് ഉപവിഷ്ടനായി.)

**10:04 AM]**

**III അറിയിപ്പ്**

<u>ഗ്രൂപ്പ് ഫോട്ടോ എടുക്കുന്നത് മാറ്റിവച്ചത് സംബന്ധിച്ച്</u>

<u>മി. സ്പീക്കർ</u>: പതിനഞ്ചാം കേരള നിയമസഭയിലെ അംഗങ്ങളുടെ ഗ്രൂപ്പ് ഫോട്ടോ ഇന്ന് എടുക്കുമെന്ന് അംഗങ്ങളെ അറിയിച്ചിരുന്നു. എന്നാൽ ഏതാനും ചില അംഗങ്ങൾക്ക് ഇന്ന് സഭയിൽ ഹാജരാകാൻ കഴിയില്ലെന്ന് അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ ഗ്രൂപ്പ് ഫോട്ടോ എടുക്കുന്നത് മറ്റൊരു ദിവസത്തേയ്ക്ക് മാറ്റിവച്ചിരിക്കുകയാണ്. ഫോട്ടോ സെഷനുമായി ബന്ധപ്പെട്ട്

മാറ്റിവയ്ക്കപ്പെട്ട സബ്മിഷനുകൾ തുടർന്നുള്ള ദിവസങ്ങളിൽ അനുവദിക്കുന്നതാണ്.

**10:05 AM]**

**IV അടിയന്തരപ്രമേയ നോട്ടീസ്**

സോളാർ കേസിൽ മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്കെതിരായ ഗൂഢാലോചന

മി. സ്പീക്കർ: സോളാർ കേസിൽ മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയെ കുടുക്കാൻ ഉന്നതതല ഗൂഢാലോചന നടന്നതായി പറയപ്പെടുന്ന സി.ബി.ഐ. അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ ഷാഫി പറമ്പിൽ, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സോളാർ കേസിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തി നൽകിയ പീഡന പരാതിയിന്മേൽ അന്വേഷണം സി.ബി.ഐ.-യെ ഏൽപ്പിക്കണമെന്ന ആവശ്യം ഉന്നയിച്ചിരുന്നു. പരാതിക്കാരി ആവശ്യപ്പെട്ടതുപ്രകാരം അന്വേഷണം സി.ബി.ഐ.-യെ ഏൽപ്പിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചു. തുടർന്ന് സി.ജെ.എം. കോടതിയിൽ സി.ബി.ഐ. സമർപ്പിച്ച റിപ്പോർട്ടിനെ സംബന്ധിച്ച് മാധ്യമങ്ങളിൽ വന്ന വാർത്ത മാത്രമാണ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. പ്രസ്തുത റിപ്പോർട്ട് ഔദ്യോഗികമായി സർക്കാരിന്റെ പക്കൽ ലഭ്യമല്ല. അതിനാൽ അതിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് പറയപ്പെടുന്ന പരാമർശങ്ങൾക്കുമേൽ അഭിപ്രായം പറയാൻ സാധ്യമല്ല. ഊഹാപോഹങ്ങളുടെയും ചില മാധ്യമങ്ങളിൽ വന്ന വാർത്തകളുടെയും അടിസ്ഥാനത്തിൽ നിയമസഭയിൽ സർക്കാർ അഭിപ്രായം പറയണമെന്ന് പറയുന്നത് യുക്തിക്ക് നിരക്കാത്തതാണ്. ഔദ്യോഗികമായി ലഭ്യമാകുന്ന രേഖകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ പരിശോധന നടത്തിയും

നിയമോപദേശം തേടിയുമാണ് സർക്കാർ നടപടികൾ സ്വീകരിക്കുന്നത്. ഇക്കാര്യത്തിൽ ഔദ്യോഗികമായി ഒരു രേഖയും സർക്കാരിന്റെ പക്കൽ ലഭ്യമല്ലെന്ന വസ്തുതയാണ് ആദ്യമായി പറയാനുള്ളത്. പത്രവാർത്തയുടെ അടിസ്ഥാനത്തിലുള്ളതാണെങ്കിൽപ്പോലും സഭയിൽ അവതരിപ്പിച്ചിട്ടുള്ള അടിയന്തര പ്രമേയത്തിലെ വിഷയം ചർച്ച ചെയ്യാൻ സർക്കാരിന് ഒരു വിമുഖതയുമില്ല, ചർച്ച ചെയ്യാവുന്നതാണ്.

മി. സ്പീക്കർ: ചർച്ച ചെയ്യാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയിച്ച സാഹചര്യത്തിൽ ചട്ടപ്രകാരം ഇന്ന് ഒരു മണിക്ക് അടിയന്തരപ്രമേയ നോട്ടീസ് ചർച്ചയ്ക്കെടുക്കാവുന്നതാണ്.

(അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കാൻ തീരുമാനിച്ചു.)

**10:07 AM]**

**V ശ്രദ്ധ ക്ഷണിക്കൽ**

(1) മലബാർ ദേവസ്വം ബോർഡ് ഭരണം കാര്യക്ഷമമാക്കൽ

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, വളരെ പ്രധാനപ്പെട്ടതും ഗൗരവമുള്ളതുമായ ഒരു വിഷയമാണ് ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിലൂടെ സഭയുടെ മുന്നിൽ അവതരിപ്പിക്കുന്നത്. 1951-ൽ നിലവിൽവന്ന ഹിന്ദു റിലീജിയസ് എൻഡോവ്മെന്റ് ചാരിറ്റബിൾ ആക്ട് അനുസരിച്ചാണ് ഇന്നും മലബാർ ദേവസ്വം ബോർഡ് പ്രവർത്തിക്കുന്നത്. തികച്ചും ഉദ്യോഗസ്ഥ ഭരണത്തിൻകീഴിൽ ഈ വകുപ്പിന് ഇന്നത്തെ സാഹചര്യത്തിൽ കാര്യങ്ങൾ നിർവ്വഹിച്ചുപോകാൻ കഴിയുന്നില്ല എന്നുള്ളതാണ് ഈ രംഗത്ത് നിലനിൽക്കുന്ന ഏറ്റവും ഗൗരവമേറിയ വിഷയം. 1994-ൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 'സുവോ മോട്ടോ' കേസ് ഫയലിൽ സ്വീകരിക്കുകയും മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ച് ഈ രംഗത്തെ ജീവനക്കാരുടെയും ക്ഷേത്ര ഭരണത്തിന്റെയും പ്രശ്നങ്ങളിൽ ജനാധിപത്യപരമായ ഉള്ളടക്കമുണ്ടാകണമെന്ന് നിർദ്ദേശിക്കുകയും ചെയ്തെങ്കിലും നിയമനിർമ്മാണത്തിനുള്ള യാതൊരു നടപടിയും അന്ന് ഭരിച്ചിരുന്ന യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചിരുന്നില്ല. പിന്നീട് അധികാരത്തിൽ

വന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ് 2008-ൽ മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ചുകൊണ്ടുള്ള നിയമം നടപ്പാക്കിയത്. ദീർഘകാലത്തെ ഒരാവശ്യം അംഗീകരിച്ച് നടപ്പാക്കാൻ സന്നദ്ധമായതിലൂടെ 1400-ൽ അധികം ക്ഷേത്രങ്ങളിൽ ജോലി ചെയ്യുന്ന 7000-ൽ അധികം വരുന്ന ജീവനക്കാർക്ക് നൽകിയ പ്രതീക്ഷയും ആവേശവും വിവരണാതീതമാണ്. ഈ നിയമം കൊണ്ടുവന്നെങ്കിലും ഇതിന്റെ ഗുണപരമായ കാര്യങ്ങളെല്ലാം ജീവനക്കാരിലും ക്ഷേത്ര ഭരണത്തിലും പ്രതിഫലിച്ചുവെന്ന് പറയാൻ കഴിയില്ല. ഈ നിയമം നടപ്പിൽവരുന്നതുവരെ മലബാർ മേഖലയിലെ ക്ഷേത്ര ജീവനക്കാർ കൂലിയെന്നുപോലും പറയാൻ കഴിയാത്ത നാമമാത്രമായ പ്രതിഫലത്തിനാണ് പ്രവർത്തിച്ചിരുന്നത്. 1951-ലെ Madras Hindu Religious and Charitable Endowments Act അനുസരിച്ചാണ് മലബാറിലെ ക്ഷേത്രകാര്യങ്ങൾ നടന്നുവരുന്നത്. ദേവീദേവന്മാരുടെ ദാസന്മാരെന്ന നിലയിൽ സേവനമനുഷ്ഠിക്കുക, കിട്ടുന്നത് വാങ്ങുക എന്ന അവസ്ഥയിൽനിന്നും ദേവസ്വം ബോർഡ് ജീവനക്കാർക്ക്

2008-ലെ നിയമനിർമ്മാണത്തിലൂടെ പുതുജീവൻ നൽകിയത് എൽ.ഡി.എഫ്. സർക്കാരാണ്. വരുമാനാടിസ്ഥാനത്തിൽ സൂപ്പർഗ്രേഡ് ക്ഷേത്രങ്ങളുൾപ്പെടെ അഞ്ചുതട്ടുകളിലുള്ള ക്ഷേത്രങ്ങളാണ് മലബാറിലുള്ളത്. ഭൂരിപക്ഷം ക്ഷേത്രങ്ങളും വരുമാന കാര്യത്തിൽ വളരെയേറെ പരിമിതിയിൽ നിൽക്കുന്നവയാണ്. ദൈനംദിന നടത്തിപ്പിനും ജീവനക്കാർക്ക് വേതനം നൽകാനും കഴിയാത്ത സ്ഥിതിയാണുള്ളത്. ഗവൺമെന്റ് നൽകുന്ന ഗ്രാന്റുപയോഗിച്ചാണ് വരുമാനമില്ലാത്ത ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നത്. എട്ട് മാസം മുതൽ ഒരു വർഷം വരെയായി പല ക്ഷേത്ര ജീവനക്കാരുടെയും ശമ്പളം മുടങ്ങിക്കിടക്കുകയാണ്. മറ്റ് ദേവസ്വം ബോർഡുകളിലേതുപോലെ എല്ലാ ക്ഷേത്രങ്ങളിലെയും വരുമാനം സമാഹരിക്കാൻ മലബാർ ദേവസ്വം ബോർഡിന് കഴിഞ്ഞാൽ മാത്രമേ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. ദേവസ്വം ഭരണം കാര്യക്ഷമമാക്കാനും ജീവനക്കാർക്ക് കൃത്യമായി ശമ്പളം നൽകാനും മറ്റുമായി സമഗ്ര ദേവസ്വം നിയമം അനിവാര്യമായിരിക്കുകയാണ്. നിയമ പരിഷ്കരണ

റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ട് 7 വർഷത്തിലധികമായെങ്കിലും ബിൽ ഇതുവരെ നിയമസഭയിൽ അവതരിപ്പിച്ചിട്ടില്ല. ഈ ബിൽ കൊണ്ടുവരണമെന്ന് സർക്കാരിന് താല്പര്യമുണ്ടെന്നതന്നെയാണ് വിവിധ ഘട്ടങ്ങളിലെ പ്രതികരണങ്ങളിൽനിന്നും മനസ്സിലാകുന്നത്. എന്നാൽ ബിൽ യാഥാർത്ഥ്യമാക്കുന്നതിന് ഇതുവരെ നടപടി കൈക്കൊള്ളാൻ കഴിഞ്ഞിട്ടില്ല. മലബാർ ക്ഷേത്ര ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടന്നിട്ട് ഒന്നര ദശകമായി. 2021-ൽ പുതുക്കിയ ശമ്പള പരിഷ്കരണ ഉത്തരവ് വന്നെങ്കിലും നടപ്പിലാക്കാനായിട്ടില്ല. അനോമലി പരിഹരിച്ച് പുതിയ ഉത്തരവ് ഇറക്കിയെങ്കിലും അത് മരവിപ്പിച്ചിരിക്കുകയാണ്. ആചാരസ്ഥാനീയരുടെയും കോലധാരികളുടെയും ആനുകൂല്യ വർദ്ധനയും പുതിയ അപേക്ഷ സ്വീകരിക്കേണ്ട കാര്യവും ഗൗരവപൂർവ്വം പരിഗണിക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ,

ബഹുമാനപ്പെട്ട പയ്യന്നൂർ അംഗം ശ്രീ. ടി. ഐ. മധുസൂദനൻ ശ്രദ്ധക്ഷണിക്കലിലൂടെ ഉന്നയിച്ച കാര്യങ്ങൾ മലബാർ ദേവസ്വവുമായി ബന്ധപ്പെട്ടതാണ്. തിരുവിതാംകൂർ, കൊച്ചി, കൂടൽമാണിക്യം, ഗുരുവായൂർ, മലബാർ എന്നിങ്ങനെ 5 ദേവസ്വം ബോർഡുകളാണുള്ളത്. ഇവയെല്ലാം വ്യത്യസ്ത നിയമങ്ങളനുസരിച്ചാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. 1950-ലെ ട്രാവൻകൂർ-കൊച്ചിൻ ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് ആക്ട്, 1951-ലെ മദ്രാസ് ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ എൻഡോവ്മെന്റ് ആക്ട്, 1978-ലെ ഗുരുവായൂർ ദേവസ്വം ആക്ട്, 2005-ലെ കൂടൽമാണിക്യം ദേവസ്വം ആക്ട് എന്നിവ അനുസരിച്ചാണ് ഓരോ ദേവസ്വങ്ങളും പ്രവർത്തിച്ചുവരുന്നത്. ഹൈന്ദവ ക്ഷേത്രങ്ങളുടെ മേൽനോട്ടത്തിനായി 2008-ൽ മദ്രാസ് ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ എൻഡോവ്മെന്റ് ആക്ട് ഭേദഗതി ചെയ്യുകയുണ്ടായി. അങ്ങനെയാണ് മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ചത്. മലബാർ ഭാഗത്തെ ഏകദേശം 1403 ക്ഷേത്രങ്ങളുടെ ഭരണച്ചുമതലയാണ് ക്ഷേത്രഭരണം ഏറ്റെടുത്തത്. അതത് ക്ഷേത്രത്തിന്റെ ട്രസ്റ്റ് ബോർഡ് അല്ലെങ്കിൽ ട്രസ്റ്റിമാരുടെ പരിധിയിലാണ് ഈ

ക്ഷേത്രങ്ങളുടെ ഭരണം നടക്കുന്നത്. തിരുവിതാംകൂർ, കൊച്ചി, ഗുരുവായൂർ കൂടൽമാണിക്യം തുടങ്ങിയ ദേവസ്വം ബോർഡുകൾ പോലെ മലബാർ ദേവസ്വം ബോർഡിന്റെ കീഴിലും ആ സംവിധാനം കൊണ്ടുവരുന്നതിനെ ക്കുറിച്ചുതന്നെയാണ് ആലോചിക്കുന്നത്. അതിനുള്ള ബിൽ വ്യത്യസ്ത ഘട്ടങ്ങളിൽ ചർച്ച ചെയ്ത് കൊണ്ടുവരാനാണ് തീരുമാനിച്ചിരിക്കുന്നത്, അതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. അഡ്വ. കെ. ഗോപാലകൃഷ്ണൻ ചെയർമാനായി രൂപീകരിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് ജസ്റ്റിസ് കെ. ടി. തോമസ് ചെയർമാനായ നിയമ പരിഷ്കരണ കമ്മീഷൻ പരിശോധിച്ച് വിശദമായ നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കുകയുണ്ടായി. നിയമം, ധനകാര്യം എന്നീ വകുപ്പുകൾ ബില്ലിന്റെ നിയമപരവും ധനപരവുമായ വസ്തുതകൾ പരിശോധിച്ച് അഭിപ്രായങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. മലബാർ ദേവസ്വം ബിൽ പ്രാബല്യത്തിൽ വരുമ്പോൾ മദ്രാസ് സംസ്ഥാനത്ത് നിലനിന്നിരുന്ന പഴയ നിയമത്തിനുപകരം തിരുവിതാംകൂർ, കൊച്ചിൻ ദേവസ്വം ബോർഡുകളിൽ നിലനിൽക്കുന്ന രീതിയിൽ പുതിയ നിയമം നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്.

ഇക്കാര്യത്തിൽ സൂക്ഷ്മ പരിശോധന നടത്തിവരികയാണ്. വരുന്ന നിയമസഭാ സമ്മേളനത്തിൽ മലബാർ ദേവസ്വം ബിൽ കൊണ്ടുവരാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ ആകെയുള്ള 1403 ക്ഷേത്രങ്ങളെ വരുമാനപരിധിയുടെ അടിസ്ഥാനത്തിൽ 5 ഗ്രേഡുകളായാണ് തിരിച്ചിട്ടുള്ളത്. 4 കോടി രൂപയ്ക്ക് മുകളിൽ വരുമാനമുള്ള സൂപ്പർ ഗ്രേഡിൽ 7-ഉം 75 ലക്ഷം മുതൽ 4 കോടി രൂപ വരെ വരുമാനമുള്ള ഗ്രേഡ് 1-ൽ 31-ഉം 25 ലക്ഷം മുതൽ 75 ലക്ഷം രൂപ വരെ വരുമാനമുള്ള ഗ്രേഡ് 2-ൽ 76-ഉം 10 ലക്ഷം മുതൽ 25 ലക്ഷം രൂപ വരെ വരുമാനമുള്ള ഗ്രേഡ് 3-ൽ 115-ഉം 10 ലക്ഷം രൂപയ്ക്കുതാഴെ വരുമാനമുള്ള ഗ്രേഡ് 4-ൽ 1174-ഉം ക്ഷേത്രങ്ങളാണുള്ളത്. ഇതിൽ വരുമാനം കുറവുള്ള ക്ഷേത്രങ്ങളുടെ എണ്ണമാണ് കൂടുതലുള്ളതെന്ന് കാണാൻ സാധിക്കും. 2016-ൽ ഈ ഗവൺമെന്റ് വന്നതിനുശേഷം ശമ്പളത്തിനും അറ്റകുറ്റപ്പണികൾക്കും ആചാരസ്ഥാനീയർക്കും കോലധാരികൾക്കുമുള്ള ധനസഹായം ഉൾപ്പെടെയുള്ള വിവിധ കാര്യങ്ങൾക്കുമായി മലബാർ ദേവസ്വം ബോർഡിന് 249.63 കോടി രൂപ നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം

ചൂണ്ടിക്കാണിച്ചതുപോലെ ആചാരസ്ഥാനീയർക്കും കോലധാരികൾക്കുമുള്ള ധനസഹായം വർദ്ധിപ്പിച്ചുനൽകണമെന്ന അഭിപ്രായം തന്നെയാണ് ഗവൺമെന്റിനുമുള്ളത്. തീർച്ചയായും അതിനുള്ള നടപടി സ്വീകരിക്കുമെന്നുകൂടി അറിയിക്കുകയാണ്.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, കഴിഞ്ഞ സമ്മേളനത്തിൽ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചത് ശമ്പള പരിഷ്കരണ ഉത്തരവ് ധനകാര്യ വകുപ്പിന്റെ മുന്നിലാണുള്ളത്, അത് സമയബന്ധിതമായി നടപ്പിലാക്കുമെന്നാണ്. ഇത് എന്നത്തേയ്ക്ക് നടപ്പിലാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ശമ്പള പരിഷ്കരണ ഉത്തരവ് ധനകാര്യ വകുപ്പിന്റെ പരിശോധനയിലായിരുന്നു. അനോമലികളുണ്ടായിരുന്നത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്. ക്ഷേത്ര ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്, എത്രയുംവേഗം നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(2) മാവൂർ ഗ്വാളിയാർ റയോൺസിന്റെ ഭൂമി ഏറ്റെടുക്കൽ

ശ്രീമതി കെ. കെ. രമ: സർ, കേരളത്തിന്റെ വ്യാവസായിക ഭൂപടത്തിൽ തലയെടുപ്പോടെ നിലകൊണ്ടിരുന്ന മാവൂർ ഗ്വാളിയാർ റയോൺസ് ചരിത്രത്തിന്റെ ഭാഗമായിട്ട് രണ്ട് പതിറ്റാണ്ട് പിന്നിട്ടിരിക്കുന്നു. 1958-ൽ കേരള സർക്കാരാണ് മാവൂർ ഗ്വാളിയാർ റയോൺസിനുവേണ്ടി 236.43 ഏക്കർ ഭൂമി ഏറ്റെടുത്തത്. ഇതിന്റെ വില കൊടുത്തത് കമ്പനിയാണ്. ഈ ഭൂമി വ്യാവസായിക ആവശ്യത്തിനായി ഉപയോഗിച്ചില്ലെങ്കിൽ സർക്കാരിൽ തിരിച്ച് ഏൽപ്പിക്കണമെന്നാണ് അന്നത്തെ കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. കേരളത്തിന്റെ വ്യാവസായികവൽക്കരണം എന്ന ലക്ഷ്യത്തെ മുൻനിർത്തി കുറഞ്ഞ വിലയ്ക്ക് മുള, യൂക്കാലി തുടങ്ങിയ വന വിഭവങ്ങളും വെള്ളം, വൈദ്യുതി എന്നിവയും സർക്കാർ ലഭ്യമാക്കി. അതായത്, നാടിന്റെയാകെ പൊതുമുതലാണ് തൊഴിലിനും വ്യാവസായിക വികസനത്തിനുമായി കമ്പനിക്ക് വിട്ടുനൽകിയത്. മൂവായിരത്തോളം സ്ഥിരം തൊഴിലാളികളും ആയിരത്തി അഞ്ഞൂറോളം കരാർ, കാഷ്വൽ തൊഴിലാളികളുമുൾപ്പെടെ നാലായിരത്തി അഞ്ഞൂറോളം പേർക്ക് നേരിട്ടും

പതിനായിരത്തോളം പേർക്ക് പരോക്ഷമായും തൊഴിൽ നൽകിയിരുന്ന ഈ സ്ഥാപനം 2001-ൽ സ്ഥിരം തൊഴിലാളികൾക്കുമാത്രം നഷ്ടപരിഹാരം നൽകിക്കൊണ്ട് അടച്ചുപൂട്ടുകയുണ്ടായി. കമ്പനി അടച്ചുപൂട്ടിയതിനുശേഷം വിവിധ സർക്കാരുകൾ ഈ ഭൂമി ഏറ്റെടുത്ത് വിജ്ഞാപനമിറക്കിയിരുന്നു. എന്നാൽ ഭൂമി തിരിച്ചുപിടിക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യമുന്നയിച്ച് 2017-ൽ കേരള പ്രവാസി അസോസിയേഷൻ നൽകിയ കേസിൽ സർക്കാർ കൗണ്ടർ അഫിഡവിറ്റ് സമർപ്പിച്ചത് 2021-ലാണ്. ഏറ്റവും ഒടുവിലായി 10-10-2017-ലെ ജി.ഒ. (എം.എസ്.) നമ്പർ 97/2017 പ്രകാരം സ്ഥലം ഏറ്റെടുത്തതായി വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. 16-10-2017-ന് കമ്പനി WP(C) No. 33103/2017 പെറ്റീഷൻ പ്രകാരം അതിന് സ്റ്റേ വാങ്ങുകയും ഇപ്പോഴുമത് തുടർന്നുവരികയുമാണ്. ആ കേസിന് 23 തവണ തുടർച്ചയായി സർക്കാർ വക്കീൽ ഹാജരായില്ല. ഇപ്പോൾ ആ ഭൂമി വനത്തിന് സമാനമായിരിക്കുകയാണ്. വന്യജീവികളുൾപ്പെടെയുള്ളതിനാൽ അവയുടെ അക്രമം മനുഷ്യ ജീവന് ഭീഷണിയാകുന്നുമുണ്ട്. മാത്രമല്ല, പന്നിശല്യം കാരണം കൃഷിനാശവുമുണ്ടാകുകയാണ്. കൂടാതെ ആ ഭൂമിയും

കെട്ടിടവും സാമൂഹ്യവിരുദ്ധരുടെ താവളമായി മാറുന്ന സ്ഥിതിയാണുള്ളത്. അമ്പലവും പള്ളിയും സ്കൂളുമൊക്കെ അടങ്ങിയ മാവൂരിലെ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഭൂമിയാണ് സർക്കാർ ഏറ്റെടുത്ത് കൈമാറിയത്. നാടിന്റെ വ്യാവസായിക വളർച്ചയ്ക്ക് നമ്മുടെ പിതാമഹന്മാർ കൈമാറിയ ഈ ഭൂമി ഇന്നൊരു സാമൂഹിക പ്രശ്നമായിത്തീർന്നിരിക്കുകയാണ്. ഏതൊരു പദ്ധതിയും നടപ്പാക്കുന്നതിൽ നേരിടുന്ന പ്രധാന വെല്ലുവിളി ഭൂമി ഏറ്റെടുക്കലാണ്. എന്നാൽ ഇവിടെ ഏതുതരം സംരംഭത്തിനും അനുയോജ്യമായ എല്ലാ സൗകര്യങ്ങളുമുള്ള ഏക്കർ കണക്കിന് ഭൂമിയാണ് കാടുകയറി നശിക്കുന്നത്. വിമാനത്താവളം, റെയിൽവേ സ്റ്റേഷൻ, ഷിപ്പ്‌യാർഡ് തുടങ്ങി എല്ലാ സൗകര്യങ്ങളും ചുറ്റുവട്ടത്തുതന്നെയുണ്ട്. നമ്മുടെ നാടിന് അനുയോജ്യമായതും അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് തൊഴിൽ ലഭ്യമാകുന്നതിന് ഉതകുന്നതുമായ ഒരു സംരംഭം അവിടെ ഉണ്ടാകേണ്ടതുണ്ട്. വ്യവസായം തുടങ്ങാൻ പോകുന്നുവെന്ന പ്രതീതി ജനിപ്പിച്ച് ബിർള മാനേജ്മെന്റ് ഭൂമി കൈവശം വച്ചിരിക്കുകയാണ്. എന്നാൽ പുതിയ സംരംഭങ്ങളൊന്നും യാഥാർത്ഥ്യമാക്കാൻ അവർക്ക് ഇതുവരെ

കഴിഞ്ഞിട്ടില്ല. ഇതോടെ ഭൂമി സർക്കാരിനെ തിരിച്ചേൽപ്പിക്കാൻ കമ്പനി ബാധ്യസ്ഥമായിരിക്കുകയാണ്. ഭൂമി കമ്പനിയിൽനിന്ന് തിരിച്ചുപിടിക്കണമെന്ന് ആവശ്യപ്പെട്ട് മാവൂരിൽ രാഷ്ട്രീയ പാർട്ടികളും വ്യാപാരി വ്യവസായി സംഘടനകളും ചേർന്ന് ജനകീയ കമ്മിറ്റി രൂപീകരിച്ച് പ്രക്ഷോഭം നടത്തിവരികയാണ്. ഇക്കാര്യത്തിൽ നിയമ നടപടികളിൽ കക്ഷി ചേരുന്നതിനും ഈ ഭൂമി ഏറ്റെടുത്ത് ഉചിതമായ വ്യവസായം ആരംഭിക്കാൻ സർക്കാരിനോട് ആവശ്യപ്പെടുന്നതിനും മാവൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗം തീരുമാനിച്ചിരിക്കുകയാണ്. ഭൂമി വിട്ടുനൽകാൻ കമ്പനി തയ്യാറാകുന്നില്ലെങ്കിൽ നിയമപരമായ നടപടികളിലൂടെ അത് ഏറ്റെടുക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് ശ്രദ്ധ ക്ഷണിക്കലിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വളരെ പ്രസക്തമായ വിഷയമാണ് ബഹുമാന്യയായ അംഗം ഇവിടെ അവതരിപ്പിച്ചത്. 2006 മാർച്ച് 21-ന് അന്നത്തെ സർക്കാരാണ് വ്യവസായ ആവശ്യങ്ങൾക്ക് ഭൂമി ഉപയോഗിക്കാതെ ആ സ്ഥാപനം അടച്ചുപൂട്ടിയ

സാഹചര്യത്തിൽ ഭൂമി തിരിച്ചുപിടിക്കാൻ ഉത്തരവിടുന്നത്. 238.41 ഏക്കർ ഭൂമി വില കൊടുത്താണ് അവർ ഏറ്റെടുത്തതെങ്കിലും വ്യവസായം നിർത്തുകയാണെങ്കിൽ അത് തിരികെ സർക്കാരിലേയ്ക്ക് എടുക്കാമെന്ന വ്യവസ്ഥയുണ്ട്. ഇതിനുപുറമെ 82.37 ഏക്കർ ഭൂമി കമ്പനി നേരിട്ട് പർച്ചേസ് ചെയ്തതാണ്. 2006-ൽ വി. എസ്. അച്യുതാനന്ദൻ സർക്കാരിന്റെ കാലത്ത് പുറപ്പെടുവിച്ച ഉത്തരവിനെതിരെ ആ വർഷം തന്നെ അവർ ഹൈക്കോടതിയിൽ പോയി സ്റ്റേ വാങ്ങുകയാണ് ചെയ്തത്. പിന്നീടുവന്ന യു.ഡി.എഫ്. സർക്കാർ 2016 മാർച്ചിൽ ഭൂമി തിരിച്ചുപിടിക്കാനുള്ള ഉത്തരവ് റദ്ദാക്കി. 04-03-2016-ൽ പുറത്തിറക്കിയ G.O.(Rt.)No.251/2016/ID എന്ന പുതിയ ഉത്തരവ് പ്രകാരം കിൻഫ്രയുമായി ചേർന്ന് പി.പി.പി. മോഡലിൽ ജനറൽ മാനുഫാക്ചറിംഗ്, ഹൈടെക് മാനുഫാക്ച്റിംഗ് ആൻഡ് സർവ്വീസ് പാർക്ക്, സ്കിൽ ഡെവലപ്മെന്റ് തുടങ്ങിയ കാര്യങ്ങൾക്കുവേണ്ടി വിനിയോഗിക്കാനാണ് ഈ കമ്പനിക്ക് ഭൂമി വിട്ടുനൽകിയത്. എന്നാൽ പിന്നീട് അതിന്മേൽ യാതൊരു നടപടിയും സ്വീകരിച്ചിരുന്നില്ല. ബഹുമാനപ്പെട്ട പിണറായി വിജയൻ അധികാരത്തിൽ വന്ന കഴിഞ്ഞ

സർക്കാരിന്റെ കാലത്ത് 2017 ജൂൺ 20-ന് ഈ ഭൂമി തിരിച്ചുപിടിക്കുന്നതിന് വീണ്ടും ഉത്തരവിറക്കുകയാണ് ചെയ്തത്. ഇതിന് മൂന്ന് ഘട്ടമുണ്ട്. 2006-ൽ ഭൂമി തിരിച്ചുപിടിക്കാൻ തീരുമാനിച്ചു, 2016-ൽ അത് അവർക്കുതന്നെ പി.പി.പി. മോഡലിൽ കൊടുക്കാനായി നിലവിലുണ്ടായിരുന്ന ഉത്തരവ് റദ്ദ് ചെയ്തു, വീണ്ടും ഭൂമി തിരിച്ചുപിടിക്കാൻ കഴിഞ്ഞ സർക്കാർ തീരുമാനമെടുത്തു. ഇവിടെ ബഹുമാന്യയായ അംഗം പരാമർശിച്ചതുപോലെ, ആ തീരുമാനം കോടതി ഇപ്പോൾ സ്റ്റേ ചെയ്തിരിക്കുകയാണ്. സ്റ്റേ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്. എ.ജി. ആവശ്യപ്പെട്ടതനുസരിച്ച് ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ലെയ്സൺ ചെയ്യുന്നതിനുവേണ്ടി സർക്കാർ ഉത്തരവ് പ്രകാരം ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സ്റ്റേറ്റ് അറ്റോർണി ജനറലും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. 2022 ഒക്ടോബർ 10-ന് ജില്ലാ കളക്ടർ ഹൈക്കോടതി ആവശ്യപ്പെട്ട അധിക വിവരങ്ങൾ സമർപ്പിച്ചിട്ടുണ്ട്. കേസ് തീർപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഏക്കർ കണക്കിന് ഭൂമിയാണ് മാവൂരിൽ വ്യവസായ ആവശ്യത്തിന് ഉപയോഗിക്കാൻ സാധിക്കുന്നത്. അവിടെ ഏതെങ്കിലും തരത്തിലുള്ള വ്യവസായം ആരംഭിക്കുന്നതിനുള്ള രൂപരേഖ സർക്കാർ തയ്യാറാക്കിയുണ്ടോ; അതിനായി ഉന്നതോദ്യോഗസ്ഥരും നിയമവിദഗ്ദ്ധരുമുൾപ്പെടെയുള്ള ഒരു ടീം രൂപീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ഭൂമി സർക്കാരിന്റെ കയ്യിലെത്തിയാൽ മാത്രമേ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികളൊക്കെ സ്വീകരിക്കാൻ കഴിയുകയുള്ളൂ. ആ ഭൂമി വ്യവസായ ആവശ്യങ്ങൾക്കുതന്നെ വിനിയോഗിക്കേണ്ടതുണ്ട്. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും പുതിയ വ്യവസായങ്ങൾക്കാവശ്യമായ ഇടമൊരുക്കാനും ആ ഭൂമി വിനിയോഗിക്കാൻ കഴിയണമെന്നുതന്നെയാണ് സർക്കാരിന്റെ നിലപാട്.

**10:25 AM]**

**VI റിപ്പോർട്ടുകളുടെ സമർപ്പണം**

(1) <u>സബ്ജക്ട് കമ്മിറ്റി II-ന്റെ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ</u>

ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ, 2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ (ഭേദഗതി) ബിൽ, 2023-ലെ കേരള കെട്ടിട നികുതി (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ ചെയർമാനായ ഞാൻ സമിതിയുടെ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ, 2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ (ഭേദഗതി) ബിൽ, 2023-ലെ കേരള കെട്ടിട നികുതി (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളും സമർപ്പിക്കുന്നു.

(2) സബ്ജക്ട് കമ്മിറ്റി VII-ന്റെ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

വൈദ്യുതി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. പി. നന്ദകുമാർ): സർ, വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VII-ലെ അംഗമായ ഞാൻ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കുന്നു.

(3) 2023-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VIII-ന്റെ ചെയർമാനായ ഞാൻ 2023-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

(4) സബ്ജക്റ്റ് കമ്മിറ്റി X-ന്റെ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

വനം-വന്യജീവി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ലെ അംഗമായ ഞാൻ സമിതിയുടെ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കുന്നു.

(5) 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ അദ്ധ്യക്ഷയായ ഞാൻ 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം

ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

6. സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2022-2023 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, സാമൂഹ്യ സേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2022-23 സാമ്പത്തിക വർഷത്തെ ആനുകാലിക റിപ്പോർട്ട്, 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് എന്നിവ സമർപ്പിക്കുന്നു.

7. 2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളേയും കമ്പനികളേയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ അദ്ധ്യക്ഷനായ ഞാൻ 2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളേയും കമ്പനികളേയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ സംബന്ധിച്ച സബ്ക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

8. പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഏഴും എട്ടും റിപ്പോർട്ടുകൾ

ശ്രീ. എ. സി. മൊയ്തീൻ ചുമതലപ്പെടുത്തിയതുപ്രകാരം ഡോ. കെ. ടി. ജലീൽ: സർ, പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി അംഗമായ ഞാൻ സമിതിയുടെ ഏഴും എട്ടും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

**10.30 AM]**

**VII ധനകാര്യം**

2023-2024 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000/- രൂപയുടേയും തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 24,00,63,000/- രൂപയുടേയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,00,00,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. കോവിഡ് പ്രതിസന്ധിയിൽ നിന്നും കരകയറുന്നതിനുള്ള ആത്മാർത്ഥമായ പരിശ്രമമാണ് സംസ്ഥാനം നടത്തിക്കൊണ്ടിരിക്കുന്നത്. എന്നാൽ അർഹതപ്പെട്ട ധനവിഹിതം നിഷേധിച്ച് സംസ്ഥാനത്തെ സാമ്പത്തികമായി തകർക്കാനുള്ള നടപടികളാണ് കേന്ദ്രസർക്കാർ

സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. റവന്യൂ/തനതുനികുതി/നികുതിയിതര വരുമാനങ്ങൾ ഉയർത്തിയും അനാവശ്യ ചെലവുകൾ നിയന്ത്രിച്ചും സമ്പദ്ഘടനയെ സുസ്ഥിരപ്പെടുത്താനുള്ള ശ്രമങ്ങളെ തകിടം മറിക്കുന്ന ഏകപക്ഷീയ നിലപാടാണ് കേന്ദ്രം സ്വീകരിച്ചിരിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ നികുതി വരുമാനം 18.5% വർദ്ധിക്കുകയായിരുന്നു. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ 3% അധിക വർദ്ധനവാണുണ്ടായിട്ടുള്ളത്. തനത് നികുതിയുടെ പങ്ക് 54.2 ശതമാനത്തിൽ നിന്ന് 58.2 ശതമാനമായി ഉയരുന്ന സാഹചര്യമാണ് ഈ ഒരു വർഷക്കാലത്തിനകത്തുണ്ടായത്. തനത് നികുതി വരുമാനത്തിൽ 4% വളർച്ചയുണ്ടായി എന്നുള്ള യാഥാർത്ഥ്യം നാം കാണണം. തനത് നികുതിയിലെ 22.11% വളർച്ചാനിരക്ക് ദേശീയ ശ്രദ്ധ നേടിയതാണ്. 2021-22-ൽ 63000 കോടി രൂപയായിരുന്നത് കഴിഞ്ഞ വർഷം 77000 കോടി രൂപയായി ഉയർന്നുവെന്നുള്ളത് നാം കാണേണ്ടതുണ്ട്. ഈ നേട്ടത്തിൽ നമ്മുടെ മുന്നിൽ നിൽക്കാൻ രണ്ട് സംസ്ഥാനങ്ങളേയുള്ളൂ. ഒന്ന്, മഹാരാഷ്ട്രയും മറ്റൊന്ന്, ഗുജറാത്തുമാണ്. ശക്തമായ ഉൽപ്പാദനമേഖലകളാണ്

ഇരുസംസ്ഥാനങ്ങളുടെയും നേട്ടത്തിന് കാരണമെന്നത് നമുക്കെല്ലാവർക്കും അറിയാം. സമാനമായ സമ്പദ്ഘടനയല്ലെങ്കിലും കേരളം മൂന്നാം സ്ഥാനത്തെത്തിയെന്നത് ശ്രദ്ധേയമാണ്. തനത് നികുതിയിതര വരുമാനത്തിൽ 44.83% വളർച്ച കൈവരിക്കാൻ സാധിച്ചു. അതായത്, പതിനായിരം കോടി രൂപയിൽനിന്ന് പതിനയ്യായിരം കോടി രൂപയായി വർദ്ധിച്ചു. കഴിഞ്ഞ വർഷം റവന്യൂ ചെലവ് നിയന്ത്രണത്തിൽ വിജയിച്ച ഏക സംസ്ഥാനം കേരളമാണ്. ഇതൊന്നും പരിഗണിക്കാതെയാണ് കേരളത്തിന്റെ കടമെടുപ്പ് അവകാശങ്ങൾ 47% വെട്ടിക്കുറയ്ക്കാൻ കേന്ദ്രസർക്കാർ തയ്യാറായത്. ഏകപക്ഷീയമായ നിബന്ധനകളാണ് അവർ അടിച്ചേൽപ്പിക്കുന്നത്. കിഫ്ബിക്കുവേണ്ടിയും ക്ഷേമപെൻഷനുകളുടെ വിതരണത്തിനുമായി എടുത്ത വായ്പകളെല്ലാം സർക്കാർ വായ്പകളായി കണക്കാക്കി സംസ്ഥാനത്തിന്റെ കടമെടുപ്പ് അനുപാതത്തിൽ തട്ടിക്കിഴിക്കുന്ന കാഴ്ചയാണ് കാണുന്നത്. ധന ഉത്തരവാദിത്ത നിയമമനുസരിച്ച് കേരളത്തിന് മൊത്തം ആഭ്യന്തരോല്പാദനത്തിന്റെ 3% കടമെടുക്കാമെന്നിരിക്കെ, കോവിഡ് സാഹചര്യത്തിൽ അത് പടിപടിയായി

ഉയർന്ന് 5% വരെ കടമെടുക്കാമെന്ന നിലയിലേയ്ക്ക് വന്നു. കേന്ദ്ര പദ്ധതികൾക്ക് ലഭിച്ചിരുന്ന 80% കേന്ദ്രവിഹിതം 60 ശതമാനത്തിൽ താഴെയായി ഇക്കാലയളവിൽ വെട്ടിച്ചുരുക്കി. വിവിധ കേന്ദ്രസഹായങ്ങളിലെ 3 വർഷംവരെയുള്ള കുടിശ്ശികകൾ അകാരണമായി തടഞ്ഞുവച്ചിരിക്കുകയാണ്. ഇവ ലഭ്യമാക്കണമെന്ന് ആവർത്തിച്ച് ആവശ്യപ്പെടുമ്പോൾ നുണപ്രചരണങ്ങളിലൂടെ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുകയാണ്. കേന്ദ്രവിഹിതത്തിൽ വലിയ വിവേചനമാണ് നമ്മുടെ സംസ്ഥാനം നേരിടുന്നത്. 1971-ൽനിന്നും 2011 ആയപ്പോൾ സെൻസസിനെ അടിസ്ഥാനമാക്കി ലഭിച്ചുകൊണ്ടിരുന്ന നികുതിവിഹിതത്തിൽ വലിയ തോതിലുള്ള വ്യത്യാസമാണുണ്ടായത്. കേന്ദ്രസർക്കാർ പറഞ്ഞതനുസരിച്ച് ജനസംഖ്യ കുറയ്ക്കുന്നതിനുള്ള തീവ്രമായ നടപടികൾ 1971 മുതൽ 2011 വരെയുള്ള കാലയളവിൽ നമ്മൾ സ്വീകരിച്ചു. എന്നാൽ ഇപ്പോഴത് സംസ്ഥാനത്തിന് തിരിച്ചടിയായി മാറുകയാണുണ്ടായത്. ജനസംഖ്യ കൂടുതലുള്ള സംസ്ഥാനങ്ങൾക്ക് കേന്ദ്രവിഹിതം കൂടുതൽ ലഭിക്കുന്ന സ്ഥിതിയാണ് ഇന്നുള്ളത്. കേന്ദ്ര വിഹിതത്തിന്റെ കാര്യത്തിൽ കേരളത്തിന്

ഭീമമായ നഷ്ടമാണ് സംഭവിക്കുന്നത്. കേരളം കൈവരിച്ച ഒന്നാം തലമുറ നേട്ടങ്ങളെ നമ്മുടെ അയോഗ്യതയായി കേന്ദ്രസർക്കാർ കാണുന്ന സ്ഥിതിയാണുള്ളത്. അതുപോലെ GST വഴി സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം വളരെ വലുതാണ്. സംസ്ഥാനത്തിന്റെ നികുതി അധികാരം ഇല്ലാതാകുന്ന സാഹചര്യമുണ്ടായി. മദ്യം, പെട്രോളിയം ഉൽപ്പന്നങ്ങളൊഴികെ ഒന്നിനും നികുതി ചുമത്താൻ കഴിയാത്ത സ്ഥിതിയാണുള്ളത്. GST നഷ്ടപരിഹാരം അവസാനിപ്പിച്ചതുമൂലം പന്ത്രണ്ടായിരം കോടി രൂപയുടെ കുറവാണ് ഈ വർഷം സംസ്ഥാനത്തിനുണ്ടായത്. റവന്യൂ കമ്മി ഗ്രാന്റ് വെട്ടിക്കുറച്ചതുവഴി കഴിഞ്ഞ വർഷത്തേക്കാൾ 8425 കോടി രൂപയുടെ കുറവാണ് ഈ വർഷമുണ്ടായത്. കിഫ്ബി, സാമൂഹ്യ സുരക്ഷാ പെൻഷൻ, കമ്പനികളെടുക്കുന്ന കടം എന്നിവ സംസ്ഥാന സർക്കാരിന്റെ കടമായി കണക്കാക്കുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്. സംസ്ഥാന സർക്കാരിന് നേരിട്ട് കടമെടുക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് കേന്ദ്രമുൾപ്പെടെ ചെയ്യുന്നതുപോലെ ആന്വിറ്റി മോഡൽ ബോഡി കോർപ്പറേറ്റുകളിലൂടെ ബദൽ വികസന മാർഗ്ഗങ്ങൾ ആരായാൻ പരിശ്രമിച്ചത്. കേരളത്തിന്റെ വികസന

സ്വപ്നങ്ങൾക്ക് യഥാർത്ഥത്തിൽ കിഫ്ബിയാണ് ഊർജ്ജമേകിയത്. എന്നാൽ കിഫ്ബിയും സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനിയും കടമെടുക്കുന്ന തുക ഓഫ് ബഡ്ജറ്റ് ബോറോയിംഗായി പരിഗണിക്കുമെന്നും അത് സംസ്ഥാന സർക്കാരിന്റെ കടമെടുപ്പായി കണക്കാക്കുമെന്നുമാണ് കേന്ദ്രസർക്കാരിന്റെ നിലപാട്. ആന്വിറ്റി മോഡൽ ബോഡി കോർപ്പറേറ്റുകളുടെ വായ്പ കേന്ദ്രസർക്കാരിന്റെ അക്കൗണ്ടിൽപ്പെടുത്താത്ത സാഹചര്യത്തിലാണ് സംസ്ഥാനങ്ങൾക്കെതിരെ ഇങ്ങനെയൊരു നിലപാട് കേന്ദ്രം സ്വീകരിക്കുന്നത്. കിഫ്ബി, സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനി തുടങ്ങിയവവഴി കടമെടുക്കുന്നതും സംസ്ഥാന സർക്കാരിന്റെ 3.5% വായ്പാപരിധിയിലുൾപ്പെടുത്തുമെന്ന നിലയാണ് ഇപ്പോഴുള്ളത്. കിഫ്ബിയുടെ മസാല ബോണ്ടിനെതിരെ കേന്ദ്രത്തിന്റെ ഇണ്ടാസുകൾ വന്നതും ഈ സന്ദർഭത്തിൽ ഓർക്കേണ്ടതായിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ കീഴിലുള്ള നാഷണൽ ഹൈവേ അതോറിറ്റി പോലെയാണ് കിഫ്ബി പ്രവർത്തിക്കുന്നത്. മസാല ബോണ്ടുവഴി 5000 കോടി രൂപ സമാഹരിക്കാൻ NHAI-ക്ക് Reserve Bank of India അനുമതി നൽകുകയും അവർ ബോണ്ട്

പുറപ്പെടുവിക്കുകയും ചെയ്തതാണ്. എന്നാൽ കിഫ്ബിയുടെ മസാല ബോണ്ട് FEMA ലംഘനവും കള്ളപ്പണവുമാകുകയും NHAI-യുടെ മസാല ബോണ്ട് പരിശുദ്ധമാകുകയും ചെയ്യുന്ന വിചിത്രമായ ലോജിക്കാണ് കേന്ദ്രസർക്കാർ രാജ്യത്തിനുമുന്നിൽ വയ്ക്കുന്നത്. കിഫ്ബി, പെൻഷൻ കമ്പനി എന്നിവയുടെ വായ്പായിനത്തിൽ 14000 കോടി രൂപയാണ് കേരളത്തിന് അനുവദനീയമായ കടമെടുപ്പ് പരിധിയിൽനിന്ന് കേന്ദ്രം വെട്ടിക്കുറച്ചത്. ലൈഫ് മിഷൻ പദ്ധതിക്കായി കെ.യു.ആർ.ഡി.എഫ്.സി. 6000 കോടി രൂപ ഹഡ്കോയിൽ നിന്നും വായ്പയെടുക്കുകയുണ്ടായി. കിഫ്ബിയും പെൻഷൻ കമ്പനിയും ചേർന്ന് വായ്പയെടുത്ത 14000 കോടി രൂപയോടൊപ്പം ഈ 6000 കോടി രൂപ കൂടിയാകുമ്പോൾ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് തുകയിൽ വീണ്ടും കുറവുവരുത്തുന്ന അവസ്ഥയാണുള്ളത്. സമീപകാലത്ത് ചില മാധ്യമങ്ങൾ ഉച്ചക്കഞ്ഞിയുടെ കാര്യത്തിൽ വലിയ പ്രചാരണം നടത്തുന്നത് എല്ലാവരുടെയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. ഉച്ചക്കഞ്ഞിക്കായി 60 ശതമാനം അരിയും കേന്ദ്രം അനുവദിക്കേണ്ടതാണ്. എന്നാൽ 2021-22 മുതൽ അത് ബോധപൂർവ്വം വൈകിപ്പിച്ച് ബാധ്യതയിൽ നിന്നും കേന്ദ്രം ഒളിച്ചോടുകയാണ്

ചെയ്യുന്നത്. ഇതിന്റെ ഭാഗമായി പദ്ധതിച്ചെലവ്, പാചകത്തൊഴിലാളികളുടെ ഓണറേറിയം തുടങ്ങിയവ കൃത്യമായി നൽകാൻ സംസ്ഥാന സർക്കാർ ബുദ്ധിമുട്ടുകയാണ്. ഉച്ചഭക്ഷണത്തിനായി 10000 കോടി രൂപ നീക്കിവച്ചെങ്കിലും ആദ്യഗഡു ബി.ജെ.പി. ഭരിക്കുന്ന മദ്ധ്യപ്രദേശിന് മാത്രമാണ് കേന്ദ്രം നൽകിയത്. കേരളത്തിന് അനുവദിക്കേണ്ടത് കേവലം 284.31 കോടി രൂപയാണ്. സംസ്ഥാന വിഹിതം 163.15 കോടി രൂപയാണ്. ഇത് രണ്ടുംകൂടി ചേരുമ്പോൾ 447.46 കോടി രൂപയാണ് ഉച്ചക്കഞ്ഞിക്കായി നമ്മൾ നീക്കി വയ്ക്കുന്നത്. അതിൽ ആദ്യഗഡുവായി 170.59 കോടി രൂപയാണ് കേന്ദ്രം അനുവദിക്കേണ്ടത്. അത് ലഭിച്ചാൽ അതിന് ആനുപാതിക സംസ്ഥാന വിഹിതമായി 97.89 കോടി രൂപ സംസ്ഥാനത്തിന് അനുവദിക്കാൻ സാധിക്കും. ഇതാണ് അവസ്ഥയെന്നിരിക്കെ അത് തുറന്നുകാട്ടുന്നതിനുപകരം കഴിഞ്ഞ വർഷത്തെ രേഖകൾ യഥാസമയം സമർപ്പിക്കാത്തതുകൊണ്ടാണ് തുക അനുവദിക്കാത്തതെന്ന് ചില മാധ്യമങ്ങൾ കണ്ടുപിടിച്ചിട്ടുണ്ട്. രേഖയെല്ലാം നേരത്തെ സമർപ്പിച്ചതാണ്. ജൂലൈ മാസത്തിൽ ആദ്യഗഡുവിനുള്ള സമഗ്ര നിർദ്ദേശം നമ്മൾ

നൽകിയതാണ്. പക്ഷെ അങ്ങനെ നൽകിയില്ല, അതുകൊണ്ടാണ് കേന്ദ്രം തുക അനുവദിക്കാത്തതെന്ന ന്യായമാണ് ഉച്ചക്കഞ്ഞിയുടെ കാര്യത്തിൽ ചില മാധ്യമങ്ങൾ ഉയർത്തിപ്പിടിച്ചത്. സാമ്പത്തിക പ്രതിസന്ധിയുടെ ഘട്ടത്തിലും ഈ ഓണക്കാലത്ത് 18000 കോടി രൂപ വിവിധ വിഭാഗം ജനങ്ങൾക്ക് പല രൂപത്തിൽ സഹായധനമായി അനുവദിച്ചുകൊണ്ട് ഓണം ആഘോഷിക്കുന്നതിനുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചു. പ്രതിപക്ഷം ഇക്കാര്യങ്ങളിൽ സ്വീകരിക്കുന്ന നിലപാടിനോട് യോജിക്കാൻ സാധിക്കില്ല. കേരളത്തിലെ എം.പി.-മാർ കേന്ദ്ര സർക്കാരിന്റെ ഇത്തരം നീചമായ നിലപാടുകളോടെടുക്കുന്ന സമീപനം നമ്മൾ കണ്ടതാണ്. സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യമനുസരിച്ച് ഒരു നിവേദനം കൊടുക്കാൻ പോകുന്നതിനുപോലും അവർ താല്പര്യം കാണിച്ചില്ലെന്നത് വേദനാജനകം മാത്രമല്ല, പ്രതിഷേധാർഹവുമാണ്. പുതുപ്പള്ളിയിലുണ്ടായ വിജയത്തിൽ കോൺഗ്രസ്സ് ആഹ്ലാദത്തിമിർപ്പിലാണ്. പുതുപ്പള്ളിയിൽ വിജയം കൈവരിച്ചത് മഹത്തായ കാര്യമായി അവർ കാണുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെതിരായി വലിയ വികാരമുണ്ടായെന്ന

മട്ടിലാണ് കോൺഗ്രസ്സുകാർ. 60000 വോട്ടിന്റെ ഭൂരിപക്ഷത്തിന് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ മണ്ഡലം പിടിച്ച മട്ടിലാണ് കോൺഗ്രസ്സുകാരുടെ പുതുപ്പള്ളി മണ്ഡലത്തിലെ വിജയാഘോഷം കാണുമ്പോൾ തോന്നുന്നത്. അവിടെ രാഷ്ട്രീയ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ കോൺഗ്രസ്സ് തയ്യാറായോ; യു.ഡി.എഫ്. തയ്യാറായോ; വികസന പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ തയ്യാറായോ? കേവലം ഉമ്മൻ ചാണ്ടിയോടുള്ള ആദരവും സ്നേഹവും മാത്രം ഉപയോഗപ്പെടുത്തി തെരഞ്ഞെടുപ്പിനെ നേരിട്ട യു.ഡി.എഫ്. വലിയ വായിൽ വർത്തമാനം പറയുകയാണ്. വിജയിച്ച ശ്രീ. ചാണ്ടി ഉമ്മനെ ഞങ്ങൾ അനുമോദിക്കുകയാണ്. അപ്പയുടെ പതിമൂന്നാമത് വിജയമാണ് ഈ ഉപതെരഞ്ഞെടുപ്പിലുണ്ടായതെന്ന് ശ്രീ. ചാണ്ടി ഉമ്മൻ പറഞ്ഞത് വാസ്തവമാണ്. ഇതാണ് വാസ്തവമെന്നിരിക്കെ ആ വിജയത്തിൽ വല്ലാതെ അഭിരമിച്ച് എന്തോ നേടിയെടുത്തുവെന്ന മട്ടിലുള്ള നീക്കത്തിൽ നിന്ന് നിങ്ങൾ പിന്മാറണം. വസ്തുതകളെ യാഥാർത്ഥ്യബോധത്തോടുകൂടി കാണാൻ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ആദ്യമായി, യു.ഡി.എഫ്.-ന് ചരിത്ര വിജയം സമ്മാനിച്ച പുതുപ്പള്ളിയിലെ ജനതയെ അഭിവാദ്യം ചെയ്യുകയാണ്. നിയമസഭാ ചരിത്രത്തിൽ ഉജ്ജ്വല ഭൂരിപക്ഷത്തോടെ പുതുപ്പള്ളിയിൽ നിന്ന് വിജയിച്ച് ഉമ്മൻ ചാണ്ടി സാറിന്റെ പിൻഗാമിയായി സഭയിൽ കടന്നുവന്ന ശ്രീ. ചാണ്ടി ഉമ്മനെ അഭിനന്ദിക്കുകയാണ്. പുതുപ്പള്ളി ഉപതെരഞ്ഞെടുപ്പിനെക്കുറിച്ച് ശ്രീ. കടകംപള്ളി സുരേന്ദ്രൻ ഇവിടെ പറയുകയുണ്ടായി. ഈ ഉപതെരഞ്ഞെടുപ്പിൽ ഞങ്ങളവിടെ രാഷ്ട്രീയം പറഞ്ഞിട്ടുണ്ട്, വിലക്കയറ്റത്തെയും ക്രമസമാധാനത്തകർച്ചയെയും അഴിമതിയെയും വികസന മുരടിപ്പിനെയും കുറിച്ചെല്ലാം ചർച്ച ചെയ്തിട്ടുണ്ട്. ഉമ്മൻ ചാണ്ടിയെന്ന ജനകീയ നേതാവിന് കേരളം നൽകിയ യാത്രയയപ്പ് നമ്മൾ കണ്ടതാണ്. ഈ ഉപതെരഞ്ഞെടുപ്പിലൂടെ പുതുപ്പള്ളിയിലെ ജനത അദ്ദേഹത്തോടുള്ള ആദരവും സ്നേഹവും ഒരിക്കൽക്കൂടി പ്രകടിപ്പിക്കുകയുണ്ടായി. പക്ഷെ ജീവിതകാലം മുഴുവൻ ഉമ്മൻ ചാണ്ടിയെ വേട്ടയാടിയ നിങ്ങൾ ഈ ഉപതെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനുശേഷവും ഏറ്റവും നിന്ദ്യവും ഹീനവുമായ

പ്രചാരണം അവിടെ നടത്തി. തെരഞ്ഞെടുപ്പ് ദിവസം അദ്ദേഹത്തെയും കുടുംബത്തെയും അപമാനിച്ചു, പെൺമക്കളെ അപമാനിച്ചു, സ്ഥാനാർത്ഥിയെ അപമാനിച്ചു, അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്ന കല്ലറയെവരെ അപമാനിച്ചു. എന്നിട്ടും ജനങ്ങൾ അതിനോട് നിശബ്ദമായി പ്രതികരിച്ചു. ഈ സർക്കാരിനോടുള്ള കേരളത്തിന്റെ പ്രതിഷേധം രേഖപ്പെടുത്താനുള്ള ഉത്തരവാദിത്വം പുതുപ്പള്ളിയിലെ ജനത ഏറ്റെടുത്തു. അതാണ് ഈ തെരഞ്ഞെടുപ്പിൽ കണ്ട ഉജ്ജ്വല ഭൂരിപക്ഷം. എന്നാൽ അത് സഹതാപംകൊണ്ടാണെന്നാണ് ശ്രീ. കടകംപള്ളി സുരേന്ദ്രൻ പറഞ്ഞുവച്ചത്. ഈ സെപ്റ്റംബർ 5-ാം തീയതി ഉപതെരഞ്ഞെടുപ്പ് നടന്ന ത്രിപുരയിലെ ബോക്സാനഗറിൽ സി.പി.ഐ.(എം)-ന്റെ സിറ്റിംഗ് എം.എൽ.എ. സംസുൽ ഹഖ് മരണപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ മകനെത്തന്നെ അവിടെ സ്ഥാനാർത്ഥിയാക്കി. അപ്പോൾ ആകെ 3309 വോട്ടാണ് ലഭിച്ചത്. 20 കൊല്ലമായി സി.പി.ഐ.(എം) തുടർച്ചയായി വിജയിക്കുന്ന ത്രിപുരയിലെ ബോക്സാനഗറിൽ സി.പി.ഐ.(എം)-ന് കെട്ടിവച്ച കാശുപോയില്ലേ? ഇവർ പറയുന്ന സഹതാപ തരംഗം, വൈകാരിക പരിസരം പുതുപ്പള്ളിയിലുണ്ടായി

എന്ന്. കമ്മ്യൂണിസ്റ്റുകാർ മരിക്കുന്ന സ്ഥലത്തൊന്നും വൈകാരിക പരിസരമുണ്ടാകാത്ത സവിശേഷ സാഹചര്യത്തെക്കുറിച്ച് പഠിക്കേണ്ടതല്ലേ? ബോക്സാനഗർ സീറ്റ് ബി.ജെ.പി.-ക്ക് സമ്മാനിച്ചിട്ട് ഇവിടെ വന്ന് പുതുപ്പള്ളിയിൽ ഞങ്ങൾ ജയിച്ചത് സഹതാപം കൊണ്ടാണെന്ന് പറയാൻ ഉളുപ്പില്ലേ? ഈ സർക്കാർ സംസ്ഥാനത്തെ സാമ്പത്തികമായി തകർച്ചയിലേയ്ക്ക് തള്ളിവിട്ടു. കരകുളം വിദ്യാധിരാജാ എൽ.പി.എസ്.-ലെ ഒരു അദ്ധ്യാപകൻ എ.ഇ.ഒ.-യ്ക്ക് അയച്ച കത്ത് എന്റെ കയ്യിലുണ്ട്. ഉച്ചഭക്ഷണത്തിനുള്ള കാശ് കയ്യിൽനിന്നും കൊടുക്കുകയാണെന്നും രണ്ട് ലക്ഷം രൂപ വായ്പയെടുത്തുവെന്നും ഇനി വായ്പയെടുക്കാൻ കഴിയില്ലെന്നും കയ്യിൽ കാശില്ലെന്നും കുട്ടികളുടെ ഉച്ചഭക്ഷണം മുടങ്ങാൻ പോകുകയാണെന്നുമാണ് ആ കത്തിലുള്ളത്. സർക്കാർ കുടിശ്ശിക നൽകാനുള്ളതിനാൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP)-യുടെ ആനുകൂല്യം ലഭിക്കില്ലെന്നും ആരുമത് ചോദിച്ചുവരേണ്ടെന്നും ആശുപത്രികളിൽ ബോർഡുകൾ വയ്ക്കുകയാണ്. ജനകീയ ഹോട്ടലുകളൊക്കെ പൂട്ടിപ്പോകുകയാണ്. കെ.എസ്.ആർ.ടി.സി. ജീവനക്കാരും പെൻഷൻകാരും

ഉമ്മൻചാണ്ടിയുടെ ഖബറിൽ അപേക്ഷ കൊണ്ടുവച്ചിട്ട് ഞങ്ങൾക്ക് ശമ്പളം കിട്ടാൻ പ്രാർത്ഥിക്കണമേ, സഹായിക്കണമേ എന്നുപറയുന്നത് പുതുപ്പള്ളിയിൽ നമ്മൾ കണ്ടതാണ്. ഇങ്ങനെയൊരു അവസ്ഥയുണ്ടോ? മെഡിക്കൽ കോളേജിൽ രോഗികൾക്കുള്ള ബ്രഡ് നിർത്തലാക്കിയെന്നതും വിദ്യാവാഹിനി പദ്ധതി നിർത്തലാക്കിയതിനാൽ വിദ്യാർത്ഥികളുടെ പഠനം മുടങ്ങിയെന്നതും പത്രവാർത്തയാണ്. ഉച്ചഭക്ഷണത്തിന്റെയും നെല്ല് സംഭരണത്തിന്റെയും കാര്യത്തിലുള്ള കേന്ദ്രസർക്കാരിന്റെ സമീപനം ശരിയല്ല. കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും ഇക്കാര്യത്തിൽ ജനങ്ങൾക്കെതിരായ യുദ്ധപ്രഖ്യാപനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇവിടെ അഴിമതിക്ക് കുറവുണ്ടോ? ഞാൻ വ്യവസായ വകുപ്പിനെതിരെ എഴുതിക്കൊടുത്ത ഒരു അഴിമതിയാരോപണം ഉന്നയിക്കാൻ അനുവാദം ചോദിച്ചിട്ടുണ്ട്. സംസ്ഥാനം കണ്ട ഏറ്റവും വലിയ അഴിമതിയാണ് നിരത്തുകളിൽ എ.ഐ. ക്യാമറ സ്ഥാപിക്കുന്നതിനുവേണ്ടി ആരംഭിച്ച പദ്ധതി. മോഷണം തടയാൻവേണ്ടി വീടുകളുടെയും സ്ഥാപനങ്ങളുടെയും മുമ്പിൽ ക്യാമറ വയ്ക്കാറുണ്ട്. എന്നാൽ മോഷ്ടിക്കാൻവേണ്ടി ക്യാമറ വച്ച

ലോകത്തിലെ ആദ്യത്തെ സർക്കാരാണ് പിണറായി സർക്കാർ. സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ.ഐ. ക്യാമറ സ്ഥാപിക്കുന്നതിനുവേണ്ടി കെൽട്രോണിനെയാണ് ചുമതലപ്പെടുത്തിയത്. ധനകാര്യ വകുപ്പിന്റെ ജി.ഒ. (പി.) നമ്പർ 77/2019 പ്രകാരം Non-PMC works for IT/IT enabled services, traffic signaling system ആണ് കെൽട്രോണിനെ ചുമതലപ്പെടുത്തിയിരിക്കുന്നത്. അതായത്, Non-PMC work ആണ് ഇവർക്ക് ചെയ്യാൻ അനുവാദമുള്ളത്. എന്നാൽ ധനകാര്യ വകുപ്പ് ഇറക്കിയ ഉത്തരവിന് വിരുദ്ധമായി പി.എം.സി. വർക്കാണ് കെൽട്രോണിനെ ഏൽപ്പിച്ചിരിക്കുന്നത്. ഇങ്ങനെയൊരു പദ്ധതി നടപ്പിലാക്കിയതിന്റെ അനുഭവസമ്പത്തില്ലാത്ത കെൽട്രോൺ 70 മുതൽ 80 കോടി രൂപവരെ ചെലവുള്ള ഈ പദ്ധതിക്കുവേണ്ടി 232 കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയത്. ആ എസ്റ്റിമേറ്റാണ് അഴിമതിയുടെ പ്രഭവ കേന്ദ്രം. പദ്ധതിക്കായി ക്യാമറകൾ വാങ്ങുന്നതിനുള്ള ടെണ്ടർ ഡോക്യുമെന്റ് പ്രകാരം സാങ്കേതികമായും സാമ്പത്തികമായും യോഗ്യതയുള്ള ഒറിജിനൽ എക്യുപ്മെന്റ് മാനുഫാക്ചറർക്കും ആതറൈസ്ഡ് വെണ്ടർക്കും മാത്രമേ ടെണ്ടറിൽ

പങ്കെടുക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ ഇതുസംബന്ധിച്ച് ആതറൈസ്ഡ് വെണ്ടർ അല്ലാത്ത സാങ്കേതിക പരിജ്ഞാനമില്ലാത്ത എസ്.ആർ.ഐ.ടി. എന്ന സ്ഥാപനം അവരുമായി ചേർന്ന് നിൽക്കുന്ന അശോകാ ബിൽഡ്കോൺ, അക്ഷര എന്റർപ്രൈസസ് എന്നീ കമ്പനികളുമായി ചേർന്ന് കാർട്ടെൽ രൂപീകരിച്ചുകൊണ്ട് ടെണ്ടർ വ്യവസ്ഥകൾക്ക് വിരുദ്ധമായി കരാർ നേടിയെടുത്തു. ഡാറ്റാ സെക്യൂരിറ്റി, ഡാറ്റാ ഇന്റഗ്രിറ്റി, കോൺഫിഗറേഷൻ ഓഫ് എക്യുപ്മെന്റ്, ഫെസിലിറ്റി മാനേജ്മെന്റ് എന്നിവ അടങ്ങുന്ന സുപ്രധാനമായ കരാറുകളൊന്നും ഉപകരാർ നൽകാൻ പാടില്ലെന്ന വ്യവസ്ഥ ലംഘിച്ചുകൊണ്ട് എസ്.ആർ.ഐ.ടി. എല്ലാം ഉപകരാർ കൊടുത്തു. അങ്ങനെ ഉപകരാർ ലഭിച്ച അൽഹിന്ദ്, പ്രസാഡിയോ കമ്പനികൾ അവരുമായി കരാറിൽ ഒപ്പിട്ടു. പിന്നീട് ഇത് ദുരൂഹമാണെന്ന് കണ്ടപ്പോൾ അൽഹിന്ദ് കരാറിൽ നിന്നും പിൻമാറിയതിനെത്തുടർന്ന് എല്ലാ ജോലികളും പൂർണ്ണമായി ഉപകരാർ വ്യവസ്ഥകളിൽ ലൈറ്റ് മാസ്റ്റർ, പ്രസാഡിയോ എന്നീ സ്ഥാപനങ്ങൾക്ക് നൽകാൻ തീരുമാനിച്ചു. അതിന്റെയടിസ്ഥാനത്തിൽ മൊത്തം തുകയുടെ 6% അതായത് ഏതാണ്ട് 9 കോടി രൂപ കമ്മീഷനായി

എസ്.ആർ.ഐ.ടി.-ക്ക് ലഭിക്കുന്നു. പണം മുടക്കുന്ന ലൈറ്റ് മാസ്റ്റർ കമ്പനിക്ക് 40% ലാഭവും ഒരു പണവും മുടക്കാത്ത പ്രസാഡിയോ കമ്പനിക്ക് 60% ലാഭവും ലഭിക്കുന്നു. അതായത്, നോക്കുകൂലി 60%. കേട്ടുകേൾവിയുണ്ടോ? ********+ സമയം അനുവദിക്കാത്തതുകൊണ്ടാണ് അത് എടുക്കാത്തത്. ഇവിടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ ദുരൂഹത, ധനകാര്യ വകുപ്പിന്റെ ഓർഡർ ലംഘിച്ചതിൽ നിയമലംഘനം, ഉപകരാറിൽ അഴിമതി, 60% നോക്കുകൂലി അല്ലെങ്കിൽ അഴിമതി പണമായി വാങ്ങുന്നു. അതുകൊണ്ട് എ.ഐ. ക്യാമറയുമായി ബന്ധപ്പെട്ട അഴിമതി സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്താൻ ഉത്തരവിടണമെന്ന് അഭ്യർത്ഥിക്കുകയാണ്.

**ക്രമപ്രശ്നം**

<u>പരാമർശം നീക്കം ചെയ്യുന്നത് സംബന്ധിച്ച്</u>

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർ, ബഹുമാനപ്പെട്ട അംഗം വ്യവസായ വകുപ്പിനെക്കുറിച്ച് സംസാരിക്കുമെന്നാണ് എഴുതിത്തന്നിരിക്കുന്നത്. റൂൾ 285 അനുസരിച്ച് മുൻകൂട്ടി നോട്ടീസ് നൽകാതെ ഒരാൾക്കെതിരെ ആരോപണം ഉന്നയിക്കാൻ പാടില്ല.

\+ ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവുപ്രകാരം (ഫയൽ നം.15331/ഇ.ബി/2023/നി.സെ. തീയതി 12-9-2023) രേഖയിൽനിന്നും നീക്കം ചെയ്തു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മകനെതിരെയടക്കം എഴുതിത്തരാത്ത കാര്യങ്ങൾ പറഞ്ഞിരിക്കുകയാണ്. അത് രേഖയിലുണ്ടാകാൻ പാടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: എഴുതിത്തന്നിട്ടുള്ള കാര്യങ്ങൾ മാത്രമേ ആരോപണമായി ഉന്നയിക്കാവൂ. സഭയിൽ ഉന്നയിച്ച കാര്യങ്ങളെ സംബന്ധിച്ച റൂളിംഗ് പിന്നീട് നൽകുന്നതാണ്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. യു.ഡി.എഫ്.-കാർ അഴിമതി ആരോപണങ്ങൾ പലതും ഉന്നയിക്കുന്നത് എഴുതിക്കൊടുക്കാതെയാണ്. ഇവർ എന്തിനും ഏതിനും അഴിമതി ആരോപണങ്ങൾ ഉന്നയിക്കുകയാണ്. ഷാർജ സുൽത്താനുപോലും മുഖ്യമന്ത്രി കൈക്കൂലി കൊടുത്തുവെന്ന് പറഞ്ഞവരാണ്, അവർക്ക് പറയുന്നതിന് ഒരു ലൈസൻസുമില്ല. എന്തായാലും എ.ഐ. ക്യാമറ വന്നതുകൊണ്ട് അപകടങ്ങളും അപകടമരണ നിരക്കും വളരെയേറെ കുറഞ്ഞുവെന്ന് പറയുന്നുണ്ട്. ഇത് നമ്മുടെ നാടിനെ സംബന്ധിച്ച് വളരെ ഗുണമുള്ള കാര്യമാണ്. യഥാർത്ഥത്തിൽ സാധാരണ വാഹന പരിശോധന ഒഴിവാക്കി എ.ഐ. ക്യാമറകൾ വയ്ക്കുന്നതാണ് നല്ലതെന്നാണ്

മനസ്സിലാകുന്നത്. എന്തിനെയും അടച്ചാക്ഷേപിക്കുന്നത് ശരിയല്ല. എ.ഐ. ക്യാമറ സംവിധാനത്തെയും അപകടങ്ങൾ കുറഞ്ഞതിനെയും കുറിച്ച് പഠിക്കുന്നതിനായി കോൺഗ്രസ് ഭരിക്കുന്ന കർണ്ണാടകയിൽനിന്നുപോലും ആളുകൾ എത്തിയെന്നത് മനസ്സിലാക്കാതെ അഴിമതി ആരോപണം നടത്തിയതുകൊണ്ടുമാത്രം കാര്യമില്ല. സാമ്പത്തിക ഞെരുക്കത്തിനിടയിലും നവകേരളം കെട്ടിപ്പടുക്കുന്നതിനുള്ള പ്രവർത്തനത്തിന്റെ ഭാഗമായാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ ഉപധനാഭ്യർത്ഥനകൾ കൊണ്ടുവന്നിരിക്കുന്നത്. സംസ്ഥാനങ്ങളുടെ പല അവകാശങ്ങളും കേന്ദ്രം കവർന്നെടുത്തുകൊണ്ടിരിക്കുകയാണ്. കേന്ദ്രസർക്കാർ ഇഷ്ടംപോലെ കടമെടുക്കുകയും സംസ്ഥാനങ്ങളുടെ കടമെടുക്കാനുള്ള പരിധി വെട്ടിക്കുറയ്ക്കുകയുമാണ് ചെയ്യുന്നത്. രാജ്യത്തെ മൊത്തം വരുമാനത്തിന്റെ 62.7% ലഭിക്കുന്നത് കേന്ദ്രത്തിനാണെങ്കിലും ഏറ്റെടുക്കേണ്ട ആകെ ചെലവിന്റെ 62.4 ശതമാനവും വഹിക്കേണ്ടത് സംസ്ഥാനങ്ങളാണെന്ന് കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാകും. ഇതുതന്നെ വലിയൊരു അന്തരമാണ്. ജി.എസ്.ടി. വരുമാനത്തിന്റെ 50 ശതമാനത്തിലധികം

കേന്ദ്രസർക്കാർ ഏറ്റെടുക്കുകയും സംസ്ഥാനങ്ങൾക്ക് തനതായി നികുതി ചുമത്താൻ കഴിയാത്ത അവസ്ഥയുണ്ടാക്കുകയും ചെയ്തിരിക്കുകയാണ്. സംസ്ഥാനങ്ങൾക്ക് തനതായി നികുതി ചുമത്താൻ കഴിയുന്നത് മദ്യത്തിലും പെട്രോളിലുമാണ്. എന്നാൽ പെട്രോളിലടക്കം സെസ് കൊണ്ടുവന്ന് കേന്ദ്രം നികുതി പിരിച്ചെടുക്കുന്ന കാഴ്ചയാണ് കാണുന്നത്. കേരളമടക്കമുള്ള സംസ്ഥാനങ്ങളുടെ വരുമാനത്തിൽനിന്നും പരമാവധി കൈയിട്ടുവാരുകയും എന്നാൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ കേരളം പോലെയുള്ള സംസ്ഥാനങ്ങൾക്ക് നൽകാതിരിക്കുകയും ചെയ്യുന്ന കാഴ്ച നാം കാണുകയാണ്. ഉച്ചക്കഞ്ഞിക്ക് കൈയിൽനിന്ന് വീണ്ടും കാശ് കൊടുക്കാനില്ലെന്ന് പറഞ്ഞുകൊണ്ട് ഒരു അദ്ധ്യാപകൻ എഴുതിയ കത്തിനെക്കുറിച്ച് കുണ്ടറ അംഗം ശ്രീ. പി. സി. വിഷ്ണുനാഥ് ഇവിടെ സംസാരിച്ചു. വസ്തുതാവിരുദ്ധമായ കാര്യങ്ങൾ പറയുന്നത് കേൾക്കുമ്പോൾ വേദന തോന്നുകയാണ്. ഈ പ്രശ്നം എന്റെ മണ്ഡലത്തിലടക്കം എല്ലായിടത്തുമുണ്ട്. കേന്ദ്രത്തിൽ കേരളത്തിൽനിന്നുള്ള 18 കോൺഗ്രസ് എം.പി.-മാരുണ്ട്. കേരളത്തിന് രണ്ട് വർഷമായി ഉച്ചക്കഞ്ഞിക്കുള്ള വിഹിതം കേന്ദ്രം നൽകാതിരിക്കുകയും

കേരളത്തിലെ കുട്ടികൾ പട്ടിണികിടക്കാതിരിക്കാനായി സാമ്പത്തിക ഞെരുക്കത്തിനിടയിലും സംസ്ഥാന സർക്കാർ ഫണ്ട് നൽകിക്കൊണ്ടിരിക്കുകയും ചെയ്യുമ്പോൾ കേന്ദ്രം വിഹിതം നൽകാത്തതിനെതിരെ ശക്തമായി ശബ്ദിക്കേണ്ട 18 എം.പി.-മാരും എന്ത് ചെയ്യുകയായിരുന്നു? കിളയ്ക്കാൻ പോകുകയാണോയെന്ന് കോൺഗ്രസിന്റെ പ്രസിഡന്റ് ചോദിച്ചു. കേന്ദ്രം വിഹിതം നൽകാത്തതിനെതിരെ ശബ്ദിക്കാത്തവരോട് കിളയ്ക്കാൻ പോകുകയാണോയെന്ന് ചോദിക്കേണ്ടത് ഞങ്ങളാണ്. കേന്ദ്രം ഉച്ചക്കഞ്ഞിക്കുള്ള വിഹിതം നൽകണ്ടേ; അതിനെതിരായി എം.പി.-മാർ ശബ്ദിക്കണ്ടേ? എന്നിട്ടും കുട്ടികൾ പട്ടിണി കിടക്കാതിരിക്കാനായി കഴിഞ്ഞ രണ്ട് വർഷമായി ഉച്ചക്കഞ്ഞിക്ക് ഫണ്ട് നൽകിയ സംസ്ഥാന സർക്കാരിനെതിരെയാണ് സംസാരിക്കുന്നത്. ഉച്ചക്കഞ്ഞി വിതരണത്തിനാവശ്യമായ ഫണ്ടിന്റെ 60% കേന്ദ്രം വിഹിതമായി നൽകേണ്ടതാണ്. 130 കോടി രൂപയിലധികം തുക ഈ വകയിൽ ലഭിക്കാനുണ്ട്. കോൺഗ്രസിന്റെ 18 എം.പി.-മാർ ഇതിനെതിരെ ശബ്ദിച്ചോ;

ഒരു സമരമെങ്കിലും നടത്തിയോ? വസ്തുതകൾ വളച്ചൊടിച്ച് സംസ്ഥാന സർക്കാരിനെതിരെ തിരിക്കുക എന്നുള്ളത് കേവലം രാഷ്ട്രീയം മാത്രമാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ആശുപത്രികളുടെ മുമ്പിൽ വെറും ബോർഡ് മാത്രമാണുള്ളതെന്ന് ബഹുമാനപ്പെട്ട കുണ്ടറ എം.എൽ.എ. ഇവിടെ പറയുകയുണ്ടായി. സ്കൂൾ ഉച്ചഭക്ഷണ പദ്ധതി പോലെതന്നെ ആരോഗ്യ മേഖലയിൽ ഇന്ത്യയിൽ ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനവും കേരളമാണ്. പ്രസ്തുത ഉദ്യമത്തിനുള്ള പുരസ്കാരം കേരളത്തിന് നൽകിയത് കേന്ദ്രസർക്കാരാണ്, വകുപ്പുമന്ത്രി എന്ന നിലയിൽ ഞാൻ ഡൽഹിയിൽ പോയി അത് ഏറ്റുവാങ്ങിയതുമാണ്. സൗജന്യ ചികിത്സാ പദ്ധതിക്കായി കേന്ദ്രം നൽകുന്നത് 138 കോടി രൂപയാണ്. എന്നാൽ കേരളം ഈ രംഗത്ത് ഒരു വർഷം നൽകുന്നത് 1800 കോടി രൂപയാണ്. അതായത്, കേരളം നൽകുന്ന തുകയുടെ 8 ശതമാനത്തിൽ താഴെ മാത്രമാണ് കേന്ദ്രം ഈ രംഗത്ത് ചെലവഴിക്കുന്നത്. എന്നിട്ടും കേന്ദ്ര സർക്കാരിനെതിരെ

സംസാരിക്കാൻ ഇവിടത്തെ പ്രതിപക്ഷം തയ്യാറാകുന്നില്ലെന്നുള്ളത് നിർഭാഗ്യകരമാണ്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഇതുപോലെയുള്ളൊരു ആക്ഷേപമാണ് നെല്ല് സംഭരണം സംബന്ധിച്ചുമുള്ളത്. നെല്ല് സംഭരണത്തിനുള്ള കേന്ദ്രവിഹിതം 6 മാസംവരെ വൈകിയാണ് ലഭിക്കുന്നത്. കേന്ദ്ര വിഹിതം ലഭ്യമാകുന്നതിന് മുമ്പുതന്നെ സംഭരിച്ച നെല്ലിന്റെ തുക സംസ്ഥാനം കടമെടുത്ത് നൽകുന്ന പതിവാണുള്ളത്. എന്നാൽ നമുക്ക് ലഭ്യമാകേണ്ട കേന്ദ്രവിഹിതത്തെക്കുറിച്ച് ആരും ശബ്ദിക്കാറില്ല. കണക്ക് കൊടുത്തില്ലെന്നും മറ്റുമുള്ള ബി.ജെ.പി. പറയുന്ന കാര്യങ്ങൾ ഏറ്റുപിടിക്കുന്ന തരത്തിലേയ്ക്ക് കേരളത്തിലെ കോൺഗ്രസ് തരം താഴ്ന്നുവെന്നത് വിഷമമുള്ള കാര്യമാണ്. നമ്മളെല്ലാവരും ഒരു മുന്നണിയായി ഫാസിസത്തിനെതിരായി പ്രതിരോധം തീർക്കേണ്ടവരാണ്, ഇത്തരത്തിൽ ബി.ജെ.പി.-ക്കാർ അഴിച്ചുവിടുന്ന നുണകൾ ഏറ്റുപിടിക്കുന്ന സാഹചര്യത്തിലേയ്ക്ക് പ്രിയപ്പെട്ട യു.ഡി.എഫ്. മെമ്പർമാർ പോകരുത്. ഈ ഉപതെരഞ്ഞെടുപ്പിൽ നല്ലരീതിയിലുള്ള വിജയം യു.ഡി.എഫ്-ന് ഉണ്ടായിട്ടുണ്ട്, ശ്രീ. ചാണ്ടി ഉമ്മനെ അഭിനന്ദിക്കുകയാണ്.

ഉമ്മൻ ചാണ്ടിക്കുണ്ടായിരുന്ന വ്യക്തിപരമായ പ്രഭാവവും അദ്ദേഹം മരണപ്പെട്ടപ്പോഴുണ്ടായ സഹതാപവും വിജയത്തിനിടയായിട്ടുണ്ട്. ഉമ്മൻ ചാണ്ടിയെ ജീവിതകാലം മുഴുവൻ വേട്ടയാടുകയായിരുന്നുവെന്ന് ഇവിടെ സംസാരിച്ചവരിൽ ചിലർ പറഞ്ഞു, ആരാണ് വേട്ടയാടിയത്? ഇന്ന് അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. മരണശേഷവും ഉമ്മൻ ചാണ്ടിയെക്കുറിച്ചുള്ള കാര്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കണമെന്ന് ആഗ്രഹമുള്ള ചില ആളുകളാണ് ഇതിനുപിന്നിലുള്ളത്. ഉമ്മൻ ചാണ്ടിയെക്കുറിച്ച് പരസ്യമായി പ്രസംഗിക്കുകയും വ്യക്തിപരമായി മോശം പരാമർശം നടത്തുകയും ചെയ്തത് എൽ.ഡി.എഫ്-ന്റെ നേതാക്കളല്ല, ആരാണെന്ന് പേരെടുത്ത് ഞാൻ പറയുന്നില്ല. പേര് പറയണമെന്ന് നിങ്ങൾക്ക് ആഗ്രഹമുണ്ട്. അത് നിങ്ങൾ തമ്മിലുള്ള പ്രശ്നമാണ്, അത് ഞങ്ങൾ പറയേണ്ട കാര്യമില്ല. അദ്ദേഹത്തെ വ്യക്തിപരമായി ആക്രമിച്ചുകൊണ്ട് സംസാരിച്ചത് അക്കൂട്ടത്തിലുള്ള ആളുകളാണ്. അദ്ദേഹത്തെ പലതരത്തിൽ വേട്ടയാടി. അന്വേഷണ കമ്മീഷൻ പ്രഖ്യാപിച്ചതും അതിന്റെ റിപ്പോർട്ട് വന്നതും അദ്ദേഹത്തിന്റെ സർക്കാരിന്റെ

കാലത്താണ്. അദ്ദേഹത്തെ ജീവിതകാലം മുഴുവനും വേട്ടയാടിയത് സ്വന്തം പാളയത്തിലുള്ള ആളുകളാണ്. എന്തായാലും ഇന്നത്തെ ചർച്ചയിൽ വീണ്ടും ഈ വിഷയങ്ങളും വസ്തുതകളുമൊക്കെ വരില്ലേ? മരണത്തിന് മുമ്പുതന്നെ പ്രതീകാത്മകമായി അദ്ദേഹത്തെ മരണപ്പെടുത്തിയത് നിങ്ങളാണ്. ഞങ്ങൾ വ്യക്തിപരമായി ഏറെ ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്ത ആളാണ് ഉമ്മൻ ചാണ്ടി. എന്നാൽ ഒരു പരാജയപ്പെട്ട സർക്കാരായിരുന്നു അദ്ദേഹത്തിന്റേതെന്ന കാര്യത്തിൽ യതൊരു സംശയവുമില്ല. അന്ന് ക്ഷേമ പെൻഷൻ മാസം 600/- രൂപയായിരുന്നു. 30 ലക്ഷത്തോളം വരുന്ന ആളുകൾക്ക് മാത്രം കൊടുത്തിരുന്ന ആ പെൻഷൻ തുക 18 മാസം തടഞ്ഞുവച്ചു. അതൊരു പരാജയമായിരുന്നില്ലേ? എന്നാൽ ക്ഷേമ പെൻഷൻ 1,600/- രൂപയാക്കി ഉയർത്തുകയും മുടങ്ങുമെന്ന് നിങ്ങൾ പ്രചരിപ്പിച്ചിട്ടും ഒരിക്കൽപ്പോലും മുടങ്ങാതെ 68 ലക്ഷത്തോളം ആളുകൾക്ക് കൊടുത്തുകൊണ്ടിരിക്കുകയും ചെയ്യുന്ന സർക്കാരിന്റെ പേരാണ് എൽ.ഡി.എഫ്. സർക്കാർ. ഇതാണ് വ്യത്യാസം. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് പല പദ്ധതികളും നിർത്തിവച്ചു. നാഷണൽ

ഹൈവേയുടെ പ്രവർത്തനം ഇനി ഇവിടെ നടക്കില്ലെന്ന് പറഞ്ഞ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അവരുടെ ഓഫീസ് പൂട്ടിപ്പോയതാണ്. വൈദ്യുതിയുമായി ബന്ധപ്പെട്ട് ഇടമൺ-കൊച്ചി പവർ ഹൈവേയുടെ ഓഫീസും പൂട്ടിപ്പോയതാണ്. അതോടൊപ്പം ഗെയിൽ പൈപ്പ്ലൈനും നിർത്തിപ്പോകാൻ തീരുമാനിച്ചതാണ്. എന്നാൽ എൽ.ഡി.എഫ്. സർക്കാർ വന്നതിനുശേഷം ഇവയെല്ലാം പുനരുജ്ജീവിപ്പിച്ചു. എൽ.ഡി.എഫ്. സർക്കാർ വന്നതിനുശേഷം കേന്ദ്രസർക്കാർ ഒരു ഡിമാന്റ് കൂടി വച്ചു. അതുപ്രകാരം മറ്റ് സംസ്ഥാനങ്ങൾക്കില്ലാത്ത വിധത്തിൽ സംസ്ഥാനവിഹിതം കൂടി കൊടുത്തുകൊണ്ട് നാഷണൽ ഹൈവേ ഇന്ന് യാഥാർത്ഥ്യമാക്കിക്കൊണ്ടിരിക്കുകയാണ്. അതിനുപുറമെ ഇടമൺ-കൊച്ചി പവർ ഹൈവേ യാഥാർത്ഥ്യമായിക്കഴിഞ്ഞു. ഇത്തരത്തിലുള്ള നിരവധി പദ്ധതികൾ നടപ്പിലാക്കുന്നതിൽ യു.ഡി.എഫ്. സർക്കാർ പരാജയമായിരുന്നുവെങ്കിൽ ഇന്ന് എൽ.ഡി.എഫ്. സർക്കാർ ഇതെല്ലാം പ്രാവർത്തികമാക്കി മുന്നോട്ടുപോകുകയാണ്. കേരളത്തിൽ 68 ലക്ഷത്തോളം ആളുകൾക്ക് 1,600/- രൂപ പെൻഷൻ കിട്ടുന്നുണ്ട്. യു.ഡി.എഫ്.-ന്റെ കാലത്ത്

18 മാസം പെൻഷൻ കിട്ടിയില്ല എന്നത് യാഥാർത്ഥ്യമല്ലേ; നുണ പറഞ്ഞിട്ട് കാര്യമുണ്ടോ?

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. മുഹമ്മദ് മുഹസിൻ: വിലക്കയറ്റത്തിന്റെ കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. രാജ്യത്ത് വിലക്കയറ്റം അതിരൂക്ഷമായി മുന്നോട്ടുപോകുന്ന സമയത്താണ് ഓണം വന്നത്. ഇത്തവണ സാധാരണക്കാർക്ക് ഓണം ഉണ്ണാൻ കഴിയില്ലെന്നാണ് പറഞ്ഞത്. എന്നാൽ ഇക്കാര്യത്തിൽ സർക്കാർ ശക്തമായ ഇടപെടലാണ് നടത്തിയത്. സപ്ലൈകോയുടെയും കൺസ്യൂമർ ഫെഡിന്റെയും ഇടപെടലിന്റെ ഭാഗമായി ആളുകൾക്ക് നന്നായി ഓണം ഉണ്ണാനുള്ള സാഹചര്യമൊരുങ്ങിയില്ലേ? യു.ഡി.എഫ്.-കാർ അതൊന്നും മറക്കരുത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഞാൻ കൂടുതൽ കാര്യങ്ങൾ പറയുന്നില്ല. ഏതാണ്ട് നാല് ലക്ഷത്തോളം ആളുകൾക്ക് വീട് നൽകുമെന്ന് പ്രഖ്യാപിക്കുക മാത്രമല്ല ഇപ്പോഴും കൊടുത്തുകൊണ്ടിരിക്കുകയല്ലേ? ഓരോ

മണ്ഡലത്തിലെയും കാര്യങ്ങൾ പരിശോധിച്ചാൽ അത് മനസ്സിലാകും.

(.....മൈക്ക് ഓഫ്.....)

**11:00 AM]**

**ക്രമപ്രശ്നം**

പരാമർശം നീക്കം ചെയ്യുന്നത് സംബന്ധിച്ച്

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ചട്ടം 303 പ്രകാരം ക്രമപ്രശ്നം ഉന്നയിക്കുകയാണ്. നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 285-ൽ ഒരാൾക്കെതിരായുള്ള ആരോപണം സംബന്ധിച്ച നടപടിക്രമത്തെക്കുറിച്ച് പറയുന്നുണ്ട്. ബഹുമാനപ്പെട്ട ചെയറിന് മുൻകൂട്ടി എഴുതി നൽകിയതിനുശേഷമായിരിക്കണം ഒരാൾക്കെതിരെ ആരോപണം ഉന്നയിക്കേണ്ടതെന്നും അല്ലാത്തപക്ഷം സഭ മുമ്പാകെ ആരോപണം കൊണ്ടുവരരുതെന്നുമാണ് അതിൽ സൂചിപ്പിച്ചിട്ടുള്ളത്. ഇവിടെ നേരത്തെ സംസാരിച്ച ശ്രീ. പി. സി. വിഷ്ണുനാഥ് യഥാർത്ഥത്തിൽ സഭയെയും ചെയറിനെയും കബളിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. (......ബഹളം.......)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്....... മിനിസ്റ്റർ പറയട്ടെ.

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, ബഹുമാനപ്പെട്ട ചെയറിന്റെ അനുവാദത്തോടുകൂടി ചട്ടപ്രകാരമാണ് ഞാൻ ക്രമപ്രശ്നം ഉന്നയിച്ചത്. മുൻകൂട്ടി നൽകിയ നോട്ടീസിന് വിരുദ്ധമായ കാര്യമാണ് ശ്രീ. പി. സി. വിഷ്ണുനാഥ് ആരോപണമായി ഇവിടെ ഉന്നയിച്ചത്. ഇതിലൂടെ അദ്ദേഹം ചെയറിനെയും സഭയെയും കബളിപ്പിക്കുകയും വഞ്ചിക്കുകയുമാണ് ചെയ്തത്. യു.ഡി.എഫ്. പൊതുവിൽ സ്വീകരിച്ചുവരുന്ന വഞ്ചനാപരമായ സമീപനത്തിന് ഉദാഹരണമാണ് ഇന്ന് സഭയിൽ കണ്ടത്. അതുകൊണ്ട് ഇപ്പോൾത്തന്നെ പ്രസ്തുത പരാമർശങ്ങൾ രേഖയിൽനിന്ന് നീക്കം ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ പ്രൊസീജ്യർ വളരെ ക്ലിയറാണ്. ബന്ധപ്പെട്ട മന്ത്രിക്ക് മറുപടി പറയാൻ അവസരം കൊടുക്കുന്നതിനുവേണ്ടിയാണ് മുൻകൂട്ടി നോട്ടീസ് നൽകുന്നത്. എന്നാൽ ആ നോട്ടീസിൽ ഒരംഗം പറയാൻ പോകുന്ന മുഴുവൻ കാര്യങ്ങളും ഈ സഭയുടെ

ചരിത്രത്തിൽ ഒരിക്കലും ആരും എഴുതിക്കൊടുത്തിട്ടില്ല. അഴിമതി ആരോപണങ്ങൾ ഉന്നയിക്കുന്ന സമയത്ത് ഏത് വിഷയത്തെ സംബന്ധിച്ചാണോ ആരോപണം ഉന്നയിക്കുന്നത് അതിന് മറുപടി പറയാൻ ബന്ധപ്പെട്ട വകുപ്പുമന്ത്രിക്ക് അവസരം കൊടുക്കുകയെന്നത് മാത്രമാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. ഇവിടെ ഉന്നയിക്കാൻ പോകുന്ന ആരോപണങ്ങൾ ഒന്നൊന്നായി എഴുതി നോട്ടീസ് രൂപത്തിൽ കൊടുക്കുകയെന്നത് ഈ സഭയുടെ ചരിത്രത്തിലുണ്ടായിട്ടില്ല. അതുകൊണ്ട് ഒരുകാരണവശാലും ഈ പോയിന്റ് ഓഫ് ഓർഡർ നിലനിൽക്കാൻ പാടുള്ളതല്ല.

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കാര്യങ്ങൾ വളച്ചൊടിക്കുകയാണ്. മുഖ്യമന്ത്രിക്കെതിരായ അഴിമതി ആരോപണമെന്ന് നോട്ടീസിൽ പറഞ്ഞിട്ടേയില്ല. എന്നിട്ടും മുഖ്യമന്ത്രിക്കെതിരായി അഴിമതി ആരോപണം ഉന്നയിക്കുന്നത് അങ്ങേയറ്റം വക്രമായ രീതിയാണ്. പ്രതിപക്ഷത്തുള്ളവർ വക്രമായ രീതികളിൽ വിദഗ്ദ്ധരാണെന്നറിയാം. അതിന് ബഹുമാനപ്പെട്ട ചെയറിനെയും സഭയെയും കരുവാക്കരുത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇവിടെ അഴിമതി ആരോപണം ഉന്നയിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം ചെയറിന് നോട്ടീസ് നൽകിയിട്ടുണ്ട്. അതിന് വിപരീതമായി എന്തെങ്കിലും കാര്യങ്ങൾ ഉന്നയിച്ചിട്ടുണ്ടെങ്കിൽ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.+

ശ്രീ. എം. ബി. രാജേഷ്: സർ, ഇക്കാര്യത്തിൽ അങ്ങ് പിന്നീട് തീരുമാനമെടുക്കുകയും രേഖയിൽനിന്നും നീക്കം ചെയ്യുകയും ചെയ്യുമായിരിക്കും. അങ്ങനെയാണെങ്കിൽ ഇവിടെ ഉന്നയിച്ച നോട്ടീസിൽ പറയാത്ത കാര്യങ്ങൾ മാധ്യമങ്ങളിൽ വാർത്തയാകാനിടയാകും. മാധ്യമങ്ങളിൽ വാർത്ത വരുത്തുകയെന്നത് മാത്രമാണ് പ്രതിപക്ഷത്തിന്റെ ഉദ്ദേശ്യം. മാധ്യമങ്ങൾക്കുവേണ്ടിയാണ് വസ്തുതാവിരുദ്ധമായ കാര്യങ്ങൾ സഭയെ ദുരുപയോഗപ്പെടുത്തി പ്രതിപക്ഷാംഗങ്ങൾ ഇവിടെ ഉന്നയിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ട വിഷയത്തെപ്പറ്റി അഴിമതി ആരോപണം ഉന്നയിച്ചുകൊണ്ട് നോട്ടീസ് നൽകിയതുപ്രകാരമാണ് ആയതിന് അവതരണാനുമതി

നൽകിയത്. അതിന് വിപരീതമായി വന്നിട്ടുണ്ടെങ്കിൽ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്+.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ജീവിച്ചിരുന്നപ്പോഴും മരണശേഷവും നിങ്ങൾ വേട്ടയാടിയ ഉമ്മൻചാണ്ടിയെന്ന ആ മഹാമനുഷ്യൻ അനുഭവിച്ച വേദനകൾക്ക് പകരമായാണ് ശ്രീ. ചാണ്ടി ഉമ്മന് റെക്കോർഡ് ഭൂരിപക്ഷം ലഭിച്ചത്. 38000 വോട്ടിന്റെ ലീഡാണ് ശ്രീ. ചാണ്ടി ഉമ്മന് ലഭിച്ചതെങ്കിൽ; നിങ്ങൾക്കുണ്ടായത് 12000 വോട്ടിന്റെ കുറവാണ്. എൽ.ഡി.എഫ്. എങ്ങനെയൊക്കെ സമർത്ഥിച്ചാലും പുതുപ്പള്ളി തെരഞ്ഞെടുപ്പോടെ നിങ്ങളുടെ കൗണ്ട്ഡൗൺ ആരംഭിക്കുകയും ആണിക്കല്ലിളകുകയും ചെയ്തു. ഇതാണ് തുടർഭരണത്തിന്റെ ആകെ സംഭാവന. ജനങ്ങൾ മുഴുവനും നിങ്ങൾക്കെതിരായി. ബംഗാളിലെയും ത്രിപുരയിലെയും അവസ്ഥ വരും തെരഞ്ഞെടുപ്പിൽ ഇവിടെയും ആവർത്തിക്കും. ഈ തെരഞ്ഞെടുപ്പിൽ എന്തൊക്കെയാണ് നിങ്ങൾ അവകാശപ്പെട്ടിരുന്നത്; എന്തെല്ലാം വ്യാജപ്രചാരണങ്ങളാണ് നടത്തിയത്? ജനത്തിന്റെ കൈയിൽനിന്ന്

+ ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവുപ്രകാരം (ഫയൽ നം.15331/ഇ.ബി/2023/നി.സെ. തീയതി 12.09.2023) രേഖയിൽനിന്നും നീക്കം ചെയ്തു.

കരണക്കുറ്റിക്ക് കിട്ടിയ അടിയാണ് ഈ റെക്കോർഡ് ഭൂരിപക്ഷം. ഇന്ന് കാണുന്ന പല അടിസ്ഥാനസൗകര്യ വികസനങ്ങളിലും നിർണ്ണായക പങ്കുവഹിച്ച, നിരവധി ജനക്ഷേമ പദ്ധതികൾ നടപ്പിലാക്കിയ തങ്ങളുടെ പ്രിയപ്പെട്ട നേതാവിനെ മരണശേഷവും അപകീർത്തിപ്പെടുത്തിക്കൊണ്ടുള്ള നിങ്ങളുടെ പ്രചാരണത്തിന് ജനം ശരിക്കും കണക്ക് തീർത്തു. വിഴിഞ്ഞം പദ്ധതി, കൊച്ചി മെട്രോ, സർക്കാർ മെഡിക്കൽ കോളേജുകൾ, എല്ലാ മണ്ഡലങ്ങളിലും കോളേജുകൾ, കണ്ണൂർ വിമാനത്താവളം, ദീർഘകാലം മുടങ്ങിക്കിടന്ന കേരളത്തിലെ ദേശീയപാത, ബൈപ്പാസുകളുടെ നിർമ്മാണം, സ്മാർട്ട് സിറ്റി പദ്ധതി തുടങ്ങി കേരളം കണ്ട ഏറ്റവും വലിയ വികസന പദ്ധതികളുടെയെല്ലാം അമരക്കാരനായിരുന്ന പ്രിയങ്കരനായ ഉമ്മൻചാണ്ടി. ഐക്യരാഷ്ട്രസഭ അംഗീകരിച്ച ജനസമ്പർക്ക പരിപാടി, ചുമട്ടുതൊഴിലാളി ക്ഷേമനിധി നിയമം, ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി രൂപവത്കരിച്ച സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റി എന്നിവയ്ക്കുപുറമെ യുവാക്കൾക്ക് തൊഴിലില്ലായ്മ വേതനം, ആരോഗ്യ ഇൻഷ്വറൻസ്, ഒരു രൂപയ്ക്ക് അരി തുടങ്ങി എത്രയെത്ര ക്ഷേമപദ്ധതികളാണ് അദ്ദേഹം നടപ്പിലാക്കിയത്! മറ്റൊന്നും

പറയാനില്ലാത്തതിനാൽ വികസനം നടന്നില്ലെന്ന പേരുപറഞ്ഞ് വോട്ട് പിടിക്കാൻ ചെന്നാൽ പുതുപ്പള്ളിയിലെ പ്രബുദ്ധരായ ജനം വെറുതെ വിടുമെന്ന് നിങ്ങൾ കരുതിയോ? നിങ്ങൾക്ക് തെറ്റുപറ്റി. ഉമ്മൻ ചാണ്ടിയെന്ന വ്യക്തി പുതുപ്പള്ളിയിൽ മാത്രം ഒതുങ്ങിനിന്ന മനുഷ്യനായിരുന്നില്ല. അദ്ദേഹം കേരളത്തെ മുഴുവൻ തന്റെ കർമ്മമണ്ഡലമായി കണ്ടു. കേരളത്തിലെ ജനങ്ങളൊന്നാകെ ഒഴുകിയെത്തി അദ്ദേഹത്തിന് യാത്രയയപ്പ് നൽകിയത് നിങ്ങൾ കണ്ടതല്ലേ? എന്നിട്ട് വീണ്ടും അദ്ദേഹത്തെ അപമാനിക്കാൻ ചെന്നാൽ കേരളത്തിലെ ജനങ്ങൾ പ്രത്യേകിച്ച് അദ്ദേഹത്തിന്റെ സ്വന്തം പുതുപ്പള്ളിക്കാർ നിങ്ങളെ വെറുതെ വിടുമെന്ന് കരുതിയോ? സപ്ലിമെന്ററി ഡിമാന്റിനെക്കുറിച്ച് പറയുകയാണെങ്കിൽ, സംസ്ഥാനത്ത് ഇപ്പോൾ അപ്രഖ്യാപിത സാമ്പത്തിക അടിയന്തരാവസ്ഥയാണെന്ന് പറയേണ്ടിവരും. നികുതി പിരിവിലെ കെടുകാര്യസ്ഥതയും ധൂർത്തും അനാവശ്യ ചെലവുകളും സംസ്ഥാനത്തുണ്ടാക്കിയ സാമ്പത്തിക പ്രതിസന്ധിയുടെ ഭാരം ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കുന്ന നികുതിക്കൊള്ളയാണ് ഇപ്പോൾ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ജനങ്ങളുടെ ചോരയും നീരും

ഊറ്റിക്കുടിക്കുകയാണ്. സംസ്ഥാനത്തിന് ഉയർത്താൻ സാധിക്കുന്ന എല്ലാ നികുതികളും കഴിഞ്ഞ ബഡ്ജറ്റിന്റെ ഭാഗമായി ഉയർത്തി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയടക്കം നാലായിരം കോടി രൂപയുടെ അധികബാധ്യത പൊതുജനങ്ങളുടെമേൽ കഴിഞ്ഞ തവണ അടിച്ചേൽപ്പിച്ചു. വെള്ളക്കരവും വൈദ്യുതി ചാർജ്ജും വർദ്ധിപ്പിക്കുകയും വീട് വയ്ക്കുന്നതിനുള്ള പെർമിറ്റ് ഫീ ഭീകരമായി കൂട്ടുകയും കെട്ടിടങ്ങൾക്കുള്ള നികുതി ഇരട്ടിയാക്കുകയും ഭൂമിയുടെ ന്യായവില 30% വർദ്ധിപ്പിക്കുകയും രണ്ട് ലക്ഷം രൂപ വരെയുള്ള മോട്ടോർ വാഹനങ്ങളുടെ ഒറ്റത്തവണ നികുതി രണ്ട് ശതമാനമായി ഉയർത്തുകയും ഇന്ധന സെസ് ഏർപ്പെടുത്തുകയും ചെയ്തു. ജനങ്ങൾക്ക് ഈ വർദ്ധനവിന്റെ യാതൊരു പ്രയോജനവും ലഭിച്ചില്ല. എന്നിട്ടും സംസ്ഥാനം മുമ്പെങ്ങും അഭിമുഖീകരിക്കാത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുന്നത്. ഈ പണമെല്ലാം എങ്ങോട്ടാണ് ഒഴുകിപ്പോയത്? സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകാനെന്ന പേരുപറഞ്ഞ് സംസ്ഥാന സർക്കാർ രണ്ട് രൂപ ഇന്ധന സെസ് ഏർപ്പെടുത്തിയിട്ടും മുടങ്ങാതെ പെൻഷൻ കൊടുക്കാൻ

കഴിഞ്ഞോ? ഭരണസംവിധാനത്തെ വിമർശിച്ച് നിങ്ങളുടെ സ്വന്തം ഡോ. ടി. എം. തോമസ് ഐസക് എഴുതിയ ലേഖനത്തിൽ വൻകിട പദ്ധതികൾ നടപ്പിലാക്കാൻ ഭരണകൂടം പ്രാപ്തമല്ലെന്നാണ് പറഞ്ഞിരിക്കുന്നത്. ഏതെങ്കിലും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാകുന്നുണ്ടോ? കോർപ്പറേറ്റ് മൂലധനത്തെ ആകർഷിക്കാൻ സർക്കാരിന് കഴിയുന്നില്ലെന്ന് മാത്രമല്ല, അതിനുള്ള കാര്യക്ഷമതയുമില്ല. വ്യവസായ പ്രോത്സാഹന ഏജൻസികളുടെ പ്രവർത്തനം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പിന്നിലാണ്. കാർഷികമേഖലയിലെ വളർച്ചാ മുരടിപ്പ് ഇപ്പോഴും തുടരുകയാണ്. ഉല്പാദനക്ഷമതയും ഉല്പാദനവുമുയർത്താനുള്ള പാക്കേജ് ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുന്നില്ല. ഭരണയന്ത്രം തുരുമ്പിച്ചുവെന്ന ഡോ. ടി. എം. തോമസ് ഐസക്കിന്റെ ലേഖനം സർക്കാരിനുള്ള സർട്ടിഫിക്കറ്റാണ്. രണ്ടുതവണ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. ടി. എം. തോമസ് ഐസക്കിന്റെ മുൻകൂർ ജാമ്യമാണത്. സേവനമേഖലയിൽ പദ്ധതികൾ ഏറെയാണെന്നും അദ്ദേഹം പറയുന്നു. പരാതികൾ ധാരാളമുണ്ട്. ആരോഗ്യം, വിദ്യാഭ്യാസം,

ഐ.ടി, ടൂറിസം എന്നീ വകുപ്പുകൾ കുത്തഴിഞ്ഞു. മിക്ക സർവകലാശാലകളിലും വൈസ് ചാൻസലർമാരില്ല. കൂടാതെ, പിൻവാതിൽ നിയമനം സർവ്വത്ര നടക്കുകയാണ്. 42 ലക്ഷം ജനങ്ങൾക്ക് സൗജന്യ ചികിത്സ നൽകുന്നതിനുള്ള കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി മുടങ്ങിയിരിക്കുകയാണ്. പ്രസ്തുത പദ്ധതി പ്രകാരം ചികിത്സ നൽകാൻ കഴിയില്ലെന്ന് പല ആശുപത്രികളുടെയും മുന്നിൽ ബോർഡ് വച്ചു. എന്റെ മണ്ഡലത്തിലെ എം.ഇ.എസ്. മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള ആശുപത്രികൾ ഇതുപോലുള്ള ബോർഡ് വച്ചിട്ടുണ്ട്. ഈയിനത്തിൽ 600 കോടിയോളം രൂപ കുടിശ്ശികയുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. മാനസികമായും ശാരീരികമായും വെല്ലുവിളി നേരിടുന്നവരെ ശുശ്രൂഷിക്കുന്നതിനുള്ള ആശ്വാസ കിരണം പദ്ധതി, ഭിന്നശേഷിക്കാർക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി, കുട്ടികൾക്കുള്ള ക്യാൻസർ സുരക്ഷാ ഫണ്ട്, രോഗികൾക്ക് സഹായമെത്തിക്കുന്ന സമാശ്വാസ പദ്ധതി, എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സഹായം, ഹീമോഫീലിയ ബാധിച്ച കുട്ടികൾക്കുള്ള താലോലം പദ്ധതി തുടങ്ങിയ എത്രയെത്ര

സാമൂഹിക പദ്ധതികളാണ് നിലച്ചുപോയത്! സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി കാരണം ഫണ്ട് ലഭിക്കാത്തതാണ് ഇത്തരം പദ്ധതികൾ നിലച്ചുപോകാൻ കാരണമെന്ന് ഇവ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർ പറയുമ്പോൾ ബന്ധപ്പെട്ട വകുപ്പുകളാണ് പദ്ധതി നടപ്പിലാക്കുന്നതിൽ വീഴ്ചവരുത്തുന്നതെന്ന് ധനകാര്യ വകുപ്പ് കുറ്റപ്പെടുത്തുന്നു. ഇതിന്റെ സത്യാവസ്ഥയെന്താണ്? സ്കൂളുകളിൽ ഉച്ചഭക്ഷണം വിതരണം ചെയ്തതിലൂടെ പ്രധാനാദ്ധ്യാപകർക്ക് 130 കോടിയോളം രൂപ കൊടുക്കാനുണ്ട്. പല അദ്ധ്യാപകരും പലിശയ്ക്കെടുത്തും പണയം വച്ചും പണം കണ്ടെത്തിയാണ് ഉച്ചഭക്ഷണം വിതരണം ചെയ്യുന്നത്. പാവങ്ങളായ അദ്ധ്യാപകർ എന്താണ് ചെയ്യേണ്ടത്? ഇതിനൊക്കെയുള്ള തുക കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണം. അല്ലാതെ കേന്ദ്രസർക്കാർ ഇങ്ങോട്ട് കൊണ്ടുതരില്ല. സംസ്ഥാന സർക്കാർ കേന്ദ്രത്തോട് റിക്വസ്റ്റ് ചെയ്യണം. നിങ്ങൾ അത് ചെയ്തില്ല. എല്ലാ കാര്യങ്ങളിലും നിങ്ങൾ വളരെ പിന്നിലാണ്. ഓണക്കിറ്റ് വിതരണം പേരിന് മാത്രമാക്കി ചുരുക്കി. സപ്ലൈകോയിൽ സാധനങ്ങളില്ലെന്ന് ആരെങ്കിലും ബോർഡ് വച്ചാൽ അപ്പോൾത്തന്നെ ആ

ആളിന് സസ്പെൻഷനാണ്. ഈയിനത്തിൽ 4 ലക്ഷം കോടി രൂപയാണ് സഞ്ചിതകടമായി നിൽക്കുന്നത്. ട്രഷറിയിൽനിന്ന് പണം പിൻവലിക്കുന്നതിനുള്ള നിയന്ത്രണം കാരണം 5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള ബില്ലുകൾ മാറുന്നില്ല. ഒരിടത്തുനിന്നും കടം കിട്ടാനില്ല. ഇങ്ങനെപോയാൽ സെക്രട്ടേറിയറ്റ് തന്നെ പണയം വയ്ക്കേണ്ടിവരും. ട്രഷറി നിക്ഷേപത്തിൽ നിന്നും അതായത്, പാവപ്പെട്ട തൊഴിലാളികൾ അംശദായം അടച്ച തുകയായ ക്ഷേമനിധികളിൽനിന്ന് ഇപ്പോൾ പണം കടമെടുക്കാൻ പോകുകയാണ്. സർക്കാരിന് ഇത് തിരിച്ചുകൊടുക്കാൻ കഴിയുമോ? കഴിഞ്ഞ രണ്ടര വർഷമായി ജീവനക്കാർക്ക് ക്ഷാമബത്ത നൽകുന്നില്ല. ഇപ്പോൾത്തന്നെ പതിനെട്ട് ശതമാനത്തിലധികം കുടിശ്ശികയായി. രാജ്യത്ത് ഏറ്റവുമധികം ക്ഷാമബത്ത കുടിശ്ശികയുള്ള സംസ്ഥാനമായി കേരളം മാറി. വിലക്കയറ്റം രൂക്ഷമായ സംസ്ഥാനത്ത് ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുൾപ്പെടെയുള്ളവർ കടുത്ത പ്രയാസത്തിലാണ്. ഇത് ഒന്നോ രണ്ടോ വർഷത്തെ സാമ്പത്തിക കെടുകാര്യസ്ഥതയുടെ കാര്യമല്ല. സർക്കാരിന്റെ ധൂർത്തിന്റെ ഫലമാണ് ജനങ്ങൾ ഇന്ന് അനുഭവിക്കുന്നത്. ഡൽഹിയിലെ പ്രത്യേക

പ്രതിനിധിയായി യുവജന കമ്മീഷൻ ചെയർപേഴ്സൺ, കോടികൾ മുടക്കി പുറത്തുനിന്ന് അഭിഭാഷകരെ കൊണ്ടുവരുന്നത്, മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും വിദേശയാത്രകൾ, കൃഷിയെപ്പറ്റി പഠിക്കാൻ ഇസ്രായേൽ യാത്ര, 32 ലക്ഷം രൂപയുടെ വലിയ കാർ എന്നിങ്ങനെ ധൂർത്തിന്റെ കാര്യം പറയുകയാണെങ്കിൽ ധാരാളമുണ്ട്. 80 ലക്ഷം രൂപയുടെ ഹെലികോപ്റ്റർ ഈ സമയത്ത് വാടകയ്ക്കെടുക്കേണ്ടതുണ്ടോ; സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് മനസ്സിലാക്കണ്ടേ? എനിക്ക് അനുവദിച്ച സമയം അവസാനിക്കുന്നതിനാൽ കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. എനിക്ക് സൂചിപ്പിക്കാനുള്ളത് "കോൺഗ്രസ് മുക്ത് ഭാരത്" എന്ന് ബി.ജെ.പി. പറയുന്നുണ്ട്. ഇവിടെ ജനങ്ങൾ പറയുന്നത് "നയാ സി.പി.എം. മുക്ത് ഭാരത്" എന്നാണ്. ജനങ്ങൾ പുതിയ സി.പി.ഐ.(എം)-നെ അംഗീകരിക്കുന്നില്ല. ഇവിടെ സി.പി.ഐ.(എം)-നെ ഇല്ലാതാക്കണമെന്ന് ഞങ്ങളാരും ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് എനിക്ക് ഒരപേക്ഷയുള്ളത് പഴയ സി.പി.ഐ.(എം) ആയി നിങ്ങൾ മാറണമെന്നാണ്. ഡോ. ടി. എം. തോമസ് ഐസക്, ശ്രീ. എം. എ. ബേബി, ശ്രീ. കെ. സച്ചിദാനന്ദൻ തുടങ്ങിയ

ബുദ്ധിജീവികളും ശ്രീ. ജോയ് മാത്യു, ശ്രീ. ജയസൂര്യ തുടങ്ങിയ ചലച്ചിത്ര താരങ്ങളും ചെറിയ രീതിയിലെങ്കിലും ഇത് തുറന്നുപറയാൻ തുടങ്ങിയത് മാറ്റത്തിന്റെ ലക്ഷണമായി ഞങ്ങൾ കാണുന്നു. മാറിയാൽ നിങ്ങൾക്ക് നല്ലത്. ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. നന്ദകുമാർ: സർ, 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനെ സാമ്പത്തികമായി കൊല്ലാൻ ശ്രമിക്കുന്നതിനിടയിലാണ് ഉപധനാഭ്യർത്ഥനകൾ അവതരിപ്പിച്ചിരിക്കുന്നത്. കേന്ദ്ര സർക്കാർ കേരളത്തിനെതിരെ സാമ്പത്തിക ഉപരോധമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്രവിഹിതത്തിൽ നാൽപ്പതിനായിരത്തോളം കോടി രൂപയുടെ കുറവാണ് വന്നിരിക്കുന്നത്. കേന്ദ്ര വിഹിതം 44 ശതമാനത്തിൽനിന്ന് 25 ശതമാനമായി കുറഞ്ഞിരിക്കുകയാണ്. റവന്യൂ ഗ്രാന്റ് ഇനത്തിൽ 8400 കോടി രൂപയുടെയും ജി.എസ്.ടി. നഷ്ടപരിഹാരം

നിർത്തിയതിന്റെ ഫലമായി പന്ത്രണ്ടായിരം കോടി രൂപയുടെയും കിഫ്ബി സോഷ്യൽ സെക്യൂരിറ്റി കടങ്ങളിലൂടെ 6000 കോടി രൂപയുടെയും പബ്ലിക് അക്കൗണ്ട്സിലുള്ള പണം പൊതുകടത്തിൽ ഉൾപ്പെടുത്തിയതിലൂടെ 12000 കോടി രൂപയുടെയും കുറവാണ് ഉണ്ടായിട്ടുള്ളത്. പൊതുകടമെടുക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുകയാണ്. കേന്ദ്ര വിഹിതത്തിൽ കുറവ് വരുത്തുകയും ഉപരോധമേർപ്പെടുത്തുകയും ചെയ്യുമ്പോൾ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് മെച്ചപ്പെട്ട രീതിയിലുള്ള ഇടപെടലാണ് സർക്കാർ നടത്തിയിട്ടുള്ളത്. കേന്ദ്ര വിഹിതത്തിൽ നാൽപ്പതിനായിരം കോടി രൂപയുടെ കുറവ് വന്നപ്പോൾ കഴിഞ്ഞ രണ്ട് വർഷത്തിനകം 24000 കോടി രൂപയുടെ വരുമാന വർദ്ധനവുണ്ടാക്കാൻ സംസ്ഥാനത്തിന് സാധിച്ചു. 2020-21-ൽ സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരുമാനത്തിൽ 44% കേന്ദ്ര വിഹിതമായിരുന്നു. പിന്നീട് അത് 30 ശതമാനമായി കുറഞ്ഞു. മറ്റു സംസ്ഥാനങ്ങൾക്ക് ശരാശരി 50% ലഭിക്കുമ്പോൾ കേരളത്തിന് 30% മാത്രമാണ് ലഭിക്കുന്നത്. കേരളത്തിനുനേരെയുള്ള കേന്ദ്രത്തിന്റെ ഈ കടന്നാക്രമണത്തിൽ ഇവിടത്തെ പ്രതിപക്ഷത്തിനോ എന്റെ സുഹൃത്തായ

ശ്രീ. മഞ്ഞളാംകുഴി അലിക്കോ യാതൊരു പ്രതിഷേധവുമില്ല. കേരളത്തിൽ പ്രതിപക്ഷം സ്വീകരിച്ച നടപടി തങ്ങളോടൊപ്പം നിൽക്കുന്ന ജനങ്ങൾക്കുകൂടി എതിരാണെന്ന് കാണാൻ നിങ്ങൾ തയ്യാറാണോ? ജനങ്ങൾ ദുരതത്തിലായാലും സംസ്ഥാന സർക്കാർ വിഷമിക്കുന്നത് കാണാനാണ് നിങ്ങൾക്ക് ആഗ്രഹം. ഇതൊരു സാഡിസ്റ്റ് സ്വഭാവമാണ്. കേരളത്തിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ പ്രതിപക്ഷം തയ്യാറല്ല. വികസനകാര്യങ്ങളും കേന്ദ്ര അവഗണനയും ചർച്ച ചെയ്യാതെ സംസ്ഥാന സർക്കാരിനെ പ്രതി ചേർക്കാൻ മാത്രമാണ് പ്രതിപക്ഷം ആഗ്രഹിക്കുന്നത്. കഴിഞ്ഞ നാല് വർഷമായി ഗവൺമെന്റ് വിളിച്ച ഒരു യോഗത്തിൽപ്പോലും പങ്കെടുക്കാത്ത എം.പി. നയിക്കുന്ന പ്രതിപക്ഷത്തുനിന്നും മറ്റൊന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നില്ല. പ്രതിസന്ധിക്കിടയിലും സംസ്ഥാനം പിടിച്ചുനിൽക്കുന്നത് വരുമാന വർദ്ധനവിലൂടെയാണെന്ന് ആഗോള ക്രെഡ്രിറ്റ് റേറ്റിംഗ് ഏജൻസിയായ Hitech പോലും പറയുകയുണ്ടായി. കേരളത്തിന്റെ ധനദൃഢീകരണ പ്രവർത്തനങ്ങളെ അഭിനന്ദിച്ചിരിക്കുകയാണ് Hitech. സർക്കാർ ചെലവുകൾക്ക് ഗണ്യമായ

വിഹിതം, ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ ഉത്തരവാദപരമായ ഇടം നൽകൽ, ബഡ്ജറ്റ് കമ്മി കൈകാര്യം ചെയ്യൽ എന്നിവയെല്ലാം കണക്കിലെടുത്തുകൊണ്ടാണ് Hitech റേറ്റിംഗ് നിശ്ചയിക്കുന്നത്. രാജ്യത്തിന്റെ ആഭ്യന്തര വരുമാനം, ആഭ്യന്തരോല്പാദനം എന്നിവയുടെ വളർച്ചയിൽ നിർണ്ണായക പങ്കുവഹിക്കുന്ന സംസ്ഥാനങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. പ്രതിപക്ഷം ഇതൊന്നും കാണുന്നില്ല. അവർക്ക് സംസ്ഥാന സർക്കാരിനോട് അന്ധമായ വിരോധം മാത്രമാണുള്ളത്. കേരള ജനത ഓണം ആഘോഷിച്ചതിനുശേഷമാണ് ഇപ്പോൾ സഭ ചേരുന്നത്. സാമ്പത്തിക പ്രയാസങ്ങൾക്കിടയിലും നന്നായി ഓണം ആഘോഷിക്കാൻ കഴിഞ്ഞത് സംസ്ഥാന സർക്കാർ ഖജനാവിൽനിന്ന് 18000 കോടി രൂപ കൊടുത്തതുകൊണ്ടാണെന്ന കാര്യം പ്രതിപക്ഷം മനസ്സിലാക്കണം. 64 ലക്ഷം പേർക്ക് ക്ഷേമപെൻഷനും 6 ലക്ഷം കുടുംബങ്ങൾക്ക് ഓണക്കിറ്റും നൽകി. വിലക്കയറ്റം പിടിച്ചുനിർത്താൻ കൺസ്യൂമർഫെഡും സിവിൽ സപ്ലൈസ് കോർപ്പറേഷനും നടത്തിയ ഇടപെടൽ

പ്രതിപക്ഷത്തിന് സഹിക്കാൻ കഴിയുന്നതല്ല. ഓണക്കാലത്ത് കേരള ജനത ദുരിതം അനുഭവിക്കുമെന്നും അതുകണ്ട് ആനന്ദസ്മൃതിയിൽ ആറാടാമെന്നുമാണ് പ്രതിപക്ഷം അന്ന് സ്വപ്നം കണ്ടത്. ആ രൂപത്തിൽ അന്ന് പത്രവാർത്തയും വന്നതാണ്. ഈ സാഡിസ്റ്റ് സ്വഭാവത്തിനുള്ള മരുന്ന് എന്താണെന്ന് അറിയില്ല. ആർ.ബി.ഐ.-യുടെ കണക്കുപ്രകാരം രാജ്യത്ത് വിലക്കയറ്റം ഏറ്റവും കുറഞ്ഞ സംസ്ഥാനമാണ് കേരളം. അതിനുകാരണം പൊതുവിതരണ ശൃംഖലയിലെ ഇടപെടലാണ്. കേന്ദ്രസർക്കാർ വിലക്കയറ്റം തടയാനായി ഒന്നും ചെയ്യുന്നില്ലെന്നുമാത്രമല്ല ഭക്ഷ്യ സംഭരണ-വിതരണ മേഖലകൾ കോർപ്പറേറ്റുകളെ ഏൽപ്പിച്ചിരിക്കുകയുമാണ്. ഭക്ഷ്യധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ തുടങ്ങിയവയുടെ വിതരണശൃംഖല കൈകാര്യം ചെയ്യുന്നതും കോർപ്പറേറ്റുകളാണ്. പഴവർഗ്ഗങ്ങൾ, മുട്ട, മാംസം, പച്ചക്കറി എന്നീ മേഖലകളിലും റീട്ടെയിൽ മേഖലയിലും കോർപ്പറേറ്റുകൾ പിടിമുറുക്കിയിരിക്കുകയാണ്. ഇവരാണ് ഓണക്കാലത്ത് വറ്റൽമുളകിനും പയറുവർഗ്ഗങ്ങൾക്കും ക്രമാതീതമായി വില വർദ്ധിപ്പിച്ചത്. ഈ നയത്തിന്

തുടക്കം കുറിച്ചതിന്റെ ഉത്തരവാദി ആരാണ്; കോൺഗ്രസല്ലേ? വരം കൊടുത്തവർ ഖേദം പ്രകടിപ്പിക്കാതെ ഇവിടെ വന്ന് വിലപിക്കുകയാണ്. ഇപ്പോഴത്തെ ഭരണകർത്താക്കളായ ബി.ജെ.പി.-യെപ്പറ്റി ഒരക്ഷരം പറയാൻ അവർ തയ്യാറല്ല. ഓണക്കാലത്ത് വിപണി ഇടപെടൽ നടത്തിയ സിവിൽ സപ്ലൈസ് കോർപ്പറേഷൻ, ഹോർട്ടികോർപ്പ്, കൺസ്യൂമർഫെഡ് തുടങ്ങിയവയുടെ പ്രവർത്തനം ഫലത്തിൽ നേട്ടങ്ങളുണ്ടാക്കിയെന്ന് മാത്രമല്ല, അതിന്റെയൊക്കെ ഗുണഫലം അനുഭവിച്ച യു.ഡി.എഫ്. പാർട്ടിയിലുൾപ്പെടെയുള്ള സാധാരണക്കാരുടെ മുഖത്തുനോക്കിയാണ് കേരളത്തിൽ വിലക്കയറ്റമാണെന്ന് അവർ പറയുന്നത്. പാവപ്പെട്ട കുട്ടികളുടെ ഉച്ചക്കഞ്ഞിയിൽ പൂഴി വാരിയിട്ട കേന്ദ്ര സർക്കാരിനെതിരായി ഒരക്ഷരം മിണ്ടാൻ പ്രതിപക്ഷം തയ്യാറാകുന്നില്ല. സംസ്ഥാന സർക്കാരിനെ എതിർക്കാനുള്ള വടിയായി അവർ ഇതിനെയും കാണുകയാണ്. ഉച്ചക്കഞ്ഞി വിതരണവും ആനുകൂല്യങ്ങളും നിർത്തലാക്കാൻ തയ്യാറാകില്ലെന്ന് അസന്ദിഗ്ദ്ധമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. സർക്കാർ പൊതുവിദ്യാഭ്യാസ മേഖലയെ

അട്ടിമറിക്കുകയാണെന്ന് പറയുന്ന പ്രതിപക്ഷം പഴയ കാര്യങ്ങൾ മറക്കരുത്. കേരള ജനത ഓന്തല്ല. പൊതുവിദ്യാഭ്യാസ മേഖലയെ തകർത്തതും നഷ്ടത്തിന്റെ പേരിൽ ഡസൻ കണക്കിന് എൽ.പി./യു.പി. സ്കൂളുകൾ അടച്ചുപൂട്ടാൻ നിശ്ചയിച്ചതും ആരാണ്? അന്ന് പൂട്ടാൻ നിശ്ചയിച്ച സ്കൂളുകൾ പ്രതിപക്ഷ മണ്ഡലങ്ങളിൽപ്പോലും ഇന്ന് മികവിന്റെ കേന്ദ്രങ്ങളായി തലയുയർത്തി നിൽക്കുകയാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാത്രമല്ല പൊതു വ്യവസായ സ്ഥാപനങ്ങളും പൂട്ടാൻ തീരുമാനിച്ചതും ചൗധരി കമ്മീഷൻ റിപ്പോർട്ടും ഓർമ്മയില്ലേ? എന്നിട്ട് ഇവിടെ വന്ന് പുരപ്പുറത്ത് കയറി പ്രസംഗിക്കുകയാണ്. കള്ളപ്രചാരവേല ഇവരുടെ ജന്മസിദ്ധമായ കഴിവാണ്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി ഇവരുടെ കള്ളപ്രചാരവേലയെക്കുറിച്ച് പറഞ്ഞു. ഇവരിൽനിന്ന് മറ്റൊന്നും പ്രതീക്ഷിക്കേണ്ടതില്ല. ഇവിടത്തെ പ്രതിപക്ഷത്തിന് എൽ.ഡി.എഫ്. വിരോധവും മാർക്സിസ്റ്റ് വിരുദ്ധതയും മാത്രമാണ് കൈമുതലായുള്ളത്. കേന്ദ്ര സർക്കാർ നയങ്ങൾക്കെതിരായി രാഷ്ട്രീയം ശക്തമായി ഉയർത്താൻ നിങ്ങൾ തയ്യാറുണ്ടോ? പുതുപ്പള്ളിയിൽ

ഞങ്ങൾ പറഞ്ഞത് അതുതന്നെയാണ്. അവിടത്തെ വികസന കാര്യങ്ങൾ ചർച്ച ചെയ്യാൻ നിങ്ങൾ തയ്യാറാണോ? പുതുപ്പള്ളിയിൽ എൽ.ഡി.എഫ്.-ന് ഒരു വോട്ടും കുറഞ്ഞിട്ടില്ല. രാഷ്ട്രീയം ചർച്ച ചെയ്യാൻ എന്തുകൊണ്ട് നിങ്ങൾ തയ്യാറായില്ലെന്ന പ്രസക്തമായ ചോദ്യത്തിന്റെ ഉത്തരം പാപ്പരത്തമാണ് നിങ്ങളുടെ രാഷ്ട്രീയം എന്നതുതന്നെയാണ്. നിങ്ങൾക്ക് വടക്കേ ഇന്ത്യയിൽ ഒരു നയവും കേരളത്തിൽ മറ്റൊരു നയവുമല്ലേ? ഉദാഹരണമായി, നിങ്ങളുടെ സമുന്നത നേതാവായ ശ്രീ. കമൽനാഥ് റായ്പൂരിൽ ഒരു പൊതുപരിപാടിയിൽ പങ്കെടുത്തത് ശ്രീ. ധീരേന്ദ്ര കൃഷ്ണശാസ്ത്രി എന്ന ഒരു ഹിന്ദു ആചാര്യനോടൊപ്പമാണ്. അദ്ദേഹം ആരാണെന്ന് അറിയാമല്ലോ? അദ്ദേഹം പറഞ്ഞ ഒരു വാചകം ഞാൻ വായിക്കാം - "Addressing his followers..., the preacher -asserted that India was already a Hindu nation and its announcement would be made soon." ഇങ്ങനെ പറഞ്ഞ ആളെ ശ്രീ. കമൽനാഥ് കെട്ടിപ്പിടിച്ചുകൊണ്ട് നിൽക്കുന്ന ഫോട്ടോയാണ് 'ദി ഹിന്ദു' പത്രം ആഗസ്റ്റ് 7-ന് പ്രസിദ്ധീകരിച്ചത്. ഇതാണ് നിങ്ങളുടെ നയം. ഈ നയവുമായി

നിങ്ങൾക്ക് മുന്നോട്ടുപോകാൻ കഴിയുമോ; നിങ്ങൾക്ക് മതനിരപേക്ഷതയെപ്പറ്റി പ്രസംഗിക്കാൻ കഴിയുന്നത് എങ്ങനെയാണ്? ഈ വർഗ്ഗീയവാദികളുമായി കൂട്ടുചേർന്ന് വടക്കേ ഇന്ത്യയിൽ പ്രചാരണം നടത്തുകയും ഇവിടെ വന്ന് മറ്റൊന്ന് പറയുകയും ചെയ്യുന്നതാണ് നിങ്ങളുടെ നയം. ഇതേ നയം തന്നെയാണ് നിങ്ങൾ സാമ്പത്തികമേഖലയിലും സ്വീകരിച്ചിരിക്കുന്നത്. ഈ നയം തിരുത്താതെ നിങ്ങൾക്ക് മുന്നോട്ട് പോകാൻ കഴിയില്ല. അങ്ങനെ ചെയ്തില്ലെങ്കിൽ നിങ്ങൾ നശിച്ചുപോകും. ഇവിടെ കോൺഗ്രസിനെക്കുറിച്ചും പുതുപ്പള്ളിയിലെ നേട്ടം സംബന്ധിച്ചുമെല്ലാം പറഞ്ഞു. മലമ്പുഴ മണ്ഡലത്തിലോ എടക്കാട് മണ്ഡലത്തിലോ മത്സരിച്ച് ജയിച്ചതുപോലെയാണ് ഇവിടെ സംസാരിക്കുന്നത്. നിങ്ങളുടെ മണ്ഡലമായ പുതുപ്പള്ളിയിൽ നിങ്ങൾ ജയിച്ചുവെന്നുള്ളത് ശരിയാണ്. അവിടെ ജയിക്കുന്നതിന് നിങ്ങൾ പ്രധാനമായും ഉപയോഗിച്ച ആയുധമെന്താണെന്ന് എല്ലാവർക്കും അറിയാം. ഉമ്മൻചാണ്ടിയുടെ മഹത്വവും അദ്ദേഹത്തിന്റെ വേർപാടിലുള്ള ദുഃഖവും മറ്റും പ്രചരിപ്പിച്ച് അവിടെ വോട്ട് നേടിയിട്ടുണ്ടാകാം. രാഷ്ട്രീയ ചർച്ചയ്ക്ക് നിങ്ങൾ

തയ്യാറാകാത്തത് അതുകൊണ്ടുതന്നെയാണ്. ഈ നയം തിരുത്താനും മൃദുഹിന്ദുത്വ സമീപനം അവസാനിപ്പിക്കാനും നിങ്ങൾ തയ്യാറാകണം. എനിക്ക് മുസ്ലീം ലീഗിനോട് ഒരു കാര്യം മാത്രമേ പറയാനുള്ളൂ; "എള്ളുണങ്ങുന്നത് എണ്ണയ്ക്കാണ്; കുറുഞ്ചാത്തനുണങ്ങുന്നത് എന്തിനാണ്" എന്ന് നിങ്ങൾ ആലോചിക്കണം, ശ്രീ. കമൽനാഥിനൊപ്പം നിൽക്കുന്ന തീവ്രഹിന്ദുത്വവാദിയുടെ ഫോട്ടോ മുസ്ലീം ലീഗ് ഇടയ്ക്കിടയ്ക്ക് നോക്കണം എന്നാണ്. ഇതാണ് കോൺഗ്രസ്; ഈ നയം തിരുത്താതെ നിങ്ങൾക്ക് രക്ഷയില്ല. ഈ സാമ്പത്തിക നയവും മൃദുഹിന്ദുത്വവാദവും തിരുത്തി നിങ്ങൾ ജനങ്ങൾക്കൊപ്പം നിൽക്കണമെന്നും അന്ധമായ ഇടതുപക്ഷ വിരോധം ഉപേക്ഷിക്കണമെന്നും സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. സജീവ് ജോസഫ്]

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. എനിക്കുമുമ്പ് സംസാരിച്ച പ്രതിപക്ഷത്തെ പ്രമുഖരായ രണ്ട് എം.എൽ.എ.-മാരുടെ പ്രസംഗത്തിൽ

കേന്ദ്ര സർക്കാരിന്റെ തെറ്റായ ധനകാര്യ നയങ്ങൾക്കെതിരെ എന്തെങ്കിലും സംസാരിക്കുമോയെന്നാണ് ഞാൻ ശ്രദ്ധിച്ചത്, അങ്ങനെയുണ്ടായില്ല. എനിക്കുശേഷം സംസാരിക്കുന്നത് ബഹുമാന്യനായ മോൻസ് ജോസഫാണ്. കേരള കോൺഗ്രസ് രണ്ടായി പിരിഞ്ഞെങ്കിലും ഞങ്ങൾ എക്കാലത്തും ഉയർത്തുന്ന ഒരു പ്രധാനപ്പെട്ട മുദ്രാവാക്യം, സംസ്ഥാനങ്ങളുടെ സാമ്പത്തിക അടിത്തറ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ 'ശക്തമായ കേന്ദ്രവും സംതൃപ്തമായ സംസ്ഥാനങ്ങളും' എന്നതാണ്. അതിൽനിന്ന് പുറകിലേയ്ക്ക് പോയോയെന്ന് അദ്ദേഹം സംസാരിക്കുമ്പോൾ മനസ്സിലാകും. പ്രധാനപ്പെട്ട വകുപ്പുകളുമായി ബന്ധപ്പെട്ട ഉപധനാഭ്യർത്ഥനകളാണ് ഇന്നിവിടെ ചർച്ച ചെയ്യപ്പെടുന്നത്. കഴിഞ്ഞ കാലങ്ങളിലെ ഈ വകുപ്പുകളുടെ മികച്ച സേവനങ്ങൾ കാണാതിരിക്കാൻ കഴിയില്ല. കുറച്ചുകാലങ്ങളായി കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്ന നിലപാടുകളെപ്പറ്റി പറയാൻ ആരും തയ്യാറാകുന്നില്ല. ഇവിടെ 'ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ്' എന്ന രീതിയിലേയ്ക്ക് വരികയാണ്. ഇങ്ങനെ വികേന്ദ്രീകൃത പ്രക്രിയയിൽനിന്ന് കേന്ദ്രീകൃത സ്വഭാവത്തിലേയ്ക്ക് വരുന്നത് അപകടകരമായ അവസ്ഥയാണ്. ഇത്തരത്തിൽ ഫെഡറൽ

സംവിധാനത്തെതന്നെ അട്ടിമറിക്കുന്ന നിലപാടുകളുമായി കേന്ദ്ര സർക്കാർ മുന്നോട്ടുപോകുകയാണ്. ഇക്കാര്യത്തിൽ പ്രതിപക്ഷത്തിന്റെ നിലപാട് എന്താണെന്ന് അറിയുന്നത് സന്തോഷമുള്ള കാര്യമാണ്. ഇന്ത്യയിലെ പ്രാദേശിക രാഷ്ട്രീയ പ്രസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം പ്രാദേശിക വിഷയങ്ങൾ ഉയർത്തിക്കാണിക്കുന്ന കാര്യത്തിൽ കേരളം പോലുള്ള സംസ്ഥാനങ്ങളിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ എക്കാലത്തും മുൻപന്തിയിൽ നിന്നിട്ടുണ്ട്. 1964-ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ പിളർപ്പുണ്ടായതിനുശേഷം പല കാലഘട്ടങ്ങളിലും പല സംസ്ഥാനങ്ങളിലും കോൺഗ്രസ് വെവ്വേറെ ഘടകങ്ങളായി മാറി. അവിടെയൊക്കെ പ്രാദേശിക വിഷയങ്ങൾ ഉയർത്തിപ്പിടിക്കാൻ കഴിഞ്ഞിട്ടുണ്ട്. 'ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ്' എന്ന ആശയം മുന്നോട്ടുവയ്ക്കുമ്പോൾ ഇത്തരം വിഷയങ്ങൾ ഉയർത്തിപ്പിടിക്കാൻ പ്രാദേശിക രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് കഴിയാതെ പോകുമോയെന്നുള്ള ആശങ്ക ഈ വിഷയത്തിൽ പങ്കുവയ്ക്കാൻ ആഗ്രഹിക്കുകയാണ്. അക്കാര്യത്തിൽ എന്താണ് നിലപാടെന്നുള്ളത് വ്യക്തമാക്കണമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. സംസ്ഥാനത്തിന്റെ പൊതു

ധനകാര്യ സ്ഥിതിയിൽ കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന നിലപാടുകൾ ഒരിക്കലും അംഗീകരിക്കാൻ കഴിയാത്തതാണ്. സംസ്ഥാനത്തിന്റെ വായ്പാ പരിധി കുറേക്കാലമായി വെട്ടിക്കുറയ്ക്കുകയാണ്. എനിക്ക് മുമ്പ് സംസാരിച്ച ബഹുമാന്യരായ അംഗങ്ങൾ സൂചിപ്പിച്ച പ്രധാനപ്പെട്ടൊരു കാര്യം ഇതിലുണ്ട്. രാജ്യത്തെ ചെലവിന്റെ വലിയൊരു ഭാഗം അതായത്, ഏകദേശം 63 ശതമാനവും വഹിക്കുന്നത് സംസ്ഥാനങ്ങളാണ്. എന്നാൽ വരുമാനത്തിന്റെ വലിയൊരു പങ്ക് കേന്ദ്രമാണ് കൊണ്ടുപോകുന്നത്. ഈ രീതിയിലുള്ള അന്തരം ഒരു ഫെഡറൽ സംവിധാനത്തിൽ ഒരിക്കലും അംഗീകരിക്കാൻ കഴിയാത്തതാണ്. അടുത്ത വിഷയം കേന്ദ്ര പൂളിൽനിന്ന് ലഭിക്കേണ്ട പണം സംബന്ധിച്ചുള്ളതാണ്. ഇപ്പോൾ കേന്ദ്ര സർക്കാരിന്റെ നയമെന്താണ്? കേന്ദ്ര സർക്കാർ നികുതി ഈടാക്കുന്നില്ല, എല്ലാം സെസിലേയ്ക്ക് കൊണ്ടുവരികയാണ്. ഒരിക്കലും കേന്ദ്ര പൂളിൽനിന്ന് കൈമാറേണ്ട കാര്യമില്ല എന്നതാണ് സെസിന്റെ ഗുണം. ഈ രീതിയിലുള്ള സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. അതിനിടയിലാണ് ക്ഷേമപെൻഷനുകളുടെ കാര്യം വരുന്നത്. 1,600/- രൂപയാണ് ക്ഷേമപെൻഷനായി നൽകുന്നത്.

ആരോഗ്യ രംഗത്തെ കാര്യങ്ങളെപ്പറ്റി ആരോഗ്യ വകുപ്പുമന്ത്രി സൂചിപ്പിക്കുകയുണ്ടായി. ആരോഗ്യ സുരക്ഷ പദ്ധതികളുൾപ്പെടെ ഒട്ടനവധി പദ്ധതികൾ കേരളം നടപ്പാക്കുന്നുണ്ട്. കേന്ദ്ര സർക്കാരിന് രണ്ട് ഉദ്ദേശങ്ങളാണുള്ളത്. ഒന്ന്, നേരത്തെ കടത്തിന്റെ കാര്യത്തിൽ രണ്ട് പ്രധാനപ്പെട്ട ഇനങ്ങൾ മാത്രമേ കണക്കാക്കുമായിരുന്നുള്ളൂ. ഓഫ് ബഡ്ജറ്റ് ഒരിക്കലും അതിന്റെ ഭാഗമല്ലായിരുന്നു. ഇപ്പോൾ ഓഫ് ബഡ്ജറ്റിൽ നിന്നെടുക്കുന്ന പണവും കടമായി കണക്കാക്കുന്നു എന്നുള്ളതാണ്. അത് കിഫ്ബി ഉൾപ്പെടെയുള്ള സംവിധാനത്തെ തകർക്കുന്നതിനുവേണ്ടിയാണ്. രണ്ട്, സംസ്ഥാന സർക്കാർ ക്ഷേമ പെൻഷനുകൾക്ക് കൊടുക്കുന്ന പണവും കട്ട് ചെയ്യുകയാണ്. ഈ രണ്ട് ഘടകങ്ങളും ഇല്ലാതാക്കാനുള്ള ബോധപൂർവമായ ശ്രമമാണ് നടക്കുന്നത്. ഇക്കാര്യത്തിൽ രാഷ്ട്രീയത്തിനപ്പുറത്തേയ്ക്ക് കാര്യങ്ങളെ കാണാനും ഒരുമിച്ച് നിൽക്കാനും പ്രതിപക്ഷംകൂടി തയ്യാറാകണം. കാരണം, നമ്മെ പൊതുവിൽ ബാധിക്കുന്ന ഒരു വിഷയമാണിത്. ഇന്ന് ഭരിക്കുന്നോ നാളെ ഭരിക്കുന്നോ എന്നുള്ളതല്ല, ഭരണത്തിനപ്പുറത്തേയ്ക്ക് കാര്യങ്ങൾ കാണണം. സംസ്ഥാന സർക്കാരുകൾ

ഓരോ കാലത്തും കൊടുത്തുവരുന്ന ക്ഷേമപെൻഷനുകൾ ഇല്ലാതാകുന്ന അവസ്ഥയാണുള്ളത്. അൻപതിനായിരം കോടി രൂപയിൽ ആരംഭിച്ച കിഫ്ബി പ്രോജക്ടുകൾ ഇപ്പോൾ എൺപതിനായിരം കോടി രൂപയിലേയ്ക്കെത്തിയിരിക്കുന്നു. അതിന്റെ നേട്ടങ്ങളുണ്ടാകേണ്ടതുണ്ട്. ഇന്ന് ഒരു പാലം പണിതാൽ വരുന്ന ചെലവിനേക്കാൾ എത്രയോ കൂടുതലാണ് പതിനഞ്ച് വർഷം കഴിഞ്ഞ് പാലം പണിയുമ്പോഴുണ്ടാകുന്നത്. അതുകൊണ്ട് ആ ഇൻവെസ്റ്റ്മെന്റ് ഒരിക്കലും നഷ്ടമാണെന്ന് കണക്കാക്കാൻ കഴിയില്ല. ഹരോഡ്, ഡോമർ എന്നീ പ്രശസ്തരായ ശാസ്ത്രജ്ഞരാണ് പൊതുകടത്തെക്കുറിച്ചുള്ള പ്രധാന കണ്ടെത്തൽ നടത്തിയത്. സംസ്ഥാനത്തിന്റെ വരുമാന വർദ്ധനവിന് ആനുപാതികമായി വരുമ്പോൾ കടമെന്നത് ഒരു പ്രധാനപ്പെട്ട വിഷയമല്ലെന്നാണ് പറയുന്നത്. പരമ്പരാഗതമായ ചില സാമ്പത്തിക നയങ്ങളാണ് കേന്ദ്ര സർക്കാർ ഇപ്പോഴും പിന്തുടരുന്നത്. ആ നയങ്ങളോടുള്ള പ്രതിപക്ഷത്തിന്റെ സമീപനമെന്താണെന്ന് അവർ വ്യക്തമാക്കുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. ഇത്തരം പ്രതിസന്ധികൾക്കിടയിൽ

നിൽക്കുമ്പോഴാണ് കേന്ദ്ര സർക്കാർ റേഷൻ കൊടുത്തതിന്റെ കണക്കുപോലും ചോദിച്ചത്. അതിന്റെ പേരിൽ സംസ്ഥാനത്തിന് കിട്ടേണ്ട വിഹിതം, ജി.എസ്.ടി.-യിൽനിന്ന് ലഭിക്കേണ്ട കോമ്പൻസേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ വെട്ടിക്കുറയ്ക്കാനും പിടിച്ചുവയ്ക്കാനും തയ്യാറായി. ഇത് അംഗീകരിക്കാൻ കഴിയില്ല. പൊതുവികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുമായി ക്രിയാത്മകമായി സംസ്ഥാന സർക്കാർ മുന്നോട്ടുപോകുമ്പോൾ അവയെ ഊർജ്ജസ്വലമായി കണ്ടുകൊണ്ട് കൂടുതൽ പിന്തുണ നൽകുകയെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. കേന്ദ്ര സർക്കാരിന്റെ നയങ്ങളെ ശക്തമായി എതിർക്കുകയാണ്. ധനകാര്യ മാനേജ്മെന്റിൽ കൃത്യമായ ഇടപെടൽ നടത്തിക്കൊണ്ടാണ് സംസ്ഥാന ധനകാര്യ വകുപ്പ് മുന്നോട്ടുപോകുന്നത്. പരിമിതികളുണ്ട്, ഇല്ലെന്ന് പറയുന്നില്ല. എന്നാൽ ആ പരിമിതികൾക്കിടയിലും ഏതെങ്കിലും കാര്യത്തിൽ കുറവ് വരുത്തുന്നില്ല. ഏതെങ്കിലും എം.എൽ.എ.-യുടെ നിയോജകമണ്ഡലത്തിലെ പൊതുവായ വികസന പ്രവർത്തനങ്ങളുടെ കാര്യത്തിൽ കുറവ് വന്നതായി അറിയില്ല. അത്തരത്തിൽ നല്ല ധനകാര്യ

മാനേജ്മെന്റാണ് കേരളത്തിൽ ഇപ്പോഴുള്ളത് എന്നുകൂടി സൂചിപ്പിച്ചുകൊണ്ട്, ഒരിക്കൽക്കൂടി ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. പുതുപ്പള്ളി ഉപതെരഞ്ഞെടുപ്പ് വിജയം തന്നെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ജനദ്രോഹ ഭരണത്തിനെതിരായ കേരള ജനതയുടെ ശക്തമായ പ്രതിഷേധ പ്രകടനമായിരുന്നുവെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്നാൽ ഭരണപക്ഷ മുന്നണിയിൽനിന്നും സംസാരിച്ച ബഹുമാനപ്പെട്ട നേതാക്കളെല്ലാം ഉമ്മൻചാണ്ടി സാറിനെ അനുസ്മരിച്ചുവെന്നുള്ളത് നിങ്ങൾ ചെയ്ത നന്മയായി ഞാൻ കരുതുകയാണ്. പക്ഷെ പുതുപ്പള്ളിയിൽ നിങ്ങൾ അതല്ല പറഞ്ഞത്. അവിടെ ഒരു സഹതാപ തരംഗവുമില്ല, മൂന്ന് തവണ തോറ്റുപോയതുകൊണ്ട് ശ്രീ. ജെയ്ക്ക് സി. തോമസിനോടാണ് സഹതാപം. അദ്ദേഹത്തോടുള്ള സഹതാപം വോട്ടാകുമെന്നാണ് നിങ്ങൾ എല്ലായിടത്തും പ്രസംഗിച്ചത്, പക്ഷെ ഇപ്പോൾ അത് തിരുത്തിപ്പറഞ്ഞതിൽ നിങ്ങളോട് പ്രത്യേകം നന്ദിയുണ്ട്. പ്രിയപ്പെട്ട

ഉമ്മൻചാണ്ടി സാറിനോടുള്ള ആദരവാണ് പുതുപ്പള്ളിയിലെ ജനങ്ങൾ പ്രകടിപ്പിച്ചതെന്ന കാര്യം ഞങ്ങൾ അംഗീകരിക്കുന്നു. വിജയശ്രീലാളിതനായ പ്രിയപ്പെട്ട ചാണ്ടി ഉമ്മനെ ഞാനും ഈ അവസരത്തിൽ പ്രത്യേകമായി അനുമോദിക്കുകയാണ്, അദ്ദേഹത്തിന് എല്ലാവിധ നന്മകളും നേരുന്നു. സി.പി.ഐ.(എം) പാർട്ടിയുടെ സംസ്ഥാന സെക്രട്ടറിയും എൽ.ഡി.എഫ്.-ന്റെ സമുന്നത നേതാവുമായ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ പുതുപ്പള്ളിയിൽ വന്നുപറഞ്ഞത് സംസ്ഥാന ഗവൺമെന്റിനെ വിലയിരുത്താനുള്ള തെരഞ്ഞെടുപ്പാണ് പുതുപ്പള്ളിയിൽ നടക്കാൻ പോകുന്നതെന്നാണ്. ഞങ്ങൾക്ക് അദ്ദേഹം പറഞ്ഞത് കേൾക്കാതിരിക്കാൻ സാധിക്കുമോ? പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശനടക്കം എല്ലാ പ്രതിപക്ഷ നേതാക്കളും അതിനെ സ്വാഗതം ചെയ്തു. നേരത്തെ തൃക്കാക്കരയിൽ വിലയിരുത്തിയതുപോലെ ജനങ്ങൾ വിലയിരുത്തട്ടെയെന്ന് പറഞ്ഞു. തൃക്കാക്കരയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും എം.എൽ.എ.-മാരും മുഴുവൻ സമയവും ക്യാമ്പ് ചെയ്ത് വർക്ക് ചെയ്തിരുന്നു. പുതുപ്പള്ളിയിൽ ക്യാമ്പ് ചെയ്യുന്നത് ഒഴിവാക്കി എല്ലാവരും വർക്ക് ചെയ്തു. എന്നാൽ രണ്ടിടത്തും

ശക്തമായ തിരിച്ചടിയാണ് നേരിട്ടത്. കേരള ജനതയുടെ വികാരമെന്താണെന്ന് എൽ.ഡി.എഫ്. ഗവൺമെന്റ് കണ്ണുതുറന്ന് കാണണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുകയാണ്. യാഥാർത്ഥ്യങ്ങൾ മറച്ചുവച്ചുകൊണ്ട് ഇനിയും മുന്നോട്ടുപോകാൻ ശ്രമിച്ചാൽ തീർച്ചയായും ഇതിനേക്കാൾ വലിയ തിരിച്ചടി കേരള ജനത എൽ.ഡി.എഫ്.-ന് നൽകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് തെറ്റുതിരുത്താനുള്ള നയങ്ങൾ സ്വീകരിക്കേണ്ടതുണ്ട്, ജനങ്ങളാകെ വിഷമിക്കുകയാണ്. പുതുപ്പള്ളി ബൂത്തുകളിൽ ചെന്ന എൽ.ഡി.എഫ്.-ലും യു.ഡി.എഫ്.-ലുമുള്ളവർക്കറിയാം, ഈ ഗവൺമെന്റ് ആനുകൂല്യങ്ങളും സഹായങ്ങളും നൽകേണ്ട സമയത്ത് നൽകാതെ ഉപദ്രവിക്കാവുന്നതിന്റെ പരമാവധി ഉപദ്രവിക്കുകയാണെന്ന് ജനങ്ങൾ ഒരുപോലെ പറയുകയാണ്. സംസ്ഥാനത്ത് ഏതെങ്കിലും സാധനത്തിന് ഇനി വില കൂട്ടാനുണ്ടോ? ധനകാര്യ വകുപ്പുമന്ത്രി ഈ ബഡ്ജറ്റിലൂടെ 5000 കോടി രൂപയാണ് പാവങ്ങളുടെ പോക്കറ്റടിച്ച് ഞെക്കിപ്പിഴിഞ്ഞത് എന്നുപറഞ്ഞാൽ ഗവൺമെന്റ് ജനങ്ങളെ എന്തുമാത്രം ഉപദ്രവിക്കുന്നുവെന്ന് മനസ്സിലാക്കാൻ

സാധിക്കും. എല്ലാ സാധനങ്ങൾക്കും വില കൂട്ടി. നെൽകർഷകന്റെ അവസ്ഥയെക്കുറിച്ച് ഇവിടെ പലരും പറഞ്ഞു, സാമ്പത്തിക വിദഗ്ദ്ധൻ കൂടിയായ ഡോ. എൻ. ജയരാജ് ഇത്തരം വിഷയങ്ങൾ പറയുന്നത് സ്വാഗതാർഹമാണ്. അദ്ദേഹം പറഞ്ഞ ഒരു കാര്യത്തോട് ഞാൻ യോജിക്കുകയാണ്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, കേരള കോൺഗ്രസ് കർഷകന്റെ പാർട്ടിയാണെന്നാണല്ലോ വയ്പ്പ്. ഫെർട്ടിലൈസറിന്റെ സബ്സിഡി 2022-23-ൽ 2,25,000 കോടി രൂപയായിരുന്നത് ഇപ്പോൾ 1,75,000 കോടി രൂപയാണ്. 50,000 കോടി രൂപ കമ്മിയാക്കിയതിനെക്കുറിച്ച് ശ്രീ. മോൻസ് ജോസഫ് ഒരക്ഷരം മിണ്ടിയില്ലല്ലോ. ഇന്തോ-പസഫിക് വ്യാപാര കരാർ സംബന്ധിച്ച് ഇപ്പോൾ ചർച്ച നടക്കുകയാണ്, രണ്ടാഴ്ചക്കകം അതിൽ ഒപ്പുവയ്ക്കും. അപ്പോൾ ഇന്തോനേഷ്യയിൽനിന്നും നാളികേരവും വിയറ്റ്നാമിൽനിന്നും കുരുമുളകും വരും. നിങ്ങൾ അതിൽ എതിർപ്പൊന്നും പറയുന്നത് കേട്ടില്ലല്ലോ.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഞാൻ തിരുത്തുകയാണ്, ഇന്തോ-പസഫിക് വ്യാപാര കരാർ വരുന്നതിന്റെ ഭാഗമായി ആദ്യത്തെ ശ്രദ്ധക്ഷണിക്കൽ പ്രമേയം കേരള കോൺഗ്രസിന്റെ പ്രതിനിധിയെന്ന നിലയിൽ ഈ നിയമസഭയിൽ കൊണ്ടുവന്നത് ഞാനാണ്. സമയപരിമിതികൊണ്ട് അതൊക്കെ പറയാത്തതാണ്. അതുപോലെ സബ്സിഡിയെക്കുറിച്ച് മന്ത്രി പറയുകയുണ്ടായി. കേരളത്തിലെ കർഷകരെ ദ്രോഹിക്കുന്നത് സബ്സിഡി വെട്ടിക്കുറച്ചുകൊണ്ട് മാത്രമല്ല, കേന്ദ്ര സർക്കാരിന്റെ പുതിയ നയങ്ങളടക്കം കേരളത്തിലെ മാത്രമല്ല രാജ്യത്തെ മുഴുവൻ കർഷകരെയും പരിപൂർണ്ണമായും തകർക്കുന്നതാണെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഞങ്ങൾ അത് പറയാൻ തയ്യാറാണ്. ഇവിടെ ആകെ അഞ്ച് മിനിട്ട് സമയം മാത്രമേ അനുവദിച്ചിട്ടുള്ളൂ, പത്ത് മിനിട്ട് ലഭിച്ചിരുന്നെങ്കിൽ പത്തുതവണ അത് പറയുമായിരുന്നു. കേരളത്തിലെ കർഷകരെ സ്നേഹിക്കുന്ന, ഉത്തമനായ ഒരു കർഷകനും കർഷകസ്നേഹിയുമായ അങ്ങ് ഭരണമുന്നണിയിലിരുന്നിട്ടും പാലക്കാട് നെൽകർഷകർക്കുപോലും ഈ ഗവൺമെന്റ് തുക നൽകിയില്ലല്ലോ.

ഓണത്തിനുമുമ്പ് കൊടുക്കുമെന്ന് പറഞ്ഞിട്ട് കൊടുക്കാത്തതിനാൽ പാലക്കാടും തൃശ്ശൂരും കോട്ടയത്തും നെൽകർഷകർ ഇന്നും സമരം ചെയ്യുകയാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, താങ്ങുവില സബ്സിഡിയിൽ 30% കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചു. അതുമൂലം സംസ്ഥാനത്തിനുണ്ടായ പ്രതിസന്ധി ഇപ്പോഴാണ് തരണം ചെയ്തത്. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം ഒരക്ഷരം പറയാത്തത് എന്താണ്?

ശ്രീ. മോൻസ് ജോസഫ്: സർ, കേന്ദ്രം സബ്സിഡി വെട്ടിക്കുറച്ചതിനെതിരെ ശക്തമായ പ്രതിഷേധവുമായി പ്രതിപക്ഷം ഉറച്ചുനിൽക്കുകയാണ്, അക്കാര്യത്തിൽ വീണ്ടും അടിയന്തരപ്രമേയമോ യോജിച്ച പ്രമേയമോ കൊണ്ടുവരുന്നതുൾപ്പെടെയുള്ള എന്തിനും ഒറ്റക്കെട്ടായി നിൽക്കാൻ യു.ഡി.എഫ്. തയ്യാറാണെന്ന് പറഞ്ഞിട്ടുമുണ്ട്. പക്ഷെ സംസ്ഥാന സർക്കാർ നൽകാനുള്ള ആനുകൂല്യങ്ങൾ നൽകണ്ടേ? പാവപ്പെട്ട കുഞ്ഞുങ്ങൾക്ക് ഉച്ചഭക്ഷണം ലഭിക്കുന്ന കാര്യത്തെക്കുറിച്ച് പറയുമ്പോൾ കേന്ദ്രം ഫണ്ട് നൽകുന്നില്ലെന്നാണ് പറയുന്നത്. അത് ശരിയാണ്,

കേന്ദ്രസർക്കാരിന്റെ ആ നിലപാടിനെ ഞങ്ങൾ ശക്തമായി എതിർക്കുന്നു. പക്ഷെ സംസ്ഥാന സർക്കാർ നൽകാനുള്ള തുക ഹെഡ്മാസ്റ്റർമാർക്ക് നൽകിയാൽ തൽക്കാലം ഈ പ്രശ്നം പരിഹരിക്കാമല്ലോ, അത് ചെയ്യുന്നില്ലല്ലോ. നെൽകർഷകന്റെ കാര്യത്തിൽ കേന്ദ്രം സ്വീകരിക്കുന്ന നിലപാടിനെയും ഞങ്ങൾ ശക്തമായി എതിർക്കുകയാണ്. പക്ഷെ സംസ്ഥാന സർക്കാർ നെൽകർഷകർക്ക് നൽകാനുള്ള തുക നൽകണ്ടേ? അത് കേരള ബാങ്കിനെ ഏർപ്പെടുത്തി പരിപൂർണ്ണമായി പരാജയപ്പെട്ടപ്പോൾ മറ്റ് ബാങ്കുകൾക്ക് നൽകി. എന്നിട്ട് എത്ര മാസം കാത്തിരുന്നു; ഇപ്പോഴുമത് കിട്ടാക്കടമായി കിടക്കുകയല്ലേ? ബഹുമാനപ്പെട്ട മന്ത്രിയെങ്കിലും ഈ മന്ത്രിസഭയിൽ കർഷകർക്കുവേണ്ടി ഇടപെടണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, തുക കൊടുത്തുവെന്നുള്ളത് ബഹുമാനപ്പെട്ട അംഗത്തിന് അറിയാത്തതുകൊണ്ടല്ല. കേന്ദ്രത്തിൽനിന്നും തുക കിട്ടാനുണ്ടെന്ന് വിശദമായി കേന്ദ്ര മന്ത്രിമാരുൾപ്പെടെ പറഞ്ഞു. അപ്പോൾ അവർ കണക്കിന്റെ കാര്യം പറയുന്നു, സാധാരണ കേന്ദ്രത്തിൽ നിന്നും തുക അഡ്വാൻസ് ചെയ്ത് നൽകുന്നതാണ്,

അക്കാര്യം അറിയാമായിരുന്നിട്ടും പിന്നെയും ഈ സഭയിൽ ബഹുമാനപ്പെട്ട അംഗം പറയുമ്പോൾ അതിന്റെ ഇംപാക്ട് എന്താണെന്ന് മനസ്സിലാക്കണം. നെൽകർഷകർക്ക് നൽകാനുള്ള തുക കേന്ദ്രം നൽകുന്നില്ലെന്ന വിമർശനത്തിൽപ്പോലും കേരളത്തിലെ പ്രതിപക്ഷത്തിനും ഭരണപക്ഷത്തിനും തമ്മിൽ യോജിപ്പില്ല. രാഷ്ട്രീയമൊക്കെ നിങ്ങൾ പറഞ്ഞോളൂ, പക്ഷെ കേന്ദ്രം നൽകാനുള്ള തുക നൽകണമെന്ന് ഇവിടെ പറയണ്ടേ? കേരളത്തിന് തുക നൽകിയില്ലെങ്കിലും കുഴപ്പമില്ല ഇവിടത്തെ യു.ഡി.എഫ്.-കാർ കേന്ദ്രം ചെയ്യുന്നതിന് അനുകൂലമാണെന്നാണ് അവർ പറയുന്നത്.

ശ്രീ. മോൻസ് ജോസഫ്: സർ, ഒരിക്കലുമില്ല. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞ കാര്യങ്ങളോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. കേന്ദ്രം കേരളത്തെ സഹായിക്കാത്ത നിലപാടിനോട് ശക്തമായ പ്രതിഷേധം ഞങ്ങൾ രേഖപ്പെടുത്തുന്നു. കേന്ദ്ര സർക്കാരിന്റെ നിലപാടുകൾക്കെതിരെ ഒന്നിച്ചുനിൽക്കാൻ ഞങ്ങൾ തയ്യാറാണ്. അതിനോടൊപ്പം ധനകാര്യ വകുപ്പുമന്ത്രിയെന്ന നിലയിൽ കൃഷിക്കാരെ

സഹായിക്കാൻ അങ്ങ് മനസ്സുകാണിക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. റോഡ് അറ്റകുറ്റപ്പണി ചെയ്യാൻ തുകയില്ലാത്തതിനാൽ 20000 കിലോമീറ്റർ റോഡ് റണ്ണിംഗ് കോൺട്രാക്ടിലെടുത്തുവെന്ന് പൊതുമരാമത്ത് വകുപ്പുമന്ത്രി രാവിലെ പറഞ്ഞു. അദ്ദേഹത്തിന്റെ പ്രഖ്യാപനവും ആശയവും നല്ലതാണ്. പക്ഷെ റോഡിലെ കുഴി നികത്തപ്പെടുന്നില്ല എന്നതാണ് വിഷയം. കോൺട്രാക്ടർമാർക്ക് വർക്ക് ചെയ്യാൻ സാധിക്കുന്നില്ല. പ്രമുഖരായ കോൺട്രാക്ടർമാരുൾപ്പെടെ കേരളത്തിൽ പല സ്ഥലത്തും വർക്ക് നിർത്തിവച്ചിരിക്കുകയാണ്. അത് ചെയ്യണമെങ്കിൽ ധനകാര്യ വകുപ്പ് യഥാസമയം തുക നൽകാൻ തയ്യാറാകണം.

മി. ചെയർമാൻ: പ്ലീസ്... കൺക്ലൂഡ്.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ ഒരുകാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. കേന്ദ്ര-സംസ്ഥാന ബന്ധങ്ങളെക്കുറിച്ച് ഡോ. എൻ. ജയരാജ് പറഞ്ഞു. കേരള കോൺഗ്രസ് രൂപീകൃതമായ കാലം മുതൽ കേന്ദ്ര-സംസ്ഥാന ബന്ധങ്ങളിൽ പൊളിച്ചെഴുത്ത് വേണമെന്നുള്ളത് കെ. എം. മാണി സാറും ശ്രീ. പി. ജെ. ജോസഫും അടക്കം എല്ലാവരും ഒരുപോലെ

പറഞ്ഞിട്ടുള്ള കാര്യമാണ്. സംസ്ഥാനങ്ങളെ സാമ്പത്തികമായി ഞെരുക്കുന്ന നിലപാട് കേന്ദ്രം തിരുത്തണം. സംസ്ഥാനങ്ങൾക്ക് പരിപൂർണ്ണ പരിഗണന ലഭിക്കണം. ആ അഭിപ്രായത്തിൽ ഡോ. എൻ. ജയരാജിനോട് ഞങ്ങൾ യോജിക്കുന്നു. പക്ഷെ പുതുപ്പള്ളിയിൽ അദ്ദേഹത്തിന്റെ പാർട്ടി എടുത്ത നിലപാട് അവിടത്തെ ജനങ്ങൾ തള്ളിക്കളഞ്ഞുവെന്ന കാര്യംകൂടി ഇതിനോടൊപ്പം കൂട്ടിച്ചേർത്തുകൊണ്ട്, ധനപരമായ കാര്യങ്ങളിൽ സംസ്ഥാന സർക്കാർ പരാജയപ്പെട്ട സാഹചര്യത്തിൽ ഈ ഉപധനാഭ്യർത്ഥനകളെ ശക്തമായി എതിർത്തുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: സർ, വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾക്കുവേണ്ടി ഇവിടെ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. വികസന പ്രവർത്തനങ്ങളിൽ ഇന്ത്യയിൽത്തന്നെ ശ്രദ്ധേയമായ ബദൽ മാതൃകകൾ സൃഷ്ടിച്ചുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ മുന്നോട്ടുപോകുകയാണ്. എന്നാൽ കേരളത്തിന്റെ വികസന പ്രവർത്തനങ്ങളെ ദുർബലപ്പെടുത്തുന്ന പ്രവർത്തനങ്ങളാണ് കേന്ദ്ര സർക്കാർ

അവലംബിക്കുന്നത്. സംസ്ഥാനത്തിന്റെ കടമെടുക്കാനുള്ള പരിധി വെട്ടിക്കുറയ്ക്കുകയുണ്ടായി. കിഫ്ബിയുടെയും കൺസോർഷ്യത്തിന്റെയും നിക്ഷേപത്തെപ്പോലും സംസ്ഥാന സർക്കാരിന്റെ കടത്തിന്റെ പരിധിയിൽപ്പെടുത്തി പ്രയാസത്തിലാക്കിയിരിക്കുകയാണ്. സംസ്ഥാന സർക്കാരിന്റെ കടത്തെ നിയന്ത്രിക്കുന്ന കേന്ദ്ര സർക്കാരിന്റെ സ്ഥിതിയെന്താണ്? കേന്ദ്രത്തിന്റെ കടം ഭീമമാണ്. ബജറ്റ് വഴി ചെലവഴിക്കുന്ന തുകയുടെ 40 ശതമാനത്തിലധികം കേന്ദ്രം കടമെടുക്കുകയാണ്. 2023-24 ബജറ്റിലെ 45 ലക്ഷം കോടി രൂപയിൽ 17.99 ലക്ഷം കോടി രൂപയും കടമാണ്. കേരളത്തിന്റെ കടത്തിന്റെ പരിധിയിൽ കിഫ്ബിയെയും മറ്റും ഉൾപ്പെടുത്തുമ്പോൾ നാഷണൽ ഹൈവേ, എഫ്.സി.ഐ. തുടങ്ങിയ സ്ഥാപനങ്ങളെടുക്കുന്ന കടം കേന്ദ്ര സർക്കാരിന്റെ കടത്തിന്റെ പരിധിയിൽ വരുന്നില്ല. എന്തൊരു വിരോധാഭാസമാണിത്! കേരളത്തിന്റെ കടം ജി.എസ്.ഡി.പി.-യുടെ 3% മാത്രമായിരിക്കണമെന്നാണ് കേന്ദ്രം പറഞ്ഞിരിക്കുന്നത്. എന്നാൽ കേന്ദ്രത്തിന്റെ കമ്മിയായി വിഭാവന ചെയ്തിരിക്കുന്നത് 6.4 ശതമാനമാണ്. എഫ്.ആർ.ബി.എം. (ഫിസ്കൽ

റെസ്പോൺസിബിലിറ്റി ആൻഡ് ബജറ്റ് മാനേജ്മെന്റ്) ആക്ട് പ്രകാരം കേന്ദ്രത്തിന്റെ കമ്മി 3 ശതമാനമായിരിക്കണമെന്ന് നിബന്ധനയുള്ളപ്പോഴാണ് ഇത്തരമൊരു നിലപാട് സ്വീകരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ 2020-21-ലെ വരുമാനത്തിൽ കേന്ദ്രവിഹിതം 44% കുറവായിരുന്നു. 2021-22 ആയപ്പോൾ അത് 41 ശതമാനമായി. ഈ സാമ്പത്തിക വർഷം (2023-24-ൽ) കേന്ദ്ര വിഹിതം 29 ശതമാനമായി കുറയുമെന്നാണ് കണക്കാക്കപ്പെടുന്നത്. ബീഹാർ പോലുള്ള സംസ്ഥാനങ്ങൾക്ക് 77% ലഭിക്കുമ്പോഴാണ് കേരളത്തിൽ ഇത്തരത്തിലൊരു സ്ഥിതിവിശേഷമുള്ളത്. രാജ്യത്തിന്റെ മൊത്തം വരുമാനത്തിന്റെ 62.7% കേന്ദ്രത്തിന് ലഭിക്കുമ്പോൾ സംസ്ഥാനങ്ങൾക്ക് ലഭിക്കുന്നത് 37% മാത്രമാണ്. രാജ്യത്തിന്റെ മൊത്തം ചെലവിന്റെ 62.4% സംസ്ഥാന സർക്കാർ വഹിക്കുമ്പോഴാണ് ഈ അവസ്ഥ. കേരളത്തോട് കേന്ദ്ര സർക്കാർ എത്രമാത്രം ക്രൂരതയും അവഗണനയും കാണിക്കുന്നുവെന്നതിന്റെ തെളിവാണിത്. ഇതിനെതിരെ കേരളം ഒറ്റക്കെട്ടായി നിന്ന് പൊരുതേണ്ടതുണ്ട്. എന്നാൽ കേരളത്തിൽനിന്നുള്ള യു.ഡി.എഫ്.

എം.പി.-മാർ ഇക്കാര്യത്തിൽ മൗനം പാലിക്കുകയാണ്. കേന്ദ്ര സർക്കാരിനോട് ഇത് ആവശ്യപ്പെടുന്ന സന്ദർഭത്തിൽ യു.ഡി.എഫ്. എം.പി.-മാർ വിട്ടുനിന്നത് തെറ്റായിപ്പോയി. ജനപ്രതിനിധികളായി തെരഞ്ഞെടുക്കപ്പെട്ടുക്കഴിഞ്ഞാൽ തങ്ങൾ നാടിന്റെ പ്രതിനിധികളാണെന്ന കാര്യം കോൺഗ്രസ് എം.പി.-മാർ മറക്കുകയുണ്ടായി. കേരളത്തിൽ കണ്ണീർപ്പുഴകൾ സൃഷ്ടിക്കാനും യാതനകളുടെ കാട്ടുതീ പടർത്താനും അതുകണ്ട് ആനന്ദിക്കാനുമാണ് യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും ഒരുപോലെ ആഗ്രഹിക്കുന്നത്. എന്നാൽ യാതൊരു പക്ഷപാതപരമായ പരിഗണനയുമില്ലാതെ നാടിനെ ഒന്നായിക്കണ്ട് എല്ലാവരും സുഖത്തിലും ക്ഷേമത്തിലും തൃപ്തിയിലും സമത്വത്തിലും കഴിയുന്ന അവസ്ഥ സൃഷ്ടിക്കാനാണ് ഏഴുവർഷമായി എൽ.ഡി.എഫ്. ഭരണം പരിശ്രമിക്കുന്നത്. ജനങ്ങളുടെ ക്ഷേമവും സർവ്വതലസ്പർശിയായ സമഗ്രവികസനവും ലക്ഷ്യംവച്ച് എൽ.ഡി.എഫ്. ഭരണം മുന്നേറുകയാണ്. ഈ ഓണക്കാലത്ത് 60 ലക്ഷത്തോളം പേർക്ക് ക്ഷേമപെൻഷനുകളും ആറ് ലക്ഷത്തിലേറെ കുടുംബങ്ങൾക്ക് സൗജന്യ കിറ്റുമുൾപ്പെടെ നൽകി സർക്കാർ

കൈത്താങ്ങായി പ്രവർത്തിച്ചു. ഭക്ഷ്യസുരക്ഷയ്ക്കും സാമൂഹ്യ സുരക്ഷയ്ക്കുമായി 19000 കോടി രൂപയാണ് സർക്കാർ നൽകിയത്. ഈ നിലയിൽ കേരളത്തിന്റെ താല്പര്യങ്ങൾ ഉയർത്തിപ്പിടിച്ച് നാം പ്രവർത്തിക്കുമ്പോൾ കേന്ദ്രത്തിന്റെ അവഗണനയ്ക്കെതിരെ ശക്തമായ സമരം സംഘടിപ്പിക്കേണ്ടതാണ്. ഇക്കാര്യങ്ങളിൽ കേന്ദ്രസർക്കാർ സ്വീകരിക്കുന്ന നിലപാടുകൾ അങ്ങേയറ്റം ജനവിരുദ്ധവും രാജ്യവിരുദ്ധവുമാണ്. കേരളത്തിന്റെ വികസന പ്രവർത്തനങ്ങളെ ദുർബലപ്പെടുത്തുന്ന സമീപനം ഒരുഭാഗത്ത് കേന്ദ്രസർക്കാർ സ്വീകരിക്കുമ്പോൾ, സാമ്പത്തിക വളർച്ച ലക്ഷ്യം വച്ചുകൊണ്ടെന്ന വ്യാജേന പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയെ വിശ്വഗുരുവായി വാഴ്ത്താൻ ഇപ്പോൾ ജി20 മാമാങ്കം അരങ്ങേറി സമാപിച്ച പശ്ചാത്തലത്തിലാണ് ഈ സഭ ചേരുന്നത്. ജി20-യുടെ അദ്ധ്യക്ഷ സ്ഥാനം ഇന്ത്യൻ പ്രധാനമന്ത്രിയുടെ വ്യക്തിപ്രഭാവം കാരണം ലോകജനത നൽകിയ അംഗീകാരമാണെന്ന നിലയിലുള്ള പ്രചരണമാണ് ഇവിടെ നടക്കുന്നത്. എല്ലാ വർഷവും വച്ചുമാറുന്ന ഒരു അലങ്കാര പദവി മാത്രമാണിത്. കഴിഞ്ഞ വർഷം ഇന്തോനേഷ്യയ്ക്കുണ്ടായിരുന്ന ഈ സ്ഥാനം അടുത്ത വർഷം

ബ്രസീലിന് കൈമാറാനുള്ളതാണ്. ജി20-യുടെ പിറവി സംബന്ധിച്ചും ആരുടെ സാമ്പത്തിക താല്പര്യമാണ് സംരക്ഷിക്കുന്നതെന്നും അറിയാതെ ഇന്ത്യൻ ജനത അന്ധാളിച്ച് നിൽക്കുകയാണ്. ജി20-യിൽ അണിനിരന്നിട്ടുള്ള രാജ്യങ്ങളുടെ താല്പര്യസംരക്ഷണത്തിനായി പ്രവർത്തിക്കുന്ന അന്താരാഷ്ട്ര സ്ഥാപനങ്ങൾക്കും കുത്തക കമ്പനികൾക്കും വിശ്വാസ്യത ചാർത്തിക്കൊടുക്കുന്നതിനും അവർക്കിണങ്ങിയ തരത്തിൽ ദേശരാഷ്ട്രങ്ങളുടെ നിയമനിർമ്മാണത്തിൽപ്പോലും ഇടപെടുന്നതിനുമുള്ള വേദിയായാണ് ജി20-യെ അണിയിച്ചൊരുക്കിയിട്ടുള്ളത്. വിദേശ നിക്ഷേപം ആകർഷിക്കുക, അതുവഴി അടിസ്ഥാന സൗകര്യങ്ങളായ നിർമ്മാണം, സാങ്കേതികവിദ്യ എന്നിവയിൽ ഗണ്യമായ മാറ്റം സൃഷ്ടിക്കുക, ലോജിസ്റ്റിക്സ്, ടൂറിസം എന്നീ മേഖലകളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം എന്നീ മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങളൊരുക്കുക എന്നിങ്ങനെയുള്ള ലക്ഷ്യങ്ങളാണ് ജി20 ലക്ഷ്യംവയ്ക്കുന്നത്. ഒരു ബിസിനസ് സൗഹൃദ ലക്ഷ്യസ്ഥാനമെന്ന നിലയിൽ ഇന്ത്യയുടെ പ്രതിച്ഛായ മെച്ചപ്പെടുമ്പോൾ അതുവഴി നിക്ഷേപവും

തൊഴിലസരങ്ങളും ഇന്ത്യയുടെ സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കുമെന്നാണ് കേന്ദ്ര സർക്കാർ കണക്കുകൂട്ടുന്നത്. നികുതി വരുമാനവും ചെലവും വർദ്ധിക്കുമ്പോൾ അടിസ്ഥാന സൗകര്യങ്ങൾ വികസിക്കുമെന്നാണ് കേന്ദ്രം അവകാശപ്പെടുന്നത്. ഇതുവഴി കേരളത്തിനും ചില അവസരങ്ങൾ കേന്ദ്രം സൃഷ്ടിക്കേണ്ടതാണ്. എന്നാൽ ജി20-ക്ക് ചില പ്രതികൂല വശങ്ങളുണ്ടെന്ന കാര്യം നാം മറക്കരുത്. ജി20 രാജ്യങ്ങൾ ലോക ജി.ഡി.പി.-യുടെ 80% വരും. എന്നാൽ അവ ആഗോള സമ്പദ്‌വ്യവസ്ഥയുടെ വൈവിദ്ധ്യത്തെ പ്രതിനിധീകരിക്കുന്നില്ല. അമേരിക്ക, ചൈന, യൂറോപ്യൻ യൂണിയൻ എന്നീ രാജ്യങ്ങളുൾപ്പെടെയുള്ള ശക്തമായ രാജ്യങ്ങളാണ് ജി20-യിൽ ആധിപത്യം പുലർത്തുന്നത്. അതുകൊണ്ടുതന്നെ എല്ലാ രാജ്യങ്ങളുടെയും മികച്ച താല്പര്യങ്ങൾക്ക് നിരക്കാത്ത തീരുമാനങ്ങളിലേയ്ക്ക് നയിച്ചേയ്ക്കാമെന്ന് നാം സംശയിക്കുകയാണ്. കാലാവസ്ഥ വ്യതിയാനം, തീവ്രവാദം തുടങ്ങിയ ആഗോള പ്രശ്നങ്ങളിൽ മറ്റ് രാജ്യങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കാനും ഇന്ത്യയിലെ തൊഴിലാളികളോടും കൃഷിക്കാരോടുമൊപ്പം നിന്നുകൊണ്ട് സുസ്ഥിരവും സമൃദ്ധവുമായ ഒരു ലോകം സൃഷ്ടിക്കാനും

ഇന്ത്യയുടെ താൽപ്പര്യങ്ങൾ ഉയർത്തിപ്പിടിക്കാനും കഴിയട്ടെയെന്ന് നമുക്ക് ആശിക്കാം. കേന്ദ്രസർക്കാരിൽനിന്നും നീതി ലഭിക്കുമെന്ന് നാം ഒരിക്കലും ആഗ്രഹിക്കരുത്. ഇന്ന് വളരെ പ്രധാനപ്പെട്ട ഒരു തീരുമാനം വരികയുണ്ടായി. അമേരിക്കൻ യുദ്ധക്കപ്പലുകൾക്കും വിമാന വാഹിനികൾക്കും തന്ത്രപ്രധാനമായ മുംബൈയിലുൾപ്പെടെ അറ്റകുറ്റപ്പണികളുടെ പേരിൽ താവളമടിക്കാൻ അനുമതി നൽകിയിരിക്കുകയാണ്. ഇത് നമ്മുടെ രാജ്യം സ്വാതന്ത്ര്യാനന്തരം ഉയർത്തിപ്പിടിച്ച, നെഹ്റുവിന്റെ കാലം മുതൽ ഉയർത്തിപ്പിടിച്ച വിദേശ നയത്തിൽനിന്നുള്ള വ്യതിചലനമാണ്. നമുക്ക് ചേരിചേരായ്മയിൽ അധിഷ്ഠിതമായ വിദേശ നയമുണ്ടായിരുന്നു. സാമ്രാജ്യത്വ വിരുദ്ധ ഉള്ളടക്കമുള്ളതും പുരോഗമന സ്വഭാവമുള്ളതും സോഷ്യലിസത്തോട് ആഭിമുഖ്യമുള്ളതുമായ ആ ചേരിചേരാ നയത്തിൽ നിന്നുള്ള വ്യതിയാനമാണ്. ലോകമേധാവിത്വത്തിനുവേണ്ടിയുള്ള അമേരിക്കയുടെ തന്ത്രപരമായ നീക്കത്തിന്റെ ഭാഗമായ കെണിയിലാണ് ഇന്ത്യ അകപ്പെട്ടിരിക്കുന്നത്. ഇതിനോട് പ്രതിപക്ഷത്തിന്റെ സമീപനമെന്താണ്? അതുപോലെ, ഇന്ത്യ എന്ന മഹത്തായ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരായ പോരാട്ടത്തിലൂടെ

നാം രൂപപ്പെടുത്തിയ ഇന്ത്യയെന്ന ദേശീയതയും ഇന്ത്യയുടെ നാമകരണവും തിരുത്തി ഭാരതമെന്നാക്കി മാറ്റുന്നതിനുള്ള നിഗൂഢമായ നീക്കങ്ങളിൽ ഏർപ്പെട്ടിരിക്കുകയാണ്. ഇത് ആർ.എസ്.എസ്.-ന്റെ അജണ്ടയാണ്. ഇന്ത്യൻ ഭരണഘടനയുടെ കരട് 1949 നവംബർ മാസത്തിൽ പാസ്സായ ഘട്ടത്തിൽത്തന്നെ ആർ.എസ്.എസ്.-ന്റെ മാസികയായ ഓർഗനൈസറിൽ വന്ന മുഖപ്രസംഗത്തിൽ ഇന്ത്യൻ ഭരണഘടനയെ നിശിതമായി വിമർശിച്ചുകൊണ്ട് ഭാരതമെന്ന പൗരാണികമായ പേരിനുപകരം ഇന്ത്യയെന്ന പേര് നാം സ്വീകരിച്ചതിനെതിരെ ആർ.എസ്.എസ്. പ്രതികരിക്കുകയുണ്ടായി. ഇക്കാര്യങ്ങളിൽ ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യുമെല്ലാം അവലംബിക്കുന്ന സമീപനത്തിനെതിരെയും ദേശവിരുദ്ധമായ, രാജ്യതാല്പര്യങ്ങൾക്കെതിരായ നിലപാടുകൾക്കെതിരെയും നാം ശബ്ദമുയർത്തേണ്ടതാണ്. ഇക്കാര്യങ്ങളിൽ കേരളത്തിലെ എം.പി.-മാരും പ്രതിപക്ഷവുമെല്ലാം എന്ത് നിലപാട് സ്വീകരിക്കും? ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ വികസന പ്രവർത്തനങ്ങളെ മുന്നോട്ടുനയിക്കണമെന്നും കേരളത്തെ അവഗണിക്കുന്ന കേന്ദ്ര സർക്കാരിന്റെ തെറ്റായ

നയങ്ങൾക്കെതിരെ ശക്തമായി പ്രതിഷേധിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. എം. വിജിൻ: സർ, 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. കേരളത്തെ സാമ്പത്തിക ഉപരോധത്തിലേയ്ക്ക് നയിക്കാനും സാമ്പത്തികമായി തകർക്കാനും കേന്ദ്ര സർക്കാർ ശ്രമം തുടർന്നുകൊണ്ടിരിക്കുന്ന ഘട്ടത്തിലും പ്രതിസന്ധിക്കിടയിലും നവകേരളമെന്ന ലക്ഷ്യവുമായി പിണറായി സർക്കാർ കുതിക്കുകയാണ്. കേരളത്തിന്റെ വിദ്യാഭ്യാസ/ആരോഗ്യ/അടിസ്ഥാന സൗകര്യ വികസന മേഖലകളിലെല്ലാം ആ കുതിച്ചു ചാട്ടം കാണാൻ സാധിക്കുന്നുണ്ട്. വികസനത്തിന്റെ ഒരു ബദൽ മഴയാണ് സംസ്ഥാനത്ത് കാണാൻ സാധിക്കുന്നത്. സംസ്ഥാനത്തെ തുടർച്ചയായി അവഗണിക്കുന്ന രീതിയാണ് കേന്ദ്ര സർക്കാരിനുള്ളത്. കേന്ദ്ര സർക്കാർ റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ്, ബാങ്കിംഗ് റിക്രൂട്ട്മെന്റ് ബോർഡ്, യു.പി.എസ്.സി. ഉൾപ്പെടെയുള്ള എല്ലാ സംവിധാനങ്ങളെയും തകർത്തുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. പത്ത് ലക്ഷത്തിലധികം ഒഴിവുകളാണ് പൊതുമേഖലാ

സ്ഥാപനങ്ങളിൽ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ളത്. തൊഴിലില്ലായ്മ നിരക്ക് 7.14 ശതമാനത്തിൽ നിന്ന് 7.45 ശതമാനമായി മാറി. 'അഗ്നിപഥ്' പദ്ധതിയിലൂടെ സൈന്യത്തെപ്പോലും കരാർവത്കരിക്കാനും കാവിവത്കരിക്കാനും കേന്ദ്ര സർക്കാർ തയ്യാറായി. എന്നാൽ കേരളത്തിൽ 2.15 ലക്ഷം ഉദ്യോഗാർത്ഥികൾക്കാണ് പി.എസ്.സി. മുഖേന ഏഴ് വർഷംകൊണ്ട് നിയമനം നൽകിയത്. ഇത് കേരളത്തിന്റെ ചരിത്രത്തിലെ പി.എസ്.സി. മുഖേനയുള്ള ഏറ്റവും മികച്ച തൊഴിൽ നിയമനമാണെന്ന് കാണാൻ സാധിക്കും. നാല്പതിനായിരത്തോളം പുതിയ തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. ബി.ജെ.പി.-യും കോൺഗ്രസ്സും ഭരിക്കുന്ന സംസ്ഥാനങ്ങളിലെ നിയമനങ്ങളുമായി താരതമ്യപ്പെടുത്തിയാൽ എത്ര മടങ്ങാണ് പി.എസ്.സി. വഴി കേരളം നടപ്പാക്കിയതെന്ന് മനസ്സിലാക്കാൻ സാധിക്കും. കേന്ദ്രസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റഴിക്കുമ്പോൾ, സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കിയതിലൂടെ 387 കോടി രൂപ സർക്കാരിന് ലഭിക്കുന്ന നിലയാണുണ്ടായത്. സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക്

ഉയർത്തുകയും പത്ത് ലക്ഷത്തിലധികം കുട്ടികൾ പൊതുവിദ്യാഭ്യാസ മേഖലയിലേയ്ക്ക് അധികമായി കടന്നുവരികയും ചെയ്തു. ഇതൊന്നും കാണാതെ കണ്ണടച്ചുകൊണ്ട് കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖല തകർച്ചയിലാണെന്നൊക്കെയുള്ള വസ്തുതകൾക്ക് നിരക്കാത്ത കാര്യങ്ങളാണ് നിയമസഭയിൽ വന്ന് യു.ഡി.എഫ്. പറയുന്നത്. 2015-ൽ ഉൾപ്പെടെ കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിലുണ്ടായ അവസ്ഥയെ സംബന്ധിച്ച് നേരത്തെ ചില അംഗങ്ങൾ പ്രസംഗത്തിൽ സൂചിപ്പിച്ചതുകൊണ്ട് ഞാൻ പറയുന്നില്ല. പൊതുവിദ്യാഭ്യാസ മേഖലയെ അടച്ചുപൂട്ടാനും പാഠപുസ്തകങ്ങൾപോലും നൽകാതെ തകർക്കാനും ശ്രമിച്ചവരാണ് ഇത്രയും മാതൃകാപരമായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ പൊതുവിദ്യാഭ്യാസ മേഖലയെ പിണറായി സർക്കാർ കരുത്തുറ്റതാക്കി മാറ്റിയത് കണ്ടില്ലെന്ന് നടിച്ച് പ്രസംഗം നടത്തുന്നത്. കേരളത്തിൽ പുതിയ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചു. കേന്ദ്ര അവഗണനയ്ക്കിടയിലും ഉച്ചഭക്ഷണ വിതരണം മുടങ്ങാതെ നടത്തി. എന്നാൽ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു അദ്ധ്യാപകന്റെ പത്രക്കുറിപ്പിനെക്കുറിച്ച്

പ്രതിപക്ഷത്തുനിന്ന് പ്രസംഗിച്ചവർ പറയുകയുണ്ടായി. അതിന്റെ യാഥാർത്ഥ്യം എന്താണെന്ന് പറയാൻപോലും പ്രതിപക്ഷം തയ്യാറാകുന്നില്ല. കേന്ദ്രവിഹിതം ഇതുവരെയും ലഭിച്ചിട്ടില്ല. ചെലവിന്റെ 60 ശതമാനവും ഇതിനാവശ്യമായ അരിയും കേന്ദ്ര സർക്കാരാണ് അനുവദിക്കേണ്ടത്. 2021-22 മുതൽ ആ സഹായം ബോധപൂർവ്വം വൈകിപ്പിച്ച് ബാധ്യതയിൽനിന്നും ഒളിച്ചോടുന്ന സമീപനമാണ് കേന്ദ്രത്തിന്റെ ഭാഗത്തുനിന്നും കാണാൻ സാധിക്കുന്നത്. കേന്ദ്ര ബഡ്ജറ്റിൽ പതിനായിരം കോടി രൂപ നീക്കിവച്ചെങ്കിലും ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങൾക്ക് മാത്രമാണ് ആദ്യഗഡു നൽകിയത്. കേന്ദ്രത്തിന്റെ ഈ അവഗണന തുറന്നുകാട്ടുന്നതിനുപകരം ഇവിടത്തെ പ്രതിപക്ഷവും ചില മാധ്യമങ്ങളും ചെയ്യുന്നത് എന്താണ്? രേഖകൾ യഥാസമയം നൽകിയില്ലെന്ന കള്ളപ്രചരണം നടത്തുന്നതിനാണ് ഇവർ ശ്രമിക്കുന്നത്. ജൂലൈ മാസം 4-ാം തീയതി കൃത്യമായ രേഖകളെല്ലാം നൽകിയിട്ടും കേരളത്തിന്റെ ഉച്ചഭക്ഷണ പദ്ധതിയെ അട്ടിമറിക്കാൻ കേന്ദ്രസർക്കാർ നടത്തുന്ന നീക്കങ്ങളെ വിമർശിക്കുന്നതിനുപകരം രാഷ്ട്രീയ ലാഭത്തിനായി

നിയമസഭയിലൂൾപ്പെടെ ചില അദ്ധ്യാപകരുടെ പത്രക്കുറിപ്പുകൾ കൊണ്ടുവന്ന് വായിച്ച് നാടകം കളിക്കുന്ന സാഹചര്യമാണ് കാണാൻ സാധിക്കുന്നത്. 60 ലക്ഷത്തോളം ആളുകൾക്ക് 1,600/- രൂപ നിരക്കിൽ ക്ഷേമ പെൻഷൻ കൃത്യമായി നൽകുന്ന സംസ്ഥാനമല്ലേ കേരളം? മുമ്പ് 18 മാസം കുടിശ്ശികയുണ്ടായിരുന്നില്ലേ? 3,200/- രൂപ ഓണസമ്മാനമായി നൽകി. തൊഴിലുറപ്പ് ജീവനക്കാർക്ക് 1,000/- രൂപ ഓണസമ്മാനമായി പിണറായി സർക്കാർ നൽകി. സാമ്പത്തിക ബുദ്ധിമുട്ടിനിടയിലും 11000 കോടി രൂപ സാമൂഹ്യ ക്ഷേമ പെൻഷൻ നൽകാൻ വിനിയോഗിച്ചു. പാവങ്ങളെ ചേർത്തുപിടിക്കാനുള്ള ഈ സർക്കാരിന്റെ കരുതലിനെ നാം എടുത്തുകാണേണ്ടതല്ലേ? രാജ്യത്തെമ്പാടും വിലക്കയറ്റമാണ്. ആ വിലക്കയറ്റത്തെ സംസ്ഥാന സർക്കാർ പിടിച്ചുനിർത്തുന്നു. 2016 മുതൽ 13 നിത്യോപയോഗ സാധനങ്ങൾക്ക് നയാപൈസ വർദ്ധിപ്പിച്ചില്ലെന്നത് അഭിമാനകരമായ നേട്ടം തന്നെയാണ്. 42 ലക്ഷം കുടുംബങ്ങൾക്ക് പ്രതിവർഷം 5 ലക്ഷം രൂപ ലഭ്യമാക്കുന്ന ചികിത്സാ പദ്ധതിയുണ്ട്. അതുകൂടാതെ മെഡിസെപ് പദ്ധതി പ്രത്യേകം നടപ്പിലാക്കുന്നു. ചികിത്സാ

പദ്ധതിക്ക് 1400 കോടി രൂപ പ്രതിവർഷം പ്രത്യേകമായി ഗവൺമെന്റ് നൽകുന്നു. ഇന്റർനെറ്റ് അവകാശമാക്കിയ ആദ്യ സംസ്ഥാനമായി കേരളം മാറിയില്ലേ? അഭിമാനകരമായ നേട്ടമല്ലേ കെ-ഫോണിലൂടെ നാം നേടിയെടുത്തത്? ദേശീയപാത വികസനം മറ്റ് സംസ്ഥാനങ്ങളിലെല്ലാം സൗജന്യമായി നിർവ്വഹിച്ചപ്പോൾ കേരളത്തോട് അവഗണന കാണിച്ചതിനെത്തുടർന്ന് സ്ഥലം ഏറ്റെടുക്കലിന് 25% വഹിക്കാൻ കേരളം തയ്യാറാകുകയും 6000 കോടി രൂപ ഇതിനായി പ്രത്യേകം ചെലവാക്കുകയും നാഷണൽ ഹൈവേ യാഥാർത്ഥ്യമാക്കുകയും ചെയ്ത സർക്കാരാണിത്. ലൈഫ് മിഷനിലൂടെ 4 ലക്ഷം വീടുകളാണ് പാവപ്പെട്ടവർക്ക് നൽകിയത്. നോളജ് ഇക്കോണമി മിഷൻ തുടങ്ങിയവയിലൂടെ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നു. അതോടൊപ്പം തൊഴിൽ സാധ്യതയെ ശക്തിപ്പെടുത്തി യുവതയുടെ തൊഴിൽ സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിന് ഏറ്റവും ശക്തമായി ഇടപെടുകയാണ് പിണറായി സർക്കാർ. നികുതി വിഹിതത്തിലെ കുറവ്, റവന്യൂ കമ്മി ഗ്രാന്റിൽ വന്ന കുറവ്, ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കിയത്, കടമെടുപ്പ് പരിധി കുറച്ചത് എന്നിവയെല്ലാമാണ് നാം

കാണേണ്ടത്. പുതിയ മാനദണ്ഡം കൊണ്ടുവന്നതിലൂടെ 40000 കോടിയോളം രൂപയുടെ കുറവാണ് കേരളത്തിന് അർഹമായ വരുമാനത്തിലുണ്ടായത്. ഇത് കേരളത്തിലെ എല്ലാ ജനങ്ങളെയും ആരോഗ്യ/വിദ്യാഭ്യാസ മേഖലകളെയും നമ്മുടെ കുട്ടികളെയുമുൾപ്പെടെ ബാധിക്കുന്നതല്ലേ? ആ വിഷയത്തിൽ കേരളം ഒറ്റക്കെട്ടായി നിൽക്കണ്ടേ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും കേരളത്തിലെ എം.പി.-മാരെ വിളിച്ച് ഗൗരവപൂർവ്വം ഈ വിഷയങ്ങൾ അവതരിപ്പിച്ചു. ഇന്ത്യൻ പാർലമെന്റിൽ ഇത് ശക്തമായി ചർച്ച ചെയ്യണമെന്ന് എല്ലാ എം.പി.-മാരോടും ആവശ്യപ്പെട്ടു. ആ യോഗത്തിൽ എല്ലാവരും സമ്മതിച്ച് പുറത്തിറങ്ങി. എന്നാൽ പാർലമെന്റിൽ ഇവിടത്തെ 18 യു.ഡി.എഫ്. എം.പി.-മാർ ബി.ജെ.പി.-യുടെ താൽപ്പര്യങ്ങൾക്കനുകൂലമായിട്ടല്ലേ നിലപാട് സ്വീകരിച്ചത്? കേരളം നശിക്കാൻ, കേരളത്തിനെതിരായി ചർച്ച നടത്താൻ, യു.ഡി.എഫ്.-ന്റെ എം.പി.-മാർ ഇന്ത്യൻ പാർലമെന്റിനെ ഉപയോഗിക്കുന്ന കാഴ്ചയല്ലേ നാം കാണുന്നത്; ഇതാണോ കോൺഗ്രസ്സിന്റെ സമീപനം? കേരളത്തെ രക്ഷിക്കാൻ, കേരളം ബി.ജെ.പി.-യുടെ രാഷ്ട്രീയ ഉപകരണമായി

മാറുമ്പോൾ അതിനെതിരെ ഒരക്ഷരം മിണ്ടാൻ യു.ഡി.എഫ്. തയ്യാറാകുന്നില്ലെന്ന ഗൗരവതരമായ തലം നാം കാണേണ്ടതായിട്ടില്ലേ?

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ഉമ്മൻ ചാണ്ടിയെ വേട്ടയാടിയത് ഇവിടത്തെ ഭരണപക്ഷമാണെന്ന് പ്രതിപക്ഷനിരയിൽനിന്ന് പ്രസംഗിച്ച ചില അംഗങ്ങൾ സൂചിപ്പിച്ചു. ആരാണ് അദ്ദേഹത്തെ വേട്ടയാടിയത്? സോളാർ കേസ് ആദ്യമായി പുറത്തുകൊണ്ടുവന്നത് കെ.പി.സി.സി. അംഗമായിരുന്ന ശ്രീ. മല്ലേലി ശ്രീധരൻ നായരാണ്, ഞങ്ങളല്ല. ഉമ്മൻ ചാണ്ടി മദ്യമാഫിയയുടെയും കള്ളപ്പണക്കാരുടെയും ഏജന്റാണെന്നും വിദ്യാർത്ഥികളെ കണ്ണീരുകുടിപ്പിച്ചയാളാണെന്നും പ്രഖ്യാപിച്ചത് നിങ്ങളുടെ നേതാക്കന്മാരാണ്. ഉമ്മൻ ചാണ്ടിയുടെ ഭരണം തീവെട്ടിക്കൊള്ളയാണെന്ന് പ്രഖ്യാപിച്ചതും നിങ്ങൾ തന്നെയാണ്. സോളാർ കേസ് വന്നപ്പോൾ അദ്ദേഹത്തിന്റെ ഗൺമാനെ അറസ്റ്റ് ചെയ്ത ആഭ്യന്തര വകുപ്പുമന്ത്രിയും നിങ്ങളുടെ കൂട്ടത്തിലുള്ളയാളാണ്. ഉമ്മൻ ചാണ്ടി ജീവിച്ചിരിക്കുന്ന കാലഘട്ടങ്ങളിലെല്ലാം അദ്ദേഹത്തെ വേട്ടയാടിയവരും മുന്നിൽനിന്നും പിന്നിൽനിന്നും

കുത്തിയവരുമെല്ലാം കോൺഗ്രസ്സുകാർ തന്നെയാണ്. എന്നിട്ട് പറയുകയാണ് ഭരണപക്ഷം ഉമ്മൻ ചാണ്ടിയെ വേട്ടയാടിയെന്ന്. പുതുപ്പള്ളി തെരഞ്ഞെടുപ്പിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. ആ തെരഞ്ഞെടുപ്പിലുണ്ടായ വിജയത്തിന്റെ കാരണമെന്താണ്; 53 വർഷമായി അത് യു.ഡി.എഫ്.-നോട് ചേർന്നുനിൽക്കുന്ന മണ്ഡലമാണ്. അതോടൊപ്പം മരണാനന്തര ചടങ്ങുകളുടെ വൈകാരികത അങ്ങേയറ്റം പൊലിപ്പിച്ചുനിർത്തിയ സഹതാപതരംഗത്തിലുണ്ടായ മുന്നേറ്റമാണ്. അതല്ലാതെ ഏതെങ്കിലും വികസന വിഷയത്തിന്റെ അടിസ്ഥാനത്തിലാണോ പുതുപ്പള്ളിയിൽ യു.ഡി.എഫ്.-ന്റെ വിജയമുണ്ടായത്? വികസനത്തിൽനിന്നും ചർച്ചയിൽനിന്നും ഒളിച്ചോടിയില്ലേ; സഹതാപതരംഗം മാത്രമുണ്ടാകണമെന്ന് നിങ്ങൾ ആഗ്രഹിച്ചില്ലേ? വികസനത്തെക്കുറിച്ച് ചർച്ച ചെയ്യാൻ ഇടതുപക്ഷത്തിന്റെ സ്ഥാനാർത്ഥി ആവശ്യപ്പെട്ടപ്പോൾ നാലാംതരക്കാരനായി പ്രഖ്യാപിച്ച് നിങ്ങൾ ഒളിച്ചോടി. വികസനം ചർച്ച ചെയ്യാതെ കേവലം സഹതാപത്തിന്റെയടിസ്ഥാനത്തിൽ കിടങ്ങൂർ പഞ്ചായത്തിലുൾപ്പെടെ ബി.ജെ.പി.-യുമായി നിങ്ങൾ നടത്തിയ അലയൻസ്

പൂർണ്ണമായും പുതുപ്പള്ളിയിലുണ്ടായി. ബി.ജെ.പി.-യുടെ വോട്ട് എവിടെപ്പോയി? അതെല്ലാം നിങ്ങളുടെ പാളയത്തിലേയ്ക്ക് ചേർന്നു. സഹതാപതരംഗവും ബി.ജെ.പി. വോട്ടുകൾ ശേഖരിച്ചും 53 വർഷമായി നിങ്ങൾ കയ്യിൽവച്ച ഒരു വിജയം മാത്രമാണ് പുതുപ്പള്ളിയിലുണ്ടായത്. അതുവരെ വികസനം ചർച്ച ചെയ്യാത്തവർ ഇലക്ഷൻ കഴിഞ്ഞ നിമിഷം മുതൽ വികസനത്തെയും ഭരണത്തെയും കുറിച്ച് ചർച്ച ചെയ്യാൻ കടന്നുവരുന്നതൊക്കെ ജനങ്ങൾ തിരിച്ചറിയുന്നുണ്ട്. 2005-ൽ അഴീക്കോട്ടും കൂത്തുപറമ്പിലുമുണ്ടായ ഉപതെരഞ്ഞെടുപ്പ് വിജയത്തിനുശേഷം നിങ്ങൾക്കുവേണ്ടി വാർത്തകളെഴുതുന്ന മാധ്യമങ്ങൾപോലും അത് ഭരണവിരുദ്ധ വികാരത്തിന്റെ ഭാഗമാണെന്ന് പറഞ്ഞില്ല.

മി. സ്പീക്കർ: പ്ലീസ്....കൺക്ലൂഡ്....

ശ്രീ. എം. വിജിൻ: സർ, ഏതെങ്കിലുമൊരു ഘട്ടത്തിൽ നിങ്ങളുടെ മണ്ഡലത്തിലുണ്ടായ ഒരു വിജയം ഭരണവിരുദ്ധ വികാരമെന്നുപറഞ്ഞ് ഭരണപക്ഷത്തിനെതിരെ നീക്കം നടത്തുന്നതിനെ പ്രതിരോധിച്ചുതന്നെ മുന്നോട്ടുപോകും. (......മൈക്ക് ഓഫ്...... )

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ആദ്യമായി പുതുപ്പള്ളിയിലെ ജനങ്ങളോടുള്ള നന്ദിയും കടപ്പാടും അറിയിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. കാരണം, മൺമറഞ്ഞുപോയ മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി സാറിന് നൽകാൻ കഴിയുന്ന ഏറ്റവും അവസാനത്തേതും ഒരുപക്ഷേ ഏറ്റവും വലുതുമായ ആദരവാണ് ജനസമൂഹം നൽകിയത്. നിയമസഭയിലേയ്ക്ക് വിജയിപ്പിച്ചയച്ച അദ്ദേഹത്തിന്റെ പ്രിയപുത്രൻ ചാണ്ടി ഉമ്മനെ ഞാൻ സാന്ദർഭികമായി സ്വാഗതം ചെയ്യുകയാണ്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പലതവണ സംസ്ഥാനത്തിന്റെ സാമ്പത്തിക പിരിമുറുക്കത്തെയും പ്രയാസത്തെയും കുറിച്ചൊക്കെ പറയുകയുണ്ടായി. എന്നാൽ, മറുവശത്ത് അതിവ്യാപകമായി അഴിമതി ഇൻസ്റ്റിറ്റ്യൂഷണലൈസ് ചെയ്ത് മുന്നോട്ടുപോകുന്ന കാഴ്ചയാണ് കണ്ടുകൊണ്ടിരിക്കുന്നത്. ഇതുപോലുള്ള വിഷയങ്ങൾ ഈ സഭയിൽ ഉന്നയിക്കാൻ അങ്ങടക്കമുള്ളവർ അനുവദിക്കുന്നില്ലെന്ന ദയനീയമായ ജനാധിപത്യവിരുദ്ധ സമീപനമാണ് കഴിഞ്ഞനാളുകളിൽ കണ്ടത്. ഇതിനുമുമ്പ് എന്റെ പ്രസംഗത്തെ ഇവിടെ

മൈക്ക് ഓഫ് ചെയ്ത് തടസ്സപ്പെടുത്തി അവസാനിപ്പിക്കുകയായിരുന്നുവെന്നത് അങ്ങേയ്ക്ക് ഓർമ്മയുണ്ടല്ലോ; പക്ഷേ അങ്ങനെ ആരുടെയെങ്കിലും വായടച്ചതുകൊണ്ട് സത്യങ്ങൾ ഇല്ലാതാകുന്നില്ല. 12-06-2023-ന് സുപ്രധാനമായ ഒരു ക്വാസി ജുഡീഷ്യൽ ബോഡിയുടെ ഫൈൻഡിംഗ് അല്ലെങ്കിൽ ഓർഡർ പുറത്തുവരികയുണ്ടായി. അതിൽ കേരളത്തിന്റെ അഭിമാനത്തെ ചോദ്യം ചെയ്യപ്പെടുന്ന നിലയിലുള്ള പരാമർശങ്ങൾ വന്നിട്ട് ഉത്തരവാദപ്പെട്ടവർ അതിനൊരു മറുപടി കേരളത്തിലെ പൊതുസമൂഹത്തോട് പറയണ്ടേ? എന്താണിത്ര മൗനം; ഈ മൗനത്തിന്റെ അർത്ഥമെന്താണ്? 2022 ജൂൺ 28-ന് ഞാനിവിടെ ഒരു അടിയന്തര പ്രമേയം അവതരിപ്പിച്ചപ്പോൾ മുഖ്യമന്ത്രി അതിന് മറുപടി പറയുകയും അതിനുശേഷം ധാരാളംപേർ പ്രസംഗിക്കുകയും ചെയ്തു. മുഖ്യമന്ത്രിയുടെ സുദീർഘമായ മറുപടിയുടെ അവസാനം നമ്മളാരും പ്രതീക്ഷിക്കാതെ അദ്ദേഹം പെട്ടെന്ന് പറയുകയാണ്, 'ഡോ. മാത്യു കുഴൽനാടൻ, എന്തും അങ്ങ് തട്ടിക്കളയാമെന്നാണ് അദ്ദേഹത്തിന്റെ വിചാരം' എന്ന്. എന്നിട്ട് അദ്ദേഹം ചോദിച്ചു, 'മകളെക്കുറിച്ച് പറഞ്ഞാൽ ഞാനങ്ങ് കിടുങ്ങിപ്പോകുമെന്ന് വിചാരിച്ചോ' എന്ന്. എന്റെ

പ്രസംഗത്തിലെവിടെയും ഞാൻ അദ്ദേഹത്തിന്റെ മകളെക്കുറിച്ച് സൂചിപ്പിച്ചതായി ഇവിടെയുള്ള 139 അംഗങ്ങൾക്കും തോന്നിയില്ല. പക്ഷേ അദ്ദേഹത്തിന് തോന്നി. ഇപ്പോഴാണ് എനിക്ക് കാര്യം മനസ്സിലായത്. യഥാർത്ഥത്തിൽ അന്ന് അദ്ദേഹം കിടുങ്ങിയിരുന്നു. അന്ന് പറഞ്ഞ കാര്യം അക്ഷരാർത്ഥത്തിൽ പൊതുസമൂഹത്തിനുമുമ്പിൽ ഞാൻ തെളിയിച്ചു. പക്ഷേ അദ്ദേഹത്തിന് അതിനും മറുപടിയുണ്ടായില്ല. അത് നിങ്ങൾ സാങ്കേതികമായി തുടച്ചുമായ്ച്ചുകളഞ്ഞു. ഗൗരവമുള്ള ഒരു കാര്യം ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. XXXXXXXX+ അക്കാര്യം പുറത്തുവന്നപ്പോൾ സ്വാഭാവികമായും ഞങ്ങൾ ചോദ്യങ്ങൾ ചോദിച്ചെങ്കിലും ആരും മറുപടി പറഞ്ഞില്ല. എന്നാൽ ഇതിന് മറുപടിയുമായി മുന്നോട്ടുവന്നത് സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടേറിയറ്റാണ്. അവരുടെ പ്രസ്താവനയാണ് എന്റെ കയ്യിലുള്ളത്. XXXXXXXXX+ അതായത്, അതിന്റെ പ്രവർത്തനങ്ങളെല്ലാം സുതാര്യമാണെന്നും ആ രണ്ട് കമ്പനികൾ തമ്മിലുള്ള ഇടപാടിൽ നൽകിയ

\+ ബഹു. സ്പീക്കറുടെ ഉത്തരവ് പ്രകാരം (ഫയൽ നമ്പർ 15332/ഇ.ബി/2023/നി.സെ തീയതി 12-09-2023) സഭാ രേഖകളിൽ നിന്നും നീക്കം ചെയ്തു.

\+ ബഹു. സ്പീക്കറുടെ ഉത്തരവ് പ്രകാരം(ഫയൽ നമ്പർ 15332/ഇ.ബി/2023/നി.സെ തീയതി 12-09-2023) സഭാ രേഖകളിൽ നിന്നും നീക്കം ചെയ്തു.

പണമാണെന്നുമാണ് സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടേറിയറ്റ് പറയുന്നത്. സി.പി.ഐ.(എം) എന്ന പാർട്ടിക്ക് ഒരു ചരിത്രവും പാരമ്പര്യവുമില്ലേ? xxxxxxxxx+ അങ്ങനെ കാവൽ നിൽക്കുന്ന ഒരു പാർട്ടിയായി സി.പി.ഐ.(എം) അധഃപതിച്ചു. സംസ്ഥാന സെക്രട്ടേറിയറ്റിൽ ഇത് സുതാര്യമായി നടക്കുന്നതാണെന്ന് നിങ്ങൾ പറഞ്ഞല്ലോ; ഫൈൻഡിംഗ് ഓർഡറിലെ പ്രധാനപ്പെട്ട ഒരു കാര്യം പറയാം. അതിലെ ഖണ്ഡിക നമ്പർ 7.4-ൽ പറയുന്നത്, xxxxxxx+ കൊടുത്ത സേവനത്തിന് നൽകിയ പണമാണെന്നാണ് നിങ്ങൾ പറയുന്നത്. ഒരു സേവനവും വാങ്ങിയിട്ടില്ലെന്ന് എത്രയോ പ്രാവശ്യം സാക്ഷാൽ ശ്രീ. ശശിധരൻ കർത്ത പറഞ്ഞിരിക്കുന്നു. ഒരു കോടി എഴുപത്തി രണ്ട് ലക്ഷം രൂപയുടെ ഇന്നത്തെ സ്റ്റാറ്റസ് എന്താണെന്ന് നിങ്ങൾക്കറിയാമോ? 'These are illegal payments in the hands of the company. M/s. Exalogic has not provided any

+ ബഹു. സ്പീക്കറുടെ ഉത്തരവ് പ്രകാരം (ഫയൽ നമ്പർ 15332/ഇ.ബി/2023/നി.സെ തീയതി 12-09-2023) സഭാ രേഖകളിൽ നിന്നും നീക്കം ചെയ്തു.

+ ബഹു. സ്പീക്കറുടെ ഉത്തരവ് പ്രകാരം(ഫയൽ നമ്പർ 15332/ഇ.ബി/2023/നി.സെ തീയതി 12-09-2023) സഭാ രേഖകളിൽ നിന്നും നീക്കം ചെയ്തു.

services as per the contemporaneous evidence gathered during the search....,' എന്നാണ് പറഞ്ഞിരിക്കുന്നത്. XXXXXXX[+] (.....ബഹളം......) അത് നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുമോ? അതായത്, ഒരു കോടി എഴുപത്തിരണ്ട് ലക്ഷം രൂപ അനധികൃതമായി കൈപ്പറ്റി. ഇന്ന് സി.പി.ഐ.(എം) എന്ന പാർട്ടി അതിന് പരിച തീർക്കുകയാണ്. (.....ബഹളം......) ഇതുപോലൊരു സംഭവമുണ്ടായിട്ട് പാർട്ടിക്കുള്ളിൽ ഇതിനെക്കുറിച്ച് ഒരു വാചകം പറയാൻ പോലും ഒരു നേതാവില്ലല്ലോയെന്ന് ഓർത്ത് സങ്കടപ്പെടുന്ന ഒരുപാട് കമ്മ്യൂണിസ്റ്റുകാരുണ്ട്. (.....ബഹളം......) XXXXX[+] ഞങ്ങൾക്കിത് പറയാൻ മടിയുമില്ല ഭയവുമില്ല. ഭയമുള്ളത് നിങ്ങൾക്കാണ്. മുഖ്യമന്ത്രിയുടെ മുഖത്തുനോക്കി സി.പി.ഐ.(എം) എന്ന പാർട്ടിക്ക് പറയാൻ ഭയമാണെങ്കിൽ സാധാരണ കമ്മ്യൂണിസ്റ്റുകാർക്കുവേണ്ടി ആ ദൗത്യമേറ്റെടുക്കാൻ ഞങ്ങൾ തയ്യാറാണ്. (.....ബഹളം......) നിങ്ങൾ അഴിമതിക്കാരനാണെന്ന്

\+ ബഹു. സ്പീക്കറുടെ ഉത്തരവ് പ്രകാരം (ഫയൽ നമ്പർ 15332/ഇ.ബി/2023/നി.സെ തീയതി 12-09-2023) സഭാ രേഖകളിൽ നിന്നും നീക്കം ചെയ്തു.

\+ ബഹു. സ്പീക്കറുടെ ഉത്തരവ് പ്രകാരം (ഫയൽ നമ്പർ 15332/ഇ.ബി/2023/നി.സെ തീയതി 12-09-2023) സഭാ രേഖകളിൽ നിന്നും നീക്കം ചെയ്തു.

മുഖത്തുനോക്കി പറയാനുള്ള ചങ്കൂറ്റവും തന്റേടവും ഇന്ത്യൻ നാഷണൽ കോൺഗ്രസിനുണ്ട്. (.....ബഹളം......) ഞാൻ അവസാനിപ്പിക്കുകയാണ്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. എം. ബി. രാജേഷ്: സർ, ഈ സഭയിൽ അംഗമല്ലാത്ത ഒരാളെക്കുറിച്ച് അടിസ്ഥാനരഹിതമായ, വസ്തുതകളുമായി പുലബന്ധമില്ലാത്ത ആരോപണം ആവർത്തിക്കുകയാണ്. ഇദ്ദേഹത്തിന്റെ സിൽബന്തികളും അനുയായികളും കോടതിയിൽ പോകുകയും കോടതി വലിച്ചുകീറി ചവറ്റുകുട്ടയിലിടുകയും ചെയ്ത ഒരു ആരോപണം ഇവിടെ ഉന്നയിച്ചുകൊണ്ട് സഭാതലത്തെ ദുരുപയോഗം ചെയ്യുകയാണ്. ഒരു ഉപതെരഞ്ഞെടുപ്പിൽ സീറ്റ് നിലനിർത്തിയതിന്റെ ധാർഷ്ട്യത്തിൽ ഈ സഭാതലത്തെ രാവിലെ മുതൽ പ്രതിപക്ഷം ദുരുപയോഗിച്ചുകൊണ്ടിരിക്കുകയാണ്. സഭയിൽ അംഗമല്ലാത്ത ഒരാളെ വ്യക്തിപരമായി അധിക്ഷേപിക്കുന്ന പരാമർശങ്ങൾ രേഖയിൽനിന്നും നീക്കം ചെയ്യണം.

മി. സ്പീക്കർ: റൂൾസ് ഓഫ് പ്രോസീജ്വർ പ്രകാരം പരിശോധിക്കും. ചട്ടവും ക്രമവും പാലിക്കാത്ത ഒരു കാര്യവും സഭാ രേഖയിലുണ്ടാകില്ല+.

ശ്രീ. എം. ബി. രാജേഷ്: സർ, ഒരു കാര്യംകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇത് പരിശോധിച്ചാൽ രേഖയിലുൾപ്പെടുത്താൻ സാധിക്കില്ലെന്ന് എല്ലാവർക്കുമറിയാം. പക്ഷേ മാധ്യമങ്ങളുടെ തലക്കെട്ടിനുവേണ്ടി വസ്തുതാവിരുദ്ധമായ പരാമർശങ്ങളാണ് സഭയിൽ ആവർത്തിച്ചുകൊണ്ടിരിക്കുന്നത്. സഭയെ ദുരുപയോഗിക്കാൻ ബഹുമാനപ്പെട്ട ചെയർ അനുവദിക്കരുതെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

**12:00 Noon]**

ശ്രീമതി ശാന്തകുമാരി കെ.: സർ, പ്രതിപക്ഷത്തുള്ള ബഹുമാനപ്പെട്ട ഒരംഗം വസ്തുതയുമായി യാതൊരു ബന്ധവുമില്ലാത്ത ചില കാര്യങ്ങൾ കഴിഞ്ഞ നിയമസഭാ സമ്മേളനത്തിലും ഇപ്പോഴും ഉന്നയിക്കുകയാണ്. സഭയിൽ ആർത്തലച്ച് വർത്തമാനം പറയുകയെന്നത് ഒരു പൊതുമുഖമുദ്രയായി അദ്ദേഹം ഏറ്റെടുത്തിരിക്കുകയാണ്. ബഹുമാനപ്പെട്ട കോടതിപോലും ചവച്ചുതുപ്പിയ ഈ ന്യായവാദം സഭാതലത്തിൽ മാധ്യമ

+ ബഹു. സ്പീക്കറുടെ ഉത്തരവ് പ്രകാരം (ഫയൽ നമ്പർ 15332/ഇ.ബി/2023/നി.സെ തീയതി 12-09-2023) സഭാ രേഖകളിൽ നിന്നും നീക്കം ചെയ്തു.

ശ്രദ്ധയ്ക്കുവേണ്ടി മാത്രം ഉന്നയിക്കുന്നതാണ്. യഥാർത്ഥത്തിൽ ഇപ്പോൾ കോൺഗ്രസിന്റെ നേർച്ചക്കാളയാണ് ഡോ. മാത്യു കുഴൽനാടനെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. (.........ബഹളം........) എന്തും ഏതും വിളിച്ച് പറയുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും കുടുംബത്തിനുമെതിരായി ആക്ഷേപങ്ങൾ ഉന്നയിക്കുകയും കമ്മ്യൂണിസ്റ്റുകാരെ ഇല്ലാതാക്കാമെന്ന് വ്യാമോഹിക്കുകയും ചെയ്തുകൊണ്ടാണ് ഈ സഭാതലത്തിൽ ഇത്തരത്തിലുള്ള അഭിപ്രായം രേഖപ്പെടുത്താൻ നേർച്ചക്കാളയായി ഡോ. മാത്യു കുഴൽനാടനെ ചുമതലപ്പെടുത്തിയിട്ടുള്ളത്. മുഖ്യമന്ത്രിയുടെ കുടുംബത്തിനെതിരായി ആരോപണമുന്നയിക്കുകയും കമ്മ്യൂണിസ്റ്റുകാരെ ഇല്ലാതാക്കാമെന്ന് വ്യാമോഹിക്കുകയും ചെയ്യുന്നവരുടെ പ്രസംഗമായി മാത്രമേ ഇതിനെ കണക്കാക്കാൻ സാധിക്കുകയുള്ളൂ. ഇടുക്കി ജില്ലയിൽ ഡോ. മാത്യു കുഴൽനാടൻ വീട് നിർമ്മിക്കാനെന്ന വ്യാജേന വാങ്ങിയിട്ടുള്ള ഭൂമിയെയും റിസോർട്ടിനെയും സംബന്ധിച്ച രേഖകൾ പുറത്തുവന്നിട്ടുണ്ട്. അത് പരിശോധനാവിധേയമാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ ഡോ. മാത്യു കുഴൽനാടൻ ചട്ടം 285 അനുസരിച്ചുള്ള അഴിമതിയാരോപണമാണ് ഉന്നയിച്ചത്. എന്നാൽ ബഹുമാനപ്പെട്ട ശാന്തകുമാരി കെ. ചട്ടം 285 പ്രകാരം മുൻകൂർ നോട്ടീസ് നൽകാതെയാണ് അദ്ദേഹത്തിനെതിരെ ആരോപണം ഉന്നയിച്ചിരിക്കുന്നത്. അത്തരത്തിൽ മുൻകൂർ നോട്ടീസ് നൽകാതെ ആരോപണം ഉന്നയിക്കാൻ പാടില്ല. അത് സഭാ രേഖയിലുണ്ടാകാൻ പാടില്ല.

മി. സ്പീക്കർ: അത് പരിശോധിക്കാം+.

ശ്രീമതി ശാന്തകുമാരി കെ.: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറയുന്നത് കേട്ടാൽ പ്രതിപക്ഷത്തുനിന്ന് ഒരു ആരോപണവും നാളിതുവരെ ഈ സഭതലത്തിൽ ഉന്നയിച്ചിട്ടില്ലെന്ന് തോന്നും.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ചട്ടം 285 അനുസരിച്ച് ഏതൊരു വ്യക്തിക്കുമെതിരെ ഇങ്ങനെ ആരോപണം ഉന്നയിക്കാൻ കഴിയുന്നതല്ല. ചട്ടം 285 ഇതിനുമുമ്പും ബാധകമാണ്.

+ ബഹു. സ്പീക്കറുടെ ഉത്തരവ് പ്രകാരം (ഫയൽ നമ്പർ 17280/ഇ.ബി/2023/നി.സെ. തീയതി 17-10-2023) സഭാ രേഖകളിൽ നിലനിർത്തി.

ശ്രീമതി ശാന്തകുമാരി കെ.: സർ, സഭയ്ക്കകത്തില്ലാത്ത ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മകളുടെ പേര് നിരവധി തവണയായി പരാമർശിക്കപ്പെട്ടുകയാണ്. അഴിമതി ആരോപണം ഉന്നയിക്കുന്നതിന് രേഖാമൂലം നോട്ടീസ് നൽകണം. നോട്ടീസിൽ പറയാത്ത കാര്യങ്ങൾ ഉന്നയിക്കാൻ നിയമസഭയുടെ റൂൾസ് ഓഫ് പ്രൊസീജ്യർ അനുവദിക്കുന്നില്ല. ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. കേന്ദ്രം കേരളത്തോട് അനുവർത്തിക്കുന്ന നീതികേടിനെതിരായി പ്രതികരിക്കാൻ കഴിയാത്ത പ്രതിപക്ഷമേ, നിങ്ങൾ കമ്മ്യൂണിസ്റ്റുകാർക്കെതിരായി മാത്രം ശബ്ദമുയർത്തുന്നത് ഈ നാട്ടിലെ ജനങ്ങൾ കാണുന്നുണ്ടെന്ന് തിരിച്ചറിയണം. കേന്ദ്രസർക്കാർ കേരളത്തെ സാമ്പത്തികമായി ഞെക്കിപ്പിഴിയുകയാണ്. കേന്ദ്രം കേരളത്തോട് കാണിക്കുന്ന ഇരട്ടത്താപ്പിനും രാഷ്ട്രീയ പകപോക്കലിനും കടുത്ത സാമ്പത്തിക ഞെരുക്കത്തിനുമെതിരെ നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും എത്രതവണയാണ് കോൺഗ്രസ് എം.പി.-മാരോട് അപേക്ഷിച്ചത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി

എം.പി.-മാരുടെ യോഗം വിളിച്ചുചേർത്തപ്പോൾ നിങ്ങൾ തല കുലുക്കി സമ്മതിച്ചു. പ്രസ്തുത യോഗത്തിൽ മുഖ്യമന്ത്രി മര്യാദ കാണിച്ചതുകൊണ്ട് ചായയും സൽക്കാരങ്ങളും സ്വീകരിച്ചു. അതിനുശേഷം കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയെ സന്ദർശിക്കാൻ തീയതി നിശ്ചയിക്കുകയും അതുമായി ബന്ധപ്പെട്ട നിവേദനം യു.ഡി.എഫ്.-ന്റെ എം.പി.-മാർക്ക് വിതരണം ചെയ്യുകയും ചെയ്തപ്പോൾ ആ നിവേദനത്തിൽ ഒപ്പിടാനോ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയെ കാണാനോ യു.ഡി.എഫ്.-ന്റെ എം.പി.-മാർ തയ്യാറാകാതിരുന്നത് കേരളത്തിലെ പാവപ്പെട്ട മനുഷ്യരോട് കാണിക്കുന്ന അവഗണനയും വഞ്ചനയുമാണ്. ബി.ജെ.പി.-ക്കുവേണ്ടി അവർ കുഴലൂത്ത് നടത്തുകയാണ്. അത്തരത്തിലുള്ള ആളുകൾ ഇവിടെയുമുണ്ട്. അതിനെക്കുറിച്ച് ഞാൻ പരാമർശിക്കുന്നില്ല. ബി.ജെ.പി., ആർ.എസ്.എസ്., സംഘ്പരിവാർ തുടങ്ങിയ വർഗ്ഗീയ-രാഷ്ട്രീയ സ്വഭാവമുള്ള സംഘടനകൾ മുഖേന ഈ രാജ്യത്തെ ഹിന്ദുത്വ രാഷ്ട്രമാക്കി മാറ്റാൻ ശ്രമിക്കുന്ന കേന്ദ്ര സർക്കാരിന്റെ നയത്തിനെതിരെ നിങ്ങൾ ഒരക്ഷരംപോലും മിണ്ടുന്നില്ല. കേരളത്തിന് ലഭിക്കേണ്ട വിഹിതം ചോദിച്ചുവാങ്ങാൻ എം.പി.-മാർ തയ്യാറാകണ്ടേ?

നിയമസഭയിൽ അവരവരുടെ നിയോജകമണ്ഡലങ്ങൾക്ക് ആവശ്യമായ വികസന പ്രവർത്തനങ്ങൾ കൊണ്ടുവരാനല്ലേ സംസാരിക്കേണ്ടത്? അങ്ങനെ കേന്ദ്ര സർക്കാരിൽനിന്ന് ലഭ്യമാകേണ്ട സഹായംപോലും ചോദിച്ചുവാങ്ങാതെ ഇവിടെവന്ന് എന്തും പറയുന്ന സമീപനമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും ബാധകമായ ധന ഉത്തരവാദിത്വ നിയമം കേന്ദ്ര സർക്കാർ പാസ്സാക്കിയിരിക്കുകയാണ്. കേന്ദ്ര സർക്കാരിന് ഒരു നിയന്ത്രണവുമില്ലാതെ കടം വാങ്ങാനുള്ള അവസ്ഥയുണ്ടാകുകയും സംസ്ഥാനങ്ങൾക്ക് നിയന്ത്രണം കൊണ്ടുവരികയും ചെയ്യുന്നു. അതാണ് ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. വികസന മുരടിപ്പ് അനുഭവിക്കുമ്പോഴും പാവപ്പെട്ടവർക്കാവശ്യമായ വികസന-ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്ന, പൊതുസമീപനം സ്വീകരിക്കുന്ന ഗവൺമെന്റാണ് കേരളത്തിലുള്ളത്. ഓണം നമ്മളെല്ലാവരും സുഭിക്ഷമായി ആഘോഷിച്ചു. സർക്കാർ നൽകിയ ഓണക്കിറ്റ് ചില പ്രതിപക്ഷ എം.എൽ.എ.-മാർ നിരസിച്ചു. അതിൽ രാഷ്ട്രീയമുണ്ടായിരിക്കാം. എന്നാൽ ഈ നാട്ടിലെ പാവപ്പെട്ടവർ കിറ്റുവാങ്ങി ഓണം നന്നായി

ആഘോഷിച്ചു. അറുപത്തിനാല് ലക്ഷം ആളുകൾക്ക് 3,200/- രൂപ വീതമാണ് ആനുകൂല്യമായി നൽകിയത്. തൊഴിലുറപ്പ് തൊഴിലാളികൾവരെ ആനുകൂല്യങ്ങൾ കൈപ്പറ്റി. അവർക്ക് ഫെസ്റ്റിവൽ അലവൻസും നൽകി. കുടുംബശ്രീക്കാർ, ആരോഗ്യ മേഖലയിൽ പ്രവർത്തിച്ചവർ, ലോട്ടറി തൊഴിലാളികൾ എന്നിവർക്കും ആനുകൂല്യങ്ങൾ നൽകി. അതോടൊപ്പം 140 എം.എൽ.എ.-മാർക്കും ചെറിയ കിറ്റ് നൽകി. ഞങ്ങൾ അത് വാങ്ങുകയും അതുപയോഗിച്ച് ഇത്തവണ ഓണം ആഘോഷിക്കുകയും ചെയ്തു. എന്നാൽ പ്രതിപക്ഷ എം.എൽ.എ.-മാർ കിറ്റ് നിരസിച്ചുകൊണ്ട് വലിയ മാധ്യമ വാർത്തയുണ്ടാക്കാനുള്ള ശ്രമമാണ് നടത്തിയത്. ധന ഉത്തരവാദിത്വ നിയമത്തിന്റെ ഭാഗമായി കേന്ദ്രം കേരളത്തോട് കാണിക്കുന്ന അവഗണന എല്ലാ ഘട്ടങ്ങളിലും ചർച്ച ചെയ്തതാണ്. പത്തുവർഷംകൊണ്ട് സംസ്ഥാനങ്ങളുടെ റവന്യൂ കമ്മി ഇല്ലാതായിട്ടുണ്ട്; ചില സംസ്ഥാനങ്ങൾ റവന്യൂ മിച്ച സംസ്ഥാനമായി മാറിയിട്ടുണ്ട്. പക്ഷേ 2.5-3.5 എന്ന നിലയിൽ കേന്ദ്രത്തിന്റെ റവന്യൂ കമ്മി ഇപ്പോഴും തുടരുകയാണ്. കഴിഞ്ഞ അഞ്ചുവർഷമായി അനുവദിക്കപ്പെട്ട പരിധിയിൽ സംസ്ഥാനങ്ങൾക്ക് മൂന്ന്

ശതമാനത്തിന് താഴെ മാത്രമാണ് ധനകമ്മി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. ഒരു ഘട്ടത്തിൽ അത് രണ്ട് ശതമാനത്തിനും താഴെയായി. എന്നാൽ കേന്ദ്രത്തിന്റെ ധനകമ്മി 3.5-5.0 എന്ന അടിസ്ഥാനത്തിൽ ഉയർന്നിരിക്കുകയാണ്. കേന്ദ്രത്തിന് ഭൂരിപക്ഷമുണ്ടെങ്കിൽ എന്ത് ധാർഷ്ട്യവും സ്വീകരിക്കാം, ജനങ്ങളുടെമേൽ കുതിരകയറാമെന്ന നയമാണ് സ്വീകരിച്ചുവരുന്നത്. സംസ്ഥാനങ്ങളുടെ കടബാധ്യത 25 ശതമാനമായി താഴ്ന്നപ്പോഴും 50 ശതമാനത്തിന് മുകളിൽ കടബാധ്യതയുമായി മുടിച്ചൂടാമന്നനാണ് ഞങ്ങൾ എന്ന രീതിയിൽ കേന്ദ്ര സർക്കാർ മുന്നോട്ടുപോകുകയാണ്. ഈ നാട്ടിലെ പാവപ്പെട്ട മനുഷ്യർക്ക് സാമൂഹ്യക്ഷേമ/പുരോഗമന/വികസന ആശയങ്ങൾ നൽകാൻ വിവേചനപരമായ സമീപനം സ്വീകരിച്ച് മുന്നോട്ടുപോകുന്ന സാഹചര്യമാണ് നമ്മുടെ മുന്നിലുള്ളത്. പാവപ്പെട്ടവരെ പരിഗണിച്ചുകൊണ്ടാണ് സംസ്ഥാന സർക്കാർ മുന്നോട്ടുപോകുന്നത്. ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ എല്ലാ മേഖലകളിലും നേർസാക്ഷ്യമായി മാറിക്കൊണ്ടിരിക്കുകയാണ്. ഓരോന്നും പ്രത്യേകമായി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. വികസനത്തിന്റെ

പുതിയ പനമ്പാവ് സൃഷ്ടിച്ച കിഫ്ബിയോടും പെൻഷൻ ബോർഡിനോടും കേന്ദ്ര സർക്കാരും ഇ.ഡി.-യും സ്വീകരിക്കുന്ന നയത്തിനെതിരായി കോൺഗ്രസ് ഉൾപ്പെടെ ഒരു രാഷ്ട്രീയ പ്രവർത്തകരും ഒന്നും പറയുന്നില്ല. മണിപ്പൂരിലെ സംഭവങ്ങളെക്കുറിച്ച് നമുക്ക് അറിയാവുന്നതാണ്. അവിടെ പാവപ്പെട്ട സ്ത്രീകൾ അപമാനിക്കപ്പെട്ടു. വർഗ്ഗീയ കലാപത്തിന്റെ പേരിലുള്ള ഭയാനകമായ സാമൂഹ്യ സാഹചര്യത്തിനെതിരെ ബി.ജെ.പി.-യും കോൺഗ്രസും പാർലമെന്റിൽ ഒരു വാക്കുപോലും മിണ്ടുന്നില്ല. എനിക്ക് അനുവദിച്ച സമയം കഴിഞ്ഞതുകൊണ്ട് ദീർഘിപ്പിക്കുന്നില്ല. ധനാഭ്യർത്ഥനയെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: സർ, ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. കേരള നിയമസഭയിൽ എം.എൽ.എ.-മാർക്ക് കാര്യങ്ങൾ അവതരിപ്പിക്കാനുള്ള അവകാശം വിനിയോഗിച്ചുകൊണ്ട് ബഹുമാന്യനായ മൂവാറ്റുപുഴ അംഗം ചില ആരോപണങ്ങൾ കുറച്ചുനാളുകളായി പരക്കെ ഉന്നയിക്കുകയാണ്. അദ്ദേഹം നിരവധി പത്രസമ്മേളനങ്ങൾ നടത്തുകയും ആരോപണ പ്രത്യാരോപണങ്ങൾ തലങ്ങും വിലങ്ങും

ഉന്നയിക്കുകയും ചെയ്തു. കേരളത്തിലെ ജനങ്ങൾക്ക് അത് എത്രത്തോളം ബോധ്യമാകുന്നുവെന്നുപോലും തിരിച്ചറിയാനുള്ള ശേഷി അദ്ദേഹത്തിന് ഇപ്പോഴില്ല. അദ്ദേഹം നിരന്തരമായി ഫ്ലോറിൽവന്ന് കേരളത്തിലെ ബഹുമാന്യനായ മുഖ്യമന്ത്രിക്കും കുടുംബത്തിനുമെതിരെ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരം വാർത്തകൾ നിരന്തരം കേൾക്കുന്ന അംഗമെന്ന നിലയിൽ ഞാൻ ചില സംശയങ്ങൾ പ്രകടിപ്പിക്കുകയാണ്. എന്ത് ആധികാരികതയുടെ പിൻബലത്തിലാണ് ഇദ്ദേഹം ഈ നിലയിലുള്ള ആരോപണങ്ങൾ ഉന്നയിക്കുന്നത്? പത്ര സമ്മേളനങ്ങളിൽ ചില കാര്യങ്ങൾ ഉന്നയിക്കുകയും പിന്നീട് മറുപടി പറയാമെന്ന് പറഞ്ഞ് അവസാനിപ്പിക്കുകയുമാണ് ചെയ്യുന്നത്. വീണ്ടും അടുത്ത പത്രസമ്മേളനം വിളിക്കുകയും പിന്നീട് മറുപടി പറയാമെന്നുപറഞ്ഞ് അതും അവസാനിപ്പിക്കും. അതിനുശേഷം നവ മാധ്യമത്തിലൂടെ ലൈവിൽ വരികയും വീഡിയോ തയ്യാറാക്കി ചില വിശദീകരണങ്ങൾ നടത്തി പോസ്റ്റ് ചെയ്യുകയും അങ്ങനെ എവിടെയോ ആരംഭിച്ച ആരോപണം കഴമ്പില്ലാതെ എവിടെയോ അവസാനിക്കുകയും ചെയ്യുന്ന കാഴ്ചയാണ് നമുക്ക് കാണാൻ

സാധിച്ചിട്ടുള്ളത്. മുഖ്യമന്ത്രിയുടെ കുടുംബത്തെ ആക്രമിക്കുക എന്നതാണ് പ്രധാന ലക്ഷ്യം. ഇതാണോ കോൺഗ്രസിന്റെ രാഷ്ട്രീയ പ്രവർത്തനം; ഇതാണോ മൂവാറ്റുപുഴ അംഗത്തിന്റെ പരമപ്രധാനമായ ഉത്തരവാദിത്വം? മുഖ്യമന്ത്രിക്കും കുടുംബത്തിനുമെതിരെ ആരോപണങ്ങൾ ഉന്നയിച്ച് അവഹേളിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാന്യനായ തദ്ദേശ സ്വയംഭരണം-എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷ് ഇടപെട്ട് സംസാരിച്ച വളരെ പ്രധാനപ്പെട്ടൊരു കാര്യമുണ്ട്. താൻ പറയുന്ന കാര്യങ്ങൾ കഴമ്പുള്ളതാണോ അല്ലാത്തതാണോയെന്ന് വിശകലനം ചെയ്യേണ്ട ഉത്തരവാദിത്വം മൂവാറ്റുപുഴ അംഗത്തെ സംബന്ധിച്ചില്ല. അദ്ദേഹം താൽക്കാലികമായി മാധ്യമങ്ങളിൽ വാർത്തകൾ സൃഷ്ടിക്കുകയാണ്. മാധ്യമങ്ങളിൽ അവർക്ക് സ്വീകാര്യത ലഭിക്കുന്നുവെന്നുള്ളതുകൊണ്ട് ആർക്കെതിരെയും ഒരു രേഖയും ആധികാരികതയുമില്ലാതെ എന്തും പ്രസംഗിക്കാം, പത്രസമ്മേളനത്തിൽ എന്തും വിളിച്ചുപറയാം എന്ന ധാരണ വച്ചുപുലർത്തുന്ന ചില കോൺഗ്രസുകാരെ ഇപ്പോൾ കാണാൻ സാധിക്കും. രണ്ട് കമ്പനികൾ തമ്മിൽ നിയമാനുസൃതമുണ്ടാക്കിയ കരാർ പ്രകാരം നടത്തിയ

ഇടപാടാണിത്, അല്ലെന്ന് പറയാൻ സാധിക്കുമോ? ഡോ. മാത്യു കുഴൽനാടൻ അറിയപ്പെടുന്ന അഭിഭാഷകനാണെന്നാണ് കോൺഗ്രസ്സുകാർ പറയുന്നത്, അങ്ങനെ തന്നെയാകട്ടെ. ഞാൻ നിയമം പഠിച്ച ആളാണ്. അതിൽ എന്താണ് കോൺട്രാക്ട് എന്നാണ് ആദ്യം പഠിക്കുന്നത്. 'Contract is an agreement between two persons enforceable by law' അതായത്, രണ്ട് വ്യക്തികൾ തമ്മിലുള്ള നിയമാനുസൃതമായ എഗ്രിമെന്റാണ് കോൺട്രാക്ട് എന്നാണ് പറയുന്നത്. ആ കോൺട്രാക്ട് പ്രകാരം രണ്ട് കമ്പനികൾ നിയമാനുസൃതമായി ബാങ്ക് അക്കൗണ്ട് വഴി നടത്തിയ ഇടപാടാണിത്. അങ്ങനെ ബാങ്ക് അക്കൗണ്ടുവഴി നിയമാനുസൃതമായി നടത്തിയ ഒരു ഇടപാടിനെ സംബന്ധിച്ചാണ് ഡോ. മാത്യു കുഴൽനാടൻ ഉൾപ്പെടെയുള്ളവർ വലിയ രൂപത്തിൽ കാര്യങ്ങൾ വക്രീകരിച്ച് അവതരിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ ഞാനൊരു സംശയം ഉന്നയിക്കുകയാണ്. ഡോ. മാത്യു കുഴൽനാടൻ മൂവാറ്റുപുഴ നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുപ്പിൽ മത്സരിക്കുമ്പോൾ ഇലക്ഷൻ കമ്മീഷന്റെ മുന്നിൽ നൽകിയ വരുമാനം സംബന്ധിച്ച ചില വിവരങ്ങളുണ്ട്. 2016-17 കാലയളവിൽ

7,31,030/- രൂപ, അദ്ദേഹത്തിന്റെ കൈയിലുണ്ടായിരുന്ന പണത്തിന്റെ നികുതി അടച്ചിട്ടുമുണ്ട്. 2017-18-ൽ 19,85,000/- രൂപ, 2018-19-ൽ 25,01,290/- രൂപ, 2020-21-ൽ — 6,30,880/- രൂപ എന്നിങ്ങനെയാണ് വരുമാനം സംബന്ധിച്ച് അദ്ദേഹം കഴിഞ്ഞ തെരഞ്ഞെടുപ്പ് കമ്മീഷനുമുമ്പിൽ നൽകിയ വിവരം. ഇങ്ങനെയുള്ള വിവരം വരുമ്പോൾ ഞങ്ങളെപ്പോലുള്ള രാഷ്ട്രീയ വിദ്യാർത്ഥികൾക്ക് ചില സംശയങ്ങളുണ്ടാകാറുണ്ട്. ഇവിടെയും ഒരു സംശയം ഉയർന്നുവരികയാണ്. ഇത്ര വാർഷിക വരുമാനം മാത്രമുള്ള ഒരാൾ എങ്ങനെയാണ് 1,92,60,000/- രൂപ സ്വന്തം അക്കൗണ്ടിൽനിന്നും ട്രാൻസ്ഫർ ചെയ്ത് വസ്തുവും കെട്ടിടവും വാങ്ങി ആധാരം ചെയ്തത്; ഇതൊരു ന്യായമായ സംശയമല്ലേ? ഇലക്ഷൻ കമ്മീഷനുമുമ്പിൽ നൽകിയ സത്യവാങ്മൂലം പരിശോധിച്ച് അദ്ദേഹത്തിന്റെ വരുമാനം എത്രയാണെന്ന് തിട്ടപ്പെടുത്തിയശേഷം അദ്ദേഹം നടത്തിയ സാമ്പത്തിക ഇടപാട് സംബന്ധിച്ച് ആധികാരികമായി, പ്രാഥമികമായി ഒരു പഠനം നടത്തിയാൽ സാമാന്യബോധമുള്ള ഒരാൾക്ക് തിരിച്ചറിയാൻ കഴിയുന്ന കാര്യമാണത്. അതിന് എൽ.എൽ.ബി.-യോ പി.ജി.-യോ അതിനപ്പുറമുള്ള വിദ്യഭ്യാസമോ

ആവശ്യമില്ല. എങ്ങനെയാണ് അദ്ദേഹത്തിന് ഇത്രയധികം പണം ലഭിച്ചതെന്നത് സംബന്ധിച്ചാണ് സംശയമുണ്ടാകുന്നത്. അതിനൊന്നും അദ്ദേഹം മറുപടി പറയുന്നില്ല. എല്ലാ കാര്യങ്ങൾക്കും പത്രസമ്മേളനം നടത്തി മറുപടി പറയുന്ന ഡോ. മാത്യു കുഴൽനാടനോട് എനിക്ക് ചോദിക്കാനുള്ളത്, ഇക്കാര്യത്തെ സംബന്ധിച്ച് അടിയന്തരമായി ആധികാരികമായി പത്രസമ്മേളനം നടത്തിയോ അല്ലാതെയോ പൊതുജനങ്ങളുടെ മുമ്പിൽ അവതരിപ്പിച്ചുകൂടേ എന്നാണ്. ഇവിടെ ആധാരത്തിൽ കാണിച്ചിരിക്കുന്ന കാര്യങ്ങളാണ് ഞാൻ പറയുന്നത്. ഇത്ര പെട്ടെന്ന് ഇത്രയും വലിയ സാമ്പത്തിക വളർച്ച കേരളത്തിൽ അത്യപൂർവ്വമായി ആർക്കെങ്കിലുമുണ്ടോയെന്ന് അറിയില്ല. എന്റെ അറിവിൽ ഇപ്പോൾ ഡോ. മാത്യു കുഴൽനാടൻ മാത്രമേയുള്ളൂ. അദാനി വലിയ കോടീശ്വരനാണല്ലോ, അതുകൊണ്ട് ഞാൻ ഡോ. മാത്യു കുഴൽനാടനെ ജൂനിയർ അദാനി എന്നാണ് വിശേഷിപ്പിക്കുന്നത്. വലിയ ടേൺ ഓവറുള്ള ബിസിനസ്സ് നടത്തി, വർഷങ്ങളോളം സാമ്പത്തികമായി പിടിച്ചുനിൽക്കുന്ന വലിയ ബിസിനസ്സുകാരെ വെല്ലുംവിധത്തിലാണ് അഭിഭാഷകനും

എം.എൽ.എ.-യുമായ ഒരു വ്യക്തി ഇത്രയും വളർന്നത്. ഇവിടെ അദ്ദേഹം മാത്രമല്ല പല ആളുകളും അഭിഭാഷകവൃത്തിയിൽ ഏർപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന് ഇത്ര പെട്ടെന്ന് സാമ്പത്തിക വളർച്ചയുണ്ടായത് ഒരുപക്ഷെ എന്നെപ്പോലെയുള്ളവർക്ക് അത്ഭുതമാണ്. അങ്ങനെ വരുമ്പോഴാണ് ചിന്നക്കനാലിലെ വിഷയത്തിലേയ്ക്ക് പോകേണ്ടിവരുന്നത്. ചിന്നക്കനാലിലെ ലൈസൻസ് സംബന്ധിച്ച് അദ്ദേഹം ആധികാരികമായി എന്തെങ്കിലും പറഞ്ഞോ? എന്ത് ആവശ്യത്തിനാണ് കെട്ടിടം നിർമ്മിച്ച് നമ്പർ വാങ്ങി നിയമാനുസൃതം ലൈസൻസ് നേടിയതെന്ന് വ്യക്തമാക്കിയിട്ടുണ്ടോ? ലൈസൻസ് വാങ്ങി, എല്ലാം ശരിയാണ്, എല്ലാം ഞങ്ങൾ ചെയ്തിട്ടുണ്ടെന്ന നിലയിൽ ചില കാര്യങ്ങൾ പറയുന്നു. ആരോപണം ഉന്നയിച്ചാൽ 'ഞാൻ ലോണെടുത്ത തുകയാണെന്ന്' അദ്ദേഹം പറയാൻ സാധ്യതയുണ്ട്. ഒരു ബിസിനസ്സ് സ്ഥാപനം തുടങ്ങുമ്പോൾ പണം അത്യാവശ്യമായി വന്നാൽ ലോണെടുക്കുന്നത് സാധാരണമാണ്. ലോണെടുക്കുന്നത് സംബന്ധിച്ച് തെരഞ്ഞെടുപ്പ് കമ്മീഷനുമുമ്പിൽ അദ്ദേഹം ഹാജരാക്കിയ ഒരു രേഖയുണ്ട്. അതിൽ 17 ലക്ഷത്തിന് താഴെ മാത്രം

ലോണുണ്ടെന്നാണ് അദ്ദേഹം പറഞ്ഞത്. 17 ലക്ഷം രൂപയ്ക്കുതാഴെ മാത്രം ലോണുള്ള ഒരാൾ എങ്ങനെയാണ് ഒരുകോടി രൂപയിലധികം വരുന്ന തുക ആർജ്ജിച്ചെടുക്കുന്നത്? ഇതൊരു ശരാശരി പൗരന്റെ സ്വാഭാവികമായ സംശയമാണ്. ഡോ. മാത്യു കുഴൽനാടനെപ്പോലെ പത്രസമ്മേളനം വിളിച്ച് പ്രസംഗിക്കേണ്ട പ്രശ്നം ഇവിടെ വരുന്നില്ല. ഇതിന് മറുപടി പറയാൻ നിങ്ങൾക്ക് കഴിയുമോയെന്ന ന്യായമായ ചോദ്യമാണ് ഈ അവസരത്തിൽ ഞാൻ ഉന്നയിക്കുന്നത്. ഡോ. മാത്യു കുഴൽനാടൻ മനസ്സിലാക്കേണ്ടത് ഇത് അങ്ങനെയൊന്നും തീരുന്ന വിഷയമല്ല എന്നുള്ളതാണ്. ഡോ. മാത്യു കുഴൽനാടൻ നാല് പത്രസമ്മേളനവും നിയമസഭയിൽ രണ്ട് പ്രസംഗവും നടത്തിയാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയും സി.പി.ഐ.(എം)-ഉം അവസാനിച്ചുപോകുന്നൊരു പ്രതിഭാസമാണെന്ന് നിങ്ങൾ കരുതരുത്. ഇതിനെക്കാൾ വലിയ ആരോപണങ്ങളെ അതിജീവിച്ച് വന്നിട്ടുള്ളതാണ് കേരളത്തിലെ ഇടതുപക്ഷം, സി.പി.ഐ.(എം). നിങ്ങൾ മുഖ്യമന്ത്രിയെ ലക്ഷ്യമിടുന്നത് അദ്ദേഹം കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനത്തിനും ഇടതുപക്ഷ ജനാധിപത്യമുന്നണിക്കും നേതൃത്വം കൊടുക്കുന്ന

വ്യക്തിയായതുകൊണ്ടാണ്. കേരളത്തിൽ 5 വർഷം കൂടുമ്പോൾ മാറിമാറി വരുന്ന ഭരണരീതിയെത്തന്നെ മാറ്റി ജനസ്വീകാര്യത ആർജ്ജിച്ച് ജനങ്ങളുടെ മുമ്പിൽ ഏറ്റവും ശക്തമായി മുന്നോട്ടുപോയൊരു മുഖ്യമന്ത്രിയാണ് അദ്ദേഹം. ആ മുഖ്യമന്ത്രിയിൽ ജനങ്ങൾക്കുള്ള വിശ്വാസം വർദ്ധിക്കുമ്പോൾ മാധ്യമങ്ങളെ കൂട്ടുപിടിച്ച് നാല് പത്ര സമ്മേളനം നടത്തി, ശരിയാണെങ്കിലും തെറ്റാണെങ്കിലും ആരോപണങ്ങളുന്നയിച്ച് സംശയങ്ങൾ ഉയർത്തുകയെന്നുള്ളതാണ് നിങ്ങൾ ചെയ്യുന്നത്. അത് കേരളത്തിലെ ജനങ്ങൾ വച്ചുപൊറുപ്പിക്കില്ല. അതിനെ ശക്തമായി നേരിടാനുള്ള കരുത്ത് ഇടതുപക്ഷ പ്രസ്ഥാനത്തിനുണ്ടെന്ന് മാത്രമാണ് ഈ അവസരത്തിൽ പറയാനുള്ളത്. പുതുപ്പള്ളി നിയോജകമണ്ഡലത്തിൽ വർഷങ്ങളായി വിജയിച്ചുവരുന്ന സീറ്റ് ഒരു തവണകൂടി ജയിച്ചതിൽ ചില കാര്യങ്ങളുണ്ട്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല, ഞാൻ നിർത്തുന്നു.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾ, സുരക്ഷിതത്വം, സാമ്പത്തിക ഭദ്രത എന്നിവ ഉൾക്കൊള്ളുന്ന ബഹുമുഖമായ

പരിപാടികൾക്ക് ഈ ഉപധനാഭ്യർത്ഥനകൾ അംഗീകരിക്കേണ്ടത് അനിവാര്യമാണ്. നമ്മുടെ സംസ്ഥാനം ഗുരുതരമായ വെല്ലുവിളികൾ നേരിടേണ്ടിവരുന്നത് കേന്ദ്രഭരണകൂടത്തിൽ നിന്നാണ്. പ്രകൃതിക്ഷോഭത്തെക്കാളും മാരകമായ സാംക്രമിക രോഗത്തെക്കാളുമേറെ അതിവിഷലിപ്തമായ സമീപനംകൊണ്ട് കേരളത്തെ ശ്വാസംമുട്ടിക്കാനും കേരളത്തിന്റെ സമഗ്രമായ പുരോഗതിക്ക് തടസ്സമുണ്ടാക്കാനുമുള്ള ശ്രമങ്ങളാണ് കേന്ദ്രം നടത്തുന്നത്. അത് വിസ്മരിച്ചുകൊണ്ട് മുന്നോട്ടുപോകാൻ കഴിയില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വന്നതിനുശേഷം നമ്മുടെ സാമ്പത്തിക മേഖലയിൽ തനത് നികുതിയിൽ 22.11 ശതമാനവും നികുതിയേതര വരുമാനത്തിൽ 44.83 ശതമാനവും വളർച്ചയുണ്ടായിട്ടുണ്ട്. കൂടാതെ സമ്പദ്ഘടനാപരമായ സുസ്ഥിരതയ്ക്ക് അടിത്തറ ഭദ്രമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. അതാണ് കേന്ദ്രം കാണിക്കുന്ന അസഹിഷ്ണുതയുടെയും കേരളത്തെ തകർക്കണമെന്ന താൽപ്പര്യത്തിന്റെയും അടിസ്ഥാനപരമായ മറ്റൊരു ഘടകം. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കേരളത്തിന്റെ നികുതി

വരുമാനം 18.5 ശതമാനമായി വർദ്ധിച്ചു. മറ്റ് പല സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ 3% കൂടുതലാണ്. കാരണം, തനത് നികുതിയിലെ 22.11% വളർച്ചാ നിരക്ക് ദേശീയ ശ്രദ്ധ നേടിയിട്ടുള്ളതാണ്. കേരളത്തിന്റെ പരിമിതമായ പല സാഹചര്യവും നിലനിർത്തിക്കൊണ്ടുതന്നെ ദേശീയ തലത്തിൽ ശ്രദ്ധയാകർഷിക്കാൻ കഴിഞ്ഞു. തനത് നികുതി വരുമാനം 2021-22-ലെ 63000 കോടി രൂപയിൽനിന്നും ഈ വർഷം 77000 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ നേട്ടത്തിൽ മഹാരാഷ്ട്രയും ഗുജറാത്തുമാണ് ഇന്ത്യയിൽ മുന്നിൽനിൽക്കുന്ന മറ്റ് സംസ്ഥാനങ്ങൾ. നികുതിയേതര വരുമാനത്തിൽ 44.83% വളർച്ചയുണ്ടായിട്ടുണ്ട്. കഴിഞ്ഞവർഷം റവന്യൂ ചെലവ് നിയന്ത്രണത്തിൽ പതിനായിരം കോടി രൂപയിൽനിന്ന് പതിനയ്യായിരം കോടി രൂപയോളം ലഭിച്ചിട്ടുണ്ട്. മാത്രമല്ല, കഴിഞ്ഞവർഷം റവന്യൂ ചെലവ് നിയന്ത്രണത്തിൽ വിജയിച്ച ഏക സംസ്ഥാനവും കേരളമാണ്. ഇതൊന്നും പരിഗണിക്കാതെയാണ് കേരളത്തിന്റെ കടമെടുപ്പ് അവകാശങ്ങൾ 47% വെട്ടിക്കുറയ്ക്കാൻ കഴിഞ്ഞവർഷം ഏകപക്ഷീയമായി കേന്ദ്രസർക്കാർ തീരുമാനിച്ചത്. കിഫ്ബിക്കുവേണ്ടി എടുത്ത വായ്പകളും

ക്ഷേമപെൻഷൻ വിതരണം ചെയ്യാനുള്ള തുകയുമുൾപ്പെടെ സർക്കാർ വായ്പയായി കണക്കിലെടുത്തുകൊണ്ട് സംസ്ഥാനത്തിന്റെ കടം ആനുപാതികമായി വെട്ടിക്കുറയ്ക്കാനും തടസ്സപ്പെടുത്താനുമുള്ള നടപടി സ്വീകരിച്ചു. കേരളത്തിന്റെ മൊത്തം ആഭ്യന്തരോല്പാദനത്തിന്റെ 3% കടമെടുക്കാം. പക്ഷെ, കോവിഡ്, വെള്ളപ്പൊക്കക്കെടുതി ഉൾപ്പെടെയുള്ള സാഹചര്യങ്ങൾ കണക്കിലെടുത്ത് അത് അഞ്ച് ശതമാനമായും പിന്നെ പടിപടിയായും ഉയർത്തി. അങ്ങനെ പടിപടിയായി ഉയർത്താനുള്ള നടപടികളെ യാതൊരു ന്യായീകരണവുമില്ലാതെയാണ് കേന്ദ്രസർക്കാർ വെട്ടിക്കുറച്ചത്. കേന്ദ്ര പദ്ധതികൾക്ക് ലഭിച്ചിരുന്ന 80% കേന്ദ്രവിഹിതം 60 ശതമാനത്തിന് താഴെയായി. ഇത്തരത്തിലാണ് നമ്മുടെ സാമ്പത്തിക സാഹചര്യം. പ്രകൃതിക്ഷോഭങ്ങൾ ഉൾപ്പെടെയുള്ള നിരവധി കാര്യങ്ങൾ അതിജീവിക്കാൻ, അതിജീവനത്തിന്റെ കരുത്തുമായി മുന്നോട്ടുപോകാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. കേന്ദ്രത്തിന്റെ അതിരൂക്ഷമായ രാഷ്ട്രീയ വൈരാഗ്യം നിറഞ്ഞ വിഷലിപ്തമായ സമീപനം കൊണ്ടാണ് കേരളത്തിന് സാമ്പത്തികമായി

വീർപ്പുമുട്ടേണ്ടിവരുന്നത്. അതിനെതിരായ പോരാട്ടത്തിൽ ബഹുമാന്യരായ പ്രതിപക്ഷ എം.പി.മാർ പാർലമെന്റിൽ സ്വീകരിച്ച നിലപാടുകൾ നിരാശാജനകമാണ്. ഇത് നിലനിൽപ്പിന്റെ ഭാഗമായതിനാൽ കേരളത്തിന് പോരാട്ടം തുടരേണ്ടതായിട്ടുണ്ട്. രാഷ്ട്രീയം മാത്രം കണ്ടുകൊണ്ട് കേരളത്തോട് കേന്ദ്രം കാണിക്കുന്ന വിവേചനപരമായ നിലപാടുകൾക്കെതിരെ സുസ്ഥിര നടപടി സ്വീകരിക്കണം. ഇന്ത്യയിൽ ഒരു ദേശീയ ബദൽ സംവിധാനത്തിന്റെ പ്രതീകമായി വർത്തിക്കുന്നത് കേരളമാണ്. ബി.ജെ.പി. ഭരണകൂടത്തിനെതിരായി ഓരോ കാര്യങ്ങളിലും സുശക്തമായ നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്. എന്റെ സംസ്ഥാനത്ത് പൗരത്വ ഭേദഗതി നിയമം നടപ്പാക്കുകയില്ലെന്ന് പറയാൻ ആത്മധൈര്യം പ്രകടിപ്പിച്ച മുഖ്യമന്ത്രിയാണ് ശ്രീ. പിണറായി വിജയൻ. ഇപ്പോൾ പല നിയമങ്ങളും കൊണ്ടുവരാൻ പോകുന്നതിന്റെ ആകാംക്ഷയും ഉത്കണ്ഠയുമുണ്ട്. രാജ്യത്തിന്റെ മതേതരത്വത്തിനും ജനാധിപത്യബോധത്തിനും സൗഹാർദ്ദതയ്ക്കും വിഘാതമായി നിൽക്കുന്ന നിരവധി നയങ്ങൾ കേന്ദ്രസർക്കാർ സ്വീകരിക്കുമ്പോൾ അതിനെതിരായി പ്രതിരോധത്തിന്റെ കരുത്തും

ശക്തിയുമായി നിൽക്കുന്ന കേരളത്തെ ഏതെല്ലാം നിലയിൽ ദ്രോഹിക്കാൻ കഴിയുമോ അങ്ങനെയെല്ലാം ദ്രോഹിക്കുന്ന ഒരു സർക്കാരാണ് കേന്ദ്രത്തിലുള്ളതെന്നത് യാഥാർത്ഥ്യമാണ്. ഇവിടെ സുസ്ഥിരമായ ഭരണകൂടമുള്ളതുകൊണ്ട് മറ്റൊന്നും അവരുടെ കണ്ണിൽ കരടായിട്ടില്ല. ആവശ്യമായ നിർദ്ദേശങ്ങളും നേതൃത്വവും നൽകാൻ കഴിവും കരുത്തുമുള്ള മുഖ്യമന്ത്രി ഉൾപ്പെട്ട സംസ്ഥാനമാണ് നമ്മുടേത്. അതുപോലെ ജനങ്ങളെ സഹകരിപ്പിച്ചുകൊണ്ട് പുരോഗതിയിലേയ്ക്കുള്ള പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കുന്നതിൽ സർക്കാരിന് പ്രതിബദ്ധതയുണ്ട്. വാഗ്ദാനങ്ങൾ നടപ്പാക്കുന്ന കാര്യത്തിൽ സ്വീകരിച്ച ശുഷ്കാന്തിയും ആത്മാർത്ഥതയുംകൊണ്ടാണ് ഈ സർക്കാരിന് ഒന്നാം ഭരണകാലം പൂർത്തിയാക്കി തുടർഭരണത്തിലെത്താൻ സാധിച്ചത്. വാഗ്ദാനങ്ങളും പ്രകടനപത്രികകളും അലമാരയിൽ സൂക്ഷിക്കേണ്ടതല്ലെന്നും അത് പ്രാവർത്തികമാക്കേണ്ടതാണെന്നും തെളിയിക്കാൻ ഈ സർക്കാരിന് സാധിച്ചു. കേരളത്തിൽ വീണ്ടും വീണ്ടും അധികാരത്തിലെത്തണമെന്ന ആഗ്രഹത്തിന്റെ ഭാഗമായാണ് ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിൽ

വൻഭൂരിപക്ഷത്തോടെ ഈ സർക്കാരിന് അധികാരത്തിലെത്താൻ സാധിച്ചത്. ആ യാഥാർത്ഥ്യം നിലനിൽക്കുമ്പോഴാണ് കേരളത്തെ ദുർബലമാക്കാനുള്ള ശ്രമങ്ങൾ കേന്ദ്രം പരസ്യമായും പരോക്ഷമായും സ്വീകരിക്കുന്നത്. അതിന് സഹായകരമായ നിലപാടുകൾ സ്വീകരിക്കുന്ന രാഷ്ട്രീയ കക്ഷികളുമുണ്ട്. നിലപാടുകളിൽ രാഷ്ട്രീയമായി വ്യത്യസ്തതകളുണ്ടാകുമെങ്കിലും കേരളത്തിന്റെ പൊതുവായ താല്പര്യങ്ങൾക്ക് വിഘാതമായി നിൽക്കുന്ന കാര്യങ്ങൾ ചെയ്യുന്നത് രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെയും താല്പര്യത്തിന് വിരുദ്ധമാണെന്നറിയാൻ അവരുടെ സങ്കുചിതമായ കാഴ്ചപ്പാടുകൊണ്ട് സാധിക്കുന്നില്ലെന്നതാണ് നിർഭാഗ്യകരമായ കാര്യം. അഭ്യസ്തവിദ്യരായ ചെറുപ്പക്കാരുടെ തൊഴിലില്ലായ്മ പോലുള്ള നിരവധി പ്രശ്നങ്ങളുണ്ടെങ്കിലും കേരളമെന്ന കൊച്ചുസംസ്ഥാനം ഒരു വ്യാവസായിക-സമാധാന സംസ്ഥാനമായി മാറിയത് ഇപ്പോഴാണ്. വിദേശ നിക്ഷേപം ഉൾപ്പെടെയുള്ള കാര്യങ്ങൾ എടുത്തുപറയേണ്ടതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഉത്തരവാദപ്പെട്ട മന്ത്രിമാരും കൂടിച്ചേർന്ന് വിദേശരാജ്യങ്ങളിൽ നടത്തിയ ശ്രമങ്ങൾ വെറുതെയായിട്ടില്ല. സമാധാന

ഭദ്രതയുണ്ടാക്കാനും സാമ്പത്തികമായും സാമൂഹികമായും ഭരണപരമായും നേട്ടങ്ങളുണ്ടാക്കാൻ കഴിയുന്ന ഭരണകൂടമായി മുന്നോട്ടുപോകാനുമുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഇക്കാര്യങ്ങളൊക്കെ ചെയ്യുന്നത്. ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന പബ്ലിക് അഫയേഴ്സ് സെന്ററിന്റെ പഠനത്തിലാണ് രാജ്യത്ത് ഏറ്റവും മികച്ച ഭരണം കാഴ്ചവയ്ക്കുന്ന സംസ്ഥാനം കേരളമാണെന്ന അംഗീകാരം നമുക്ക് ലഭിച്ചത്. നമ്മുടെ വികസന-ക്ഷേമ പ്രവർത്തനങ്ങൾ, ക്രമസമാധാന പരിപാലനം തുടങ്ങിയ പ്രധാനപ്പെട്ട പത്ത് ഘടകങ്ങൾ പരിഗണിച്ചാണ് ഈ അംഗീകാരം ലഭിച്ചത്. ഇക്കാര്യങ്ങളിൽ നമ്മുടെ സംസ്ഥാനത്തിന് ഒന്നാം സ്ഥാനം കരസ്ഥമാക്കാൻ കഴിഞ്ഞത് ഭരണപരമായ നിർവ്വഹണത്തിന്റെ വിശുദ്ധിയും ലക്ഷ്യബോധത്തിൽ സമർപ്പിതമായ ഭരണസംവിധാനവുമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സംസ്ഥാന സർക്കാരിന്റെ വാഗ്ദാനങ്ങൾ നിറവേറ്റാൻ സാമ്പത്തിക ബാദ്ധ്യതകളുണ്ട്. കേന്ദ്രത്തിന്റെ നിരുത്തരവാദപരവും നിസ്സഹായവും ആപത്കരവുമായ നിലപാടുകൾകൊണ്ട് കേരളത്തിന് പിടിച്ചുനിൽക്കാൻ കഴിയാത്ത സാഹചര്യമുണ്ടാക്കണമെന്ന് അവർ

ആഗ്രഹിക്കുന്നു. അത് രാഷ്ട്രീയത്തിൽ അസ്ഥിരതയുണ്ടാക്കാൻ വേണ്ടിയാണ്. പക്ഷെ, നമുക്ക് പിടിച്ചുനിൽക്കാൻ കഴിയണം. അതുകൊണ്ടുതന്നെ ഈ ഉപധനാഭ്യർത്ഥനകൾ പാസ്സാക്കേണ്ടത് അനിവാര്യമാണെന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, പുതുപ്പള്ളി ഉപതെരഞ്ഞെടുപ്പിൽ സഹതാപം കൊണ്ടാണ് കോൺഗ്രസ് വിജയിച്ചതെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഞാൻ സി.പി.ഐ.(എം) പ്രവർത്തകരോട് ചോദിക്കട്ടെ, പത്തിരുപത്തിയഞ്ച് വർഷം നിങ്ങളുടെ പാർട്ടി ത്രിപുര ഭരിച്ചിരുന്നല്ലോ; അവിടെ നിങ്ങളുടെ ഒരു എം.എൽ.എ. മരണപ്പെട്ടതിനെത്തുടർന്നുണ്ടായ ഉപതെരഞ്ഞെടുപ്പിൽ അദ്ദേഹത്തിന്റെ മകനെയല്ലേ മത്സരിപ്പിച്ചത്? എന്നിട്ട് നിങ്ങൾക്ക് സഹതാപം കിട്ടിയോ? കൈയിലിരുപ്പ് നന്നായാൽ മാത്രമേ ജനങ്ങൾ വോട്ട് ചെയ്യുകയുള്ളൂ.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ത്രിപുരയിൽ ബൂത്ത് പിടിത്തം നടന്നെന്നും തെരഞ്ഞെടുപ്പ് അട്ടിമറിച്ചെന്നും ഒരു മണ്ഡലത്തിലെ 90% വോട്ടും ബി.ജെ.പി.-ക്ക് കിട്ടിയത്

അങ്ങനെയാണെന്നും കോൺഗ്രസ്സ് ഉൾപ്പെടെ എല്ലാവരും പ്രസ്താവനയിറക്കിയതാണ്. കൗണ്ടിംഗ് എല്ലാവരും ബഹിഷ്കരിച്ചതാണ്. മുസ്ലീംലീഗ് ഇതിൽ ബി.ജെ.പി. നിലപാടിനൊപ്പമാണോ?

ശ്രീ. പി. കെ. ബഷീർ: സർ, തോൽക്കുമ്പോൾ എല്ലാവരും അങ്ങനെയാണ് പറയുന്നത്. അതെല്ലാം നിങ്ങളുടെ പാർട്ടിയുടെ പരിപാടിയാണ്. അതൊക്കെ നിർത്തണം. തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച് പത്തിരുപത്തിയഞ്ച് ദിവസം പ്രചാരണവും നടത്തി 25 കൊല്ലം ഭരിച്ച ഒരു കേഡർ പാർട്ടിക്ക്, അതും അമ്പും വില്ലുമൊക്കെ കൈകാര്യം ചെയ്ത നിങ്ങൾക്ക് അത് നേരിടാൻ കഴിയാത്തത് നിങ്ങളുടെ പോരായ്മയാണ്. അതിന് മുസ്ലീംലീഗ് എന്താണ് ചെയ്യേണ്ടത്? ഞങ്ങളുടെ പാർട്ടി അവിടെയില്ലല്ലോ. 67% മുസ്ലീം വോട്ടർമാരുള്ള ഒരു മണ്ഡലത്തിൽ നിങ്ങളുടെ സ്ഥാനാർത്ഥിക്ക് മൂവായിരം വോട്ട് മാത്രമേ കിട്ടിയിട്ടുള്ളൂ. (...ബഹളം....) ഞാൻ പറയുന്നത് നിങ്ങൾ കേൾക്കൂ. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി, നിങ്ങളൊക്കെ വന്നുകൂടിയ കമ്മ്യൂണിസ്റ്റാണ്, ദയവായി സീറ്റിലിരിക്കണം. ഞാൻ സംസാരിക്കട്ടെ. ബംഗാളിൽ നിങ്ങൾക്ക് സംഭവിച്ച

പ്രശ്നമെന്താണെന്ന് ചിന്തിച്ചുനോക്കൂ. 2010-ൽ കൽക്കട്ട കോർപ്പറേഷനിലേയ്ക്ക് തെരഞ്ഞെടുപ്പ് നടന്നപ്പോൾ തൃണമൂൽ കോൺഗ്രസ് വിജയിച്ചു. നിങ്ങളുടെ കൗണ്ട് ഡൗൺ അവിടെ തുടങ്ങി. ഇവിടെ കോൺഗ്രസ്സും ബി.ജെ.പി.-യുമാണെന്ന് നിങ്ങൾ പറയുന്നുണ്ടല്ലോ; എന്നാൽ അവിടെ തൃണമൂൽ കോൺഗ്രസ്സല്ലേ നിങ്ങളെ തോൽപ്പിച്ചത്? പിന്നെ അതിജീവനത്തിനുവേണ്ടി നിങ്ങൾ കോൺഗ്രസ്സിനൊപ്പം കൂടി. തുടർന്ന് കോൺഗ്രസ്സിന് പത്തും നിങ്ങൾക്ക് രണ്ടും സീറ്റുകൾ കിട്ടി. അതിന് ഞങ്ങൾ എന്ത് ചെയ്യാനാണ്? നിങ്ങളുടെ അവസ്ഥ ഓർത്ത് ഞങ്ങൾക്ക് സങ്കടമുണ്ട്. പക്ഷെ പറഞ്ഞിട്ട് കാര്യമില്ല. ജനം നിങ്ങളെ കൈവിടുകയല്ലേ? നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം. കേഡർ പാർട്ടിയെന്നുപറയുന്ന നിങ്ങൾ തൃക്കാക്കരയിൽ മുഖ്യമന്ത്രിയും പത്തൊമ്പത് മന്ത്രിമാരും സർവ്വസന്നാഹങ്ങളും പ്രചരണം നടത്തിയിട്ടും 25000 വോട്ടുകൾക്കാണ് ശ്രീമതി ഉമ തോമസിനോട് പരാജയപ്പെട്ടത്. രണ്ടാമത് ജെയ്ക്ക്...ജെയ്ക്ക്... ജെയ്ക്ക്... എന്നുപറഞ്ഞുകൊണ്ടാണ് പുതുപ്പള്ളിയിൽ പോയത്. അവിടെ 37000 വോട്ടുകൾക്കാണ് പരാജയപ്പെട്ടത്. സർക്കാരിന്റെ വിലയിരുത്തലായിരിക്കും ഈ തെരഞ്ഞെടുപ്പെന്നാണ്

സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ഇതിനെക്കുറിച്ച് അഭിപ്രായപ്പെട്ടത്. എന്നാൽ തെരഞ്ഞെടുപ്പ് പരാജയപ്പെട്ടപ്പോൾ സഹതാപവോട്ട് എന്നാണ് പറഞ്ഞത്. അദ്ദേഹത്തെ പറഞ്ഞിട്ട് കാര്യമില്ല, അദ്ദേഹം പ്രത്യയശാസ്ത്ര വിശാരദനാണ്. മർമ്മം അറിയുന്നവന് തല്ലാൻ സ്ഥലമില്ലെന്ന് പറഞ്ഞതുപോലെയാണ് അദ്ദേഹത്തിന്റെ അവസ്ഥ. പറയുന്നതെന്തും അദ്ദേഹത്തിന് പ്രത്യയശാസ്ത്രപരമായിരിക്കണം. അതുകൊണ്ടുതന്നെ അദ്ദേഹത്തിന് കുറച്ച് ബുദ്ധിമുട്ടുണ്ട്, അത് നമ്മൾ മനസ്സിലാക്കണം. ശ്രീ. വി. എൻ. വാസവൻ മിനിസ്റ്റർ നല്ല കമ്മ്യൂണിസ്റ്റുകാരനും വായനക്കാരനും എല്ലാ വിഷയങ്ങളെക്കുറിച്ചും അറിവുള്ള വ്യക്തിയുമാണ്. അദ്ദേഹത്തിന്റെ ബൂത്തിൽനിന്നും കോൺഗ്രസിനാണ് 241 വോട്ട് കൂടുതൽ ലഭിച്ചത്. ജനങ്ങൾ അദ്ദേഹത്തെ മനസ്സിൽ വിചാരിച്ചെങ്കിലും വോട്ട് ചെയ്യണ്ടേ? അവരവരുടെ നാട്ടിൽ അവരവർക്ക് ബലമില്ലെങ്കിൽ അതും മനസ്സിലാക്കണം. അതുപോലെ സ്വന്തം ബൂത്തിലാണ് നിങ്ങളുടെ സ്ഥാനാർത്ഥി 146 വോട്ടുകൾക്ക് പിന്നിൽ പോയത്. എസ്.എഫ്.ഐ.-യുടെ കുട്ടികൾക്ക്

ക്ലാസെടുക്കുന്നതുപോലെയാണ് ബഹുമാനപ്പെട്ട എം. വിജിൻ പ്രസംഗിച്ചത്. തുടർന്ന് ഡോ. മാത്യു കുഴൽനാടനുമായുള്ള സംവാദമാണ്. നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം, നിങ്ങളുടെ രണ്ടാം വരവ് നിങ്ങളുടെതന്നെ നാശത്തിന്റെ ആരംഭമാണെന്ന്. നിങ്ങളുടെ സോഷ്യൽ മീഡിയയെക്കുറിച്ച് പറയാതിരിക്കുന്നത് ശരിയല്ല. മറ്റുള്ളവരെക്കുറിച്ച് പറയുമ്പോൾ കുറച്ചൊക്കെ മാന്യതയുണ്ടാകണമെന്ന് നിങ്ങളുടെ പോരാളി ഷാജിയോടൊക്കെ ഒന്ന് പറയണം. പുതുപ്പള്ളിയിൽ കോൺഗ്രസ്സ് വിജയിച്ചപ്പോൾ നിങ്ങൾ പറഞ്ഞത് പുതുപ്പള്ളിക്കാർ കഴുതയെ ജയിപ്പിച്ചെന്നാണ്. അപ്പോൾ നിങ്ങൾ കുതിരയായിരുന്നോ? കുതിരയെയും കഴുതയെയും വച്ച് താരതമ്യം ചെയ്യുകയാണോ; നിങ്ങൾ പഴയ കമ്മ്യൂണിസ്റ്റല്ലേ, കുറച്ചൊക്കെ മാന്യത വേണ്ടേ? ഇ. കെ. നായനാർ ഭരിച്ച പാർട്ടിയല്ലേ, അദ്ദേഹവും ചടയൻ ഗോവിന്ദനുമൊക്കെ കൊണ്ടുനടന്ന പാർട്ടിയല്ലേ? ചെറുപ്പക്കാരായ നിങ്ങളോട് എനിക്ക് പറയാനുള്ളത് കമ്മ്യൂണിസം പഠിക്കണമെന്നാണ്. അതുപോലെ ലാ പഠിക്കുന്നുണ്ടെങ്കിൽ കോൺട്രാക്ട് ലാ തന്നെ പഠിക്കണം, ബാക്കി കമ്മ്യൂണിസം പഠിക്കണം. കേന്ദ്രസർക്കാരിനെക്കുറിച്ച് ഞങ്ങൾ ഒന്നും

പറയുന്നില്ലെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. 2016-ൽ നിങ്ങൾ അധികാരത്തിലെത്തിയപ്പോൾ ഇറക്കിയ ധവളപത്രത്തിന്റെ ഏതെങ്കിലുമൊരു ഭാഗത്ത് കേന്ദ്രത്തെക്കുറിച്ച് പറയുന്നുണ്ടോ? അതിൽ കേന്ദ്രസർക്കാരിന്റെ നയങ്ങളെക്കുറിച്ച് ഒരു പരാമർശവും നടത്തിയിട്ടില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അത് വായിക്കണം, ഞാൻ വായിച്ചു. നിങ്ങൾ പ്രസിദ്ധീകരിക്കുന്ന കാര്യങ്ങൾ ഞങ്ങളും വായിക്കുന്നുണ്ടെന്ന് നിങ്ങൾ ദയവായി മനസ്സിലാക്കണം. നിങ്ങൾ ഇതൊന്നും ശരിക്കും വായിക്കില്ല. ഓരോരുത്തരും എഴുതുന്നത് അച്ചടിക്കും. ഇത് പാർട്ടിയിൽ ചർച്ച ചെയ്തിട്ട് എന്താണ് കാര്യം? കുട്ടികളുടെ ഉച്ചഭക്ഷണം മുടങ്ങാത്തത് നിങ്ങളുടെ കഴിവുകൊണ്ടല്ല, അദ്ധ്യാപകർക്ക് കുട്ടികളോടുള്ള സ്നേഹം കൊണ്ടാണ്. കുട്ടികൾ പട്ടിണിയാകാതിരിക്കാൻ അദ്ധ്യാപകർ പണം പിരിച്ചാണിത് നടത്തുന്നത്, അല്ലാതെ നിങ്ങളുടെ പത്രാസുകൊണ്ടല്ല. ഇപ്പോൾ സ്കൂളുകളിൽ അതിന്റെ ചാർജ്ജ് ഏറ്റെടുക്കാൻ പലരും തയ്യാറാകുന്നില്ല. കടം ആര് വീട്ടുമെന്ന് ഓർത്തിട്ടാണത്. അതിന്റെ കണക്ക് കേന്ദ്രസർക്കാരിന് കൊടുക്കണം. ഇതുസംബന്ധിച്ച് ഞങ്ങളുടെ എം.പി.-മാർ ചോദിച്ചപ്പോൾ

കണക്ക് നൽകിയിട്ടില്ലെന്നാണ് കേന്ദ്രം പറയുന്നത്. അപ്പോൾ ഞങ്ങൾക്ക് എന്തെങ്കിലും പറയാൻ സാധിക്കുമോ? അതുകൊണ്ട് നിങ്ങൾ കണക്ക് കൊടുക്കണം. കുടുംബശ്രീ ഹോട്ടലുകളെക്കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വാചാലമായാണ് പറഞ്ഞിരുന്നത്. 20 രൂപയ്ക്ക് ചോറും കറികളും നൽകുന്ന പദ്ധതിയാണത്. അവരുടെ സ്ഥിതി ദയവായി നിങ്ങൾ ആലോചിക്കണം, കുടുംബശ്രീയിലെ സ്ത്രീകൾ ലോണെടുത്താണ് ഇത് നടത്തുന്നത്. നിങ്ങൾ ഇതിനെക്കുറിച്ച് ഒന്നും പറയുകയുമില്ല, ഒരു ന്യായീകരണവുമില്ല. അതുകൊണ്ട് സബ്സിഡിയൊക്കെ അവസാനിപ്പിച്ച് 30 രൂപ നിരക്കിൽ വില്പന നടത്താൻ പറയുന്നത് അവർക്ക് വളരെയധികം സഹായകരമാകും. ഇത്തരത്തിലൊരു പ്രായോഗിക സമീപനം സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇപ്പോൾ ലൈഫ് മിഷന്റെ സ്ഥിതിയെന്താണ്? മുമ്പ് ഞാൻ അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോൾ എല്ലാവർക്കും തുക ലഭ്യമാക്കിയെന്ന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി പറഞ്ഞു. പക്ഷേ എന്റെ പഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് രണ്ടാമത്തെയും മൂന്നാമത്തെയും ഗഡു ലഭ്യമാക്കിയിട്ടില്ല.

ബാക്കിയുണ്ടായിരുന്നത് കൊടുത്തു, പുതിയതായി കൊടുക്കാൻ പണമില്ല. അതുപോലെ പെൻഷൻകാർക്ക് നൽകാനുള്ള കുടിശ്ശിക 23000 കോടി രൂപയാണ്. അത് ഘട്ടംഘട്ടമായെങ്കിലും നൽകണമെന്നാണ് പറയാനുള്ളത്. ഇക്കാര്യത്തിൽ നിങ്ങളുടെ സർവ്വീസ് സംഘടനകൾക്കൊന്നും മിണ്ടാട്ടമില്ല. ബക്കറ്റ് പിരിവുമായി കുറച്ച് നേതാക്കന്മാർ നടക്കുന്നുണ്ട്. ഓരോ വർഷം കഴിയുന്തോറും കുടിശ്ശിക കൂടിക്കൂടി വരികയല്ലേ; ഘട്ടംഘട്ടമായി നൽകിയാൽ ആ തുക മാർക്കറ്റിൽ വരില്ലേ? അതിനെക്കുറിച്ച് ചിന്തിക്കുകയും കുറച്ചുകൂടി പ്രായോഗിക സമീപനം സ്വീകരിക്കുകയും ചെയ്യണമെന്നാണ് എനിക്ക് കമ്മ്യൂണിസ്റ്റുകാരോട് പറയാനുള്ളത്. ഇന്ത്യ മുന്നണിയിൽ ലീഗിന്റെ കൂടെ നിങ്ങളുള്ളതുകൊണ്ട് ഞാൻ അധികമൊന്നും പറയുന്നില്ല. അവിടെ ശ്രീ. രാഹുൽ ഗാന്ധിയും ശ്രീ. കെ. സി. വേണുഗോപാലും സംസാരിക്കുന്നത് ശ്രീ. സീതാറാം യെച്ചൂരിയുമായിട്ടാണ്. അക്കാര്യം നിങ്ങൾ മനസ്സിലാക്കണം. അതുകൊണ്ട് നന്നാകുക, ഭരണം നന്നാക്കുക എന്നുപറഞ്ഞുകൊണ്ട് ഉപധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. ലോകത്തെമ്പാടുമുള്ള മലയാളികൾക്ക് അഭിമാനിക്കാവുന്ന നിലയിലേയ്ക്ക് കേരളം വളരുകയാണ്. സർക്കാർ കൊണ്ടുവരുന്ന സാമൂഹ്യനീതിയിൽ അധിഷ്ഠിതവും സർവ്വതലസ്പർശിയുമായ വികസന പദ്ധതികൾ നാടിന്റെ സാമൂഹിക-സാമ്പത്തിക-വൈജ്ഞാനിക മേഖലകളിൽ അഭൂതപൂർവ്വമായ മാറ്റങ്ങളാണ് സൃഷ്ടിക്കുന്നതെന്ന് പൊതുസമൂഹം അംഗീകരിച്ചിരിക്കുകയാണ്. എല്ലാ മേഖലകളിലും മുന്നേറ്റം നടത്തിയ വർഷമാണ് കടന്നുപോയത്. സംസ്ഥാന സർക്കാരിനോടുള്ള കേന്ദ്രസർക്കാരിന്റെ നിഷേധാത്മകമായ സമീപനങ്ങളെ മാറ്റിവച്ചുകൊണ്ടാണ് ഇത് നടപ്പിലാക്കാൻ കേരളത്തിന് കഴിഞ്ഞതെന്ന കാര്യം നാം മറക്കരുത്. ഇത്തരം പ്രശ്നങ്ങൾ ഉയർന്നുവരുമ്പോൾ, കേരളത്തോട് അവഗണന കാണിക്കുമ്പോൾ ഇങ്ങനെ ചെയ്യരുതെന്ന് പറയാൻ ഒരു യു.ഡി.എഫ്. എം.പി. പോലും ഉണ്ടായില്ലെന്ന പരിതാപകരമായ അവസ്ഥയും സംജാതമായി. ഗെയിൽ പൈപ്പ് ലൈൻ, ദേശീയപാത, ഇടമൺ-കൊച്ചി പവർ ഹൈവേ, മലയോര ഹൈവേ,

ജലപാത എന്നിവ ആരംഭിക്കാൻ സാധിച്ചതും അതിൽ ചിലത് പൂർത്തീകരിക്കാൻ സാധിച്ചതും 2016-നുശേഷമാണ്. ഇക്കഴിഞ്ഞ മേയ് മാസം 25-ന് രാജ്യത്തെ ആദ്യ സമ്പൂർണ്ണ ഇ-ഗവേണൻസ് സംസ്ഥാനമായി കേരളം മാറി. തീവ്രശ്രമത്തിലൂടെ അഴിമതി രഹിത സംസ്ഥാനമെന്ന നിലയിലേയ്ക്ക് കേരളം മുന്നേറുകയാണ്. അതിന് ഇ-ഗവേണൻസ് സഹായകരമാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്തുതന്നെ കേരളം ഇന്റർനെറ്റ് അവകാശമായി പ്രഖ്യാപിച്ചിരുന്നു. ഈ ലക്ഷ്യം മുൻനിർത്തിയാണ് കെ-ഫോൺ പദ്ധതി ആരംഭിച്ചത്. സംസ്ഥാനത്ത് 64000 കുടുംബങ്ങളാണ് പരമദരിദ്രരായുള്ളത്. 2025-ഓടെ പരമദരിദ്രരില്ലാത്ത ഒരു സംസ്ഥാനമാക്കി കേരളത്തെ മാറ്റുകയെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. അതിന്റെ ഭാഗമായി അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 270000 നിയമനങ്ങൾ പി.എസ്.സി. വഴി നടത്തുകയും 30000 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. 1600/- രൂപ നിരക്കിൽ അറുപത്തിയഞ്ച് ലക്ഷം പേർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നുണ്ട്. നാൽപ്പത്തിമൂന്ന് ലക്ഷം കുടുംബങ്ങൾക്ക് ഇൻഷ്വറൻസ്

ഏർപ്പെടുത്തിയതിൽ മുപ്പത് ലക്ഷത്തോളം പേർക്ക് മെഡിസെപ് ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. രാജ്യത്തെ ആദ്യത്തെ ഡിജിറ്റൽ സർവ്വകലാശാലയും ഗ്രാഫിക് സെന്ററും വാട്ടർ മെട്രോയും കേരളത്തിലാണുള്ളത്. വ്യാവസായിക രംഗത്ത് 140000 പുതിയ സംരംഭകർ വന്നത് സർവ്വകാല റെക്കോർഡാണ്. തൊഴിലില്ലായ്മ നിരക്ക് 2016-ൽ 12 ശതമാനമായിരുന്നുവെങ്കിൽ ഇന്ന് 5 ശതമാനമായി കുറഞ്ഞുവെന്ന യാഥാർത്ഥ്യം നാം കാണാതെ പോകരുത്. ഈ സർക്കാരിന്റെ രണ്ടാം വർഷത്തിന്റെ നൂറാം ദിനത്തിൽ 12759 കോടി രൂപയുടെ പുതിയ പദ്ധതികളാണ് പ്രഖ്യാപിച്ചത്. ലോകത്ത് ഏത് കോണിലിരുന്നും റവന്യൂ, സർവ്വേ വകുപ്പുകളുമായി ബന്ധപ്പെട്ട സേവനങ്ങൾ പ്രവാസികൾക്ക് ഓൺലൈനായി ലഭിക്കുന്നുവെന്നത് ഇന്ത്യയിലെ മറ്റിതര സംസ്ഥാനങ്ങളിലില്ലാത്ത കാര്യമാണ്. നേരത്തെ പ്രവാസികൾക്കായി പതിമൂന്ന് സർക്കാർ പദ്ധതികളുണ്ടായിരുന്നത് ഇരുപത്തിരണ്ടാക്കി ഉയർത്തിയിട്ടുണ്ട്. സംസ്ഥാന ജി.ഡി.പി.-യുടെ മൂന്നര ശതമാനമാണ് കേരളത്തിന്റെ കടമെടുപ്പ് പരിധി. ഇതുപ്രകാരം 2023-24 സാമ്പത്തിക

വർഷത്തിൽ 33420 കോടി രൂപ കടമെടുക്കാൻ കഴിയും. എന്നാൽ കേന്ദ്രസർക്കാർ അത് പകുതിയായി വെട്ടിക്കുറച്ചു. സർക്കാർ അതിദരിദ്രരായവർക്ക് റേഷൻ കാർഡ് കൊടുക്കാൻ തീരുമാനമെടുത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. പതിനെട്ടിനും അമ്പത്തിയഞ്ചിനുമിടയ്ക്ക് പ്രായമുള്ള തൊഴിലുറപ്പ് തൊഴിലാളികളെ ക്ഷേമനിധി ബോർഡിന് കീഴിലാക്കി. തൊഴിലുറപ്പ് തൊഴിലാളികൾക്ക് അറുപത് വയസ് മുതൽ പെൻഷൻ ലഭിക്കുന്ന പദ്ധതി ആവിഷ്കരിച്ച ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമാണ് കേരളം. തൊഴിലുറപ്പുരംഗം അഴിമതിരഹിതമാക്കാൻ സോഷ്യൽ ആഡിറ്റ് സംവിധാനം പൂർത്തിയാക്കിയ ആദ്യ സംസ്ഥാനമായി കേരളം മാറി. രാജ്യത്ത് ആകെ 6.54 കോടി ആളുകളാണ് ചേരികളിൽ താമസിക്കുന്നത്. ചേരി നിവാസികൾ ഏറ്റവും കുറവുള്ള സംസ്ഥാനമാണ് കേരളം. കേരളത്തിൽ ഇതുവരെ ജനകീയമായി നടപ്പിലാക്കിയ സംവിധാനങ്ങളുടെ ഭാഗമായുണ്ടായ വലിയൊരു മാറ്റമാണ് നിലവിലുള്ളത്. തലസ്ഥാനമായ ഡൽഹി ഉൾപ്പെടെയുള്ള പല മേഖലകളിലും ചേരി നിവാസികളുടെ വീടുകൾ ഇടിച്ചുതകർത്ത് അവരെ റോഡിന്റെ

ഇരുവശങ്ങളിലേയ്ക്കും മാറ്റി പാർപ്പിക്കുന്ന നിലയാണുള്ളത്. ആ സാഹചര്യത്തിലാണ് ചേരി നിവാസികളില്ലാത്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റാനുള്ള ശ്രമം നടക്കുന്നത്. ഇന്ത്യ ആഗോള പട്ടിണി സൂചികയിൽ ഏറ്റവും മുന്നിലാണ്. 82% അസംഘടിതരാണ് നമ്മുടെ രാജ്യത്തുള്ളത്. പത്ത് ലക്ഷം തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. റെയിൽവേയിൽ മാത്രം രണ്ടരലക്ഷം തൊഴിലവസരങ്ങളാണുള്ളത്. അവിടെയാണ് കേരളത്തിന്റെ ഈ ബദൽ, അതാണ് നാം കാണേണ്ടത്. ഈ ബദലിനെ തകർക്കുകയെന്ന ലക്ഷ്യം വച്ചാണ് യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും കേരളത്തിൽ ഒരുമിച്ചുനിന്ന് പോരാടുന്നത്. അതുകൊണ്ടാണ് പാർലമെന്റിനകത്ത് കേരളത്തിനുവേണ്ടി, മലയാളിക്കുവേണ്ടി സംസാരിക്കാൻ യു.ഡി.എഫ്.-ന്റെ എം.പി.-മാർ തയ്യാറാകാത്തത്. ഇപ്പോൾ കേരളം സുസ്ഥിര വികസനത്തിന്റെ പാതയിലാണ്. രാജ്യത്ത് ഏറ്റവും കൂടുതൽ ചികിത്സ സൗജന്യമായി ലഭിക്കുന്ന സംസ്ഥാനമാണ് കേരളം. രാജ്യത്തിന് മാതൃകയായി ഐ.ടി. മേഖലയിൽ സുസ്ഥിര മുന്നേറ്റം കേരളത്തിനുണ്ട്. തിരുവനന്തപുരം

ടെക്നോപാർക്കിലെ 70500 ജീവനക്കാരിൽ 45 ശതമാനവും കൊച്ചി ഇൻഫോ പാർക്കിലെ 64900 ജീവനക്കാരിൽ 40 ശതമാനവും സ്ത്രീകളാണ്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വാഴൂർ സോമൻ]

ഈ വർഷത്തെ ഓണത്തെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ആബാലവൃദ്ധം ജനങ്ങളും സംസ്ഥാനത്തും ലോകത്താകമാനമുള്ള മലയാളികളും മറ്റ് ജനവിഭാഗങ്ങളും യഥാർത്ഥ ഉത്സവമാക്കി ഓണം ആഘോഷിക്കുന്ന സ്ഥിതി വന്നു. ഇത് സർവ്വകാല റെക്കോർഡാണ്. 19000 കോടി രൂപയാണ് സിവിൽ സപ്ലൈസ് കോർപ്പറേഷനുമാത്രം ആ ഇനത്തിലുള്ള വ്യാപാരത്തിലൂടെ ലഭിച്ചത്. നെല്ല് സംഭരണത്തെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ആ ഇനത്തിൽ 116 കോടി രൂപ കൊടുക്കാനുണ്ട്. എന്നാൽ കേന്ദ്ര വിഹിതം ലഭിക്കാത്തതിനെക്കുറിച്ച് ഒരക്ഷരം പറയാൻ, അത് കേരളീയർക്ക് നൽകണമെന്ന് പറയാൻ ഒരു എം.പി.-യും ഉണ്ടായില്ല. നെല്ലിന്റെ സപ്പോർട്ട് പ്രൈസ് 30% വർദ്ധിപ്പിച്ചുകൊണ്ടാണ് കേരളം അത് നൽകാൻ തീരുമാനിച്ചതെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. ഏഴ് വർഷമായി വിവിധ

സാമൂഹ്യ ക്ഷേമ പെൻഷനുകൾ നൽകുന്നതിനുള്ള കുടിശ്ശിക തുക കേന്ദ്രസർക്കാർ നൽകുന്നില്ല. കേരളത്തിൽ ഇങ്ങനെയൊരു പ്രശ്നമുണ്ടെന്ന് ഇവിടെ നിന്നുള്ള എം.പി.-മാർ ഒരക്ഷരം മിണ്ടിയോ? കേരളത്തോട് നിങ്ങൾക്ക് താല്പര്യമില്ല, പകരം ഈ ബദലിനെ തകർക്കുകയെന്ന രാഷ്ട്രീയ നിലപാടാണുള്ളത് എന്നതാണ് യാഥാർത്ഥ്യം. നെല്ല് സംഭരണത്തിൽ ഏറ്റവും കൂടുതൽ ശ്രദ്ധപതിപ്പിക്കുന്നത് ഈ സംസ്ഥാനമാണ്. അതിനുവേണ്ടി കേന്ദ്രത്തിൽനിന്നും ലഭ്യമാകേണ്ട പണം ലഭിക്കുന്നില്ല. കഴിഞ്ഞ കോൺഗ്രസ് ഗവൺമെന്റിന്റെ കാലത്ത് ഇതേ നിലപാട് തന്നെയാണ് ഉണ്ടായിരുന്നത്. ബി.ജെ.പി. അത് ആവർത്തിച്ച് മുന്നോട്ടുപോകുകയാണ്. 2020-23 സീസണിൽ 250373 കർഷകരിൽനിന്നും ആകെ സംഭരിച്ച 7311845 ടൺ നെല്ലിന്റെ വിലയായി 2070.71 കോടി രൂപയിൽ 196034 കർഷകർക്ക് 1638 കോടി രൂപ വിതരണം ചെയ്തതിനുശേഷം 54339 കർഷകർക്ക് 433 കോടി രൂപ കുടിശ്ശിക നൽകാനുള്ള സാഹചര്യമുണ്ടായി. അതിൽ 12430 കർഷകർക്ക് 116 കോടി രൂപ നൽകാനുണ്ട്. കേന്ദ്രത്തിന്റെ ഫണ്ടുകൂടി ലഭിച്ചാൽ നിഷ്പ്രയാസം അത് നൽകാൻ സാധിക്കുന്നതാണെന്ന

കാര്യത്തിൽ തർക്കമില്ല. കേന്ദ്ര ഫണ്ട് താമസിക്കുന്ന സാഹചര്യത്തിൽ ബദൽ സംവിധാനമെന്ന നിലയ്ക്ക് ബാങ്കുകളുമായി സഹകരിച്ച് അത് നൽകുന്നതിനുള്ള സമീപനമാണ് സ്വീകരിച്ചത്. 121640 പട്ടയം ഈ സർക്കാരിന്റെ കാലയളവിൽ നൽകി. അതിനായി പ്രത്യേക ഡാഷ് ബോർഡ് രൂപീകരിച്ചു. ഭൂരഹിതരില്ലാത്ത കേരളം എന്ന നിലയിലേയ്ക്ക് കേരളം മാറുകയാണ്. അതിന് പട്ടയ മിഷൻ കൊണ്ടുവന്നു. 1666 വില്ലേജ് ഓഫീസുകൾ അതിനുവേണ്ടിയുള്ള തയ്യാറെടുപ്പുകൾ നടത്തുകയാണ്. ഭൂമി വിതരണം ദ്രുതഗതിയിൽ നടക്കുന്നുണ്ട്. ഭൂമി തരംമാറ്റുന്നതിനുള്ള അപേക്ഷ സമർപ്പിക്കൽ ഓൺലൈനാക്കി മാറ്റിയിരിക്കുകയാണ്. ഡിജിറ്റൽ സർവ്വേയും അതിവേഗം മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. പ്രതിപക്ഷത്തിന്റെ ശത്രുതാപരമായ സമീപനത്തിൽനിന്നും യു.ഡി.എഫ്., ബി.ജെ.പി. ഉൾപ്പെടെ പിന്മാറാൻ തയ്യാറായില്ലെങ്കിൽ കേരളത്തിലെ ജനങ്ങൾ നിങ്ങളോട് പ്രതികാരം ചെയ്യുമെന്ന കാര്യത്തിൽ തർക്കമില്ല. അതിന്റെ ഭാഗമായാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഈ ഗവൺമെന്റിന് തുടർച്ചയുണ്ടായതെന്ന

കാര്യം നിങ്ങൾ വിസ്മരിക്കരുത്. എനിക്ക് അനുവദിച്ച സമയം കഴിഞ്ഞതിനാൽ ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. പ്രിയങ്കരനായ ചാണ്ടി ഉമ്മൻ സത്യപ്രതിജ്ഞ ചെയ്ത ദിവസമാണ് ഇന്ന്. കേരളത്തിലെ പ്രതിപക്ഷ എം.എൽ.എ.-മാരുടെ സംസാരവും മനോഭാവവും കണ്ടാൽ കേരളത്തിൽ ആദ്യമായി ഒരു ഉപതെരഞ്ഞെടുപ്പ് നടന്നതുപോലെയും ഏറ്റവും മികച്ചൊരു വിജയം കേരളത്തിൽ കിട്ടിയതുപോലെയും തോന്നിപ്പോകും. എന്നുമാത്രമല്ല ഇന്നുതന്നെ ഒരു അടിയന്തരപ്രമേയം കൊണ്ടുവന്ന് വെട്ടിലായിരിക്കുകയാണ്. ഇവരുടെ മാനസികാവസ്ഥ ഇന്നിവിടെ കൃത്യമായി പ്രതിഫലിക്കപ്പെടാൻ പോകുകയാണ്. ഈ സഭയിൽ മുപ്പതിനായിരം വോട്ടിന് മുകളിൽ ഭൂരിപക്ഷം കിട്ടിയ ഏകദേശം പതിമൂന്നോളം അംഗങ്ങളുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. അതിൽ ഞങ്ങൾതന്നെ പതിനൊന്ന് പേരുണ്ട്. പ്രിയപ്പെട്ട ചാണ്ടി ഉമ്മന് കിട്ടിയതിനേക്കാൾ ഇരട്ടി ഭൂരിപക്ഷം കിട്ടിയവരും 51000 ഭൂരിപക്ഷം കിട്ടിയ മുഖ്യമന്ത്രിയും ഇവിടെയുണ്ട്. അതുകൊണ്ട് ഭൂരിപക്ഷം

കണ്ട് നിങ്ങൾ ഇങ്ങനെ അഹങ്കരിക്കരുതെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. യഥാർത്ഥത്തിൽ ഈ തെരഞ്ഞെടുപ്പിൽ എന്താണ് നടന്നതെന്നുള്ളത് പറഞ്ഞതിൽ ഞാൻ അദ്ദേഹത്തെ ആദരിക്കുന്നു. എന്റെ അപ്പയുടെ പതിമൂന്നാമത്തെ വിജയമാണെന്നാണ് അദ്ദേഹം പറഞ്ഞത്. അതിന്റെ അർത്ഥമെന്താണ്? പരേതനായ ഉമ്മൻ ചാണ്ടിയുടെ ദീപ്തമായ ഓർമ്മകൾക്കാണ് ഇത്തവണത്തെ വോട്ട് കിട്ടിയത്, അത് എനിക്കല്ല എന്നല്ലേ ശ്രീ. ചാണ്ടി ഉമ്മൻ പറഞ്ഞതിന്റെ അർത്ഥം. കെ.എസ്.ആർ.ടി.സി. ജീവനക്കാർ ഉമ്മൻ ചാണ്ടിയുടെ കല്ലറയിൽ പോയി ശമ്പളം കിട്ടണമേയെന്ന് പ്രാർത്ഥിച്ചുവെന്ന് എന്റെ സുഹൃത്ത് ശ്രീ. പി. സി. വിഷ്ണുനാഥ് പറയുന്നതുകേട്ടു. എനിക്ക് ചിരിയാണ് വന്നത്. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലത്ത് ക്ഷേമപെൻഷനുകൾ പത്തും പതിനെട്ടും മാസം കൊടുക്കാതെയും അപേക്ഷകൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയാതെയുമിരുന്ന അദ്ദേഹത്തിന് എങ്ങനെയാണ് കല്ലറയിൽ നിന്ന് കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പെൻഷൻ കൊടുക്കുന്നതിനായി ഫണ്ട് അനുവദിക്കാൻ കഴിയുന്നതെന്ന് എത്ര ആലോചിച്ചിട്ടും

മനസ്സിലാകുന്നില്ല. തെരഞ്ഞെടുപ്പ് വിജയത്തെ മാത്രം കണ്ടുകൊണ്ടാണോ കേരളത്തിന്റെ രാഷ്ട്രീയം വിലയിരുത്തേണ്ടത്? ഇവിടെ ഇടതുപക്ഷത്തിനായാലും വലതുപക്ഷത്തിനായാലും സ്ഥിരമായി ജയിക്കാൻ കഴിയുന്ന ചില മണ്ഡലങ്ങളുണ്ട്. ആ പട്ടികയിൽ വരുന്നതല്ലേ ഈ മണ്ഡലം? അതുകൊണ്ട് നിങ്ങൾക്ക് ഇത്രയധികം സന്തോഷിക്കാൻ ഒന്നുമില്ല. ഏതെങ്കിലുമൊരു വിഷയത്തിൽ ഊന്നി നിന്ന് പ്രസംഗിക്കാനാണ് പലപ്പോഴും മൂവാറ്റുപുഴ അംഗം തയ്യാറാകുന്നത്. അദ്ദേഹത്തിന്റെ ലക്ഷ്യമെന്താണ്? ഒറ്റപ്പെട്ട് ആക്രമിക്കുന്ന ഒരാളായി ഞാൻ അദ്ദേഹത്തെ കാണുന്നില്ല. മുഖ്യമന്ത്രിയെ എങ്ങനെ ദുർബലനാക്കണമെന്നും അദ്ദേഹത്തിനുള്ള ജനസമ്മതി എങ്ങനെ കുറയ്ക്കണമെന്നുമാണ് നിങ്ങൾ ചിന്തിക്കുന്നത്. അദ്ദേഹത്തെ തകർത്തെങ്കിൽ മാത്രമേ തങ്ങൾക്കൊരു തിരിച്ചുവരവ് കേരളത്തിൽ സാധ്യമാകുകയുള്ളൂവെന്ന് നിങ്ങൾ ചിന്തിക്കുകയാണ്, നിങ്ങളെ ചിന്തിപ്പിക്കുകയാണ്. ആരാണ് നിങ്ങളെ ചിന്തിപ്പിക്കുന്നത്? നിങ്ങൾ കർണ്ണാടകയിൽ ജയിച്ചതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. അത് എന്തുകൊണ്ടാണെന്ന് അറിയാമോ; അവിടെ

ബി.ജെ.പി. പരാജയപ്പെട്ടു. കർണ്ണാടകയിൽ നിങ്ങൾക്ക് തിരിച്ചുവരാനുള്ള തെരഞ്ഞെടുപ്പ് തന്ത്രങ്ങളെല്ലാം തയ്യാറാക്കിത്തന്ന വലിയൊരു ഏജൻസിയുണ്ടല്ലോ; 700 കോടി രൂപയാണ് കേരളത്തിൽ വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ വിജയിക്കുന്നതിനുവേണ്ടി, തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനുവേണ്ടി നൽകിയതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ശ്രീ. സുനിൽ കനുഗോലു എന്ന തെരഞ്ഞെടുപ്പ് വിദഗ്ദ്ധന് ചുമതല നൽകി തെരഞ്ഞെടുപ്പ് തന്ത്രങ്ങൾ ആവിഷ്കരിച്ച് എങ്ങനെയെങ്കിലും കേരളത്തിൽ തിരിച്ചുവരാൻ കഴിയുമെന്നാണ് നിങ്ങൾ ധരിക്കുന്നത്. അതിനുള്ള ഏറ്റവും നല്ല മാർഗ്ഗമായാണ് നിങ്ങൾ അതിനെ കണ്ടെത്തിയിട്ടുള്ളത്. വരുന്ന 25 വർഷക്കാലം നവകേരളത്തെ സൃഷ്ടിക്കാനുള്ള പരിശ്രമവുമായി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് മുന്നോട്ടുപോകുമ്പോൾ, ആ ഗവൺമെന്റിന് നേതൃത്വം കൊടുക്കുന്ന, കേരളത്തിന്റെ ചരിത്രം തിരുത്തിക്കുറിച്ച് രണ്ടുതവണ തുടർച്ചയായി മുഖ്യമന്ത്രി സ്ഥാനത്ത് കടന്നുവരാൻ കഴിഞ്ഞ ശ്രീ. പിണറായി വിജയനെ വ്യക്തിഹത്യ നടത്താനാണല്ലോ നിങ്ങൾ ആഗ്രഹിക്കുന്നത്. മാസപ്പടിയുമായി ബന്ധപ്പെട്ട്

ഇവിടെ ആക്ഷേപങ്ങൾ ഉന്നയിക്കുകയുണ്ടായി. അത് കുറച്ച് നാളുകളായി അന്തരീക്ഷത്തിൽ നിൽക്കുകയാണ്. നിങ്ങൾ എന്തെങ്കിലും ചെയ്തോ? വിജിലൻസ് കോടതി കേസ് തള്ളി. നിങ്ങൾ ഹൈക്കോടതിയിൽ പോയില്ലേ; ഏറ്റവുമവസാനം ഹൈക്കോടതി പറഞ്ഞിരിക്കുന്നത് എന്താണ്? നിങ്ങൾ ഉന്നയിക്കുന്ന കാര്യങ്ങൾക്ക് തെളിവുണ്ടോയെന്നാണ് ബഹുമാനപ്പെട്ട ഹൈക്കോടതി ഹർജിക്കാരനോട് ചോദിച്ചത്. തെളിവിന്റെ അടിസ്ഥാനത്തിലായിരിക്കണം ആരോപണം ഉന്നയിക്കേണ്ടതെന്നാണ് കോടതി വ്യക്തമാക്കിയത്. അതിന്റെയടിസ്ഥാനത്തിൽ പരാതി തിരിച്ചയയ്ക്കുകയല്ലേ ചെയ്തത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ, അദ്ദേഹത്തിന്റെ കുടുംബത്തെ എങ്ങനെ തേജോവധം ചെയ്യാൻ സാധിക്കും? ഇത് ഇന്നോ ഇന്നലെയോ തുടങ്ങിയതാണോ? ഇതിനെയെല്ലാം നേരിട്ടുകൊണ്ടല്ലേ ഇടതുപക്ഷ ജനാധിപത്യ മുന്നണി 2016-ലെ തെരഞ്ഞെടുപ്പിൽ കിട്ടിയതിനേക്കാൾ വലിയ ഭൂരിപക്ഷത്തിൽ അതേ നേതാവിന്റെ നേതൃത്വത്തിൽ വീണ്ടും അധികാരത്തിൽ വന്നത്? നിങ്ങൾ മെനഞ്ഞെടുത്ത, നിങ്ങൾ ഉയർത്തിയ കഥകളെല്ലാം കേരളത്തിലെ ജനങ്ങൾ

വിശ്വസിച്ചിരുന്നെങ്കിൽ ഞങ്ങൾ പപ്പടം പൊടിയുന്നതുപോലെ പൊടിഞ്ഞു പോകുമായിരുന്നില്ലേ? അതുകൊണ്ട് നിങ്ങൾ സ്വപ്നമൊന്നും കാണേണ്ട. ഞങ്ങൾക്ക് ഈ അപവാദങ്ങളെയെല്ലാം തരണം ചെയ്യാനുള്ള ജനകീയ ശക്തിയുണ്ട്. ആ ശക്തിയുമായി ജനങ്ങളുടെ മുന്നിലിരുന്നാണ് ഞങ്ങൾ പ്രവർത്തിക്കുന്നത്. കേരളത്തിൽ ഒന്നും നടക്കില്ലെന്നും കേരളം തകർന്നുപോകുമെന്നുമായിരുന്നല്ലോ ഒരുകാലത്തെ പ്രചാരണം. എന്നാൽ ഇവിടെ എല്ലാം നടക്കും, കേരളം മുന്നോട്ടുപോകും. കേരളത്തിന്റെ അനന്തമായ സാധ്യതകളെ ഫലപ്രദമായി വിനിയോഗിക്കാൻ ധീരതയോടുകൂടി സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിൽ ഈ ഗവൺമെന്റ് മുന്നോട്ടുപോകുമ്പോൾ അത് നിങ്ങളെ വല്ലാതെ അലോസരപ്പെടുത്തുന്നുണ്ടെന്ന് ഞങ്ങൾക്കറിയാം. ഏറ്റവും അവസാനം എന്തെല്ലാമാണ് നിങ്ങൾ പ്രചരിപ്പിച്ചുകൊണ്ടിരുന്നത്; മാസപ്പടിയല്ലേ? കമല ഇന്റർനാഷണൽ എത്രയോ തവണ ചർച്ച ചെയ്തിട്ടുള്ളതാണ്. സിംഗപ്പൂരിലെ കമ്പനി, വലിയ മണിമാളിക, വലിയ ബാങ്ക് അക്കൗണ്ട് എല്ലാം പറഞ്ഞില്ലേ; എന്നിട്ട് മഴയത്ത് ചീറ്റിപ്പോയ പടക്കം പോലെയായില്ലേ? ശ്രീ. പിണറായി

വിജയന്റെ മണിമാളികയും കമല ഇന്റർനാഷണലും കാണിക്കാമോയെന്ന് ഞാൻ പ്രതിപക്ഷത്തെ വെല്ലുവിളിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. പി. ഉബൈദുള്ള പറഞ്ഞത് മുസ്ലീം ലീഗിന്റെ നേതാവ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി അംഗീകരിക്കില്ലെന്ന് എനിക്ക് തോന്നുന്നു. കാരണം അദ്ദേഹം കാര്യങ്ങൾ മനസ്സിലാക്കുന്ന ആളാണ്. നിങ്ങൾ ഇത്തരത്തിൽ പലതരത്തിലുള്ള ആക്ഷേപങ്ങളും ആരോപണങ്ങളും ഓരോ ഘട്ടത്തിലും ഉന്നയിക്കാൻ ശ്രമിച്ചിട്ടുണ്ട്. പക്ഷെ അതുകൊണ്ടൊന്നും ഇടതുപക്ഷ ജനാധിപത്യമുന്നണി തകരില്ലെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മളെല്ലാം ജനങ്ങൾ തെരഞ്ഞെടുത്ത ജനപ്രതിനിധികളല്ലേ; നമ്മുടെ മണ്ഡലങ്ങളിൽ വികസനം നടക്കണ്ടേ; വികസനത്തിന് പണം വേണ്ടേ? അക്കാര്യത്തിൽ കേന്ദ്രം സ്വീകരിക്കുന്ന നിലപാടുകൾക്കെതിരായി നിങ്ങളുടെ അഭിപ്രായം എന്താണെന്ന് അറിയാൻ ഈ നാട് ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർക്കുന്ന യോഗത്തിൽ പങ്കെടുത്ത് തിരിച്ചുപോയി നമ്മുടെ എം.പി.-മാർ സ്വീകരിക്കുന്ന

നിലപാടുകളടക്കം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. കേരളം ഇന്ന് ഏറ്റവും വലിയ സാമ്പത്തിക ഞെരുക്കത്തിലാണെന്ന പ്രചാരവേല നടത്താൻ ചിലർ ശ്രമിക്കുകയാണ്. സാമ്പത്തിക ഞെരുക്കമുണ്ടെന്ന് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിട്ടുണ്ട്. എന്നാൽ കേരളത്തിന്റെ ഏത് കാര്യങ്ങളാണ് മുടങ്ങിയത്? തിരുവോണത്തിനടക്കം 19000 കോടി രൂപ കേരളത്തിലെ സാധാരണക്കാരായ ജനങ്ങൾക്ക് കൊടുത്തില്ലേ; ആരെയെങ്കിലും വിഷമിപ്പിച്ചോ; എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായോ? നെൽകർഷകരുടെ പ്രശ്നമാണല്ലോ ഉയർന്നുവന്നത്. അക്കാര്യത്തിൽ കേന്ദ്രസർക്കാർ നൽകാനുള്ള 687 കോടി രൂപ വാങ്ങിക്കൊടുക്കുന്നതിന് കേരളം ഒറ്റക്കെട്ടായി നിൽക്കണമെന്ന മുഖ്യമന്ത്രിയുടെ അഭ്യർത്ഥനയെപ്പോലും മാനിക്കാൻ നിങ്ങൾ തയ്യാറായോ? കേന്ദ്രം എല്ലാ നിലയിലും ഞെരുക്കാൻ ശ്രമിച്ചിട്ടും അടിസ്ഥാന-പശ്ചാത്തല വികസനം, വിദ്യാഭ്യാസ-ആരോഗ്യ മേഖല തുടങ്ങിയവയിലെല്ലാം അഭൂതപൂർവ്വമായ വളർച്ചയാണ് കേരളത്തിന് കൈവരിക്കാൻ കഴിഞ്ഞത്.

(ചർച്ച-തുടരും)

**01:00 PM]**

**IX അടിയന്തരപ്രമേയ ചർച്ച**

മി. സ്പീക്കർ: ഓർഡർ....ഓർഡർ.....

നിയമസഭാ നടപടിക്രമങ്ങളിലെ ചട്ടം 50 പ്രകാരമുള്ള നോട്ടീസിന്മേൽ ചർച്ച ഇപ്പോൾ അനുവദിക്കുകയാണ്. രണ്ട് മണിക്കൂറാണ് ചർച്ച. ഉപധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും മറുപടിയും അതിനുശേഷം തുടരുന്നതാണ്. ശ്രീ. ഷാഫി പറമ്പിൽ, അങ്ങേയ്ക്ക് സഭ ഇപ്പോൾ നിർത്തിവയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. ഷാഫി പറമ്പിൽ: സർ, സഭ ഇപ്പോൾ നിർത്തിവയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ഷാഫി പറമ്പിൽ: സർ, കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, അങ്ങ് ഈ അടിയന്തരപ്രമേയ ചർച്ചയ്ക്ക് മറുപടി പറയുമ്പോൾ ആ കസേരയിൽനിന്ന് എഴുന്നേറ്റുനിന്ന് ആറ് പതിറ്റാണ്ടുകാലത്തെ പൊതുപ്രവർത്തന പരമ്പര്യമുള്ള, 53 വർഷം ഈ നിയമസഭയിൽ

സാമാജികനായി പ്രവർത്തിച്ച, കേരളത്തിന്റെ വികസന ക്ഷേമപ്രവർത്തനങ്ങൾക്കും ജനങ്ങൾക്കുംവേണ്ടി ജീവിതം ഉഴിഞ്ഞുവച്ച കേരളത്തിന്റെ പ്രിയങ്കരനായ ഒരു മനുഷ്യനോട് മാപ്പ് പറഞ്ഞ് പ്രസംഗം ആരംഭിക്കണമെന്ന് പറയാൻ ഞാൻ അഗ്രഹിക്കുന്നു. നട്ടാൽ കുരുക്കാത്ത പച്ചക്കള്ളങ്ങളുടെ പേരിൽ കേരള രാഷ്ട്രീയത്തിലോ രാജ്യത്തോ ലോകത്തെവിടെയുമോ കേൾക്കാത്ത തരത്തിലുള്ള ക്രൂരമായ വേട്ടയാടലിനാണ് ആ മനുഷ്യൻ ഇരയായതെന്നുള്ളത് എല്ലാവർക്കും ബോധ്യമായിട്ടുണ്ട്. ഒരിക്കലും വിശ്വസിക്കാൻ കഴിയാത്ത, ഒരു ക്രെഡിബിലിറ്റിയുമില്ലാത്ത ആരോപണങ്ങളുടെ പേരിൽ ഈ നിയമസഭയ്ക്കകത്ത് എത്ര വലിയ അവഹേളനമാണ് അദ്ദേഹത്തിന് നേരിടേണ്ടി വന്നതെന്ന് അന്ന് ഈ സഭയിൽ ഇരുന്നവർക്കും അന്നത്തെ പ്രൊസീഡിംഗ്സ് ശ്രദ്ധിച്ചിട്ടുള്ളവർക്കും ഓർമ്മയുണ്ടാകുമെന്ന് കരുതുന്നു. അന്നത്തെ പ്രതിപക്ഷനേതാവായ ശ്രീ. വി. എസ്. അച്ചുതാനന്ദനെ പോലുള്ള ആളുകൾ ഏറ്റവും ഹീനമായി, ഒരു ജനപ്രതിനിധിയും പൊതുപ്രവർത്തകനും കേൾക്കാൻ ആഗ്രഹിക്കാത്ത തരത്തിൽ അദ്ദേഹത്തെ വ്യക്തിഹത്യ

നടത്താൻ ഈ നിയമസഭാ നടുത്തളം വേദിയാക്കിയിട്ടുണ്ട്. സി.ബി.ഐ.-യുടെ കണ്ടെത്തലുകൾ പുറത്തുവരികയും ആ റിപ്പോർട്ട് അംഗീകരിച്ച് ഉമ്മൻചാണ്ടി സാറിനെ കോടതി കുറ്റവിമുക്തനെന്ന് പറയുകയും ചെയ്തപ്പോൾ പച്ചക്കള്ളങ്ങളുടെ ഗോപുര മുകളിലിരുന്ന് കല്ലെറിഞ്ഞാണ് ഉമ്മൻ ചാണ്ടി സാറിനെ പരിക്കേൽപ്പിച്ചതെന്ന ബോധ്യം കേരളീയ പൊതുസമൂഹത്തിനുണ്ടായി. മുഖ്യമന്ത്രിയും അന്നത്തെ പാർട്ടി സെക്രട്ടറിയും ഈ വേട്ടയാടലുകൾക്ക് അറിഞ്ഞും അറിയാതെയും നേതൃത്വം നൽകിയ മുഴുവൻ ആളുകളും അതിൽ പങ്കുചേർന്ന മാധ്യമങ്ങളും ഉമ്മൻ ചാണ്ടിയോട് 'മാപ്പ്' എന്നൊരു വാക്ക് ഉരിയാടാതെ ഈ ചർച്ച അവസാനിപ്പിക്കരുതെന്നാണ് ഞങ്ങളുടെ വിനീതമായ അഭ്യർത്ഥന. അദ്ദേഹം അത് അർഹിക്കുന്നുണ്ടെന്ന് നമുക്കെല്ലാവർക്കും അറിയാം. കാരണം അത്രയും മോശപ്പെട്ട വേട്ടയാടലിനാണ് അദ്ദേഹം ഇരയായത്. ഇപ്പോൾ സി.ബി.ഐ.-യുടെ അന്തിമ റിപ്പോർട്ട് കോടതിയിൽ വന്നിരിക്കുന്നു. ഉമ്മൻ ചാണ്ടി സാറിനെതിരെ ഉന്നയിച്ച ആരോപണങ്ങളെല്ലാം വാസ്തവവിരുദ്ധമായിരുന്നുവെന്ന് ആ അന്തിമ റിപ്പോർട്ടിലെ

ഫൈൻഡിംഗ്സിൽ പറയുന്നു. ഒരു കത്തിന്റെ പുറത്താണ് ആരോപണങ്ങളുടെ കുമ്പാരങ്ങൾ സാറിനെതിരെ തിരിച്ചുവിട്ടതെന്ന് നമുക്കറിയാം. അതുസംബന്ധിച്ച് സി.ബി.ഐ.-യുടെ ഫൈൻഡിംഗ്സിൽ പറയുന്നത്, "she wrote 21 pages letter from jail and later changed the number of pages. T. G. Nandakumar also produced copy of 19 pages letter said to be written by W1 before the CBI. The other letter he handed over to Asianet as 25 pages. Later W1 claims that it contains 30 pages, but she produced only 4 page letter before the ACJM without mentioning any allegations. This proves that all these letters said to be written by the complainant are contradictory" എന്നാണ്. ശ്രീ. പി. സി. ജോർജിന് കൊടുത്തതുൾപ്പെടെ 6 വ്യാജ കത്തുകളുടെ പേരിൽ സുതാര്യമായ പൊതുജീവിതം നയിച്ച, ജനങ്ങളുടെ വിശ്വാസ്യത ആർജ്ജിച്ച, 53 വർഷം പുതുപ്പള്ളിക്കാരുടെ വോട്ടുകൊണ്ട് നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട സത്യസന്ധനായ, 70 വയസ് കഴിഞ്ഞ അദ്ദേഹത്തിനെതിരെ ലൈംഗികാരോപണം ഉന്നയിച്ച് ആക്ഷേപ വർഷം ചൊരിയാൻ ഈ

തട്ടിപ്പുകാരിയുടെ കത്തുകൾ ഉപയോഗിച്ചവർ മാപ്പ് പറയാതെ പൊതുസമൂഹം പൊറുക്കില്ലെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. വാഹനത്തിന് നേരെ എറിഞ്ഞ കല്ല് പതിച്ച് നെഞ്ചിലും നെറ്റിയിലും മുറിവേറ്റിട്ടും എന്റെ പേരിൽ കേരളത്തിൽ ഒരു ഹർത്താൽ വേണ്ടെന്ന് ആർജ്ജവത്തോടെ പറഞ്ഞ ഭരണാധികാരിയാണ് ഈ കള്ളക്കഥകളുടെ പേരിൽ വേട്ടയാടപ്പെട്ടത് എന്നുള്ളത് രാഷ്ട്രീയ കേരളത്തിന് അപമാനമാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം ഈ കേസ് ഒരു രാഷ്ട്രീയ ദുരന്തമാണെന്ന കാര്യത്തിൽ സംശയമില്ല. അതിന്റെ എല്ലാ ഫൈൻഡിംഗ്സും വരുന്നുണ്ട്. ശ്രീ. കെ. ബി. ഗണേഷ് കുമാർ എം.എൽ.എ.-യുടെ പി.എ. ആയിരുന്ന ശ്രീ. പ്രദീപ് കുമാർ പത്തനംതിട്ടയിൽ ചെന്ന് ഈ കത്തുകൾ കൈപ്പറ്റിയെന്ന് അന്വേഷണ റിപ്പോർട്ടിന്റെ പാരഗ്രാഫ് നമ്പർ 40, പേജ് നമ്പർ 42-ൽ പറയുന്നു. ഉമ്മൻ ചാണ്ടി സാർ എറണാകുളം ഗസ്റ്റ് ഹൗസിൽ വച്ച് ശ്രീ. ബിജു രാധാകൃഷ്ണനെ കണ്ടതുമായി ബന്ധപ്പെട്ട് ഈ സഭയിലുണ്ടായ ബഹളത്തിന് സാക്ഷ്യം വഹിച്ചവരാണ് ഞങ്ങൾ. അന്നും ജീവിതാവസാനം വരെയും അത് എന്തിനാണെന്ന് വ്യക്തമാക്കാതെ അദ്ദേഹം മൗനം പാലിച്ചു. അദ്ദേഹം

നിരപരാധിയാണെന്നും ആ കത്തിൽ പിന്നീട് പേര് ചേർത്തതാണെന്നും അറിഞ്ഞിട്ടും അദ്ദേഹത്തെ ക്രൂരമായി വേട്ടയാടിയപ്പോൾ ആർക്കുവേണ്ടിയാണോ സാർ മൗനം പാലിച്ചത് അവരും അഗാധമായ മൗനത്തിലായിരുന്നു. ആരാണ് ആ കത്തിന്റെ ആദ്യ കോപ്പി ഏറ്റുവാങ്ങിയതെന്നും പത്തനംതിട്ട കോടതിയിൽ ചെന്ന് വക്കീലിൽനിന്നും അത് കൈപ്പറ്റിയത് ആരാണെന്നും സി.ബി.ഐ.-യുടെ ഫൈൻഡിംഗ്സിൽ പറയുന്നുണ്ട്. ഖണ്ഡിക നമ്പർ 48, പേജ് നമ്പർ 44-ൽ ശ്രീ. മനോജ് കുമാറിന്റെ പ്രസ്താവനയെക്കുറിച്ച് പറയുന്നു. ഈ കത്ത് പരാതിക്കാരിയിൽനിന്നും എങ്ങനെയെങ്കിലും വാങ്ങാൻ ഇവിടെ പലർക്കും താൽപ്പര്യമുണ്ടായിരുന്നു. അതിൽ ഉമ്മൻ ചാണ്ടി സാറിന്റെ പേരില്ലെന്ന് സി.ബി.ഐ. അന്വേഷണത്തിൽ വ്യക്തമായിരിക്കുകയാണ്. ഖണ്ഡിക നമ്പർ 49, പേജ് നമ്പർ 45-ൽ എറണാകുളം കോടതിയിലെ ഇൻ-ക്യാമറ പ്രൊസീഡിംഗ്സിലും ഇത്തരമൊരു ആരോപണവുമായി ബന്ധപ്പെട്ട് ഉമ്മൻ ചാണ്ടി സാറിന്റെ പേര് വന്നില്ലെന്ന് ഈ ഫൈഡിംഗ്സിൽ പറയുന്നു. ഖണ്ഡിക നമ്പർ 48, പേജ് നമ്പർ 44-ലാണ് ഈ കത്തുമായി ബന്ധപ്പെട്ട

പ്രധാനപ്പെട്ട കാര്യങ്ങൾ വരുന്നത്. ആദ്യം കത്ത് കൈപ്പറ്റിയെന്ന് പറയുന്ന ആളുകളിൽനിന്നും പിന്നെ ആ കത്ത് വാങ്ങുന്നത് ദല്ലാൾ നന്ദകുമാർ എന്ന ആളാണ്. പവർ ബ്രോക്കറെന്നും ദല്ലാളെന്നും ഈ നന്ദകുമാറിന് പേര് വന്നത് ഏത് കാലത്താണെന്ന് നമുക്കെല്ലാവർക്കുമറിയാം. ലാവ്ലിൻ കേസുൾപ്പെടെ കേരളത്തിൽ ചർച്ചയായിക്കൊണ്ടിരുന്ന സമയത്ത്, അന്നത്തെ പാർട്ടി സെക്രട്ടറിക്കെതിരായ ആരോപണങ്ങളുടെ കുന്തമുനയായി വിശേഷിപ്പിക്കപ്പെട്ടിരുന്ന, പത്രമാധ്യമങ്ങളിൽ വാർത്ത വന്നിരുന്ന ഒരു കോർപ്പറേറ്റ് പവർ ബ്രോക്കറായി അന്നത്തെ ഔദ്യോഗികപക്ഷം വിശേഷിപ്പിച്ച ദല്ലാൾ നന്ദകുമാർ 50 ലക്ഷം രൂപ പരാതിക്കാരിക്ക് നൽകിയാണ് അവരിൽനിന്നും കത്ത് കൈപ്പറ്റിയതെന്നത് തെളിവോടുകൂടി സി.ബി.ഐ. റിപ്പോർട്ടിലെ ഫൈൻഡിംഗ്സിൽ വന്നിരിക്കുകയാണ്. ദല്ലാൾ നന്ദകുമാറെന്ന് പേര് വിളിച്ച, ഔദ്യോഗികപക്ഷമെന്ന് പിന്നീട് വാർത്തകളിൽ നിറഞ്ഞുനിന്ന ആ നന്ദകുമാർ കേരളത്തിന്റെ മുഖ്യമന്ത്രി അധികാരമേറ്റ് മൂന്ന് ദിവസത്തിനകം ഈ പറയുന്ന പരാതിക്കാരിക്ക് മുഖ്യമന്ത്രിയെ ഓഫീസിൽ വന്ന് കാണാനുള്ള അവസരം

ഒരുക്കിക്കൊടുത്തത് എങ്ങനെയാണെന്ന ചോദ്യം സജീവമായി നിലനിൽക്കുകയല്ലേ? എന്റെ ഭരണത്തിൽ അവതാരങ്ങളുണ്ടാകില്ലെന്നും ഈ ഭരണത്തിന്റെ ഇടനാഴിയിൽ അവതാരങ്ങൾക്ക് റോളുണ്ടാകില്ലെന്നും പറഞ്ഞിട്ട് അധികാരമേറ്റ് മൂന്ന് ദിവസത്തിനുള്ളിൽ ഒന്നാം നമ്പർ അവതാരത്തെ സ്വന്തം ഓഫീസിൽ വിളിച്ചുവരുത്തി ഒരു തട്ടിപ്പുകാരിയുടെ കയ്യിൽനിന്നും പരാതിയെഴുതി വാങ്ങി കേസ്സെടുക്കാൻ കേരളത്തിന്റെ മുഖ്യമന്ത്രി വ്യഗ്രത കാണിച്ചു. ഈ കത്തിടപാടുകളിലും പേര് എഴുതിച്ചേർത്തതിലും ഈ ഗവൺമെന്റിനും അന്നത്തെ മുഖ്യമന്ത്രിക്കും അന്നത്തെ പാർട്ടിക്കുമുള്ള പങ്കിനെ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ പുറത്തുവരേണ്ടതല്ലേയെന്ന് ഇതിനെക്കുറിച്ച് നിഷ്പക്ഷമായി വിലയിരുത്തുന്ന ഏതൊരാൾക്കും സംശയമുണ്ടാകും. അയാളെപ്പോലെയുള്ളവർ എങ്ങനെയാണ് കേരളത്തിന്റെ മുഖ്യമന്ത്രിയുടെ ഓഫീസിലേയ്ക്ക് വരുന്നത്? ഒരു സ്ത്രീയുടെ പരാതിയായതുകൊണ്ടാണ് എഴുതി വാങ്ങിയതും അന്വേഷണം നടത്താനും സി.ബി.ഐ.-യ്ക്ക് വിടാനും തീരുമാനിച്ചതെന്നൊക്കെ പറയുന്നുണ്ട്. അങ്ങനെ മുഖ്യമന്ത്രിയെ കാണാൻ വന്ന മറ്റൊരു സ്ത്രീയെ

പോലീസ് എങ്ങനെ ട്രീറ്റ് ചെയ്തുവെന്ന് നമുക്കറിയാം. പാവപ്പെട്ട ജിഷ്ണു പ്രണോയ് എന്ന ചെറുപ്പക്കാരന്റെ അമ്മ മുഖ്യമന്ത്രിയെ കാണാൻ വന്നപ്പോൾ ആ സ്ത്രീയെ തിരുവനന്തപുരത്തെ തെരുവോരങ്ങളിൽ പോലീസ് വലിച്ചിഴച്ച ദൃശ്യങ്ങൾ കണ്ട ആളുകൾക്ക് ഈ സ്ത്രീയോട് മുഖ്യമന്ത്രി കാണിച്ച സമീപനം കാണുമ്പോൾ ഇരട്ട ചങ്കല്ല, ഇരട്ട മുഖമാണ് അദ്ദേഹത്തിനുള്ളതെന്ന് പറയാതിരിക്കാൻ സാധിക്കുമോ? ഉമ്മൻ ചാണ്ടി സാറിനോട് മാപ്പ് പറഞ്ഞേ മതിയാകൂ. റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 68, പേജ് നമ്പർ 55-ൽ 'W1 possess no evidence' എന്ന് കൃത്യമായി പറയുന്നു. ഉമ്മൻ ചാണ്ടി സാറിനെ ആക്ഷേപിക്കുക എന്നതിനപ്പുറത്തേയ്ക്ക് ഏത് അജണ്ടയുടെ പേരിലാണ് ഗവൺമെന്റ് ഈ പരാതി മുന്നോട്ടുകൊണ്ടുപോയത്? ഉന്നത പോലീസ് ഉദ്യോഗസ്ഥർ മുഴുവൻ അന്വേഷിച്ചിട്ടും അതിലൊരു കഴമ്പുമില്ലെന്നാണ് കണ്ടെത്തിയത്. സുപ്രീംകോടതി ജഡ്ജിയായിരുന്ന ജസ്റ്റിസ് അരിജിത് പസായത് ഈ പരാതിയുമായി മുന്നോട്ടുപോകാൻ കഴിയില്ലെന്ന് റിപ്പോർട്ട് കൊടുത്തതാണ്. ക്രൈംബ്രാഞ്ച് ഉൾപ്പെടെയുള്ള പല സംവിധാനങ്ങൾ അന്വേഷിച്ചിട്ട് ഒരു കേസ്സും നിലനിൽക്കില്ലെന്ന്

അടിവരയിട്ട് പറഞ്ഞതും നിയമോപദേശം കിട്ടിയതുമായ കേസ്സിൽപോലും സി.ബി.ഐ.-യെ വിളിച്ചുവരുത്താനുള്ള വ്യഗ്രത ഈ ഗവൺമെന്റ് കാണിച്ചതിന്റെ ചേതോവികാരം എന്താണ്? തലപ്പത്തിരിക്കുന്നവർക്ക് ഈ ഗൂഢാലോചനയിൽ പങ്കല്ലാതെ മറ്റെന്താണ് ഉണ്ടായിരുന്നതെന്ന് വ്യക്തമാക്കണം. ഇങ്ങനെ ആക്ഷേപിക്കപ്പെടേണ്ട ആളാണോ ഉമ്മൻ ചാണ്ടി സാർ? ശ്രീ. പി. സി. ജോർജിന്റെ പ്രസ്താവനകൾ നമ്മൾ കണ്ടു. അഞ്ച് കത്തിനെപ്പറ്റി പറഞ്ഞു. സി.ബി.ഐ.-യുടെ മുന്നിൽ തെളിവ് കൊടുക്കാൻ ഇങ്ങനെ പറയണമെന്ന് പറഞ്ഞ് പരാതിക്കാരി ഒരു കത്ത് എന്റെ കയ്യിൽ കൊണ്ടുതന്നുവെന്നും അന്നത്തെ രാഷ്ട്രീയ വൈരാഗ്യംവച്ച് ഞാനും ഉമ്മൻ ചാണ്ടിക്കെതിരെ പറയാൻ പറ്റാവുന്നിടത്തോളം പറഞ്ഞുവെന്നുമാണ് ഒരു നാണവുമില്ലാതെ ശ്രീ. പി. സി. ജോർജ് പത്രസമ്മേളനങ്ങളിൽ പറഞ്ഞത്. ഉമ്മൻ ചാണ്ടി സാർ അണിഞ്ഞ വസ്ത്രത്തെ സംബന്ധിച്ച് ഇല്ലാക്കഥ തയ്യാറാക്കി രേഖാമൂലം കുറിപ്പുകൊടുത്ത് അത് അന്വേഷണ ഏജൻസിക്കുമുമ്പിൽ തെളിവായി കൊടുക്കണമെന്ന് പരാതിക്കാരി പറഞ്ഞപ്പോൾ അന്നത്തെ രാഷ്ട്രീയ വൈരാഗ്യംവച്ച് ഞാനും അങ്ങനെതന്നെ

പത്രസമ്മേളനങ്ങളിൽ പറഞ്ഞുവെന്ന് പറയുമ്പോൾ അതിന്റെയൊക്കെ പേരിൽ പാവപ്പെട്ട ഉമ്മൻ ചാണ്ടി സാറിന്റെ ചിത്രം വച്ച് ആക്ഷേപിച്ചവർ, Cyber lynching-നെ സംബന്ധിച്ച് ഇന്ന് പരാതി പറയുന്നവർ, പരാതി കൊടുക്കുന്നവർ, ആക്ഷേപം ഉന്നയിക്കുന്നവർ ഇവരോടൊക്കെ എനിക്ക് പറയാനുള്ളത് കേരള രാഷ്ട്രീയത്തിലെ സൈബർ ലിഞ്ചിംഗിന്റെ തുടക്കം ഈ സോളാർ കേസ്സിൽ നിന്നാണെന്ന് ചരിത്രം പരിശോധിക്കുന്ന ഏതൊരാൾക്കും മനസ്സിലാകുമെന്നാണ്. അതിന്റെ പേരിൽ ഉമ്മൻ ചാണ്ടി സാറിന്റെ മാസ്കും തട്ടിപ്പുകാരിയുടെ മാസ്കും വച്ച് കൈകൾ ചേർത്തുപിടിച്ച് തിരുവനന്തപുരം നഗരത്തിൽ മാർച്ച് നടത്തിയവർ, കേരളത്തിലെ മുഴുവൻ കവലകളിലും ആ മനുഷ്യനെ അപമാനിച്ചുകൊണ്ട് ഇല്ലാക്കഥകൾ ഫ്ലക്സ് വച്ച് പ്രചരിപ്പിച്ചവർ, സൈബർ സ്പേസിലെ മുഴുവൻ ഇടങ്ങളിലും അദ്ദേഹത്തെ വ്യക്തിഹത്യ ചെയ്തവർ, അദ്ദേഹത്തിന്റെ കുടുംബത്തെ സഭയിലേയ്ക്കും വിവാദങ്ങളിലേയ്ക്കും വലിച്ചിഴച്ചവർ, രണ്ട് പെൺകുട്ടികളുടെ അച്ഛനെ ഇല്ലാക്കഥകളുടെ പേരിൽ ക്രൂരമായി വേട്ടയാടിയവർ, ശ്രീ. പി. സി. ജോർജിനെപ്പോലുള്ള ഒരു പൊളിറ്റിക്കൽ വേസ്റ്റിന്റെ വാക്ക് കേട്ട് ഉമ്മൻ

ചാണ്ടി എന്ന പൊതുപ്രവർത്തകനെ ആക്ഷേപിച്ചവരും പരിഹസിച്ചവരും ഈ സഭാനടുത്തളംപോലും അതിനുവേണ്ടി ഉപയോഗിച്ചവരും ഇതിന് മറുപടിയായി കേരളത്തിന്റെ പൊതുസമൂഹത്തോട് പറയാൻ പോകുന്നത് എന്താണ്? ഉമ്മൻ ചാണ്ടി സാർ നിങ്ങളോട് ക്ഷമിച്ചാലും കേരളത്തിലെ പൊതുസമൂഹം നിങ്ങൾക്ക് മാപ്പ് തരില്ലെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. 'പച്ചക്കള്ളമാണെന്നറിഞ്ഞിട്ടും അന്നത്തെ വൈരാഗ്യത്തിന്റെ പേരിൽ ഞാനും എന്നെക്കൊണ്ടാകുന്നത് പറഞ്ഞു' എന്നാണ് പറയുന്നത്. ഇതുപോലെയുള്ള അധിക്ഷേപവും ആക്ഷേപവും നേരിടേണ്ടിയിരുന്ന ആളാണോ അദ്ദേഹം? പരാതിക്കാരിയെ സ്വാധീനിക്കാൻവേണ്ടി പലതരത്തിലുള്ള ഇടപെടലുകൾ നടക്കുന്നുവെന്നും പറ്റിക്കാൻവേണ്ടി പണം വാഗ്ദാനം ചെയ്യപ്പെട്ടുവെന്നും ഇന്ത്യ ടുഡേയിൽ കവർ സ്റ്റോറി കൊടുത്തു. അതൊന്നും ആരും മുഖവിലയ്ക്കെടുത്തില്ല. പകരം അദ്ദേഹത്തെ ആക്ഷേപിക്കാനുള്ള ഒരവസരം മാത്രമായി അത് മാറി. ഇതിലും പ്രധാനപ്പെട്ട ഒരു കാര്യം നന്ദകുമാറിനെ സംബന്ധിച്ച് പറഞ്ഞു. നന്ദകുമാർ കൊടുത്ത മൊഴിയിലും സി.ബി.ഐ. റിപ്പോർട്ടിലെ ഫൈൻഡിംഗ്സിൽ പറയുന്നതുമായ

പ്രധാനപ്പെട്ട ഒരു കാര്യംകൂടി ഈ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. Mr. Nandakumar stated that, he handed over this letter and involved in this case only because of the pressure from CPI(M) leaders, as broadcasting of this letter will help LDF. സി.ബി.ഐ.-യുടെ അന്വേഷണ റിപ്പോർട്ടിൽ പറയുന്നത്, ഈ കേസിൽ ഇടപെട്ടതും കത്ത് കൈമാറിയതും സി.പി.ഐ.(എം) നേതാക്കന്മാരുടെ സമ്മർദ്ദത്തിന്റെ പേരിലാണെന്നും അങ്ങനെയൊരു കത്ത് പുറത്തുവന്ന് ഉമ്മൻ ചാണ്ടി സാറിനെതിരെ ഇത്തരമൊരു ആരോപണമുണ്ടായാൽ അതിന്റെ ഗുണം എൽ.ഡി.എഫ്.-ന് കിട്ടുമെന്ന് ഉറപ്പുള്ളതുകൊണ്ടാണെന്നും നന്ദകുമാർ പറഞ്ഞുവെന്നാണ്. ആ നന്ദകുമാറിനെ അധികാരമേറ്റ് മൂന്ന് ദിവസത്തിനകം സ്വന്തം ഓഫീസിലേയ്ക്ക് വിളിച്ചുകയറ്റുമ്പോൾ, ഈ തട്ടിപ്പുകാരിയെ കരുതുമ്പോൾ, പരാതി എഴുതിവാങ്ങുമ്പോൾ അങ്ങ് 2016-ൽ ആദ്യമായി മുഖ്യമന്ത്രി പദവിയിലിരുന്നത് സരിത എസ്. നായർ എന്ന തട്ടിപ്പുകാരിയായ പരാതിക്കാരിയുടെ സ്പോൺസർഷിപ്പിലാണെന്നാണോ നമ്മൾ മനസ്സിലാക്കേണ്ടത്? ഇത് റിപ്പോർട്ടിൽ പറയുന്നതാണ്, ഞങ്ങൾ പറഞ്ഞ്

പ്രചരിപ്പിക്കുന്ന കഥകളല്ല. റിപ്പോർട്ടിൽ പറയുന്ന കാര്യങ്ങൾ നോക്കുമ്പോൾ ഇതൊരു ക്രിമിനൽ ഗൂഢാലോചനയാണ്. ഒരു സർക്കാരിനെ താഴെയിറക്കാൻ, കേരളത്തിലെ ജനങ്ങൾ മുഴുവൻ സ്വീകരിച്ച ഒരു ജനപ്രതിനിധിയെ അപമാനിക്കാൻ, ഒരു നേതാവിനെ ഇല്ലായ്മ ചെയ്യാൻ നടത്തിയ criminal conspiracy-യാണ് ഇതിലുള്ളത്. രാഷ്ട്രീയമായി സി.പി.ഐ.(എം) കേരളത്തിലെ ജനങ്ങൾക്കുമുന്നിൽ മാപ്പ് പറയണം. കാരണം, അത്തരമൊരു ആരോപണം ഇനി നിലനിൽക്കുകയില്ല, അതിലൊരു അടിസ്ഥാനവുമില്ല. ഫൈൻഡിംസിന്റെ അവസാനത്തെ പേജിൽ സി.ബി.ഐ. പറയുന്നത് സാഹചര്യ തെളിവുകൾ മാത്രമല്ല, there is no direct or circumstantial evidence to establish any allegation against Oommen Chandy എന്നാണ്.

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്

ശ്രീ. ഷാഫി പറമ്പിൽ: സർ, ആരോപണങ്ങളൊന്നും നിലനിൽക്കുന്നതല്ലെന്ന് പറയുമ്പോൾ അതിന്റെ പേരിൽ വേട്ടയാടപ്പെട്ട ആ മനുഷ്യനോട് പൊതുസമൂഹത്തിനുമുന്നിൽ മാപ്പ് പറയണം.

ഇതിലെ ക്രിമിനൽ ഗൂഢാലോചനയ്ക്കുപിന്നിൽ പ്രവർത്തിച്ചവരെ പുറത്തുകൊണ്ടുവരണം. ഈ റിപ്പോർട്ട് ഞങ്ങൾ കൊണ്ടുവന്നതല്ല.

മി. സ്പീക്കർ: സമയം കഴിഞ്ഞു. പ്ലീസ്.... ഇന്ന് രണ്ട് മണിക്കൂർ ചർച്ചയുണ്ട്.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ അവസാനിപ്പിക്കാം. 32 തവണ ഒരു കേസ് മാറ്റിവയ്ക്കാനുള്ള രാഷ്ട്രീയ തന്ത്രവും ബന്ധവും ഞങ്ങൾക്ക് കേന്ദ്രത്തിലില്ല. ഇത് ഞങ്ങൾ മാനിപ്പുലേറ്റ് ചെയ്തതല്ല. (.....മൈക്ക് ഓഫ്.......)

ഡോ. കെ. ടി. ജലീൽ: സർ, ദേവഗൗഡ സർക്കാരിനെതിരായ അവിശ്വാസപ്രമേയ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പ്രതിപക്ഷ നിരയിലുണ്ടായിരുന്ന ജസ്വന്ത് സിംഗ് പറഞ്ഞ വാക്കുകളാണ് ഈ സന്ദർഭത്തിൽ എന്റെ സ്മൃതിപഥങ്ങളിൽ തെളിഞ്ഞുവരുന്നത്. “Mr. Prime Minister, we are your political opponents, not your enemies. Your enemies are sitting on your side”എന്നാണ് അദ്ദേഹം പറഞ്ഞത്. എന്നുപറഞ്ഞാൽ, "പ്രധാനമന്ത്രീ, ഞങ്ങൾ അങ്ങയുടെ രാഷ്ട്രീയ എതിരാളികളാണ്, പക്ഷേ ശത്രുക്കളല്ല. അങ്ങയുടെ രാഷ്ട്രീയ ശത്രുക്കൾ അങ്ങയുടെ കൂടെയാണ്

ഇരിക്കുന്നത്" എന്നാണ്. ഈ സഭയിലെ നവാഗതനും ബഹുമാന്യനായ മുൻമുഖ്യമന്ത്രിയും നമ്മുടെയെല്ലാം പ്രിയങ്കരനുമായിരുന്ന ഉമ്മൻ ചാണ്ടി സാറിന്റെ മകനുമായ ശ്രീ. ചാണ്ടി ഉമ്മനോട് ഈ വാക്കുകൾ കടമെടുത്തുകൊണ്ട് ഞാൻ പറയട്ടെ, Mr. Chandy Oommen, we are your political opponents, not your enemies; your enemies are sitting on your side. ........(ബഹളം)......

മി. സ്പീക്കർ: പ്രതിപക്ഷം സംസാരിക്കുമ്പോൾ ഭരണപക്ഷത്തുനിന്നും ബഹളമുണ്ടാക്കുന്നില്ലല്ലോ?

ഡോ. കെ. ടി. ജലീൽ: സർ, കേരള രാഷ്ട്രീയത്തെ പിടിച്ചുകുലുക്കിയ പല വിവാദങ്ങളുടെയും അടിവേരുകൾ ചികഞ്ഞാൽ നാം എത്തുന്നത് കോൺഗ്രസ് ഗ്രൂപ്പ് വഴക്കിലാണ്. കെ. കരുണാകരന്റെ മുഖ്യമന്ത്രി പദവി തെറിപ്പിക്കാനാണ് ഐ.എസ്.ആർ.ഒ. ചാരക്കേസ് കോൺഗ്രസ്സുകാർ ഉണ്ടാക്കിയത്. മുൻ കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. കെ. മുരളീധരനാണ് ഇങ്ങനെ പറഞ്ഞതെന്ന കാര്യം സാന്ദർഭികമായി ഞാൻ ഓർക്കുന്നു. ശ്രീ. നമ്പി നാരായണനുൾപ്പെടെ നിരവധി നിരപരാധികൾ ആ

ഗൂഢാലോചനയിൽ ക്രൂരമായി പീഡിപ്പിക്കപ്പെട്ടത് പരസ്യമായ രഹസ്യമാണ്. കോൺഗ്രസ്സിന്റെ പിളർപ്പിലേയ്ക്കും ഡി.ഐ.സി. എന്ന പാർട്ടിയുടെ പിറവിയിലേയ്ക്കും ആ വിവാദം നയിച്ചു. അതിനുശേഷം കോൺഗ്രസ്സുകാർ ഉയർത്തിക്കൊണ്ടുവന്ന മറ്റൊരു പ്രമാദമായ വിവാദമാണ് സോളാർ കേസ്. സോളാറിന്റെ ശില്പികളും പിതാക്കന്മാരും ഇടതുപക്ഷക്കാരാണോ; കോൺഗ്രസുകാരല്ലേ? സോളാർ രക്തത്തിൽ ഇടതുപക്ഷത്തിന് എന്ത് പങ്കാണുള്ളത്; രക്തപങ്കിലമായ കരങ്ങൾ മുഴുവൻ അപ്പുറത്തല്ലേ? ഒരാളെ വ്യക്തിഹത്യ നടത്തി രാഷ്ട്രീയത്തിൽനിന്നും നിഷ്കാസിതമാക്കുന്ന രീതിയോട് ഒരിക്കലും യോജിക്കാത്തവരാണ് ഇടതുപക്ഷം. അത്തരം സമീപനങ്ങളെ നിശിതമായി എതിർക്കുന്നയാളാണ് കേരളത്തിന്റെ ഇപ്പോഴത്തെ മുഖ്യമന്ത്രി സഖാവ് പിണറായി വിജയൻ. ഞാൻ 2006-ൽ ആദ്യമായി നിയമസഭയിലെത്തിയ ദിവസം വൈകുന്നേരം സഭവിട്ട് ചെന്നപ്പോൾ റൂമിൽ ഒരു വാറോല കിടപ്പുണ്ടായിരുന്നു. അന്നത്തെ സഭയിലെ മുഴുവൻ അംഗങ്ങളുടെയും റൂമിൽ അതുണ്ടായിരുന്നു. അത് കേരളത്തിലെ പ്രമുഖനായ ഒരു രാഷ്ട്രീയനേതാവിന്റെ കുടുംബത്തെ അവഹേളിക്കാൻ ലക്ഷ്യം

വച്ചുള്ളതായിരുന്നു. അന്ന് വൈകുന്നേരം മറ്റൊരു ആവശ്യത്തിനായി എ.കെ.ജി. സെന്ററിൽ പോയി അന്നത്തെ പാർട്ടി സെക്രട്ടറിയായിരുന്ന സഖാവ് പിണറായി വിജയനെ ഞാൻ കാണുകയുണ്ടായി. ഞങ്ങളുടെ സംഭാഷണം നടന്നുകൊണ്ടിരിക്കെ അദ്ദേഹത്തിന് ഒരു ഫോൺ കോൾ വന്നു. അദ്ദേഹമത് ശ്രദ്ധിച്ചുകേട്ടതിനുശേഷം വളരെ ദേഷ്യത്തോടുകൂടി 'അതിനുള്ളതല്ല കൈരളി' എന്നുപറഞ്ഞ് ഫോൺ കട്ട് ചെയ്തു. ഞങ്ങൾക്കെല്ലാം റൂമിൽ കിട്ടിയ വാറോലയുമായി ബന്ധപ്പെട്ടായിരിക്കണം സഖാവ് പിണറായി വിജയനെ ആരോ വിളിച്ചതെന്ന് അന്ന് ഞാൻ ന്യായമായും സംശയിച്ചു. ഈ വിവാദങ്ങളിലെല്ലാം ഇടതുപക്ഷത്തിന്റെ മാധ്യമങ്ങളായ ദേശാഭിമാനി, കൈരളി, ജനയുഗം ഉൾപ്പെടെയുള്ള പത്രങ്ങളും ഇടതുപക്ഷനേതാക്കളും സ്വീകരിച്ച സമീപനമെന്താണെന്നുള്ളത് നിഷ്പക്ഷമായി നിങ്ങൾ ആലോചനയ്ക്ക് വിധേയമാക്കണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്. ജയിലിൽനിന്നും സരിത എസ്. നായർ എഴുതിയെന്ന് പറയപ്പെടുന്ന കത്ത് പുറത്തുവന്നല്ലോ; ആരാണ് ആ കത്ത് കേരളത്തിൽ പ്രസിദ്ധീകരിച്ചത്? ദേശാഭിമാനിയോ ജനയുഗമോ കൈരളി

ടി.വി.-യോ അല്ലല്ലോ അത് പുറത്തുവിട്ടത്; ഏഷ്യാനെറ്റ് അല്ലേ? ഏഷ്യാനെറ്റ് പണം കൊടുത്താണ് ആ കത്ത് വാങ്ങിയതെന്ന് ഇന്ന് റിപ്പോർട്ട് ചെയ്യുന്നത് മറ്റൊരു പ്രമുഖ മാധ്യമം തന്നെയല്ലേ? എവിടെയെങ്കിലും ഏതെങ്കിലുമൊരു സന്ദർഭത്തിൽ ഇടതുപക്ഷ മാധ്യമങ്ങളോ ഇടതുപക്ഷ നേതാക്കളോ സോളാർ കേസുമായി ബന്ധപ്പെട്ട് ഉമ്മൻ ചാണ്ടിയെ പ്രതിസ്ഥാനത്ത് നിർത്തി വ്യക്തിഹത്യ നടത്താനുള്ള നീക്കത്തിന് നേതൃത്വം നൽകിയിട്ടുണ്ടോ? തന്നെയും തന്റെ കുടുംബത്തെയും അപകീർത്തിപ്പെടുത്തിയതിന് ഉമ്മൻ ചാണ്ടിയും ശ്രീ. ചാണ്ടി ഉമ്മനും  കേസ് കൊടുത്തത് കൈരളിക്കോ ദേശാഭിമാനിക്കോ എതിരായിട്ടാണോ? ഏഷ്യാനെറ്റിന് എതിരായിട്ടാണ് ഉമ്മൻ ചാണ്ടി സാർ കേസ് കൊടുത്തത്. മറുനാടന് എതിരായിട്ടാണ് ശ്രീ. ചാണ്ടി ഉമ്മൻ കേസ് കൊടുത്തത്. ഇടതുപക്ഷ പ്രസിദ്ധീകരണങ്ങൾക്കെതിരായി ആരെങ്കിലും കേസ് കൊടുത്തോ; പ്രതിപക്ഷനേതാവ് കൊടുത്തോ? ഭരണപക്ഷത്തുള്ള ഏതെങ്കിലുമൊരു നേതാവ് ആ കേസിൽ അനധികൃതമായി ഇടപെട്ടുവെന്ന് നിങ്ങൾക്ക് പറയാൻ കഴിയുമോ? ബഹുമാനപ്പെട്ട  ഷാഫി പറമ്പിൽ സി.ബി.ഐ.-യുടെ

റിപ്പോർട്ടിനെക്കുറിച്ച് പറഞ്ഞല്ലോ, അതിൽ എവിടെയെങ്കിലും ഇടതുപക്ഷ സർക്കാരിന്റെ പങ്കാളിത്തത്തെക്കുറിച്ച് പറയുന്നുണ്ടോ; ഉണ്ടെങ്കിൽ ആ വാചകങ്ങൾ ഉദ്ധരിക്കു. ഞങ്ങൾക്ക് അറിയാൻ വേണ്ടിയാണ് ചോദിക്കുന്നത്. ആരാണ് ഈ കേസ് കൊണ്ടുവന്നത്? സി.ബി.ഐ.-യുടെ റിപ്പോർട്ടിൽ സർക്കാരിനെതിരായി, മുഖ്യമന്ത്രിക്കെതിരായി, ഏതെങ്കിലും മന്ത്രിമാർക്കെതിരായി എന്തെങ്കിലും രേഖയുണ്ടെന്ന് പറയാൻ നിങ്ങൾക്ക് ആർക്കെങ്കിലും കഴിയുമോ? സോളാർ കേസിൽ പരാതി കൊടുത്ത ശ്രീധരൻ നായർ സി.പി.ഐ.(എം)-ന്റെയോ സി.പി.ഐ.-യുടെയോ മെമ്പറാണോ; ഇടതുപക്ഷത്തുള്ള ഏതെങ്കിലുമൊരു കക്ഷിയിലെ അംഗമാണോ? അദ്ദേഹം കേസ് കൊടുക്കുന്ന സമയത്ത് കെ.പി.സി.സി. മെമ്പറായിരുന്നുവെന്ന സത്യം നിങ്ങൾക്ക് അറിയില്ലേ; നിങ്ങളത് മറച്ചുവയ്ക്കുകയല്ലേ ചെയ്യുന്നത്? ഞാൻ ആ കേസിന്റെ നാൾവഴികൾ വായിക്കാം. 2013 ജൂൺ 3-ാം തീയതി സോളാർ തട്ടിപ്പുകേസിൽ സരിത എസ്. നായർ അറസ്റ്റിലായി. ആരാണ് അറസ്റ്റ് ചെയ്തത്; ഒന്നാം പിണറായി സർക്കാരോ ഇടതുപക്ഷ സർക്കാരോ ആണോ? യു.ഡി.എഫ്. സർക്കാരാണ് സോളാർ തട്ടിപ്പ് കേസിൽ സരിത എസ്.

നായരെ അറസ്റ്റ് ചെയ്തത്.  2013 ജൂൺ 14-ാം തീയതി സോളാർ തട്ടിപ്പിൽ ആരോപണവിധേയരായ മുഖ്യമന്ത്രിയുടെ പി.എ. ടെനി ജോപ്പനെയും ഗൺമാൻ സലീം രാജിനെയും തൽസ്ഥാനങ്ങളിൽനിന്നും നീക്കി. ശ്രീ. പിണറായി വിജയനോ ഇടതുപക്ഷ സർക്കാരോ ആണോ നീക്കിയത്? ഒന്നുമില്ലെന്നുപറയുന്ന നിങ്ങളല്ലേ ആ രണ്ടുപേരെയും തൽസ്ഥാനങ്ങളിൽനിന്നും നീക്കിയത്? 2013 ജൂൺ 26-ാം തീയതി ആരോപണവിധേയനായ മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് അംഗം ജിക്കുമോൻ ജേക്കബ് സ്ഥാനം രാജി വച്ചു. ശ്രീ. പിണറായി വിജയന്റെ ഓഫീസിൽ നിന്നല്ല അന്നത്തെ മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നാണ് രാജി വച്ചത്. 2013 ആഗസ്റ്റ് മാസം 12-ാം തീയതി ഉമ്മൻ ചാണ്ടിയുടെ രാജി ആവശ്യപ്പെട്ട് എൽ.ഡി.എഫ്. സെക്രട്ടേറിയറ്റ് സമരം നടത്തി. അത് ശരിയാണ്. കാരണം, ഇത്രയും കാര്യങ്ങൾ ഒരു സംഭവവുമായി ബന്ധപ്പെട്ടുണ്ടായ പശ്ചാത്തലത്തിൽ പ്രതിപക്ഷധർമ്മം പ്രതിപക്ഷ കക്ഷികളെന്നുള്ള നിലയിൽ ഇടതുപക്ഷ മുന്നണി നിർവ്വഹിച്ചു.  2013 ആഗസ്റ്റ് 13-ാംതീയതി മുഖ്യമന്ത്രി ജുഡീഷ്യൽ അന്വേഷണം

പ്രഖ്യാപിച്ചതിനുശേഷമാണ് എൽ.ഡി.എഫ്. അനിശ്ചിതകാല ഉപരോധ സമരം പിൻവലിച്ചത്. 2013 സെപ്റ്റംബർ 10-ാം തീയതി സലീം രാജിനെ അറസ്റ്റ് ചെയ്തു. അന്നത്തെ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ ഏറ്റവും അടുത്ത ആളായിരുന്ന സലീം രാജിനെ അറസ്റ്റ് ചെയ്തത് ശ്രീ. പിണറായി വിജയന്റെ പോലീസല്ല, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ പോലീസാണ്. ശിവരാജൻ കമ്മീഷനെ നിയോഗിച്ചതും റിപ്പോർട്ടിൽ പറഞ്ഞ കാര്യങ്ങൾ നാട്ടിൽ പാട്ടാക്കിയതും നിങ്ങളല്ലേ? ഇടതുപക്ഷ നേതാക്കന്മാർക്കോ ഇടതുപക്ഷ പ്രവർത്തകർക്കോ അതിൽ യാതൊരു പങ്കുമില്ല. എന്നിട്ട് ശിവരാജൻ കമ്മീഷന്റെ കാലാവധി 6 മാസത്തേയ്ക്ക് നീട്ടിക്കൊടുക്കാൻ 2014 ഏപ്രിൽ 28-ാം തീയതി നിങ്ങൾ തീരുമാനിച്ചു. 2015 ഒക്ടോബർ മാസം 13-ാം തീയതി സോളാർ കമ്മീഷന്റെ കാലാവധി 2016 ഏപ്രിൽ വരെ വീണ്ടും നിങ്ങൾ നീട്ടിക്കൊടുത്തില്ലേ? ആ കമ്മീഷൻ റിപ്പോർട്ടിനെ ആധാരമാക്കിയാണ് ഇവിടെ കാര്യങ്ങൾ ചർച്ച ചെയ്യപ്പെട്ടത്. ഈ രക്തത്തിൽ ഞങ്ങൾക്ക് പങ്കില്ല.

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്....കൺക്ലൂഡ്......

ഡോ. കെ. ടി. ജലീൽ: സർ, ഈ രക്തത്തിൽ നിങ്ങൾക്കാണ് പങ്ക്. ഗ്രൂപ്പിസത്തെത്തുടർന്ന് ആളുകളെ രാഷ്ട്രീയ ഉന്മൂലനം ചെയ്യാൻവേണ്ടി, മരിച്ചാൽപ്പോലും നിങ്ങൾ അവരെ വിടില്ല എന്നുള്ളതിന്റെ തെളിവാണ് ഇന്നിവിടെ കൊണ്ടുവന്ന അടിയന്തരപ്രമേയം. ........(മൈക്ക് ഓഫ്).......

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ ബഹുമാനപ്പെട്ട അംഗം ഡോ. കെ. ടി. ജലീലിന്റെ പ്രസംഗത്തിന് നന്ദി പറയുകയാണ്. ഉമ്മൻ ചാണ്ടിയോട് ചെയ്തത് തെറ്റായിപ്പോയെന്ന് ഭംഗ്യന്തരേണ അദ്ദേഹം സമ്മതിക്കുകയായിരുന്നു. നിങ്ങളുടെ പ്രസംഗം കേട്ടപ്പോൾ ഓർമ്മ വന്നത് നിങ്ങൾ ബഹുമാനപ്പെട്ട ആർ. ബാലകൃഷ്ണ പിള്ളയെ ജയിലിൽ അടച്ച കാര്യമാണ്. നിങ്ങളതിൽ അഭിമാനം കൊണ്ടവരാണ്. നിങ്ങൾ അദ്ദേഹത്തെ ജയിൽ വിമുക്തനാക്കിയ ഉമ്മൻ ചാണ്ടിയെ കുറ്റം പറഞ്ഞു. എന്നാൽ പിന്നീട് ആർ. ബാലകൃഷ്ണ പിള്ളയെ വെടക്കാക്കി നിങ്ങളുടെ കൂടെയാക്കാനും നിങ്ങൾക്ക് സാധിച്ചു. അതുപോലെ മാണി സാറിനെ വെടക്കാക്കിയതാരാണെന്നും എല്ലാവർക്കും അറിയാം. മാണി സാറിന്റെ കേസ് ഞാനിവിടെ വിശദീകരിക്കുന്നില്ല. ഉമ്മൻ ചാണ്ടിക്ക് കേരളീയ

പൊതുസമൂഹം, ലോകമലയാളികൾ നൽകിയ മരണാനന്തര ബഹുമതികൾ നമ്മൾ ഇന്നും കണ്ടുകൊണ്ടിരിക്കുകയാണ്. കണ്ണീരിൽ ചാലിച്ച, കൃതജ്ഞതയിൽ ലയിപ്പിച്ച അദ്ദേഹത്തിന്റെ യാത്രയയപ്പ് നമ്മളെല്ലാവരും കണ്ടു. അതൊരു ചരിത്ര സംഭവമാണ്. അതിനുശേഷം നടന്ന പുതുപ്പള്ളിയിലെ തെരഞ്ഞെടുപ്പ് ഫലം ഉമ്മൻ ചാണ്ടിയോടുള്ള സ്നേഹത്തിന്റെയും നന്ദിയുടെയും പ്രകടനം കൂടിയായിരുന്നു. സർക്കാരിന്റെ വിലയിരുത്തൽ കൂടിയായിരിക്കും പുതുപ്പള്ളി തെരഞ്ഞെടുപ്പ് ഫലമെന്ന് പറയാൻ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ നിർബന്ധിതനായി. സർക്കാരിനെ വിലയിരുത്തി പുതുപ്പള്ളിയിലെ ആളുകൾ മുപ്പത്തിയേഴായിരത്തിലധികം വോട്ടുകളുടെ ഭൂരിപക്ഷത്തിൽ ശ്രീ. ചാണ്ടി ഉമ്മനെ വിജയിപ്പിച്ചു. അതിന്റെ തുടർച്ചയിട്ടാണ് സി.ബി.ഐ. റിപ്പോർട്ട് വന്നത്. എങ്ങനെയാണ് സി.ബി.ഐ. അന്വേഷണം വന്നത്? ബഹുമാന്യനായ മുഖ്യമന്ത്രി അപ്പുറത്തിരിക്കുന്നുണ്ടല്ലോ; വേങ്ങര ഉപതെരഞ്ഞെടുപ്പിന്റെ പോളിംഗ് ആരംഭിച്ച അന്ന് രാവിലെ 8 മണിക്കാണ് അദ്ദേഹം വാർത്താമാധ്യമങ്ങളിൽ സോളാർ കേസിൽ ശ്രീമതി സരിത

എസ്. നായരുടെ പരാതി സി.ബി.ഐ. അന്വേഷണത്തിനുവിടാൻ തീരുമാനിച്ചുവെന്ന് അറിയിക്കുന്നത്. രാഷ്ട്രീയ ദുഷ്ടലാക്കോടെയാണത് ചെയ്തത്. അത് എന്ത് സാഹചര്യത്തിലാണെന്ന് ഡോ. കെ. ടി. ജലീൽ മനസ്സിലാക്കണം. മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത് മൂന്ന് ദിവസത്തിനകം അദ്ദേഹത്തെ സന്ദർശിച്ച സരിത എസ്. നായരിൽനിന്ന് എഴുതി വാങ്ങിയ പരാതി അദ്ദേഹം ക്രൈംബ്രാഞ്ചിന് അന്വേഷിക്കാൻ കൊടുത്തു. മുഖ്യമന്ത്രിക്ക് സ്വാധീനമുള്ള ക്രൈംബ്രാഞ്ച് അന്വേഷിച്ച ഈ കേസ് തെളിവില്ലെന്നുപറഞ്ഞ് എഴുതിത്തള്ളി. മുൻ മുഖ്യമന്ത്രിയായിരുന്ന ഉമ്മൻ ചാണ്ടിയെ വീണ്ടും രാഷ്ട്രീയമായി പീഡിപ്പിക്കണമെന്ന ദുഷ്ടലാക്കോടെതന്നെയാണ് ക്രൈംബ്രാഞ്ച് എഴുതിത്തള്ളിയ കേസ് പിന്നീട് സി.ബി.ഐ. അന്വേഷണത്തിന് വിട്ടത്. സി.ബി.ഐ.-യോട് ഇടതുപക്ഷത്തിന്റെ നിലപാടെന്താണ്? സ്വർണ്ണ കള്ളക്കടത്തുകേസും കോടികൾ നഷ്ടപ്പെടുത്തിയ ലൈഫ് മിഷൻ തട്ടിപ്പുകേസും സി.ബി.ഐ. അന്വേഷിക്കുന്നതിന് സർക്കാരും മാർക്സിസ്റ്റ് പാർട്ടിയും എതിരാണ്. എന്നാൽ കേരള പോലീസ് അന്വേഷിച്ച് റഫർ ചെയ്ത ഉമ്മൻ

ചാണ്ടിക്കെതിരെയുള്ള കേസ് സി.ബി.ഐ. തന്നെ അന്വേഷിക്കണമെന്നത് അവരുടെ നിർബന്ധബുദ്ധിയായിരുന്നു. സി.ബി.ഐ.-യ്ക്ക് മുമ്പിൽ ഹാജരാക്കിയ തെളിവുകളെക്കുറിച്ചാണ് ശ്രീ. ഷാഫി പറമ്പിൽ വിസ്തരിച്ച് പറഞ്ഞത്. ശ്രീ. ഷാഫി പറമ്പിൽ പ്രസംഗിച്ചുകഴിഞ്ഞ് എന്റെ പ്രസംഗം ആവശ്യമില്ല, ആ സമയംകൂടി അദ്ദേഹത്തിന് കൊടുത്താൽ മതിയായിരുന്നുവെന്ന് ഞാൻ ശ്രീ. പി. സി. വിഷ്ണുനാഥിനോട് പറയുകയായിരുന്നു. കാരണം, അത്രയേറെ സുന്ദരമായും വിശദമായും അദ്ദേഹം കാര്യങ്ങൾ വിശദീകരിച്ചിട്ടുണ്ട്. അതിന്റെ മറുപടി എന്താണ്? സത്യത്തിൽ ഒരു കുറ്റസമ്മതമാണ് മറുപടിയിൽ കാണേണ്ടത്. യശഃശരീരനായ ഉമ്മൻ ചാണ്ടിക്കെതിരെ വ്യാജ പരാതികളും തെളിവുകളും നൽകി സി.ബി.ഐ.-യെക്കൊണ്ട് കേസെടുപ്പിച്ചത് തെറ്റായിരുന്നുവെന്ന് പറയണം. ഉമ്മൻ ചാണ്ടി ജീവിച്ചിരിക്കുമ്പോൾത്തന്നെ അന്വേഷണ റിപ്പോർട്ട് വന്നിട്ടുണ്ട്. അതിലെ ചില പ്രസക്ത ഭാഗങ്ങൾ മാത്രമാണ് ശ്രീ. ഷാഫി പറമ്പിൽ ഇവിടെ വായിച്ചത്. ആ അന്വേഷണ റിപ്പോർട്ടിനെതിരെ പരാതിക്കാരി കൊടുത്ത റിവ്യൂ ഹർജിയും പ്രൊട്ടസ്റ്റ് ഹർജിയും കോടതി

ഇപ്പോൾ തള്ളിയിരിക്കുന്നു. ഇതിനെയൊന്നും ന്യായീകരിക്കാനും കുറ്റസമ്മതം അംഗീകരിക്കാനും കഴിയാതെ ഡോ. കെ. ടി. ജലീൽ പറഞ്ഞത് മല്ലേലി ശ്രീധരൻ നായരാണ് സോളാർ കേസിന്റെ തുടക്കക്കാരനെന്നാണ്. പത്തനംതിട്ട കോടതിയിൽ ശ്രീധരൻ നായർ സരിത എസ്. നായർക്കും മറ്റൊരാൾക്കുമെതിരെ കൊടുത്തത് ഒരു പ്രൈവറ്റ് കംപ്ലെയിന്റാണ്. അതിൽ ഉമ്മൻ ചാണ്ടി ഒരു സാക്ഷി പോലുമായിരുന്നില്ല. വി.എസ്. സർക്കാരിന്റെ കാലത്തും കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോഴും പരാതി വന്നിരുന്നു. അന്ന് അന്വേഷിച്ചിട്ട് ഇത് സിവിൽ നേച്ചറാണ്, ക്രിമിനൽ കേസല്ല എന്നുപറഞ്ഞ് തള്ളി. എന്നാൽ ഉമ്മൻ ചാണ്ടിയുടെ പോലീസ് പത്തുമുപ്പതോളം കേസുകൾ രജിസ്റ്റർ ചെയ്യുകയും ഐ.പി.സി. 420 പ്രകാരം ചീറ്റിംഗ് ഉൾപ്പെടെയുള്ള കേസുകൾ അന്വേഷിച്ച് ചാർജ് ഷീറ്റ് നൽകി പ്രതികളെ അറസ്റ്റ് ചെയ്ത് ശിക്ഷ വാങ്ങിക്കൊടുത്തു. കൊലക്കേസ് ഉൾപ്പെടെ അതിലുണ്ട്. ബിജു രാധാകൃഷ്ണന്റെ ഭാര്യ കൊല ചെയ്യപ്പെട്ടതുമായി ബന്ധപ്പെട്ട് വി.എസ്. ഭരണകാലത്ത് അന്വേഷണം നടത്തുകയും ആത്മഹത്യയാണെന്ന്

എഴുതിത്തള്ളുകയും ചെയ്തു. ആ കേസും ഉമ്മൻ ചാണ്ടി സർക്കാർ അധികാരത്തിൽ വന്നപ്പോൾ പരാതി ലഭിച്ചതിനെത്തുടർന്ന് പുനരന്വേഷണത്തിന് ഉത്തരവിട്ടു. ആ അന്വേഷണത്തിൽ ബിജു രാധാകൃഷ്ണൻ ഭാര്യയെ കൊലപ്പെടുത്തിയതാണെന്ന് തെളിയുകയും അദ്ദേഹത്തിന് ജയിൽ ശിക്ഷ ലഭിക്കുകയും ചെയ്തു. ഇതൊക്കെയാകാം വിരോധം. അതുകൊണ്ട് രാഷ്ട്രീയ നേതൃത്വത്തിനെതിരെ പരാതി പറഞ്ഞാൽ കഴമ്പില്ലെന്ന് കണ്ടുകൊണ്ട് ചില നേതാക്കന്മാരെ അവർ കൂടെക്കൂട്ടുന്നുവെന്നുള്ളത് നമുക്കെല്ലാവർക്കുമറിയാം. സി.ബി.ഐ. റിപ്പോർട്ടിന്റെ 48-ാമത്തെ പാരാഗ്രാഫിൽ പറയുന്നത്, “Statement of Shri Manoj Kumar revealed that after the arrest of the Complainant, Shri K. B. Ganeshkumar told him that he had relation with the complainant and she may tell his name and asked to prevent this at any cost.”എന്നാണ്. പരാതിക്കാരിയെ അറസ്റ്റ് ചെയ്തതിനുശേഷം ശ്രീ. കെ. ബി. ഗണേഷ് കുമാർ പറയുന്നു, "എനിക്ക് പരാതിക്കാരിയുമായി ബന്ധമുണ്ടായിരുന്നു, അവൾ എന്റെ പേര് ചിലപ്പോൾ പറഞ്ഞേക്കും, അതുകൊണ്ട് അത് എങ്ങനെയും

തടയണം" എന്നാണ്. അതല്ലേ യാഥാർത്ഥ്യം? അതുകൊണ്ട് വാദിയെ പ്രതിയാക്കി, നിരപരാധിയായ ഉമ്മൻചാണ്ടിയെ ക്രൂശിച്ചതിന് മാപ്പ് പറയാനുള്ള ഒരു സാമാന്യ മര്യാദ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഇത്തരത്തിലുള്ള ഗൂഢാലോചനകൾക്കും കള്ളത്തരങ്ങൾക്കും കൂട്ടുനിന്നവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. പി. ബാലചന്ദ്രൻ: സർ, ഇന്ന് ശ്രീ. ചാണ്ടി ഉമ്മൻ പുതുപ്പള്ളിയുടെ അനുഗ്രഹം വാങ്ങി കേരള നിയമസഭയിലേയ്ക്ക് വലതുകാൽ വച്ച് വന്ന ദിവസമാണ്. അദ്ദേഹത്തിന്റെ പിതാവിനെക്കുറിച്ച് കേരളത്തിലെ വാർത്താമാധ്യമങ്ങളും 'അമ്പു കൊള്ളാത്തവരില്ല കുരുക്കളിൽ' എന്നുപറയാവുന്ന വിധത്തിൽ പടലപിണക്കങ്ങളുടെ പേരിൽ അദ്ദേഹത്തെ വേറിട്ട് വേറിട്ട് ആക്രമിച്ചവരും ഇരിക്കുന്ന നിയമസഭയ്ക്കകത്ത് ഈ ദിവസംതന്നെ വേണമായിരുന്നോ ഈ നാടകം? ഇത് അത്യന്തം മോശമായിപ്പോയി. നാലുദിവസം സഭയുണ്ടല്ലോ; അല്ലെങ്കിൽ ഇതിനുമുമ്പ് എത്ര ദിവസം സഭയുണ്ടായിരുന്നു; ആ ദിവസങ്ങൾ ഇതിനുവേണ്ടി

തെരഞ്ഞെടുക്കാമായിരുന്നില്ലേ? അദ്ദേഹത്തിന്റെ മകൾ ശ്രീമതി മറിയ ഉമ്മൻ ഗ്യാലറിയിലും മകൻ ഇവിടെയും ഇരിക്കുമ്പോൾ ഇക്കാര്യം ചർച്ച ചെയ്യണമെന്ന് തീരുമാനിച്ചതിൽ ഒരു പ്രത്യേക അജണ്ടയുണ്ടെന്ന് വിചാരിക്കുകയാണ്. സംശുദ്ധമാണെന്ന് പറഞ്ഞാലും ശ്രീ. ഷാഫി പറമ്പിൽ, എത്ര തേങ്ങ അരച്ചാലും കൂട്ടാൻ താളല്ലേ? ശ്രീ. സണ്ണി ജോസഫിന് അവതരണത്തിൽത്തന്നെ പാളി. ബഹുമാനപ്പെട്ട അംഗം ഡോ. കെ. ടി. ജലീൽ ഉമ്മൻ ചാണ്ടിയെ ആക്രമിച്ചതിനെക്കുറിച്ചാണ് പറഞ്ഞത്. അദ്ദേഹം അക്കമിട്ട് നിരത്തിയ കാര്യങ്ങൾക്ക് മറുപടി പറയാൻ നിങ്ങൾക്ക് സാധിക്കുമോ? പ്രതിപക്ഷത്തിരിക്കുന്ന ചെറുപ്പക്കാരും മധ്യവയസ്കരുമായിട്ടുള്ളവർ ഒരു വിഷകന്യക എന്ന് വിശേഷിപ്പിക്കാവുന്ന, കേരള ചരിത്രത്തിലെ രാഷ്ട്രീയ അന്തർ നാടകങ്ങളുടെ ഏതോ തലങ്ങളിൽ പൊന്തിവരികയും കേരള രാഷ്ട്രീയത്തെയാകെ അമ്മാനമാട്ടുകയും ചെയ്ത ആ സ്ത്രീയെ ഫോണിൽ വിളിച്ചതിന്റെ കോൾ ലിസ്റ്റ് ആരുടെ കയ്യിലാണ് ഇല്ലാത്തത്; ഏത് പത്രമാധ്യമങ്ങളുടെ കയ്യിലാണ് ഇല്ലാത്തത്? എന്തിനുവിളിച്ചു; എങ്ങനെ വിളിച്ചു; എങ്ങനെ അവർ നിങ്ങളുടെയിടയിലേയ്ക്ക്

വന്നു? ടീം സോളാർ-പുതിയ എനർജി സംവിധാനം. അത് കേരളത്തിലേയ്ക്ക് കൊണ്ടുവരാൻ മല്ലേലിൽ ശ്രീധരൻ നായർ എന്ന നിങ്ങളുടെ കെ.പി.സി.സി. മെമ്പർ 50 ലക്ഷം രൂപ സരിത എസ്. നായർക്ക് കൊടുത്തു. അതുമായി ബന്ധപ്പെട്ട അഴിമതി സംബന്ധിച്ച് പോലീസിന് പരാതി ലഭിച്ചതിനെത്തുടർന്ന് അന്വേഷണം നടത്തുന്നു. അന്ന് പോലീസ് കരിക്കോ ഇളനീരോ മറ്റോ കുടിച്ച തിരുവഞ്ചൂരിന്റെ കയ്യിലായിരുന്നില്ലേ? ഈ കേസിന്റെ നാൾവഴി നിയമസഭയിൽ അവതരിപ്പിക്കാൻ ഏറ്റവും അർഹൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന അദ്ദേഹമല്ലേ? ഐ.എസ്.ആർ.ഒ. കേസ് വന്നപ്പോഴാണ് നിങ്ങളുടെ പാർട്ടി രണ്ടായത്. അന്ന് ഇന്നത്തെ വടകര എം.പി. ശ്രീ. കെ. മുരളീധരനെയും അച്ഛനെയും തോൽപ്പിച്ച പാരമ്പര്യം തൃശ്ശൂരിനുണ്ട്. ഉമ്മൻ ചാണ്ടിയെപ്പറ്റി ശ്രീ. കെ. മുരളീധരൻ പറഞ്ഞതിനെക്കുറിച്ച് ഒരു വാക്ക് പറയാൻ നിങ്ങൾക്ക് കഴിയുമോ? ഇന്ന് സൈബർ സ്പെയ്സിന്റെ ലിഞ്ചിംഗിനെക്കുറിച്ച് ശ്രീ. ഷാഫി പറമ്പിൽ പറയുന്നു. സൈബർ സ്പെയ്സിൽ ഇന്ന് ശ്രീ. കെ. മുരളീധരന്റെ പ്രസംഗങ്ങളല്ലേ വൈറലായിക്കൊണ്ടിരിക്കുന്നത്? വിരൽ ചൂണ്ടി ഉമ്മൻ

ചാണ്ടീ, നിങ്ങൾ ഈ കേരളത്തെ ഏറ്റവും കൂടുതൽ നശിപ്പിച്ച ആളാണ് എന്നുവരെ പറഞ്ഞ് അദ്ദേഹത്തെ അപമാനിച്ചില്ലേ? കോൺഗ്രസ്സിനെ രണ്ടാക്കിയത് എന്തിനാണ്; ഐ.എസ്.ആർ.ഒ. ചാരക്കേസ് ഉണ്ടാക്കിയതാരാണ് കേരളത്തിലെ രാഷ്ട്രീയ നേതാക്കന്മാരേ, നിങ്ങളുടെ പഞ്ചനക്ഷത്ര ഹോട്ടലുകളുടെ അന്തഃപുരങ്ങളിൽ ഒറ്റിക്കൊടുക്കുന്ന കഥകൾ സൃഷ്ടിച്ച്, പത്രമാധ്യമങ്ങളെ വിലയ്ക്കെടുത്ത് നിങ്ങൾ നടത്തിയ നാടകങ്ങളുടെ ഇരയായി മാറുകയായിരുന്ന ഉമ്മൻ ചാണ്ടി എന്നുള്ളതല്ലേ സത്യം? നസ്രത്തിലെ മരപ്പണിക്കാരനായ ജോസഫിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ വഴി രാഷ്ട്രീയത്തിൽ തെരഞ്ഞെടുത്തതുകൊണ്ട് പുതുപ്പള്ളി 53 വർഷങ്ങളായി അദ്ദേഹത്തെ പിന്തുണച്ചു. സത്യസന്ധനാണ്, സനാതന ധർമ്മങ്ങളുടെ വക്താവാണ്, സത്യവിശ്വാസിയാണ്. കല്ലറയിൽ ഇപ്പോഴും ആളുകൾ പൂക്കൾ വച്ചുപോകുന്നു. എല്ലാം നല്ല കാര്യമാണ്. പക്ഷെ, ഈ തെരഞ്ഞെടുപ്പിനുമുമ്പ് ഇത്രയും നാൾ ഈ നിയമസഭ ഉണ്ടായിരുന്നില്ലേ; 70 വയസ്സുള്ള ഉമ്മൻ ചാണ്ടിക്കെതിരെ ഞങ്ങളാണോ ലൈംഗികാരോപണം ഉന്നയിച്ചത്? 25 വയസ്സുള്ള യുവാവാണോ ഇവിടെയിരിക്കുന്ന

ശ്രീ. പിണറായി വിജയൻ; അദ്ദേഹത്തിന് നിറയൗവ്വനമാണോ; ഇവിടെ നിങ്ങളുടെ പടലപിണക്കങ്ങളുടെ ഇരയായി കേരള രാഷ്ട്രീയത്തിന്റെ എല്ലാ മുഖങ്ങളിലും നിങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻവേണ്ടിയുള്ള ഗ്രൂപ്പ് പോരാട്ടങ്ങളുടെ ഇരയാക്കി അദ്ദേഹത്തെ മാറ്റുകയല്ലേ ചെയ്തത്? അതിന്റെ ഭാഗമായല്ലേ ഈ ദിവസംതന്നെ ഇതിനുവേണ്ടി തെരഞ്ഞെടുത്തത്; ശ്രീ. ഷാഫി പറമ്പിലും ശ്രീ. സണ്ണി ജോസഫും ഇവിടെ ഉണ്ടായിരുന്നില്ലേ; നിങ്ങൾക്ക് ഈ പ്രമേയം നാളെ കൊണ്ടുവന്നാൽ എന്തെങ്കിലും കുഴപ്പമുണ്ടാകുമായിരുന്നോ? ഇന്നുതന്നെ കൊണ്ടുവന്ന് ചർച്ച ചെയ്ത് ഞങ്ങളാണ് പ്രതികളെന്ന് നിങ്ങൾക്ക് വരുത്തണമായിരുന്നു. ഞങ്ങളല്ല പ്രതികൾ. കേരളത്തിലെ മഞ്ഞപത്രങ്ങൾ മദനകാമരാജ കഥകളെഴുതി നാട്ടുനീളെ പ്രചരിപ്പിക്കാനുള്ള അവസ്ഥയുണ്ടാക്കിയതിലെ പ്രതികൾ നിങ്ങളാണ്. നിങ്ങൾക്കകത്തുനിന്നാണ് അത് വന്നത്. പോലീസ് അന്വേഷണത്തിന് ഉത്തരവിട്ടതും പ്രാഥമിക അറസ്റ്റുകൾ രേഖപ്പെടുത്തിയതും നിങ്ങളല്ലേ? അറസ്റ്റുകൾ രേഖപ്പെടുത്തിയവരൊക്കെ ഇപ്പോഴില്ലേ? ശ്രീ. സണ്ണി ജോസഫും ശ്രീ. ഷാഫി പറമ്പിലും പ്രസംഗിക്കുന്നതുകേട്ടാൽ

ഞങ്ങളൊക്കെ പ്രത്യേക രീതിയിൽ അവതരിച്ച് രാഷ്ട്രീയത്തിൽ വന്നവരാണെന്ന് തോന്നും. ഇത്ര വർഷത്തെ രാഷ്ട്രീയ പാരമ്പര്യമുള്ള മുഖ്യമന്ത്രിയുടെ മുഖത്തുനോക്കി അദ്ദേഹത്തിന്റെ സമപ്രായക്കാരനായ ഒരാളെ ചതിക്കാൻ കൂട്ടുനിന്നുവെന്ന് പറയാനുള്ള എന്ത് തെളിവുകളാണ് നിങ്ങളുടെ കൈകളിലുള്ളത്; സംസാരിക്കുന്ന, കോൺക്രീറ്റ് എവിഡൻസ് നിങ്ങളുടെ കൈകളിലുണ്ടോ? അതില്ലാതെ ഒരാളെ പഴിചാരാൻ ശ്രമിക്കുന്നത് രാഷ്ട്രീയ ധാർമ്മികതയ്ക്ക് ചേരുന്നതാണോ? രാഷ്ട്രീയ ധാർമ്മികതയ്ക്ക് ചേരാത്ത കാര്യങ്ങളുമായി നിങ്ങൾ മുന്നോട്ടുപോകുമ്പോൾ ഞങ്ങൾക്ക് ഒന്നേ പറയാനുള്ളൂ, മലർന്നുകിടന്ന് തുപ്പരുത്. കേസുകളൊക്കെ ഞങ്ങളും കണ്ടിട്ടുണ്ട്, ആരോപണങ്ങൾ കേട്ടിട്ടുമുണ്ട്. പക്ഷെ, അതൊക്കെ മാന്യമായ രീതിയിലായിരിക്കണമെന്നുമാത്രം. ഉമ്മൻ ചാണ്ടിക്കെതിരായി നിങ്ങൾ നടത്തിയിട്ടുള്ള എല്ലാ പ്രവർത്തനങ്ങളുടെയും ആഭ്യന്തര രഹസ്യങ്ങൾ കേരളത്തിലെ പത്രമാധ്യമങ്ങൾക്കും ദൃശ്യ മാധ്യമങ്ങൾക്കും കിട്ടിയിട്ടുള്ളതാണ്, കാലാകാലങ്ങളിൽ അവരത് പറഞ്ഞിട്ടുള്ളതുമാണ്. ഭരണപക്ഷവും പ്രതിപക്ഷവുമായിരിക്കുമ്പോൾ ഭരണപക്ഷത്തുണ്ടാകുന്ന

കുറവുകളെ സ്വാഭാവികമായും പ്രതിപക്ഷം എതിർക്കും. അങ്ങനെ ഞങ്ങൾ എതിർത്തിട്ടുണ്ട്. ഉച്ചിവച്ച കൈകൊണ്ടുതന്നെ ഉദകക്രിയ ചെയ്യുന്ന അതായത്, അനുഗ്രഹിച്ച കൈകൊണ്ടുതന്നെ നിഗ്രഹിക്കുന്ന പരിപാടിയാണ് നിങ്ങൾക്കുള്ളത്. ബഹുഭൂരിപക്ഷം ആളുകൾക്കും ഇക്കാര്യങ്ങൾ നന്നായി അറിയാം. ഞങ്ങൾ ജനവിധിയെ മാനിക്കുന്നവരാണ്. എന്നുവച്ചാൽ പുതുപ്പള്ളിയിൽ അത്ഭുതങ്ങൾ സംഭവിച്ചുവെന്നൊന്നും ഞങ്ങൾ വിശ്വസിക്കുന്നില്ല. തെരഞ്ഞെടുപ്പുകളിൽ അനുകൂലമായ സാഹചര്യങ്ങൾ സംഭവിക്കുന്നത് ഏത് ഘടകങ്ങൾകൊണ്ടാണെന്ന് അറിയാത്തവരാണോ നിങ്ങൾ? പുതുപ്പള്ളിയിലുണ്ടായ കാര്യം നിങ്ങൾക്കറിയാം. കേരളത്തിലാകെ അങ്ങനെയാണോ? അതുകൊണ്ട് കണ്ണടച്ച് ഇരുട്ടാക്കരുതെന്ന് മാത്രമേ എനിക്ക് പ്രതിപക്ഷാംഗങ്ങളോട് പറയാനുള്ളൂ. പ്രത്യേകിച്ച് ശ്രീ. ഷാഫി പറമ്പിലിനെപ്പോലെ യുവജന നേതാവായ, കേരളത്തിൽ ഇനിയും ഭാവിയുള്ള ഒരാൾ ഇത്തരത്തിലുള്ള പ്രമേയങ്ങൾ അവതരിപ്പിക്കുമ്പോൾ ശ്രദ്ധിക്കണമെന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> സർ, ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച അടിയന്തരപ്രമേയത്തെ പിന്തുണയ്ക്കുന്നു. ഭരണപക്ഷത്തുനിന്നുള്ള ചില സ്നേഹിതന്മാരുടെ, പ്രത്യേകിച്ച് ഡോ. കെ. ടി. ജലീലിന്റെയും ശ്രീ. പി. ബാലചന്ദ്രന്റെയുമൊക്കെ പ്രസംഗം കേട്ടാൽ ഉമ്മൻ ചാണ്ടിയോട് ചെയ്ത കൊടിയ അപരാധത്തിന് അവർക്ക് കുറ്റബോധമുണ്ടെന്ന് തോന്നും. സോളാർ വിഷയം വന്നപ്പോൾ ഡോ. കെ. ടി. ജലീൽ ഉൾപ്പെടെയുള്ളവർ 16 അടിയന്തരപ്രമേയം അവതരിപ്പിക്കുകയും അവിടെ ഇരുന്ന ഉമ്മൻ ചാണ്ടിയ്ക്കെതിരെ ക്രൂരമായ പദപ്രയോഗം നടത്തുകയും ചെയ്തവരാണ് നിങ്ങൾ. അന്ന് ചെയ്ത സമസ്താപരാധങ്ങൾക്കും നിങ്ങൾ ഇന്നിവിടെ മാപ്പ് പറഞ്ഞതിന് തുല്യമാണ് സംസാരിച്ചത്. ആരാണ് ഉമ്മൻ ചാണ്ടിയെ അപമാനിച്ചതെന്ന ഡോ. കെ. ടി. ജലീലിന്റെ ചോദ്യം കേട്ടപ്പോൾ തമാശയാണ് തോന്നിയത്. അന്ന് പ്രതിപക്ഷ നേതാവായിരുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദന്റെയും മറ്റ് പലരുടെയും പ്രസംഗങ്ങൾ വെബ്സൈറ്റിലുണ്ട്. അന്ന് അവിടെയിരുന്ന മുഖ്യമന്ത്രിയെ അവഹേളിച്ചുകൊണ്ട് അന്നത്തെ പ്രതിപക്ഷ നേതാവായിരുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദൻ നടത്തിയ നീട്ടിക്കുറുക്കിയ പ്രസംഗങ്ങളുണ്ട്.

അതൊന്ന് വായിക്കണം. അങ്ങനെ ഒരു മനുഷ്യനെ അപമാനിച്ചതിനുശേഷം ഇപ്പോൾ ചോദിക്കുന്നത് ഇതൊക്കെ ചെയ്തത് നിങ്ങളല്ലേയെന്നാണ്, വാദി പ്രതിയാകുകയാണ്. ശ്രീ. ഷാഫി പറമ്പിൽ മാപ്പ് പറയേണ്ട സ്ഥിതിയിലേയ്ക്കാണ് പ്രസംഗങ്ങൾ പോകുന്നത്. ഞാൻ ചോദിക്കട്ടെ, എന്താണ് ഇവിടത്തെ ചർച്ച; അടിയന്തര പ്രമേയത്തിനുള്ള നോട്ടീസ് എന്താണ്? സി.ബി.ഐ. കോടതിയിൽ കൊടുത്ത റിപ്പോർട്ടിൽ ഉമ്മൻ ചാണ്ടിക്കെതിരായ ആരോപണങ്ങൾ പച്ചക്കള്ളമാണ്, അത് വ്യാജ നിർമ്മിതിയാണെന്ന് വ്യക്തമായി പറയുന്നു. അത് നിർമ്മിച്ചയാളുകൾ ഈ സഭയിൽത്തന്നെയുണ്ട്. ഇതാണ് കോടതിയുടെ മുമ്പിലുള്ള റിപ്പോർട്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ഈ റിപ്പോർട്ട് കേട്ടുകേൾവിയാണ്, ഞങ്ങൾ അറിഞ്ഞില്ല എന്നാണ്. അത് കഷ്ടമായിപ്പോയി. ഇന്ത്യയിലെ ഒരു പ്രബല ഏജൻസിയുടെ റിപ്പോർട്ട് ഞങ്ങളുടെയൊക്കെ കയ്യിലുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കയ്യിൽ അതില്ലെങ്കിൽ, ഭരണകൂടത്തിന്റെ അറിവിലില്ലെങ്കിൽ അത് നിങ്ങളുടെ ദൗർബല്യമെന്നല്ലാതെ മറ്റെന്ത് പറയാൻ സാധിക്കും. ഡോ. കെ. ടി. ജലീലിന്റെ വർത്തമാനം കേട്ടാൽ അദ്ദേഹം

കുറച്ചുകാലം ഈ നാട്ടിൽ ഉണ്ടായിരുന്നില്ലെന്ന് തോന്നും. സി.ബി.ഐ. റിപ്പോർട്ടിൽ ഉമ്മൻ ചാണ്ടിക്കെതിരായ ആരോപണങ്ങൾ മുഴുവൻ വ്യാജമാണെന്നാണ് പറയുന്നത്. പത്തനംതിട്ട കോടതിയിൽനിന്നും പരാതിക്കാരിയുടെ ഒരു കത്ത് സംഘടിപ്പിക്കുകയാണ്. നിങ്ങൾക്ക് ഇതിനോടൊക്കെ വിയോജിപ്പാണെങ്കിൽ അതിനെതിരെ നടപടി സ്വീകരിക്കണം. അല്ലാതെ അങ്ങനെയുള്ള ആളുകളെ കൂടെ കൊണ്ടുനടന്ന് ഞങ്ങൾ വിയോജിക്കുകയാണെന്ന് പറഞ്ഞാൽ ആരാണ് വിശ്വസിക്കുന്നത്? അവിടെനിന്നും സംഘടിപ്പിച്ച കത്ത് 21 പേജുള്ളതാണെന്നും 25 പേജുള്ളതാണെന്നും 30 പേജുള്ളതാണെന്നുമുള്ള പല അഭിപ്രായങ്ങളുണ്ട്. അത് ആരെഴുതിയ കത്താണ്; ആ വാറോലയ്ക്ക് എന്ത് വിലയാണുള്ളത്? എത്ര പേജുമാകട്ടെ, ഇവിടെയൊരു എവിഡൻസ് എന്ന നിലയ്ക്ക് 21 പേജുള്ള കത്ത് നിങ്ങൾ പറയുന്നതുപോലെ 50 ലക്ഷം രൂപ കൊടുത്ത് വാങ്ങിയതാണ്. അങ്ങനെ വാങ്ങിയ കത്തിൽ നാല് പേജ് കൂടുതലായുണ്ടായി. പേജ് കൂട്ടിയത് ഇപ്പോൾ നിങ്ങളുടെ കൂടെയുള്ള ശ്രീ. കെ. ബി. ഗണേഷ് കുമാറാണെന്ന് സി.ബി.ഐ.-യുടെ റിപ്പോർട്ടിൽ പറയുന്നുണ്ട്. ഉമ്മൻ ചാണ്ടി

ആരാണെന്നാണ് നിങ്ങൾ മനസ്സിലാക്കിയത്? കേരളം അദ്ദേഹത്തിന് നൽകിയ അന്തിമോപചാരം കണ്ടിട്ടും നിങ്ങൾക്ക് മനസ്സിലായില്ലേ? അതിനെപ്പറ്റി ശ്രീ. പി. ബാലചന്ദ്രൻ പറഞ്ഞ കാര്യങ്ങൾ ശരിയായില്ല. കാരണം, ഗൾഫിൽനിന്നും വരുന്നവർപോലും ഉമ്മൻ ചാണ്ടിയുടെ ഇടപെടലുകളിലൂടെ ലഭിച്ച നന്മയുടെ ഭാഗമായി ആദ്യം അദ്ദേഹത്തിന്റെ കബറിടത്തിൽ പോയി സ്മരണാഞ്ജലികൾ അർപ്പിച്ചതിനുശേഷം സ്വന്തം വീടുകളിൽ പോയാൽ മതിയെന്ന് ചിന്തിക്കുന്നു. അദ്ദേഹത്തെപോലെ ഇത്രയേറെ ജനകീയനാകാൻ എനിക്കോ നിങ്ങൾക്കോ കഴിയില്ല. അദ്ദേഹം രാവിലെ എട്ടുമണിക്ക് ഒരു ഗ്ലാസ് വെള്ളം മാത്രം കുടിച്ചിട്ട് പുലർച്ചെ നാല് മണിവരെ ജനങ്ങളുടെ പരാതികൾ കേൾക്കുകയും അതിനെല്ലാം പരിഹാരം നിർദ്ദേശിക്കുകയുമാണ്. അട്ടപ്പാടിയിലെ പാവപ്പെട്ട ആദിവാസികൾ എന്ത് പരാതി പറഞ്ഞാലും അത് പരിഹരിച്ചുകൊടുക്കാൻ അദ്ദേഹം ശ്രമിച്ചിരുന്നു, അതിനെല്ലാം മറുപടികളയയ്ക്കുകയും വേണ്ട ഇടപെടലുകൾ നടത്തുകയും ചെയ്തിരുന്നു. യഥാർത്ഥ ഗാന്ധിയനായ അദ്ദേഹത്തിന് അങ്ങനെ കൃത്യമായ ചില ദർശനങ്ങളുണ്ടായിരുന്നു. അല്ലാതെ

ഇങ്ങനെയൊന്നും ഒരു നേതാവിന് പ്രവർത്തിക്കാൻ സാധിക്കില്ല. അദ്ദേഹം മരണപ്പെട്ടപ്പോൾ അങ്ങനെയുള്ള ഒരുപാട് അനുഭവങ്ങൾ എന്റെ ഓർമ്മയിലേയ്ക്ക് ഓടിവന്നു. അതിൽ ഞാൻ ഇന്നും ഓർക്കുന്നത് 2011-ൽ മുഖ്യമന്ത്രിയായ അദ്ദേഹം അട്ടപ്പാടിയിൽ ഒരു പരിപാടിയുടെ ഉദ്ഘാടനത്തിന് വന്നപ്പോൾ അവിടെ ഒരു സർക്കാർ കോളേജ് അനുവദിക്കണമെന്ന് ഞങ്ങൾ അദ്ദേഹത്തോട് ആവശ്യപ്പെടുകയും ആ സമ്മേളനത്തിൽവച്ച് തന്നെ അട്ടപ്പാടിയിലെ ആദിവാസികൾക്കായി 50% സംവരണമുള്ള ഒരു കോളേജ് അനുവദിക്കുന്നുവെന്ന് പ്രഖ്യാപിക്കുകയും ചെയ്തതാണ്. അങ്ങനെ ജനങ്ങളുടെ നിരവധി പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കിയ ഉമ്മൻ ചാണ്ടിയെ അപമാനിച്ചവരെ ഇപ്പോഴും നിങ്ങൾ പ്രോത്സാഹിപ്പിക്കുകയാണ്. ക്രൈംബ്രാഞ്ച് തള്ളിയ കേസായിരുന്നിട്ടും 2016-ൽ ഇങ്ങനെയൊരു പരാതിയുമായി ഇത്തരം പശ്ചാത്തലമുള്ള ഒരു സ്ത്രീ സമീപിച്ചപ്പോൾ നിങ്ങളുടെ സർക്കാർ ആ കേസ് സി.ബി.ഐ.-ക്ക് വിടാൻ തീരുമാനിച്ചില്ലേ? നീതി പ്രതീക്ഷിച്ചാണോ ആ കേസ് സി.ബി.ഐ.-ക്ക് വിടാൻ നിങ്ങൾ തീരുമാനിച്ചത്? അങ്ങനെയാണെങ്കിൽ സി.ബി.ഐ.

പറയുന്നത് അനുസരിക്കാനുള്ള ഉത്തരവാദിത്വം നിങ്ങൾക്കില്ലേ? സി.ബി.ഐ. റിപ്പോർട്ടിൽ ഈ മനുഷ്യൻ വിശുദ്ധനാണ്, ഈ നേതാവിന് അതിലൊരു പങ്കുമില്ല എന്നാണ് പറയുന്നത്. ആ വേണ്ടാപ്രവൃത്തികൾ ചെയ്തവർ ഇപ്പോൾ നിങ്ങളുടെ കൂട്ടത്തിലുണ്ട്, അവർക്കെതിരെ നിലപാട് സ്വീകരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകുമോ? ഇവിടെ ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച പ്രമേയത്തെ പിന്തുണച്ചുകൊണ്ട്, അതിനനുസൃതമായ നിലപാടുകളുണ്ടാകണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, 2017 ഒക്ടോബർ മാസം 17-ാംതീയതി ഇപ്പോഴത്തെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും അന്നത്തെ കെ.പി.സി.സി. വൈസ് പ്രസിഡന്റുമായ ശ്രീ. വി. ഡി. സതീശൻ നടത്തിയ പത്രസമ്മേളനം റിപ്പോർട്ട് ചെയ്ത ഓൺമനോരമയുടെ കോപ്പിയാണ് എന്റെ കൈവശമിരിക്കുന്നത്. അതിൽ അദ്ദേഹം പറഞ്ഞത് 'Solar report contains serious charges' എന്നും 'Solar Commission report contains serious allegations' എന്നുമാണ്. പത്രത്തിന്റെ കോപ്പി വേണമെങ്കിൽ ഞാൻ

മേശപ്പുറത്തുവയ്ക്കാം. ഞാനിത് പറഞ്ഞത് പരേതനായ ഉമ്മൻചാണ്ടി സാറിനോട് ക്രൂരത ചെയ്തത് നിങ്ങളാണോ ഞങ്ങളാണോ എന്ന് അറിയാൻവേണ്ടിയാണ്. നമ്മുടെ ഇന്നത്തെ ചർച്ചാവിഷയം എന്താണ്; ഈ കേസിന്റെ ഭാരം ഞങ്ങളുടെ തലയിൽ കെട്ടിവയ്ക്കുന്നത് എന്തിനാണ്? യഥാർത്ഥത്തിൽ ഈ സോളാർ കുഞ്ഞ് ആരുടേതാണ്; അതിന് ജന്മം നൽകിയതും പാലൂട്ടിയതും വളർത്തിയതും ആരാണ്? എന്റെ പ്രിയപ്പെട്ട എം. വിൻസെന്റേ, ഞാൻ പിന്നെയും പിന്നെയും അതെല്ലാം വായിക്കേണ്ടതുണ്ടോ? ഡോ. കെ. ടി. ജലീൽ ഇവിടെ പറഞ്ഞ കാര്യങ്ങളെപ്പറ്റി നിങ്ങളാരും ഒന്നും പറഞ്ഞില്ലല്ലോ. അതുകൊണ്ട് ഈ ഇരുട്ടുകൊണ്ടുള്ള ഓട്ടയടയ്ക്കൽ അങ്ങ് അവസാനിപ്പിക്കണം, അത് കേരളത്തിന്റെ മണ്ണിൽ ചെലവാകാൻ പോകുന്നില്ല. സത്യത്തിൽ എന്ത് ക്രൂരതയാണ് നിങ്ങൾ കാണിക്കുന്നത്? ഇന്നത്തെ ദിവസംതന്നെ ഇതിനായി നിങ്ങൾ തെരഞ്ഞെടുത്തതിലും വലിയ ക്രൂരത ആ കുടുംബത്തോട് കാണിക്കാനുണ്ടോ? ശത്രുക്കളോടുപോലും ഇങ്ങനെയൊന്നും ചെയ്യരുതെന്ന അപേക്ഷയാണ് എനിക്കുള്ളത്. സോളാർ കേസുമായി ബന്ധപ്പെട്ട വിവാദത്തിന്റെ തുടക്കം ഒരു കത്താണ്. ആ കത്ത്

ആദ്യമായി പുറത്തുവിട്ടത് ആരാണെന്ന് നിങ്ങളൊന്ന് ആലോചിച്ചാൽ കൃത്യമായ മറുപടി കിട്ടും. അതിന്റെ കാരണം ഏത് ചാനലായിരുന്നു? 'കൈരളി' ചാനൽ അല്ലെന്ന് ഞങ്ങൾ പറയും. അതിനെപ്പറ്റി കോൺഗ്രസ്സുകാർ മറുപടി പറയണം. ആ കത്ത് പുറത്തുവിട്ടത് ആരാണെന്ന് പറയാൻ യു.ഡി.എഫ്.-ന്റെ അംഗങ്ങൾ തയ്യാറാകുമോ? ഈ കേസിന്റെ പിന്നാമ്പുറങ്ങളിലേയ്ക്ക് കടന്നാൽ ഓരോ തീയതിയും വായിക്കേണ്ടിവരും. ജുഡീഷ്യൽ കമ്മീഷനെ നിയമിച്ച കാര്യങ്ങളെപ്പറ്റി ഇവിടെ പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. ഞങ്ങളെല്ലാം എന്തോ വലിയ തെറ്റ് ചെയ്തുവെന്നാണ് പറയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്തോ അപരാധം ചെയ്തുവെന്ന നിലയിലാണ് സംസാരിക്കുന്നത്. അദ്ദേഹം എന്ത് അപരാധമാണ് ചെയ്തത്? അന്ന് അദ്ദേഹം പാർട്ടി സെക്രട്ടറിയായിരുന്നു, മുഖ്യമന്ത്രിപോലും ആയിരുന്നില്ല.-2013 ജൂലൈ മാസം 6-ാം തീയതി റാന്നി ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ കോൺഗ്രസിന്റെ അന്നത്തെ കെ.പി.സി.സി. അംഗമായിരുന്ന_ശ്രീ. മല്ലേലി ശ്രീധരൻ നായരുടെ രഹസ്യ മൊഴിയായിരുന്നു. അതാണ് 2013 ജൂലൈ മാസം 8-ാം തീയതി

പുറത്തുവന്നത്. അന്ന് മുഖ്യമന്ത്രി ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയും ആഭ്യന്തര വകുപ്പുമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണനുമായിരുന്നു. അന്ന് ഈ വിവാദ നായിക ഉമ്മൻ ചാണ്ടി സാറുമായി കൂടിക്കാഴ്ചയ്ക്ക് സഹായിച്ചുവെന്ന് മൊഴി കൊടുത്തത് ശ്രീധരൻ നായരായിരുന്നു. അദ്ദേഹം മാർക്സിസ്റ്റോ സി.പി.ഐ.(എം)-കാരനോ അല്ല. അദ്ദേഹം കോൺഗ്രസ്സുകാരനും കെ.പി.സി.സി. ഭാരവാഹിയുമല്ലേ; പിന്നെ ഇത് ഞങ്ങളുടെ തലയിൽ കൊണ്ടിടുന്നത് എന്തിനാണ്? 2013 ഒക്ടോബർ മാസം 25-ാം തീയതിയാണ് ഈ പരാതിയുടെ അടിസ്ഥാനത്തിലുള്ള കുറ്റപത്രം സമർപ്പിക്കുന്നത്. ഉമ്മൻചാണ്ടി സാറിന്റെ നിര്യാണത്തിനുശേഷം, അദ്ദേഹത്തിന്റെ മകൻ വന്ന് സത്യപ്രതിജ്ഞ ചെയ്ത ദിവസംതന്നെ ഈ റിപ്പോർട്ടുമായി ബന്ധപ്പെട്ട ഓരോ കാര്യങ്ങളും പറയാൻ ഞങ്ങളുടെ അന്തസ്സും അഭിമാനവും സമ്മതിക്കുന്നില്ല. പക്ഷെ നിങ്ങൾക്ക് ചില ഉന്നമുണ്ട്. അതായത്, കേന്ദ്രത്തിൽനിന്നും ചിലർ ഇങ്ങോട്ട് വരുന്നുവെന്നും ഇവിടെനിന്നും ചിലർ അങ്ങോട്ട് പോകുന്നുവെന്നും കേൾക്കുന്നു. അതുകൊണ്ട് ഇത് കരുതിക്കൂട്ടി ഉണ്ടാക്കിയതാണോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കാരണം, അന്നത്തെ കേസിൽ ചില

മന്ത്രിമാരും എം.പി.-മാരും എൽ.എ.എ.-മാരുമുണ്ടായിരുന്നു. നിങ്ങൾ ഇതെല്ലാം ഇപ്പോൾ ചർച്ച ചെയ്യിപ്പിക്കുകയാണ്. ഇതൊന്നും പറയരുതെന്ന് പറഞ്ഞ് കേരളം ചെവി പൊത്തി നിന്നതായിരുന്നു. ഇതൊന്നും നമ്മുടെ രാഷ്ട്രീയ സംസ്കാരത്തിന് ചേർന്നതല്ല. പക്ഷെ, ഇതെല്ലാം ഞങ്ങളെക്കൊണ്ട് പറയിപ്പിച്ചേ അടങ്ങൂവെന്ന് നിങ്ങൾ വാശിപിടിച്ചാൽ പറയാതിരിക്കാൻ കഴിയുമോ? അതുകൊണ്ട് വളരെ മിതമായി മാത്രമേ പറയുന്നുള്ളൂ. പേര് പറഞ്ഞില്ലെങ്കിലും അത് ആരാണെന്ന് എല്ലാവർക്കുമറിയാം. കോൺഗ്രസ്സിനകത്തെ വിഴുപ്പലക്കിന്റെ ഫലമായുള്ള സന്തതികളെ ഞങ്ങളുടെ തലയിൽ കെട്ടിവയ്ക്കുന്നത് എന്തിനാണ്? ചാരക്കേസിനെക്കുറിച്ച് ഇവിടെ പറഞ്ഞു. പരേതനായ മുൻ മുഖ്യമന്ത്രി കെ. കരുണാകരന്റെ മക്കൾ രണ്ടുപേരും അതിനെക്കുറിച്ച് പറഞ്ഞത് നമ്മൾ കേട്ടു. പാർട്ടിയിൽ പല പ്രശ്നങ്ങളും കാണും. പക്ഷേ, എത്ര ക്രൂരമായിട്ടാണ് കൈകാര്യം ചെയ്തത് എന്നതിന്റെ തെളിവല്ലേ ഇപ്പോൾ വന്നിട്ടുള്ളത്. കേരളത്തെ സംബന്ധിച്ചിടത്തോളം കേരളം ആഗ്രഹിക്കാതിരുന്ന ഒരു കാര്യം വീണ്ടും കേരളത്തിലെ ജനങ്ങളെക്കൊണ്ട് പറയിപ്പിക്കാനോ അല്ലെങ്കിൽ ജനങ്ങളുടെ മുന്നിലേയ്ക്ക്

വരാനോ ഇടയാക്കുന്ന നിലയിലാണ് നിങ്ങൾ ഇന്ന് ഈ അടിയന്തര പ്രമേയം അവതരിപ്പിച്ചിട്ടുള്ളതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കെ.പി.സി.സി.-യുടെ ജനറൽ സെക്രട്ടറിയായിരുന്ന ശ്രീ. തമ്പാനൂർ രവിയുടെയും ശ്രീ. ബെന്നി ബെഹനാൻ എം.പി.-യുടെയും ഫോൺ സംഭാഷണങ്ങളുടെ ഓഡിയോ ക്ലിപ്പുകൾ അന്ന് നമ്മുടെയെല്ലാം ഫോണുകളിൽ തത്തിക്കളിക്കുകയല്ലായിരുന്നോ? എന്തിനാണ് ഇത്രയും സമയം; എന്ത് പഠിപ്പിക്കാനായിരുന്നു; മഹാഭാരതമാണോ രാമായണമാണോ എന്നൊക്കെ ചോദിച്ചത് കോൺഗ്രസ്സുകാർതന്നെയല്ലേ? നിങ്ങൾ പറഞ്ഞത് ഈ നാട്ടിലെ ജനങ്ങൾ മറക്കുമോ; കാലം മാറിയില്ലേ; ഞെട്ടിക്കുന്ന തെളിവുകളല്ലേ നിൽക്കുന്നത്? അതുകൊണ്ട് ദയവുചെയ്ത് നിങ്ങൾ ഇനിയെങ്കിലും ഈ വേട്ടയാടൽ അവസാനിപ്പിക്കണം. വലിയൊരു തട്ടിപ്പുമായി ബന്ധപ്പെട്ട കേസിന്റെ തെളിവുകൾ പുറത്തുവരുമ്പോൾ പ്രതികരിക്കാൻ രാഷ്ട്രീയപ്രസ്ഥാനം ബാധ്യസ്ഥമല്ലേ? ഞങ്ങൾ ജനങ്ങളെ അണിനിരത്തി സമരം ചെയ്തു. അപ്പോൾ നിങ്ങൾക്ക് ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിക്കേണ്ടിവന്നു. ഒരു രാഷ്ട്രീയ പ്രസ്ഥാനമെന്ന

നിലയിൽ പ്രതിപക്ഷ ധർമ്മം നിർവ്വഹിക്കാൻ ഞങ്ങൾ ശ്രമിച്ചപ്പോൾ നിങ്ങൾ അതല്ല ചെയ്തത്. ഇതിനെല്ലാം അവസരമുണ്ടാക്കിയ കോൺഗ്രസാണ് ഇപ്പോൾ മാറി നിന്നിട്ട് ഉമ്മൻചാണ്ടി സാറിന്റെ ആത്മാവുപോലും പൊറുക്കാത്ത നിലയിൽ ഇന്ന് അടിയന്തരപ്രമേയം അവതരിപ്പിച്ചിരിക്കുന്നത്. നിങ്ങൾ വടിയെടുത്ത് ഞങ്ങൾക്ക് തരിക മാത്രമല്ല ചെയ്തിരിക്കുന്നത്; നെറുകംതല അടിച്ചുപൊട്ടിക്കണമെന്നാണ് പറയുന്നത്. സാധാരണ ഒരുഭാഗത്ത് അടിക്കാനാണ് പറയാറുള്ളത്. വടി തന്നിട്ട് നെറുകംതല അടിച്ചുപൊട്ടിക്കുന്ന നിലയിലല്ലേ നിങ്ങൾ അടി വാങ്ങിക്കൊണ്ടിരിക്കുന്നത്. അടി ഇനിയും കൊള്ളാൻ പോകുകയല്ലേ? പൊതുസമൂഹം ഇനിയും ചർച്ച ചെയ്യുന്നെങ്കിൽ ചെയ്തോട്ടെ. അതുകൊണ്ട് ഈ സോളാർ കുഞ്ഞിന്റെ യഥാർത്ഥ രക്ഷിതാക്കൾ ഇന്നുതന്നെ ഇതിനെ എടുത്തുകൊണ്ടുപോയി ഭദ്രമായി വളർത്തണമെന്ന് മാത്രം പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

**02:00 PM]**

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചത് കേട്ടപ്പോൾ എനിക്ക് ഓർമ്മവന്നത് "അവനവൻ കുരുക്കുന്ന

കുരുക്കഴിച്ചെടുക്കുമ്പോൾ ഗുല്യമാൽ" എന്ന സിനിമാ ഗാനമാണ്. ഏതാണ്ട് അതിന് സമാനമായ സാഹചര്യമാണ് ശ്രീ. ഷാഫി പറമ്പിൽ ഈ അടിയന്തര പ്രമേയത്തിലൂടെ മുന്നോട്ടുവച്ചിരിക്കുന്നത്. ഇത്തരമൊരു ആരോപണത്തിലേയ്ക്കും സാഹചര്യത്തിലേയ്ക്കും വന്നത് എങ്ങനെയാണ്? ടീം സോളാറുമായി ബന്ധപ്പെട്ട് അഴിമതി നടന്നുവെന്ന ആരോപണം ആദ്യമായി ഉന്നയിച്ചത് കെ.പി.സി.സി. അംഗമായിരുന്ന ശ്രീ. മല്ലേലിൽ ശ്രീധരൻ നായർ ആണ്. അതേത്തുടർന്ന് കേസന്വേഷണം നടത്തിയത് ഉമ്മൻചാണ്ടി മന്ത്രിസഭയിലെ ആഭ്യന്തര വകുപ്പും അദ്ദേഹത്തിന്റെ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന ജോപ്പനെ അറസ്റ്റ് ചെയ്തത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ പോലീസും ഇപ്പോൾ ചർച്ചാവിഷയമായ കമ്മീഷനെ നിയമിച്ചത് ആ ഗവൺമെന്റുമാണ്. അപ്പോൾ സ്വയംകൃതാനർത്ഥമായ കാര്യങ്ങൾ വീണ്ടും ഇവിടെ ചർച്ച ചെയ്യണമെന്നുള്ള നിർബന്ധബുദ്ധിയിൽ പുതുപ്പള്ളി നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടുവന്ന ഉമ്മൻചാണ്ടി സാറിന്റെ പുത്രൻ ശ്രീ. ചാണ്ടി ഉമ്മൻ സത്യപ്രതിജ്ഞ ചെയ്ത ദിവസംതന്നെ പഴയ ശവക്കല്ലറ മാന്തി ഇതെല്ലാം പുറത്തിടണമെന്നുള്ള

നിർബന്ധം കോൺഗ്രസ്സിനകത്തുണ്ട് എന്നതിന്റെ ഏറ്റവും വലിയ തെളിവാണ് ഇന്ന് ഈ അടിയന്തരപ്രമേയം ഇവിടെ അവതരിപ്പിച്ചതെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെതന്നെ ഇതുമായി ബന്ധപ്പെട്ട സാമ്പത്തികാരോപണം മാത്രമാണ് ഒന്നാം പിണറായി സർക്കാർ മുന്നോട്ട് കൊണ്ടുപോയത്. ഇതുമായി ബന്ധപ്പെട്ട ലൈംഗികാരോപണങ്ങൾ ആദ്യമായി പൊതുയിടത്തിൽ അഴിച്ചിട്ടത് പൂഞ്ഞാറിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടിരുന്ന എന്റെ മുൻഗാമി ശ്രീ. പി. സി. ജോർജാണ്. അദ്ദേഹം ദൃക്സാക്ഷി വിവരണം പോലെയായിരുന്നു അക്കാര്യങ്ങൾ ചാനലുകൾക്കും പത്രങ്ങൾക്കുമൊക്കെ നൽകിക്കൊണ്ടിരുന്നത്. അവയൊക്കെ വീണ്ടും ചർച്ചയാക്കണമെന്നുള്ള ലക്ഷ്യം ആർക്കോ ഉണ്ടെന്നുള്ളതിന്റെ ദൃഷ്ടാന്തമാണ് ഈ അടിയന്തരപ്രമേയമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ശ്രീ. പി. സി. ജോർജിനെ വീണ്ടും മാമോദീസ മുക്കി യു.ഡി.എഫ്.-ൽ എടുക്കാൻ കോൺഗ്രസ്സിലെ ഒരു വിഭാഗം ശ്രമിക്കുന്നുവെന്നാണ് പിന്നാമ്പുറത്തെ സംസാരം. അത് എന്തുമാകട്ടെ, പക്ഷേ ഇത്തരത്തിൽ കോൺഗ്രസ്സിനുള്ളിൽ സഹജമായ ഒരു രീതിയും

സമീപനവും എല്ലാ കാലത്തുമുണ്ട്. കൂടെ നിൽക്കുന്നവരെ കുതികാലിൽ ചവിട്ടുക എന്ന രാഷ്ട്രീയമായ ഹീന തന്ത്രത്തിന്റെ മറ്റൊരു ആവർത്തനമാണ് സോളാർ കേസിലും നടന്നുകൊണ്ടിരിക്കുന്നത്. യഥാർത്ഥത്തിൽ അവർ മലർന്നുകിടന്ന് തുപ്പുകയാണ് ചെയ്യുന്നത്. ഈ അടിയന്തരപ്രമേയത്തെ എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, സോളാർ കേസിൽ മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിക്കെതിരെ ഗൂഢാലോചന നടന്നുവെന്ന സി.ബി.ഐ.-യുടെ കണ്ടെത്തൽ ഞെട്ടിക്കുന്നതാണ്. താൽക്കാലിക രാഷ്ട്രീയ നേട്ടത്തിനുവേണ്ടി വയോധികനായ ഒരു മുൻ മുഖ്യമന്ത്രിക്കെതിരെ ഏറ്റവും മ്ലേച്ഛമായ ഭാഷയിൽ ആരോപണങ്ങൾ ഉയർത്തിക്കൊണ്ട് വരികയും സി.ബി.ഐ. അന്വേഷണമൊക്കെ പ്രഖ്യാപിക്കുകയും ചെയ്തത് ഗൂഢാലോചനയാണെന്നാണ് ഇപ്പോൾ തെളിഞ്ഞുകൊണ്ടിരിക്കുന്നത്. ദല്ലാൾ നന്ദകുമാറിന്റെ കാർമ്മികത്വത്തിൽ മുഖ്യമന്ത്രിയുടെ അറിവോടെയാണ് ഗൂഢാലോചന നടന്നതെന്ന് വ്യക്തമാകുകയാണ്. നന്ദകുമാറും സരിത എസ്. നായരും മുഖ്യമന്ത്രിയും ചർച്ച ചെയ്തതിനുശേഷം അവരുടെ പരാതിയുടെ

അടിസ്ഥാനത്തിലാണ് സി.ബി.ഐ. അന്വേഷണം പ്രഖ്യാപിച്ചിരിക്കുന്നതെന്നാണ് ഇപ്പോൾ വ്യക്തമായിക്കൊണ്ടിരിക്കുന്നത്. ഉമ്മൻചാണ്ടിക്കെതിരെ ലൈംഗികാരോപണം ഉന്നയിക്കാൻ 10 കോടി രൂപ വാഗ്ദാനം ചെയ്ത് സി.പി.ഐ.(എം) നേതാക്കൾ ബന്ധപ്പെട്ടുവെന്ന് പരാതിക്കാരിയായ സ്ത്രീ മാധ്യമങ്ങൾക്കുമുന്നിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. പണം നൽകി സ്ത്രീയെക്കൊണ്ട് ആരോപണം ഉന്നയിപ്പിച്ച് നേട്ടം കൊയ്യാനിറങ്ങുന്നത് നെറികെട്ട രാഷ്ട്രീയത്തിന്റെ ഭാഗമാണ്. നിങ്ങൾ എങ്ങനെയാണ് ഇടതുപക്ഷമാകുന്നത്; കമ്മ്യൂണിസ്റ്റുകാരാകുന്നത്? കേരളത്തെ ലജ്ജിപ്പിക്കുന്ന ഈ കേസിൽ സി.ബി.ഐ.-യെക്കൊണ്ടുതന്നെ തുടരന്വേഷണം നടത്തി പ്രതികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിന് മുഖ്യമന്ത്രി ആർജ്ജവം കാണിക്കണം. ഗൂഢാലോചനയുടെ ഭാഗമായവർ നിയമനടപടിക്ക് വിധേയമാകണം. ഈ നെറികെട്ട വ്യക്തിഹത്യയ്ക്ക് മൗനാനുവാദം നൽകിയ മുഖ്യമന്ത്രിയടക്കമുള്ളവർ ഉമ്മൻചാണ്ടിയുടെ കുടുംബത്തോടും പൊതുസമൂഹത്തോടും മാപ്പ് പറയാൻ തയ്യാറാകണം. ആരോപണം ഉന്നയിച്ച സ്ത്രീ രാഷ്ട്രീയ കേരളത്തിന് അപമാനമാണ്. അവരും

ഗൂഢാലോചനയുടെ ഭാഗമായി നിയമനടപടിക്ക് വിധേയമാകേണ്ടതാണ്. അതുകൂടി അന്വേഷണ പരിധിയിൽ കൊണ്ടുവരണമെന്നാണ് ഈ ചർച്ചയുടെ ഭാഗമായി ഉന്നയിക്കുന്നത്.

ശ്രീ. തോമസ് കെ. തോമസ്: സർ, സി.ബി.ഐ. റിപ്പോർട്ടിന്റെ മറവിൽ ഈ വിഷയം ഇന്ന് അടിയന്തരപ്രമേയ ചർച്ചയ്ക്ക് കൊണ്ടുവന്നതിൽ അതിയായ ദുഃഖമുണ്ട്. കാരണം, ഇന്നിവിടെ ഇത് അവതരിപ്പിച്ചത് ആദരണീയനായ ഉമ്മൻചാണ്ടിയെ അവഹേളിക്കുന്നതിന് തുല്യമാണ്. ഇത് ഒരുപാട് കാലം ചർച്ച ചെയ്ത വിഷയമാണ്, നല്ല രീതിയിൽ വിശകലനം ചെയ്ത കാര്യമാണ്. എന്നിട്ടും ആരാധ്യനായ ഉമ്മൻചാണ്ടിയുടെ മകൻ ശ്രീ. ചാണ്ടി ഉമ്മൻ സത്യപ്രതിജ്ഞ ചെയ്ത ഈ ദിവസംതന്നെ ആ കുടുംബത്തെ അവഹേളിക്കുന്ന രീതിയിൽ ഇത് കൊണ്ടുവന്നത് എന്തിനാണെന്ന് അറിയില്ല. കർത്താവായ യേശുക്രിസ്തുവിനെ ഒറ്റിക്കൊടുത്തത് കൂടെനടന്ന യൂദാസ് തന്നെയാണെന്ന് വേദപുസ്തകത്തിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഉമ്മൻചാണ്ടിയെ ഒറ്റിക്കൊടുത്തിട്ടുണ്ടെങ്കിൽ അത് നിങ്ങൾ തന്നെയാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. കാരണം,

അദ്ദേഹത്തെ പുറകിൽനിന്നും കുത്തിയത് നിങ്ങളാണ്. ശ്രീ. കെ. മുരളീധരൻ, എം.പി. ഉൾപ്പെടെയുള്ള നിങ്ങളുടെ നേതാക്കൻമാരല്ലേ അദ്ദേഹത്തെ പല യോഗങ്ങളിലും അവഹേളിച്ച് സംസാരിച്ചത്; എന്താണ് നിങ്ങൾ അത് മറന്നുപോയത്? ഇതേ അനുഭവത്തിൽക്കൂടി കടന്നുപോയ കുടുംബമാണ് എന്റേതും. കാരണം, എന്റെ സഹോദരനായ തോമസ് ചാണ്ടിയെയും ഇവർ ക്രൂശിച്ചു. ആലപ്പുഴയിലെ മുൻ എം.എൽ.എ. ശ്രീ. എ. എ. ഷുക്കൂർ ഒരു റോഡിന്റെ കാര്യത്തിനായി ശ്രീ. പി. ജെ. കുര്യന് കത്ത് കൊടുത്തശേഷം പോയി പാത്തിരുന്നു. പി. ജെ. കുര്യൻ മറഞ്ഞുംനിന്നു. അവസാനം പാവപ്പെട്ട തോമസ് ചാണ്ടിയുടെ തലയിലേയ്ക്ക് ഇതെല്ലാംകൂടി എടുത്തിട്ടുകൊടുത്തു. കത്ത് കൊടുത്തവനുമില്ല; കാശ് അനുഭവിച്ചവനുമില്ല. റോഡ് പണിതപ്പോൾ പ്രസ്തുത റോഡ് പോകുന്നത് ലേക്ക് പാലസിന്റെ മുന്നിലൂടെയാണ് എന്നുപറഞ്ഞ് തോമസ് ചാണ്ടിയെ ക്രൂശിച്ച ആളുകളല്ലേ നിങ്ങൾ? അതുകൊണ്ട് നിങ്ങളെ മറന്നിട്ടല്ല ഇക്കാര്യങ്ങൾ പറയുന്നത്. ഉമ്മൻചാണ്ടിയെ തകർത്തതും അദ്ദേഹത്തിന്റെ പിന്നിൽനിന്ന് കഥകൾ മെനഞ്ഞതും നിങ്ങൾ തന്നെയാണെന്നുള്ള കാര്യത്തിൽ സംശയം വേണ്ട. ആ

വിഷയത്തിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല, എനിക്ക് രോഷമുണ്ടാകും. കാരണം, ഞങ്ങളെല്ലാവരും സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിട്ടുള്ള ഉമ്മൻചാണ്ടിയെ പുറകിൽനിന്ന് കുത്തിയതും ഒറ്റിക്കൊടുത്തതും നിങ്ങളാണ്. ആര് മുഖ്യമന്ത്രിയായാലും അവരെ നശിപ്പിക്കുക എന്നുള്ളതാണ് നിങ്ങളുടെ ലക്ഷ്യം. അത് ഉമ്മൻ ചാണ്ടിയായാലും ശ്രീ. പിണറായി വിജയനായാലും ഏതൊക്കെ രീതിയിൽ കുറ്റം പറയാമെന്നും ആ കുടുംബത്തെ എങ്ങനെയൊക്കെ തകർക്കാമെന്നുമാണ് നിങ്ങൾ നോക്കുന്നത്. അതാണല്ലോ ഈ കാലഘട്ടത്തിൽ നിങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. സി.ബി.ഐ. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഇന്ന് നിങ്ങൾ ഈ അടിയന്തരപ്രമേയം കൊണ്ടുവന്നത്. പക്ഷേ സത്യമേ ജയിക്കുകയുള്ളൂ. ആരൊക്കെ എന്തെല്ലാം കള്ളത്തരം പറഞ്ഞാലും എത്ര സമയം കഴിഞ്ഞാലും സത്യം ഉയർത്തെഴുന്നേൽക്കും. അതുകൊണ്ട് തോന്ന്യാസം–കാണിക്കാതെ നല്ലരീതിയിൽ കാര്യങ്ങൾ പറഞ്ഞ് മുന്നോട്ടുപോകാനുള്ള സംവിധാനമൊരുക്കണമെന്നാണ് എനിക്ക് നിങ്ങളോട് പറയാനുള്ളത്. നിങ്ങൾ ഈ വിഷയങ്ങളെല്ലാം മാറ്റിനിർത്തിയിട്ട് വികസനം കൊണ്ടുവരാൻ

ശ്രമിക്കണം. അല്ലാതെ മറ്റ് രീതിയിൽ കാര്യങ്ങൾ കൊണ്ടുപോയാൽ അത് നാശത്തിലേ അവസാനിക്കൂ. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എം. നൗഷാദ്: സർ, ഈ അടിയന്തരപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. എന്തിനാണ് ഈ വിഷയം കൊണ്ടുവന്നതെന്ന് അവരുടെ അവതരണം കേട്ടിട്ട് എനിക്ക് മനസ്സിലായില്ല. ബഹുമാന്യനായ മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി സാറിന്റെ പേരിൽ ഇവിടെ വിവാദങ്ങൾ ഉയർത്തിയത് ആരാണ്? ശ്രീ. ഷാഫി പറമ്പിൽ പ്രമേയം അവതരിപ്പിച്ചുകൊണ്ട് പറഞ്ഞത് മുഖ്യമന്ത്രി മാപ്പ് പറയണമെന്നാണ്. പാർട്ടി സെക്രട്ടറി മാത്രമായിരുന്ന കാലഘട്ടത്തിൽ കേരളത്തിലുണ്ടായ ഒരു വിഷയത്തിന്മേൽ അതിനുശേഷം മുഖ്യമന്ത്രിയായ ശ്രീ. പിണറായി വിജയൻ മാപ്പ് പറയുന്നത് എന്തിനാണ്? ഈ കേസ് ഉത്ഭവിച്ചത് എവിടെ നിന്നാണെന്ന് ഇപ്പോഴുമറിയില്ല. ശ്രീ. മല്ലേലിൽ ശ്രീധരൻ നായർ കെ.പി.സി.സി.-യിൽ ഉണ്ടായിരുന്നോയെന്ന് ബഹുമാന്യനായ പ്രതിപക്ഷനേതാവിനുപോലും അറിയില്ല. കെ.പി.സി.സി. അംഗമായിരുന്ന ശ്രീ. മല്ലേലിൽ ശ്രീധരൻ നായരാണ് ആദ്യമായി പരാതി ഉന്നയിച്ചതെന്ന്

നേരത്തേ ഡോ. കെ. ടി. ജലീൽ പറഞ്ഞപ്പോൾ, കെ.പി.സി.സി.-യിൽ ഉണ്ടായിരുന്നോ എന്ന് ബഹുമാന്യനായ പ്രതിപക്ഷനേതാവ് ശ്രീ. പി. സി. വിഷ്ണുനാഥിനോട് ചോദിക്കുകയും അദ്ദേഹം അതെ എന്ന് മറുപടി പറയുകയും ചെയ്യുന്നു. കെ.പി.സി.സി. വൈസ് പ്രസിഡന്റായിരുന്ന ആളിന് കെ.പി.സി.സി.-യിലുള്ള അംഗത്തെപ്പോലും അറിയില്ല. സീരിയസായ ചാർജ്ജുകളാണ് സോളാർ കേസിലുള്ളതെന്ന് പറഞ്ഞത് അന്നത്തെ കെ.പി.സി.സി. വൈസ് പ്രസിഡന്റും എം.എൽ.എ.-യും ഇന്നത്തെ പ്രതിപക്ഷനേതാവുമായ ശ്രീ. വി. ഡി. സതീശനാണ്. ഉമ്മൻ ചാണ്ടിയുടെ കാലഘട്ടത്തിൽ തീവെട്ടിക്കൊള്ളയാണ് നടക്കുന്നതെന്ന് പറഞ്ഞതും അദ്ദേഹമാണ്. അന്ന് അങ്ങനെ പറഞ്ഞുപോയത് തെറ്റാണെങ്കിൽ ഇപ്പോൾ പറയണം, ശരിയാണെങ്കിൽ അതിൽ ഉറച്ചുനിൽക്കുന്നുവെന്ന് പറയാനുള്ള ആർജ്ജവമുണ്ടാകണം. ശ്രീ. ഷാഫി പറമ്പിൽ ഇവിടെ പറഞ്ഞത് ഒരു കൂട്ടം മാധ്യമങ്ങൾ എന്നാണ്. ഇത് നിയമസഭയാണ്, ഇവിടെ സംസാരിക്കുമ്പോൾ പുറത്തെ ഭാഷയല്ല പറയേണ്ടത്. ആർജ്ജവം വേണമെന്ന മര്യാദയുള്ള വാക്ക് മാത്രമേ ഞാൻ ഇപ്പോൾ പറയുന്നുള്ളൂ. ശ്രീ. ഷാഫി പറമ്പിലിന്

ഏഷ്യാനെറ്റ് എന്ന് ഉച്ചരിക്കാനുള്ള ചങ്കുറപ്പുണ്ടോ? വാർത്താ മാധ്യമങ്ങളുടെ വാർത്തകളുടെ അടിസ്ഥാനത്തിലാണല്ലോ നമ്മൾ ചർച്ച ചെയ്യുന്നത്. ഏഷ്യാനെറ്റ് 50 ലക്ഷം രൂപ കൊടുത്താണ് കത്ത് സംഘടിപ്പിച്ചതെന്ന് പറയുന്നത് ഞങ്ങളല്ല, റിപ്പോർട്ടർ ചാനലാണ്. അതുപോലെ അന്വേഷണ കമ്മീഷന്റെ ഭാഗമായി കോയമ്പത്തൂരിൽ സി.ഡി. കണ്ടെത്താൻ പോയതിന്റെ ലൈവ് കൊടുത്തത് ആരാണ്? സി.പി.ഐ.(എം)-ഉം എൽ.ഡി.എഫ്-ഉം അല്ല, മനോരമ ന്യൂസും ഏഷ്യാനെറ്റുമാണ്. അവർ മാപ്പ് പറയണമെന്ന് നിങ്ങൾക്ക് എന്തുകൊണ്ടാണ് പറയാൻ സാധിക്കാത്തത്? രാഷ്ട്രീയമായി ഒരു വിവാദമുണ്ടായപ്പോൾ കെ.പി.സി.സി. അംഗം തന്നെ പരാതി കൊടുത്തു. അതിന്റെയടിസ്ഥാനത്തിൽ കേസ് എടുത്തത് കരിക്കൊക്കെ കുടിച്ച് ഊർജ്ജസ്വലനായി നിൽക്കുന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനല്ലേ? ഉമ്മൻ ചാണ്ടി സാർ യു.എൻ. അവാർഡ് വാങ്ങാൻ പോയ ദിവസം നോക്കി ടെനി ജോപ്പനെ അറസ്റ്റ് ചെയ്യിപ്പിച്ചത് ശ്രീ. കെ. സി. ജോസഫ് ആണ്. അദ്ദേഹം ഇപ്പോഴും നിങ്ങളുടെ കൂട്ടത്തിലുണ്ടല്ലോ; ഈ വാർത്ത കണ്ട് ഉമ്മൻ ചാണ്ടി സാർ ഞെട്ടിപ്പോയെന്ന് അദ്ദേഹം

പറഞ്ഞതായാണ് ചാനലിൽ എഴുതിക്കാണിച്ചത്. അദ്ദേഹത്തിന്റെ സ്റ്റാഫിനെ അറസ്റ്റ് ചെയ്യിച്ചത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനല്ലേ? എന്നിട്ട് മാധ്യമങ്ങൾ ചോദിച്ചപ്പോൾ ടെനി ജോപ്പന്റെ അറസ്റ്റ് ഞാൻ അറിഞ്ഞില്ലെന്ന് പറഞ്ഞു. ഇതെല്ലാം കഴിഞ്ഞ്, 'എന്നെ തല്ലണ്ടമ്മാവാ ഞാൻ നന്നാവില്ല' എന്നാണ് നിങ്ങൾ പറയുന്നത്. മരിച്ചതിനുശേഷവും ഉമ്മൻ ചാണ്ടിയെ നിങ്ങൾ വെറുതെ വിടുന്നില്ല. ചാരക്കേസിന്റെ ആവിർഭാവത്തിലും സമാനമായ ചില കഥകളുണ്ടായിരുന്നല്ലോ? ആ കേസുമായി ബന്ധപ്പെട്ട ലീലാവിലാസങ്ങളെക്കുറിച്ച് വാർത്തകൾ വന്നത് നമുക്കറിയാം. മറിയം റഷീദയെ കൊണ്ടുവന്ന് ചാരക്കേസ് ഉത്ഭവിപ്പിച്ചതിന്റെ പേരിൽ ഇപ്പോഴും ഈ പണി നിങ്ങൾ തുടരുന്നു. ഞങ്ങൾക്ക് രാഷ്ട്രീയപരമായി ഉമ്മൻ ചാണ്ടിയുമായി എതിരഭിപ്രായമുണ്ട്. അദ്ദേഹത്തിന്റെ രാഷ്ട്രീയ നിലപാടിനോട് എതിർപ്പുള്ളവർ തന്നെയാണ്. പക്ഷേ അദ്ദേഹത്തെയോ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളെയോ വ്യക്തിപരമായി ആക്ഷേപിക്കാൻ ഞങ്ങൾ തയ്യാറായിട്ടില്ല. അദ്ദേഹത്തെ ആക്ഷേപിച്ചവരെ സംരക്ഷിച്ചത് ഞങ്ങളല്ല. അദ്ദേഹം പരാതി കൊടുത്തത് മറുനാടനെതിരെയാണ്. ആ

മറുനാടനെ സംരക്ഷിക്കുമെന്ന് പറഞ്ഞത് നിങ്ങളുടെ കെ.പി.സി.സി. പ്രസിഡന്റാണ്. അപ്പോൾ ഇതിന്റെ പിന്നിൽ ആരാണ് പ്രവർത്തിച്ചത്? തെരഞ്ഞെടുപ്പടുക്കുന്ന സമയത്ത് ഉമ്മൻ ചാണ്ടിയുടെ പേര് പറയണമെന്ന് രമേശ് ചെന്നിത്തലയുടെ ദൂതൻ തന്നോട് പറഞ്ഞുവെന്ന് പരാതിക്കാരി പലതവണ ചാനലുകളിൽ പറഞ്ഞിട്ടും ഇന്നുവരെ ഒരു നിഷേധക്കുറിപ്പ് ഇറങ്ങിയിട്ടുണ്ടോ? മന്ത്രിമാർക്കും എം.എൽ.എ.-മാർക്കും സ്വാഭാവികമായ ഫോൺ കോളുകൾ വരാം. എന്നാൽ 183 ഫോൺ കോളുകളൊക്കെ വന്നവരുണ്ടല്ലോ, അവർ ഇപ്പോഴും ഇവിടെ ഇരിപ്പുണ്ടല്ലോ; ഒരാളല്ല, ഒന്നിലേറെപ്പേർ അപ്പുറത്തിരിപ്പുണ്ട്. ഇടതുപക്ഷത്തുള്ള ഒരാളിന്റെയെങ്കിലും പേര് ആ കോൾ ലിസ്റ്റിൽ വന്നിട്ടുണ്ടോ? പിന്നെ ഇത് പൊലിപ്പിച്ച് പറഞ്ഞത് ആരാണ്? ഇപ്പോൾ ശ്രീ. ഷാഫി പറമ്പിൽ ശ്രീ. പി. സി. ജോർജിനെതിരെ പറയുന്നു, നിങ്ങളുടെ മന്ത്രിസഭയിൽ സർക്കാരിന്റെ ചീഫ് വിപ്പായി ഇരുന്നപ്പോഴല്ലേ അദ്ദേഹം ദിവസവും മാധ്യമങ്ങളെ കണ്ട് ഈ പ്രസ്താവനകളെല്ലാം നടത്തിയത്? അരുതാത്ത രീതിയിൽ കണ്ടിട്ടുണ്ടെന്ന് പറഞ്ഞത് അദ്ദേഹമാണ്. അതുപോലെ ശ്രീ. രാജ്മോഹൻ ഉണ്ണിത്താനാണ്

ചാനലിൽ പോയിരുന്ന് ഉളുപ്പില്ലാതെ, സോളാർ കഥകളെ ന്യായീകരിക്കേണ്ടി വന്നിട്ടുണ്ടെന്ന് പറഞ്ഞത്. പാതിരാത്രിക്ക് ഭരണഘടന പഠിപ്പിക്കലാണോയെന്ന് ചോദിച്ചത് ഞങ്ങളല്ല, ശ്രീ. കെ. മുരളീധരനാണ്. കേസ് കൊടുത്തത് കെ.പി.സി.സി. അംഗമാണ്. പരാതിക്കാരിയുടെ സാന്നിദ്ധ്യത്തിൽ വേണ്ട സഹായം ചെയ്യാമെന്ന് എനിക്ക് ഉറപ്പുനൽകിയത് ഉമ്മൻ ചാണ്ടി സാറാണ് എന്നാണ് അദ്ദേഹം മൊഴി കൊടുത്തത്. അതിന്റെ വസ്തുതകൾ നമുക്കറിയില്ല. അത് നിങ്ങളുടെ കൂട്ടത്തിലുള്ള ആളല്ലേ, ചോദിച്ച് മനസ്സിലാക്കൂ. ശ്രീധരൻ നായരുടെ ബന്ധുവാണ് ഹരിപ്പാട് എം.എൽ.എ. ശ്രീ. ബി. ബാബു പ്രസാദ്. 'ഹരിപ്പാട് എം.എൽ.എ. ശ്രീ. ബി. ബാബു പ്രസാദ് വേണ്ട സമയത്ത് വേണ്ട രീതിയിൽ ഇടപെട്ടിരുന്നുവെങ്കിൽ എനിക്ക് ഈ ഗതി വരില്ലായിരുന്നു' എന്ന് പറഞ്ഞത് ഉമ്മൻ ചാണ്ടി സാറാണ്. ഇത് വാർത്തയായത് മറന്നുപോയോ? ദല്ലാൾ നന്ദകുമാറിനോട് എന്തൊരു സ്നേഹമായിരുന്നു! നുണക്കഥകളുടെ പേരിൽ നിങ്ങൾ ആളുകളെ നിരന്തരം വേട്ടയാടുകയാണ്. ഒരു ഗൾഫുകാരന്റെ വീട് കാണിച്ചിട്ട് പിണറായി വിജയന്റെ വീടെന്ന് പ്രചരിപ്പിച്ചവരല്ലേ നിങ്ങൾ? കമല ഇന്റർനാഷണൽ

എവിടെയെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ? ലാവ്‌ലിൻ കേസ് എന്തായി? എത്ര വർഷമായി നിങ്ങൾ വേട്ടയാടുന്നു? പക്ഷേ അതിലൊന്നും കുലുങ്ങാതെ ജനങ്ങളോടൊപ്പംനിന്ന് പ്രവർത്തിച്ചതിന്റെ ഭാഗമായി കേരളത്തിന്റെ ക്യാപ്റ്റൻ പദവി ജനങ്ങൾ ചാർത്തി നൽകിയ വ്യക്തിത്വമാണ് സഖാവ് പിണറായി വിജയന്റേത്. ഇതുകണ്ട് അസൂയപ്പെട്ടിട്ട് ഒരു കാര്യവുമില്ല. ഉമ്മൻ ചാണ്ടി സാറിനെ നിങ്ങളാണ് ഇത്തരത്തിലേയ്ക്ക് മാറ്റിയത്. രാഷ്ട്രീയമായ പ്രശ്നവും ആരോപണങ്ങളും ഞങ്ങളും ഉന്നയിച്ചിട്ടുണ്ട്. അതിൽ ഞങ്ങൾക്ക് യാതൊരു ഖേദവുമില്ല.

ശ്രീ. കെ. വി. സുമേഷ്: സർ, ഈ അടിയന്തര പ്രമേയം ചർച്ചയ്ക്കെടുത്തത് ഉചിതമായി എന്നാണ് എന്റെ അഭിപ്രായം. ദിവംഗതനായ ഉമ്മൻ ചാണ്ടിയെ വേട്ടയാടിയത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണെന്ന് പ്രമുഖരായ ചില കോൺഗ്രസ് നേതാക്കൾ ഉൾപ്പെടെ പറഞ്ഞുകൊണ്ടിരിക്കുന്ന സന്ദർഭമാണിത്. ശ്രീ. ഷാഫി പറമ്പിൽ, അല്പമെങ്കിലും ആത്മാർത്ഥതയുണ്ടെങ്കിൽ മാപ്പ് പറയേണ്ടത് അവിടെ നിന്നാണ്. എന്താണ് സോളാർ കേസ്? ഒന്നാന്തരം സാമ്പത്തിക തട്ടിപ്പാണത്. കേരളത്തിൽ

അന്നുണ്ടായിരുന്ന വൈദ്യുതി മേഖലയിലെ പ്രതിസന്ധി ലക്ഷ്യം വച്ചുണ്ടാക്കിയ ടീം സോളാർ എന്ന തട്ടിപ്പ് കമ്പനിയാണത്. ഇതിനെതിരെ ജൂൺ 15-ന് അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എ.ഡി.ജി.പി. ശ്രീ. ഹേമചന്ദ്രന്റെ നേതൃത്വത്തിൽ അന്വേഷണത്തിനായി ഒരു ടീം രൂപീകരിച്ചത് എന്തിനാണ്? സോളാർ കേസിലെ നിർണ്ണായകമായ ടേണിംഗ് പോയിന്റ് ടെനി ജോപ്പന്റെ അറസ്റ്റാണ്. ജൂൺ 28-ലെ ടെനി ജോപ്പന്റെ അറസ്റ്റോടുകൂടിയാണ് ജനം ഇതിൽ വസ്തുതയുണ്ടെന്ന് വിശ്വസിക്കുന്നത്. ഉമ്മൻ ചാണ്ടിയുടെ ഏറ്റവും വിശ്വസ്തനായ ടെനി ജോപ്പനെ അദ്ദേഹം ഇവിടെയില്ലാതിരുന്നപ്പോൾ അറസ്റ്റ് ചെയ്തത് എന്തിനാണ്? അവിടെനിന്നാണ് എൽ.ഡി.എഫ്.-ന്റെ സമരം ആരംഭിക്കുന്നത്. ഞങ്ങളൊരു രാഷ്ട്രീയ മുന്നണിയാണ്. കേരളത്തിന്റെ വൈദ്യുതി മേഖലയെ ലക്ഷ്യംവച്ച് വെറുമൊരു തട്ടിപ്പ് കമ്പനി പതിനായിരം കോടിയുടെ തട്ടിപ്പ് ആസൂത്രണം ചെയ്യുമ്പോൾ ജനങ്ങളോട് പ്രതിബദ്ധതയുള്ളൊരു രാഷ്ട്രീയ മുന്നണി സമരം ചെയ്യുന്നത് നാടിനുവേണ്ടിയാണ്. ആ സമരത്തിന്റെ ഭാഗമായാണ് ഒക്ടോബർ മാസം 23-

ന് ജസ്റ്റിസ് ശിവരാജൻ കമ്മീഷൻ വരുന്നത്. അതുവരെ യു.ഡി.എഫ്. അല്ലേ കേരളം ഭരിച്ചിരുന്നത്? ഇവിടെ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, എം.എൽ.എ. ഉൾപ്പെടെയുള്ള പ്രമുഖരായ യു.ഡി.എഫ്. നേതാക്കന്മാരുണ്ട്. നിങ്ങളുടെ പാർലമെന്ററി പാർട്ടിക്ക് ഗുരുതരമായ പിശകാണ് ഇന്ന് പറ്റിയത്. നിങ്ങൾ അല്പം ഔചിത്യം കാണിക്കണമായിരുന്നു. എന്തിനായിരുന്നുവെന്ന് എല്ലാവരുമിവിടെ പറഞ്ഞു, എല്ലാവർക്കും അറിയാവുന്ന വസ്തുതയാണ്. സോളാർ കമ്മീഷൻ റിപ്പോർട്ട് സാധാരണ നിലയിൽ ഞങ്ങൾ ആഗ്രഹിച്ചതേയല്ല. നിങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെക്കൊണ്ട് പറയിപ്പിക്കുന്നതാണെന്ന് കേരളീയ പൊതുസമൂഹത്തോട് ഞങ്ങൾക്ക് പറയേണ്ടിവരുന്ന സാഹചര്യം നിങ്ങളിവിടെ ഉണ്ടാക്കുകയാണ്. പുത്തരിക്കണ്ടം മൈതാനത്ത് ഒരുപാട് രാഷ്ട്രീയ പ്രസംഗങ്ങൾ നടന്നിട്ടില്ലേ; 1994-ൽ കെ. കരുണാകരൻ രാജി വയ്ക്കുന്നതിനുമുമ്പ് നടത്തിയിട്ടുള്ള പ്രസംഗം പ്രഗത്ഭരും പ്രതിഭാശാലികളുമായിട്ടുള്ള യു.ഡി.എഫ്. നേതാക്കന്മാർക്ക് അറിയാമല്ലോ. അതിനുശേഷം അദ്ദേഹത്തിന്റെ മകൻ ശ്രീ. കെ. മുരളീധരൻ പുത്തരിക്കണ്ടം മൈതാനത്ത് നടത്തിയ പ്രസംഗത്തിൽ എന്തെല്ലാമാണ്

പറഞ്ഞത്? ബഹുമാന്യനായ ശ്രീ. ചാണ്ടി ഉമ്മൻ ഞങ്ങളോട് ക്ഷമിക്കണം. ഇതെല്ലാം യു.ഡി.എഫ്. രാഷ്ട്രീയത്തിലുണ്ടായ പടലപിണക്കങ്ങളുടെയും അധികാര തർക്കങ്ങളുടെയും ഭാഗമാണ്. 2004-ൽ ശ്രീ. എ. കെ. ആന്റണിക്ക് രാജി വയ്ക്കേണ്ടിവന്നത് എങ്ങനെയാണ്; വെറുതെ രാജിവയ്ക്കുകയായിരുന്നോ? എന്നിട്ട് ഞങ്ങളുടെ തലയിൽക്കൂടി ആ തൊപ്പി വയ്ക്കാൻ നോക്കുകയാണ്, ആ തൊപ്പി ബഹുമാന്യനായ ഷാഫി പറമ്പിൽ തന്നെ അണിഞ്ഞാൽ മതി, അതുമായി ഞങ്ങളുടെ നേരെ വരേണ്ടതില്ല. എപ്പോഴും രാഷ്ട്രീയ മര്യാദ ഞങ്ങൾ ഉയർത്തിപ്പിടിച്ചിട്ടുണ്ട്. അല്പം ആത്മാർത്ഥതയുണ്ടായിരുന്നെങ്കിൽ ഈ അടിയന്തരപ്രമേയം കേരള രാഷ്ട്രീയത്തിലെ പ്രഗത്ഭനായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് അവതരിപ്പിക്കാമായിരുന്നില്ലേ? നിങ്ങൾ ഇവിടെ വലിയ സ്നേഹത്തിന്റെ കാര്യം പറയുന്നു; രണ്ട് തവണ പ്രതിപക്ഷത്തിരുന്നപ്പോൾ ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയെ പ്രതിപക്ഷ നേതാവാക്കാതിരുന്നത് എന്തുകൊണ്ടാണ്; ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ രാഷ്ട്രീയ തീരുമാനത്തിന്റെ ഭാഗമായിട്ടാണോ? സോളാർ എന്ന ശുദ്ധതട്ടിപ്പിന്റെ ഭാഗമായി ശരിയായ സമീപനമാണ്

ഞങ്ങൾ സ്വീകരിച്ചത്. കേരളത്തിന്റെ എനർജി മേഖലയിൽ കുത്തക സ്ഥാപിക്കാൻ കള്ളക്കച്ചവടത്തിന്റെ ഭാഗമായി വന്നത് ജനങ്ങളുടെ മുന്നിൽ തുറന്നുകാണിക്കുക എന്ന ശരിയായ രാഷ്ട്രീയ ധർമ്മമാണ് ഞങ്ങൾ നിർവ്വഹിച്ചത്, മറ്റ് വശങ്ങളിലേയ്ക്കൊന്നും ഞങ്ങൾ പോയിട്ടില്ല. ഇവിടെ കെ.എം. മാണി സാറിന്റെ കാര്യം ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞു. ചരൽക്കുന്നിലെ ക്യാമ്പ് കഴിഞ്ഞ് അദ്ദേഹത്തെ പിന്നിൽനിന്ന് കുത്തിയെന്ന് മാണി സാർ തന്നെയാണ് പറഞ്ഞത്. ആരാണ് കുത്തിയത്? രാഷ്ട്രീയത്തിൽ ഇങ്ങനെയുള്ള സ്നേഹമുണ്ട്, അത് ധൃതരാഷ്ട്രാലിംഗനംപോലെയാണ്. വാരിപ്പുണരും, എന്നിട്ടൊരു കുത്താണ്. വ്യക്തിപരമായ ആക്ഷേപം ഏതെങ്കിലും നേതാവിനുനേരെയുണ്ടായാൽ വിദ്യാർത്ഥി യുവജന പ്രവർത്തകരായ ഞങ്ങൾ മര്യാദകെട്ട ഒരു വാക്ക് പറയാൻ പാടില്ലെന്ന ശക്തമായ നിലപാട് സ്വീകരിച്ച അന്നത്തെ പാർട്ടി സെക്രട്ടറിയാണ് ഇന്നത്തെ മുഖ്യമന്ത്രി. നിങ്ങളോട് അങ്ങനെ ആരെങ്കിലും പറഞ്ഞിട്ടുണ്ടോ? 'കക്കാ വിക്കാ ഇ.എം.എസ്സേ., കള്ളാ കള്ളാ ഇ.എം.എസ്സേ' എന്ന് ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിനെക്കുറിച്ചും 'കേരം തിങ്ങും കേരള

നാട്ടിൽ ഗൗരിച്ചോത്തി ഭരിക്കണ്ട', 'ഗൗരിച്ചോത്തി പെണ്ണല്ലേ പുല്ലുപറിക്കാൻ പൊയ്ക്കൂടേ' എന്ന് ശ്രീമതി കെ. ആർ. ഗൗരിയമ്മയെക്കുറിച്ചും 'കാലൻ വന്നു വിളിച്ചിട്ടും എന്തേ കോവാലാ പോകാത്തേ' എന്ന് എ.കെ.ജി.-യെക്കുറിച്ചും മുദ്രാവാക്യങ്ങൾ ഇവിടെ ഉയർന്നുവന്നിട്ടുണ്ട്. എ.കെ.ജി.-യെക്കുറിച്ച് അന്ന് മാത്രമല്ല ഇന്ന് കെ.പി.സി.സി.-യുടെ പ്രധാനപ്പെട്ട സ്ഥാനത്തിരിക്കുന്ന തൃത്താലക്കാരെ ബഹിഷ്കരിച്ച ആളും ശക്തമായി പറഞ്ഞിട്ടുണ്ട്. മുദ്രാവാക്യത്തിനപ്പുറം കടന്നാണ് നിങ്ങൾ വ്യക്തിപരമായി ആക്ഷേപിച്ചത്. ഇ. കെ. നായനാരെ പരിഹാസ കഥാപാത്രമായി ചിത്രീകരിച്ചിട്ടുമുണ്ട്. ശ്രീ. വി. എസ്. അച്ചുതാനന്ദനെ വെട്ടിനിരത്തലുകാരനായി ചിത്രീകരിച്ച് അങ്ങേയറ്റം ആക്ഷേപിച്ചു. ഞങ്ങളുടെ ഇപ്പോഴത്തെ പാർട്ടി നേതാവും സി.പി.ഐ.(എം)-ന്റെ നേതാവുമായ സഖാവ് പിണറായി വിജയനെ ചെത്തുകാരന്റെ മകനെന്ന് വിളിച്ച് ആക്ഷേപിച്ചില്ലേ? അങ്ങനെ പറയാൻ പാടില്ലെന്ന് പരിണതപ്രജ്ഞരായ ഏതെങ്കിലുമൊരാൾ പറഞ്ഞോ? നിങ്ങൾക്ക് രാഷ്ട്രീയ മര്യാദയുണ്ടോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മകളുടെ വിവാഹത്തെക്കുറിച്ച് പതിനായിരക്കണക്കിന് ആളുകൾ പങ്കെടുത്ത

സമ്മേളനത്തിൽ യു.ഡി.എഫ്.-ന്റെ പ്രധാനികളിലൊരാൾ നടത്തിയ പ്രസംഗം എന്തായിരുന്നു? ഇതൊന്നും ഞങ്ങളായിട്ട് പറയാൻ ഉദ്ദേശിച്ചതല്ല, പറയിപ്പിച്ചതാണ്. ഞങ്ങൾ കമ്മ്യൂണിസ്റ്റായതുകൊണ്ട് കമ്മ്യൂണിസ്റ്റുകാരന്റെ മര്യാദ എല്ലാ ഘട്ടത്തിലും പാലിച്ചിട്ടുണ്ട്, ഇല്ലെന്ന് പറയാൻ നിങ്ങൾക്ക് സാധിക്കില്ല. മര്യാദകെട്ട യാതൊരു സമീപനത്തിനും ഞങ്ങൾ നിന്നിട്ടില്ല. പുതുപ്പള്ളിയിൽ നിങ്ങൾ ആനയെ ഇളക്കിക്കൊണ്ടുവന്നുവെന്ന രീതിയിലാണ് പറയുന്നത്. അത്രയും വോട്ടിന് ജയിച്ചില്ലെങ്കിൽപ്പിന്നെ നിങ്ങളെ ഒന്നിനും കൊള്ളില്ലെന്നാണർത്ഥം. 53 വർഷക്കാലം പുതുപ്പള്ളിയുടെ ഭാഗമായി നിന്നതിന് ജനങ്ങൾ നൽകിയ ട്രിബ്യൂട്ടാണിത്. മത്സരത്തിന്റെ ഭാഗമായ നിലപാട് പുതുപ്പള്ളിയിൽ ഞങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ഞങ്ങൾ അവിടെ പരാജയപ്പെട്ടു, ശ്രീ. ചാണ്ടി ഉമ്മനെ ഞങ്ങളെല്ലാം അഭിനന്ദിച്ചു. അത് രാഷ്ട്രീയ മര്യാദയാണ്, അത് ഞങ്ങൾ പാലിച്ചിട്ടുണ്ട്. ദിവംഗതനായ ഉമ്മൻചാണ്ടി സാറിനെ ഈ തെരഞ്ഞെടുപ്പിൽ ആയുധമാക്കാൻ പാടില്ലായിരുന്നു. ഞങ്ങൾ കമ്മ്യൂണിസ്റ്റാണ്, എൽ.ഡി.എഫ്. ആണ്, നിങ്ങൾ കോൺഗ്രസ്സാണ്, യു.ഡി.എഫ്. ആണ്, പക്ഷെ, ഇത്തരം കാര്യങ്ങളിൽ

എല്ലാവരും പക്വത പ്രകടിപ്പിക്കണം. ഇങ്ങനെയൊരു വിഷയം കൊണ്ടുവന്ന് ആക്ഷേപിക്കാൻ മുൻകയ്യെടുത്തത് കോൺഗ്രസ്സിനകത്തെ പടലപ്പിണക്കത്തിന്റെ ഭാഗമാണ്. യു.ഡി.എഫ്.-ന്റെ, വിശേഷിച്ച് കോൺഗ്രസ്സിന്റെ ഈ തെറ്റായ നിലപാട് കേരളത്തിലെ ജനങ്ങൾ തിരിച്ചറിയുകതന്നെ ചെയ്യുമെന്ന് സൂചിപ്പിച്ചുകൊണ്ട്, ഇതിനെതിരെ അതിശക്തമായ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ബഹുമാനപ്പെട്ട ഷാഫി പറമ്പിൽ അവതരിപ്പിച്ച അടിയന്തരപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു. യേശുവിനെ ക്രൂശിക്കാൻ പടയാളികൾക്കും ആൾക്കൂട്ടത്തിനും വിട്ടുകൊടുത്ത് വിധിന്യായം പറഞ്ഞതിനുശേഷം പീലാത്തോസ് കൈ കഴുകി. എന്നിട്ട് ഈ നീതിമാന്റെ രക്തത്തിൽ എനിക്ക് പങ്കില്ലെന്ന് പറഞ്ഞു. ബഹുമാന്യരായ ഭരണകക്ഷി അംഗങ്ങൾ സംസാരിച്ചപ്പോൾ എനിക്ക് പീലാത്തോസിനെയാണ് ഓർമ്മ വന്നത്. ഉമ്മൻ ചാണ്ടിയെ ക്രൂശിക്കാൻ അദ്ദേഹത്തിന്റെ ജീവിതകാലം മുഴുവൻ കഠിനാധ്വാനം ചെയ്തവർ ഇപ്പോൾ

നിയമസഭയിൽ വന്ന് അദ്ദേഹം നീതിമാനായിരുന്നുവെന്നും ആ നീതിമാന്റെ രക്തത്തിൽ ഞങ്ങൾക്ക് പങ്കില്ലെന്നും പറയുകയാണ്. ഇവിടെ ഭരണകക്ഷിയുടെ ഒരു narrative ഉണ്ട്. നിങ്ങൾ ഈ വിഷയം ഒന്നാക്കി. ഇത് രണ്ട് വിഷയമാണ്. 2021-ലെ തെരഞ്ഞെടുപ്പിനുമുമ്പ് പരാതിക്കാരിയുടെ കൈയിൽനിന്നും പരാതി എഴുതി വാങ്ങിയശേഷം അന്നത്തെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഈ ലൈംഗികാരോപണവുമായി ബന്ധപ്പെട്ട കേസ് അന്വേഷിക്കാൻ സി.ബി.ഐ.-ക്ക് വിട്ടു. അന്നത്തെ മുഖ്യമന്ത്രി തന്നെയാണ് ഇന്നത്തെയും മുഖ്യമന്ത്രി. ഞങ്ങളുടെ ആരോപണം മുഖ്യമന്ത്രിക്ക് നേരെയാണ്. ശ്രീ. ഷാഫി പറമ്പിൽ പ്രമേയത്തിൽ പറഞ്ഞത്, there is a criminal conspiracy അതായത്, ഒരു ക്രിമിനൽ ഗൂഢാലോചന ഈ കേസിൽ നടന്നു എന്നാണ്. അതാണ് സി.ബി.ഐ. റിപ്പോർട്ടിന്റെ ഉള്ളടക്കം. ഈ ഗൂഢാലോചന എവിടെ നിന്നാണ് ആരംഭിക്കുന്നത്; എവിടെ നിന്നാണ് ഈ-കേസ് ആരംഭിക്കുന്നത്? 2016-ൽ അധികാരത്തിൽ വന്നതിന്റെ മൂന്നാം ദിവസം പരാതിക്കാരിയെ മുഖ്യമന്ത്രി കണ്ടുവെന്നാണ് റിപ്പോർട്ടിൽ പറയുന്നത്. അതിന്റെ ഇടനിലക്കാരൻ

ആരാണ്? വലിയ കോർപ്പറേറ്റ് വ്യവഹാര-ബിസിനസ് ഇടനിലക്കാരനായി അറിയപ്പെടുന്ന ദല്ലാൾ നന്ദകുമാറാണ്. അവിടെ വച്ച് പരാതി എഴുതിവാങ്ങി. ഇതെല്ലാം സി.ബി.ഐ. അന്വേഷണോദ്യോഗസ്ഥർ മുമ്പാകെ നൽകിയിട്ടുള്ള മൊഴിയാണ്. പത്തനംതിട്ട ജയിലിൽ നിന്നും നേരത്തെതന്നെ ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ പി.എ. കളക്ട് ചെയ്ത ഒരു പരാതി ദിവംഗതനായ ആർ. ബാലകൃഷ്ണപിള്ളയുടെ കയ്യിലുണ്ടായിരുന്നു. അത് നന്ദകുമാറിന് കൊടുക്കാൻ പരാതിക്കാരി പറയുന്നു. ഏഷ്യാനെറ്റ് 50 ലക്ഷം രൂപ കൊടുത്തുവെന്നല്ല പറയുന്നത്, അത് തെറ്റിദ്ധരിച്ച് ആരോ പറഞ്ഞതാണ്. നന്ദകുമാർ 50 ലക്ഷം രൂപ കൊടുത്ത് ഈ കത്ത് വാങ്ങുന്നു. ആ കത്തിന്റെ പുറത്ത് പരാതിക്കാരി പരാതി കൊടുത്തതിന്റെ ഭാഗമായി നിരന്തരമായി പോലീസ് അന്വേഷണം നടത്തുന്നു. ഇതിനിടയിൽ മൂന്നോ നാലോ പോലീസ് ഉദ്യോഗസ്ഥർ മാറിവന്നുവെന്നാണ് എനിക്ക് തോന്നുന്നത്. ഉമ്മൻ ചാണ്ടിയെ മാത്രമല്ല, ആരോപണവിധേയനായി നിന്ന ഒരാൾക്കെതിരെയും യാതൊരു തെളിവും കൊണ്ടുവരാൻ കേരള പോലീസിന്റെ മാറിമാറിവന്ന അന്വേഷണ സംഘത്തിന് കഴിഞ്ഞില്ല. ഏറ്റവും അവസാനമാണ് പരാതി

എഴുതിവാങ്ങി ഇത് സി.ബി.ഐ. അന്വേഷണത്തിന് വിടാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തീരുമാനിക്കുന്നത്. ഈ കേസ് സി.ബി.ഐ.-ക്ക് വിടണമെന്ന് പരാതിക്കാരി പറഞ്ഞുവെന്നും അതുകൊണ്ട് ഞാൻ സി.ബി.ഐ.-ക്ക് വിട്ടുവെന്നുമാണ് മുഖ്യമന്ത്രി ഇന്ന് രാവിലെയും പറഞ്ഞത്. അതുകൊണ്ടാണോ ഈ കേസ് സി.ബി.ഐ.-ക്ക് വിട്ടത്? ഈ കത്തിനെക്കുറിച്ചുള്ള രസകരമായ കാര്യത്തെപ്പറ്റി സി.ബി.ഐ. റിപ്പോർട്ടിൽ പറയുന്നുണ്ട്. ആദ്യം 21 പേജുകളുള്ള കത്തായിരുന്നു. പിന്നീടത് 19 പേജുകളായി മാറി. ചാനലിന് കൊടുത്തത് 25 പേജുകളുള്ള കത്തായിരുന്നു. 30 പേജുകളുള്ള പരാതിയാണ് നൽകിയതെന്ന് പിന്നീട് പരാതിക്കാരി പറഞ്ഞു. പക്ഷെ, കോടതിയിൽ ഹാജരാക്കിയത് വെറും 4 പേജുകളുള്ള പരാതിയാണ്. അങ്ങനെ പല പേജുകളുള്ള ആ കത്ത് വ്യാജ നിർമ്മിതിയാണ്. പണം വാങ്ങി രാഷ്ട്രീയ എതിരാളികളെക്കുറിച്ച് ഓരോ ദിവസവും കത്തെഴുതിക്കൊടുക്കുകയാണ്. പണം കൊടുക്കുന്നതാരാണ്? ആരാണ് ദല്ലാൾ നന്ദകുമാർ വഴി ഇങ്ങനെയൊരു കത്ത് സംഘടിപ്പിക്കാൻ പണം കൊടുത്തുവിട്ടത്? ദല്ലാൾ നന്ദകുമാർ സ്വന്തം കൈയിൽനിന്നും

പണമൊന്നും നൽകില്ല, പണം കൊടുത്തത് നിങ്ങളാണ്. ഇവിടെ ആരാണ് ബെനിഫിഷ്യറി? നിങ്ങളുടെ രാഷ്ട്രീയ എതിരാളികളെ ജനങ്ങളുടെ മുന്നിൽ അപമാനിക്കുന്നതിനുവേണ്ടി പണം കൊടുത്ത് പരാതിക്കാരിയുടെ കയ്യിൽനിന്നും വ്യാജ കത്ത് വാങ്ങി 5 കൊല്ലം മുഴുവൻ അതുസംബന്ധിച്ച് അന്വേഷണം നടത്തി യാതൊരു തെളിവും ലഭിക്കാതെ വന്നപ്പോൾ തെരഞ്ഞെടുപ്പിനുമുമ്പ് ഈ കേസ് സി.ബി.ഐ.-ക്ക് വിട്ടു. ആരാണ് കേസ് കൊടുത്തതെന്നാണ് നിങ്ങൾ ചോദിക്കുന്നത്? നിങ്ങൾ ശ്രീ. മല്ലേലിൽ ശ്രീധരൻ നായരുടെ പേര് പറഞ്ഞു. അദ്ദേഹം കെ.പി.സി.സി. മെമ്പറൊന്നുമല്ല. അദ്ദേഹവും മറ്റാളുകളും പരാതി കൊടുത്തു. അത് സോളാറിന്റെ പേരിൽ തട്ടിപ്പ് നടത്തി എന്നതായിരുന്നു. അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ ഞാൻ അഭിനന്ദിക്കുകയാണ്. ഈ തട്ടിപ്പുകാർക്കെതിരെ അന്ന് 33 കേസ്സുകളെടുക്കുകയും അതിൽ പല കേസ്സുകളിലും പരാതിക്കാരിയെ ശിക്ഷിക്കുകയും ചെയ്തു. മുഖ്യമന്ത്രിയുടെ ഓഫീസുമായി ബന്ധമുണ്ടെന്ന് കണ്ടെത്തിയപ്പോൾ ടെനി ജോപ്പനെ അറസ്റ്റ് ചെയ്തു. ടെനി ജോപ്പനെ

അറസ്റ്റ് ചെയ്തതാണ് മുഴുവൻ കുഴപ്പത്തിനും കാരണമെന്നാണ് നിങ്ങൾ ഇപ്പോൾ പറയുന്നത്. ഞങ്ങൾ സെക്രട്ടേറിയറ്റിലേയ്ക്ക് പോയെന്ന് ബഹുമാനപ്പെട്ട കെ. വി. സുമേഷ് ഇവിടെ പറഞ്ഞു. ടെനി ജോപ്പനെ അറസ്റ്റ് ചെയ്തപ്പോൾ നിങ്ങൾ സെക്രട്ടേറിയറ്റിന് മുന്നിലേയ്ക്ക് പോയി. അന്നത്തെ മുഖ്യമന്ത്രിയുടെ പി.എ. ആയിരുന്നു ടെനി ജോപ്പൻ. ഇവിടെയിരിക്കുന്ന ഇപ്പോഴത്തെ മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി സ്വർണ്ണക്കള്ളക്കടത്ത് കേസിൽ 100 ദിവസം ജയിലിലായിരുന്നു. ഞങ്ങൾ സെക്രട്ടേറിയറ്റ് വൃത്തികേടാക്കാൻ വന്നോ? ജയിൽവാസം കഴിഞ്ഞ് വീട്ടിൽ വന്ന് റെസ്റ്റെടുക്കുമ്പോഴാണ് ലൈഫ് മിഷൻ കേസിൽ എം. ശിവശങ്കർ വീണ്ടും ജയിലിൽ പോയത്. ആരാണ് ലൈഫ് മിഷന്റെ ചെയർമാൻ? ഈയിരിക്കുന്ന മുഖ്യമന്ത്രിയാണ്. ലൈഫ് മിഷന്റെ ഭാഗമായി കോഴ വാങ്ങിയതിനാണ് ആ ഓഫീസിൽ അമിതാധികാരങ്ങളുണ്ടായിരുന്ന എം. ശിവശങ്കർ ജയിലിൽ പോയത്. എന്നിട്ടാണ് ടെനി ജോപ്പനെ അറസ്റ്റ് ചെയ്ത കാര്യം പറയുന്നത്. ഇത്തരത്തിലുള്ള എത്ര കേസുകളാണ് ഇപ്പോഴുള്ളത്? എ.ഐ. ക്യാമറയുടെയും കെ-ഫോണിന്റെയും കേസിലൊക്കെ എസ്റ്റിമേറ്റ്

തുക 1000 കോടി രൂപയിൽ നിന്നും 1500 കോടി രൂപയാക്കി മാറ്റാൻ കത്തുകൊടുത്തത് ശിവശങ്കറാണെന്നാണ് ഞങ്ങൾ ഉന്നയിക്കുന്ന അഴിമതി ആരോപണം. എന്നിട്ട് ടെനി ജോപ്പനെപ്പറ്റി പറയുന്നു. അതൊരു തട്ടിപ്പ് കേസാണ്. ആ കേസുമായി ബന്ധമുള്ള ഈ പരാതിക്കാരിയെയും മറ്റുള്ളവരെയും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഒരു ദാക്ഷിണ്യവും കാണിക്കാതെ അകത്താക്കി. മുഖ്യമന്ത്രിയായിരുന്ന ഉമ്മൻ ചാണ്ടി അറിയാതെ ആഭ്യന്തര വകുപ്പുമന്ത്രിക്ക് ഇത്തരമൊരു നടപടിയെടുക്കാൻ സാധിക്കുമോ? മുഖ്യമന്ത്രിക്ക് ഇഷ്ടമല്ല, അതുകൊണ്ട് നടപടിയെടുക്കാൻ സാധിക്കില്ലെന്ന് പറഞ്ഞാൽ ആഭ്യന്തര വകുപ്പുമന്ത്രിക്ക് നടപടിയെടുക്കാൻ സാധിക്കുമോ? മുഖ്യമന്ത്രിയുടെയും കോൺഗ്രസ്സ് പാർട്ടിയുടെയും യു.ഡി.എഫ്.-ന്റെയും അറിവോടുകൂടി തന്നെയാണ് ഈ കേസ്സുകളെല്ലാമെടുത്തത്. ശിവരാജൻ കമ്മീഷന്റെ റിപ്പോർട്ടിന്റെകൂടെ പരാതിക്കാരിയുടെ കൈയിൽനിന്നും എഴുതി വാങ്ങിയ ലൈംഗികാരോപണവുമായി ബന്ധപ്പെട്ട പരാതികൂടി അറ്റാച്ച് ചെയ്തു. എന്നിട്ട്

അത് റിപ്പോർട്ടിന്റെ ഭാഗമാക്കി. അപ്പോൾ ഉമ്മൻ ചാണ്ടി ഹൈക്കോടതിയിൽ പോയി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ബഹുമാനപ്പെട്ട അംഗം പ്രസംഗിച്ചപ്പോൾ മുഖ്യമന്ത്രി അറിയാതെ ആഭ്യന്തര വകുപ്പുമന്ത്രി ഒരുകാര്യവും ചെയ്യില്ലെന്നും യു.ഡി.എഫ്-ഉം കോൺഗ്രസ് പാർട്ടിയുംകൂടി തീരുമാനിച്ചാണ് കേസെടുത്തതെന്നും പറയുകയുണ്ടായി. ഭരണപരമായ കാര്യങ്ങളിൽ കോൺഗ്രസും യു.ഡി.എഫ്. പാർട്ടിയുംകൂടി തീരുമാനിച്ചാണ് പോലീസ് കേസെടുത്തതെന്ന് പറയുന്നത് ശരിയായ കാര്യമല്ല. ഒരു ഒഴുക്കിൽ പറഞ്ഞുപോയതാണെങ്കിൽ അക്കാര്യം ശ്രദ്ധിക്കേണ്ടതാണെന്ന് പറയാൻവേണ്ടിയാണ് ഞാൻ ഇടപെട്ടത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പറഞ്ഞത് വ്യക്തമാണ്, രേഖപ്പെടുത്തപ്പെട്ടതാണ്. Sexual scandal റിപ്പോർട്ടിനോടൊപ്പം കൂട്ടിച്ചേർത്തു. ഹൈക്കോടതിയിൽ കേസ് കൊടുത്തപ്പോൾ ഈ ദുരാരോപണം ഒരിക്കലും റിപ്പോർട്ടിന്റെ ഭാഗമല്ലെന്ന് ഹൈക്കോടതി വിധിച്ചു. ഈ ആരോപണത്തിന് വിശ്വാസ്യതയില്ലെന്നും അത് മാറ്റിവയ്ക്കണമെന്നും ബഹുമാനപ്പെട്ട

ഹൈക്കോടതി വളരെ ശക്തമായ ഭാഷയിൽ പറഞ്ഞു. റിപ്പോർട്ടിന്റെ ഭാഗമല്ലെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞ അവരുടെ പരാതിയിന്മേലാണ് ഈ അന്വേഷണങ്ങളെല്ലാം നടത്തിയത്. ഇക്കാര്യങ്ങളെല്ലാം നിങ്ങൾ അറിയണം. രണ്ടാമത്തെ കാര്യം, ഒരു സ്ത്രീ പരാതി നൽകിയാൽ അന്വേഷിക്കണ്ടേയെന്ന് നിങ്ങൾ ചോദിച്ചു. കാലം നിങ്ങളുടെ മുഖത്തുനോക്കി കണക്ക് ചോദിക്കുമെന്ന് അന്ന് ഞാൻ മുഖ്യമന്ത്രിയോട് പറഞ്ഞു. നിങ്ങളുടെ കാലത്ത് വേറൊരവതാരം വന്നില്ലേ? 2016-ൽ ശ്രീ. പിണറായി വിജയൻ മുഖ്യമന്ത്രിയായപ്പോൾ അവതാരങ്ങളെ അകറ്റിനിർത്തുമെന്ന് പറഞ്ഞതല്ലേ? എന്നിട്ടും മൂന്നാമത്തെ ദിവസംതന്നെ അവതാരമായ ദല്ലാൾ നന്ദകുമാർ വന്നു. ധർമ്മസംസ്ഥാപനാർത്ഥം നാട്ടിൽ അവതരിച്ച നന്ദകുമാരനാണോ? പിന്നെയും വന്നല്ലോ അവതാരങ്ങൾ. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയുടെ കൂട്ടാളിയായ മറ്റൊരാളിന്റെ പേരുകൂടി പുറത്തുവന്നു. ഞാൻ അവരുടെയൊന്നും പേരെടുത്ത് പറയാൻ ആഗ്രഹിക്കുന്നില്ല. ഫോൺ ചെയ്തപ്പോൾ രാമായണമാണോ മഹാഭാരതമാണോ പറഞ്ഞിരുന്നതെന്ന് നിങ്ങളിൽ പലരും ഇവിടെ

ചോദിച്ചു. നിങ്ങളും ഞങ്ങളും തമ്മിലുള്ള വ്യത്യാസം ഞാൻ പറഞ്ഞുതരാം. രണ്ടാമത് വന്നയാൾ നിങ്ങളുടെ പല നേതാക്കന്മാരെയും ഫോണിൽ വിളിച്ചുവെന്നും മറ്റുമൊക്കെ പറഞ്ഞു. എന്നാൽ ഞങ്ങളത് ഏറ്റുപിടിച്ചില്ല. അതിനെക്കുറിച്ച് എവിടെയും പറയരുതെന്ന് ഞങ്ങൾ എല്ലാവരോടും പറഞ്ഞു. ഈ നിയമസഭയിലടക്കം ഒരുസ്ഥലത്തും ഞങ്ങൾ അക്കാര്യങ്ങൾ പറഞ്ഞില്ല. അടുത്തതായി നിങ്ങൾ പറയുന്ന കാര്യം ഇതെല്ലാം കോൺഗ്രസിലെ ഗ്രൂപ്പ് വഴക്കാണെന്നാണ്. ഐ.എസ്.ആർ.ഒ. കേസ്, സോളാർ കേസ് ഉൾപ്പെടെ എല്ലാം അങ്ങനെയാണെന്ന് നിങ്ങൾ പറഞ്ഞു. എസ്.എൻ.സി. ലാവ്‌ലിൻ കേസ് എങ്ങനെയാണ് വന്നതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അറിയാമല്ലോ. വൈദ്യുതി വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പിണറായി വിജയനെതിരെ നിയമസഭയിൽ അഴിമതി അരോപണം ഉന്നയിക്കുന്നത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനാണ്. അദ്ദേഹത്തിന് ആ അഴിമതി ആരോപണം ഉന്നയിക്കാനാവശ്യമായ രേഖകൾ വൈദ്യുതി ബോർഡിൽനിന്നും കൊടുത്തത് ആരാണ്? ഉറവിടം വെളിപ്പെടുത്താൻ പാടില്ല എന്നതുകൊണ്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

അക്കാര്യം പറയില്ല. എന്നാൽ അത് ആരാണെന്ന് എനിക്കറിയാം. നിങ്ങളുടെ കൂട്ടത്തിലുള്ള ആളാണ്. ഡോ. കെ. ടി. ജലീൽ പാർലമെന്ററി പാർട്ടി യോഗം കൂടുമ്പോൾ ശ്രീ. ജസ്വന്ത് സിംഗിന്റെ പ്രസംഗം ഒന്നുകൂടി കേൾപ്പിച്ചുകൊടുക്കണം. അവിടെയും ഉണ്ടായിരുന്നു. എസ്.എൻ.സി. ലാവ്‌ലിൻ ആരോപണം ഉന്നയിച്ചത് ഞങ്ങളാണെങ്കിൽ അതിനടിസ്ഥാനമായ രേഖകൾ മുഴുവൻ ലഭിച്ചത് നിങ്ങളുടെ ഭാഗത്തുനിന്നാണ്. ആർ. ബാലകൃഷ്ണപിള്ളയെ ജയിലിലാക്കാനും അങ്ങനെയൊരു വിധിന്യായം വരാനും എന്റെ സംഭാവനയുണ്ട് എന്നുപറഞ്ഞ ദല്ലാൾ നന്ദകുമാർ അന്ന് ആരുടെ ആളായിരുന്നു; അന്ന് അയാളുടെ കർത്തവ്യം എന്തായിരുന്നു? അന്ന് ദല്ലാൾ നന്ദകുമാറിന്റെ ലക്ഷ്യം ഞങ്ങളായിരുന്നില്ല. ആകെ ഇടപെട്ടിട്ടുള്ളത് ആർ. ബാലകൃഷ്ണപിള്ളയുടെ കേസിൽ മാത്രമാണ്. ദല്ലാൾ നന്ദകുമാർ അന്ന് ഉന്നംവച്ചത് നിങ്ങളെയായിരുന്നു, അന്നത്തെ പാർട്ടി സെക്രട്ടറിയും ഇന്നത്തെ മുഖ്യമന്ത്രിയുമായ ശ്രീ. പിണറായി വിജയനെയായിരുന്നു. എന്നിട്ടും നിങ്ങൾ അദ്ദേഹവുമായി കൂട്ടുകൂടിയത് എത്രപെട്ടെന്നാണ്. അധികാരത്തിൽവന്ന്

മൂന്നാം ദിവസംതന്നെ നിങ്ങൾ അദ്ദേഹത്തെ കൈയിലെടുത്തു. അങ്ങ്, അങ്ങയുടെ ശത്രുവായിരുന്നവനെ നിരീക്ഷിക്കുകയായിരുന്നു, ഇവൻ കൊള്ളാം, ഇതുപോലെയുള്ള വേണ്ടാത്ത പരിപാടികൾക്ക് ഇവനെ ഉപയോഗപ്പെടുത്താമെന്ന് ഉറപ്പിക്കുകയായിരുന്നു. അധികാരത്തിൽ വന്നയുടനെ ദല്ലാൾ നന്ദകുമാറിനെ ഉപയോഗിച്ച് പണം കൊടുപ്പിച്ച് കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോയി. അതിന് നിങ്ങളിവിടെ എന്തെല്ലാം പറഞ്ഞു. ശ്രീ. ഇ. പി. ജയരാജൻ പരാതിക്കാരിക്ക് 10 കോടി രൂപ വാഗ്ദാനം ചെയ്തുവെന്ന് അവർതന്നെ പരസ്യമായി പറഞ്ഞ കാര്യം ശ്രീമതി. കെ. കെ. രമ ഇവിടെ സൂചിപ്പിച്ചു. പ്രതിയെ സ്വാധീനിക്കാൻ ശ്രമിച്ച കുറ്റത്തിന് ശ്രീ. ഇ. പി. ജയരാജനെതിരെ നിങ്ങൾ കേസെടുത്തോ? പരാതിക്കാരി പരസ്യമായി പറഞ്ഞ കാര്യമാണ്. അവർ പറഞ്ഞതിന്റെ പേരിലാണ് അന്ന് ഉമ്മൻചാണ്ടിക്കും മറ്റുള്ളവർക്കുമെതിരെ സി.ബി.ഐ. കേസെടുത്തത്. എന്നിട്ട് ശ്രീ. ഇ. പി. ജയരാജൻ 10 കോടി രൂപ വാഗ്ദാനം ചെയ്തുവെന്ന് പറഞ്ഞപ്പോൾ അദ്ദേഹത്തിനെതിരെ നിങ്ങൾ കേസെടുത്തോ? ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററുടെ പരിപാടിയിൽ പങ്കെടുക്കാതെ ശ്രീ. ഇ. പി.

ജയരാജൻ പോയത് എങ്ങോട്ടായിരുന്നു? ദല്ലാൾ നന്ദകുമാറിന്റെ വീട്ടിലേയ്ക്കായിരുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി കൺവീനറായ ശ്രീ. ഇ. പി. ജയരാജന് ദല്ലാൾ നന്ദകുമാറുമായുള്ള ബന്ധം എന്തായിരുന്നു; പരാതിക്കാരിക്ക് 10 കോടി രൂപ നൽകാമെന്ന് ഇവരെല്ലാം തമ്മിൽ ഏർപ്പാടുണ്ടാക്കിയത് എന്തിനായിരുന്നു? സോളാർ കേസ് ഒരു തട്ടിപ്പ് കേസായിരുന്നു. അന്നത്തെ ഉമ്മൻ ചാണ്ടി സർക്കാർ ആഭ്യന്തര വകുപ്പ് മന്ത്രിയായിരുന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ നേതൃത്വത്തിൽ എല്ലാ പരാതിയിന്മേലും കേസെടുത്തു, 33 കേസുകൾ ചാർജ്ജ് ചെയ്ത് നടപടി സ്വീകരിച്ചു. എന്നാൽ നിങ്ങൾ അധികാരത്തിൽ വന്നപ്പോൾ മുൻഗണന നൽകിയത് ഇവരുടെ വ്യാജപരാതിക്കായിരുന്നു. അതാണ് രണ്ടാംഘട്ടം. ആരും അക്കാര്യം പറഞ്ഞ് ആശയക്കുഴപ്പമുണ്ടാക്കണ്ട, കേസെടുത്തത് നിങ്ങളാണെന്ന് ആരും പറയേണ്ട. രണ്ടാംഘട്ടത്തിൽ അവർ നിങ്ങൾക്ക് വേണ്ടപ്പെട്ട ആളായി. തട്ടിപ്പുകാരി, പരാതിക്കാരി എന്നൊക്കെ പറഞ്ഞ ആ സ്ത്രീ നിങ്ങൾക്ക് വേണ്ടപ്പെട്ട ആളായി. യേശുവിനെ ക്രൂശിക്കണമെന്ന് പറഞ്ഞ് ആൾക്കൂട്ടം ബഹളമുണ്ടാക്കിയപ്പോൾ പകരം ഒരാളെ വിട്ടുതരാമെന്ന്

ന്യായാധിപൻ പറഞ്ഞു. എന്നാൽ കുറ്റവാളിയായ ബറബ്ബാസിനെ വിട്ടുതരൂ, യേശുവിനെ ക്രൂശിക്കുവെന്ന് ആൾക്കൂട്ടം പറഞ്ഞു. അതുപോലെ നിങ്ങളും പറഞ്ഞു, പരാതിക്കാരിയെ ഞങ്ങൾക്ക് വേണം ഉമ്മൻ ചാണ്ടിയെ ക്രൂശിക്കുവെന്ന്. ബറബ്ബാസിനെ വിട്ടുതരാനും യേശുവിനെ ക്രൂശിക്കാനും പറഞ്ഞ ആ ആൾക്കൂട്ടത്തിന്റെ മനസ്സായിരുന്നു നിങ്ങൾക്കെല്ലാവർക്കും. എന്നിട്ട് ഇപ്പോൾ പറയുകയാണ്, certainly he was a righteous person", വാസ്തവത്തിൽ അദ്ദേഹം ഒരു നീതിമാനായിരുന്നുവെന്ന്. സി.ബി.ഐ. റിപ്പോർട്ടിലെ എല്ലാ പേജുകളും വായിക്കാൻ കൊള്ളില്ലെന്നും നിയമസഭയിൽ ഉദ്ധരിക്കാൻ പറ്റില്ലെന്നുമാണ് ഇപ്പോഴത്തെ വർത്തമാനം. കേസിനാസ്പദമായ കത്ത് വ്യാജമാണെന്നും പണം വാങ്ങി നിർമ്മിച്ചതാണെന്നും ആരോപണങ്ങളെല്ലാം അടിസ്ഥാനരഹിതമാണെന്നും വഞ്ചനയാണെന്നും തെളിവുകളില്ലെന്നും സി.ബി.ഐ. കണ്ടെത്തിയിരിക്കുകയാണ്. ഉമ്മൻ ചാണ്ടിയുടെ കേസിൽ മാത്രമല്ല, നിങ്ങൾ ആരോപണം ഉന്നയിച്ചുകൊണ്ട് സി.ബി.ഐ.-യ്ക്ക് വിട്ട ഒരു കേസിലും തെളിവില്ലെന്ന് റിപ്പോർട്ട് കൊടുത്തിട്ടുണ്ട്. അത്തരമൊരു വ്യാജ

നിർമ്മിതിയുടെ പുറകിൽ ഒരു ക്രിമിനൽ കോൺസ്പിറസിയുണ്ട്. ആ ഗൂഢാലോചനയിലെ ഒന്നാംപ്രതി അധികാരത്തിലേറി മൂന്നാം ദിവസം സ്വന്തം ഓഫീസിൽ പരാതിക്കാരിയെ വിളിച്ചുവരുത്തി പരാതി എഴുതിവാങ്ങിയ മുഖ്യമന്ത്രിയാണ്. ഉമ്മൻ ചാണ്ടിയെയും കോൺഗ്രസ് നേതാക്കന്മാരെയും മനഃപൂർവ്വം അപമാനിക്കാൻവേണ്ടി ചെയ്തതാണിത്. ആ സമയത്ത് ഉമ്മൻ ചാണ്ടിക്ക് എഴുപത്തിയഞ്ച് വയസ് പൂർത്തിയായിട്ടുണ്ടാകും. ആ മനുഷ്യനെ കേരളത്തിന്റെ മുന്നിൽ അപമാനിച്ചിട്ട് ഇപ്പോൾ ഞങ്ങളാണ് വേട്ടയാടുന്നതെന്ന് പറഞ്ഞുകൊണ്ടിരിക്കുകയാണ്. തീവെട്ടിക്കൊള്ളയാണെന്ന് ഞാൻ പറഞ്ഞിട്ടുണ്ടെന്ന് ഇവിടെ പറഞ്ഞല്ലോ. അത് എനിക്കെതിരെ വന്ന അലിഗേഷനാണ്. അപ്പോൾ ഞാൻ മറുപടി പറയണമല്ലോ; തീവെട്ടിക്കൊള്ളയാണെന്ന് ഞാൻ പറഞ്ഞിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ ഞങ്ങളുടെ ഗവൺമെന്റ് മുൻകൈയെടുത്ത് സന്തോഷ് മാധവനിൽ നിന്നും പിടിച്ചുവാങ്ങിയ നൂറ്റിചില്വാനം ഏക്കർ ഭൂമി കുറെ ഉദ്യോഗസ്ഥർ ചേർന്ന് വീണ്ടും അയാൾക്ക് കൊടുക്കാൻ ശ്രമിച്ചത് എന്റെ ശ്രദ്ധയിൽപ്പെട്ടു. എന്നോട് മാധ്യമങ്ങൾ അതിനെപ്പറ്റി ചോദിച്ചപ്പോൾ,

തീവെട്ടിക്കൊള്ളയാണ് അവിടെ നടക്കുന്നതെന്ന് ഞാൻ പറഞ്ഞു. അപ്പോൾ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി എന്നെ വിളിച്ച് വിശദാംശങ്ങൾ ചോദിച്ചറിയുകയും ഇരുപത്തിനാല് മണിക്കൂറിനകം ഭൂമി വിട്ടുകൊടുക്കാൻ സ്വീകരിച്ച നടപടിക്രമങ്ങൾ മുഴുവൻ മാറ്റിവയ്ക്കുകയും അക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയതിന് നന്ദി പറയുകയും ചെയ്തു. നിങ്ങളെപ്പോലെ "മന്നവേന്ദ്രാ വിളങ്ങുന്നു ചന്ദ്രനെപ്പോലെ നിൻ മുഖം" എന്നുപാടുന്ന രാജകൊട്ടാരത്തിലെ വിദൂഷകരായിരുന്നില്ല ഞങ്ങൾ. ഞങ്ങൾ ചോദ്യം ചെയ്യുമായിരുന്നു. നിങ്ങൾ രാജകൊട്ടാരത്തിലെ വിദൂഷകന്മാരാണ്. നിങ്ങളാണ് ഇദ്ദേഹത്തെ ചീത്തയാക്കുന്നത്. നിങ്ങൾക്ക് കാര്യങ്ങൾ പറയാൻ പേടിയാണ്, നിങ്ങൾ ഭീരുക്കളാണ്. (.........ബഹളം.........)

മി. സ്പീക്കർ: പ്ലീസ്....... സമയം അതിക്രമിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, ഞങ്ങൾക്ക് ധൈര്യമുണ്ട്. അതുകൊണ്ട് കാര്യങ്ങൾ പറയും, അത് എല്ലാ കാലത്തും പറയും. അതുകൊണ്ട് ഞാൻ ഗൗരവത്തോടുകൂടി ആവശ്യപ്പെടുന്നു, ഈ കേസ് ..... (...ബഹളം...) .....

<u>മി. സ്പീക്കർ</u>: യെസ്, പ്ലീസ്...... പ്ലീസ്...... അദ്ദേഹം കൺക്ലൂഡ് ചെയ്യാൻ പോകുകയാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, Criminal conspiracy കൃത്യമായി തെളിയിക്കപ്പെട്ടിരിക്കുന്ന കേസാണിത്. അതുകൊണ്ട് സി.ബി.ഐ.-യോട് തന്നെ ഈ criminal conspiracy-യെക്കുറിച്ച് അന്വേഷിക്കണമെന്ന് ആവശ്യപ്പെടാൻ സർക്കാർ തയ്യാറുണ്ടോയെന്നതാണ് ഞങ്ങളുടെ ചോദ്യം.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്</u>): സർ, ഇവിടെ പറഞ്ഞ പലകാര്യങ്ങൾക്കും ബഹുമാനപ്പെട്ട അംഗം മറുപടി പറഞ്ഞെങ്കിലും ഒരു കാര്യം വിട്ടുപോയി. സോളാർ കമ്മീഷന്റെ റിപ്പോർട്ട് ഗൗരവതരമായ കണ്ടെത്തലുകളാണെന്നാണ് അന്നത്തെ കെ.പി.സി.സി. വൈസ് പ്രസിഡന്റായിരുന്ന അങ്ങ് പറഞ്ഞത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ മാത്രമല്ല, ഗൗരവതരമായ ആരോപണങ്ങൾ ആ റിപ്പോർട്ടിലുണ്ടെന്ന് ഞങ്ങളെല്ലാവരും പറഞ്ഞതാണ്. അങ്ങനെ ഉമ്മൻ ചാണ്ടി ഹൈക്കോടതിയിൽ പോകുകയും അത്തരം ആരോപണങ്ങൾ മുഴുവൻ അതിൽനിന്നും ഡിറ്റാച്ച് ചെയ്യുകയും ചെയ്തു.

അതിന് ക്രെഡിബിലിറ്റിയില്ലെന്ന് ഹൈക്കോടതി പറഞ്ഞത് ഗുരുതരമായ കാര്യമല്ലേ? ഞങ്ങളെല്ലാവരും ഗൗരവത്തോടുകൂടിയാണ് അതിനെ കണ്ടത്. ഉമ്മൻ ചാണ്ടി അപ്പോൾ മാത്രമേ കോടതിയിൽ പോയിട്ടുള്ളൂ.

**X വ്യക്തിപരമായ വിശദീകരണം**

അടിയന്തരപ്രമേയ ചർച്ചയിലെ പരാമർശം സംബന്ധിച്ച്

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, അടിയന്തരപ്രമേയ ചർച്ചയിൽ ശ്രീ. സണ്ണി ജോസഫ്, ശ്രീ. എൻ. ഷംസുദ്ദീൻ എന്നീ അംഗങ്ങൾ ഈ വിഷയവുമായി ബന്ധപ്പെട്ട് എന്റെ പേര് പരാമർശിക്കുകയുണ്ടായി. അതിന് വിശദീകരണം നൽകുന്നതിന് ഒരംഗമെന്ന നിലയിലുള്ള എന്റെ അവകാശം അങ്ങ് അനുവദിച്ചു നൽകിയതിൽ ഏറെ നന്ദിയുണ്ട്. പ്രസ്തുത കേസുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസങ്ങളിൽ വാർത്താമാധ്യമങ്ങളിൽ അനാവശ്യമായി ചില പ്രചാരണങ്ങൾ നടക്കുന്നുണ്ടെങ്കിലും അതിനെതിരെ അവരുടെ മുന്നിൽപ്പോയി മറുപടി പറയാൻ എനിക്ക് താൽപ്പര്യമില്ല. ഞാൻ അങ്ങനെ പതിവായി ചെയ്യുന്ന ഒരാളല്ല. എന്നാലും സഭയിൽ ഇത്തരമൊരു ചർച്ച വരാനും അതിലൂടെ മറുപടി നൽകാനും അവസരം ലഭിച്ചതിന്

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും പ്രതിപക്ഷനേതാവിനോടും എനിക്ക് നന്ദിയുണ്ട്. ഉമ്മൻ ചാണ്ടിയുമായി രാഷ്ട്രീയമായ എതിർപ്പുണ്ടെന്ന യാഥാർത്ഥ്യം നിലനിൽക്കുന്ന സാഹചര്യത്തിൽ 2013 ഏപ്രിൽ മാസം 1-ാം തീയതി വ്യക്തിപരവും കുടുംബപരവുമായ കാര്യങ്ങളുമായി ബന്ധപ്പെട്ട് യു.ഡി.എഫ്. സർക്കാരിൽനിന്ന് രാജി വച്ച ആളാണ് ഞാനെന്ന് എല്ലാവർക്കുമറിയാം. ശ്രീ. സണ്ണി ജോസഫ് പറഞ്ഞതുപോലെ എന്തോ വലിയ രഹസ്യം സൂക്ഷിക്കുന്ന ഒരാളാണ് ഞാനെന്ന് ഒരിക്കലും വിചാരിക്കുന്നില്ല, ഞാനൊരു തുറന്ന പുസ്തകമാണ്. എന്നെക്കുറിച്ച് എന്തുചോദിച്ചാലും ഫ്രീയായി ആരോടുവേണമെങ്കിലും ഞാൻ മറുപടി പറയും. കപട സദാചാരം അഭിനയിച്ച് കേരള രാഷ്ട്രീയത്തിൽ നിൽക്കുന്ന ആളല്ല ഞാൻ. 5 തെരഞ്ഞെടുപ്പുകളിൽ ഞാൻ വിജയിച്ചു. 2013-ൽ രാജിവച്ച് പുറത്തുവന്നതിനുശേഷം എന്റെ ശ്രദ്ധയിൽപ്പെട്ട ചില അഴിമതികൾ നിയമസഭയിലാണ് ഞാൻ അവതരിപ്പിച്ചത്; അല്ലാതെ പത്രങ്ങളുടെ മുമ്പിലല്ല. അതിന്റെ പേരിൽ യു.ഡി.എഫ്.-മായി ഇടയുകയും അങ്ങനെ എന്റെ പിതാവ് ആർ. ബാലകൃഷ്ണപിള്ള നേതൃത്വം കൊടുത്തിരുന്ന കേരള

കോൺഗ്രസ് (ബി) യു.ഡി.എഫ്.-ൽ നിന്ന് പിരിയുകയും ചെയ്തു. വളരെ നാളുകൾക്കുശേഷമാണ് ഞങ്ങൾ എൽ.ഡി.എഫ്.-ന്റെ ഭാഗമായി മാറുന്നത്. സോളാർ പ്രശ്നങ്ങൾ നടക്കുന്ന സമയത്ത് എന്റെ പിതാവിനോട് സഹായം അഭ്യർത്ഥിച്ചുകൊണ്ട് കോൺഗ്രസ്സിന്റെ പല പ്രമുഖ നേതാക്കളും ബന്ധപ്പെട്ടു. മനോജ് എന്നയാളോട് എന്നെ രക്ഷിക്കണമെന്ന് ഞാൻ പറഞ്ഞതായി ശ്രീ. എൻ. ഷംസുദ്ദീൻ സൂചിപ്പിച്ചു. ആര് എന്തുപറഞ്ഞാലും സ്വീകരിക്കുന്ന ഒരാളാണ് ഞാൻ. കപടസദാചാരം എന്റെ നിഘണ്ടുവിലില്ല. സത്യമേ ഞാൻ പറയൂ, പറയാനുള്ളത് ആരുടെ മുഖത്തുനോക്കിയും എവിടെയും പറയും. രാഷ്ട്രീയത്തിൽ നിൽക്കണമെന്നോ മന്ത്രിയാകണമെന്നോ ജീവിതകാലം മുഴുവൻ രാഷ്ട്രീയത്തിൽനിന്ന് മരിക്കണമെന്നോ ആഗ്രഹിക്കുന്ന ഒരാളല്ല ഗണേഷ് കുമാർ. ഏത് നിമിഷവും എന്റെ ഇഷ്ടത്തിന് ഞാൻ ഇതൊക്കെ വിട്ടുപോകും. അങ്ങനെയുള്ള ഞാൻ മനോജിനോട് പറയുമോ? ആരാണ് മനോജ് എന്ന് എല്ലാവരും മനസ്സിലാക്കണം. 2013-ൽ ആർ. ബാലകൃഷ്ണപിള്ള നേതൃത്വം കൊടുക്കുന്ന കേരള കോൺഗ്രസ് (ബി) യു.ഡി.എഫ്. വിട്ട് എൽ.ഡി.എഫ്.-ലേയ്ക്ക് നീങ്ങുമ്പോൾ പാർട്ടിവിട്ട് പുറത്തുപോയ ആളാണ്

മനോജ്. അദ്ദേഹം എന്റെ ബന്ധുവാണെന്നത് നിഷേധിക്കാൻ കഴിയില്ല. എന്റെ അച്ഛന്റെ സഹോദരിയുടെ മകളുടെ മകനാണ്. ഇന്നലെ മാധ്യമങ്ങൾ പറഞ്ഞത് കെ. ബി. ഗണേഷ് കുമാർ ഇത് അറിഞ്ഞിട്ടേയില്ലെന്നാണ്. ഞാൻ അറിഞ്ഞിട്ടില്ല എന്നത് സത്യമാണ്. 2013 മുതൽ 2023 ഈ ദിവസം വരെ ഈ പരാതിക്കാരിയോ അവരുമായി ബന്ധപ്പെട്ടവരോ നേരിട്ടോ അല്ലാതെയോ ഫോണിലോ എന്നെ ബന്ധപ്പെട്ടിട്ടില്ല. അത് തെളിയിക്കാൻ ഏത് സി.ബി.ഐ.-യെ വേണമെങ്കിലും ഞാൻ വെല്ലുവിളിക്കുകയാണ്. ഗണേഷ് കുമാറിന് വളഞ്ഞവഴിയിലൂടെ വേലവയ്ക്കേണ്ട കാര്യമില്ല. മുഖത്തുനോക്കി പറയും, മുഖത്തുനോക്കി ചെയ്യും. സ്വകാര്യ ജീവിതത്തിൽപ്പോലും വളഞ്ഞ വഴിയിലൂടെ ഒരു കാര്യവും ചെയ്തിട്ടില്ല. എല്ലാം തുറന്ന പുസ്തകമാണ്. അക്കാര്യം ഭരണപക്ഷത്തും പ്രതിപക്ഷത്തും ഇരിക്കുന്ന എം.എൽ.എ.-മാർക്കും മാധ്യമ പ്രവർത്തകർക്കുമറിയാം. എന്തെങ്കിലുമുണ്ടോയെന്ന് ചോദിച്ചാൽ ഉണ്ടെന്ന് ചിരിച്ചുകൊണ്ട് പറയുന്ന ആളാണ് ഞാൻ. എനിക്ക് എന്റെ ഭാര്യയെയും മക്കളെയും ബോധ്യപ്പെടുത്തിയാൽ മതി, വേറെ ആരെയും ബോദ്ധ്യപ്പെടുത്തേണ്ടതില്ല.

2016-ലെ തെരഞ്ഞെടുപ്പിൽ ഞാൻ എൽ.ഡി.എഫ്. സ്ഥാനാർത്ഥിയായി പത്തനാപുരത്ത് മത്സരിക്കുമ്പോൾ എന്റെ സഹപ്രവർത്തകനും സുഹൃത്തും സഹോദരനുമായ ശ്രീ. ജഗദീഷ് അവിടെ മത്സരിക്കാൻ വന്നു. അദ്ദേഹം പറഞ്ഞത് എനിക്ക് ഗണേഷ് കുമാറിന്റെ കൈയക്ഷരം അറിയാം, പരാതിക്കാരിയുടെ കൈവശമുള്ള കത്തിലെ കൈയക്ഷരം ഗണേഷ് കുമാറിന്റേതാണെന്നാണ്. എന്റെ കൈയക്ഷരം വളരെ മോശമാണെന്ന കാര്യം ബഹുമാനപ്പെട്ട ചെയറിനും അറിയാം. അതുകൊണ്ട് ഞാൻ അധികം എഴുതാറില്ല. എന്റെ അക്ഷരമാണെന്ന് അദ്ദേഹം പ്രചരിപ്പിച്ചിട്ടും അവിടെ നിന്നും ഞാൻ 26000 വോട്ടിന്റെ ഭൂരിപക്ഷത്തോടെ ജയിച്ചുവെന്ന കാര്യം എല്ലാവരും മനസ്സിലാക്കണം. ചെറിയ വോട്ടിനൊന്നുമല്ല, 26000 വോട്ടിനാണ് ഞാൻ ജയിച്ചത്. ഞാൻ ഒരു കാപട്യത്തിന്റെയും ആളല്ല, സ്നേഹത്തിന്റെയും സഹാനുഭൂതിയുടെയും വിശ്വാസത്തിന്റെയും രാഷ്ട്രീയം നടത്തിക്കൊണ്ടുപോകുകയാണ്. ജാതിയും മതവുമൊന്നും എനിക്കില്ല. സത്യമാണ് എന്റെ ദൈവം. അതിൽ ഞാൻ ഉറച്ചുനിൽക്കുന്നു. അതിന്റെ ഒരു ഉദാഹരണം ഞാൻ പറയാം. ഉമ്മൻ ചാണ്ടിയെക്കുറിച്ച് അന്വേഷിക്കാൻ

സി.ബി.ഐ. ഉദ്യോഗസ്ഥർ എന്നെ സമീപിച്ചു. ഈ പരാതിയിൽ കെ. ബി. ഗണേഷ് കുമാർ എന്ന് എടുത്തുപറയുന്നവർ എന്റെ മൊഴികൂടി പരിശോധിക്കണം. അന്ന് ഉമ്മൻ ചാണ്ടി എന്റെയടുത്ത് ഇരിക്കുകയായിരുന്നു. രണ്ട് പേരെക്കുറിച്ച് എന്നോട് ചോദിച്ചപ്പോൾ ഇത്തരം കാര്യങ്ങൾ എനിക്ക് അറിയില്ലെന്നാണ് ഞാൻ പറഞ്ഞത്. അതിലൊന്ന് എന്റെ സ്വന്തം അനിയനെപ്പോലെ ഞാൻ സ്നേഹിക്കുന്ന ശ്രീ. ഹൈബി ഈഡനെക്കുറിച്ചാണ്. എനിക്ക് അദ്ദേഹത്തിന്റെ അച്ഛനുമായി ആത്മബന്ധമുണ്ടായിരുന്നു, എന്റെ മകനെപ്പോലെയാണെന്നും പറഞ്ഞു. ഉമ്മൻ ചാണ്ടിയെക്കുറിച്ച് ചോദിച്ചപ്പോൾ എനിക്ക് അറിയില്ലെന്നാണ് പറഞ്ഞത്. മാത്രവുമല്ല അവർ പോകുന്നതിനുമുമ്പ് ഞാൻ പറഞ്ഞൊരു വാക്കുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഭരണപക്ഷത്തിരിക്കുന്നവരുമെല്ലാം അത് മനസ്സിലാക്കണം. ആർ. ബാലകൃഷ്ണപിള്ളയുടെ മരണത്തിനുമുമ്പുള്ള രണ്ട് വർഷക്കാലത്തോളം ഞാൻ അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്നു. എല്ലാദിവസവും വൈകിട്ട് അദ്ദേഹത്തോടൊപ്പം ഇരിക്കുമ്പോൾ രാഷ്ട്രീയം പറയും. ഒരു ദിവസം എന്നോ

വിഷയവുമായി ബന്ധപ്പെട്ട് ടി.വി.-യിൽ വാർത്ത വന്നു. അപ്പോൾ അദ്ദേഹം പറഞ്ഞു ഉമ്മൻ ചാണ്ടിയുമായി രാഷ്ട്രീയമായി വിരോധമുണ്ട് പക്ഷേ ഈ പറയുന്നതെല്ലാം കള്ളമാണ്, പരാതിക്കാരി എഴുതിയ കത്ത് ആദ്യം കാണുന്നത് താനാണ് എന്ന്. അദ്ദേഹമത് വായിച്ചിട്ടുണ്ടെന്നാണ് ഞാൻ അറിഞ്ഞത്. ഇന്നുവരെ ഞാനത് കണ്ടിട്ടില്ല, ഞാൻ എന്നല്ല പലരും കണ്ടിട്ടില്ല. പരാതിക്കാരിയുടെ കത്ത് വായിച്ചപ്പോൾ അതിൽ ഉമ്മൻ ചാണ്ടിയുടെ പേര് ഉണ്ടായിരുന്നില്ലെന്ന് അദ്ദേഹം എന്നോട് പറഞ്ഞു. സി.ബി.ഐ.-യോട് ഇക്കാര്യം പറഞ്ഞപ്പോൾ ഇത് ഞങ്ങൾ രേഖപ്പെടുത്തട്ടെയെന്ന് എന്നോട് ചോദിച്ചു. മരിച്ചുപോയ എന്റെ പിതാവിന്റെ വാക്കുകളാണ്, അദ്ദേഹത്തിന്റെ ആത്മാവിന് ശാന്തി കിട്ടും അതുകൊണ്ട് നിങ്ങൾ തീർച്ചയായും രേഖപ്പെടുത്തണമെന്ന് ഞാൻ പറഞ്ഞു. ആ മൊഴിയിൽ അത് രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കണം. രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ സി.ബി.ഐ. ഉദ്യോഗസ്ഥരെ സംശയിക്കാം. എന്റെയടുത്ത് സി.ബി.ഐ. മൊഴിയെടുക്കാൻ വന്നപ്പോൾ ഞാൻ പറഞ്ഞ മൊഴി ഇതാണെന്ന് തൊട്ടടുത്ത ദിവസം ഉമ്മൻ ചാണ്ടി സാറിനോട്

പറയുകയും ചെയ്തു. എനിക്ക് എഴുത്തുണ്ടാക്കണമെങ്കിലോ പേര് ചേർക്കണമെങ്കിലോ ഞാൻ അങ്ങനെ മൊഴി നൽകുമോ; എനിക്ക് അതിന്റെ ആവശ്യമുണ്ടോ? ഉമ്മൻ ചാണ്ടിയുമായി കേരള കോൺഗ്രസ് (ബി)-ക്ക് രാഷ്ട്രീയവിരോധമുണ്ട്. ആർ. ബാലകൃഷ്ണപിള്ളയ്ക്കോ മകനായ കെ. ബി. ഗണേഷ് കുമാറിനോ ഉമ്മൻ ചാണ്ടിയുമായി വ്യക്തിവിരോധമില്ല. ഈ കേസുമായി ബന്ധപ്പെട്ട് സോളാർ കമ്മീഷൻ മുമ്പാകെ കൊടുത്ത മൊഴിയിൽ ഞാൻ എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ; വിരോധം തീർക്കാൻവേണ്ടി എനിക്ക് എന്തെങ്കിലും പറഞ്ഞുകൂടേ? ഒരു വിരോധവുമില്ല. ഒരു കാര്യം എല്ലാവരും മനസ്സിലാക്കണം, ഉമ്മൻ ചാണ്ടി സർക്കാരിൽനിന്ന് ഞാൻ രാജിവയ്ക്കുന്നതിന് ഒരു മാസം മുമ്പ് അദ്ദേഹത്തെ ക്ലിഫ് ഹൗസിൽ പോയി കണ്ട് എന്റെ രാജിക്കത്ത് അദ്ദേഹത്തിന്റെ കൈയിൽ ബലമായി പിടിപ്പിക്കാൻ ശ്രമിച്ച ആളാണ് ഞാൻ. എനിക്ക് മന്ത്രിക്കസേര ഒരു പ്രശ്നമേയല്ല. രാജി കൊടുത്തപ്പോൾ വാങ്ങാത്തതിനാൽ അദ്ദേഹത്തിന്റെ മടിയിൽ വച്ചുകൊടുത്തു. വ്യക്തിപരമായ കാരണങ്ങളാൽ മന്ത്രിസ്ഥാനം ഒഴിയുകയാണെന്നാണ് ഞാൻ പറഞ്ഞത്. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിനൊക്കെ ഇക്കാര്യം

അറിയാമായിരിക്കും, അദ്ദേഹം ഇക്കാര്യം പറഞ്ഞിട്ടുണ്ടാകും. അതുകൊണ്ട് മാധ്യമപ്രവർത്തകരും പുറത്തുനിൽക്കുന്നവരും ഗണേഷ് കുമാറിനെ ഒന്നും കാണിച്ച് പേടിപ്പിക്കാമെന്ന് വിചാരിക്കേണ്ട. വെടക്കാക്കി തനിക്കാക്കാൻ നോക്കേണ്ട. ശ്രീ. ഷാഫി പറമ്പിൽ, എന്റെ സഹോദരാ.... അങ്ങ് എന്റെ അനിയനെപ്പോലെയേയുള്ളൂ, എൽ.ഡി.എഫ്.-നെ വഞ്ചിച്ച് ഞാൻ യു.ഡി.എഫ്.-ന്റെ കൂടെ വരുമെന്ന് കരുതുകയേ വേണ്ട. രാഷ്ട്രീയം മതിയാക്കി വീട്ടിലിരിക്കേണ്ടിവന്നാലും എനിക്ക് അഭയം തന്ന എൽ.ഡി.എഫ്.-നെ വഞ്ചിച്ചുകൊണ്ട്, അഴിമതിക്കെതിരെ സംസാരിച്ചതിന്റെ പേരിൽ എന്നെ പുറത്താക്കിയ യു.ഡി.എഫ്.-ലേയ്ക്ക് വരുന്ന പ്രശ്നമേയില്ല. എനിക്ക് എന്നും ഭരണപക്ഷത്തിരിക്കാൻ ആഗ്രഹമൊന്നുമില്ല. ഞാൻ ഇപ്പോൾ മന്ത്രിയുമല്ല. ഞാൻ സന്തുഷ്ടനാണ്. എന്റെ നാട്ടുകാരും ജനങ്ങളും എന്നോടൊപ്പമുണ്ട്. സത്യം മാത്രമേ ഞാൻ ചെയ്തിട്ടുള്ളൂ, ഇനിയും അതുമാത്രമേ ചെയ്യുകയുമുള്ളൂ, അതിനൊരു പേടിയുമില്ല. ഏത് അന്വേഷണം വന്നാലും എന്റെ സത്യം തെളിയിക്കപ്പെടും. ' കട്ടവന് കഴച്ചാൽ മതി അല്ലാത്തവന് കഴയ്ക്കണ്ട ' എന്നൊരു ചൊല്ലുണ്ട്. അതുകൊണ്ട് ഉമ്മൻ ചാണ്ടിയുടെ കുടുംബം ഇന്ന്

നന്ദിയോടെ ഓർക്കേണ്ടത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെയാണ്. കാരണം, മരിച്ചുപോയ ഉമ്മൻ ചാണ്ടിയുടെ ആത്മാവിന് ഈ അന്വേഷണത്തിലൂടെ ഒരു ശുദ്ധി നൽകാൻ അദ്ദേഹത്തിന് കഴിഞ്ഞു. സി.ബി.ഐ. അന്വേഷിച്ചപ്പോൾ ക്ലീൻ ചിറ്റ് കിട്ടിയെന്നാണ് പറയുന്നത്. അതിന്റെ സന്തോഷത്തിലാണ് ആ കുടുംബം. ആ സന്തോഷത്തിന്റെ കാരണക്കാരൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണെന്ന് നന്ദിയോടെ ഓർക്കും. ആ കുടുംബത്തിന്റെ പ്രാർത്ഥനയിൽ അവർ അദ്ദേഹത്തെ ഓർക്കും.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഒന്ന് വഴങ്ങുമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഞാൻ ആവശ്യമില്ലാതെ വഴങ്ങുന്നില്ല. അങ്ങ് ഉന്നയിച്ചതിനൊക്കെ ഞാൻ വിശദീകരണം നൽകിക്കഴിഞ്ഞു. ശ്രീ. എൻ. ഷംസുദ്ദീനും ശ്രീ. സണ്ണി ജോസഫും ഈ സഭയിൽ വ്യക്തിപരമായി എന്റെ പേരെടുത്തുപറഞ്ഞ് അധിക്ഷേപിക്കാൻ ശ്രമിച്ചതിനും ഞാൻ മറുപടി പറഞ്ഞു. ശ്രീ. സണ്ണി ജോസഫിന് മറ്റെന്തെങ്കിലും രഹസ്യം അറിയണമെങ്കിൽ വന്നാൽ ഞാൻ പറഞ്ഞുതരാം. റിപ്പോർട്ടിൽ ഞാൻ പറഞ്ഞ മൊഴികൂടി വായിക്കണം, അർദ്ധസത്യം മാത്രം

വെളിപ്പെടുത്താൻ പാടില്ല. ശ്രീ. സണ്ണി ജോസഫ് പറഞ്ഞതിന്റെ വ്യംഗ്യാർത്ഥം എനിക്ക് മനസ്സിലായി. അതൊന്നും കേട്ട് പേടിക്കുന്ന ആളല്ല ഞാൻ.

മി. സ്പീക്കർ: യെസ്......പ്ലീസ്.........

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഉമ്മൻ ചാണ്ടി സാറിന്റെ മകൻ ശ്രീ. ചാണ്ടി ഉമ്മൻ മത്സരിച്ച തെരഞ്ഞെടുപ്പിൽ കോൺഗ്രസിന്റെ പൊതുവേദികളിൽ രാഷ്ട്രീയമായി അനേക ദിവസം പ്രസംഗിച്ച ആളാണ് ശ്രീ. മനോജ്. അദ്ദേഹം രാഷ്ട്രീയമായി എനിക്ക് എതിരാണ്. കഴിഞ്ഞ രണ്ട് തെരഞ്ഞെടുപ്പുകളിലും എനിക്കെതിരാണ്. അങ്ങനെയുള്ള ആ വ്യക്തിപോലും ഞാൻ കുറ്റക്കാരനല്ലെന്നാണ് പറയുന്നത്.

മി. സ്പീക്കർ: യെസ്......പ്ലീസ് കൺക്ലൂഡ്.......

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, വെടക്കാക്കി തനിക്കാക്കാനുള്ള പരിപാടി നടക്കില്ല, അത് മര്യാദയുമല്ല. ബഹുമാനപ്പെട്ട ചെയറിനോട് ഞാൻ നന്ദി പറയുന്നു. പത്രത്തിൽ വന്ന വാർത്ത വച്ചുകൊണ്ട് അടിയന്തരപ്രമേയത്തിൽ എന്റെ പേര് വലിച്ചിഴച്ചു. അങ്ങനെ

പത്രവാർത്തകളെല്ലാം ചർച്ച ചെയ്യണമെങ്കിൽ ധാരാളം കാര്യങ്ങൾ ചർച്ച ചെയ്യാനുണ്ട്. ഇക്കാര്യത്തിൽ എങ്ങനെയെങ്കിലും സ്വാധീനിച്ച് ഞങ്ങളെക്കൂടി രക്ഷിക്കണമെന്ന് പറഞ്ഞ് എന്നെ വിളിച്ച നേതാക്കന്മാർ ഇന്ന് ഈ സഭയിലുണ്ട്. അവരുടെ പേര് ഞാൻ വെളിപ്പെടുത്താത്തത് എന്റെ അന്തസ്സാണ്. എന്റെ അച്ഛൻ എന്നോട് തുറന്നുപറഞ്ഞ കാര്യങ്ങൾ പലതും വെളിപ്പെടുത്താൻ ഞാൻ തയ്യാറാകുന്നില്ല. അത് എന്റെ അന്തസ്സിന് ചേർന്നതല്ല, വേണ്ടിവന്നാൽ അപ്പോൾ വെളിപ്പെടുത്തും.

**03:00 PM]**

**അടിയന്തരപ്രമേയ ചർച്ച – തുടർച്ച**

മുഖ്യമന്ത്രി (**ശ്രീ. പിണറായി വിജയൻ**): സർ, വിചിത്രവും വസ്തുതാവിരുദ്ധവുമായ ചില കാര്യങ്ങളാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവടക്കം ഇവിടെ അവതരിപ്പിക്കാൻ ശ്രമിച്ചത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് മൂന്നാമത്തെ ദിവസം ഏതോ ദല്ലാളിനെ വിളിച്ചുവരുത്തിയെന്നോ ദല്ലാളടക്കം വന്ന് പരാതി നൽകിയെന്നോ മറ്റോ ആണ് പറഞ്ഞത്. ആ ദല്ലാളിനെ പ്രതിപക്ഷത്തിരിക്കുന്നവർക്കെല്ലാം

നല്ലതുപോലെ അറിയാം, ഞാൻ കൂടുതൽ പറയേണ്ട കാര്യമില്ല. ശ്രീ. വി. ഡി. സതീശനും പിണറായി വിജയനും തമ്മിൽ ചില വ്യത്യാസങ്ങളുണ്ട്. അത് ഞാൻ മുഖ്യമന്ത്രിയായപ്പോഴല്ല, അതിനുമുമ്പുതന്നെ ചില വ്യത്യാസങ്ങളുണ്ട്. ദല്ലാളെന്ന് പറഞ്ഞ ആൾ എന്റെയടുത്ത് വന്നപ്പോൾ ഇറങ്ങിപ്പോകണമെന്ന് പറഞ്ഞ വ്യക്തിയാണ് ഞാൻ.  എവിടെ വച്ചാണെന്ന് അറിയാമോ? കേരള ഹൗസിൽ ഞാൻ ബ്രേക്ക് ഫസ്റ്റ് കഴിച്ചുകൊണ്ടിരിക്കുമ്പോഴാണ് അയാൾ എന്റെ റൂമിലേയ്ക്ക് കയറിവന്നത്. അപ്പോഴാണ് ഞാൻ അയാളോട് ഇറങ്ങിപ്പോകാൻ പറഞ്ഞത്.  ശ്രീ. വി. ഡി. സതീശൻ അങ്ങനെ പറയുമോയെന്ന് എനിക്ക് അറിയില്ല. എന്നാൽ അതുപറയാൻ വിജയന് മടിയില്ല. ഇത് നിങ്ങളെ ഏതെങ്കിലും തരത്തിൽ ബോധ്യപ്പെടുത്താൻ പറയുന്ന കാര്യമല്ല, പറയാനിടയാക്കിയ കാരണങ്ങളുണ്ട്. മറ്റുകാര്യങ്ങൾ ഞാൻ കൂടുതൽ പറയുന്നില്ല.  അതുകഴിഞ്ഞ് വർഷങ്ങൾക്കുശേഷം ഞാൻ ഈ സ്ഥാനത്തെത്തിയപ്പോൾ ആ ദല്ലാൾ എന്റെയടുത്ത് വന്നുവെന്ന് പറയുന്നത് നിങ്ങളുടെ ആവശ്യത്തിനുവേണ്ടി കെട്ടിച്ചമയ്ക്കുന്ന കഥ മാത്രമാണ്, അങ്ങനെ മാത്രമേ എനിക്ക് അതിനെ കാണാൻ കഴിയുകയുള്ളൂ. റിപ്പോർട്ട് ഞാൻ

കണ്ടിട്ടില്ല. അയാൾക്ക് അത്ര പെട്ടെന്ന് എന്റെയടുത്ത് വരാനുള്ള മാനസികനിലയുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. അയാൾ മറ്റ് പലയിടത്തും പോകുമെന്നുള്ളത് ശരിയാണ്. പക്ഷെ എന്റെയടുത്ത് അങ്ങനെ വരില്ലെന്നാണ് അതുമായി ബന്ധപ്പെട്ട് പറയാനുള്ളത്. 2016-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നു. 2016 ജൂലൈ 22-നാണ് ഈ പരാതി ലഭിക്കുന്നത്. അത് അധികാരത്തിൽ വന്നതിന്റെ മൂന്നാമത്തെ ദിവസമല്ല, മൂന്നാമത്തെ മാസമാണ്. കേസ് അന്വേഷിക്കാൻ സി.ബി.ഐ.-യെ ഏൽപ്പിച്ചതിനെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. സി.ബി.ഐ.-ക്കുവിട്ട സംഭവവുമായി ബന്ധപ്പെട്ട പരാതി എനിക്ക് ലഭിക്കുന്നത് 12-01-2021-നാണ്. 15-01-2021-നുതന്നെ ഞാൻ അതിന് നിയമോപദേശം തേടുകയും ചെയ്തിട്ടുണ്ട്. അത് ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനുമുമ്പാണ്. ഞാൻ എന്തോ പ്രത്യേക താല്പര്യത്തോടെ ഉമ്മൻ ചാണ്ടിക്കെതിരെ പരാതി എഴുതിവാങ്ങാൻ ശ്രമിച്ചുവെന്ന് സ്ഥാപിക്കാനാണ് പ്രതിപക്ഷം ശ്രമിച്ചത്. എന്നാൽ അതല്ലെന്നാണ് ഇതിലൂടെ വ്യക്തമാകുന്നത്. എസ്.എൻ.സി. ലാവലിൻ

കേസിനെക്കുറിച്ച് പറഞ്ഞു. ഞാൻ അതിന്റെ മറ്റ് കഥകളിലേയ്ക്കൊന്നും പോകുന്നില്ല. പക്ഷെ ഉപേന്ദ്രവർമ്മയെ ഓർമ്മയുണ്ടാകുമല്ലോ; ആ സംഭവങ്ങളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. കേസ് അന്വേഷിച്ച ഏതെങ്കിലും പോലീസുദ്യോഗസ്ഥരെ പെട്ടെന്ന് അവിടെനിന്ന് മാറ്റാനോ ഒരു ദിവസംകൊണ്ട് മറ്റെവിടെയെങ്കിലും ഇരുത്താനോ ഞങ്ങൾ തയ്യാറായിട്ടില്ല. അവരെല്ലാം ആ ചുമതലതന്നെ നിർവ്വഹിച്ചുകൊണ്ടിരിക്കുകയാണ് ചെയ്യുന്നത്. അതായത്, ഞങ്ങൾ പ്രത്യേക രാഷ്ട്രീയ താല്പര്യത്തോടെ കേസ് കൈകാര്യം ചെയ്തിട്ടില്ലെന്നർത്ഥം. ലഭ്യമായ പരാതിയിന്മേൽ നിയമനടപടി സ്വീകരിച്ചെന്നല്ലാതെ അതിന്റെ പിന്നാലെ പോയി ഞങ്ങൾ ആഗ്രഹിക്കുന്ന തരത്തിലുള്ള റിസൾട്ട് ആ അന്വേഷണത്തിലുണ്ടാകണമെന്ന നിലപാട് ഒരു ഘട്ടത്തിലും സ്വീകരിച്ചിട്ടില്ല. കേരളത്തിന്റെ ഭരണരംഗത്ത് യു.ഡി.എഫ്. നേതൃത്വത്തിൽ നടന്ന അധികാര ദുർവിനിയോഗത്തിന്റെയും അഴിമതിയുടെയും അരാജകത്വത്തിന്റെയും സ്വാധീനം എത്ര വലുതായിരുന്നുവെന്ന് തുറന്നുകാണിച്ച ഒന്നായിരുന്നു സോളാർ തട്ടിപ്പ് കേസ്. നാടിന്റെ വികസനത്തിനുവേണ്ടി ഉപയോഗിക്കാനുള്ള പാരമ്പര്യേതര

ഊർജ്ജ പദ്ധതിയാണ് അഴിമതിയിലൂടെ കോടികൾ തട്ടിയെടുക്കാനുള്ള അവസരമാക്കി മാറ്റിയത്. അത് തെളിഞ്ഞു കഴിഞ്ഞ കാര്യങ്ങളാണ്. ഇത് ഞങ്ങളാരും പറയുന്നതല്ല, യു.ഡി.എഫ്. സർക്കാർതന്നെ നിയമിച്ച ജുഡീഷ്യൽ കമ്മീഷന്റെ കണ്ടെത്തലാണ്. തട്ടിപ്പുകാരും ഇടനിലക്കാരും ഭരണത്തിന്റെ ഇടനാഴികളിൽ ആധിപത്യം സ്ഥാപിച്ച അവസ്ഥയാണുണ്ടാക്കിയത്. ആരാണ് ഇതിന് ഉത്തരവാദിയെന്ന് പരിശോധിക്കുമ്പോൾ, നേരത്തെ ആരോ ഇവിടെ പറഞ്ഞതുപോലെ 'അമ്പു കൊള്ളാത്തവരില്ല കുരുക്കളിൽ' എന്ന അവസ്ഥയാണ് അന്നുണ്ടാക്കിയത്. സോളാർ കേസിൽ 2013 ജൂൺ 6-നാണ് പെരുമ്പാവൂർ പോലീസ് ക്രൈം നം. 368/13 എന്ന കേസ് രജിസ്റ്റർ ചെയ്തത്. അതിൽ ആദ്യത്തെ പ്രതിയുടെ അറസ്റ്റ് രേഖപ്പെടുത്തിയത് 2013 ജൂൺ 3-നും മറ്റൊരു പ്രതിയുടെ അറസ്റ്റ് രേഖപ്പെടുത്തിയത് ജൂൺ 17-നുമാണ്. നേരത്തെ ഇവിടെ പറഞ്ഞതുപോലെ, 33 കേസുകളാണ് പ്രത്യേക അന്വേഷണ സംഘം രജിസ്റ്റർ ചെയ്തത്. എ.ഡി.ജി.പി.-യുടെ നേതൃത്വത്തിലാണ് അന്നത്തെ സർക്കാർ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചത്. തുടർന്ന് 2013 ഒക്ടോബർ 28-ന്

ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചു. കമ്മീഷൻ റിപ്പോർട്ട് ലഭിക്കുന്നത് 2016 സെപ്റ്റംബർ 26-നാണ്. പരാതിക്കാരി അഞ്ച് പോലീസുദ്യോഗസ്ഥർക്കെതിരെയും പതിനഞ്ച് രാഷ്ട്രീയ നേതാക്കൾക്കെതിരെയുമാണ് ആരോപണമുന്നയിച്ചത്. അതിൽ അന്നത്തെ മന്ത്രിസഭാംഗങ്ങൾ, സാമാജികർ, പാർലമെന്റ് അംഗങ്ങൾ എന്നിവർ ഉൾപ്പെട്ടിട്ടുണ്ടായിരുന്നു. സോളാർ കേസുകളിൽ ഉൾപ്പെട്ടിരുന്ന വ്യക്തി പീഡനം ആരോപിച്ച് 2018 ഒക്ടോബർ 1-നാണ് സൗത്ത് സോൺ എ.ഡി.ജി.പി. മുമ്പാകെ പരാതി നൽകിയത്. ഈ പരാതിയിന്മേൽ സംസ്ഥാന ക്രൈം ബ്രാഞ്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുകൊണ്ടിരുന്നപ്പോഴാണ് സി.ബി.ഐ.-ക്ക് വിടണമെന്ന് ആവശ്യപ്പെട്ട് 12-01-2021-ൽ പരാതിക്കാരി നിവേദനം തന്നത്. ഇതിന്മേൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെ നിയമോപദേശം തേടിയശേഷമാണ് കേസിന്റെ അന്വേഷണച്ചുമതല സി.ബി.ഐ.-യെ ഏൽപ്പിക്കാൻ 23-01-2021-ന് സർക്കാർ തീരുമാനമെടുത്തത്. ഇതിന്റെ തുടർച്ചയായി 14-08-2021-ൽ സംസ്ഥാന ക്രൈം ബ്രാഞ്ച് രജിസ്റ്റർ ചെയ്ത ക്രൈം 43/2018 നമ്പർ കേസ്

സി.ബി.ഐ. സ്പെഷ്യൽ ക്രൈം ബ്രാഞ്ച്, തിരുവനന്തപുരം RC 34/2021/S0005 ആയി റീ രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചു. ബഹുമാനപ്പെട്ട തിരുവനന്തപുരം സി.ജെ.എം. കോടതി മുമ്പാകെ 26-12-2022-ന് സി.ബി.ഐ. അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതായാണ് മാധ്യമങ്ങളിൽനിന്നും അറിയാൻ സാധിക്കുന്നത്. പ്രസ്തുത റിപ്പോർട്ട് സംസ്ഥാന സർക്കാരിന്റെ പക്കൽ ലഭ്യമല്ലാത്തതിനാൽ അതിൽ പറയുന്ന പരാമർശങ്ങളിന്മേൽ അഭിപ്രായം പറയാൻ ഇപ്പോൾ നിർവ്വാഹമില്ല. ചട്ടം 50 അനുസരിച്ച് നിയമസഭയിൽ അടിയന്തര പ്രാധാന്യമുള്ള വിഷയങ്ങൾ അടിയന്തരപ്രമേയമായി അവതരിപ്പിക്കുന്നതിനുവേണ്ടിയാണ് ബഹുമാനപ്പെട്ട സാമാജികർ നോട്ടീസ് നൽകേണ്ടത്. അന്വേഷണം പൂർത്തീകരിച്ച് 26-12-2022-ന് സി.ബി.ഐ. സമർപ്പിച്ചുവെന്ന് മാധ്യമങ്ങളിൽ വന്ന റിപ്പോർട്ടിൽ ചില നിരീക്ഷണങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്നാണ് ഇവിടെ പരാമർശം വന്നിട്ടുള്ളത്. അത് എന്താണെന്ന് ഊഹിച്ചെടുത്ത് അതിന്മേൽ ചർച്ച വേണമെന്നതാണ് ആവശ്യമായി ഉയർന്നുവന്നത്. ഇതിൽ ഒന്നും

മറച്ചുവയ്ക്കാനില്ലാത്തതുകൊണ്ടാണ് ചട്ടപ്രകാരം നിലനിൽപ്പുണ്ടോ ഇല്ലയോ എന്ന് നോക്കാതെ ഈ പ്രമേയത്തിന്മേൽ ചർച്ചയ്ക്ക് ഞങ്ങൾ തയ്യാറായത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, സർക്കാരിന്റെ കൈയിൽ റിപ്പോർട്ടില്ലെന്ന് പറയുന്നത് വിചിത്രമായി തോന്നുന്നു. മാധ്യമ സിൻഡിക്കേറ്റ് എന്ന വാക്ക് ആദ്യമായി കേരള രാഷ്ട്രീയത്തിൽ ഉപയോഗിച്ചത് അങ്ങാണ്, അത് ഏത് സാഹചര്യത്തിലാണെന്നും അറിയാം. അന്ന് അങ്ങേയ്ക്കെതിരെ ഞങ്ങളല്ല മാധ്യമ സിൻഡിക്കേറ്റുണ്ടാക്കിയത്. 'മാധ്യമ സിൻഡിക്കേറ്റ്' എന്ന ഒരു ഓൺലൈൻ ചാനലിൽ ശ്രീ. അനിൽ ഇമ്മാനുവേൽ എന്ന പത്രപ്രവർത്തകനാണ് ഈ വാർത്ത ആദ്യം പുറത്തുവിട്ടതെന്നതാണ് രസകരമായ ഒരു കാര്യം. സി.ബി.ഐ. റിപ്പോർട്ട് എല്ലാവരുടെയും കൈയിലുണ്ട്. സംസ്ഥാന സർക്കാരിന്റെ കൈയിൽ അത് ഇല്ലെന്നുപറഞ്ഞാൽ വിശ്വസിക്കാൻ പ്രയാസമാണ്. പതിനായിരം കോടി രൂപയുടെ അഴിമതി ഈ കേസിൽ നടന്നുവെന്ന് അങ്ങ് ഉൾപ്പെടെയുള്ളവർ അന്ന് പറഞ്ഞു. എന്നാൽ സാമ്പത്തിക ആരോപണത്തിന് അടിസ്ഥാനമില്ലെന്നും ഡോക്യുമെന്ററി എവിഡൻസില്ലെന്നും സി.ബി.ഐ.

റിപ്പോർട്ടിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. സർക്കാരിന്റെ ഖജനാവിൽനിന്ന് ഒരു രൂപപോലും നഷ്ടപ്പെട്ടിട്ടില്ല. പതിനായിരം കോടി രൂപയുടെ അഴിമതി നടന്നുവെന്ന് പറഞ്ഞത് ശരിയല്ല.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, റിപ്പോർട്ട് ഞാൻ കണ്ടിട്ടില്ലെന്ന് പറഞ്ഞല്ലോ. അങ്ങ് പറയുന്ന ഏതെല്ലാം ഭാഗങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്നും ഏതെല്ലാം ഉൾപ്പെട്ടിട്ടില്ലെന്നുമുള്ള കാര്യങ്ങൾ റിപ്പോർട്ട് വിശദമായി പരിശോധിച്ചാൽ മാത്രമേ പറയാൻ സാധിക്കുകയുള്ളൂ. ഇതിൽ ഗൂഢാലോചന നടന്നിട്ടുണ്ടെന്നും അന്വേഷണം വേണമെന്നും നേരത്തെ അങ്ങ് പറഞ്ഞിട്ടുണ്ട്. അക്കാര്യത്തിൽ എനിക്ക് പറയാനുള്ളത് ഞാൻ അവസാനം പറയുന്നുണ്ട്. റിപ്പോർട്ട് കൈയിലുണ്ടെന്ന് ഉത്തമ വിശ്വാസമുണ്ടെങ്കിൽ അതിൽ പറയുന്ന ഭാഗങ്ങൾകൂടി ഉൾപ്പെടുത്തിക്കൊണ്ട് അന്വേഷണം വേണമെന്ന് ആവശ്യപ്പെട്ടാൽ അതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നിയമപരമായ നടപടികൾ എന്താണെന്നുള്ളത് പരിശോധിക്കാം. ഞങ്ങളെ സംബന്ധിച്ച് അതിനൊന്നും ഒരു പ്രയാസവുമില്ല. സോളാർ കേസിന്റെ പശ്ചാത്തലമൊക്കെ ഇവിടെ ഏകദേശം വ്യക്തമായിട്ടുണ്ട്. സോളാർ

അന്വേഷണ കമ്മീഷന്റെ റിപ്പോർട്ടും നടപടിക്കുറിപ്പും സഭയുടെ മേശപ്പുറത്തുവച്ചുകൊണ്ട് ചട്ടം 300 പ്രകാരം വിശദമായ ഒരു പ്രസ്താവന 2017 നവംബർ 9-ന് നടത്തിയിരുന്നു. 26-09-2017-ന് സർക്കാരിന് സമർപ്പിക്കപ്പെട്ട കമ്മീഷൻ റിപ്പോർട്ടിന്മേൽ അഡ്വക്കേറ്റ് ജനറൽ, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ എന്നിവരുടെയെല്ലാം നിയമോപദേശം തേടിയതിനുശേഷം 11-10-2017-ന് മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചു. തുടർന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുമുമ്പ് ഇക്കാര്യത്തിൽ സുപ്രീംകോടതി റിട്ടയേർഡ് ജഡ്ജ്, ജസ്റ്റിസ് ശ്രീ. അരിജിത് പസായത്തിന്റെ നിയമോപദേശംകൂടി തേടാൻ 19-10-2017-ന് ചേർന്ന മന്ത്രിസഭാ യോഗം തീരുമാനിച്ചു. അദ്ദേഹം നൽകിയ നിയമോപദേശംകൂടി അടിസ്ഥാനപ്പെടുത്തിയാണ് തുടർനടപടിക്കുള്ള ഉത്തരവ് 08-11-2017-ലെ മന്ത്രിസഭാ യോഗത്തിന്റെ അംഗീകാരത്തോടുകൂടി പുറപ്പെടുവിച്ചത്. തികഞ്ഞ അവധാനതയോടും ജാഗ്രതയോടുംകൂടിയാണ് സർക്കാർ ഇക്കാര്യത്തിൽ മുന്നോട്ടുനീങ്ങിയത്. ഇവിടെ എടുത്തുപറയാനുള്ള ഒരു കാര്യം, ജുഡീഷ്യൽ കമ്മീഷനെ നിയമിച്ചത് മുൻ യു.ഡി.എഫ്.

സർക്കാരായിരുന്നുവെന്നുള്ളതാണ്. എല്ലാ നിയമവശങ്ങളും പരിശോധിച്ചശേഷമുള്ള തുടർനടപടികളാണ് പിന്നീട് അധികാരത്തിൽ വന്ന എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ചത്. കമ്മീഷന്റെ ചില പ്രധാനപ്പെട്ട കണ്ടെത്തലുകൾ ഇവിടെ ഉദ്ധരിക്കാം:- "അന്നത്തെ മുഖ്യമന്ത്രിയുടെയും അദ്ദേഹം വഴി അദ്ദേഹത്തിന്റെ പേഴ്സണൽ സ്റ്റാഫായിരുന്ന രണ്ടുപേരുടെയും ഗൺമാന്റെയും അദ്ദേഹത്തിന്റെ ഡൽഹിയിലെ സഹായിയുടെയുമെല്ലാം സഹായം പ്രതിയായ പരാതിക്കാരിക്കും അവരുടെ കമ്പനിക്കും ഉപഭോക്താക്കളെ വഞ്ചിക്കാൻ സാഹചര്യമൊരുക്കിയിട്ടുണ്ട്. അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി പോലീസ് ഉദ്യോഗസ്ഥർ മുഖേന അന്നത്തെ മുഖ്യമന്ത്രിയെ ക്രിമിനൽ ബാധ്യതയിൽനിന്നും ഒഴിവാക്കാനായി പരിശ്രമിച്ചു. അതിനായി പ്രത്യേക അന്വേഷണ സംഘം ആയാസപ്പെടുകയുണ്ടായി. അന്നത്തെ മുഖ്യമന്ത്രിയെ രക്ഷിക്കാനായി മുൻ എം.എൽ.എ. ശ്രീ. തമ്പാനൂർ രവിയും അന്ന് എം.എൽ.എ. ആയിരുന്ന ശ്രീ. ബെന്നി ബെഹനാനും പ്രവർത്തിച്ചു. എന്നാൽ ശാസ്ത്രീയ തെളിവുകളുടെ അടിസ്ഥാനത്തിൽ മന്ത്രിമാർ, സർക്കാർ ഉദ്യോഗസ്ഥർ, കേന്ദ്ര മന്ത്രി, ചില

നിയമസഭാംഗങ്ങൾ, ചില പോലീസ് ഉദ്യോഗസ്ഥർ എന്നിവരുടെ ഇടപാടുകളിൽ പ്രത്യേക അന്വേഷണ സംഘം ആഴത്തിലുള്ള അന്വേഷണം നടത്തിയില്ല. അന്നത്തെ ഊർജ്ജ വകുപ്പുമന്ത്രി ടീം സോളാർ കമ്പനിയെ കഴിയാവുന്ന രീതിയിലൊക്കെ സഹായിച്ചിട്ടുണ്ട്. 19-07-2013-ലെ സരിത എസ്. നായരുടെ കത്തിൽ സൂചിപ്പിച്ചിട്ടുള്ള ആളുകൾക്ക് സരിതയും അവരുടെ അഭിഭാഷകനുമായി ഫോൺ മുഖാന്തരം നിരന്തര ബന്ധമുണ്ടായിരുന്നുവെന്ന് തെളിവിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ കണ്ടെത്തി. കമ്മീഷന് മുമ്പാകെ ഹാജരാക്കപ്പെട്ട തെളിവിന്റെ അടിസ്ഥാനത്തിൽ അഴിമതിയും നിയമവിരുദ്ധമായ പ്രതിഫലംപറ്റലും ആരോപിക്കപ്പെട്ട എല്ലാ വ്യക്തികൾക്കുമെതിരായി അഴിമതി തടയൽ നിയമത്തിലെ വ്യവസ്ഥകൾ ബാധകമാണോയെന്ന കാര്യം സംസ്ഥാന സർക്കാർ ഗൗരവമായി പരിഗണിക്കണമെന്ന് കമ്മീഷൻ ശിപാർശ ചെയ്യുന്നു". കമ്മീഷന്റെ കണ്ടെത്തലുകളെത്തുടർന്നുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇവിടെ ഭരണകക്ഷി അംഗങ്ങൾ സംസാരിച്ചപ്പോൾ പറഞ്ഞ narrative ഇതല്ല. ശ്രീ.

തിരുവഞ്ചൂർ രാധാകൃഷ്ണൻ മുഖ്യമന്ത്രിയായിരുന്ന ഉമ്മൻ ചാണ്ടിയെ പിന്നിൽനിന്നും കുത്താൻ ശ്രമിച്ചുവെന്നാണ് പറഞ്ഞത്. ഇപ്പോൾ റിപ്പോർട്ടിൽ പറയുന്നത് ക്രിമിനൽ ലയബിലിറ്റിയിൽനിന്നും ഉമ്മൻ ചാണ്ടിയെ രക്ഷിക്കാൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ശ്രമിച്ചുവെന്നാണ്. ഇത് പരസ്പരവിരുദ്ധമായ കാര്യമല്ലേ? മാത്രമല്ല, ഈ ആരോപണങ്ങൾക്കെല്ലാം ഒരു finality വന്നിരിക്കുകയാണ്. ഒരുതരത്തിലുള്ള സാമ്പത്തിക ആരോപണത്തിനും അടിസ്ഥാനമില്ല, പറഞ്ഞിരിക്കുന്ന ആരോപണങ്ങൾക്കൊന്നും ഒരു അടിത്തറയുമില്ല. അന്വേഷണം പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് വന്നിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പോലീസ് അന്വേഷിച്ചിട്ടും ഒന്നും കണ്ടെത്താനാകാത്തതുകൊണ്ടാണ് രണ്ടാമത് സി.ബി.ഐ.-ക്ക് വിട്ടത്. പോലീസ് ഉദ്യോഗസ്ഥർ പലരും മാറിമാറി അന്വേഷിച്ചിട്ടും ആരോപണങ്ങളൊന്നും തെളിയിക്കാൻ സാധിച്ചില്ല. എല്ലാം വ്യാജമായിരുന്നു. അതല്ലേ യാഥാർത്ഥ്യം?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ റിപ്പോർട്ട് വായിച്ചത് നന്നായി. സത്യം പറഞ്ഞാൽ ഞാൻ ശ്വാസംപിടിച്ച് ഇരിക്കുകയായിരുന്നു. അങ്ങ് സത്യസന്ധമായി അത് പറഞ്ഞു. വിശ്വത്തോളം ഉയർന്ന ഉമ്മൻ ചാണ്ടിയെ സഹായിക്കാൻ ഞാൻ ശ്രമിച്ചുവെന്ന് പറഞ്ഞത് പൂർണ്ണമായും സ്വീകരിക്കുന്നു. അദ്ദേഹത്തെ സഹായിക്കേണ്ടത് എന്റെ ബാധ്യതയായിരുന്നു. എന്നാൽ ഞാൻ വഴിവിട്ട് സഹായിച്ചിട്ടില്ല, അദ്ദേഹമത് ആവശ്യപ്പെട്ടിട്ടുമില്ല. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ അന്ത്യയാത്രയിൽ ലക്ഷക്കണക്കിനാളുകൾ കൂടിയതെന്ന സത്യംകൂടി ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഓർമ്മിപ്പിക്കുകയാണ്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അത് വേറെ കാര്യമാണ്, രണ്ടും രണ്ടാണ്. കമ്മീഷന്റെ കണ്ടെത്തലുകളെത്തുടർന്ന് ആവശ്യമായ നിയമ പരിശോധനയ്ക്കുശേഷമാണ് സർക്കാർ നടപടി സ്വീകരിച്ചത്. സോളാർ തട്ടിപ്പ് കേസ് ഇടതുപക്ഷ ജനാധിപത്യമുന്നണിയോ എൽ.ഡി.എഫ്. സർക്കാരോ സൃഷ്ടിച്ചതോ കെട്ടിച്ചമച്ചതോ അല്ല. ആ കേസിന്റെ തുടക്കംമുതൽ അഭിനയിക്കുന്നവർ കോൺഗ്രസ്സുകാർ തന്നെയാണ്. ഉപ്പ്

തിന്നവരുണ്ടെങ്കിൽ വെള്ളം കുടിക്കട്ടെയെന്ന നിലപാട് ഞങ്ങൾ സ്വീകരിച്ചുവെന്ന് മാത്രമേയുള്ളൂ. അല്ലാതെ ഉപ്പ് തീറ്റിക്കാൻവേണ്ടി ഞങ്ങൾ പുറപ്പെടില്ല. അന്നും ഇന്നും അതുതന്നെയാണ് ഞങ്ങളുടെ നിലപാട്. വ്യവസ്ഥാപിത രീതിയിൽ നിയമപരമായ അന്വേഷണം നടക്കട്ടെ, കുറ്റം തെളിഞ്ഞാൽ ശിക്ഷിക്കപ്പെടട്ടെ എന്ന നിലപാട് മാത്രമേ ഞങ്ങൾ എടുത്തിട്ടുള്ളൂ. സോളാർ തട്ടിപ്പ് പരാതികൾ ഉയർന്നുവന്ന ഘട്ടത്തിലും അതിൽ അന്നത്തെ ഭരണ നേതൃത്വത്തിന്റെയും അന്നത്തെ മുഖ്യമന്ത്രിയുടെയും മന്ത്രിമാരടക്കമുള്ളവരുടെയും പേരുകൾ ഉയർന്നപ്പോഴും ഇപ്പോൾ സി.ബി.ഐ. അന്വേഷണ റിപ്പോർട്ടിന്റെ പേരിൽ പ്രതിപക്ഷം അവകാശവാദങ്ങൾ ഉന്നയിക്കുമ്പോഴും നേരത്തെയുള്ള ഞങ്ങളുടെ നിലപാടിൽ മാറ്റമില്ല, അതിൽത്തന്നെ ഞങ്ങൾ ഉറച്ചുനിൽക്കുകയാണ്. അന്നത്തെ മുഖ്യമന്ത്രിക്കെതിരെ അതിശക്തമായി രംഗത്തെത്തുകയും പത്തനംതിട്ട കോടതിയിൽ രഹസ്യമൊഴി കൊടുക്കുകയും ചെയ്ത വ്യവസായി ശ്രീ. മല്ലേലിൽ ശ്രീധരൻ നായർ കോൺഗ്രസ്സുകാരനും മുൻ കെ.പി.സി.സി. അംഗവുമായിരുന്നു. അദ്ദേഹത്തിന്റെ മൊഴിയുടെ അടിസ്ഥാനത്തിലാണ്

അന്നത്തെ മുഖ്യമന്ത്രിക്കെതിരെ ശക്തമായ ആക്ഷേപമുണ്ടായത്. അദ്ദേഹം ഞങ്ങളെ സഹായിക്കാൻവേണ്ടി പറഞ്ഞതൊന്നുമല്ല, അദ്ദേഹത്തിന്റെ വേദന പറഞ്ഞതാണ്. 'മുഖ്യമന്ത്രിയുടെ മുറിയിൽ വച്ച് അന്നത്തെ മുഖ്യമന്ത്രി നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിലാണ് താൻ പണം കൈമാറ്റം ചെയ്തത്' എന്നതായിരുന്നു അദ്ദേഹത്തിന്റെ മൊഴി. പിന്നീട് അധികാരത്തിൽ വന്ന എൽ.ഡി.എഫ്. സർക്കാരിന് ഇതിൽ എന്താണ് പങ്ക്? അന്നത്തെ മുഖ്യമന്ത്രിയെ വ്യക്തിപരമായി ഏറ്റവുമധികം ആക്ഷേപിച്ചതും മാധ്യമങ്ങൾക്ക് മുന്നിൽ നിരന്തരം പ്രസ്താവന നടത്തിയതും അന്നത്തെ ഭരണമുന്നണിയുടെ ചീഫ് വിപ്പ് പദവി വഹിച്ച വ്യക്തിയായിരുന്നില്ലേ? സെക്രട്ടേറിയറ്റിലെ മുഖ്യമന്ത്രിയുടെ ഓഫീസ് മുറിയിൽ അന്നത്തെ മുഖ്യമന്ത്രിയെയും പരാതിക്കാരിയെയും അരുതാത്ത രീതിയിൽ കണ്ടുവെന്ന് ഇദ്ദേഹം പറഞ്ഞതിന്റെ ദൃശ്യങ്ങൾ ഇപ്പോഴും പൊതുജനങ്ങൾക്ക് മുന്നിൽ ലഭ്യമാണ്. അതിൽ ഞങ്ങൾക്ക് എവിടെയാണ് പങ്ക്; ഞങ്ങൾ എന്തെങ്കിലും ദുർബോധനം നടത്തിയോ? മുൻ കെ.പി.സി.സി. അദ്ധ്യക്ഷനും നിലവിലെ ലോക്സഭാംഗവുമായ ഒരു ബഹുമാന്യ വ്യക്തി പറഞ്ഞത്, 'പാതിരാത്രിയിൽ

വിവാദ നായികയെ കോൺഗ്രസ് മന്ത്രിമാരും നേതാക്കളും വിളിച്ചത് കോൺഗ്രസ്സിന്റെ ഭരണഘടന പഠിപ്പിക്കാനല്ലല്ലോ' എന്നാണ്. ഞങ്ങൾ ആരുടെയും വാക്കുകേട്ട് പറഞ്ഞതല്ല, അതിൽ ഞങ്ങൾക്കൊരു പങ്കുമില്ല. നിങ്ങൾ ഇപ്പോൾ പൊതുമണ്ഡലത്തിലെ വേട്ടയാടലിനെക്കുറിച്ച് വാചാലരാകുന്നുണ്ടല്ലോ, രാഷ്ട്രീയ ലക്ഷ്യം വച്ചുകൊണ്ടുള്ള വേട്ടയാടലുകളെക്കുറിച്ച് ഒരു സംവാദം നടത്തുന്നത് സ്വാഗതാർഹമായ കാര്യമാണ്. സോളാർ കേസിൽ വേട്ടയാടലുകൾ ആര് തുടങ്ങി, ആര് തുടർന്നുവെന്നൊക്കെ മേൽപ്പറഞ്ഞ ചില വസ്തുതകളുടെ അടിസ്ഥാനത്തിൽ പകൽപോലെ വ്യക്തമാകുന്നതാണ്. ജനങ്ങളോട് ഉത്തരവാദിത്വമുള്ള ജനപ്രതിനിധികളെന്ന നിലയിലും പ്രതിപക്ഷ രാഷ്ട്രീയ പാർട്ടികളെന്ന നിലയിലും പ്രതിഷേധമുയർത്താൻ ഞങ്ങൾ തയ്യാറാകും, അത് സ്വാഭാവികമാണ്. അത് ഒരിക്കലും വ്യക്തികളെ വേട്ടയാടാൻ വേണ്ടിയുള്ളതായിരുന്നില്ല. ഞങ്ങൾ നടത്തിയ സമരത്തിന്റെ ഭാഗമായി അനിഷ്ട സംഭവങ്ങൾ നടന്നിട്ടുണ്ടെങ്കിൽ അതിനെ അപലപിക്കാനും ഞങ്ങൾ മടി കാണിച്ചിട്ടില്ല. കേരള രാഷ്ട്രീയത്തിൽ വേട്ടയാടലുകളുടെ ഒരു ചരിത്രം

കൂടിയുണ്ട്. അത് പറഞ്ഞാൽ പ്രമേയാവതാരകന്റെ പാർട്ടിക്ക് അത്ര സുഖകരമായിരിക്കുമോയെന്ന് സംശയമുണ്ട്. 1957-1959 കാലഘട്ടത്തിൽ ആദ്യ നിയമസഭയിൽ പ്രതിപക്ഷനേതാവായും പിന്നീട് 1960-1964-ൽ നിലവിൽവന്ന കോൺഗ്രസ് നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ ആഭ്യന്തര വകുപ്പുമന്ത്രിയുമായിരുന്ന പി. ടി. ചാക്കോയെ നിങ്ങൾ മറക്കാനിടയില്ല. ഒരു സംഭവത്തിന്റെ പേരിൽ അദ്ദേഹത്തെ അന്നത്തെ കോൺഗ്രസ്സ് ഗ്രൂപ്പുകൾ ഏത് രീതിയിലാണ് വിമർശിച്ചത്? അത് വേട്ടയാടലാണോ അല്ലയോ എന്ന് ഞാൻ പറയേണ്ട കാര്യമില്ല. ചരിത്രം നോക്കിയാൽ അന്നേ വേട്ടയാടൽ തുടങ്ങിയെന്നർത്ഥം. 1994-ൽ കെ. കരുണാകരൻ മുഖ്യമന്ത്രി പദം രാജിവയ്ക്കുന്നതിനുമുമ്പ് തിരുവനന്തപുരത്ത് ഒരു പൊതുയോഗത്തിൽ പ്രസംഗിച്ചപ്പോൾ പിന്നിൽനിന്നും കുത്തിയ സ്വന്തം പാർട്ടിയിലെ ചില നേതാക്കന്മാരെയും താൻ വിധേയനായ വേട്ടയാടലുകളെയും പറ്റി പറഞ്ഞത് ഈ ഘട്ടത്തിൽ സ്മരിക്കേണ്ടതാണ്. 1991-1996 കാലഘട്ടത്തിൽ ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന പി. വി. നരസിംഹറാവു നടപ്പാക്കിയ നവലിബറൽ സാമ്പത്തിക പരിഷ്കരണങ്ങളെയും അന്നത്തെ അഴിമതികളെയും

ഇടതുപക്ഷം അതിശക്തമായി എതിർത്തിരുന്നു. പക്ഷെ അദ്ദേഹം മരിച്ചപ്പോൾ താൻ അദ്ധ്യക്ഷനായിരുന്ന പാർട്ടിയുടെ ഓഫീസിന്റെ കവാടങ്ങൾ അദ്ദേഹത്തിന്റെ മൃതദേഹം വഹിച്ചുകൊണ്ടുള്ള വാഹനത്തിന് പ്രവേശനം നിഷേധിച്ചുകൊണ്ട് അടഞ്ഞുകിടക്കുകയുണ്ടായി എന്നായിരുന്നു വാർത്തകൾ. ഇത് പകയാണോ, വേട്ടയാടലാണോ? ദേശീയ പ്രസ്ഥാനത്തിലും സ്വാതന്ത്ര്യാനന്തര ഇന്ത്യയിലും തൊഴിലാളികളുടെയും കർഷകരുടെയും പാവപ്പെട്ട മനുഷ്യരുടെയും പ്രശ്നങ്ങളുയർത്തി സമരം ചെയ്തിട്ടുള്ള പ്രമുഖ ദേശീയ നേതാവായ എ. കെ. ഗോപാലൻ 1977-ലെ തെരഞ്ഞെടുപ്പ് ഘട്ടത്തിൽ ശയ്യാവലംബനായി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ കിടക്കുമ്പോൾ ഒരു മുദ്രാവാക്യം വിളിച്ചിരുന്നു. അത് മനസ്സിൽനിന്നും അങ്ങനെ പോകില്ല. നിങ്ങളിൽ ചിലർ ഓർക്കുന്നുണ്ടാകും, 'കാലൻ വന്നുവിളിച്ചിട്ടും പോകാത്തതെന്തേ ഗോപാലാ' എന്നായിരുന്നു പ്രമേയാവതാരകന്റെ മുൻ തലമുറക്കാർ വിളിച്ചത്. ഇതൊക്കെ നമ്മുടെ മനസ്സിൽ എപ്പോഴും മായാത്ത അടയാളമായി കിടക്കുന്ന കാര്യങ്ങളാണ്. രാഷ്ട്രീയ അഭിപ്രായവ്യത്യാസം പകപോക്കാനും

വേട്ടയാടാനുമുള്ള അടിസ്ഥാനമാണെന്ന് നിരന്തരം നിങ്ങൾ തെളിയിക്കുകയാണ്. അത് തെറ്റായ കീഴ്വഴക്കമാണെന്ന് ഇപ്പോഴെങ്കിലും അംഗീകരിച്ചാൽ അത്രയും നല്ലത്. നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിൽ യാതൊരു പക്ഷഭേദവും കാണിക്കാതെ മുന്നോട്ടുപോകാൻ മടിയില്ലാത്ത സർക്കാരാണ് ഇപ്പോൾ അധികാരത്തിലുള്ളത്. ലഭ്യമല്ലാത്ത റിപ്പോർട്ടിൽ ഉണ്ടെന്ന് പറയുന്ന പരാമർശങ്ങളുടെ പേരിൽ അന്വേഷണം പ്രഖ്യാപിക്കണമെന്ന ആവശ്യത്തിനോട് എങ്ങനെ പ്രതികരിക്കണമെന്നത് ഒരു പ്രശ്നമാണെന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചതാണ്. ഞങ്ങളാരും ആരെയും വേട്ടയാടിയിട്ടില്ല. ആരാണ് വേട്ടയാടിയതെന്ന് നിങ്ങൾതന്നെ ആലോചിച്ചാൽ മതി. മുമ്പ് സംസ്ഥാനം മുഴുവൻ കത്തി നിന്നിരുന്ന ഈ വിഷയം ഒരുതരത്തിൽ ശമിച്ച് നിൽക്കുന്ന ഘട്ടത്തിൽ വീണ്ടുമത് സമൂഹത്തിൽ ചർച്ചാ വിഷയമാക്കിയതും ഉയർത്തിക്കൊണ്ടുവന്നതും നിങ്ങളാണ്. അത് ഒരുതരം വേട്ടയാടലല്ലേ? എന്തിനാണ് അത്തരമൊരു കാര്യത്തിന് നിങ്ങൾ പുറപ്പെട്ടതെന്ന് മനസ്സിലാകുന്നില്ല. ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ യു.ഡി.എഫ്.-ഉം ഒരു

വിഭാഗം മാധ്യമങ്ങളും ചേർന്ന് നടത്തുന്ന ഗൂഢനീക്കങ്ങൾ ജനങ്ങൾ തിരിച്ചറിയുന്നുണ്ടെന്ന് നിങ്ങൾ മനസ്സിലാക്കണം. ഇവിടെ ഗൂഢാലോചന നടന്നുവെന്നും അതുസംബന്ധിച്ച് അന്വേഷണം വേണമെന്നും നിങ്ങൾ പറഞ്ഞു. സി.ബി.ഐ. റിപ്പോർട്ടിന്റെ ഭാഗമായി നിങ്ങൾക്ക് ഉന്നയിക്കാനുള്ള കാര്യങ്ങൾ ഉന്നയിച്ചാൽ നിയമപരമായ പരിശോധന നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഒരിക്കൽക്കൂടി ഞാൻ വ്യക്തമാക്കുകയാണ്. ഈ പ്രമേയം ചർച്ചയുടെ വെളിച്ചത്തിൽ തള്ളിക്കളയണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. ഷാഫി പറമ്പിൽ, പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ധനകാര്യം - തുടർച്ച

ശ്രീ. റോജി എം. ജോൺ: സർ, ബഹുമാന്യനായ മുഖ്യമന്ത്രി അടിയന്തരപ്രമേയ ചർച്ചയുടെ മറുപടി പ്രസംഗത്തിന്റെ അവസാനഭാഗത്ത്

പറഞ്ഞത് ഉമ്മൻ ചാണ്ടിയെ എൽ.ഡി.എഫ്.-ഉം സി.പി.ഐ.(എം.)-ഉം വേട്ടയാടിയിട്ടില്ലെന്നും കോൺഗ്രസ്സിന്റെ ഭാഗത്തുനിന്നാണ് വേട്ടയാടിയതെന്നും അതെല്ലാം ജനങ്ങൾ കാണുകയും മനസ്സിലാക്കുകയും ചെയ്യുന്നുണ്ടെന്നുമാണ്. അദ്ദേഹം അവസാനം പറഞ്ഞ വാക്കുകൾ സത്യമാണ്. ഉമ്മൻ ചാണ്ടിയെ കേരള രാഷ്ട്രീയത്തിൽ വ്യക്തിപരമായും രാഷ്ട്രീയപരമായും വേട്ടയാടിയത് ആരാണെന്നുള്ളത് കേരളത്തിലെ ജനങ്ങൾ കാണുന്നുണ്ട്. പുതുപ്പള്ളിയിലെ ജനങ്ങൾ അത് മനസ്സിലാക്കിയതുകൊണ്ടാണ് ചരിത്രത്തിലെ ഏറ്റവും വലിയ റെക്കോർഡ് ഭൂരിപക്ഷത്തിൽ പ്രിയപ്പെട്ട ചാണ്ടി ഉമ്മനെ അവർ വിജയിപ്പിച്ച് കേരള നിയമസഭയിലേയ്ക്ക് അയച്ചത്. ഞാൻ ആദ്യംതന്നെ അദ്ദേഹത്തെ അഭിനന്ദിക്കുന്നു. ഉമ്മൻ ചാണ്ടിയെ ജീവിച്ചിരുന്ന കാലത്ത് മാത്രമല്ല എൽ.ഡി.എഫ്. വേട്ടയാടിയിട്ടുള്ളത്, അദ്ദേഹത്തിന്റെ മരണശേഷവും അത് തുടർന്നു. അതിനുള്ള മറുപടി പുതുപ്പള്ളിയിലെ ജനങ്ങൾ നൽകിയത് തെരഞ്ഞെടുപ്പ് ഫലത്തിന്റെ രൂപത്തിലാണ്. സർക്കാരിനെതിരായി, ഈ വേട്ടയാടലിനെതിരായുള്ള മറുപടിയായി പുതുപ്പള്ളിയിലെ ജനങ്ങൾ

വിധിയെഴുതുകയായിരുന്നുവെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഈ വേട്ടയാടലിനെയും സർക്കാരിന്റെ അഴിമതികളെയും കുറിച്ച് ഒന്നിനുപുറകെ ഒന്നായി അക്കമിട്ട് പുതുപ്പള്ളിയിലെ ജനങ്ങളോട് ഞങ്ങൾ പറഞ്ഞിട്ടുണ്ട്. അഴിമതിയുടെ കഥകൾ പൊതുസമൂഹത്തോട് വിളിച്ചുപറയുമെന്നും നിയമസഭയ്ക്കകത്തും ഈ വിഷയങ്ങൾ കൊണ്ടുവരുമെന്നും തെരഞ്ഞെടുപ്പ് വേളയിൽ പുതുപ്പള്ളിയിലെയും കേരളത്തിലെയും ജനങ്ങൾക്ക് ഞങ്ങൾ വാക്ക് കൊടുത്തിരുന്നു. അത് പുതുപ്പള്ളിയിലെ ജനങ്ങൾ അംഗീകരിച്ചതുകൊണ്ടാണ് വലിയ ഭൂരിപക്ഷത്തിൽ യു.ഡി.എഫ്.-ന് വിജയിക്കാൻ സാധിച്ചത്. എ.ഐ. (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) ക്യാമറയുമായി ബന്ധപ്പെട്ട് ശ്രീ. പി. സി. വിഷ്ണുനാഥും മാസപ്പടിയുമായി ബന്ധപ്പെട്ട് ഡോ. മാത്യു കുഴൽനാടനും പറഞ്ഞ കാര്യങ്ങൾ പുതുപ്പള്ളിയിലെ ജനങ്ങൾക്ക് മുമ്പിൽ അവതരിപ്പിച്ച വിഷയങ്ങളാണ്. അതുപോലെയുള്ള മറ്റൊരു വിഷയം ഉന്നയിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്, അതുസംബന്ധിച്ച് രേഖാമൂലം ബഹുമാനപ്പെട്ട ചെയറിന് കത്ത് നൽകിയിട്ടുണ്ട്. അത് കൊട്ടിഘോഷിച്ച് നടപ്പിലാക്കിയ

കെ-ഫോൺ (കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക്) പദ്ധതിയുടെ മറവിൽ നടത്തിയിട്ടുള്ള കോടികളുടെ അഴിമതിക്കഥയാണ്. ഞങ്ങൾ പുതുപ്പള്ളിയിലെ ജനങ്ങളുടെ മുമ്പിൽ അതും അവതരിപ്പിച്ചിട്ടുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾക്കോ ഈ നാട്ടിലെ സാധാരണക്കാരായ ജനങ്ങൾക്ക് ഇന്റർനെറ്റ് സേവനങ്ങൾ ലഭ്യമാക്കുന്നതിനോ ഞങ്ങൾ എതിരല്ല. എന്നാൽ മാസപ്പടിക്ക് ഞങ്ങൾ എതിരാണ്. ഈ രണ്ട് പദ്ധതികളുടെയും മറവിൽ കോടികളുടെ അഴിമതി നടത്തുന്നതിനെതിരെ ശക്തമായ പ്രതിരോധം ഞങ്ങൾ തീർക്കുകതന്നെ ചെയ്യും. 2017-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതിയാണ് കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് അഥവാ കെ-ഫോൺ. 2017-ൽ ആരംഭിച്ച ഈ പദ്ധതി 18 മാസത്തിനുള്ളിൽ 20 ലക്ഷം വീടുകളിൽ സൗജന്യ ഇന്റർനെറ്റ് കണക്ഷനും 30000 സർക്കാർ ഓഫീസുകളിൽ ഇന്റർനെറ്റ് ശൃംഖലയും സജ്ജമാക്കുമെന്നാണ് വാഗ്ദാനം ചെയ്തിരുന്നത്. അന്ന് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. തോമസ് ഐസക് ബഡ്ജറ്റ് പ്രസംഗത്തിൽ കെ-ഫോൺ ശൃംഖല 18 മാസത്തിനുള്ളിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്നും 1000 കോടി

രൂപ മൂലധനമായി കിഫ്ബി വഴി ലഭ്യമാക്കുമെന്നുമാണ് പറഞ്ഞത്. അത് 18 മാസംകൊണ്ട് പൂർത്തിയായോ? 2017 മേയ് 18-ന് പുറത്തിറക്കിയ സർക്കാർ ഉത്തരവുപ്രകാരം പദ്ധതിയുടെ നടത്തിപ്പിനായി കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (KSITIL) എന്ന സ്ഥാപനത്തെയാണ് ചുമതലപ്പെടുത്തിയത്. KSITIL ഇതിന്റെ നടത്തിപ്പിനായി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെയും സർക്കാരിന്റെയും പങ്കാളിത്തത്തോടുകൂടി കെ-ഫോൺ ലിമിറ്റഡ് എന്ന എസ്.പി.വി. രൂപീകരിക്കുകയുണ്ടായി. പ്രസ്തുത പദ്ധതിക്കായി 1028.20 കോടി രൂപയുടെ എസ്റ്റിമേറ്റാണ് അന്ന് തയ്യാറാക്കിയത്. 2018 ജൂൺ 14-ന് ടെണ്ടർ നടപടികൾ ആരംഭിച്ചു. ടെണ്ടറിൽ പങ്കെടുത്ത രണ്ട് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളും രണ്ട് സ്വകാര്യ സ്ഥാപനങ്ങളും അടങ്ങുന്ന കൺസോർഷ്യം ടെണ്ടർ തുകയുടെ 58.5% അധികമായി 1628.35 കോടി രൂപയ്ക്ക് ക്വാട്ട് ചെയ്യുകയും ഈ നാല് കമ്പനികളുടെ കൺസോർഷ്യത്തെ L1 ആയി തെരഞ്ഞെടുക്കുകയും ചെയ്തു. ഏതെങ്കിലുമൊരു പ്രവൃത്തിയിൽ സർക്കാർ അനുവദിച്ചിട്ടുള്ള ഭരണാനുമതി ലഭിച്ച തുകയെക്കാൾ അധികമായി ടെണ്ടറിൽ L1 ആയി ആരെങ്കിലും ക്വാട്ട്

ചെയ്തിട്ടുണ്ടെങ്കിൽ അതിൽ എന്ത് നടപടിക്രമമാണ് സ്വീകരിക്കേണ്ടതെന്നത് സംബന്ധിച്ച് വ്യക്തമായ സർക്കാർ ഉത്തരവുണ്ട്. അന്നത്തെ ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയും ഇന്നത്തെ കിഫ്ബിയുടെ സി.ഇ.ഒ.-യുമായ ശ്രീ. കെ. എം. എബ്രഹാം പുറത്തിറക്കിയ ഉത്തരവിന്റെ പകർപ്പ് എന്റെ കയ്യിലുണ്ട്, അതിന്റെ പ്രസക്തഭാഗങ്ങൾ മാത്രം വായിക്കാം. ടി ഉത്തരവുപ്രകാരം എസ്റ്റിമേറ്റ് തുകയുടെ 10 ശതമാനത്തിൽ കൂടുതലാണ് ടെണ്ടറിൽ ക്വാട്ട് ചെയ്തതെങ്കിൽ അത് വീണ്ടും ടെണ്ടർ ചെയ്യണം. എന്നിട്ടും കമ്പനികൾ എസ്റ്റിമേറ്റ് തുകയുടെ 10 ശതമാനത്തിലാണ് ക്വാട്ട് ചെയ്തതെങ്കിൽ ആ ടെണ്ടർ റദ്ദ് ചെയ്യണം. അതിനുശേഷം വീണ്ടും എസ്റ്റിമേറ്റ് തയ്യാറാക്കി വീണ്ടും ടെണ്ടർ ചെയ്യണം. ഉത്തരവ് അങ്ങനെയായിരിക്കെ 1028 കോടി രൂപയുടെ പദ്ധതിക്ക് 1628 കോടി രൂപ ക്വാട്ട് ചെയ്ത കമ്പനിക്ക് റീ-ടെണ്ടർ കൂടാതെ ഉത്തരവുകളും കീഴ്വഴക്കങ്ങളും നടപടിക്രമങ്ങളുമെല്ലാം കാറ്റിൽ പറത്തി 1531 കോടി രൂപയ്ക്ക് കരാർ നൽകിയത് ആരുടെ താല്പര്യം സംരക്ഷിക്കാൻ വേണ്ടിയാണ്? 1028 കോടി രൂപയുടെ പദ്ധതിക്ക് 1531 കോടി രൂപയ്ക്ക് കരാർ ഉറപ്പിച്ചതിലൂടെ നൂറുകണക്കിന് കോടി രൂപയുടെ

അഴിമതിയാണ് കെ-ഫോൺ പദ്ധതിവഴി നടത്തിക്കൊണ്ടിരിക്കുന്നത്. ഇത്രയും വലിയ അഴിമതി ഇതിനുമുമ്പ് കണ്ടിട്ടുണ്ടോ? മാസ്റ്റർ സർവ്വീസ് എഗ്രിമെന്റ് പ്രകാരം രണ്ട് വർഷംകൊണ്ട് പദ്ധതി പൂർത്തിയാക്കേണ്ടതാണ്. എന്നാൽ നാളിതുവരെ അത് പൂർത്തീകരിച്ചിട്ടില്ല. കരാർ നേടിയ കൺസോർഷ്യത്തിന്റെ ഭാഗമായ എസ്.ആർ.ഐ.റ്റി. കമ്പനിക്കാണ് കേബിൾ വലിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യാനുള്ള ചുമതല. എന്നാൽ എസ്.ആർ.ഐ.റ്റി. കമ്പനി ഈ ജോലി ഏൽപ്പിച്ചിരിക്കുന്നത് എ.ഐ. ക്യാമറ ടെണ്ടറിൽ പങ്കെടുത്ത അശോക ബിൽഡ്കോൺ എന്ന സ്ഥാപനത്തെയാണ്. അശോക ബിൽഡ്കോൺ ഏറ്റെടുത്ത ഈ ഉപകരാർ. കെ-ഫോണിന്റെ ഭാഗമായ പോയിന്റ് ഓഫ് പ്രസന്റ്സിന്റെ നിർമ്മാണക്കരാർ എ.ഐ. ക്യാമറ വിവാദവുമായി ബന്ധപ്പെട്ട് ആരോപണത്തിൽ നിൽക്കുന്ന മുഖ്യമന്ത്രിയുടെ കുടുംബവുമായി ബന്ധമുള്ള പ്രസാഡിയോ കമ്പനിക്കുതന്നെയാണ് നൽകിയിരിക്കുന്നത്. ഇതിനാവശ്യമായ ഒ.പി.ജി.ഡബ്ല്യൂ. കേബിളുകൾ ഇന്ത്യയിൽ നിർമ്മിച്ചതായിരിക്കണമെന്ന് സൂചിപ്പിച്ചിട്ടുണ്ടായിരുന്നു. എന്നാൽ ഈ

കൺസോർഷ്യത്തിന്റെതന്നെ ഭാഗമായുള്ള മറ്റൊരു കമ്പനിക്കാണ് അതും നൽകിയിരിക്കുന്നത്. കേബിളുകൾ ഗുണനിലവാരം പരിശോധിക്കാതെ ചൈനയിൽനിന്നും ഇറക്കുമതി ചെയ്തിരിക്കുകയാണ്. അങ്ങനെ എല്ലാ ടെണ്ടർ നടപടികളും മാനദണ്ഡങ്ങളും കാറ്റിൽ പറത്തിക്കൊണ്ട് സർക്കാരിന്റെ ഖജനാവിൽ കോടികളുടെ നഷ്ടം വരുത്തുന്ന വലിയ അഴിമതിയാണ് കെ-ഫോൺ പദ്ധതിയുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ നേതൃത്വത്തിൽ നടന്നിരിക്കുന്നത്. ഇതിനെതിരെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നതോടൊപ്പം സമഗ്രമായ അന്വേഷണം നടത്തണമെന്നുകൂടി ആവശ്യപ്പെട്ടുകൊണ്ട് നിർത്തുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാന്യനായ അംഗം ശ്രീ. പി. സി. വിഷ്ണുനാഥ് സഭയിൽ എഴുതിക്കൊടുത്ത ഉന്നയിച്ച ആരോപണങ്ങളെല്ലാം അടിസ്ഥാന രഹിതമായിട്ടുള്ളവയാണ്. അദ്ദേഹം പറഞ്ഞതുകേട്ടാൽ മോഷ്ടിക്കാൻവേണ്ടി ക്യാമറ സ്ഥാപിച്ച ലോകത്തിലെ ആദ്യത്തെ സംസ്ഥാനമാണ് കേരളമെന്ന് തോന്നും. നേരത്തെ ഒരു പുകമറ സൃഷ്ടിക്കാൻ ഇങ്ങനെയൊക്കെ

പറഞ്ഞെന്നുവരാം. കഴിഞ്ഞ വർഷം ജൂലൈ മാസം വരെ 3316 അപകടങ്ങൾ ഇവിടെ റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ എ.ഐ. ക്യാമറ സ്ഥാപിച്ചതിനുശേഷം ഇത് 1177 ആയി കുറഞ്ഞിട്ടുണ്ട്. അതായത്, 2199 അപകടങ്ങൾ കുറഞ്ഞതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കഴിഞ്ഞ വർഷം ജൂലൈ മാസം വരെ 313 മരണങ്ങൾ റിപ്പോർട്ട് ചെയ്തു. അതിനുമുമ്പുള്ള വർഷത്തെ ശരാശരി കണക്കും ഇതുതന്നെയാണ്. എന്നാൽ ഇപ്പോഴത് 63 ആയി കുറഞ്ഞു. മനുഷ്യരുടെ ജീവൻ രക്ഷപ്പെട്ടതിനെക്കുറിച്ചാണ് ഞാൻ പറയുന്നത്, അത് അംഗീകരിക്കണം. നിങ്ങൾ അംഗീകരിക്കുന്നില്ലെങ്കിലും ഈ പദ്ധതിയെക്കുറിച്ച് പഠിക്കാൻ കർണ്ണാടകയിൽനിന്നും ആളുകൾ ഇവിടെ വന്നിരിക്കുകയാണ്. ആ ഗവൺമെന്റിനെ നയിക്കുന്ന പാർട്ടിയുടെ പേര് കോൺഗ്രസ്സെന്നാണ്. അവർ ഇത്തരം സംവിധാനം നടപ്പിലാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ മഹാരാഷ്ട്ര, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നും പ്രസ്തുത പദ്ധതിയെപ്പറ്റി പഠിക്കുന്നതിനുവേണ്ടി സംഘങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ശ്രീ. പി. സി. വിഷ്ണുനാഥ് സൂചിപ്പിച്ച കാര്യം തുടർച്ചയായി ആവർത്തിച്ചുകൊണ്ടിരിക്കുന്നതാണ്.

70 കോടി രൂപയ്ക്ക് പൂർത്തിയാകേണ്ട പദ്ധതി 232 കോടി രൂപയുടേതാക്കി കെൽട്രോൺ മാറ്റിയതാണ് അഴിമതിക്ക് ആധാരമെന്നാണ് പറയുന്നത്. യഥാർത്ഥത്തിൽ ബഹുമാന്യനായ മുൻ മന്ത്രിയും മുൻ പ്രതിപക്ഷനേതാവുമായ ശ്രീ. രമേശ് ചെന്നിത്തലയുടെ കാലഘട്ടത്തിലാണ് ഈ പദ്ധതിയെക്കുറിച്ചുള്ള പഠനത്തിന് തുടക്കം കുറിച്ചത്. എന്നിട്ട് അദ്ദേഹംതന്നെ ചില കാര്യങ്ങൾ ഓർക്കാതെ പറഞ്ഞിട്ടുണ്ട്. ശ്രീ. സുനിൽ ബാബുവിന്റെ റിപ്പോർട്ട് എന്താണ്? ഈ പദ്ധതി രണ്ടുതരത്തിൽ നടപ്പിലാക്കാമെന്ന് അതിൽ പറയുന്നുണ്ട്. അതായത്, CapEx model- 79 കോടി രൂപ, BOOT (Build, Own, Operate, Transfer) annuity model costing- 150 കോടി രൂപ (with guaranteed quarterly payment for five years). അന്നത്തെ റിപ്പോർട്ട് കെൽട്രോണല്ല ആദ്യം കൊടുത്തത്. CapEx എന്നുപറഞ്ഞാൽ ക്യാപ്പിറ്റൽ എക്സ്പെന്റിച്ചർ, അത് പൂർണ്ണമായും ഗവൺമെന്റ് നൽകുകയാണ് ചെയ്യുന്നത്. അതിന്റെ താരതമ്യം വിവിധ വകുപ്പുകൾ നടത്തിയിട്ടുണ്ട്. ആ താരതമ്യത്തിൽ 75 കോടി രൂപയും ഗവൺമെന്റ് ആദ്യംതന്നെ മുടക്കണം, നടത്തിക്കൊണ്ടുപോകലും ഗവൺമെന്റിന്റെ

ഉത്തരവാദിത്വമാണ്. ഇതിനുവേണ്ടി നൂറിലധികം എഞ്ചിനീയർമാരെ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റുതന്നെ നിയോഗിക്കണം. എന്നാൽ അതിനുള്ള എക്സ്പർട്ടൈസേഷൻ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിനില്ല. ശ്രീ. രമേശ് ചെന്നിത്തലയുടെ കാലഘട്ടത്തിലെ ഗവൺമെന്റ് നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിൽ സേഫ് കേരള സമർപ്പിച്ച ഈ രണ്ട് പദ്ധതികളും താരതമ്യം ചെയ്ത് കണ്ടെത്തിയത് CapEx അല്ല ഗവൺമെന്റിന് ആദായകരമായ പദ്ധതിയെന്നാണ്. 2022 ജൂൺ മാസത്തിൽ കെൽട്രോൺ ഇത് സ്ഥാപിച്ചെങ്കിലും 2023 ജൂലൈയിലാണ് പദ്ധതിക്ക് തുടക്കം കുറിക്കാൻ സാധിച്ചത്. അപ്പോൾത്തന്നെ വാറന്റി പിരീഡ് കഴിഞ്ഞിരുന്നു. CapEx ആയിരുന്നെങ്കിൽ എ.എം.സി. ഉൾപ്പെടെ ഗവൺമെന്റ് വീണ്ടും എറ്റെടുക്കണം. അത് അധിക ബാധ്യതയ്ക്ക് കാരണമാകും. പെട്ടെന്ന് 232 കോടി രൂപ എന്നുപറയുമ്പോൾ പൊതുവെ ആളുകൾക്ക് മനസ്സിലായെന്ന് വരില്ല. ഇതിൽ രണ്ട് ഭാഗങ്ങളാണുള്ളത്. ഒന്ന്, CapEx മോഡൽ മാറി BOOT മോഡലിൽ കെൽട്രോൺ അതിന്റെ സംവിധാനത്തിന് പണം മുടക്കുക, ഗവൺമെന്റ് അഞ്ചുവർഷംകൊണ്ട് 20 തവണകളായി പണം

തിരിച്ചുകൊടുക്കുക; ഇതാണ് 162 കോടി രൂപ. 66 കോടി രൂപ അതിന്റെ മറ്റ് നടത്തിപ്പിനുവേണ്ടിയുള്ളതാണ്. ഇത് റിപ്പോർട്ട് ചെയ്യും. 20 രൂപയോളം വരുന്ന സ്റ്റാമ്പ് ഒട്ടിച്ച് അയയ്ക്കുന്നതിനും മറ്റുമുള്ള ചെലവുകൾക്കായി ഉപയോഗിക്കുന്നതാണ് OpEx (ഓപ്പറേഷൻ എക്സ്പെന്റിച്ചർ) എന്നുപറയുന്നത്. അതാണ് 66 കോടി രൂപ. 162 കോടി രൂപ CapEx-ഉം 66 കോടി രൂപ OpEx-ഉം 37.25 കോടി രൂപ ജി.എസ്.ടി.-യുമാണ്. അതിൽ CapEx-ന്റെ 25.63 കോടി രൂപ ജി.എസ്.ടി. അടച്ചുകഴിഞ്ഞു. ഗവൺമെന്റ് ഇതുവരെ പണം ചെലവഴിച്ചിട്ടില്ല. OpEx ഓപ്പറേഷൻ പോലെയാണ്, കൂടുതൽ തുക വന്നാൽ പരിശോധിക്കേണ്ട സംവിധാനവുമുണ്ട്. ഇതാണ് യഥാർത്ഥ്യം. അതുകൊണ്ട് അദ്ദേഹം പറഞ്ഞ ആ ഭാഗം പൂർണ്ണമായും വസ്തുതയ്ക്ക് നിരക്കുന്നതല്ല. ഇപ്പോൾ ഇതിന്റെ പോർട്ടൽ രൂപീകരിച്ചു, എസ്.ആർ.ഐ.റ്റി. വന്നു. OEM (Original Equipment Manufacturer) വെണ്ടറെല്ലാം നേരത്തെതന്നെയുണ്ട്. ഗവൺമെന്റിന്റെ പോർട്ടലിലാണ് ഇ-ടെണ്ടർ സംവിധാനങ്ങളെല്ലാമുള്ളത്, എല്ലാ രേഖകളും പബ്ലിക് ഡൊമൈനിൽ ലഭ്യമാകുന്നതാണ്. എസ്.ആർ.ഐ.റ്റി. കമ്പനി MAF (Manufacturer's Authorization Form)

നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ഏത് കമ്പനിക്കും കേസ് കൊടുക്കാനുള്ള സംവിധാനമുണ്ട്. ഇപ്പോൾ ആറ് വർഷമായി, ഇത് നടപ്പിലാക്കുന്നതുവരെ ഇതുസംബന്ധിച്ച ഒരു പരാതിയും ഒരു കോടതിയുടെ മുമ്പിലും വന്നിട്ടില്ല. പിന്നെ ചിലർ പറയും ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് അൽഹിന്ദ് കമ്പനിയുടെ കത്ത് കിട്ടിയതെന്ന്. ആ കത്തിനുമുകളിൽ നിങ്ങൾ അടയിരുന്നില്ലേയെന്ന് ചിലർ ചോദിക്കുന്നുണ്ട്. ഞങ്ങൾ അടയിരുന്നില്ല. സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരിച്ചുനൽകുന്നതിന് ഗവൺമെന്റ് ഇടപെടണമെന്നതാണ് അവരുടെ ആവശ്യം. ആ കത്തിന്റെ കോപ്പി എന്റെ കൈവശമുണ്ട്. അവർ ഗവൺമെന്റിന് കത്ത് നൽകുന്നത് 23-10-2021-ലാണ്. അത് ലഭിച്ച ഉടൻതന്നെ ഫയലായിട്ടുണ്ട്; അത് എന്റെ മുമ്പിലല്ല വന്നത്. വ്യവസായ വകുപ്പിന്റെ മുമ്പിൽ ഇതുമായി ബന്ധപ്പെട്ട ഫയലൊന്നും വരില്ല, എല്ലാ വകുപ്പുകളിലും ലഭിക്കുന്നതുപോലെ ക്യാബിനറ്റിൽ വരുന്ന ഫയലുകൾ മാത്രമേ വരികയുള്ളൂ. കെൽട്രോൺ ഒരു കമ്പനിയായതിനാൽ അവരുടെ കാര്യങ്ങൾ വ്യവസായ വകുപ്പിലേയ്ക്ക് വരേണ്ട ആവശ്യമില്ല.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഇതിന്റെ മാതൃവകുപ്പ് ഗതാഗത വകുപ്പാണെന്നിരിക്കെ ഇതിലൊരു ട്രൈപാർട്ടി എഗ്രിമെന്റ് ഉണ്ടാക്കേണ്ടതിനുപകരം കെൽട്രോൺ എസ്.ആർ.ഐ.റ്റി.-യുമായി കരാറിൽ ഏർപ്പെടുകയല്ലേ ചെയ്തത്?

ശ്രീ. പി. രാജീവ്: സർ, അതൊക്കെ പ്രാഥമികമായ ധാരണയുടെ പ്രശ്നമല്ലേ? എന്റെ കയ്യിൽ വിവരങ്ങളുണ്ട്. 23-10-2021-ന് കിട്ടിയ കത്ത് പ്രിൻസിപ്പൽ സെക്രട്ടറി തന്നെ ഫോർവേഡ് ചെയ്ത് 12-11-2021-ന് കെൽട്രോണിന് കൊടുത്തു. അതിൽ ഞങ്ങളാരും അടയിരുന്നില്ല. എ.എം.സി. കഴിയുമ്പോഴാണ് എസ്.ആർ.ഐ.ടി.-ക്ക് ഇത് തിരിച്ചുകൊടുക്കുന്നതെന്ന് ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി പറഞ്ഞു. “Since Keltron has not entered into any direct agreement with Alhind group, you are requested to approach SRIT for the refund of security deposit”. ഗവൺമെന്റിന്റെ ഈ മറുപടി 2-12-2021-ന് അണ്ടർ സെക്രട്ടറി അവർക്ക് കൊടുത്തിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, നിങ്ങൾ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നതിനെ beating around the bush എന്ന് പറയും.

അതായത്, യഥാർത്ഥത്തിലുള്ള അലിഗേഷനകത്തേയ്ക്ക് വരാതെയാണ് അങ്ങ് സംസാരിക്കുന്നത്. രണ്ട് പ്രധാനപ്പെട്ട കമ്പനികൾ ഈ എഗ്രിമെന്റിൽനിന്നും മാറിപ്പോയപ്പോഴാണ് പുറത്തുനിന്നുള്ളവർ പ്രവേശിച്ചത്. ടെണ്ടർ ഡോക്യുമെന്റിൽ പറയുന്ന കാര്യങ്ങൾ മുഴുവൻ കാറ്റിൽ പറത്തിയതിനാൽ വലിയ നഷ്ടമാണുണ്ടായിരിക്കുന്നത്. കാരണം, out dated ആയിട്ടുള്ള ക്യാമറ വന്നു, advanced ആയിട്ടുള്ള ക്യാമറ വന്നില്ല. ഇതിനേക്കാൾ വിലക്കുറവുള്ള അത്യാധുനിക ക്യാമറയുണ്ട്. അതാണ് മറ്റ് രണ്ട് കമ്പനികളുടെയും പരാതി. പണം കൊടുക്കാൻവേണ്ടി മാത്രമാണ് ആ രണ്ട് കമ്പനികളെ വച്ചത്. മാത്രമല്ല, SRIT എന്ന കമ്പനി 6% കമ്മീഷൻ വാങ്ങിയിട്ട് നോക്കി നിൽക്കുകയാണ്. അക്കാര്യം ശ്രീ. പി. സി. വിഷ്ണുനാഥ് ഇവിടെ പറയുകയുണ്ടായി. 9 കോടി രൂപ വാങ്ങിയതിനുശേഷം അതിന്റെ പ്രോഫിറ്റ് ആർക്കാണ് പോകുന്നത്; ആരാണ് ഇത് ചെയ്യുന്നത്? ഇത്രയുമായതുകൊണ്ട് ഇത് നടപ്പാക്കാമെന്ന അവസാനത്തെ നിങ്ങളുടെ തീരുമാനം വളരെ ക്ലിയറാണ്. ഇതിൽ സാമ്പത്തിക ക്രമക്കേട് നടന്നിട്ടുള്ളതിനാൽ ഒരന്വേഷണത്തിന് നിങ്ങൾ തയ്യാറാണോ?

ശ്രീ. പി. രാജീവ്: സർ, അങ്ങ് പറഞ്ഞ കാര്യങ്ങളല്ല ശ്രീ. പി. സി. വിഷ്ണുനാഥ് ചോദിച്ചത്. ഞാൻ ആ പോയിന്റുകളെല്ലാം എഴുതിവച്ചിട്ടുണ്ട്. അങ്ങ് പറഞ്ഞ കുറച്ച് കാര്യങ്ങൾ കോടതിയുടെ മുമ്പിലുള്ളതിനാൽ കോടതി തീർപ്പ് കൽപ്പിക്കട്ടെ; അങ്ങും മുൻ പ്രതിപക്ഷനേതാവും സംയുക്തമായാണ് ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചത്. അതുസംബന്ധിച്ച് ഗവൺമെന്റിന് പറയേണ്ട കാര്യങ്ങൾ കോടതിയുടെ മുന്നിലെത്തിയിട്ടുണ്ട്. അത് സ്വീകരിക്കണോ വേണ്ടയോയെന്ന് കോടതി പരിശോധിക്കട്ടെ. അങ്ങ് പറഞ്ഞതുപോലെ ഇതിനെക്കാൾ അഡ്വാൻസായ, കുറഞ്ഞ വിലയ്ക്ക് നിർവ്വഹിക്കാൻ കഴിയുന്ന കമ്പനികൾ നമ്മുടെ നാട്ടിലുണ്ടെങ്കിൽ അവരൊന്നും ടെണ്ടറിൽ പങ്കെടുത്തില്ലല്ലോ. ടെണ്ടറിൽ പങ്കെടുക്കാനുള്ള കണ്ടീഷനുകൾ വ്യത്യസ്തമായിരുന്നെങ്കിൽ അവർക്ക് കോടതിയെ സമീപിക്കാമായിരുന്നല്ലോ. എന്നിട്ടും എന്തുകൊണ്ടാണ് ഒരു സംവിധാനത്തിന് മുമ്പിലും ഒരു പരാതിപോലും നൽകാതിരുന്നത്? കെൽട്രോണിന് ഇതുസംബന്ധിച്ച് യാതൊരു ധാരണയുമില്ലെന്ന് ശ്രീ. പി. സി. വിഷ്ണുനാഥ് പറയുകയുണ്ടായി. കെൽട്രോൺ ഇന്ത്യയിലും

കേരളത്തിലുമായി 11 വർക്കുകൾ നടത്തിയതിന്റെ കണക്കുകൾ എന്റെ മുന്നിലുണ്ട്. ഇന്ത്യയിൽ ആദ്യമായി എ.ഐ. ക്യാമറ സംവിധാനം നടപ്പിലാക്കിയത് ഇവിടെയാണ്. നിങ്ങൾക്ക് താല്പര്യമില്ലാത്ത ഒരുകാര്യംകൂടി ഞാൻ പറയാം. അൽഹിന്ദിന്റെ ഒരു കത്ത് വന്നിരിക്കുകയാണ്. അവർക്ക് ഇതുമായി ബന്ധപ്പെട്ട് ഒരു ക്ലെയിമുമില്ലെന്നാണ് അതിൽ പറയുന്നത്. നിങ്ങളിൽ പലർക്കും രണ്ട് കമ്പനികളാണ് വിവരങ്ങൾ നൽകിക്കൊണ്ടിരുന്നത്. അതിലൊരു കമ്പനിയാണ് അൽഹിന്ദ്. കിട്ടാത്തവർ എപ്പോഴും പ്രതിപക്ഷത്തിരിക്കുന്നവരുടെ അടുത്തുവരുമല്ലോ. അൽഹിന്ദിന് അവർ കൊടുത്ത അഡ്വാൻസ് തുകയായ മൂന്ന് കോടി രൂപ തിരിച്ചുകിട്ടണമെന്ന ആവശ്യം മാത്രമാണ് ഗവൺമെന്റിന്റെ മുന്നിൽ വന്നത്. ഇപ്പോൾ മറ്റൊരു ക്ലെയിമുമില്ലെന്നുള്ള അൽഹിന്ദിന്റെ കത്ത് കെൽട്രോണിന് ലഭിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ ചില ക്വറികളൊക്കെ വരുന്നുണ്ട്. ആദ്യത്തെ കോംപ്രിഹെൻസീവ് എ.എസ്. ഇറക്കിയതും അത് കാബിനറ്റിലേയ്ക്ക് വരുന്നതും ഫിനാൻസിന്റെ കൺകറൻസോടുകൂടിയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, അദ്ദേഹം തെറ്റിദ്ധരിപ്പിക്കുകയാണ്. കാരണം, ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ ഒബ്ജക്ഷനുകളെ ബൈപ്പാസ് ചെയ്തുകൊണ്ടാണ് പല തീരുമാനങ്ങളുമെടുത്തിരിക്കുന്നത്. ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ ഒബ്ജക്ഷൻ വളരെ ക്ലിയറാണ്. അൽഹിന്ദിന് പരാതിയില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അൽഹിന്ദ് ഈ കേസിൽ റെസ്പോണ്ടന്റാണ്. മറ്റ് കമ്പനികളും സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്. മറ്റ് കമ്പനികളുടെ കള്ളത്തരങ്ങളൊക്കെ കണ്ടെത്തിയിട്ടുണ്ട്. അതായത്, കെൽട്രോൺ എസ്.ആർ.ഐ.റ്റി.-ക്ക് കൊടുത്തതിന്റെ കള്ളത്തരം കണ്ടുപിടിച്ച് ടെണ്ടർ നടക്കില്ലെന്നുപറഞ്ഞ് രണ്ട് കമ്പനികളും പിന്മാറിയതാണ്. അവരുടെ പണം കിട്ടാൻവേണ്ടിയാണ് ഞങ്ങൾക്ക് വേറെ പരാതിയില്ല പൈസ തന്നാൽ മതിയെന്ന് പറഞ്ഞത്.

ശ്രീ. പി. രാജീവ്: സർ, അവർക്കെല്ലാം കോടതിയെ സമീപിക്കാൻ അവകാശമുണ്ടായിരുന്നു. ടെണ്ടർ കിട്ടാത്തതുകൊണ്ട് നേരിട്ട് കോടതിയിൽ പോകാൻ വകുപ്പില്ലാത്തതിനാൽ നിങ്ങളിൽ ചിലരെ കണ്ടുപിടിച്ച് നിങ്ങൾ

കേസ് കൊടുത്തതിന്റെ പുറകെ അഫിഡവിറ്റ് കൊടുക്കുന്ന അവരുടെ സൂത്രപ്പണിയിൽ നിങ്ങൾ അറിയാതെ വീണുപോയി.

ശ്രീ. വി. ഡി. സതീശൻ: സർ, കിട്ടാത്ത കമ്പനിയല്ല, നിങ്ങൾ തെറ്റിദ്ധരിപ്പിക്കുകയാണ്. സാധാരണ ടെണ്ടറിനുവേണ്ടി കോംപീറ്റ് ചെയ്തുവെന്ന് പറയാറുണ്ട്. അതിൽ ഒരു കമ്പനിക്ക് കിട്ടിയില്ലെങ്കിൽ അവർ ഞങ്ങളുടെയടുത്ത് വരുന്നത് സാധാരണയാണ്. ഞങ്ങൾ ആ കേസുമായി വരുന്ന ആളുകളല്ല. ഇത് അങ്ങനെയല്ല, ഇവർക്ക് കൊടുത്തു. ടെണ്ടർ കിട്ടിയ കമ്പനികൾ ഇത് നടപ്പാക്കാൻ കോംപീറ്റന്റല്ലെന്ന് നിങ്ങൾ മനസ്സിലാക്കണം. കൺസോർഷ്യം വച്ചിട്ടുള്ള കമ്പനികൾ ഇത് നടത്താൻ കേപ്പബിളും കോംപീറ്റന്റുമല്ല. അതുകൊണ്ടാണ് അവർ വേറെ കമ്പനികളെ വിളിച്ചത്. ആ കമ്പനികൾ ഇവരുമായി കൂടിയാലോചന നടത്തിയപ്പോൾ മുഴുവൻ തട്ടിപ്പാണെന്ന് മനസ്സിലായതുകൊണ്ടാണ് അവർ പുറത്തേയ്ക്ക് പോയത്. അല്ലാതെ ടെണ്ടർ കിട്ടാത്തതുകൊണ്ടല്ല. മാത്രമല്ല, മൂന്ന് കമ്പനികളുടെ കാർട്ടലുണ്ടാക്കിയാണ് ടെണ്ടർ പിടിച്ചത്. ടെണ്ടർ പ്രൊസീജ്യറിൽ ശുദ്ധതട്ടിപ്പാണ് നടത്തിയിരിക്കുന്നത്. കാർട്ടൽ ഫോർമേഷനിലാണ് ഈ

മൂന്ന് കമ്പനികൾ വന്ന് പ്രൂവ് ചെയ്യുന്നത്. അതായത്, ഈ മൂന്ന് കമ്പനികളുംകൂടി ആർക്കാണ് ടെണ്ടറെന്ന് തീരുമാനിച്ച് വലിയ തുക ക്വാട്ട് ചെയ്യുകയാണ്. അതൊക്കെയാണ് ഇതിന്റെ ക്രക്സ്. അങ്ങ് അതല്ല പറയുന്നത്.

<u>ശ്രീ. പി. രാജീവ്</u>: സർ, കാർട്ടൽ എന്നുപറയാൻ തുടങ്ങിയിട്ട് കുറച്ച് നാളായി. എന്താണ് കാർട്ടൽ? ഏതെങ്കിലും കാര്യത്തിൽ പരസ്പര ധാരണയോടുകൂടി കൊടുക്കുന്നതാണ് കാർട്ടൽ. ഏതെങ്കിലും പദ്ധതിയിൽ പരസ്പര ധാരണയുള്ള ഏതെങ്കിലും വർക്ക് സബ്കോൺട്രാക്ട് ചെയ്ത ആളുകൾ വേറെ കൊടുക്കുന്നതിനെ കാർട്ടലെന്ന് പറയില്ല. എന്നാൽ ആശയക്കുഴപ്പമുണ്ടാക്കുന്നതിൽ, ടെർമിനോളജിയുണ്ടാക്കുന്നതിൽ അസാമാന്യമായ വൈദഗ്ധ്യമുള്ള ആളുകൾ ഇങ്ങനെ പറഞ്ഞുകൊണ്ടേയിരിക്കും. അങ്ങ് കേസ് കൊടുത്തിട്ടുള്ളതിനാൽ അക്കാര്യം കോടതി പരിശോധിക്കും. ഇക്കാര്യങ്ങളെല്ലാം അങ്ങ് മുന്നോട്ട് വച്ചിട്ടുണ്ടല്ലോ; എസ്.ആർ.ഐ.റ്റി.-യുടെ ഇരുപത്തിനാല് വർഷത്തെ പ്രവർത്തന പാരമ്പര്യമുള്ള കമ്പനിക്കാണ് അവർ കൊടുത്തത്. ടെണ്ടറിലെ കണ്ടീഷനുകളെല്ലാം പാലിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച എല്ലാ കാര്യങ്ങളും

ഗവൺമെന്റ് പ്ലാറ്റ്ഫോമിലാണ്, അല്ലാതെ സ്വകാര്യ പരിപാടിയല്ല. വളരെ ട്രാൻസ്പരന്റായ ടെണ്ടർ പ്രോസസ്സാണ്. CVC (Central Vigilance Commission) ഗൈഡ്‌ലൈൻ അനുസരിച്ചാണ് കെൽട്രോൺ അത് നടത്തുന്നത്. അതുസംബന്ധിച്ച് ഒരു പരാതിയും ഒരാളും നടത്തിയിട്ടില്ല. ഹൈക്കോടതിയിൽ പോകുന്നതിനുമുമ്പ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവോ മുൻ പ്രതിപക്ഷനേതാവോ ഒരു സ്റ്റാറ്റ്യൂട്ടറി സംവിധാനത്തിനുമുമ്പിലും പരാതിയുമായി വന്നിട്ടില്ല. പുകമറ സൃഷ്ടിക്കാനായി മാത്രം കണക്കുകൾ പറയുന്നുവെന്നല്ലാതെ പ്രയോജനമില്ല. മറ്റ് കാര്യങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. അദ്ദേഹം ഇവിടെ അൽഹിന്ദിനെക്കുറിച്ച് പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പേരുമായി ബന്ധപ്പെടുത്തി ഒരു കമ്പനിയുടെ കാര്യം പറയുകയുണ്ടായി. അവരാണ് കമ്പനിയുടെ മുഴുവൻ ലാഭവും തട്ടുന്നതെന്ന് പറഞ്ഞതിനാൽ അതുസംബന്ധിച്ച് അങ്ങ് അറിഞ്ഞിരിക്കുന്നത് നല്ലതാണ്. കമ്പനിയുടെ പേര് പ്രസാഡിയോ എന്നാണ്. ആ കമ്പനിക്ക് ആകെ കൊടുത്തിരിക്കുന്ന വർക്ക് ഓർഡർ എത്ര രൂപയ്ക്കാണെന്ന് അറിയാമോ; അവർ എന്ത് വർക്കാണ്

ചെയ്യുന്നത്? അവർ കൺട്രോൾ റൂമിന്റെ നിർമ്മാണവും മറ്റുകാര്യങ്ങളുമാണ് ചെയ്യുന്നത്. ആകെ 13.85 കോടി രൂപയുടെ വർക്ക് ഓർഡർ മാത്രം കിട്ടിയ കമ്പനിയാണ് പ്രസാഡിയോ. അതിൽ 11.74 കോടി രൂപ ബേസിക് വാല്യുവും 2.11 കോടി രൂപ ജി.എസ്.ടി.-യുമാണ്. 11 കോടി രൂപയുടെ വർക്ക് കിട്ടിയ കമ്പനിയെക്കുറിച്ചാണ് നിങ്ങൾ പറയുന്നത്. ഈ അവസരത്തിലാണ് പ്രസ്തുത കമ്പനി 75 കോടി രൂപ കൊണ്ടുപോയെന്ന് നിങ്ങൾ പറയുന്നത്. ഞാൻ പറയുന്ന കാര്യങ്ങൾക്ക് രേഖയുണ്ട്. 75 കോടി രൂപ കൊടുത്ത കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും മുൻ പ്രതിപക്ഷനേതാവും പറയുന്നു. ഇത് രണ്ടും രണ്ട് ഓർഡറാണ്. പ്രതിപക്ഷനേതാവ് പറഞ്ഞത് ഒരു ഓർഡറിന്റെ കാര്യവും മുൻ പ്രതിപക്ഷനേതാവ് പറയുന്നത് മറ്റൊരു ഓർഡറിന്റെ കാര്യവുമാണ്. ഇത് രണ്ടും കൂടി കൂട്ടുമ്പോൾ 150 കോടി രൂപയായി. അതെല്ലാം കോടതി പരിശോധിക്കും. ഇവിടെ തീർത്തും അടിസ്ഥാനരഹിതമായ ആരോപണങ്ങളാണ് ഉന്നയിക്കുന്നത്. അവസാനം ശ്രീ. റോജി എം. ജോൺ പറഞ്ഞതുപോലെ, ഞങ്ങൾ ഇവിടെ ഉന്നയിക്കാമെന്ന് അവിടെ പറഞ്ഞതുപോലെ ഉന്നയിച്ചതാണ്. അതുകൊണ്ട് ഇതൊക്കെ പൂർണ്ണമായും

തള്ളിക്കളയേണ്ടതാണ്. എല്ലാ കാര്യങ്ങളും കോടതിയുടെ മുന്നിലുള്ളതിനാൽ കേരളീയ സമൂഹം ഇത് അംഗീകരിക്കില്ല. ഇക്കാര്യങ്ങളെല്ലാം ഞങ്ങളും പ്രതിപക്ഷനേതാവുൾപ്പടെയുള്ളവരും കോടതിയിൽ സമർപ്പിച്ചിട്ടുള്ളതിനാൽ കോടതിയിൽ നിന്നാണ് തീരുമാനം വരേണ്ടത്.

**04:00 PM]**

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പ് ചുമതല നിർവ്വഹിക്കുന്നത് കേന്ദ്രസർക്കാരിന്റെ പ്രതിരോധ മന്ത്രാലയത്തിന് കീഴിലുള്ള Bharat Electronics Limited (BEL) ആണ്. BEL, RailTel, SRIT, LS Cables എന്നിവയുടെ കൺസോർഷ്യം മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. പ്രാഥമിക സർവ്വേ നടപടികളും വിശദമായ പ്രോജക്ട് അവലോകനങ്ങളും നടത്തി ആവശ്യമായ അനുമതി ലഭ്യമാക്കിയശേഷമാണ് ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് അടങ്ങുന്ന കൺസോർഷ്യവുമായി 2019 മാർച്ച് 8-ന് കരാർ ഒപ്പുവച്ചത്. സംസ്ഥാനത്തെ മുപ്പതിനായിരത്തിലധികം വരുന്ന സർക്കാർ സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് സേവനം

ലഭ്യമാക്കുന്നതിനുവേണ്ടി ഒപ്റ്റിക്കൽ നെറ്റ്വർക്ക് ശൃംഖലയൊരുക്കുന്നതിനാണ് കരാർ. അടിസ്ഥാന സൗകര്യം ഉപയോഗപ്പെടുത്തി അടുത്ത ഘട്ടത്തിൽ പ്രത്യേക ടെണ്ടർ നടപടികളിലൂടെ പാവപ്പെട്ട 20 ലക്ഷം കുടുംബങ്ങൾക്ക് സൗജന്യ നിരക്കിൽ ഇന്റർനെറ്റ് കണക്ഷൻ നൽകണമെന്നും അതിൽ വ്യവസ്ഥ ചെയ്യുന്നു. സമയബന്ധിതമായി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചെങ്കിലും കോവിഡ് വ്യാപനം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളെ രണ്ടുവർഷത്തോളം പ്രതികൂലമായി ബാധിച്ചു. ദേശീയപാത വികസന പ്രവർത്തനങ്ങളും റൈറ്റ് ഓഫ് വേ ലഭിക്കുന്നതിനുള്ള കാലതാമസവും മറ്റ് സാങ്കേതിക തടസ്സങ്ങളുമുണ്ടായെങ്കിലും കഴിഞ്ഞ രണ്ട് വർഷത്തിനകം നിർമ്മാണ പ്രവർത്തനങ്ങൾ സാധ്യമായ ഇടങ്ങളിൽ 97% പൂർത്തീകരിക്കാനായിട്ടുണ്ട്. പദ്ധതിയുടെ പൂർത്തീകരണത്തിനുള്ള ചെലവും ഒരു വർഷത്തെ പരിപാലന ചെലവായ 104 കോടി രൂപയും ഉൾപ്പെടെ 1028.20 കോടി രൂപയ്ക്കാണ് ഭരണാനുമതി നൽകിയത്. എന്നാൽ 7 വർഷത്തെ നടത്തിപ്പും പരിപാലന ചെലവുംകൂടി ഉൾപ്പെടുത്തിയാണ് ടെണ്ടർ

നടപടി സ്വീകരിച്ചത്. ഇതുപ്രകാരം 7 വർഷത്തെ പരിപാലന ചെലവ് 728 കോടി രൂപ വരും. എന്നാൽ BEL ഇതിനായി 363 കോടി രൂപയാണ് ക്വാട്ട് ചെയ്തത്. ഇതും ജി.എസ്.ടി.-യുംകൂടി ഉൾപ്പെട്ട തുകയായ 1628.35 കോടി രൂപയ്ക്ക് പദ്ധതി നടപ്പാക്കുന്നതിനാണ് കൺസോർഷ്യത്തിന് അനുമതി നൽകിയത്. ഏഴ് വർഷത്തെ പരിപാലന ചെലവിന്റെ സ്ഥാനത്ത് ഒരു വർഷത്തെ പരിപാലന ചെലവിന്റെ തുകകൂടി ഉൾപ്പെടുത്തിയാണ് ഇത്തരത്തിൽ തെറ്റിദ്ധരിപ്പിക്കുന്ന ആരോപണം ഉന്നയിച്ചിരിക്കുന്നത്. പരിപാലന ചെലവിനുള്ള തുക കെ-ഫോണിന്റെ ബിസിനസ്സ് പ്രവർത്തനങ്ങളിൽനിന്നും ലഭിക്കുന്ന വരുമാനത്തിൽ നിന്നാണ് കണ്ടെത്തേണ്ടത്. കിഫ്ബി വായ്പയും നടത്തിപ്പ് വരുമാനത്തിൽനിന്നും തിരിച്ചടയ്ക്കും. സംസ്ഥാന സർക്കാരിന് പദ്ധതിയുമായി ബന്ധപ്പെട്ട് യാതൊരു സാമ്പത്തിക ബാധ്യതയുമുണ്ടാകില്ല. ആയതിനാൽ സംസ്ഥാന സർക്കാരിന് 500 കോടി രൂപയുടെ നഷ്ടമുണ്ടെന്ന ആക്ഷേപം അടിസ്ഥാനരഹിതമാണ്. നടപടിക്രമങ്ങളെല്ലാം പൂർണ്ണമായും പാലിച്ചാണ് ടെണ്ടർ നടപടികൾ പൂർത്തിയാക്കിയത്. 55% ഘടകങ്ങൾ ഇന്ത്യൻ

നിർമ്മിതമായിരിക്കണമെന്ന വ്യവസ്ഥ പാലിച്ചാണ് ഒപ്റ്റിക്കൽ ഗ്രൗണ്ട്‌വയർ കേബിളുകൾ കരാറുകാർ നൽകിയിട്ടുള്ളതെന്ന് ടെക്നിക്കൽ കെ-ഫോൺ കമ്മിറ്റി ഉറപ്പുവരുത്തിയിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കെ-ഫോണുമായി ബന്ധപ്പെട്ട് ഉന്നയിച്ച ആരോപണങ്ങൾക്കൊന്നുമല്ല അങ്ങ് മറുപടി പറയുന്നത്. എസ്റ്റിമേറ്റ് തയ്യാറാക്കിയതിനുശേഷം മെയിന്റനൻസ് നടത്തുന്നതിനെന്നുപറഞ്ഞ് 500 കോടി രൂപ രണ്ടാമത് കൂട്ടിക്കൊടുത്തുവെന്നതാണ് ആരോപണം. 1000 കോടി രൂപയുടെ പദ്ധതിയാണ് ആദ്യം പ്ലാൻ ചെയ്തത്. പിന്നീടത് 1528 കോടി രൂപയായി. അങ്ങയുടെ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എം. ശിവശങ്കർ അയച്ച ഒരു കത്തിന്റെ അടിസ്ഥാനത്തിലാണ് 500 കോടി രൂപ കൂട്ടിക്കൊടുക്കുന്നത്. രണ്ടാമത്, എ.ഐ. ക്യാമറയിൽ ഉന്നയിച്ച ആക്ഷേപംപോലെ കറക്ക് കമ്പനികളുടെ റാക്കറ്റാണ് കാർട്ടൽ ഫോം ചെയ്ത് ടെണ്ടർ പിടിച്ചത്. ടെണ്ടർ കിട്ടിയ കമ്പനികൾക്കൊന്നും ഇത് നടത്തിക്കൊണ്ടുപോകാനുള്ള കപ്പാസിറ്റിയില്ല. കെ-ഫോൺ പദ്ധതി നടത്തിപ്പിന് എസ്.ആർ.ഐ.റ്റി.-ക്ക്

ടെണ്ടർ കിട്ടി. എന്നാൽ അവർക്ക് ഇത് നടത്താൻ അറിയില്ല. നേരത്തെ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി എസ്.ആർ.ഐ.റ്റി.-യുടെ 24 വർഷത്തെ പാരമ്പര്യത്തെക്കുറിച്ച് പറഞ്ഞു. എ.ഐ. ക്യാമറയുടെ കാര്യത്തിൽ എസ്.ആർ.ഐ.റ്റി. 6% കമ്മീഷൻ അതായത്, 9 കോടി രൂപ വാങ്ങിയതിനുശേഷം മാറി നിൽക്കുകയാണ് ചെയ്തത്. അത് നടപ്പാക്കുന്നത് വേറെ കമ്പനിയാണ്. അതായത്, ടെണ്ടറെടുത്ത സ്ഥാപനമല്ല പണി ചെയ്യുന്നത്. അതുതന്നെയാണ് കെ-ഫോണുമായി ബന്ധപ്പെട്ടും നടക്കുന്നത്. ടെണ്ടർ ഡോക്യുമെന്റിലെ പ്രൊവിഷൻസ് മുഴുവൻ വയലേറ്റ് ചെയ്തുകൊണ്ടാണ് ടെണ്ടർ പ്രൊസിജ്യുവർ നടക്കുന്നത്. ചൈനീസ് കേബിൾ ഇറക്കുമതി ചെയ്യാൻ പാടില്ലെന്ന് ഇലക്ട്രിസിറ്റി ബോർഡ് കൃത്യമായി പറഞ്ഞിരിക്കുകയാണ്. ഏറ്റവും നല്ല കേബിൾ ഇന്ത്യൻ നിർമ്മിത കേബിളാണെന്നും അതാണ് ഉപയോഗിക്കേണ്ടതെന്നും ഇലക്ട്രിസിറ്റി ബോർഡാണ് ആവശ്യപ്പെട്ടത്. കെ-ഫോൺ പദ്ധതി നടപ്പാക്കുന്നതിലെ ഒരു പാർട്ടി ഇലക്ട്രിസിറ്റി ബോർഡാണ്. ഗുരുതരമായ ക്രമക്കേടാണ് ഈ രണ്ട് കേസുകളിലും നടന്നിരിക്കുന്നത്. ഇതിൽ രണ്ടിലും ബന്ധപ്പെട്ടിരിക്കുന്നത്

ഒരേ കമ്പനികളാണ്. ഈ രണ്ട് വിഷയത്തെക്കുറിച്ചും അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, കെ-ഫോണുമായി ബന്ധപ്പെട്ട് 55% ഘടകങ്ങൾ ഇന്ത്യൻ നിർമ്മിതമായിരിക്കണമെന്ന വ്യവസ്ഥയാണുള്ളത്. അത് പാലിച്ചുകൊണ്ടാണ് ഒപ്റ്റിക്കൽ ഗ്രൗണ്ട്‌വയർ കേബിളുകൾ കരാറുകാർ നൽകിയിട്ടുള്ളതെന്നാണ് എന്റെ കയ്യിലുള്ള റിപ്പോർട്ടിലുള്ളത്. അതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ അത് പറഞ്ഞത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഒപ്റ്റിക്കൽ ഫൈബർ കേബിളിൽത്തന്നെ ഇന്ത്യൻ നിർമ്മിത ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഉപയോഗിക്കണമെന്നുണ്ട്, അല്ലാതെ 55% ഘടകങ്ങൾ അല്ല. വില കുറഞ്ഞ ചൈനീസ് കേബിൾ ഇറക്കുമതി ചെയ്തിട്ട് ഇവിടത്തെ സീലടിച്ച് കൊടുത്തിരിക്കുകയാണ്. ഇത് ഞാൻ പറഞ്ഞതല്ല. ഇലക്ട്രിസിറ്റി ബോർഡിന്റെ അലിഗേഷനാണ്. അത് വളരെ ഗൗരവമുള്ളതാണ്. കോടിക്കണക്കിന് രൂപയുടെ അഴിമതിയാണ് നടന്നിരിക്കുന്നത്.

ശ്രീ. പിണറായി വിജയൻ: സർ, ഇതിന്റെ സാങ്കേതിക കാര്യങ്ങൾ പരിശോധിക്കുന്നതിനുവേണ്ടിയുള്ള ടെക്നിക്കൽ കെ-ഫോൺ കമ്മിറ്റി ഇത് പൂർണ്ണമായും അംഗീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു സാമ്പത്തിക ബാധ്യതയുമുണ്ടാകില്ല. അതുകൊണ്ട് 500 കോടി രൂപ നഷ്ടമുണ്ടാകുമെന്ന് പറയുന്നത് അടിസ്ഥാനരഹിതമാണ്. ഇവിടെ ഉന്നയിച്ച മറ്റൊരു കാര്യത്തിനുകൂടി ഞാൻ മറുപടി പറയാം. Cochin Minerals and Rutile Limited (CMRL)-ന്റെ ആദായ നികുതി നിർണ്ണയത്തിൽ ഇന്ററിം സെറ്റിൽമെന്റ് ബോർഡ് പുറപ്പെടുവിച്ച ഉത്തരവിന്റെ മാധ്യമങ്ങളിൽ ലഭ്യമായ പകർപ്പുകളിൽനിന്നും പൊതുമണ്ഡലത്തിൽ ചില കാര്യങ്ങൾ പ്രചരിക്കുന്നുണ്ട്. റിപ്പോർട്ടിന്റെ ഔദ്യോഗിക പകർപ്പ് കാണാൻ കഴിഞ്ഞിട്ടില്ല. എങ്കിലും ലഭ്യമായ വിവരം വച്ചുകൊണ്ടാണ് പറയുന്നത്. ഒരു ആദായ നികുതിദായകന് സാധാരണ അപ്പീൽ പ്രക്രിയയ്ക്ക് ബദലായി ജീവിതത്തിലൊരിക്കൽ full and true disclosure അതായത്, പൂർണ്ണവും സത്യസന്ധവുമായ വെളിപ്പെടുത്തൽ നടത്തി ആദായ നികുതി നിയമം 245 (ഡി) വകുപ്പുപ്രകാരം സെറ്റിൽമെന്റ്

കമ്മീഷനെ സമീപിക്കാവുന്നതാണ്. ഇത് നികുതിദായകനും ആദായ നികുതി വകുപ്പും തമ്മിലുള്ളൊരു ഒത്തുതീർപ്പാണ്. ഇതിന്മേൽ അപ്പീൽ ഇല്ല. 2021-ൽ കേന്ദ്ര ഫിനാൻസ് ആക്ട് സെറ്റിൽമെന്റ് കമ്മീഷൻ ഉടൻ പ്രാബല്യത്തിൽ നിർത്തലാക്കുകയും അതുവരെ രാജ്യത്തെ വിവിധ സെറ്റിൽമെന്റ് കമ്മീഷൻ മുമ്പാകെ തീർപ്പാകാതെ കിടന്നിരുന്ന അപേക്ഷകൾ തീർപ്പാക്കാനായി ഇന്ററിം സെറ്റിൽമെന്റ് ബോർഡുകൾ രൂപീകരിക്കുകയും ചെയ്തു. ഈ ബോർഡിലെ അംഗങ്ങൾ ആദായ നികുതി വകുപ്പിലെ മൂന്ന് ഉദ്യോഗസ്ഥരാണ്. സിവിൽ കോടതിയുടെ അധികാരമുള്ള ബോർഡിന്റെ അർദ്ധ ജുഡീഷ്യൽ ഓർഡർ എന്നുപറയുന്നത് തയ്യാറാക്കുന്നത് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള മൂന്ന് ഉദ്യോഗസ്ഥരാണെന്ന വസ്തുത നാം ഓർക്കേണ്ടതുണ്ട്. CMRL ആദായ നികുതി വകുപ്പുമായി നിയമ യുദ്ധത്തിനില്ലെന്നും തങ്ങളുടെ ആദായ നികുതി സെറ്റിൽ ചെയ്യാൻ തയ്യാറാണെന്നും കാണിച്ച് അപേക്ഷ സമർപ്പിച്ചപ്പോൾ ആദായ നികുതി വകുപ്പിന്റെ അഭിപ്രായം തേടിയശേഷം പാസ്സാക്കിയ ഉത്തരവാണ് വിവാദ വിഷയമാക്കുന്നത്. ഈ സെറ്റിൽമെന്റിൽ എക്സാലോജിക് കമ്പനിയോ

അതിന്റെ ഡയറക്ടറോ കക്ഷിയല്ല. അവരുടെ ഒരു വിഷയവും സെറ്റിൽമെന്റിന് വിധേയമായിട്ടുമില്ല. സെറ്റിൽമെന്റ് ഉത്തരവിലെ ഒരു പരാമർശത്തിന്മേലാണ് ആരോപണമുന്നയിക്കുന്നത്. CMRL-ൽ ആദായ നികുതി നിയമത്തിലെ വകുപ്പ് 132 പ്രകാരം 25-01-2009-ന് ഒരു പരിശോധന നടന്നിരുന്നുവെന്നും അതിൽ എക്സാലോജിക്കുമായി ഏർപ്പെട്ടിട്ടുള്ള ഒരു കരാർ കണ്ടെത്തിയിട്ടുണ്ടെന്നും ഇതുസംബന്ധിച്ച് കമ്പനിയുമായി ബന്ധപ്പെട്ടവർ ആദായ നികുതി നിയമം 132(4) പ്രകാരം ഒരു സത്യപ്രസ്താവന നൽകിയിട്ടുണ്ടെന്നും ആദായ നികുതി വകുപ്പ് സെറ്റിൽമെന്റ് ബോർഡിനെ അറിയിച്ചതായി കാണുന്നു. ഇവിടെ എടുത്തുപറയേണ്ട ചില കാര്യങ്ങളുണ്ട്. ഒന്ന്, എക്സാലോജിക് കമ്പനി ബിസിനസ്സിന്റെ ഭാഗമായി പല സ്ഥാപനങ്ങളുമായും സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ് ബിസിനസ്സ് നടത്തിയിട്ടുണ്ട്. അതിലൊന്നാണ് CMRL. രണ്ട്, സി.എം.ആർ.എൽ. കമ്പനിയുമായുള്ള നിയമപരമായ കരാറിന്റെ ഭാഗമായാണ് എക്സാലോജിക്കിന് പ്രതിഫലം ലഭിച്ചിട്ടുള്ളത്. ഇത് സ്രോതസ്സിൽ ആദായ നികുതി കിഴിച്ചും ജി.എസ്.ടി. അടച്ചുമാണ് നൽകിയിട്ടുള്ളത്. എക്സാലോജിക്

കമ്പനിയുടെ ആദായ നികുതി റിട്ടേണിൽ ഇത് വെളിപ്പെടുത്തിയിട്ടുണ്ടെന്നുമാണ് മനസ്സിലാക്കുന്നത്, പരിശോധനയിലോ അന്വേഷണത്തിലോ കണ്ടെത്തിയ വസ്തുതയല്ല. മൂന്ന്, വകുപ്പ് 132 (4)-ലെ സത്യപ്രസ്താവനയിലെ തെളിവുമൂല്യം അപരിമിതമല്ല, നികുതി നിർണ്ണയം നടത്തുന്ന ഉദ്യോഗസ്ഥരുടെയോ സെറ്റിൽമെന്റ് ബോർഡിന്റെയോ മുമ്പാകെ ഈ പ്രസ്താവന ഉദ്ധരിച്ചുകൊണ്ടുമാത്രം ഒരു നിഗമനത്തിലെത്തിച്ചേരുന്നത് നിയമപരമായി ശരിയല്ല. ഒരു പരിശോധനയുടെ ഭാഗമായി മറ്റൊരു വ്യക്തിക്കെതിരെ ഒരു സത്യപ്രസ്താവനയിൽ പരാമർശമുണ്ടെങ്കിൽ ആ വ്യക്തിയുടെ ഭാഗം കേൾക്കാനുള്ള പ്രാഥമികമായ ഉത്തരവാദിത്വം സ്വാഭാവിക നീതി നടപ്പാക്കാൻ ബാധ്യസ്ഥരായ ജൂഡീഷ്യൽ/അർദ്ധ ജൂഡീഷ്യൽ/അഡ്മിനിസ്ട്രേറ്റീവ് അധികാരികളുടെമേൽ നിക്ഷിപ്തമാണ്; അതിവിടെ നടന്നിട്ടില്ല. തെളിവ് നിയമത്തിന്റെ അടിസ്ഥാന തത്വങ്ങൾ പ്രകാരം മറുഭാഗം കേൾക്കാതെ നടക്കുന്ന നിരീക്ഷണങ്ങൾക്ക് ജൂഡീഷ്യൽ മൂല്യം കൽപ്പിക്കാനാകില്ല. നാല്, മേൽപ്പറഞ്ഞ സത്യപ്രസ്താവന/പ്രസ്താവന നൽകിയവർ പിന്നീട് സ്വമേധയാ പിൻവലിച്ചിട്ടുണ്ടെന്ന വസ്തുത ഇന്ററിം

സെറ്റിൽമെന്റിന്റെ ഉത്തരവിൽത്തന്നെ പറഞ്ഞിട്ടുള്ളതായി മനസ്സിലാക്കുന്നു. ഈ പിൻവലിക്കൽ നിലനിൽക്കില്ലെന്ന ആദായ നികുതി വകുപ്പിന്റെ വാദഗതി യാതൊരു വിശകലനവും കൂടാതെ സെറ്റിൽമെന്റ് ബോർഡിന്റെ ഉത്തരവിൽ സ്വീകരിച്ചതായാണ് കാണുന്നത്. അഞ്ച്, സത്യപ്രസ്താവന നൽകുന്ന വ്യക്തിക്ക് ആദായ നികുതി പരിശോധനാ സമയത്ത് അതിന്റെ പകർപ്പ് ലഭ്യമാകുന്നില്ല. പരിശോധനാമദ്ധ്യേ പലവിധ സമ്മർദ്ദങ്ങളാലും നൽകപ്പെടുന്ന പ്രസ്താവനകൾ പിന്നീട് പിൻവലിക്കപ്പെടുന്നുണ്ട്. പകർപ്പ് ലഭ്യമായപ്പോൾ അത് വായിച്ച് മനസ്സിലാക്കി പിൻവലിച്ച പ്രസ്താവനയെയാണ് ആത്യന്തിക സത്യമായി (ultimate truth) അവതരിപ്പിക്കാൻ ശ്രമിക്കുന്നത്. ഇക്കാര്യങ്ങൾ നിലനിൽക്കെ തന്നെ അഴിമതി നിരോധന നിയമത്തെപ്പറ്റി ആരോപണത്തിൽ പറയുകയാണ്. ഒരു സംരംഭകയ്ക്ക് ഒരു രാഷ്ട്രീയ നേതാവിന്റെ ബന്ധുത്വമുണ്ടെന്ന ഒറ്റ കാരണത്താൽ കരാറിൽ ഏർപ്പെടാനോ ബിസിനസ്സ് നടത്താനോ പാടില്ലെന്ന നിയമമോ ചട്ടമോ നിലവിലുണ്ടോ? ഇവിടെ കരാറിൽ ഏർപ്പെട്ട കമ്പനികൾക്ക് അധികാരത്തിലിരിക്കുന്ന ഏതെങ്കിലും ഒരു പൊതുസേവകൻ

(Public Servant) എന്തെങ്കിലും വഴിവിട്ട സഹായം ചെയ്യുകയോ നിയമപരമായി നിറവേറ്റേണ്ട ബാധ്യതയിൽ വീഴ്ചവരുത്തുകയോ ചെയ്തതായുള്ള ഒരു ചൂണ്ടനക്കം (whisper) പരിശോധന നടത്തിയ ആദായ നികുതി വകുപ്പിന്റെ റിപ്പോർട്ടിലോ ഇന്ററിം സെറ്റിൽമെന്റ് ഓർഡറിലോ ഉള്ളതായി പറയാൻ സാധിക്കുമോ? സർക്കാരിന് പങ്കുള്ള കമ്പനിയെന്ന മറ്റൊരു ആരോപണമാണ് പത്രമാധ്യമങ്ങളിലൂടെ വ്യാപകമായി പ്രചരിപ്പിച്ചത്. കെ.എസ്.ഐ.ഡി.സി.-ക്ക് സി.എം.ആർ.എൽ.-ൽ ഓഹരിയുള്ളതിനെ അടിസ്ഥാനമാക്കിയാണ് ഈ പ്രചാരണം. കെ.എസ്.ഐ.ഡി.സി.-ക്ക് സി.എം.ആർ.എൽ.-ൽ മാത്രമല്ല 40-ഓളം കമ്പനികളിൽ ഓഹരിയുണ്ട്. സി.എം.ആർ.എൽ.-ൽ കെ.എസ്.ഐ.ഡി.സി. ഓഹരി നിക്ഷേപം നടത്തിയത് 32 വർഷങ്ങൾക്കുമുമ്പ് 1991-ലാണ്. അന്ന് ഞാനോ ഇന്നത്തെ മന്ത്രിസഭയിലെ അംഗങ്ങളോ സർക്കാർ സംവിധാനത്തിന്റെ ഭാഗമായിരുന്നില്ല. സി.എം.ആർ.എൽ.-ന്റെ നയപരമായ കാര്യങ്ങളിൽ കെ.എസ്.ഐ.ഡി.സി.-ക്ക് യാതൊരു പങ്കുമില്ലെന്നതും കാണേണ്ടതുണ്ട്. 'മാസപ്പടി' എന്ന പേരിട്ടാണ് ചില മാധ്യമങ്ങൾ പ്രചരണം

നടത്തുന്നത്. ഒരു സംരംഭക നടത്തുന്ന കമ്പനി മറ്റൊരു കമ്പനിയുമായി കരാറിലേർപ്പെട്ട് നികുതി അടച്ച് നികുതി റിട്ടേണിൽ വെളിപ്പെടുത്തി പ്രതിഫലം കൈപ്പറ്റുന്നത് മാസപ്പടിയാണെന്ന് പറയുന്നത് ഒരു പ്രത്യേക മനോനിലയുടെ പ്രതിഫലനമാണ്. സേവനം ലഭ്യമാക്കിയില്ലെന്ന് സി.എം.ആർ.എൽ. കമ്പനിക്ക് പരാതിയില്ല. പരിശോധനയുടെ ഭാഗമായി ഇതിനെപ്പറ്റി അറിയില്ലെന്ന് പറഞ്ഞ പ്രസ്താവന പിന്നീട് തിരുത്തപ്പെടുകയും ചെയ്തിട്ടുണ്ട്. സേവനം ലഭ്യമാക്കിയ കമ്പനിയുടെ ഭാഗം കേൾക്കാതെയും അവർക്ക് ആരോപണമുന്നയിക്കാൻ അടിസ്ഥാനമാക്കുന്ന പിൻവലിക്കപ്പെട്ട സത്യപ്രസ്താവനയുടെ പകർപ്പ് നൽകാതെയും ആരോപണമുന്നയിക്കുന്നത് മിതമായ ഭാഷയിൽ പറഞ്ഞാൽ, ചിലരുടെ കാര്യത്തിൽ പറയുന്ന വേട്ടയാടലിന്റെ മറ്റൊരു രൂപംതന്നെയാണ്. രാഷ്ട്രീയ മുതലെടുപ്പ് നടത്താൻ പൊതുരംഗത്തില്ലാത്ത ഒരു സംരംഭകയുടെ പേര് വലിച്ചിഴച്ചുകൊണ്ട് നടത്തുന്ന അപവാദ പ്രചാരണങ്ങളുടെ ആവർത്തനംകൂടിയാണ് ബഹുമാനപ്പെട്ട അംഗം ഇന്ന് നിയമസഭയിൽ ഉന്നയിച്ച ആരോപണം. ഇന്ററിം സെറ്റിൽമെന്റ് ബോർഡിന്റെ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ

അഴിമതി നിരോധന നിയമപ്രകാരം കേസ്സെടുക്കണമെന്ന ഹർജി മൂവാറ്റുപുഴ വിജിലൻസ് കോടതി തള്ളിയിട്ടുണ്ട്. പ്രഥമദൃഷ്ട്യാ അടിസ്ഥാനമില്ലെന്ന നിരീക്ഷണത്തോടെയാണ് കേസ് തള്ളിയിരിക്കുന്നത്. ഇതും ഇവിടെ പ്രസക്തമാണ്. യാതൊരു അടിസ്ഥാനവുമില്ലാത്ത ഈ പ്രചാരണത്തെയും ആരോപണത്തെയും ശക്തമായി നിഷേധിക്കുകയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് സമ്മതിച്ചതുപോലെ ഇതൊരു സ്റ്റാറ്റ്യൂട്ടറി ബോഡിയാണ്.  റിപ്പോർട്ട് ഇതുവരെയും ലഭിച്ചിട്ടില്ലെന്നാണ് അങ്ങ് പറഞ്ഞത്. എന്നാൽ ഇപ്പോൾ പറഞ്ഞ മറുപടി റിപ്പോർട്ട് വായിച്ച് വിശദമായി തയ്യാറാക്കിയതാണ്. നേരത്തെ സി.ബി.ഐ.-യുടെ റിപ്പോർട്ട് കിട്ടിയില്ലെന്ന് പറഞ്ഞതുപോലെ സ്റ്റാറ്റ്യൂട്ടറി കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയിട്ടില്ലെന്ന് പറഞ്ഞെങ്കിലും ആ റിപ്പോർട്ടിലെ ഓരോ ഫൈൻഡിംഗിലുമുള്ള പാരാവൈസ് റിപ്ലൈയാണ് അങ്ങിവിടെ പറഞ്ഞത്. സി.എം.ആർ.എൽ. കമ്പനിയും എക്സാലോജിക് കമ്പനിയും തമ്മിൽ ഒരു എഗ്രിമെന്റ് ഉണ്ടെന്നുപറഞ്ഞത് ശരിയാണ്. ആ എഗ്രിമെന്റിന്റെ ഭാഗമായി ഇവിടെ സോഫ്റ്റ്‌വെയർ സർവ്വീസ് പ്രൊവൈഡ് ചെയ്യാമെന്ന്

പറഞ്ഞിരിക്കുകയാണ്. പക്ഷെ ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റിന്റെ മുന്നിൽ സി.എം.ആർ.എൽ. കമ്പനിയിലെ ഉദ്യോഗസ്ഥർ മൊഴി കൊടുത്തിരിക്കുന്നത് എക്സാലോജിക് കമ്പനി ഒരു സർവ്വീസും പ്രൊവൈഡ് ചെയ്തിട്ടില്ലെന്നാണ്. മാത്രമല്ല, ഇവരുടെ സോഫ്റ്റ്‌വെയർ സൊല്യൂഷനും എക്സാലോജിക്കിലുള്ള സോഫ്റ്റ്‌വെയർ സൊല്യൂഷനും തമ്മിൽ യാതൊരു ബന്ധവുമില്ല. രണ്ടും പരസ്പരവിരുദ്ധമായവയാണ്. അതിനാൽ ആ സർവ്വീസ് ചെയ്യാനും കഴിയില്ല. സർവ്വീസ് ചെയ്യാതെ ഒരു ട്രാൻസാക്ഷൻ നടന്നിരിക്കുന്നുവെന്നതാണ് സ്റ്റാറ്റ്യൂട്ടറി ബോഡിയുടെ കണ്ടെത്തൽ. കൂടാതെ അതിൽ പ്രധാനപ്പെട്ട ആളുമായി ബന്ധം എന്നൊരു സ്റ്റേറ്റ്മെന്റുകൂടിയുണ്ട്. ഈ ഗുരുതരമായ വിഷയമാണ് ഞങ്ങൾ ഉന്നയിച്ചത്. ഡോ. മാത്യു കുഴൽനാടൻ ഉന്നയിച്ച വിഷയമതാണ്. ഫൈൻഡിംഗ്സിൽ സി.എം.ആർ.എൽ. കമ്പനിയുടെ ഫിനാൻസ് കൈകാര്യംചെയ്യു ആളുകൾ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ടവരുടെ മൊഴിയാണ് പറഞ്ഞിരിക്കുന്നത്. ഒരു സർവ്വീസും എക്സാലോജിക് കമ്പനി സി.എം.ആർ.എൽ.-ൽ ചെയ്തിട്ടില്ല. എന്നാൽ എഗ്രിമെന്റ് പ്രകാരം ഒരു ട്രാൻസാക്ഷൻ നടന്നിട്ടുണ്ട്. അതിൽ രണ്ട്

പ്രശ്നങ്ങളാണുള്ളത്. ഒന്ന്, ബ്ലാക്ക് മണി വൈറ്റാക്കാൻ, ലീഗലൈസ് ചെയ്യാനുള്ള ശ്രമമാണ് നടന്നിരിക്കുന്നത്. രണ്ട്, പ്രധാനപ്പെട്ട അധികാരസ്ഥാനത്തിലിരിക്കുന്ന ഒരാളുടെ സ്വാധീനവുമായി ബന്ധപ്പെട്ട കാര്യമാണ്. ആദ്യത്തേതാണെങ്കിൽ Prevention of Money Laundering Act-ന്റെ പ്രൊവിഷൻസ് അട്രാക്ട് ചെയ്യപ്പെടും. രണ്ടാമത്തേതാണെങ്കിൽ Prevention of Corruption Act അട്രാക്ട് ചെയ്യപ്പെടും. ഈ രണ്ട് പ്രശ്നവുമുണ്ട്. അങ്ങ് അതിൽ നിരപരാധിത്വം പറയുകയാണെങ്കിൽ, ഒരു അന്വേഷണം ഏർപ്പെടുത്താൻ പടില്ലേയെന്നതാണ് എന്റെ ചോദ്യം.

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട അംഗം ഡോ. മാത്യു കുഴൽനാടൻ അങ്ങേയ്ക്കുവേണ്ടിയാണ് ഇത്തരം വിഷയങ്ങൾ സഭയിൽ ഉന്നയിക്കുന്നതെന്ന് എനിക്ക് അറിയാം. അത്തരത്തിൽ തന്നെയാണ് അക്കാര്യങ്ങൾ ഞാൻ കാണുന്നത്. ഇത് ഇവരാരെങ്കിലും കണ്ടെത്തിയ കാര്യമല്ല. സർവ്വീസ് കൊടുത്തതിന് കിട്ടിയ പ്രതിഫലം അവർ കണക്കിൽ കാണിച്ചിട്ടുണ്ട്. ഇൻകം ടാക്സിന്റെ ഭാഗമായി അവർ ചെയ്യേണ്ട കാര്യങ്ങൾ എന്തൊക്കെയാണോ അതെല്ലാം ചെയ്തിട്ടുമുണ്ട്. അതായത്, നേരത്തെ ഇത്

കണക്കിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. രണ്ട് കമ്പനികൾ പരസ്പരം നടത്തിയിട്ടുള്ള ഒരു കാര്യമാണിത്. ഇതിന്റെ ഭാഗമായി മറ്റൊരു കഥ ഞാൻ പറയാം. ആ സർവ്വീസ് കൊടുത്തത് കോഴിക്കോട് പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ്. അവർ അന്വേഷിച്ചത് എന്തുകൊണ്ടാണെന്ന് അറിയാമോ? ഇത് തീവ്രവാദ ബന്ധമാണ്, ഈ സ്ഥാപനത്തിന്റെ ആൾക്ക് തീവ്രവാദ ബന്ധത്തിന്റെ ഭാഗമായി തുക ലഭിച്ചിട്ടുണ്ട്, ഇവർ തീവ്രവാദികളാണ് എന്നാണ് പറഞ്ഞത്. അങ്ങനെ പറയാൻ കാരണം അത് മുസ്ലീങ്ങൾ നടത്തുന്ന സ്ഥാപനമായതുകൊണ്ടാണ്. പ്രശസ്തമായ രീതിയിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണത്. അതുമായി ബന്ധപ്പെട്ട് ഇങ്ങനെയൊരു കേസുണ്ടല്ലോയെന്ന് ഒരാൾ എന്നോട് ചോദിച്ചപ്പോൾ അതെല്ലാമെടുത്താൽ നിങ്ങൾ വിഷമിച്ചുപോകുമെന്ന് ഞാൻ മറുപടി നൽകുകയും ആ സ്ഥാപനത്തിന്റെ ചരിത്രം പറഞ്ഞുകൊടുക്കുകയും ചെയ്തു. ഇങ്ങനെയുള്ള ഒരു രീതി നേരത്തെതന്നെ തുടർന്നുവരുന്നുണ്ട്. അല്ലാതെ സി.എം.ആർ.എൽ.-ന്റെ കാര്യത്തിൽ മാത്രമാണുണ്ടായതെന്ന് കരുതണ്ട. ഇതൊരു പ്രത്യേക ഉദ്ദേശ്യത്തോടെ തുടങ്ങിയ കാര്യമാണ്. ക്വാസി ജുഡീഷ്യൽ സ്വഭാവമുള്ള

ഒരു ഉത്തരവ് പാസ്സാക്കുന്നത് മൂന്ന് കേന്ദ്രസർക്കാർ ഉദ്യോഗസ്ഥരാണ്. അതിന്റെ ഭാഗമായാണ് ബന്ധുത്വം എന്നൊക്കെ അതിൽ പറയുന്നത്. അല്ലാതെ രണ്ട് കമ്പനികൾ തമ്മിലുള്ള കാര്യത്തിൽ ബന്ധുത്വം പറയേണ്ട കാര്യമുണ്ടോ? ആരോപണം ഉന്നയിച്ച നിയമസഭാംഗത്തിന്റെ പാർട്ടിയിലെ അഖിലേന്ത്യാ നേതൃനിരയിൽപ്പെട്ട രണ്ടുപേർക്കെതിരെ ഇത്തരത്തിൽ ചില ആരോപണങ്ങൾ ഉന്നയിക്കപ്പെട്ടു. അതിനെത്തുടർന്ന് ആദായ നികുതി വകുപ്പും അപ്പലേറ്റ് ട്രിബ്യൂണലുകളും ഉത്തരവുകൾ പാസ്സാക്കിയത് അവരുടെ ഭാഗം കേട്ടശേഷമാണ്. അത് കുറേക്കൂടി ക്വാസി ജുഡീഷ്യൽ സ്വഭാവമുള്ളതാണെന്ന് പറയാം. എന്നാൽ ഇവിടെ മറുഭാഗം കേൾക്കാതെയും വിശകലനം നടത്താതെയും നടത്തിയ നിരീക്ഷണങ്ങൾക്ക് എങ്ങനെയാണ് ദിവ്യത്വം കൽപ്പിക്കുന്നത്; അങ്ങനെ ദിവ്യത്വം കൽപ്പിക്കാൻ നിങ്ങളുടെ രാഷ്ട്രീയം അനുവദിക്കുമോ? കേന്ദ്രത്തിലെ ഭരണകക്ഷി പ്രതിപക്ഷ രാഷ്ട്രീയ നേതാക്കളെ കേസുകളിൽപ്പെടുത്തി വേട്ടയാടുന്നുവെന്ന ആരോപണം നിങ്ങളും ഞങ്ങളുമെല്ലാം ഉന്നയിക്കുകയാണ്. ആ ഘട്ടത്തിൽ ഞങ്ങൾ അതിൽനിന്ന് മാറി നിൽക്കാതെ ശക്തമായി പിന്തുണയ്ക്കുകയല്ലേ ചെയ്തത്?

ശ്രീ. രാഹുൽ ഗാന്ധിയെ അയോഗ്യനാക്കിയ കോടതി ഉത്തരവ് വന്നപ്പോൾ അത് ജുഡീഷ്യൽ ഓർഡറാണെന്ന പാവനത്വം പറഞ്ഞ് ന്യായീകരിക്കാൻ ശ്രമിക്കാതെ ഞങ്ങളതിനെ എതിർക്കുകയല്ലേ ചെയ്തത്; അദ്ദേഹത്തിനെതിരെ നടക്കുന്ന രാഷ്ട്രീയ നീക്കങ്ങളെ തുറന്നുകാട്ടാനല്ലേ ഞങ്ങൾ പരിശ്രമിച്ചത്? ദേശീയ തലത്തിൽ അന്വേഷണ ഏജൻസികളെ ഭരണകക്ഷിയായ ബി.ജെ.പി. സഖ്യകക്ഷികളാക്കുന്നുവെന്ന് നിങ്ങൾ ആക്ഷേപിക്കുന്നുണ്ട്. അതേ അഭിപ്രായം തന്നെയാണല്ലോ ഞങ്ങൾക്കുമുള്ളത്. അതൊക്കെ വാളയാർ ചുരത്തിന് അപ്പുറമാണ്. ഇപ്പുറത്തേയ്ക്ക് കടന്നാൽ ബി.ജെ.പി.-യു.ഡി.എഫ്. സഖ്യത്തിന് കേന്ദ്ര അന്വേഷണ ഏജൻസികൾകൂടി കക്ഷികളാകുന്ന നിലയുള്ളതുകൊണ്ടല്ലേ നിങ്ങൾക്ക് ഒരു പ്രത്യേക ആവേശം ചിലപ്പോൾ വരുന്നത്? ആ പരിഹാസ്യമായ വസ്തുത നിങ്ങൾ കാണേണ്ടതുണ്ട്. നികുതി റിട്ടേണിൽ കാണിച്ച തുക എങ്ങനെയാണ് ബ്ലാക്ക് മണിയായി മാറുന്നത്? അതൊക്കെ അപഹാസ്യമെന്നാണ് പറയേണ്ടത്, അങ്ങായതുകൊണ്ട് ഞാൻ അങ്ങനെ പറയുന്നില്ല. അങ്ങനെയൊരു നിലപാട് സ്വീകരിക്കുന്നത് ശരിയല്ല.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറ, കെ-ഫോൺ, ഇൻകം ടാക്സ് ഇന്ററിം സെറ്റിൽമെന്റ് ബോർഡ് എന്നിവയുമായി ബന്ധപ്പെട്ട മൂന്ന് സുപ്രധാനമായ ആരോപണങ്ങളാണ് ഞങ്ങൾ ഇന്ന് എഴുതികൊടുത്ത് ഉന്നയിച്ചത്. ഇൻകം ടാക്സ് ഇന്ററിം സെറ്റിൽമെന്റ് ബോർഡ് നടത്തിയ നിരീക്ഷണങ്ങൾക്ക് ദിവ്യത്വമൊന്നും കല്പിക്കേണ്ട കാര്യമില്ലെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ദിവ്യത്വം കൊടുക്കേണ്ട കാര്യമില്ല. അത് സ്റ്റാറ്റ്യൂട്ടറി ബോഡിയാണ്. The Income-tax Act, 1961 അനുസരിച്ച് കോൺസ്റ്റിറ്റ്യൂട്ട് ചെയ്ത ഒരു ക്വാസി ജൂഡീഷ്യൽ ബോഡിയുടെ ഫൈൻഡിംഗാണ് ഞങ്ങളിവിടെ സൂചിപ്പിച്ചത്. ഞങ്ങൾ ഉന്നയിച്ച മൂന്ന് കാര്യങ്ങളിൽ രണ്ടെണ്ണത്തിനെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞതിൽ വളരെയധികം സന്തോഷമുണ്ട്. ആക്ഷേപമുണ്ടായി ഇത്രനാളായിട്ടും അങ്ങ് അതിനെക്കുറിച്ച് സംസാരിച്ചിട്ടുപോലുമില്ല, നിയമസഭയിലെങ്കിലും ആദ്യമായി അതിന് മറുപടി പറഞ്ഞതിൽ സന്തോഷമുണ്ട്. പക്ഷെ ഒരു അന്വേഷണവും ഏർപ്പെടുത്തില്ലെന്ന നിലപാടാണ് ഗവൺമെന്റിനുള്ളത്. ഞങ്ങൾ ഉന്നയിച്ച

മൂന്ന് ഗുരുതരമായ ആരോപണങ്ങളിന്മേലും അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകാത്തതിനാൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് ഞങ്ങൾ സഭ ബഹിഷ്കരിക്കുന്നു.

(പ്രതിപക്ഷം ഉന്നയിച്ച ആരോപണങ്ങളിന്മേൽ അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സഭ ബഹിഷ്കരിച്ചു.)

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2023-24 സാമ്പത്തിക വർഷത്തെ ഒന്നാം ഉപധനാഭ്യർത്ഥനയാണിത്. ഇതുസംബന്ധിച്ച് കാര്യമായ ചർച്ചയില്ല. പൊതുവിൽ 44 കോടി രൂപയുടെ ഉപധനാഭ്യർത്ഥനകൾ അംഗീകരിക്കുന്നുണ്ട്. രാവിലെതന്നെ നിയമസഭയിൽനിന്നും ഇറങ്ങിപ്പോകാനാണ് പ്രതിപക്ഷാംഗങ്ങൾ എത്തിയത്. അവർ ഇരുന്നാൽ ഞാൻ പറയുന്ന ചില കാര്യങ്ങൾക്ക് അവർക്ക് മറുപടി പറയേണ്ടതായിവരും. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെ കാര്യങ്ങൾ വിശദീകരിച്ചു. അതിനുശേഷവും പ്രതിപക്ഷം ഇറങ്ങിപ്പോകുന്നത് ശരിയല്ല. സഭയോടും ജനങ്ങളോടും ചില കാര്യങ്ങളിൽ

അവർക്ക് മറുപടി പറയേണ്ടതുണ്ട്. യു.ഡി.എഫ്. എന്നുപറഞ്ഞാൽ ബി.ജെ.പി.-ക്കുവേണ്ടി കേരളത്തിൽ പ്രവർത്തിക്കുന്നവരാണ്. അതുകൊണ്ടാണ് അവർ ഇന്ത്യൻ പാർലമെന്റിലൂൾപ്പെടെ കേരളത്തിനുവേണ്ടി ഒരുകാര്യവും സംസാരിക്കാൻ തയ്യാറാകാത്തത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ അനുയായികളും ഇറങ്ങിപ്പോകുന്നത് കേരളത്തിനകത്ത് അവർ ബി.ജെ.പി.-യെ സഹായിക്കാനെടുക്കുന്ന നിലപാടുകളുടെ ഭാഗമാണ്. പ്രതിപക്ഷം സൂചിപ്പിച്ച ചില കാര്യങ്ങളിൽ മറുപടി പറയാതിരിക്കാൻ കഴിയില്ല. കാരണം, ഇതെല്ലാം സഭാരേഖകളിൽ വരുന്നതാണ്. ഉപധനാഭ്യർത്ഥന സംബന്ധിച്ച് കേരളത്തിലെ ജനങ്ങളുടെ മുമ്പാകെ അവർ പറഞ്ഞുകൊണ്ടിരുന്ന കാര്യങ്ങൾ എന്തെല്ലാമാണ്? ഓണക്കാലത്ത് വളരെയധികം ബുദ്ധിമുട്ടുകളുണ്ടാകുമെന്ന് പറഞ്ഞിരുന്നു. വാസ്തവത്തിൽ അവർ പറഞ്ഞ കാര്യങ്ങൾ ഇവിടെ പറയാൻ പാടില്ല. 'കോണകം വിറ്റായിരിക്കും ഓണം ഉണ്ണുന്നത്' എന്നാണ് അവരുടെ ഉയർന്ന നേതാക്കൾ പറഞ്ഞത്. അവർ പറഞ്ഞ കാര്യങ്ങളാണ് ഞാൻ ഇവിടെ പറയുന്നത്. ഇപ്രാവശ്യം ഓണം നടത്തുന്നത്

അങ്ങനെയായിരിക്കുമെന്നാണല്ലോ പ്രതിപക്ഷം പറഞ്ഞത്. അവർക്കൊപ്പം ചില പത്രമാധ്യമങ്ങളും ഇതേ കാര്യങ്ങൾ എഴുതി. എന്നാൽ ഓണം എല്ലാ മേഖലയിലും വളരെ നന്നായി ആഘോഷിച്ചെന്ന് മാത്രമല്ല, ഓണത്തിന് എല്ലാ കാര്യങ്ങളും വളരെ സുഭിക്ഷമായിരുന്നുവെന്ന് മാധ്യമങ്ങളുൾപ്പെടെ എല്ലാവരും പറയുകയുമുണ്ടായി. പത്രമാധ്യമങ്ങളും ടി.വി. ചാനലുകളും വിലക്കയറ്റത്തിന്റെ കാര്യം അന്വേഷിക്കാൻ പലയിടത്തും പോയി. സാധനങ്ങൾക്ക് വളരെയേറെ വിലക്കുറവുണ്ടെന്നാണ് ചാനലുകളുടെ ചോദ്യത്തിന് ആളുകളിൽനിന്നും മറുപടി ലഭിച്ചത്. കച്ചവടക്കാരുടെയടുത്ത് പോയപ്പോൾ അവർ പറഞ്ഞത് സപ്ലൈകോയിലും കൺസ്യൂമർ ഫെഡ്ഡിലും പച്ചക്കറി മാർക്കറ്റിലും ഇഷ്ടംപോലെ സാധനങ്ങളുള്ളതുകൊണ്ട് അത് ഞങ്ങളുടെ കച്ചവടത്തെ ബാധിച്ചിട്ടുണ്ടെന്നാണ്. കച്ചവടം ഇഷ്ടംപോലെയുണ്ട്, പക്ഷെ വലിയതോതിൽ ഗവൺമെന്റ് ഇടപെടലുണ്ട്. ഈ സർക്കാരിന്റെ പ്രവർത്തനങ്ങൾ ജനങ്ങൾക്ക് എല്ലാ മേഖലയിലും ഗുണകരമായി വരുന്നുണ്ടെന്നുള്ളതിന് ധാരാളം കാര്യങ്ങൾ സൂചിപ്പിക്കാനുണ്ട്. ഇന്ത്യ ഗവൺമെന്റിന്റെ പ്ലാനിംഗ് കമ്മീഷനുപകരം ഇപ്പോൾ പ്രവർത്തിക്കുന്ന

ഏറ്റവും പ്രധാനപ്പെട്ട ഏജൻസിയായ നീതി ആയോഗിന്റെ പഠനത്തിൽ 24 ഇനങ്ങളിൽ ഒന്നാം സ്ഥാനം കേരളത്തിനാണെന്നാണ് പറയുന്നത്. വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങി എല്ലാ മേഖലകളിലും നേട്ടങ്ങളുണ്ട്. ധനദൃഢീകരണത്തിന്റെ പാതയിലാണ് നമ്മുടെ സംസ്ഥാനമെന്നാണ് ആർ.ബി.ഐ.-യുടെ ഏറ്റവും ഒടുവിലത്തെ പഠന റിപ്പോർട്ടിൽ സൂചിപ്പിക്കുന്നത്. വിലക്കയറ്റം, പണപ്പെരുപ്പം എന്നിവ സംബന്ധിച്ച പഠന റിപ്പോർട്ടും അടുത്തകാലത്ത് വന്നിരുന്നു. ഇന്ത്യയിൽ വിലക്കയറ്റവും പണപ്പെരുപ്പവും കുറവുള്ള സംസ്ഥാനമാണ് കേരളമെന്ന് ഈ റിപ്പോർട്ടിൽ പറയുന്നുണ്ട്. ഇന്ത്യയിൽ ഈ കണക്കനുസരിച്ച് ശരാശരി 8.50 ശതമാനത്തോളമാണ് വിലക്കയറ്റത്തിന്റെ നിരക്കുണ്ടായതെങ്കിൽ കേരളത്തിൽ 6.50 ശതമാനമാണ്. എന്നാൽ കോൺഗ്രസ് ഭരിക്കുന്ന രാജസ്ഥാനിൽ 8.50 ശതമാനത്തെക്കാളും അധികമാണ് വിലക്കയറ്റമെന്ന് റിപ്പോർട്ടിൽ പറയുന്നുണ്ട്. കർണ്ണാടകത്തിലും കേരളത്തെക്കാൾ രണ്ട് ശതമാനത്തോളം അധികം വിലക്കയറ്റം നിൽക്കുകയാണ്. സാധനങ്ങളുടെ വില നിയന്ത്രിക്കാൻ ചെയ്തതിനെ സംബന്ധിച്ചുള്ള റിപ്പോർട്ടും വന്നിട്ടുണ്ട്.

കേരളം സാമ്പത്തിക രംഗത്ത് നെഗറ്റീവിൽനിന്നും പോസിറ്റീവിലേയ്ക്കാണെന്നാണ് ആസ്ട്രേലിയൻ ബേസ്ഡ് ഇന്റർനാഷണൽ ഏജൻസിയായ Fitch Ratings-ന്റെ പഠന റിപ്പോർട്ടിൽ പറയുന്നത്. കോവിഡ് കാലത്ത് ചില പ്രതിസന്ധികളുണ്ടായിരുന്നുവെങ്കിലും അതിനുശേഷം വലിയ തോതിലുള്ള മുന്നേറ്റം എല്ലാ കാര്യത്തിലും ഉണ്ടായിട്ടുണ്ട്. ഓണക്കാലത്ത് സപ്ലൈകോയിലും മിൽമയിലും കുടുംബശ്രീ ഓണച്ചന്തകളിലുമുൾപ്പെടെ കച്ചവടം സർവ്വകാല റെക്കോർഡായിരുന്നു. എല്ലാ മേഖലയിലും 18000 കോടിക്കും 19000 കോടിക്കുമിടക്കുള്ള തുക ജനങ്ങളുടെയടുത്തേയ്ക്ക് എത്തിച്ചുകൊടുക്കാൻ സാധിച്ചു. പൊതുവിൽ എല്ലാ മേഖലയിലും നേട്ടങ്ങളുണ്ടായി. സർക്കാരിനെ വിലയിരുത്തുമ്പോൾ സാമ്പത്തികരംഗത്ത് നല്ലതുപോലെ പെർഫോം ചെയ്തിട്ടുണ്ടെന്ന് അഭിമാനത്തോടുകൂടി പറയാൻ സാധിക്കും. എന്നാൽ കേന്ദ്ര ഗവൺമെന്റിന്റെ അതിശക്തമായ നിലപാടുകൾമൂലം കിട്ടാനുള്ള പണം കിട്ടാത്തതുകൊണ്ട് നമ്മൾ പ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്നു. ഒരു സർക്കാരിനെ അല്ലെങ്കിൽ ഏതൊരു പ്രസ്ഥാനത്തെയും വിലയിരുത്തുമ്പോൾ ഒന്നാമതായി

നോക്കുന്നത് അവരുടെ സാമ്പത്തിക കാര്യങ്ങളിൽ വരുമാനം വർദ്ധിച്ചിട്ടുണ്ടോയെന്നാണ്. രണ്ടാമതായി, ചെലവ് നിയന്ത്രിക്കാൻ ശ്രമിച്ചിട്ടുണ്ടോയെന്നും മൂന്നാമതായി, നന്നായി അഡ്മിനിസ്ട്രേഷൻ ചെയ്യുന്നുണ്ടോയെന്നുമാണ് നോക്കുന്നത്. അങ്ങനെ നോക്കുമ്പോൾ കേരളത്തിലെ ഗവൺമെന്റാണ് ഇന്ത്യയിൽ ഏറ്റവും കൂടുതൽ വരുമാനം വർദ്ധിപ്പിച്ച സംസ്ഥാനങ്ങളിലൊന്ന് എന്നാണ് ഇന്ത്യൻ പാർലമെന്റിലെ കണക്കുകൾ സൂചിപ്പിക്കുന്നത്. 2021 മുതലുള്ള കണക്കുകൾ നോക്കിയാൽ വ്യത്യാസം മനസ്സിലാകും. ഗവൺമെന്റ് ഏറ്റവും കൂടുതൽ പ്രതിസന്ധികളിൽക്കൂടി കടന്നുപോയത് 2016 മുതൽ 2021 വരെയുള്ള കാലഘട്ടത്തിലാണ്. 38000 കോടി രൂപ മാത്രമായിരുന്ന ഗവൺമെന്റിന്റെ അക്കാലത്തുള്ള തനത് നികുതി വരുമാനം. അഞ്ച് വർഷക്കാലം കോവിഡും പ്രളയവും മറ്റ് പ്രശ്നങ്ങളും കാരണം നെഗറ്റീവ് ഗ്രോത്തിലേക്കുവരെ ഗവൺമെന്റിന് പോകേണ്ടിവന്നു. മുൻ ഗവൺമെന്റിന്റെ കാലാവധി കഴിയുമ്പോൾ 47000 കോടി രൂപ മാത്രമായിരുന്ന നമ്മുടെ വരുമാനം. അതായത്, ഒരു വർഷം ശരാശരി എട്ട് ശതമാനം വളർച്ച. എന്നാൽ അഞ്ച്

വർഷംകൊണ്ട് നാൽപ്പത് ശതമാനം വർദ്ധിച്ചു. 2021-ൽ വന്ന ഗവൺമെന്റ് 2022-2023-ൽ രണ്ട് വർഷം പൂർത്തീകരിച്ചപ്പോൾ കോവിഡ് പ്രതിസന്ധി കാരണം ഏകദേശം എണ്ണായിരം കോടി രൂപയുടെ വരുമാനം മാത്രമേ വർദ്ധിച്ചുള്ളൂ. എന്നാൽ അതിനുശേഷം രണ്ട് വർഷംകൊണ്ട് അതിന്റെ മൂന്നിരട്ടി അതായത്, 24000 കോടി രൂപയായി വർദ്ധിച്ചു. കേരളത്തിലെ ഏറ്റവും വലിയ റെക്കോർഡാണിത്. ഇത്രയും വലിയ വരുമാനം മുമ്പ് ഉണ്ടായിട്ടില്ല. രണ്ട് വർഷംകൊണ്ട് അമ്പത് ശതമാനമാണ് വർദ്ധിച്ചത്. അതുകൊണ്ടാണ് കേന്ദ്ര ഗവൺമെന്റിന്റെ റിപ്പോർട്ടിലും റിസർവ് ബാങ്കിന്റെ അഭിപ്രായത്തിലും കേരളത്തിൽ മാറ്റമുണ്ടായിട്ടുണ്ടെന്ന് പറയുന്നത്. എന്നാൽ വരുമാന വർദ്ധനവ് ഉണ്ടാകുന്നതിനനുസരിച്ച് കേന്ദ്രം നമുക്ക് അർഹമായ തുക നൽകുന്നതിന്റെ തോത് വർദ്ധിപ്പിക്കുന്നില്ലെന്ന് മാത്രമല്ല, വലിയ തോതിലുള്ള വെട്ടിക്കുറവാണ് വരുത്തിയത്. ആ കണക്കുകൾ പലതവണ ഇവിടെ പറഞ്ഞിട്ടുള്ളതാണ്. സംസ്ഥാനത്തിന് ലഭിക്കേണ്ട 50000 കോടിയോളം രൂപയാണ് പലഘട്ടങ്ങളിലായി കേന്ദ്രം വെട്ടിക്കുറച്ചത്. നേരത്തെതന്നെ കോമ്പൻസേഷൻ കുറച്ചതിനെക്കുറിച്ച് പറഞ്ഞിട്ടുള്ളതാണ്.

ജി.എസ്.ടി.-യുടെ ഭാഗമായ നഷ്ടങ്ങൾക്ക് പകരം തന്ന റവന്യൂ ഡെഫിസിറ്റ് ഗ്രാന്റിന്റെ അളവ് 19000 കോടി രൂപ ആയിരുന്നത് 4000 കോടി രൂപയായി രണ്ട് വർഷംകൊണ്ട് കുറച്ചു. ജനസംഖ്യാനുപാതിക വിഹിതം 3.9 ശതമാനത്തിന് പകരം 1.92 ശതമാനമാക്കിയതിലൂടെ ഏകദേശം 18000 കോടി രൂപയാണ് ഒരു വർഷം കുറഞ്ഞത്. ഈ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജനസംഖ്യ നിയന്ത്രിച്ച, വളർച്ചയുണ്ടാക്കിയ സ്റ്റേറ്റുകളെയെല്ലാം ബാധിക്കുന്ന നിലപാടാണെടുത്തത്. 2021 വരെ ഒരു വർഷം ആകെയുള്ള റവന്യൂ വരുമാനത്തിന്റെ 55 ശതമാനത്തോളം സംസ്ഥാനവും 45-46 ശതമാനത്തോളം കേന്ദ്രവുമാണ് നൽകിയിരുന്നതെങ്കിൽ ഈ വർഷം 30 ശതമാനത്തിൽ താഴെയാണ് കേന്ദ്ര സർക്കാർ നൽകുന്നത്. ഇത് കേരളത്തിലെ ജനങ്ങളെ ബാധിക്കും. എന്നിട്ടും ഇവിടെ കാര്യങ്ങൾ തടസ്സമുണ്ടാകാതെ മുന്നോട്ട് കൊണ്ടുപോകുന്നുവെന്നത് പ്രധാനമാണ്. ചില മേഖലകളിൽ പണം കൊടുത്തിട്ടില്ലെന്ന് പറഞ്ഞ് പ്രതിപക്ഷം ബഹളമുണ്ടാക്കാറുണ്ട്. ഉമ്മൻ ചാണ്ടി സാറിന്റെ കല്ലറയിൽ പോയി ഞങ്ങൾക്ക് ശമ്പളം തരണേയെന്ന് കെ.എസ്.ആർ.ടി.സി.-ക്കാർ

പ്രാർത്ഥിച്ചുവെന്ന് ഇന്ന് രാവിലെ ഇവിടെ യു.ഡി.എഫ്.-ന്റെ നേതാവ് പ്രസംഗിച്ചപ്പോൾ പറഞ്ഞു. അന്തരിച്ച വ്യക്തിയെ വിമർശിക്കുന്നത് ശരിയല്ല, എങ്കിലും അവർ പോയപ്പോൾ ഒരു കാര്യംകൂടി പറഞ്ഞുകാണും. യു.ഡി.എഫ്.-ന്റെ 2011-2016 ഭരണകാലത്ത് 1543 കോടി രൂപയാണ് ആകെ അഞ്ച് വർഷംകൊണ്ട് കെ.എസ്.ആർ.ടി.സി.-ക്ക് നൽകിയത്. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് പതിനെട്ട് മാസക്കാലം സാമൂഹ്യക്ഷേമ പെൻഷൻപോലും കൊടുത്തില്ല. എന്നുമാത്രമല്ല കെ.എസ്.ആർ.ടി.സി. തൊഴിലാളികളും പെൻഷൻകാരിൽപ്പെട്ടവരുമായ ചിലർ ആത്മഹത്യ ചെയ്ത സംഭവങ്ങൾവരെയുണ്ടായി. കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളം സ്ഥിരമായി കിട്ടാത്ത അവസ്ഥയുമുണ്ടായി. അഞ്ച് വർഷംകൊണ്ട് ഏകദേശം 300 കോടി രൂപ വച്ച് അവർ ആകെ കൊടുത്തത് 1543 കോടി രൂപയാണ്. 2016 മുതൽ 2021 വരെ ഒന്നാം പിണറായി സർക്കാരിന്റെ ഗവൺമെന്റ് കൊടുത്തത് 4924 കോടി രൂപയാണ്. അതായത്, ഏകദേശം 5000 കോടി രൂപ. ഉമ്മൻ ചാണ്ടി ഗവൺമെന്റ് കൊടുത്തതിന്റെ മൂന്നിരട്ടിയാണ് അഞ്ച് വർഷംകൊണ്ട് പിണറായി സർക്കാർ നൽകിയത്.

കെ.എസ്.ആർ.ടി.സി. തൊഴിലാളികൾ ഉൾപ്പെടെയുള്ളവർ കഴിഞ്ഞ രണ്ട് വർഷക്കാലമായി കാണുന്ന ചർച്ചയായതുകൊണ്ട് പറഞ്ഞതാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം 2021-2022-ൽ 2124 കോടി രൂപ നൽകി. കെ.എസ്.ആർ.ടി.സി.-ക്കുവേണ്ടി ഒന്നും ചെയ്യുന്നില്ലെന്നാണല്ലോ പറയുന്നത്. കെ.എസ്.ആർ.ടി.സി.-ക്ക് 2022-2023-ൽ കോവിഡിന്റെ സമയത്ത് നൽകിയത് 1498 കോടി രൂപയാണ്. ഈ വർഷം ഇതുവരെ 879 കോടി രൂപ നൽകിയിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം 4300 കോടിയോളം രൂപ കൊടുത്തു. ഈ സർക്കാർ കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് കൊടുത്തത് 5000 കോടി രൂപയാണെങ്കിൽ രണ്ടരവർഷം കൊണ്ട് 4000 കോടിയോളം രൂപ കൊടുത്തു. എന്നിട്ടും ദിവസവും ഈ സർക്കാരിനെ വിമർശിക്കുകയാണ്. യു.ഡി.എഫ്., ഐ.എൻ.ടി.യു.സി. എന്നിവയുടെ സംഘടനാ നേതാക്കന്മാരും ബി.ജെ.പി. ഉൾപ്പെടെയുള്ളവരും മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട്, മുൻ സർക്കാർ ആകെ അഞ്ച് വർഷംകൊണ്ട് 1543 കോടി രൂപ മാത്രമേ നൽകിയുള്ളൂ. എന്നാൽ ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് 5000 കോടി രൂപയും രണ്ടാം പിണറായി സർക്കാരിന്റെ കാലത്ത് ഇതുവരെ

ഏകദേശം 4000 കോടി രൂപയുമാണ് കൊടുത്തത്, ഇനിയും കൊടുക്കും. കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുക എന്നുള്ളത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്. കെ.എസ്.ആർ.ടി.സി. നിലനിൽക്കുന്നത് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരുള്ളതുകൊണ്ടാണെന്ന് ഓർത്തുകൊണ്ടായിരിക്കും ഉമ്മൻ ചാണ്ടി സാറിന്റെ കല്ലറയിൽ പോയി യു.ഡി.എഫ്.-കാരും കോൺഗ്രസ്സുകാരും ഐ.എൻ.ടി.യു.സി.-ക്കാരും പ്രാർത്ഥിച്ചത്. ഈ സർക്കാർ രണ്ട് വർഷംകൊണ്ട് നാലായിരം കോടി രൂപ കൊടുത്തുവെന്ന് എത്രപേർക്ക് അറിയാം. ഏഴ് വർഷംകൊണ്ട് 9427 കോടി രൂപയാണ് കെ.എസ്.ആർ.ടി.സി.-ക്ക് മാത്രം ഈ ഗവൺമെന്റ് നൽകിയത്. സർക്കാർ ഒന്നും ചെയ്യുന്നില്ലെന്ന് പറയുന്നവർ അറിയാനാണ് ഞാനിത് പറയുന്നത്. സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതിയുടെ കാര്യത്തിൽ കേന്ദ്രസർക്കാർ കാണിക്കുന്ന വഞ്ചന സംബന്ധിച്ച് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പറയുകയുണ്ടായി. 2020-2021 മുതൽ ഉച്ചഭക്ഷണത്തിനാവശ്യമായ പണം പൂർണ്ണമായും സംസ്ഥാന സർക്കാരാണ് നൽകുന്നത്. 2023 മാർച്ച് 31-ന് നമുക്ക് കിട്ടാനുള്ളതിന്റെ ഒരുഭാഗം

അതായത്, 132 കോടി രൂപ റീഇംബേഴ്സ്മെന്റായി അനുവദിച്ചു. കേന്ദ്രസർക്കാർ പണം നൽകാത്തതുകൊണ്ട് കുട്ടികൾക്ക് ഉച്ചഭക്ഷണം കൊടുക്കാൻ കഴിയില്ലെന്ന് പറയാൻ സാധിക്കുമോ? ഞാൻ ഈ ഉത്തരവാദിത്വത്തിൽ നിന്നും മാറുകയാണെന്ന് ഒരു ഹെഡ്മാസ്റ്റർ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് കത്തെഴുതിയിരിക്കുന്നുവെന്ന് ചില പത്രങ്ങളിൽ വാർത്ത വന്നു. കോൺഗ്രസ്സ് സംഘടനയിലുള്ള ഒരാൾക്ക് വേണമെങ്കിൽ കത്തെഴുതാം. സ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്ന ഉത്തരവാദിത്വത്തിൽ നിന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രിയോ അധ്യാപകരോ ഒഴിഞ്ഞുമാറില്ല. ഉച്ചഭക്ഷണം നൽകുന്നതിനാവശ്യമായ പണം സംസ്ഥാന സർക്കാർ അഡ്വാൻസെടുത്ത് നൽകി. ആ പണം തിരിച്ച് ചോദിക്കുമ്പോൾ അവർ പറയുന്നത് എസ്.എൻ.എ. അക്കൗണ്ടിൽ ഇട്ടിട്ടില്ലെന്നാണ്. അതുകൊണ്ട് എസ്.എൻ.എ. അക്കൗണ്ടിൽ ഇട്ട് അഡ്ജസ്റ്റ് ചെയ്യാൻ കഴിഞ്ഞ ദിവസം 209 കോടി രൂപ ഇവിടെനിന്നും വീണ്ടും റിലീസ് ചെയ്തു. സംസ്ഥാനത്തിന് തരാനുള്ള പണം, ആകെയുള്ള റവന്യൂ വരുമാനത്തിന്റെ 45 ശതമാനത്തിൽനിന്നും 30 ശതമാനത്തിന് താഴെയാക്കി കുറച്ച ഒരു സർക്കാർ,

യു.പി.-ക്കും ബീഹാറിനും ആന്ധ്രാപ്രദേശിനും മറ്റു സംസ്ഥാനങ്ങൾക്കുമൊക്കെ 50 ശതമാനത്തിലധികം കൊടുക്കുന്ന ബി.ജെ.പി. ഗവൺമെന്റ് കേരളത്തിലെ ഗവൺമെന്റിനെ, ഇവിടത്തെ കുട്ടികളുടെ ഉച്ചഭക്ഷണത്തിലും കഞ്ഞിയിലും മണ്ണ് വാരിയിടാൻ ശ്രമിക്കുമ്പോൾ കേരളത്തിലെ യു.ഡി.എഫ്.-ന്റെ നേതൃത്വം അതിനെ സപ്പോർട്ട് ചെയ്യുന്നു. ദൗർഭാഗ്യകരമെന്ന് പറയട്ടെ, ചില പത്രങ്ങളും അതിനെ സപ്പോർട്ട് ചെയ്ത് എഴുതുകയാണ്. കേരളത്തിലെ ജനങ്ങളുടെ പ്രശ്നമാണിത്. നെല്ല് സംഭരണത്തിന്റെ കാര്യം ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ ദിവസം വിശദമായി പറഞ്ഞു. കർഷകരുടെ അറിവിലേയ്ക്കായി പറയുകയാണ്, കേരളത്തിൽ നെൽക്യഷിക്കാർക്ക് കൊടുക്കുന്ന പണത്തിന്റെ മൂന്നിലൊന്ന് ഭാഗം സംസ്ഥാന സർക്കാർ നൽകുന്ന പ്രത്യേക ഗ്രാന്റാണ്. 20/- രൂപയ്ക്കടുത്ത് കേന്ദ്രസർക്കാരും ബാക്കി സംസ്ഥാന സർക്കാരും നൽകും. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത്, 2006-ലെ സർക്കാരിന് തൊട്ടുമുമ്പ് ഒരു കിലോ നെല്ലിന് 7/- രൂപ വിലയുണ്ടായിരുന്നപ്പോൾ 7.50/- രൂപ വേണമെന്ന് പറഞ്ഞ് അന്നത്തെ പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ നിരാഹാരം കിടന്നു. അതിൽ പങ്കെടുത്ത അംഗങ്ങളിൽ ചിലർ

ഇവിടെയിരിപ്പുണ്ട്. അന്ന് യു.ഡി.എഫ്. ആയിരുന്നു ഭരിച്ചിരുന്നത്. 50 പൈസപോലും വർദ്ധിപ്പിക്കാൻ അവർ തയ്യാറായില്ല. അതിനുശേഷം വന്ന ഗവൺമെന്റാണ് 7 രൂപയിൽ നിന്ന് 7.50 രൂപയായും അവസാനം 14 രൂപയായും വർദ്ധിപ്പിച്ചത്. അങ്ങനെ നെൽക്കൃഷിക്കാരെ സംരക്ഷിക്കാൻ തീരുമാനമെടുക്കുന്ന സർക്കാരുള്ളപ്പോൾ ചെറിയ ചെറിയ കുറ്റങ്ങൾ പറഞ്ഞ് നെൽക്കൃഷിക്കാരുടെ മനസ്സിലും വിഷം കുത്തിവയ്ക്കാൻ ശ്രമിക്കുകയാണ്, നെല്ലിനുള്ള പണം ആദ്യം സർക്കാർ നൽകും. അതിനുശേഷമാണ് അത് ആറോ എട്ടോ മാസങ്ങൾകൊണ്ട് സെറ്റിൽ ചെയ്യുന്നത്. ഇത് നമ്മൾ കടമെടുത്ത് അഡ്ജസ്റ്റ് ചെയ്യുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ പുതിയ നയത്തിന്റെ ഭാഗമായി ബാങ്കുകളുടെ കൺസോർഷ്യം സ്വീകരിക്കുന്ന സമീപനം ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. എങ്കിലും ആ പണമെടുത്ത് അഡ്വാൻസ് കൊടുത്തതിനുശേഷം റീഇംബേഴ്സ് ചെയ്യുകയാണ് ചെയ്യുന്നത്. അഡ്വാൻസെടുത്ത് നൽകിയിട്ടും കേന്ദ്രസർക്കാർ പണം നൽകുന്നതിൽ കാലതാമസമുണ്ടാക്കി. കേന്ദ്രസർക്കാർ പണം യഥാസമയം നൽകുന്നില്ലെന്നത് ചെറിയ കാര്യമല്ല. ഇത് അവിടെ പോയി പറയാൻ

സാധിക്കുന്ന 18 പേരുണ്ട്. അവർ അവിടെ കൈ പൊക്കാനും താഴ്ത്താനുമാണ് പോകുന്നത്. ഇവിടെനിന്നുള്ള ബഹുമാനപ്പെട്ട ലോക്സഭാ എം.പി.-മാർ പാർലമെന്റിൽ ഇതുസംബന്ധിച്ച് ഒരക്ഷരം വായ് തുറന്ന് പറഞ്ഞോ? പാലക്കാട്, കുട്ടനാട് എന്നിവിടങ്ങളിലെ കൃഷിക്കാരുടെയും തൃശ്ശൂരിലെ കോൾ നില കൃഷിക്കാരുടെയും മധ്യത്തുകിടന്ന് ഡാൻസ് നടത്തി കള്ളത്തരം കാണിക്കുകയാണോ അവർ ചെയ്യേണ്ടത്? പുതുപ്പള്ളി ഉപതെരഞ്ഞെടുപ്പ് സമയത്ത് നെല്ലിന് പണം നൽകുന്നില്ലെന്ന് പറഞ്ഞപ്പോൾ കേന്ദ്രസർക്കാർ ഒന്നും തരാനില്ല, സംസ്ഥാന സർക്കാരിന്റെ കുഴപ്പമാണെന്നാണ് കെ.പി.സി.സി. പ്രസിഡന്റും എം.പി.-യുമായ ശ്രീ. കെ. സുധാകരൻ പറഞ്ഞത്. ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ സഭയിൽ നിന്നും ഇറങ്ങിപ്പോയെങ്കിലും സത്യത്തിൽനിന്നും ഒളിച്ചോടാൻ അവർക്ക് സാധിക്കില്ല, ജനങ്ങളുടെ മുമ്പിൽ സത്യം പറയാൻ അവർ നിർബന്ധിതരാകും. റേഷൻ വിതരണം ചെയ്തതിൽ 300 കോടി രൂപയോളം ലഭിക്കാനുണ്ടെന്നാണ് എന്റെ ധാരണ. റേഷൻ വിതരണം ചെയ്ത വകയിൽ പണം കൊടുക്കാതിരിക്കാൻ കഴിയില്ല, റേഷൻ വിതരണം

ചെയ്യാതിരിക്കാനും സാധിക്കില്ല. എന്തെങ്കിലുമൊക്കെ ന്യായം പറഞ്ഞ് പണം തടസ്സപ്പെടുത്തുകയാണ്. ആരോഗ്യമേഖലയിൽ എൻ.എച്ച്.എം. പ്രവർത്തനവുമായി ബന്ധപ്പെട്ട് വലിയ തോതിൽ പണം ലഭിക്കാനുണ്ട്. പ്രധാനമന്ത്രിയുടെയും മറ്റും പേരുവച്ച് ബ്രാൻഡിംഗ് ഇല്ല, എല്ലായിടത്തും ഒരുപോലെ വന്നിട്ടില്ലെന്നുപറഞ്ഞ് പണം അനുവദിക്കുന്നില്ല. കാരുണ്യ ചികിത്സയ്ക്കുവേണ്ടി വളരെ ചെറിയ തുകയാണ് കേന്ദ്രം അനുവദിക്കുന്നത്. സംസ്ഥാന സർക്കാർ കാരുണ്യ പദ്ധതിക്കുവേണ്ടി 800 കോടി രൂപ ചെലവഴിക്കുമ്പോൾ കേന്ദ്രസർക്കാർ 8 കോടി രൂപപോലും നൽകുന്നില്ല. 539 കോടി രൂപ ഇതിനകം അനുവദിച്ച് കഴിഞ്ഞു. അതിൽ 75 കോടി രൂപയാണ് ഇതുവരെ ലഭിച്ചത്. കേന്ദ്ര സർക്കാരിന്റെ വിഹിതം ലഭിക്കുന്നില്ല.

60 ലക്ഷത്തിലധികം ആളുകൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നുണ്ട്. സംസ്ഥാന സർക്കാർ 1600/- രൂപവച്ച് പെൻഷൻ കൊടുക്കുമ്പോൾ അഞ്ച് ലക്ഷത്തിലധികം പേർക്ക് 200-ഉം 300-ഉം രൂപ വീതം കൊടുക്കാൻ മാത്രമേ കേന്ദ്രസർക്കാർ പണം അനുവദിക്കുന്നുള്ളൂ. സാമൂഹ്യ സുരക്ഷാ പെൻഷന്റെ നാലഞ്ച് വർഷത്തെ കണക്ക് ഇതുവരെ

ലഭ്യമാക്കിയിട്ടില്ല. എസ്.എൻ.എ. അക്കൗണ്ട് ഇല്ലെന്നാണ് നേരത്തെ പറഞ്ഞത്. ഇപ്പോൾ എസ്.എൻ.എ. അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. എന്നിട്ടും 580 കോടി രൂപ കേന്ദ്രസർക്കാർ നൽകാനുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതി വഴി സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരുന്ന തുക പലതിലും വെട്ടിക്കുറച്ചുവെന്ന് സഭയിൽ ഇന്ന് പങ്കെടുക്കുന്നവരും പുറത്തുള്ളവരും അറിയേണ്ടതാണ്. 100% കേന്ദ്രവിഹിതം ലഭിച്ചുകൊണ്ടിരുന്ന 18 പദ്ധതികളുണ്ടായിരുന്നു. ഇപ്പോഴത് 60 ശതമാനമായി ചുരുക്കിയിരിക്കുകയാണ്. വേറെ രണ്ട് പദ്ധതികളുടെയും തുക 50 ശതമാനമാക്കി ചുരുക്കിയിട്ടുണ്ട്. അതുപോലെ 90% വിഹിതം നൽകിക്കൊണ്ടിരുന്ന പദ്ധതികളിലും കുറവുവരുത്തിയിട്ടുണ്ട്. കേന്ദ്രപദ്ധതികൾക്ക് മുമ്പ് ലഭ്യമാക്കിക്കൊണ്ടിരുന്ന വിഹിതം വൻതോതിൽ വെട്ടിക്കുറച്ച് പകുതിയാക്കുന്ന തരത്തിലേയ്ക്ക് വന്നിരിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ വാത്സല്യ പദ്ധതി, സ്കൂളിലെ സ്പെഷ്യൽ ടീച്ചേഴ്സിനുള്ള പദ്ധതി എന്നിവയുൾപ്പെടെ പലതും പിൻവലിച്ചു. സാക്ഷരത പദ്ധതി നേരത്തെ പിൻവലിച്ചിരുന്നു. സ്കൂളിലെ പാചകത്തിന് അനുവദിച്ചിരുന്ന തുകയും കേന്ദ്ര സർക്കാർ ഇപ്പോൾ നൽകുന്നില്ല. ഇതിന്റെ ഭാഗമായി ഈ വർഷം 4572

കോടി രൂപ നൽകേണ്ടതായിരുന്നു. അതിൽ 992 കോടി രൂപ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. യു.ജി.സി. സ്കെയിലിൽ ശമ്പളവും ബാക്കി ആനുകൂല്യങ്ങളും നൽകിയതിൽ 750.93 കോടി രൂപ ഇനിയും ലഭിക്കാനുണ്ട്. മൂന്നുനാല് വർഷമായി ലഭിക്കാനുള്ള പണമാണ്. ഹെൽത്ത് ഗ്രാന്റ് 174 കോടി രൂപയും വിധവാ പെൻഷൻ, വികലാംഗ പെൻഷൻ എന്നിവയടക്കം 580 കോടി രൂപയും ലഭിക്കാനുണ്ട്. യു.എൽ.ബി. മില്ല്യൻ പ്ലസ് സിറ്റി ഗ്രാന്റ് പദ്ധതിക്ക് 190 കോടി രൂപയും ആർ.എൽ.ബി. പദ്ധതിക്ക് 1260 കോടി രൂപയും നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ട് അനുസരിച്ച് ലഭിക്കാനുള്ള 417 കോടി രൂപയും ഡിസാസ്റ്റർ ഫണ്ട് 138 കോടി രൂപയും ചേർത്ത് 5506 കോടി രൂപ ലഭിക്കാനുണ്ട്. ഇതിൽ പലതിന്റെയും ഫണ്ട് ചെലവാക്കിക്കഴിഞ്ഞതാണ്. കേരളത്തിന് ലഭിക്കാനുള്ള ഫണ്ടിന്റെ കണക്കുകളാണിത്. ഇങ്ങനെ ഓരോ മേഖലയിലും പണം ലഭിക്കാനുണ്ട്. ഇതുകൂടാതെ വലിയ വെട്ടിക്കുറവ് വരുത്തിയിരിക്കുകയുമാണ്. പ്രസ്തുത സാഹചര്യത്തിലാണ് ഈ പ്രശ്നം ഉന്നയിക്കാൻ തീരുമാനിച്ചത്. പാർലമെന്റ് സമ്മേളനത്തിനുമുമ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ

എം.പി.-മാരുടെ യോഗം വിളിക്കാറുണ്ട്. ആ യോഗത്തിലെ ആദ്യത്തെ അജണ്ട ധനകാര്യമായിരുന്നു. അതിൽ ഈ കണക്കുകകളെല്ലാം അവതരിപ്പിച്ചപ്പോൾ ഞങ്ങൾക്ക് ഇക്കാര്യത്തിൽ ഒരു തർക്കവുമില്ലെന്നും ഒരുമിച്ചുനിൽക്കുമെന്നും കണക്കുകളുടെ വിശദാംശം കുറച്ചുകൂടി വേണമെന്നും ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെയും മന്ത്രിമാരെയും കാണാൻ ഒരുമിച്ച് പോകാമെന്നും ശ്രീ. ബെന്നി ബെഹനാനും മറ്റുള്ളവരും പറഞ്ഞു. ബാക്കി വിശദാംശങ്ങൾകൂടി നൽകാമെന്ന് അപ്പോൾ ഞാൻ പറഞ്ഞു. നേരത്തെ രാജ്യസഭാംഗമായിരുന്ന ആളാണ് ഞാൻ. അന്ന് കേരളത്തിന്റെ പൊതുപ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതിനായി കേന്ദ്രത്തിൽ എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം ഒരുമിച്ച് പോകാറുണ്ട്. റബ്ബറിന്റെ വിലയുടെയും മെട്രോയുടെയും കാര്യത്തിലും കസ്തൂരി രംഗൻ കമ്മീഷൻ റിപ്പോർട്ടിലെ പശ്ചിമഘട്ടം സംബന്ധിച്ച വിഷയത്തിലും മുല്ലപ്പെരിയാറിന്റെ കാര്യത്തിലും കേരളത്തിലെ എം.പി.-മാർ ഒരുമിച്ച് നിന്നിട്ടുണ്ട്, ഒരുമിച്ച് സമരം നടത്തിയിട്ടുണ്ട്. ഇവിടെ എല്ലാ വിശദാംശങ്ങളും നൽകി. അതിൽ രാഷ്ട്രീയമില്ല, കേരളത്തിന് ലഭിക്കാനുള്ള തുകയുടെ കാര്യങ്ങളാണ്. പക്ഷെ

യു.ഡി.എഫ്.-ന്റെ 18 ലോക്സഭാ എം.പി.-മാരും രാജ്യസഭാ എം.പി.-മാരും പറഞ്ഞ സമയത്ത് പോയില്ലെന്ന് മാത്രമല്ല, മെമ്മോറാണ്ടം ഒപ്പിടാൻപോലും അവർ തയ്യാറായില്ല. ഇവർ കേരളത്തിനുവേണ്ടി എന്താണ് ചെയ്യുന്നത്; ഇവർ എന്തിനാണ് അവിടെ പോകുന്നത്? ബഹുമാന്യനായ രാഹുൽഗാന്ധി അടക്കമുള്ളവർ കേരളത്തിൽ നിന്നുള്ള പാർലമെന്റ് അംഗങ്ങളാണെന്ന കാര്യം ആലോചിക്കണം. കേരളത്തിനുവേണ്ടി ഒരു ചെറുവിരൽ അനക്കാൻപോലും കഴിയുന്നില്ലെങ്കിൽ എന്തിനാണ് ഇത്രയുംപേരെ തെരഞ്ഞെടുത്ത് അങ്ങോട്ട് അയയ്ക്കുന്നത്? അവരെ അങ്ങോട്ട് അയച്ചിട്ട് കേരളത്തിന് ഒരു കാര്യവുമില്ല. കേരളത്തിലെ ജനങ്ങളോട് അവർ മറുപടി പറയേണ്ടവരാണ്. ഇനിയുമൊരു പാർലമെന്റ് തെരഞ്ഞെടുപ്പ് വരാൻ പോകുകയല്ലേ? ഇതൊക്കെ പറയുമെന്നുള്ളതുകൊണ്ടാണ് അവർ ഇറങ്ങിപ്പോയത്. ഇതൊന്നും അവരെ ബാധിക്കേണ്ട കാര്യമില്ലല്ലോ. പാർലമെന്ററി പ്രവർത്തനം എന്നുപറഞ്ഞാൽ എന്താണ്?

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, കേന്ദ്ര ഗവൺമെന്റിന്റെ നിലപാടിനെതിരെ സംസ്ഥാന ഗവൺമെന്റ് ജുഡീഷ്യറിയെ സമീപിക്കാൻ

നീക്കമുണ്ടെന്ന് മനസ്സിലാക്കുന്നു. മുൻകാലങ്ങളിലെടുത്തിരുന്ന നിലപാടുകളിൽനിന്നും വിരുദ്ധമായി കിഫ്ബി ഉൾപ്പെടെ കടമെടുക്കുന്നതെല്ലാം സംസ്ഥാനത്തിന്റെ കടത്തിന്റെ ഭാഗമായി മാറുന്നു. യഥാർത്ഥത്തിൽ ഇതൊരു എക്സിക്യൂട്ടീവ് ഉത്തരവിലൂടെ കൊണ്ടുവരുന്നത് നിയമപരമായി സാധുതയില്ലാത്ത കാര്യമാണെന്നാണ് മനസ്സിലാക്കുന്നത്. ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ നിലപാടെന്താണ്; ഇത്തരം കേന്ദ്ര നിലപാടിനെതിരെ കോടതിയെ സമീപിക്കാൻ ഉദ്ദേശ്യമുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അങ്ങ് പറഞ്ഞത് പ്രസക്തമായ കാര്യമാണ്. ഇന്നുവരെയില്ലാത്ത തരത്തിലേയ്ക്കാണ് സംസ്ഥാനത്തിന്റെ കടമെടുക്കുന്ന അവകാശങ്ങളിലേയ്ക്ക് കേന്ദ്രം കടന്നുവന്നിട്ടുള്ളത്. സാമ്പത്തികരംഗത്ത് വലിയ പുരോഗതിയുണ്ടായെന്നാണ് എ.ജി.-യുടെ ഏറ്റവും ഒടുവിലത്തെ കണക്കുകൾ സൂചിപ്പിക്കുന്നത്. എന്നാലും നമ്മുടെ കടമെടുക്കാനുള്ള അവകാശങ്ങൾ വെട്ടിക്കുറക്കുന്ന സമീപനവുമായി തന്നെയാണ് കേന്ദ്രസർക്കാർ മുന്നോട്ടുപോകുന്നത്. നിലവിൽ നമ്മുടെ ആഭ്യന്തര വരുമാനം 11 ലക്ഷം കോടി രൂപയാണ്. അതിന്റെ മൂന്ന്

ശതമാനമാണ് നിലവിൽ എടുക്കാവുന്ന കടം. എന്നാൽ കഴിഞ്ഞവർഷം എ.ജി.-യുടെ ഫൈനലൈസ് ചെയ്ത കണക്കനുസരിച്ച് 2.5% മാത്രമേ എടുക്കാൻ സമ്മതിച്ചിട്ടുള്ളൂ. ഇപ്പോൾ മൊത്തവരുമാനത്തിൽ വലിയ കുതിച്ചുചാട്ടമാണ് നമ്മളുണ്ടാക്കിയിരിക്കുന്നത്. പെർസന്റേജ് വൈസ് ഇത്രയും വരുമാനവർദ്ധനവുണ്ടാക്കിയ സംസ്ഥാന സർക്കാർ കേരളത്തിന്റെ ചരിത്രത്തിലുണ്ടായിട്ടില്ല. ബന്ധപ്പെട്ട എല്ലാ വകുപ്പുകളും നന്നായി പ്രവർത്തിച്ചു, ഇനിയും പ്രവർത്തിക്കേണ്ടതുണ്ട്. അവിടെയും നമ്മളെ ശ്വാസംമുട്ടിക്കാൻവേണ്ടി പണം തരുന്നത് കുറയ്ക്കുകയാണ്. സാധാരണഗതിയിൽ കൈകൾ കെട്ടിയെന്ന് പറയാറുണ്ട്, എന്നാൽ ഇവിടെ കൈകൾ മാത്രമല്ല വിരലുകൾപോലും കെട്ടിയിരിക്കുകയാണ്. അതിന്റെ ഫലമായി നമുക്ക് ഒന്നും ചെയ്യാൻ സാധിക്കുന്നില്ല. അതുകൊണ്ടുതന്നെ നിയമപരമായി നീങ്ങാൻ തീരുമാനിച്ചിട്ടുണ്ട്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, കേന്ദ്ര ഗവൺമെന്റ് എൻ.എച്ച്.എ.ഐ. ഉൾപ്പെടെ കടമെടുക്കുന്ന കാര്യത്തിൽ യാതൊരു തടസ്സവും രേഖപ്പെടുത്തിയിട്ടില്ല. കിഫ്ബിയുടെ കാര്യത്തിൽ

മാത്രമാണ് തടസ്സം ഉന്നയിക്കുന്നത്. അത് വിവേചനമല്ലേ? ലക്ഷക്കണക്കിന് കോടി രൂപ കേന്ദ്രഗവൺമെന്റിന് അത്തരം ഏജൻസികൾ മുഖാന്തരം കടമെടുക്കാമെന്നിരിക്കെ കിഫ്ബിയുടെ കാര്യത്തിൽമാത്രം സംസ്ഥാനത്തിന്റെ അവകാശവും നമ്മൾ കടമെടുക്കുന്ന കാര്യങ്ങളും തമ്മിൽ ബന്ധപ്പെടുത്തി സംസാരിക്കുന്ന വിവേചനപരമായ നടപടിയല്ലേ കേന്ദ്രം സ്വീകരിച്ചുവരുന്നത്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കേന്ദ്രം വിവേചനപരമായ നടപടി തന്നെയാണ് സ്വീകരിക്കുന്നത്. കേന്ദ്രം എൻ.എച്ച്.എ.ഐ.-യുടെ പേരിൽ വലിയ തോതിൽ കടമെടുക്കുന്നു. എന്നാൽ സംസ്ഥാനത്തിന് അത് പാടില്ലെന്ന് പറയുന്നത് അങ്ങേയറ്റം വിവേചനപരമാണ്. കേരളത്തിന്റെ സ്വപ്നപദ്ധതിയായ വിഴിഞ്ഞം പദ്ധതിക്ക് ഹഡ്കോ പോലുള്ള ഏജൻസികളിൽനിന്നും കടമെടുക്കുന്നതിനുപോലും നിയന്ത്രണം കൊണ്ടുവരികയാണ്. ഇതൊരു വാണിജ്യ പദ്ധതിയാണ്. വിഴിഞ്ഞം പദ്ധതി കടമെടുത്ത് ചെയ്യുന്നതല്ലെങ്കിൽപ്പോലും അതിനും നിയന്ത്രണം കൊണ്ടുവരുന്ന സമീപനമുണ്ട്. ബഡ്ജറ്റുവഴി ചെലവഴിക്കുന്ന തുകയുടെ 40

ശതമാനത്തിലധികവും കടമെടുത്താണ് ചെലവാക്കുന്നതെന്നാണ് ഈ സാഹചര്യത്തിലും കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി രാജ്യസഭയിൽ പറഞ്ഞത്. അക്കാര്യം അവർതന്നെ സമ്മതിച്ചിട്ടുണ്ട്. 45 ലക്ഷം കോടി രൂപ ബഡ്ജറ്റുള്ള കേന്ദ്രം 17.99 ലക്ഷം കോടി രൂപയും കടമെടുത്താണ് ഈ വർഷം ചെലവാക്കുന്നത്. മാസംതോറും വലിയതോതിൽ കടമെടുക്കുന്നു. ജി.എസ്.ടി.പി.-യുടെ മൂന്ന് ശതമാനമാണ് നമ്മുടെ നിയന്ത്രണമെന്നുള്ളപ്പോൾ കേന്ദ്രസർക്കാർ 6.4% അതായത്, അർഹമായതിന്റെ ഇരട്ടിയിലധികം എടുക്കുന്നുണ്ട്. അവർക്ക് എഫ്.ആർ.ബി.എം. ആക്ടും മറ്റൊന്നും ബാധകമല്ല. കടത്തിന്റെ വർദ്ധനവ് സംബന്ധിച്ച് ആശങ്കയുണ്ടാക്കുന്ന തരത്തിൽ മാതൃഭൂമി, മലയാള മനോരമ തുടങ്ങിയ ദിനപത്രങ്ങളിൽ വാർത്ത വരുന്നുണ്ട്. ധനഉത്തരവാദിത്ത നിയമത്തിൽ കേരളം കൈവരിച്ചത് ചരിത്രപരമായ നേട്ടമാണെന്നാണ് എ.ജി.-യുടെ റിപ്പോർട്ടിലുള്ളത്. കടവും കമ്മിയും ആഭ്യന്തര വരുമാനത്തിന്റെ അനുപാതത്തിൽ വലിയ തോതിൽ കുറഞ്ഞിട്ടുണ്ട്. 2020-21-ൽ 2.6 ശതമാനമായിരുന്ന റവന്യൂ കമ്മി 2021-22-ൽ 2.3 ശതമാനവും 2022-23-ൽ

ഒരു ശതമാനത്തിൽ കുറവായും വന്നിട്ടുണ്ട്. ഇത്തരത്തിൽ റവന്യൂ കമ്മിയുടെ കാര്യത്തിൽ വലിയ പുരോഗതിയാണുണ്ടായിട്ടുള്ളത്. 2020-21-ൽ 4.6 ശതമാനമായിരുന്ന ധനകമ്മി 2021-22-ൽ 4.1 ശതമാനവും 2022-23-ൽ 2.5 ശതമാനവുമായി കുറഞ്ഞിട്ടുണ്ട്. ഇന്ത്യയിലെ ഏറ്റവും കുറഞ്ഞ ധനകമ്മിയുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം. കേരളത്തിന് അർഹമായ 3% തുകപോലും എടുക്കാൻ അനുവദിക്കാതെ, റിസർവ് ബാങ്കിന്റെ നിയന്ത്രണം ഏർപ്പെടുത്തിയതുകൊണ്ടാണ് ധനകമ്മി കുറഞ്ഞത്. ഇത്തരത്തിൽ സംസ്ഥാനത്തെ ശ്വാസംമുട്ടിക്കുകയാണ്. അതുകൊണ്ട് ഒരു സ്പെഷ്യൽ പാക്കേജ് അനുവദിക്കണം അല്ലെങ്കിൽ ഒരു ശതമാനം അഡ്ഹോക്ക് ബോറോയിംഗിന് അനുവാദം തരണം അല്ലാതെ ഇപ്പോഴത്തെ സ്ഥിതിയിൽ മുന്നോട്ടുപോകാൻ ബുദ്ധിമുട്ടാണെന്ന് ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ മന്ത്രിയോട് റിക്വസ്റ്റ് ചെയ്തിരുന്നു. വർദ്ധിപ്പിക്കാവുന്നതിന്റെ പരമാവധി വരുമാനം ഞങ്ങൾ വർദ്ധിപ്പിച്ചു. 25% വീതം ഒരു വർഷം വരുമാന വർദ്ധനവ് എന്നുപറയുന്നത് സ്വപ്നതുല്യമാണ്. കേന്ദ്രം ഇത്തരത്തിൽ വെട്ടിക്കുറവ് വരുത്തുന്നതുകൊണ്ട് നമുക്ക് മുന്നോട്ടുപോകാൻ സാധിക്കുന്നില്ല. ആഭ്യന്തര

വരുമാനത്തിൽ 4 ലക്ഷം കോടി രൂപയായിരുന്ന സംസ്ഥാനത്തിന്റെ ആകെ കടമെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അത് 2020-21-ൽ 38.5 ശതമാനമായും 2021-22-ൽ 37 ശതമാനമായും 2022-23-ൽ 34 ശതമാനമായും ചുരുങ്ങി. ഇക്കാര്യങ്ങളിലൊക്കെ നല്ല മാറ്റം വന്നെങ്കിലും ഇതൊന്നും അംഗീകരിക്കാതെ നമ്മെ ശ്വാസംമുട്ടിക്കാനുള്ള ശ്രമമാണ് നടക്കുന്നത്. കെ.എസ്.ആർ.ടി.സി.-ക്കും എല്ലാ മേഖലയിലെയും ജീവനക്കാർക്കും പൂട്ടിക്കിടക്കുന്ന ഫാക്ടറികളിലെയും തോട്ടങ്ങളിലെയും തൊഴിലാളികൾക്കും കശുവണ്ടി, കയർ, പരമ്പരാഗത വ്യവസായ മേഖലയിലുൾപ്പെടെയുള്ളവർക്കും കൊടുക്കേണ്ട പ്രത്യേക ആനുകൂല്യങ്ങൾ കൊടുക്കാൻ സർക്കാർ തയ്യാറായിട്ടുണ്ട്. ഓണസമയത്ത് ഒരു ബുദ്ധിമുട്ടുമില്ലാതെ എല്ലാവരും വളരെ സംതൃപ്തരായിരുന്നു. നമ്മുടെ പൊതുതാൽപ്പര്യത്തിനുവേണ്ടി കേരളത്തിലെ എല്ലാവരും ശബ്ദമുയർത്തണമെന്ന പ്രശ്നം ഈ സഭ ഉന്നയിക്കണം. കാരണം, ഇതെല്ലാം ചെയ്യുമ്പോഴും ഇത് ഇല്ലാതാക്കാനുള്ള ശ്രമവും നടക്കുന്നുണ്ട്. ബംഗാളിനെയും ത്രിപുരയെയും ഉദാഹരണമായി ചൂണ്ടിക്കാട്ടി രണ്ട് നേതാക്കന്മാർ ഇവിടെ സന്തോഷത്തോടുകൂടി സംസാരിച്ചിരുന്നു. അവർ

പറഞ്ഞത് ത്രിപുരയിൽ ഇപ്പോൾ ഒരു സീറ്റിൽ തോറ്റല്ലോയെന്നാണ്. അത് സാധാരണ സീറ്റല്ല, അവിടെ ബി.ജെ.പി. സ്ഥാനാർത്ഥിക്കാണ് കൂടുതൽ വോട്ടുകിട്ടിയത്. അദ്ദേഹത്തിന്റെ പേര് ഞാൻ പറയുന്നില്ല. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സടക്കം എല്ലാവരും പിന്തുണച്ച ഒരു മുന്നണി സ്ഥാനാർത്ഥിയെപ്പോലെയായിരുന്നു ഇടതുപക്ഷ സ്ഥാനാർത്ഥി. അത് സിറ്റിംഗ് സീറ്റായിരുന്നു. മുസ്ലീം ജനസംഖ്യ 70 ശതമാനമുണ്ടായിരുന്ന അവിടെ ബി.ജെ.പി.-ക്ക് 88% ശതമാനം വോട്ടുകിട്ടി. ആ ഇലക്ഷൻ മുഴുവൻ അട്ടിമറിച്ചതും ബൂത്തുപിടിച്ചെടുത്തതുമാണെന്ന ആരോപണം വന്നതുകൊണ്ട് അവിടത്തെ സംയുക്ത പ്രതിപക്ഷം ഞങ്ങൾ കൗണ്ടിംഗിനുപോലും കയറുന്നില്ലെന്ന് പറഞ്ഞു. കോൺഗ്രസ്സിന്റെ പ്രമുഖനായ നേതാവ് ശ്രീ. പി. സി. വിഷ്ണുനാഥ് ഈ പ്രവൃത്തി കൊള്ളാമെന്നുപറഞ്ഞ് കയ്യടിക്കുകയാണ്. ഇതാണ് ഇവരുടെ സമീപനം. ഇവിടെ ബംഗാൾ പോലെയാകുമെന്നാണ് ശ്രീ. പി. കെ. ബഷീർ പറഞ്ഞത്. എന്താണ് അതിന്റെ പിന്നിലുള്ളതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ബംഗാളിന്റെ ഇപ്പോഴത്തെ അവസ്ഥയും എങ്ങനെയാണ് അവിടെ വർഗ്ഗീയമായി കാര്യങ്ങൾ കൈകാര്യം

ചെയ്യുന്നതെന്നും അറിയാമല്ലോ. ഒരുകാലത്ത് ബംഗാളിൽ ഏറ്റവും വലിയ അധ്യാപക സംഘടനയും വിദ്യാർത്ഥികളും ഇരുപതിനായിരത്തിലധികം സ്കൂളുകളുമുണ്ടായിരുന്നു. അതിൽ 8300 സ്കൂളുകൾ രണ്ട് മാസംമുമ്പ് അടച്ചുപൂട്ടാൻ തീരുമാനിക്കുകയും അധ്യാപകരെ പിരിച്ചുവിടുകയും ചെയ്തു. അവിടെ പതിനായിരത്തിൽ താഴെ ഉദ്യോഗാർത്ഥികൾക്ക് മാത്രമേ കഴിഞ്ഞ പന്ത്രണ്ട് വർഷമായി പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നൽകിയിട്ടുള്ളൂ. കേരളവും ബംഗാൾ പോലെയാകണമെന്ന ശ്രീ. പി. സി. വിഷ്ണുനാഥിന്റെയും കോൺഗ്രസ്സിന്റെയും യു.ഡി.എഫ്.-ലെ പ്രധാനപ്പെട്ട നേതാക്കന്മാരുടെയും ആഗ്രഹം നടപ്പിലാക്കാൻ ഇവിടത്തെ സാധാരണക്കാരായ തൊഴിലാളികളും ജീവനക്കാരും സമ്മതിക്കുമോ? പ്രതിപക്ഷം ഇക്കാര്യങ്ങളെല്ലാം കേൾക്കേണ്ടതാണ്. ഞാൻ പറയുന്നത് സഭവഴി ജനങ്ങളിലെത്തണം. എവിടെയെല്ലാം ഇടതുപക്ഷം തകർന്നിട്ടുണ്ടോ, പുരോഗന ആശയങ്ങൾ ഒരുമിച്ചിരിക്കുന്നത് തകർന്നിട്ടുണ്ടോ അവിടെയെല്ലാം സാധാരണക്കാർക്ക് ജീവിക്കാൻ ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. ബംഗാളിൽ ജോലിയിൽനിന്നും ജീവനക്കാരെ പിരിച്ചുവിടുന്നു, പി.എസ്.സി. വഴി നിയമനം നടത്തുന്നില്ല,

വർഗ്ഗീയ ലഹളകളും കലാപങ്ങളുമുണ്ടാകുന്നു. ഈ സാഹചര്യങ്ങളിലേയ്ക്ക് നമ്മുടെ സംസ്ഥാനത്തെയും എത്തിക്കുമെന്നാണ് പ്രതിപക്ഷം പറയുന്നത്. അവരുടെ ആ സമീപനം ദുഃഖകരവും സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്ക് എതിരുമാണ്. വന്ദേ ഭാരത് ട്രെയിൻ  വരുമ്പോൾ പുറത്തുനിന്നും ആരോ കല്ലെറിയുന്നുണ്ടെന്ന് വാർത്ത വരുന്നതുപോലെ ഏറ്റവും പ്രധാനപ്പെട്ട രാഷ്ട്രീയ കാര്യങ്ങളും  കേരളത്തിന്റെ വികസന കാര്യങ്ങളും ചർച്ച ചെയ്യുമ്പോൾ ഇവിടെ ഇരിക്കാനോ കേൾക്കാനോ മറുപടി പറയാനോ തയ്യാറാകാതെ യു.ഡി.എഫ്. പ്രശ്നങ്ങളിൽനിന്നും ഒളിച്ചോടുകയാണ്. കേരളത്തിലെ ജനങ്ങൾക്ക് ഈ ഗവൺമെന്റ് ചെയ്യുന്ന നല്ല കാര്യങ്ങൾ മനസ്സിലാകുമെന്ന് പ്രതീക്ഷിക്കുകയും വിശ്വസിക്കുകയും ചെയ്യുകയാണ്. കേന്ദ്രത്തിനെതിരായി കേരളത്തിൽ അതിശക്തമായ സമരം നടത്തേണ്ടതുണ്ടെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. അതിനുവേണ്ടി ഇടതുപക്ഷ ജനാധിപത്യമുന്നണി നടത്തുന്ന പ്രവർത്തനങ്ങൾക്കൊപ്പം യു.ഡി.എഫ്. പങ്ക് ചേരുമോയെന്നതാണ് പ്രധാന പ്രശ്നം. കേരളത്തിന്റെ താൽപ്പര്യം സംരക്ഷിക്കാൻവേണ്ടി ഇന്ത്യയിലെ ബി.ജെ.പി. ഗവൺമെന്റ് എല്ലാ

സംസ്ഥാനങ്ങളെയും ഒരുപോലെ കാണണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രക്ഷോഭത്തിന് യു.ഡി.എഫ്. തയ്യാറാകുമോയെന്ന പ്രശ്നംകൂടി ഉന്നയിക്കാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 24,00,63,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,00,00,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**05:00 PM]**

**അപരാഹ്ന സമ്മേളനം**

**X നിയമനിർമ്മാണകാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമാണ് സഭയിൽ അവതരിപ്പിച്ചിരിക്കുന്നത്. ഈ ബിൽ കൊണ്ടുവരണമെന്ന സർക്കാരിന്റെ സദുദ്ദേശ്യം പരിഗണിച്ചുകൊണ്ട് ഭരണ-പ്രതിപക്ഷാംഗങ്ങളെല്ലാം ഇതിനോട് സഹകരിക്കുകയും ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. ഈ ഓർഡിനൻസ് ആദ്യമായി

2010 ആഗസ്റ്റ് മാസത്തിൽ കൊണ്ടുവരികയും 2012-ൽ നിയമസഭ അത് പാസാക്കുകയും ചെയ്തു. ആരോഗ്യരക്ഷാ സേവന പ്രവർത്തനങ്ങൾ നൽകുന്നവർക്ക് മനോധൈര്യത്തോടെയും ആത്മവിശ്വാസത്തോടെയും പ്രവർത്തിക്കാനുള്ള ഒരു സാഹചര്യമുണ്ടാകണം, അവർക്ക് പിന്തുണ നൽകണം എന്നെല്ലാം കണ്ടുകൊണ്ടാണ് ആ നിയമത്തിൽ ചില ഭേദഗതികൾ കൊണ്ടുവന്നിട്ടുള്ളത്. ഇതിന്റെ നടപടിക്രമങ്ങൾ സർക്കാർ ആരംഭിക്കുകയും ഏപ്രിൽ മാസത്തിൽ വിവിധ സംഘടനകളുമായി ചർച്ച നടത്തുകയും ചെയ്തതാണ്. പക്ഷേ നിർഭാഗ്യകരമെന്ന് പറയട്ടെ, മേയ് മാസത്തിൽ ഡോ. വന്ദനാ ദാസിന്റെ ദാരുണമായ കൊലപാതകമുണ്ടായി. ആ സാഹചര്യത്തിലാണ് ഈ സഭയിൽ ബില്ലിന്റെ ഭേദഗതി കൊണ്ടുവന്നത്. ബിൽ പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

(വിയോജനക്കുറിപ്പ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിച്ചില്ല.)

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും

ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ദീർഘമായ സംഭാഷണത്തിന് ഞാൻ മുതിരുന്നില്ല. ബിൽ അവതരിപ്പിക്കുന്ന സമയത്ത് ഞാൻ ഒരു ക്രമപ്രശ്നം ഉന്നയിച്ചിരുന്നു. അതുസംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി പരിശോധിക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകിയതാണ്, അത് പരിശോധിച്ചിട്ടുണ്ടാകും. പക്ഷേ ഇവിടെ സമർപ്പിച്ച റിപ്പോർട്ടിൽ വിഷയം പരിഗണിച്ചതായോ അതിന്മേൽ എന്തെങ്കിലും തീരുമാനമെടുത്തതായോ കാണുന്നില്ല. റിപ്പോർട്ട് പ്രകാരം പുതിയ ബിൽ വന്നപ്പോൾ മാറ്റങ്ങളൊന്നുമില്ലാത്തതിനാൽ സ്വീകരിച്ചില്ലെന്ന് മനസ്സിലാക്കാം. പക്ഷേ ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകിയ കാര്യത്തെ സംബന്ധിച്ച് ചർച്ച ചെയ്ത് എന്ത് തീരുമാനമെടുത്തുവെന്നുള്ളത് റിപ്പോർട്ടിൽ വരേണ്ടതായിരുന്നുവെന്നാണ് എനിക്ക് ഒന്നാമതായി ചൂണ്ടിക്കാണിക്കാനുള്ളത്. അടുത്തതായി, ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ നമ്മുടെ ആരോഗ്യ മേഖലയിൽ നിരന്തരം

പ്രശ്നങ്ങൾ വർദ്ധിച്ചുവരികയാണ്. ജീവനക്കാരും ആരോഗ്യ മേഖലയിൽ പലരീതിയിലുള്ള സേവനങ്ങൾ സമർപ്പിക്കുന്ന ആളുകളും അതുപോലെ രോഗികളും അവരുടെ ബന്ധുക്കളും തമ്മിലുള്ള സംഘർഷങ്ങളും വർദ്ധിക്കുകയാണ്. അത് ഹൃദ്യമായ അന്തരീക്ഷത്തിലേയ്ക്ക് വരണം. അവിടെ ഉത്തരവാദിത്വം രണ്ട് കൂട്ടർക്കുമുണ്ട്. ആരോഗ്യ പ്രവർത്തകരിലും സ്റ്റേക്ക്ഹോൾഡേഴ്സായി എത്തുന്ന രോഗികളിലും ഈയൊരു ധാരണയുണ്ടാക്കിയെടുക്കാൻ നമ്മൾ കൂടുതൽ പ്രവർത്തിക്കണം. രണ്ടുമൂന്ന് വാക്കാൽ ഭേദഗതികൾ ഞാൻ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് പറഞ്ഞിട്ടുണ്ട്.

(നോട്ടീസ് നൽകിയ അംഗം സീറ്റിലില്ലാതിരുന്നതിനാൽ 2(ബി) നമ്പർ ഭേദഗതി അവതരിപ്പിച്ചില്ല.)

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. മാത്യു ടി. തോമസ് സൂചിപ്പിച്ച വിഷയം അദ്ദേഹം ക്രമപ്രശ്നമായി ഉന്നയിച്ചിരുന്നതാണ്. അത് സബ്ജക്ട് കമ്മിറ്റി പരിശോധിച്ചശേഷമുള്ള തീരുമാനം എന്താണെന്നുള്ളത് സാങ്കേതികമായി

റിപ്പോർട്ടിൽ വന്നിട്ടില്ല. ഇന്ത്യൻ ശിക്ഷാ നിയമം ക്വാട്ട് ചെയ്ത സാഹചര്യത്തിൽ അതിൽനിന്നും വ്യത്യസ്തമായ ശിക്ഷകൾ ഈ നിയമത്തിൽ വരേണ്ടതുണ്ടോയെന്നുള്ള ക്രമപ്രശ്നമാണ് അദ്ദേഹം ഉന്നയിച്ചത്. ഈ ബില്ലിൽ ഇന്ത്യൻ ശിക്ഷാ നിയമം മെൻഷൻ ചെയ്ത് പറഞ്ഞിരിക്കുന്ന പല വാക്കുകൾക്കും നിർവ്വചനങ്ങൾ നൽകിയിരുന്നില്ല. ഇന്ത്യൻ ശിക്ഷാ നിയമത്തിലെ നിർവ്വചനങ്ങളായിരിക്കും ഈ ആക്ടിൽ ഉപയോഗിച്ച വാക്കുകളുടെ നിർവ്വചനങ്ങളും.

"(2) ഈ ആക്റ്റിൽ ഉപയോഗിക്കുകയും എന്നാൽ നിർവ്വചിക്കാതിരിക്കുകയും 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലോ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലോ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) നിർവ്വചിക്കുകയും ചെയ്തിട്ടുള്ള വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും, അതത് സംഗതിപോലെ, പ്രസ്തുത സംഹിതകളിൽ അവയ്ക്ക് യഥാക്രമം നൽകിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്." എന്നതാണ് നിർവ്വചനം.

അതുമാത്രമല്ല, ക്രമപ്രശ്നം സഭയിൽ ഉന്നയിച്ചപ്പോഴും പറഞ്ഞതാണ്; ഒരു വിഷയത്തിൽ general law-യും special law-യും ഉള്ള സാഹചര്യത്തിൽ "special law will prevail general law" എന്നുള്ളതാണ്. ഇവിടെ ചെയ്തിരിക്കുന്നത് ഇന്ത്യൻ ശിക്ഷാ നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള വ്യവസ്ഥകൾക്ക് അനുസരിച്ചുള്ള നടപടികൾ ഇങ്ങനെയൊരു അക്രമമുണ്ടായാൽ സ്വീകരിക്കാവുന്നതാണ് എന്നതാണ്. പക്ഷേ ഇതിനിടയിൽ ഒരു ഗ്യാപ്പ് നിലനിൽക്കുന്നത് കണ്ടുകൊണ്ടാണ് ഇങ്ങനെയൊരു നിയമത്തിലേയ്ക്ക് നിയമസഭ പോയിട്ടുള്ളത്. ഉദാഹരണം പറഞ്ഞാൽ, വകുപ്പ് 325-ൽ Grievous hurt പറയുമ്പോൾ അതിലൊരു മിനിമം ശിക്ഷ ഉറപ്പാക്കുന്നില്ലെങ്കിലും പരമാവധി ശിക്ഷ 7 വർഷം തന്നെയാണ്. ഇവിടെ ഇന്ത്യൻ ശിക്ഷാ നിയമത്തിന്റെ മദർ ആക്റ്റിലുള്ള നിർവ്വചനങ്ങൾ മാത്രമേ എടുക്കുന്നുള്ളൂ. ഈ സ്പെഷ്യൽ ലായിൽ മിനിമം ശിക്ഷയും പിഴയും കൂടി ഈടാക്കുന്നുവെന്നുള്ളതാണ്.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, ഞാൻ അതിന്റെ മെറിറ്റിലേയ്ക്കല്ല നടപടിക്രമങ്ങളിലേയ്ക്കാണ് പോയത്. ബഹുമാനപ്പെട്ട സ്പീക്കർ ഒരു വിഷയം

പരിഗണിക്കുന്നതിന് സബ്ജക്ട് കമ്മിറ്റിക്ക് പ്രത്യേക നിർദ്ദേശം നൽകിയപ്പോൾ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിൽ അതുസംബന്ധിച്ച ഒരു സൂചനയുമുണ്ടാകണമായിരുന്നു. അതുണ്ടായില്ലെന്നുമാത്രമാണ് ഞാൻ സൂചിപ്പിച്ചത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ഉൾക്കൊള്ളുന്നു. ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിന്റെ ഭാഗമായി നിർദ്ദേശം പരിഗണിച്ചുവെന്നുള്ളത് റിപ്പോർട്ടിന്റെ ഭാഗമായി ഉൾപ്പെടുത്തേണ്ടതായിരുന്നു.

മി. സ്പീക്കർ: ശ്രീ. മാത്യു ടി. തോമസ്, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. മാത്യു ടി. തോമസ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. മാത്യു ടി. തോമസ് അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന

സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

ശ്രീമതി ദെലീമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

166. ഖണ്ഡം 2(ബി)(ii) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(1)(ബി)(v)-ൽ "ആംബുലൻസ് ഡ്രൈവർമാരും ഹെൽപ്പർമാരും" എന്നതിന് ശേഷം ", ക്ലീനിംഗ് സ്റ്റാഫ്" എന്നത് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

176. ഖണ്ഡം 2(ബി)(iii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(1)(ബി)(vi)-ൽ "മറ്റേതൊരു

വ്യക്തിയും" എന്നതിനുപകരം "പ്രകാരമുള്ള മറ്റേതൊരു ആരോഗ്യ രക്ഷാ സേവന പ്രവർത്തകനും" എന്ന് ചേർക്കുക.

ശ്രീമതി ഒ. എസ്. അംബിക: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

178. ഖണ്ഡം 2 (ബി)(iii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(1)(ബി)(vi)-ൽ, "വ്യക്തിയും." എന്ന വാക്കിനും ചിഹ്നത്തിനും പകരം "വിഭാഗം ജീവനക്കാരും." എന്ന വാക്കുകളും ചിഹ്നവും ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ശ്രീ. മഞ്ഞളാംകുഴി അലിയുടെ 161-ാം നമ്പർ ഭേദഗതിയും ശ്രീ. നജീബ് കാന്തപുരത്തിന്റെ 162-ാം നമ്പർ ഭേദഗതി ഭേദഗതിയോടുകൂടിയും ഔദ്യോഗിക ഭേദഗതികളായി ഞാൻ അവതരിപ്പിക്കുന്നു.

161. ഖണ്ഡം 2(ബി)(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(1)(ബി)(v)-ൽ "സെക്യൂരിറ്റി ഗാർഡുകൾ" എന്നതിന് പകരം "സുരക്ഷാ ജീവനക്കാർ" എന്ന് ചേർക്കുക.

162. ഖണ്ഡം 2(ബി)(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(1)(ബി)(v)-ൽ "മാനേജീരിയൽ സ്റ്റാഫ്," എന്ന

വാക്കുകൾക്കും ചിഹ്നത്തിനും ശേഷം "മിനിസ്റ്റീരിയൽ സ്റ്റാഫ്," എന്ന വാക്കുകളും ചിഹ്നവും ചേർക്കുക.

മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി ദെലീമ അവതരിപ്പിച്ച 166-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 176-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ഒ. എസ്. അംബിക അവതരിപ്പിച്ച 178-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

185. ഖണ്ഡം 3(എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(1) ൽ, "ഏതൊരാളും" എന്നതിന് മുമ്പായി "3-ാംവകുപ്പ് ലംഘിച്ചുകൊണ്ട് ഏതെങ്കിലും കൃത്യം ചെയ്യുന്ന" എന്ന് ചേർക്കുക.

188. ഖണ്ഡം 3(എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(1)(i) ൽ "(ഇ) ഇനത്തിൽ" എന്ന വാക്കിനും ചിഹ്നത്തിനും പകരം "(1)-ാം ഉപവകുപ്പിന്റെ (ഇ) ഇനത്തിൽ" എന്ന അക്കവും ചിഹ്നങ്ങളും വാക്കുകളും ചേർക്കുക.

189. ഖണ്ഡം 3(എ)-പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(1)(i)-ൽ "നിർവ്വചിച്ചിട്ടുള്ള ഒരു അക്രമ പ്രവർത്തനം" എന്നതിന് പകരം "നിർവ്വചിച്ച പ്രകാരമുള്ള അക്രമം" എന്ന് ചേർക്കുക.

197. ഖണ്ഡം 3(എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(1)(i)-ൽ, "ആണെങ്കിൽ" എന്നതിന് പകരം "ചെയ്യുന്ന സംഗതിയിൽ" എന്ന് ചേർക്കുക.

227. ഖണ്ഡം 3(എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(1)(ii)-ൽ "കഠിനമായ" എന്നതിന് പകരം "ഏതെങ്കിലും" എന്ന് ചേർക്കുക.

<u>ശ്രീ ടി. പി. രാമകൃഷ്ണൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

190. ഖണ്ഡം 3(എ)-പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(1)(i)-ൽ "ചെയ്യുകയോ ചെയ്യുവാൻ" എന്നതിന് പകരം "നടത്തുകയോ നടത്തുവാൻ" എന്ന് ചേർക്കുക.

<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

202. ഖണ്ഡം 3(എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(1)(i)-ൽ "തടവുശിക്ഷയ്ക്കും അമ്പതിനായിരം രൂപയിൽ കുറയാതെയും എന്നാൽ രണ്ട് ലക്ഷം രൂപ വരെയാകാവുന്നതുമായ പിഴശിക്ഷയ്ക്കും" എന്നതിന് പകരം "തടവുശിക്ഷയ്ക്കോ അമ്പതിനായിരം രൂപയിൽ കുറയാതെയും എന്നാൽ രണ്ട് ലക്ഷം രൂപ വരെയാകാവുന്നതുമായ പിഴശിക്ഷയ്ക്കോ അല്ലെങ്കിൽ രണ്ടും കൂടിയോ" എന്ന് ചേർക്കുക.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

245. ഖണ്ഡം 3(ബി) ഒഴിവാക്കുക.

ശ്രീ. കെ. പ്രേംകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

252. ഖണ്ഡം 3(ബി)-ൽ "പ്രവർത്തകനോ" എന്നതിന് ശേഷം "പ്രവർത്തകയോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ശ്രീ. എ. പി. അനിൽ കുമാറിന്റെ 198-ാം നമ്പർ ഭേദഗതിയും ശ്രീ. സി. ആർ. മഹേഷിന്റെ 229-ാം നമ്പർ ഭേദഗതിയും ഔദ്യോഗിക ഭേദഗതികളായി ഞാൻ അവതരിപ്പിക്കുന്നു.

198. ഖണ്ഡം 3(എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(1)(i)-ൽ, "ആണെങ്കിൽ" എന്നതിന് ശേഷം "കുറ്റസ്ഥാപനത്തിന്മേൽ" എന്ന് ചേർക്കുക.

229. ഖണ്ഡം 3(എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(1)(ii)-ൽ,

"വിധേയനാക്കുകയാണെങ്കിൽ" എന്നതിനു ശേഷം "കുറ്റസ്ഥാപനത്തിന്മേൽ" എന്ന് ചേർക്കുക.

ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

"3(എ)(1)(i), 3(എ)(1)(ii)-ലും 'തടവിനും പിഴയ്ക്കും ശിക്ഷിക്കപ്പെടാവുന്നതാണ്' എന്ന് ഭേദഗതി വരുത്താവുന്നതാണ്."

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 188-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും വാക്കാൽ ഭേദഗതിയും മന്ത്രി സ്വീകരിച്ച 188-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 185, 189, 197, 227 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 190-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 202-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച 245-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ അവതരിപ്പിച്ച 252-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>നാലാം വകുപ്പ്</u>

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

261. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4 എ(i)-ൽ "റാങ്കിൽ" എന്നതിന് പകരം "പദവിയിൽ" എന്ന് ചേർക്കുക.

262. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4 എ (i)-ൽ "ഓഫീസർ" എന്നതിന് പകരം "ഉദ്യോഗസ്ഥൻ" എന്ന് ചേർക്കുക.

296. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4 എ(iii)-ൽ "ഗസറ്റിൽ" എന്നതിന് പകരം "ഗസറ്റ്" എന്ന് ചേർക്കുക.

ശ്രീ. പി. ടി. എ. റഹീം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

290. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4 എ(ii)-ന്റെ രണ്ടാം ക്ലിപ്ത നിബന്ധനയിൽ "അത് ആറ് മാസത്തിൽ കൂടുതൽ" എന്നതിന് പകരം "പരമാവധി ആറുമാസം വരെ" എന്ന് ചേർക്കുക.

ശ്രീ. ജി. സ്റ്റീഫൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

308. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4 എ(iv)-ൽ "പ്രോസിക്യൂട്ടറെ" എന്നതിന് പകരം "പ്രോസിക്യൂട്ടറെയും അനുബന്ധ ജീവനക്കാരെയും" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 261, 262, 296 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി.ടി.എ. റഹീം അവതരിപ്പിച്ച 290-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജി. സ്റ്റീഫൻ അവതരിപ്പിച്ച 308-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

312. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 7(2)-ൽ "ചെയ്യാവുന്നതാണ്" എന്നതിന് പകരം "ചെയ്യാവുന്നതുമാണ്" എന്ന് ചേർക്കുക.

313. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 7(2)-ൽ "അതായത്.—"എന്ന വാക്കിനും ചിഹ്നങ്ങൾക്കും പകരം "അതായത്, ആരോഗ്യരക്ഷാസേവന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട്.—" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

318. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7(2)(ഇ)- ൽ "ആരോഗ്യരക്ഷാ പ്രൊഫഷണലുകൾ, വിദ്യാർത്ഥികൾ" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "ആരോഗ്യ രക്ഷാ സേവന പ്രവർത്തകർ, ബന്ധപ്പെട്ട മറ്റ് പ്രൊഫഷണലുകൾ, മെഡിക്കൽ/പാരാമെഡിക്കൽ/നഴ്സിംഗ് വിദ്യാർത്ഥികൾ" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

ബില്ലിലെ ഖണ്ഡം 5 പ്രകാരം, പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 7-ാം വകുപ്പിന്റെ 2-ാം ഉപവകുപ്പിലെ,-

(1) (സി) ഇനത്തിൽ "അലാറം സിസ്റ്റംസ്" എന്ന വാക്കുകൾക്ക് പകരം "അലാറം സംവിധാനങ്ങൾ" എന്ന വാക്കുകൾ ചേർക്കുക.

(2) (ഇ) ഇനത്തിൽ "ഡോക്ടർമാർ, ആരോഗ്യരക്ഷാ പ്രൊഫഷണലുകൾ, വിദ്യാർത്ഥികൾ മുതലായവർ" എന്നീ വാക്കുകൾക്ക് പകരം "ആരോഗ്യരക്ഷാ സ്ഥാപനവുമായി ബന്ധപ്പെട്ട് ആരോഗ്യരക്ഷാ സേവന പ്രവർത്തകർ"എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 312, 313, 318 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

(ഭേദഗതി അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

**അനുകൂലിക്കുന്നവർ............**

**പ്രതികൂലിക്കുന്നവർ............**

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

(ii) 2022-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം ഉറപ്പുവരുത്താനുള്ള ഒരു ബില്ലാണിത്. ക്ലോസ് ബൈ ക്ലോസ് പരിഗണിക്കാവുന്നതാണ്.

(വിയോജനക്കുറിപ്പ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിച്ചില്ല.)

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ 1971-ലെ അടിസ്ഥാന നിയമവുമായി ബന്ധപ്പെട്ടുള്ള ചെറിയ ഭേദഗതികളാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. പ്രധാനമായും മോട്ടാർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ കൂലി ഉറപ്പുവരുത്തുന്നത് ലക്ഷ്യംവച്ചുകൊണ്ടുള്ള ഒരു

ഭേദഗതിയാണ് ഇപ്പോൾ കൊണ്ടുവന്നിട്ടുള്ളത്. അന്നത്തെ നിയമത്തിലുണ്ടായിരുന്ന ചില കുറവുകൾ പരിഹരിക്കുകയെന്നുള്ളതാണ് ഈ ഭേദഗതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. മോട്ടോർത്തൊഴിലാളികൾക്ക് ന്യായമായ കൂലി ക്ലെയിം ചെയ്യാനും അതിന് അപ്പീൽ നൽകാനും പരാതി കൊടുക്കാനുമൊക്കെ കഴിയുന്ന ഒരു സംവിധാനമൊരുക്കുക എന്നുള്ളതാണ് ഇതിന്റെ ലക്ഷ്യം. തൊഴിൽ വകുപ്പ് കേരളത്തിലെ തൊഴിലാളികളുടെ ജനകീയമായ പ്രശ്നങ്ങളെല്ലാം പരിഹരിക്കുന്നതിനുവേണ്ടിയുള്ള വ്യത്യസ്തങ്ങളായ ഇടപെടലുകളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായാണ് ഈ ബില്ലും കൊണ്ടുവരുന്നതെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. തൊഴിലാളികൾക്ക് ഏറ്റവും കൂടുതൽ കൂലി ലഭിക്കുന്ന സംസ്ഥാനം കേരളമാണ്. അതിന് റിസർവ് ബാങ്കിന്റെ ഉൾപ്പെടെ അംഗീകാരം നേടിയെടുക്കാൻ നമ്മുടെ സർക്കാരിന് സാധിച്ചിട്ടുണ്ട്. ദേശീയതലത്തിലുള്ള ശരാശരിയെക്കാൾ വലിയ നിലയിലുള്ള വർദ്ധനയാണ് കൂലിയുടെ കാര്യത്തിൽ ഉണ്ടായിട്ടുള്ളത്. ഗവൺമെന്റിന്റെ ഇടപെടലിന്റെ ഭാഗമായി അസംഘടിത തൊഴിലാളി മേഖലയിലും അതിഥി തൊഴിലാളി/

ചുമട്ടുതൊഴിലാളി/ഗാർഹിക തൊഴിലാളി മേഖലകളിലുമെല്ലാം വലിയ നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ചുമട്ടുതൊഴിലാളികളുടെ ചുമട് ഭാരം കുറയ്ക്കുന്നതുൾപ്പെടെയുള്ള വിഷയത്തിൽ വകുപ്പിന് ഇടപെടാൻ സാധിച്ചിട്ടുണ്ട്. സ്ത്രീ തൊഴിലാളികളുടെ പരിരക്ഷ ഉറപ്പുവരുത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ, തോട്ടം തൊഴിലാളികളുടെ പ്രശ്നം എന്നിവയൊക്കെ മുൻകാലങ്ങളിലെല്ലാം ഏറെ ചർച്ച ചെയ്തതാണ്. അക്കാര്യങ്ങളിലൊക്കെ വലിയ രീതിയിലുള്ള ഇടപെടലാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. തോട്ടം തൊഴിലാളികളുടെ ലയങ്ങളുടെ അവസ്ഥയൊക്കെ പരിഹരിക്കുന്നതിനായി ജനനി ഭവന പദ്ധതിയുൾപ്പെടെ വിവിധങ്ങളായ ഇടപെടൽ നടത്തിക്കൊണ്ടിരിക്കുകയാണ്. ഗാർഹിക തൊഴിലാളികളെ ഉൾപ്പെടെ അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഉൾപ്പെടുത്തിയതിനു മാത്രമല്ല, ബോണസ് ഉൾപ്പെടെയുള്ള കാര്യങ്ങളുമായി ബന്ധപ്പെട്ട തർക്കങ്ങൾ പരിഹരിക്കാൻ കാണിച്ച ജാഗ്രതയ്ക്കാണ് ഗവൺമെന്റിനെയും വകുപ്പുമന്ത്രിയെയും അഭിനന്ദിക്കാൻ ഞാൻ ആഗ്രഹിക്കുന്നത്. ഇത്തവണ ഓണത്തിന് ഉൾപ്പെടെ തൊഴിലാളി-

തൊഴിലുടമ തർക്കം നിലനിന്നിരുന്നു. ആ പരാതികളെല്ലാം സമയബന്ധിതമായി പരിഹരിക്കുന്നതിനായി മന്ത്രിതന്നെ മുൻകൈയെടുത്ത് യോഗം വിളിച്ചുചേർത്ത് തീരുമാനങ്ങളെടുത്തതിലൂടെ തൊഴിലാളികളും തൊഴിലുടമകളുമായുള്ള ബന്ധം ഊട്ടിയുറപ്പിക്കുന്നതിനും ഒരു സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാനും സാധിച്ചിട്ടുണ്ട്. ഇത്തരത്തിൽ മുന്നോട്ടുപോകുന്ന വകുപ്പിനെയും മന്ത്രിയെയും അഭിനന്ദിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. കെ. പി. മോഹനൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സർക്കാരും ബഹുമാനപ്പെട്ട മന്ത്രിയും തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യംവച്ചുകൊണ്ട് മുന്നോട്ടുപോകുകയാണ് ചെയ്യുന്നത്. ജോലിക്ക് ന്യായമായ വേതനം ലഭിക്കണമെന്നുള്ളത് തൊഴിലാളികളുടെ മുഖ്യ

ആവശ്യമാണ്. പലപ്പോഴും മിനിമം വേതനം ലഭിക്കുന്നതിനുപോലും തൊഴിലാളികൾക്ക് സമരത്തിന്റെ പാത സ്വീകരിക്കേണ്ടിവരാറുണ്ട്. എന്നാൽ ഈ സർക്കാരിന്റെ ഇടപെടലുണ്ടായതുകൊണ്ട് അടുത്തകാലത്തൊന്നും അത് വേണ്ടിവന്നില്ല. അക്കാര്യത്തിൽ നല്ല രീതിയിൽ മുന്നോട്ടുപോകുന്ന സർക്കാരെന്ന നിലയിൽ ഈ ബിൽ മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ഗുണകരമായി വരികയാണ്. ഒരു തൊഴിലാളിയെ പൗരന്റേതായ ചുമതലകൾ വഹിക്കാൻ യോഗ്യനാക്കുകയും ചെയ്യുന്ന ജോലിക്ക് വേതനം ലഭിക്കുകയും ചെയ്യണമെന്ന ഉദ്ദേശ്യമാണ് ഇതിന്റെ പിന്നിലുണ്ടായിരുന്നതെന്നും പ്രമുഖ സോഷ്യലിസ്റ്റായ സ്നോഡൻ തന്റെ "ദി ലിവിംഗ് വേജ്" എന്ന പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുണ്ട് സംസ്ഥാനത്തെ മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി 1971-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ നിയമം നിലവിൽ വരികയുണ്ടായി. എന്നാൽ ന്യായമായ വേതനം നൽകാത്തതിനെതിരെ അവകാശവാദം ഉന്നയിക്കാൻ തൊഴിലാളിയെ

പ്രാപ്തനാക്കുന്നതിനും കുറഞ്ഞ വേതനമാണ് ലഭിക്കുന്നതെങ്കിൽ ക്ലെയിം ഫയൽ ചെയ്യുന്നതിനും അത് കേൾക്കുന്നതിനും തീർപ്പാക്കുന്നതിനുംവേണ്ടി അധികാരിയെ നിയമിക്കുന്നതിനും അങ്ങനെ നിയമിക്കുന്ന അധികാരിയുടെ തീരുമാനങ്ങളിലുള്ള അപ്പീൽ അധികാരിയെ നിശ്ചയിക്കുന്നതിനും പ്രസ്തുത ആക്റ്റിൽ വ്യവസ്ഥയില്ലായിരുന്നു. ന്യായമായ കൂലി കൊടുക്കാതിരിക്കുന്നതിന് ശിക്ഷിച്ചാലുള്ള പിഴ 500/- രൂപയിൽനിന്നും വർദ്ധിപ്പിക്കാനും കോടതി മുമ്പാകെ പരാതി ബോധിപ്പിക്കുന്നതിനുള്ള അധികാരം ഇൻസ്പെക്ടർക്ക് നൽകുന്നതിനും ആക്റ്റിൽ വ്യവസ്ഥ ചെയ്യേണ്ടത് ആവശ്യമായിരുന്നു. മേൽ ഉദ്ദേശ്യങ്ങളാൽ ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്ന ബിൽ സ്വാഗതാർഹമാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, കേരളത്തിൽ മാത്രമാണ് തൊഴിലാളി ക്ഷേമ ബോർഡുകളും എല്ലാ ആനുകൂല്യങ്ങളും വിതരണം ചെയ്യുന്ന സ്ഥിതിവിശേഷവുമുള്ളത്. ഏതൊരു കാലഘട്ടത്തെക്കാളും മികച്ച തൊഴിൽ അന്തരീക്ഷമാണ് ഇന്നുള്ളത്. പലപ്പോഴും ചുമട്ടുതൊഴിലാളികളെ സംബന്ധിച്ച് മാധ്യമങ്ങളും ബഹുമാനപ്പെട്ട

കോടതിപോലും തെറ്റിദ്ധരിച്ച് പറയുന്നുണ്ട്. അടുത്ത കാലത്ത് ആലുവയിലുണ്ടായ അതിഥിത്തൊഴിലാളി കുടുംബത്തിലെ കുട്ടിയുമായി ബന്ധപ്പെട്ട സംഭവത്തിൽ നീല ഷർട്ടിട്ട ചുമട്ടുതൊഴിലാളികളാണ് കുറ്റവാളിയെ പിടികൂടാൻ പോലീസിനെ സഹായിച്ചത്. കോവിഡും വെള്ളപ്പൊക്കവുമൊക്കെയുണ്ടായ സമയത്തും ഇവർ വലിയ പങ്കാണ് വഹിച്ചത്. കൂടാതെ നാഷണൽ ഹൈവേകളിൽ ആക്സിഡന്റുകളുണ്ടാകുമ്പോഴും ഇവർ സഹായിക്കാറുണ്ട്. പതിനാറോളം വരുന്ന ക്ഷേമനിധി ബോർഡുകളാണ് ഇവിടെയുള്ളത്. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ പ്ലാന്റേഷൻ തൊഴിലാളികളുടെ ലയങ്ങളുടെ പ്രശ്നമാണ് പ്രധാനപ്പെട്ട വിഷയമായി നിൽക്കുന്നത്. പല പ്ലാന്റേഷനിലെയും മുതലാളിമാർ ലയങ്ങൾ നന്നാക്കാൻ തയ്യാറാകുന്നില്ല. ബഡ്ജറ്റിൽ പ്രഖ്യാപിച്ച 10 കോടി രൂപ പ്രയോജനപ്പെടുത്തി തോട്ടം തൊഴിലാളികളുടെ ലയങ്ങൾ വൃത്തിയാക്കാൻ ആലോചിക്കുന്നുണ്ട്. ഗാർഹിക തൊഴിലാളികളെ സംബന്ധിച്ച് കൃത്യമായ നിയമമില്ലാത്തതാണ് മറ്റൊരു പ്രധാനപ്പെട്ട കാര്യം. ലക്ഷക്കണക്കിന് തൊഴിലാളികളാണ് വീടുകളിൽ പോയി പണിയെടുത്ത്

ജീവിക്കുന്നത്. പരാതി പറയാൻ ഒരു അതോറിറ്റിയില്ലാത്തതിനാൽ അവർ പല തരത്തിലുള്ള ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണ്. ശമ്പളത്തിന്റെ കാര്യത്തിലും ഒരു ഇടപെടലിന്റെ ആവശ്യമുണ്ട്. ഗാർഹിക തൊഴിലാളികളെ സംരക്ഷിക്കുന്നതിനുവേണ്ടി ഒരു ബിൽ കൊണ്ടുവരാൻ ആലോചിക്കുന്നുണ്ട്. ആധുനികയുഗത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു വിഭാഗമാണ് ഗിഗ് വർക്കേഴ്സ്. പതിനായിരക്കണക്കിന് സ്ത്രീകളും പുരുഷന്മാരുമാണ് ഓരോ ജംഗ്ഷനിലും വിവിധ കമ്പനികളുടെ പേരിലുള്ള വേഷം ധരിച്ച് കാത്തുനിൽക്കുന്നത്. അവർക്ക് കൃത്യമായ നിയമമില്ല, അവരുടെ മാനേജ്മെന്റ് ആരാണെന്ന് കാണാനും സാധിക്കില്ല. കഴിഞ്ഞ മാസം ലേബർ കമ്മീഷണറുടെ മുമ്പാകെ ഒരു കേസ് വരികയുണ്ടായി. പക്ഷെ സംസാരിച്ച് സെറ്റിൽ ചെയ്യാൻ അതോറിറ്റിയില്ലാത്തതിനാൽ സാധിച്ചില്ല. അതുകൊണ്ട് ഗിഗ് വർക്കേഴ്സിന്റെ വിഷയത്തിലും ഒരു നിയമം കൊണ്ടുവരുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്. രണ്ട് മാസങ്ങൾക്കുമുമ്പ് ഹരിയാനയിലെ തൊഴിൽ വകുപ്പുമന്ത്രി കേരളം സന്ദർശിച്ചപ്പോൾ അവിടത്തെ തൊഴിലാളിക്ക് ഒരു ദിവസം 325/- രൂപയാണ് വേതനം ലഭിക്കുന്നതെന്ന് പറഞ്ഞിരുന്നു.

ഇവിടെ 750/- രൂപയെങ്കിലും മിനിമം വേതനം കൊടുക്കുകയാണ്. ഏറ്റവും കൂടുതൽ മിനിമം വേതനം പ്രഖ്യാപിച്ചിട്ടുള്ള സംസ്ഥാനമാണ് കേരളം. അതിന്റെ ഭാഗമായാണ് കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം ഉറപ്പുവരുത്താനുള്ള നിയമത്തിൽ ചെറിയ ഭേദഗതി കൊണ്ടുവന്നത്. അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള കാര്യങ്ങളാണ് ബില്ലിൽ സൂചിപ്പിക്കുന്നത്. ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. യു. ജനീഷ് കുമാർ അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. പി. മോഹനൻ അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

## രണ്ടാം വകുപ്പ്

Dr. N. Jayaraj: Sir, I move the following amendments

148. In section 2 (a) proposed to be inserted in the principal Act by Clause 2 (i) for the words "of the "the words "of this " shall be substituted.

149. In section 2 (aa) proposed to be inserted in the principal Act by Clause 2 (i) after the word "State" the word "Government" shall be inserted.

161. In section 2(ac) proposed to be inserted in the principal Act by Clause 2(ii), for the figure "4" the figure and symbol "4(1)" shall be substituted.

168. In section 2(ad) proposed to be inserted in the principal Act by Clause 2(ii), for the words "of Kerala" the word "Government"shall be substituted.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 161-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: മന്ത്രി സ്വീകരിച്ച 161-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 148, 149, 168 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

Dr. N. Jayaraj: Sir, I move the following amendments

177. In section 3A(1) proposed to be inserted in the principal Act by Clause 3 for the words "payment of less than the fair wages" the words "underpayment of fair wages" shall be substituted.

186. In section 3A(2) proposed to be inserted in the principal Act by Clause 3 after the word "authorised" the words "by him" shall be inserted.

188. In the first proviso to section 3A(2) proposed to be inserted in the principal Act by Clause 3 for the word "presented" the word "submitted" shall be substituted.

191. In the second proviso to section 3A(2) of the principal Act, proposed to be inserted by Clause 3 for the words "if the applicant satisfies the authority that he" the words "if the authority is satisfied that the applicant "shall be substituted.

208. In section 3A(3) proposed to be inserted in the principal Act by Clause 3 after the words "motor transport worker" the words "within the prescribed time limit" shall be inserted.

209. In section 3A(3) proposed to be inserted in the principal Act by Clause 3 for the words "actually payable" the word "due" shall be substituted.

219. In section 3A(4) proposed to be inserted in the principal Act by Clause 3 for the words "on application" the words "on an application"shall be substituted.

221. In section 3A(4) proposed to be inserted in the principal Act by Clause 3 for the word "Collector" the words "District Collector concerned" shall be substituted.

Shri M. M. Mani: Sir, I move the following amendment.

200. In section 3A(3) proposed to be inserted in the principal Act, by Clause 3 for the words, symbols and figure "when any application under sub-section (2) is entertained" the words, symbols and figure "when an application under sub-section (2) is received" shall be substituted.

Shri A. Prabhakaran: Sir, I move the following amendment.

210. In section 3A(3) proposed to be inserted in the principal Act by Clause 3 for the word "compensation" the word "penalty" shall be substituted.

Shri H. Salam: Sir, I move the following amendment.

231. In the proviso to section 3A(5), proposed to be inserted in the principal Act by Clause 3, after the words "no appeal" the words "of the employer"shall be inserted.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ശ്രീ. കെ. കെ. രാമചന്ദ്രന്റെ 175-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു. ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 191-ാംനമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

175. In section 3A(1) proposed to be inserted in the principal Act by Clause 3 after the words "State Government" the words "as authority" shall be inserted.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും മന്ത്രി സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 177, 186, 188, 208, 209, 219, 221 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എം. മണി അവതരിപ്പിച്ച 200-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. പ്രഭാകരൻ അവതരിപ്പിച്ച 210-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എച്ച്. സലാം അവതരിപ്പിച്ച 231-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>നാലാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>അഞ്ചാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..............

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 2022-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2022-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

(iii) 2023-ലെ കേരള ക്ഷീര കർഷക ക്ഷേമനിധി (ഭേദഗതി) ബിൽ

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2023-ലെ കേരള ക്ഷീര കർഷക ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ബില്ലിനെപ്പറ്റി ചുരുക്കി സംസാരിക്കാം. കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ക്ഷീര കർഷകർക്ക് സഹായകരമായ പുതിയ പദ്ധതികൾ കൊണ്ടുവരുന്നതിനും അവരുടെ ഉരുക്കൾക്ക് ആവശ്യമായ തീറ്റ, ഔഷധങ്ങൾ, ക്ഷീരവൃത്തിയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ തുടങ്ങിയവ വിതരണം ചെയ്യാനുള്ള പദ്ധതികൾ നടപ്പാക്കുന്നതിന് ബോർഡിന് അംഗീകാരം ലഭിക്കുന്നതിനുമാണ് നിലവിലുള്ള നിയമത്തിൽ ഭേദഗതി വരുത്താൻ ആഗ്രഹിക്കുന്നത്. സംസ്ഥാനത്തെ പരമ്പരാഗത പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളുടെ പ്രസിഡന്റുമാരിൽനിന്നും 'ആനന്ദ്' മാതൃക ക്ഷീരോല്പാദക സഹകരണ സംഘം പ്രസിഡന്റുമാരിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്നുപേർ വീതവും ക്ഷീര വികസന വകുപ്പ്, നിയമ വകുപ്പ്, ധനകാര്യ വകുപ്പ് എന്നിവയുടെ പ്രതിനിധികളെയും ഒരു കർഷക പ്രതിനിധിയെയും ഈ ബോർഡിൽ ഉൾപ്പെടുത്തുന്നതിനുള്ള വ്യവസ്ഥകൾ ഭേദഗതി വഴി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു. ക്ഷീര കർഷകരുടെയും അവരുടെ

കുടുംബാംഗങ്ങളുടെയും സാമ്പത്തിക സുരക്ഷ ഉറപ്പുവരുത്താനും ക്ഷേമ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും ഉതകുന്ന വ്യവസ്ഥകളാണ് ഈ നിയമ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(വിയോജനക്കുറിപ്പ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിച്ചില്ല.)

(നോട്ടീസ് നൽകിയ അംഗം സീറ്റിലില്ലാതിരുന്നതിനാൽ 1(എ) നമ്പർ ഭേദഗതി അവതരിപ്പിച്ചില്ല.)

<u>ശ്രീമതി യു. പ്രതിഭ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2023-ലെ കേരള ക്ഷീര കർഷക ക്ഷേമനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി അവതിരിപ്പിക്കുന്നു.

ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ക്ഷീര കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ക്ഷീര കർഷകർക്ക് സഹായകരമായ പദ്ധതികൾ നടപ്പാക്കുന്നതിനും ബോർഡിന് കൂടുതൽ

അധികാരം നൽകാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ഭേദഗതിയാണ് കൊണ്ടുവന്നിട്ടുള്ളതെന്നാണ്. ക്ഷീര മേഖലയുടെ നട്ടെല്ലായ കർഷകരുടെ പ്രതിനിധിയെക്കൂടി ഈ ക്ഷേമനിധി ബോർഡിന്റെ ഭാഗമാക്കാൻ തീരുമാനിച്ചുവെന്നത് സന്തോഷകരമായ കാര്യമാണ്. വളരെ ഭംഗിയായി മുന്നോട്ടുപോകുന്ന ഒരു വകുപ്പാണ് മൃഗസംരക്ഷണ വകുപ്പ്. അതിന് ഏറ്റവും പ്രിയങ്കരിയും ബഹുമാന്യയുമായ വകുപ്പുമന്ത്രിയെയും സർക്കാരിനെയും അങ്ങേയറ്റം അഭിനന്ദിക്കുകയാണ്. ഈ മേഖലയിലെ വളരെയധികം ആത്മാർത്ഥതയോടുകൂടിയുള്ള മിനിസ്റ്ററുടെ ഇടപെടൽ കാണുമ്പോൾ അഭിമാനം തോന്നാറുണ്ട്. 8 ലക്ഷത്തോളം കുടുംബങ്ങൾ പശുവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കൊച്ചുസംസ്ഥാനമാണ് നമ്മുടേത്. ഏകദേശം 3.97 ലക്ഷം ആളുകൾ ക്ഷീരസംഘങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കോ-ഓപ്പറേറ്റീവ് സെക്ടറിൽ ക്ഷീരസംഘങ്ങൾക്ക് വലിയ പ്രാധാന്യമുള്ള സംസ്ഥാനം കൂടിയാണിത്. 3634 പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളിൽനിന്നും പ്രതിദിനം 21.19 ലക്ഷം ലിറ്റർ പാൽ സംഭരിക്കുന്നുവെന്ന പ്രത്യേകത നമ്മുടെ സംസ്ഥാനത്തിനുണ്ട്. ഒരുകാലത്ത് പാലിന് വെള്ളത്തെക്കാൾ വില

കുറവായിരുന്ന കേരളത്തിൽ ഇപ്പോൾ ഒരു ലിറ്റർ പാലിന് 58 രൂപ നൽകണം. പാലിന്റെ വില വർദ്ധിപ്പിച്ച് കർഷകനെ സഹായിക്കാൻ ഗവൺമെന്റ് ഇടപെടുന്നുണ്ട്. കാലാനുസൃതമായി ഓരോ കാര്യങ്ങൾക്കും വർദ്ധനവുണ്ടാകുമ്പോൾ ക്ഷീരകർഷകൻ ഉല്പാദിപ്പിക്കുന്ന പാലിന് വിലയില്ലായിരുന്നുവെന്ന പരാതിക്ക് അറുതി വരുത്തിയിട്ടുണ്ട്, ന്യായമായ വില നൽകാൻ ശ്രമിക്കുന്നുണ്ട്. ഉല്പാദനച്ചെലവ് കുറച്ചുകൊണ്ട് പാലുല്പാദനം ലാഭകരമാക്കിയാൽ മാത്രമേ പുതിയ കർഷകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കാൻ കഴിയുകയുള്ളൂ എന്ന ചിന്തയുടെ അടിസ്ഥാനത്തിലുള്ള പ്രവർത്തനംകൂടി ഇന്ന് വകുപ്പ് നടത്തുന്നുണ്ട്. അതിനായി ധാരാളം ആനുകൂല്യങ്ങളും ഇൻസെന്റീവും നൽകുന്നുണ്ട്. ക്ഷീരസഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് ലിറ്ററിന് ഏകദേശം 4 രൂപ വച്ച് ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫറായി നൽകുന്നതിന് 28.57 കോടി രൂപ മാറ്റിവച്ചിരിക്കുന്നുവെന്ന് പറഞ്ഞാൽ അത് ചെറിയ കാര്യമല്ല. പശുവിനെ പരിപാലിക്കുകയെന്നത് മറ്റേതൊരു ജോലിയെക്കാളും പ്രയാസമേറിയതാണ്. ഇന്ന് കേന്ദ്ര സർക്കാരിന്റെ രാഷ്ട്രീയ ആയുധമാണ് പശു. അവർ

ഗോമാതാവിനെ രാഷ്ട്രീയ ആയുധമാക്കുകയാണ്. തട്ടിപ്പുരാഷ്ട്രീയത്തിന്റെ ആയുധമാക്കി പശുവിനെ കാണിക്കുമ്പോൾ, ഗോമാംസം കഴിക്കുന്നത് വിലക്കി മറ്റൊരു കപടമുഖം പ്രകടിപ്പിക്കുമ്പോൾ കേരളത്തിലെ ഗവൺമെന്റ് പശുവിനെയല്ല, പശുവിനെ പരിപാലിക്കുന്ന കർഷകരെ ആദരിച്ചുകൊണ്ട് അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള ആനുകൂല്യങ്ങൾ നൽകി എങ്ങനെ പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയുമെന്ന് ചിന്തിക്കുകയാണ് ചെയ്യുന്നത്. മലയാളിയുടെ ജീവിതത്തിൽ ഒഴിച്ചുകൂടാനാകാത്ത ഒരു വിഭവമാണ് ചായ അല്ലെങ്കിൽ പാലും പാലുല്പന്നങ്ങളും. അതുകൊണ്ടുതന്നെ ഈ മേഖലയിലേയ്ക്ക് കൂടുതൽ ആളുകളെ ആകർഷിക്കുന്നതിനും നിലവിലെ ക്ഷീരകർഷകരെ പിടിച്ചുനിർത്തുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. കർഷകർ അനുഭവിക്കുന്നൊരു പ്രയാസം കാലിത്തീറ്റയുമായി ബന്ധപ്പെട്ടാണ്. ഒരു ബില്ലിന്റെ നിയമനിർമ്മാണവുമായി ബന്ധപ്പെട്ട് മന്ത്രിയോടൊപ്പം ആന്ധ്രാപ്രദേശ് സന്ദർശിക്കാൻ ഞങ്ങൾക്ക് അവസരമുണ്ടായി. അവിടെ പശുക്കൾക്കുവേണ്ടി തീറ്റപ്പുൽക്കൃഷിയടക്കം നടത്തുന്ന പ്രദേശങ്ങൾ ഞങ്ങൾ

സന്ദർശിക്കുകയുണ്ടായി. ഏകദേശം 13.42 ലക്ഷം കന്നുകാലികളുള്ള നാടാണ് നമ്മുടേത്. അവിടെ 134.2 ലക്ഷം കന്നുകാലികളുണ്ട്, ആ വ്യത്യാസം വളരെ വലുതാണ്. 134.2 ലക്ഷം മെട്രിക് ടൺ പച്ചപ്പുല്ലാണ് പ്രതിവർഷം അവയ്ക്ക് ആവശ്യമുള്ളത്. പച്ചപ്പുൽ നൽകിയാൽ മാത്രമേ നന്നായി പാൽ ലഭിക്കുകയുള്ളൂ. ഏകദേശം 1.62 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചപ്പുൽ കൃഷി ചെയ്താൽ മാത്രമേ നമുക്ക് അത്രയും ഉല്പാദനം നടത്താൻ സാധിക്കുകയുള്ളൂ. നടപ്പുവർഷം ഏകദേശം 2231 ഹെക്ടർ സ്ഥലത്ത് പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് പറഞ്ഞു. അത് ഏറ്റവും കാര്യക്ഷമമായി നടപ്പാക്കാൻ അങ്ങേയ്ക്കും അങ്ങയുടെ വകുപ്പിനും കഴിയട്ടെയെന്ന് ആശംസിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്നു. എന്റെ വീട്ടിൽ നാല് പശുക്കളുണ്ടായിരുന്നു. അതുകൊണ്ടുതന്നെ ക്ഷീര കർഷകർ അനുഭവിക്കുന്ന പ്രയാസങ്ങൾ എന്തൊക്കെയാണെന്ന് എനിക്കറിയാം. പലപ്പോഴും മുതിർന്നവരോ മാതാപിതാക്കളോ ആണ് ഇതെല്ലാം ചെയ്യുന്നത്. പഴയ കാലത്തെ ക്ഷീരകർഷകർ എപ്പോഴും ടെൻഷനിലൂടെ കടന്നുപോകുന്നവരാണ്. കന്നുകാലികൾ വീട്ടിലുണ്ടെങ്കിൽ സ്വതന്ത്രമായി എങ്ങോട്ടും പോകാതെ, ഒരു

ഫംഗ്ഷന് പോകേണ്ടിവന്നാൽതന്നെ ടെൻഷനടിച്ച് വീട്ടിലേയ്ക്ക് പോകുന്ന ക്ഷീരകർഷകരെ നമ്മൾ കാണാറുണ്ട്. അതുകൊണ്ട് ഏറ്റവും കൂടുതൽ ശ്രദ്ധിക്കേണ്ടതും പ്രാധാന്യമുള്ളതുമായ ഒരു മേഖല തന്നെയാണിത്. ഇക്കാലത്ത് ക്ഷീര സഹകരണ സംഘങ്ങളുടെ ശാക്തീകരണവും പ്രസക്തമാണ്. പിന്നാക്കം നിൽക്കുന്ന ക്ഷീര സംഘങ്ങൾക്കായി മിൽക്ക് ഷെഡ് വികസന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കുട്ടനാട് പോലെയുള്ള സ്ഥലങ്ങളിലെ ക്ഷീരകർഷകർ അനുഭവിക്കുന്ന പ്രധാനപ്പെട്ട പ്രശ്നം വെള്ളപ്പൊക്കമാണ്. 2018-ൽ വെള്ളപ്പൊക്കമുണ്ടായപ്പോൾ കുട്ടനാട്ടിൽ കുറെയധികം പ്രതിസന്ധികളുണ്ടായി. അതിനെത്തുടർന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെയും ഗവൺമെന്റിന്റെയും നേതൃത്വത്തിൽ അവിടെ എലിവേറ്റഡ് ക്യാറ്റിൽ ഷെഡ് എന്ന ശ്രദ്ധേയമായൊരു പദ്ധതി ആവിഷ്കരിച്ചു. പശുവിനെ പരിപാലിച്ചുപോരുന്ന മനുഷ്യരുടെ ജീവിതം സംരക്ഷിക്കാനാവശ്യമായ പദ്ധതികളാണിവ. 'ക്ഷീര ഗ്രാമം' പദ്ധതി മനോഹരമായി നടപ്പാക്കാൻ കഴിയുന്ന ഒന്നാണ്. എല്ലായിടത്തും അത് ലഭിക്കുന്നില്ലെങ്കിലും ഒരു മണ്ഡലത്തിലെ ഒന്നോ രണ്ടോ പഞ്ചായത്തുകളിലെങ്കിലും ആ പദ്ധതി

ലഭ്യമാകുന്നതിനുവേണ്ടിയുള്ള ഇടപെടൽ നടത്തുന്നുണ്ട്. 'ക്ഷീര ഗ്രാമം' പദ്ധതിവഴി ക്ഷീരകർഷകർക്ക് ഡയറക്ട് ബെനിഫിറ്റായി ആനുകൂല്യം നൽകാനും ലക്ഷ്യമിടുന്നുണ്ട്. പശുവിനെ വളർത്തുന്ന വീട്ടമ്മയ്ക്ക് അഭിമാനത്തോടെ ജീവിക്കാൻ കഴിയുന്നൊരു സാഹചര്യം സൃഷ്ടിച്ചുകൊടുക്കാൻ കഴിയുന്ന തരത്തിൽ ദരിദ്ര വനിതകളെ ഫോക്കസ് ചെയ്തുകൊണ്ട് അവർക്ക് പശുവിനെ നൽകുന്ന പദ്ധതി ക്ഷീര സഹകരണ സംഘങ്ങൾവഴി ഇപ്പോൾ നടത്തുന്നുണ്ട്. പാലിന്റെ കാര്യത്തിൽ നമ്മൾ സ്വയംപര്യാപ്തതയിലേയ്ക്ക് അടുക്കുന്നതേയുള്ളൂ. ഇതര സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാര പരിശോധനയ്ക്കായി ലാബുകളെ ശക്തിപ്പെടുത്തുന്നതിന് ഗവൺമെന്റ് ലക്ഷ്യമിടുന്നുണ്ട്. അത് വളരെവേഗം ഇംപ്ലിമെന്റ് ചെയ്യേണ്ട പദ്ധതിയാണെന്ന് സന്ദർഭവശാൽ ചൂണ്ടിക്കാണിക്കുകയാണ്. ക്ഷീരകർഷകർക്ക് കാലിത്തീറ്റ ധനസഹായം പ്രത്യേകമായി കൊടുക്കാൻ വേണ്ട ഇടപെടൽ നടത്തണം. ക്ഷീര കർഷക ക്ഷേമനിധിക്ക് ഇൻഷ്വറൻസ് പരിരക്ഷയുള്ള ധനസഹായം നൽകുക, സാമൂഹിക സാമ്പത്തിക ഉന്നമനം

ഉറപ്പാക്കുക, ക്ഷീര കർഷകർക്ക് കൈത്താങ്ങായി പ്രവർത്തിക്കുക, കൂടുതൽ യുവജനങ്ങളെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുക എന്നിവ ലക്ഷ്യംവച്ചുകൊണ്ട് ഒട്ടേറെ പരിപാടികൾ നാം ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. ഇപ്പോൾ ഏത് ആനുകൂല്യം ലഭിക്കുന്നതിനും ക്ഷേമനിധി അംഗത്വം ആവശ്യമാണ്. ഭേദഗതിയിലൂടെ ഈ ക്ഷേമനിധിയുടെ പ്രാധാന്യം കൂടുതലായി ജനങ്ങൾക്കിടയിലേയ്ക്ക് എത്തിക്കാൻ സാധിക്കും. അതിൽ ഏറ്റവും ആകർഷകമായ കാര്യം കർഷക പ്രതിനിധിയെക്കൂടി അതിലേയ്ക്ക് ഉൾപ്പെടുത്തുന്നുവെന്നുള്ളതാണ്. ധാരാളം ആനുകൂല്യങ്ങൾ ക്ഷേമനിധി ബോർഡുവഴി നൽകുന്നുണ്ട്. അതിൽ ഏറ്റവും സന്തോഷകരമായ കാര്യം ഓണത്തിന് 'ഓണമധുരം' എന്ന പേരിൽ ക്ഷീര കർഷകർക്കുവേണ്ടി പ്രത്യേക ധനസഹായം നൽകാനുള്ള ഇടപെടൽ നടത്തിയെന്നുള്ളതാണ്. ചെറിയൊരു ഭേദഗതിയാണെങ്കിൽപ്പോലും ഇത് വലിയ ചലനങ്ങൾ സൃഷ്ടിക്കും. ക്ഷീരകർഷകർക്കുവേണ്ട എല്ലാ സഹായങ്ങളും അവരുടെ വാതിൽപ്പടിയിൽ എത്തിക്കാൻ ബഹുമാനപ്പെട്ട മന്ത്രിക്കും വകുപ്പിനും കഴിയട്ടെയെന്ന് ആശംസിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഇവിടെ പ്രതിപക്ഷാംഗങ്ങൾ ആരുംതന്നെയില്ല. ഇന്ന് ക്ഷീര മേഖലയിൽ നടപ്പിലാക്കുന്ന വികസന പദ്ധതികളെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം ശ്രീമതി യു. പ്രതിഭ സംസാരിച്ചത്. ഇത്തവണ ഒരു ഭേദഗതി ബില്ലാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. ക്ഷീരകർഷക പ്രതിനിധികളെ ഉൾപ്പെടെ ക്ഷേമനിധി ബോർഡിൽ ഉൾപ്പെടുത്തുക, ക്ഷീര കർഷകർക്ക് പെൻഷൻ നൽകുക, സാമൂഹിക-സാമ്പത്തിക ഉന്നമനം ഉറപ്പാക്കുക, പാലുല്പാദന രംഗത്ത് സ്വയംപര്യാപ്തത നേടുക, സഹകരണ മേഖല ശക്തിപ്പെടുത്തുക, കൂടുതൽ യുവജനങ്ങളെ ഈ മേഖലകളിലേയ്ക്ക് കൊണ്ടുവരിക എന്നീ ലക്ഷ്യത്തോടുംകൂടിയാണ് ഈ ഭേദഗതി ബിൽ കൊണ്ടുവന്നിരിക്കുന്നത്. ക്ഷീര കർഷക ക്ഷേമനിധിയിൽനിന്നും നിലവിൽ നിരവധി സഹായങ്ങളാണ് നൽകിക്കൊണ്ടിരിക്കുന്നത്. 2022-23 സാമ്പത്തിക വർഷമെടുത്ത് പരിശോധിച്ചാൽ നിശ്ചിത യോഗ്യത നേടിയ ഏകദേശം 58479 അംഗങ്ങൾക്ക് പ്രതിമാസം 1,600/- രൂപ നിരക്കിൽ പെൻഷൻ നൽകുന്നുണ്ട്. ഇതിനായി 1,300/- രൂപ ഗവൺമെന്റ്

നൽകുമ്പോൾ 300/- രൂപ നൽകുന്നത് ക്ഷേമനിധി ബോർഡാണ്. 3973 പേരുടെ നോമിനികൾക്ക് കുടുംബ പെൻഷൻ ഉൾപ്പെടെ നൽകുന്നുണ്ട്. ക്ഷേമനിധിയിൽപ്പെട്ട ഒരു അംഗം മരിച്ചുപോയാൽ അവരുടെ നോമിനിക്കാണ് കുടുംബ പെൻഷൻ നൽകുന്നത്. ക്ഷേമനിധി അംഗങ്ങളുടെ പെൺമക്കളുടെ വിവാഹ ധനസഹായമായി 5,000/- രൂപ വീതം നൽകുന്നുണ്ട്. കൂടാതെ, വിദ്യാഭ്യാസ ധനസഹായം നൽകുകയും മികച്ച ക്ഷീര കർഷകരെ ആദരിക്കുകയും അവർക്ക് ധനസഹായം നൽകുകയും ചെയ്യുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം കേരളത്തിലെ ക്ഷീര കർഷക ക്ഷേമനിധിയിൽനിന്നും വിവിധ ധനസഹായ പദ്ധതികളിലായി ആകെ 99.69 കോടി രൂപയാണ് നൽകിയത്. കൂടുതൽ പ്രവർത്തനങ്ങൾ നടത്തുന്നതിനും ക്ഷീര കർഷക ക്ഷേമനിധി ബോർഡിന് സഹായകരമായ വിധത്തിൽ നിയമത്തിൽ ഭേദഗതി വരുത്തുന്നതിനുമുള്ള ബില്ലാണ് അവതരിപ്പിച്ചത്. ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീമതി യു. പ്രതിഭ, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീമതി യു. പ്രതിഭ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീമതി യു. പ്രതിഭ അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2023-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

മന്ത്രി ഈ ബില്ലിന്റെ ഭാഗമായി പുതിയ രണ്ടാം വകുപ്പ് കൂട്ടിച്ചേർത്തിട്ടുണ്ട്. അതിൻപ്രകാരം നിലവിലുള്ള രണ്ടാം വകുപ്പും തുടർന്നുള്ള വകുപ്പുകളും പുനരക്കം ചെയ്തിരിക്കുകയാണ്.

## പുതിയ രണ്ടാം വകുപ്പ്

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

363. നിലവിലുള്ള ഖണ്ഡം 2-ന് മുൻപ് താഴെപ്പറയുന്നത് ഖണ്ഡം 2 ആയി ചേർക്കുകയും ശേഷിക്കുന്ന ഖണ്ഡങ്ങൾ പുനരക്കം ചെയ്യുകയും ചെയ്യുക.

"2. ദീർഘശീർഷകത്തിന്റെ ഭേദഗതി - 2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്റ്റിന്റെ (2007-ലെ 7-ാം ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) ദീർഘശീർഷകത്തിന് പകരം താഴെപ്പറയുന്ന ദീർഘശീർഷകം ചേർക്കേണ്ടതാണ്, അതായത്:-

"കേരള സംസ്ഥാനത്ത് കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന ക്ഷീരകർഷകർക്ക് ആശ്വാസം പകരുന്നതിനും അവരുടെ ക്ഷേമം ഉറപ്പാക്കുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനും അവർക്കും കുടുംബത്തിനും ഇൻഷ്വറൻസ് പദ്ധതികൾ നടപ്പിലാക്കുന്നതിനും, അവരുടെ ഉരുക്കൾക്കുള്ള തീറ്റ, ഔഷധം എന്നിവയുടെ വിതരണത്തിനുവേണ്ടിയുള്ള പദ്ധതികൾ ഉൾപ്പെടെയുള്ള മറ്റ് ധനസഹായങ്ങൾ നടപ്പിലാക്കുന്നതിനും വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ആക്റ്റ്." "

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പുതിയ രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

ഭേദഗതി ചെയ്തപ്രകാരമുള്ള പുതിയ രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പുതിയ രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പുനരക്കം ചെയ്ത മൂന്നാം വകുപ്പ്

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

364. പുനരക്കം ചെയ്ത 3-ാംഖണ്ഡത്തിൽ "2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്റ്റിന്റെ (2007-ലെ 7-ാം ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക)"എന്നീ അക്കങ്ങൾക്കും വാക്കുകൾക്കും

പകരം "പ്രധാന ആക്റ്റിന്റെ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

139. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന പീഠികയിൽ "സംസ്ഥാനത്ത് കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന ക്ഷീരകർഷകർക്ക്" എന്നതിനു പകരം "സംസ്ഥാനത്തെ ക്ഷീരകർഷകർക്ക്" എന്ന് ചേർക്കുക.

165. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന പീഠികയിൽ "എന്നിവയുടെ വിതരണത്തിനുവേണ്ടിയുള്ള" എന്നതിനു പകരം "എന്നിവ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള" എന്ന് ചേർക്കുക.

168. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന പീഠികയിൽ "ഉൾപ്പെടെയുള്ള" എന്നതിനു പകരം "ഉൾപ്പെടെ" എന്ന് ചേർക്കുക.

172. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന പീഠികയിൽ "ധനസഹായങ്ങൾ" എന്നതിനു പകരം "ധനസഹായ പദ്ധതികൾ" എന്ന് ചേർക്കുക.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

186. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന പീഠിക താഴെപ്പറയും പ്രകാരം മാറ്റുക:-

"പീഠിക. - കേരള സംസ്ഥാനത്ത് കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന ക്ഷീരകർഷകർക്ക് ആശ്വാസം പകരുന്നതിനും അവരുടെ ക്ഷേമം ഉറപ്പാക്കുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനും അവരുടെ ഉരുക്കൾക്കുള്ള തീറ്റ, ഔഷധം എന്നിവയുടെ വിതരണം ഉൾപ്പെടെയുള്ള മറ്റ് ധനസഹായ പദ്ധതികൾ നടപ്പിലാക്കുന്നതിനും വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ; "

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 139, 165, 168, 172 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 186-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പുനരക്കം ചെയ്ത മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

ഭേദഗതി ചെയ്തപ്രകാരമുള്ള പുനരക്കം ചെയ്ത മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പുനരക്കം ചെയ്ത മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പുനരക്കം ചെയ്ത നാലാം വകുപ്പ്</u>

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

195. ഖണ്ഡം 3(i) പ്രകാരം പ്രധാന ആക്റ്റിൽ കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എ)-ൽ "പേരിലുള്ള" എന്നതിന് പകരം "പേരിലുള്ളതുമായ" എന്ന് ചേർക്കുക.

199. പ്രധാന ആക്റ്റിലെ വകുപ്പ് 2(ഡി)-ൽ "500" എന്നതിന് പകരം "അഞ്ഞൂറ്" എന്ന് ചേർക്കുക.

205. ഖണ്ഡം 3(iii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എംഎ)-ൽ "നിലവിലുണ്ടായിരുന്ന" എന്നതിന് പകരം "പ്രാബല്യത്തിലുണ്ടായിരുന്ന" എന്ന് ചേർക്കുക.

<u>ശ്രീമതി യു. പ്രതിഭ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

197. പ്രധാന ആക്റ്റിലെ വകുപ്പ് 2(ഡി)-ൽ "500" എന്നതിന് പകരം "300" എന്ന് ചേർക്കുക.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

200. പ്രധാന ആക്റ്റിലെ വകുപ്പ് 2 (ഡി)-ൽ "വിപണനം നടത്തുകയും" എന്നതിന് പകരം "നൽകുകയും"എന്ന് ചേർക്കുക.

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

207. ഖണ്ഡം 3(iii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എംഎ)-ൽ "വരെ" എന്നത് ഒഴിവാക്കുക.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

208. ഖണ്ഡം 3(iii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എംഎ)-ൽ "വരെ രജിസ്റ്റർ ചെയ്ത്" എന്നതിന് പകരം "രജിസ്റ്റർ ചെയ്തിട്ടുള്ളതും ഇപ്പോൾ" എന്ന് ചേർക്കുക.

ശ്രീമതി കാനത്തിൽ ജമീല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

213. ഖണ്ഡം 3 (iii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എംഎ)-ൽ "പ്രവർത്തിച്ചുവരുന്നതും" എന്നതിന് പകരം "പ്രവർത്തിച്ച വന്നിരുന്നതും" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 199-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ: മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 195, 205 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി യു. പ്രതിഭ അവതരിപ്പിച്ച 197-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി അവതരിപ്പിച്ച 200-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഒ. ആർ. കേളു അവതരിപ്പിച്ച 207-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 208-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കാനത്തിൽ ജമീല അവതരിപ്പിച്ച 213-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പുനരക്കം ചെയ്ത നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്തപ്രകാരമുള്ള പുനരക്കം ചെയ്ത നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പുനരക്കം ചെയ്ത നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## പുനരക്കം ചെയ്ത അഞ്ചാം വകുപ്പ്

ശ്രീമതി ശാന്തകുമാരി കെ.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

218. ഖണ്ഡം 4(i) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(2)(iv)-ൽ “സ്ഥാപനങ്ങൾ" എന്ന വാക്കിനു പകരം "സ്ഥാപനങ്ങളും വിതരണക്കാരും" എന്നീ വാക്കുകൾ ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

220. ഖണ്ഡം 4(i) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(2)(iv)-ൽ “വിതരണക്കാരും," എന്ന വാക്കിനും ചിഹ്നത്തിനും ശേഷം “ക്ഷീരവൃത്തിയുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെ നിർമ്മാതാക്കളും വിതരണക്കാരും," എന്ന വാക്കുകളും ചിഹ്നവും ചേർക്കുക.

222. ഖണ്ഡം 4(i) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(2)(iv)-ൽ "നിന്നും" എന്നതിന് ശേഷം "ലഭിക്കുന്ന" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

225. ഖണ്ഡം 4(i) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(2)(iv)-ൽ "സർക്കാർ നിശ്ചയിക്കുന്ന" എന്നതിനു പകരം "നിർണ്ണയിക്കപ്പെടാവുന്ന" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല. ശ്രീ. എ. സി. മൊയ്തീന്റെ 219-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

219. ഖണ്ഡം 4(i) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(2)(iv)-ൽ "സ്വകാര്യ/സഹകരണ ഡയറി ഉടമകൾ" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "സ്വകാര്യ ഡയറി ഉടമകളും സഹകരണ ഡയറി സ്ഥാപനങ്ങളും" എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 218-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 220, 222 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 225-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പുനരക്കം ചെയ്ത അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

ഭേദഗതി ചെയ്തപ്രകാരമുള്ള പുനരക്കം ചെയ്ത അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പുനരക്കം ചെയ്ത അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പുനരക്കം ചെയ്ത ആറാം വകുപ്പ്</u>

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

365. പുനരക്കം ചെയ്ത ഖണ്ഡം 6(i) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)-ൽ "ക്ഷേമനിധിയിലേക്ക്" എന്നതിന് പകരം "ബോർഡിലേക്ക്" എന്ന് ചേർക്കുക.

ശ്രീ. പി. പി. സുമോദ്: ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

258. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)-ൽ "ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ " എന്നതിനു പകരം "സർക്കാർ" എന്ന് ചേർക്കുക.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

260. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)-ൽ "ഉദ്യോഗസ്ഥൻ" എന്നതിനു ശേഷം "പരിശോധിച്ച് " എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

261. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2) താഴെ പറയും പ്രകാരം മാറ്റുക.

"(2) അംഗത്വം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ നിർദ്ദിഷ്ട ഫാറത്തിൽ നേരിട്ടോ അല്ലെങ്കിൽ ഓൺലൈനായോ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഈ ആവശ്യത്തിലേക്ക് അധികാരപ്പെടുത്തിയിട്ടുള്ളതും അപേക്ഷകൻ താമസിക്കുന്ന സ്ഥലത്ത് അധികാരിതയുള്ളതുമായ ക്ഷീരവികസന വകുപ്പ് ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതും അപ്രകാരം സമർപ്പിക്കുന്ന അപേക്ഷ അപേക്ഷകനുമായി ബന്ധപ്പെട്ട ക്ഷീരസംഘം പരിശോധിച്ച് ശിപാർശ ചെയ്ത ശേഷം അപ്രകാരമുള്ള ക്ഷീര വികസന വകുപ്പ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി ക്ഷേമനിധിയിലേക്ക് സമർപ്പിക്കേണ്ടതുമാണ്.

271. ഖണ്ഡം 5(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(4)-ൽ "തള്ളിക്കളയാൻ" എന്നതിനു ശേഷം "ബോർഡ്" എന്ന് ചേർക്കുക.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

262. ഖണ്ഡം 5(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(4)-ൽ "അതിൻകീഴിലുണ്ടാക്കിയ" എന്നതിനു പകരം "അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള" എന്ന് ചേർക്കുക.

<u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

270. ഖണ്ഡം 5 (ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(4)-ൽ "തള്ളിക്കളയുന്ന" എന്നതിന് പകരം "തള്ളിക്കളയുവാൻ തീരുമാനമെടുക്കുന്ന"എന്ന് ചേർക്കുക.

ശ്രീമതി ഒ. എസ്. അംബിക: ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

281. ഖണ്ഡം 5(ii) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(4)-ന്റെ ക്ലിപ്തനിബന്ധനയിൽ "രജിസ്റ്റർ ചെയ്യുന്നതിനുള്ള" എന്നതിനു പകരം "അംഗത്വത്തിനുള്ള" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ അവതരിപ്പിച്ച 270-ാം നമ്പർ ഭേദഗതിയും ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 271-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. ശ്രീ. മോൻസ് ജോസഫിന്റെ 272-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

272. ഖണ്ഡം 5(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(4)-ൽ "ഏഴ്" എന്നതിനു പകരം "പതിനാല് " എന്ന് ചേർക്കുക.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും മന്ത്രി സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. പി. സുമോദ് അവതരിപ്പിച്ച 258-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 260-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 261-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 262-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ഒ. എസ്. അംബിക അവതരിപ്പിച്ച 281-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പുനരക്കം ചെയ്ത ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

ഭേദഗതി ചെയ്തപ്രകാരമുള്ള പുനരക്കം ചെയ്ത ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പുനരക്കം ചെയ്ത ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പുനരക്കം ചെയ്ത ഏഴാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

286. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6-ൽ "ഓരോ സംഘവും" എന്നതിനു ശേഷമുള്ള "," ചിഹ്നം ഒഴിവാക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

302. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6-ൽ "എപ്പോൾ ആവശ്യപ്പെട്ടാലും" എന്നതിനു പകരം "ആവശ്യപ്പെടുന്ന സമയത്ത് " എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 286-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 302-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പുനരക്കം ചെയ്ത ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്തപ്രകാരമുള്ള പുനരക്കം ചെയ്ത ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പുനരക്കം ചെയ്ത ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## പുനരക്കം ചെയ്ത എട്ടാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

305. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(3)-ൽ " ബോർഡിൽ" എന്ന വാക്കിന് ശേഷം ", " എന്ന ചിഹ്നം ചേർക്കുക.

328. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(3)(ജെ)-ൽ "ചെയ്യുന്ന" എന്നതിന് ശേഷം "സംസ്ഥാനത്തെ" എന്ന് ചേർക്കുക.

338. ഖണ്ഡം 7 പ്രകാരം പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 8(3)(ജെ)-ൽ "കർഷക" എന്നതിന് പകരം "ക്ഷീരകർഷക" എന്ന് ചേർക്കുക.

ശ്രീ. പി. മമ്മിക്കുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

311. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(3)(എ)-ൽ "ആൾ വീതം" എന്നതിനു പകരം "ആൾവീതവും, അതിൽ ഒരാൾ വനിതയായിരിക്കണമെന്നും" എന്ന് ചേർക്കുക.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

330. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(3)(ജെ)-ൽ "ഒരു കർഷക പ്രതിനിധി" എന്നതിന് പകരം "രണ്ട് ക്ഷീരകർഷക പ്രതിനിധികൾ" എന്ന് ചേർക്കുക.

ശ്രീ. എം. വിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

339. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 8(3)(ജെ)ക്ക് ശേഷം താഴെ പറയുന്നത് ചേർക്കുക:
"(കെ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് ക്ഷീരകർഷക പ്രതിനിധികൾ; ആയതിൽ ഒരാൾ വനിതയായിരിക്കണം."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 338-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 305, 328 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. മമ്മിക്കുട്ടി അവതരിപ്പിച്ച 311-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ അവതരിപ്പിച്ച 330-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിജിൻ അവതരിപ്പിച്ച 339-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പുനരക്കം ചെയ്ത എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്തപ്രകാരമുള്ള പുനരക്കം ചെയ്ത എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പുനരക്കം ചെയ്ത എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പുനരക്കം ചെയ്ത ഒൻപതാം വകുപ്പ്</u>

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

340. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 11(2)-ൽ "ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ" എന്നതിന് ശേഷം ",” എന്ന ചിഹ്നം ചേർക്കുക.

350. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 11(2)-ൽ “കൈകാര്യം ചെയ്ത് " എന്നതിന് പകരം "ചട്ടപ്രകാരം " എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

343. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 11(2)-ൽ "കുറയാത്ത തസ്തികയിൽ ആ വകുപ്പിൽ തന്നെ ജോലി ചെയ്യുന്ന" എന്നതിന് പകരം "കുറയാത്തതും ആ വകുപ്പിൽ തന്നെ ജോലി ചെയ്യുന്നതുമായ" എന്ന് ചേർക്കുക.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

345. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 11(2)-ൽ "ബോർഡ് യോഗങ്ങളിൽ പങ്കെടുക്കേണ്ടതും" എന്നതിനു ശേഷം "ബോർഡ് യോഗത്തിൽ പങ്കെടുക്കുന്ന അംഗങ്ങൾ മിനിറ്റ്സിൽ ഒപ്പുവെച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതും" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (<u>ശ്രീമതി ജെ. ചിഞ്ചുറാണി</u>): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 340, 350 എന്നീ നമ്പ്ര ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 343-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു അവതരിപ്പിച്ച 345-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പുനരക്കം ചെയ്ത ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

പുനരക്കം ചെയ്ത ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പുനരക്കം ചെയ്ത ഒൻപതാം വകുപ്പ്  ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പുനരക്കം ചെയ്ത പത്താം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

പുനരക്കം ചെയ്ത പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

പുനരക്കം ചെയ്ത പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പുനരക്കം ചെയ്ത പത്താം വകുപ്പ്  ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, 2023-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2023-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

ഓർഡർ....... ഓർഡർ....... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 09.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2023 സെപ്റ്റംബർ മാസം 12-ാം തീയതി ചൊവ്വാഴ്ച രാവിലെ 09.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 06.04-ന് പിരിഞ്ഞു).

**അനുബന്ധം**

**2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ**

**(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

**ഭൂമി സംബന്ധമായ സേവനങ്ങൾക്ക് ഏകീകൃത പോർട്ടൽ**

**5 (*95)** ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഡിജിറ്റൽ റീ-സർവ്വെ നടപടികളുടെ പുരോഗതി വിശദമാക്കുമോ?

എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്" എന്നീ പ്രഖ്യാപിത ലക്ഷ്യങ്ങളോടെ നാളിതുവരെ ഡിജിറ്റലായി സർവ്വെ ചെയ്ത 116 വില്ലേജുകൾ ഒഴികെ ബാക്കി വരുന്ന 1550 വില്ലേജുകളുടെയും ഡിജിറ്റൽ സർവ്വെ റിക്കാർഡുകൾ നാലുവർഷംകൊണ്ട് പൂർത്തിയാക്കുന്നതിനുള്ള 858.42 കോടി രൂപയുടെ ബൃഹത് പദ്ധതിയായ "ഡിജിറ്റൽ റീസർവ്വെ" 2022 നവംബർ ഒന്നിന് സർക്കാർ തുടക്കം കുറിച്ചിട്ടുള്ളതാണ്. ആദ്യഘട്ടം എന്ന നിലയിൽ 339.438 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കി പ്രവർത്തനം ആരംഭിച്ച ടി പദ്ധതിയുടെ ആദ്യത്തെ മൂന്ന് വർഷങ്ങളിൽ 400 വില്ലേജുകൾ വീതവും നാലാം വർഷം 350 വില്ലേജുകളും സർവ്വെ ചെയ്ത് ആകെ 1550 വില്ലജുകളുടെ ഡിജിറ്റൽ റീസർവ്വെ നാലുവർഷത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 200 വില്ലേജുകളിൽ 32 വില്ലേജുകളുടെ 9(2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് തുടർനടപടികൾ പുരോഗതിയിലാണ്. മറ്റ് വില്ലേജുകളുടെ സർവ്വെ ജോലികളും രണ്ടാംഘട്ട വില്ലേജുകളുടെ പ്രാരംഭ ജോലികളും അന്തിമഘട്ടത്തിലാണ്.

(ബി) ഡിജിറ്റൽ റീ-സർവ്വെ പ്രവർത്തനങ്ങൾ ആരംഭിച്ച വില്ലേജുകളിൽ സർവ്വെ അതിരടയാള നിയമം സെക്ഷൻ 9(2) പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 200 വില്ലേജുകളിൽ 32 വില്ലേജുകളെ മാതൃകാ വില്ലേജുകളായി (model village) തെരഞ്ഞെടുത്തിട്ടുള്ളതും 9(2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. 9(2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുള്ള വില്ലേജുകളുടെ ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

(സി) സർവ്വെ, റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളുടെ ഭൂമി സംബന്ധമായ സേവനങ്ങൾ ഏകജാലക സംവിധാനത്തിൽ ലഭ്യമാകുന്നതിനുള്ള ഏകീകൃത പോർട്ടൽ സജ്ജമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സർവ്വെ, റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളുടെ ഭൂമിസംബന്ധമായ സേവനങ്ങൾ ഏകജാലക സംവിധാനത്തിൽ ലഭ്യമാകുന്നതിനുള്ള ഏകീകൃത പോർട്ടൽ സജ്ജമായി വരികയാണ്. ഡിജിറ്റൽ സർവ്വെ മാനേജ്മെന്റ് കൂടാതെ എല്ലാ ഭൂമി ഇടപാടുകളിലും പൗരന്മാർക്ക് ഏകജാലക സേവനം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാധ്യമാക്കുന്നതിനുള്ള ഒരു ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റവും (ILIMS) കൂടി "എന്റെ ഭൂമി'" വഴി ആസൂത്രണം ചെയ്തിട്ടുണ്ട്. ഭൂസംബന്ധമായ സേവനങ്ങൾ നൽകിവരുന്ന രജിസ്ട്രേഷൻ, റവന്യൂ, സർവ്വെ എന്നീ മൂന്ന് പ്രധാന വകുപ്പുകളിലെ ഭൂസേവനങ്ങളെ സംയോജിപ്പിക്കുന്നതിനും പൊതുജനങ്ങൾക്ക് സമഗ്രമായ സേവനം നൽകുന്ന ഏകജാലക ഓൺലൈൻ പ്ലാറ്റ്ഫോമാക്കി മാറ്റുന്നതിനും ഇതിലൂടെ ലക്ഷ്യമിടുന്നു.

(ഡി) ഡിജിറ്റൽ റീ-സർവ്വെ ജോലികൾ പൂർത്തീകരിച്ച വില്ലേജുകളിലെ ഭൂമി സംബന്ധമായ വിവരങ്ങൾ അറിയുന്നതിനുള്ള നൂതന സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

"എന്റെ ഭൂമി" എന്ന പേരിൽ സർവ്വെ, റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളുടെ ഭൂമി സംബന്ധമായ സേവനങ്ങൾ ഏകജാലക സംവിധാനത്തിൽ ലഭ്യമാകുന്നതിനുള്ള ഏകീകൃത പോർട്ടൽ സജ്ജമാക്കി വരുന്നു. ഡിജിറ്റൽ റീ-സർവ്വെ ജോലികൾ പൂർത്തീകരിച്ച വില്ലേജുകളിലെ ഭൂമി സംബന്ധമായ വിവരങ്ങൾ ഇതിലൂടെ അറിയാൻ സാധിക്കുന്നതാണ്.

www.entebhoomi.kerala.gov.in എന്ന വെബ് അഡ്രസ്സ് ടൈപ്പ് ചെയ്ത് പൊതുജനങ്ങൾക്ക് ഈ പോർട്ടലിൽ രജിസ്റ്റർ ചെയ്യാവുന്നതും തുടർന്ന് ലഭ്യമാകുന്ന യൂസർ ഐ.ഡി., പാസ്‌വേഡ് എന്നിവ ഉപയോഗിച്ച് തങ്ങളുടെ വിവരങ്ങൾ വില്ലേജ് രേഖകളിൽ Relis ഡാറ്റയിൽ ഉൾപ്പെട്ട് വന്നിട്ടുണ്ടോയെന്ന് പരിശോധിക്കാവുന്നതാണ്. ഉടമസ്ഥാവകാശമുള്ള ഭൂമിയുടെ വിവരങ്ങൾ Relis രേഖകളിൽ ഉൾപ്പെടാതിരിക്കുകയോ തെറ്റായി രേഖപ്പെടുത്തുകയോ ചെയ്യുന്നപക്ഷം കരംതീരുവ, പട്ടയം, ആധാരം, കോടതി ഉത്തരവ് തുടങ്ങിയ അവകാശ രേഖകളുടെ പകർപ്പുകൾ സഹിതം പ്രസ്തുത വിവരം അറിയുന്നതിനുള്ള സംവിധാനം പോർട്ടലിൽ ലഭ്യമാക്കിയിട്ടുണ്ട്.

(ഇ) ഡിജിറ്റൽ റീ-സർവ്വെ സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ?

പൊതുജന പങ്കാളിത്തത്തോടെയാണ് ഡിജിറ്റൽ സർവ്വെ നടത്തുന്നത്. പദ്ധതി സംബന്ധിച്ച വിവരം ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും പദ്ധതിയുടെ പ്രാധാന്യത്തെക്കുറിച്ച് വിശദീകരിക്കുന്നതിനും പദ്ധതിയെ

സംബന്ധിച്ച ആശങ്കൾ പരിഹരിക്കുന്നതിനും ആദ്യഘട്ട സർവ്വെയ്ക്കായി തെരഞ്ഞെടുത്ത വില്ലേജുകളിലെ എല്ലാ വാർഡുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമസഭകളായി സർവ്വെ സഭകളും സർവ്വെ ജാഗ്രതാ സമിതിയും സംഘടിപ്പിച്ച് ഡിജിറ്റൽ സർവ്വെ പദ്ധതിയെ സംബന്ധിച്ച് വിശദീകരണം നൽകിവരുന്നു. കൂടാതെ സർവ്വെ സംബന്ധമായ സംശയങ്ങൾക്ക് മറുപടി നൽകുന്നതിനായി 1800-4255-080 എന്ന ടോൾഫ്രീ നമ്പർ നൽകിയിട്ടുള്ളതും ഡിജിറ്റൽ സർവ്വെ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും സർവ്വെ സംബന്ധിച്ച് പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനും എന്റെ ഭൂമി" എന്ന ഓൺലൈൻ പോർട്ടൽ വകുപ്പ് സജ്ജീകരിച്ചിട്ടുള്ളതുമാണ്. സർവ്വെ ചെയ്യുന്ന വിവരം ഭൂവുടമസ്ഥരുടെ മൊബൈൽ ഫോണിൽ SMS ആയി നൽകുന്നതിനുള്ള സംവിധാനവും പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയിട്ടുണ്ട്.

**സേവനാവകാശ നിയമപ്രകാരമുള്ള സേവനങ്ങൾ**

**6 (*96)** <u>ശ്രീ. കുറുക്കോളി മൊയ്തീൻ:</u>

ശ്രീ. എ. കെ. എം. അഷ്റഫ്:

ശ്രീ. നജീബ് കാന്തപുരം:

ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ സേവനാവകാശ നിയമപ്രകാരമുള്ള സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്?

പൊതുജനങ്ങൾക്ക് സമയബന്ധിതമായി വിവിധ സേവനങ്ങൾ ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന സർക്കാർ 2012-ൽ നടപ്പിലാക്കിയ സേവനാവകാശ നിയമപ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള സേവനങ്ങൾ റവന്യൂ വകുപ്പ് നിശ്ചിത സമയപരിധിക്കുള്ളിൽത്തന്നെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്. സേവനാവകാശ നിയമപ്രകാരം വില്ലേജ് ഓഫീസുകളിൽ നിന്നും 20 സേവനങ്ങളും താലൂക്ക് ഓഫീസുകളിൽ നിന്നും 23 സേവനങ്ങളും റവന്യൂ ഡിവിഷണൽ ഓഫീസുകളിൽനിന്നുള്ള ഒരു സേവനവും ഉൾപ്പെടെ ആകെ 44 സേവനങ്ങളാണ് പൊതുജനങ്ങൾക്ക് നിലവിൽ നൽകിവരുന്നത്.

സേവനാവകാശ നിയമപ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള സേവനങ്ങൾ, നിശ്ചിത സമയ പരിധി, സേവനം നൽകാൻ ചുമതലയുള്ള നിയുക്ത ഉദ്യോഗസ്ഥൻ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി എന്നീ വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ബോർഡുകൾ റവന്യൂ വകുപ്പിനുകീഴിൽ വരുന്ന എല്ലാ ഓഫീസുകളിലും പ്രദർശിപ്പിച്ചിട്ടുള്ളതാണ്.

വില്ലേജ്/താലൂക്ക് ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്കുള്ള സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുഗമമായും ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടെ റവന്യൂ വകുപ്പിൽ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ള പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്. ഈ പദ്ധതി മുഖേന പൊതുജനങ്ങൾക്ക് എപ്പോഴും എവിടെനിന്നുവേണമെങ്കിലും സർട്ടിഫിക്കറ്റുകൾക്കുള്ള അപേക്ഷ നൽകുന്നതിനും അവ കൈപ്പറ്റുന്നതിനുമുള്ള ഓൺലൈൻ സംവിധാനം നിലവിലുണ്ട്. സംസ്ഥാനത്തെ വില്ലേജ്/താലൂക്ക് ഓഫീസുകളിൽനിന്നും നൽകിവരുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഈ പദ്ധതി മുഖേന വില്ലേജ് ഓഫീസർ/തഹസിൽദാർ എന്നിവരുടെ ഡിജിറ്റൽ ഒപ്പോടുകൂടി ഓൺലൈനായി നൽകിവരുന്നു. ഇ-ഡിസ്ട്രിക്ട് സംവിധാനം റവന്യൂ വകുപ്പിൽ

പൂർണ്ണമായും നടപ്പിലാക്കിയിട്ടുള്ളതിനാൽ സേവനാവകാശ നിയമപ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള എല്ലാ സേവനങ്ങളും പൊതുജനങ്ങൾക്ക് സമയബന്ധിതമായിത്തന്നെ ലഭ്യമാകുന്നുണ്ട്. ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെ ഏകദേശം 5 കോടിയിൽപ്പരം സാക്ഷ്യപത്രങ്ങൾ ഇതിനോടകം അനുവദിച്ചുകഴിഞ്ഞു. കൂടാതെ ഭൂരേഖകളുടെ കമ്പ്യൂട്ടർവൽക്കരണം, ഓൺലൈൻ പോക്കുവരവ്, ഇ-പേമെന്റ്, റിലീസ്, റവന്യൂ ഇ-സർവീസ്, മൊബൈൽ ആപ്ലിക്കേഷൻ തുടങ്ങിയ ഓൺലൈൻ സംവിധാനങ്ങൾ മുഖേനയും സേവനാവകാശ നിയമപ്രകാരമുള്ള സേവനങ്ങൾ വളരെ വേഗത്തിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്.

റവന്യൂ വകുപ്പ് മുഖേനയുള്ള ഭൂരിഭാഗം സേവനങ്ങളും ഡിജിറ്റലായാണ് നൽകിവരുന്നത്. എന്നാൽ സേവനങ്ങൾ കരഗതമാക്കുന്നതിന് സംസ്ഥാനത്തെ 60% ജനങ്ങളും ഡിജിറ്റൽ സാക്ഷരരല്ലായെന്നത് പ്രധാന തടസ്സമായി നിൽക്കുന്നു. അതിനാൽ റവന്യൂ സേവനങ്ങൾ ഓൺലൈൻവഴി എല്ലാ മലയാളികളുടെയും മൊബൈൽ ഫോൺവഴി ലഭ്യമാകുന്ന വിധത്തിൽ ഓരോരുത്തരെയും സജ്ജരാക്കുക എന്ന ലക്ഷ്യത്തോടുകൂടി ഇ-സാക്ഷരത

പദ്ധതി ആരംഭിക്കാൻ റവന്യൂ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. റവന്യൂ സേവനങ്ങൾ ഓൺലൈൻവഴി ലഭ്യമാക്കുന്നതിന് ഒരു വീട്ടിൽ ഒരാളെങ്കിലും അപേക്ഷിക്കുന്ന രീതിയും മറ്റും അഭ്യസിക്കുന്നതാണ് പദ്ധതി. പൊതുവിദ്യാഭ്യാസ വകുപ്പ്, ഉന്നതവിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, യുവജനക്ഷേമ വകുപ്പ്, കുടുംബശ്രീ എന്നിവരുടെ സഹകരണത്തോടെയാണ് റവന്യൂ ഇ-സാക്ഷരത പദ്ധതി നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നത്. റവന്യൂ ഇ-സാക്ഷരത പദ്ധതി നടപ്പിലാകുന്നതോടെ റവന്യൂ സേവനങ്ങൾ കൂടുതൽ കാര്യക്ഷമവും സുതാര്യവുമായി ജനങ്ങൾക്ക് ലഭ്യമാകും.

(ബി) പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ ബോധപൂർവ്വം വൈകിക്കുന്നതായും കൈക്കൂലി ആവശ്യപ്പെടുന്നതായുമുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പൊതുജനങ്ങൾക്ക് ലഭിക്കേണ്ടുന്ന 44 ഇനം സേവനങ്ങളും 24 ഇനം സർട്ടിഫിക്കറ്റുകളും സുതാര്യമായി ഓൺലൈനിൽ ലഭ്യമാക്കിവരുന്നുണ്ട്. റവന്യൂ വകുപ്പിലെ എല്ലാ ഓഫീസുകളിലും ഘട്ടം ഘട്ടമായി ഇ-ഓഫീസ്

സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ അതിവേഗം പുരോഗമിക്കുകയാണ്. കൈക്കൂലി ആവശ്യപ്പെടുന്നതായുള്ള ചുരുക്കം ചില പരാതികൾ ഉണ്ടാകുന്നുണ്ട്. സർക്കാർ വകുപ്പുകളിൽ ദിവസേന ഏറ്റവും കൂടുതൽ സേവനങ്ങൾ പൊതുജനങ്ങൾക്ക് നൽകുന്നത് റവന്യൂ വകുപ്പാണ്. എല്ലാ സേവനങ്ങളും ഓൺലൈനാക്കുക, എല്ലാ രേഖകളും ഡിജിറ്റൈസ് ചെയ്യുക, എല്ലാ ഓഫീസുകളും ഇ-ഓഫീസ് സംവിധാനത്തിലേയ്ക്ക് കൊണ്ടുവരിക എന്നീ നടപടികൾ അന്തിമഘട്ടത്തിലാണ്. ഇത് പൂർത്തീകരിക്കുന്നതിലൂടെ നിലവിലുള്ള പരാതികൾകൂടി തീർപ്പാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പാലക്കാട് ജില്ലയിലെ പാലക്കയം വില്ലേജിലെ ഫീൽഡ് അസിസ്റ്റന്റ് കൈക്കൂലി വാങ്ങിയ സംഭവത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

പാലക്കയം വില്ലേജിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റായിരുന്ന ശ്രീ. സുരേഷ്കുമാറിനെ കൈക്കൂലി കേസുമായി ബന്ധപ്പെട്ട് വിജിലൻസ് അറസ്റ്റ് ചെയ്യുകയും VC 3/2023/PKD നമ്പർ വിജിലൻസ് കേസ് രജിസ്റ്റർ

ചെയ്യുകയും ചെയ്തിരുന്നു. ഇതേത്തുടർന്ന് പാലക്കാട് ജില്ലാ കളക്ടർ ടിയാനെ സേവനത്തിൽനിന്നും സസ്പെൻഡ് ചെയ്തിട്ടുള്ളതുമാണ്. ഈ വിഷയം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സർക്കാർ റവന്യൂ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു അന്വേഷണ സംഘം രൂപീകരിക്കുകയും ടി സംഘം ശ്രീ. സുരേഷ്കുമാർ നാളിതുവരെ സേവനമനുഷ്ഠിച്ചിട്ടുള്ള വില്ലേജുകളിൽ പരിശോധന നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പാലക്കയം വില്ലേജ് ഓഫീസർ ശ്രീ. സജിത് പി. ഐ., വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് ശ്രീ. സുരേഷ്കുമാർ എന്നിവർക്കെതിരെ കഠിന ശിക്ഷയുള്ള അച്ചടക്ക നടപടി ആരംഭിച്ച് കുറ്റപത്രം നൽകുകയും വില്ലേജ് ഓഫീസറെ പാലക്കാട് ജില്ലയ്ക്ക് പുറത്തേയ്ക്ക് സ്ഥലംമാറ്റി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ടി വിഷയത്തിൽ വിജിലൻസ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പാലക്കയം വില്ലേജ് ഫീൽഡ് അസിസ്റ്റന്റായിരുന്ന ശ്രീ. പുന്നൂസ് കെ. എം., വില്ലേജ് അസിസ്റ്റന്റ് ശ്രീ. വേണുഗോപാലൻ എം. എന്നിവരെ മണ്ണാർക്കാട് താലൂക്കിന് പുറത്തേയ്ക്ക് സ്ഥലം മാറ്റിയിട്ടുണ്ട്.

(ഡി) റവന്യൂ വകുപ്പിൽ അഴിമതി പൂർണ്ണമായും തടയുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

സംസ്ഥാനത്തെ ഏറ്റവും വലിയ വകുപ്പുകളിലൊന്നായ റവന്യൂ വകുപ്പിനെ Zero Corruption Department ആയി മാറ്റുന്നതിനാവശ്യമായ സഹകരണം ലഭിക്കുന്നതിനായി വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെയും അംഗീകൃത സർവ്വീസ് സംഘടനാ പ്രതിനിധികളുടെയും യോഗം 05-06-2023-ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ കൂടുകയും വിശദമായ ചർച്ചകളുടെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയുമുണ്ടായി.

1. വകുപ്പിനെ പൂർണ്ണമായും അഴിമതി വിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച Zero Corruption കാമ്പയിന്റെ ഭാഗമായി എല്ലാ മാസവും സംസ്ഥാനത്തെ 500 വില്ലേജുകളിൽ ഇൻസ്പെക്ഷൻ നടത്താനുള്ള സംവിധാനം രൂപപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനും ജനകീയ സമിതികളുടെ സഹായത്തോടെ അഴിമതി

വിരുദ്ധ ക്യാമ്പയിൻ ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാൻ ലാൻഡ് റവന്യൂ കമ്മിഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

3. അഴിമതി വിരുദ്ധ പ്രവർത്തനങ്ങളിൽ വിവിധ സർവ്വീസ് സംഘടനകൾ സജീവമായ ഇടപെടലുകൾ നടത്തുന്നതാണെന്ന തീരുമാനത്തിന്റെയടിസ്ഥാനത്തിൽ ആയത് പ്രത്യക്ഷത്തിൽ പൊതുജനസമക്ഷം വരത്തക്ക രീതിയിലുള്ള ബോധവത്കരണ പ്രവർത്തനങ്ങളും പ്രചാരണ പരിപാടികളും വിവിധ സംഘടനകൾ മുൻകൈയെടുത്ത് സംഘടിപ്പിക്കാൻ തീരുമാനമായി.

4. വകുപ്പിലെ പരിശോധനാ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ തലത്തിൽ റവന്യൂ വകുപ്പിലെ അഡീഷണൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി തലങ്ങളിലുള്ള ഉദ്യോഗസ്ഥരെ തലവന്മാരാക്കിക്കൊണ്ടും അണ്ടർ സെക്രട്ടറി മുതൽ അസിസ്റ്റന്റ് വരെയുള്ള ഉദ്യോഗസ്ഥരെ അംഗങ്ങളാക്കിക്കൊണ്ടും ആദ്യഘട്ടമായി 7 ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. ഈ ടീമുകൾ 14 ജില്ലകളിലും മാസത്തിൽ കുറഞ്ഞത് രണ്ട്

ഓഫീസുകളിലെങ്കിലും പരിശോധന നടത്തുക എന്ന ലക്ഷ്യത്തോടെ പ്രവർത്തനം നടത്തിവരുന്നുണ്ട്.

5. ILDM ആസ്ഥാനമായി, റവന്യൂ സേവനങ്ങൾ സംബന്ധിച്ച പൊതുജനങ്ങളുടെ പരാതി പരിഹാരം/സംശയനിവാരണം എന്നിവയ്ക്കുപുറമെ റവന്യൂ സേവനങ്ങൾ/വകുപ്പിനെ സംബന്ധിച്ച പരാതികൾ എന്നിവകൂടി അറിയിക്കുന്നതിനുള്ള സംവിധാനം, 18004255255 എന്ന ടോൾ ഫ്രീ നമ്പറിൽ, 10.06.2023 തീയതി മുതൽ ഏർപ്പെടുത്തിയിട്ടുണ്ട്. ടി സംവിധാനം മുഖേന റവന്യൂ ഉദ്യോഗസ്ഥർ ഉൾപ്പെട്ട അഴിമതി, കൈക്കൂലി എന്നിവ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽകൊണ്ടുവരാൻ പൊതുജനങ്ങൾക്ക് സാധിക്കുന്നതാണ്.

6. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കുന്നതിനും സുതാര്യമായ രീതിയിൽ പരിഹരിക്കുന്നതിനുമുള്ള ഒരു റവന്യൂ പോർട്ടൽ, IT സെല്ലിന്റെ സഹായത്തോടെ CMO പോർട്ടൽ മാതൃകയിൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നു. 18004255255 എന്ന ടോൾ ഫ്രീ നമ്പർ കൂടാതെ

www.ird.kerala.gov.in എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ജില്ല, ഉദ്യോഗസ്ഥന്റെ കാര്യാലയം എന്നിവ തെരഞ്ഞെടുത്ത് ഉദ്യോഗസ്ഥന്റെ തസ്തിക, പേര്, പരാതിയുടെ വിവരങ്ങൾ എന്നിവ നൽകിയതിനുശേഷം ഓൺലൈനായും പൊതുജനങ്ങൾക്ക് പരാതി സമർപ്പിക്കാം. എഴുതി തയ്യാറാക്കിയ പരാതിയോ അനുബന്ധ രേഖകളോ ഉൾപ്പെടുത്താനുള്ള സംവിധാനവും ലഭ്യമാണ്. പരാതിക്കാധാരമായ ഉദ്യോഗസ്ഥന്റെ പേര്, തസ്തിക എന്നിവ നൽകാതെയും അപേക്ഷ സമർപ്പിക്കാവുന്നതാണ്. പരാതി നൽകുന്നവരുടെ പേരുവിവരങ്ങൾ ശേഖരിക്കുന്നില്ല. പൊതുജനങ്ങളുടെ പരാതി സംസ്ഥാന തലത്തിൽ നോഡൽ ഓഫീസർമാർ പരിശോധിച്ച് ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥർക്കോ മേഖലാ റവന്യൂ വിജിലൻസ് ഡെപ്യൂട്ടി കളക്ടർമാർക്കോ കൈമാറി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

7. റവന്യൂ വിജിലൻസ്, ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ സ്പെഷ്യൽ വിംഗ്, കളക്ടറേറ്റിലെ ഇൻസ്പെക്ഷൻ വിംഗ് എന്നീ ടീമുകളും മന്ത്രി, റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ലാൻഡ് റവന്യൂ കമ്മീഷണർ, കളക്ടർമാർ, ഡെപ്യൂട്ടി കളക്ടർമാർ എന്നിവരും ഒരു മാസം ചുരുങ്ങിയത് 2 തവണയായി

500 വില്ലേജുകൾ സന്ദർശിക്കണമെന്ന തീരുമാനം 19-07-2023-ലെ എൺപത്തി രണ്ടാമത് റവന്യൂ സെക്രട്ടേറിയറ്റ് യോഗത്തിൽ കൈക്കൊള്ളുകയുണ്ടായി. ഇതുപ്രകാരം നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ, റവന്യൂ ഓഫീസുകളിലെ ഇൻസ്പെക്ഷൻ സംബന്ധിച്ച് റവന്യൂ വിജിലൻസിന്റെ റിപ്പോർട്ട് എല്ലാ മാസവും 30-ാം തീയതിക്ക് മുമ്പായി സർക്കാരിൽ ലഭ്യമാക്കാനും ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം സംസ്ഥാന ഭരണ നിർവ്വഹണത്തിലെ ഏറ്റവും വലുതും പൊതുജനങ്ങളുമായി നേരിട്ട് ഇടപഴകുന്ന വകുപ്പെന്ന നിലയിൽ റവന്യൂ വകുപ്പിന്റെ യശസ്സ് ഉയർത്തിപ്പിടിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് വിജയകരമായി നടപ്പിലാക്കിവരുന്നുണ്ട്.

**മലബാർ മേഖലയിൽ പ്ലസ് വൺ സീറ്റുകളുടെ അപര്യാപ്തത**

**7(*97)** <u>**ശ്രീ. യു. എ. ലത്തീഫ്:**</u>
<u>**ഡോ. എം. കെ. മുനീർ:**</u>
<u>**ശ്രീ. പി. അബ്ദുൽ ഹമീദ്:**</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിൽ പ്ലസ് വൺ പ്രവേശനത്തിന് പര്യാപ്തമായ സീറ്റുകളില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മലബാർ മേഖലയിൽ നിലവിൽ പ്ലസ് വൺ പ്രവേശനത്തിന് പര്യാപ്തമായ സീറ്റുകൾ ലഭ്യമാണ്. ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് 2023 ജൂലൈ 14-ന് പൂർത്തീകരിച്ചശേഷം മലബാർ മേഖലയിൽ താലൂക്ക് അടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കാത്ത അപേക്ഷകരുടെ എണ്ണത്തെ അടിസ്ഥാനപ്പെടുത്തി പാലക്കാട് മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിൽ 97 താൽക്കാലിക ബാച്ചുകൾ അനുവദിച്ചതിലൂടെ പ്ലസ് വൺ പ്രവേശനത്തിന് പര്യാപ്തമായ സീറ്റുകളുണ്ട്.

(ബി) മലബാർ മേഖലയിലെ പ്ലസ് വൺ പ്രവേശനത്തിലെ പ്രതിസന്ധി സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

മലബാർ മേഖലയിൽ പ്രത്യേകിച്ച് പാലക്കാട് മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിൽ ജില്ലാടിസ്ഥാനത്തിലും താലൂക്കടിസ്ഥാനത്തിലും പ്രവേശനത്തിന് അപേക്ഷിച്ചവരുടെ എണ്ണം വിഷയ കോമ്പിനേഷൻ

അടിസ്ഥാനത്തിൽ പരിശോധിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ താൽക്കാലിക ബാച്ചുകൾ അനുവദിച്ചിട്ടുണ്ട്.

(സി) തെക്കൻ ജില്ലകളിൽ മതിയായ കുട്ടികളില്ലാതെ ഹയർസെക്കൻഡറി ബാച്ചുകൾ ഒഴിഞ്ഞുകിടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവ മലബാർ മേഖലയിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

2023-24 അധ്യയന വർഷത്തെ പ്രവേശന നടപടികൾ ആരംഭിച്ചപ്പോൾത്തന്നെ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ മതിയായ കുട്ടികളില്ലാത്ത 14 ഹയർ സെക്കൻഡറി ബാച്ചുകൾ മലബാർ മേഖലയിലെ മലപ്പുറം ജില്ലയിലേക്ക് ഷിഫ്റ്റ് ചെയ്തിട്ടുണ്ട്. ഈ അധ്യയന വർഷത്തെ പ്രവേശന നടപടികൾ പൂർത്തീകരിച്ചശേഷം ആവശ്യമെങ്കിൽ വീണ്ടും ഇത്തരം ബാച്ചുകൾ ഉണ്ടോയെന്ന് പരിശോധിച്ച് ആവശ്യമുള്ള മേഖലകളിലേക്ക് ഷിഫ്റ്റ് ചെയ്യുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഡി) മലബാർ മേഖലയിലെ പ്ലസ് വൺ സീറ്റ് ക്ഷാമത്തിന് സ്ഥിരമായ പരിഹാരമുണ്ടാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

മലബാർ മേഖലയിലെ പ്ലസ് വൺ സീറ്റ് ക്ഷാമത്തിന് ഭാവിയിൽ വരാവുന്ന എസ്.എസ്.എൽ.സി. വിദ്യാർത്ഥികളുടെ എണ്ണത്തെയും മുൻ വർഷങ്ങളിലെ പ്രവേശന തോതിനെയും അടിസ്ഥാനപ്പെടുത്തി താലൂക്ക്, തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ സീറ്റിന്റെ ലഭ്യതയനുസരിച്ച് വേണ്ടത്ര സീറ്റുകൾ/ബാച്ചുകൾ നൽകുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

**തീരദേശ ഹൈവേയുടെ ഡി.പി.ആർ.**

**8 (*98)** **<u>ശ്രീ. സജീവ് ജോസഫ്:</u>**
**<u>ശ്രീ. ഷാഫി പറമ്പിൽ:</u>**

**<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u>** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേയുടെ എല്ലാ സോണുകളിലെയും ഡി.പി.ആർ. പൂർണ്ണമായും തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അത് പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

തീരദേശ ഹൈവേയുടെ 520 കി.മീ. വരുന്ന 44 റീച്ചുകളാണ് കെ.ആർ.എഫ്.ബി.-പി.എം.യു. വഴി നിർമ്മിക്കുന്നത്. ഇതിൽ എട്ട് റീച്ചുകളുടെ വിശദപദ്ധതിരേഖ കിഫ്ബിയിൽ സമർപ്പിക്കുകയും സാമ്പത്തിക അനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. രണ്ട് പാലങ്ങളുടെ വിശദ പദ്ധതിരേഖ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ലഭ്യമായ പദ്ധതിരേഖയുടെ വിശദാംശങ്ങൾ ജനപ്രതിനിധികളുമായി ചർച്ച ചെയ്തും ജനങ്ങൾക്ക് മുമ്പാകെ അവതരിപ്പിച്ചുമാണ് പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നത്.

തീരദേശ ഹൈവേയുടെ ഭാഗമായി പൊന്നാനി അഴിമുഖത്തിന് കുറുകെ കേബിൾ സ്റ്റേയ്ഡ് ബ്രിഡ്ജ് നിർമ്മിക്കുന്നതിനും അപ്രോച്ച് റോഡും പൊന്നാനി ടൗണിലെ റോഡ് വീതി കൂട്ടുന്നതിനുമായി 4.8 കി.മീ. വികസിപ്പിക്കാൻ ആർ.ബി.ഡി.സി.കെ.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ 4.8 കിലോമീറ്ററിന് വിശദ പദ്ധതിരേഖ ആർ.ബി.ഡി.സി.കെ.

തയ്യാറാക്കുകയും അതിന് കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ആർ.ബി.ഡി.സി.കെ.-യുടെ വെബ്സൈറ്റിൽ പദ്ധതിയുടെ അലൈൻമെന്റും പദ്ധതി വിശദാംശങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത ഹൈവേയുടെ അംഗീകൃത ഡി.പി.ആർ. പ്രസിദ്ധീകരിക്കാതെ ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നത് പദ്ധതി പ്രദേശത്തെ ജനങ്ങളെ വിശ്വാസത്തിലെടുക്കാത്ത നടപടിയാണെന്ന ആക്ഷേപത്തിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ?

സാമൂഹികാഘാത പഠനത്തിന് മുന്നോടിയായും വിശദ പദ്ധതിരേഖയുടെ വിശദാംശങ്ങൾ ജനങ്ങൾക്ക് മുമ്പാകെ അവതരിപ്പിക്കുന്നുണ്ട്. ഇതോടൊപ്പം റീഹാബിലിറ്റേഷൻ പദ്ധതിക്കുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിയോഗിച്ചിട്ടുള്ള തീരദേശ വികസന കോർപ്പറേഷൻ വീടുകളിൽ എത്തുകയും പദ്ധതി സംബന്ധിച്ച് ജനങ്ങളെ അറിയിക്കുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്തെ തീരദേശ മേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ടാണ് തീരദേശപാത നിർമ്മിക്കുന്നത്. തീരദേശ

പാതയുടെ ഓരോ റീച്ചുകളുടെയും അലൈൻമെന്റ് സംബന്ധിച്ചും പ്രവൃത്തി സംബന്ധിച്ചും ബന്ധപ്പെട്ട ജനപ്രതിനിധികളുമായി ആശയവിനിമയം നടത്തിയാണ് മുന്നോട്ട് പോകുന്നത്. തദ്ദേശസ്ഥാപന പ്രതിനിധികളുമായി ചർച്ച ചെയ്യുകയും പദ്ധതി സംബന്ധിച്ച കാര്യങ്ങൾ കൃത്യമായി വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി സംബന്ധിച്ച് ജനങ്ങളുടെ അഭിപ്രായവും കണക്കിലെടുത്താണ് പ്രവർത്തനം. ഇതോടൊപ്പം പദ്ധതിയുടെ റീഹാബിലിറ്റേഷൻ പ്രവൃത്തികൾക്കുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിയോഗിച്ചിട്ടുള്ള തീരദേശ വികസന കോർപ്പറേഷൻ വീടുകളിലെത്തി പദ്ധതിയെക്കുറിച്ച് ജനങ്ങളെ അറിയിക്കുന്നുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുമുമ്പ് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സ്വീകരിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി പബ്ലിക് ഹിയറിംഗ് ഉൾപ്പെടെയുള്ളവ സംഘടിപ്പിക്കുന്നുണ്ട്. മികച്ച പുനരധിവാസ പാക്കേജുകൂടി പദ്ധതിക്കായി തയ്യാറാക്കിയിട്ടുണ്ട്.

(സി) അംഗീകൃത ഡി.പി.ആർ. പൊതുജനങ്ങൾക്ക് ലഭ്യമാക്കി സുതാര്യമായ രീതിയിൽ പദ്ധതി നിർവ്വഹണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

സംസ്ഥാനത്ത് തീരദേശ പാതയുടെ നിർമ്മാണം സംബന്ധിച്ച കാര്യങ്ങൾ പദ്ധതി പ്രദേശത്തെ ജനങ്ങളെ അറിയിച്ചാണ് പ്രവർത്തനങ്ങൾ തയ്യാറാക്കുന്നത്. അംഗീകരിക്കപ്പെട്ട വിശദ പദ്ധതിരേഖയുടെ വിശദാംശങ്ങൾ പൊതുജനങ്ങളെ അറിയിച്ചാണ് പ്രവൃത്തി നടക്കുന്നത്. ഇതിനായി ജനപ്രതിനിധികളുടെ യോഗവും പ്രാദേശികമായി ജനങ്ങൾ പങ്കെടുത്ത യോഗവും വിളിച്ചുചേർക്കുന്നുണ്ട്. ഇത്തരം യോഗങ്ങളിൽ പദ്ധതിരേഖയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അറിയിക്കാറുണ്ട്. പുനരധിവാസ പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ തീരദേശ വികസന കോർപ്പറേഷൻ പദ്ധതിയെ സംബന്ധിച്ച് ജനങ്ങളെ അറിയിക്കുന്നുണ്ട്. വീടുകളിലെത്തിയാണ് ജനങ്ങളോട് പദ്ധതിയെക്കുറിച്ച് സംസാരിക്കുന്നത്.

## സ്മാർട്ട് വില്ലേജ് ഓഫീസ്

9 (*99) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിന്റെ സേവനങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും ആയതിലൂടെ ത്വരിതഗതിയിൽ സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനും ലക്ഷ്യമിട്ട് നടപ്പാക്കുന്ന സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്ത് റവന്യൂ വകുപ്പിന്റെ സേവനങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും ത്വരിതഗതിയിൽ സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനും ലക്ഷ്യമിട്ട് നടപ്പാക്കുന്ന സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയുടെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ട്.

റവന്യൂ വകുപ്പിന് കീഴിൽ വരുന്ന മുഴുവൻ ഓഫീസ് സംവിധാനങ്ങളുടെയും ആധുനികീകരണത്തിനും വിവിധ ഓഫീസ്

സേവനങ്ങൾ വേഗത്തിലും സുതാര്യവുമായി ലഭ്യമാക്കുന്നതിനും പരമാവധി സേവനങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിലാക്കി ഇ-ഗവേണൻസ് സംവിധാനത്തിലൂടെ നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

ഭൂരേഖകളുടെ ഡിജിറ്റൽവൽക്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ താലൂക്കുകളിലെയും അടിസ്ഥാന ഭൂനികുതി രജിസ്റ്റർ, തണ്ടപ്പേർ രജിസ്റ്റർ എന്നിവയിലെ ലഭ്യമായതും കുറ്റമറ്റതുമായ വിവരങ്ങൾ (Textual Data) ഡിജിറ്റലൈസ് ചെയ്ത് റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) എന്ന പോർട്ടൽ മുഖേന ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. റവന്യൂ രേഖകളുടെ അടുത്ത തലത്തിലുള്ള ഡിജിറ്റൈസേഷന്റെ ഭാഗമായി അടിസ്ഥാന ഭൂനികുതി രജിസ്റ്റർ (BTR), തണ്ടപ്പേർ രജിസ്റ്റർ (TPR) എന്നിവ സ്കാൻ ചെയ്ത് ഡിജിറ്റൽ രേഖകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനവും നടന്നുവരുന്നു. നിലവിൽ 86 വില്ലേജുകളുടെ ഭൂനികുതി രജിസ്റ്റർ (BTR), തണ്ടപ്പേര് രജിസ്റ്റർ (TPR) എന്നിവ രേഖകളുടെ സ്കാനിംഗ് പൂർത്തീകരിച്ച് സ്റ്റേറ്റ് ഡാറ്റ സെന്ററിൽ ഹോസ്റ്റ് ചെയ്തിട്ടുണ്ട്.

സുതാര്യത ഉറപ്പാക്കിക്കൊണ്ട് റവന്യൂ ഓഫീസുകളിൽനിന്നും ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ റവന്യൂ വകുപ്പിൽ നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**(ബി) പ്രസ്തുത പദ്ധതി പ്രകാരം കമ്പ്യൂട്ടറൈസേഷൻ കൂടാതെ മറ്റെന്തെല്ലാം സൗകര്യങ്ങൾ വില്ലേജ് ഓഫീസുകളിൽ ലഭ്യമാക്കുന്നുണ്ട്; വിശദമാക്കുമോ?**

പ്രസ്തുത പദ്ധതിപ്രകാരം ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ആഫീസിൽ നിന്നുള്ള സേവനങ്ങൾ ഏതു സമയത്തും എവിടെവച്ചും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളുമാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ ഒരുക്കുന്നത്. സ്മാർട്ട് വില്ലേജ് ഓഫീസുകൾക്കായി സ്ഥലലഭ്യതയ്ക്കനുസരിച്ച് ആധുനിക രീതിയിലുള്ള കെട്ടിടങ്ങളാണ് നിർമ്മിച്ചുവരുന്നത്. ഇവയിൽ പൊതുജനങ്ങൾക്കായി ഹെൽപ്പ് ഡെസ്ക്/ഫ്രണ്ട് ഓഫീസ്, സന്ദർശകർക്കുള്ള റൂം, വില്ലേജ് ഓഫീസറുടെ റൂം, മറ്റ് ഉദ്യോഗസ്ഥർക്കുള്ള ഓഫീസ് റൂം,

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡൈനിംഗ് റൂം, റിക്കാർഡ് റൂം, ടോയ്‌ലറ്റുകൾ എന്നിവയും ഫർണിച്ചർ, സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള സൗകര്യങ്ങൾ എന്നിവയും ഉൾപ്പെടുന്നു.

ഇതുകൂടാതെ പൊതുജനങ്ങളുടെ സൗകര്യത്തിനായി ഇരിപ്പിട സൗകര്യങ്ങളോടുകൂടിയ സന്ദർശക മുറിയും കുടിവെള്ള സൗകര്യവും ടോയ്‌ലറ്റുകളും ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ ഓഫീസുകളും ഭിന്നശേഷി സൗഹൃദമായാണ് നിർമ്മിച്ചുവരുന്നത്. റവന്യൂ വകുപ്പ് മുഖേനയുള്ള ഭൂരിഭാഗം സേവനങ്ങളും ഡിജിറ്റലായാണ് നൽകിവരുന്നത്. എന്നാൽ ഇത്തരം സേവനങ്ങൾ കരഗതമാക്കുന്നതിന് സംസ്ഥാനത്തെ 60% ജനങ്ങളും ഡിജിറ്റൽ സാക്ഷരരല്ലെന്നത് ഒരു പ്രധാന തടസ്സമായി നിൽക്കുന്നു. ഈ സാഹചര്യത്തിലാണ് റവന്യൂ ഇ-സാക്ഷരത എന്ന പദ്ധതിക്ക് രൂപം നൽകിയത്.

(സി) സർക്കാർ സേവനങ്ങൾക്ക് ഓൺലൈനായി അപേക്ഷിക്കുന്നതിന് ഒരു കുടുംബത്തിൽ ഒരാളെയെങ്കിലും

പ്രാപ്തരാക്കുന്നതിനായി റവന്യൂ സാക്ഷരത പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

റവന്യൂ വകുപ്പിൽനിന്നും പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന ഇ-സേവനങ്ങളെക്കുറിച്ച് കൂടുതൽ അവബോധമുള്ളവരാക്കുക, വളരെ വേഗത്തിലും സുഗമമായും സ്വന്തം ഡിജിറ്റൽ ഡിവൈസിലൂടെ ഇ-സേവനങ്ങൾ നേരിട്ട് ചെയ്യാൻ പൊതുജനങ്ങളെ പ്രാപ്തരാക്കുക, സുതാര്യവും ലളിതവുമായ ഇ-സേവനങ്ങളിലൂടെ പൊതുജനങ്ങളും സർക്കാരും തമ്മിലുള്ള ഇടപാടുകൾ ഫലപ്രദമായി നടപ്പിലാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. റവന്യൂ വകുപ്പിന്റെ പരിശീലന കേന്ദ്രമായ ഐ.എൽ.ഡി.എം.-ൽ ഇതിനുവേണ്ട മാസ്റ്റർ ട്രെയിനർമാരെ കണ്ടെത്തി പരിശീലനം നൽകുകയാണ് ആദ്യ ഘട്ടം. തുടർന്ന് ക്ലബ്ബുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, വില്ലേജുതല ജനകീയ സമിതി, സർവ്വീസ് സംഘടനകൾ എന്നിവ മുഖേന പൊതുജനങ്ങളിലേയ്ക്ക് വിജ്ഞാനമെത്തിക്കത്തക്ക വിധത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

## ഡിജിറ്റൽ റീ-സർവ്വേ നടപടികൾ

10 (*100) ശ്രീ. എ. പ്രഭാകരൻ:
ശ്രീ. ഐ. ബി. സതീഷ്:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന സർക്കാർ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഡിജിറ്റൽ റീ-സർവ്വെ നടപടികൾക്ക് തുടക്കംകുറിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

"എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്" എന്നീ പ്രഖ്യാപിത ലക്ഷ്യങ്ങളോടെ സംസ്ഥാനത്ത് 1550 വില്ലേജുകളിലെ ഡിജിറ്റൽ സർവ്വെ റിക്കാർഡുകൾ നാല് വർഷംകൊണ്ട് പൂർത്തിയാക്കുന്നതിനുള്ള 858.42 കോടി രൂപയുടെ ബൃഹദ് പദ്ധതിക്കാണ് 2022 നവംബർ 1-ന് സർക്കാർ തുടക്കംകുറിച്ചിട്ടുള്ളത്. ആദ്യഘട്ടമെന്ന നിലയിൽ 339.438 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കി പ്രവർത്തനമാരംഭിച്ച പദ്ധതിയുടെ ആദ്യത്തെ മൂന്ന് വർഷങ്ങളിൽ ഓരോ

വർഷവും 400 വില്ലേജുകൾ വീതവും നാലാം വർഷം 350 വില്ലേജുകളും ഉൾപ്പെടെ 1550 വില്ലേജുകളുടെ സർവ്വെ പൂർത്തീകരിക്കാണ് ലക്ഷ്യം വയ്ക്കുന്നത്. ആദ്യ ഘട്ടത്തിൽ സർവ്വെ ചെയ്യുന്ന 200 വില്ലേജുകളിൽ സർവ്വെ നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. ഇതിൽ 32 വില്ലേജുകളുടെ സർവ്വെ അതിരടയാള നിയമം 9(2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. രണ്ടാംഘട്ട 200 വില്ലേജുകളുടെ പ്രാരംഭ ജോലികളും അന്തിമഘട്ടത്തിലാണ്.

(ബി) നിലവിൽ ഡിജിറ്റൽ റീ-സർവ്വേ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 200 വില്ലേജുകളിൽ 32 വില്ലേജുകളുടെ 9(2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് തുടർ നടപടികൾ പുരോഗതിയിലാണ്. പ്രസ്തുത 200 വില്ലേജുകളിലായി 131373 ഹെക്ടർ പുരോഗതിയാർജ്ജിച്ചിട്ടുണ്ട്. രണ്ടാംഘട്ട 200 വില്ലേജുകളുടെ പ്രാരംഭ ജോലികളും പുരോഗമിച്ചുവരുന്നു.

(സി) റീ-സർവ്വെ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ ജീവനക്കാരെ നിയോഗിക്കുന്നതിനും അത്യാധുനിക സർവ്വെ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും സ്വീകരിച്ച നടപടി അറിയിക്കുമോ?

നാല് വർഷത്തിനുള്ളിൽ 1550 വില്ലേജുകളുടെ സർവ്വെ ഉറപ്പാക്കുന്നതിന് 1500 സർവ്വേയർമാരെയും 3200 ഹെൽപ്പർമാരെയും കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 05-08-2023 വരെ 1179 സർവ്വേയർമാരെയും 1505 ഹെൽപ്പർമാരെയും നിയമിച്ചിട്ടുണ്ട്. ശേഷിക്കുന്ന ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ (ആർ.കെ.ഐ.) സാമ്പത്തിക സഹായത്തോടെ നൂതന സർവ്വെ ഉപകരണങ്ങളായ CORS, RTK, R-ETS തുടങ്ങിയ ഉപകരണങ്ങൾ ഉപയോഗിച്ച് പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിനായി RTK 1500 എണ്ണം, R-ETS 200 എണ്ണം, ടാബ്‌ലെറ്റ് പിസി 1700 എണ്ണം വാങ്ങുന്നതിനുള്ള നടപടികളാണ് പദ്ധതിയുടെ ഭാഗമായി സ്വീകരിച്ചിട്ടുള്ളത്. ഡിജിറ്റൽ ലാൻഡ് സർവ്വെ രംഗത്ത് വിദഗ്ധരായ Survey of India, National Informatics Centre (NIC),

Kerala State Remote Sensing & Environment Centre (KSREC), Kerala State IT Mission (KSITM), Kerala State Council for Science, Technology & Environment (KSCSTE), College of Engineering Thiruvananthapuram (CET) എന്നീ ഏജൻസികളിലെ സാങ്കേതിക വിദഗ്ധരും സർവ്വെ വകുപ്പിലെ സീനിയർ ഉദ്യോഗസ്ഥരും ഉൾപ്പെട്ട ടെക്നിക്കൽ കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് ടെൻഡർ സ്പെസിഫിക്കേഷനും RFP-യും അന്തിമമാക്കി പർച്ചേസ് നടപടിയിലേയ്ക്ക് പോയിട്ടുള്ളത്.

ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ച സ്പെസിഫിക്കേഷനനുസരിച്ച് സംസ്ഥാന സർക്കാരിന്റെ Procurement portal ആയ etenders.kerala.gov.in എന്ന ഓപ്പൺ ടെൻഡർ പോർട്ടലിൽ ടെൻഡർ പബ്ലിഷ് ചെയ്ത് ഏറ്റവും സുതാര്യമായ രീതിയിലാണ് പർച്ചേസ് നടപടികൾ സ്വീകരിച്ച് L1 ബിഡ്ഡറെ തിരഞ്ഞെടുത്തിട്ടുള്ളത്. കൂടാതെ L1 ബിഡ്ഡർ ലഭ്യമാക്കിയ ഉപകരണങ്ങൾ ടെക്നിക്കൽ കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ഫീൽഡിൽ പരീക്ഷണം നടത്തി ഉപകരണങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കിയതിനുശേഷമാണ് വിതരണാനുമതി നൽകിയിട്ടുള്ളത്. ഭൂമിയുമായി ബന്ധപ്പെട്ട് എല്ലാ

ക്രയവിക്രയങ്ങളും ഇതോടെ പൂർണ്ണമായും സുതാര്യമാകും. ഇതിനായി എന്റെ ഭൂമി എന്ന സമഗ്രമായ ഒരു പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്.

(ഡി) ഡിജിറ്റൽ റീ-സർവ്വെയുടെ ആരംഭം മുതലുള്ള എല്ലാ നടപടികളും സുതാര്യമാക്കുന്നതിനായി പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും പൊതുജനങ്ങളിലെത്തിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

ഡിജിറ്റൽ സർവ്വെ പദ്ധതിയിൽ പൂർണ്ണമായും പൊതുജന പങ്കാളിത്തത്തോടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയും സ്പെഷ്യൽ ഗ്രാമസഭകളും വാർഡുതലങ്ങളിൽ സർവ്വെ സഭകളും സർവ്വെ ജാഗ്രതാ സമിതിയും രൂപീകരിച്ച് ഭൂവുടമസ്ഥർക്ക് ഡിജിറ്റൽ സർവ്വെ പദ്ധതിയെ സംബന്ധിച്ച് വിശദീകരിച്ച് നൽകുന്നതിനും ഡിജിറ്റൽ സർവ്വെയിലൂടെ സർക്കാർ മുഖേന പൊതുജനത്തിന് ലഭ്യമാകുന്ന നേട്ടങ്ങളെ സംബന്ധിച്ചും ഭൂവുടമകൾക്കുണ്ടാകുന്ന ആശങ്കകൾ ദൂരീകരിക്കുന്നതടക്കമുള്ള നടപടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പദ്ധതി പൂർത്തിയാകുന്നതോടെ സർവ്വെ, റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളുടെ

ഭൂസംബന്ധമായ സേവനങ്ങൾ സംയോജിപ്പിച്ച് ഒരു ഏകജാലക ഓൺലൈൻ സംവിധാനത്തിലൂടെ ഭൂസംബന്ധമായ എല്ലാ സേവനങ്ങളും ഓൺലൈനായി ജനങ്ങളിലേക്ക് എത്തിക്കാൻ സാധിക്കുന്നതാണ്.

(ഇ) റീ-സർവ്വെ സംബന്ധിച്ച് പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കുന്നതിനും ആയത് പരിഹരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പൂർണ്ണ ജനപങ്കാളിത്തത്തോടെയാണ് ഡിജിറ്റൽ സർവ്വെ നടത്തുന്നത്. പദ്ധതി സംബന്ധിച്ച വിവരം ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും ഡിജിറ്റൽ സർവ്വെയുടെ പ്രാധാന്യത്തെക്കുറിച്ച് വിശദീകരിക്കുന്നതിനും, ഭൂ സംബന്ധമായ ആശങ്കകൾ പരിഹരിക്കുന്നതിനും തെരഞ്ഞെടുത്ത വില്ലേജുകളിലെ എല്ലാ വാർഡുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമസഭകളും ജനജാഗ്രതാ സമിതികളും പ്രവർത്തിച്ചുവരുന്നു. ഡിജിറ്റൽ സർവ്വെയുടെ പ്രാധാന്യവും പദ്ധതിയിൽ ജനങ്ങളുടെ പങ്കും പദ്ധതിയുടെ ഗുണങ്ങളും വിശദീകരിച്ച് വ്യക്തമായ മാർഗ്ഗരേഖ സർവ്വെ സഭകളിൽ നൽകിയിട്ടുണ്ട്. കൂടാതെ സർവ്വെ

സംബന്ധമായ സംശയങ്ങൾക്ക് മറുപടി നൽകുന്നതിനായി 1800-4255-080 എന്ന ടോൾഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുള്ളതുമാണ്. കൂടാതെ ഡിജിറ്റൽ സർവ്വെയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും സർവ്വെ സംബന്ധിച്ച് പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനും "എന്റെ ഭൂമി" എന്ന ഓൺലൈൻ പോർട്ടൽ വകുപ്പ് സജ്ജീകരിച്ചിട്ടുള്ളതും സർവ്വെ വിവരം ഭൂവുടമസ്ഥരുടെ മൊബൈൽ ഫോണിൽ SMS ആയി നൽകുന്നതിനുള്ള സംവിധാനവും പദ്ധതിയുടെ ഭാഗമായി ഒരുക്കിയിട്ടുണ്ട്.

**തീരദേശ ഹൈവേ പദ്ധതിയുടെ ഡി.പി.ആർ. പ്രസിദ്ധീകരിക്കാൻ നടപടി**

**11(*101)** ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേ പദ്ധതിയുടെ ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് (ഡി.പി.ആർ.) പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ?

520 കി.മീ. വരുന്ന തീരദേശ ഹൈവേയുടെ 44 റീച്ചുകളാണ് കെ.ആർ.എഫ്.ബി-പി.എം.യു. വഴി നിർമ്മിക്കുന്നത്. ഇതിൽ എട്ട് റീച്ചുകളുടെ വിശദ പദ്ധതിരേഖ കിഫ്ബിയിൽ സമർപ്പിക്കുകയും സാമ്പത്തികാനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. രണ്ട് പാലങ്ങളുടെ വിശദ പദ്ധതിരേഖ കിഫ്ബിയിൽ സമർപ്പിച്ചു. മറ്റു റീച്ചുകളുടെ വിശദ പദ്ധതിരേഖ തയ്യാറാക്കി വരികയാണ്. ലഭ്യമായ പദ്ധതി രേഖയുടെ വിശദാംശങ്ങൾ ജനപ്രതിനിധികളുമായി ചർച്ച ചെയ്തും ജനങ്ങൾക്ക് മുമ്പാകെ അവതരിപ്പിച്ചുമാണ് പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നത്. സാമൂഹിക ആഘാത പഠനത്തിന് മുന്നോടിയായും വിശദപദ്ധതിരേഖയുടെ വിശദാംശങ്ങൾ ജനങ്ങൾക്ക് മുമ്പാകെ അവതരിപ്പിക്കുന്നുണ്ട്. ഇതോടൊപ്പം പദ്ധതിയുടെ റീഹാബിലിറ്റേഷൻ പ്രവൃത്തികൾക്കുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിയോഗിച്ചിട്ടുള്ള തീരദേശ വികസന കോർപ്പറേഷൻ വീടുകളിൽ എത്തുകയും പദ്ധതി സംബന്ധിച്ച് ജനങ്ങൾക്ക് വേണ്ട അറിയിപ്പുകൾ നൽകി വരികയുമാണ്.

തീരദേശ ഹൈവേയുടെ ഭാഗമായി പൊന്നാനി അഴിമുഖത്തിന് കുറുകെ കേബിൾ സ്റ്റേയ്ഡ് ബ്രിഡ്ജ് നിർമ്മിക്കുന്നതിനും ആയതിന്റെ അപ്രോച്ച് റോഡും നിലവിലെ പൊന്നാനി ടൗണിലെ 4.8 കി.മീ. റോഡ് വീതി കൂട്ടുന്നതുമായ പ്രവൃത്തികൾക്ക് ആർ.ബി.ഡി.സി.കെ.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ 4.8 കി.മീ.-ന് ഡി.പി.ആർ. ആർ.ബി.ഡി.സി.കെ. തയ്യാറാക്കുകയും അതിന് കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ആർ.ബി.ഡി.സി.കെ വെബ്സൈറ്റിൽ ഡി.പി.ആർ. പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) കാലാവസ്ഥ വ്യതിയാനംമൂലം തീരശോഷണവും കടൽക്ഷോഭവും നേരിടുന്ന തീരദേശത്ത് പ്രസ്തുത പദ്ധതിമൂലം ഉണ്ടാകാൻ പോകുന്ന മാറ്റങ്ങളെക്കുറിച്ചും സാമൂഹികവും പാരിസ്ഥിതികവുമായ ആഘാതങ്ങളെ സംബന്ധിച്ചും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

വിശദ പദ്ധതിരേഖ തയ്യാറാക്കുന്ന ഘട്ടത്തിലും ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളുടെ ഭാഗമായും ആവശ്യമായ പഠനങ്ങൾ നടത്തുണ്ട്.

## വിദ്യാഭ്യാസ മേഖലയിലെ പരിഷ്കാരങ്ങൾ

**12 (*102)** ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:

ശ്രീ. കെ. ബി. ഗണേഷ് കുമാർ:

ശ്രീ. കോവൂർ കുഞ്ഞുമോൻ:

ശ്രീ. മാത്യൂ ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ അനുവദിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ഏതൊക്കെയെന്നും അറിയിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ അനുവദിച്ചിട്ടില്ല.

(ബി) ഖാദർ കമ്മിറ്റി ശിപാർശ പ്രകാരം ബ്ലോക്ക് തലത്തിൽ സ്കൂൾ എഡ്യൂക്കേഷൻ ഓഫീസുകൾ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളും പുരോഗതിയും വിശദീകരിക്കുമോ?

പ്രൊഫ. എം. എ. ഖാദർ അദ്ധ്യക്ഷനായുള്ള വിദഗ്ദ്ധ സമിതിയുടെ 'മികവിനായുള്ള വിദ്യാഭ്യാസം ഭാഗം (1)' എന്ന റിപ്പോർട്ട് 28-02-2019- ലെ

സ.ഉ.(കൈ)നം.19/2019/പൊ.വി.വ പ്രകാരം സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ, ഹയർ സെക്കൻഡറി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർ സെക്കൻഡറി ഡയറക്ടറേറ്റ് എന്നിവ ഏകോപിപ്പിച്ച് വകുപ്പുതലവനായി ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷൻ (ഡി.ജി.ഇ.) എന്ന തസ്തിക 31-05-2019-ലെ സ.ഉ.(കൈ) നം 53/2019 പൊ.വി.വ. പ്രകാരം സൃഷ്ടിച്ചു. മേൽ പറഞ്ഞ മൂന്ന് ഡയറക്ടറേറ്റുകളും ഡി.ജി.ഇ.-യുടെ നിയന്ത്രണ പരിധിയിൽ കൊണ്ടുവരികയും ചെയ്തു.

ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ഹയർ സെക്കൻഡറിവരെയുള്ള വിദ്യാഭ്യാസ ഏകീകരണവുമായി ബന്ധപ്പെട്ട് സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിന് 23-02-2022-ലെ സ.ഉ.(സാധാ)നം. 1030/2022/പൊ.വി.വ. ഉത്തരവുപ്രകാരം കോർ കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ശിപാർശകൾക്കനുസൃതമായി ബ്ലോക്കുതലത്തിൽ സ്കൂൾ എഡ്യൂക്കേഷൻ ഓഫീസുകൾ അനുവദിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

(സി) വിദ്യാഭ്യാസ പദ്ധതികളുടെ നടത്തിപ്പിനും ഏകോപനത്തിനുമായി പുതുതായി കൈക്കൊണ്ടുവരുന്ന മറ്റ് പരിഷ്കാരങ്ങൾ വ്യക്തമാക്കുമോ?

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും വിവിധ ഏജൻസികൾ പൊതുവിദ്യാഭ്യാസ മേഖലയിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തിവരുന്നു. എസ്.എസ്.കെ., എസ്.സി.ഇ.ആർ.ടി., കൈറ്റ്, സീമാറ്റ്, എസ്.ഐ.ഇ.റ്റി., സാക്ഷരതാ മിഷൻ, സ്കോൾ കേരള, വിദ്യാകിരണം മിഷൻ എന്നിങ്ങനെ വിവിധ ഏജൻസികൾ വിദ്യാഭ്യാസ മേഖലയിൽ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ഇതിന്റെയെല്ലാം നിയന്ത്രണവും ഏകോപനവും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നേതൃത്വത്തിലാണ് നടന്നുവരുന്നത്. ജില്ലാതലത്തിൽ സെക്കൻഡറിതലം വരെയുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങൾ വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ നേതൃത്വത്തിലും ഹയർ സെക്കൻഡറി, വി.എച്ച്.എസ്.സി. വിഭാഗങ്ങളുടെ പ്രവർത്തനം യഥാക്രമം ആർ.ഡി.ഡി.-മാരുടെയും എ.ഡി.-മാരുടെയും നേതൃത്വത്തിലും നിർവ്വഹിക്കുന്നു. പ്ലാൻ

ഫണ്ടിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ വിദ്യാഭ്യാസ മേഖലയിൽ നടന്നുവരുന്നു. അടിസ്ഥാന സൗകര്യ വികസനം, അക്കാദമിക നിലവാരം ഉയർത്തുന്നതിനുള്ള വിവിധ പദ്ധതികൾ, വിദ്യാർത്ഥി കേന്ദ്രീകൃത പദ്ധതികൾ, അക്കാദമിക മോണിറ്ററിംഗ് തുടങ്ങി വിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള തുടർനടപടികൾ പുരോഗമിക്കുന്നു. അക്കാദമിക നിലവാരം ഉയർത്തുന്നതിന് വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളായ ശ്രദ്ധ, ഫോക്കസ് സ്കൂൾ, മോഡൽ സ്കൂൾ, സ്പെഷ്യൽ എൻറിച്ച്മെന്റ് പ്രോഗ്രാം, ഇംഗ്ലീഷ് എൻറിച്ച്മെന്റ് പ്രോഗ്രാം തുടങ്ങിയവയും എസ്.എസ്.കെ.-യുടെ വിവിധ അക്കാദമിക പ്രവർത്തനങ്ങളും വിവിധ ഏജൻസികളുടെ ഏകോപനത്തിലൂടെ നടന്നുവരുന്നു.

**(ഡി) തസ്തികകളുടെ ശ്രേണി ക്രമീകരണം, ചുമതലകളുടെ ക്രോഡീകരണം എന്നിവയ്ക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ?**

തസ്തികകളുടെ ശ്രേണി ക്രമീകരണം സംബന്ധിച്ച് വിശദമായി പ്രസ്താവിച്ചിട്ടുള്ള മികവിനായുള്ള സ്കൂൾ വിദ്യാഭ്യാസ വിദഗ്ദ്ധ സമിതി

റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഏകോപനം പൂർണ്ണതയിലെത്തിക്കുന്നതിനുള്ള സ്പെഷ്യൽ റൂൾ അടക്കം വികസിപ്പിക്കുന്നതിന് നിർദ്ദേശം സമർപ്പിക്കാൻ ഒരു കോർ കമ്മിറ്റി 23-02-2022-ലെ സ.ഉ.(സാധാ)നം.1030/22/പൊ.വി.വ. ഉത്തരവ് പ്രകാരം രൂപീകരിച്ചു. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**മലയോര പാതകളുടെ വികസനം**

**13 (*103)** **ശ്രീ. പ്രമോദ് നാരായൺ:**

**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മലയോര പാതകളുടെ വികസനത്തിന്റെ വിശദാംശം അറിയിക്കാമോ?

10-07-2017-ലെ സ.ഉ.(സാ.ധാ.)നം. 942/2017/പൊ.മ.വ. പ്രകാരം സംസ്ഥാനത്തെ മലയോര ഹൈവേ പദ്ധതിക്കായി 3500 കോടി രൂപ കിഫ്ബി അനുവദിച്ചിട്ടുണ്ട്. KRFB PMU മുഖേനയാണ് ഈ പ്രവൃത്തി

നടപ്പിലാക്കിവരുന്നത്. പതിമൂന്ന് ജില്ലകളിൽക്കൂടി കടന്നുപോകുന്ന പദ്ധതിയിൽ ഏകദേശം 1180 കി.മീ. ദൂരമാണുള്ളത്. ഇതിൽ 794 കി.മീ. പാതയാണ് KRFB PMU മുഖേന നടപ്പിലാക്കുന്നത്. പദ്ധതിയുടെ മുഴുവൻ ഡി.പി.ആർ.-ഉം സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനായി KIIFB-യിൽ സമർപ്പിച്ചു. ഇതിൽ 734 കി.മീ. റോഡിന് KIIFB-യിൽ നിന്നും സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്. സാമ്പത്തികാനുമതി ലഭ്യമായ റീച്ചുകളിൽ ഭൂമി വിട്ടുകിട്ടുന്ന നടപടികൾ പൂർത്തിയാക്കി 474 കി.മീ. സാങ്കേതികാനുമതി നൽകി ടെൻഡർ ചെയ്തു. 63 കി.മീ. റീച്ചിൽ ഇപ്പോൾ ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു. 411 കി.മീ. വരുന്ന റീച്ചുകൾക്ക് കരാർ നൽകി പ്രവൃത്തി ആരംഭിക്കുകയും 134 കി.മീ. വരുന്ന റീച്ചുകളുടെ പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

**(ബി) മലയോര പാതയുടെ അലൈൻമെന്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭാഗങ്ങൾ ഏതൊക്കെയാണെന്ന് വിശദീകരിക്കാമോ?**

വിശദമായ മലയോര ഹൈവേ അലൈൻമെന്റ് അനുബന്ധമായി* ചേർക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത പ്രവൃത്തികൾക്കായുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

സൗജന്യമായി വിട്ടുനൽകുന്ന ഭൂമി ഉപയോഗപ്പെടുത്തിയാണ് മലയോര ഹൈവേ പദ്ധതി പൂർത്തീകരിക്കുന്നതിന് വിഭാവനം ചെയ്തിട്ടുള്ളത്. മലയോര ഹൈവേ പദ്ധതിയിൽ സാമ്പത്തികാനുമതി ലഭ്യമായ 734 കി.മീ. റീച്ചുകളിൽ സൗജന്യമായി ഭൂമി വിട്ടുകിട്ടുന്നതിന് നടപടികൾ സ്വീകരിക്കുകയും ഇതിൽ 474 കി.മീ. വരുന്ന റീച്ചുകൾക്ക് സ്ഥല ലഭ്യത ഉറപ്പാക്കി ടെൻഡർ നടപടികളിലേയ്ക്ക് കടക്കാനും സാധിച്ചു. മറ്റുള്ള റീച്ചുകളിൽ സൗജന്യമായി ഭൂമി വിട്ടുകിട്ടുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

**റോഡ് നവീകരണവും സുരക്ഷാക്രമീകരണവും**

**14 (*104)** **ശ്രീ. പി. ബാലചന്ദ്രൻ:**
**ശ്രീ. ഇ. കെ. വിജയൻ:**

**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം പദ്ധതി, ഐ.ടി. വികസനം, വ്യവസായ ഇടനാഴികൾ തുടങ്ങി സർക്കാർ നടപ്പാക്കിവരുന്ന വൻകിട പദ്ധതികൾക്ക്

അനുയോജ്യമാംവിധം റോഡുകളുടെ ശൃംഖല വർദ്ധിപ്പിക്കേണ്ടതിന്റെയും നവീകരിക്കേണ്ടതിന്റെയും ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തിന്റെ പശ്ചാത്തല വികസന രംഗത്ത് കുതിച്ചുചാട്ടം ഉണ്ടാക്കുന്ന വൈവിധ്യമാർന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്. സംസ്ഥാനത്ത് നടപ്പാക്കിവരുന്ന വൻകിട പദ്ധതികൾക്ക് അനുസൃതമായി റോഡുകളുടെ ശൃംഖല ശക്തിപ്പെടുത്തുന്നതിന് വ്യത്യസ്തമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ ദേശീയപാതകളുടെ നവീകരണ പ്രവൃത്തി അതിവേഗം പുരോഗമിക്കുകയാണ്.

വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുന്നതോടെ ഉണ്ടാകുന്ന വികസനക്കുതിപ്പ് ഉപയോഗപ്പെടുത്തുന്നതിന് ഔട്ടർ റിംഗ് റോഡ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. പുതിയ ദേശീയപാതകളുടെ പ്രവൃത്തിയും കേരളത്തിൽ സാധ്യമാക്കുന്നതിന് സർക്കാർ മുൻകൈയെടുത്ത് പദ്ധതികൾ തയ്യാറാക്കുന്നുണ്ട്. മലയോര പാത, തീരദേശ പാത എന്നിവയുടെ നിർമ്മാണവും കേരളത്തിലെ പശ്ചാത്തല വികസന മേഖലയിൽ വലിയ

മാറ്റം സൃഷ്ടിക്കും. കേരളത്തിൽ തടസ്സമില്ലാത്ത റോഡ് ശൃംഖല സൃഷ്ടിക്കുന്നതിനായി ലെവൽക്രോസ് ഇല്ലാത്ത കേരളം പദ്ധതിയും നടപ്പിലാക്കുന്നു. ജംഗ്ഷൻ വികസനത്തിനായി വ്യത്യസ്ത പദ്ധതികളും പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കുന്നു. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിലെ റോഡ് ശൃംഖല ഡിസൈൻഡ് റോഡുകളായി നവീകരിക്കുന്നതിനും പാലങ്ങൾ നിർമ്മിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കുന്നു. റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുക്കപ്പെട്ട റോഡുകൾ നവീകരിക്കുന്ന പദ്ധതിയും തുടരുന്നു. ഈ സാമ്പത്തിക വർഷം നൂറ് പാലങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുകയാണ് ലക്ഷ്യം. കേരളത്തിലെ പൊതുമരാമത്ത് റോഡുകൾ BM&BC നിലവാരത്തിൽ ഉയർത്തുന്നതിനുള്ള പ്രത്യേക പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാനത്തെ ദേശീയപാതകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ കീഴിലുള്ള NH 766, NH 183, NH 183 A, NH 185 എന്നീ ദേശീയപാതകൾ പേവ്ഡ്

ഷോൾഡറോടുകൂടിയ രണ്ടുവരിപ്പാതയായി വികസിപ്പിക്കുന്നതിനുള്ള വിശദമായ പദ്ധതിരേഖ (DPR) തയ്യാറാക്കുന്ന പ്രവൃത്തി നടന്നുവരുന്നു. സംസ്ഥാന പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിൻകീഴിലുള്ള ദേശീയപാതകളുടെ വിശദവിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു. സംസ്ഥാനത്ത് ദേശീയപാത അതോറിറ്റിയുടെ മേൽനോട്ടത്തിൽ നിർമ്മാണത്തിലിരിക്കുന്ന ദേശീയപാതകളുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) ദേശീയ, സംസ്ഥാന, ജില്ലാ റോഡുകളിലെ വാഹനങ്ങളുടെ വേഗപരിധി വർദ്ധിപ്പിച്ച സാഹചര്യത്തിൽ അതിനനുസൃതമായി പ്രസ്തുത റോഡുകളുടെ നിലവാരം ഉയർത്തുകയും സുരക്ഷാക്രമീകരണം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

ദേശീയപാതയിൽ സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ പദ്ധതികൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ റോഡ് സുരക്ഷാ ഓഡിറ്റിന് വിധേയമാക്കപ്പെടുന്നുണ്ട്. പൂർത്തിയായ പദ്ധതികളിലും റോഡ് സുരക്ഷാ വിദഗ്ധരുടെ നേതൃത്വത്തിൽ ഓഡിറ്റിംഗ് നടത്താറുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇത്തരത്തിൽ റോഡ് സുരക്ഷാ ഓഡിറ്റിന്റെ നിർദ്ദേശങ്ങൾ നടപ്പാക്കി ദേശീയപാതകളുടെ സുരക്ഷ ഉറപ്പുവരുത്താറുണ്ട്. സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ റോഡ് നിർമ്മിതികളിൽ/നവീകരണ പ്രവൃത്തികളിൽ നിർബന്ധമായും റോഡ് സുരക്ഷയ്ക്കായുള്ള ഇനങ്ങൾ ഉൾപ്പെടുത്തി അതുപ്രകാരം ആയതിനാവശ്യമായ ഗതാഗത സുരക്ഷാക്രമീകരണങ്ങളും പ്രവൃത്തികളിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ എല്ലാ റോഡുകളിലും കണ്ടെത്തിയിട്ടുള്ള ആക്സിഡന്റ് ബ്ലാക്ക് സ്പോട്ടുകൾ അപകടരഹിതമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

Accident Data അനുസരിച്ച് ദേശീയ പാതയിലെ Black Spot നിർണ്ണയിക്കുന്നത് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയമാണ്. അപകടങ്ങളുടെ കാരണം വിലയിരുത്തിയശേഷം റോഡ് സുരക്ഷാ വിദഗ്ദ്ധർ സ്ഥലപരിശോധന നടത്തി താൽക്കാലിക പരിഹാര മാർഗ്ഗങ്ങളും ദീർഘകാല അടിസ്ഥാനത്തിലുള്ള പരിഹാര മാർഗ്ഗങ്ങളും (Short term, Long term remedial measures) നിർദ്ദേശിക്കുന്നു. ദീർഘകാല പരിഹാര

മാർഗ്ഗങ്ങളായ ഗ്രേഡ് സെപ്പറേറ്റർ, സർവ്വീസ് റോഡ്, ബൈപ്പാസ് എന്നിവ ഭൂമിയുടെ ലഭ്യതയനുസരിച്ച് നടപ്പാക്കുന്നതാണെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. സംസ്ഥാന പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന് കീഴിലുള്ള പാതകളിൽ 32 Accident സ്പോട്ടുകൾ തിരിച്ചറിഞ്ഞിട്ടുണ്ട്. താൽക്കാലിക പരിഹാരത്തിനായി റോഡ് സുരക്ഷാ ഉപകരണങ്ങളായ സൈൻ ബോർഡ്, സോളാർ ബ്ലിങ്കേഴ്സ്, ഷെവറോൺസ്, ഡിലിനിറ്റേഴ്സ്, റമ്പിൾ സ്ട്രിപ് എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ശാശ്വത പരിഹാരത്തിനായി 8 Accident സ്പോട്ടുകളിൽ പ്രവൃത്തി പുരോഗമിച്ചുവരുന്നു. സംസ്ഥാന പാതകളിൽ അപകടം നടക്കുന്ന സ്ഥലങ്ങളിൽ തുടർന്നും അപകടങ്ങൾ ഒഴിവാക്കുന്നതിനായി പോലീസ്, മോട്ടോർ വാഹനം, പൊതുമരാമത്ത് എന്നീ വകുപ്പുകൾ സംയുക്ത സ്ഥലപരിശോധന നടത്തി റോഡിലെ അപകട കാരണമാകുന്ന വിഷയങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനാവശ്യമായുള്ള നടപടികൾ ഫണ്ട് ലഭ്യതയനുസരിച്ച് സ്വീകരിച്ചുവരുന്നു. ആക്സിഡന്റ് ബ്ലാക്ക് സ്പോട്ടുകളിൽ അടിയന്തര സുരക്ഷാ മുൻകരുതൽ പ്രവൃത്തികൾ നടപ്പിലാക്കിയതുവഴി അപകട തീവ്രത കുറയ്ക്കാൻ

കഴിഞ്ഞിട്ടുണ്ട്. റോഡുകളിലെ സ്ഥിരമായി അപകടമുണ്ടാകുന്ന വളവുകൾ നിവർത്തുന്നതിനും ആവശ്യമായ റോഡ് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. പതിവായി അപകടങ്ങൾ നടക്കുന്ന സ്ഥലങ്ങളിൽ 'അപകട സാധ്യത മേഖല' സൈൻ ബോർഡുകളും വളവുകൾ മുൻകൂട്ടി തിരിച്ചറിയുന്നതിനായുള്ള സൈൻ ബോർഡുകൾ, വേഗത പരിധി, 'No Overtaking', ഷെവറോൺ എന്നീ സൈൻ ബോർഡുകളും സ്ഥാപിക്കാറുണ്ട്. അമിത വേഗത നിയന്ത്രിക്കുന്നതിനായി റമ്പിൾ സ്ട്രിപ്പുകൾ റോഡിന് കുറുകെ സ്ഥാപിക്കാറുണ്ട്. അപകട സാധ്യതാ മേഖലകളിൽ റോഡിന് മതിയായ വീതിയില്ലെങ്കിൽ സ്ഥലലഭ്യതയനുസരിച്ച് റോഡിന്റെ വീതി വർദ്ധിപ്പിക്കാറുമുണ്ട്. പ്രസ്തുത സ്ഥലങ്ങളിൽ മാർക്കിംഗുകളും സ്റ്റഡുകളും സ്ഥാപിക്കാറുണ്ട്. ഓവർടേക്കിംഗ് അനുവദനീയമല്ലെന്ന് അറിയിക്കുന്ന മുന്നറിയിപ്പ് സൈൻ ബോർഡുകൾ സ്ഥാപിക്കാറുണ്ട്. ആവശ്യമെങ്കിൽ പ്രസ്തുത സ്ഥലങ്ങളിൽ ബ്ലിങ്കർ ലൈറ്റുകളും സ്ഥാപിക്കാറുണ്ട്.

അപകടകരമായ വളവുകളിൽ ഡിസൈൻ സ്പീഡ് ലിമിറ്റ് ബോർഡുകൾ സ്ഥാപിക്കാറുണ്ട്.

**വിനോദസഞ്ചാര മേഖലയിലെ വളർച്ച**

**15 (*105)** ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. എം. എസ്. അരുൺ കുമാർ:

ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) കേരളത്തിലേയ്ക്ക് ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവിൽ 2023-ൽ വർദ്ധനവുണ്ടായിട്ടുണ്ടോ?

സംസ്ഥാനത്ത് ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവിൽ 2023-ലെ ആദ്യ രണ്ടുപാദത്തിലും റെക്കോർഡാണ് ഉണ്ടായത്. 2023-ൽ ആദ്യ ആറുമാസത്തിൽ 10683643 ആഭ്യന്തര വിനോദസഞ്ചാരികൾ കേരളം സന്ദർശിച്ചിട്ടുണ്ട്. 2022-ൽ  ഇതേ കാലയളവിൽ 8895593 ആഭ്യന്തര സഞ്ചാരികളാണ് കേരളം സന്ദർശിച്ചിട്ടുണ്ടായിരുന്നത്. 2022 അർദ്ധ വർഷത്തെ അപേക്ഷിച്ച് 2023 അർദ്ധ വർഷത്തിൽ 20.1% ആഭ്യന്തര

സഞ്ചാരികൾ കൂടുതലായി കേരളം സന്ദർശിച്ചിട്ടുണ്ട്. കോവിഡിനുമുമ്പ് അർദ്ധ വാർഷികത്തിൽ പരമാവധി എത്തിയ വിനോദസഞ്ചാരികളുടെ എണ്ണം 89.64 ലക്ഷമാണ്. കോവിഡിനുമുമ്പുള്ള കാലത്തെ അപേക്ഷിച്ച് വൻ കുതിച്ചുചാട്ടമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) കോവിഡ് കാലത്തെ അപേക്ഷിച്ച് വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ?

2023-ൽ ആദ്യ ആറുമാസത്തിൽ 287730 വിദേശ വിനോദസഞ്ചാരികൾ കേരളം സന്ദർശിച്ചിട്ടുണ്ട്. 2022-ൽ ആദ്യ ആറുമാസം കേരളം സന്ദർശിച്ച വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തേക്കാൾ 171.55% വർദ്ധനവ് 2023 ആദ്യ ആറുമാസ കാലയളവിൽ ഉണ്ടായിട്ടുണ്ട്.

(സി) കഴിഞ്ഞ സാമ്പത്തിക വർഷം വിനോദസഞ്ചാര മേഖലയിൽ നിന്നുള്ള വരുമാനം എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ?

2022 കലണ്ടർ വർഷം 35168.42 കോടി രൂപ വരുമാനം വിനോദസഞ്ചാര മേഖലയിൽനിന്ന് ലഭിച്ചതായി കണക്കാക്കിയിട്ടുണ്ട്.

(ഡി) കോവിഡ് കാലത്തെ അപേക്ഷിച്ച് വിനോദസഞ്ചാര മേഖലയിൽ നിന്നുള്ള വരുമാനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കഴിഞ്ഞ മൂന്ന് കലണ്ടർ വർഷത്തെ കണക്കുകൾ ചുവടെ ചേർത്തിരിക്കുന്നു.

| **വർഷം** | **വരുമാനം (കോടിയിൽ)** |
|---|---|
| 2020 | 11335.96 |
| 2021 | 12285.91 |
| 2022 | 35168.42 |

**സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം**

**16 (*106)** ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പാഠ്യപദ്ധതിയിൽ കാലോചിതവും നൂതനവുമായ പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ ആവിഷ്കരിച്ചിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ?

കേരളത്തിൽ സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. അവസാനമായി സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിച്ചത് 2007-ലാണ്. 2005-ലെ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ തുടർച്ചയായി രൂപീകരിച്ച കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007-ന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത പാഠ്യപദ്ധതി പരിഷ്കരണം നടത്തിയത്. തുടർന്ന് 2013-ൽ തയ്യാറാക്കിയ നയരേഖയുടെ അടിസ്ഥാനത്തിൽ പാഠപുസ്തകങ്ങളുടെ ഉള്ളടക്കത്തിൽ മാറ്റം വരുത്തുകയുണ്ടായി. വിജ്ഞാനത്തിന്റെ വിവിധ മേഖലകളിലുണ്ടായ വികാസവും വളർച്ചയും പരിഗണിച്ചുള്ള പാഠ്യപദ്ധതി പരിഷ്കരണമാണ് നിലവിൽ വിഭാവനം ചെയ്തിട്ടുള്ളത്. പാഠ്യപദ്ധതി പരിഷ്കരണത്തിന് നേതൃത്വം നൽകുന്നതിന് പാഠ്യപദ്ധതി പരിഷ്കരണ കോർ കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ കോർ കമ്മിറ്റിയുടെയും സംസ്ഥാന സ്കൂൾ കരിക്കുലം

സ്റ്റിയറിംഗ് കമ്മിറ്റിയുടെയും നേതൃത്വത്തിലാണ് പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. 2024-25 അക്കാദമിക വർഷം പ്രീസ്കൂൾ, 1, 3, 5, 7, 9 എന്നീ ക്ലാസുകളിലെ പാഠപുസ്തകങ്ങളാണ് പരിഷ്കരിക്കുന്നത്. തുടർന്ന് 2025-26 അക്കാദമിക വർഷം 2, 4, 6, 8, 10 ക്ലാസുകളിലെ പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നതാണ്. ഇതുകൂടാതെ ഹയർ സെക്കൻഡറി വിഭാഗത്തിലെ വിവിധ വിഷയങ്ങളുടെ പാഠപുസ്തകങ്ങളും സമയബന്ധിതമായി പരിഷ്കരിക്കുന്നതാണ്.

(ബി) കുട്ടികളുടെ മാനസിക-ശാരീരിക വികാസത്തിന് കൂടുതൽ ഊന്നൽ നൽകുന്ന രീതിയിൽ പ്രാഥമിക തലത്തിലുള്ള വിദ്യാഭ്യാസം പരിഷ്കരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

സ്കൂൾ പ്രാഥമിക വിദ്യാഭ്യാസത്തിന് പ്രീസ്കൂൾ വിദ്യാഭ്യാസം, പ്രൈമറി വിദ്യാഭ്യാസം എന്നീ രണ്ടു ഘട്ടങ്ങളാണുള്ളത്.

(1) <u>പ്രീസ്കൂൾ വിദ്യാഭ്യാസം</u>

മൂന്നുമുതൽ ആറുവയസ്സ് വരെയുള്ള കുട്ടികളുടെ വികാസവും പരിപോഷണവും ലക്ഷ്യമിട്ടുകൊണ്ട് സമഗ്രമായ പ്രീ സ്കൂൾ പാഠ്യപദ്ധതി

പരിഷ്കരണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിപുലമായ ജനകീയ ചർച്ചകളിലൂടെ പ്രീസ്കൂൾ നിലപാട് രേഖ വ്യത്യസ്ത രംഗങ്ങളിലെ വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തി കുട്ടികളുടെ ശാരീരിക, മാനസിക ഘടകങ്ങൾ പരിഗണിച്ചുകൊണ്ട് തയ്യാറാക്കിയിട്ടുണ്ട്.

(2) പ്രൈമറി വിദ്യാഭ്യാസം

പ്രൈമറി വിദ്യാഭ്യാസ കാലഘട്ടത്തിൽ പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന എല്ലാ ശേഷികളും നൈപുണികളും ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കിവരുന്നത്. പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാക്കുന്ന എല്ലാ കുട്ടികൾക്കും അടിസ്ഥാനശേഷി ഉറപ്പാക്കുന്നതിന് സമഗ്ര ഗുണമേന്മ പദ്ധതി എന്ന വിദ്യാഭ്യാസ പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ്. കൂടാതെ വ്യത്യസ്ത വിഷയങ്ങളിൽ കുട്ടികളുടെ ശേഷിയും പരിമിതിയും തിരിച്ചറിഞ്ഞ് ആവശ്യമായ പിന്തുണ നൽകുന്നതിനുള്ള വ്യത്യസ്തമായ പ്രോഗ്രാമുകളും നടപ്പിലാക്കിവരുന്നു. പൊതുവിദ്യാലയങ്ങളിലെ പ്രൈമറി ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളുടെ കായികക്ഷമത മെച്ചപ്പെടുത്തുന്നതിനും അക്കാദമിക നിലവാരം

ഉയർത്തുന്നതിനും കായിക മികവ് കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനും സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി.) വികസിപ്പിച്ച കായിക ഗവേഷണ പദ്ധതിയാണ് ഹെൽത്തി കിഡ്സ്. ഈ പദ്ധതിയുടെ ഭാഗമായി തയാറാക്കിയ രണ്ട് കൈപ്പുസ്തകങ്ങൾ സംസ്ഥാന സ്കൂൾ കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി അംഗീകരിക്കുകയും പൊതുവിദ്യാലയങ്ങളിൽ വിനിമയം ചെയ്യുന്നതിനുള്ള അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഹെൽത്തി കിഡ്സ് പദ്ധതിയുടെ ഗുണഭോക്താക്കളാകുന്ന കുട്ടികളുടെ സമഗ്ര കായിക പുരോഗതിയാണ് ലക്ഷ്യമിടുന്നത്. രണ്ടുവർഷത്തിലധികം നീണ്ടുനിന്ന ഫീൽഡ്തല പ്രായോഗിക പരീക്ഷണ, നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിലാണ് ഹെൽത്തി കിഡ്സ് എന്ന മാതൃകാ പദ്ധതി എസ്.സി.ഇ.ആർ.ടി. വികസിപ്പിച്ചത്. നിശ്ചിത ഇടവേളകളിൽ കുട്ടികളുടെ കായിക ശേഷിയുടെ പുരോഗതി വിലയിരുത്തുന്നതിനുവേണ്ടി പ്രത്യേക മൂല്യനിർണയ സംവിധാനവും ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന സവിശേഷ പരിമിതരായ

കുട്ടികൾക്കുകൂടി പങ്കെടുക്കാൻ അനുയോജ്യമായ രീതിയിലുള്ള പ്രവർത്തനങ്ങളും ഉള്ളടക്കത്തിന്റെ ഭാഗമായി ഉൾപ്പെടുന്നുണ്ട്. പ്രൈമറി സ്കൂളുകളിലെ അധ്യാപകർക്ക് പരിശീലനം നൽകുന്നതിനുവേണ്ടി ഓരോ ജില്ലയിലും കായിക മേഖലയിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള റിസോഴ്സ് പാനൽ വിദ്യാഭ്യാസ, കായിക, യുവജനകാര്യ വകുപ്പുകളുടെ മേൽനോട്ടത്തിൽ രൂപപ്പെടുത്തിയിട്ടുണ്ട്. ഓരോ കുട്ടിയുടെയും അക്കാദമികവും മാനസികവും സാമൂഹ്യവുമായ ശേഷികളും പരിമിതികളും തിരിച്ചറിഞ്ഞ് ആവശ്യമായ പിന്തുണ നൽകുന്നതിനുള്ള സംവിധാനമാണ് 'സഹിതം' പോർട്ടൽ. കൂടാതെ നിരന്തര മൂല്യനിർണ്ണയത്തിനുള്ള സാധ്യതകളും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. മെന്ററിംഗ് എന്ന അടിസ്ഥാന ആശയത്തിലൂന്നിയാണ് ഈ സംവിധാനം രൂപപ്പെടുത്തിയിരിക്കുന്നത്.

**വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്**

**17 (*107)** **ശ്രീ. എം. നൗഷാദ്:**
**ശ്രീ. കെ. വി. സുമേഷ്:**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:**

<u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾക്കായി വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി പ്രത്യേക ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദാംശം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി വിദേശത്തും കേരളത്തിന് പുറത്ത് ഇന്ത്യയിലും ജോലി ചെയ്യുന്നതും ജോലി നഷ്ടപ്പെട്ടതുമായ മലയാളികൾക്ക് സേവനം ലഭ്യമാക്കുന്നതിന് എത്രത്തോളം പ്രയോജനകരമാണ്; വിശദമാക്കാമോ?

(എ&ബി) ലോക കേരള സഭയുടെ 2020-ലെ രണ്ടാം സമ്മേളനത്തിൽ തൊഴിൽ വകുപ്പിൽനിന്നും സർക്കാരിന് മികച്ച പ്രൊഫഷണലുകളെ കണ്ടെത്താൻ സഹായകരമായ വിധത്തിൽ പ്രവാസികൾക്കായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കണമെന്നുള്ള ശിപാർശ ഉൾപ്പെട്ടിരുന്നു. അതിന്റെയടിസ്ഥാനത്തിൽ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സമസ്ത മേഖലയിലും തൊഴിൽ നഷ്ടവും സാമ്പത്തിക

മാന്ദ്യവും ഉടലെടുക്കുകയും നിരവധി പ്രവാസികൾ തൊഴിൽ നഷ്ടപ്പെട്ട് സംസ്ഥാനത്ത് തിരിച്ചെത്തുകയും ചെയ്തിരുന്നു. അവരിൽനിന്ന് വിദഗ്ധ തൊഴിലാളികളെ കണ്ടെത്തുന്നതിനും തിരികെ വന്നവർക്ക് എംപ്ലോയ്മെന്റ് വഴി ലഭ്യമാകുന്ന സ്വയം തൊഴിൽ/കരിയർ സേവനങ്ങൾ ലഭ്യമാക്കി പുനരധിവസിപ്പിക്കുന്നതിനുമായി ഒരു വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഓൺലൈൻ പോർട്ടൽ എൻ.ഐ.സി. കേരള ഘടകം വഴി വികസിപ്പിച്ച് 24-05-2023-ന് പ്രവാസികൾക്കായി തുറന്നുകൊടുത്തിട്ടുണ്ട്. ഇതുവഴി വിദേശ മലയാളികൾ (നിലവിൽ വിദേശത്ത് ജോലി ചെയ്യുന്ന മലയാളികൾ)/കേരളത്തിന് പുറത്ത് ജോലി ചെയ്യുന്ന മലയാളികൾ/തൊഴിൽ നഷ്ടം സംഭവിച്ച് മടങ്ങിവന്ന മേൽപ്പറഞ്ഞ രണ്ട് വിഭാഗക്കാർ എന്നിവർക്കാണ് സേവനം ലഭ്യമാക്കുന്നത്. ഇവരുടെ തൊഴിൽ വൈദഗ്ധ്യം/തൊഴിൽ പരിചയം കേരളത്തിനകത്തും പുറത്തുമുള്ള സ്വകാര്യ ഉദ്യോഗദായകർക്ക് ഉപയോഗപ്പെടുത്താവുന്നതാണ്.

**ദേശീയപാതയുടെ നവീകരണം**

**18 (*108)** ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ ദേശീയപാതകളിലാണ് നവീകരണ പ്രവർത്തനങ്ങൾ നടക്കുന്നത്; അവയുടെ പുരോഗതി വിശദമാക്കുമോ?

സംസ്ഥാനത്ത് ദേശീയപാത അതോറിറ്റിയുടെ മേൽനോട്ടത്തിൽ നിർമ്മാണത്തിലുള്ള ദേശീയപാതകളുടെ നിർമ്മാണ പുരോഗതി അനുബന്ധമായി* ചേർക്കുന്നു.

പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ കീഴിലുള്ള NH 766, NH 183, NH 183 A, NH 185 എന്നീ ദേശീയപാതകൾ പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ടുവരിപ്പാതയായി വികസിപ്പിക്കുന്നതിനുള്ള വിശദമായ പദ്ധതിരേഖ (DPR) തയ്യാറാക്കുന്ന പ്രവൃത്തി നടന്നുവരുന്നു. സംസ്ഥാന പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിൻകീഴിലുള്ള ദേശീയപാതകളുടെ വിശദവിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പ്രവൃത്തികൾക്കായുള്ള സ്ഥലമേറ്റെടുക്കൽ സംബന്ധിച്ച് നേരിട്ട പ്രശ്നങ്ങളും അവ പരിഹരിക്കാൻ സ്വീകരിച്ച നടപടികളും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് ജനങ്ങളുടെ മികച്ച സഹകരണത്തോടെയാണ് ദേശീയപാത വികസനത്തിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നത്. സ്ഥലം ഏറ്റെടുക്കുന്ന ഘട്ടത്തിൽ ജനങ്ങളുമായി ആശയവിനിമയം നടത്തി വിശ്വാസത്തിലെടുത്താണ് സർക്കാർ മുന്നോട്ടുപോകുന്നത്. സ്ഥലം ഏറ്റെടുക്കലിനായി മികച്ച പാക്കേജുകളും തയ്യാറാക്കാറുണ്ട്. സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള പരാതികൾ ഉയർന്നാൽ Public Hearing, ജനപ്രതിനിധികളുടെയും ജില്ലാകളക്ടറുടെയും നേതൃത്വത്തിൽ യോഗങ്ങൾ എന്നിവ നടത്താറുണ്ട്.

ദേശീയപാതയ്ക്കാവശ്യമായ സ്ഥലമേറ്റെടുപ്പ് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (Competent Authority of Land Acquisition) ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ

നേതൃത്വത്തിൽ സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി യോഗങ്ങൾ നടത്താറുണ്ട്.

(സി) കൊല്ലം-ഡിണ്ടിഗൽ ദേശീയപാത (183)-യുടെ വികസനത്തിനായി തയ്യാറാക്കിയിരിക്കുന്ന പദ്ധതിയുടെ വിശദാംശം അറിയിക്കാമോ; പ്രസ്തുത പാത വീതി കൂട്ടി നാലുവരി അഥവാ ആറുവരിപ്പാതയാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ആയതിനായി ഏറ്റെടുക്കേണ്ടുന്ന സ്ഥലം സംബന്ധിച്ച് ധാരണയായിട്ടുണ്ടോ; അറിയിക്കാമോ?

(സി&ഡി) എൻ.എച്ച്. 183 എന്നത് കൊല്ലം-തേനി ദേശീയപാതയാണ്. ഇതിന്റെ വികസനത്തിനായി റോഡ് 2-lane with paved shoulders ആയി വികസിപ്പിക്കുന്നതിനുള്ള DPR തയ്യാറാക്കുന്ന പ്രവൃത്തി കൺസൾട്ടൻസി മുഖേന നടന്നുവരുന്നു. 16 മീറ്റർ Right of way ആക്കി 10 മീറ്റർ ടാറിംഗും അനുബന്ധ കാനകളും ഉൾപ്പെടെ നിർമ്മിക്കുന്ന DPR ആണ് നടപ്പിലാക്കാനുള്ളത്. എന്നാൽ ബൈപ്പാസ് എല്ലാംതന്നെ 23

മുതൽ 30 മീറ്റർ വരെ Right of way-ൽ നാലുവരിപ്പാതയായി നിർമ്മിക്കാൻ DPR തയ്യാറാക്കിവരുന്നു.

2-lane with paved shoulders-നുള്ള LA നടപടികൾ പുരോഗമിക്കുന്നു. അതിനായി ഉദ്ദേശം 22.16 ഹെക്ടർ സ്ഥലമെടുപ്പ് ആവശ്യമായി വരുന്നു. DPR പ്രകാരമുള്ള 3 (A) Publication ഘട്ടത്തിലാണ് നിലവിൽ ഈ പ്രവൃത്തിയുള്ളത്.

(ഇ) അത്തരമൊരു പദ്ധതി നിലവിൽ ആലോചിക്കുന്നില്ലെങ്കിൽ പ്രസ്തുത റോഡരികിലെ നിർമ്മാണ പ്രവൃത്തികൾക്ക് ദേശീയപാത വിഭാഗം തടസ്സവാദമുന്നയിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(എഫ്) ഇപ്രകാരം തടസ്സവാദം ഉന്നയിക്കുന്നതിനാൽ വിവിധ സർക്കാർ പദ്ധതികൾക്ക് മുടക്കം വന്നിരിക്കുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ഇ&എഫ്) നിലവിൽ കൊല്ലം-തേനി ദേശീയപാതയുടെ വികസനത്തിന് വിശദമായ പദ്ധതിരേഖ (DPR) തയ്യാറാക്കുന്ന

ഘട്ടത്തിലാണ്. കൊല്ലം ഹൈസ്കൂൾ ജംഗ്ഷൻ മുതൽ ചെങ്ങന്നൂർ ആഞ്ഞിലിമൂട് വരെയാണ് DPR തയ്യാറാക്കുന്നത്. പ്രസ്തുത അലൈൻമെന്റിൽ ഉൾപ്പെട്ട റോഡിനരികെ നിർമ്മാണ പ്രവർത്തനങ്ങൾ നിയന്ത്രിക്കേണ്ടിവരുന്നത് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ മാനദണ്ഡങ്ങൾ പ്രകാരമാണ്.

**ഹയർ സെക്കൻഡറി വിദ്യാഭ്യാസത്തിന് കൂടുതൽ അവസരം**

**19 (*109)** ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ശശി:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിയ പരിപാടികളുടെ ഭാഗമായി സെക്കൻഡറി വിദ്യാഭ്യാസ വിജയശതമാനം മെച്ചപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

മെച്ചപ്പെട്ടിട്ടുണ്ട്. ഈ വർഷം എസ്.എസ്.എൽ.സി. വിജയശതമാനം 99.93 ആണ്. മുൻവർഷങ്ങളെക്കാൾ വിജയശതമാനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

(ബി) വിജയശതമാനത്തിനനുസൃതമായി സീറ്റ് ഇല്ലാത്തതിനാൽ ചിലയിടങ്ങളിൽ ഹയർ സെക്കൻഡറി പ്രവേശനത്തിന് പ്രയാസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

വിജയശതമാനം കൂടുതലാണെങ്കിലും വിജയിച്ച വിദ്യാർത്ഥികളുടെ എണ്ണം മുൻ വർഷത്തേക്കാൾ കുറവാണ്. 2022 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷ വിജയശതമാനം 99.87-ഉം വിജയിച്ച കുട്ടികളുടെ എണ്ണം 425928-ഉം ആണ്. എന്നാൽ 2023 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷ വിജയശതമാനം 99.93-ഉം വിജയിച്ച കുട്ടികളുടെ എണ്ണം 418827-ഉം മാത്രമാണ്. എന്നിരുന്നാലും വിജയശതമാനത്തിനനുസൃതമായി സർക്കാർ സ്ഥിതി വിലയിരുത്തി അധിക ബാച്ചുകൾ അനുവദിക്കുകയും മാർജിനൽ സീറ്റ് വർദ്ധനവും ബാച്ച് ഷിഫ്റ്റിംഗും നടപ്പിലാക്കിയിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ ഒന്നാം വർഷ പ്രവേശനത്തിന് 33030 സീറ്റുകൾ ലഭ്യമാണ്. (മെറിറ്റ് സീറ്റ് 30660, മാനേജ്മെന്റ് സീറ്റ് 2370). ഈ വർഷം ഇതുവരെ

മെറിറ്റ് സീറ്റിൽ 26619 കുട്ടികൾ പ്രവേശനം നേടിയിട്ടുണ്ട്. വിവിധ സ്കൂളുകളിലായി മെറിറ്റിൽ 4041 സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നു. ഒഴിവുകളുടെ എണ്ണം ജില്ല തിരിച്ച് അനുബന്ധമായി* ചേർക്കുന്നു.

(സി) പ്രസ്തുത വിഷയത്തിൽ അടിയന്തര പരിഹാരം കണ്ടെത്തുന്നതിന് ഹയർസെക്കൻഡറി ബാച്ചുകളുടെ പുനർവിന്യാസം, അധികബാച്ചുകളും സീറ്റുകളും അനുവദിക്കൽ തുടങ്ങിയ ആവശ്യങ്ങളിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

പ്ലസ് വൺ പ്രവേശന നടപടികൾ ആരംഭിക്കുന്നതിന് മുമ്പായി 2022-23 അധ്യയന വർഷം അനുവദിച്ചിരുന്ന 81 താൽക്കാലിക ബാച്ചുകൾ തുടരുന്നതിനും തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ സർക്കാർ സ്കൂളുകളിൽ 30% മാർജിനൽ സീറ്റ് വർദ്ധനവും എയ്ഡഡ് സ്കൂളുകളിൽ 20% മാർജിനൽ സീറ്റ് വർദ്ധനവിന് പുറമെ ആവശ്യപ്പെടുന്ന എയ്ഡഡ് സ്കൂളുകൾക്ക് 10 ശതമാനംകൂടി മാർജിനൽ സീറ്റ് വർദ്ധനവും ഏർപ്പെടുത്തി. കൊല്ലം, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

20% മാർജിനൽ സീറ്റ് വർദ്ധനവും നൽകിയിട്ടുണ്ട്. ഇതിനുപുറമെ മതിയായ കുട്ടികൾ ഇല്ലാതിരുന്ന 14 ബാച്ചുകൾ മലപ്പുറം ജില്ലയിലേക്ക് ഷിഫ്റ്റ് ചെയ്യുകയുണ്ടായി. മുഖ്യഘട്ട അലോട്ട്മെന്റും ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റും പൂർത്തീകരിച്ചശേഷം മലബാർ മേഖലയിലെ പാലക്കാട് മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിൽ താലൂക്കടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കാത്ത അപേക്ഷകരുടെ വിഷയം/കോമ്പിനേഷൻ പരിഗണിച്ച് 97 താൽക്കാലിക ബാച്ചുകളും അനുവദിച്ചിട്ടുണ്ട്.

(ഡി) പത്താം ക്ലാസ് പാസ്സാകുന്ന ആദിവാസി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്കെല്ലാം ഹയർ സെക്കൻഡറി പഠനം ഉറപ്പാക്കുന്നതിന് വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ആദിവാസി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ സ്കൂളിലെ പ്രഥമാധ്യാപകർ മുഖേന ഏകജാലക സംവിധാനത്തിൽ മുഖ്യഘട്ടത്തിൽത്തന്നെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. മുൻ വർഷങ്ങളിലെന്നപോലെ ഈ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക്

സൗകര്യപ്രദമായ സ്കൂളുകളിൽ അധിക സീറ്റ് സൃഷ്ടിച്ച് പ്രവേശനം ഉറപ്പാക്കുന്നതാണ്.

**മലയോര പാത നിർമ്മാണത്തിലെ പുരോഗതി**

**20 (*110)** ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) മലയോരപാത നിർമ്മാണത്തിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; പദ്ധതിയിൽ ഉൾപ്പെട്ട മുഴുവൻ റീച്ചുകൾക്കും അനുമതി നേടുന്നതിനുള്ള നടപടിക്രമങ്ങളുടെ പുരോഗതി അറിയിക്കാമോ?

06-07-2009-ലെ സ.ഉ.(കൈ) നം. 44/2009/പൊ.മ.വ. പ്രകാരം കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള മലയോരപാതയുടെ അലൈൻമെന്റ് സർക്കാർ അംഗീകരിക്കുകയും തുടർന്ന് 10-07-2017-ലെ സ.ഉ.(സാ.ധാ.) നം. 942/17/പൊ.മ.വ. പ്രകാരം ടി പദ്ധതിക്കായി 3500 കോടി രൂപ കിഫ്ബി ധനസഹായത്തോടെ അനുവദിക്കുകയുമുണ്ടായി.

നിർമ്മാണ പ്രവൃത്തി KRFB PMU മുഖേനയാണ് നടപ്പിലാക്കിവരുന്നത്. 13 ജില്ലകളിൽക്കൂടി കടന്നുപോകുന്ന പദ്ധതിക്ക് ഏകദേശം 1180 കി.മീ. ദൂരമാണുള്ളത്. ഇതിൽ 794 കി.മീ. പാതയാണ് KRFB PMU മുഖേന നടപ്പിലാക്കുന്നത്. പദ്ധതിയുടെ മുഴുവൻ ഡി.പി.ആർ-ഉം സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനായി KIIFB-യിൽ സമർപ്പിച്ചു. ഇതിൽ 734 കി.മീ. റോഡിന് KIIFB-യിൽനിന്നും സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്. സാമ്പത്തികാനുമതി ലഭ്യമായ റീച്ചുകളിൽ ഭൂമി വിട്ടുകിട്ടുന്ന നടപടികൾ പൂർത്തിയാക്കി 474 കി.മീ. സാങ്കേതികാനുമതി നൽകി ടെൻഡർ ചെയ്തു. 63 കി.മീ. റീച്ചിൽ ഇപ്പോൾ ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു. 411 കി.മീ. വരുന്ന റീച്ചുകൾക്ക് കരാർ നൽകി പ്രവൃത്തി ആരംഭിക്കുകയും 134 കി.മീ. വരുന്ന റീച്ചുകളുടെ പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) നിർമ്മാണം പുരോഗമിക്കുന്ന ഏതൊക്കെ റീച്ചുകളിലാണ് വനഭൂമി ലഭ്യമാകേണ്ടതെന്ന് അറിയിക്കുമോ; പദ്ധതിയുടെ വിവിധ

റീച്ചുകളുടെ സാമ്പത്തികാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായതിന്റെ വിശദാംശം അറിയിക്കുമോ?

നിർമ്മാണം പുരോഗമിക്കുന്ന റീച്ചുകളിൽ കാസർഗോഡ് ജില്ലയിലെ കോളിച്ചാൽ എടപ്പറമ്പ റീച്ചിൽ മാത്രമാണ് വനഭൂമി ലഭ്യമാകേണ്ടതായിട്ടുള്ളത്. ടി റീച്ചിൽ 4.33 ഹെക്ടർ വനഭൂമിയാണ് ആവശ്യമായിട്ടുള്ളത്. ഇതിനുള്ള അനുമതി ലഭ്യമാക്കുന്നതിനായി പരിവേഷ് പോർട്ടൽ മുഖേന വനം വകുപ്പിന് അപേക്ഷ നൽകിയിട്ടുള്ളതാണ്. അപേക്ഷ വനം വകുപ്പിന്റെ പരിഗണനയിലാണ്.

പദ്ധതിയുടെ മുഴുവൻ ഡി.പി.ആർ.-ഉം സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനായി KIIFB-യിൽ സമർപ്പിച്ചു. ഇതിൽ 734 കി.മീ. റോഡിന് KIIFB-യിൽനിന്നും സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്. സാമ്പത്തികാനുമതി ലഭ്യമായ റീച്ചുകളിൽ സൗജന്യമായി ഭൂമി വിട്ടുകിട്ടുന്ന നടപടികൾ പൂർത്തിയാക്കി 474 കി.മീ. സാങ്കേതികാനുമതി നൽകി ടെൻഡർ ചെയ്തു. സാമ്പത്തികാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച റീച്ചുകളുടെ വിവരങ്ങൾ അനുബന്ധമായി * ചേർക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) മലയോര പാതയോരത്ത് പബ്ലിക് അമിനിറ്റീസ് സെന്ററുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

മലയോര ഹൈവേ പദ്ധതിയിൽ സ്ഥലലഭ്യതക്കനുസരിച്ച് പാതയോരത്ത് പബ്ലിക് അമിനിറ്റീസ് സെന്ററുകൾ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള എസ്റ്റിമേറ്റ് ഡി.പി.ആർ-ൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

(ഡി) പ്രസ്തുത പദ്ധതി പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത വിധം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മലയോര ഹൈവേ പദ്ധതിയിൽ ആവശ്യമായ എല്ലാ സാങ്കേതിക പരിശോധനകളും നടത്തി വിദഗ്ധ അഭിപ്രായങ്ങൾ സ്വീകരിച്ചശേഷമാണ് ഡി.പി.ആർ.-ന് KIIFB-യിൽ നിന്നും സാമ്പത്തികാനുമതി ലഭ്യമായിട്ടുള്ളത്.

**വർണ്ണക്കൂടാരം പദ്ധതി**

**21 (*111)** <u>ശ്രീ. എം. മുകേഷ്:</u>
<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:</u>
<u>ശ്രീമതി ഒ. എസ്. അംബിക:</u>

<u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) പ്രീ-പ്രൈമറി രംഗത്ത് അന്താരാഷ്ട്ര നിലവാരമുള്ള പഠന സൗകര്യമൊരുക്കുന്നതിനായി വർണ്ണക്കൂടാരം എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്നും ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെന്താണെന്നും വ്യക്തമാക്കുമോ; സംസ്ഥാനത്തെ മുഴുവൻ പ്രീ-പ്രൈമറി സ്കൂളുകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കുട്ടികളുടെ ശാരീരിക-മാനസിക ശേഷികൾ ബലപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ പ്രീ-പ്രൈമറി മേഖലയിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വിശദമാക്കാമോ; പ്രീ-പ്രൈമറി സ്കൂളുകളെ മാതൃകാ സ്കൂളുകളാക്കി മാറ്റിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(എ &ബി) പ്രീ-പ്രൈമറി വിഭാഗത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനും കുട്ടികളുടെ ശാരീരിക മാനസിക

ശേഷികൾ ബലപ്പെടുത്തുന്നതിനും വിവിധ തരത്തിലുള്ള പദ്ധതികളാണ് സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നത്. അതിൽ പ്രധാനപ്പെട്ട ഒരു ഇനമാണ് വർണ്ണക്കൂടാരം പദ്ധതി. സമഗ്ര ശിക്ഷ കേരളം, സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന വർണ്ണക്കൂടാരം പദ്ധതിയിലൂടെ അന്താരാഷ്ട്ര നിലവാരമുള്ള പഠനസൗകര്യവും ഒരുക്കുന്നു. കളികളിലൂടെ കുട്ടികളുടെ കഴിവുകൾ മെച്ചപ്പെടുത്തുകയും ശിശുവികാസ മേഖലകളിലെ ശേഷികൾ ഉറപ്പാക്കുകയും ചെയ്യുന്ന ശാസ്ത്രീയ പ്രീസ്കൂൾ വിദ്യാഭ്യാസ രീതിയാണ് കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അതനുസരിച്ച് കുട്ടികൾക്ക് സന്തോഷത്തോടെയും അവരുടെ അഭിരുചിക്കനുസരിച്ചും കളികളിൽ ഏർപ്പെടാൻ കഴിയുന്ന വിശാലവും ശിശുസൗഹൃദവുമായ പ്രവർത്തന ഇടങ്ങൾ ഒരുക്കുകയെന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. കൂടാതെ കുഞ്ഞുങ്ങളുടെ ഭാഷാശേഷി വളർത്താൻ സഹായിക്കുന്ന ഭാഷാ വികാസ ഇടം, ലഘു ശാസ്ത്ര പരീക്ഷണങ്ങൾക്കും നിരീക്ഷണത്തിനും അവസരം നൽകുന്ന യാത്രയിടം തുടങ്ങി കുട്ടികളുടെ സർവതോന്മുഖ വികാസത്തിന് സഹായിക്കുന്ന 13 പ്രവർത്തന ഇടങ്ങളാണ് ഓരോ സ്കൂളിലും

സജ്ജമാക്കുന്നത്. അതോടൊപ്പം പ്രീസ്കൂൾ കുട്ടികളുടെ ശാരീരിക, മാനസിക ശേഷികൾ മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ സമഗ്രമായ പരിഷ്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രീ-പ്രൈമറി പാഠ്യപദ്ധതിയും പരിഷ്കരിക്കപ്പെട്ടിട്ടുണ്ട്. ഈ പരിഷ്കരണത്തിൽ പ്രീസ്കൂൾ രംഗത്ത് ലോകവ്യാപകമായി ഉണ്ടായിട്ടുള്ള മാറ്റങ്ങൾ ചർച്ച ചെയ്ത് അതിനനുസൃതമായ പ്രവർത്തന പരിപാടികൾ വികസിപ്പിച്ചുവരുന്നു. വ്യത്യസ്ത രാജ്യങ്ങളിലെ പ്രീസ്കൂൾ അനുഭവങ്ങൾ, സംസ്ഥാനത്ത് വിപുലമായി നടന്ന ജനകീയ ചർച്ചയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും, ആദ്യകാല ശൈശവ പരിചരണങ്ങളും വികാസവും സംബന്ധിച്ച് രൂപീകരിച്ച ഫോക്കസ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ നടന്ന ഗവേഷണ പ്രവർത്തനങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി പ്രീ-പ്രൈമറി പൊസിഷൻ പേപ്പർ (നിലപാട് രേഖ) തയ്യാറാക്കിയിട്ടുണ്ട്. ഈ പൊസിഷൻ പേപ്പറിനെ അടിസ്ഥാനമാക്കിയുള്ള പാഠ്യപദ്ധതി ചട്ടക്കൂട് തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ നടക്കുന്നു. വരയുത്സവം എന്ന പദ്ധതിയിലൂടെ പഠനബോധന തന്ത്രങ്ങളായ

കഥകൾ, പാട്ടുകൾ, ചിത്രംവര, കളികൾ തുടങ്ങിയവ ക്ലാസ് മുറികളിൽ യാഥാർത്ഥ്യമാക്കുന്നതിന് പരിശീലനവും രക്ഷാകർത്താക്കൾക്കും സമൂഹത്തിനും അവബോധവും നൽകുന്നു.

ശിശുവികാസ മേഖലകളിലെ ശേഷികൾ ഉറപ്പാക്കാനുതകുന്ന പ്രവർത്തനങ്ങൾ ക്ലാസ് റൂമിൽ ഒരുക്കാൻ അധ്യാപികമാരെ സഹായിക്കുന്ന താലോലം പ്രവർത്തനമൂലകൾ എല്ലാ അംഗീകാരമുള്ള പ്രീ-പ്രൈമറി സ്കൂളുകളിലും സ്ഥാപിച്ചിട്ടുണ്ട്. ഇതിനെല്ലാംപുറമെ ഓരോ സ്കൂളിലും ഒരു ലക്ഷം രൂപ വീതം ചെലവഴിച്ച് 168 സ്കൂളുകളിൽ ശിശുസൗഹൃദ ഫർണിച്ചറുകൾ, കളി ഉപകരണങ്ങൾ എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. ഇത് തുടർന്നുള്ള വർഷങ്ങളിൽ 328 സ്കൂളുകളിൽക്കൂടി വ്യാപിപ്പിക്കുന്നതാണ്. അംഗീകാരമുള്ള എല്ലാ പ്രീ-പ്രൈമറി സ്കൂളുകളിലും ഭാഷാശേഷി ഉറപ്പാക്കുന്ന ഭാഷാ വികാസ ഇടങ്ങൾ സജ്ജമാക്കാനുള്ള നടപടികൾ പൂർത്തിയായിവരുന്നു. ഈ വർഷം 44 കോടി രൂപ ചെലവഴിച്ച് 440 പ്രീ-പ്രൈമറി സ്കൂളുകളെ മാതൃകാ സ്ഥാപനങ്ങളാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സിസ്റ്റമറ്റൈസേഷൻ ഓഫ് പ്രീ-പ്രൈമറി എഡ്യൂക്കേഷൻ പ്രോഗ്രാം എന്ന

പദ്ധതിയിലൂടെ കുട്ടികളുടെ പരിചരണവും പരിപോഷണവും നടത്തുന്ന അധ്യാപകർക്കും ആയമാർക്കും ട്രെയിനിംഗും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വർഷംതോറും തെരഞ്ഞെടുക്കപ്പെടുന്ന പ്രീ-സ്കൂളുകൾക്ക് ധനസഹായവും ലഭ്യമാക്കുന്നുണ്ട്.

**എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ പദ്ധതിയുടെ പ്രവർത്തന പുരോഗതി**

**22 (*112)** **ശ്രീ. ഒ. ആർ. കേളു:**
**ശ്രീ. മുരളി പെരുനെല്ലി:**
**ശ്രീമതി ശാന്തകുമാരി കെ.:**
**ശ്രീ. ജി. സ്റ്റീഫൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ പദ്ധതി പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി കേരളത്തിലെ റവന്യൂ വകുപ്പ് ഏറ്റവും പ്രാധാന്യത്തോടെ നടപ്പാക്കുന്ന കർമ്മ പദ്ധതിയാണ് പട്ടയ മിഷൻ. മലയോര മേഖല, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, വിവിധ

കോളനികളിൽ താമസിക്കുന്നവർ എന്നിവർക്ക് മുൻഗണന നൽകിക്കൊണ്ട് സംസ്ഥാനത്തെ എല്ലാ ഭൂരഹിതരെയും ഭൂമിയുടെ ഉടമകളാക്കുക എന്ന ലക്ഷ്യസാക്ഷാത്കാരത്തിനായാണ് പട്ടയ മിഷൻ രൂപീകരിച്ചിട്ടുള്ളത്. പട്ടയ വിതരണം ഊർജ്ജിതമാക്കുന്നതിനും സമയബന്ധിതമായി നടത്തുന്നതിനും വേണ്ടിയുള്ള പ്രവർത്തനം ഏകോപിപ്പിക്കാനും നിരീക്ഷിക്കാനും ആവശ്യമായ നിർദ്ദേശങ്ങൾ തത്സമയം നൽകാനുമാണ് പട്ടയ മിഷൻ ലക്ഷ്യം വയ്ക്കുന്നത്. മൂന്നാം നൂറുദിന പരിപാടിയിൽ 67069 പട്ടയങ്ങൾ വിതരണം ചെയ്യുതുവഴി ഈ സർക്കാരിന്റെ രണ്ട് വർഷക്കാലയളവിനുള്ളിൽ 121604 പട്ടയങ്ങൾ വിതരണം ചെയ്യുന്നതിന് കഴിഞ്ഞു. കൂടാതെ പട്ടയ മിഷൻ രൂപീകരിച്ച് നടപ്പിലാക്കിയതോടെ മലയോര മേഖലകളിൽ പട്ടയ പ്രശ്നങ്ങൾ ക്രോഡീകരിച്ച് പരിശോധിച്ചുവരുന്നതും പട്ടയം ലഭിക്കാത്ത കോളനികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിന് താലൂക്ക്, വില്ലേജ് തലത്തിൽ നടപടികൾ നടന്നുവരുന്നതുമാണ്. നിയോജകമണ്ഡലാടിസ്ഥാനത്തിൽ ത്രിതല പഞ്ചായത്ത് അംഗങ്ങളെ പങ്കെടുപ്പിച്ച് പട്ടയ അസംബ്ലി എന്ന പേരിൽ

പട്ടയ വിഷയങ്ങൾ അവലോകനം ചെയ്യുന്ന യോഗം ആറ് മാസത്തിലൊരിക്കൽ ചേരുന്നുണ്ട്. ആ യോഗത്തിൽ ഉയർന്നുവരുന്ന പട്ടയ വിഷയങ്ങളിൽ താലൂക്ക് തലത്തിൽ പരിഹരിക്കാവുന്നവ താലൂക്ക് തലത്തിലും ജില്ലാ തലത്തിൽ പരിഹരിക്കാവുന്നവ ജില്ലാ തലത്തിലും പരിഹരിക്കും. ശേഷിക്കുന്നവ പട്ടയ ഡാഷ് ബോർഡിൽ ഉൾപ്പെടുത്തുന്നതുമാണ്. സംസ്ഥാനതല ദൗത്യസംഘത്തിന്റെ നേതൃത്വത്തിൽ ഇതിന്റെ പ്രവർത്തനങ്ങൾ എല്ലാ മാസവും അവലോകനം നടത്താറുള്ളതും അതിന്റെ വിവരങ്ങൾ റവന്യൂ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ എല്ലാ ആഴ്ചയിലും കൂടുന്ന റവന്യൂ സെക്രട്ടേറിയറ്റിൽ ചർച്ച ചെയ്യുന്നതുമാണ്.

(ബി) ഇതിന്റെ ഭാഗമായി സാമൂഹ്യ വനാവകാശരേഖ വിതരണം ചെയ്യുന്നതിനായി റവന്യൂ വകുപ്പ് നടത്തിയ ഇടപെടലുകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ആദിവാസി ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വനം വകുപ്പ്, പട്ടികവർഗ്ഗ വകുപ്പ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി DLC മീറ്റിംഗുകൾ

കൂടി വരുന്നു. വനാവകാശ പ്രകാരമുള്ള കൈവശരേഖയ്ക്ക് വനാവകാശ കമ്മിറ്റികളിൽനിന്നും ലഭിക്കുന്ന അപേക്ഷകൾ അടിയന്തര പ്രാധാന്യത്തോടെ സബ്ഡിവിഷണൽ കമ്മിറ്റിയും ജില്ലാതല കമ്മിറ്റിയും പരിശോധിച്ച് അർഹതപ്പെട്ടവർക്ക് കൈവശരേഖ വിതരണം ചെയ്തുവരുന്നുണ്ട്. മൂന്നാം നൂറുദിന പരിപാടിയിൽ 1607 വനാവകാശ രേഖകളാണ് സംസ്ഥാനത്ത് വിതരണം നടത്താൻ സാധിച്ചിട്ടുള്ളത്. പട്ടയ മിഷനിൽ ആദിവാസി മലയോര വിഭാഗങ്ങളുടെ പട്ടയ വിഷയത്തിന് പ്രാമുഖ്യം നൽകിയിട്ടുണ്ട്.

(സി) പട്ടയവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് സംവിധാനമൊരുക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

സർക്കാർ ഭൂമിയിൽ വർഷങ്ങളായി വീടുവച്ച് താമസിച്ചും കൃഷി ചെയ്തും വരുന്ന ഭൂരഹിതരായവർക്ക് നിയമപ്രകാരം പട്ടയം നൽകുന്നതിന് തടസ്സങ്ങളുള്ള കൈവശങ്ങളുടെ വിശദാംശങ്ങൾ സംസ്ഥാന തലത്തിൽ ക്രോഡീകരിക്കുന്നതിനുള്ള ഓൺലൈൻ പോർട്ടൽ (പട്ടയം ഡാഷ് ബോർഡ്) പ്രവർത്തിച്ചുവരുന്നു. ടി പോർട്ടലിൽ ലഭ്യമാക്കിയിട്ടുള്ള പട്ടയ

പ്രശ്നങ്ങൾ സംസ്ഥാനതലത്തിൽ പരിശോധിച്ചശേഷം പരിഹരിക്കാവുന്നവയ്ക്ക് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർക്ക് ലാൻഡ് റവന്യൂ കമ്മീഷണർ നൽകുന്നു. സർക്കാർ ഉത്തരവുകളിലൂടെയോ ചട്ടഭേദഗതികളിലൂടെയോ പരിഹരിക്കേണ്ടവയ്ക്ക് പരിഹാരം കാണുന്നതിനുള്ള നടപടിയും ഇതിന്റെ ഭാഗമായി സ്വീകരിക്കുന്നു. പട്ടയം ഡാഷ് ബോർഡിൽ ഉൾപ്പെടുത്തിയിട്ടുള്ള (05-08-2023 വരെ) പട്ടയ പ്രശ്നങ്ങളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ്**

**23 (*113)** ശ്രീമതി കെ. കെ. രമ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിട നിർമ്മാണ തൊഴിലാളി സെസ് പിരിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സംസ്ഥാനത്ത് കെട്ടിട നിർമ്മാണ തൊഴിലാളി സെസ്സ് പിരിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടില്ല. 2021 നവംബർ മാസം മുതൽ സെസ്സ് പിരിച്ചെടുക്കുന്നതിനായി അദാലത്തുകൾ ഊർജ്ജിതമായി നടത്തിവരുന്നുണ്ട്.

(ബി) ക്ഷേമനിധി അംഗങ്ങൾക്കുള്ള പെൻഷൻ വിതരണം എട്ട് മാസത്തിലേറെയായി മുടങ്ങിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. നിലവിൽ 2022 നവംബർ മാസം വരെയുള്ള പെൻഷനാണ് കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽനിന്നും വിതരണം ചെയ്തിട്ടുള്ളത്.

ബോർഡ് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. 380014 (മൂന്ന് ലക്ഷത്തി എൺപതിനായിരത്തി പതിനാല്) പെൻഷൻ ഗുണഭോക്താക്കളാണുള്ളത്. 57 കോടിയോളം രൂപ പ്രതിമാസ പെൻഷൻ വിതരണത്തിന് ആവശ്യമായി വരുന്നുണ്ട്. എന്നാൽ ബോർഡിന്റെ പ്രധാന വരുമാനമായ സെസ് കളക്ഷനിലൂടെ ഏകദേശം 30 കോടിയോളം രൂപയാണ് പ്രതിമാസം ലഭിക്കുന്നത്.

ഇക്കാരണത്താലാണ് സമയബന്ധിതമായി പെൻഷൻ അനുവദിക്കുന്നതിന് സാധിക്കാത്തത്.

(സി) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി പെൻഷൻ കുടിശ്ശിക അടിയന്തരമായി നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ പ്രധാന വരുമാനമാർഗ്ഗം ഗാർഹിക-വാണിജ്യ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ചെലവിന്റെ ഒരു ശതമാനം നിരക്കിൽ പിരിച്ചെടുക്കുന്ന സെസ് തുകയാണ്. നിലവിൽ പ്രതിമാസം ഏകദേശം 30 കോടിയോളം രൂപയാണ് ടി ഇനത്തിൽ ലഭിക്കുന്നത്. എന്നാൽ പെൻഷൻ വിതരണത്തിനുമാത്രം ഏകദേശം 57 കോടി രൂപ പ്രതിമാസം ആവശ്യമായി വരുന്നുണ്ട്. സെസ് പിരിച്ചെടുക്കുന്നതിനായി 2021 നവംബർ മാസം മുതൽ അദാലത്തുകൾ നടത്തിവരുന്നുണ്ട്. അതുവഴി ബോർഡിന്റെ വരുമാനത്തിൽ മുൻ വർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കാര്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. 2021-22 കാലയളവിൽ 285.60 കോടി രൂപയാണ്

സെസ് ഇനത്തിൽ പിരിച്ചെടുത്തതെങ്കിൽ 2022-23-ൽ ടി ഇനത്തിൽ 370 കോടി രൂപ പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ട്.

**എല്ലാ മണ്ഡലങ്ങളിലും പട്ടയ അസംബ്ലി**

**24 (*114) ശ്രീ. വി. ആർ. സുനിൽകുമാർ:**
**ശ്രീ. ജി. എസ്. ജയലാൽ:**
**ശ്രീ. മുഹമ്മദ് മുഹസിൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) അർഹരായ എല്ലാവർക്കും പട്ടയം നൽകുക, ഭൂരഹിതരായവർക്ക് ഭൂമി നൽകുക എന്നീ ലക്ഷ്യങ്ങളോടെ ആരംഭിച്ച പട്ടയ മിഷന്റെ ഭാഗമായി എല്ലാ മണ്ഡലങ്ങളിലും പട്ടയ അസംബ്ലി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കാമോ?

പട്ടയപ്രശ്നങ്ങൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ കണ്ടെത്തുന്നതിനും പരിഹാരം കാണുന്നതിനുമായാണ് പട്ടയ അസംബ്ലികൾ നടത്താൻ തീരുമാനിച്ചത്. ഇതിന്റെയടിസ്ഥാനത്തിൽ നിയോജകമണ്ഡലങ്ങളിൽ ഡെപ്യൂട്ടി കളക്ടർമാരെയും തഹസിൽദാർമാരെയും നോഡൽ ഓഫീസർമാരായി നിയമിക്കുകയും

അതത് നിയോജകമണ്ഡലങ്ങളിലെ എം.എൽ.എ.-മാരുടെ അധ്യക്ഷതയിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ജനപ്രതിനിധികളെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി പട്ടയ അസംബ്ലി കൂടാൻ ജില്ലകൾക്ക് നിർദ്ദേശം നൽകിയിരുന്നു. 2023 ജൂലൈ 5-ന് നടന്ന നെടുമങ്ങാട് നിയോജകമണ്ഡലത്തിന്റെ പട്ടയ അസംബ്ലിയിൽ ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി നിർവ്വഹിച്ചു. സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിൽ 135 എണ്ണത്തിൽ പട്ടയ അസംബ്ലികൾ കൂടുന്നതിനുള്ള തീയതി എം.എൽ.എ.-മാരിൽനിന്നും ലഭ്യമായിട്ടുള്ളതും 135 പട്ടയ അസംബ്ലികൾ നടത്തിയിട്ടുള്ളതുമാണ്. പട്ടയ പ്രശ്നങ്ങൾ കണ്ടെത്തുന്നതിലും പരിഹരിക്കുന്നതിലും പട്ടയ അസംബ്ലി വലിയ നിലയിൽ സഹായകരമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി) പട്ടയ അസംബ്ലിയുടെ ഘടനയും പ്രവർത്തനങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**പട്ടയ അസംബ്ലിയുടെ ഘടന:**

<u>കൺവീനർ</u>:- മണ്ഡലത്തിന്റെ ചുമതലയുള്ള നോഡൽ ഓഫീസർ (ഇതിനായി നിയോജകമണ്ഡലങ്ങളിൽ ഡെപ്യൂട്ടി കളക്ടർമാരെയും തഹസീൽദാർമാരെയും നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്.)

<u>അദ്ധ്യക്ഷൻ</u>:- നിയമസഭാ സാമാജികൻ

<u>അംഗങ്ങൾ</u>:- നിയമസഭാ മണ്ഡലത്തിൽ ഉൾപ്പെട്ടുവരുന്ന മുഴുവൻ ജനപ്രതിനിധികൾ, തഹസിൽദാർമാർ, പട്ടയ വിഭാഗം ഡെപ്യൂട്ടി തഹസിൽദാർമാർ, വില്ലേജ് ഓഫീസർമാർ.

<u>പ്രവർത്തനങ്ങൾ</u>:- അംഗങ്ങൾ തങ്ങളുടെ പ്രവർത്തന പരിധിയിൽ പട്ടയം ലഭിക്കാത്തവരുടെ പട്ടിക, പട്ടയം നൽകുന്നതിന് അനുയോജ്യമായ ഭൂമിയുടെ വിവരങ്ങൾ, പട്ടയം ഇല്ലാത്ത കോളനികളുടെ വിവരങ്ങൾ എന്നിവ ശേഖരിച്ച് പട്ടയ അസംബ്ലിയിൽ അവതരിപ്പിക്കണം. യോഗത്തിൽ ലഭ്യമാകുന്ന വിവരങ്ങളും പ്രശ്നങ്ങളും ഉദ്യോഗസ്ഥതലത്തിൽ ചർച്ച ചെയ്തശേഷം താലൂക്ക്, ജില്ലാതലത്തിൽ പരിഹരിക്കപ്പെടാവുന്ന വിഷയങ്ങൾ പരിഹരിക്കുകയും ശേഷിക്കുന്നവ പട്ടയ ഡാഷ് ബോർഡിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ അവ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ

സ്വീകരിക്കുകയും വേണം. പട്ടയ വിതരണത്തിന് തടസ്സമായി നിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തി ഓരോ വില്ലേജിലേയും ഭൂരഹിതരുടെ എണ്ണം, ഭൂമിയുടെ ലഭ്യത, പട്ടയ വിതരണത്തിനുള്ള തടസ്സം എന്നിവ കണ്ടെത്തി സൂക്ഷിക്കുന്നതിനുള്ള ഓൺലൈൻ സംവിധാനമാണ് പട്ടയ ഡാഷ് ബോർഡ്.

പട്ടയ അസംബ്ലി 6 മാസത്തിലൊരിക്കൽ യോഗം ചേർന്ന് പുരോഗതി വിലയിരുത്തണം.

(സി) പട്ടയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നിയമപ്രശ്നങ്ങൾ, ചട്ടങ്ങളിലെ നിബന്ധനകൾ എന്നിവമൂലം തീരുമാനമെടുക്കാൻ കഴിയാത്ത വിഷയങ്ങളിൽ പ്രത്യേക അധികാരം വിനിയോഗിച്ച് പട്ടയം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

സർക്കാർ ഭൂമിയിൽ വർഷങ്ങളായി വീടുവച്ച് താമസിച്ചും കൃഷി ചെയ്തും വരുന്ന ഭൂരഹിതരായവർക്ക് നിയമപ്രകാരം പട്ടയം നൽകുന്നതിന് തടസ്സങ്ങളുള്ള കൈവശങ്ങളുടെ വിശദാംശങ്ങൾ സംസ്ഥാന തലത്തിൽ ക്രോഡീകരിക്കുന്നതിനുള്ള ഓൺലൈൻ പോർട്ടൽ (പട്ടയം ഡാഷ് ബോർഡ്) പ്രവർത്തിച്ചുവരുന്നു. ടി പോർട്ടലിൽ ലഭ്യമാക്കിയിട്ടുള്ള പട്ടയ

പ്രശ്നങ്ങൾ സംസ്ഥാനതലത്തിൽ പരിശോധിച്ചശേഷം പരിഹരിക്കാവുന്നവയ്ക്ക് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർക്ക് ലാൻഡ് റവന്യൂ കമ്മീഷണർ നൽകുന്നു. സർക്കാർ ഉത്തരവുകളിലൂടെയോ അല്ലെങ്കിൽ ചട്ടഭേദഗതികളിലൂടെയോ പരിഹരിക്കേണ്ടവയ്ക്കും പരിഹാരം കാണുന്നതിനുള്ള നടപടിയും ഇതിന്റെ ഭാഗമായി സ്വീകരിക്കുന്നു. ചട്ടത്തിലെ നിബന്ധനമൂലം തീരുമാനമെടുക്കാൻ കഴിയാത്ത കേസുകളിൽ ചട്ടത്തിൽത്തന്നെ സർക്കാരിൽ നൽകിയിട്ടുള്ള സവിശേഷ അധികാരം വിനിയോഗിച്ച് പട്ടയം നൽകുന്നതാണ്.

**(ഡി) പട്ടയ മിഷനുമായി ബന്ധപ്പെട്ട ഏറ്റവും അടിസ്ഥാനതലത്തിലുള്ള വില്ലേജുതല വിവരശേഖരണ സമിതിയുടെ പ്രധാന ഉത്തരവാദിത്വങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ?**

19-04-2023-ലെ സ.ഉ.(കൈ) 87/2023/ആർ.ഡി. നമ്പർ സർക്കാർ ഉത്തരവുപ്രകാരം സംസ്ഥാനത്തെ പട്ടയ മിഷൻ ഔദ്യോഗികമായി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. അതിൻപ്രകാരം വില്ലേജ് ഓഫീസർ

കൺവീനറായ വില്ലേജുതല ജനകീയ സമിതിയായിരിക്കും വില്ലേജുതല വിവര ശേഖരണ സമിതി. അതിന്റെ ചുമതലകൾ ചുവടെ ചേർക്കുന്നു.

പട്ടയമില്ലാത്ത കോളനികൾ കണ്ടെത്തുക, അർഹതയുണ്ടായിട്ടും പട്ടയത്തിന് അപേക്ഷ നൽകാത്തവരെ കണ്ടെത്തുക, വിതരണത്തിനാവശ്യമായ ഭൂമി കണ്ടെത്തി റിപ്പോർട്ട് ചെയ്യുക, വില്ലേജ് പരിധിയിലെ പട്ടയ വിഷയങ്ങൾ കണ്ടെത്തുക, എല്ലാ വില്ലേജുതല ജനകീയ സമിതിയിലും പട്ടയമിഷൻ ഒരു അജണ്ടയായി ഉൾപ്പെടുത്തുകയും സമിതിയിൽ അംഗങ്ങളായ പ്രതിനിധികളിൽനിന്നും പട്ടയ വിഷയങ്ങൾ ക്രോഡീകരിച്ച് താലൂക്ക് ദൗത്യസംഘത്തിന് റിപ്പോർട്ട് ചെയ്യുക.

**റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് നടപടി**

**25 (*115)** ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) ആധുനിക യന്ത്രങ്ങളും സാങ്കേതികവിദ്യകളും ഉപയോഗിച്ച് നിർമ്മിക്കുന്ന റോഡുകൾ കുറഞ്ഞ കാലയളവിനുള്ളിൽത്തന്നെ ഗതാഗതയോഗ്യമല്ലാതായിത്തീരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ആധുനിക യന്ത്രങ്ങളും സാങ്കേതികവിദ്യകളും ഉപയോഗിച്ച് നിർമ്മിക്കുന്ന റോഡുകൾ കുറഞ്ഞ കാലയളവിൽ ഗതാഗതയോഗ്യമല്ലാതായിത്തീർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ആവശ്യത്തിന് ഓടകളോ ജലനിർഗ്ഗമന മാർഗ്ഗങ്ങളോ ഇല്ലാത്തതാണ് റോഡുകൾ തകരുന്നതിന്റെ പ്രധാന കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ റോഡുകൾ മികച്ച നിലവാരത്തിൽ ഉയർത്തുന്നതിന് വൈവിധ്യങ്ങളായ പദ്ധതികളാണ് പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കുന്നത്. റോഡുകൾ മികച്ച നിലയിൽ രൂപകൽപ്പന ചെയ്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയാണ് ചെയ്യുന്നത്.

കാലാവസ്ഥയുടെയും ഭൂപ്രകൃതിയുടെയും പ്രത്യേകതകൾ കണക്കിലെടുത്ത് റോഡുകൾ ദീർഘകാലം നിലനിൽക്കാനായി റോഡ് നിർമ്മാണത്തിൽ നൂതന രീതിയിലുള്ള സാങ്കേതികവിദ്യകൾ അവലംബിക്കുകയും ചെയ്യുന്നു. ദീർഘകാലം നിലനിൽക്കുന്ന ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ റോഡിന്റെ രൂപകല്പനയിൽ ഉൾപ്പെടുത്താറുണ്ട്. റോഡിന്റെ ഇരുവശങ്ങളിലും കേമ്പർ നൽകിയും ഇൻഡ്യൻ റോഡ് കോൺഗ്രസ് (IRC) മാനദണ്ഡപ്രകാരമുള്ള രൂപകല്പനയുമാണ് സ്വീകരിച്ചുവരുന്നത്. റോഡിന്റെ ഉപരിതലത്തിലും ഡ്രെയിനേജ് സൗകര്യവും ആവശ്യമായ ഗ്രാനുലാർ സബ് ബെയ്സ്, ഹൈഡ്രോളജിക്കൽ അനാലിസിസ് പഠനത്തിലൂടെ മഴവെള്ളത്തെ ഉൾക്കൊള്ളാൻ ശേഷിയുള്ള പ്രത്യേക നൂതന രീതിയിലുള്ള ഓടകൾ എന്നിവ രൂപകല്പനയിൽ ഉൾപ്പെടുത്താറുണ്ട്. മഴക്കെടുതിയെ പ്രതിരോധിക്കാൻ ഉപരിതലത്തിലെ വൈറ്റ് ടോപ്പിംഗ്, സസ്റ്റയിനബിൾ മെറ്റീരിയലുകളായ മോഡിഫൈഡ് ബിറ്റുമിൻ, ഇന്റർലോക്കിംഗ് കോൺക്രീറ്റ് ബ്ലോക്ക്സ് തുടങ്ങിയവ ഉൾപ്പെടുത്തിയാണ് റോഡുകളുടെ രൂപരേഖ തയ്യാറാക്കി നൽകുന്നത്.

ഇത്തരത്തിൽ ഓടകളും ഡ്രെയിനേജുകളും ഇല്ലാത്ത സ്ഥലങ്ങളിൽ റോഡിന്റെ ദീർഘകാല ഈടുനിൽപ്പിനെ അത് ബാധിക്കാറുണ്ട്. സാമ്പത്തിക ലഭ്യതകൂടി പരിശോധിച്ച് പരമാവധി പ്രവൃത്തികളിൽ ഇവ ഉൾപ്പെടുത്താൻ പദ്ധതി തയ്യാറാക്കിയാണ് മുന്നോട്ടുപോകുന്നത്.

അതോടൊപ്പം റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികളിലും മഴക്കാല പൂർവ്വ പ്രവൃത്തികളിലും ഉൾപ്പെടുത്തി ഓടകൾ, കലുങ്ക് എന്നിവയിലൂടെയുള്ള നീരൊഴുക്ക് ഉറപ്പാക്കുന്നതിനായുള്ള ശുചീകരണം, റോഡുകളിലെ കുഴി അടയ്ക്കൽ, റോഡ് വശങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി മണ്ണ് നീക്കം ചെയ്യൽ എന്നീ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. മലയോര പ്രദേശങ്ങളിൽ ചരിവുകളുടെ സംരക്ഷണത്തിനായി സംരക്ഷണ ഭിത്തികളുടെ നിർമ്മാണത്തിനും പ്രാമുഖ്യം നൽകിവരുന്നു. നിരന്തരമായി തകരുന്ന റോഡുകൾ കണ്ടെത്തി അവ തകരുന്നതിനുള്ള കാരണം പരിശോധിച്ച് ആയതിനുള്ള ശാശ്വത പരിഹാരമാകുംവിധത്തിലുള്ള നിർമ്മാണ രീതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മതിയായ ഡ്രെയിനേജുകളുടെ നിർമ്മാണവും ഉറവകളുടെ സാന്നിദ്ധ്യവുമുള്ള

സ്ഥലങ്ങളിൽ കോൺക്രീറ്റ് ഇന്റർലോക്കുപോലുള്ള അനുയോജ്യമായ നിർമ്മാണ രീതികൾ നടപ്പിലാക്കിവരുന്നതും റോഡുകൾ തകരുന്നത് ഒഴിവാക്കാൻ ഉപകരിക്കുന്നുണ്ട്.

(സി) റോഡുനിർമ്മാണത്തിൽ ഗുണമേന്മ ഉറപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

പൊതുമരാമത്ത് വകുപ്പ് റോഡ് നിർമ്മാണ പ്രവൃത്തികൾ ഓരോഘട്ടത്തിലും ഗുണനിലവാരം ഉറപ്പുവരുത്തി അംഗീകൃത ഷെഡ്യൂൾ, സ്പെസിഫിക്കേഷൻ തുടങ്ങിയവ പാലിച്ച് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലാണ് നടപ്പിലാക്കിവരുന്നത്. നിർമ്മാണ പ്രവൃത്തികൾക്ക് 3 തലത്തിലുള്ള ഗുണമേന്മാ പരിശോധന നിർബന്ധമാക്കിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മൊബൈൽ ടെസ്റ്റിംഗ് ലാബുകളും സജ്ജമാക്കിയിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം കോഴിക്കോട് ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലും മറ്റ്

ജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. പൊതുമരാമത്ത് ക്വാളിറ്റി മാന്വൽ പ്രകാരം 15 ലക്ഷത്തിന് മുകളിലുള്ള എല്ലാ പ്രവൃത്തികൾക്കും, 2 tier ഗുണനിലവാര പരിശോധനകൾ നിർബന്ധമാക്കിയിട്ടുണ്ട്. 2 കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് കോൺട്രാക്ടർ സ്വന്തം ചെലവിൽ ക്വാളിറ്റി ലാബ് സജ്ജമാക്കണമെന്ന് സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റ് പ്രകാരവും ക്വാളിറ്റി കൺട്രോൾ മാന്വൽ പ്രകാരവും നിഷ്കർഷിച്ചിട്ടുണ്ട്. രണ്ടാം ഘട്ടഗുണനിലവാര പരിശോധനകൾക്കായി പ്രവൃത്തികൾ നടക്കുമ്പോൾ പൊതുമരാമത്ത് വകുപ്പ് ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ സ്ഥലം സന്ദർശിക്കുകയും സൈറ്റിൽ ആവശ്യമായ ക്വാളിറ്റി പരിശോധനകൾ നടത്തുകയും ചെയ്യുന്നു. മെറ്റീരിയൽ സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ വിവിധ പരിശോധനകൾ നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി നടത്തിപ്പിൽ ഗുണമേന്മ ഉറപ്പാക്കി വേണ്ട മാറ്റങ്ങൾ വരുത്തുകയും ചെയ്തുവരുന്നു. ഗുണനിലവാര പരിശോധനാഫലം പ്രൈസ് സോഫ്റ്റ്‌വെയറിൽ

ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗുണനിലവാര പരിശോധനാഫലത്തിന്റെ അടിസ്ഥാനത്തിലാണ് കരാറുകാർക്ക് പേമെന്റ് നൽകുന്നത്.

**പ്ലസ് വൺ അധിക ബാച്ചുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം**

**26 (*116)** ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലകളിൽ അനുവദിച്ച അധിക ബാച്ചുകൾ പ്ലസ് വൺ ക്ലാസ്സുകളിലേയ്ക്കുള്ള സീറ്റ് ക്ഷാമം പരിഹരിക്കുന്നതിന് അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

97 അധിക താൽക്കാലിക ബാച്ചുകൾ മലബാർ മേഖലയിൽ അനുവദിച്ചതിലൂടെ പ്രവേശനത്തിനായുള്ള പ്ലസ് വൺ സീറ്റുകൾ പര്യാപ്തമാണ്. അധിക താൽക്കാലിക ബാച്ചുകൾ അനുവദിച്ചശേഷം ജില്ലയ്ക്കകത്തെ സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫർ അനുവദിക്കുകയും ട്രാൻസ്ഫറിനുശേഷമുള്ള വേക്കൻസി മൂന്നാം സപ്ലിമെന്ററി അലോട്ട്മെന്റ്

പ്രവേശനത്തിന് പരിഗണിക്കുന്നതിനായി 2023 ആഗസ്റ്റ് 4-ന് വൈകുന്നേരം 4 മണി വരെ അപേക്ഷിക്കാൻ അവസരം നൽകുകയും ചെയ്തു. മലബാർ മേഖലയിൽ ലഭ്യമായ അപേക്ഷകരെയും ഒഴിവുള്ള സീറ്റുകളും പരിഗണിക്കുമ്പോൾ സീറ്റുകൾ പര്യാപ്തമാണ്. അലോട്ട്മെന്റ് പ്രസിദ്ധീകരിച്ച് പ്രവേശനം ആഗസ്റ്റ് 8-ന് പൂർത്തിയാകുന്നതാണ്. മൂന്നാം സപ്ലിമെന്ററി അലോട്ട്മെന്റിനുശേഷം പ്രവേശനത്തിന് കാത്തിരിക്കുന്ന അപേക്ഷകരുടെയും സീറ്റുകളുടെയും വിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) പ്ലസ് വൺ അധിക ബാച്ചുകൾ അനുവദിക്കുന്നതിന് സ്കൂളുകളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വെളിപ്പെടുത്തുമോ?

ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റിനുശേഷം പ്രവേശനത്തിനായി കാത്തിരുന്ന അപേക്ഷകരുടെ വിഷയ/കോമ്പിനേഷൻ അടിസ്ഥാനത്തിൽ ആവശ്യമായി വരുന്ന ബാച്ചുകൾ കണക്കാക്കുകയും പ്രസ്തുത താലൂക്കുകളിൽ അടിസ്ഥാന സൗകര്യമുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ സർക്കാർ സ്കൂളുകൾക്ക് പ്രാമുഖ്യം നൽകി താൽക്കാലിക ബാച്ചുകൾ അനുവദിച്ചിട്ടുള്ളതുമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) താരതമ്യേന കൂടുതൽ കുട്ടികൾ പരീക്ഷ എഴുതി മികച്ച വിജയം നേടിയ ആദ്യ 25 സ്കൂളുകളിൽ എത്രയിടത്ത് ഹയർസെക്കൻഡറി അധിക ബാച്ച് അനുവദിച്ചുവെന്ന് വിശദമാക്കാമോ?

ഏഴ് സ്കൂളുകളിൽ അനുവദിച്ചിട്ടുണ്ട്. സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധം 2* ആയി ചേർക്കുന്നു.

(ഡി) എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ച കുട്ടികളുടെ എണ്ണവും ആ സ്കൂളിലേക്ക് പ്ലസ് വൺ അഡ്മിഷൻ ലഭിക്കുന്നതിന് വേണ്ടിയുള്ള അപേക്ഷകളുടെ എണ്ണവും പരിഗണിച്ചാണോ സ്കൂളുകളിൽ അധിക ബാച്ചുകൾ അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

താലൂക്കടിസ്ഥാനത്തിലുള്ള സീറ്റിന്റെ ലഭ്യതക്കുറവനുസരിച്ച് പ്രസ്തുത താലൂക്കിലെ അടിസ്ഥാന സൗകര്യമുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിലാണ് ബാച്ചുകൾ അനുവദിച്ചിട്ടുള്ളത്.

**തൊഴിലാളികൾക്ക് കംപ്ലെയിന്റ് മാനേജ്മെന്റ് മൊഡ്യൂൾ**

**27 (*117)** <u>ശ്രീ. പി. മമ്മിക്കുട്ടി:</u>
<u>ശ്രീ. പി. നന്ദകുമാർ:</u>
<u>ശ്രീ. എച്ച്. സലാം:</u>

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സേവനങ്ങളും ആനുകൂല്യങ്ങളും തൊഴിലാളികളിലേയ്ക്ക് എത്തിക്കാനും പരാതികളും തർക്കങ്ങളും പരിഹരിച്ച് തൊഴിലിടങ്ങളിൽ സൗഹാർദ്ദപരമായ അന്തരീക്ഷം നിലനിർത്തുന്നതിനും ആധുനിക വിവര സാങ്കേതികവിദ്യയുടെ സഹായത്താൽ വികസിപ്പിച്ചെടുത്ത സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. തൊഴിൽ വകുപ്പിൽ വിവര സാങ്കേതികവിദ്യയുടെ സഹായത്താൽ കംപ്ലെയിന്റ് മാനേജ്മെന്റ് മൊഡ്യൂളും തൊഴിൽ സേവാ ആപ്പും പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) എങ്കിൽ എന്തൊക്കെ കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്നും ഇതിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നതെന്നുമുള്ള വിശദാംശം നൽകാമോ?

സ്ഥാപന പരിശോധനയ്ക്കായി ലേബർ കമ്മീഷണറുടെ അനുമതിക്കുവേണ്ടി കംപ്ലെയിന്റ് മാനേജ്മെന്റ് മൊഡ്യൂളിലൂടെ സബ് ഓഫീസുകളിൽനിന്നും ലഭിക്കുന്ന അപേക്ഷകൾക്ക് അനുമതി നൽകുകയും തൊഴിൽ സേവാ ആപ്പ് മുഖേന ലഭിക്കുന്ന പരാതികൾക്ക് ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ മുഖേന പരിഹാരം നൽകുകയും ചെയ്യുന്നു.

**(സി) തൊഴിൽ സംബന്ധമായ പരാതികൾ നൽകുന്നതിനും പരിഹാരം കാണുന്നതിനുമായി ആവിഷ്കരിച്ച കംപ്ലെയിന്റ് മാനേജ്മെന്റ് മൊഡ്യൂൾ ഇതിനായി എത്രത്തോളം സഹായകരമായിട്ടുണ്ട്; വിശദാംശം നൽകാമോ?**

കംപ്ലയിന്റ് മാനേജ്മെന്റ് മൊഡ്യൂൾ മുഖേന ലഭിക്കുന്ന അപേക്ഷകൾക്ക് സ്ഥാപന പരിശോധനയ്ക്കായി അനുമതി നൽകുന്നതുവഴി തൊഴിലാളികളുടെ മിനിമം വേതനം ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

(ഡി) അസംഘടിത മേഖലയിലെ തൊഴിലാളികളുടെയും കുടിയേറ്റ തൊഴിലാളികളുടെയും രജിസ്ട്രേഷൻ ത്വരിതപ്പെടുത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എത്രപേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശം നൽകാമോ?

ഉണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളികളുടെ നാഷണൽ ഡാറ്റാ ബേസിന്റെ ഭാഗമായി കേന്ദ്ര തൊഴിൽ മന്ത്രാലയം വികസിപ്പിച്ചെടുത്തിട്ടുള്ള 'ഇ-ശ്രം' പോർട്ടൽ മുഖേന 5913632 തൊഴിലാളികൾ 09-08-2023 വരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. തൊഴിൽ മേഖല തിരിച്ചുള്ള വിവരവും തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അസംഘടിത തൊഴിലാളികളുടെ എണ്ണവും അനുബന്ധമായി* ചേർത്തിരിക്കുന്നു.

രജിസ്ട്രേഷൻ ത്വരിതപ്പെടുത്തുന്നതിനായി ക്യാമ്പ് സിറ്റിംഗ്, ഓൺലൈൻ രജിസ്ട്രേഷൻ, ട്രേഡ് യൂണിയൻ മീറ്റിംഗുകൾ എന്നിവ സംഘടിപ്പിച്ചുവരുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളത്തിൽ വിവിധ മേഖലകളിൽ ജോലി ചെയ്യുന്നതിനായി ഇതര സംസ്ഥാനങ്ങളിൽ നിന്നുമെത്തുന്ന കുടിയേറ്റ തൊഴിലാളികളുടെ രജിസ്ട്രേഷൻ, വിവരശേഖരണം, ആരോഗ്യ ഇൻഷ്വറൻസ് എന്നിവ ലക്ഷ്യമാക്കി ആവാസ് പദ്ധതി നടപ്പിലാക്കിവരുന്നു. 2017 നവംബർ 1-ന് ആവാസ് കാർഡ് വിതരണം ആരംഭിക്കുകയും 2022 ആഗസ്റ്റ് 31 വരെ ആകെ 516320 അതിഥിത്തൊഴിലാളികൾ രജിസ്ട്രേഷൻ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിലെ അംഗങ്ങളുടെ രജിസ്ട്രേഷൻ ത്വരിതപ്പെടുത്തുന്നതിനായി നിശ്ചിത ഇടവേളകളിൽ ക്യാമ്പ് സിറ്റിംഗുകൾ സംഘടിപ്പിക്കാറുണ്ട്. തൊഴിലാളി സംഘടനകളുടെ യോഗം സംഘടിപ്പിച്ച് വിവിധ ആനുകൂല്യങ്ങളെ സംബന്ധിച്ചും അംഗങ്ങളെ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ചും അറിയിപ്പുകൾ നൽകാറുണ്ട്. ഇതിൻപ്രകാരം അംഗങ്ങളുടെ എണ്ണത്തിൽ ക്രമാതീതമായ വർദ്ധനവുണ്ടാകുന്നുണ്ട്. നിലവിൽ 2073301 അംഗങ്ങൾ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിനാണ് കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയുടെ നടത്തിപ്പ് ചുമതല. 2010-ൽ ആരംഭിച്ച ടി പദ്ധതിയുടെ രജിസ്ട്രേഷൻ മന്ദഗതിയിലായിരുന്നതിനാൽ ഗസ്റ്റ് ആപ്പ് മുഖാന്തരം രജിസ്ട്രേഷൻ നടപടികൾ ത്വരിതപ്പെടുത്തിയിരുന്നു. അതിഥി തൊഴിലാളികളുടെ വാസസ്ഥലങ്ങളിലും തൊഴിലിടങ്ങളിലും ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർ നേരിട്ടുപോയി മൊബൈൽ ഫോൺ മുഖാന്തരം ഫോട്ടോയെടുത്ത് ഗസ്റ്റ് ആപ്പ് മുഖേന രജിസ്ട്രേഷൻ നടത്തുകയും തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് തൊഴിലാളികളുടെ വാട്സ്ആപ്പ് നമ്പറിൽത്തന്നെ ലഭ്യമാക്കുകയും ചെയ്യുന്ന സംവിധാനമാണ് ടി ആപ്പിലുള്ളത്. ഇതിലൂടെ 108503 അംഗങ്ങളെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ നേരിട്ടുള്ള രജിസ്ട്രേഷൻ വഴി രജിസ്റ്റർ ചെയ്ത അംഗങ്ങളെയും ചേർത്ത് ആകെ 164761 അംഗങ്ങളാണുള്ളത്. കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങളെക്കുറിച്ച് അതിഥി തൊഴിലാളികൾക്ക് ബോധവൽക്കരണം നടത്താറുണ്ട്.

**മുട്ടിൽ മരം മുറി കേസിൽ നടപടി**

**28 (*118)** **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:**
**ശ്രീ. എൻ. ഷംസുദ്ദീൻ:**
**ശ്രീ. മഞ്ഞളാംകുഴി അലി:**
**ശ്രീ. പി. ഉബൈദുള്ള:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) വയനാട് മുട്ടിൽ മരം മുറിച്ച് മാറ്റിയ സംഭവത്തിൽ നടപടി സ്വീകരിക്കുന്നതിൽ റവന്യൂ വകുപ്പ് അനാസ്ഥ കാട്ടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതുസംബന്ധിച്ച് വകുപ്പ് അന്വേഷിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഇല്ല. വൈത്തിരി താലൂക്കിലെ മുട്ടിൽ സൗത്ത് വില്ലേജിൽ അനധികൃതമായി മരം മുറിക്കുന്നതായി പരാതി ലഭിച്ചതിനെത്തുടർന്ന് ജില്ലയിൽ മുഴുവൻ പരിശോധന നടത്തുകയും അനധികൃത മരംമുറി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് വൈത്തിരി താലൂക്കിൽ 61 (മുട്ടിൽ സൗത്ത്-57, കണിയാമ്പറ്റ-1, തൃക്കൈപ്പറ്റ-2, അച്ചൂരാനം-1) കൈവശക്കാരുടെ പേരിലും സുൽത്താൻബത്തേരി താലൂക്കിൽ 14 പേരുടെയും (നൂൽപ്പുഴ-1, ചീരാൽ-1, അമ്പലവയൽ-1, പുല്പള്ളി-1, കൃഷ്ണഗിരി-6, നെന്മേനി-4) ഉൾപ്പെടെ

75 കൈവശക്കാരുടെ പേരിൽ കെ.എൽ.സി. നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അനധികൃതമായി മരങ്ങൾ മുറിച്ചതുമായി ബന്ധപ്പെട്ട് പോലീസിൽ പരാതി നൽകിയതുപ്രകാരം വിവിധ സ്റ്റേഷനുകളിലായി 9 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. (മേപ്പാടി പോലീസ് സ്റ്റേഷൻ- 2, മീനങ്ങാടി പോലീസ് സ്റ്റേഷൻ-5, സുൽത്താൻ ബത്തേരി പോലീസ് സ്റ്റേഷൻ-1, അമ്പലവയൽ പോലീസ് സ്റ്റേഷൻ-1). മൂന്ന് കേസിൽ പോലീസ് കുറ്റപത്രം സമർപ്പിക്കുകയും ബാക്കി കേസുകളിൽ അന്വേഷണം നടന്നുവരികയുമാണ്. മരംമുറിയുമായി ബന്ധപ്പെട്ട് വനം വകുപ്പ് 55 കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട്.

സർക്കാരിലേക്ക് നിർത്തിവച്ച മരങ്ങൾ സംരക്ഷിക്കുന്നതിനുള്ള വ്യക്തമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട തഹസിൽദാർമാർക്കും വില്ലേജ് ഓഫീസർമാർക്കും കൃത്യമായി നൽകിയിട്ടുണ്ട്. കൂടാതെ ഇത്തരത്തിലുള്ള അനധികൃത പ്രവർത്തനങ്ങൾക്കെതിരെ റവന്യൂ വകുപ്പ് തികഞ്ഞ ജാഗ്രത

പുലർത്തുന്നുണ്ട്. റവന്യൂ വകുപ്പിന്റെ ഭാഗത്തുനിന്നും യാതൊരു തരത്തിലുള്ള അനാസ്ഥയും ഉണ്ടായതായി കണ്ടെത്തിയിട്ടില്ലാത്തതാണ്.

(ബി) മരംമുറിയിൽ സർക്കാരിനുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

വയനാട് ജില്ലയിലുണ്ടായ അനധികൃത മരംമുറിയുമായി ബന്ധപ്പെട്ട് സർക്കാരിനുണ്ടായ നഷ്ടം കണ്ടെത്തുന്നതിന്റെ ഭാഗമായി മരങ്ങളുടെ വിലനിർണ്ണയം നടത്തുന്നതിന് വനം വകുപ്പിന് നിർദ്ദേശം നൽകിയിട്ടുള്ളതും തുടർന്ന് സുൽത്താൻ ബത്തേരി താലൂക്കിലെ 4 കേസുകളിലെയും വൈത്തിരി താലൂക്കിലെ 38 കേസുകളിലെയും മരങ്ങളുടെ വാല്യുവേഷൻ സംബന്ധിച്ച വിവരങ്ങൾ വനം വകുപ്പിൽനിന്നും ലഭ്യമാക്കുകയും എന്നാൽ വൈത്തിരി താലൂക്കിൽ ലഭ്യമായ 38 കേസുകളിൽ ഒരു കേസിൽ സ്ഥലമുടമയുടെ പേരുവിവരങ്ങൾ രേഖപ്പെടുത്താത്തതിനാലും ഒരു കേസിൽ മൂന്ന് കക്ഷികളുടെ പേരിലുള്ള മരങ്ങളുടെ വിവരങ്ങൾ ഒരുമിച്ച് രേഖപ്പെടുത്തിയതിനാൽ അവ കക്ഷികളുടെ പേര് തിരിച്ച് അവരുടെ കൈവശത്തിൽനിന്നും മുറിച്ച മരങ്ങളുടെ വിവരങ്ങൾ പ്രത്യേകം

നൽകണമെന്ന് കാണിച്ച് മേപ്പാടി റേഞ്ച് ഫോറസ്റ്റ് ഓഫീസറോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്.

വനം വകുപ്പ് കസ്റ്റഡിയിലെടുത്ത 54 മരക്കഷണങ്ങളുടെ ഉറവിടം ഇനിയും കണ്ടെത്താൻ സാധിക്കാത്തതിനാൽ ഭൂവുടമയുടെ വിവരങ്ങൾ ലഭ്യമല്ലെന്നും 11 കേസുകളിൽ മരങ്ങളുടെ തൊലി ചെത്തിയിട്ടില്ലാത്തതിനാലും പ്രത്യേകം ലോട്ട് തിരിക്കാത്തതിനാലും വില നിർണ്ണയിക്കുവാൻ സാധിച്ചിട്ടില്ലെന്നും ലോട്ടുകൾ തിരിക്കുന്നതിനും ചെത്തിയൊരുക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നതായും അതിനുശേഷം വിലനിർണ്ണയ റിപ്പോർട്ട് ലഭ്യമാക്കാമെന്നും മേപ്പാടി റേഞ്ച് ഓഫീസർ അറിയിച്ചിട്ടുണ്ട്.

വില നിർണ്ണയ സർട്ടിഫിക്കറ്റ് ലഭ്യമായ കേസുകളിൽ അപാകതയുള്ള രണ്ട് കേസുകൾ ഒഴിവാക്കിയാൽ ബാക്കിയുള്ള 40 കേസുകളിൽ സുൽത്താൻ ബത്തേരി താലൂക്കിൽ 13,23,970/- രൂപ, വൈത്തിരി താലൂക്കിൽ 2,49,06,693/- രൂപയുമുൾപ്പെടെ 2,62,30,663/- (രണ്ട് കോടി അറുപത്തിരണ്ട് ലക്ഷത്തി മുപ്പതിനായിരത്തി അറുന്നൂറ്റി അറുപത്തിമൂന്ന് രൂപ

മാത്രം) രൂപയുടെ കണക്കാണ് ലഭ്യമായിട്ടുള്ളത്. ബാക്കി ലഭ്യമാകാനുള്ള വില നിർണ്ണയ സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ അന്തിമ കണക്ക് വ്യക്തമാകുകയുള്ളൂ.

(സി) ഈ നഷ്ടം ഈടാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പതിവ് ഭൂമിയിൽനിന്നും അനധികൃതമായി മുറിച്ചതുമായി ബന്ധപ്പെട്ട് 1957-ലെ കേരള ഭൂസംരക്ഷണ നിയമം സെക്ഷൻ 10 പ്രകാരമുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. നിലവിൽ അനധികൃതമായി മരം മുറിച്ചതുമായി ബന്ധപ്പെട്ട് സ്ഥലം ഉടമകളെ കൂടാതെ നിയമലംഘന പ്രവൃത്തിയിൽ ഉൾപ്പെട്ടവരെന്ന് കണ്ടെത്തിയവരെയും ഉൾപ്പെടുത്തി പോലീസ് എടുത്തിരിക്കുന്ന കേസുകളിൽ ഉൾപ്പെട്ടവരുടെ വിവരങ്ങൾ ലഭ്യമാക്കി ഇവരെക്കൂടി ഉൾപ്പെടുത്തി കെ.എൽ.സി. ആക്ട് പ്രകാരമുള്ള നടപടി സ്വീകരിച്ച് പിഴ ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**സമൂഹവും വിദ്യാലയവും തമ്മിലുള്ള പാരസ്പര്യം ഊട്ടിയുറപ്പിക്കുന്നതിന് പദ്ധതി**

**29 (*119)** **ശ്രീ. കെ. എം. സച്ചിൻദേവ്:**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ:**

ശ്രീമതി ദെലീമ:

ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സമൂഹവും വിദ്യാലയവും തമ്മിലുള്ള പാരസ്പര്യം ഊട്ടിയുറപ്പിക്കുന്നതുവഴി സുസ്ഥിരമായ സാമൂഹിക നിർമ്മിതി ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രത്യേക പദ്ധതി സ്കൂളുകളിൽ ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ പ്രവർത്തനലക്ഷ്യം എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ പ്രസ്തുത പദ്ധതി നടപ്പാക്കി വരുന്നുണ്ട്; പദ്ധതി പ്രവർത്തനത്തിനായി മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; ഇതിനായി ബന്ധപ്പെട്ടവർക്ക് ആവശ്യമായ പരിശീലനം നൽകയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) പൊതുവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്ന പദ്ധതികൾ രൂപീകരിക്കുന്ന കാര്യത്തിലും ഫലപ്രദമായ

നിർവ്വഹണത്തിന്റെ മേഖലയിലും പിന്തുണാസംവിധാനങ്ങൾ ഒരുക്കുന്ന കാര്യത്തിലും വിദ്യാലയവും സമൂഹവും തമ്മിലുള്ള പരസ്പരബന്ധം ഊട്ടിയുറപ്പിക്കുന്നതിലും പൊതുവിദ്യാഭ്യാസ വകുപ്പ് നിതാന്ത ശ്രദ്ധ പുലർത്തുന്നുണ്ട്. ഇത്തരത്തിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

i) പൊതുവിദ്യാലയങ്ങളുടെ ഭൗതികവും അക്കാദമികവുമായ വികസനത്തിന് സമൂഹ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള വിവിധ നടപടികൾ നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം മിഷനും അതിന്റെ തുടർച്ചയായി വിദ്യാകിരണവും സ്വീകരിച്ചുവരുന്നു. മിഷനും പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള വിവിധ സ്ഥാപനങ്ങളും നടപ്പിലാക്കുന്ന പദ്ധതികളിൽ പലതും സമൂഹവും വിദ്യാലയവും തമ്മിലുള്ള പാരസ്പര്യം ഊട്ടിയുറപ്പിക്കുന്നതിനുതകുന്നവയാണ്.

ii) പൊതുസമൂഹത്തിന്റെ പിന്തുണയും സഹായവും നേടിയാണ് പല സ്കൂളുകളിലും സ്കൂൾ കെട്ടിടങ്ങൾ, മെച്ചപ്പെട്ട ക്ലാസ് മുറികൾ, കളിസ്ഥലങ്ങൾ, ലബോറട്ടറികൾ, സ്കൂൾ ലൈബ്രറികൾ, ആധുനിക രീതിയിലുള്ള അടുക്കള

സൗകര്യം തുടങ്ങിയവ നിർമ്മിച്ചിട്ടുള്ളത്. സ്കൂൾ പ്രവേശനോത്സവം, പഠനോത്സവം, സോഷ്യൽ ഇൻക്ലൂഷൻ പ്രോഗ്രാം, അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ സമൂഹ പങ്കാളിത്തത്തോടെയാണ് നടപ്പിലാക്കുന്നത്. എല്ലാ ജില്ലകളിലും നടന്നുവരുന്ന ലഹരി വിരുദ്ധ കാമ്പയിനുകളിലും പാഠ്യപദ്ധതി ജനകീയ ചർച്ചകളിലും സമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ളവരുടെയും പൊതുജനങ്ങളുടെയും സജീവമായ പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്. ഇത്തരം പദ്ധതികൾ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും നടപ്പിലാക്കുന്നതിനുള്ള നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത്. വിവിധ പദ്ധതികൾ സ്കൂളുകളിൽ നടപ്പിലാക്കുന്നതിന് പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ അധ്യാപകർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

iii) വിദ്യാഭ്യാസ അവകാശ നിയമം അനുശാസിക്കുംവിധം കേരളത്തിലെ എല്ലാ സർക്കാർ വിദ്യാലയങ്ങളിലും സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ജനപ്രതിനിധികളും സമൂഹത്തിലെ

വിദ്യാഭ്യാസ പ്രവർത്തകരും രക്ഷിതാക്കളും വിദ്യാർത്ഥികളും പ്രതിനിധികളായ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ വിദ്യാലയത്തിന്റെ സവിശേഷമായ ഒരു ജനകീയ ഘടകമാണ്. അധ്യാപക-രക്ഷകർതൃ സംഘടന വിദ്യാലയ സാമൂഹിക പാരസ്പര്യത്തിന്റെ മറ്റൊരു ഉദാഹരണമാണ്. കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനോടൊപ്പം സുരക്ഷിതവും സുഗമവുമായ വിദ്യാലയ അന്തരീക്ഷം നിലനിർത്തുന്നതിന് അധ്യാപക-രക്ഷകർതൃ സംഘടനയ്ക്ക് ഉത്തരവാദിത്വമുണ്ട്. സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികളും അധ്യാപക-രക്ഷകർതൃ സംഘടനകളും സുതാര്യമായ വിദ്യാലയ സംഘാടനം ഉറപ്പുവരുത്തുന്നു. സമൂഹവും വിദ്യാലയവും തമ്മിലുള്ള പാരസ്പര്യത്തിന് ഏറ്റവും വലിയ ഉദാഹരണമാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ വിജയം. ഇതിന്റെ ഫലമെന്നോണം പൊതുവിദ്യാഭ്യാസരംഗം ഇന്ന് മുന്നേറ്റത്തിന്റെ പാതയിലാണ്. തത്ഫലമായി പൊതുവിദ്യാലയങ്ങളോടുള്ള സമൂഹത്തിന്റെ മനോഭാവത്തിലുണ്ടായ അനുകൂലമായ മാറ്റം പൊതുവിദ്യാലയങ്ങളുടെ സ്വീകാര്യത വർദ്ധിപ്പിച്ചിട്ടുണ്ട്. പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനുവേണ്ടി

സ്വീകരിച്ച ജനകീയമായ രീതിശാസ്ത്രം വിദ്യാലയങ്ങളുടെയും സമൂഹത്തിന്റെയും പാരസ്പര്യത്തിന് മറ്റൊരു ഉദാഹരണമാണ്.

**പട്ടയ മിഷന്റെ പ്രവർത്തനം**

**30 (*120)** **ശ്രീ. മുരളി പെരുനെല്ലി:**
**ശ്രീ. പി. വി. ശ്രീനിജിൻ:**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പട്ടയ വിതരണ പദ്ധതികൾ ഉദ്ദേശ്യലക്ഷ്യം കൈവരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യവുമായി പ്രവർത്തിക്കുന്ന കേരളത്തിലെ റവന്യൂ വകുപ്പ് ഏറ്റവും പ്രാധാന്യത്തോടെ നടപ്പാക്കുന്ന കർമ്മ പദ്ധതിയാണ് പട്ടയ മിഷൻ. ഭൂരഹിതരില്ലാത്ത കേരളം സൃഷ്ടിക്കുക എന്നതാണ് പട്ടയമിഷൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്. മലയോര മേഖല, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, വിവിധ കോളനികളിൽ

താമസിക്കുന്നവർ എന്നിവർക്ക് അടിയന്തര പ്രാധാന്യത്തിൽ പട്ടയം നൽകുന്നതിനാണ് മിഷൻ രൂപീകരിച്ചിട്ടുള്ളത്. പട്ടയ വിതരണം ഊർജ്ജിതമാക്കുന്നതിനും സമയബന്ധിതമായി നടത്തുന്നതിനും വേണ്ടിയുള്ള പ്രവർത്തനം ഏകോപിപ്പിക്കാനും നിരീക്ഷിക്കാനും ആവശ്യമായ നിർദ്ദേശങ്ങൾ തത്സമയം നൽകാനുമാണ് പട്ടയ മിഷൻ ലക്ഷ്യം വയ്ക്കുന്നത്. കൂടാതെ മലയോര മേഖലകളിലെ പട്ടയ പ്രശ്നങ്ങൾ ക്രോഡീകരിച്ച് അവ പരിശോധിച്ചുവരുന്നതും പട്ടയം ലഭിക്കാത്ത കോളനികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിന് താലൂക്ക് - വില്ലേജ് തലത്തിൽ നടപടികൾ നടന്നുവരുന്നതുമാണ്.

(ബി) ഓരോ നൂറുദിന കർമ്മപദ്ധതികളിലും ലക്ഷ്യമിട്ടതും സാക്ഷാത്കരിച്ചതുമായ പട്ടയ വിതരണ വിശദാംശം അറിയിക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) പട്ടയ വിതരണത്തിന് നിയമതടസ്സമുൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക സംവിധാനങ്ങൾ ആവിഷ്കരിച്ചിരുന്നോ; വിശദമാക്കുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർക്കാർ ഭൂമിയിൽ വർഷങ്ങളായി വീടുവച്ച് താമസിച്ചും കൃഷി ചെയ്തും വരുന്ന ഭൂരഹിതരായവർക്ക് നിയമപ്രകാരം പട്ടയം നൽകുന്നതിന് തടസ്സങ്ങളുള്ള കൈവശങ്ങളുടെ വിശദാംശങ്ങൾ സംസ്ഥാനതലത്തിൽ ക്രോഡീകരിക്കുന്നതിനുള്ള ഓൺലൈൻ പോർട്ടലായ പട്ടയം ഡാഷ് ബോർഡ് പ്രവർത്തിച്ചുവരുന്നു. പട്ടയ വിതരണത്തിന് തടസ്സമായി നിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും ഓരോ വില്ലേജിലെയും ഭൂരഹിതരുടെ എണ്ണം, ഭൂമിയുടെ ലഭ്യത, പട്ടയ വിതരണത്തിനുള്ള തടസ്സം എന്നിവ കണ്ടെത്തി സൂക്ഷിക്കുന്നതിനും പട്ടയ ഡാഷ് ബോർഡിലൂടെ സാധിക്കുന്നു. ടി പോർട്ടലിൽ ലഭ്യമാക്കിയിട്ടുള്ള പട്ടയ പ്രശ്നങ്ങൾ സംസ്ഥാന തലത്തിൽ പരിശോധിച്ചശേഷം പരിഹരിക്കാവുന്നവയ്ക്ക് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർക്ക് ലാന്റ് റവന്യൂ കമ്മീഷണർ നൽകുന്നു. സർക്കാർ ഉത്തരവുകളിലൂടെയോ ചട്ട ഭേദഗതികളിലൂടെയോ പരിഹരിക്കേണ്ടവയ്ക്കും പരിഹാരം കാണുന്നതിനുള്ള നടപടിയും ഇതിന്റെ ഭാഗമായി സ്വീകരിക്കുന്നു.

(ഡി) പട്ടയ അപേക്ഷകൾ തീർപ്പാക്കുന്നതിന് ഒരു സ്റ്റാന്റേർഡ് ഓപ്പറേഷൻ പ്രൊസീജിയർ വികസിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിരുന്നോ; വിശദവിവരങ്ങൾ നൽകുമോ?

പട്ടയ മിഷന്റെ ഭാഗമായി സംസ്ഥാനത്തെ പട്ടയ പ്രശ്നങ്ങൾ തീർപ്പാക്കുന്നതിന് പ്രത്യേക മാർഗ്ഗരേഖ തയ്യാറാക്കി അതിന്റെയടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നടത്തുന്നതാണ്. വിതരണം നടത്താവുന്ന പട്ടയങ്ങളുടെ എണ്ണത്തിന്റെയടിസ്ഥാനത്തിൽ ടാർഗറ്റ് നിശ്ചയിച്ച് അതിന്റെ പുരോഗതി ജില്ലാ കളക്ടർമാരുമായി അവലോകനം നടത്തുകയും ലാന്റ് ട്രിബ്യൂണലുകളിൽ അവശേഷിക്കുന്ന LT പട്ടയങ്ങളുടെ അപേക്ഷകൾ തീർപ്പാക്കുന്നതിന് സംസ്ഥാന ലാൻഡ് ബോർഡിന്റെ നേതൃത്വത്തിൽ കർമ്മ പദ്ധതി തയ്യാറാക്കി നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്.

(ഇ) വ്യാജരേഖകളും വ്യാജപട്ടയങ്ങളും തടയാൻ കഴിയുംവിധം ഇ-പട്ടയങ്ങൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. നിലവിൽ സംസ്ഥാന ലാൻഡ് ബോർഡിന്റെ കീഴിൽ വരുന്ന ലാൻഡ് ട്രൈബ്യൂണൽ നൽകുന്ന ക്രയസർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ പട്ടയമായാണ് നൽകിവരുന്നത്. LA പട്ടയങ്ങൾ ഡിജിറ്റലായി നൽകുന്നതിന് സോഫ്റ്റ്‌വെയർ ചെയ്യുന്നതിനാവശ്യമായ മൊഡ്യൂൾ തയ്യാറാക്കുന്നതിനായി റവന്യൂ IT സെൽ മുഖേന നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(എഫ്) സംസ്ഥാനത്തെ എല്ലാ ഭൂരഹിതരെയും ഭൂഉടമകളാക്കുക എന്ന ലക്ഷ്യത്തോടെ ഒരു പട്ടയ മിഷൻ രൂപീകരിച്ചിട്ടുണ്ടോ; അതിന്റെ പ്രവർത്തനരീതി വിശദമാക്കാമോ?

"എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്" എന്ന ലക്ഷ്യവുമായി പ്രവർത്തിക്കുന്ന കേരളത്തിലെ റവന്യൂ വകുപ്പ് ഏറ്റവും പ്രാധാന്യത്തോടെ നടപ്പാക്കുന്ന കർമ്മ പദ്ധതിയാണ് പട്ടയ മിഷൻ. മലയോര മേഖലയിലുള്ളവർ, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, വിവിധ കോളനികളിൽ താമസിക്കുന്നവർ എന്നിവർക്ക് അടിയന്തര പ്രാധാന്യത്തോടെ പട്ടയം നൽകാനായി പട്ടയ മിഷൻ രൂപീകരിച്ചിട്ടുണ്ട്.

പട്ടയ വിതരണം ഊർജ്ജിതമാക്കുന്നതിനും സമയബന്ധിതമായി നടത്തുന്നതിനും വേണ്ടിയുള്ള പ്രവർത്തനം ഏകോപിപ്പിക്കാനും നിരീക്ഷിക്കാനും ആവശ്യമായ നിർദ്ദേശങ്ങൾ തത്സമയം നൽകാനുമാണ് പട്ടയമിഷൻ ലക്ഷ്യം വയ്ക്കുന്നത്. 19-04-2023-ലെ സ.ഉ. (കൈ) 87/2023/RD നമ്പർ സർക്കാർ ഉത്തരവുപ്രകാരം സംസ്ഥാനത്തെ പട്ടയ മിഷൻ ഔദ്യോഗികമായി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

**(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

**മാവേലിക്കര മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

**1 (1268)** <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത്, കെട്ടിടം, പാലങ്ങൾ, മെയിന്റനൻസ് വിഭാഗങ്ങൾ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുഖേന അനുവദിച്ചതും നടപ്പാക്കിയതുമായ പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ?

നിരത്ത് വിഭാഗം

ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത് വിഭാഗം മുഖേന അനുവദിച്ചതും നടപ്പാക്കിയതുമായ പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി+ ചേർക്കുന്നു.

പാലങ്ങൾ വിഭാഗം

**1. ചത്തിയറ പാലം**

11-10-2022-ന് 04/SEBRSC/ALP/2022-23 നമ്പർ ഉടമ്പടി പ്രകാരം മൻസൂർ എന്ന കരാറുകാരൻ നിർമ്മാണ പ്രവർത്തനം ഏറ്റെടുത്തു. കെ.എസ്.ഇ.ബി. വാട്ടർ അതോറിറ്റി ലൈനുകൾ മാറ്റി സ്ഥാപിച്ചാൽ ഉടൻതന്നെ പഴയ പാലം പൊളിച്ച് പുതിയ പാലം നിർമ്മാണം ആരംഭിക്കുന്നതാണ്.

**2. കൽകുളത്താൻ പാലം**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൽകുളത്താൻ പാലത്തിന്റെ പുനർനിർമ്മാണത്തിനായി 8-2-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 138/2022-പൊ.മ.വ. നമ്പർ പ്രകാരം 3.31 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭിച്ചു. ജി.എസ്.ടി. വർദ്ധനവ്, ഡിസൈനിലുണ്ടായ മാറ്റം എന്നിവമൂലം പുതുക്കിയ ഭരണാനുമതി ആവശ്യമായതിനാൽ 11-11-2022-ലെ CEPWD/14994/2020-AB2-BR നമ്പർ കത്തുപ്രകാരം ഇൻലാന്റ് നാവിഗേഷൻ ആൻഡ് കുട്ടനാട് പാക്കേജ് ചീഫ് എഞ്ചിനീയറുടെ നിർദ്ദേശപ്രകാരം പുനർനിർമ്മിക്കുന്ന പാലത്തിന് ജലനിരപ്പിൽ നിന്നും 4 മീറ്റർ ഉയരം ആവശ്യമാണ്. പുതുക്കിയ ഭരണാനുമതി സർക്കാരിൽനിന്നും ലഭിക്കാത്തതുമൂലം പാലത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ല.

**3. ദേവപുരയ്ക്കൽ പാലം**

ദേവപുരയ്ക്കൽ പാലത്തിന് 13-06-2021-ലെ സ.ഉ.(സാധാ) നം.138//2022/പൊ.മ.വ. പ്രകാരം 3.33 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭിച്ചു. ജി.എസ്.ടി. വർദ്ധനവുമൂലവും എസ്റ്റിമേറ്റിലുണ്ടായ വർദ്ധനവുമൂലവും പാലം നിർമ്മിക്കുന്നതിന് പുതുക്കിയ ഭരണാനുമതി

ആവശ്യമായതിനാൽ, ഈ കാര്യാലയത്തിലെ 23-11-2022-ലെ CEPWD/18604//2022-AB2-BR കത്തുപ്രകാരം പുതുക്കിയ ഭരണാനുമതിക്കായി സർക്കാരിൽ അപേക്ഷിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനായി 6(1) വിജ്ഞാപനത്തിനായി ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പുതുക്കിയ ഭരണാനുമതി ലഭിക്കാത്തതിനാൽ പാലം നിർമ്മാണത്തിൽ തുടർനടപടി സ്വീകരിക്കാൻ സാധിച്ചിട്ടില്ല.

കെട്ടിട വിഭാഗം

ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം മുഖേന അനുവദിച്ചതും നടപ്പാക്കിയതുമായ പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി+ ചേർക്കുന്നു.

കെ.ആർ.എഫ്.ബി. - പി.എം.യു.

ആലപ്പുഴ ജില്ലയിലെ മാവേലിക്കര മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടുകൂടി നടപ്പാക്കുന്നതിന് തത്വത്തിൽ ഭരണാനുമതി ലഭിച്ച

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തിയാണ് "പുതിയകാവ് പള്ളിക്കൽ റോഡ്. പ്രസ്തുത പ്രവൃത്തിക്ക് 19-09-2017-ലെ APR-1/76/2017/KIIFB ഉത്തരവുപ്രകാരം 18.15 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചു. തുടർന്ന് 29-11-2017-ന് സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ പൂർത്തിയാക്കി 18-04-2018-ലെ Agreement No.04/PWD 004-56/PD/PMU-KRFB/2018-19 പ്രകാരം കരാർ വച്ചു. 11.073 കി.മീ നീളമുള്ള പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തി 30-05-2022-ൽ പൂർത്തീകരിച്ചിട്ടുണ്ട്.

<u>നിരത്ത് പരിപാലന വിഭാഗം</u>

നിരത്ത് പരിപാലന വിഭാഗത്തിനുകീഴിൽ മാവേലിക്കര മണ്ഡലത്തിൽ റണ്ണിംഗ് കോൺട്രാക്ട് ക്ലസ്റ്റർ-1 (2021-22)-ൽ 2 പ്രവൃത്തികളിലായി 11 റോഡുകളിൽ 30.50 കി.മീ. ദൂരം പരിപാലന പ്രവൃത്തികളിൽ ഉൾപ്പെടുത്തി അറ്റകുറ്റപ്പണികൾ നടപ്പാക്കിയിട്ടുള്ളതാണ്. നിലവിൽ പാച്ച് വർക്ക് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും പ്രീമൺസൂൺ പ്രവൃത്തികൾ പുരോഗതിയിലുമാണ്. കൂടാതെ റണ്ണിംഗ് കോൺട്രാക്ട് (2023-24)-ൽ 4 പ്രവൃത്തികളിലായി 10 റോഡുകളുടെ 31.50 കി.മീ. ദൂരം പരിപാലന

പ്രവൃത്തികൾക്കായി ഭരണാനുമതി ലഭ്യമായിട്ടുള്ളതുമാണ്. ടി പ്രവൃത്തികൾ ടെൻഡർ ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു.

ഡിസൈൻ

1. മാവേലിക്കര എക്സൈസ് കോംപ്ലക്സ് നിർമ്മാണം - പ്രസ്തുത പ്രവൃത്തിയുടെ Sub Structure Drawing 05-07-2023-ൽ നൽകിയിട്ടുണ്ട്.

2. മാവേലിക്കര കോർട്ട് കോംപ്ലക്സ് നിർമ്മാണം - പ്രസ്തുത പ്രവൃത്തിയുടെ Tentative Drawing 05-04-2023-ന് സമർപ്പിച്ചിട്ടുണ്ട്. ടെൻഡർ വിവരങ്ങൾ 24-07-2023-നാണ് അറിയിപ്പ് കിട്ടിയത്. ആയത് അനുസരിച്ച് Detailed Design തയ്യാറാക്കി വരുന്നു.

3. മാവേലിക്കര രാജാ രവിവർമ്മ ഫൈൻ ആർട്സ് കോളേജിലെ പുതിയ അക്കാഡമിക് ബ്ലോക്ക് നിർമ്മാണം - പ്രസ്തുത പ്രവൃത്തിയുടെ Tentative Drawing 03-02-2022-ന് നൽകിയിട്ടുണ്ട്. കെട്ടിട വിഭാഗത്തിൽനിന്നും ടെൻഡർ നടപടികളുടെ വിവരങ്ങൾ നൽകുന്ന മുറയ്ക്ക് Detailed Design നൽകുന്നതാണ്.

4. മാവേലിക്കര താലൂക്ക് ഓഫീസ് നിർമ്മാണം - പ്രസ്തുത പ്രവൃത്തിയുടെ Sub Structure Drawing 19-05-2023-ന് നൽകിയിട്ടുണ്ട്. കെട്ടിടത്തിന്റെ ഒന്നാം നിലയുടെയും രണ്ടാം നിലയുടെയും ഡിസൈൻ പുരോഗമിച്ചുവരുന്നു.

5. മാവേലിക്കര ഗവ. ആയുർവേദ ഹോസ്പിറ്റൽ നിർമ്മാണം - സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട്, ഭരണാനുമതി, ഫീസിബിലിറ്റി റിപ്പോർട്ട് കെട്ടിട വിഭാഗത്തിൽനിന്നും ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

6. മാവേലിക്കര കുടശ്ശനാട ഗവ. എസ്.വി.എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണം - പ്രസ്തുത പ്രവൃത്തിയുടെ Tentative Drawing 01-03-2023-ന് നൽകിയിട്ടുണ്ട്. കെട്ടിട വിഭാഗത്തിൽനിന്നും ടെൻഡർ നടപടികളുടെ വിവരങ്ങൾ നൽകുന്ന മുറയ്ക്ക് Detailed Design നൽകുന്നതാണ്.

7. ആലപ്പുഴ വള്ളിക്കുന്നം, ഇലിപ്പിക്കുളം കെ.കെ.എം. ഗവ. വി.എച്ച്.എസ്.എസ്.-ലെ യു.പി. വിഭാഗത്തിനുള്ള കെട്ടിട നിർമ്മാണം - പ്രസ്തുത പ്രവൃത്തിയുടെ Architectural Drawing (G+2-floors — 1692 sq.m.) 02-06-2023-ന് ഇ-ഓഫീസ് മുഖേന ലഭ്യമായിട്ടുണ്ട്. 12-06-2023-ന്

ഫീസിബിലിറ്റി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ആർ.ബി.ഡി.സി.കെ.**

കല്ലുമല റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 19-04-2018-ലെ ജി.ഒ. (ആർ.റ്റി) നം. 718/2018/PWD ഉത്തരവുപ്രകാരം ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി നിയമിക്കുകയും ചെയ്തു. വിശദമായ പഠനങ്ങൾക്കുശേഷം തയ്യാറാക്കിയ ഡി.പി.ആർ. ആർ.ബി.ഡി.സി.കെ. കിഫ്ബിയിൽ അപ്ലോഡ് ചെയ്യുകയും 09-08-2020-ലെ PWD-011-15/APR-5/2020 കിഫ്ബി ഉത്തരവുപ്രകാരം 38.22 കോടി രൂപയ്ക്ക് അംഗീകാരം ലഭിക്കുകയും ചെയ്തു. റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണത്തിന് റെയിൽവേയിൽ നിന്നുള്ള ജി.എ.ഡി. അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പൊന്നുംവില നടപടികളുടെ ഭാഗമായി 11(1) നോട്ടിഫിക്കേഷൻ 15-03-2023-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പുനരധിവാസ

പാക്കേജ് തയ്യാറാക്കുന്നതിനുള്ള പബ്ലിക് ഹിയറിംഗ് 16-06-2023-ന് പൂർത്തിയായിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള സർവ്വേ നടപടികൾ പൂർത്തികരിച്ചിട്ടുണ്ട്. സ്ഥല വില ജില്ലാകളക്ടർ അംഗീകരിച്ചിട്ടുണ്ട്. നിർമ്മിതികളുടെ വില നിർണ്ണയം പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം പൂർത്തികരിച്ചുവരുന്നു.

**പൊതുമരാമത്ത് റസ്റ്റ് ഹൗസുകളുടെ വാടക**

**2 (1269)** **ശ്രീ. ഡി. കെ. മുരളി:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റസ്റ്റ് ഹൗസുകളുടെ വാടകയിനത്തിൽ 2020-21, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ ലഭിച്ച തുക എത്രയാണെന്ന് വർഷം തിരിച്ച് അറിയിക്കാമോ?

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റസ്റ്റ് ഹൗസുകളുടെ വാടകയിനത്തിൽ 2020-21, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ ലഭിച്ച തുക ചുവടെ ചേർക്കുന്നു.

2020-21 – ₹ 1,00,51,210.00

2021-22 – ₹ 2,56,40,483.00

2022-23 – ₹ 4,81,91,172.00

(ബി) റസ്റ്റ് ഹൗസുകൾ പൊതുജനങ്ങൾക്കുകൂടി വാടകയ്ക്ക് നൽകിയതിനുശേഷം വാടകയിനത്തിൽ എത്ര ശതമാനം വരുമാന വർദ്ധനവുണ്ടായിട്ടുണ്ട്; വിശദമാക്കാമോ?

റസ്റ്റ് ഹൗസുകൾ പൊതുജനങ്ങൾക്കുകൂടി വാടകയ്ക്ക് നൽകിയതിനുശേഷം 25 മുതൽ 60 ശതമാനംവരെ വരുമാന വർദ്ധനവുണ്ടായിട്ടുണ്ട്.

**തിരൂർ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

3 (1270) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ മണ്ഡലത്തിൽ നടന്നുവരുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

<u>പാലങ്ങൾ വിഭാഗം</u>

ബഡ്ജറ്റ് 2021-22 മലപ്പുറം ജില്ലയിൽ തിരൂർ നിയോജക മണ്ഡലത്തിലെ സമാന്തര ടൗൺ ROB-യുടെ അപ്രോച്ച് റോഡ് നിർമ്മാണം. പ്രവൃത്തിയിലുള്ള കോൺക്രീറ്റ് ബോക്സ് സ്ട്രക്ചറുകൾ, റീട്ടെയ്നിംഗ് വാളുകൾ, അപ്രോച്ച് സ്ലാബുകൾ എന്നിവയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ 82 ശതമാനം പൂർത്തിയാക്കിയിട്ടുണ്ട്. അപ്രോച്ച് റോഡുകൾക്ക് BM/BC സർഫേസിംഗ്, റോഡ് സേഫ്റ്റി പ്രവൃത്തികൾ തുടങ്ങിയവയാണ് ഇനി പൂർത്തിയാക്കാനുള്ളത്. കരാർ ഉടമ്പടിപ്രകാരം 07-11-2023 ആണ് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി.

<u>കെട്ടിട വിഭാഗം</u>

തിരൂർ മണ്ഡലത്തിൽ നടന്നുവരുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

<u>കെ.ആർ.എഫ്.ബി. - പി.എം.യു.</u>

തിരൂർ മണ്ഡലത്തിൽ നടന്നുവരുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

<u>ആർ.ബി.ഡി.സി.കെ.</u>

തിരൂർ മണ്ഡലത്തിൽ റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന്റെ കീഴിലുള്ള ഏക പ്രവൃത്തിയാണ് തിരുനാവായ തവനൂർ പുഴപ്പാലം.

തിരുനാവായ തവനൂർ പുഴപ്പാലത്തിന്റെ നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 16-01-2017-ലെ G.O.(Rt) No. 73/2017/PWD TVM സർക്കാർ ഉത്തരവ് പ്രകാരം ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി നിയമിച്ചു. പദ്ധതിയുടെ ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കിയശേഷം പദ്ധതി നിർമ്മാണത്തിന് ഡിസൈൻ ഉൾപ്പെടെ ടെൻഡർ ക്ഷണിച്ചു. ഇതിൽ ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ M/s. ULCCS എന്ന കമ്പനിയുമായി 20-04-2023-ന് ഒപ്പിട്ടുകയും 28-04-2023-ന് Notice to Proceed നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്ക് 3 മാസം ഡിസൈൻ ചെയ്യുന്നതിനും 18 മാസം നിർമ്മാണത്തിനുമായി ആകെ 21 മാസമാണ് നിർമ്മാണ കാലാവധി. പദ്ധതിയുടെ ഡിസൈൻ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

<u>നിരത്ത് വിഭാഗം</u>

തിരൂർ മണ്ഡലത്തിൽ നടന്നുവരുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

<u>ദേശീയപാത വിഭാഗം</u>

തിരൂർ മണ്ഡലത്തിലെ പൊന്മുണ്ടം ബൈപ്പാസ് RoB-യിലേയ്ക്കുള്ള അപ്രോച്ച് പാലത്തിന്റെ നിർമ്മാണത്തിന് CRIF സേതുബന്ധൻ പദ്ധതിക്കു കീഴിൽ 33 കോടി രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി അവശേഷിക്കുന്ന റോഡുകളുടെയും നിർമ്മാണം നടത്തേണ്ട പാലങ്ങളുടെയും വിവരങ്ങൾ ലഭ്യമാക്കാമോ?

<u>ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തേണ്ട റോഡുകളുടെ വിവരങ്ങൾ</u>

1. ആലിൻ ചുവട് - തേവർകടപ്പുറം-വാക്കാട് റോഡ് (0/000-4/000) 4 കി.മീ.

2. ചോറ്റൂർ-മാട്ടുമ്മൽ-ഹൈസ്കൂൾ-വെട്ടിച്ചിറ റോഡ് (0/000-2/400)2.40 കി.മീ.

3. മാങ്ങാട്ടിരി പൂക്കൈത- പുല്ലൂന്നി റോഡ് (0/000-1/500) 1.50 കി.മീ.

4. വെട്ടിച്ചിറ- പുന്നത്തല- മുഴങ്ങാണി റോഡ് (0/000 -3/200) 3.20 കി.മീ.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പൂഞ്ഞാർ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

4 (1271) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലെ സർക്കാർ അധികാരമേറ്റശേഷം പൂഞ്ഞാർ മണ്ഡലത്തിൽ പൊതുമരാമത്തുവകുപ്പ് കെട്ടിടം, നിരത്ത്, പാലങ്ങൾ, മെയിന്റനൻസ് വിഭാഗങ്ങൾ എന്നിവയ്ക്ക് അനുവദിച്ച പ്രവൃത്തികളുടെയും തുകകളുടെയും വിശദവിവരം ലഭ്യമാക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിവരം വിശദമാക്കുമോ?

കെ.ആർ.എഫ്.ബി.-പി.എം.യു.

പൂഞ്ഞാർ മണ്ഡലത്തിൽ കെ.ആർ.എഫ്.ബി.–പി.എം.യു.-ന്റെ കീഴിൽ മലയോര ഹൈവേയുമായി ബന്ധപ്പെട്ട് പ്ലാച്ചേരി–കരിങ്കൽമൂഴി പാതയുടെ നിർമ്മാണമാണുള്ളത്. ഈ പദ്ധതിക്ക് G.O.(Rt) No 942/2017/PWD നമ്പർ പ്രകാരം 10-07-2017-ന്, 3500 കോടി രൂപയുടെ (മലയോര ഹൈവേയുടെ മൊത്തത്തിലുള്ള തുക) തത്വത്തിൽ ഭരണാനുമതിയും PWD013-30/APR

-2/2022/KIIFB നമ്പർ പ്രകാരം 20-03-2022-ൽ 31.2 കോടി രൂപയുടെ സാമ്പത്തികാനുമതിയും PWD/KR/EST-TS/3771/2022-5-1 നമ്പർ പ്രകാരം 34.6 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകി ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ രാജീവ്മാത്യു & കമ്പനി എന്ന കമ്പനിക്ക് കരാർ അംഗീകരിക്കുകയും ചെയ്തു. എന്നാൽ ടി പ്രവൃത്തിക്ക് കിഫ്ബിയിൽ സമർപ്പിച്ച പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ് (PED) അംഗീകാരം ലഭിക്കാത്തതിനാൽ ലെറ്റർ ഓഫ് അക്സപ്റ്റൻസ് (LoA) നമ്പർ അനുവദിച്ചുകിട്ടാത്തതിനാൽ കരാറുകാരനുമായി കരാറിലേർപ്പെടാൻ കഴിഞ്ഞില്ല. ഡിസൈൻ വിംഗിലെ ഹൈവേ ഡിസൈൻ യൂണിറ്റ് (HDU) വിഭാഗത്തിൽനിന്ന് തയ്യാറാക്കിയ PED നിലവിൽ പുനഃസമർപ്പിക്കുന്നതിനുവേണ്ടി സെന്റർ ഫോർ ഡെവലപ്മെന്റ് മാനേജ്മെന്റ് സെന്ററിൽ (CMD) മുഖേന സർവ്വേ നടപടികൾ പുരോഗമിക്കുന്നു. പ്രസ്തുത PED കിഫ്ബി അംഗീകരിച്ച് ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

<u>പാലങ്ങൾ വിഭാഗം</u>

പൂഞ്ഞാർ മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിന് കീഴിലുള്ള പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

കെട്ടിട വിഭാഗം

പൂഞ്ഞാർ മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പ് കെട്ടിടങ്ങൾ വിഭാഗത്തിന് അനുവദിച്ച പ്രവൃത്തികളുടെയും തുകകളുടെയും വിശദവിവരവും പ്രവൃത്തികളുടെ നിലവിലെ സ്ഥിതിവിവരവും അനുബന്ധമായി+ ചേർക്കുന്നു.

നിരത്ത് വിഭാഗം

പൂഞ്ഞാർ മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിൽ അനുവദിച്ച പ്രവൃത്തികളുടെയും ടി പ്രവൃത്തികളുടെ തുക സംബന്ധിച്ച വിശദവിവരവും അനുബന്ധമായി+ ചേർക്കുന്നു.

ഡിസൈൻ വിഭാഗം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിന് കീഴിൽ പൂഞ്ഞാർ മണ്ഡലത്തിലെ തീക്കോയി ടെക്നിക്കൽ ഹൈസ്കൂൾ പുതിയ കെട്ടിട നിർമ്മാണത്തിന്റെ പ്രവൃത്തി മാത്രമാണുള്ളത്. പ്രസ്തുത പ്രവൃത്തിയുടെ രണ്ടാം നിലയുടെ അംഗീകരിച്ച ഡ്രോയിംഗ് 03-05-2023-ന് സമർപ്പിച്ചിട്ടുണ്ട്. മൂന്നാം നിലയുടെ ഡിസൈൻ പുരോഗമിച്ചുവരുന്നു.

നിരത്ത് പരിപാലന വിഭാഗം

“GENERAL RM-2021-2022 CLUSTER-1 ONE YEAR RUNNING CONTRACT FOR VARIOUS PWD ROADS UNDER ROADS SECTION ERATTUPETTA IN KOTTAYAM DISTRICT, 9 ROAD STRETCHES FOR A TOTAL LENGTH OF 31.25 Km." എന്ന പ്രവൃത്തിയിൽ പാലാ പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട വിവിധ റോഡുകൾക്കായി 70.40 ലക്ഷം രൂപ ഭരണാനുമതി ലഭിക്കുകയും അതേ തുകയ്ക്ക് സാങ്കേതികാനുമതി നൽകി ടെൻഡർ ചെയ്ത് പണി പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

2023-2024 റണ്ണിംഗ് കോൺട്രാക്റ്റ് cluster 1- പാലാ പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ വിവിധ PWD റോഡുകൾക്കായി (4 ROADS) Zone-

1-ൽ ഉൾപ്പെടുത്തി 9.30 കി.മീ. റോഡ് പാച്ച്‌വർക്ക് ചെയ്യുന്നതിനായി 6.40 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. സാങ്കേതികാനുമതി നൽകി ടെൻഡർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 2023-2024 റണ്ണിംഗ് കോൺട്രാക്റ്റ് cluster 1- പാലാ പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ വിവിധ PWD റോഡുകൾക്കായി (3 ROADS)-ൽ zone-2-ൽ ഉൾപ്പെടുത്തി 9.95 കി.മീ. റോഡ് പാച്ച്‌വർക്ക് ചെയ്യുന്നതിനായി 64.70 ലക്ഷം രൂപ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെൻഡർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കുണ്ടറ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി**

**5 (1272)** <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടറ മണ്ഡലത്തിലെ കെട്ടിടങ്ങളും പാലങ്ങളും ഉൾപ്പടെയുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

കുണ്ടറ മണ്ഡലത്തിലെ നിരത്ത് വിഭാഗത്തിന്റെ പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

<u>നിരത്ത് പരിപാലന വിഭാഗം</u>

2021-22 സാമ്പത്തിക വർഷത്തിൽ 24-11-2021-ലെ ജി.ഒ.(ആർ.റ്റി) നം.1034/2021/പൊ.മ.വ. പ്രകാരം റണ്ണിംഗ് കോൺട്രാക്റ്റിൽ ഉൾപ്പെടുത്തി 3.50 കി.മീ. നീളത്തിൽ 5 റോഡുകൾക്കായി 33 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും ടി പ്രവൃത്തി 2023 ഫെബ്രുവരിയിൽ പൂർത്തീകരിച്ച് ബിൽ സമർപ്പിച്ചിട്ടുള്ളതുമാണ്.

2023-24 സാമ്പത്തിക വർഷത്തിൽ 14-07-2023-ലെ ജി.ഒ.(ആർ.റ്റി) നം.970/2023/പൊ.മ.വ. പ്രകാരം റണ്ണിംഗ് കോൺട്രാക്റ്റിൽ ഉൾപ്പെടുത്തി 3.50 കി.മീ. നീളത്തിൽ 5 റോഡുകൾക്കായി 16.40 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്.

<u>കെട്ടിട വിഭാഗം</u>

കുണ്ടറ മണ്ഡലത്തിലെ പൊതുമരാമത്ത് കെട്ടിട വിഭാഗവുമായി ബന്ധപ്പെട്ട് പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിശദാംശം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

കെ.ആർ.എഫ്.ബി. - പി.എം.യു.

കുണ്ടറ മണ്ഡലത്തിലെ കെ.ആർ.എഫ്.ബി.-പി.എം.യു.-മായി ബന്ധപ്പെട്ട പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിശദാംശം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

**ക്ലിഫ് ഹൗസിലെ നിർമ്മാണ പ്രവർത്തനങ്ങൾ**

**6 (1273)** ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് ക്ലിഫ് ഹൗസിൽ നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഏതൊക്കെയാണ്; ഓരോ പ്രവൃത്തിയ്ക്കും എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഏത് ഏജൻസിയാണ് നിർമ്മാണം നടത്തിയതെന്നും ഏതൊക്കെ ഇനങ്ങളിലാണ് തുക ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ?

(എ&ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ക്ലിഫ് ഹൗസിൽ നടത്തിയിട്ടുള്ള സിവിൽ പ്രവൃത്തികൾ അനുബന്ധമായി+ ചേർക്കുന്നു.

**കുന്നത്തുനാട് മണ്ഡലത്തിലെ പ്രവൃത്തികൾ**

**7 (1274)** <u>ശ്രീ. പി. വി. ശ്രീനിജിൻ</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 മുതൽ 2023-24 വരെയുള്ള വർഷങ്ങളിൽ 20% തുക ബഡ്ജറ്റ് പ്രൊവിഷൻ ലഭിച്ച കുന്നത്തുനാട് മണ്ഡലത്തിലെ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഇവയിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്നും ഭരണാനുമതി നൽകാൻ വൈകുന്നതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾക്ക് അടിയന്തരമായി ഭരണാനുമതി ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ-ഡി) കെട്ടിട വിഭാഗം: 2023-24 വരെയുള്ള വർഷങ്ങളിൽ കുന്നത്തുനാട് മണ്ഡലത്തിൽ 20% തുക ബഡ്ജറ്റ് പ്രൊവിഷൻ ലഭിച്ച പ്രവൃത്തികൾ താഴെ ചേർക്കുന്നു.

1. Construction of new building for Government HSS Mudical.

2. Construction of new building for Family Health Centre at Kumarapuram.

2023-24 വരെയുള്ള കുന്നത്തുനാട് മണ്ഡലത്തിൽ 20% തുക ബഡ്ജറ്റ് പ്രൊവിഷൻ ലഭിച്ച മുകളിൽ ചേർത്ത പ്രവൃത്തികൾക്ക് ഉദ്ദേശിക്കുന്ന സ്ഥലത്ത് പഴയ കെട്ടിടം നിലനിൽക്കുന്നതിനാൽ അവ തദ്ദേശ സ്വയംഭരണ വകുപ്പ് മാറ്റിനൽകാമെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്. തടസ്സരഹിത സ്ഥലം

ലഭ്യമാകുന്ന മുറയ്ക്ക് പുതിയ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് സമർപ്പിച്ച് ഭരണാനുമതി ലഭ്യമാക്കുന്നതാണ്.

നിരത്തുകൾ വിഭാഗം

നിരത്ത് വിഭാഗത്തിന്റെ അധീനതയിൽ അഞ്ച് പ്രവൃത്തികൾക്കാണ് 20% ബഡ്ജറ്റ് പ്രൊവിഷൻ ലഭിച്ചത്. വിശദവിവരം അനുബന്ധമായി+ ചേർക്കുന്നു. ഇതിൽ എല്ലാ പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

## ധനകാര്യ അനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിക്കാത്ത പൊതുമരാമത്ത് പ്രവൃത്തികൾ

**8 (1275)** ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റിൽ ഫണ്ട് അനുവദിച്ചിട്ടും ധനകാര്യ അനുമതിക്കായി കിഫ്ബിയിൽ എസ്റ്റിമേറ്റ് സമർപ്പിക്കാത്ത എത്ര പൊതുമരാമത്ത് പ്രവൃത്തികളാണ് പാലക്കാട് ജില്ലയിൽ നിലവിലുള്ളതെന്ന് വിശദമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ആയതിന് കാലതാമസം നേരിട്ടതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളുടെ തുടർ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

(എ-സി) 1. കട്ട് ആൻഡ് കവർ ഐ.എം.എ. ജംഗ്ഷൻ - മലമ്പുഴ കനാൽ സിവിൽ സ്റ്റേഷൻ റോഡ് നിർമ്മാണം - പ്രസ്തുത പ്രവൃത്തിക്ക് 10-07-2017-ലെ G.O.(Rt) No.942/2017/PWD ഉത്തരവ് പ്രകാരം 22 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ചു. പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് ചീഫ് എഞ്ചിനീയർ ഡിസൈൻ വിഭാഗത്തിന് 23-10-2021-ൽ കത്ത് നൽകി. പ്രസ്തുത റോഡ് പാലക്കാട് മുനിസിപ്പാലിറ്റിയുടെ മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ടതിനാൽ അംഗീകരിച്ച മാസ്റ്റർ പ്ലാനും ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ NOC-യും ചീഫ് എഞ്ചിനീയർ ഡിസൈൻ വിഭാഗം 19-01-2022-ൽ ആവശ്യപ്പെട്ടിരുന്നു. ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ NOC 03-02-2022-ൽ ചീഫ് എഞ്ചിനീയർ ഡിസൈനിന് നൽകി. 11-10-2022-ൽ പാലക്കാട് ടൗൺ പ്ലാനിംഗ്

ഓഫീസിൽ നടന്ന മീറ്റിംഗിൽ പാലക്കാട് മുനിസിപ്പാലിറ്റിയുടെ അമൃത് മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട IMA ജംഗ്ഷൻ ഡെവലപ്മെന്റിന്റെ രൂപകൽപ്പന ടൗൺ പ്ലാനർ ഓഫീസർ അവതരിപ്പിക്കുകയും അതുപ്രകാരം ഡി.പി.ആർ. പുതുക്കാൻ തീരുമാനിക്കുകയും ചെയ്തു. അതിനുള്ള നിർദ്ദേശം 19-11-2022-ൽ ചീഫ് എഞ്ചിനീയർ ഡിസൈൻ നൽകി. 12-06-2023-ൽ പി.ഡബ്ല്യു.ഡി. റോഡ്സ്, കെ.ആർ.എഫ്.ബി., പി.ഡബ്ല്യു.ഡി. ഡിസൈൻ, ടൗൺ പ്ലാനിംഗ് ആൻഡ് മുൻസിപ്പാലിറ്റി എന്നീ വിഭാഗങ്ങളിലെ ഉദ്യോഗസ്ഥർ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ സാന്നിധ്യത്തിൽ സംയുക്ത സ്ഥലപരിശോധന നടത്തി, ചിറ്റൂർ റോഡ് മുതൽ സിവിൽ സ്റ്റേഷൻ റോഡ് വരെയുള്ള ബൈപാസ്സ് റോഡുകൂടി ഉൾപ്പെടുത്തി പ്രസ്തുത റോഡിന്റെ ഡി.പി.ആർ. പുതുക്കാൻ തീരുമാനിച്ചു. അതിന് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ ചെയ്യേണ്ടതുണ്ടെന്ന് 05-07-2023-ൽ ചീഫ് എഞ്ചിനീയർ ഡിസൈൻ അറിയിച്ചതിനെത്തുടർന്ന് 26-07-2023-ൽ ആവശ്യമായ ഇൻവെസ്റ്റിഗേഷൻ നടത്തി ഡി.പി.ആർ. പുതുക്കാനുള്ള നിർദ്ദേശം ചീഫ് എഞ്ചിനീയർ ഡിസൈനിന് നൽകിയിട്ടുണ്ട്. അഡീഷണൽ

ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയാക്കി എത്രയുംവേഗം ഡി.പി.ആർ. കിഫ്ബിയുടെ സാമ്പത്തികാനുമതിക്കായി സമർപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

2. എൽ.ബി. കനാൽ അക്യുഡക്റ്റ് - പുഴപ്പാലം ബ്രിഡ്ജ് അപ്രോച്ച് റോഡ് നിർമ്മാണം - പ്രസ്തുത പ്രവൃത്തിക്ക് 10-07-2017-ലെ G.O.(Rt) No.942/2017/PWD ഉത്തരവ് പ്രകാരം 25 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ചു. പ്രസ്തുത പ്രവൃത്തിയുടെ Ch 0/00 മുതൽ Ch 01/200 വരെയുള്ള പ്ലാൻ ആൻഡ് പ്രൊഫൈൽ ഡ്രോയിംഗ് ചീഫ് എഞ്ചിനീയർ ഡിസൈൻ വിഭാഗം 08-07-2022-ൽ നൽകി. അത് സൈറ്റിൽ പ്രായോഗികമല്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തി കിഫ്ബി മാനദണ്ഡത്തോടുകൂടി Ch 0/940 വരെ ചെയ്ത കണക്കുവളപ്പ്-കണ്ണംകുളം പാലത്തിന്റെ അപ്രോച്ച് റോഡായി ബന്ധിപ്പിക്കുന്ന രീതിയിൽ പ്രവൃത്തി പുനഃക്രമീകരിക്കാമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ KRFB PMU പാലക്കാട് റിപ്പോർട്ട് നൽകിയിട്ടുണ്ട്. അത് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

കിഫ്ബിയെ 09-07-2023-ലെ കത്ത് നമ്പർ PD KRFB-TSR/14/2023-PE7 മുഖാന്തരം അറിയിച്ചിട്ടുണ്ട്.

3. വാണിയംകുളം മണ്ണന്നൂർ റെയിൽവേ സ്റ്റേഷൻ ചെറുവത്തൂർ മാണിശ്ശേരി റോഡ് നവീകരണം - പ്രസ്തുത പ്രവൃത്തിക്ക് 10-07-2017-ലെ G.O. (Rt) No.942/2017/PWD ഉത്തരവുപ്രകാരം 20 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ചു. പൊതുമരാമത്ത് വകുപ്പ് മുഖേന പ്രവൃത്തി നിർവഹിക്കുന്നതിനാൽ കിഫ്ബിയുടെ ഉപേക്ഷിക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

4. ഷൊർണ്ണൂർ കൃഷ്ണപടി ഷൊർണ്ണൂർ റോഡ് നവീകരണം - പ്രസ്തുത പ്രവൃത്തിക്ക് 01-11-2016-ലെ G.O.(Rt) 1502/2016/PWD ഉത്തരവുപ്രകാരം 15 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ചു. പൊതുമരാമത്ത് വകുപ്പ് മുഖേന പ്രവൃത്തി നിർവ്വഹിക്കുന്നതിനാൽ കിഫ്ബിയുടെ ഉപേക്ഷിക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

5. മല വട്ടത്താണി റോഡ് നിർമ്മാണം - പ്രസ്തുത പ്രവൃത്തിക്ക് 10-07-2017-ലെ G.O.(Rt) No.942/2017/PWD ഉത്തരവ് പ്രകാരം 10 കോടി

രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ചു. പ്രസ്തുത പ്രവൃത്തി PMGSY പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തുതന്നെ നിർവ്വഹിക്കുന്ന പ്രവൃത്തിയാണ്. അതുകൊണ്ട് ഇത് കിഫ്ബിയിൽനിന്ന് ഉപേക്ഷിക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

6. ഈസ്റ്റ് ഒറ്റപ്പാലം-കണിയാമ്പുറം പാലം നിർമ്മാണം - പ്രസ്തുത പ്രവൃത്തിക്ക് 31-10-2016-ലെ G.O.(Rt) No.1496/2016/PWD ഉത്തരവുപ്രകാരം 25 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ചു. പ്രസ്തുത പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗം മുഖേന പ്രവൃത്തി നിർവ്വഹിക്കുന്നതിനാൽ കിഫ്ബിയുടെ ഉപേക്ഷിക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

7. കണ്ണങ്കുണ്ട് പാലം നിർമ്മാണം - പ്രസ്തുത പ്രവൃത്തിക്ക് 31-10-2016-ലെ G.O.(Rt) No.1496/2016/PWD ഉത്തരവ് പ്രകാരം 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ചു. പ്രസ്തുത പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗം മുഖേന പ്രവൃത്തി നിർവ്വഹിക്കുന്നതിനാൽ കിഫ്ബിയുടെ ഉപേക്ഷിക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

8. പഴമ്പാലക്കോട് - പാണ്ടിക്കടവ് കോടത്തൂർ റോഡും പാലവും നിർമ്മാണം - പ്രസ്തുത പ്രവൃത്തിക്ക് 31-10-2016-ലെ G.O.(Rt) No.1496/2016/PWD ഉത്തരവ് പ്രകാരം 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ചു. അപ്രോച്ച് റോഡിന് സ്ഥലലഭ്യതയില്ലാത്തതിനാൽ മേൽ പ്രവൃത്തി കിഫ്ബിയുടെ ഉപേക്ഷിക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**തവനൂർ മണ്ഡലം പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ**

**9 (1276)** **ഡോ. കെ. ടി. ജലീൽ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കിയ ഏതെല്ലാം പ്രവൃത്തികളുണ്ടെന്നും അതിന്റെ പുരോഗതി എന്തെന്നും അറിയിക്കാമോ;

(ബി) പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കേണ്ട ഏതെല്ലാം പ്രവൃത്തികൾക്കാണ് ഇനിയും ഭരണാനുമതി ലഭിക്കാനുള്ളതെന്നും അതിന്റെ നടപടി ഏതുവരെയായെന്നും വിശദമാക്കാമോ?

(എ&ബി) <u>കെ.ആർ.എഫ്.ബി - പി.എം.യു.</u>

തവനൂർ മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ കെ.ആർ.എഫ്.ബി.-പി.എം.യു. മുഖാന്തരം നടപ്പാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

<u>കെട്ടിട വിഭാഗം</u>

തവനൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം മുഖേന നടപ്പാക്കിയ ഏതെല്ലാം പ്രവൃത്തികളുണ്ടെന്നും അതിന്റെ പുരോഗതിയും നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങളും അനുബന്ധമായി+ ചേർക്കുന്നു.

<u>പാലങ്ങൾ വിഭാഗം</u>

തവനൂർ മണ്ഡലത്തിൽ "Reconstruction of Nayarthodu Bridge across Nayarthodu at Kavilakkad Town in Thavanur LAC" എന്ന പ്രവൃത്തിക്ക് 22-12-2022-ലെ G.O.(Rt) No 1250/2022/PWD പ്രകാരം 974 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ലാൻഡ് അക്വിസിഷൻ നടപടികൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുരോഗമിക്കുന്നു. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതാണ്.

<u>ആർ.ബി.ഡി.സി.കെ.</u>

തവനൂർ മണ്ഡലത്തിൽ റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന്റെ കീഴിലുള്ള പ്രവൃത്തികൾ എടപ്പാൾ ഫ്ലൈഓവർ, തിരുനാവായ തവനൂർ പുഴപ്പാലം, പൊന്നാനി കേബിൾ സ്റ്റേയ്ഡ് ബ്രിഡ്ജ് എന്നിവയാണ്. ഇതിൽ എടപ്പാൾ ഫ്ലൈഓവർ നിർമ്മാണം പൂർത്തിയാക്കി 08-01-2022-ൽ ഗതാഗതത്തിനായി പൊതുജനങ്ങൾക്ക് തുറന്നുകൊടുത്തിട്ടുണ്ട്.

തിരുനാവായ തവനൂർ പുഴപ്പാലത്തിന്റെ നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 16-01-2017-ലെ G.O.(Rt) No.73/2017/PWD സർക്കാർ ഉത്തരവ് പ്രകാരം ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി നിയമിച്ചു. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കിയശേഷം പദ്ധതി നിർമ്മാണത്തിന് ഡിസൈൻ ഉൾപ്പെടെ ടെൻഡർ ക്ഷണിച്ചു. ഇതിൽ ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ

M/s. ULCCS എന്ന കമ്പനിയുമായി 20-04-2023-ന് ഒപ്പിടുകയും 28-04-2023-ന് Notice to Proceed നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്ക് 3 മാസം ഡിസൈൻ ചെയ്യുന്നതിനും 18 മാസം നിർമ്മാണത്തിനുമായി ആകെ 21 മാസമാണ് നിർമ്മാണ കാലാവധി. പദ്ധതിയുടെ ഡിസൈൻ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

പൊന്നാനി കേബിൾ സ്റ്റേയ്ഡ് ബ്രിഡ്ജിന് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായി 11(1) വിജ്ഞാപനം 08-11-2022-ൽ പ്രസിദ്ധീകരിച്ചു. സർവ്വേ പൂർത്തിയാക്കി BVR ജില്ലാകളക്ടർക്ക് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. RR നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പദ്ധതിക്ക് ആവശ്യമായ CRZ ക്ലിയറൻസ് കേരള തീരദേശ പരിപാലന അതോറിറ്റിയിൽനിന്നും ലഭ്യമാക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ 01-03-2023-ൽ Ministry of Environmental and Forest-ന്റെ ക്ലിയറൻസിനായുള്ള അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയത് MoEF-ന്റെ പരിഗണനയിലാണ്. CRZ ക്ലിയറൻസ് ലഭിക്കുകയും 19(1)

നോട്ടിഫിക്കേഷൻ പബ്ലിഷ് ചെയ്യുകയും ചെയ്യുന്ന മുറയ്ക്ക് ടെൻഡർ നടപടികൾ ആരംഭിക്കുന്നതാണ്.

നിരത്ത് വിഭാഗം

1. NABARD-NABARD RIDF XXV - Improvements to Edappal-Thavanur road Km. 0/000 to 6/600 by providing BM&BC in Thavanur LAC in Malappuram District.

മേൽ പ്രവൃത്തിയിൽ ഉൾപ്പെട്ട റോഡ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത പ്രവൃത്തിയിൽ ഉൾപ്പെട്ട കുണ്ടയാർ പാലവും അതിന്റെ റീട്ടെയിനിംഗ് വാളിന്റെ പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. പാലത്തിന്റെ അപ്രോച്ച് റോഡിന്റെ പ്രവൃത്തി മൺസൂണിനുശേഷം പൂർത്തീകരിക്കുന്നതാണ്.

2. Budget Work 2020-21-improvements and providing BM&BC work from Km. 0/000-2/165 of Alathoor-Thrikanapuram road in Thavanur LAC in Malappuram District - പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്.

3. Flood damages 2019-20 - Urgent patch repairs between Km. 42/900 to 43/400 in Thrissur-Kuttippuram road in Thavanoor LAC- പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്.

4. Flood damages - Urgent rectification and BC renewal work in Thrissur Kuttippuram road between Km 45/600 to 46/800 road in Thavanoor LAC - പൂർത്തീകരിച്ചിട്ടുള്ളതാണ്.

5. Flood damages - Urgent rectification and BC renewal work in Thrissur Kuttippuram between Km 50/200 to 50/700 road in Thavanoor LAC - പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്.

6. General Reconstruction culvert - Urgent reconstruction of damaged culvert at Ch.3/800 in Edappal - Kanjiramukku road in Thavanur LAC in Malappuram District – പ്രവൃത്തി അന്തിമ ഘട്ടത്തിലാണ്.

Extension of Karma road upto Kuttippuram-Mini Pamba - മേൽ പ്രവൃത്തി പുതിയ റോഡായതിനാൽ ഭൂമി ഏറ്റെടുത്ത് റോഡ്

നിർമ്മിക്കേണ്ടതുണ്ട്. അതിന്റെ സർവ്വേ പ്രവൃത്തിക്കായി 6.7 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് പരിശോധനയിലാണ്.

**പാലങ്ങളെ അത്യാകർഷകമാക്കാനുള്ള പദ്ധതി**

**10 (1277)** ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ. വി. സുമേഷ്:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള എല്ലാ വിഭാഗങ്ങളിലെയും പാലങ്ങളുടെ പ്രവൃത്തിയിൽ ഉണ്ടായിട്ടുള്ള പുരോഗതി വിശദമാക്കാമോ; നിലവിൽ എത്ര പാലങ്ങളുടെ നിർമ്മാണം നടന്നുവരുന്നുണ്ടെന്ന് അറിയിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിന്റെ മേൽനോട്ടത്തിൽ 2021-22 വർഷത്തിൽ 25351 ലക്ഷം രൂപയുടെ 18 പ്രവൃത്തികളും 2022-23 വർഷത്തിൽ 23626.23 ലക്ഷം രൂപയുടെ 23 പ്രവൃത്തികളും 2023-24 വർഷത്തിൽ

നാളിതുവരെയായി 6948.32 ലക്ഷം രൂപയുടെ 15 പ്രവൃത്തികളും പൂർത്തീകരിക്കുകയും 144 പാലം നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി/പുതുക്കിയ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ 132 പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു.

കെ.ആർ.എഫ്.ബി.-പി.എം.യു.-വിന്റെ മേൽനോട്ടത്തിൽ 118 പാലങ്ങളാണുള്ളത്. അതിൽ സാമ്പത്തികാനുമതി നൽകിയിട്ടുള്ളത് 97 പാലങ്ങൾക്കും സാങ്കേതികാനുമതി നൽകിയിട്ടുള്ളത് 51 പാലങ്ങൾക്കുമാണ്. അതിൽ 45 പാലങ്ങളുടെ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. 2 എണ്ണം ടെൻഡറിംഗ് ഘട്ടത്തിലാണ്, 4 എണ്ണത്തിന്റെ പണി പൂർത്തിയായി.

ആർ.ബി.ഡി.സി.കെ.-യുടെ മേൽനോട്ടത്തിൽ 77 റെയിൽവേ മേൽപ്പാലങ്ങൾ, 2 പുഴപ്പാലങ്ങൾ, 11 ഫ്ലൈഓവറുകൾ ഉൾപ്പെടെ 90 പാലങ്ങളുടെ പ്രവൃത്തികളാണുള്ളത്. 13 പാലങ്ങളുടെ നിർമ്മാണം പുരോഗമിക്കുകയാണ്. ബാക്കിയുള്ളവ സ്ഥലമേറ്റെടുപ്പ്, റെയിൽവേ അംഗീകാരം, പദ്ധതിരേഖ തയ്യാറാക്കൽ തുടങ്ങിയ ഘട്ടങ്ങളിലാണ്. ഇതു കൂടാതെ 4 പാലങ്ങളുടെ നിർമ്മാണം പൂർത്തിയാക്കി DLP ഘട്ടത്തിലാണ്.

(ബി) പാലങ്ങളുടെ വിനോദസഞ്ചാര സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; പാലങ്ങളെ അത്യാകർഷകമാക്കാനുള്ള പദ്ധതികളുടെ പുരോഗതിയും പ്രസ്തുത പദ്ധതി ഈ വർഷം എത്ര പാലങ്ങളിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ?

പാലങ്ങൾ ആകർഷകമാക്കി വിനോദസഞ്ചാരത്തിന് പ്രാധാന്യം നൽകുന്നതിനും ഒരു പ്രദേശത്തിന്റെതന്നെ അടയാളമാക്കി മാറ്റുന്നതിനുമായി പാലങ്ങൾ മോടിപിടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആലുവ മണപ്പുറം പാലത്തിൽ സിയാലിനും ഫറോക്ക് പഴയ പാലത്തിൽ ആർ.ബി.ഡി.സി.കെ.-യ്ക്കും അലങ്കാര ദീപങ്ങൾ സ്ഥാപിക്കുന്നതിന് നിരാക്ഷേപപത്രം നൽകിയിട്ടുണ്ട്.

ഫറോക്ക് പഴയപാലത്തിൽ ദീപാലങ്കാരങ്ങൾ ചെയ്യുന്നതിന് ആർ.ബി.ഡി.സി.കെ.-യെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. അലങ്കാര ദീപങ്ങൾ സ്ഥാപിക്കുവാനുള്ള പാലങ്ങളുടെ പട്ടിക തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) പാലങ്ങളുടെ കീഴ്ഭാഗവും ഫലപ്രദമായി ഉപയോഗിക്കാൻ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

പാലങ്ങളുടെ കീഴ്ഭാഗം ഷട്ടിൽ-ടെന്നീസ്-ടർഫ് കോർട്ടുകൾ, വയോധികർക്കുള്ള വിശ്രമ പാർക്ക് എന്നിവയായി മാറ്റി ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്ന ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിലേയ്ക്കായി ഉപയോഗപ്പെടുത്താവുന്ന പാലങ്ങളുടെ പട്ടിക തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. ആർ.ബി.ഡി.സി.കെ.-യുടെ കീഴിലുള്ള ആർ.ഒ.ബി.-കളുടെ അടിഭാഗത്ത് വയോജനങ്ങൾക്കും കുട്ടികൾക്കുമുള്ള പാർക്കുകൾ, കളിസ്ഥലങ്ങൾ, വാഹന പാർക്കിംഗ് തുടങ്ങിയവ നടപ്പാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു. കൊല്ലം ROB-യുടെ അടിഭാഗം ഇത്തരത്തിൽ വികസിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പദ്ധതി നടപ്പാക്കാൻ ടൂറിസം വകുപ്പിന് അനുമതി നൽകിയിട്ടുണ്ട്.

**തീരദേശ ഹൈവേ**

**11 (1278)** <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് തീരദേശ ഹൈവേ നിർമ്മാണത്തിനായി ഡി.പി.ആർ. തയ്യാറാക്കുന്നതിന് ഏതൊക്കെ ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; ഏതൊക്കെ സോണുകളിലെ ഡി.പി.ആർ. പ്രസിദ്ധീകരിച്ചിട്ടുണ്ട്; പ്രസിദ്ധീകരിച്ച ഡി.പി.ആർ.-കളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

സംസ്ഥാനത്ത് തീരദേശ ഹൈവേ നിർമ്മാണത്തിനായി വിശദപദ്ധതിരേഖ തയ്യാറാക്കുന്നതിന് NATPAC, LNTIEL, IDECK എന്നീ ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകൾ NATPAC-നും, എറണാകുളം, തൃശ്ശൂർ ജില്ലകൾ LNTIEL-നും, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകൾ IDECK-യ്ക്കുമാണ് ചുമതല. ഇതിനുപുറമേ മലപ്പുറം, കോഴിക്കോട്, കണ്ണൂർ, തൃശ്ശൂർ ജില്ലകളിലെ 8 റീച്ചുകളുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുള്ളത് പൊതുമരാമത്ത് വകുപ്പ് നേരിട്ടാണ്. ഒരു റീച്ചിന്റെ

പ്രവൃത്തി ചുമതല ആർ.ബി.ഡി.സി.കെ.-യ്ക്കും നൽകിയിട്ടുണ്ട്. കിഫ്ബി അംഗീകരിച്ച DPR-കളുടെ പകർപ്പ് അനുബന്ധമായി+ ചേർത്തിരിക്കുന്നു.

**തീരദേശ ഹൈവേ പദ്ധതിയുടെ അലൈൻമെന്റ് രൂപകൽപ്പന**

**12 (1279)** <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ തീരദേശ ജില്ലകളിലും തീരദേശ ഹൈവേയുടെ അലൈൻമെന്റിന് അംഗീകാരം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

തീരദേശ ഹൈവേ പദ്ധതിക്കായി 2016-ൽ NATPAC തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക അലൈൻമെന്റ് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. നേരത്തെ അംഗീകരിച്ച അലൈൻമെന്റിൽ ജനപ്രതിനിധികൾ ഉൾപ്പെടെ ചില മാറ്റങ്ങൾ നിർദ്ദേശിച്ച സാഹചര്യത്തിൽ അന്തിമ അലൈൻമെന്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) തീരദേശ ഹൈവേയുടെ അലൈൻമെന്റ് രൂപകൽപ്പന നടത്തുന്നത് കൺസൾട്ടൻസി വഴിയാണോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഏത് കൺസൾട്ടൻസിയെയാണ് അതിനായി നിയോഗിച്ചിട്ടുള്ളതെന്നും ഏതൊക്കെ പ്രവൃത്തികളാണ് കൺസൾട്ടൻസി വഴി ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

തീരദേശ ഹൈവേയുടെ 44 റീച്ചുകളാണ് (520 കി.മീ.) കെ.ആർ.എഫ്.ബി.-പി.എം.യു.-വിനുകീഴിൽ വരുന്നത്. പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ 15 റീച്ചുകളുടെ ഡി.പി.ആർ. പൊതുമരാമത്ത് വകുപ്പ് നേരിട്ടാണ് തയ്യാറാക്കിയത്. ബാക്കിയുള്ള റീച്ചുകളിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, ജില്ലകളിൽ NATPAC-നെയും എറണാകുളം, തൃശ്ശൂർ, ജില്ലകളിൽ LNTIEL-നെയും മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ IDECK-യെയുമാണ് ഡി.പി.ആർ. തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) തീരദേശ ഹൈവേയുടെ അംഗീകരിച്ച അലൈൻമെന്റ് പ്രകാരം നിലവിലെ റോഡ് വീതി കൂട്ടുന്നത് എത്ര കിലോമീറ്ററാണെന്നും പുതുതായി

നിർമ്മിക്കുന്ന റോഡ് എത്ര കിലോമീറ്ററാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ഡി) തീരദേശ ഹൈവേ നിർമ്മാണത്തിനായി ആകെ എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്നും ഏത് ഫണ്ടാണ് ഇതിനായി ഉപയോഗിക്കുന്നതെന്നും എത്ര വർഷം കൊണ്ടാണ് പദ്ധതി പൂർത്തീകരിക്കാൻ ആലോചിക്കുന്നതെന്നും വ്യക്തമാക്കാമോ?

കിഫ്ബി ധനസഹായത്തോടുകൂടി നടപ്പാക്കുന്ന തീരദേശ ഹൈവേയുടെ നിർമ്മാണത്തിനായി 10-07-2017-ൽ 6500 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാകുന്ന മുറയ്ക്ക് ഓരോ റീച്ചിലും പ്രവൃത്തി ആരംഭിക്കാൻ കഴിയും.

(ഇ) പ്രസ്തുത പദ്ധതിക്കായി സ്ഥലം ഏറ്റെടുത്താൽ അതുമൂലം വീടും സ്ഥലവും നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ സാമൂഹിക ജീവിതത്തിനും തൊഴിലിനും സാരമായ ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനായി പഠനങ്ങൾ നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ തീരമേഖലയുടെ സമഗ്ര വികസനത്തിന് പശ്ചാത്തല സൗകര്യമൊരുക്കുന്നതിനാണ് തീരദേശപാത വിഭാവനം ചെയ്യുന്നത്. തീരപ്രദേശത്തെ ജനങ്ങളുടെ ജീവിതനിലവാരവും തൊഴിൽ സാഹചര്യവും ഇത് മെച്ചപ്പെടുത്തും. മത്സ്യബന്ധന തുറമുഖങ്ങളിലേയ്ക്കുള്ള പശ്ചാത്തല സൗകര്യം വികസിപ്പിക്കുന്ന സാഹചര്യത്തിൽ മത്സ്യബന്ധന മേഖലയ്ക്ക് ഇത് പുത്തൻ ഉണർവ്വ് നൽകും. മത്സ്യം, മത്സ്യ അനുബന്ധ വ്യവസായം എന്നിവ കൂടുതൽ വികസിപ്പിക്കുന്നതിന് ഈ പദ്ധതിയിലൂടെ സാധ്യമാകും.

തീരദേശ ഹൈവേയ്ക്ക് ഭൂമി വിട്ടുനൽകുന്നവർക്ക് മാന്യമായ പുനരധിവാസം ഉറപ്പുവരുത്തുന്നതിനുള്ള സമഗ്രമായ പുനരധിവാസ പാക്കേജിന് സർക്കാർ രൂപം നൽകിയിട്ടുണ്ട്. എല്ലാ വിഭാഗം ജനങ്ങൾക്കും പുനരധിവാസം ഉറപ്പാക്കുന്നതാണ് പുനരധിവാസ പാക്കേജ്. പാക്കേജിനെ രണ്ട് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഉടമസ്ഥാവകാശ രേഖകളുള്ളവരെ കാറ്റഗറി ഒന്നിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കാറ്റഗറി ഒന്നിൽ ഉൾപ്പെട്ടവർക്ക്

ഭൂമി ഏറ്റെടുക്കുമ്പോൾ 2013-ലെ നിയമപ്രകാരമുള്ള നഷ്ടപരിഹാരം ലഭിക്കും. അതോടൊപ്പം കെട്ടിടം ഏറ്റെടുക്കുമ്പോൾ കെട്ടിടത്തിന് നിശ്ചയിക്കുന്ന തുകയിൽനിന്നും ഡിപ്രീസിയേഷൻ മൂല്യം കിഴിച്ച് സൊളേഷ്യം നൽകി, ഡിപ്രീസിയേഷൻ വാല്യൂ കൂടിയ തുക നഷ്ടപരിഹാരമായി നൽകും. ഇതിനു പുറമെയാണ് പുനരധിവസിപ്പിക്കപ്പെടേണ്ട കുടുംബങ്ങൾക്ക് 600 ചതുരശ്ര അടി ഫ്ലാറ്റ് അല്ലെങ്കിൽ 13 ലക്ഷം രൂപയുടെ ഒറ്റത്തവണ നഷ്ടപരിഹാരം നൽകുന്നത്.

ഭൂമിയുടെ ഉടമസ്ഥാവകാശ രേഖകളില്ലാത്തവരെ പുരനരധിവാസ പാക്കേജിന്റെ കാറ്റഗറി രണ്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതനുസരിച്ച് ഡിപ്രീസിയേഷൻ മൂല്യം കിഴിക്കാതെയുള്ള കെട്ടിടവില നഷ്ടപരിഹാരമായി ലഭിക്കും. അതോടൊപ്പം പുനരധിവസിക്കപ്പെടേണ്ട കുടുംബങ്ങൾക്ക് 600 ചതുരശ്ര അടി ഫ്ലാറ്റ് അല്ലെങ്കിൽ 13 ലക്ഷം രൂപയുടെ ഒറ്റത്തവണ നഷ്ടപരിഹാരം നൽകും.

(എഫ്) പ്രസ്തുത പദ്ധതിമൂലം സ്ഥലവും വീടും നഷ്ടമാകുന്നവർക്ക് നഷ്ടപരിഹാരമായി ഫ്ലാറ്റ് നൽകുന്നത് ബന്ധപ്പെട്ട ഓരോ

നിയോജകമണ്ഡലത്തിലും എവിടെയാണെന്ന് വ്യക്തമാക്കാമോ; ഫ്ലാറ്റുകളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്നും അതിനായി ആകെ എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്നും ഫ്ലാറ്റ് നിർമ്മാണത്തിനായുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയായോയെന്നും വ്യക്തമാക്കാമോ; കടൽത്തീരത്തുനിന്നും എത്ര ദൂരത്താണ് ഈ ഫ്ലാറ്റുകൾ നിർമ്മിക്കുകയെന്നും അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണോ ഇത് നടപ്പിലാക്കുന്നതെന്നും വ്യക്തമാക്കാമോ?

തീരദേശ ഹൈവേ പദ്ധതിയുടെ പുനരധിവാസ പ്രവൃത്തികൾക്കുള്ള എസ്.പി.വി. ആയി നിയോഗിച്ചിട്ടുള്ളത് കേരള സംസ്ഥാന തീരദേശ വികസന കോർപറേഷനെയാണ് (KSCADC). 2013-ലെ RFCTLARR ആക്റ്റ് പ്രകാരവും പദ്ധതിക്കായുള്ള പ്രത്യേക പാക്കേജ് പ്രകാരവും ഫ്ലാറ്റ് ആവശ്യപ്പെടുന്നവരുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനായി വീട് വീടാന്തരമുള്ള സർവ്വേ നടത്തിവരുന്നു.

ഫ്ലാറ്റ് നിർമാണത്തിനായി 183.61 കോടി രൂപയുടെ സാമ്പത്തികാനുമതി 14-12-2022-ൽ KSCADC-യ്ക്ക് അനുവദിച്ചിട്ടുണ്ട്. ഫ്ലാറ്റ്

നിർമ്മിക്കുവാനുള്ള സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ജി) പ്രസ്തുത പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുമ്പോൾ കുറച്ചുസ്ഥലവും വീടും നഷ്ടപ്പെടുന്നവർക്ക് ബാക്കി സ്ഥലമുണ്ടെങ്കിൽ അവിടെ പുതിയ വീട് നിർമ്മിക്കുന്നതിന് അനുമതി നൽകുമോയെന്ന് വ്യക്തമാക്കാമോ; തീരദേശ ഹൈവേ നിർമ്മാണത്തിനായി ഏത് സർക്കാർ സ്ഥാപനത്തെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

നിലവിലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി പുതിയ വീട് നിർമ്മിക്കാവുന്നതാണ്. തീരദേശ ഹൈവേയുടെ 44 റീച്ചുകളുടെ നിർമ്മാണത്തിനായി കെ.ആർ.എഫ്.ബി.- (KERALA ROAD FUND BOARD – PROJECT MANAGEMENT UNIT)യെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

**ഇരിക്കൂർ മണ്ഡലത്തിലെ ചുണ്ടപ്പറമ്പ്-വെള്ളാട്-കരുവഞ്ചാൽ റോഡ്**

**13 (1280)** ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 ബഡ്ജറ്റിൽ 20% തുക വകയിരുത്തിയ ഇരിക്കൂർ മണ്ഡലത്തിലെ ചുണ്ടപ്പറമ്പ്-വെള്ളാട്-കരുവഞ്ചാൽ റോഡിന് നാളിതുവരെയായി ഭരണാനുമതി ലഭിച്ചിട്ടില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത റോഡിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) ഇരിക്കൂർ മണ്ഡലത്തിലെ ചുണ്ടപ്പറമ്പ്-വെള്ളാട്-കരുവഞ്ചാൽ റോഡ് 2000 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിരുന്നെങ്കിലും ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിച്ചിരുന്നില്ല. എസ്റ്റിമേറ്റ് പുതുക്കി ഭരണാനുമതി ലഭ്യമാക്കാനാകുമോയെന്ന് പരിശോധിച്ചുവരുന്നു.

**മലമ്പുഴ മണ്ഡലത്തിലെ റോഡുകളുടെ നവീകരണം**

**14 (1281)** **<u>ശ്രീ. എ. പ്രഭാകരൻ</u>:** താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ബസാർ റോഡ് നവീകരണം, മുട്ടിക്കുളങ്ങര-കല്ലംപറമ്പ്-ധോണി റോഡ് നവീകരണം എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, സാങ്കേതികാനുമതി നൽകിയ തുക, സാങ്കേതികാനുമതി നൽകിയ തീയതി എന്നീ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കഞ്ചിക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് മൂപ്പൻ റോഡ് നവീകരണം എന്ന പ്രവൃത്തിക്കായി 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. 09-11-2018-ൽ 20.27 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിച്ചു. തുടർന്ന് 22-10-2022-ലെ ഉത്തരവുപ്രകാരം 25.445 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി. സാങ്കേതികാനുമതി തുക സാമ്പത്തികാനുമതി തുകയെക്കാൾ കൂടുതലായതിനാൽ പുതുക്കിയ സാമ്പത്തികാനുമതിക്കായി റിവിഷൻ ഫയൽ കിഫ്ബിയിൽ സമർപ്പിക്കുകയും പുതുക്കിയ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

റെയിൽവേ കോളനി, ധോണി, മുട്ടിക്കുളങ്ങര റോഡ് നവീകരണത്തിനായി 01-11-2016-ൽ 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകി. 09-11-2018-ൽ 12.66 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിച്ചു. പ്രസ്തുത പ്രവൃത്തി FDR ടെക്നോളജി ഉപയോഗിച്ച് പുനരുദ്ധാരണം ചെയ്യുന്ന റോഡ് പ്രവൃത്തികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 27.94 കോടി രൂപയുടെ FDR-ൽ ഉള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സാമ്പത്തികാനുമതിയെക്കാളും കൂടുതലായതിനാൽ പുതുക്കിയ സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. KIIFB TRC-യുടെ മേൽനോട്ടത്തിൽ Plan & Profile Drawing വികസിപ്പിച്ച് അതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് പുതുക്കി സാമ്പത്തികാനുമതിക്കായി പുനർസമർപ്പിക്കാൻ കിഫ്ബിയിൽനിന്ന് നിർദ്ദേശം ലഭ്യമാകുകയും അതിന്മേൽ നടപടിക്രമങ്ങൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. പുതുക്കിയ സാമ്പത്തികാനുമതി ലഭിച്ചതിനുശേഷം സാങ്കേതികാനുമതി ലഭ്യമാക്കി

ടെൻഡർ നടപടികൾ പൂർത്തീകരിക്കുന്നമുറയ്ക്ക് പ്രസ്തുത റോഡിന്റെ നവീകരണ പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്.

നിരത്ത് വിഭാഗത്തിന് കീഴിലുള്ള നവീകരണ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**മഞ്ചേരി – ഒലിപ്പുഴ റോഡ് പ്രവൃത്തി**

**15 (1282)** **ശ്രീ. യു. എ. ലത്തീഫ്:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി-ഒലിപ്പുഴ റോഡ് പ്രവൃത്തി എന്ന് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ഇനിയും ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രവൃത്തി ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ-സി) കിഫ്ബി ധനസഹായത്തോടുകൂടി കെ.ആർ.എഫ്.ബി.-പി.എം.യു. മുഖേന നടപ്പാക്കുന്നതിന് മഞ്ചേരി ഒലിപ്പുഴ റോഡ് പ്രവൃത്തിക്ക് 20-08-2016-ൽ ഭരണാനുമതിയും 14-03-2018-ൽ കിഫ്ബിയിൽനിന്നും 85.61 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. ഇതിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുകയും ഉൾപ്പെട്ടിട്ടുണ്ട്. പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്നുള്ള അനുമതി 19-01-2021- ൽ നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുപ്പിനുള്ള സർവ്വേ അതിരടയാള നിയമ പ്രകാരമുള്ള 6(1) നോട്ടിഫിക്കേഷൻ 134/2021 നമ്പർ പ്രകാരം 09-06-2022-ൽ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. നിലവിൽ റോഡിന്റെ അതിർത്തി നിർണ്ണയിക്കുന്ന പ്രവൃത്തി അന്തിമ ഘട്ടത്തിലാണ്. NATPAC സമർപ്പിച്ച LA പ്ലാൻ/അലൈൻമെന്റ് പ്രകാരം റോഡ് പ്രവൃത്തിക്ക് ആവശ്യമായ വീതിയിൽ സ്ഥലമേറ്റെടുക്കുന്നതിനായി അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്. തുടർന്ന് റവന്യൂ വകുപ്പ് മുഖാന്തരം RFCT LARR ആക്ട് 2013 ചട്ടങ്ങൾക്ക് വിധേയമായി

സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തിയാക്കണം. സ്ഥലം ലഭ്യമായാൽ തുടർനടപടികൾ സ്വീകരിക്കും.

**കുറ്റ്യാടി-പക്രന്തളം റോഡ് പുനരുദ്ധാരണം**

**16 (1283)** <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടിയിൽനിന്നും വയനാട്ടിലേക്കുള്ള പ്രധാന പാതയായ കുറ്റ്യാടി-പക്രന്തളം റോഡ് തകരാറിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത റോഡ് പുനരുദ്ധാരണത്തിന് അനുമതി നൽകുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

കെ.ആർ.എഫ്.ബി.-പി.എം.യു.-വിന്റെ കീഴിൽ കിഫ്ബി പദ്ധതിയിലുൾപ്പെട്ട ഹിൽ ഹൈവേ കുഞ്ഞോം നിരവിൽപ്പുഴ തൊട്ടിൽപ്പാലം പ്രവൃത്തിയിൽ ഉൾപ്പെട്ടതാണ് കുറ്റ്യാടി പക്രന്തളം റോഡിന്റെ തൊട്ടിൽപ്പാലം മുതൽ പക്രംന്തളം വരെയുള്ള ഭാഗം. ഹിൽ ഹൈവേ കുഞ്ഞോം-നിരവിൽപ്പുഴ-

തൊട്ടിൽപ്പാലം റോഡിൽ സ്ട്രെച്ച്-1 ചുങ്കക്കുറ്റി മുതൽ പുതാംപാറ ബ്രിഡ്ജ് വരെയും സ്ട്രെച്ച്-2 പുതാംപാറ മുതൽ തൊട്ടിൽപ്പാലം വരെയുമുള്ളതാണ്. പ്രസ്തുത റോഡുകളുടെ തകരാറുകൾ പരിഹരിക്കുന്നതിനും റോഡ് ഗതാഗത യോഗ്യമാക്കുന്നതിനുമായി 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ പ്രവൃത്തികൾ (Patch work) പുരോഗമിക്കുന്നു. ഹിൽ ഹൈവേ കുഞ്ഞോം -നിറവിൽപുഴ-തൊട്ടിൽപാലം (സ്ട്രെച്ച്-1)-ചുങ്കക്കുറ്റി മുതൽ പുതാംപാറ ബ്രിഡ്ജ് വരെയുള്ള സ്ട്രെച്ചിന് 38.47 കോടി രൂപയുടെ സാമ്പത്തിക അനുമതി കിഫ്ബിയിൽനിന്നും ലഭിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ (Free Surrender) പുരോഗമിക്കുന്നു. ഭൂമി ലഭ്യത ഉറപ്പാക്കിയതിനുശേഷം സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെൻഡർ ചെയ്യുന്ന നടപടികൾ ആരംഭിക്കുന്നതാണ്.

ഹിൽ ഹൈവേ കുഞ്ഞോം - നിറവിൽപുഴ - തൊട്ടിൽപാലം (സ്ട്രെച്ച് 2) -പുതാംപാറ മുതൽ തൊട്ടിൽപ്പാലം (7.225 Km ) വരെയുള്ള സ്ട്രെച്ചിനു 45.34 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ്

പരിശോധിച്ച് ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കി സാങ്കേതികാനുമതിക്കായുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കുറ്റ്യാടി-പെരിങ്ങത്തൂർ-പാനൂർ-കൂത്തുപറമ്പ്-മട്ടന്നൂർ എയർപോർട്ട് റോഡ്**

**17 (1284)** <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി-പെരിങ്ങത്തൂർ-പാനൂർ-കൂത്തുപറമ്പ്-മട്ടന്നൂർ എയർപോർട്ട് റോഡ് വികസനവുമായി ബന്ധപ്പെട്ട് നൽകുന്ന നഷ്ടപരിഹാരത്തുക വെളിപ്പെടുത്തുമോ?

THE RIGHT TO FAIR COMPENSATION AND TRANSPARENCY IN LAND ACQUISITION, REHABILITATION AND RESETTLEMENT ACT, 2013 പ്രകാരം നഷ്ടപരിഹാരത്തുക നിശ്ചയിക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്.

(ബി) കടകളും സ്ഥാപനങ്ങളും വാടകയ്ക്കെടുത്തവർക്കും തൊഴിലാളികൾക്കും റോഡ് വികസനത്തിന്റെ ഭാഗമായി അവ നഷ്ടപ്പെടുന്നതിനാൽ നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് വ്യവസ്ഥയുണ്ടോ; ഉടമസ്ഥർക്ക് മാത്രമാണ് നഷ്ടപരിഹാരമെങ്കിൽ വാടകയ്ക്കെടുത്തവരും

തൊഴിലാളികളും പ്രതിസന്ധിയിലാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത കാര്യംകൂടി പരിഗണിച്ച് നഷ്ടപരിഹാരം നൽകുന്നതിനോ അവരുടെ പുനരധിവാസം ഉറപ്പുവരുത്തുന്നതിനോ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

(ബി&സി) ടി ആക്റ്റ് നിഷ്കർഷിക്കുന്ന പ്രകാരം റോഡ് വികസനം ബാധിക്കുന്ന കക്ഷികൾക്കെല്ലാം നഷ്ടപരിഹാരം നൽകുന്നതിനും പുനരധിവാസം ഉറപ്പാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. നഷ്ടപരിഹാരത്തിനുള്ള അർഹതയും തുകയും തീരുമാനിക്കുന്നത് ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥരാണ്.

**ബി.എം. & ബി.സി. നിലവാരത്തിലെ റോഡ്**

**18 (1285)** **ശ്രീ. കെ. യു. ജനീഷ് കുമാർ:**
**ശ്രീമതി കാനത്തിൽ ജമീല:**
**ശ്രീ. കെ. പ്രേംകുമാർ:**
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിനുകീഴിൽ എത്ര കിലോമീറ്റർ റോഡ് ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർന്നുവെന്ന് വിശദമാക്കാമോ?

ഇതുവരെ 4529.68 കി.മീ; റോഡ് ബി.എം. & ബി.സി. നിലവാരത്തിൽ ഉയർത്തിയിട്ടുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലത്ത് എല്ലാ വിംഗിലുമായി എത്ര കിലോമീറ്റർ റോഡ് ബി.എം.&ബി.സി. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ?

സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള 29590 കി.മീ. റോഡുകളിൽ 16456.79 കി.മീ. റോഡ് ബി.എം.&ബി.സി. നിലവാരത്തിൽ അഭിവൃദ്ധിപ്പെടുത്തിയിട്ടുണ്ട്.

(സി) എത്ര കിലോമീറ്റർ ബി.സി. ഓവർലേ പ്രവൃത്തി പൂർത്തീകരിച്ചു; വിശദമാക്കാമോ?

കെ.ആർ.എഫ്.ബി.-പി.എം.യു.-ന്റെ അധീനതയിലുള്ള വിവിധ പദ്ധതികളിലായി നിലവിൽ 33.55 കിലോമീറ്റർ റോഡും പൊതുമരാമത്ത്

നിരത്ത് വിഭാഗത്തിന് കീഴിൽ 1385 കിലോമീറ്റർ റോഡും ബി.സി. ഓവർലേ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) ഡിസൈൻ പോളിസി നടപ്പാക്കുന്നതിന്റെ മുന്നോടിയായി പൊതുമരാമത്ത് പാലങ്ങൾ ഇല്യൂമിനേഷൻ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആദ്യഘട്ടത്തിൽ എവിടെയൊക്കെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ഇ) പ്രസ്തുത പദ്ധതി ആദ്യഘട്ടത്തിൽ എവിടെയൊക്കെ പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്?

(ഡി&ഇ) വിനോദസഞ്ചാര സാധ്യതകൾ വളർത്തുന്നതിനായി തെരഞ്ഞെടുത്ത പാലങ്ങളിൽ അലങ്കാര ദീപങ്ങൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആലുവ മണപ്പുറം പാലം, ഫറോക്ക് പഴയപാലം എന്നിവ ദീപാലംകൃതമാക്കുന്നതിന് നിരാക്ഷേപ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിൽവരുത്തുന്നതിനായി ഏതൊക്കെ പാലങ്ങൾ ഉപയോഗിക്കാമെന്നത് പരിശോധിച്ചുവരുന്നു.

**റോഡുകളുടെ നവീകരണ പദ്ധതി**

**19 (1286)** <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരത്മാല പരിയോജന പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കാനുദ്ദേശിക്കുന്ന റോഡുകളുടെ നവീകരണം പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേരളത്തിൽ ദേശീയപാത അതോറിറ്റി മുഖേന വികസിപ്പിക്കുന്ന എല്ലാ ദേശീയപാതകളും ഭാരത്മാല പരിയോജന പദ്ധതിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഭാരത്മാല പരിയോജനയിൽ ഉൾപ്പെടുത്തിയ ദേശീയപാത 66-ന്റെ 19 സ്ട്രച്ചുകളിൽ പ്രവൃത്തി പുരോഗമിക്കുന്നു. ദേശീയപാത 85-ന്റെ പ്രവൃത്തി 26-06-2023-ൽ അവാർഡ് ചെയ്തിട്ടുണ്ട്. പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

ഭാരത്മാല പരിയോജനയിൽ ഉൾപ്പെടുത്തി ദേശീയപാത അതോറിറ്റി മുഖേന നടപ്പാക്കുന്ന 15 പ്രവൃത്തികൾക്ക് ദേശീയപാത അതോറിറ്റിയുടെ LA

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

Committee അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) തുറമുഖ കണക്ടിവിറ്റി റോഡുകളുടെ വികസനത്തിനുവേണ്ടി തയ്യാറാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ?

ഭാരത്മാല പരിയോജന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 12 തുറമുഖ കണക്ടിവിറ്റി റോഡുകളുടെ വിശദമായ പദ്ധതിരേഖ തയ്യാറാക്കിവരുന്നു. പ്രസ്തുത പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(സി) ദേശീയപാത നിലവാരത്തിലേയ്ക്ക് വികസിപ്പിക്കാൻ തത്വത്തിൽ അനുമതി നൽകിയ റോഡുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികൾ വിശദമാക്കാമോ?

കേരളത്തിലെ 12 റോഡുകൾ ദേശീയപാതയായി കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയം തത്വത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇവ ദേശീയപാതയായി ഉയർത്തുന്നതിനുള്ള സാധ്യതാ പഠനമാണ് നിലവിൽ നടന്നുവരുന്നത്. 7 എണ്ണത്തിന്റെ Alignment Presentation കഴിഞ്ഞു. ബാക്കിയുള്ളവ പുരോഗമിക്കുന്നു. തത്വത്തിൽ അനുമതി ലഭ്യമായ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റോഡുകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**കുറ്റ്യാടി-മട്ടന്നൂർ എയർപോർട്ട് നാലുവരിപ്പാത**

**20 (1287)** <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിനോട് അനുബന്ധിച്ച് കുറ്റ്യാടി-മട്ടന്നൂർ എയർപോർട്ട് നാലുവരിപ്പാതയുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ സ്ഥലം ഏറ്റെടുക്കൽ നടപടിക്രമങ്ങൾ വേഗത്തിലാക്കാൻ വകുപ്പ് നടപടികൾ സ്വീകരിക്കുമോ?

(എ&ബി) കുറ്റ്യാടി-മട്ടന്നൂർ എയർപോർട്ട് റോഡിന്റെ ഭാഗമായ പെരിങ്ങത്തൂർ മുതൽ മട്ടന്നൂർ വരെയുള്ള റോഡിന്റെ സ്ഥലം ഏറ്റെടുക്കുന്നതിനായി കിഫ്ബിയിൽനിന്നും 25-04-2023-ൽ 591.03 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമാക്കിയിട്ടുണ്ട്. സ്ഥലം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏറ്റെടുക്കുന്നതിന്റെ ഭാഗമായി 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് അലൈൻമെന്റ് കല്ല് സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി റവന്യൂ, കെ.ആർ.എഫ്.ബി.-പി.എം.യു. എന്നിവരുടെ സംയുക്ത സ്ഥല പരിശോധന പുരോഗതിയിലാണ്.

(സി) സ്ഥലം ഏറ്റെടുക്കുന്നതിന് കിഫ്ബി മുഖാന്തരം അനുവദിച്ച ഫണ്ടിന്റെ വിശദാംശം നൽകാമോ?

കുറ്റ്യാടി മട്ടന്നൂർ എയർപോർട്ട് റോഡിന്റെ ഭാഗമായ പെരിങ്ങത്തൂർ മുതൽ മട്ടന്നൂർ വരെയുള്ള 53.15 കിലോമീറ്റർ റോഡ് നാലുവരിയായി വികസിപ്പിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായി 25-04-2023-ൽ 591.03 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

**മുട്ടുങ്ങൾ-നാദാപുരം-പക്രംതളം റോഡ്**

**21 (1288)** <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുട്ടുങ്ങൾ-നാദാപുരം-പക്രംതളം റോഡിന്റെ എസ്റ്റിമേറ്റ് പ്രകാരം ഇരുസൈഡുകളും ടൈലുകളിട്ട് കാൽനടയാത്രക്കാരുടെ സുരക്ഷ

ഉറപ്പാക്കാനും പ്രധാന ഭാഗങ്ങളിൽ കൈവരി സ്ഥാപിക്കാനുമുള്ള പ്രവൃത്തിക്ക് സാമ്പത്തികാനുമതി ലഭ്യമാക്കാനും നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

കിഫ്ബി മുഖേന സാമ്പത്തികാനുമതി ലഭിച്ച മുട്ടുങ്ങൽ-നാദാപുരം-പക്രംതളം റോഡിന്റെ ഒറിജിനിൽ സ്കോപ്പിൽ ഉൾപ്പെട്ട റോഡ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റിൽ ഉൾപ്പെട്ട ഹാൻഡ് റെയിൽ അപര്യാപ്തമായതിനാൽ റോഡിന്റെ ഇരുവശങ്ങളിലും ഇന്റർലോക്ക്, ഹാൻഡ് റെയിൽ എന്നിവ സ്ഥാപിക്കുന്നതിന് അധികമായി വരുന്ന അളവുകൾ ഉൾപ്പെടുത്തി ഒരു പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

**കായപ്പനച്ചി-കുന്നുംചിറ-എടച്ചേരി (പുതിയങ്ങാടി) റോഡ് പ്രവൃത്തി**

**22 (1289)** <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ കിഫ്ബി മുഖാന്തരം അനുവദിച്ച കായപ്പനച്ചി-കുന്നുംചിറ-എടച്ചേരി (പുതിയങ്ങാടി) റോഡ് പ്രവൃത്തിക്കായി

**നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?**

നാദാപുരം നിയോജകമണ്ഡലത്തിലെ കായപ്പനച്ചി ചൂണ്ടയിൽ പുതിയങ്ങാടി റോഡ് പ്രവൃത്തിക്ക് 10-07-2017-ൽ 20 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 12-02-2021-ൽ ഭരണാനുമതി റീവാലിഡേറ്റ് ചെയ്തിട്ടുണ്ട്. 16-04-2022-ലെ ഉത്തരവുപ്രകാരം പ്രസ്തുത പ്രവൃത്തി കായപ്പനച്ചി-കുന്നുംചിറ-എടച്ചേരി (പുതിയങ്ങാടി) എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിലേയ്ക്കായി മണ്ണുപരിശോധന റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിന് നൽകിയിരുന്നു. കൂടുതൽ വിശദാംശങ്ങൾ ആവശ്യപ്പെട്ട് 06-05-2023-ൽ ഡിസൈൻ വിഭാഗത്തിൽനിന്നും നിർദ്ദേശം ലഭിച്ചതനുസരിച്ച് പ്രസ്തുത വിവരങ്ങൾ RIQCL മുഖേന ലഭ്യമാക്കി ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**(ബി) പ്രസ്തുത പ്രവൃത്തിക്ക് എന്നത്തേയ്ക്ക് ഭരണാനുമതി നൽകുമെന്ന് അറിയിക്കാമോ?**

പ്രസ്തുത പ്രവൃത്തിക്ക് 10-07-2017-ൽ സ.ഉ.(സാധാ)നം.942/2017/ പൊ.മ.വ. ഉത്തരവുപ്രകാരം 20 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. 12-02-2021-ൽ ഭരണാനുമതി ഉത്തരവ് റീവാലിഡേറ്റ് ചെയ്ത് നൽകിയിട്ടുണ്ട്.

**കാലാവസ്ഥാ വ്യതിയാനത്തിനനുസരിച്ച് റോഡ് നിർമ്മാണം**

**23 (1290)** <u>ശ്രീ. പി. മമ്മിക്കുട്ടി</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനത്തിനനുസരിച്ച് റോഡ് നിർമ്മാണം സാധ്യമാക്കാൻ പുതിയ സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന പ്രവൃത്തികളിൽ കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കുന്ന തരത്തിലുള്ള നിർമ്മാണ രീതികൾ അവലംബിക്കുന്നതിനും നൂതന സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തുന്നതിനും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

കാലാവസ്ഥാ വ്യതിയാനത്തിനനുസരിച്ച് റോഡ് നിർമ്മാണം സാധ്യമാക്കാൻ കഴിയുന്ന പുതിയ സാങ്കേതികവിദ്യകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1. | Soil Nailing |
| 2. | Geocells & Cellular confinement System |
| 3. | Cold Recycling |
| 4. | Permeable Pavement Construction |
| 5. | Segmental block reinforced earthen walls using geogrids |
| 6. | Cement treated sub base/CTB |
| 7. | Pavement Quality Concrete |

(ബി) സംസ്ഥാനത്തെ ഏതെല്ലാം റോഡുകളിലാണ് ആയത് നടപ്പാക്കാൻ തീരുമാനിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

മേൽപ്പറഞ്ഞ സാങ്കേതികവിദ്യകൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന റോഡുകളുടെ വിവരം അനുബന്ധമായി+ ചേർക്കുന്നു.

**കാരപ്പൊറ്റ-ചൂലിപ്പാടം റോഡ് വീതികൂട്ടി അഭിവൃദ്ധിപ്പെടുത്തുന്ന നടപടി**

**24 (1291)** <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) 2017-18 ബജറ്റിൽ ഉൾപ്പെടുത്തിയ തരൂർ മണ്ഡലത്തിലെ കാരപ്പൊറ്റ-ചൂലിപ്പാടം റോഡ് വീതികൂട്ടി അഭിവൃദ്ധിപ്പെടുത്തുന്ന 3.4 കോടി രൂപയുടെ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) Improvement and widening work to Karapotta-Choolipadam Road Km 0/000 to 4/000 എന്ന പ്രവൃത്തിക്ക് കരാറിൽ ഏർപ്പെട്ടിട്ടുള്ളതും സൈറ്റ് 28-09-2019-ന് 9 മാസം പൂർത്തീകരണ കാലാവധിയോടെ കരാറുകാരന് കൈമാറിയിട്ടുള്ളതുമാണ്. എന്നാൽ പ്രവൃത്തി നടപ്പാക്കുന്നതിന് കരാറുകാരൻ അകാരണമായി കാലതാമസം വരുത്തി. കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്തിട്ടുണ്ട്. ബാക്കി പ്രവൃത്തി പുനഃക്രമീകരിച്ച് ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ തുടരുന്നു.

**തീരദേശ ഹൈവേ പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടി**

**25 (1292)** ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേ പദ്ധതിക്കായുള്ള സ്ഥലം ഏറ്റെടുക്കൽ ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

2013-ലെ RFCTLARR ആക്റ്റ് അടിസ്ഥാനമാക്കിയാണ് റവന്യൂ വകുപ്പ് തീരദേശ ഹൈവേ പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്നത്. ഇതിനുപുറമെ 10-03-2023-ൽ പ്രത്യേക പുനരധിവാസ പാക്കേജും സർക്കാർ പ്രസ്തുത പദ്ധതിക്കായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിൽ, പദ്ധതി ബാധിക്കുന്ന എഴുപത് ശതമാനം പേരുടെ അംഗീകാരമുണ്ടെങ്കിൽ മാത്രമേ പദ്ധതി നടപ്പാക്കാൻ പാടുള്ളൂവെന്ന് നിഷ്കർഷിക്കുന്നുണ്ടോ?

2013-ലെ RFCTLARR ആക്റ്റ് സെക്ഷൻ 2 (2) (ii) പ്രകാരം Private Public Partnership പദ്ധതികൾക്കാണ് പദ്ധതി ബാധിതരായ 70 ശതമാനം

പേരുടെ മുൻകൂർ അനുമതി വേണമെന്ന് നിഷ്കർഷിക്കുന്നത്. തീരദേശ ഹൈവേ പദ്ധതി സംസ്ഥാന സർക്കാരിന്റെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പൊതു ആവശ്യമായി കണക്കാക്കുന്നതിനാൽ മേല്പറഞ്ഞ ചട്ടം തീരദേശ ഹൈവേയ്ക്ക് ബാധകമല്ല.

(സി) തീരദേശ ഹൈവേ പദ്ധതി ബാധിക്കുന്നവരെ ഉൾപ്പെടുത്തി പൊതു ഹിയറിംഗ് നടത്തുകയോ അവരോട് അഭിപ്രായം ആരായുകയോ ചെയ്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികളുമായി മുന്നോട്ട് പോകുന്ന നടപടി നിയമപരമാണോയെന്ന് വിശദമാക്കാമോ?

(സി&ഡി) തീരദേശ ഹൈവേ പദ്ധതിക്ക് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കല്ലിടുവാനുള്ള 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുള്ള ഇടങ്ങളിൽ ജനപ്രതിനിധികൾ പങ്കെടുത്ത വിശദീകരണ യോഗങ്ങൾ ചേർന്ന് പദ്ധതിയുടെ ഗുണഫലങ്ങൾ വിശദീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ റീഹാബിലിറ്റേഷൻ പ്രവൃത്തികൾക്കുള്ള എസ്.പി.വി. ആയി നിയോഗിച്ചിട്ടുള്ള തീരദേശ വികസന കോർപ്പറേഷൻ (KSCADC)

വീടുവീടാന്തരം സർവ്വേ നടത്തി പദ്ധതിയെക്കുറിച്ച് വിശദീകരിച്ച് ജനങ്ങൾക്ക് പദ്ധതിയെക്കുറിച്ചുള്ള ആശങ്കകൾ ദൂരീകരിക്കുന്നുണ്ട്.

അതിർത്തിക്കല്ലുകൾ സ്ഥാപിച്ച ഇടങ്ങളിൽ സാമൂഹിക ആഘാത പഠനത്തിന്റെ ഭാഗമായി പബ്ലിക് ഹിയറിംഗ് നടത്തുന്നുണ്ട്. റവന്യൂ വകുപ്പ് 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചശേഷം സാമൂഹികാഘാത പഠനം നടത്തുകയും തുടർന്ന് 11 (1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് പബ്ലിക് ഹിയറിംഗ് നടത്തുകയും ചെയ്യും.

**തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കൽ**

**26 (1293)** <u>**ശ്രീ. എം. വിജിൻ**</u>**:** താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിൽ കെ.എസ്.ടി.പി.-ക്ക് കീഴിലുള്ള പിലാത്തറ-പാപ്പിനിശ്ശേരി റോഡിലെ പ്രവർത്തനരഹിതമായ തെരുവ് വിളക്കുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കെ.എസ്.ടി.പി. പ്രവൃത്തി പൂർത്തിയാക്കിയ പിലാത്തറ-പാപ്പിനിശ്ശേരി റോഡ് പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ വിഭാഗത്തിന് കൈമാറിയിട്ടുള്ളതാണ്. തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ചകാര്യം പരിശോധിച്ചുവരുന്നു.

**റോഡുകളുടെ നവീകരണം**

**27 (1294)** **ശ്രീ. കുറുക്കോളി മൊയ്തീൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള നിരവധി റോഡുകൾ സാമ്പത്തിക പ്രയാസം കാരണം പ്രവൃത്തി ചെയ്യാനാകാത്തതിനാൽ ഗതാഗത യോഗ്യമല്ലാതാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഒറ്റത്തവണ പ്രവൃത്തി ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുകീഴിലെ റോഡുകളുടെ പരിപാലനവും നിർമ്മാണങ്ങളും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾക്കാണുള്ളത്. നിലവിൽ സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകളുടെ നിലവാരം ഉയർത്തുന്നതിനാണ് വകുപ്പ് മുൻഗണന നൽകുന്നത്. തദ്ദേശസ്ഥാപന റോഡുകളുടെ ഒറ്റത്തവണ പ്രവൃത്തി ഏറ്റെടുക്കുന്ന കാര്യത്തിൽ നിലവിൽ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള പ്രധാന റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള പ്രധാന റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന പൊതുവിഷയത്തിൽ സർക്കാർ തീരുമാനമെടുത്തിട്ടില്ല.

**തീരദേശ ഹൈവേ പദ്ധതി**

**28 (1295)** ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം ജില്ലയിലെ തീരദേശ ഹൈവേ പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുടെ പുരോഗതി വിശദമാക്കുമോ?

കൊല്ലം ജില്ലയിലെ കാപ്പിൽ മുതൽ വലിയ അഴീക്കൽ വരെയുള്ള 37.2 കിലോമീറ്റർ ഭാഗമാണ് തീരദേശ ഹൈവേ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. പ്രസ്തുത പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കുന്ന നടപടിയുമായി ബന്ധപ്പെട്ട് 6(1) വിജ്ഞാപനം 19-07-2022-ലെ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിലവിൽ അതിർത്തികൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു. നാളിതുവരെ 12.9 കിലോമീറ്റർ ഭാഗത്ത് അതിർത്തിക്കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്.

**പുനലൂർ തൂക്കുപാലം-ശിവൻകോവിൽ റോഡ് കട്ടിംഗ് അനുമതി**

29 (1296) <u>ശ്രീ. പി. എസ്. സുപാൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നഗരസഭയിൽ അമൃത് 2 പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടുള്ള കുടിവെള്ള പദ്ധതിയുടെ മെയിൻ ലൈൻ കടന്നുപോകുന്ന പുനലൂർ തൂക്കുപാലം-ശിവൻകോവിൽ റോഡിൽ റോഡ് കട്ടിംഗിനു കെ.ആർ. എഫ്.ബി.-യുടെ അനുവാദം ലഭിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത

പദ്ധതി നടപ്പാക്കാൻ കഴിയാതെ ബുദ്ധിമുട്ടുന്നുവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നഗരസഭയിലെ ജലദൗർലഭ്യം അനുഭവപ്പെടുന്ന അഞ്ച് വാർഡുകളിലേക്ക് വെള്ളം ലഭിക്കുന്ന പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിലേയ്ക്കായി റോഡ് കട്ടിംഗിനുള്ള അനുവാദം അടിയന്തരമായി ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളുമോ; വിശദമാക്കാമോ?

(എ&ബി) കിഫ്ബിയുടെ സാമ്പത്തിക സഹായത്താൽ നടപ്പിലാക്കുന്ന പുനലൂർ തൂക്കുപാലം-ശിവൻകോവിൽ റോഡിൽ കിഫ്ബിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ടാർ കട്ടിംഗ് അനുവദനീയമല്ല. കിഫ്ബിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പൈപ്പ്ലൈനുകൾ റോഡിന്റെ ഷോൾഡർ ഭാഗങ്ങളിലാണ് നൽകേണ്ടത്. പുതിയതായി പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനായി നിലവിൽ റോഡിന് മതിയായ ഷോൾഡർ ലഭ്യമല്ല. പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് അനുമതി ലഭ്യമാക്കുമോയെന്ന കാര്യം

കിഫ്ബിയാണ് തീരുമാനിക്കേണ്ടത്. ഇക്കാര്യം കിഫ്ബിയുടെ ശ്രദ്ധയിൽപ്പെടുത്താൻ നടപടികൾ സ്വീകരിക്കാം.

**ചാലക്കുടി - ആനമല റോഡ് നവീകരണം**

**30 (1297)** ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് ഉപയോഗിച്ച് നവീകരിക്കുന്ന തൃശ്ശൂർ ജില്ലയിലെ ചാലക്കുടി - ആനമല റോഡ് പണിയുടെ പുരോഗതി വിശദീകരിക്കുമോ;

(ബി) നിലവിൽ ഈ പ്രവൃത്തി എത്ര ശതമാനം പൂർത്തീകരിച്ചുവെന്ന് അറിയിക്കുമോ?

(എ&ബി) ചാലക്കുടി-ആനമല റോഡിന് 20-08-2016-ൽ 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതിയും 17-01-2018-ൽ 27.96 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. തുടർന്ന് 28-12-2019-ന് 21.01 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി ടെൻഡർ ചെയ്യുകയും 30-09-2020-ന് 21.01 കോടി രൂപയ്ക്ക് കരാർ നൽകുകയും

ചെയ്തിട്ടുണ്ട്. നിലവിൽ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. റോഡ് പ്രവൃത്തി 28% പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ഈ പ്രവൃത്തി എന്ന് പൂർത്തീകരിക്കാനാകുമെന്ന് വെളിപ്പെടുത്തുമോ?

ജലജീവൻ മിഷന്റെ ഭാഗമായുള്ള കുടിവെള്ള പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആ സാഹചര്യത്തിൽ നിലവിലെ ചാർട്ട് പ്രകാരം നിശ്ചയിച്ചതിൽനിന്നും പ്രവൃത്തി നീളാനാണ് സാധ്യത.

**വൈപ്പിൻ പള്ളിപ്പുറം പാരലൽ റോഡ്**

**31 (1298)** <u>**ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:**</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ വൈപ്പിൻ പള്ളിപ്പുറം പാരലൽ റോഡിന്റെ ch 0 മുതൽ 11 വരെയും ch 11 മുതൽ 14 വരെയുമുള്ള ഭാഗത്തിന്റെ അഭിവൃദ്ധിപ്പെടുത്തലിനായി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

നാളിതുവരെയും പൂർത്തിയാക്കാത്തതിനാൽ ഗതാഗതയോഗ്യമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസമുണ്ടാകുന്നതിനുള്ള കാരണം വിശദമാക്കാമോ;

(ബി) മത്സ്യത്തൊഴിലാളികളും തീരദേശ ജനതയും ഗതാഗതത്തിനായി ആശ്രയിക്കുന്ന പ്രസ്തുത പാത നടപടികൾ പൂർത്തിയാക്കി എന്നത്തേയ്ക്ക് ഗതാഗത യോഗ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടതെന്ന് വിശദമാക്കാമോ?

(എ-സി) നിരത്ത് വിഭാഗത്തിന് കീഴിൽ വൈപ്പിൻ - പള്ളിപ്പുറം പാരൽ റോഡിന്റെ നിർമ്മാണം ഏറ്റെടുത്ത കരാറുകാരൻ പ്രവൃത്തി, കരാർ പ്രകാരം നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയതിനെത്തുടർന്ന് കരാറുകാരനെ പ്രവൃത്തിയിൽനിന്നും Risk and Cost വ്യവസ്ഥയിൽ terminate ചെയ്തിട്ടുണ്ട്. നിലവിൽ അവശേഷിക്കുന്ന പ്രവൃത്തികൾ പുനഃക്രമീകരണം നടത്തി പ്രസ്തുത

പ്രവൃത്തി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉടൻ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

ചെയിനേജ് 0/000 മുതൽ 11/000 കി.മീ. വരെയുള്ള ഭാഗത്തെ അവശേഷിക്കുന്ന പ്രവൃത്തി റീ ടെൻഡർ ചെയ്യുകയും റീ ടെൻഡറിൽ പങ്കെടുത്ത കരാറുകാരുടെ PQ evaluation ചെയ്യുകയും 22-07-2023-ൽ PQ അംഗീകരിച്ച് സെൻട്രൽ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ ലഭ്യമാക്കിയിട്ടുണ്ട്. ടെൻഡർ നടപടി ക്രമങ്ങൾ പൂർത്തിയാക്കി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ചെയിനേജ് 11/000 മുതൽ 17/000 കി.മീ. വരെയുള്ള ഭാഗത്തെ പ്രവൃത്തിയുടെ റീ ടെൻഡർ 19-07-2023-ൽ അംഗീകരിച്ച് കരാറുകാരനെ തെരഞ്ഞെടുത്തിട്ടുണ്ട്. ഉടൻ പ്രവൃത്തി പുനരാരംഭിക്കാൻ നടപടി സ്വീകരിക്കും.

നിരത്ത് വിഭാഗത്തിന്റെ പ്രസ്തുത പ്രവൃത്തി കൂടാതെ വൈപ്പിൻ പാരലൽ റോഡിന് 01-11-2016-ൽ 75 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയെങ്കിലും ടി റോഡ് നിർദ്ദിഷ്ട തീരദേശ ഹൈവേയുടെ

അലൈൻമെന്റിലൂടെ കടന്നുപോകുന്നതിനാൽ ടി റോഡ് കോസ്റ്റൽ ഹൈവേ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത ഭാഗത്തുവരുന്ന കോസ്റ്റൽ ഹൈവേ റീച്ച് - 2 പുതുവൈപ്പ് - പള്ളിപ്പുറത്തിന്റെ സ്ഥലമേറ്റെടുക്കലിനായി 238.66 കോടി രൂപയ്ക്ക് 14-12-2022-ന് കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്.

**സംസ്ഥാനത്തെ സഞ്ചാരയോഗ്യമല്ലാത്ത റോഡുകൾ**

**32 (1299)** ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഞ്ചാരയോഗ്യമല്ലാത്ത എത്ര റോഡുകൾ നിലവിലുണ്ടെന്നാണ് പി.ഡബ്ല്യു.ഡി. കണ്ടെത്തിയിട്ടുള്ളത്; ജില്ലാടിസ്ഥാനത്തിൽ എണ്ണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡുകൾ എന്നത്തേയ്ക്ക് സഞ്ചാരയോഗ്യമാക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

(എ&ബി) നിരത്ത് വിഭാഗം

പൊതുമരാമത്ത് വകുപ്പിന് കീഴിൽ പൂർണ്ണമായും സഞ്ചാരയോഗ്യമല്ലാത്ത റോഡുകളില്ല. 2012 കാലഘട്ടത്തിൽ എൽ.എസ്.ജി.ഡി.-യിൽനിന്നും പി.ഡബ്ല്യു.ഡി ഏറ്റെടുത്ത 42 എണ്ണം മൺപാതകൾ (എർത്തേൺ റോഡ്/ ഡബ്ല്യു.ബി.എം.) വികസിപ്പിക്കേണ്ടതുണ്ട്.

പൊതുമരാമത്ത് വകുപ്പ് റോഡുകളിലെ അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്യുന്നതിനായി റണ്ണിംഗ് കോൺട്രാക്റ്റ് സമ്പ്രദായം നടപ്പിലാക്കിവരുന്നു. പോട്ട് ഹോൾ ഫ്രീ റോഡുകൾ എന്ന ലക്ഷ്യം കൈവരിക്കുകയാണ് റണ്ണിംഗ് കോൺട്രാക്റ്റ് വ്യവസ്ഥയുടെ ഉദ്ദേശ്യം. ഇതിനോടൊപ്പം പ്രീ-മൺസൂൺ പ്രവൃത്തികളും നടപ്പിലാക്കി വരുന്നുണ്ട്. വിവിധ പദ്ധതികളിലായി റോഡുകൾ നവീകരിക്കുന്നതിനുള്ള പ്രവൃത്തികളും നടപ്പിലാക്കുന്നു.

**തങ്കളം-കാക്കനാട് നാലുവരി പാത പദ്ധതി**

**33 (1300)** <u>**ശ്രീ. ആന്റണി ജോൺ:**</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ തങ്കളം-കാക്കനാട് നാലുവരി പാത നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) പാതയുടെ നിർമ്മാണം നിലവിലെ അലൈൻമെന്റ് അനുസരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) പാതയുടെ നിർമ്മാണത്തിന്റെ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് ചെയിനേജ് 24/600 മുതൽ 26/057 വരെ സർവേ നടപടി പൂർത്തീകരിച്ചിട്ടുള്ള ഭൂമി ഏറ്റെടുക്കുന്നത് റോഡ്സ് ഡിവിഷന്റെ ഫിനാൻസ് ഫണ്ടിൽ (സ്റ്റേറ്റ് ബജറ്റ് ഫണ്ട്) നിന്നുമായതിനാൽ റോഡ്സ് വിഭാഗത്തിന്റെ നേതൃത്വത്തിൽത്തന്നെ സ്ഥലമേറ്റെടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

(എ-സി) തങ്കളം-കാക്കനാട് നാലുവരി പാതയുടെ കോതമംഗലം മണ്ഡലത്തിൽ വരുന്ന ചെയിനേജ് കി.മീ. 20/000 മുതൽ 27/324 വരെയുള്ള ഭാഗത്തെ ഗ്രേഡിയന്റ് 18% മുതൽ 34% വരെയാണ്. ആയതിനാൽ ഈ പാത IRC മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഡിസൈൻ സാധ്യമല്ലാത്തതും ഫീസിബിൾ അല്ലെന്നും കിഫ്ബിയിൽനിന്നും അറിയിച്ചിട്ടുണ്ട്. കിഫ്ബി

തയ്യാറാക്കിയ സൈറ്റ് വിസിറ്റ് റിപ്പോർട്ടിൽ കാക്കനാട് മനക്കക്കടവ് മുതൽ കോതമംഗലം തങ്കളം വരെ (0/000 മുതൽ 27/324 വരെ) നിലവിലെ അലൈൻമെന്റ്) കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരം ഫീസിബിളല്ലെന്നും ആയതിനാൽ കിഫ്ബി പദ്ധതിയിൽ 24/600 മുതൽ 26/057 വരെയുള്ള സ്ഥലം ഏറ്റെടുപ്പ് ഉൾപ്പെടുത്തേണ്ടെന്നും തീരുമാനിച്ചു.

തങ്കളം-കാക്കനാട് നാലുവരി പാത ബജറ്റ് വർക്കിന്റെ (ch. 24/600 മുതൽ 26/057 വരെ) സ്ഥലമേറ്റെടുപ്പ് പ്രക്രിയ സ്റ്റേറ്റ് ബജറ്റ് ഫണ്ടിൽ നിന്നായതിനാൽ പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയലുകൾ പൊതുമരാമത്ത് നിരത്ത് ഡിവിഷൻ മൂവാറ്റുപുഴയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.ആർ.എഫ്.ബി, (പി.എം.യു.) മൂവാറ്റുപുഴ/ഇടുക്കിയുടെ കാര്യാലയത്തിൽ സ്വീകരിച്ചുവരുന്നു.

**കൊല്ലം-ചെങ്കോട്ട റോഡ് വികസനം**

**34 (1301)** ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച കൊല്ലം-ചെങ്കോട്ട റോഡിന്റെ വികസനത്തിനായുള്ള ഇൻവെസ്റ്റിഗേഷന്റെയും വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനുള്ള നടപടികളുടെയും പുരോഗതിയുടെ വിശദാംശം ലഭ്യമാക്കുമോ?

2022-2023 ബഡ്ജറ്റിലുൾപ്പെടുത്തിയിട്ടുള്ള കൊല്ലം-ചെങ്കോട്ട റോഡ് നാലുവരി പാത നിർമ്മാണത്തിന് 05-11-2022-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ ഹൈവേ ഡിസൈൻ യൂണിറ്റിനെ ഡി.പി.ആർ. തയ്യാറാക്കാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 01-08-2023-ൽ കൊല്ലം-ചെങ്കോട്ട നാലുവരിപ്പാതയുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന മീറ്റിംഗിലെ തീരുമാനപ്രകാരം പ്രസ്തുത പദ്ധതി NHAI-യുടെ കീഴിലുള്ള NH 744 ഇടമൺ ആര്യങ്കാവ് റോഡിന്റെ നാലുവരിപ്പാത നിർമ്മാണവും കല്ലുംതാഴം ജംഗ്ഷൻ മുതൽ ഇടമൺ വരെ പേവ്ഡ് ഷോൾഡറോട് കൂടിയ രണ്ടുവരിപ്പാത നിർമ്മാണവും ഉൾപ്പെടുന്നതിനാൽ 2022-2023-ലെ ബഡ്ജറ്റ്

പ്രസംഗത്തിൽ പ്രഖ്യാപിച്ച കൊല്ലം-ചെങ്കോട്ട റോഡിന്റെ വികസന നടപടികൾ തൽക്കാലം നിർത്തിവയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**ഹിൽ ഹൈവേ നിർമ്മാണം**

**35 (1302)** <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഹിൽ ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട പുരോഗതി വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിലെ മലയോര ഹൈവേ നിർമ്മാണം 4 റീച്ചുകളിലായി ഇതുവരെ 85.10 കിലോമീറ്റർ റോഡ് പൂർത്തീകരിച്ചിട്ടുണ്ട്. നന്ദാരപടവ് മുതൽ ചേവാർ വരെയുള്ള റീച്ച് 1-ലെ 23 കിലോമീറ്റർ നീളം വരുന്ന റോഡിന്റെ മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ചേവാർ മുതൽ എടപ്പറമ്പ വരെയുള്ള റീച്ച് 2-ൽ ആകെയുള്ള 28 കിലോമീറ്ററിൽ 17.5 കിലോമീറ്റർ ഭാഗത്തെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. നിലവിൽ പ്രസ്തുത റീച്ചിലെ നവീകരണ പ്രവൃത്തികൾ പുരോഗമിച്ച

വരികയാണ്. 24 കിലോമീറ്റർ നീളം വരുന്ന എടപ്പറമ്പ മുതൽ കോളിച്ചാൽ വരെയുള്ള റീച്ച് 3-ൽ വനഭൂമിയും കാവുങ്കൽ പാലവും ഒഴികെയുള്ള 19.06 കിലോമീറ്റർ ഭാഗത്തെ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന 28.70 കിലോമീറ്റർ നീളം വരുന്ന റീച്ച് 4 കോളിച്ചാൽ മുതൽ ചെറുപുഴ വരെയുള്ള റോഡിന്റെ വനഭൂമി ഒഴികെയുള്ള 25.54 കിലോമീറ്റർ ഭാഗത്തെ റോഡിന്റെ നിർമ്മാണ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) നിലവിൽ എത്ര കിലോമീറ്റർ പാത അഭിവൃദ്ധിപ്പെടുത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(സി) എത്ര കിലോമീറ്റർ അഭിവൃദ്ധിപ്പെടുത്താനുണ്ടെന്നും ഇതിന്റെ നടപടികൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

(ബി&സി) കാസർഗോഡ് ജില്ലയിൽ 85.10 കിലോമീറ്റർ ഭാഗത്തെ മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 18.68 കിലോമീറ്ററിൽ 10.5 കിലോമീറ്റർ ഭാഗം റീച്ച് 2 ആയ ചേവാർ മുതൽ എടപ്പറമ്പ വരെയുള്ള റീച്ചിൽ ഉൾപ്പെടുന്നതാണ്. അതിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. പ്രവൃത്തി പൂർത്തിയാകാൻ ബാക്കിയുള്ള

8.18 കിലോമീറ്ററിൽ റീച്ച് 3 ആയ കോളിച്ചാൽ മുതൽ എടപ്പറമ്പ വരെയും റീച്ച് 4 ആയ കോളിച്ചാൽ മുതൽ ചെറുപുഴ വരെയുമാണ് ഉൾപ്പെടുന്നത്. ഇതിൽ റീച്ച് 3 ആയ കോളിച്ചാൽ മുതൽ എടപ്പറമ്പ വരെയുള്ള പ്രവൃത്തി നിലവിൽ 03-04-2023-ൽ ഫോർക്ലോസ് ചെയ്തിട്ടുള്ളതാണ്. വനഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ആയതു ലഭ്യമായാൽ പ്രവൃത്തി റീടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. നിലവിൽ പ്രസ്തുത റീച്ചിന്റെ നവീകരണ പ്രവൃത്തികൾക്കായി സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത റീച്ചിന്റെ ഭാഗമായ ബേത്തുർപാറ പരപ്പ ലിങ്ക് റോഡ് നിർമ്മിക്കുന്നതിനുള്ള പുതുക്കിയ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭിച്ചിട്ടുണ്ട്. അതിന്റെ ഡി.പി.ആർ. തയ്യാറാക്കിവരികയാണ്. പ്രസ്തുത ലിങ്ക് റോഡ് ഗതാഗത യോഗ്യമാക്കുന്നതിനുള്ള അറ്റകുറ്റപ്രവൃത്തികൾക്കായി സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. റീച്ച് 4 ആയ കോളിച്ചാൽ മുതൽ ചെറുപുഴ വരെയുള്ള ഭാഗത്തെ 2.71 കിലോമീറ്റർ വനഭൂമിയാണ്. ഈ ഭാഗത്ത് കോൺക്രീറ്റ് പാത നിർമ്മിക്കുന്നതിനുള്ള ഡിസൈൻ 19-06-2023-ൽ സമർപ്പിച്ചിട്ടുണ്ട്. ആയത്

പ്രകാരം പദ്ധതിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ആയതിന് ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. നിലവിൽ പ്രസ്തുത റോഡ് സഞ്ചാര യോഗ്യമാക്കുന്നതിനുള്ള നവീകരണ പ്രവർത്തനങ്ങൾക്ക് സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്.

**ആലുവ-മൂന്നാർ റോഡ് നാലുവരി പാത**

**36 (1303)** ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ-മൂന്നാർ റോഡ് (കോതമംഗലം-ആലുവ റോഡ്) നാലുവരി പാതയാക്കുന്നതുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) റോഡ് വികസനവുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുപ്പ് നടപടികൾ വേഗത്തിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

(എ&ബി) ആലുവ-മൂന്നാർ സംസ്ഥാന പാത 4 വരിയായി ഉയർത്തുന്ന പദ്ധതിക്ക് സ്ഥലമേറ്റെടുക്കൽ നടപടികൾക്കായി 653.06 കോടിയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്ന് ലഭിച്ചിട്ടുണ്ട്. പ്രസ്തുത റോഡ്

നാലുവരി പാതയാക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുക്കൽ നടപടികൾക്കായി 19-07-2023-ൽ എറണാകുളം ജില്ലാ കളക്ടർക്ക്, എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.ആർ.എഫ്.ബി.-പി.എം.യു., മൂവാറ്റുപുഴ/ഇടുക്കി റിക്വിസിഷൻ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിന്റെ സ്ഥലമേറ്റെടുക്കൽ നടപടികൾക്കായി ലാൻഡ് അക്വിസിഷൻ ഓഫീസറിനെ നിയമിക്കേണ്ടതുണ്ട്. 6(1) നോട്ടിഫിക്കേഷൻ ലഭിക്കുന്ന മുറയ്ക്ക് അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂമിയും കെട്ടിടങ്ങളുമെല്ലാം നഷ്ടമാകുന്നവർക്ക് പരമാവധി തുക നഷ്ടപരിഹാരം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

നിലവിലുള്ള ലാൻഡ് അക്വിസിഷൻ ആക്ടുകൾ LAAR 2013 അനുസരിച്ച് നിയമപ്രകാരമുള്ള നഷ്ടപരിഹാരം ഉറപ്പുവരുത്താൻ സാധിക്കുന്നതാണ്.

**തീരദേശ ഹൈവേക്കായി ഭൂമി ഏറ്റെടുക്കപ്പെടുന്നവർക്കുള്ള നഷ്ടപരിഹാര പാക്കേജ്**

**37 (1304)** **ശ്രീ. വി. ജോയി:**

**ശ്രീ. പി. നന്ദകുമാർ:**

**ശ്രീ. എച്ച്. സലാം:**

**ശ്രീ. എം. രാജഗോപാലൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ?

സംസ്ഥാനത്തെ തീരദേശ സമഗ്രവികസനം ലക്ഷ്യമിടുന്ന തീരദേശ ഹൈവേ 9 തീരദേശ ജില്ലകളിലൂടെയാണ് കടന്നുപോകുന്നത്. 520 കി.മീ. വരുന്ന തീരദേശ ഹൈവേയാണ് 44 റീച്ചുകളിലായി കെ.ആർ.എഫ്.ബി.-പി.എം.യു.-വിന് കീഴിൽ വരുന്നത്. 8 റീച്ചുകളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുകയും സ്ഥലമേറ്റെടുക്കുന്നതിനുൾപ്പെടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സാമ്പത്തികാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. 30 റീച്ചുകളിൽ ലാൻഡ് അക്വിസിഷൻ പ്ലാനുകൾ കിഫ്ബിയിൽ സമർപ്പിച്ച് സ്ഥലം ഏറ്റെടുക്കുന്നതിന് മാത്രമുള്ള സാമ്പത്തികാനുമതി നേടിയിട്ടുണ്ട്. 6500 കോടി രൂപയുടെ തത്വത്തിൽ

ഭരണാനുമതിയുള്ള പദ്ധതിക്കായി നാളിതുവരെ 2619 കോടി രൂപയുടെ (36 കി.മീ. ഭാഗത്തിന് പദ്ധതിക്കും സ്ഥലം ഏറ്റെടുക്കലിനും ഉൾപ്പെടെയും 428 കി.മി. ഭാഗത്തിന് സ്ഥലം ഏറ്റെടുക്കലിന് മാത്രവും) സാമ്പത്തികാനുമതിയാണ് കിഫ്ബിയിൽനിന്നും ലഭ്യമായത്. ഇതിനുപുറമെ 4 റീച്ചുകളിൽ LA Plan, ഡി.പി.ആർ. എന്നിവ തയ്യാറാക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു. കൂടാതെ 2 റീച്ചുകളുടെ (പാലം പ്രവൃത്തി) ഡി.പി.ആർ. കിഫ്ബിയിൽ സാമ്പത്തികാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

സ്ഥലം ഏറ്റെടുക്കുന്നതിനുള്ള റവന്യൂ ഉത്തരവ്, അതിർത്തിക്കല്ലുകൾ സ്ഥാപിക്കാനുള്ള 6(1) നോട്ടിഫിക്കേഷൻ എന്നിവ 464 കി.മീ. ഭാഗത്തിന് ലഭ്യമായിട്ടുണ്ട്. നിലവിൽ 276 കി.മീ. ഭാഗത്ത് അതിർത്തിക്കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ മൂന്ന് റീച്ചുകളിലും തൃശ്ശൂർ ജില്ലയിലെ ഒരു റീച്ചിലും സ്ഥലം ഏറ്റെടുക്കൽ നടപടികൾ അന്തിമ ഘട്ടത്തിലാണ്. പദ്ധതിയുടെ ഭാഗമായ തൃശ്ശൂർ ജില്ലയിലെ അഴിക്കോട് മുനമ്പം പാലം നിർമ്മാണ ഘട്ടത്തിലെത്തി. മലപ്പുറം ജില്ലയിലെ രണ്ട് പ്രവൃത്തികൾ അന്തിമഘട്ടത്തിലേയ്ക്ക് കടന്നിട്ടുണ്ട്.

തീരദേശ ഹൈവേയുടെ ഭാഗമായി പൊന്നാനി അഴിമുഖത്തിന് കുറുകെ കേബിൾസ്റ്റേയ്ഡ് ബ്രിഡ്ജ് നിർമ്മിക്കുന്നതിനും അതിന്റെ അപ്രോച്ച് റോഡ് ഉൾപ്പെടെ 4.8 കി.മി. ആർ.ബി.ഡി.സി.കെ.-യുടെ കീഴിലാണ്. അതിന്റെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽനിന്ന് അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ബി) തീരദേശ ഹൈവേക്കായി ഭൂമി ഏറ്റെടുക്കപ്പെടുന്നവർക്കായി നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

തീരദേശ മേഖലയുടെ സവിശേഷതകൾ കണക്കിലെടുത്ത് ഹൈവേയുടെ സ്ഥലം ഏറ്റെടുക്കലിനുള്ള പ്രത്യേക പുനരധിവാസ പാക്കേജ് 10-03-2023-ലെ G.O.(Ms)No.50/2023/RD പ്രകാരം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

14-03-2023-ന് നിയമസഭയിൽ തീരദേശ ഹൈവേ പുനരധിവാസ പാക്കേജിന്റെ വിശദാംശങ്ങൾ അറിയിക്കുകയും ചെയ്തിരുന്നു. തീരദേശ മേഖലയുടെ പ്രത്യേക സാഹചര്യം പരിഗണിച്ച് ഭൂമി വിട്ടുനൽകുന്നവർക്ക് സമഗ്രമായ പുനരധിവാസ പാക്കേജാണ് തയ്യാറാക്കിയിട്ടുള്ളത്. ജനങ്ങൾക്ക്

മികച്ച പുനരധിവാസം ഉറപ്പിക്കുന്നതാണ് ഈ പാക്കേജ്. പാക്കേജിനെ രണ്ട് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഉടമസ്ഥാവകാശ രേഖകളുള്ളവർ കാറ്റഗറി ഒന്നിൽ ഉൾപ്പെടും. സ്ഥലം വിട്ടുനൽകുന്നവർക്ക് 2013-ലെ സ്ഥലം ഏറ്റെടുക്കൽ നിയമപ്രകാരമുള്ള നഷ്ടപരിഹാരം നൽകും. കെട്ടിടം ഏറ്റെടുക്കുമ്പോൾ കെട്ടിടത്തിന് കണക്കാക്കുന്ന തുകയിൽനിന്ന് ഡ്രിപ്രീസിയേഷൻ മൂല്യം കിഴിച്ച് സൊളേഷ്യ നൽകി, ഡിപ്രീസിയേഷൻ വാല്യൂ കൂടി കൂട്ടിയ തുക നഷ്ടപരിഹാരമായി നൽകും. ഇതോടൊപ്പം പുനരധിവസിക്കപ്പെടേണ്ട കുടുംബങ്ങൾക്ക് പ്രത്യേക നഷ്ടപരിഹാരവും ഈ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 600 ചതുരശ്ര അടി ഫ്ലാറ്റ് അല്ലെങ്കിൽ 13 ലക്ഷം രൂപയുടെ ഒറ്റത്തവണ നഷ്ടപരിഹാരം നൽകും.

ഉടമസ്ഥാവകാശ രേഖകൾ ഇല്ലാത്തവരെയും ഈ പാക്കേജിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് ഡിപ്രീസിയേഷൻ മൂല്യം കിഴിക്കാതെയുള്ള കെട്ടിട വിലയാണ് നഷ്ടപരിഹാരമായി നൽകുക. പുനരധിവസിപ്പിക്കപ്പെടേണ്ട കുടുംബങ്ങൾക്ക് 600 ചതുരശ്ര അടി ഫ്ലാറ്റ്

അല്ലെങ്കിൽ 13 ലക്ഷം രൂപയുടെ ഒറ്റത്തവണ നഷ്ടപരിഹാരം നൽകും. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

(സി) തീരദേശ പാതയിലെ പാലങ്ങൾ അത്യാകർഷകമാക്കാൻ പദ്ധതികളുണ്ടോ?

ഉണ്ട്. പ്രാദേശികമായ സവിശേഷതകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ആകർഷകമായ രീതിയിലാണ് പാലങ്ങളുടെ രൂപകൽപ്പന ചെയ്യാൻ ഉദ്ദേശിക്കുന്നത്. നിലവിൽ കോഴിക്കോടിന്റെ തനിമ നിലനിർത്തി ഹൈവേയുടെ ഭാഗമായ കുഞ്ഞാലിമരയ്ക്കാർ പാലം ഡിസൈൻ ചെയ്തിട്ടുണ്ട്.

(ഡി) തീരദേശ പാത യാഥാർത്ഥ്യമാകുന്നതോടെ ബീച്ച് ടൂറിസത്തിന് മികച്ച ഉണർവ്വുണ്ടാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ?

15.6 മീറ്റർ വീതിയിൽ സൈക്കിൾ ട്രാക്ക് ഉൾപ്പടെ നിർമ്മിക്കുന്ന തീരദേശ ഹൈവേയുടെ ഭാഗമായി സ്ഥലസൗകര്യം ലഭ്യമായ ഇടങ്ങളിൽ ടൂറിസം അമിനിറ്റി സെന്ററുകൾ വിഭാവനം ചെയ്യുന്നുണ്ട്. തൽഫലമായി ബീച്ച് ടൂറിസത്തിന് കൂടുതൽ പ്രാധാന്യം കൈവരിക്കുമെന്നാണ് കരുതുന്നത്.

**തീരദേശ ഹൈവേയുടെ ഡി.പി.ആർ.**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**38 (1305)** <u>ശ്രീ. എ. പി. അനിൽ കുമാർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേയുടെ ഡി.പി.ആർ. എല്ലാ സോണുകളിലും പൂർണ്ണമായും തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഏതൊക്കെ സോണുകളിൽ ഡി.പി.ആർ. പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പൂർത്തിയാക്കിയ സോണുകളിലെ ഡി.പി.ആർ.-ന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ-സി) സംസ്ഥാനത്ത് തീരദേശ ഹൈവേ നിർമ്മാണത്തിനായി ഡി.പി.ആർ. തയ്യാറാക്കുന്നതിന് NATPAC, LNTIEL, IDECK എന്നീ ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകൾ NATPAC-നും എറണാകുളം, തൃശ്ശൂർ ജില്ലകൾ LNTIEL-നും മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകൾ IDECK-നുമാണ് ചുമതല. ഇതിനുപുറമേ മലപ്പുറം, കോഴിക്കോട്, കണ്ണൂർ, തൃശ്ശൂർ

ജില്ലകളിലെ 8 റീച്ചുകളുടെ DPR തയ്യാറാക്കിയിട്ടുള്ളത് പൊതുമരാമത്ത് വകുപ്പ് നേരിട്ടാണ്. ഇതിനുപുറമെ ഒരു റീച്ചിന്റെ നിർമ്മാണം ആർ.ബി.ഡി.സി.കെ.-യെ ഏൽപ്പിച്ചിട്ടുണ്ട്. കിഫ്ബി അംഗീകരിച്ച ഡി.പി.ആർ.-ന്റെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**മാനന്തവാടി-കണിയാരം-ആറാട്ടുതറ റിംഗ് റോഡ്**

**39 (1306)** <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിലെ കിഫ്ബി ധനസഹായത്താൽ നിർമ്മിക്കുന്ന കണിയാരം-ആറാട്ടുതറ റിംഗ് റോഡ് പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

പ്രസ്തുത പ്രവൃത്തിക്കായി 05-08-2020-ൽ കിഫ്ബിയിൽനിന്നും 20.90 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത റോഡിന്റെ അലൈൻമെന്റ് സംബന്ധിച്ച് ഡിസൈൻ വിംഗ് തയ്യാറാക്കിയ സാധ്യതാ റിപ്പോർട്ട് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (പി.എം.യു.) 17-07-2023-ൽ ഡിസൈൻ വിഭാഗത്തിന് സമർപ്പിച്ചിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) നിലവിൽ പ്രസ്തുത റോഡ് കടന്നുപോകാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങൾ ഏതെല്ലാമാണെന്നും എത്ര കിലോമീറ്റർ ദൂരമാണ് ഈ റോഡ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

നിലവിലെ അലൈൻമെന്റ് പ്രകാരം പാലക്കുളി ജംഗ്ഷൻ ചെറുപുഴ -ചൂട്ടക്കടവ്-അഗ്രഹാരം പാണ്ടിക്കടവ് ജംഗ്ഷൻ എന്ന രീതിയിലാണ് റോഡ് കടന്നുപോകുന്നത്.

പാലക്കുളി ജംഗ്ഷൻ മുതൽ ചെറുപുഴ ജംഗ്ഷൻ വരെ 1/400 കി.മീ.

ചൂട്ടക്കടവ് ജംഗ്ഷൻ മുതൽ പാണ്ടിക്കടവ് ജംഗ്ഷൻ വരെ 1/525 കി.മീ.

(സി) പ്രസ്തുത പ്രവൃത്തിയിൽ വരുന്ന ചൂട്ടക്കടവ്-അഗ്രഹാരം പാലം നിർമ്മാണത്തിൽ എന്തെങ്കിലും നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

അലൈൻമെന്റിൽ ഉൾപ്പെട്ടിട്ടുള്ള ചൂട്ടക്കടവ്-അഗ്രഹാരം പാലത്തിന്റെ ഡിസൈൻ ലഭ്യമാക്കുന്നതിനായി സാധ്യതാ പഠന റിപ്പോർട്ട് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (പി.എം.യു.) 17-07-2023-ൽ പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിന് സമർപ്പിച്ചിട്ടുണ്ട്. ഇത് ഡി.പി.ആർ.-ൽ

ഉൾപ്പെടുത്തി സാമ്പത്തിക അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിക്കുന്നതാണ്.

**നെന്മാറ മണ്ഡലത്തിലെ റോഡ് നിർമ്മാണ പ്രവൃത്തി**

40 (1307) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ ഏതെല്ലാം റോഡുകളുടെ പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) അതിൽ എത്ര പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പൂർത്തിയായെന്നും ടെൻഡർ നടപടികൾ പൂർത്തീകരിച്ച റോഡുകളുടെ നിർമ്മാണം ഏതുവരെയായെന്നും വിശദമാക്കുമോ?

(എ&ബി) കെ.ആർ.എഫ്.ബി.-യുടെ കീഴിൽ മലയോര ഹൈവേ-പാലക്കാട് ജില്ലയിലെ ഗോപാലപുരം-നെടുമണി റീച്ച് 2 കന്നിമാരിമേട് മുതൽ നെടുമണി വരെയുള്ള റോഡിന് 3500 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതിയും 82.56 കോടി രൂപയ്ക്ക് കിഫ്ബിയുടെ

സാമ്പത്തികാനുമതിയും ലഭിച്ചു. പ്രസ്തുത റോഡിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. മലയോര ഹൈവേ – പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് വടക്കഞ്ചേരി റോഡ് - സ്ട്രെച്ച് 3A പനങ്ങാട്ടിരി മുതൽ വിത്തനശ്ശേരി വരെയുള്ള റോഡിന് 3500 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും 33.18 കോടി രൂപയുടെ കിഫ്ബിയുടെ സാമ്പത്തികാനുമതിയും ലഭിച്ചു. പ്രസ്തുത റോഡിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു.

മലയോര ഹൈവേ - പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് വടക്കഞ്ചേരി റോഡ് - സ്ട്രെച്ച് 3 B നെന്മാറ ബൈപ്പാസ് അവസാനം മുതൽ തങ്കം ജംഗ്ഷൻ വരെ 3500 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും 75.83 കോടി രൂപയുടെ കിഫ്ബിയുടെ സാമ്പത്തികാനുമതിയും ലഭിച്ചു. പ്രസ്തുത റോഡിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. RKI പദ്ധതി പ്രകാരം നെന്മാറ-നെല്ലിയാമ്പതി റോഡ് പുനരുദ്ധാരണ പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടില്ല.

നിരത്ത് വിഭാഗത്തിന് കീഴിലുള്ള പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി+ ചേർക്കുന്നു.

**മാവൂർ എൻ.ഐ.ടി.-കൊടുവള്ളി റോഡിന്റെ സ്ഥലം ഏറ്റെടുക്കൽ**

41 (1308) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച മാവൂർ എൻ.ഐ.ടി. കൊടുവള്ളി റോഡിന്റെ സ്ഥലമേറ്റെടുക്കൽ നടപടികൾക്ക് കല്ലിട്ട് അതിർത്തി നിർണ്ണയിക്കുന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; പ്രസ്തുത റോഡിന് സ്ഥലമേറ്റെടുക്കൽ നടപടികൾക്കായി കണ്ടിൻജൻസി ചാർജ്ജ് റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് പ്രവൃത്തിയുടെ തുടർ നടപടികൾ മന്ദഗതിയിലാകുന്നത് പൊതുജനങ്ങളുടെ പ്രതിഷേധത്തിനും സമരങ്ങൾക്കും ഇടയാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) മാവൂർ എൻ.ഐ.ടി. കൊടുവള്ളി റോഡ് പ്രവൃത്തിക്ക് 10-07-2017-ൽ 25 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. 15-02-2020-ൽ ഭൂമി ഏറ്റെടുക്കുന്നതിനായി 7 കോടി രൂപ ഉൾപ്പെടെ 52.20 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭ്യമായിട്ടുണ്ട്. 01-08-2022-ൽ ഭൂമി ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. അതിലേയ്ക്കുള്ള കണ്ടിൻജൻസി ചാർജ്ജിനത്തിൽ 13,53,377/- രൂപ കിഫ്ബിയിൽനിന്നും നൽകിയത് റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

KSEB, KWA എസ്റ്റിമേറ്റുകൾ ലഭ്യമാക്കൽ, ഭൂമി മുൻകൂറായി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ എന്നിവ പുരോഗമിച്ചുവരുന്നു.

**മണിയൻകാവ് -കോണത്തുകുന്ന് റോഡ്**

42 (1309) <u>ശ്രീ. വി. ആർ. സുനിൽകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ തുക അനുവദിച്ചിരുന്ന കൊടുങ്ങല്ലൂർ മണ്ഡലത്തിലെ മണിയൻകാവ്-കോണത്തുകുന്ന് റോഡിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ; ഇല്ലെങ്കിൽ അതിന്റെ കാരണവും എപ്പോൾ അനുമതി നൽകാൻ കഴിയുമെന്നും അറിയിക്കാമോ?

(എ&ബി) 2023-24 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ മണിയൻകാവ്-കോണത്തുകുന്ന് റോഡ് പ്രവൃത്തിക്ക് 450 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിന്റെ പകർപ്പ്

അനുബന്ധമായി+ ചേർത്തിരിക്കുന്നു. സാങ്കേതികാനുമതി നൽകുന്നതിന്റെ നടപടികൾ സ്വീകരിച്ചുവരുന്നു.

**തൃക്കാരിയൂർ-വടക്കുംഭാഗം റോഡിന്റെ നിർമ്മാണം**

**43 (1310)** <u>ശ്രീ. ആന്റണി ജോൺ</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22-ലെ ബജറ്റ് പ്രവൃത്തിയായ കോതമംഗലം മണ്ഡലത്തിലെ തൃക്കാരിയൂർ-വടക്കുംഭാഗം റോഡിന്റെ നിർമ്മാണ പ്രവൃത്തിക്ക് നാളിതുവരെയായിട്ടും സാങ്കേതികാനുമതി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പ്രവൃത്തിയുടെ പുതുക്കിയ പദ്ധതി നിർദ്ദേശം നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് 29-05-2023-ൽ പി.ഡബ്ല്യൂ.ഡി. റോഡ്സ് വിഭാഗം ചീഫ് എഞ്ചിനീയർ സി.ഇ.പി.ഡബ്ല്യൂ.ഡി./8966/2023-സി6 (ഡബ്ല്യൂ) ആർ.ഡി. നമ്പർ കത്ത്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർക്കാരിലേയ്ക്ക് നൽകിയിട്ടുള്ളതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) ഇതുസംബന്ധിച്ച തുടർ നടപടികൾ വേഗത്തിലാക്കി പ്രസ്തുത പ്രവൃത്തിക്ക് അടിയന്തരമായി സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

(ബി&സി) ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

**കുട്ടനാടിലെ റോഡ് നവീകരണം**

**44 (1311)** <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാടിന്റെ സമഗ്ര പുരോഗതിക്ക് നിദാനമായ എ.സി. റോഡിന്റെ നവീകരണം വേഗത്തിലാക്കാൻ നടത്തിവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) വെള്ളപ്പൊക്ക കാലത്ത് ജനങ്ങളെ രക്ഷിക്കുന്നതിനും സുഗമമായ ഗതാഗതമൊരുക്കുന്നതിനും കായൽ ടൂറിസത്തിന് ഗുണകരവുമായ എ.സി.

റോഡിന്റെ സമഗ്ര പരിഷ്കരണം എത്രയുംവേഗം പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി ലോകബാങ്ക് ധനസഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. പുതുതായി ആവശ്യമായി വന്ന മാറ്റങ്ങൾ പ്രവൃത്തിയിൽ ഉൾക്കൊള്ളിക്കേണ്ടി വന്നതിനാൽ പൂർത്തീകരണ കാലാവധി 02-03-2024 വരെ നീട്ടിയിട്ടുണ്ട്. ടി മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള അനുമതി ആർ.കെ.ഐ.-യിൽനിന്നും ലഭിച്ചിട്ടുണ്ട്. മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് പ്രവൃത്തിയുടെ പുരോഗതി കൺസൾട്ടൻസി മുഖേന ത്വരിതപ്പെടുത്താനും നിർദ്ദേശിച്ച കാലയളവിൽത്തന്നെ പ്രവൃത്തി പൂർത്തീകരിക്കാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റോഡിന്റെ നിലവിലെ പ്രവൃത്തി പുരോഗതി 78 ശതമാനമാണ്.

(സി) എ.സി. റോഡിന്റെ പരിഷ്കരണം പൂർത്തീകരിക്കുന്നതിലൂടെ നാടിനും ജനങ്ങൾക്കും ലഭിക്കുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

മുൻകാലങ്ങളിൽ മഴക്കാലത്ത് ആലപ്പുഴ ചങ്ങനാശ്ശേരി റോഡിൽ ഭൂരിഭാഗം പ്രദേശങ്ങളിലും വെള്ളക്കെട്ടുണ്ടാകുകയും ഗതാഗതം നിർത്തിവയ്ക്കേണ്ട സാഹചര്യമുണ്ടാകുകയും പതിവാണ്. ഇതിനെ മറികടക്കുകയെന്ന ലക്ഷ്യത്തോടെയാണ് എ.സി. റോഡ് നവീകരണം നടത്തുന്നത്. കാർഷിക മേഖലയ്ക്കും ടൂറിസം മേഖലയ്ക്കും ഈ പദ്ധതി ഗുണകരമായി മാറും.

**ചെർക്കള-ജാൽസൂർ സ്റ്റേറ്റ് ഹൈവേ റോഡ്**

**45 (1312)** <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചെർക്കള-ജാൽസൂർ സ്റ്റേറ്റ് ഹൈവേയുടെ ഉപരിതലം പൂർണ്ണമായി പുതുക്കിയിട്ട് എത്ര വർഷമായി; വിശദാംശം അറിയിക്കാമോ?

കാസർഗോഡ് ജില്ലയിലെ ചെർക്കള-ജാൽസൂർ സ്റ്റേറ്റ് ഹൈവേയുടെ ഉപരിതലം പൂർണ്ണമായി പുതുക്കിയത് 9 വർഷങ്ങൾക്ക് മുൻപ് 2013-ലാണ്.

പ്രസ്തുത റോഡിൽ കി.മീ. 1/000 മുതൽ 10/000 കി.മീ. വരെയുള്ള ഭാഗത്തിന്റെ ഉപരിതലം പുതുക്കൽ പ്രവൃത്തി 2023 ജൂൺ മാസത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഹിൽ ഹൈവേയുടെ ഭാഗമായി പ്രസ്തുത റോഡിൽ എത്ര കിലോമീറ്റർ റോഡ് അഭിവൃദ്ധിപ്പെടുത്തുന്നുണ്ട്; ഇന്റർ സ്റ്റേറ്റ് റോഡായ പ്രസ്തുത റോഡിന്റെ ബാക്കി കിലോമീറ്റർ റോഡുകൂടി ഹിൽ ഹൈവേ സ്റ്റാൻഡേർഡിൽ വികസിപ്പിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഇന്റർ സ്റ്റേറ്റ് റോഡായ ചെർക്കള-ജാൽസൂർ റോഡിന്റെ (SH -55) ആകെ നീളം 39.14 കി.മീ. ആണ് (കി.മീ. 0/000 മുതൽ 39/140 വരെ). ഹിൽ ഹൈവേയുടെ ഭാഗമായി പ്രസ്തുത റോഡിൽ കി.മീ. 16/000 മുതൽ കി.മീ. 22/000 വരെയുള്ള 6 കി.മീ. കെ.ആർ.എഫ്.ബി. വിഭാഗത്തിനു കീഴിലാണ് അഭിവൃദ്ധിപ്പെടുത്തുന്നത്. ഈ റോഡിൽ ഇനി അഭിവൃദ്ധിപ്പെടുത്താനുള്ളത് കി.മീ. 0/000 മുതൽ 1/000 വരെയും (1 കി.മീ.) കി.മീ. 10/000 മുതൽ കി.മീ. 16/000 വരെയും (6.00 കി.മീ.) കി.മീ. 22/000

മുതൽ കി.മീ. 39/140 വരെയും (17.140 കി.മീ.) ഉൾപ്പെടെ ആകെ 24.140 കി.മീ. ആണ്. ഈ റോഡിന്റെ ശരാശരി വീതി 5.50 മീറ്ററാണ്.

ഹിൽഹൈവേയുടെ ഭാഗമായി ചെർക്കള-ജാൽസൂർ സ്റ്റേറ്റ് ഹൈവേയിലെ മുള്ളേരിയ മുതൽ പടിയത്തടുക്ക വരെയുള്ള 6 കി.മീ. റോഡ് ചേവാർ എടപ്പറമ്പ റോഡ് പ്രവൃത്തിയിൽ ഉൾപ്പെടുത്തി കെ.ആർ.എഫ്.ബി.-പി.എം.യു. മുഖേന അഭിവൃദ്ധിപ്പെടുത്തുന്നുണ്ട്. ചെർക്കള ജാൽസൂർ സ്റ്റേറ്റ് ഹൈവേയുടെ ch.10/00 to 16.00 km, 22/00 to 39/138 km ഉൾപ്പെടുന്ന 23.138 km കെ.എസ്.ടി.പി.-യുടെ OPBRC പാക്കേജ് IV പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. റോഡ് വികസനത്തിന്റെ കാര്യം പ്രത്യേകമായി പരിശോധിക്കേണ്ടതാണ്.

**തീരദേശ ഹൈവേ നിർമ്മാണം**

**46 (1313)** <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ തീരദേശ ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) തീരദേശ ഹൈവേ നിർമ്മാണത്തിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിലെ പുരോഗതി വിശദമാക്കുമോ?

(എ&ബി) കാസർഗോഡ് ജില്ലയിലെ വലിയപറമ്പ് മുതൽ പന്നിക്കുന്ന് വരെ 56.59 കിലോമീറ്റർ ദൂരമാണ് തീരദേശ ഹൈവേ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. കാസർഗോഡ് ജില്ലയിലെ തീരദേശ ഹൈവേയുടെ അലൈൻമെന്റിൽ വരുന്ന (0.44 കിലോമീറ്റർ) വലിയപറമ്പ പാലത്തിന്റെ ഡി.പി.ആർ. സാമ്പത്തികാനുമതി ലഭിക്കുന്നതിനായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ശേഷിക്കുന്ന 56.15 കിലോമീറ്റർ വരുന്ന ഹൈവേയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് IDECK എന്ന കൺസൾട്ടൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. IDECK തയ്യാറാക്കിയ അലൈൻമെന്റ് പ്രകാരമുള്ള ലാൻഡ് അക്വിസിഷൻ പ്ലാൻ കിഫ്ബിയിൽ സമർപ്പിച്ച് സ്ഥലം ഏറ്റെടുക്കുന്നതിനു മാത്രമായി 44.68 കോടി രൂപയുടെ

സാമ്പത്തികാനുമതിയും പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിനായി റവന്യൂ ഉത്തരവും നൽകിയിട്ടുണ്ട്. അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിനായി 6(1) വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു.

**വടക്കാഞ്ചേരി ബൈപാസ് നിർമ്മാണ പദ്ധതിയുടെ പുരോഗതി**

**47 (1314)** <u>**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:**</u> താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2017-18 ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയ വടക്കാഞ്ചേരി ബൈപ്പാസ് നിർമ്മാണ പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

വടക്കാഞ്ചേരി ബൈപ്പാസ് പദ്ധതിക്ക് 20 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയതാണ്. 5.6 കി.മീ. നീളമുള്ള ബൈപ്പാസിന്റെ അംഗീകൃത അലൈൻമെന്റ് പ്രകാരം ആളൂർ പുഴയിൽ Ch-1/460-ൽ മൈനർ പാലവും Ch-4/820-ൽ റെയിൽവേ മേൽപ്പാലവും നിർമ്മിക്കേണ്ടതുണ്ട്.

മേൽപ്പാലത്തിന്റെ സ്ഥാനം തീരുമാനിക്കാൻ റെയിൽവേ സീനിയർ ഡിവിഷണൽ എഞ്ചിനീയർക്കും ചീഫ് എഞ്ചിനീയർക്കും കത്ത് നൽകിയിട്ടുണ്ട്. കൂടാതെ റെയിൽവേയുടെ ദ്വിമാസ മീറ്റിംഗിൽ ഈ പദ്ധതികൂടി ഉൾപ്പെടുത്തണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. റെയിൽവേയിൽനിന്ന് മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള സ്ഥാനം സ്ഥിരീകരിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**കുണ്ടറ മണ്ഡലത്തിലെ പൊതുമരാമത്ത് (റോഡ്) പ്രവൃത്തികളുടെ പുരോഗതി**

48 (1315) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടറ മണ്ഡലത്തിലെ പൊതുമരാമത്ത് (റോഡ്) പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

**മുരിങ്ങൂർ–ഏഴാറ്റുമുഖം റോഡ് നവീകരണം**

**49 (1316)** <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കിഫ്ബി ഫണ്ട് ഉപയോഗിച്ച് നവീകരിക്കുന്ന തൃശ്ശൂർ ജില്ലയിലെ മുരിങ്ങൂർ-ഏഴാറ്റുമുഖം റോഡ് പണിയുടെ പുരോഗതി വിശദീകരിക്കുമോ;

(ബി) നിലവിൽ ഈ പ്രവൃത്തി എത്ര ശതമാനം പൂർത്തീകരിച്ചുവെന്ന് അറിയിക്കുമോ?

(എ&ബി) മുരിങ്ങൂർ ഏഴാറ്റുമുഖം റോഡിന് 20 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തിക്കായി 31.23 ലക്ഷം രൂപ സ്ഥലം ഏറ്റെടുക്കുന്നതിനുൾപ്പെടെ 24.09 കോടി രൂപയ്ക്കു കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിച്ചു. തുടർന്ന് 09-12-2019-ലെ ഉത്തരവുപ്രകാരം 30.17 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി. 27.40 കോടി രൂപയ്ക്ക് കരാർ നൽകി നിർമ്മാണ പ്രവർത്തനങ്ങൾ നിലവിൽ 33% പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ കരാറുകാരന്റെ നിസ്സഹകരണത്തെത്തുടർന്ന് പ്രവൃത്തി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്തു. ബാലൻസ് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

(സി) ഈ പ്രവൃത്തി എന്ന് പൂർത്തീകരിക്കാനാകുമെന്ന് വെളിപ്പെടുത്തുമോ?

ബാലൻസ് പ്രവൃത്തി ഉൾപ്പെടെ ഈ പ്രവൃത്തിക്ക് 38.39 കോടി രൂപയുടെ സാമ്പത്തികാനുമതി ആവശ്യമുണ്ട്. മേൽ തുക അനുവദിച്ചിരുന്ന സാമ്പത്തികാനുമതി തുകയേക്കാൾ 16.37% അധികരിച്ചതിനാൽ കിഫ്ബിയുടെ പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമായാൽ ഉടനെ ടെൻഡർ നടപടികളിലേയ്ക്ക് കടക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**തീരദേശ ഹൈവേ പദ്ധതിയും തീരദേശനിവാസികളും**

50 (1317) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേ പദ്ധതി തീരദേശ നിവാസികളുടെ ജീവിതത്തെ എപ്രകാരം ബാധിക്കുമെന്ന് പഠനം നടത്തിയിട്ടുണ്ടോ?

തീരദേശമേഖലയുടെ സമഗ്രപുരോഗതിക്ക് പശ്ചാത്തല സൗകര്യ വികസനം സാധ്യമാക്കുന്നതിനാണ് തീരദേശ ഹൈവേ നിർമ്മാണം നടക്കുന്നത്. വിശദ പദ്ധതിരേഖ തയ്യാറാക്കുന്ന ഘട്ടത്തിലും സ്ഥലമേറ്റെടുക്കൽ നടപടികളുടെ ഘട്ടത്തിലും നിയമപരമായ പഠനങ്ങൾ നടത്തുന്നുണ്ട്.

(ബി) തീരദേശ ഹൈവേയുടെ സമഗ്ര പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പ്രധാന സവിശേഷതകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

തീരദേശ ഹൈവേയുടെ ഭാഗമായി പൊന്നാനി അഴിമുഖത്തിന് കുറുകെ കേബിൾ സ്റ്റേയ്ഡ് ബ്രിഡ്ജ് നിർമ്മിക്കുന്നതിനും ആയതിന്റെ അപ്രോച്ച് റോഡും നിലവിലെ പൊന്നാനി ടൗണിലെ റോഡ് വീതി കൂട്ടുന്നതിനുമായി 4.8 കി.മീ. വികസനം ആർ.ബി.ഡി.സി.കെ.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ 4.8 കി.മീ.-ന്റെ DPR ആർ.ബി.ഡി.സി.കെ. തയ്യാറാക്കുകയും ആയതിന് കിഫ്ബി അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുള്ളതാണ്. തീരദേശ ഹൈവേയുടെ 44 റീച്ചുകളാണ് (520 കി.മീ.) കെ.ആർ.എഫ്.ബി.-

പി.എം.യു.-വിന് കീഴിൽ വരുന്നത്. ഇതിൽ 8 റീച്ചുകളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ച് സ്ഥലമേറ്റെടുക്കുന്നതിനുൾപ്പെടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. 2 റീച്ചുകളുടെ (പാലം പ്രവൃത്തി) ഡി.പി.ആർ. കിഫ്ബിയിൽ സാമ്പത്തികാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. മറ്റ് റീച്ചുകളിൽ പദ്ധതിരേഖ തയ്യാറാക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു. 14 മുതൽ 15.6 മീറ്റർ വീതിയിലാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഫുട്ട്പാത്ത്, യൂട്ടിലിറ്റി ഡക്ടുകൾ, അമിനിറ്റി സെന്ററുകൾ, ബസ് ബേകൾ, ട്രക്ക് ലേ ബൈകൾ എന്നിവ പദ്ധതിയുടെ ഭാഗമാണ്. സൈക്കിൾ ട്രാക്കും പദ്ധതിയുടെ ഭാഗമായി തയ്യാറാക്കുന്നുണ്ട്. ബീച്ച് ടൂറിസം വികസനത്തിനുള്ള കണക്ടിവിറ്റിയും പദ്ധതിയുടെ ഭാഗമാണ്.

(സി) തീരദേശ ജനതയുടെ ജീവിതത്തെ പ്രതികൂലമായി ബാധിക്കുന്ന പ്രസ്തുത പദ്ധതി ഏകപക്ഷീയമായി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

തീരദേശ ജനതയുടെ സമഗ്രവികസനം ലക്ഷ്യമിടുന്നതാണ് തീരദേശ ഹൈവേ പദ്ധതി. തീരദേശ പശ്ചാത്തല വികസനം ശക്തിപ്പെടുകയും

തീരജനതയുടെ തൊഴിലും ജീവിതവും മെച്ചപ്പെടുകയും ചെയ്യും. മത്സ്യബന്ധനം, ഫിഷറീസ് അനുബന്ധ വ്യവസായങ്ങൾ, മറ്റ് ചെറുകിട വ്യവസായങ്ങൾ എന്നിവയുടെ വികസനം സാധ്യമാക്കാനും പദ്ധതി സഹായിക്കും. പദ്ധതിയെ സംബന്ധിച്ച് ജനപ്രതിനിധകളുമായും ജനങ്ങളുമായും ചേർന്നാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. പദ്ധതിയുടെ അലൈൻമെന്റ് സംബന്ധിച്ച് ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ സാന്നിധ്യത്തിൽ പ്രത്യേക യോഗങ്ങൾ ചേരുന്നുണ്ട്. ജനപ്രതിനിധികളുടെ യോഗങ്ങളിൽ ചർച്ച നടത്തിയും ഫീൽഡ് വിസിറ്റ് നടത്തിയും ആവശ്യമായ മാറ്റങ്ങൾകൂടി ഉൾക്കൊള്ളിച്ചാണ് അലൈൻമെന്റ് തയ്യാറാക്കുന്നത്. അതോടൊപ്പം പദ്ധതിമേഖലയിലെ വീടുകളിലെത്തി ജനങ്ങളെ കണ്ട് പുനരധിവാസ പദ്ധതിക്കുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരള തീരദേശ വികസന കോർപ്പറേഷൻ പദ്ധതിയെ സംബന്ധിച്ച് വിശദീകരിക്കുന്നുണ്ട്. ഈ നിലയിൽ സുതാര്യമായാണ് പദ്ധതി പ്രവർത്തനം നടക്കുന്നത്.

**ഗ്രീൻഫീൽഡ് ഹൈവേ പദ്ധതി**

**51 (1318)** ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.സി. റോഡിന് സമാന്തരമായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഗ്രീൻഫീൽഡ് ഹൈവേ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) തുടർ നടപടികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) എം.സി. റോഡിന് സമാന്തരമായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഗ്രീൻഫീൽഡ് ഹൈവേയുടെ വിശദമായ പദ്ധതിരേഖ (DPR) തയ്യാറാക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു. വിശദമായ പദ്ധതിരേഖ തയ്യാറാക്കിയശേഷം മറ്റ് നടപടികളിലേയ്ക്ക് കടക്കുമെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

**കേന്ദ്ര റോഡ് ഫണ്ട്**

**52 (1319)** ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കൊല്ലം ജില്ലയിൽ കേന്ദ്ര റോഡ് ഫണ്ട് ഉപയോഗിച്ച് നവീകരിച്ച റോഡുകൾ ഏതെല്ലാമാണ്; അനുവദിച്ച തുക ഉൾപ്പെടെ മണ്ഡലം തിരിച്ചുള്ള വിവരങ്ങൾ നൽകാമോ?

മുൻസർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ കീഴിൽ കൊല്ലം ജില്ലയിൽ കേന്ദ്ര ഫണ്ട് ഉപയോഗിച്ച് നവീകരിച്ച റോഡുകൾ ചുവടെ ചേർക്കുന്നു.

1. CRF - 2018-19 Improvements to Kattilkadavu Puthiyakavu Chakkuvally road in Kollam district Karunagappally - 16.5 crore

2. CRF - 2016-17 Improvements to Chengamanadu - Kadakkal road in Kollam district (km 0/000 to 15/000) in the state of Kerala-15 crore, Punalur - Pathanapuram

(ബി) നിലവിലെ സർക്കാർ പ്രസ്തുത ജില്ലയിൽ കേന്ദ്ര റോഡ് ഫണ്ട് ഉപയോഗിച്ച് റോഡുകൾ നവീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. നിലവിലെ സർക്കാരിന്റെ കാലത്ത് കൊല്ലം ജില്ലയിൽ കേന്ദ്ര റോഡ് ഫണ്ട് ഉപയോഗിച്ച് നവീകരിക്കുന്ന റോഡുകൾ ചുവടെ ചേർക്കുന്നു.

1. CRF 2021-22 Improvements to Parippally Paravur - Chathannoor road in Kollam district (20km) - 22.2 crore

2. CRF 2021-22 Ochira - Ayiramthengu - Azheekkal - Vellanathuruth - Karunagappally road in Kollam district - 13km - 22.5 crore (Karunagappally)

ഈ രണ്ട് പ്രവൃത്തികൾക്കും എഗ്രിമെന്റുവച്ച് പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു.

**പി.യു.കെ.സി. റോഡിന്റെ ഉള്ള്യേരി മുതൽ കുറ്റ്യാടി വരെയുള്ള റോഡ് വികസനം**

**53 (1320)** ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഉള്ള്യേരി മുതൽ കുറ്റ്യാടി വരെയുള്ള പി.യു.കെ.സി. റോഡിന്റെ നിലവിലെ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോഴിക്കോട് ജില്ലയിലെ ഉള്ള്യേരി മുതൽ കുറ്റ്യാടി വരെയുള്ള പി.യു.കെ.സി. റോഡിൽ നിലവിലുള്ള റോഡ് സർഫേസ് റീവ്യൂവലിനായി രണ്ട് റീച്ചായി പ്രവൃത്തികൾക്ക് കരാർ നടപടി പൂർത്തിയായിട്ടുണ്ട്. നിലവിൽ റോഡ് ഗതാഗത യോഗ്യമാക്കാൻ ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തിവരുന്നു.

(ബി) പ്രസ്തുത റോഡ് വികസനത്തിന് നിലവിൽ എന്തൊക്കെ കാര്യങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തിക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

കിഫ്ബി ഫണ്ടുപയോഗിച്ച് ഉള്ള്യേരി മുതൽ കുറ്റ്യാടി വരെയുള്ള പ്രസ്തുത റോഡിന് വീതികൂട്ടി വികസിപ്പിക്കുന്നതിനായി 50 കോടി രൂപയുടെ ഭരണാനുമതി തത്വത്തിൽ ലഭ്യമാക്കുകയും പ്രവൃത്തിയുടെ DPR തയ്യാറാക്കി വരികയുമാണ്. അതിന്റെ അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു. പി.യു.കെ.സി.-റോഡിന്റെ ഉള്ള്യേരി മുതൽ കുറ്റ്യാടി വരെയുള്ള റോഡിന്റെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് പ്രോജക്ട് ഡയറക്ടർ കേരള റോഡ് ഫണ്ട് ബോർഡിന് സമർപ്പിക്കുകയും പേരാമ്പ്ര ബൈപ്പാസ് ഡീറ്റെയിൽസുകൂടി ഉൾപ്പെടുത്തി ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് റിവൈസ് ചെയ്യുന്നതിനായി ടോപ്പോ സർവ്വേയും ഇൻവെസ്റ്റിഗേഷനും ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ കോഴിക്കോട് റീജിയണൽ ഇൻവെസ്റ്റിഗേഷൻ & ക്വാളിറ്റി കൺട്രോൾ ലാബിനെ ഏൽപ്പിച്ചിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പുരോഗമിച്ചുവരുന്നു.

(സി) കൊല്ലം-നെല്ല്യാടി-മേപ്പയൂർ റോഡ് പ്രവൃത്തികളുടെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

കൊല്ലം നെല്ലിയാടി മേപ്പയൂർ റോഡ് പ്രവൃത്തിക്ക് 10 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും 28-10-2023-ൽ ഭൂമി ഏറ്റെടുക്കുന്നതിനുൾപ്പെടെ 38.96 കോടി രൂപയുടെ സാമ്പത്തികാനുമതിയും കിഫ്ബിയിൽനിന്നും ലഭിച്ചു. കണ്ടിൻജൻസി ചാർജ്ജിനത്തിൽ 12,30,486/- രൂപ കിഫ്ബിയിൽനിന്നും അനുവദിച്ചിട്ടുണ്ട്. അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കമ്മുട്ടിക്കുളം കലുങ്ക് നിർമ്മാണം**

54 (1321) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി-അങ്ങാടിപ്പുറം-വണ്ടൂർ-വടപുറം-നിലമ്പൂർ റോഡിൽ കമ്മുട്ടിക്കുളം ഭാഗത്ത് (2/600) നിലവിലുള്ള കലുങ്ക് പുതുക്കിപ്പണിയുന്നത് സംബന്ധിച്ച് ചീഫ് എഞ്ചിനീയർ (നിരത്ത് വിഭാഗം) സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

കോട്ടയ്ക്കൽ മണ്ഡലത്തിലെ വാളാഞ്ചേരി-അങ്ങാടിപ്പുറം-വണ്ടൂർ-വടപുറം-നിലമ്പൂർ റോഡിൽ കമ്മുട്ടിക്കുളം ഭാഗത്ത് (2/600) നിലവിലുള്ള കലുങ്ക് പുതുക്കി പണിയുന്ന പ്രവൃത്തിക്കായി 25-07-2023-ന് PRICE Software-ൽ പുനർ സമർപ്പിച്ച എസ്റ്റിമേറ്റ് നിലവിൽ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ പരിശോധനയിലാണ്.

(ബി) പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് പ്രൈസ് ഐ.ഡി.പി.ഡബ്ല്യൂ.ഡി/ആർ.ബി./ഇ.എസ്.ടി./22660/2022-5-1-1 പ്രകാരം ലഭിച്ച പ്രൊപ്പോസലിന്മേൽ ചീഫ് എഞ്ചിനീയറുടെ (നിരത്ത് വിഭാഗം) ഓഫീസിൽനിന്നും ആവശ്യപ്പെട്ട അധിക വിവര റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ഫയൽ നമ്പർ സഹിതം ലഭ്യമാക്കുമോ?

ഈ പ്രവൃത്തി സംബന്ധിച്ചുള്ള എല്ലാ വിശദാംശങ്ങളും PRICE software മുഖേന സമർപ്പിച്ച PWD/RB/EST/22660/2022 എന്ന ഫയലിലാണ് രേഖപ്പെടുത്തി നൽകിയിരിക്കുന്നത്. ഇതുപ്രകാരം അധിക വിവരങ്ങൾ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽനിന്നും ആവശ്യപ്പെട്ടിട്ടില്ല.

(സി) പ്രസ്തുത പ്രവൃത്തിക്ക് വേഗത്തിൽ ഭരണാനുമതി ലഭ്യമാക്കുന്നതിനും നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

**കാസർഗോഡ് ജില്ലയിലെ മലയോര ഹൈവേ നിർമ്മാണം**

**55 (1322)** <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മലയോര ഹൈവേ നിർമ്മാണത്തിൽ എത്ര കിലോമീറ്റർ റോഡ് ഇനിയും പൂർത്തീകരിക്കാനുണ്ട്;

പൂർത്തീകരിക്കാനുള്ള ഭാഗം ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കാൻ എന്ന് കഴിയുമെന്ന് അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ ആകെ നാല് റീച്ചുകളിലായി 103.78 കിലോമീറ്ററിലാണ് മലയോര ഹൈവേ നിർമ്മാണം പുരോഗമിക്കുന്നത്. ആയതിൽ 85.10 കിലോമീറ്റർ ഭാഗത്തെ മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 18.68 കിലോമീറ്ററിൽ 10.5 കിലോമീറ്റർ ഭാഗം റീച്ച് 2 ആയ ചേവാർ മുതൽ എടപ്പറമ്പ വരെയുള്ള റീച്ചിൽ ഉൾപ്പെടുന്നതാണ്. അതിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. പ്രവൃത്തി പൂർത്തിയാകാൻ ബാക്കിയുള്ള 8.18 കിലോമീറ്ററിൽ റീച്ച് 3 ആയ കോളിച്ചാൽ മുതൽ എടപ്പറമ്പ വരെയും റീച്ച് 4 ആയ കോളിച്ചാൽ മുതൽ ചെറുപുഴ വരെയുമാണ് ഉൾപ്പെടുന്നത്. ഇതിൽ റീച്ച് 3 ആയ കോളിച്ചാൽ മുതൽ എടപ്പറമ്പ വരെയുള്ള പ്രവൃത്തി നിലവിൽ 03-04-2023-ൽ ഫോർക്ലോസ് ചെയ്തിട്ടുള്ളതാണ്. വനഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ആയതു ലഭ്യമായാൽ പ്രവൃത്തി റീടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. നിലവിൽ പ്രസ്തുത

റീച്ചിന്റെ നവീകരണ പ്രവൃത്തികൾക്കായി സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത റീച്ചിന്റെ ഭാഗമായ ബേത്തൂർപാറ പരപ്പ ലിങ്ക് റോഡ് നിർമ്മിക്കുന്നതിനുള്ള പുതുക്കിയ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭിച്ചിട്ടുണ്ട്. അതിന്റെ ഡി.പി.ആർ. തയ്യാറാക്കിവരികയാണ്. പ്രസ്തുത ലിങ്ക് റോഡ് ഗതാഗതയോഗ്യമാക്കുന്നതിനുള്ള അറ്റകുറ്റപ്രവൃത്തികൾക്കായി സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. റീച്ച് 4 ആയ കോളിച്ചാൽ മുതൽ ചെറുപുഴവരെയുള്ള ഭാഗത്തെ 2.71 കിലോമീറ്റർ വനഭൂമിയാണ്. ഈ ഭാഗത്ത് കോൺക്രീറ്റ് പാത നിർമ്മിക്കുന്നതിനുള്ള ഡിസൈൻ 19-06-2023-ൽ സമർപ്പിച്ചിട്ടുണ്ട്. അതുപ്രകാരം പദ്ധതിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ആയതിന് ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. നിലവിൽ പ്രസ്തുത റോഡ് സഞ്ചാര യോഗ്യമാക്കുന്നതിനുള്ള നവീകരണ പ്രവർത്തനങ്ങൾക്ക് സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്.

(ബി) ജില്ലയിലെ മലയോര ഹൈവേയിൽ ഇതുവരെയായി എത്ര കിലോമീറ്റർ റോഡ് പൂർത്തീകരിച്ചിട്ടുണ്ടെന്ന വിശദവിവരം നൽകാമോ?

കാസർഗോഡ് ജില്ലയിലെ മലയോര ഹൈവേ നിർമ്മാണം 4 റീച്ചുകളിലായി ഇതുവരെ 85.10 കിലോമീറ്റർ റോഡ് പൂർത്തീകരിച്ചിട്ടുണ്ട്. നന്ദാരപടവ് മുതൽ ചേവാർ വരെയുള്ള റീച്ച് 1-ലെ 23 കിലോമീറ്റർ നീളം വരുന്ന റോഡിന്റെ മുഴവൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ചേവാർ മുതൽ എടപ്പറമ്പ വരെയുള്ള റീച്ച് 2-ൽ ആകെയുള്ള 28 കിലോമീറ്ററിൽ 17.5 കിലോമീറ്റർ ഭാഗത്തെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. നിലവിൽ പ്രസ്തുത റീച്ചിലെ നവീകരണ പ്രവൃത്തികൾ പുരോഗമിച്ചു വരികയാണ്. 24 കിലോമീറ്റർ നീളം വരുന്ന എടപ്പറമ്പ മുതൽ കോളിച്ചാൽ വരെയുള്ള റീച്ച് 3-ൽ വനഭൂമിയും കാവുങ്കൽ പാലവും ഒഴികെയുള്ള 19.06 കിലോമീറ്റർ ഭാഗത്തെ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന 28.70 കിലോമീറ്റർ നീളം വരുന്ന റീച്ച് 4 കോളിച്ചാൽ മുതൽ ചെറുപുഴ വരെയുള്ള റോഡിന്റെ വനഭൂമി ഒഴികെയുള്ള 25.54 കിലോമീറ്റർ ഭാഗത്തെ റോഡിന്റെ നിർമ്മാണ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

**കോഴിക്കോട് കാരന്തൂർ-അരിയടത്ത് പാലം റോഡ് വികസനം**

**56 (1323)** <u>**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:**</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കാരന്തൂർ-അരിയടത്ത് പാലം റോഡ് വികസനത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

(എ&ബി) കോഴിക്കോട് ജില്ലയിലെ അരിയടത്ത് പാലം - കാരന്തൂർ എന്ന റോഡ് പ്രവൃത്തിക്കായി 01-11-2016-ലെ G.O.(Rt). No. 1502/2016/PWD പ്രകാരം 30 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും സ്ട്രെച്ച് 2 (മെഡിക്കൽ കോളേജ് - കാരന്തൂർ ജംഗ്ഷൻ റോഡ്) പ്രവൃത്തിയുടെ ഭൂമി ഏറ്റെടുക്കുന്നതിന് 06-09-2019-ൽ 205 കോടി രൂപയുടെ കിഫ്ബിയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. പദ്ധതിയുടെ അലൈൻമെന്റിൽ മാറ്റം വരുത്തേണ്ടതുണ്ടെന്ന് ബഹുമാനപ്പെട്ട കോഴിക്കോട് നോർത്ത്

എം.എൽ.എ. നിർദ്ദേശിച്ചതിനെത്തുടർന്ന് 05-07-2023-ൽ ബഹുമാനപ്പെട്ട കോഴിക്കോട് നോർത്ത് എം.എൽ.എ.-യുടെ സാന്നിധ്യത്തിൽ കിഫ്ബിയിൽ കൂടിയ യോഗത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടിക്ക് മെഡിക്കൽ കോളേജ് ജംഗ്ഷൻ വരെ അലൈൻമെന്റ് നീട്ടുന്നതിന് തീരുമാനിക്കുകയുണ്ടായി. അതിൻപ്രകാരം പുതുക്കിയ അലൈൻമെന്റ് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള അപേക്ഷ 26-07-2023-ൽ ടീം ലീഡർ കെ.ആർ.എഫ്.ബി.-പി.എം.യു. നോർത്ത് സർക്കിൾ കോഴിക്കോട് സമർപ്പിച്ചിട്ടുള്ളത് വിശദമായി പരിശോധിച്ചുവരുന്നു. പ്രസ്തുത അലൈൻമെന്റിന് അംഗീകാരം നൽകി ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുന്നതിനും പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽനിന്ന് ഡി.പി.ആർ. ലഭ്യമാക്കി സാമ്പത്തികാനുമതിക്കായി കിഫ്ബിക്ക് സമർപ്പിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**അരുവിക്കര മണ്ഡലത്തിലെ റോഡ് മെയിന്റനൻസ് പ്രവൃത്തികൾ**

**57 (1324)** **<u>ശ്രീ. ജി. സ്റ്റീഫൻ</u>:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുവിക്കര മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ ഭരണാനുമതി ലഭിച്ച മെയിന്റനൻസ് പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുവിക്കര മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത്, നിരത്ത് പരിപാലന വിഭാഗങ്ങൾക്ക് കീഴിൽ ഭരണാനുമതി ലഭിച്ച മെയിന്റനൻസ് പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) ഇതിൽ പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

**മലപ്പുറം ജില്ലയിലെ മലയോര ഹൈവേയും മറ്റ് റോഡുകളും**

**58 (1325)** **ശ്രീ. പി. വി. അൻവർ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) മലപ്പുറം ജില്ലയിൽ മലയോര ഹൈവേ നിർമ്മാണം പൂർത്തിയായ റീച്ചുകളുടെ പേര്, ദൂരം, ചെലവഴിച്ച തുക, ഓരോ റീച്ചും നിർമ്മാണ ചുമതലയുള്ള ഏജൻസി/കരാറുകാരൻ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മലപ്പുറം ജില്ലയിലെ മലയോര ഹൈവേയായി നിർദ്ദേശിക്കപ്പെട്ട പൂക്കോട്ടുംപാടം തമ്പുരാട്ടികല്ല് മുണ്ടേരി സീഡ് ഫാം ഗേറ്റ് റോഡ് റീച്ച് 1 (കി.മീ. 0/000 മുതൽ കി.മീ. 15/000 വരെ) പ്രവൃത്തിയാണ് പൂർത്തീകരിച്ചിട്ടുള്ളത്. 15 കിലോമീറ്ററാണ് പ്രസ്തുത പ്രവൃത്തിയുടെ നീളം. പ്രവൃത്തിയുടെ കരാർ തുക 57,88,57,192.98/- രൂപയാണ്. നിലവിൽ 54,34,20,313/- രൂപയുടെ ബിൽ തുക കിഫ്ബിയിൽനിന്നും കരാറുകാരന് അനുവദിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ നിർമ്മാണച്ചുമതല കെ.ആർ.എഫ്.ബി.-പി.എം.യു. പാലക്കാട്/മലപ്പുറം ഡിവിഷനാണ്. ഈ പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിരിക്കുന്നത് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി നിർമ്മാണം പുരോഗമിക്കുന്ന നിലമ്പൂർ മണ്ഡലത്തിലെ ചാത്തംമുണ്ട-മുണ്ടേരി-തമ്പുരാട്ടികല്ല് റീച്ചിൽ എത്ര ശതമാനം പ്രവൃത്തിയാണ് പൂർത്തിയായതെന്ന് അറിയിക്കാമോ; മേൽ റീച്ചിൽ പോത്തുകല്ല്-കുനിപ്പാല-അമ്പിട്ടാംപൊട്ടി-കമ്പിപ്പാലം എന്നിവിടങ്ങളിൽ വനഭൂമിയുള്ളതിനാൽ റോഡിന്റെ വീതി കൂട്ടുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിലവിലെ സ്ഥിതി വിശദമാക്കാമോ; വനാതിർത്തിയുള്ള പ്രദേശങ്ങളിൽ എത്ര കിലോമീറ്റർ പ്രവൃത്തി പൂർത്തിയാകാനുണ്ടെന്ന് വിശദമാക്കാമോ; വനഭൂമി വിട്ടുകിട്ടാത്ത ഭാഗത്തെ റോഡ് പൂർണ്ണമായും തകർന്ന് ഗതാഗതയോഗ്യമല്ലാത്ത സ്ഥിതിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നിലമ്പൂർ മണ്ഡലത്തിലെ ചാത്തമുണ്ട - മുണ്ടേരി - തമ്പുരാട്ടിക്കല്ല് ഭാഗം, പൂക്കോട്ടുംപാടം തമ്പുരാട്ടികല്ല് മുണ്ടേരി സീഡ് ഫാം ഗേറ്റ് റോഡിന്റ രണ്ടാം റീച്ചിൽ (കി.മീ. 24/280 മുതൽ കി.മീ. 34/375 വരെ) വരുന്നതാണ്. പ്രസ്തുത പ്രവൃത്തിയുടെ 70% പൂർത്തീകരിച്ചിട്ടുണ്ട്. റീച്ചിലെ വനഭൂമിയുള്ള ഭാഗങ്ങളിൽ വനഭൂമി ഏറ്റെടുക്കുന്നതിനായി പരിവേഷ് (PARIVESH)

പോർട്ടലിൽ സമർപ്പിച്ച അപേക്ഷയുടെ തുടർനടപടികൾ പുരോഗതിയിലാണ്. വനാതിർത്തിയുള്ള 3.07 കി.മീ. ഭാഗത്ത് നിർമ്മാണപ്രവൃത്തി പൂർത്തിയാകാനുണ്ട്. വനഭൂമി വിട്ടുകിട്ടാത്ത ഭാഗത്തെ റോഡ് ഭാഗികമായി തകർന്നുകിടക്കുകയാണ്. പ്രസ്തുത ഭാഗങ്ങളിൽ നിലവിലുള്ള വീതിയിൽ ടാർ ചെയ്ത് റോഡ് ഗതാഗത യോഗ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മുണ്ടേരി ഫാം ഗേറ്റ്-പൂക്കോട്ടുംപാടം റീച്ചിലെ ഇതുവരെയും പ്രവൃത്തി ആരംഭിക്കാത്ത ഭാഗമായ ചാത്തമുണ്ട മുതൽ കാറ്റാടിക്കടവ് പാലം വരെയുള്ള ചുങ്കത്തറ, എടക്കര പഞ്ചായത്തുകളിലെ റോഡ് നിർമ്മാണം നടത്തുന്നതിന് സ്വീകരിച്ച നടപടികളും നിലവിലെ പ്രവൃത്തിയുടെ അവസ്ഥയും വിശദമാക്കാമോ; എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പദ്ധതി പൂർത്തീകരിക്കുന്നതിന് ഇനി എത്ര രൂപയാണ് കിഫ്ബി അനുവദിക്കേണ്ടത്; മലയോര ഹൈവേ സംബന്ധിച്ച ഫയലിന്റെ പുരോഗതി അറിയിക്കാമോ?

പൂക്കോട്ടുംപാടം തമ്പുരാട്ടിക്കല്ല് - മുണ്ടേരി സീഡ് ഫാം ഗേറ്റ് - റോഡിന്റെ മൂന്നാമത്തെ റീച്ചാണ് എടക്കര – കാറ്റാടിക്കടവ് പാലം മുതൽ ചാത്തമുണ്ട വരെയുള്ള (കി.മീ. 15/000 മുതൽ കി.മീ. 24/280 വരെ) ഭാഗം. പ്രസ്തുത പ്രവൃത്തിക്കുവേണ്ടി സൗജന്യമായി ഭൂമി വിട്ടുകിട്ടുന്നതിനുള്ള റീലിങ്ക്വിഷ്മെന്റ് ഫോം ശേഖരിക്കുന്ന പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. പ്രസ്തുത പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റ് കെ.ആർ.എഫ്.ബി.-പി.എം.യു. പാലക്കാട്/മലപ്പുറം ഡിവിഷനിൽ തയ്യാറാക്കിവരികയാണ്. ആയത് ലഭ്യമായാൽ കിഫ്ബിയിൽനിന്ന് പുതുക്കിയ സാമ്പത്തികാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയും. പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് ടെക്നിക്കൽ കമ്മിറ്റിയിൽ അവതരിപ്പിച്ച് തുടർനടപടികൾ സ്വീകരിക്കും.

**കോങ്ങാട് മണ്ഡലത്തിലെ മീൻവല്ലം-തച്ചങ്ങാട് റോഡ് നവീകരണം**

**59 (1326)** <u>ശ്രീമതി ശാന്തകുമാരി കെ.:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ മീൻവല്ലം-തച്ചങ്ങാട് റോഡ് നവീകരണ പ്രവൃത്തിയുടെ പുരോഗതി വിവരം അറിയിക്കുമോ;

(ബി) റീ-ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി പുനരാരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(എ&ബി) കോങ്ങാട് മണ്ഡലത്തിലെ തുപ്പനാട് - മീൻവല്ലം (മീൻവല്ലം -തച്ചങ്ങാട്) റോഡ് നവീകരണ ബാലൻസ് പ്രവൃത്തിക്ക് ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടറിന്റെ കരാറുകാരന് അംഗീകാരം നൽകുകയും പ്രസ്തുത കരാർ സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഉത്തരമേഖല കോഴിക്കോടിന്റെ കാര്യാലയത്തിൽ ഉടമ്പടി രേഖപ്പെടുത്തുകയും ചെയ്തു. പ്രവൃത്തി ഉടൻ ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്.

**നെയ്യാർഡാം ചൂണ്ടുപലക റോഡിന്റെ നവീകരണം**

**60 (1327)** <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർ ഡാം-ചൂണ്ടുപലക റോഡിന്റെ നവീകരണ പ്രവർത്തനങ്ങൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

നെയ്യാർ ഡാം-ചൂണ്ടുപലക റോഡിൽ ജൽജീവൻ മിഷന്റെയും കേരള വാട്ടർ അതോറിറ്റിയുടെയും പുതിയ പൈപ്പ്ലൈൻ സ്ഥാപിക്കൽ പ്രവൃത്തികൾ നടന്നുവരുന്നതിനാൽ ടി റോഡിലെ നവീകരണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. നിലവിൽ പാച്ച് BM പൂർത്തീകരിച്ചിട്ടുണ്ട്. KWA, JJM പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് BC overlay പൂർത്തിയാക്കുന്നതാണ്.

(ബി) ഈ റോഡ് പണിയുമായി ബന്ധപ്പെട്ട് പൂർത്തീകരിക്കേണ്ട പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

നെയ്യാർ ഡാം-ചൂണ്ടുപലക റോഡിൽ 4 ഭാഗങ്ങളിൽ GSB, WMM ഉപയോഗിച്ച് ഉയർത്തി പാച്ച് BM ചെയ്യുന്നതിനും റോഡ് മുഴുവൻ ദൂരത്തിലും

BC ഓവർലേ നടത്തുന്നതിനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിൽ പാച്ച് BM പൂർത്തീകരിച്ചിട്ടുണ്ട്. ജൽജീവൻ മിഷൻ പൈപ്പ്‌ലൈൻ പ്രവൃത്തികൾ പൂർത്തീകരിച്ചാൽ മാത്രമേ BC ഓവർലേ ആരംഭിക്കാൻ കഴിയുകയുള്ളൂ.

**റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിന് ഫ്ലഡ് ഫണ്ട്**

**61 (1328)** ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാലവർഷക്കെടുതിയിൽ തകരുന്ന, കോൺക്രീറ്റ് ചെയ്തുമാത്രം പുനഃസംരക്ഷിക്കാൻ കഴിയുന്ന തരത്തിലുള്ള റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിന് ഫ്ലഡ് ഫണ്ട് ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും അതിന് പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**നീലേശ്വരം മണ്ഡലത്തിലെ മുണ്ടേമ്മാട് റോഡ് പാലം നിർമ്മാണം**

**62 (1329)** ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീലേശ്വരം നഗരസഭയിലെ മുണ്ടേന്മാട് പാലം അപകടത്തിലായതിനാൽ പുനർനിർമ്മിക്കാൻ 2023-24 ബജറ്റിൽ 20 ശതമാനം തുക വകയിരുത്തി ഡി.പി.ആർ. പൂർത്തീകരിച്ച് ഫയൽ സമർപ്പിച്ചിട്ടും ഭരണാനുമതി നൽകുന്നതിന് കാലതാമസം വരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തിക്ക് എന്ന് ഭരണാനുമതി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) നീലേശ്വരം നഗരസഭയിലെ മുണ്ടേന്മാട് പാലത്തിന്റെ പുനർനിർമ്മാണത്തിന് 08-08-2023-ലെ G.O.(Rt) No. 1089/2023/PWD ഉത്തരവുപ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

**തീരദേശ ഹൈവേ പദ്ധതി ഭൂമി ഏറ്റെടുക്കൽ**

**63 (1330)** **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേ പദ്ധതിക്ക് ഭൂമി ഏറ്റെടുക്കുന്നതിനായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിജ്ഞാപനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

തീരദേശ ഹൈവേ പദ്ധതിക്കുവേണ്ടി ജില്ലാടിസ്ഥാനത്തിൽ ഭൂമിയുടെ സർവ്വേ നമ്പറുകൾ ഉൾപ്പെടുത്തി റവന്യൂ പകർപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഭൂമിയുടെ സർവ്വേ നമ്പറുകൾ ഉൾപ്പെടുത്തി സർവ്വേ അതിരടയാളനിയമം പ്രകാരം 6(1) വിജ്ഞാപനവും ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 6(1) വിജ്ഞാപനത്തിന്റെ പകർപ്പ് ഉള്ളടക്കം+ ചെയ്യുന്നു.

(ബി) ഭൂമി ഏറ്റെടുക്കുന്ന വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുമുമ്പായി നിർദ്ദിഷ്ട പ്രദേശവാസികൾക്ക് ആക്ഷേപങ്ങൾ ഉന്നയിക്കുന്നതിന് അവസരം നൽകിയിരുന്നോ; എങ്കിൽ അത്തരത്തിലുള്ള എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത പരാതികളിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്തെ തീരദേശപാത നിർമ്മാണവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ജനപ്രതിനിധികളുമായും ജനങ്ങളുമായും പങ്കുവച്ചാണ് മുന്നോട്ടു പോകുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജനപ്രതിനിധികളുമായി ചർച്ച നടത്തിയാണ് മുന്നോട്ടുപോകുന്നത്. അലൈൻമെന്റ് വിഷയത്തിൽ ഉൾപ്പെടെ ഔദ്യോഗിക യോഗം വിളിച്ച് ജനപ്രതിനിധികളുടെ അഭിപ്രായം തേടുന്നുണ്ട്. ജനപ്രതിനിധികൾക്കൊപ്പം ഫീൽഡിലെത്തി പദ്ധതി സംബന്ധിച്ച കാര്യങ്ങൾ ജനങ്ങളുമായും സംസാരിക്കുന്നുണ്ട്. നിലവിൽ അതിർത്തിക്കല്ലുകൾ സ്ഥാപിച്ച ഇടങ്ങളിൽ പുനരധിവാസ പദ്ധതി നടപ്പിലാക്കാനുള്ള SPV ആയ കേരള തീരദേശ വികസന കോർപ്പറേഷൻ വീടുകളിലെത്തി പദ്ധതി സംബന്ധിച്ച് ജനങ്ങളെ അറിയിക്കുകയും ചെയ്യുന്നു. അതിനുപുറമേ നിയമപ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കിയ ശേഷമേ ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കുകയുള്ളൂ. ഭൂമി RFCTLARR ആക്ട് പ്രകാരം അതിർത്തിക്കല്ലുകൾ സ്ഥാപിച്ച്, 4(1) വിജ്ഞാപനം പ്രസിദ്ധീകരിച്ച് സാമൂഹിക ആഘാത പഠനം നടത്തും. ഇതിന്റെ ഭാഗമായാണ് പബ്ലിക് ഹിയറിംഗ് നടത്തി പ്രദേശ

വാസികളുടെ പരാതി കേൾക്കുന്നത്. നിലവിൽ കോഴിക്കോട് ജില്ലയിലെ 3 റീച്ചുകളിലും കണ്ണൂർ ജില്ലയിലെ ഒരു റീച്ചിലും തൃശ്ശൂർ ജില്ലയിലെ ഒരു റീച്ചിലും അത്തരത്തിൽ സാമൂഹികാഘാത പഠനം പൂർത്തിയായിട്ടുണ്ട്. പ്രസ്തുത റീച്ചുകളുടെ വിശദാംശങ്ങൾ അനുബന്ധമായി+ചേർത്തിരിക്കുന്നു. കണ്ണൂർ ജില്ലയിൽ 4(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പാലക്കോട് കുന്നരു സിറ്റി എന്ന റീച്ചിൽ പൊതുചർച്ചയിൽ 37 പരാതികൾ ലഭിക്കുകയും അതിന് ബന്ധപ്പെട്ട അധികൃതർ മറുപടി നൽകുകയും ചെയ്തിട്ടുണ്ട്.

**മഞ്ചേരിയിലെ മുള്ളമ്പാറ വലിയാൻ കോണിക്കല്ല് റോഡ്**

**ഗതാഗതയോഗ്യമാക്കുന്ന നടപടി**

**64 (1331)** <u>ശ്രീ. യു. എ. ലത്തീഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മലപ്പുറം മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന മഞ്ചേരി മുൻസിപ്പാലിറ്റിയിലെ മുള്ളമ്പാറ വലിയാൻ കോണിക്കല്ല് റോഡ് ഗതാഗത യോഗ്യമല്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) മുള്ളമ്പാറ–കോണിക്കല്ല്–ഇരുമ്പുഴി റോഡിൽ 0/350 മുതൽ 0/650 വരെയുള്ള പ്രവൃത്തിക്കായി 90 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയും.

**അരുവിക്കര മണ്ഡലത്തിലെ റോഡുകളുടെ വീതി വർദ്ധിപ്പിക്കുന്ന പ്രൊപ്പോസലുകൾ**

**65 (1332)** **ശ്രീ. ജി. സ്റ്റീഫൻ:** താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരുവിക്കര മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകളുടെ വീതി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച ഏതെങ്കിലും പ്രൊപ്പോസലുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതുസംബന്ധിച്ച വിവരങ്ങൾ നൽകാമോ?

അരുവിക്കര മണ്ഡലത്തിൽ പട്ടകുളം-പേഴുംമൂട് റോഡ് പ്രവൃത്തി നടക്കുന്നു. പ്രസ്തുത പ്രവൃത്തിയിൽ നിലവിലുള്ള റോഡിന്റെ ടാർ വീതി 4 മീറ്റർ മുതൽ 5 മീറ്റർ വരെ, വർദ്ധിപ്പിക്കുന്ന വീതി 5.50 മീറ്റർ - 7 മീറ്റർ വരെ.

നിലവിലുള്ള പ്രൊപ്പോസലുകൾ ചുവടെ ചേർക്കുന്നു.

1. ആമച്ചൽ - ചായ്ക്കുളം റോഡ്

2. വലിയ കലുങ്ക് - കളിയൽ റോഡ്

3. ആര്യനാട് - കോട്ടക്കകം റോഡ്

4. ഇരപ്പിൽ - ആനപ്പെട്ടി റോഡ്

5. ഉറിയാക്കോട് 63 ജംഗ്ഷൻ വികസനം

അരുവിക്കര മണ്ഡലത്തിലെ റോഡ് വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന 2 കിഫ്ബി പ്രവൃത്തികൾ കെ.ആർ.എഫ്.ബി.-ക്ക് കീഴിൽ നടന്നുവരുന്നു.

1. മലയോര ഹൈവേ പെരിങ്ങമല - വിതുര (കൊപ്പം) റോഡ് നിർമ്മാണം

2. വിതുര - ബോണക്കാട് റോഡ് നിർമ്മാണം

ഇവ കൂടാതെ ചൂണ്ടുപലക മുതൽ നെയ്യാർ ഡാം വരെയുള്ള റോഡ്, നെടുമങ്ങാട്-അരുവിക്കര-വെള്ളനാട് റോഡ് എന്നിവയുടെ പ്രവൃത്തികൾ കിഫ്ബി പദ്ധതിയായി ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

**കോഴിക്കോട് വിമാനത്താവളത്തിലേയ്ക്ക് എത്തിച്ചേരുന്ന റോഡുകൾ**

**66 (1333)** **ശ്രീ. ടി. വി. ഇബ്രാഹിം:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്-പാലക്കാട് ദേശീയ പാതയിൽ രാമനാട്ടുകര മുതൽ കുളത്തൂർ ജംഗ്ഷൻ വരെ നാലുവരിപ്പാതയാക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് വകുപ്പിന് നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

രാമനാട്ടുകര മുതൽ എയർപോർട്ട് ജംഗ്ഷൻവരെ നാലുവരിപ്പാതയാക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത റോഡ് ഉദ്ദേശം 9.02 കി.മീ. അലൈൻമെന്റ് തയ്യാറാക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) കുളത്തൂർ ജംഗ്ഷൻ മുതൽ എയർപോർട്ടുവരെ നിലവിലുള്ള റോഡ് അന്താരാഷ്ട്ര നിലവാരത്തിലാക്കുന്നതിന് സമർപ്പിച്ച എസ്റ്റിമേറ്റിന്മേൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ?

കുളത്തൂർ ജംഗ്ഷൻ മുതൽ എയർപോർട്ടുവരെ നിലവിലുള്ള റോഡ് നവീകരണത്തിനുള്ള എസ്റ്റിമേറ്റ് പരിശോധിച്ച് ടി പ്രവൃത്തിക്ക് മതിയായ ഫണ്ട് വകയിരുത്തിയതിനുശേഷം സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിന് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കോഴിക്കോട് വിമാനത്താവളത്തിലേയ്ക്ക് എത്തിച്ചേരുന്ന പൊതുമരാമത്ത് റോഡുകൾ നന്നാക്കുന്നതിന് സമർപ്പിക്കുന്ന എസ്റ്റിമേറ്റുകൾ മതിയായ തുകയില്ലെന്ന കാരണം പറഞ്ഞ് തിരിച്ചയയ്ക്കുന്നതിനാൽ ഇതിനുവേണ്ടി പ്രത്യേക പാക്കേജുണ്ടാക്കി റോഡ് നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കോഴിക്കോട് വിമാനത്താവളത്തിലേയ്ക്ക് എത്തിച്ചേരുന്ന പൊതുമരാമത്ത് റോഡുകൾ നവീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**കോന്നി മണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികൾ**

**67 (1334)** <u>ശ്രീ. കെ. യു. ജനീഷ്കുമാർ</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ നിർവ്വഹണത്തിലുള്ള റോഡ് പ്രവൃത്തികളുടെ ഭരണാനുമതി ലഭിച്ച തീയതിയും പ്രവർത്തന പുരോഗതിയും വിശദമാക്കാമോ?

കോന്നി മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ നിർവ്വഹണത്തിലുള്ള റോഡ് പ്രവൃത്തികളുടെ ഭരണാനുമതി ലഭിച്ച തീയതിയും പ്രവർത്തന പുരോഗതിയും അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു.

(ബി) പ്ലാപ്പള്ളി-അച്ചൻകോവിൽ റോഡ് പ്രവൃത്തിയുടെ ഒന്നാം ഘട്ടത്തിൽപ്പെട്ട കല്ലേലി മുതൽ അച്ചൻകോവിൽ വരെയുള്ള ഭാഗത്തിന് ഭൂമി ലഭ്യമാക്കുന്നതിന് വനം വകുപ്പിന്റെ അനുമതിക്ക് അപേക്ഷ നൽകിയിട്ടുണ്ടോ; തകർന്നുകിടക്കുന്ന പ്രസ്തുത ഭാഗത്തിന്റെ അറ്റകുറ്റപ്പണിക്കായി തുക അനുവദിച്ചിട്ടുണ്ടോ; തണ്ണിത്തോട്-നീലിപിലാവ്-ചിറ്റാർ റോഡിന്റെ ബി.എം.&ബി.സി. നിർമ്മാണം ആരംഭിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അച്ചൻകോവിൽ - പ്ലാപ്പള്ളി റോഡ് പ്രവൃത്തിയുടെ stretch 1 കല്ലേലി മുതൽ അച്ചൻകോവിൽ വരെയുള്ള ഭാഗത്തിന് 15.858 ഹെക്ടർ ഭൂമി ലഭ്യമാക്കുന്നതിന് വനം വകുപ്പിന്റെ അനുമതിക്ക് അപേക്ഷ പരിവേഷ് പോർട്ടലിൽ 25-03-2023-ൽ നൽകിയിട്ടുണ്ട്. അത് തിരുത്തലുകൾ വരുത്തി compensatory land, പ്രോജക്ട് ഡീറ്റെയിൽസ് എന്നിവ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ലഭ്യമാക്കി അപേക്ഷ പുനർസമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബി.എം. ബി.സി. നിർമ്മാണത്തിനായി DPR Project Preparation Unit-ൽ നിന്നും തയ്യാറാക്കി സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽനിന്നും ലഭിച്ച നോൺ കംപ്ലൈൻസ് റിപ്പോർട്ടിന് മറുപടി ഡിസൈൻ വിംഗിൽനിന്നും തയ്യാറാക്കി കിഫ്ബിയിൽ 01-08-2023-ൽ സമർപ്പിച്ചിട്ടുണ്ട്. അത് കിഫ്ബിയുടെ പരിഗണനയിലാണ്. ഇതുകൂടാതെ നിലവിലുള്ള വീതിയിൽ ബി.എം.&ബി.സി. ചെയ്യുന്നതിന് കിഫ്ബിയിൽനിന്ന് അനുവാദം വാങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

(സി) ഇളമണ്ണൂർ-കലഞ്ഞൂർ-പാടം റോഡ് നിർമ്മാണ പ്രവൃത്തിയുടെ പൂർത്തീകരണം സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

കലഞ്ഞൂർ മുതൽ ch 10/160 വരെയുള്ള ഭാഗങ്ങളിൽ ബി.എം.-ഉം ch.0/000 മുതൽ 6/400 വരെയുള്ള ഭാഗങ്ങളിൽ ബി.സി.-യും പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തി മന്ദഗതിയിലായതിനാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തിയുടെ കരാർ റദ്ദ് ചെയ്തിരുന്നു. ആയതിനുശേഷം പ്രസ്തുത പ്രവൃത്തിയുടെ ബാലൻസ് പ്രവൃത്തികളുടെ ടെൻഡർ 5 തവണ ക്ഷണിച്ചിട്ടും ആരും പങ്കെടുത്തിരുന്നില്ല. നിലവിൽ പ്രവൃത്തി 27-07-2023-ൽ ആറാമത് ടെൻഡർ ചെയ്തിട്ടുണ്ട്. KWA റെസ്റ്റോറേഷൻ പ്രവൃത്തികൾ 24-07-2023-ൽ പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) ഭരണാനുമതി ലഭിച്ച ചിറ്റാർ ഡബ്ല്യൂ.&സി. ആശുപത്രിയുടെ നിർമ്മാണ പ്രവൃത്തികൾ പൊതുമരാമത്ത് കെട്ടിട വിഭാഗം എപ്പോൾ ആരംഭിക്കുമെന്ന് അറിയിക്കുമോ?

കൂടൽ ഡബ്ല്യൂ & സി ആശുപത്രിക്കുവേണ്ടി 311 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയെങ്കിലും സ്ഥലം ലഭ്യമല്ലാത്തതിനാൽ തുടർ

പ്രവൃത്തികൾ നടത്താൻ സാധിച്ചില്ല. തുടർന്ന് കൂടലിൽനിന്നും ചിറ്റാറിലേയ്ക്കു മാറ്റി 311 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. അതിൻപ്രകാരം എസ്റ്റിമേറ്റും സ്വകാര്യ ഏജൻസി തയ്യാറാക്കിയ പ്ലാനും അംഗീകാരത്തിനായി ജില്ലാ മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ചെങ്കിലും അംഗീകാരം ലഭിച്ചില്ല. ഇതേത്തുടർന്ന് 7 കോടിയുടെ എസ്റ്റിമേറ്റ് ഉൾപ്പെടെ revised AS-നുവേണ്ടിയുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നൽകിയെങ്കിലും revised AS proposal-നൊപ്പം നൽകിയ ഡ്രോയിംഗിന് അനുമതി ലഭിച്ചില്ല. ഇതിനെത്തുടർന്ന് DMO-ൽ നിന്നും ലഭിച്ച requirement letter-ഉം ടോട്ടൽ സ്റ്റേഷൻ സർവ്വെ സ്കെച്ചും ഉൾപ്പെടെ ചീഫ് ആർക്കിടെക്റ്റിന് നൽകിയിട്ടുണ്ട്. അതിൻപ്രകാരം ആർക്കിടെക്ചറൽ ഡ്രോയിംഗ് ലഭ്യമാക്കി DHS-ൽ നിന്നും അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് സ്ട്രക്ചറൽ ഡിസൈനും ഡീറ്റെയിൽഡ് എസ്റ്റിമേറ്റും തയ്യാറാക്കി പ്രവൃത്തി ക്രമീകരിക്കുന്ന നടപടികൾ പുരോഗമിക്കുന്നു.

**പുന്നമട കായൽ ടൂറിസം നെറ്റ്‌വർക്ക് റോഡുകളുടെ പ്രവൃത്തി**

**68 (1335)** <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പുന്നമട കായൽ ടൂറിസം നെറ്റ്‌വർക്ക് റോഡുകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽപ്പെടുന്ന പ്രവൃത്തികളുടെ സാങ്കേതികാനുമതി ലഭ്യമാക്കാനുള്ളവയുടെ വിവരവും അനുവദിച്ച തുകയുടെ വിവരവും നൽകാമോ;

(എ&ബി) വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(സി) 2019-20-ലെ ബജറ്റിൽ പ്രഖ്യാപിച്ച മാരാരിക്കുളം - തുമ്പോളി റെയിൽവേ സ്റ്റേഷൻ റോഡിന്റെ 4, 5 ഘട്ടങ്ങളുടെ പ്രവൃത്തിക്കായി ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

2019-20 ബഡ്ജറ്റിൽ പ്രഖ്യാപിച്ച മാരാരിക്കുളം-തുമ്പോളി റെയിൽവേ സ്റ്റേഷൻ റോഡിന് 2000 ലക്ഷത്തിന്റെ ഭരണാനുമതി നൽകിയിട്ടുണ്ട്. മുഴുവൻ പ്രവൃത്തിക്കുമായി (5 ഘട്ടങ്ങളും ചേർത്ത്) റിവൈസ്ഡ് എസ്റ്റിമേറ്റ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തയ്യാറാക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**മലപ്പുറം ജില്ലയിലെ ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ്പ് പ്രോജക്ട്**

**69 (1336)** <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ്പ് പ്രോജക്ടായിരുന്ന നാട്ടുകാണി-പരപ്പനങ്ങാടി റോഡിന്റെ നവീകരണ പ്രവൃത്തി അവസാനിപ്പിച്ചിട്ടുണ്ടോ; എത്ര തുകയായിരുന്നു പദ്ധതിക്കായി വകയിരുത്തിയിരുന്നതെന്നും എത്ര തുക ഇതിനകം ചെലവഴിച്ചുവെന്നും അറിയിക്കാമോ?

മലപ്പുറം ജില്ലയിലെ DFIP പ്രോജക്ടായിരുന്ന നാട്ടുകാണി പരപ്പനങ്ങാടി റോഡിന്റെ നവീകരണ പ്രവൃത്തി 15-01-2022-ന് പൂർത്തീകരിച്ചു. പ്രസ്തുത പ്രവൃത്തിക്ക് 450 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. CTE-യുടെ നിർദ്ദേശാനുസരണം 287.19 കോടി രൂപയിൽ നിർത്തി പ്രവൃത്തി പൂർത്തിയാക്കി.

(ബി) ജില്ലയിലെ ഏഴ് മണ്ഡലങ്ങളിലൂടെ കടന്നു പോകുന്ന റോഡിന്റെ വിവിധ മണ്ഡലങ്ങളിലെ ഏതെല്ലാം പ്രവൃത്തികളാണ് ഇതിനകം പൂർത്തീകരിച്ചിട്ടുള്ളതെന്നും എത്ര കിലോമീറ്റർവീതം റോഡ് നവീകരണം നടത്തിക്കഴിഞ്ഞുവെന്നും മണ്ഡലങ്ങൾ തിരിച്ച് വിവരം ലഭ്യമാക്കാമോ; ആകെ എത്ര കിലോമീറ്റർ ദൂരമാണ് ഈ പദ്ധതിക്കുണ്ടായിരുന്നതെന്നും അതിൽ നിലമ്പൂർ മാത്രം എത്ര കിലോമീറ്റർ ദൂരമുണ്ടെന്നും വ്യക്തമാക്കാമോ;

(സി) നാട്ടുകാണി-പരപ്പനങ്ങാടി റോഡ് നവീകരണവുമായി ബന്ധപ്പെട്ട് റോഡിന്റെ ഉപരിതലം ബി.എം.&ബി.സി. ചെയ്തിട്ടുള്ളത് ആകെ എത്ര കിലോമീറ്ററാണെന്നും അത് ഏതെല്ലാം മണ്ഡലങ്ങളിലാണെന്നും പൂർത്തീകരിച്ച കിലോമീറ്റർ സഹിതം അറിയിക്കാമോ?

(ബി&സി) ജില്ലയിലെ 7 മണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന പ്രസ്തുത റോഡിൽ നിലമ്പൂർ നിയോജകമണ്ഡലത്തിൽ 11.125 കി.മീ. (നാട്ടുകാണി ചുരത്തിന്റെ തകരപ്പടി, ജാറം, തേൻപാറ, കല്ലളം എന്നീ ഭാഗങ്ങൾ ഒഴികെ), മഞ്ചേരി നിയോജകമണ്ഡലത്തിൽ 6.27 കി.മീ., മലപ്പുറം നിയോജകമണ്ഡലത്തിൽ 8.43 കി.മീ., വേങ്ങര നിയോജകമണ്ഡലത്തിൽ

5.51 കി.മീ. (ഡ്രെയിനേജ് നവീകരണം മാത്രം), തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽ 14.32 കി.മീ. ദൂരവും റോഡ് നവീകരണം ചെയ്തിട്ടുണ്ട്. പ്രസ്തുത റോഡിന്റെ 110 കി.മീ. ദൂരമാണ് നവീകരണത്തിനായി വിഭാവനം ചെയ്തിരുന്നത്. അതിൽ CTE നിർദ്ദേശിച്ച പ്രകാരം 40.145 കി.മീ. ദൂരം മാത്രമാണ് റോഡ് ഉപരിതല നവീകരണം പൂർത്തിയാക്കിയിട്ടുള്ളത്. ആകെ 40.145 ദൂരം ബി.എം.ബി.സി. ചെയ്ത് നവീകരിച്ചതിൽ നിലമ്പൂർ നിയോജകമണ്ഡലത്തിൽ 11.125 കി.മീ., മഞ്ചേരി നിയോജകമണ്ഡലത്തിൽ 6.27 കി.മീ., മലപ്പുറം നിയോജകമണ്ഡലത്തിൽ 8.43 കി.മീ., തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ 14.32 കി.മീ. ദൂരവും റോഡ് ഉൾപ്പെടുന്നുണ്ട്.

(ഡി) നിലമ്പൂർ ഉൾപ്പെടുന്നതും മേൽ പദ്ധതിയുടെ ഭാഗവും എന്നാൽ അന്തർ സംസ്ഥാന പാതയായ കെ.എൻ.ജി. റോഡിന്റെകൂടി ഭാഗവുമായ വഴിക്കടവ് ചുരം മുതൽ വടപുറം പാലം വരെയുള്ള 30 കി.മീ. ദൂരത്തെ റോഡ് നവീകരണത്തിന് പ്രത്യേകമായി ഫണ്ട് അനുവദിക്കുമോ; വിശദമാക്കുമോ?

നിലമ്പൂർ നിയോജകമണ്ഡലത്തിൽ വരുന്ന KNG റോഡിന്റെ വഴിക്കടവ് ചുരം മുതൽ വടപുറം പാലംവരെ 22.8 കി.മീ. ദൂരമുണ്ട് (69/200 മുതൽ

92/000). ഇതിൽ 71/900 മുതൽ 73/200-ന് 5 കോടി രൂപ ഭരണാനുമതി നൽകിക്കഴിഞ്ഞു. ബാക്കി വരുന്ന 21.5 കി.മീ. ദൂരത്തിന് പുതിയ പ്രവൃത്തി ആവശ്യമാണ്. കൂടാതെ നാടുകാണി ചുരത്തിൽ 2019-ലെ പ്രളയത്തിൽ തകർന്ന തകരപ്പടി, ജാറം ഭാഗങ്ങളിൽ പുതിയ പ്രവൃത്തി ആവശ്യമാണ്. ആയതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രവൃത്തി ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**നെയ്യാറ്റിൻകര മണ്ഡലത്തിലെ കെട്ടിട നിർമ്മാണങ്ങൾ**

**70 (1337)** ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ പുതിച്ചൽ സ്കൂൾ കെട്ടിട നിർമ്മാണം, പരണിയം സ്കൂൾ കെട്ടിട നിർമ്മാണം, അമരവിള എക്സൈസ് കോംപ്ലക്സ് നിർമ്മാണം, നെയ്യാറ്റിൻകര ഗവൺമെന്റ് പോളിടെക്നിക് കെട്ടിട നിർമ്മാണം എന്നിവയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പ് കെട്ടിട ഉപവിഭാഗം നെയ്യാറ്റിൻകരയുടെ കീഴിൽ വരുന്ന പരണിയം സ്കൂൾ കെട്ടിട നിർമ്മാണത്തിന്റെ ടെൻഡർ

നടപടികൾ പൂർത്തീകരിച്ച് കരാറുകാരനുമായി എഗ്രിമെന്റുവച്ച് സൈറ്റ് ഹാന്റ് ഓവർ ചെയ്തിട്ടുണ്ട്. അമരവിള എക്സൈസ് കോംപ്ലക്സ് നിർമ്മാണം എന്ന പ്രവൃത്തിയിൽ സ്ഥലപരിമിതി കാരണം പഴയ കെട്ടിടം പൊളിച്ചുമാറ്റി സ്റ്റാക്ക് ചെയ്ത മെറ്റീരിയൽസിന്റെ ലേലം നടത്തിയെങ്കിലും ആരും പങ്കെടുത്തിരുന്നില്ല, പുനർ ലേല നടപടികളുമായി മുന്നോട്ട് പോവുകയാണ്. പുതുച്ചൽ സ്കൂൾ പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. നെയ്യാറ്റിൻകര ഗവ. പോളിടെക്നിക് പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു.

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികളിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സം നേരിടുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

പരണിയം സ്കൂൾ കെട്ടിട നിർമ്മാണം നടത്തേണ്ട സ്ഥലത്ത് ഒരു പഴയ toilet block സ്ഥിതി ചെയ്യുകയാണ്. അത് പൊളിച്ചുമാറ്റിയാൽ മാത്രമേ പ്രസ്തുത കെട്ടിടനിർമ്മാണം ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

അമരവിള എക്സൈസ് കോംപ്ലക്സ് നിർമ്മാണം എന്ന പ്രവൃത്തിയിൽ സ്ഥല പരിമിതി കാരണം പഴയ കെട്ടിടം പൊളിച്ചുമാറ്റി. സ്റ്റാക്ക് ചെയ്ത മെറ്റീരിയൽസിന്റെ ലേല നടപടികൾ പൂർത്തിയായാൽ മാത്രമേ പുതിയ കെട്ടിടനിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

**പട്ടാമ്പി മണ്ഡലം എൻ.ജി.ഒ. ക്വാർട്ടേഴ്സ് നിർമ്മാണം**

**71 (1338)** **ശ്രീ. മുഹമ്മദ് മുഹസിൻ:** താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പി മണ്ഡലത്തിലെ സർക്കാർ ആഫീസുകളിലെയും സ്കൂളുകളിലെയും ജീവനക്കാർക്കായി ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പട്ടാമ്പിയിൽ സർക്കാർ ജീവനക്കാർക്കായി ക്വാർട്ടേഴ്സ് നിർമ്മിക്കുന്ന കാര്യം സ്ഥല ലഭ്യതയനുസരിച്ച് പരിശോധിക്കാവുന്നതാണ്.

**ചാത്തന്നൂർ മിനി സിവിൽ സ്റ്റേഷന്റെ രണ്ടാം നില നിർമ്മാണം**

**72 (1339)** **ശ്രീ. ജി. എസ്. ജയലാൽ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തെ ബജറ്റിൽ ഉൾപ്പെട്ട ചാത്തന്നൂർ മണ്ഡലത്തിലെ മിനി സിവിൽ സ്റ്റേഷന്റെ രണ്ടാം നിലയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ നിർവ്വഹണ ചുമതലയിൽ നടന്നുവരുന്ന നടപടികളുടെ പുരോഗതി വിശദമാക്കാമോ?

2020-21 വർഷത്തെ ബജറ്റിൽ ഉൾപ്പെട്ട ചാത്തന്നൂർ മണ്ഡലത്തിലെ ചാത്തന്നൂർ മിനി സിവിൽസ്റ്റേഷന്റെ രണ്ടാംനില നിർമ്മാണം എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സാങ്കേതികാനുമതിക്കായി കെട്ടിട വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധിച്ചു വരികയാണ്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ടെൻഡർ നടപടികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കെട്ടിട വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും സാങ്കേതികാനുമതി കിട്ടുന്ന മുറയ്ക്ക് ടെൻഡർ നടപടികൾ ചെയ്യുന്നതാണ്.

**തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിലെ സി.എച്ച്.സി. കെട്ടിട നിർമ്മാണം**

**73 (1340)** ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിലെ സി.എച്ച്.സി. കെട്ടിടം പണിയുന്നതിന് 2020-21 സാമ്പത്തിക വർഷത്തെ ബജറ്റിൽ തുക അനുവദിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ?

തവനൂർ മണ്ഡലത്തിലെ തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിലെ തൃപ്രങ്ങോട് പി.എച്ച്.സി. ആർദ്രം 2-ാം ഘട്ടത്തിൽ 16-06-2018-ലെ G.O.(MS)No.113/2018/H&FWD നമ്പർ ഉത്തരവുപ്രകാരം കുടുംബാരോഗ്യകേന്ദ്രമായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത കുടുംബാരോഗ്യ കേന്ദ്രത്തിലെ കെട്ടിടം പണിയുന്നതിന് 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 3 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) ഇല്ലെങ്കിൽ ഭരണാനുമതി ലഭ്യമാക്കാനുള്ള നടപടി ഏതുവരെയായെന്ന് വിശദമാക്കാമോ?

(ബി&സി) ടി പ്രവൃത്തിക്കായി പൊതുമരാമത്ത് വകുപ്പ് ആർക്കിടെക്ചറൽ വിഭാഗത്തിന്റെ കരട് ഡ്രോയിംഗ് ലഭിച്ചിട്ടുണ്ട്. ടി ഡ്രോയിംഗ് ആരോഗ്യ വകുപ്പിന്റെ അനുമതിക്കായി നൽകിയിരിക്കുകയാണ്. ഇത് അംഗീകരിച്ച് ലഭ്യമാകുന്നമുറയ്ക്ക് ആർക്കിടെക്ചർ തയ്യാറാക്കുന്ന അന്തിമ ഡ്രോയിംഗ് അനുസരിച്ച് ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ തയ്യാറാക്കി സമർപ്പിക്കുന്നതാണ്.

(ഡി) ഭരണാനുമതി ലഭിക്കാനുള്ള കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ?

തൃപ്രങ്ങോട് പ്രാഥമിക ആരോഗ്യ കേന്ദ്രം പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സംസ്ഥാന ബജറ്റിൽ 2021-22-ൽ 20% വകയിരുത്തിയിരുന്നു. സി.എച്ച്.സി. നിർണ്ണയിച്ച് നൽകിയ സ്ഥലത്തിന്റെ അടിസ്ഥാനത്തിൽ പ്ലാൻ തയ്യാറാക്കുന്നതിന് ആർക്കിടെക്ചറൽ

വിഭാഗത്തെ അറിയിച്ചിരുന്നു. കെട്ടിടത്തിൽ ഉൾപ്പെടുത്തേണ്ട ആവശ്യകത കൈമാറുന്നതിന് സി.എച്ച്.സി. വിഭാഗത്തിൽനിന്ന് വൈകിയാണ് കത്ത് ലഭിച്ചത്. ആർക്കിടെക്ചറൽ തയ്യാറാക്കിയ പ്ലാൻ സി.എച്ച്.സി. വിഭാഗത്തിൽനിന്ന് അംഗീകരിച്ച് നൽകിയിട്ടില്ല. സ്ഥലത്തിന്റെ സോയിൽ ഇൻവെസ്റ്റിഗേഷൻ ആവശ്യമായതിനാൽ ഇതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഭരണാനുമതിക്കായി പരിശോധിച്ചുവരികയുമാണ്. സി.എച്ച്.സി.-യിൽനിന്നും ആർക്കിടെക്ചറൽ ഡ്രോയിംഗ് അംഗീകരിച്ച് ലഭ്യമാകുന്നമുറയ്ക്ക് ഭരണാനുമതിക്കുള്ള വിശദമായ പ്രൊപ്പോസൽ കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിക്കുന്നതാണ്.

**ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം**

**74 (1341)** <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ സർക്കാർ ഓഫീസുകളും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനായി ബാലുശ്ശേരി പറമ്പിൻമുകളിൽ

നിർമ്മിക്കാനുദ്ദേശിക്കുന്ന ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷന്റെ പ്രവൃത്തി ഇനിയും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തതിലുള്ള സാങ്കേതിക പ്രശ്നം പരിഹരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(എ-സി) ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കാൻ നിർദ്ദേശിച്ച സ്ഥലത്തുനിന്നും ഉദ്ദേശം 10,000 m3 മണ്ണ് നീക്കം ചെയ്താൽ മാത്രമേ നിർദ്ദിഷ്ട മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്താൻ സാധിക്കുകയുള്ളൂ. ഇതുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ നിർദ്ദേശപ്രകാരം എം.എൽ.എ., ചീഫ് എഞ്ചിനീയർ, മറ്റു വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് 2023 ജൂൺ മാസം 6-ാം തീയതി കോഴിക്കോട് പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസിൽ യോഗം ചേരുകയും മിനി സിവിൽ സ്റ്റേഷനുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നങ്ങൾ ചർച്ച ചെയ്ത് സ്വീകരിക്കേണ്ട പരിഹാര നടപടികളിൽ തീരുമാനമാകുകയും

ചെയ്തിട്ടുണ്ട്. മേൽ പരാമർശിച്ച യോഗനടപടികളിലെ തീരുമാനങ്ങൾക്ക് വിധേയമായി നിലവിൽ ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട എഗ്രിമെന്റ് ക്യാൻസൽ ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ടി പ്രവൃത്തിയുടെ നിർമ്മാണത്തിനുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. സാങ്കേതികാനുമതി ലഭ്യമാക്കി സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽനിന്നും ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണ്.

**കോട്ടക്കൽ റസ്റ്റ് ഹൗസിന് പുതിയ കെട്ടിടം**

**75 (1342)** <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ റസ്റ്റ് ഹൗസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട മാസ്റ്റർപ്ലാൻ പ്രകാരം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പി.ഡബ്ല്യൂ.ഡി. കോട്ടയ്ക്കൽ റസ്റ്റ് ഹൗസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ആർക്കിടെക്ചർ വിഭാഗം പ്ലാൻ തയ്യാറാക്കി നൽകിയിട്ടുണ്ട്. നിർദ്ദിഷ്ട സ്ഥലത്ത് ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് സ്ട്രക്ചറൽ ഡിസൈൻ (Tentative) തയ്യാറാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ സ്ട്രക്ചറൽ ഡ്രോയിംഗ് പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിൽനിന്നും ലഭ്യമായിട്ടുണ്ടോ; നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസമുണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ദേശീയപാതയുടെ അരികിൽ സ്ഥിതി ചെയ്യുന്ന പ്രസ്തുത റസ്റ്റ് ഹൗസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എത്രയും വേഗം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

(ബി&സി) സ്ട്രക്ചറൽ ഡ്രോയിംഗ് Tentative ലഭ്യമായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

**തോലന്നൂർ ഗവ. കോളേജ് കെട്ടിട നിർമ്മാണം**

**76 (1343)** <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 ബജറ്റിൽ 20% ടോക്കൺ പ്രൊവിഷനിൽ (10 കോടി) ഉൾപ്പെടുത്തിയ തരൂർ മണ്ഡലത്തിലെ തോലനൂർ ഗവ. കോളേജ് കെട്ടിടനിർമ്മാണം ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) നിർമ്മാണ പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) 2019-20 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ തോലനൂർ ഗവ. കോളേജ് നിർമ്മാണത്തിനുള്ള സ്ഥലത്തിന്റെ മാറ്റങ്ങൾ വരുത്തിയ സ്കെച്ച്, പ്രത്യേകം സർവ്വേ ചെയ്തശേഷം റവന്യൂ ഡിപ്പാർട്ട്മെന്റ് 05-09-2022-ന് കോളേജ് അധികൃതർക്ക് കൈമാറി. അതിന്റെയടിസ്ഥാനത്തിൽ ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്തുകയും ഡ്രോയിംഗ്സ് 2022 നവംബറിൽ ആർക്കിടെക്ടിന് സമർപ്പിക്കുകയും ചെയ്തു. 2022 ഡിസംബറിൽ ആർക്കിടെക്ട് സ്കെച്ച് സ്കീം തയ്യാറാക്കി നൽകി. പ്രസ്തുത സ്കെച്ച് സ്കീം കോളേജ് അധികൃതർ അംഗീകരിച്ച് നൽകിയതിനെത്തുടർന്ന് 2023 ഏപ്രിൽ 3-ന് ആർക്കിടെക്ട് ഫൈനൽ ഡ്രോയിംഗ്സ് തയ്യാറാക്കി നൽകി. പ്രസ്തുത ഡ്രോയിംഗ്സ്, ടോട്ടൽ സ്റ്റേഷൻ സർവ്വേ മുഖാന്തരം സൈറ്റിൽ

സെറ്റ് ഔട്ട് ചെയ്തതിനുശേഷം 2023 ജൂൺ-ജൂലൈ മാസത്തിൽ മണ്ണ് പരിശോധന പ്രവൃത്തി നിർവ്വഹിക്കുകയുണ്ടായി. മണ്ണ് പരിശോധനാ റിപ്പോർട്ട് ലഭ്യമായശേഷം ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി സമർപ്പിക്കുന്നതാണെന്ന് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

**കോഴിക്കോട് സിവിൽ സ്റ്റേഷൻ നവീകരണം**

**77 (1344)** **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സിവിൽ സ്റ്റേഷൻ നവീകരണത്തിന് മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ, നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കുമോ?

(എ&ബി) കോഴിക്കോട് സിവിൽ സ്റ്റേഷൻ നവീകരണത്തിന് പൊതുമരാമത്ത് വകുപ്പ് മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടില്ല.

**കണക്കൻതുരുത്തി ഗവ. യു.പി. സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി**

**78 (1345)** <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 കാലഘട്ടത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ മികവിന്റെ കേന്ദ്രം എൽ.പി./യു.പി. പദ്ധതിയിൽ ഉൾപ്പെടുത്തിയ വടക്കാഞ്ചേരി പഞ്ചായത്തിലെ കണക്കൻതുരുത്തി ഗവൺമെന്റ് യു.പി. സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണപ്രവൃത്തി (2.68 കോടി) നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

വടക്കാഞ്ചേരി പഞ്ചായത്തിലെ കണക്കൻതുരുത്തി ഗവ. സ്കൂളിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തിയിൽ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. സ്റ്റേജ് നിർമ്മാണത്തിന്റെ റൂഫ് ട്രസ്സ് പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. കൂടാതെ യാർഡ് ഇന്റർലോക്ക് പ്രവൃത്തിയിൽ ഗേറ്റിന്റെ പില്ലർ വർക്ക് പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ബി) പ്രസ്തുത സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണപ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയും; വ്യക്തമാക്കാമോ?

2023 സെപ്റ്റംബർ മാസം പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

**പൊൻമുടിയിൽ ടൂറിസം ഗസ്റ്റ്ഹൗസിന്റെ നിർമ്മാണ പുരോഗതി**

**79 (1346)** <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊൻമുടിയിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന ടൂറിസം ഗസ്റ്റ്ഹൗസിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

പൊന്മുടിയിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന ടൂറിസം ഗസ്റ്റ് ഹൗസിന്റെ പുതിയ കെട്ടിടത്തിന്റെ Roof tile work, Wood Work, ground floor tile work, wall tile work എന്നീ വർക്കുകൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ?

Phase II നിർമ്മാണ കാലാവധി 26-10-2023 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. 2.25 കോടി രൂപയുടെ Phase III എസ്റ്റിമേറ്റ്, ഭരണാനുമതിക്കായി ഡയറക്ടർ, ടൂറിസം ഡിപ്പാർട്ടുമെന്റിന് ചീഫ് എഞ്ചിനീയർ കെട്ടിട വിഭാഗം സമർപ്പിച്ചിട്ടുണ്ട്.

**റസ്റ്റ് ഹൗസ് നവീകരണം**

**80 (1347)** **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:**
**ശ്രീ. കെ. ജെ. മാക്സി:**
**ശ്രീ. ഐ. ബി. സതീഷ്:**
**ശ്രീ. എ. പ്രഭാകരൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റസ്റ്റ് ഹൗസുകൾ ഓൺലൈൻ റിസർവേഷൻ മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാക്കിയതിലൂടെ വരുമാനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

റസ്റ്റ് ഹൗസുകൾ ഓൺലൈൻ റിസർവേഷൻ മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിലൂടെ വരുമാനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. 01-11-2021 മുതൽ 31-07-2023 വരെയുള്ള കാലയളവിൽ

ഓൺലൈൻ ബുക്കിംഗിലൂടെ 9,58,91,892.5/- രൂപ പൊതുമരാമത്ത് വിശ്രമകേന്ദ്രങ്ങളിൽനിന്നും ലഭ്യമായിട്ടുണ്ട്.

(ബി) റസ്റ്റ് ഹൗസുകൾ നവീകരിക്കുന്നതിന് പ്രത്യേക പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതികൾ ടൂറിസത്തിന്റെ വളർച്ചയ്ക്ക് സഹായകരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) നവീകരിക്കാൻ തീരുമാനിച്ചിട്ടുള്ള റസ്റ്റ് ഹൗസുകളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

(ബി&സി) സംസ്ഥാനത്തെ റസ്റ്റ് ഹൗസുകൾ നവീകരിക്കുന്നതിന് സമഗ്രമായ പദ്ധതി നടപ്പിലാക്കിവരുന്നു. പ്രധാനപ്പെട്ട റസ്റ്റ് ഹൗസുകൾ നവീകരിച്ച് കൂടുതൽ സൗകര്യങ്ങളൊരുക്കുകയാണ് ചെയ്യുന്നത്. പുതിയ റസ്റ്റ് ഹൗസുകളുടെ നിർമ്മാണവും ഇതിന്റെ ഭാഗമായി നടപ്പിലാക്കുന്നു. ടൂറിസം മേഖലയ്ക്കും പദ്ധതി ഗുണകരമായി മാറും. പ്രധാന ടൂറിസം കേന്ദ്രങ്ങളിലെ റസ്റ്റ് ഹൗസുകളും നവീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ സഞ്ചാരികൾ റസ്റ്റ് ഹൗസ് സൗകര്യം ഉപയോഗപ്പെടുത്തുന്നുവെന്നതാണ് അനുഭവം.

നവീകരിക്കാൻ തീരുമാനിച്ച റസ്റ്റ് ഹൗസുകളുടെ വിവരം അനുബന്ധമായി+ ചേർക്കുന്നു.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിർമ്മാണം ആരംഭിച്ചതും നിർമ്മാണം പൂർത്തിയാക്കിയതുമായ റസ്റ്റ് ഹൗസുകളുടെ വിവരങ്ങൾ അറിയിക്കാമോ?

വിശദ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**മാവേലിക്കര മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണം ആരംഭിക്കാൻ നടപടി**

**81 (1348)** ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ കുടശ്ശനാട് ഗവ. ഹയർ സെക്കൻഡറി സ്കൂൾ, മാവേലിക്കര വൊക്കേഷണൽ & ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ, കുന്നം ഗവ. ഹയർ സെക്കൻഡറി സ്കൂൾ എന്നീ സ്കൂളുകളുടെ പുതിയ കെട്ടിട നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കെട്ടിട നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) കുടശ്ശനാട് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന്റെ നിർമ്മാണത്തിന് 2 കോടി രൂപ അനുവദിച്ചിരുന്നു. സോയിൽ ഇൻവെസ്റ്റിഗേഷൻ, ജി.എസ്.ടി.-യിലുണ്ടായ വർദ്ധന തുടങ്ങിയ കാരണങ്ങളാൽ അനുവദിച്ച തുകയ്ക്ക് ഒരു നിലയുടെ സ്ട്രക്ചർ മാത്രമേ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ എന്നതിനാൽ 3 കോടി രൂപ ആവശ്യമായി വരുന്ന പുതുക്കിയ എസ്റ്റിമേറ്റ് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധനയിലാണ്.

മാവേലിക്കര ബോയ്സ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 6-11-2020-ലെ G.O. (Rt)No.3034/2020/GEDN പ്രകാരം 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പൊതുമരാമത്ത് വകുപ്പ് ദക്ഷിണ മേഖല (കെട്ടിടം) സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധനയിലാണ്. എന്നാൽ 22-12-2022-ൽ കൂടിയ എം.എൽ.എ.

യോഗ തീരുമാനത്തിൽ ടി കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോർ നിർമ്മാണം കിഫ്ബി ഫണ്ട് ഉപയോഗിച്ച് KILA-യുടെ നേതൃത്വത്തിൽ നിർവ്വഹിക്കുന്നതിന് തീരുമാനമായതിനാൽ സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് KILA അധികാരികൾക്ക് കൈമാറിയിട്ടുള്ളതുമാണ്. KILA-യുടെ നേതൃത്വത്തിൽ ഗ്രൗണ്ട് ഫ്ലോർ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് പൊതുമരാമത്ത് വകുപ്പ് ഒന്നാം നിലയുടെയും രണ്ടാം നിലയുടെയും നിർമ്മാണം ഏറ്റെടുത്ത് പൂർത്തിയാക്കുന്നതുമാണ്.

കുന്നം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ പുതിയ കെട്ടിടത്തിനുള്ള ടെൻഡർ നടപടികൾ ഡിവിഷൻ കാര്യാലയത്തിൽ പൂർത്തിയായിട്ടുണ്ട്.

**വടകര നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ**

**82 (1349)** <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിൽനിന്നും വടകര മണ്ഡലത്തിനായി അനുവദിച്ച ആകെ പ്രവൃത്തികളുടെ എണ്ണം എത്രയാണ്;

(ബി) ഈ പ്രവൃത്തികൾക്കെല്ലാംകൂടി ആകെ എത്ര രൂപയാണ് വടകര മണ്ഡലത്തിനായി പൊതുമരാമത്ത് വകുപ്പ് ഫണ്ടിൽനിന്നും അനുവദിച്ചിട്ടുള്ളത്?

(എ&ബി) <u>നിരത്ത് വിഭാഗം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിരത്ത് വിഭാഗത്തിന് കീഴിൽ വടകര മണ്ഡലത്തിനായി അനുവദിച്ചത് 4 പ്രവൃത്തികളാണ്.

ടി പ്രവൃത്തികൾക്കെല്ലാം കൂടി ആകെ 118 ലക്ഷം രൂപയാണ് വടകര മണ്ഡലത്തിനായി പൊതുമരാമത്ത് വകുപ്പ് ഫണ്ടിൽനിന്നും അനുവദിച്ചിട്ടുള്ളത്.

<u>നിരത്ത് പരിപാലന വിഭാഗം</u>

നിരത്ത് പരിപാലന വിഭാഗത്തിനുകീഴിൽ റണ്ണിംഗ് കോൺട്രാക്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 2 പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ട്. (2021-22 സാമ്പത്തിക വർഷത്തിൽ RC 1-ൽ ഒരു പ്രവൃത്തിയും 2023-24 സാമ്പത്തിക വർഷത്തിൽ RC 1-ൽ ഒരു പ്രവൃത്തിയും).

ആകെ 70.50 ലക്ഷം (RC 1 2021-22 AS amount **Rs.** 32.50 ലക്ഷം, RC 1 2023-24 AS amount **Rs.** 38 ലക്ഷം,

പാലങ്ങൾ വിഭാഗം

തുരുത്തിമുക്ക് പാലത്തിനുവേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത പ്രവൃത്തിക്കായി 4.4 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

കെട്ടിട വിഭാഗം

കെട്ടിട വിഭാഗത്തിൽ വടകര മണ്ഡലത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ 2 പ്രവൃത്തികളാണ് അനുവദിച്ചത്.

ഈ പ്രവൃത്തികൾക്കെല്ലാംകൂടി അനുവദിച്ച ആകെ തുക - 1050 ലക്ഷം

ദേശീയപാത വിഭാഗം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിനുകീഴിൽ കുറ്റ്യാടി മണ്ഡലത്തിൽ CRIF 2022-23 സ്കീമിൽ ഉൾപ്പെടുത്തിയ ഒരു പ്രവൃത്തി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കായി 16 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പ് വടകര മണ്ഡലത്തിൽ പുതുതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

നിരത്ത് വിഭാഗം

പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം വടകര മണ്ഡലത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ അനുബന്ധമായി+ ചേർക്കുന്നു.

പാലങ്ങൾ വിഭാഗം

1. ഓർക്കാട്ടേരി ചോറോടിൽ കോട്ടൂളി പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2. അഴിത്തലക്കടവിൽ പാലത്തിനുവേണ്ടി ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

3. കണ്ണൂക്കര റെയിൽവേ ഓവർ ബ്രിഡ്ജിനുവേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

4. തിരുത്തി മൂക്ക് പാലത്തിനുവേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് 04-07-2023-ൽ പൂർത്തിയായി. ആയത് രൂപകൽപ്പനാ വിഭാഗത്തിൽ സമർപ്പിച്ച് ഡിസൈൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

<u>കെട്ടിട വിഭാഗം</u>

പൊതുമരാമത്ത് വകുപ്പ് കെട്ടിടത്തിന് കീഴിൽ പുതുതായി നടപ്പാക്കാൻ സമർപ്പിച്ച പ്രവൃത്തികൾ താഴെ ചേർക്കുന്നു.

1. താലൂക്ക് ഓഫീസ് വടകര - പുതിയ കെട്ടിട നിർമ്മാണം - 822.7 ലക്ഷം

2. വടകര കോർട്ട് കോംപ്ലക്സ് - ലിഫ്റ്റ് സ്ഥാപിക്കൽ - 50 ലക്ഷം

3. ഒഞ്ചിയം കൃഷി ഭവൻ - പുതിയ കെട്ടിട നിർമ്മാണം - 50 ലക്ഷം

4. ഗവ. കോളേജ് മടപ്പള്ളി - ഇൻഡോർ സ്റ്റേഡിയം നിർമ്മാണം - 364.1 ലക്ഷം

5. കെ.കെ.എം.ജി.പി.എച്ച്.എസ്.എസ്. ഓർക്കാട്ടേരി - ക്ലാസ് മുറി ഓഡിറ്റോറിയം നിർമ്മാണം - 272 ലക്ഷം
6. കെ.കെ.എം.ജി.പി.എച്ച്.എസ്.എസ്. ഓർക്കാട്ടേരി - ചുറ്റുമതിൽ, ഗേറ്റ് നിർമ്മാണം - 80 ലക്ഷം
7. കെ.കെ.എം.ജി.പി.എച്ച്.എസ്.എസ് ഓർക്കാട്ടേരി - പുതിയ ലാബ് നിർമ്മാണം - 193 ലക്ഷം
8. ഒഞ്ചിയം ഗവ. യു.പി. സ്കൂൾ - ക്ലാസ് റൂം, ഓഡിറ്റോറിയം. വോളിബോൾ കോർട്ട്, ചുറ്റുമതിൽ നിർമ്മാണം - 160.6 ലക്ഷം
9. വടകര കോടതി സമുച്ചയം - പുതിയ കെട്ടിട നിർമ്മാണം - 225 ലക്ഷം

<u>കെ.ആർ.എഫ്.ബി-പി.എം.യു.</u>

വടകര നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെ.ആർ.എഫ്.ബി.-പി.എം.യു. മുഖേന പുതുതായി നടപ്പാക്കുന്ന പ്രവൃത്തികളുടെ പേരും വിശദാംശങ്ങളും ചുവടെ ചേർക്കുന്നു:

(1) വടകര വില്ല്യാപ്പള്ളി ചേലക്കാട് റോഡ് – പ്രസ്തുത പ്രവൃത്തിക്കായി 10-07-2017-ലെ G.O. (Rt) No.942/2017/PWD പ്രകാരം 31 കോടി രൂപയുടെ ഭരണാനുമതിയും 01-12-2020-ൽ കിഫ്ബിയുടെ 58.29 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. 16.07 കി. മീ നീളമുള്ള പ്രസ്തുത റോഡിന്റെ ch 0/000 മുതൽ ch 5/700, ch 14/154 മുതൽ ch 15/984

വരെയുള്ള 7.53 കി. മീ BM, BC പ്രവൃത്തിയും ch. 5/700 മുതൽ ch. 14/754 വരെയുള്ള 8.454 കി.മീ. നൂതന സാങ്കേതികവിദ്യയായ FDR ടെക്നോളജി ഉപയോഗിച്ചും പൂർത്തീകരിക്കാനാണ് നിലവിൽ ഉദ്ദേശിക്കുന്നത്. സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് 08-06-2023-ൽ കൂടിയ 130-ാം ടെക്നിക്കൽ കമ്മിറ്റിയിൽ വയ്ക്കുകയും കമ്മിറ്റി പരിശോധിച്ച് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(2) തീരദേശ ഹൈവേ കോഴിക്കോട് ജില്ലയിലെ കുഞ്ഞാലി മരയ്ക്കാർ പാലത്തിന്റെ നിർമ്മാണം - പ്രസ്തുത പ്രവൃത്തിക്ക് 01-12-2020-ൽ ഭൂമി ഏറ്റെടുപ്പിനുൾപ്പെടെ 49.77 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 19(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കെട്ടിടങ്ങളുടെ മൂല്യ നിർണ്ണയവും പൂർത്തീകരിച്ചു. ഭൂമി ഏറ്റെടുക്കുന്നതിനായി 1,24,27,366/- രൂപ 03-03-2023-ൽ കിഫ്ബിയിൽനിന്നും അനുവദിച്ചിട്ടുണ്ട്.

(3) കോഴിക്കോട് ജില്ലയിലെ സാൻഡ് ബാങ്ക്സ് മുതൽ പൂഴിത്തല വരെയുള്ള തീരദേശ ഹൈവേയുടെ നിർമ്മാണം - പ്രസ്തുത പ്രവൃത്തിയുടെ DPR

30-03-2022-ൽ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. 26-09-2022-ൽ കിഫ്ബിയിൽനിന്നും ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് (TAR) നൽകുകയും അതിന്റെ മറുപടി 30-10-2022-ൽ കിഫ്ബിക്ക് സമർപ്പിക്കുകയും ചെയ്തു. 19-11-2022-ൽ കിഫ്ബിയിൽനിന്നും നൽകിയ TAR–2-ന്റെയും എക്സിക്യൂട്ടീവ് ഡയറക്ടർ, കിഫ്ബിയുടെ സൈറ്റ് വിസിറ്റിന്റെയും അടിസ്ഥാനത്തിൽ പുതുക്കിയ DPR (എസ്റ്റിമേറ്റ്) തയ്യാറാക്കി വരുന്നു.

(ഡി) മൂന്ന് നിയോജകമണ്ഡലങ്ങളുടെ ആസ്ഥാനമായ വടകരയിൽ സ്ഥിതി ചെയ്യുന്ന വടകര പൊതുമരാമത്ത് റസ്റ്റ് ഹൗസ് യഥാസമയം പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്താതെയും വൈദ്യുതോപകരണങ്ങൾ പ്രവർത്തിക്കാതെയും പരിതാപകരമായ അവസ്ഥയിലാണുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ വടകര റസ്റ്റ് ഹൗസിൽ സമ്പൂർണ്ണ പുനരുദ്ധാരണം നടത്തുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ?

(ഡി&ഇ) <u>കെട്ടിട വിഭാഗം</u>

വടകര റസ്റ്റ് ഹൗസിൽ ആവശ്യമായ പരിപാലന പദ്ധതികൾ നടപ്പിലാക്കുന്നു. വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**വാളാട് പി.എച്ച്.സി.-യുടെ കെട്ടിട നിർമ്മാണം**

**83 (1350)** **ശ്രീ. ഒ. ആർ. കേളു:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിലെ വാളാട് പി.എച്ച്.സി.-യുടെ കെട്ടിട നിർമ്മാണം ആരംഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

നിലവിൽ പദ്ധതിക്കായി വിട്ടുനൽകിയിട്ടുള്ള സ്ഥലം വളരെയധികം ചരിവുള്ളതായതിനാൽ ടി സ്ഥലത്ത് വലിയ തോതിലുള്ള മണ്ണ് നീക്കം ചെയ്യേണ്ടിവരുന്നുണ്ട്. മണ്ണ് നീക്കം ചെയ്യുന്നതിന്റെ അളവ് പരമാവധി കുറച്ച്, ഭൂമിയുടെ സ്വാഭാവിക ഘടന നിലനിർത്തിക്കൊണ്ട് കെട്ടിടം നിർമ്മിക്കുന്ന രീതിയിലുള്ള പ്ലാനാണ് ആർക്കിടെക്ട് വിഭാഗം രൂപകല്പന ചെയ്തത്. അതുപ്രകാരം തയ്യാറാക്കിയ പ്ലാനിൽ ആരോഗ്യ വകുപ്പ് പലവട്ടം മാറ്റങ്ങൾ നിർദ്ദേശിച്ചതിന്റെ ഭാഗമായി ഡ്രോയിംഗ് പുതുക്കേണ്ടി വന്നതിനാലാണ് പ്രവൃത്തിയുടെ നിർമ്മാണം വൈകുന്നത്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതിക്കായി നാളിതുവരെ സ്വീകരിച്ച നടപടികളും ആയത് എപ്പോൾ തുടങ്ങാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

26-02-2021-ന് പി.എച്ച്.സി. വാളാട് പദ്ധതിക്കായി പുതുക്കിയ ഭരണാനുമതി ലഭിച്ചു. ആർക്കിടെക്ട് ഡ്രോയിംഗ് തയ്യാറാക്കുന്നതിനായി ടോട്ടൽ സ്റ്റേഷൻ സർവ്വേ ചെയ്യുന്നതിനായി അതിർത്തി നിർണ്ണയിച്ചു നൽകാൻ ആരോഗ്യ വകുപ്പിനോട് ആവശ്യപ്പെടുകയുണ്ടായി. ആയത് നിർണ്ണയിച്ച് നൽകിയതിന്റെ ഭാഗമായി 12-01-2022-ന് പൊതുമരാമത്ത് വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം മുഖേന ടോട്ടൽ സ്റ്റേഷൻ സർവ്വേയും സോയിൽ ഇൻവെസ്റ്റിഗേഷനും നടത്തുകയും 17-01-2022-ന് ലഭിച്ച റിപ്പോർട്ട് ആർക്കിടെക്ടിന് കൈമാറുകയുമുണ്ടായി. 30-03-2022-ന് ചീഫ് ആർക്കിടെക്ട്, മെഡിക്കൽ ഓഫീസറുടെ സാന്നിധ്യത്തിൽ സ്ഥലം സന്ദർശിക്കുകയും ആർക്കിടെക്ട് ഡ്രോയിംഗ് തയ്യാറാക്കുന്നതിനായി ഡീറ്റെയിൽഡ് റിക്വയർമെന്റ്സ് 11-05-2022-ന് ജില്ലാ മെഡിക്കൽ ഓഫീസർ സമർപ്പിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ 06-09-2022-ന് ആർക്കിടെക്ട് ഡ്രോയിംഗ് തയ്യാറാക്കി. എന്നാൽ

25-10-2022- ന് ആരോഗ്യ വകുപ്പ് പ്ലാനിൽ ചില മാറ്റങ്ങൾ നിർദ്ദേശിച്ചു. 15-05-2023-ന് വീണ്ടും ആർക്കിടെക്ട് ഡ്രോയിംഗ് നൽകിയെങ്കിലും പ്രസ്തുത പ്ലാനിലും ചില മാറ്റം വരുത്തുന്നതിന് ആരോഗ്യ വകുപ്പ് നിർദ്ദേശിച്ചു. അതിൻപ്രകാരം ചീഫ് ആർക്കിടെക്ട് ഓഫീസിൽ പുതിയ പ്ലാൻ രൂപകൽപ്പന ചെയ്തുവരികയാണ്.

(സി) പദ്ധതിയുടെ ആർക്കിടെക്ചർ ഡിസൈൻ പൂർത്തിയായി കഴിഞ്ഞിട്ടുണ്ടോയെന്ന് അറിയിക്കാമോ?

നിലവിൽ ഫൈനൽ ആർക്കിടെക്ചറൽ ഡ്രോയിംഗ് പൂർത്തീകരിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 07-08-2023-ന് സമർപ്പിച്ചിട്ടുണ്ട്. അതിന് ആരോഗ്യ വകുപ്പ് അംഗീകാരം ലഭ്യമാക്കുന്നമുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**മലമ്പുഴ മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണം**

**84 (1351)** <u>**ശ്രീ. എ. പ്രഭാകരൻ:**</u> താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് കെട്ടിട വിഭാഗം നിർമ്മാണ ചുമതല നിർവഹിക്കുന്ന മലമ്പുഴ മണ്ഡലത്തിലെ വേങ്ങോടി ഗവ. എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണം, മരുതറോഡ് വി.എച്ച്.എസ്.ഇ. കെട്ടിട നിർമാണം എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, സാങ്കേതികാനുമതി നൽകിയ തീയതി തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**അഴീക്കോട്-മുനമ്പം പാലം നിർമ്മാണം**

**85 (1352)** <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം-തൃശ്ശൂർ ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്നതും തീരദേശ ഹൈവേയുടെ ഭാഗവുമായ നിർദിഷ്ട അഴീക്കോട്-മുനമ്പം പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നര വർഷംകൊണ്ട്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർത്തിയാക്കി ഉദ്ഘാടനം നിർവഹിക്കുവാനായി എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

അഴിക്കോട്-മുനമ്പം പാലത്തിന് 10-07-2017-ൽ 160 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതിയും 14-08-2020-ൽ 154.626 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതിയും 16-12-2021-ൽ 143.15 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. 24-12-2021-ൽ ഇ-ടെൻഡർ നടത്തുകയും ടെൻഡർ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് മെ. ചെറിയാൻ വർക്കി കൺസ്ട്രക്ഷൻ കമ്പനിക്ക് 12.11% അധിക നിരക്കിൽ 143.28 കോടി രൂപയ്ക്ക് ടെൻഡർ ഉറപ്പിക്കുകയും ചെയ്തിട്ടുണ്ട്. 10-07-2023-ൽ നൽകിയ വർക്ക് ഓർഡറിന്റെ അടിസ്ഥാനത്തിൽ കരാറുകാരൻ നിർമ്മാണ പ്രവൃത്തികൾ തുടങ്ങുകയും ചെയ്തു. പാലത്തിന്റെ ഡിസൈൻ അന്തിമമാക്കുന്നതിനുവേണ്ടിയുള്ള മണ്ണ് പരിശോധനയും ടെസ്റ്റ് പൈലിന്റെ പ്രവൃത്തികളുമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. നിലവിൽ ഈ പ്രവൃത്തിക്ക് അനുവദിച്ചിരുന്ന സാമ്പത്തികാനുമതി തുകയേക്കാൾ 17.41% അധികം തുക ഉൾപ്പെടെ 181.55 കോടി രൂപയുടെ സാമ്പത്തികാനുമതി

ആവശ്യമുണ്ട്. പുതുക്കിയ സാമ്പത്തികാനുമതി ലഭിച്ചാലുടൻ തുടർന്നുള്ള നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

**(ബി) മാസംതോറും എം.എൽ.എ.-മാർ കെ.ആർ.എഫ്.ബി., കിഫ്ബി, കരാറുകാർ, മറ്റ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി റിവ്യൂ മീറ്റിംഗ് കൂടുന്നതിനുള്ള ഇടപെടൽ ഉണ്ടാകുമോ; വ്യക്തമാക്കാമോ?**

നിശ്ചിത ഇടവേളകളിൽ എം.എൽ.എ.-മാർ കെ.ആർ.എഫ്.ബി, കിഫ്ബി, കരാറുകാർ, മറ്റ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി റിവ്യൂ മീറ്റിംഗ് കൂടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**മുദിയം പാലം നിർമ്മാണം**

**86 (1353) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ മുദിയം പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് കേരള റോഡ് ഫണ്ട് ബോർഡ് (കെ.ആർ.എഫ്.ബി.) നിലവിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പാലം നിർമ്മാണം സംബന്ധിച്ച ഡി.പി.ആർ. കെ.ആർ.എഫ്.ബി. മുഖേന കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ടോ; കിഫ്ബി തുടർ നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

(എ&ബി) വള്ളിക്കുന്ന് മണ്ഡലത്തിലെ മുദിയം പാലം, മലപ്പുറം ജില്ലയിലെ നിർദ്ദിഷ്ട തീരദേശ ഹൈവേയുടെ അവസാനത്തെ റീച്ചായ അരിയല്ലൂർ മുതൽ കടലുണ്ടി വരെയുള്ള ഭാഗത്തിൽ വരുന്നതാണ്. പ്രസ്തുത പാലത്തിന്റെ പുതുക്കിയ ഡിസൈൻ പ്രകാരം തയ്യാറാക്കിയ ഡീറ്റൈൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) സാമ്പത്തികാനുമതി നൽകുന്നതിനായി 15-02-2023-ന് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ വിശദമായ പരിശോധന കിഫ്ബിയിൽ പൂർത്തിയായി. ഔദ്യോഗിക തീരുമാനം പ്രതീക്ഷിക്കുകയാണ്.

(സി) കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭിക്കുന്ന മുറയ്ക്ക് പാലം നിർമ്മാണത്തിനുവേണ്ടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന തുടർനടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിച്ചശേഷം പ്രസ്തുത പാലത്തിന്റെ സാങ്കേതികാനുമതി നൽകുന്നതിനുള്ള എസ്റ്റിമേറ്റ് ടെക്നിക്കൽ കമ്മിറ്റിയിൽ അവതരിപ്പിച്ച് തുടർനടപടികൾ സ്വീകരിക്കും.

**പേരാമ്പ്ര മണ്ഡലത്തിലെ പാലങ്ങൾ**

**87 (1354)** **ശ്രീ. ടി. പി. രാമകൃഷ്ണൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ തിമിരിപ്പുഴ, തോട്ടത്താംകണ്ടി, മുറിനടയ്ക്കൽ, നടയ്ക്കൽ പാലങ്ങളുടെ പ്രവൃത്തി പുരോഗതി വിശദമാക്കുമോ?

1) തിമിരിപ്പുഴ പാലം: ഈ പാലത്തിന് 8.44 കോടി രൂപ ഭരണാനുമതിയും 8,42,30,000/- രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ടെൻഡർ നടപടി പൂർത്തിയായി പാലത്തിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. നിലവിൽ പാലത്തിന്റെ A2 സൈഡ് രണ്ടാമത്തെ ഫൂട്ടിംഗ് പ്രവൃത്തി പുരോഗതിയിലാണ്.

2) <u>തോട്ടത്താൻകണ്ടി പാലം</u>: ഈ പാലത്തിന് 9.20 കോടി രൂപയുടെ ഭരണാനുമതിയും 9.20 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ടെൻഡർ നടപടി പൂർത്തിയായി പാലത്തിന്റെ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. നിലവിൽ സബ്സ്ട്രക്ചർ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. പാലേരി ഭാഗത്ത് ഡ്രെയിനേജിന്റെയും റീട്ടെയിനിംഗ് വാളിന്റെയും പ്രവൃത്തി പുരോഗതിയിലാണ്. മരുതോങ്കര ഭാഗത്ത് റോഡിന്റെ GSB പ്രവൃത്തിവരെ പൂർത്തിയായിട്ടുണ്ട്.

3) <u>മുറിനടക്കൽ പാലം</u>: ഈ പാലത്തിന് 4 കോടി രൂപയുടെ ഭരണാനുമതിയും 4 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ടെൻഡർ നടപടി പൂർത്തിയായി പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ബ്രിഡ്ജ് പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. അപ്രോച്ച് റോഡിന്റെ പ്രവൃത്തിയിൽ embankment filling പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

4) <u>നടക്കൽ പാലം</u>: ഈ പാലത്തിന് 4 കോടി രൂപയുടെ ഭരണാനുമതിയും 3.12 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ടെൻഡർ നടപടി പൂർത്തിയായി പ്രവൃത്തി

പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ബ്രിഡ്ജ് പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. രണ്ട് ഭാഗത്തും അപ്രോച്ച് റോഡിന്റെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിലെ അകലാപ്പുഴ പാലം, നടേരിക്കടവ് പാലം എന്നിവയുടെ പ്രവൃത്തിക്ക് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

1) അകലാപ്പുഴ പാലം: പ്രസ്തുത പ്രവൃത്തിക്ക് 31-10-2016-ലെ G.O.(Rt) No. 1496/2016/PWD പ്രകാരം തത്വത്തിൽ 35 കോടി രൂപയുടെ ഭരണാനുമതിയും 04-06-2018-ൽ ഭൂമി ഏറ്റെടുക്കുന്നതിനായി 6 കോടി രൂപ ഉൾപ്പെടെ 30 കോടി രൂപയുടെ സാമ്പത്തികാനുമതിയും കിഫ്ബിയിൽനിന്നും നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു. കണ്ടിൻജൻസി ചാർജ്ജിനത്തിൽ 7,49,595/- രൂപ 20-09-2021-ൽ കിഫ്ബിയിൽനിന്നും അനുവദിച്ചിട്ടുണ്ട്. അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു. സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

2) <u>നടേരിക്കടവ് പാലം</u>: പ്രസ്തുത പ്രവൃത്തിക്ക് 10-07-2017-ലെ G.O.(Rt) No.942/2017/PWD പ്രകാരം 20 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും 28-10-2020-ൽ ഭൂമി ഏറ്റെടുക്കുന്നതുൾപ്പെടെ 23.0361 കോടി രൂപയുടെ സാമ്പത്തികാനുമതിയും കിഫ്ബിയിൽനിന്നും നൽകിയിട്ടുണ്ട്. കണ്ടിൻജൻസി ചാർജ്ജിനത്തിൽ 6,64,152/- രൂപ 02-12-2022-ൽ കിഫ്ബിയിൽനിന്നും അനുവദിച്ചിട്ടുണ്ട്. 30-06-2023-ൽ 27.47 കോടി രൂപയുടെ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. എന്നാൽ സാങ്കേതികാനുമതി തുക സാമ്പത്തികാനുമതി തുകയേക്കാൾ അധികരിച്ചതിനാൽ പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാകേണ്ടതുണ്ട്. ആയത് 13-07-2023-ൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാക്കുന്നമുറയ്ക്ക് പ്രവൃത്തി ടെൻഡർ ചെയ്ത് ആരംഭിക്കാൻ സാധിക്കും.

(സി) പി.യു.കെ.സി. റോഡിലെ പാറക്കടവത്ത് പാലത്തിന്റെ നിലവിലെ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

പാറക്കടവത്ത് പാലത്തിന്റെ പുനർനിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) പൂഴിത്തോട് എക്കൽ പാലം, ചേനായിക്കടവ് പാലം എന്നിവയുടെ പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പൂഴിത്തോട് എക്കൽ പാലത്തിന്റെ നിർമ്മാണം ഈ വർഷം നബാർഡിൽ സമർപ്പിക്കേണ്ട പദ്ധതികളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ചേനായിക്കടവ് പാലത്തിന്റെ നിർമ്മാണത്തിനുള്ള ഡി.പി.ആർ. കഴിഞ്ഞവർഷം തയ്യാറാക്കി നബാർഡിൽ സമർപ്പിച്ചിരുന്നെങ്കിലും സ്ഥലം ലഭ്യമല്ലാത്തതിനാൽ അനുമതി ലഭ്യമായില്ല.

**മലമ്പുഴ കൊട്ടുമ്പ്-പാളയം പാലം നിർമ്മാണം**

**88 (1355)** <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിലെ കൊട്ടുമ്പ്-പാളയം പാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; ഈ പ്രവൃത്തിയുടെ ഭരണാനുമതി തുക, സാങ്കേതികാനുമതി തുക എന്നീ വിശദാംശം ലഭ്യമാക്കാമോ?

മലമ്പുഴ മണ്ഡലത്തിലെ കൊടുമ്പ്-പാളയം പാലത്തിന്റെ പാളയം ഭാഗത്തുള്ള എ 2 അബട്ട്മെന്റിന്റെ നിർമ്മാണ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി തുക 500 ലക്ഷം രൂപയും (G.O.(Rt)No.709/2020/PWD TVM Dated, 27-08-2020), സാങ്കേതികാനുമതി തുക 500 ലക്ഷം രൂപയുമാണ്.

(ബി) ഈ പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

പ്രസ്തുത പ്രവൃത്തിയുടെ കരാർ ഉടമ്പടി പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ടത് 14-08-2024-ലാണ്.

**മങ്കട മണ്ഡലത്തിലെ വള്ളിക്കപ്പറ്റ പാലം നിർമ്മാണം**

89 (1356) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24-ലെ ബഡ്ജറ്റിൽ, അടങ്കൽ തുകയുടെ 20% വകയിരുത്തിയിട്ടുള്ള മങ്കട മണ്ഡലത്തിലെ വള്ളിക്കപ്പറ്റ പാലം നിർമ്മാണത്തിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വകുപ്പ്

സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് സമയബന്ധിതമായി ഭരണാനുമതി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

(എ&ബി) മങ്കട മണ്ഡലത്തിലെ വള്ളിക്കപ്പറ്റ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ച് ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് ഡിസൈൻ വിഭാഗം സ്വീകരിച്ചുവരുന്നു. ഡിസൈൻ തയ്യാറായാലുടൻ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയും.

**കുന്നത്തുനാട് മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം**

90 (1357) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ പൊതുമരാമത്ത് പാലം വിഭാഗത്തിന്റെ മേൽനോട്ടത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് പുരോഗമിച്ചുവരുന്നത്; അവയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കുന്നത്തുനാട് മണ്ഡലത്തിൽ പൊതുമരാമത്ത് പാലങ്ങൾ വിഭാഗത്തിന്റെ മേൽനോട്ടത്തിൽ നിലവിൽ ഒരു പ്രവൃത്തിയാണ് പുരോഗമിക്കുന്നത്. കോരങ്കടവ് പാലത്തിന്റെ നിർമ്മാണത്തിനായി തണ്ണീർത്തട ഭൂമി ഉൾപ്പടെയുള്ള ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ടായിരുന്നു. സ്ഥലമേറ്റെടുക്കൽ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിന്റെ കാലതാമസംമൂലം പ്രവൃത്തി പൂർത്തീകരിക്കുന്നതിനും കാലതാമസം നേരിട്ടു. നിലവിൽ പാലത്തിന്റെ നിർമ്മാണം പൂർത്തിയായതിനാൽ പഞ്ചായത്ത് റോഡിലേയ്ക്ക് ചേർത്ത് ഗതാഗതത്തിന് തുറന്നുകൊടുത്തിട്ടുണ്ട്. പരിവർത്തനാനുമതി ലഭിച്ച തണ്ണീർത്തട ഭൂമിയിലെ സ്ഥലമേറ്റെടുക്കൽ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് അപ്രോച്ച് റോഡിന്റെ ബാക്കി പ്രവൃത്തികൾ ചെയ്യാൻ സാധിക്കുന്നതാണ്.

(ബി) മണ്ഡലത്തിലെ ചെമ്പരക്കി വിലങ്ങ് റോഡിലെ കനാൽ പാലത്തിന്റെ പുനർനിർമ്മാണത്തിനായുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകാൻ വൈകുന്നതിന്റെ കാരണമെന്താണെന്ന്

അറിയിക്കുമോ (ഫയൽ നം. പി.ഡബ്ല്യൂ.ഡി/ബി.ആർ/എഫ്.എൽ/ 8775/2022)?

കുന്നത്തുനാട് മണ്ഡലത്തിൽ ചെമ്പറക്കി വിലങ്ങ് റോഡിലെ കനാൽ പാലത്തിന്റെ പുനർനിർമ്മാണത്തിനായുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

**തുരുത്തിമുക്ക് -കരിയാട് പാലം**

91 (1358) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം-കൂത്തുപറമ്പ് നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന തുരുത്തിമുക്ക്-കരിയാട് പാലം നിർമ്മാണം ടെൻഡർ നടപടി പൂർത്തികരിച്ചോ?

നാദാപുരം-കൂത്തുപറമ്പ് മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന തുരുത്തിമുക്ക്-കരിയാട് പാലം നിർമ്മിക്കുന്നതിന് 12-05-2020-ൽ കരാറിലേർപ്പെട്ട് പ്രവൃത്തി ആരംഭിച്ചിരുന്നു. എന്നാൽ അപ്രോച്ച് റോഡിനായി സ്ഥലമേറ്റെടുക്കുന്നതിൽ കാലതാമസമുണ്ടായതിനെത്തുടർന്ന് കരാർ കമ്പനി ഉയർന്ന നിരക്ക് ആവശ്യപ്പെട്ടെങ്കിലും കരാർ പ്രകാരം അത്

അനുവദിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ പ്രവൃത്തി 13-03-2023-ൽ ഫോർക്ലോസ് ചെയ്തിരുന്നു. തുടർന്ന് ബാക്കി പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റിന് 08-05-2023-ൽ സാങ്കേതികാനുമതി നൽകി 10-05-2023-ൽ ടെൻഡർ ക്ഷണിച്ചിരുന്നു. എന്നാൽ ഈ ടെൻഡറിൽ ഒരാൾ മാത്രമാണ് പങ്കെടുത്തത് എന്നതിനാൽ 01-06-2023-ൽ റീടെൻഡർ ചെയ്യുകയുണ്ടായി. ഈ ടെൻഡർ 27% അധിക നിരക്കിൽ ഒരു കരാറുകാരൻ ക്വാട്ട് ചെയ്തിരുന്നെങ്കിലും 02-08-2023-ൽ കൂടിയ സർക്കാർതല ടെൻഡർ അപ്രൂവൽ കമ്മിറ്റി പ്രവൃത്തി വീണ്ടും റീടെൻഡർ ചെയ്യുന്നതിന് കെ.ആർ.എഫ്.ബി.-പി.എം.യു. പ്രോജക്ട് ഡയറക്ടർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ വീണ്ടും ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് പറയാമോ?

ടെൻഡർ നടപടികൾ പൂർത്തിയാക്കിയശേഷം നിർമ്മാണപ്രവൃത്തി ആരംഭിക്കാൻ സാധിക്കുന്നതാണ്.

**ഇരുമ്പോത്തിങ്ങൽ പാലം നിർമ്മിക്കുന്നതിന് നടപടി**

92 (1359) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തെത്തുടർന്ന് ഗതാഗത യോഗ്യമല്ലാതായ ഇരുമ്പോത്തിങ്ങൽ പാലം പൊളിച്ചുമാറ്റി പുതിയ പാലം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; ഇതുസംബന്ധിച്ച് വകുപ്പുതല ശിപാർശ സർക്കാരിൽ ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പുതിയ പാലം നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ.-ന് ഭരണാനുമതി നൽകുന്ന നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെങ്കിലും നിലവിലെ പാലം റീ-ഡെക്കിംഗ് ചെയ്ത് ഗതാഗത യോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ഇതുസംബന്ധിച്ച് വകുപ്പുതല ശിപാർശ സർക്കാരിൽ ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) തീരദേശ പഞ്ചായത്തായ വള്ളിക്കുന്നിലെ കാര്യാട്, കൊടക്കാട്, ആലിൻചുവട്, മണ്ണട്ടാംപാറ, കൂട്ടുമൂച്ചി, കരുമരക്കാട്, മാതാപ്പുഴ ഭാഗങ്ങളിൽനിന്ന് പഞ്ചായത്തിന്റെ ഹെഡ്ക്വാർട്ടേഴ്സിലേയ്ക്കും ഹയർസെക്കൻഡറി സ്കൂളുകളിലേയ്ക്കുമെത്താൻ ഏക ആശ്രയമായ പ്രസ്തുത

പാലം നവീകരിക്കുന്നതിനും പുതിയ പാലം നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

(എ-സി) 2018-ലെ പ്രളയത്തെത്തുടർന്ന് ഗതാഗതയോഗ്യമല്ലാതായ ഇരുമ്പോത്തിങ്ങൽ പാലം പൊളിച്ചുമാറ്റി പുതിയ പാലം മറ്റൊരു അലൈൻമെന്റിലൂടെ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് പ്രൊപ്പോസൽ 28-07-2023 തീയതിയായി പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയതിൻമേൽ വിശദ പരിശോധന നടത്തിവരുന്നു. പഴയപാലം റീ-ഡെക്കിംഗ് ചെയ്യുന്നതിനുള്ള പ്രവൃത്തിക്കായി 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

**നെയ്യാറ്റിൻകര മണ്ഡലത്തിലെ പൊഴിയൂർ പാലം നിർമ്മാണം**

**93 (1360)** **ശ്രീ. കെ. ആൻസലൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ പൊഴിയൂർ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) പാലം നിർമ്മാണത്തിന്റെ ടെൻഡർ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കുമെന്ന് വിശദമാക്കുമോ?

(എ&ബി) നെയ്യാറ്റിൻകര മണ്ഡലത്തിലെ പൊഴിയൂർ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഡിസൈൻ തയ്യാറാക്കുന്ന നടപടികൾ ഡിസൈൻ വിഭാഗത്തിൽ പുരോഗമിച്ചുവരുന്നു. ഡിസൈൻ പൂർത്തിയാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**കന്നിപ്പുറം പാലം നിർമ്മാണം**

94 (1361) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ കിഫ്ബി പദ്ധതിയായ കന്നിപ്പുറം പാലം നിർമ്മാണത്തിന്റെ ടെൻഡർ നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ടെൻഡർ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ;

(സി) എത്ര കോടി രൂപയുടെ ഡി.പി.ആർ. ആണ് സമർപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

(എ-സി) നെയ്യാറ്റിൻകര മണ്ഡലത്തിലെ കന്നിപ്പുറം പാലം നിർമ്മാണത്തിനായി ലാൻഡ് അക്വിസിഷൻ ഉൾപ്പടെ 9.86 കോടി രൂപയുടെ സാമ്പത്തികാനുമതി 21-08-2017-ന് കിഫ്ബിയിൽനിന്നും നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കുന്നതിനുള്ള 19(1) നോട്ടിഫിക്കേഷൻ 28-11-2022-ൽ പ്രസിദ്ധീകരിക്കുകയും സ്ഥലമേറ്റെടുക്കൽ നടപടികൾ അന്തിമഘട്ടത്തിലുമാണ്. സാങ്കേതികാനുമതിക്കായി തയ്യാറാക്കിയ 16.42 കോടി രൂപയുടെ (സ്ഥലമേറ്റെടുക്കൽ തുക ഉൾപ്പടെ) എസ്റ്റിമേറ്റ് സൂക്ഷ്മപരിശോധന നടത്തി ഭേദഗതികൾ വരുത്തുന്നതിന് ടെക്നിക്കൽ കമ്മിറ്റി നിർദ്ദേശിക്കുകയുണ്ടായി. അപ്രകാരം ഭേദഗതികൾ വരുത്തിയ എസ്റ്റിമേറ്റ് പുതുക്കിയ സാമ്പത്തികാനുമതി ലഭിക്കുന്നതിനുവേണ്ടി കിഫ്ബിക്ക് സമർപ്പിച്ച് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികളിലേയ്ക്ക് കടക്കാനാകും.

**ഊട്ടറ പാലത്തിന്റെ നിർമ്മാണം**

**95 (1362)** **ശ്രീ. കെ. ബാബു (നെന്മാറ):** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊട്ടറ പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

പാലക്കാട് ജില്ലയിലെ ഊട്ടറ പുഴപ്പാലത്തിന്റെയും റെയിൽവേ മേൽപ്പാലത്തിന്റെയും നിർമ്മാണത്തിനായി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 10-07-2017-ലെ G.O.(Rt)No.942/2017/PWD പ്രകാരം ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി ചുമതലപ്പെടുത്തുകയും ചെയ്തു. വിശദമായ പഠനങ്ങൾക്കുശേഷം തയ്യാറാക്കിയ ഡി.പി.ആർ., ആർ.ബി.ഡി.സി.കെ. കിഫ്ബിയിൽ സമർപ്പിക്കുകയും 11-02-2020-ൽ കിഫ്ബി 10.61 കോടി രൂപ പുഴപ്പാലത്തിന്റെ നിർമ്മാണത്തിനും റെയിൽവേ മേൽപ്പാലത്തിന്റെ സ്ഥലമെടുപ്പിനുമായി അനുവദിക്കുകയും ചെയ്തു.

പദ്ധതിക്കാവശ്യമായ സ്ഥലമേറ്റെടുക്കുന്നതിന് പാലക്കാട് ജില്ലാ കളക്ടർക്ക് 16-12-2020-ൽ അർത്ഥനാ പത്രം സമർപ്പിക്കുകയും

27-01-2021-ലെ G.O.(Rt)No.828/2021/RD നമ്പർ ഉത്തരവുപ്രകാരം സ്ഥലമേറ്റെടുക്കുന്നതിന് ഭരണാനുമതി റവന്യൂ വകുപ്പിൽനിന്ന് നൽകുകയും ചെയ്തു. പദ്ധതി പ്രദേശത്ത് അതിർത്തിക്കല്ലുകൾ സ്ഥാപിച്ച് 28-06-2021-ൽ എൽ.എ. ഉദ്യോഗസ്ഥരുമായി സംയുക്ത പരിശോധന നടത്തുകയും 11-10-2021-ൽ 4(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും 26-11-2021-ൽ ലാൻഡ് അക്വിസിഷൻ ഓഫീസർ ആവശ്യപ്പെട്ടപ്രകാരം കണ്ടിൻജൻസി ചാർജ്ജ് റിലീസ് ചെയ്യുകയും ചെയ്തിട്ടുണ്ട്. സാമൂഹ്യ പ്രത്യാഘാത പഠനത്തോടനുബന്ധിച്ചുള്ള പബ്ലിക് ഹിയറിംഗ് 20-12-2021-ൽ നടത്തുകയും 07-02-2022-ൽ വിദഗ്ദ്ധ സമിതി മീറ്റിംഗ് നടത്തുകയും ചെയ്തിട്ടുള്ളതാണ്. 18-06-2022-ൽ 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും 02-11-2022-ൽ ജില്ലാ കളക്ടർ BVR-ന് അനുമതി നൽകുകയും ചെയ്തിട്ടുള്ളതാണ്. കൂടാതെ എൽ.എ. കോസ്റ്റായി 7,79,94,317/- രൂപ സ്പെഷ്യൽ തഹസിൽദാർ എൽ.എ.-യ്ക്ക് കൈമാറിയിട്ടുള്ളതാണ്.

ഊട്ടറ പുഴപ്പാലത്തിന് ആകെ 2 കക്ഷികളിൽനിന്നും 5.13 ആർ സ്ഥലം മാത്രമാണ് ഏറ്റെടുക്കേണ്ടതായിട്ടുള്ളത്. ടി കക്ഷികളിൽനിന്നും നിലവിൽ

മുൻകൂറായി സ്ഥലം വിട്ടുതരുന്നതിനുള്ള സമ്മതപ്രതം ലഭിച്ചിട്ടുള്ളതാണ്. അതനുസരിച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും 06-09-2022-ൽ കിഫ്ബിയുടെ അനുമതിക്കായി നൽകുകയും 28-12-2022-ന് പദ്ധതി ടെൻഡർ ചെയ്യുന്നതിന് കിഫ്ബി അനുമതി നൽകുകയും ചെയ്തിട്ടുള്ളതാണ്. നിലവിൽ പാലങ്ങൾ ഡിസൈൻ & ബിൽഡ് രീതിയിലാണ് ടെൻഡർ ക്ഷണിക്കുന്നത്. എന്നാൽ 02-12-2022-ലെ G.O.(MS)No.34/2022/PWD നമ്പർ ഉത്തരവിൽ 29-02-2016-ലെ G.O.(P)No.30/2016/FIN പ്രകാരം ഐറ്റം റേറ്റ് രീതിയിൽ ടെൻഡർ ക്ഷണിക്കാൻ നിർദ്ദേശം നൽകുകയുണ്ടായി. തുടർന്ന് പദ്ധതി ഡിസൈൻ ചെയ്യുന്നതിനായി കൺസൾട്ടന്റായ M/s. RITES-നെ 04-01-2023-ൽ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഊട്ടറ പാലത്തിന്റെ നിർമ്മാണ പ്രവൃത്തി എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

പ്രസ്തുത പ്രവൃത്തിയുടെ ഡിസൈൻ IIT മദ്രാസിന്റെ അംഗീകാരത്തിനായി 08-08-2023-ൽ സമർപ്പിച്ചിട്ടുണ്ട്. IIT-യുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക്

Technical Sanction നൽകി ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്.

**പയ്യന്നൂർ മണ്ഡലത്തിലെ ചൂളക്കടവ് പാലം നിർമ്മാണം**

**96 (1363)** ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ പയ്യന്നൂർ മണ്ഡലത്തിലെ ചൂളക്കടവ് പാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ വൈകുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(സി) ടെൻഡർ നടപടി വേഗത്തിലാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ-സി) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലുൾപ്പെടുന്ന ചൂളക്കടവ് പാലം നിർമ്മിക്കുന്നതിലേയ്ക്കായി 07-09-2019-ൽ കിഫ്ബി 18.46 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിരുന്നു. ഷെഡ്യൂൾ ഓഫ് റേറ്റ്, ജി.എസ്.ടി. എന്നിവയിൽ മാറ്റമുണ്ടായതിനെത്തുടർന്ന് 24-03-2022-ൽ കിഫ്ബി 27.94 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി

നൽകുകയുണ്ടായി. അതിൻപ്രകാരം സ്ഥലമേറ്റെടുക്കുന്നതിനായി 1.66 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചതുപ്രകാരം അംഗീകരിച്ച വിലയുടെ അടിസ്ഥാനത്തിൽ 1.97 കോടി രൂപ സ്ഥലമേറ്റെടുക്കലിനായി ആവശ്യമായിട്ടുണ്ട്. ആയതിലേയ്ക്ക് അധിക തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ 22-07-2023-ൽ കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. ഫണ്ട് ലഭിച്ചാലുടൻതന്നെ സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കാൻ കഴിയുന്നതാണ്. ഈ പ്രവൃത്തിയുടെ PED തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബി അംഗീകാരം ലഭിച്ചാലുടൻ ടെൻഡർ ചെയ്യാൻ സാധിക്കുന്നതാണ്.

**നെന്മാറ മണ്ഡലത്തിലെ കണ്ണനിക്കടവ് പാലം നിർമ്മാണം**

**97 (1364)** **ശ്രീ. കെ. ബാബു (നെന്മാറ):** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ കണ്ണനിക്കടവ് പാലത്തിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ?

നെന്മാറ മണ്ഡലത്തിലെ കണ്ണനിക്കടവ് പാലത്തിന്റെ 2 സ്പാനുകളിൽ വരുന്ന 6 ഗിർഡറുകളുടെയും p2 ഡയഫ്രത്തിന്റെയും കോൺക്രീറ്റിംഗ്

പൂർത്തീകരിച്ചു. A1-p1 സ്പാനിൽ വരുന്ന ഗിർഡർ നിർമ്മാണത്തിനായുള്ള shuttering പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(ബി) ഈ പാലത്തിന്റെ പ്രവൃത്തി എന്ന് പൂർത്തീകരിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

(ബി&സി) പ്രസ്തുത പാലത്തിന്റെ പ്രവൃത്തി 2023 ഡിസംബർ 31-നകം പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**വർക്കല മണ്ഡലത്തിലെ പാലങ്ങളുടെ പുനർനിർമ്മാണം**

**98 (1365)** ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ ഏതെല്ലാം പാലങ്ങളാണ് പുനർനിർമ്മിക്കേണ്ടതെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാം സ്ഥലങ്ങളിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പാലങ്ങളുടെ പുനർനിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഓരോന്നിന്റെയും എസ്റ്റിമേറ്റ് തുക എത്ര രൂപയെന്ന് വ്യക്തമാക്കാമോ?

(എ&ബി) വർക്കല നിയോജകമണ്ഡലത്തിൽ മുത്താന, മുതല എന്നീ പാലങ്ങളാണ് പുനർനിർമ്മിക്കേണ്ടതായി കണ്ടെത്തിയിട്ടുള്ളത്. മുത്താനപ്പാലം പുതുക്കി നിർമ്മിക്കുന്നതിലേയ്ക്കായുള്ള സർവ്വേയും പ്രവൃത്തിയുടെ മണ്ണ് പരിശോധനയ്ക്കുള്ള എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. മുതല പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടന്നുവരുന്നു.

**കടുത്തുരുത്തി മണ്ഡലത്തിലെ മഹാപ്രളയത്തിൽ തകർന്ന പാലങ്ങളുടെ നിർമ്മാണാനുമതി**

**99 (1366)** <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ മഹാപ്രളയത്തിൽ തകർന്ന കടുത്തുരുത്തി മണ്ഡലത്തിലെ വെമ്പള്ളി-കല്ലാലി പാലം, വയലാ-കോടികുളം പാലം എന്നിവ പുനർനിർമ്മിക്കുന്നതിനായി കോട്ടയം ബ്രിഡ്ജസ് ഡിവിഷൻ

തയ്യാറാക്കി സമർപ്പിച്ചിരിക്കുന്ന ഡീറ്റെയ്ൽഡ് പ്രോജക്റ്റ് റിപ്പോർട്ടിൽ (ഡി.പി.ആർ.) എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലങ്ങളുടെ പുനർനിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിന് കാലതാമസമുണ്ടായതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പാലങ്ങളെ സംബന്ധിച്ച ഫയലുകൾ ഇപ്പോൾ ആരുടെ പക്കലാണെന്ന് അറിയിക്കാമോ; പ്രസ്തുത പാലം നിർമ്മാണത്തിലുണ്ടായിരിക്കുന്ന പുരോഗതി വിശദമാക്കാമോ?

(എ-സി) 2018-ലെ മഹാപ്രളയത്തിൽ തകർന്ന വെമ്പള്ളി-കല്ലാലി പാലം, വയലാ-കോടികുളം പാലം എന്നിവയുടെ പുനർനിർമ്മാണത്തിനായി 2023-24 ബഡ്ജറ്റിൽ വാല്യം 2, ഭാഗം 2, ക്രമ നമ്പർ 1831 പ്രകാരം 100 രൂപ പ്രൊവിഷൻ അനുവദിച്ചിട്ടുള്ളതിനാൽ പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സ്വീകരിച്ചുവരുന്നു. പ്രസ്തുത എസ്റ്റിമേറ്റ് ലഭ്യമാക്കുന്നമുറയ്ക്ക് ഫണ്ടിന്റെ ലഭ്യതകൂടി പരിഗണിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്.

**കുളിമാട് പാലം തകർന്ന സംഭവം**

100 (1367) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കുളിമാട് പാലം നിർമ്മാണത്തിനിടയിൽ തകർന്നുവീണത് സംബന്ധിച്ച് പി.ഡബ്ല്യു.ഡി. നടത്തിയ അന്വേഷണത്തിൽ പാലം തകരാനുള്ള കാരണമായി കണ്ടെത്തിയത് എന്തൊക്കെയായിരുന്നെന്നും പ്രസ്തുത വീഴ്ചയുടെ ഉത്തരവാദിത്വം ആർക്കാണെന്നും ഉത്തരവാദികളായി കണ്ടെത്തിയവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും അറിയിക്കാമോ; ഇതുസംബന്ധിച്ച അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പൊതുമരാമത്ത് വിജിലൻസ് വിഭാഗം ശാസ്ത്രീയമായി നടത്തിയ അന്വേഷണത്തിൽ ഗർഡറുകൾ സ്ഥാപിക്കുന്നതിന് ഉപയോഗിച്ച ഹൈഡ്രോളിക് ജാക്കിയുടെ പ്രവർത്തന തകരാറാണ് കുളിമാട് പാലം സൈറ്റിൽ അപകടത്തിന് കാരണമായി കണ്ടെത്തിയത്. പ്രവൃത്തിയുടെ ചുമതലയുണ്ടായിരുന്ന KRFB അസിസ്റ്റന്റ് എഞ്ചിനീയർ, എക്സിക്യൂട്ടീവ്

എഞ്ചിനീയർ എന്നിവരെ ജില്ലയ്ക്ക് പുറത്തേയ്ക്ക് സ്ഥലംമാറ്റി നിയമിച്ചു. അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

(ബി) എത്ര കോടി രൂപ മുടക്കിയാണ് പ്രസ്തുത പാലം നിർമ്മിച്ചതെന്നും നിർമ്മാണത്തിനിടയിൽ അത് തകർന്നതുമൂലം എത്ര രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ടെന്നും പ്രസ്തുത നഷ്ടം ഉത്തരവാദികളായവരിൽനിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും പാലം നിർമ്മിച്ച കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

കൂളിമാട് പാലം നിർമ്മാണത്തിനായി 31-10-2016-ലെ G.O.(Rt)No.1496/2016/PWD പ്രകാരം 25 കോടി രൂപയുടെ ഭരണാനുമതിയും 21.50 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിരുന്നു. കേടുപാടുകൾ സംഭവിച്ച ബീം മാറ്റി പുതിയത് നിർമ്മിക്കുന്നതിനും നിലവിലുള്ള നിർമ്മിതിയുടെ തുടർ പരിശോധനകൾക്കും കേടുപാടുകൾ തീർക്കുന്നതിനുമുള്ള പൂർണ്ണ ചെലവ് കമ്പനിതന്നെ പൂർണ്ണമായും വഹിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകിയിരുന്നു. അപ്രകാരം കരാർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കമ്പനി നടപടി സ്വീകരിച്ചതായും KRFB PD അറിയിച്ചിട്ടുണ്ട്. അതിനാൽ പ്രവൃത്തി നടത്തിപ്പിനിടയിലുണ്ടായ അപകടംമൂലം സർക്കാരിന് സാമ്പത്തികനഷ്ടം ഉണ്ടായിട്ടില്ല. നടപ്പാക്കിയ പ്രവൃത്തിയിൽ ഗുണനിലവാര തകർച്ച കണ്ടെത്തിയിട്ടില്ലാത്തതിനാൽ കരാർ കമ്പനിയെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**കാക്കനാട് റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം**

**101 (1368)** <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം തിരുവല്ല റോഡിൽ കാക്കനാട് റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കാമോ?

കാക്കനാട് റെയിൽവേ ഗേറ്റിനുപകരമുള്ള റെയിൽ മേൽപ്പാലത്തിന്റെ നിർമ്മാണച്ചുമതല കെ.ആർ.ഡി.സി.എൽ.-നെ ഏൽപ്പിച്ചിട്ടുള്ളതാണ്. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് 11(1) വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത അലൈൻമെന്റിന് സമാന്തരമായി വരുന്ന ഗ്രീൻ ഫീൽഡ് അലൈൻമെന്റ് പരിഗണിക്കുന്നതിനുവേണ്ടി

ഭൂഉടമകൾ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ കേസ് ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കേസിൽ വന്ന വിധി അനുസരിച്ചുള്ള സാമൂഹികാഘാത പഠനം ഇപ്പോൾ പുരോഗമിച്ചുവരികയാണ്.

**മങ്കര കാളികാവ് മേൽപ്പാലം നിർമ്മാണം**

**102 (1369)** ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലെവൽ ക്രോസുകൾ ഇല്ലാതാക്കുന്നതിനായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ലെവൽ ക്രോസ് രഹിത കേരളം എന്ന ദീർഘകാല ലക്ഷ്യം കൈവരിക്കുന്നതിന് സംസ്ഥാന സർക്കാർ സമഗ്രമായ പദ്ധതിക്ക് രൂപം നൽകി നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി 99 റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ഇതിൽ 72 എണ്ണത്തിന്റെ നിർമ്മാണച്ചുമതല ആർ.ബി.ഡി.സി.കെ.-യ്ക്കും 27 എണ്ണത്തിന്റെ നിർമ്മാണച്ചുമതല കെ.ആർ.ഡി.സി.എൽ.-നും നൽകിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഇത്രയും റെയിൽവേ ഓവർ

ബ്രിഡ്ജുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി ഒന്നിച്ച് പുരോഗമിക്കുന്നത്.

(ബി) കോങ്ങാട് മണ്ഡലത്തിലെ മങ്കര കാളികാവ് മേൽപ്പാലം നിർമ്മാണത്തിനുവേണ്ടിയുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് 11(1) വിജ്ഞാപനം 18-06-2022-ന് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗ്സും എസ്റ്റിമേറ്റും റെയിൽവേ അംഗീകരിച്ചുകഴിഞ്ഞു. ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ കഴിയുന്ന മുറയ്ക്ക് നിർമ്മാണത്തിനായുള്ള ടെൻഡർ വിളിക്കാൻ സാധിക്കും.

**ആര്യങ്കാവ്-മുരുകൻ പാഞ്ചാൽ പാലത്തിലെ കുഴിയിൽ വാഹനങ്ങൾ അപകടത്തിൽപ്പെടുന്നത്**

**103 (1370)** <u>ശ്രീ. പി. എസ്. സുപാൽ</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം-ചെങ്കോട്ട ദേശീയപാതയിൽ ആര്യങ്കാവ്-മുരുകൻ പാഞ്ചാലിലെ പാലത്തിനോടുചേർന്ന് വെള്ളക്കെട്ടും കുഴിയുമുണ്ടായി ഇതുവഴിയുള്ള ഗതാഗതത്തിന് ഭീഷണിയായി മാറിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

NHAI-യുടെ അധീനതയിലുള്ള മുരുകൻ പാഞ്ചാൽ പാലത്തിന്റെ അപ്രോച്ച് റോഡിൽ കുഴികൾ രൂപപ്പെട്ട സ്ഥലത്ത് ആയത് Cold Mix ഉപയോഗിച്ച് പരിഹരിച്ച് ടി ഭാഗം സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്.

(ബി) നാലുവർഷം മുമ്പ് 4.6 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച പാലത്തിൽ ചെറിയ മഴയിൽപ്പോലും വെള്ളക്കെട്ടുണ്ടാകുന്നതും വലിയ കുഴിയുടെ ആഴം അറിയാതെ വാഹനങ്ങൾ കുഴിയിൽ പതിച്ച് അപകടമുണ്ടാകുന്നതും പരിഹരിക്കുന്നതിന് സത്വര നടപടികളെടുക്കുമോ; വിശദമാക്കാമോ?

എൻ.എച്ച്. 744-കൊല്ലം മുതൽ കോട്ടവാസൽ വരെ NHAI-യുടെ അധീനതയിലാണ്. മുരുകൻ പാഞ്ചാൽ പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും DLP കഴിഞ്ഞിട്ടുള്ളതാണ്. അപ്രോച്ച് റോഡിലുണ്ടാകുന്ന കുഴികൾ ശ്രദ്ധയിൽപ്പെടുന്നതിനനുസരിച്ച് പരിഹരിക്കാറുണ്ട്. കൂടാതെ അപ്രോച്ച് റോഡിന്റെ അറ്റകുറ്റപ്പണികൾ ചെയ്യാനുള്ള എസ്റ്റിമേറ്റ് NHAI-യ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

**പൊന്നാനി മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം**

**104 (1371)** **ശ്രീ. പി. നന്ദകുമാർ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലെ തുറുവോണം പാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

പൊന്നാനി മണ്ഡലത്തിലെ തുറുവോണം പാലം നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽനിന്നും റ്റി.ജി.ഡി. ലഭിച്ചിരുന്നെങ്കിലും ബഹുമാനപ്പെട്ട പൊന്നാനി എം.എൽ.എ.-യുടെ

അഭ്യർത്ഥന പ്രകാരം പുതിയ ഡിസൈൻ തയ്യാറാക്കുന്നതിനായി പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) മണ്ഡലത്തിലെ ഒളസക്കടവ് പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രവൃത്തികൾ ഏതുവരെയായി; നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

പൊന്നാനി മണ്ഡലത്തിലെ ഒളസക്കടവ് പാലം പ്രവൃത്തിക്ക് 31-10-2016-ലെ G.O. (Rt) No.1496/2016/PWD പ്രകാരം 10 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും 21-8-2017-ലെ APR-01/76/2017/KIIFB ഓർഡർ പ്രകാരം 28.46 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. 8-5-2018-ലെ ഉത്തരവ് നമ്പർ MNJ/2018-2019/2016/6562 പ്രകാരം 26.90 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ പൂർത്തിയാക്കി 04-12-2018-ൽ 24 മാസം പൂർത്തീകരണ കാലാവധിയോടുകൂടി മേരിമാതാ കൺസ്ട്രക്ഷൻ കമ്പനിയുമായി കരാർ ഉടമ്പടിവച്ചു. നിലവിലെ കരാർ പ്രകാരം പാലത്തിന്റെ പിയർ ക്യാപ് വരെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത കരാർ കിഫ്ബിയുടെ

നിർദ്ദേശ പ്രകാരം 06-01-2023-ൽ foreclose ചെയ്യുകയും ശേഷിക്കുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഉൾക്കൊള്ളിച്ചുകൊണ്ട് 43.84 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി ലഭിക്കുന്നതിനായി പ്രൊപ്പോസൽ കിഫ്ബിയിൽ 30-12-2022-ൽ സമർപ്പിച്ചിട്ടുണ്ട്. നിലവിൽ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ആയതിന് G.O. (Rt) No.4884/2022/RD പ്രകാരം റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ ഭരണാനുമതി ലഭ്യമായിട്ടുള്ളതിനാൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള കണ്ടിൻജൻസി ചാർജ്ജ് കിഫ്ബി എൽ.എ. തഹസിൽദാർക്ക് അടവാക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ സാമൂഹികാഘാത പഠനം പൂർത്തിയായിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗതിയിലാണ്. പുതുക്കിയ സാമ്പത്തികാനുമതി ലഭിച്ചശേഷം സാങ്കേതികാനുമതി നൽകുന്നതിനുള്ള എസ്റ്റിമേറ്റ് ടെക്നിക്കൽ കമ്മിറ്റിയിൽ അവതരിപ്പിച്ച് കമ്മിറ്റി പരാമർശിക്കുന്ന തിരുത്തലുകളും വേണ്ട അനുമതികളും ലഭ്യമാക്കി പ്രൈസ് സോഫ്റ്റ്‌വെയർ

മുഖാന്തരം സാങ്കേതികാനുമതി നൽകി ടെൻഡർ ചെയ്യുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്.

(സി) മണ്ഡലത്തിലെ പൂക്കൈതക്കടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ഏതുവരെയായി; നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

പൊന്നാനി മണ്ഡലത്തിലെ പൂക്കൈതക്കടവ് പാലം പ്രവൃത്തിക്ക് 31-10-2016-ലെ G.O. (Rt) No.1496/2016/PWD പ്രകാരം 20 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും 19-09-2017-ലെ APR-1/174/2017/KIIFB ഓർഡർ പ്രകാരം കിഫ്ബിയിൽനിന്നും 19.16 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള റവന്യൂ വകുപ്പിൽനിന്നുള്ള അനുമതി 04-03-2020-ലെ G.O. (Rt)No 941/2020/RD പ്രകാരം ലഭിച്ചിട്ടുണ്ട്. സർവ്വേ അതിരടയാള നിയമപ്രകാരമുള്ള 6(1) നോട്ടിഫിക്കേഷൻ 06-05-2020-ന് കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. സ്ഥലം ഏറ്റെടുപ്പിനുള്ള സർവ്വേയും അതിർത്തിക്കല്ലുകളിടുന്ന പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ്

ടെക്നിക്കൽ കമ്മിറ്റിയിൽ അവതരിപ്പിച്ച് കമ്മിറ്റി പരാമർശിക്കുന്ന തിരുത്തലുകളും വേണ്ട അനുമതികളും ലഭ്യമാക്കി പ്രൈസ് സോഫ്റ്റ്‌വെയർ മുഖാന്തരം സാങ്കേതികാനുമതി നൽകി ടെൻഡർ ചെയ്യുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്.

**കൃഷ്ണപുരം മാമ്പ്രകുന്നേൽ റെയിൽവേ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണം**

**105 (1372)** **ശ്രീമതി യു. പ്രതിഭ:** താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് അനുമതി ലഭിച്ച കൃഷ്ണപുരം മാമ്പ്രകുന്നേൽ റെയിൽവേ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കാമോ?

ആലപ്പുഴ ജില്ലയിൽ കായംകുളത്തെ കൃഷ്ണപുരം മാമ്പ്രകുന്നേൽ റെയിൽവേ മേൽപ്പാലം നിർമ്മാണത്തിന് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പിൽനിന്നും ഭരണാനുമതി നൽകി ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി നിയമിച്ചിട്ടുള്ളതും കിഫ്ബി ഉത്തരവുപ്രകാരം 31.211 കോടി രൂപ അനുവദിച്ചിട്ടുള്ളതുമാണ്. ഇതിനായി

കൃഷ്ണപുരം വില്ലേജിലെ വിവിധ സർവ്വേ നമ്പറുകളിലായി 1.0840 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിൽനിന്നും അനുമതി നൽകിയിട്ടുണ്ട്. 24-12-2018-ൽ ഭൂമി ഏറ്റെടുക്കുന്നതിന് അർത്ഥനാ പത്രം ആലപ്പുഴ ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും 28-11-2022-ന് സ്വകാര്യ വ്യക്തികളിൽനിന്നുള്ള മുഴുവൻ ഭൂമിയും കായംകുളം കിഫ്ബി സ്പെഷ്യൽ തഹസിൽദാർ ഏറ്റെടുത്ത് കൈമാറിയിട്ടുള്ളതുമാണ്.

കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെ കൈവശമുള്ള 5.9 ആർ പാട്ട ഭൂമിയും കൃഷ്ണപുരം വില്ലേജ് ഓഫീസിന്റെ കൈവശമുള്ള ഭൂമിയിൽനിന്നും 13 ചതുരശ്രമീറ്റർ ഭൂമിയും പൊതുമരാമത്ത് വകുപ്പിന്റെ പേരിൽ ഭൂമി കൈമാറ്റം മുഖേന ലഭിക്കുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടറുടെ ഓഫീസിൽനിന്നും സ്വീകരിച്ചുവരുന്നു. റെയിൽവേ ജി.എ.ഡി.-യുടെ അംഗീകാരം 09-11-2022-ൽ റെയിൽവേയിൽനിന്നും ലഭ്യമായിട്ടുണ്ട്. ഏറ്റെടുത്ത ഭൂമിയിലെ കെട്ടിടങ്ങൾ പൂർണ്ണമായി പൊളിച്ചുമാറ്റിയിട്ടുള്ളതും മരങ്ങൾ മുറിച്ചുമാറ്റിയിട്ടുള്ളതുമാണ്. നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായി ടെൻഡർ

നടപടികൾ സ്വീകരിക്കുന്നതിനാവശ്യമായ പ്രാഥമിക നടപടികൾ ആർ.ബി.ഡി.സി.കെ. സ്വീകരിച്ചുവരുന്നു.

**കാവിൻമൂനമ്പ് പാലത്തിന്റെ പുതിയ ഡിസൈൻ**

**106 (1373)** <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അഡീഷണൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കല്ല്യാശ്ശേരി മണ്ഡലത്തിലെ കാവിൻമൂനമ്പ് പാലത്തിന്റെ പുതിയ ഡിസൈൻ പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിൽനിന്നും ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

അഡീഷണൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കല്ല്യാശ്ശേരി മണ്ഡലത്തിലെ കാവിൻമൂനമ്പ് പാലത്തിന്റെ പുതിയ ഡിസൈൻ പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിൽനിന്നും ലഭ്യമായിട്ടുണ്ട്. പുതുക്കിയ ഡിസൈൻ പ്രകാരമുള്ള എസ്റ്റിമേറ്റ് അധിക സാമ്പത്തികാനുമതിക്കുവേണ്ടി പി.എം.യു.-കെ.ആർ.എഫ്.ബി. മുഖാന്തരം കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. സാമ്പത്തികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്.

**കോങ്ങാട് മണ്ഡലത്തിലെ കമ്പ-ചളിക്കടവ് പാലം നിർമ്മാണം**

**107 (1374)** ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന കോങ്ങാട് മണ്ഡലത്തിലെ കമ്പ-ചളിക്കടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) കോങ്ങാട് നിയോജകമണ്ഡലത്തിലെ കമ്പ-ചളിക്കടവ് പാലത്തിന് 10-7-2017-ലെ സ.ഉ.(സാധാ) നം.942/2017/പൊമവ നമ്പർ ഉത്തരവ് പ്രകാരം 20 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുള്ളതും കിഫ്ബിയിൽനിന്നും 12-11-2018-ൽ 10.734 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി നൽകിയിട്ടുള്ളതുമാണ്. പദ്ധതിക്കുവേണ്ടിയുള്ള സ്ഥലം ഫ്രീ സറണ്ടറായി ലഭിക്കാത്തതിനാൽ കമ്പ-ചളിക്കടവ് പാലം എന്ന പദ്ധതിക്കുപകരം കണ്ണോട്-കുണ്ടുക്കണ്ടം പാലം എന്ന പദ്ധതിക്കുള്ള

അംഗീകാരം നൽകണമെന്ന് കോങ്ങാട് എം.എൽ.എ. അഭ്യർത്ഥിക്കുകയും പിന്നീട് കമ്പ-ചളിക്കടവ് പാലം പദ്ധതിയുമായിത്തന്നെ മുന്നോട്ടുപോകാൻ എം.എൽ.എ. അഭ്യർത്ഥിക്കുകയുമുണ്ടായി. 16-01-2023-ൽ ചീഫ് എഞ്ചിനീയർ, ഡിസൈൻ വിഭാഗത്തിനോട് പദ്ധതിപ്രദേശം സന്ദർശിക്കാനും നിലവിലെ ബ്രിഡ്ജ് ഡിസൈൻ ഡ്രോയിംഗ് പര്യാപ്തമാണോയെന്ന് പരിശോധിക്കാനും ആവശ്യപ്പെടുകയും 03-06-2023-ൽ പുതുക്കിയ ഡിസൈൻ ചീഫ് എഞ്ചിനീയർ, ഡിസൈൻ വിഭാഗം തയ്യാറാക്കി നൽകുകയും ചെയ്തിട്ടുണ്ട്. അതിൻപ്രകാരം സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റിന് ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചശേഷം തുടർ നടപടികൾ സ്വീകരിക്കാൻ കഴിയും.

**പള്ളിപ്പുറം കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണം**

**108 (1375)** **ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് ആർ.ഐ.ഡി.എഫ്.-XX ട്രാഞ്ചെയിലുൾപ്പെടുത്തി 14-01-2015-ൽ പൊതുമരാമത്ത് വകുപ്പ് 1690 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും 19-12-2018-ൽ 24.46 കോടി രൂപയ്ക്ക് പുതുക്കിയ ഭരണാനുമതിയും ലഭിച്ച വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിജസ്ഥിതി വിശദമാക്കാമോ?

പള്ളിപ്പുറം കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണം 78% നിർമ്മാണ പ്രവൃത്തികൾ ഇതുവരെ പൂർത്തീകരിച്ചു. പാലത്തിന്റെ ഫൗണ്ടേഷൻ സബ് സ്ട്രക്ചർ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ 8 സ്പാനുകളിലെ 3 സ്ലാബുകളുടെയും 24 ബീമുകളിൽ 20 എണ്ണത്തിന്റെയും പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

31-03-2022-ൽ നബാർഡ് ട്രാഞ്ചെ അവസാനിച്ചിരുന്നു. നബാർഡ് ട്രാഞ്ചെ കാലാവധിക്കുശേഷം ചെയ്യേണ്ട പ്രവൃത്തിയുടെ തുക സംസ്ഥാന ഫണ്ടിൽനിന്നും അനുവദിക്കണമെന്നാവശ്യപ്പെട്ട് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സർക്കാരിലേയ്ക്ക് കത്ത് സമർപ്പിച്ചിരുന്നു. ടി

കരാറുകാരനുതന്നെ പ്രവൃത്തി നൽകിക്കൊണ്ട് പുതുക്കിയ ഭരണാനുമതിയുള്ളതിനാൽ കരാറുകാരൻ പ്രവൃത്തി തുടർന്നുകൊണ്ട് പോകുകയായിരുന്നു. ടാഞ്ചെ കാലാവധിക്കുശേഷം ചെയ്ത പ്രവൃത്തികളുടെ 2 പാർട്ട് ബില്ലുകൾ (CC 12 & part & CC 3 & part) സമർപ്പിച്ചിരുന്നു. അതിൽ ഒന്നിന്റെ തുകയ്ക്ക് (12 part bill) 15-07-2023-ൽ LOC അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ പ്രിൻസിപ്പൽ എഗ്രിമെന്റ് പ്രകാരം 5% VAT ഉൾപ്പെടുത്തിയാണ് ഉടമ്പടിവച്ചത്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കുമ്പോൾ 18% GST അനുവദിച്ചുതരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു മാസത്തോളമായി കരാറുകാരൻ പ്രവൃത്തി നിർത്തിവച്ചിരിക്കുകയാണ്. സ്ഥലമേറ്റെടുപ്പ് നടപടികൾക്കായി കണ്ടിൻജൻസി ചാർജ്ജായി 13,98,525/- രൂപ 25-07-2023-ൽ എൽ.എ. തഹസിൽദാർക്ക് കൈമാറിയിട്ടുണ്ട്.

(ബി) പാലത്തിന്റെ ഡിസൈൻ വ്യത്യാസംമൂലമുണ്ടായ അധികതുക സംസ്ഥാന സർക്കാർ വഹിക്കാമെന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഫണ്ടിനായി സമർപ്പിച്ച റിപ്പോർട്ട് സംബന്ധിച്ച

സി2/363/2022 നമ്പർ ഫയലിൽ തീരുമാനമെടുക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(സി) കാലതാമസത്തിന് കാരണം ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രസ്തുത ഫയലിൽ തീരുമാനമെടുക്കുന്നതിൽ നേരിടുന്ന കാലതാമസം പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ തടസ്സം സൃഷ്ടിക്കുന്നതിനാൽ നിർമ്മാണ പ്രവർത്തനത്തിനാവശ്യമായ അധികതുക അനുവദിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

(ബി&സി) പൊതുമരാമത്ത് (സി) വകുപ്പിന്റെ C2/363/2022 നമ്പർ ഫയൽ ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്.

### ഇരവിപുരം റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം

**109 (1376)** ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ ഇരവിപുരം മണ്ഡലത്തിൽ എത്ര റെയിൽവേ മേൽപ്പാലങ്ങൾക്ക് (ആർ.ഒ.ബി.) അനുമതി ലഭിച്ചിട്ടുണ്ടെന്നും; ഓരോന്നിനും എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

2016-17 മുതൽ ഇരവിപുരം മണ്ഡലത്തിൽ 6 ആർ.ഒ.ബി.-കൾ നിർമ്മിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. ഓരോന്നിനും അനുവദിച്ച ഭരണാനുമതി തുക ചുവടെ ചേർക്കുന്നു.

1. ഇരവിപുരം ആർ.ഒ.ബി. - 20 കോടി രൂപ

2. മയ്യനാട് ആർ.ഒ.ബി. - 50 കോടി രൂപ

3. കുട്ടിക്കട ആർ.ഒ.ബി. - 22.51 കോടി രൂപ

4. കല്ലുംതാഴം ആർ.ഒ.ബി. - 50 കോടി രൂപ

5. എസ്.എൻ. കോളേജ് ഗേറ്റ് ആർ.ഒ.ബി. - 22.51 കോടി രൂപ

6. പോളയത്തോട് ആർ.ഒ.ബി. - 18.11 കോടി രൂപ

(ബി) ഏതെങ്കിലും റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; നിർമ്മാണം ആരംഭിക്കാത്ത റെയിൽവേ മേൽപ്പാലങ്ങളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

1. ഇരവിപുരം ആർ.ഒ.ബി.: ഇരവിപുരം ആർ.ഒ.ബി.-യുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. കിഫ്ബിയിൽനിന്നും 31.60 കോടി

രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. നിലവിൽ പൈൽ, പൈൽ ക്യാപ്പ്, പിയർ, പിയർ ക്യാപ്പ് എന്നിവയുടെ നിർമ്മാണം പൂർത്തീകരിക്കുകയും ഗർഡറുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരികയുമാണ്. റെയിൽവേ സ്പാനുകളുടെ നിർമ്മാണം റെയിൽവേ നേരിട്ടാണ് നിർവ്വഹിക്കുന്നത്. റെയിൽവേ സ്പാനിലെ ഗർഡറുകളുടെ erection പൂർത്തിയാക്കിയതിനുശേഷം മാത്രമേ പാലത്തിന്റെ ഇരുവശങ്ങളിലുമുള്ള സംരക്ഷണ ഭിത്തികളുടെ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂവെന്ന് റെയിൽവേ നിർദ്ദേശിച്ചിട്ടുണ്ട്. റെയിൽവേ പ്രതിനിധികളുമായി സംയുക്ത സ്ഥലപരിശോധന നടത്തുകയും സംരക്ഷണഭിത്തിയുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള അനുമതി റെയിൽവേയോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

2. മയ്യനാട് ആർ.ഒ.ബി.: പദ്ധതിക്കായി 25.95 കോടി രൂപ 26-10-2010-ന് കിഫ്ബി അനുവദിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ അന്തിമഘട്ടത്തിലാണ്. സ്ഥലമേറ്റെടുക്കൽ പൂർത്തിയാക്കുകയും

റെയിൽവേയിൽനിന്നും ജി.എ.ഡി.-ക്ക് അംഗീകാരം ലഭിക്കുകയും ചെയ്താൽ ടെൻഡർ നടപടികൾ പൂർത്തിയാക്കി നിർമ്മാണം ആരംഭിക്കുന്നതാണ്.

3. കുട്ടിക്കട ആർ.ഒ.ബി.: പദ്ധതിക്കായി 52.24 കോടി രൂപ 20-03-2022-ന് കിഫ്ബി അനുവദിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ ആരംഭഘട്ടത്തിലാണ്. അതിർത്തിക്കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. 4(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനായി 50 ലക്ഷം രൂപ ലാൻഡ് അക്വിസിഷൻ ഓഫീസർ ആവശ്യപ്പെട്ടിട്ടുണ്ട്. കിഫ്ബിയിൽനിന്നും തുക ലഭ്യമാകുന്ന മുറയ്ക്ക് ലാൻഡ് അക്വിസിഷൻ ഓഫീസർക്ക് കൈമാറുന്നതാണ്.

4. എസ്.എൻ. കോളേജ് ആർ.ഒ.ബി.: പദ്ധതിക്കായി 44.66 കോടി രൂപ 09-08-2020-ന് കിഫ്ബി അനുവദിച്ചിട്ടുണ്ട്. ജി.എ.ഡി.-ക്ക് 16-03-2023-നാണ് റെയിൽവേ അംഗീകാരം നൽകിയത്. സ്ഥലമേറ്റെടുക്കൽ ആരംഭിക്കുന്നതിനായി എൽ.എ. പ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു.

5. കല്ലുംതാഴം ആർ.ഒ.ബി.: പദ്ധതിക്കായി 30.93 കോടി രൂപ 18-03-2019-ന് കിഫ്ബി അനുവദിച്ചിട്ടുണ്ട്. ജി.എ.ഡി. റെയിൽവേയിൽ

സമർപ്പിച്ചിരിക്കുകയാണ്. കൂടാതെ NHAI-യുടെ അനുമതിക്കായും അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. ജി.എ.ഡി.-ക്ക് റെയിൽവേയിൽനിന്നും അംഗീകാരം ലഭിക്കുകയും NHAI-യുടെ NOC ലഭിക്കുകയും ചെയ്താൽ മാത്രമേ സ്ഥലമേറ്റെടുക്കൽ ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

6. പോളയത്തോട് ഗേറ്റ് ആർ.ഒ.ബി.: ഭൂമി ഏറ്റെടുക്കൽ നടപടികൾ അന്തിമഘട്ടത്തിലാണ്. ഭൂമി ഏറ്റെടുക്കുന്നതിനായുള്ള അധിക തുക ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കെ.ആർ.ഡി.സി.എൽ. സമർപ്പിച്ച അപേക്ഷ പരിശോധിച്ചുവരുന്നു. നിർമ്മാണത്തിനുള്ള 18.11 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

**മാക്കേകടവ്-നേരെകടവ് പാലം നിർമ്മാണത്തിന്റെ റേറ്റ് റിവിഷൻ**

**110 (1377)** ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാക്കേകടവ്-നേരെകടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് കോൺട്രാക്ടർ നൽകിയ റേറ്റ് റിവിഷനുമായി ബന്ധപ്പെട്ട അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണത്തിന്റെ റേറ്റ് റിവിഷനുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോൾ ആരുടെ കൈവശമാണെന്നും എത്ര നാളായി ഈ ഫയൽ അദ്ദേഹത്തിന്റെ കൈവശമിരിക്കുന്നുവെന്നും വിശദമാക്കാമോ?

(എ&ബി) മാക്കേകടവ്-നേരെകടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ബാലൻസ് പ്രവൃത്തി ചെയ്യുന്നതിനായി കരാറുകാരൻ റേറ്റ് റിവിഷൻ ആവശ്യപ്പെടുകയും അതിൻപ്രകാരം പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രൊപ്പോസൽ സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. പ്രസ്തുത പ്രവൃത്തി സർക്കാരിന്റെ അംഗീകാരത്തോടെ DSoR 2018 ഐറ്റം റേറ്റിൽ നിലവിലുള്ള ഡിസൈൻ പ്രകാരം നിലവിലെ കരാറുകാരനെക്കൊണ്ട് ചെയ്യിക്കാനും കരാറുകാരൻ വിസമ്മതിക്കുകയാണെങ്കിൽ കരാറുകാരന്റെ ഭാഗിക നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി റദ്ദ് ചെയ്യാനും 2018 DSoR ഐറ്റം റേറ്റിൽ പ്രവൃത്തി ടെൻഡർ ചെയ്ത് നടപ്പാക്കാനും നിർദ്ദേശിച്ചു. 13-07-2023-ൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ ദക്ഷിണ മേഖല ആലപ്പുഴ കരാറുകാരനെ അറിയിക്കുകയും 48,93,84,208/- രൂപയ്ക്ക് ബാക്കി പ്രവൃത്തി

ചെയ്യാൻ തയ്യാറാണെന്ന് കരാറുകാരൻ അറിയിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയം ചർച്ച ചെയ്യുന്നതിനായി പൊതുമരാമത്ത് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 14-08-2023-ന് ഉന്നതതല യോഗം ചേർന്നിരുന്നു. ഈ യോഗതീരുമാനപ്രകാരം അംഗീകരിച്ച ഡിസൈന്റെ അടിസ്ഥാനത്തിൽ ബാലൻസ് പ്രവൃത്തിക്ക് DsoR 2018, GST 18% പ്രകാരമുള്ള എസ്റ്റിമേറ്റ് തുക, DsoR 2018 + 10% പ്രകാരമുള്ള തുക, LMR പ്രകാരമുള്ള തുക എന്നിവ ശാസ്ത്രീയമായി കണക്കാക്കി സർക്കാരിലേയ്ക്ക് സമർപ്പിക്കാൻ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഈസ്റ്റ് ഒറ്റപ്പാലം സമാന്തരപാലം നിർമ്മാണം**

**111 (1378)** ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ ഈസ്റ്റ് ഒറ്റപ്പാലം സമാന്തരപാലം നിർമ്മാണം എന്ന പ്രവൃത്തിയുടെ ഡി1/298/2020-പി.ഡബ്ല്യു.ഡി. എന്ന ഫയലിൽ എന്ത് തീരുമാനമാണ് നിലവിൽ സ്വീകരിച്ചിട്ടുള്ളത്?

ഒറ്റപ്പാലം മണ്ഡലത്തിൽ ഈസ്റ്റ് ഒറ്റപ്പാലം പാലത്തിന് സമാന്തരപാലം നിർമ്മാണം എന്ന പ്രവൃത്തിക്കായി 04-08-2023-ലെ സ.ഉ.(സാധാ)

നം.1069/2023/പൊമവ നമ്പർ ഉത്തരവുപ്രകാരം 508 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ഫയലിന്റെ റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് സെക്രട്ടേറിയറ്റ് പൊതുമരാമത്ത് വകുപ്പ് അണ്ടർ സെക്രട്ടറി കത്ത് നൽകിയിരുന്നോ; എങ്കിൽ ആയതിന്റെ തീയതി, പ്രസ്തുത റിപ്പോർട്ടിന്റെ വിശദ വിവരങ്ങൾ എന്നിവ ലഭ്യമാക്കുമോ?

10-12-2022-ലെ ഡി1/298/2020-പി.ഡബ്ല്യു.ഡി. നമ്പർ കത്തുപ്രകാരം പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറോട് റിപ്പോർട്ട് ആവശ്യപ്പെടുകയും 01-03-2023-ലെ CEPWD/4290/2022-AB3-BR നമ്പർ കത്തുപ്രകാരം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചിട്ടുമുണ്ടായിരുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് 04-08-2023-ലെ സ.ഉ.(സാധാ) നം.1069/2023/പൊമവ പ്രകാരം ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചത്.

**അഴിമതി കേസിൽ സസ്പെൻഡ് ചെയ്യപ്പെട്ടവർ**

**112 (1379)** <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പൊതുമരാമത്ത് വകുപ്പ് എത്ര ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്; വ്യക്തമാക്കാമോ?

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പൊതുമരാമത്ത് വകുപ്പിൽ 198 ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്.

(ബി) ഏതൊക്കെ കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടവരെയാണ് സസ്പെൻഡ് ചെയ്തത്; ഇതിൽ അഴിമതി കേസിൽ സസ്പെൻഡ് ചെയ്യപ്പെട്ടവർ എത്രപേരുണ്ട്; വ്യക്തമാക്കാമോ?

അനധികൃത സ്വത്ത് സമ്പാദനം, വിവിധ വിഷയങ്ങളിന്മേലുള്ള പോലീസ് കേസുകളിലുൾപ്പെട്ട് റിമാൻഡ് ചെയ്യപ്പെടുന്ന അവസരം, പൊതുമരാമത്ത് വകുപ്പ് വിശ്രമകേന്ദ്രങ്ങളുടെ പരിപാലനത്തിലും നടത്തിപ്പിലുമുള്ള വീഴ്ചകൾ, വിവിധ റോഡുനിർമ്മാണത്തിലുള്ള അഴിമതി, സാമ്പത്തിക ക്രമക്കേട്, ധനകാര്യ പരിശോധന വിഭാഗം പരിശോധന എം.എൽ.എ.-യുമായി നടത്തി കണ്ടെത്തിയ ക്രമക്കേടുകൾ, വനിതാ ജീവനക്കാർ ഉൾപ്പെടെയുള്ള സഹജീവനക്കാരോട് അപമര്യാദയോടുള്ള പെരുമാറ്റം എന്നിങ്ങനെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾക്ക്

വിരുദ്ധമായി പ്രവർത്തിച്ചിട്ടുള്ള ജീവനക്കാരെയാണ് സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്തിട്ടുള്ളത്. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ ശിപാർശയനുസരിച്ച് 8 പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞവരിൽ എത്ര പേരെ സർവ്വീസിൽ തിരിച്ചെടുത്തിട്ടുണ്ട്; എത്രപേർ നിലവിൽ സസ്പെൻഷനിൽ തുടരുന്നുണ്ട്; വ്യക്തമാക്കാമോ?

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ ശിപാർശയനുസരിച്ച് സസ്പെൻഡ് ചെയ്ത 8 ഉദ്യോഗസ്ഥരിൽ 6 പേരെ സർവ്വീസിൽ തിരിച്ചെടുക്കുകയും 2 പേർ സസ്പെൻഷനിൽ തുടരുകയും ചെയ്യുന്നു.

(ഡി) അഴിമതി കേസിലുൾപ്പെട്ട് സസ്പെൻഷൻ ആയവരെ സർവ്വീസിൽ തിരിച്ചെടുത്തിട്ടുണ്ടോ; എങ്കിൽ സസ്പെൻഡ് ചെയ്ത തീയതി, സസ്പെൻഷൻ കാലയളവ്, തിരിച്ചെടുത്ത തീയതി എന്നിവ സഹിതം വ്യക്തമാക്കാമോ?

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ ശിപാർശയനുസരിച്ച് സസ്പെൻഡ് ചെയ്യപ്പെട്ട 8 ഉദ്യോഗസ്ഥരിൽ 6 പേരെ സർവ്വീസിൽ തിരിച്ചെടുത്തിട്ടുണ്ട്. വിശദവിവരം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

**ഗുരുവായൂർ മണ്ഡലത്തിലെ പൂർത്തീകരിക്കാത്ത പദ്ധതികൾ**

**113 (1380)** ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ 2016 മുതൽ പൊതുമരാമത്ത് വകുപ്പുവഴി നടപ്പിലാക്കുന്ന പദ്ധതികളിൽ പൂർത്തീകരിക്കാത്ത പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പൂർത്തീകരിക്കാത്ത പ്രസ്തുത പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) നിരത്ത് വിഭാഗം: ഗുരുവായൂർ മണ്ഡലത്തിൽ 2016 മുതൽ പൊതുമരാമത്ത് നിരത്ത് വിഭാഗം വഴി നടപ്പിലാക്കുന്ന പദ്ധതികളിൽ പൂർത്തീകരിക്കാത്ത പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം-1 ആയി+ ചേർത്തിരിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കെട്ടിട വിഭാഗം:

രാമു കാര്യാട്ട് സ്മാരക നിർമ്മാണം:- ഈ പ്രവൃത്തിക്കുവേണ്ടി ഭരണാനുമതി ലഭിച്ചത് ജി.ഒ.(ആർ.ടി)നം.339/2019 പ്രകാരം 05-08-2019-ലാണ്. ഗുരുവായൂർ നിയോജകമണ്ഡലം എം.എൽ.എ. ശ്രീ. കെ. വി. അബ്ദുൾ ഖാദറിന്റെ 2016-17-ലെ ആസ്തി വികസന ഫണ്ടിൽനിന്നും 280 ലക്ഷം രൂപ ചെലവഴിക്കുന്നതിനായിരുന്നു ഭരണാനുമതി. ഇത് ലഭിക്കുന്നതിനുമുൻപുതന്നെ 15-11-2018-ൽ ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി രാമു കാര്യാട്ട് സ്മാരക നിർമ്മാണത്തിനായി ഉദ്ദേശിക്കുന്ന സ്ഥലം അളന്നുതിട്ടപ്പെടുത്തിയ സ്കെച്ച് നൽകിയിരുന്നു. പ്രസ്തുത സർവ്വേ സ്കെച്ചിൽ (സർവ്വേ നം.22/11 റോഡിന്റെ പൊസിഷൻ മാർക്ക് ചെയ്തു ലഭിക്കുന്നതിനായി 28-06-2021-ൽ കത്ത് നൽകിയിരുന്നു. തുടർന്ന് കെട്ടിട നിർമ്മാണത്തിനുവേണ്ട റിക്വയർമെന്റ് ലഭ്യമാക്കുന്നതിനും കത്ത് നൽകിയിരുന്നു. ഇതിനുശേഷം സ്ഥലം എം.എൽ.എ.-യുമായി മീറ്റിംഗുകളെത്തുടർന്ന് നിർമ്മാണത്തിനായി ഉദ്ദേശിച്ചിരുന്ന സ്ഥലം സി.ആർ. സോണിൽ ഉൾപ്പെടുന്നതാണെന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിക്കുകയുണ്ടായി. തീരദേശ പരിപാലന

നിയമം അനുസരിച്ചുതന്നെ പ്രവൃത്തി കൊണ്ടുപോകുന്നതിന് അവശ്യംവേണ്ട മാർക്കിംഗുകൾ രേഖപ്പെടുത്തിയ സ്കെച്ച് ലഭ്യമാക്കിത്തരുന്നതിന് കത്ത് നൽകി. വീണ്ടും ബന്ധപ്പെട്ട സർവ്വേ 221-ൽത്തന്നെ കുറച്ച് മുന്നോട്ടുമാറി കെട്ടിടം പണിയുന്നതിന് ധാരണയാകുകയും ചെയ്തു. ഇതിനുശേഷം 24-09-2022-ലാണ് ചാവക്കാട് തഹസിൽദാറിൽനിന്നും രാമു കാര്യാട്ട് സ്മാരകം പണിയുന്നതിനുള്ള മാർക്ക് ചെയ്ത സ്കെച്ച് ലഭിക്കുന്നത്. ശേഷം വിശദമായ രൂപരേഖ തയ്യാറാക്കുന്നതിന് ആർക്കിടെക്ചറൽ വിഭാഗത്തെ അറിയിക്കുകയും 27-02-2023-ന് തയ്യാറാക്കിയ ആർക്കിടെക്ചറൽ ഡ്രോയിംഗ് അംഗീകാരത്തിനും നിർമ്മാണത്തിന്റെ പെർമിറ്റിനുംവേണ്ടി ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകുകയും ചെയ്തു. തുടർന്ന് ആർക്കിടെക്ചറൽ ഡ്രോയിംഗ് അംഗീകരിക്കുകയും സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പ്രസ്തുത ഭരണാനുമതിയിൽനിന്നും പൂർത്തീകരിച്ച റിപ്പോർട്ടും ഫീസിബിലിറ്റി റിപ്പോർട്ടും സഹിതം 28-06-2023-ന് ജോയിന്റ് ഡയറക്ടർ, റീജിയണൽ ഡിസൈൻ കാര്യാലയത്തിലേയ്ക്ക് സ്ട്രക്ചറൽ ഡിസൈനുവേണ്ടി നൽകിയിട്ടുണ്ട്.

ഡിസൈൻ വിഭാഗം:

(1) ഗുരുവായൂർ മണ്ഡലത്തിലെ ചാവക്കാട് കോർട്ട് കോംപ്ലക്സ് നിർമ്മാണം:- കെട്ടിടത്തിന്റെ ഡിസൈൻ, പ്രസ്തുത കെട്ടിടത്തിന്റെ സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് 17-06-2022-നും ആർക്കിടെക്ചറൽ ഡ്രോയിംഗ് 05-04-2023-നും ഡിസൈൻ വിഭാഗത്തിന് ലഭിച്ചിട്ടുണ്ട്. ഇതുപ്രകാരമുള്ള test pile-ന് ആവശ്യമായ structural details of pile എന്ന ഡ്രോയിംഗ് ഡിസൈൻ വിഭാഗത്തിൽനിന്നും 11-07-2023-ന് നൽകിയിട്ടുണ്ട്. Pile load test report കിട്ടുന്ന മുറയ്ക്ക് ബാക്കി ഡ്രോയിംഗുകൾ നൽകുന്നതാണ്.

(2) ചാവക്കാട് താലൂക്ക് ആശുപത്രിയിലെ കാഷ്വാലിറ്റി കോംപ്ലക്സ് നിർമ്മാണം പ്രവൃത്തിയുടെ detailed architectural drawing ലഭിച്ചിട്ടില്ല. എന്നിരുന്നാലും നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തി ചെയ്യുന്നതിനായി ഈ പ്രവൃത്തിയുടെ ഭരണാനുമതിക്കായുള്ള tentative design 14-09-2022-ന് അടിയന്തര പ്രാധാന്യമായി തയ്യാറാക്കിയിട്ടുണ്ട്.

(3) തൃശ്ശൂർ ചേറ്റുവ ഏങ്ങണ്ടിയൂർ പഞ്ചായത്തിലെ രാമു കാര്യാട്ട് സ്മാരക നിർമ്മാണം എന്ന പ്രവൃത്തിയുടെ tentative design പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

കെ.ആർ.എഫ്.ബി.-പി.എം.യു.

ചിങ്ങനാട്ട് കടവ് പാലം- ചിങ്ങനാട്ട് കടവ് പാലത്തിന് 10-07-2017-ലെ G.O.(Rt)No.942/2017/PWD ഉത്തരവുപ്രകാരം 40 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ചു. 10-11-2020-ലെ PWD016-36/APR-5/2020/KIIFB ഉത്തരവ് പ്രകാരം 30.77 ലക്ഷം രൂപ സ്ഥലം ഏറ്റെടുക്കുന്നതിനുൾപ്പെടെ കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിച്ചു. പ്രോജക്റ്റിനുവേണ്ടിയുള്ള അതിർത്തിക്കല്ലുകൾ സ്ഥാപിച്ചിട്ടുള്ളതാണ്. കൂടാതെ റവന്യൂ വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയശേഷം 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. നിലവിൽ സാമൂഹികാഘാത പഠനത്തിനായിട്ടുള്ള SIA Unit-നെ സെലക്ട് ചെയ്തിട്ടുണ്ട്.

കെ.എസ്.സി.സി.

സബ് രജിസ്ട്രാർ ഓഫീസ് അണ്ടത്തോട് (കിഫ്ബി ഫണ്ട്) പ്രവൃത്തിയുടെ 60% പൂർത്തീകരിച്ചിട്ടുണ്ട്.

ആർ.ബി.ഡി.സി.കെ.

ഗുരുവായൂർ മേൽപ്പാലത്തിന്റെ നിർമ്മാണം 80% പൂർത്തീകരിച്ചിട്ടുണ്ട്. 3 മാസത്തിനുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു.

**തീരദേശ ഹൈവേയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ**

**114 (1381)** **ശ്രീ. സി. ആർ. മഹേഷ്:**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ:**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ?

സംസ്ഥാനത്ത് തീരപ്രദേശത്തിന്റെ സമഗ്രവികസനം സാധ്യമാക്കുന്നതിന് പശ്ചാത്തലസൗകര്യം ഒരുക്കുകയെന്ന ലക്ഷ്യത്തോടെയാണ് തീരദേശപാത നിർമ്മിക്കുന്നത്. തീരദേശ ജനതയുടെ തൊഴിലും ജീവിതസാഹചര്യവും മെച്ചപ്പെടുത്താൻ തീരദേശപാതയിലൂടെ സാധ്യമാകും. മത്സ്യബന്ധന തുറമുഖങ്ങളെ ബന്ധപ്പെടുത്തിപ്പോകുന്ന പാത

ഈ മേഖലയിൽ മികച്ച പശ്ചാത്തലസൗകര്യത്തിന് സഹായിക്കും. ഇതോടെ മത്സ്യ-മത്സ്യ അനുബന്ധ വ്യവസായങ്ങളും വളരും. തീരദേശ മേഖലയിലെ മറ്റ് ചെറുകിട വ്യവസായങ്ങളുടെ വളർച്ചയ്ക്കും തീരദേശപാത സഹായിക്കും. പ്രസിദ്ധമായ കേരളത്തിന്റെ ബീച്ച് ടൂറിസവും ഈ പദ്ധതിയിലൂടെ വളർച്ച നേടും.

(ബി) തീരദേശ ഹൈവേയുടെ സമഗ്ര പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ പ്രധാന സവിശേഷതകൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

തീരദേശ ഹൈവേയുടെ ഭാഗമായി പൊന്നാനി അഴിമുഖത്തിനുകുറുകെ കേബിൾ സ്റ്റേയ്ഡ് ബ്രിഡ്ജ് നിർമ്മിക്കുന്നതിനും അതിന്റെ അപ്രോച്ച് റോഡും നിലവിലെ പൊന്നാനി ടൗണിലെ റോഡ് വീതി കൂട്ടുന്നതിനുമായി 4.8 കി.മീ. ആർ.ബി.ഡി.സി.കെ.-യുടെ കീഴിലാണ് വരുന്നത്. ഈ 4.8 കി.മീ.-ന് DPR, RBDCK തയ്യാറാക്കുകയും കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുള്ളതാണ്. തീരദേശ ഹൈവേയുടെ 44 റീച്ചുകളാണ് (520 കി.മീ.) കെ.ആർ.എഫ്.ബി.-പി.എം.യു.-വിന് കീഴിൽവരുന്നത്. ഇതിൽ

8 റീച്ചുകളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുകയും സ്ഥലമേറ്റെടുക്കുന്നതിനുൾപ്പെടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സാമ്പത്തികാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. 2 റീച്ചുകളുടെ DPR കിഫ്ബിയിൽ സമർപ്പിച്ചിരിക്കുന്നു. മറ്റു റീച്ചുകളിൽ വിശദ പദ്ധതിരേഖ തയ്യാറാക്കുന്നത് പുരോഗമിക്കുന്നു. 14 മുതൽ 15.6 മീറ്റർ വീതിയിലാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഫുട്ട്പാത്ത്, യൂട്ടിലിറ്റി ഡക്ടുകൾ, അമിനിറ്റി സെന്ററുകൾ, ബസ് ബേകൾ, ട്രക്ക് ലേ ബൈകൾ എന്നിവ പദ്ധതിയുടെ ഭാഗമാണ്. അതോടൊപ്പം സൈക്കിൾ ട്രാക്കും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതികൊണ്ടുണ്ടാകാനിടയുള്ള സാമൂഹികാഘാതങ്ങൾ എന്തൊക്കെയാണെന്നും പരിസ്ഥിതിയെ ഈ പദ്ധതി എപ്രകാരം ബാധിക്കുന്നുവെന്നും വിശദമായ പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഡി.പി.ആർ. തയ്യാറാക്കുന്ന ഘട്ടത്തിൽ നിയമപരമായി ആവശ്യമുള്ള എല്ലാ പഠനവും നടത്തുന്നുണ്ട്. റവന്യൂ വകുപ്പ് 4(1) നോട്ടിഫിക്കേഷൻ

പ്രസിദ്ധീകരിച്ചശേഷം Expert Committee മുഖാന്തരം സാമൂഹികാഘാത പഠനം, പൊതു ഹിയറിംഗ് എന്നിവ നടത്തുന്നുണ്ട്.

**പ്രധാന ജംഗ്ഷനുകൾ വികസിപ്പിക്കാൻ പദ്ധതി**

**115 (1382)** ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാനസൗകര്യ വികസനം നഗര-ഗ്രാമ ഭേദമെന്യേ എല്ലായിടത്തും ഒരുപോലെ എത്തിക്കുകയെന്ന ലക്ഷ്യം പൂർത്തീകരിക്കാനായി പൊതുമരാമത്ത് വകുപ്പ് എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ പ്രധാന ജംഗ്ഷനുകൾ വികസിപ്പിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എത്ര കോടി രൂപയാണ് ഇതിനായി നീക്കിവച്ചിട്ടുള്ളത്; പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ;

(സി) പ്രധാന ജംഗ്ഷനുകളുടെ വികസനത്തിന് സ്ഥലമേറ്റെടുക്കുന്ന നടപടികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

(എ-സി) <u>നിരത്ത് വിഭാഗം</u>: പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന്റെ കീഴിൽ അടിസ്ഥാനസൗകര്യ വികസനത്തിനായി നിരവധി റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ റോഡുകളും ബി.എം. & ബി.സി. നിലവാരത്തിലേയ്ക്ക് ഘട്ടംഘട്ടമായി ഉയർത്താൻ ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. അടിസ്ഥാനസൗകര്യ വികസനം നഗര-ഗ്രാമ ഭേദമെന്യേ എല്ലായിടത്തും ഒരുപോലെ എത്തിക്കുന്നതിനായി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയും നബാർഡ് ധനസഹായത്തോടെയും ഉൾപ്പെടെ വിവിധ പദ്ധതികൾ നിരവധി റോഡ് പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കിവരുന്നുണ്ട്.

<u>പാലങ്ങൾ വിഭാഗം</u>: അടിസ്ഥാനസൗകര്യ വികസനം നഗരഗ്രാമ ഭേദമന്യേ ഒരുപോലെ എത്തിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗം പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് ശ്രദ്ധിക്കുന്നു.

കൂടാതെ 144 പാലം പ്രവൃത്തികൾക്ക് ഭരണാനുമതി/പുനർ ഭരണാനുമതി നൽകിയിട്ടുമുണ്ട്.

കെ.ആർ.എഫ്.ബി.: അടിസ്ഥാന സൗകര്യ വികസനം നഗര-ഗ്രാമ ഭേദമെന്യേ എല്ലായിടത്തും ഒരുപോലെ എത്തിക്കുകയെന്ന ലക്ഷ്യം പൂർത്തീകരിക്കാനായി കെ.ആർ.എഫ്.ബി. വിഭാവനം ചെയ്ത പ്രവൃത്തികളുടെ വിവരം അനുബന്ധമായി+ ചേർക്കുന്നു.

ആർ.ബി.ഡി.സി.കെ.: സംസ്ഥാനത്തെ പ്രധാന ജംഗ്ഷനുകളിൽ ഒന്നായ എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിലെ മരട് വില്ലേജിൽ ഉൾപ്പെട്ട കുണ്ടന്നൂർ ജംഗ്ഷൻ വികസിപ്പിക്കുന്നതിന് 26-04-2022-ലെ ജി.ഒ.(എം.എസ്) 13/2022/പി.ഡബ്ല്യു.ഡി നം. ഉത്തരവുപ്രകാരം കിഫ്ബി ഫണ്ടുപയോഗിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (ആർ.ബി.ഡി.സി.കെ.)-നെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ ആർ.ബി.ഡി.സി.കെ. കിഫ്ബി മുമ്പാകെ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുകയും 30-03-2023-ലെ പി.ഡബ്ല്യു.ഡി. 009-06/ടി ഇ-

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

1/2023/കിഫ്ബി ഉത്തരവുപ്രകാരം പദ്ധതി നിർവ്വഹണത്തിനായി കിഫ്ബിയിൽനിന്നും 10.53 കോടി രൂപ അനുവദിച്ചിട്ടുള്ളതുമാണ്. തുടർന്ന് 06-05-2023-ലെ കത്ത് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള അപേക്ഷ ആർ.ബി.ഡി.സി.കെ. എറണാകുളം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 26-06-2023-ലെ എറണാകുളം ജില്ലാ കളക്ടറുടെ സി.4-4616/23 നം. നടപടിക്രമം പ്രകാരം എറണാകുളം കിഫ്ബി പൊന്നുംവില യൂണിറ്റ് സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) കിഫ്ബിയെ ഭൂമി ഏറ്റെടുക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. 22-05-2023-ലെ ജി.ഒ.(ആർ.ടി)1954/2023/ആർ.ഡി., 04-08-2023-ലെ ജി.ഒ.(ആർ.ടി) 2878/2023/ആർ.ഡി. എന്നീ ഉത്തരവുകൾ പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിൽനിന്നുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

<u>കെ.ആർ.എഫ്.ബി.-പി.എം.യു.</u>: കിഫ്ബിയുടെ സാമ്പത്തിക സഹായത്തിന്റെ അടിസ്ഥാനത്തിൽ കെ.ആർ.എഫ്.ബി., പി.എം.യു.-ന്റെ കീഴിൽ അടിസ്ഥാനസൗകര്യ വികസനം നഗരഗ്രാമ ഭേദമെന്യേ

നടപ്പാക്കുന്നതിന്റെ ഭാഗമായി മലയോര പ്രദേശത്തിന്റെ സമഗ്ര വികസനം മുൻനിർത്തി മലയോര ഹൈവേയും തീരപ്രദേശത്തിന്റെ സമഗ്ര വികസനം മുൻനിർത്തി തീരദേശ ഹൈവേയും കൂടാതെ വിവിധ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണവും വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്. സംസ്ഥാനത്തെ 20 ജംഗ്ഷനുകളുടെ വികസനത്തിനായി 2022-2023-ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ 05-11-2022-ലെ GO (Rt)നം.1069/1022/PWD പ്രകാരം 200 കോടി രൂപയുടെ ഭരണാനുമതി നൽകി. തുടർന്ന് പ്രസ്തുത ജംഗ്ഷനുകളുടെ ലാൻഡ് അക്വിസിഷൻ പ്ലാൻ, DPR എന്നിവ തയ്യാറാക്കുന്നതിന് PWD ഡിസൈൻ വിംഗിനെ ചുമതലപ്പെടുത്തി. തിരുവനന്തപുരം ജില്ലയിലെ അമ്പലമുക്ക് - സാന്ത്വന ജംഗ്ഷൻ, കൊല്ലം ജില്ലയിലെ പള്ളിമുക്ക് ജംഗ്ഷൻ, പാലക്കാട് ജില്ലയിലെ കുറ്റനാട് ജംഗ്ഷൻ, കോഴിക്കോട് ജില്ലയിലെ ഫാറൂഖ്-പേട്ട ജംഗ്ഷൻ, കണ്ണൂർ ജില്ലയിലെ ചക്കരക്കൽ ജംഗ്ഷൻ എന്നിവയ്ക്ക് ഇതിനോടകം LA പ്ലാൻ തയ്യാറാക്കി കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി നേടിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിന്

സാമ്പത്തികാനുമതി ലഭിച്ച 5 ജംഗ്ഷനുകളിൽ അതിരടയാളക്കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ പ്രാരംഭഘട്ടത്തിലാണ്.

കെ.എസ്.ടി.പി.: അടിസ്ഥാനസൗകര്യ വികസന ലക്ഷ്യം പൂർത്തീകരിക്കാനായി സംസ്ഥാനത്തെ റോഡുകളുടെ ഗതാഗത നിലവാരം വർദ്ധിപ്പിക്കുന്നതിനായി നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ച് അന്താരാഷ്ട്ര നിലവാരത്തിൽ റോഡുകൾ പുനരുദ്ധരിക്കുന്നതിനാണ് കെ.എസ്.റ്റി.പി. ദീർഘദൂര പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കുന്നത്. കൂടാതെ കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കുന്ന തരത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം റോഡുകളുടെ പുനരുദ്ധാരണവും കെ.എസ്.റ്റി.പി. നടപ്പിലാക്കുന്നുണ്ട്.

**പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

**116 (1383)** ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനകാര്യ വകുപ്പിന്റെ അനുമതിയില്ലാതെ മന്ത്രിസഭയുടെ അംഗീകാരത്തോടെ

പൊതുമരാമത്ത് വകുപ്പ് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ, പ്രവർത്തനങ്ങൾ, തീരുമാനങ്ങൾ എന്നിവ എന്തൊക്കെയാണ്; വിശദമാക്കാമോ?

പൊതുമരാമത്ത് (ബി) വകുപ്പിന്റെ ബി1/67/2023/പൊമവ ഫയലിൽ തൃശ്ശൂർ റോഡ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ. മല്ലൻ സി.-ക്ക് ധനകാര്യ വകുപ്പിന്റെ അനുമതി തേടാതെ മന്ത്രിസഭയുടെ അംഗീകാരത്തോടെ പാലക്കാട് ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ചിട്ടുണ്ട്.

(ബി) മേൽ സൂചിപ്പിച്ച ഓരോ വിഷയത്തിലും ധനകാര്യ വകുപ്പ് നൽകിയ റിമാർക്ക്സ് എന്തായിരുന്നു; ഓരോ തീരുമാനവും സംബന്ധിച്ച ക്യാബിനറ്റ് നോട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഓരോന്നും നടപ്പാക്കിയതിലൂടെ എത്ര രൂപയുടെ ബാധ്യതയുണ്ടായതായി കണക്കാക്കുന്നു; വിശദാംശം നൽകാമോ?

ശ്രീ. മല്ലൻ സി.-ക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ചതുമായി ബന്ധപ്പെട്ട ക്യാബിനറ്റ് നോട്ട് അനുബന്ധമായി+ ചേർത്തിരിക്കുന്നു. ഇക്കാര്യത്തിൽ സാമ്പത്തിക ബാധ്യതയില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

**തീരദേശ ഹൈവേയ്ക്കുവേണ്ടി ഭൂമി ഏറ്റെടുക്കൽ**

**117 (1384)** **ശ്രീ. പി. സി. വിഷ്ണുനാഥ്:**
**ശ്രീമതി കെ. കെ. രമ:**
**ശ്രീ. എം. വിൻസെന്റ്:**
**ശ്രീമതി ഉമ തോമസ്:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേ പദ്ധതിക്കായി സ്ഥലമേറ്റെടുക്കൽ സംബന്ധിച്ച് ഉത്തരവുകളോ നിർദ്ദേശങ്ങളോ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

തീരദേശ ഹൈവേ പദ്ധതി പ്രദേശങ്ങളുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിൽ നാലും കൊല്ലം ജില്ലയിൽ മൂന്നും ആലപ്പുഴ ജില്ലയിൽ രണ്ടും എറണാകുളം ജില്ലയിൽ ഒന്നും തൃശ്ശൂർ ജില്ലയിൽ ഒന്നും മലപ്പുറം ജില്ലയിൽ മൂന്നും കോഴിക്കോട് ജില്ലയിൽ ഏഴും കണ്ണൂർ ജില്ലയിൽ ഒന്നും കാസർഗോഡ് ജില്ലയിൽ രണ്ടും സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനുപുറമേ ഭൂമിയുടെ സർവ്വേ നമ്പറുകൾ ഉൾപ്പെടുത്തി സർവ്വേ അതിരടയാള നിയമപ്രകാരം 6(1) വിജ്ഞാപനവും ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(ബി) 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരമാണോ ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ നടപടികൾ നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

2013-ലെ സ്ഥലമേറ്റെടുക്കൽ നിയമം (THE RIGHT TO FAIR COMPENSATION AND TRANSPARENCY IN LAND ACQUISITION, REHABILITATION AND RESETTLEMENT ACT, 2013) അടിസ്ഥാനമാക്കിയാണ് പദ്ധതിയുടെ സ്ഥലമേറ്റെടുക്കൽ നടപടികൾ നടത്തുന്നത്. ഇതിനുപുറമെ തീരദേശ മേഖലയുടെ സവിശേഷതകൾ കണക്കിലെടുത്ത് തീരദേശ ഹൈവേ പദ്ധതിക്കായി പ്രത്യേക പുനരധിവാസ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) തീരദേശ ഹൈവേ പദ്ധതി ബാധിക്കുന്നവരെ ഉൾപ്പെടുത്തി പൊതുഹിയറിംഗ് നടത്തി അവരുടെ പരാതി പരിഹരിക്കാൻ നാളിതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ?

തീരദേശ ഹൈവേ പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജനപ്രതിനിധികളുമായി ചർച്ച നടത്തിയാണ് മുന്നോട്ടുപോകുന്നത്. പദ്ധതിയുടെ റൂട്ടും അലൈൻമെന്റും ജനപ്രതിനിധികളുമായി ചർച്ച ചെയ്താണ് സ്ഥലമേറ്റെടുക്കൽ പ്ലാനുകൾ (Land Acquisition Plan) തയ്യാറാക്കിയിട്ടുള്ളത്.

തദ്ദേശസ്ഥാപനതലത്തിലെ ജനപ്രതിനിധികളുമായി ചർച്ച നടത്തുകയും ഫീൽഡുതല പരിശോധനകൾ നടത്തുകയും ചെയ്തിട്ടുണ്ട്. ജനപ്രതിനിധികളുടെ നിർദ്ദേശങ്ങൾകൂടി കണക്കിലെടുത്ത് അലൈൻമെന്റിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. പ്രസ്തുത ഇടങ്ങളിൽ, പദ്ധതിയെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ ജനങ്ങളുമായി പങ്കുവച്ച് സുതാര്യമായ രീതിയിലാണ് മുന്നോട്ടുപോകുന്നത്. 2013-ലെ RFCTLARR ആക്ടിലെ മാനദണ്ഡങ്ങൾക്കനുസൃതമായി അതത് ഘട്ടങ്ങളിൽ നോട്ടിഫിക്കേഷനുകൾ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നുണ്ട്. ജനപ്രതിനിധികൾ പങ്കെടുത്ത് വിശദീകരണ യോഗങ്ങൾ നടത്തിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള യോഗവിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു. ഇതിനുപുറമേ തീരദേശ ഹൈവേ പദ്ധതിയുടെ പുനരധിവാസ പ്രവൃത്തികൾക്കുള്ള SPV ആയി നിയോഗിച്ചിട്ടുള്ള കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ (KSCADC) വിവിധ റീച്ചുകളിൽ വീടുവീടാന്തരം സർവ്വേ നടത്തി പദ്ധതിയെക്കുറിച്ച് വിശദീകരിച്ച് ജനങ്ങളുടെ ആശങ്കകൾ ദൂരീകരിക്കുന്നുണ്ട്. റവന്യൂ വകുപ്പ് 4(1) നോട്ടിഫിക്കേഷൻ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പ്രസിദ്ധീകരിച്ച ഇടങ്ങളിൽ Expert Committee മുഖാന്തരം സാമൂഹികാഘാത പഠനം, പബ്ലിക് ഹിയറിംഗ് എന്നിവ നടത്തുകയും ചെയ്യുന്നുണ്ട്.

(ഡി) പ്രസ്തുത പദ്ധതിയുടെ ഭാഗമായുള്ള പുനരധിവാസ പാക്കേജ് 13 ലക്ഷം രൂപയുടെ ഒറ്റത്തവണ സെറ്റിൽമെന്റോ അല്ലെങ്കിൽ 600 സ്ക്വയർഫീറ്റ് ഫ്ലാറ്റോ ആണെന്നത് വസ്തുതയാണോ; വ്യക്തമാക്കാമോ?

തീരദേശ മേഖലയുടെ പ്രത്യേകതകൂടി പരിഗണിച്ച് സമഗ്രമായ പുനരധിവാസ പാക്കേജാണ് സർക്കാർ തയ്യാറാക്കിയിരിക്കുന്നത്. എല്ലാ വിഭാഗം ജനങ്ങൾക്കും പുനരധിവാസം ഉറപ്പാക്കുന്നതാണ് പുനരധിവാസ പാക്കേജ്. പാക്കേജിനെ രണ്ട് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഉടമസ്ഥാവകാശ രേഖകളുള്ളവർ കാറ്റഗറി ഒന്നിൽ ഉൾപ്പെടും. കാറ്റഗറി ഒന്നിൽ ഉൾപ്പെട്ടവർക്ക് ഭൂമി ഏറ്റെടുക്കുമ്പോൾ 2013-ലെ നിയമപ്രകാരമുള്ള നഷ്ടപരിഹാരം ലഭിക്കും. അതോടൊപ്പം കെട്ടിടം ഏറ്റെടുക്കുമ്പോൾ കെട്ടിടത്തിന് നിശ്ചയിക്കുന്ന തുകയിൽനിന്നും ഡിപ്രീസിയേഷൻ മൂല്യം കിഴിച്ച് സൊളേഷ്യം നൽകി, ഡിപ്രീസിയേഷൻ വാല്യു കൂട്ടിയ തുക നഷ്ടപരിഹാരമായി നൽകും. ഇതിനുപുറമെയാണ് പുനരധിവസിക്കപ്പെടേണ്ട

കുടുംബങ്ങൾക്ക് 600 ചതുരശ്രഅടി ഫ്ലാറ്റോ 13 ലക്ഷം രൂപയുടെ ഒറ്റത്തവണ നഷ്ടപരിഹാരമോ നൽകുന്നത്. ഭൂമിയുടെ ഉടമസ്ഥാവകാശ രേഖകൾ ഇല്ലാത്തവരെ പുനരധിവാസ പാക്കേജിന്റെ കാറ്റഗറി രണ്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതനുസരിച്ച് ഡിപ്രീസിയേഷൻ മൂല്യം കിഴിക്കാതെയുള്ള കെട്ടിട വില നഷ്ടപരിഹാരമായി ലഭിക്കും. അതോടൊപ്പം പുനരധിവസിക്കപ്പെടേണ്ട കുടുംബങ്ങൾക്ക് 600 ചതുരശ്ര അടി ഫ്ലാറ്റ് അല്ലെങ്കിൽ 13 ലക്ഷം രൂപയുടെ ഒറ്റത്തവണ നഷ്ടപരിഹാരം നൽകും.

**പൊതുമരാമത്ത് വകുപ്പ് ഓഫീസുകളിൽ മന്ത്രിയുടെ മിന്നൽ സന്ദർശനം**

118 (1385) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വകുപ്പിന്റെ ഏതെല്ലാം ഓഫീസുകളിലാണ് വകുപ്പുമന്ത്രി മിന്നൽ സന്ദർശനം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പിലെ വിവിധ ഓഫീസുകളുടെ പ്രവർത്തനം നേരിൽ കാണുന്നതിന്റെ ഭാഗമായി വിവിധ വിംഗുകളിലെ ഓഫീസുകൾ സന്ദർശിച്ചിട്ടുണ്ട്. പബ്ലിക് ഓഫീസ് കോമ്പൗണ്ടിൽ ചീഫ്

എഞ്ചിനീയർമാരുടെ ഓഫീസും KRFB, KRF-PMU ഓഫീസിലുമെത്തി പ്രവർത്തനം വിലയിരുത്തിയിരുന്നു. തിരുവനന്തപുരം പൂജപ്പുര ബിൽഡിംഗ്സ് ഓഫീസ്, പൊതുമരാമത്ത് വാസ്തുശിൽപ്പ വിഭാഗം കാര്യാലയം എന്നിവിടങ്ങളിലും മന്ത്രി നേരിട്ടെത്തി പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്.

(ബി) മിന്നൽ സന്ദർശനത്തിൽ എന്തെല്ലാം ന്യൂനതകളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പൂജപ്പുര ബിൽഡിംഗ്സ് സെക്ഷൻ ഓഫീസ് കാര്യാലയത്തിലും വാസ്തുശിൽപ്പ വിഭാഗം കാര്യാലയത്തിലും നിർബന്ധമായും സൂക്ഷിക്കേണ്ട രജിസ്റ്ററുകളായ ഹാജർ പുസ്തകം, മൂവ്മെന്റ് രജിസ്റ്റർ, പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ, കാഷ്വൽ ലീവ് രജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിക്കുന്നില്ലെന്ന് കണ്ടെത്തിയിരുന്നു.

(സി) തിരുവനന്തപുരത്ത് പബ്ലിക് ഓഫീസ് കോമ്പൗണ്ടിലുള്ള ഏതെല്ലാം ഓഫീസുകളിൽ മന്ത്രി മിന്നൽ സന്ദർശനം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

തിരുവനന്തപുരം പബ്ലിക് ഓഫീസ് കോമ്പൗണ്ടിലുള്ള ചീഫ് എഞ്ചിനീയർമാരുടെ ഓഫീസ് മന്ത്രി സന്ദർശിച്ചിരുന്നു. വാസ്തുശിൽപ്പ വിഭാഗം കാര്യാലയത്തിലും സന്ദർശനം നടത്തിയിട്ടുണ്ട്.

(ഡി) മിന്നൽ സന്ദർശനത്തിന്റെ ഭാഗമായി ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

പൂജപ്പുര ബിൽഡിംഗ്സ് സെക്ഷൻ ഓഫീസ് കാര്യാലയത്തിൽ നടത്തിയ സന്ദർശനത്തിന്റെ ഭാഗമായ വിലയിരുത്തലുകളിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ, ഓഫീസിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകളായ മൂവ്മെന്റ് രജിസ്റ്റർ, ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ, ഹാജർ പുസ്തകം എന്നിവ കൃത്യമായി പരിപാലിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താനും ഇതിൽ വീഴ്ചവരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കാനും പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകി. ഇതുമായി ബന്ധപ്പെട്ട് ഓഫീസ് ചുമതലയുള്ള അസിസ്റ്റന്റ് എഞ്ചിനീയറെ സ്ഥലംമാറ്റിയിരുന്നു. വാസ്തുശിൽപ്പ വിഭാഗം കാര്യാലയത്തിൽ

നടത്തിയ സന്ദർശനത്തിൽ ശ്രദ്ധയിൽപ്പെട്ട വീഴ്ചകളുമായി ബന്ധപ്പെട്ട് ചീഫ് ആർക്കിടെക്ട് ശ്രീ. രാജീവ് പി. എസ്., ഡെപ്യൂട്ടി ചീഫ് ആർക്കിടെക്ട് ശ്രീ. ഗിരീഷ് വി. എസ്. എന്നിവരെ 27-04-2023-ലെ സ.ഉ.(സാധാ) നം.533/2023/PWD പ്രകാരം അന്വേഷണ വിധേയമായി സർവ്വീസിൽനിന്ന് സസ്പെൻഡ് ചെയ്യുകയും ഇരുവർക്കുമെതിരെ കേരള സിവിൽ സർവ്വീസസ് (തരംതിരിവും, നിയന്ത്രണവും അപ്പീലും) റൂൾസ് ചട്ടം 16 പ്രകാരം അച്ചടക്ക നടപടികൾ ആരംഭിച്ചുകൊണ്ട് 20-06-2023-ലെ PWD-F1/21/2023-PWD പ്രകാരം കുറ്റപത്രം/കുറ്റാരോപണ പത്രിക നൽകുകയും ചെയ്തിട്ടുണ്ട്.

**നിർമ്മാണ രംഗത്ത് ആധുനിക സാങ്കേതികവിദ്യയുടെ ഉപയോഗം**

**119 (1386)** <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡിന് കുറുകെയുള്ള കലുങ്കുകൾ പ്രീകാസ്റ്റ് സാങ്കേതികവിദ്യ വഴി നിർമ്മിക്കാൻ നിർദ്ദേശം നൽകുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) ഗതാഗത കുരുക്കുകൾ ഒഴിവാക്കുന്നതിനും നിർമ്മാണം വളരെ ചുരുങ്ങിയ സമയംകൊണ്ട് പൂർത്തിയാക്കാനും സാധിക്കുന്നതിനാൽ ഇത്തരം സാങ്കേതികവിദ്യകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ?

(എ&ബി) റോഡിനുകുറുകെയുള്ള കലുങ്കുകൾ പ്രീകാസ്റ്റ് സാങ്കേതികവിദ്യ വഴി നിർമ്മിക്കുന്നത് പരിഗണനയിലുണ്ട്. അതത് പ്രവൃത്തികളുടെ നിർവ്വഹണ വിഭാഗത്തിന്റെ ആവശ്യകത പരിഗണിച്ച് പ്രസ്തുത സാങ്കേതികവിദ്യ നൽകാവുന്നത് പരിശോധിക്കാവുന്നതാണ്.

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

**120 (1387)** **ശ്രീ. ഇ. ചന്ദ്രശേഖരൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ കാഞ്ഞങ്ങാട് മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിയതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

കെ.ആർ.എഫ്.ബി.-പി.എം.യു.: കാഞ്ഞങ്ങാട് മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി കെ.ആർ.എഫ്.ബി.-പി.എം.യു. മുഖേന നടപ്പിലാക്കിയതും നടപ്പിലാക്കികൊണ്ടിരിക്കുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

ആർ.ബി.ഡി.സി.കെ.:

(1) കുശാൽ നഗർ റെയിൽവേ മേൽപ്പാലം: ഷൊർണ്ണൂർ-മംഗലാപുരം റെയിൽവേ പാതയിൽ നീലേശ്വരം-കാഞ്ഞങ്ങാട് റെയിൽവേ സ്റ്റേഷനുകൾക്കിടയിലായി 815/200-300 കി.മീ.-ൽ 273-ാം നമ്പർ ലെവൽക്രോസ്സിൽ കുശാൽ നഗറിൽ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ റെയിൽവേ നിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി 2018-19-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതിയാണ് കുശാൽ നഗർ റെയിൽവേ മേൽപ്പാല പദ്ധതി. 19-04-2018-ലെ സർക്കാർ ഉത്തരവ് (കൈ)നം.718/2018/പി.ഡബ്ല്യൂ.ഡി. പ്രകാരം പദ്ധതി നിർവ്വഹണത്തിന് ദ റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ലിമിറ്റഡ് (ആർ.ബി.ഡി.സി.കെ.)-നെ ചുമതലപ്പെടുത്തുകയുണ്ടായി. ആർ.ബി.ഡി.സി.കെ. സമർപ്പിച്ച വിശദ പദ്ധതിരേഖ പരിഗണിച്ച് പദ്ധതി നിർവ്വഹണത്തിനായി 11-02-2020-ലെ പി.ഡബ്ല്യൂ.ഡി. 011-08/എപിആർ-02/2020/കിഫ്ബി നമ്പർ ഉത്തരവ് പ്രകാരം കിഫ്ബിയിൽനിന്നും 34.71 കോടി രൂപ അനുവദിക്കുകയുണ്ടായി. തുടർന്ന് ആർ.ബി.ഡി.സി.കെ. പദ്ധതി നിർവ്വഹണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള അപേക്ഷ 11-08-2020-ൽ കാസർഗോഡ് ജില്ലാ കളക്ടർക്ക് സമർപ്പിച്ചു.

സെമി. ഹൈസ്പീഡ് റെയിൽ പദ്ധതി അലൈൻമെന്റിൽ ഈ മേഖല ഉൾപ്പെടാൻ സാധ്യതയുള്ളതിനാൽ പദ്ധതി പ്രവർത്തനങ്ങൾക്ക് റെയിൽവേ അംഗീകാരം വൈകി. തുടർന്ന് 06-12-2022-ൽ സിൽവർ ലൈൻ പദ്ധതി പരിഗണിക്കാതെ അലൈൻമെന്റുമായി മുന്നോട്ടുപോകാൻ കെ.ആർ.ഡി.സി.എൽ.-ൽ അറിയിച്ചു. ഈ വിവരം 08-12-2022-ന് റെയിൽവേയെ അറിയിക്കുകയും ചെയ്തു. ഇതിനെത്തുടർന്ന് 14-03-2023-ൽ സിൽവർ ലൈൻ പദ്ധതി അലൈൻമെന്റിന്റെ ഭാഗമായിരുന്ന എല്ലാ റെയിൽവേ മേൽപ്പാലങ്ങളുടെയും പുതുക്കിയ ജി.എ.ഡി.-കൾ സമർപ്പിക്കാൻ

റെയിൽവേ നിർദ്ദേശിക്കുകയുണ്ടായി. പുതുക്കിയ ജി.എ.ഡി. 26-05-2023-ന് ആർ.ബി.ഡി.സി.കെ. റെയിൽവേയിൽ സമർപ്പിച്ചിട്ടുണ്ട്. തുടർന്ന് 07-06-2023-ൽ കുശാൽ നഗറിൽ സബ്‌വേ നിർമ്മാണ സാദ്ധ്യത സംബന്ധിച്ച പഠന റിപ്പോർട്ട് സമർപ്പിക്കാൻ റെയിൽവേ നിർദ്ദേശിക്കുയുണ്ടായി. ആയതിന്റെ ഭാഗമായി 22-06-2023-ൽ റെയിൽവേയുടെ പ്രതിനിധികളും ഒന്നിച്ച് ആർ.ബി.ഡി.സി.കെ. പ്രതിനിധികൾ പദ്ധതി പ്രദേശത്ത് സംയുക്ത പരിശോധന നടത്തുകയുണ്ടായി. ടി സംയുക്ത പരിശോധന റിപ്പോർട്ട് റെയിൽവേയിൽ ഉടൻ സമർപ്പിക്കുന്നതാണ്. ജി.എ.ഡി.-ക്ക് റെയിൽവേയിൽനിന്നും അന്തിമാനുമതി ലഭിക്കുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുനരാരംഭിക്കുന്നതുമാണ്.

(2) <u>കാഞ്ഞങ്ങാട് ഫ്ലൈഓവർ</u>: കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ഫ്ലൈഓവർ നിർമ്മാണം 10-07-2021-ലെ സർക്കാർ ഉത്തരവ് G.O.(Rt)No.942/2017/PWD പ്രകാരം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 40 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ള പദ്ധതിയാണ്. തുടർന്ന് നിർദ്ദിഷ്ട

മേൽപ്പാലത്തിനായി വിശദമായ സർവ്വേകളുടെയും പഠനങ്ങളുടെയും അടിസ്ഥാനത്തിൽ ഈ മേഖലയിൽ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള കൺസൾട്ടന്റ് (EIT Technologies) മുഖേന അലൈൻമെന്റ് റിപ്പോർട്ട് തയ്യാറാക്കി. കാഞ്ഞങ്ങാട് ടൗണിലെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും വാഹന ഗതാഗത തടസ്സങ്ങളും ഏറ്റെടുക്കേണ്ട ഭൂമി, ആകെ നിർമ്മാണ ചെലവ് എന്നിവ കണക്കിലെടുത്ത് തെരഞ്ഞെടുത്ത അലൈൻമെന്റ് പ്രകാരം 1710 മീറ്റർ നീളവും 9 മീറ്റർ വീതിയിലുമാണ് ഫ്ലൈഓവർ വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ ഫ്ലൈഓവറിന് ഇരുവശത്തുമായി 7.5 മീറ്റർ (ഏറ്റവും കുറഞ്ഞ) വീതിയിൽ സർവ്വീസ് റോഡും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം തയ്യാറാക്കിയ അലൈൻമെന്റിനെ അടിസ്ഥാനമാക്കി തയ്യാറാക്കിയ വിശദമായ പദ്ധതി രൂപരേഖ അംഗീകാരം ലഭിക്കുന്നതിനായി 20-10-2021-ൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ളതാണ്. ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി 15-02-2022-ൽ കിഫ്ബി ആവശ്യപ്പെട്ടു. വിശദാംശങ്ങൾ 11-04-2022-ൽ ആർ.ബി.ഡി.സി.കെ. കിഫ്ബിയിൽ സമർപ്പിക്കുകയുമുണ്ടായി.

പുനഃപരിശോധിച്ച ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി 27-05-2023-ൽ കിഫ്ബിയിൽനിന്നും വീണ്ടും കത്ത് ലഭിക്കുകയും തുടർന്ന് കിഫ്ബി നിർദേശിച്ചതുപ്രകാരം പുതുക്കിയ ഗതാഗത സർവ്വേ നടത്തുകയും ആയതിന്മേലുള്ള വിശദാംശങ്ങൾ 30-09-2022-ൽ കിഫ്ബിയിൽ സമർപ്പിക്കുകയുമുണ്ടായി. ആയതിന് കിഫ്ബിയിൽനിന്നും അന്തിമ അനുമതി ലഭിക്കുന്ന മുറയ്ക്ക് ടെൻഡർ നടപടികൾ ആരംഭിക്കുന്നതുമാണ്.

(ബി) നീലേശ്വരം-എടത്തോട് റോഡ് പ്രവൃത്തി അനിശ്ചിതമായി നീളുന്നത് എന്തുകൊണ്ടാണെന്നും ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കാമോ?

കാഞ്ഞങ്ങാട്, തൃക്കരിപ്പൂർ മണ്ഡലങ്ങളിൽക്കൂടി കടന്നുപോകുന്ന 13.125 കി.മീ. ദൈർഘ്യമുള്ള പ്രസ്തുത പ്രവൃത്തി 28-02-2019-ൽ കരാറിൽ ഏർപ്പെട്ടു. പൂർത്തീകരണ കാലാവധി 18 മാസമായിരുന്നു. പ്രവൃത്തിയുടെ പുരോഗതി കുറവായതിനാലും കിഫ്ബിയുടെ പരിശോധന മെമ്മോകളിലെ നിർദ്ദേശങ്ങൾക്ക് കരാറുകാരൻ യഥാസമയം നടപടികൾ

സ്വീകരിക്കാത്തതിനാലും 17-12-2020-ലെ കിഫ്ബിയുടെ കത്തുപ്രകാരം പ്രസ്തുത പ്രവൃത്തി നിർത്തിവച്ചിരുന്നു. പിന്നീട് കരാറുകാരന്റെ അപേക്ഷ പരിഗണിച്ച് 30-10-2021-ൽ പ്രവൃത്തി പുനരാരംഭിക്കാൻ കിഫ്ബി അനുമതി നൽകുകയും ചെയ്തു. തുടർന്ന് കരാറുകാരൻ പ്രവൃത്തിയുമായി മുന്നോട്ടുപോകുകയും പ്രവൃത്തി പൂർത്തീകരിക്കാനുള്ള കാലാവധിയടക്കം നീട്ടിക്കൊടുക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ വീണ്ടും വളരെ മന്ദഗതിയിലുള്ള പുരോഗമനമാണ് റോഡ് നവീകരണത്തിൽ നടന്നത്. ആയതിനെത്തുടർന്ന് 05-02-2023-ൽ കരാറുകാരന് പ്രവൃത്തി റദ്ദുചെയ്യുന്നതിനുമുമ്പുള്ള അന്തിമ നോട്ടീസ് നൽകി. 16-02-2023-ൽ പദ്ധതിയുടെ പുരോഗതി വിലയിരുത്താനായി യോഗം ചേരുകയുണ്ടായി. യോഗത്തിൽ പങ്കെടുക്കാതെ കരാറുകാരൻ വിട്ടുനിന്നു. ഇതിനെത്തുടർന്ന് ഈ കരാറുകാരനുമായി മുന്നോട്ടുപോയാൽ റോഡ് നവീകരണം അനന്തമായി നീളുമെന്ന് മനസ്സിലാക്കി കരാറുകാരനെ പ്രസ്തുത പദ്ധതിയിൽനിന്നും ഒഴിവാക്കാൻ തീരുമാനിക്കുകയും കരാറുകാരന് 17-02-2023-ൽ ടെർമിനേഷൻ ലെറ്റർ നൽകുകയും ചെയ്തു. എന്നാൽ പിന്നീട് കരാറുകാരൻ പദ്ധതിയുമായി

മുന്നോട്ടുപോകാൻ തയ്യാറാണെന്ന് അറിയിച്ചപ്പോൾ നിലവിലെ റോഡിലെ ഭാഗത്തെ ശോചനീയാവസ്ഥയും പൊതുജനങ്ങളുടെ ബുദ്ധിമുട്ടും മനസ്സിലാക്കി നിലവിലുള്ള കരാറുകാരനോട് പദ്ധതിയുമായി മുന്നോട്ടുപോകാൻ നിർദ്ദേശം നൽകി. എന്നാൽ കരാറുകാരൻ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിച്ചില്ല. പ്രസ്തുത റോഡിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കാൻ ശേഷിക്കുന്ന ഭാഗം ഒഴിച്ചാൽ 8.336 കി.മീ. ഭാഗത്തെ DBM പ്രവൃത്തികൾ മാത്രമാണ് ഇതുവരെ ചെയ്തിട്ടുള്ളത്. അതിനാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ 29-05-2023-ൽ റദ്ദുചെയ്തു. പ്രവൃത്തി റീ ടെൻഡർ ചെയ്യാനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. റോഡിൽ അറ്റകുറ്റ പ്രവൃത്തികൾ നടപ്പിലാക്കാൻ 33.16 ലക്ഷം രൂപയുടെ സാമ്പത്തികാനുമതി നൽകുകയും ടെൻഡർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരൻ എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുണ്ട്.

**നവകേരള നിർമ്മിതി**

**121 (1388)** <u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:</u>
<u>ശ്രീ. വി. കെ. പ്രശാന്ത്:</u>
<u>ശ്രീ. കെ. ഡി. പ്രസേനൻ:</u>

ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള നിർമ്മിതിക്കായുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ സർക്കാർ രൂപപ്പെടുത്തിയ പദ്ധതികൾ പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് എത്രമാത്രം സഹായകമായിട്ടുണ്ട്; വിശദമാക്കാമോ?

നവകേരള നിർമ്മിതിയെ ശക്തിപ്പെടുത്തുംവിധം കേരളത്തിലെ പശ്ചാത്തല വികസന മേഖലയെ നവീകരിക്കുന്നതിനുള്ള പ്രവർത്തനമാണ് പൊതുമരാമത്ത് വകുപ്പ് സംഘടിപ്പിക്കുന്നത്. സംസ്ഥാനത്തിന്റെ സമഗ്ര പുരോഗതിക്ക് ഗുണകരമാകുന്ന തരത്തിൽ ദേശീയപാത നവീകരണം സാധ്യമാകുന്നത് സംസ്ഥാന സർക്കാരിന്റെകൂടി മുൻകയ്യിലാണ്. ദേശീയപാത-66-ന്റെ ഭൂമി ഏറ്റെടുക്കലിന്റെ 25% സംസ്ഥാനം വഴിയാണ് വികസനം സാധ്യമാകുന്നത്. തലയാടി മുതൽ കാരോട് തമിഴ്നാട് അതിർത്തിവരെ നീളുന്ന ദേശീയപാത-66-ന്റെ വികസനം അതിവേഗം പുരോഗമിക്കുകയാണ്. കുതിരാൻ ടണൽ, കഴക്കൂട്ടം ഫ്ലൈഓവർ, നീലേശ്വരം

പള്ളിക്കര ആർ.ഒ.ബി. എന്നിവ പൂർത്തിയാക്കാനായത് സംസ്ഥാന സർക്കാരിന്റെ ഇടപെടലുകളുടെകൂടി ഭാഗമാണ്. മലയോര ഹൈവേ, തീരദേശ ഹൈവേ എന്നിവയുടെ പ്രവൃത്തി അതിവേഗം പുരോഗമിക്കുകയാണ്. ലെവൽക്രോസ് ഇല്ലാത്ത കേരളം എന്ന ലക്ഷ്യത്തിലേയ്ക്ക് നീങ്ങാൻ റെയിൽവേ ഓവർ ബ്രിഡ്ജുകളും നിർമ്മിക്കുന്നു. സംസ്ഥാന ചരിത്രത്തിലാദ്യമായി ഏറ്റവും കൂടുതൽ മേൽപ്പാലങ്ങൾ ഒന്നിച്ച് പ്രവൃത്തി നടക്കുന്ന കാലഘട്ടമാണിത്. സംസ്ഥാനത്ത് ജംഗ്ഷൻ വികസനത്തിനുള്ള പ്രത്യേക പദ്ധതിയും നടപ്പിലാക്കുന്നു. 15000 കിലോമീറ്റർ റോഡ് BM BC നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനാണ് ലക്ഷ്യമിട്ടത്. നിലവിൽ 16456.79 km റോഡ് BM BC നിലവാരത്തിൽ നവീകരിച്ചു. നൂറ് പാലങ്ങൾ പൂർത്തിയാക്കുമെന്ന ലക്ഷ്യത്തോടും വകുപ്പ് അടുക്കുകയാണ്. കിഫ്ബി പദ്ധതിയിലൂടെയും റീബിൽഡ് കേരള പദ്ധതിയിലൂടെയും റോഡുകളും പാലങ്ങളും നവീകരിക്കുകയും ചെയ്യുന്നുണ്ട്. ഈ നിലയിൽ മികച്ച പശ്ചാത്തല സൗകര്യമൊരുക്കാൻ പൊതുമരാമത്ത് വകുപ്പ് പദ്ധതികൾ നടപ്പിലാക്കുന്നു.

(ബി) പൊതുമരാമത്ത് വകുപ്പിന്റെ വിവിധ വിംഗുകൾവഴി കിഫ്ബി മുഖാന്തരം എത്ര പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്?

കെ.ആർ.എഫ്.ബി.-പി.എം.യു.: പൊതുമരാമത്ത് വകുപ്പിന് കീഴിലെ കെ.ആർ.എഫ്.ബി.-പി.എം.യു. വഴി 62 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

ആർ.ബി.ഡി.സി.കെ.: ആർ.ബി.ഡി.സി.കെ. മുഖേന മൂന്ന് പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്.

1. കുണ്ടന്നൂർ ഫ്ലൈഓവർ (എറണാകുളം)

2. എടപ്പാൾ ഫ്ലൈഓവർ (മലപ്പുറം)

3. പേരാമ്പ്ര ബൈപ്പാസ് (കോഴിക്കോട്)

(സി) സ്ഥലം ഏറ്റെടുക്കുന്നതിനായി പൊതുമരാമത്ത് വകുപ്പുവഴി കിഫ്ബി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കാമോ?

ദേശീയപാത-66-ന്റെ വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിന് 5580.73 കോടി രൂപ ദേശീയപാത അതോറിറ്റിക്ക് സംസ്ഥാനം നൽകിയിട്ടുണ്ട്

കെ.ആർ.എഫ്.ബി-പി.എം.യു.: പൊതുമരാമത്ത് വകുപ്പിന് കീഴിലെ കെ.ആർ.എഫ്.ബി-പി.എം.യു. പദ്ധതികൾക്കുവേണ്ടി സ്ഥലം

ഏറ്റെടുക്കുന്നതിനായി കിഫ്ബി വഴി 458.82 കോടി രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്.

ആർ.ബി.ഡി.സി.കെ.: ആർ.ബി.ഡി.സി.കെ.-യെ ഏൽപ്പിച്ചിട്ടുള്ള വിവിധ പദ്ധതികളുടെ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 608.98 കോടി രൂപ കിഫ്ബി വഴി ചെലവഴിച്ചിട്ടുണ്ട്.

റിക്ക്: റിക്കിന് കീഴിലുള്ള കിഫ്ബി പ്രവൃത്തികളായ തിരുവല്ല-മല്ലപ്പള്ളി-ചേലകൊമ്പ് റോഡ്, ഇരാറ്റുപേട്ട-വാഗമൺ റോഡ് എന്നീ റോഡുകളുടെ സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് 50 ലക്ഷം രൂപ വീതം കണ്ടിൻജൻസി ചാർജ്ജ് ഇനത്തിൽ സ്പെഷ്യൽ തഹസീൽദാർമാർക്ക് നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ 2 റോഡുകളിൽ അതിർത്തിക്കല്ല് സ്ഥാപിക്കുന്നതിനായി 40,53,950/- രൂപ കിഫ്ബിയിൽനിന്നും അനുവദിച്ചിട്ടുണ്ട്. കോഴിക്കോട്-ബാലുശ്ശേരി റോഡിനായി 50 ലക്ഷം രൂപ കണ്ടിൻജൻസി ചാർജ്ജ് ഉൾപ്പെടെ 88.54 കോടി രൂപ സ്ഥലമേറ്റെടുക്കലിനായി കിഫ്ബിയിൽനിന്നും അനുവദിച്ച് സ്പെഷ്യൽ തഹസിൽദാർ, എൽ.എ., കോഴിക്കോടിന് കൈമാറിയിട്ടുണ്ട്.

(ഡി) പ്രധാന ജില്ലാ റോഡുകളുടെ വികസനത്തിനും പരിപാലനത്തിനുമായി നീക്കിവയ്ക്കപ്പെട്ട തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

നിരത്ത് വിഭാഗം: പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനുകീഴിൽ പ്രധാന ജില്ലാ റോഡുകളുടെ വികസനത്തിനും പരിപാലനത്തിനുമായി 237.4547 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 79 പ്രവൃത്തികൾക്ക് 235.2209 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

റിക്ക്: സംസ്ഥാന റോഡ് വികസന പദ്ധതിയിലെ റീഹാബിലിറ്റേഷൻ പാക്കേജിലുൾപ്പെടുത്തി കാസർഗോഡ് ജില്ലയിലെ ഉപ്പള-കനിയാന റോഡ്, വിദ്യാനഗർ-സീതാംഗോളി റോഡ്-25 കി.മീ.-പാക്കേജ്-എ, തിരുവനന്തപുരം ജില്ലയിൽ വെള്ളനാട്-ചെറ്റച്ചൽ റോഡ്, കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി-കാഞ്ഞിരംകവല റോഡ്-58 കി.മീ.-പാക്കേജ്-ബി എന്നീ റോഡുകളുടെ നിർമ്മാണ പ്രവൃത്തി DBFMT-PPP Annuity വ്യവസ്ഥയിൽ 29-02-2016-ന് എഗ്രിമെന്റുവച്ച് 2017-2018 കാലയളവിൽ പൂർത്തീകരിക്കുകയും നിലവിൽ ടി റോഡുകൾ Operation & Maintenance

പിരീഡിലുമാണ്. പ്രസ്തുത റോഡുകൾക്കായി Operation & Maintenance പിരീഡിൽ പ്രതിവർഷം 58.86 കോടി രൂപ അന്വിറ്റി ഇനത്തിൽ നൽകിവരുന്നു.

**കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന റോഡ് നിർമ്മാണം**

**122 (1389)** ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പാക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പുതുക്കാട്-മുപ്ലിയം-കോടാലി, പള്ളിക്കുന്ന്-ചിമ്മിനി ഡാം, കൊടകര-കോടാലി-വെള്ളിക്കുളങ്ങര എന്നീ റോഡുകളുടേയും പുതുക്കാട് മണ്ഡലത്തിൽ ഉൾപ്പെടുന്ന മലയോര ഹൈവേയുടേയും നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനും നിർമ്മാണത്തിനായുള്ള തടസ്സങ്ങൾ നീക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(എ&ബി) സർക്കാർ തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുള്ളതും കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭിച്ചിട്ടുള്ളതുമായ പുതുക്കാട്-

മുപ്ലിയം-കോടാലി, പള്ളിക്കുന്ന്-ചിമ്മിനി ഡാം, കൊടകര-കോടാലി-വെള്ളിക്കുളങ്ങര എന്നീ റോഡുകളുടെയും പുതുക്കാട് മണ്ഡലത്തിൽ ഉൾപ്പെടുന്ന മലയോര ഹൈവേയുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിച്ചുവരുന്നു.

**തീരദേശ ഹൈവേയ്ക്ക് ഭൂമി ഏറ്റെടുക്കുന്ന നടപടി**

123 (1390) ശ്രീ. എ. പി. അനിൽ കുമാർ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേ പദ്ധതിയിൽ ഭൂമി ഏറ്റെടുക്കുന്നതിനായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

തീരദേശ ഹൈവേ പദ്ധതിയുടെ ഭൂമി ഏറ്റെടുക്കുന്നതിന് മുന്നോടിയായുള്ള സർവ്വേയ്ക്കും അനുബന്ധപ്രവർത്തനങ്ങൾക്കുമായി ഭൂമിയുടെ സർവ്വേ നമ്പറുകൾ ഉൾപ്പെടുത്തി റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഡി.പി.ആർ. പൂർണ്ണമാക്കി പ്രസിദ്ധീകരിക്കുന്നതിനുമുമ്പ് ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കാനിടയായ സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ?

തീരദേശമേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ടാണ് തീരദേശ ഹൈവേ പദ്ധതിക്ക് സർക്കാർ രൂപം നൽകിയത്. പദ്ധതിയെ സംബന്ധിച്ച് ജനപ്രതിനിധികളുമായും ജനങ്ങളുമായും സംവദിച്ചാണ് സർക്കാർ മുന്നോട്ടുപോകുന്നത്. വിശദ പദ്ധതിരേഖ പൂർത്തിയായ ഇടങ്ങളിൽ സ്ഥലം ഏറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടുണ്ട്. ഓരോ സ്ട്രെച്ചിലെ പ്രവർത്തനം സംബന്ധിച്ചും അലൈൻമെന്റ് സംബന്ധിച്ചും ജനപ്രതിനിധികളെ അറിയിച്ച് ചർച്ച നടത്തിയിട്ടുണ്ട്. എം.എൽ.എ.-മാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ എന്നിവരുടെ യോഗം വിളിച്ചുചേർത്ത് പദ്ധതിയുടെ ഏകദേശ രൂപരേഖ അവതരിപ്പിച്ചിട്ടുണ്ട്. ജനപ്രതിനിധികൾ നിർദ്ദേശിക്കുന്ന തരത്തിൽ പല ഇടങ്ങളിലും അലൈൻമെന്റിൽ മാറ്റവും വരുത്തി. ജനപ്രതിനിധികളുടെ സാന്നിധ്യത്തിൽ ഫീൽഡിലെത്തി ജനങ്ങളോട് പദ്ധതിയെക്കുറിച്ച് വിശദീകരിച്ചു. തീരപ്രദേശത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് മികച്ച പുനരധിവാസ പാക്കേജിനും രൂപം നൽകി. ഈ സാഹചര്യത്തിലാണ് അലൈൻമെന്റിന്റെ ഭാഗമായി വരുന്ന പ്രദേശത്ത് സർവ്വേ നടത്താൻ തീരുമാനിച്ചത്. അതിരടയാളക്കല്ല് സ്ഥാപിച്ച

ഇടങ്ങളിൽ പുനരധിവാസ ഏജൻസിയായ കേരള തീരദേശ വികസന കോർപ്പറേഷൻ ജീവനക്കാരെത്തി പദ്ധതിയെക്കുറിച്ച് വിശദീകരിക്കുന്നുണ്ട്. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാനും തീരമേഖലയുടെ സമഗ്രവികസനം സാധ്യമാക്കാനും ഇത്തരം പ്രവർത്തനങ്ങളിലൂടെ ലക്ഷ്യമിടുന്നു.

(സി) തീരദേശ ഹൈവേയ്ക്കുവേണ്ടി ഏറ്റെടുക്കുന്ന ഭൂമിക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

2013-ലെ സ്ഥലം ഏറ്റെടുക്കൽ നിയമം (THE RIGHT TO FAIR COMPENSATION AND TRANSPARENCY IN LAND ACQUISITION, REHABILITATION AND RESETTLEMENT ACT, 2013) അടിസ്ഥാനമാക്കിയാണ് പദ്ധതിയുടെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ. ഇതിനുപുറമെ തീരദേശ മേഖലയുടെ സവിശേഷതകൾ കണക്കിലെടുത്ത് ഹൈവേയുടെ സ്ഥലം ഏറ്റെടുക്കലിനുള്ള പ്രത്യേക പുനരധിവാസ പാക്കേജ് 10-03-2023-ലെ G.O.(Ms) No.50/2023/RD പ്രകാരം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. പാക്കേജിനെ രണ്ട് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഉടമസ്ഥാവകാശ രേഖകളുള്ളവർ കാറ്റഗറി ഒന്നിൽ ഉൾപ്പെടും. കാറ്റഗറി ഒന്നിൽ ഉൾപ്പെട്ടവർക്ക് ഭൂമി ഏറ്റെടുക്കുമ്പോൾ

2013-ലെ നിയമപ്രകാരമുള്ള നഷ്ടപരിഹാരം ലഭിക്കും. അതോടൊപ്പം കെട്ടിടം ഏറ്റെടുക്കുമ്പോൾ കെട്ടിടത്തിന് നിശ്ചയിക്കുന്ന തുകയിൽനിന്നും ഡിപ്രീസിയേഷൻ മൂല്യം കിഴിച്ച് സൊളേഷ്യം നൽകി, ഡിപ്രീസിയേഷൻ വാല്യൂ കൂട്ടിയ തുക നഷ്ടപരിഹാരമായി നൽകും. ഇതിനുപുറമെ പുനരധിവസിക്കപ്പെടേണ്ട കുടുംബങ്ങൾക്ക് 600 ചതുരശ്ര അടി ഫ്ലാറ്റ് അല്ലെങ്കിൽ 13 ലക്ഷം രൂപയുടെ ഒറ്റത്തവണ നഷ്ടപരിഹാരമോ നൽകും. ഭൂമിയുടെ ഉടമസ്ഥാവകാശ രേഖകളില്ലാത്തവരെ പുനരധിവാസ പാക്കേജിലെ കാറ്റഗറി രണ്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതനുസരിച്ച് ഡിപ്രീസിയേഷൻ മൂല്യം കിഴിക്കാതെയുള്ള കെട്ടിട വില നഷ്ടപരിഹാരമായി ലഭിക്കും. അതോടൊപ്പം പുനരധിവസിക്കപ്പെടേണ്ട കുടുംബങ്ങൾക്ക് 600 ചതുരശ്ര അടി ഫ്ലാറ്റ് അല്ലെങ്കിൽ 13 ലക്ഷം രൂപയുടെ ഒറ്റത്തവണ നഷ്ടപരിഹാരം നൽകും.

(ഡി) ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുമുമ്പായി നിർദ്ദിഷ്ട പ്രദേശവാസികൾക്ക് പരാതികൾ ഉന്നയിക്കുന്നതിന് അവസരം നൽകിയിരുന്നോ; വിശദമാക്കാമോ?

തീരദേശ ഹൈവേ പദ്ധതിയുടെ വിശദാംശങ്ങൾ ജനപ്രതിനിധികളുമായി ചർച്ച നടത്തിയിരുന്നു. എം.എൽ.എ.-മാർ, തദ്ദേശസ്വയംഭരണ പ്രതിനിധികൾ തുടങ്ങിയവരുമായി ചർച്ച നടത്തിയും ഫീൽഡിലെത്തി ജനങ്ങളുമായി ചർച്ച നടത്തിയുമാണ് അലൈൻമെന്റ് തയ്യാറാക്കിയത്. ജനപ്രതിനിധികളുടെ നിർദ്ദേശത്തിനനുസരിച്ച് പ്രായോഗികമായ ഇടങ്ങളിൽ അലൈൻമെന്റ് മാറ്റം വരുത്തുകയും ചെയ്തിട്ടുണ്ട്. സാമ്പത്തികാനുമതി ലഭിച്ച റീച്ചുകളിൽ സ്ഥലം ഏറ്റെടുക്കുന്നതിന് മുന്നോടിയായുള്ള സർവ്വേ നടപടികളാണ് നടക്കുന്നത്. പദ്ധതി മേഖലകളിലെ സ്ഥലങ്ങളുടെ സർവ്വേ നമ്പറുകൾ ഉൾപ്പെടുത്തി 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കും. പുനരധിവാസ പ്രവർത്തനങ്ങളുടെ ഏജൻസിയായ തീരദേശവികസന കോർപ്പറേഷൻ ജീവനക്കാർ പദ്ധതിയെക്കുറിച്ച് വീടുകളിലെത്തി വിശദീകരിക്കുകയും ചെയ്യുന്നു. തുടർന്ന് 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് സാമൂഹികാഘാത പഠനം നടത്തും. ഈ ഘട്ടത്തിൽ വിപുലമായ ഹിയറിംഗ് ഉൾപ്പെടെ സംഘടിപ്പിക്കും. ഈ നടപടിക്രമങ്ങൾക്കുശേഷമാണ് ഭൂമി ഏറ്റെടുക്കലിനുള്ള അന്തിമ

വിജ്ഞാപനം പുറപ്പെടുവിക്കുക. നിലവിൽ കോഴിക്കോട് ജില്ലയിലെ 3 റീച്ചുകളിലും കണ്ണൂർ ജില്ലയിലെ ഒരു റീച്ചിലും തൃശ്ശൂർ ജില്ലയിലെ ഒരു റീച്ചിലും സാമൂഹികാഘാത പഠനം പൂർത്തിയായിട്ടുണ്ട്. പ്രസ്തുത റീച്ചുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. കോടിക്കൽ - കൊളാവിപാലം (കോഴിക്കോട്) -11(1) പ്രസിദ്ധീകരിച്ചു.
2. കൊളാവിപാലം - കോട്ടക്കൽ കടവ് (കോഴിക്കോട്) - 11(1) പ്രസിദ്ധീകരിച്ചു.
3. കുഞ്ഞാലിമരക്കാർ പാലം (കോഴിക്കോട്) - 19(1) പ്രസിദ്ധീകരിച്ചു - നഷ്ടപരിഹാര തുക കൈമാറി.
4. പാലക്കോട് - കുന്നരു സിറ്റി (കണ്ണൂർ) - സാമൂഹികാഘാത പഠന റിപ്പോർട്ട് പ്രസിദ്ധീകരിച്ചു.
5. അഴിക്കോട് - മുനമ്പം പാലം (തൃശ്ശൂർ) - 19(1) പ്രസിദ്ധീകരിച്ചു - നഷ്ടപരിഹാരത്തുക കൈമാറി.

**കോഴിക്കോട് -കൊല്ലഗൽ ദേശീയപാത നിർമ്മാണത്തിലെ അലംഭാവം**

**124 (1391)** <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്-കൊല്ലഗൽ ദേശീയപാതയുടെ ഭാഗമായ മണ്ണിൽകടവ്-അടിവാരം റീച്ച് കരാറുകാരന്റെ അലംഭാവം കാരണം പ്രവൃത്തി നിലച്ചതിനാൽ കരാറുകാരനെ ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

കോഴിക്കോട് - കൊല്ലഗൽ ദേശീയപാതയുടെ ഭാഗമായ മണ്ണിൽകടവ് - അടിവാരം റീച്ച് കരാറുകാരന്റെ അലംഭാവം കാരണം പ്രവൃത്തി നിലച്ചതിനാൽ കരാറുകാരനെ റിസ്ക് & കോസ്റ്റിൽ ടെർമിനേറ്റ് ചെയ്ത് പ്രവൃത്തി റീടെൻഡർ ചെയ്യുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ടെർമിനേഷന് മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട്ട് ആൻഡ് ഹൈവേസ്-ന്റെ അനുമതി ലഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട്ട് ആൻഡ് ഹൈവേസ്-ന്റെ അനുമതി ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**അമ്പലപ്പുഴ ബൈപ്പാസ് നിർമ്മാണത്തിലെ തടസ്സം**

**125 (1392)** <u>ശ്രീ. എച്ച്. സലാം</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ ബൈപ്പാസിന്റെ കരുമാടിക്കുട്ടൻ (എസ്.എച്ച്.-12) മുതൽ കൊട്ടാരവളവ് (എൻ.എച്ച്.-66) വരെയുള്ള റോഡ് നിർമ്മാണത്തിന് എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയിരുന്നതെന്നും ഏത് പദ്ധതിയിലുൾപ്പെടുത്തിയാണ് ഈ തുക അനുവദിച്ചതെന്നും വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തിക്കായി ബഡ്ജറ്റ് ഫണ്ടിൽ 9062.50 ലക്ഷം രൂപയുടെ പരിഷ്കരിച്ച ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയിൽ എന്തെല്ലാം നിർമ്മാണങ്ങളാണ് ഇതിനോടകം നടന്നിട്ടുള്ളതെന്നും എന്തൊക്കെ നിർമ്മാണങ്ങളാണ് പൂർത്തീകരിക്കാനുള്ളതെന്നും പ്രസ്തുത പ്രവൃത്തി നടത്താൻ കഴിയാത്തതിന്റെ കാരണമെന്താണെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഏതെങ്കിലും കോടതിയിൽനിന്നും സ്റ്റേ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്റ്റേ ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട കേസ് എന്നാണ് ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയ്ക്ക് വരികയെന്നും കേസുമായി ബന്ധപ്പെട്ട അന്തിമവിധി വരുംവരെ നിർമ്മാണം നടത്താൻ കഴിയാത്ത സാഹചര്യത്തിൽ കേസ് അവസാനിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദീകരിക്കാമോ?

(ബി-ഡി) ഈ വർക്കിൽ ഉൾപ്പെട്ട എല്ലാ പ്രവൃത്തികളും (റോഡ് നിർമ്മാണം, കലുങ്കുകൾ, സംരക്ഷണഭിത്തി, രണ്ട് പാലങ്ങൾ എന്നിവ) പൂർത്തീകരിക്കാനുണ്ട്. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് WP(C)No.24973 of 2022 എന്ന കോടതി കേസ്സുമായി ബന്ധപ്പെട്ട് സ്റ്റേ നിലനിന്നിരുന്നു. 24-07-2023-ലെ കോടതി ഉത്തരവ് WP(C)No.24973 of 2022 പ്രകാരം സ്റ്റേ മാറ്റപ്പെട്ടു. നിലവിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്.

**ആറ്റിങ്ങൽ ബൈപ്പാസ് നിർമ്മാണം**

**126 (1393)** <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ ബൈപ്പാസ് നിർമ്മാണത്തിന്റെ ഭാഗമായി ചാത്തമ്പാറ-മണമ്പൂർ റോഡ് കടന്നുപോകുന്ന ഭാഗത്ത് അണ്ടർപാസ്സ് അനുവദിക്കാതിരുന്നതിനെത്തുടർന്ന് ബസ് സർവ്വീസുകൾ ഉൾപ്പടെ ഗതാഗതം നിലച്ചുപോകുന്നതായ സാഹചര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് എൻ.എച്ച്.എ.ഐ. അധികൃതരുമായി ചേർന്ന് എന്തെല്ലാം പരിഹാര നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ?

ആറ്റിങ്ങൽ ബൈപ്പാസ് നിർമ്മാണത്തിന്റെ ഭാഗമായി ചാത്തമ്പാറ-മണമ്പൂർ റോഡ് കടന്നുപോകുന്ന ഭാഗത്ത് കി.മീ. 526+040-ൽ ഒരു Small Vehicle Underpass നിർമ്മിക്കുന്നതിനുള്ള Change of Scope proposal ബന്ധപ്പെട്ട അധികാരികളുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

**വെങ്ങളം-അഴിയൂർ റീച്ച്**

**127 (1394)** <u>ശ്രീമതി കാനത്തിൽ ജമീല:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച്. 66-ന്റെ ഭാഗമായതും നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നതുമായ വെങ്ങളം-അഴിയൂർ റീച്ചിന്റെ കരാർ ഏറ്റെടുത്ത അദാനി ഗ്രൂപ്പും ഉപകരാർ കമ്പനിയായ വാഗഡും തമ്മിലുള്ള അഭിപ്രായ വ്യത്യാസത്തെത്തുടർന്ന് റീച്ചിന്റെ നിർമ്മാണം നിലച്ചതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി തദ്ദേശവാസികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ&ബി) ദേശീയപാത 66-ലെ അഴിയൂർ-വെങ്ങളം റീച്ചിന്റെ നിർമ്മാണം ഏറ്റെടുത്തിരിക്കുന്ന കൺസഷനയർ M/s. Adani Enterprises Ltd. ആണെന്ന് ദേശീയപാത അതോറിറ്റി അറിയിക്കുന്നു. അഴിയൂർ-വെങ്ങളം റീച്ചിന്റെ നിർമ്മാണം നിലച്ചിട്ടില്ലെന്നും നിലവിൽ 29.2% പുരോഗതി കൈവരിച്ചതായും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

**കൊയിലാണ്ടി ഹാർബർ-മുത്തായം റീച്ചിന്റെ അലൈൻമെന്റ് നടപടി**

**128 (1395)** <u>ശ്രീമതി കാനത്തിൽ ജമീല</u>**:** താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തീരദേശ ഹൈവേയുടെ ഭാഗമായ കൊയിലാണ്ടി ഹാർബർ-മുത്തായം റീച്ചിന്റെ അലൈൻമെന്റ് അംഗീകരിച്ചിട്ടുണ്ടോ; പ്രസ്തുത റീച്ചിന്റെ അലൈൻമെന്റ് അംഗീകാരം വൈകുന്നതുകാരണം ഭൂമി ഏറ്റെടുക്കൽ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

കോഴിക്കോട് ജില്ലയിലെ തീരദേശ ഹൈവേയുടെ ഭാഗമായി കൊയിലാണ്ടി ഹാർബർ-മുത്തായം റീച്ചിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് IDECK എന്ന ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഡി.പി.ആർ.-ന് മുന്നോടിയായി ഏജൻസി തയ്യാറാക്കി നൽകിയ പ്ലാൻ ലാൻഡ് അക്വിസിഷൻ പ്ലാൻ പ്രകാരം ജനപ്രതിനിധികളുമായുള്ള ചർച്ചയിൽ അലൈൻമെന്റിൽ ചില മാറ്റങ്ങൾ വേണ്ടിവന്നതിനാൽ അവ തിരുത്തി പുതിയ ലാൻഡ് അക്വിസിഷൻ പ്ലാൻ 10-08-2023-ന് ഈ ഓഫീസിൽ ലഭിച്ചു. ആയത് സ്ഥലമേറ്റെടുക്കുന്നതിനുള്ള സാമ്പത്തികാനുമതി ലഭിക്കുന്നതിനായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള സാമ്പത്തികാനുമതി ലഭ്യമായ ഉടൻ ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതാണ്.

**ചെറുവത്തൂർ വീരമലക്കുന്ന് സംരക്ഷിക്കാൻ നടപടി**

**129 (1396)** ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേ 66 വീതി കൂട്ടുന്നതിനായി കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ വീരമലക്കുന്ന് ഇടിച്ചതുമൂലമുണ്ടായ പ്രത്യാഘാതങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നാഷണൽ ഹൈവേ വീതി കൂട്ടുന്നതിനുവേണ്ടി തകർത്ത കുന്നിന്റെ ഭാഗം അപകടനിലയിലായത് ശാശ്വതമായി പരിഹരിക്കാൻ കോൺക്രീറ്റ് ഭിത്തി കെട്ടി സംരക്ഷിക്കാൻ നടപടിയുണ്ടാകുമോ?

(എ&ബി) ഉണ്ട്. നാഷണൽ ഹൈവേ 66-ന്റെ വീതികൂട്ടലുമായി ബന്ധപ്പെട്ടാണ് ചെറുവത്തൂർ വീരമലക്കുന്ന് ഇടിക്കേണ്ടിവന്നത്. “Benching of Slope” രീതിയിലാണ് പ്രവൃത്തി നടത്തിയത്. എന്നാൽ സമീപകാലത്തുണ്ടായ ശക്തമായ മഴ കാരണം കുന്നിന്റെ വശങ്ങൾ തകർന്നിട്ടുണ്ട്. ഇടിച്ചുമാറ്റിയ കുന്നിന്റെ "Slope Protection Work” നിർമ്മാണ കരാറിന്റെ ഭാഗമാണ്. Slope Protection Work സംബന്ധിച്ച മുൻകരുതൽ നടപടികൾ സമർപ്പിക്കാൻ ദേശീയപാത അതോറിറ്റി കൺസെഷണയർക്ക്

നിർദ്ദേശം നൽകിയിട്ടുണ്ട്. നാശനഷ്ടങ്ങൾ ആവർത്തിക്കുന്നത് ഒഴിവാക്കാൻ പ്രസ്തുത പ്രവൃത്തി മഴക്കാലത്തിനുശേഷം നടപ്പാക്കുന്നതാണെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

**ആലത്തൂർ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

**130 (1397)** ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ പൊതുമരാമത്ത് വകുപ്പിനുകീഴിൽ ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കിവരുന്നതുമായ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

(എ&ബി) നിരത്ത് വിഭാഗം: 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിനുകീഴിൽ ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കിവരുന്നതുമായ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കെ.ആർ.എഫ്.ബി.-പി.എം.യു.: ആലത്തൂർ നിയോജകമണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷം മുതൽ കിഫ്ബി ധനസഹായത്തോടുകൂടി കെ.ആർ.എഫ്.ബി.-പി.എം.യു. മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1) കണ്ണാടി പന്നിക്കോട് റോഡ് പ്രവൃത്തിക്ക് 01-11-2016-ലെ G.O.(Rt)No. 1502/2016/PWD പ്രകാരം 10 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി ലഭിച്ചു. 28-05-2018-ലെ ഉത്തരവ് നമ്പർ PWD004-121-PA-01 പ്രകാരം 24.09 കോടി രൂപയുടെ കിഫ്ബിയുടെ സാമ്പത്തികാനുമതിയും ലഭിച്ചു. ഭൂമി ഏറ്റെടുക്കുന്നതിനായി 60 ലക്ഷം രൂപകൂടി സാമ്പത്തികാനുമതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് 21.82 ആർ ഭൂമി ഏറ്റെടുക്കുന്നതിനായി 01-01-2022-ൽ G.O.(Rt) No 14/2022/RD പ്രകാരം റവന്യൂ വകുപ്പിന്റെ ഭരണാനുമതി ലഭിച്ചു. 08-03-2022-ൽ 6(1) നോട്ടിഫിക്കേഷനും ലഭ്യമായിട്ടുണ്ട്. അലൈൻമെന്റ് കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് 26-03-2022-ലെ EST-TS/RD/2017/8074-1-1 നമ്പർ ഉത്തരവ്

പ്രകാരം 27.01 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകി. നിലവിൽ സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിക്കുന്നു.

2) ചുള്ളിമാട് പാലം- ചുള്ളിമാട് പാലത്തിന് 31-10-2016-ലെ G.O.(Rt) No.1496/2016/PWD ഉത്തരവ് പ്രകാരം 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ചു. 26-05-2018-ലെ PWD 001-36-PA-01 ഉത്തരവുപ്രകാരം 9.78 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിച്ചു. തുടർന്ന് 11-10-2019-ലെ ഉത്തരവ് പ്രകാരം 9.78 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി. 20-05-2020-ലെ എഗ്രിമെന്റ് നം. 03/PWD001-36/PD/PMU-KRFB/2020-21 പ്രകാരം 9.45 കോടി രൂപയ്ക്ക് കരാർ നൽകി നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത പ്രവൃത്തി നിലവിൽ 88% പൂർത്തീകരിച്ചിട്ടുണ്ട്.

3) ആലത്തൂർ പറക്കുന്നം പാലത്തിന് 10-07-2017-ലെ G.O.(Rt) No.942/2017/PWD ഉത്തരവ് പ്രകാരം 15 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ചു. പ്രസ്തുത പ്രവൃത്തിയുടെ പദ്ധതിരേഖ 10.05 കോടി രൂപയുടെ സാമ്പത്തികാനുമതിക്കായി 7-2-2020-ൽ കിഫ്ബിയിൽ

സമർപ്പിച്ചു. തുടർന്ന് കിഫ്ബിയിൽനിന്ന് ലഭിച്ച ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് പ്രകാരം പുതുക്കിയ പദ്ധതിരേഖ 13.871 കോടി രൂപയുടെ സാമ്പത്തികാനുമതിക്കായി 23-07-2022-ൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. സാമ്പത്തികാനുമതി ലഭിച്ചതിനുശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

4) മലയോര ഹൈവേ - പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് വടക്കാഞ്ചേരി റോഡ് (നെന്മാറ ബൈപ്പാസ് മുതൽ തങ്കം ജംഗ്ഷൻ - ചെയിനേജ് 113/150 മുതൽ 128/375) - ടി റോഡിന് 10-07-2017-ലെ G.O.(Rt) No.942/2017/PWD ഉത്തരവ് പ്രകാരം 3500 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ചു. 27-04-2023-ലെ PWD013-45/TE-4/2023/KIIFB ഉത്തരവ് പ്രകാരം 75.83 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിച്ചു. പ്രസ്തുത റോഡിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു.

<u>പാലങ്ങൾ വിഭാഗം</u>: പുന്നപ്പാടം മമ്പാട് പാലം നിർമ്മാണം എന്ന പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പ്രസ്തുത പ്രവൃത്തിയുടെ 2 സ്പാനുകളിൽ

വരുന്ന 6 girder-കളുടെയും നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു. മൂന്നാമത്തെ സ്പാനിൽ വരുന്ന girder നിർമ്മാണത്തിയായുള്ള shuttering പ്രവൃത്തികൾ പുരോഗമിക്കുന്നു.

കെ.എസ്.സി.സി.

1. സബ് രജിസ്റ്റാർ ഓഫീസ് കുഴൽമന്ദം (കിഫ്ബി ഫണ്ട്)

2. പ്രാഥമിക ആരോഗ്യ കേന്ദ്രം മേലാർകോട് (NHM Funded)

1. സബ് രജിസ്റ്റാർ ഓഫീസ് കുഴൽമന്ദം എന്ന പ്രവൃത്തി 18-12-2018-ന് ആരംഭിക്കുകയും Tribunal For local self Government Institution-ന്റെ സ്റ്റേ വന്നതിനാൽ നിർമ്മാണ പ്രവൃത്തികൾ നിർത്തിവയ്ക്കുകയും ചെയ്തു.

2. പ്രാഥമികാരോഗ്യ കേന്ദ്രം മേലാർകോട് പ്രവൃത്തിയുടെ 10 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

കെട്ടിട വിഭാഗം: 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിനുകീഴിൽ ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കിവരുന്നതുമായ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

**പെരിന്തൽമണ്ണ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

**131 (1398)** ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ റോഡ്സ്, ബ്രിഡ്ജസ്, ബിൽഡിംഗ്സ് എന്നീ വിഭാഗങ്ങളിൽ ഇപ്പോൾ നടന്നുവരുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഈ പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ;

(സി) പെരിന്തൽമണ്ണ മണ്ഡലത്തിൽ കിഫ്ബി, സി.ആർ.എഫ്., നബാർഡ് എന്നീ പ്രോജക്ടുകളിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

(എ-സി) നിരത്ത് വിഭാഗം: പെരിന്തൽമണ്ണ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ റോഡ്സ് വിഭാഗവുമായി ബന്ധപ്പെട്ട് ഇപ്പോൾ നടന്നുവരുന്ന പ്രവൃത്തികൾ സംബന്ധിച്ച വിശദാംശം അനുബന്ധം-1 ആയി+ ചേർത്തിരിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പെരിന്തൽമണ്ണ മണ്ഡലത്തിൽ വരുന്ന ഊത-വേട്ടത്തൂർ റോഡ് കി.മീ. 0/000 മുതൽ 17/727 വരെ സി.ആർ.എഫ്. പദ്ധതിയിൽ നവീകരണത്തിനായി ദേശീയപാത വിഭാഗത്തിന് കൈമാറിയിട്ടുണ്ട്.

കെട്ടിട വിഭാഗം: പെരിന്തൽമണ്ണ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിട വിഭാഗവുമായി ബന്ധപ്പെട്ട് ഇപ്പോൾ നടന്നുവരുന്ന പ്രവൃത്തികൾ സംബന്ധിച്ച് വിശദാംശം അനുബന്ധം-2 ആയും+ നബാർഡ് പ്രോജക്ടുകളിൽ ഉൾപ്പെടുത്തിയ പ്രവൃത്തി അനുബന്ധം-3+ ആയും ചേർത്തിരിക്കുന്നു.

കെ.എസ്.റ്റി.പി.: പെരിന്തൽമണ്ണ മണ്ഡലത്തിൽ കെ.എസ്.റ്റി.പി. നടപ്പാക്കുന്നത് ആർ.കെ.ഐ. പദ്ധതിയിലുൾപ്പെട്ട പെരുമ്പിലാവ് - നിലമ്പൂർ റോഡ് പുനരുദ്ധാരണ പ്രവൃത്തിയാണ്. കരാറുകാരന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 31-12-2023 വരെ പ്രവൃത്തിയുടെ കാലാവധി നീട്ടിനൽകുന്നതിനുള്ള അപേക്ഷ സ്റ്റിയറിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയും അഞ്ചുമാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കണമെന്ന കർശന നിർദ്ദേശം നൽകിയിട്ടുമുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഡിസൈൻ വിഭാഗം: പെരിന്തൽമണ്ണ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിനുകീഴിൽ പെരിന്തൽമണ്ണ ജംഗ്ഷന്റെ നവീകരണവുമായി ബന്ധപ്പെട്ടുള്ള Detailed Project Report തയ്യാറാക്കി കേരള റോഡ് ഫണ്ട് ബോർഡ് പ്രോജക്റ്റ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

ദേശീയപാത വിഭാഗം: പെരിന്തൽമണ്ണ മണ്ഡലത്തിൽ സി.ആർ.എഫ്. പദ്ധതിയിലുൾപ്പെട്ട 15 കോടിയുടെ Improvements to Thooth Vettathur road in Malappuram Distrct എന്ന പ്രവൃത്തി നിലവിലുണ്ട്.

കെ.ആർ.എഫ്.ബി.-പി.എം.യു.:

1) പെരിന്തൽമണ്ണ ജംഗ്ഷൻ ഇംപ്രൂവ്മെന്റ്: പ്രസ്തുത പ്രവൃത്തിക്ക് 05-11-2022-ലെ G.O.(Rt)No.1069/2022/PWD പ്രകാരം തത്വത്തിൽ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ ഡി.പി.ആർ. PWD ഡിസൈൻ വിഭാഗം തയ്യാറാക്കി 03-08-2023-ൽ ലഭ്യമാവുകയും ആയത് സാമ്പത്തികാനുമതി ലഭിക്കുന്നതിനായി കിഫ്ബിയിൽ 09-08-2023-ന് സമർപ്പിച്ചിട്ടുമുണ്ട്.

2) ഹിൽ ഹൈവേ: ചിറക്കൽ മുതൽ മേലാറ്റൂർ വരെയും (റീച്ച് 1- Ch 0/000 മുതൽ Ch 11/ 215), ഉച്ചാരക്കടവ് മുതൽ കാഞ്ഞിരംപാറ (റീച്ച് 2 - Ch 0/000 മുതൽ Ch 1/ 060) വരെയും - പ്രവൃത്തിക്ക് 10-07-2017-ലെ GO (Rt) No. 942/2017/PWD പ്രകാരം തത്വത്തിൽ ഭരണാനുമതിയും 12-04-2023-ലെ PWD013-47/TE-4/2023/KIIFB ഓർഡർ പ്രകാരം കിഫ്ബിയിൽനിന്നും 40.60 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഉച്ചാരക്കടവ് മുതൽ കാഞ്ഞിരംപാറ വരെയുള്ള 1.06 കി.മീ. ഭാഗം പെരിന്തൽമണ്ണ മണ്ഡലത്തിലൂടെ കടന്നുപോകുന്നുണ്ട്. പ്രസ്തുത പ്രവൃത്തിയിൽ വരുന്ന ഉച്ചാരക്കടവ് പാലത്തിന്റെ സാങ്കേതികാനുമതി നൽകുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. സാങ്കേതികാനുമതിക്കായി ടെക്നിക്കൽ കമ്മിറ്റിയിൽ അവതരിപ്പിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**റോഡുകൾ നിർമ്മിക്കാൻ നബാർഡ് ധനസഹായം**

**132 (1399)** **ശ്രീ. വി. ശശി:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് മണ്ഡലത്തിൽ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് നബാർഡിന്റെ ധനസഹായം ലഭ്യമാക്കുന്നതിനായി പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടോ?

റോഡുകൾ, പാലങ്ങൾ എന്നിവയുടെ നിർമ്മാണത്തിനായി പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടില്ല. എന്നാൽ കെട്ടിട നിർമ്മാണത്തിനായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ?

പ്രേംനസീർ മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂളിന്റെ നിർമ്മാണം പൂർത്തിയാക്കാത്ത പുതിയ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിന്റെ ഫിനിഷിംഗ് വർക്കുകൾ, ഫസ്റ്റ് ഫ്ലോർ, സെക്കന്റ് ഫ്ലോർ എന്നിവയുടെ നിർമ്മാണം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് നബാർഡിന്റെ ധനസഹായത്തോടെ ഭരണാനുമതി ലഭിക്കുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം ചീഫ് എഞ്ചിനീയർ 05-12-2022-ൽ പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നൽകിയിരുന്നു. എന്നാൽ ടി എസ്റ്റിമേറ്റ് സമർപ്പിച്ചതിനുശേഷം സ.ഉ.(സാ.ധാ.) നം. 566/2023/പൊ.വി.വ. തീയതി 21-01-2023 പ്രകാരം

കെട്ടിട നിർമ്മാണത്തിനായി പ്ലാൻ ഫണ്ടിൽ 1.50 കോടി രൂപ അനുവദിക്കുകയും ടി വർക്കിന്റെ ടെൻഡർ കഴിയുകയും ചെയ്തിട്ടുണ്ട്. കൂടാതെ സെക്കൻഡ് ഫ്ലോറിന്റെ നിർമ്മാണത്തിനായി ഒരു കോടി രൂപയുടെ KIIFB ഫണ്ട് ലഭിച്ചിട്ടുണ്ട്. അതിനാൽ സ്കൂളിനുവേണ്ടി പുതിയ മറ്റൊരു കെട്ടിടം നിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് സമർപ്പിക്കുന്നതിന് എം.എൽ.എ. 28-03-2023-ന് നടന്ന മീറ്റിംഗിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

**കരാർ പ്രവൃത്തികൾ പകുതി വഴിയിൽ ഉപേക്ഷിക്കുന്ന കരാറുകാർക്കെതിരെ നടപടി**

**133 (1400)** **<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u>** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ കരാറുകൾ ഏറ്റെടുക്കുന്ന കരാറുകാർ പ്രവൃത്തികൾ പകുതി വഴിയിൽ ഉപേക്ഷിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഇത്തരം കരാറുകാർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രവൃത്തികൾ പാതിവഴിയിൽ മുടങ്ങുന്നതുമൂലമുണ്ടാകുന്ന നഷ്ടം കരാറുകാരിൽനിന്ന് ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; നാളിതുവരെ ഇപ്രകാരമുള്ള എത്ര കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

(എ&ബി) പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ ഏറ്റെടുത്തശേഷം പ്രവൃത്തികൾ പാതിവഴിയിൽ ഉപേക്ഷിക്കുന്ന കരാറുകാർക്കെതിരെ ശക്തമായ നടപടികളാണ് സ്വീകരിക്കുന്നത്. കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ പൊതുമരാമത്ത് വകുപ്പ് മാന്വലിൽ നിഷ്കർഷിക്കുന്നവിധമുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. കരാർ കാലാവധിക്കുള്ളിൽ കരാറുകാരന്റെ ഭാഗത്തുനിന്നുള്ള വീഴ്ചമൂലം പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽനിന്നും പൊതുമരാമത്ത് വകുപ്പ് മാന്വൽ ക്ലോസ് 2112.1, Standard Bid Document (SBD) എന്നിവപ്രകാരം പിഴ ഈടാക്കി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചുനൽകുന്നു. അതിനുശേഷവും പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ റദ്ദുചെയ്യുകയും ബാക്കി പ്രവൃത്തി

പുനഃക്രമീകരിക്കുകയും ചെയ്യുന്നു. ഇതുമൂലം സർക്കാരിനുണ്ടാകുന്ന നഷ്ടം ബന്ധപ്പെട്ട കരാറുകാരിൽനിന്നും ഈടാക്കുകയും ചെയ്യുന്നു. ഇത്തരം പ്രവണതകൾ ആവർത്തിക്കുകയാണെങ്കിൽ ഈ കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താനുള്ള നടപടികളും സ്വീകരിക്കാറുണ്ട്. പൊതുമരാമത്ത് വകുപ്പിനുകീഴിൽ നാളിതുവരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയ കരാറുകാരുടെ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**കൊയിലാണ്ടി മണ്ഡലത്തിൽ ടോക്കൺ പ്രൊവിഷൻ ലഭിച്ച പ്രവൃത്തികൾ**

134 (1401) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊയിലാണ്ടി മണ്ഡലത്തിൽ 2018-19 മുതൽ 2022-23 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക ടോക്കൺ പ്രൊവിഷൻ ലഭിച്ച ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചത്; ഇനി ഭരണാനുമതി ലഭിക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമാണ്; വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കൊയിലാണ്ടി മണ്ഡലത്തിൽ കെട്ടിട വിഭാഗവുമായി ബന്ധപ്പെട്ട് 2022-23 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക ടോക്കൺ പ്രൊവിഷൻ ലഭിച്ച പ്രവൃത്തികൾ, ഭരണാനുമതി ലഭിച്ചവ, ലഭിക്കാനുള്ളവ എന്നിവ അനുബന്ധമായി+ ചേർക്കുന്നു.

**പൂഴിത്തറ വളവ് വീതി കൂട്ടുന്നതിന് നടപടി**

**135 (1402)** <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ ചാപ്പനങ്ങാടി-ഇന്ത്യനൂർ-കോട്ടക്കൽ റോഡിലെ പൂഴിത്തറ വളവ് വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ അലൈൻമെന്റ് അന്തിമമായി അംഗീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത അലൈൻമെന്റ് പ്രകാരം വളവിന്റെ വീതി കൂട്ടുന്നതിന് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) അലൈൻമെന്റ് പ്രകാരം പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികളും പൂർത്തീകരിക്കാനുള്ള നടപടികളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

(എ-സി) അലൈൻമെന്റ് സ്കെച്ച് അംഗീകാരത്തിനായി നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ പരിഗണനയ്ക്കുവന്നിരുന്നതും ഇതിൽ ചില ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ചീഫ് എഞ്ചിനീയർ തലത്തിൽ 10-07-2023-ൽ ന്യൂനതകൾ പരിഹരിച്ച് സമർപ്പിക്കുന്നതിന് സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്. അലൈൻമെന്റ് സ്കെച്ചിന് അംഗീകാരം നൽകിയതിനുശേഷം മാത്രമേ ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുക ഉൾപ്പെടെ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**കുറ്റ്യാടി ടൗൺ നവീകരണം**

**136 (1403)** <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ടൗൺ നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

കുറ്റ്യാടി ടൗൺ നവീകരണ പ്രവൃത്തി പുരോഗതിയിലാണ്. 600 മീറ്റർ ഹാൻഡ് റെയിൽ സ്ഥാപിക്കുകയും 250 മീറ്റർ നീളത്തിലുള്ള കോൺക്രീറ്റ് ഡ്രെയിൻ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കുറ്റ്യാടി ടൗണിലെ ഗതാഗതക്കുരുക്ക് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

കുറ്റ്യാടി ടൗണിലെ തിരക്കും ജനങ്ങളുടെ ബുദ്ധിമുട്ടും ഒഴിവാക്കുന്നതിനായി പ്രവൃത്തി സുഗമമായും വേഗത്തിലും പൂർത്തിയാക്കുന്നതിനായി രാത്രികാലങ്ങളിലും പ്രവൃത്തി ചെയ്യാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

**കരാറുകാർക്ക് കുടിശ്ശിക**

**137 (1404)** **ശ്രീ. സണ്ണി ജോസഫ്:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ ചെയ്ത ഇനത്തിൽ കരാറുകാർക്ക് നാളിതുവരെ എത്ര തുക കുടിശ്ശിക നൽകാനുണ്ട്; വിശദമാക്കുമോ?

01-01-2023 മുതൽ 31-05-2023 വരെ 1052.05 കോടി രൂപ പൊതുമരാമത്ത് വകുപ്പിൽ കരാറുകാർക്ക് നൽകാനുണ്ട്.

(ബി) കുടിശിക തുക ലഭിക്കാത്തതിനാൽ കരാറുകൾ ഏറ്റെടുക്കാൻ തയ്യാറാകാത്ത സാഹചര്യം നിലവിലുണ്ടോ?

ഇല്ല.

(സി) കരാറുകാരുടെ കുടിശ്ശിക എന്നത്തേയ്ക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് കരാറുകാരുടെ ബില്ലുകൾ തീർപ്പാക്കിവരുന്നത്. ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിനാവശ്യമായ അധിക തുക അനുവദിച്ച് ബില്ലുകൾ നിശ്ചിത സമയത്ത് തീർപ്പാക്കിവരുന്നുണ്ട്. കരാറുകാർക്ക് നേരത്തെ പേമെന്റ് ലഭിക്കുന്നതിനായി Bill Discounting സംവിധാനവും നിലവിലുണ്ട്.

**ലെവൽ ക്രോസ് ഇല്ലാത്ത കേരളം പദ്ധതി**

**138 (1406)** <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലെവൽ ക്രോസ് ഇല്ലാത്ത കേരളം പദ്ധതി നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതുസംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

(എ&ബി) ലെവൽ ക്രോസ് ഇല്ലാത്ത കേരളം എന്ന ദീർഘകാല ലക്ഷ്യം കൈവരിക്കുന്നതിന് സംസ്ഥാന സർക്കാർ സമഗ്രമായ പദ്ധതിക്ക് രൂപം നൽകി നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി 99 റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ഇതിൽ 72 എണ്ണത്തിന്റെ നിർമ്മാണച്ചുമതല ആർ.ബി.ഡി.സി.കെ.-യ്ക്കും 27 എണ്ണത്തിന്റെ നിർമ്മാണച്ചുമതല കെ.ആർ.ഡി.സി.എൽ.-നും നൽകിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഇത്രയും റെയിൽവേ ഓവർബ്രിഡ്ജുകളുടെ നിർമ്മാണം ഒന്നിച്ച് പുരോഗമിക്കുന്നത്. ആർ.ബി.ഡി.സി.കെ.-യ്ക്ക് നിർമ്മാണച്ചുമതലയുള്ള മേൽപ്പാലങ്ങളിൽ

കാഞ്ഞങ്ങാട് ആർ.ഒ.ബി. പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നുകൊടുത്തു. കൂടാതെ 12 ആർ.ഒ.ബി.-കളുടെ നിർമ്മാണം നടന്നുവരുന്നു. ഒരു മേൽപ്പാലത്തിന്റെ ടെൻഡർ നടപടികൾ സ്വീകരിച്ചുവരുന്നു. 21 റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. 8 റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ GAD റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. സിൽവർ ലൈനുമായി ബന്ധപ്പെട്ട് കിടന്നിരുന്ന 15 ആർ.ഒ.ബി.-കളുടെ GAD പുതുക്കി റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. ഒരു ROB കിഫ്ബിയുടെ പരിഗണനയിലാണ്. 7 ROB-കളുടെ അലൈൻമെന്റ് നിശ്ചയിക്കുന്ന പ്രവൃത്തി തുടരുന്നു. എറണാകുളത്തിനും ഷൊർണ്ണൂരിനും ഇടയ്ക്കുള്ള റെയിൽവേയുടെ മൂന്നാമത്തെ റെയിൽവേ ലൈനിന്റെ അലൈൻമെന്റ് തീരുമാനമാകാത്തതിനാൽ ആറ് പദ്ധതികൾ നിർത്തിവച്ചിരിക്കുകയാണ്. കെ.ആർ.ഡി.സി.എൽ.-ന് നിർമ്മാണച്ചുമതലയുള്ള മേൽപ്പാലങ്ങളിൽ 3 എണ്ണത്തിന് ഭരണാനുമതി നൽകുകയും എൽ.സി.-12-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും

ചെയ്തിട്ടുള്ളതാണ്. മറ്റ് ആർ.ഒ.ബി.-കളുടെയെല്ലാം ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾ പുരോഗമിക്കുന്ന മുറയ്ക്ക് നിർമ്മാണപ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ സാധിക്കും.

(സി) പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഏതൊക്കെ ലെവൽ ക്രോസുകളാണ് ഇല്ലാതെയാകുന്നതെന്ന് അറിയിക്കാമോ?

കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ആർ.ഒ.ബി. പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നുകൊടുത്തിട്ടുള്ളതാണ്. ഫറോക്ക് ആർ.ഒ.ബി. (കോഴിക്കോട്), ഗുരുവായൂർ ആർ.ഒ.ബി. (തൃശ്ശൂർ), ചിറങ്ങര ആർ.ഒ.ബി. (തൃശ്ശൂർ), മാളിയേക്കൽ ആർ.ഒ.ബി. (കൊല്ലം), കൊടുവള്ളി ആർ.ഒ.ബി. (കണ്ണൂർ), താനൂർ-തെയ്യാല ആർ.ഒ.ബി. (മലപ്പുറം), വാടാനാംകുറിശ്ശി ആർ.ഒ.ബി. (പാലക്കാട്), ചിറയിൻകീഴ് ആർ.ഒ.ബി. (തിരുവനന്തപുരം), ഇരവിപുരം ആർ.ഒ.ബി. (കൊല്ലം), അകത്തേത്തറ ആർ.ഒ.ബി. (പാലക്കാട്), കാരിത്താസ് ആർ.ഒ.ബി. (കോട്ടയം), മുളന്തുരുത്തി ആർ.ഒ.ബി. (എറണാകുളം) എന്നിവയുടെ പ്രവൃത്തി പുരോഗമിക്കുന്നു. കെ.ആർ.ഡി.സി.എൽ.-നെ ഏൽപ്പിച്ച പ്രവൃത്തികളിൽ 3 എണ്ണത്തിന്

ഭരണാനുമതി നൽകുകയും എൽ.സി. 12-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുള്ളതാണ്.

**ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി**

**139 (1407)** <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഏതൊക്കെ പ്രദേശങ്ങളിൽ ഒരു പഞ്ചായത്തിൽ ഒരു വിനോദസഞ്ചാര കേന്ദ്രം പദ്ധതി പ്രകാരം ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ആയതിന്റെ പുരോഗതി വിശദമാക്കുമോ?

കോഴിക്കോട് ജില്ലയിലെ പെരുമണ്ണ, മാണിയൂർ എന്നീ പഞ്ചായത്തുകളുടെ പദ്ധതികൾക്ക് ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) തിരുവമ്പാടി മണ്ഡലത്തിൽനിന്നും പ്രസ്തുത പദ്ധതിയിലേയ്ക്ക് ലഭിച്ച അപേക്ഷകൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതിയുടെ ഭാഗമായി തിരുവമ്പാടി മണ്ഡലത്തിൽനിന്നും മുക്കം നഗരസഭയുടെ തൃക്കുടമണ്ണ തീർത്ഥാടന പദ്ധതിക്കും കോടഞ്ചേരി ഗ്രാമപഞ്ചായത്ത് സമർപ്പിച്ച ഹാങിംഗ് ബ്രിഡ്ജ് അറ്റ് പതങ്കയം വാട്ടർഫാൾസ് എന്ന പദ്ധതിക്കും ഭരണാനുമതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ആനക്കയം അഗ്രോ ടൂറിസം പാർക്കിലെ രണ്ടാംഘട്ട വികസനം**

**140 (1408)** <u>**ശ്രീ. പി. ഉബൈദുള്ള**</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ആദ്യത്തെ അഗ്രോ ടൂറിസം പാർക്കായ ആനക്കയം കശുമാവ് ഗവേഷണകേന്ദ്രത്തിലെ രണ്ടാംഘട്ട വികസന പദ്ധതികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്;

(ബി) രണ്ടാംഘട്ട പദ്ധതിയിൽ എന്തെല്ലാം ടൂറിസം പദ്ധതികളാണ് വിനോദ സഞ്ചാരികൾക്ക് ഒരുക്കാൻ ഉദ്ദേശിക്കുന്നത്; ഇതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(സി) വിനോദവും കാർഷിക പഠനവും ലക്ഷ്യമിട്ടുള്ള ജില്ലയിലെ ആദ്യത്തെ അഗ്രോ ടൂറിസം പാർക്കിന്റെ രണ്ടാംഘട്ട വികസന പദ്ധതികൾക്ക് എന്നത്തേക്ക് അംഗീകാരം നൽകുമെന്ന് വ്യക്തമാക്കുമോ?

(എ-സി) ആനക്കയം അഗ്രോ ടൂറിസം പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തീകരിച്ച് കാർഷിക സർവ്വകലാശാലയ്ക്ക് കൈമാറിയിട്ടുണ്ട്. ഈ പദ്ധതിയുടെ രണ്ടാംഘട്ടം നിലവിൽ വിനോദസഞ്ചാര വകുപ്പിന്റെ പരിഗണനയിലില്ല.

**കേരള ടൂറിസത്തിന് ആയുർവേദത്തിന്റെ കൈത്താങ്ങ്**

**141 (1409)** **ശ്രീ. മുഹമ്മദ് മുഹസിൻ:**
**ശ്രീ. വി. ആർ. സുനിൽകുമാർ:**
**ശ്രീ. ജി. എസ്. ജയലാൽ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ ടൂറിസം ലോകത്താകമാനം വളർന്നുവരുന്ന സാഹചര്യത്തിൽ ആയുർവേദ പാരമ്പര്യ ചികിത്സാ രംഗത്ത് കേരളത്തിന്റെ സാധ്യതകൾ കൂടുതലായി പ്രയോജനപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മെഡിക്കൽ ടൂറിസത്തിന്റെ വളർച്ചയ്ക്കനുസരിച്ച് കേരളത്തിന്റെ സാധ്യതകൾ വികസിപ്പിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കുന്നു.

(ബി) മൺസൂൺ കാലത്ത് ആയുർവേദ ചികിത്സ തേടി വിനോദസഞ്ചാരികൾ കേരളത്തിലേയ്ക്ക് എത്തുന്നതിനുള്ള സാധ്യതകൾ കണക്കിലെടുത്ത് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും പ്രചാരണ പരിപാടികൾ നടത്തുന്നു. കൂടാതെ മൺസൂൺ കാലത്ത് വിനോദസഞ്ചാര കേന്ദ്രങ്ങളിലുള്ള ആയുർവേദ സ്ഥാപനങ്ങളിലെല്ലാം അതിഥികളെ സ്വീകരിക്കുന്നതിന് മുന്നൊരുക്കങ്ങൾ നടത്തിയിട്ടുണ്ട്.

(സി) കേരളത്തിന്റെ ഏറ്റവും മികച്ച ടൂറിസം ഉൽപ്പന്നങ്ങളിലൊന്നായി ആയുർവേദ ചികിത്സയെ മാറ്റുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ?

ടൂറിസം മേഖലയിൽ ആയുർവേദ വെൽനെസ്സും ചികിത്സയുമായും ബന്ധപ്പെട്ട് കേരളത്തിലേയ്ക്ക് കൂടുതൽ ആളുകൾ എത്തുന്നുണ്ട്. മെഡിക്കൽ ടൂറിസവുമായി ബന്ധപ്പെട്ട് ഒരു വിദേശ പൗരൻ ശരാശരി 14 ദിവസത്തോളം

കേരളത്തിൽ കഴിയുന്നതായി കേന്ദ്ര സർക്കാർ വിലയിരുത്തിയിട്ടുണ്ട്. കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളിലെ മികച്ച അടിസ്ഥാന സൗകര്യങ്ങളുള്ള ആയുർവേദ ഹോസ്പിറ്റൽ-കം-ഹെൽത്ത് റിസോർട്ടുകൾ ധാരാളമായി പ്രവർത്തിക്കുന്നുണ്ട്. കൂടാതെ എല്ലാ റിസോർട്ടുകളിലും 4 സ്റ്റാർ മുതലുള്ള മിക്ക ഹോട്ടലുകളിലും ആയുർവേദ പഞ്ചകർമ്മ ചികിത്സാ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഇത്രയും വിപുലമായി അടിസ്ഥാന സൗകര്യങ്ങൾ വികസിച്ചതിന്റെ ഭാഗമായി മികച്ച ടൂറിസം ഉൽപ്പന്നമായി ആയുർവേദ ചികിത്സയെ മാറ്റിയെടുക്കുന്നതിന് സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആയുർവേദ ചികിത്സാ കേന്ദ്രങ്ങളുടെ പ്രവർത്തനം സർക്കാരിന്റെ പൂർണ്ണ നിരീക്ഷണത്തിൽ കൊണ്ടുവരുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ടൂറിസം വകുപ്പിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്ക് ഗോൾഡ്, സിൽവർ, പ്ലാറ്റിനം ഗ്രേഡിംഗുകൾ നൽകിയിട്ടുണ്ട്. ഈ ക്ലാസിഫിക്കേഷൻ വകുപ്പിന്റെ വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഇ) ആയുർവേദ ചികിത്സയുടെ പേരിൽ ആഭ്യന്തര, വിദേശ വിനോദസഞ്ചാരികളെ ചൂഷണം ചെയ്യുന്നത് നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ആയുർവേദ സെന്ററുകൾക്ക് ക്ലാസിഫിക്കേഷൻ നൽകി ടൂറിസം വകുപ്പിന്റെ keralatourism.org എന്ന വെബ്സൈറ്റിൽ അംഗീകാരം ലഭിച്ചതിന്റെ വിവരങ്ങൾ നൽകിയിട്ടുണ്ട്.

**കാരവൻ ടൂറിസം പദ്ധതി**

**142 (1410)** **ശ്രീ. ഷാഫി പറമ്പിൽ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരവൻ ടൂറിസം പദ്ധതി ആരംഭിച്ചത് എന്നാണെന്നും പ്രസ്തുത പദ്ധതിയിൽ നാളിതുവരെ എത്ര സംരംഭകർ അംഗങ്ങളായിട്ടുണ്ടെന്നും അറിയിക്കാമോ; പദ്ധതിയിലൂടെ രജിസ്ട്രേഷൻ ഫീസ്, ജി.എസ്.ടി., മറ്റിനങ്ങൾ എന്നിവയിലൂടെ നാളിതുവരെ എത്ര തുകയുടെ വരുമാനം ലഭിച്ചിട്ടുണ്ടെന്ന് സാമ്പത്തികവർഷം അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് സർക്കാർ സംവിധാനങ്ങളിൽനിന്നും സഞ്ചാരികളിൽനിന്നും വേണ്ടത്ര അനുകൂല പ്രതികരണം ലഭിക്കുന്നില്ലായെന്നതും പദ്ധതിയിൽ അംഗങ്ങളായ സംരംഭകർ വലിയ പ്രതിസന്ധി നേരിടുകയാണെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) 08-10-2021-ലെ സ.ഉ.(കൈ) നം.18/2021/ടൂറിസം പ്രകാരം കാരവൻ നയം പ്രഖ്യാപിച്ചതോടുകൂടിയാണ് സംസ്ഥാനത്ത് കാരവൻ ടൂറിസം പദ്ധതി ആരംഭിച്ചത്. നാളിതുവരെ 10 സംരംഭകർ കാരവൻ വാങ്ങി വകുപ്പുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കാരവൻ ടൂറിസവുമായി ബന്ധപ്പെട്ട് വിനോദസഞ്ചാര വകുപ്പിന് നേരിട്ട് വരുമാനം ലഭിക്കുന്നില്ല. കാരവൻ സബ്സിഡി ഏർപ്പെടുത്തിയും കാരവനുകൾക്ക് നികുതിയിളവ് നൽകിയും കാരവൻ ടൂറിസത്തിന് പ്രോത്സാഹനം നൽകിവരുന്നു. കൂടാതെ കാരവൻ ടൂറിസത്തിന്റെ പുരോഗതി 04-08-2023-ൽ കാരവൻ ടൂറിസം സംരംഭകരുമായി വിനോദസഞ്ചാര വകുപ്പ് സെക്രട്ടറി ചർച്ച ചെയ്തിരുന്നു.

സംരംഭകരുടെകൂടി നിർദ്ദേശങ്ങൾ പരിഗണിച്ച് ആവശ്യമായ തുടർ നടപടികൾ പരിശോധിക്കുന്നതാണ്.

**ചരിത്ര സ്മാരകങ്ങൾ കോർത്തിണക്കി ടൂറിസം പദ്ധതി ആരംഭിക്കാൻ നടപടി**

**143 (1411)** ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിലെ വിവിധ ചരിത്ര സ്മാരകങ്ങൾ കോർത്തിണക്കി ടൂറിസം പദ്ധതി നടപ്പിലാക്കുമെന്ന പ്രഖ്യാപനത്തെത്തുടർന്ന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) നിരവധി ചരിത്ര പ്രസിദ്ധമായ സ്ഥലങ്ങൾ ഉൾപ്പെടുന്ന തിരൂരിൽ ചരിത്ര പഠിതാക്കൾക്ക് പ്രയോജനകരമാകുന്നതും ടൂറിസ്റ്റുകളെ ആകർഷിക്കുന്ന വിധത്തിലുമുള്ള ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ?

(എ&ബി) മലബാറിലെ വിവിധ ചരിത്ര സ്മാരകങ്ങൾ കോർത്തിണക്കി ടൂറിസം പദ്ധതി നടപ്പിലാക്കുന്നതുസംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നു.

**ടേക് എ ബ്രേക്ക് പദ്ധതി**

**144 (1412)** <u>ശ്രീ. പി. കെ. ബഷീർ</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടേക് എ ബ്രേക്ക് എന്ന പദ്ധതി സംസ്ഥാനത്ത് എവിടെയെല്ലാം നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ?

സംസ്ഥാനത്തെ വിവിധ ജില്ലകളിലായി ഏറ്റെടുത്ത 1722 ടേക് എ ബ്രേക്ക് പദ്ധതികളിൽ 1032 എണ്ണം പൂർത്തീകരിക്കുകയും 971 എണ്ണം പ്രവർത്തനം തുടങ്ങുകയും ചെയ്തിട്ടുണ്ട്. പ്രവർത്തനം തുടങ്ങിയവയുടെ ലിസ്റ്റ് അനുബന്ധമായി+ ചേർക്കുന്നു.

(ബി) പുതുതായി എവിടെയെല്ലാമാണ് പദ്ധതി ആരംഭിക്കുന്നതെന്നും അവയുടെ നിലവിലെ സ്ഥിതിയെന്താണെന്നും വിശദമാക്കുമോ?

പുതുതായി ആരംഭിക്കുന്ന 690 പദ്ധതികളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. സ്ഥല നിർണ്ണയം പൂർത്തിയാകുന്നമുറയ്ക്ക് ഈ പദ്ധതികൾ ആരംഭിക്കുന്നതാണ്.

| **ജില്ലയുടെ പേര്** | **പുതുതായി തുടങ്ങുന്ന പദ്ധതികളുടെ എണ്ണം** |
|---|---|

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

| | |
|---|---|
| തിരുവനന്തപുരം | 23 |
| കൊല്ലം | 43 |
| പത്തനംതിട്ട | 26 |
| ആലപ്പുഴ | 32 |
| കോട്ടയം | 63 |
| ഇടുക്കി | 25 |
| എറണാകുളം | 65 |
| തൃശ്ശൂർ | 34 |
| പാലക്കാട് | 56 |
| മലപ്പുറം | 138 |
| കോഴിക്കോട് | 62 |
| വയനാട് | 25 |
| കണ്ണൂർ | 67 |
| കാസർഗോഡ് | 31 |
| **ആകെ** | **690** |

(സി) ടേക് എ ബ്രേക്ക് പദ്ധതിയിലുൾപ്പെടുത്തി ഏറനാട് മണ്ഡലത്തിൽ എത്ര വഴിയോര വിശ്രമ കേന്ദ്രങ്ങളാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; ഇതിൽ എത്ര എണ്ണത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ?

ഏറനാട് നിയോജകമണ്ഡലത്തിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന വഴിയോര വിശ്രമ കേന്ദ്രങ്ങളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **തദ്ദേശ സ്ഥാപനം** | **പ്രവൃത്തികളുടെ എണ്ണം** | **നിലവിലെ സ്ഥിതി** | **ടേക്ക് എ ബ്രേക്ക് സ്ഥിതി ചെയ്യുന്ന സ്ഥലം** |
|---|---|---|---|
| അരീക്കോട് ഗ്രാമപഞ്ചായത്ത് | 2 | പൂർത്തീകരിച്ചു. | ഗ്രാമപഞ്ചായത്ത് ഓഫീസ് - 1 എണ്ണം ബസ്സ്സ്റ്റാന്റ് - 1 എണ്ണം |
| കീഴുപറമ്പ് ഗ്രാമപഞ്ചായത്ത് | 2 | പ്രവർത്തനം പുരോഗമിക്കുന്നു. | ഗ്രാമപഞ്ചായത്ത് ഓഫീസ്-1 എണ്ണം പാണക്കാട്-1 എണ്ണം |
| ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് | 2 | 1 എണ്ണം പുരോഗമിക്കുന്നു. 1 എണ്ണം ആരംഭിച്ചിട്ടില്ല. | തേരാട്ടമ്മൽ ഗ്രൗണ്ട് ഊർങ്ങാട്ടിരി ടൗൺ |
| ഇടമന ഗ്രാമപഞ്ചായത്ത് | 2 | പൂർത്തീകരിച്ചു. | ബസ്സ്സ്റ്റാൻഡ് -1 എണ്ണം ഗ്രാമപഞ്ചായത്ത് ഓഫീസ്-1 എണ്ണം |
| കാവനൂർ ഗ്രാമപഞ്ചായത്ത് | 2 | 1 എണ്ണം പൂർത്തീകരിച്ചു. 1 എണ്ണം പുരോഗമിക്കുന്നു. | ഗ്രാമപഞ്ചായത്ത് ഓഫീസ്-1 എണ്ണം കെ.എസ്.റ്റി.പി. കാവനൂർ-1 എണ്ണം |
| കുഴിമണ്ണ ഗ്രാമപഞ്ചായത്ത് | 2 | 1 എണ്ണം പൂർത്തീകരിച്ചു. 1 എണ്ണം ആരംഭിച്ചിട്ടില്ല. | ഗ്രാമപഞ്ചായത്ത് ഓഫീസ്-1 എണ്ണം പി.എച്ച്.സി. കുഴിമണ്ണ |

| | | | |
|---|---|---|---|
| ചാലിയാർ ഗ്രാമപഞ്ചായത്ത് | 2 | പൂർത്തീകരിച്ചു. | ഗ്രാമപഞ്ചായത്ത് ഓഫീസ്-1 എണ്ണം അകംപാടം ബസ്സ്സ്റ്റാൻഡ്- 1 എണ്ണം |

**തീരദേശ ഹൈവേ പദ്ധതിയും ടൂറിസം വികസനവും**

**145 (1413)** **ശ്രീ. എം. വിൻസെന്റ്:**

**ശ്രീ. പി. സി. വിഷ്ണുനാഥ്:**

**ശ്രീമതി കെ. കെ. രമ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശത്തെ ടൂറിസം വികസനമാണോ തീരദേശ ഹൈവേയുടെ പ്രധാന ലക്ഷ്യമെന്ന് വ്യക്തമാക്കാമോ?

കേരളത്തിന്റെ തീരമേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ടാണ് തീരദേശ ഹൈവേ പദ്ധതിക്ക് രൂപം നൽകിയത്. തീരപ്രദേശത്തെ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്താനുള്ള പശ്ചാത്തലസൗകര്യം ഒരുക്കുകയാണ് തീരദേശ ഹൈവേ പദ്ധതിയുടെ ലക്ഷ്യം. തീരപ്രദേശത്തെ ജനങ്ങളുടെ തൊഴിലും ജീവിതവും ഈ പദ്ധതിയുടെ ഭാഗമായി മെച്ചപ്പെടും. മത്സ്യബന്ധന മേഖലയിൽ മികച്ച പശ്ചാത്തല സൗകര്യമൊരുങ്ങുന്നത് ആ

മേഖലയിൽ വലിയ കുതിപ്പുണ്ടാകാൻ സഹായിക്കും. ഇത് തീരപ്രദേശത്തെ ജനതയുടെ ജീവിത നിലവാരമുയർത്താനും സഹായകരമാകും. മത്സ്യ അനുബന്ധ മേഖലകളിലെ വ്യവസായവും ഇതുവഴി മെച്ചപ്പെടും. തീരമേഖലകളിലെ ചെറുകിട വ്യവസായത്തെ സമ്പുഷ്ടമാക്കാനും ഇതുവഴി സാധിക്കും. സംസ്ഥാനത്തെ നിരവധി ബീച്ചുകൾ ഇതിനോടകംതന്നെ ലോക പ്രശസ്തമാണ്. അത്തരം ബീച്ചുകളിലേയ്ക്കുള്ള പശ്ചാത്തലസൗകര്യം മെച്ചപ്പെടുന്നത് ടൂറിസം മേഖലയ്ക്ക് ഗുണകരമാകും. പുതിയ ടൂറിസം ഡെസ്റ്റിനേഷനുകൾ ഇതിന്റെ ഭാഗമായി വികസിപ്പിക്കും.

(ബി) തീരദേശ ഹൈവേയുടെ ഭാഗമായി 50 കി.മീ. ദൈർഘ്യത്തിൽ ഇടവിട്ട് 12 ടൂറിസം ഹബ്ബുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് തീരദേശ ഹൈവേ പദ്ധതിയുടെ പദ്ധതിരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

കേരളത്തിലെ നിരവധി ബീച്ചുകൾ ഇതിനോടകംതന്നെ ലോക പ്രശസ്തമാണ്. വിദേശ വിനോദസഞ്ചാരികൾ ഉൾപ്പെടെയുള്ള വിനോദസഞ്ചാരികൾ ബീച്ച് ടൂറിസത്തിന്റെ ഭാഗമായി

കേരളത്തിലെത്തുന്നുണ്ട്. ബീച്ച് ടൂറിസത്തിന്റെ സാധ്യത വർദ്ധിക്കുമെന്നതിനാൽ പുതിയ ഡെസ്റ്റിനേഷനുകൾ തീരദേശപാതയുടെ ഭാഗമായി വികസിപ്പിക്കും. ജനവാസ മേഖലയല്ലാത്ത ഇടങ്ങൾ വിശദ പദ്ധതി രേഖ തയ്യാറാക്കുന്ന ഘട്ടത്തിൽ നിർദ്ദേശിക്കുന്നുണ്ട്.

(സി) പരമ്പരാഗതമായി മത്സ്യബന്ധനവും അനുബന്ധത്തൊഴിലും ഉപജീവനമാർഗ്ഗമാക്കിയ മത്സ്യത്തൊഴിലാളി സമൂഹത്തെ തീരദേശ ഹൈവേ എങ്ങനെ ബാധിക്കുമെന്ന പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഡി.പി.ആർ. തയ്യാറാക്കുന്ന ഏജൻസികൾ നിയമപരമായ പരിശോധനയും പഠനവും നടത്തിയാണ് തീരദേശപാതയുടെ വിശദ പദ്ധതി രേഖ തയ്യാറാക്കുന്നത്.

**കലശമല ഇക്കോ ടൂറിസം പദ്ധതി**

**146 (1414)** <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്നംകുളം മണ്ഡലത്തിലെ കലശമല ഇക്കോ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ നടപടിയുടെ പുരോഗതി വിശദമാക്കാമോ?

കലശമല ഇക്കോ ടൂറിസം പദ്ധതിയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട സാമൂഹികാഘാത പഠനം പൂർത്തിയാവുകയും വിദഗ്ദ്ധ സമിതി റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു. അലൈൻമെന്റ് കല്ലുകൾ സ്ഥാപിച്ച് അവയുടെ സ്ഥാനവും അളവുകളും രേഖപ്പെടുത്തിയ സ്കെച്ച് റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. സർവ്വേ പ്രകാരമുള്ള ഭൂമി ഉടമസ്ഥരെ ഉൾപ്പെടുത്തി, 11 (1) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**തവനൂർ മണ്ഡലത്തിൽ സൺസെറ്റ് പാർക്ക് നിർമ്മാണം**

**147 (1415)** ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ പുറത്തൂർ പടിഞ്ഞാറേക്കരയിൽ വിനോദസഞ്ചാര വകുപ്പ് മുഖേന സൺസെറ്റ് പാർക്ക് നിർമ്മിക്കുന്ന പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) സൺസെറ്റ് ബീച്ച് പാർക്ക് പദ്ധതിയുടെ 30% പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടതിനാൽ പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**നെല്ലിയാമ്പതിക്ക് അനുവദിച്ച ടൂറിസം പദ്ധതി**

**148 (1416)** <u>ശ്രീ. കെ. ബാബു (നെന്മാറ)</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതിക്ക് അനുവദിച്ച ടൂറിസം പദ്ധതിയുടെ ടെൻഡർ നടപടികളും പ്രവർത്തനോദ്ഘാടനവും കഴിഞ്ഞിട്ടും പ്രവൃത്തി തുടങ്ങാനുള്ള തടസ്സങ്ങളെന്താണെന്ന് വിശദമാക്കുമോ?

നെല്ലിയാമ്പതിക്ക് അനുവദിച്ച ടൂറിസം പദ്ധതി പ്രദേശം വനം വകുപ്പിന്റെ നിയന്ത്രണത്തിലായതിനാൽ വനം വകുപ്പിന്റെ അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം കാരണം പദ്ധതി ആരംഭിക്കാൻ സാധിച്ചിട്ടില്ല.

(ബി) വിനോദസഞ്ചാരത്തിന് ഏറെ ഗുണകരമായ പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

17-08-2020-ലെ സ.ഉ.(സാധാ)നം.271/2020/ടൂറിസം നമ്പർ ഉത്തരവ് പ്രകാരം പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതിയിൽ വിനോദസഞ്ചാരികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായുള്ള പദ്ധതിക്ക് 5.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി പദ്ധതിയുടെ നോഡൽ ഏജൻസി KTIL-ഉം നിർവ്വഹണ ഏജൻസി HITES-ഉം ആണ്. നെല്ലിയാമ്പതിയിൽ കൃഷി വകുപ്പ് ഡി.ടി.പി.സി.-ക്ക് കൈമാറിയ സ്ഥലത്താണ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്. എന്നാൽ ടി പ്രദേശമാകെ വനം വകുപ്പിന്റെ നിയന്ത്രണത്തിലായതിനാൽ പദ്ധതി നടപ്പാക്കുന്നതിന് വനം വകുപ്പിൽനിന്നും അനുമതി ലഭിച്ചിരുന്നില്ല. ഈ വിഷയം പരിഹരിക്കുന്നതിനായി വിനോദസഞ്ചാര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 07-02-2022-ൽ പ്രിൻസിപ്പൽ സെക്രട്ടറി,

വനം വകുപ്പ്, ജില്ലാ കളക്ടർ, വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ എന്നിവരുടെ യോഗം വിളിച്ചുചേർക്കുകയുണ്ടായി. യോഗത്തിൽ വിഷയം പരിഹരിക്കുന്നതിനും വനം വകുപ്പിനുകൂടി സ്വീകാര്യമായ ഘടകങ്ങൾ മാത്രം ഉൾപ്പെടുത്തി പദ്ധതി നടപ്പാക്കാനും തീരുമാനിച്ചു. നെല്ലിയാമ്പതി ടൂറിസം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നെല്ലിയാമ്പതിയിലെ പരിസ്ഥിതിക്ക് ദോഷകരമാകാത്ത രീതിയിൽ കൂടുതൽ അടിസ്ഥാന വികസന പദ്ധതികൾ വിനോദസഞ്ചാര വകുപ്പിന്റെ ഫണ്ടുപയോഗിച്ച് കൂട്ടിച്ചേർത്ത് നടപ്പാക്കാവുന്നതാണെന്നും നെല്ലിയാമ്പതി പഞ്ചായത്തിന്റെ അധീനതയിൽ നിലവിലുള്ള സൗകര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തി പരിസ്ഥിതിക്ക് കോട്ടംതട്ടാതെതന്നെ വിനോദസഞ്ചാരികൾക്ക് പ്രയോജനപ്പെടുത്താവുന്നതാണെന്നും വനം വകുപ്പ് സമ്മതിച്ചിട്ടുണ്ട്. വനം വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നെല്ലിയാമ്പതിയിൽ വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നതാണ്.

**അഴീക്കോട് മുനക്കൽ ഡോൾഫിൻ ബീച്ച് വികസിപ്പിക്കാൻ നടപടി**

**149 (1417)** <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏറ്റവും വലിയ ബീച്ചുകളിലൊന്നായ കൈപ്പമംഗലം മണ്ഡലത്തിലെ അഴീക്കോട് മുനക്കൽ മുസിരിസ് ഡോൾഫിൻ ബീച്ചിനെ ആഗോളതലത്തിൽ അറിയപ്പെടുന്ന വിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റുന്നതിന് എന്തെല്ലാം പരിപാടികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ?

അഴീക്കോട് മുനക്കൽ മുസിരിസ് ബീച്ച് നിലവിൽ ഇന്ത്യയിലെതന്നെ ഏറ്റവും വലിയ ഹെറിറ്റേജ് പ്രോജക്ടായ മുസിരിസ് പൈതൃക പദ്ധതിയിൽ 2019 ഡിസംബർ മുതൽ ഉൾപ്പെടുത്തി പരിപാലിച്ചുവരികയാണ്. പ്രസ്തുത സ്ഥലത്ത് 5.97 കോടി രൂപയുടെ സൗന്ദര്യവൽക്കരണ നവീകരണ പ്രവൃത്തികൾ നടന്നുവരുന്നു. ഇവ പൂർത്തീകരിക്കുന്നതോടൊപ്പം പ്രസ്തുത സ്ഥലത്തെ ലോകനിലവാരത്തിലുള്ള ബീച്ചുകളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി ബ്ലൂ ഫ്ലാഗ് സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള

പ്രാരംഭ നടപടികൾ തുടങ്ങിക്കഴിഞ്ഞു. സൗന്ദര്യവൽക്കരണ നവീകരണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതോടൊപ്പം വിദേശികളും സ്വദേശികളുമായ സഞ്ചാരികളെ മുനക്കൽ മുസിരിസ് ബീച്ചിലേയ്ക്ക് ആകർഷിക്കുന്നതിനും അതോടൊപ്പം ലോകശ്രദ്ധ ആകർഷിക്കുന്നതിനുമായി ഫെസ്റ്റിവൽ ഇവന്റുകൾ നടത്തുന്നതിനും ഉദ്ദേശിക്കുന്നു.

(ബി) പ്രസ്തുത ബീച്ചിന്റെ നിലവിലെ സ്ഥിതിയും ടൂറിസം സാധ്യതയും വിശദീകരിക്കുമോ?

സൗന്ദര്യവത്കരണത്തിന്റെ ഭാഗമായി പ്രസ്തുത ബീച്ചിന്റെ നവീകരണ പ്രവൃത്തികൾ നടന്നുവരുന്നു. നിലവിൽ പ്രസ്തുത സ്ഥലത്തിന്റെ ടൂറിസം സാധ്യതകൾ മുൻനിർത്തി മുസിരിസ് പ്രദേശം സന്ദർശിക്കാനെത്തുന്ന സഞ്ചാരികളെ മുസിരിസ് ബോട്ട് സർക്യൂട്ടിന്റെ ഭാഗമാക്കി മുനക്കൽ ബീച്ചിലും എത്തിക്കുന്ന പ്രാരംഭ നടപടികൾ ആവിഷ്കരിച്ചുവരുന്നു.

**കുട്ടനാടൻ കായൽ ടൂറിസം മെച്ചപ്പെടുത്താൻ നടപടി**

**150 (1418)** <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാടൻ കായൽ ടൂറിസം മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ബോട്ടുകൾ അടുക്കുന്ന ഇടങ്ങളിൽ കൂടുതൽ സൗകര്യങ്ങളൊരുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഹൗസ് ബോട്ട് ജീവനക്കാരുടെയും ഉടമസ്ഥരുടെയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(എ-സി) കുട്ടനാടൻ കായൽ ടൂറിസത്തിന്റെ ഭാഗമായി ബോട്ടുകൾ അടുക്കുന്ന ഇടങ്ങളിൽ കൂടുതൽ സൗകര്യങ്ങളൊരുക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**മട്ടന്നൂർ മണ്ഡലത്തിലെ ക്ഷേത്രങ്ങളെ പൈതൃക ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി**

**151 (1419)** ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിലെ മെരുവമ്പായി ശ്രീ കൂർമ്പ ഭഗവതി ക്ഷേത്രം, കാഞ്ഞിലേരി ശ്രീ കോറോത്ത് ശ്രീകൃഷ്ണ ക്ഷേത്രം എന്നിവയെ പൈതൃക ടൂറിസം പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കുന്നതിനുവേണ്ടി നൽകിയ അപേക്ഷയിൽ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ക്ഷേത്രങ്ങളെ പൈതൃക ടൂറിസം പദ്ധതിയിലുൾപ്പെടുത്തുന്നത് സംബന്ധിച്ച് ടൂറിസം ഡയറക്ടറേറ്റിൽനിന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) അതിപുരാതനവും വാസ്തുശില്പപരമായി ഏറെ സവിശേഷതകളുള്ളതുമായ ക്ഷേത്രങ്ങളെ തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ?

(എ-സി) പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ടൂറിസം ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**പുളിമാത്ത് കടലുകാണി ടൂറിസം പദ്ധതിയുടെ രണ്ടാംഘട്ട നിർമ്മാണത്തിന്റെ പുരോഗതി**

**152 (1420)** ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ മണ്ഡലത്തിലെ പുളിമാത്ത് കടലുകാണി ടൂറിസം പദ്ധതിയുടെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ?

കടലുകാണിപാറ ടൂറിസം പദ്ധതിയുടെ രണ്ടാംഘട്ടം നടപ്പാക്കാൻ ഹിന്ദുസ്ഥാൻ പ്രീഫാബ് എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിരുന്നു. കോവിഡ് കാരണം പ്രവൃത്തി വൈകിയതും പിന്നീട് നിർവ്വഹണ ഏജൻസി പദ്ധതി തുടരാൻ താത്പര്യമില്ലായെന്ന് അറിയിക്കുകയും ചെയ്തതുകാരണം ഈ പദ്ധതി പ്രവർത്തനങ്ങൾ വൈകുകയുണ്ടായി. പുതിയ ഏജൻസിയായി M/s. SILK-നെ തിരഞ്ഞെടുത്തിട്ടുണ്ട്. അതോടൊപ്പംതന്നെ ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞതിനാൽ ഉത്തരവ് റീവാലിഡേറ്റ് ചെയ്യുന്നതിനാവശ്യമായ നടപടിയും സ്വീകരിച്ചുവരുന്നു.

**പട്ടാമ്പി മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

**153 (1421)** ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടാമ്പി മണ്ഡലത്തിൽ ടൂറിസം വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഇനി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം നൽകാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടാമ്പി മണ്ഡലത്തിൽ ടൂറിസം പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. എന്നാൽ പിൽഗ്രിം ടൂറിസം സർക്യൂട്ട് സ്കീമിൽ ഉൾപ്പെടുത്തി പട്ടാമ്പി മണ്ഡലത്തിലെ 7 ക്ഷേത്രങ്ങളുടെ പിൽഗ്രിം ടൂറിസം സാധ്യതകൾ പരിശോധിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

**ചാവക്കാട് ബീച്ചിലെ ഫ്ലോട്ടിംഗ് ബ്രിഡ്ജ് നിർമ്മാണം**

**154 (1422)** <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ ചാവക്കാട് ബീച്ചിൽ ടൂറിസം വകുപ്പ് സ്ഥാപിക്കുന്ന ഫ്ലോട്ടിംഗ് ബ്രിഡ്ജിന്റെ നിലവിലെ പുരോഗതി വിലയിരുത്താമോ;

(ബി) പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ?

(എ&ബി) ചാവക്കാട് ബീച്ചിൽ ഫ്ലോട്ടിംഗ് ബ്രിഡ്ജ് സ്ഥാപിക്കാനുള്ള നടപടികൾ ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ (DMC) സ്വീകരിച്ചുവരുന്നുണ്ട്. ഫ്ലോട്ടിംഗ് ബ്രിഡ്ജ് സ്ഥാപിക്കാൻ താൽപ്പര്യപത്രം മുഖേന ഏജൻസിയെ തെരഞ്ഞെടുത്ത് കരാർ ഒപ്പുവയ്ക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മൺസൂണിനുശേഷം നിർമ്മാണം അതിവേഗം പൂർത്തിയാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ഒരു പഞ്ചായത്തിൽ ഒരു വിനോദസഞ്ചാര കേന്ദ്രം വികസിപ്പിക്കുന്ന പദ്ധതി**

**155 (1423)** <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു വിനോദസഞ്ചാര കേന്ദ്രം വികസിപ്പിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) നിലവിൽ എത്ര പഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി നടപ്പിലായിട്ടുണ്ട്; അറിയിക്കുമോ?

(എ&ബി) ടൂറിസം സാധ്യതയുള്ള വിവിധ സ്ഥലങ്ങളെ ടൂറിസം ഡെസ്റ്റിനേഷനുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ച പുതിയ പദ്ധതിയാണ് “ഡെസ്റ്റിനേഷൻ ചലഞ്ച്”. 08-06-2022-ന് സംസ്ഥാനതല ഉദ്ഘാടനം നടന്ന ഈ പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും നേതൃത്വത്തോടെയും തദ്ദേശീയമായ വിനോദസഞ്ചാര സാധ്യതകളുള്ള ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ച് ടൂറിസം വികസനം വിപുലമാക്കാനാണുദ്ദേശിക്കുന്നത്. ടി പദ്ധതിയിൻകീഴിൽ തെരഞ്ഞെടുക്കപ്പെടുന്ന പ്രവൃത്തികൾക്ക് പദ്ധതി തുകയുടെ 60% (പരമാവധി 50 ലക്ഷം രൂപവരെ) വിനോദസഞ്ചാര വകുപ്പ് നൽകുന്നതാണ്. ബാക്കി തുക അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്. ഇതിനായി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 'പദ്ധതി റിപ്പോർട്ട്' ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ പോർട്ടലിൽ നിർദ്ദിഷ്ട മാതൃകയിൽ അപ്‌ലോഡ് ചെയ്യേണ്ടതും വിനോദസഞ്ചാര വകുപ്പ് ആവശ്യമായ പരിശോധനകൾ നടത്തി ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ നിബന്ധനകൾക്ക്

വിധേയമായി ഭരണാനുമതി നൽകുന്നതുമാണ്. 27-07-2023-ലെ സ.ഉ. (സാധാ) നം. 371/2023/TSM നമ്പർ ഉത്തരവ് പ്രകാരം ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ വിനോദസഞ്ചാര വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും ഫണ്ടിനൊപ്പം എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടുകൂടി വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ 33 പഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഏറനാട് മണ്ഡലത്തിൽനിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

(സി&ഡി) നാളിതുവരെയായി ഏറനാട് മണ്ഡലത്തിൽനിന്നും അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

**ഈരാറ്റിൻപുറം ടൂറിസം പദ്ധതി**

**156 (1424)** ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ ഈരാറ്റിൻപുറം ടൂറിസം പദ്ധതിയിൽ ഇതുവരെ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പൂർത്തീകരിക്കേണ്ട ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ-സി) ഈരാറ്റിൻപുറം ടൂറിസം പദ്ധതി നിർമ്മാണം അന്തിമഘട്ടത്തിലാണ്. ഇലക്ട്രിക്കൽ വർക്കുകൾ നടന്നുവരുന്നു. ടോയ്‌ലെറ്റ് ബ്ലോക്ക്, ഗാർഡ് റൂം, കഫറ്റീരിയ, പാർക്കിംഗ് ഏരിയ, ഇരിപ്പിടം തുടങ്ങിയ സിവിൽ പ്രവൃത്തികൾ ഏജൻസി പൂർത്തിയാക്കി. ഇതോടൊപ്പംതന്നെ എൻട്രൻസ് ഗേറ്റ്, കോമ്പൗണ്ട് വാൾ, റൂഫിംഗ് തുടങ്ങിയ പ്രവൃത്തികളും നടന്നുവരുന്നു. ഭരണാനുമതി ലഭിച്ച പ്രവൃത്തികളായ വാച്ച് ടവർ, കണക്റ്റിംഗ് ബ്രിഡ്ജ് റെസ്റ്റിംഗ്, ഹട്ട്സ്, ഇളനീർ പന്തൽ, ട്രീ ഹൗസ്, ബാംബൂ ഫെൻസിംഗ്, സോളാർ സ്ട്രീറ്റ് ലൈറ്റ് തുടങ്ങിയവ പൂർത്തീകരിക്കേണ്ടതുണ്ട്.

നിലവിൽ നടന്നുവരുന്ന പ്രവൃത്തികൾ താമസം കൂടാതെ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ആറാട്ടുപുഴ പൂരത്തിന് ടൂറിസം വകുപ്പിന്റെ ധനസഹായം**

**157 (1425)** <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>**:** താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലയിലെ പ്രസിദ്ധമായതും ആയിരത്തിലേറെ വർഷങ്ങളുടെ പഴക്കമുള്ളതുമായ ആറാട്ടുപുഴ പൂരത്തിന് നിലവിൽ ടൂറിസം വകുപ്പ് നൽകിവരുന്ന ധനസഹായം വർദ്ധിപ്പിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

2022-ൽ ആറാട്ടുപുഴ പൂരത്തിന് 25-02-2022-ലെ സ.ഉ.(സാധാ) നം.53/22/ടൂറിസം പ്രകാരം 20,000/- രൂപയും 2023-ൽ 20-03-2023-ലെ സ.ഉ.(സാധാ) നം.118/2023/ടൂറിസം പ്രകാരം 50,000/- രൂപയും അനുവദിച്ച് നൽകിയിരുന്നു.

**വർക്കല മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

**158 (1426)** <u>ശ്രീ. വി. ജോയി</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ ടൂറിസം മേഖലയിലെ പശ്ചാത്തല വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

വർക്കലയുടെ സമഗ്ര ടൂറിസം വികസനം ലക്ഷ്യംവച്ചുകൊണ്ട് നിരവധി പദ്ധതികൾ നടപ്പാക്കിവരുന്നു. വർക്കല പാപനാശം ബീച്ചിന്റെ അടിസ്ഥാന സൗകര്യങ്ങൾ ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന നടപ്പാക്കുന്നതിന് 97,78,000/- രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വർക്കല പാപനാശം ടൂറിസം കേന്ദ്രം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്കായി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ടോയ്‌ലറ്റ് കോംപ്ലക്സിന്റെ നിർമ്മാണവും വർക്കല ഗസ്റ്റ്ഹൗസിൽ പുതിയ കോട്ടേജുകളുടെ നിർമ്മാണവും നിലവിലുള്ളവയുടെ നവീകരണവും നടന്നുവരുന്നു. ഇതിനുപുറമേ വർക്കലയിൽ ടൂറിസം വികസനം ലക്ഷ്യംവച്ച് സമഗ്രമായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ കെ.ടി.ഐ.എൽ.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) വർക്കല മണ്ഡലത്തിലെ ടൂറിസം വികസനത്തിനായി 2016-21 സർക്കാരിന്റെ കാലയളവിലും ഈ സർക്കാരിന്റെ കാലയളവിലുമായി

ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും ഇനി നടപ്പിലാക്കാനുള്ളത് ഏതെല്ലാമാണെന്നും ആയതിനായി എത്ര രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**പുനലൂർ പബ്ലിക് പാർക്ക് നിർമ്മാണം**

**159 (1427)** ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്കുപിന്നിൽ കല്ലടയാറിന് സമീപം ടൂറിസം വകുപ്പ് 39.96 ലക്ഷം രൂപ മുതൽമുടക്കി നിർമ്മാണം നടത്തിയ പുനലൂർ പബ്ലിക് പാർക്കിന്റെ പദ്ധതിപ്രകാരമുള്ള ഒട്ടുമിക്ക പ്രവൃത്തികളും പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ തുറന്നിട്ടില്ലെന്നതും പ്രസ്തുത പാർക്ക് നിലവിൽ കാടുമൂടി ഉപേക്ഷിക്കപ്പെട്ട നിലയിലാണെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) പ്രസ്തുത പാർക്ക് നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്; പ്രവൃത്തി പൂർത്തിയാക്കി പാർക്ക് എന്നത്തേയ്ക്ക് പ്രവർത്തനമാരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

(എ&ബി) വിനോദസഞ്ചാര വകുപ്പ് ജലവിഭവ വകുപ്പ് മുഖേന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയ, 'ഡെവലപ്മെന്റ് ഓഫ് ഫെസിലിറ്റീസ്, പുനലൂർ' എന്ന പദ്ധതി തുടർ നടത്തിപ്പിനായി കൊല്ലം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് കൈമാറാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പാർക്കിൽ കുട്ടികൾക്കുവേണ്ടിയുള്ള കളി ഉപകരണങ്ങൾകൂടി ഉൾപ്പെടുത്തി സായാഹ്നങ്ങളിൽ പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന നിലയിൽ ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പരിശോധിക്കാവുന്നതാണ്.

**മാവേലിക്കര നിയോജകമണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

**160 (1428)** ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ വള്ളികുന്നംചിറ ടൂറിസം പദ്ധതി, വയ്യാങ്കരചിറ ടൂറിസം പദ്ധതി, ഇരപ്പൻപാറ ടൂറിസം പദ്ധതി എന്നിവ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സംസ്ഥാന ബഡ്ജറ്റിൽ അനുമതി ലഭിച്ച വള്ളികുന്നംചിറ ടൂറിസം പദ്ധതിക്ക് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) 1. <u>വള്ളിക്കുന്നംചിറ ടൂറിസം പദ്ധതി</u>: വള്ളിക്കുന്നംചിറ ടൂറിസം പദ്ധതിക്കായി വിശദ പദ്ധതി രേഖ (DPR), സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് (SILK) തയ്യാറാക്കിയിട്ടുണ്ട്.

2. <u>വയ്യാങ്കരചിറ ടൂറിസം പദ്ധതി</u>: ആലപ്പുഴ മെഗാ ടൂറിസം സർക്യൂട്ട് പദ്ധതിയുടെ ഭാഗമായ Development of Micro Destination at Vayyankara Chira പദ്ധതി പൂർത്തിയാക്കി നടത്തിപ്പിനായി ആലപ്പുഴ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് കൈമാറിയിട്ടുണ്ട്.

3. <u>ഇരപ്പൻ പാറ</u>: വിനോദസഞ്ചാര വകുപ്പിന്റെ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര താമരക്കുളം ഗ്രാമപഞ്ചായത്തിലെ

ഇരപ്പൻപാറ റയിൻബോ വാട്ടർ ഫാൾസ് & ഇക്കോടൂറിസം പദ്ധതിക്ക് 29,31,815/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളിൽ ഉൾപ്പെടുന്ന വള്ളിക്കുന്നംചിറ ടൂറിസം പദ്ധതിക്കായുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**നമ്പികുളം ഇക്കോ ടൂറിസം പദ്ധതി**

**161 (1429)** <u>**ശ്രീ. കെ. എം. സച്ചിൻദേവ്**</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂരാച്ചുണ്ട്, കോട്ടൂർ ഗ്രാമപഞ്ചായത്തുകളിലായി വ്യാപിച്ചുകിടക്കുന്ന നമ്പിക്കുളം ഇക്കോ ടൂറിസം പദ്ധതിയിൽ എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തിയായിട്ടുള്ളത്; വിശദമാക്കാമോ?

1.47 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച നമ്പികുളം ഇക്കോടൂറിസം പദ്ധതിയുടെ പാർക്കിംഗ് ഏരിയ, വാച്ച് ടവർ, പാത്ത്‌വേ ഇന്റർ ലോക്കിംഗ്, റീട്ടെയ്നിംഗ് വാൾ, ഹാൻഡ് റയിൽ, ടിക്കറ്റ് കൗണ്ടർ, വാച്ച് ടവറിനുതാഴെ കഫെറ്റീരിയ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഈ പദ്ധതി നടപ്പാക്കുന്ന സ്ഥലത്തെ പ്രത്യേകതമൂലം വൈദ്യുതി, വെള്ളം എന്നിവ എത്തിക്കുന്നതിന് ബുദ്ധിമുട്ട് നേരിട്ടിരുന്നു. ഈ സാഹചര്യത്തിൽ വൈദ്യുതിയും വെള്ളവും എത്തിക്കാൻ പുതിയ എസ്റ്റിമേറ്റ് തയാറാക്കിയിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ പൂർത്തിയാക്കി കേന്ദ്രം പ്രവർത്തനസജ്ജമാക്കുന്നതാണ്. നിലവിലെ സ്ഥിതിയിൽ നമ്പിക്കുളം ഇക്കോ ടൂറിസം കേന്ദ്രം പ്രവർത്തിപ്പിക്കാനുള്ള ടെൻഡർ നടപടികളും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ആരംഭിച്ചിട്ടുണ്ട്.

**വൈപ്പിൻ മണ്ഡലത്തിലെ ബീച്ച് കോറിഡോർ പദ്ധതി**

**162 (1430)** ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വകുപ്പിന്റെ 25-03-2017-ലെ 160/2017 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 4.5 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ച വൈപ്പിൻ മണ്ഡലത്തിലെ ബീച്ച് കോറിഡോർ പദ്ധതി പ്രാവർത്തികമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി കെ.ഇ.എൽ. പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ കെ.ഇ.എൽ. എന്നാണ് പ്രൊപ്പോസൽ സമർപ്പിച്ചതെന്നും തുക എത്രയെന്നും അറിയിക്കാമോ;

(സി) പ്രൊപ്പോസലിന് അംഗീകാരം നൽകുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണമെന്താണെന്നും എന്നത്തേയ്ക്ക് ബീച്ച് കോറിഡോർ പദ്ധതി നടപ്പിലാക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ?

(എ-സി) വൈപ്പിൻ മണ്ഡലത്തിലെ ബീച്ച് കോറിഡോർ പദ്ധതി നടപ്പാക്കാനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനെ ചുമതലപ്പെടുത്തുകയും ആദ്യഘട്ടത്തിന് 91 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. ബീച്ചുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ബന്ധപ്പെട്ട പഞ്ചായത്തുകളിൽനിന്ന് സ്ഥല ഉപയോഗത്തിനുള്ള അനുമതിയും

ചാപ്പ, പുതുവൈപ്പ് ബീച്ചുകളിലെ നിർമ്മാണങ്ങൾക്ക് കൊച്ചി തുറമുഖ ട്രസ്റ്റിന്റെ നിരാക്ഷേപപത്രവും (NOC) ആവശ്യമായിരുന്നെങ്കിലും NOC ലഭിച്ചില്ല. എന്നാൽ മുനമ്പം ബീച്ചിൽ CRZ അനുമതി ആവശ്യമില്ലാതിരുന്നതിനാൽ അവിടെ പദ്ധതി പൂർത്തിയായി. മറ്റിടങ്ങളിൽ CRZ, പ്രത്യേക സാമ്പത്തിക മേഖല (SEZ) അനുമതികൾ ലഭിക്കാത്തതിനാൽ പദ്ധതി പൂർത്തിയാക്കാനായിട്ടില്ല. CRZ നിയമപ്രകാരം അനുവദനീയമായ ഘടകങ്ങൾ ഉൾപ്പെടുത്തി കേരള ഇലക്ട്രിക്കൽ & എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിനോട് (KEL) പദ്ധതിരേഖ പുതുക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. വിശദ പദ്ധതി രേഖ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് അത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**ഇരവിപുരം മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

**163 (1431)** ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരവിപുരം നിയോജകമണ്ഡലത്തിൽ ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

ഇരവിപുരം നിയോജകമണ്ഡലത്തിലെ മയ്യനാട് താന്നി ബീച്ച് വികസന പദ്ധതിക്ക് 19-10-2016-ൽ 68.40 ലക്ഷം രൂപ അനുവദിച്ചിരുന്നു. കൂടാതെ, ഈ ബീച്ചിലെ വൈദ്യുതീകരണ പ്രവൃത്തികൾക്ക് 9.61 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കൊല്ലം എസ്.എൻ. കോളേജ് ജംഗ്ഷനിൽ പാലങ്ങളുടെ അടിഭാഗം മനോഹരമാക്കുന്ന പദ്ധതി പ്രകാരം പ്രവൃത്തിക്കായുള്ള പദ്ധതി നിർദ്ദേശം ടൂറിസം വകുപ്പിന്റെ പരിഗണനയിലുണ്ട്.

**പൊസഡി ഗുംപെ ടൂറിസം പദ്ധതി**

**164 (1432)** ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ പൊസഡി ഗുംപെ ടൂറിസം പദ്ധതിക്കായുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്ക് നടപ്പുവർഷം ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയിലൂടെ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

(എ-ഡി) കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി, 'പൊസഡി ഗുംപെ' വിനോദസഞ്ചാര കേന്ദ്രമായി വികസിപ്പിക്കുന്നതിന് 1.11 കോടി രൂപയുടെ ഡി.പി.ആർ. കാസർഗോഡ് ഡി.ടി.പി.സി., ജില്ലാ നിർമ്മിതി കേന്ദ്രം മുഖാന്തരം തയ്യാറാക്കിയിട്ടുണ്ട്. പ്രവേശന കവാടം, ഇൻഫർമേഷൻ കിയോസ്ക്, കഫേ, ക്ലോക്ക് റൂം, ടോയ്‌ലറ്റുകൾ, വ്യൂ ടവർ എന്നീ ഘടകങ്ങൾ ഉൾപ്പെടുന്നതാണ് ഈ പദ്ധതി. ഡി.ടി.പി.സി. സമർപ്പിച്ച 1.11 കോടി രൂപയുടെ ഈ പ്രൊപ്പോസലിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. നിലവിൽ പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി നേടുന്ന ഘട്ടത്തിലാണ്.

**കണ്ണൂർ പയ്യാമ്പലം ബീച്ച് വാക്‌വേ രണ്ടാംഘട്ട പ്രവൃത്തികൾ**

**165 (1433)** <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ പയ്യാമ്പലം ബീച്ച് വാക്‌വേ രണ്ടാംഘട്ട പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ-സി) കണ്ണൂർ പയ്യാമ്പലം ബീച്ച് വാക്‌വേ രണ്ടാംഘട്ട പ്രവൃത്തിക്കായി ഇറിഗേഷൻ വകുപ്പിൽനിന്ന് നിരാക്ഷേപ പത്രവും സ്ഥല ലഭ്യത സർട്ടിഫിക്കറ്റും CRZ അനുമതിയും ലഭ്യമായിട്ടില്ല. കൂടാതെ പ്രസ്തുത സ്ഥലത്ത് മഴക്കാലത്ത് തിര കയറാനും കടൽ ഭിത്തിക്ക് കേടുപാടുകൾ സംഭവിക്കാനും സാധ്യതയുള്ളതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് സുരക്ഷിതമല്ലെന്നും നിരീക്ഷണങ്ങൾക്കും മാതൃകാ പഠനങ്ങൾക്കുംശേഷം ഗ്രോയിൻ അല്ലെങ്കിൽ റീഫ് എന്നിവയിൽ ഏതെങ്കിലുമൊന്ന് നിർമ്മിച്ചതിനുശേഷം തുടർ നിർമ്മിതികൾ

നടത്തുന്നതാണ് ഉചിതമെന്നും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് അറിയിച്ചിട്ടുണ്ട്.

**ചെരണി ടൂറിസം പാർക്ക്**

**166 (1434)** <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മുനിസിപ്പാലിറ്റിയിലെ ചെരണി എന്ന സ്ഥലത്ത് ടൂറിസം വകുപ്പിന്റെ കീഴിലുള്ള പാർക്ക് ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാമൂഹ്യവിരുദ്ധരുടെ കേന്ദ്രമായി മാറിക്കൊണ്ടിരിക്കുന്ന ഈ പാർക്ക് അടിയന്തരമായി തുറന്നുപ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

(എ&ബി) മഞ്ചേരി മുനിസിപ്പാലിറ്റിയിലെ ചെരണി എന്ന സ്ഥലത്ത് ഡി.റ്റി.പി.സി.-യുടെ നിയന്ത്രണത്തിലുള്ള പ്രസ്തുത പാർക്ക് നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്. പാർക്കിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ബയോഡൈവേഴ്സിറ്റി ടൂറിസം സർക്യൂട്ട് പദ്ധതി**

**167 (1435)** ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ വിവിധ ടൂറിസം ഡെസ്റ്റിനേഷനുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള ബയോഡൈവേഴ്സിറ്റി ടൂറിസം സർക്യൂട്ട് പദ്ധതിയുടെ വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്ന നടപടി പൂർത്തിയായിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി ഏതെങ്കിലും ഘടക പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) 07-08-2023-ലെ സ.ഉ.(സാധാ.)398/2023/ടൂറിസം നമ്പർ ഉത്തരവ് പ്രകാരം 'കൊല്ലം ജൈവവൈവിധ്യ വിനോദസഞ്ചാര സർക്യൂട്ട്' പദ്ധതിയുടെ ഒന്നാംഘട്ടത്തിന് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

**ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കുന്ന ടൂറിസം പദ്ധതികൾ**

**168 (1436)** ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ ടൂറിസം വകുപ്പ് മുഖേന ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നിവ വിശദമാക്കുമോ?

(എ&ബി) ഈ സർക്കാർ അധികാരമേറ്റശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് പുതിയ പദ്ധതികൾ അനുവദിച്ചിട്ടില്ല.

**ആനക്കുണ്ട് ജലാശയം ടൂറിസം പദ്ധതി**

**169 (1437)** ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിൽ പോർക്കളം കാട്ടകമ്പാൽ പഞ്ചായത്ത് അതിർത്തിയോട് ചേർന്ന് സ്ഥിതിചെയ്യുന്ന ആനക്കുണ്ട് ജലാശയവുമായി ബന്ധപ്പെട്ട ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതിക്കായി എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

(എ&ബി) കുന്നംകുളം മണ്ഡലത്തിൽ പോർക്കളം കാട്ടകമ്പാൽ പഞ്ചായത്ത് അതിർത്തിയോട് ചേർന്ന് ആനക്കയം ജലാശയവുമായി ബന്ധപ്പെട്ട് വിനോദസഞ്ചാര പദ്ധതിക്കായി സ്ഥല പരിശോധന നടത്തിയിരുന്നു. നിലവിൽ തടാകത്തിലെ മണ്ണ് നീക്കം ചെയ്ത് ആഴം കൂട്ടുന്ന പ്രവൃത്തികൾ നടക്കുകയാണ്. ഈ പ്രവൃത്തികൾ പൂർത്തിയാകുന്നമുറയ്ക്ക് വിനോദസഞ്ചാര പദ്ധതിക്കുള്ള തുടർനടപടികൾ ആവിഷ്കരിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**തീരദേശ ഹൈവേയും ടൂറിസം വികസനവും**

**170 (1438)** ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേയുടെ വികസനത്തിന്റെ ഭാഗമായി പുതിയ ബീച്ചുകൾ രൂപപ്പെടുത്തുന്നതിനുള്ള സാധ്യത വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് തീരദേശ മേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ടാണ് തീരദേശപാത നിർമ്മാണം നടത്തുന്നത്. തീരപ്രദേശത്തെ ജനതയുടെ തൊഴിൽ സാഹചര്യവും ജീവിത സാഹചര്യവും മെച്ചപ്പെടുത്താൻ പശ്ചാത്തല

വികസന മേഖലയിലെ ഈ പദ്ധതി വഴി സാധിക്കും. വ്യവസായം, ചെറുകിട വ്യവസായം, വ്യാപാരം, ടൂറിസം തുടങ്ങി വ്യത്യസ്ത മേഖലകൾക്ക് തീരദേശ ഹൈവേ മുതൽക്കൂട്ടായി മാറും. ബീച്ച് ടൂറിസത്തിന്റെ സാധ്യതകളെ കൂടുതൽ ഉപയോഗപ്പെടുത്താൻ തീരദേശ ഹൈവേ വഴി സാധിക്കും. രാജ്യാന്തര മേഖലയിൽ പ്രസിദ്ധമായ നിരവധി ബീച്ച് ഡെസ്റ്റിനേഷനുകൾ കേരളത്തിലുണ്ട്. ഇതോടൊപ്പം പുതിയ ഡെസ്റ്റിനേഷനുകൾ കണ്ടെത്താനും അവ നവീകരിക്കാനും സാധിക്കും.

(ബി) തീരദേശ ഹൈവേയുടെ നിർമ്മാണം സംസ്ഥാനത്തെ തീരപ്രദേശങ്ങളുടെ വികസനത്തെയും അതുവഴി വിനോദസഞ്ചാര മേഖലയിൽ വരുന്ന വികസനത്തിലൂടെയുള്ള തൊഴിൽ സാധ്യതയെയും മെച്ചപ്പെടുത്തുന്നതിന് സഹായിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ തീരമേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ടാണ് തീരദേശപാതാ നിർമ്മാണം നടക്കുന്നത്. തീരദേശ ജനതയുടെ ജീവിത-തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്താനും തീരമേഖലയിലെ മത്സ്യഅനുബന്ധ വ്യവസായം, ചെറുകിട വ്യവസായം, വ്യാപാരം തുടങ്ങിയവ

ശക്തിപ്പെടുത്താനും ഈ പദ്ധതിയിലൂടെ സാധിക്കും. ടൂറിസം മേഖലയിലും പ്രത്യക്ഷ-പരോക്ഷ തൊഴിൽ സാധ്യതകൾ വർദ്ധിക്കും.

(സി) ഡെസ്റ്റിനേഷൻ ടൂറിസം, സൈക്കിൾ ടൂറിസം എന്നീ മേഖലകളുടെ പുരോഗതിക്ക് തീരദേശ ഹൈവേയുടെ പൂർത്തീകരണം സഹായകമാകുമോ; വിശദമാക്കുമോ?

തീരദേശ ഹൈവേയുടെ ഭാഗമായി സൈക്കിൾ ട്രാക്കുകൂടി നിർമ്മിക്കുന്നത് കേരളത്തിന്റെ സൈക്കിൾ ടൂറിസം സാധ്യത വർധിപ്പിക്കും. നിലവിലുള്ള ബീച്ച് ടൂറിസം ശക്തിപ്പെടുത്താൻ ഈ പദ്ധതിയിലൂടെ സാധിക്കും. പുതിയ ഡെസ്റ്റിനേഷനുകൾ കണ്ടെത്താനും വികസിപ്പിക്കാനും തീരദേശ ഹൈവേ സാധ്യമാകുന്നതിലൂടെ കഴിയും.

**വിനോദസഞ്ചാര മേഖലയിലെ പദ്ധതികൾ**

**171 (1439)** <u>ശ്രീ. വി. ജോയി:</u>
<u>ശ്രീ. ആന്റണി ജോൺ:</u>
<u>ശ്രീമതി ദെലീമ:</u>
<u>ശ്രീ. ഒ. ആർ. കേളു:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡാനന്തരം സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കും ടൂറിസം മേഖലയുടെ ഉണർവിനും കരുത്തേകുന്ന തരത്തിൽ ആഭ്യന്തര

വിനോദസഞ്ചാരികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് സഹായകരമായെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ആഭ്യന്തര സഞ്ചാരികളെ ആകർഷിക്കുന്നതിനായി സംസ്ഥാന വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതികൾക്കുള്ള അംഗീകാരമായി ഈ വളർച്ചയെ കാണാൻ സാധിക്കുമോ; വ്യക്തമാക്കുമോ;

(എ&ബി) കേരള സർക്കാർ കോവിഡ് നിയന്ത്രണങ്ങൾ പിൻവലിച്ചതും ഓണാഘോഷം, വള്ളംകളികൾ, വിവിധ മേളകൾ തുടങ്ങിയവ സംഘടിപ്പിച്ചതും വലിയ രീതിയിലുള്ള ആഭ്യന്തര ക്യാമ്പയിനുകൾ സംഘടിപ്പിച്ചതും ആഭ്യന്തര സഞ്ചാരികളെ വൻതോതിൽ ആകർഷിക്കുകയും കോവിഡ് ആഘാതം മറികടന്ന് ടൂറിസം മേഖലയിൽ പുത്തനുണർവ്വ് ഉണ്ടാകാനിടയാകുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെത്തുന്ന വിദേശ വിനോദസഞ്ചാരികളെപ്പോലെതന്നെ കേരളത്തിലെത്തുന്ന ആഭ്യന്തര വിനോദസഞ്ചാരികളും ഗതാഗതം, താമസസൗകര്യം, ഭക്ഷണപാനീയങ്ങൾ, സാധനങ്ങളുടെ വാങ്ങലുകൾ സേവനങ്ങളുടെ ഉപഭോഗം തുടങ്ങിയ വിവിധ ആവശ്യങ്ങൾക്കായി പണം ചെലവഴിക്കുന്നുണ്ട്. ടി സാമ്പത്തിക

ക്രയവിക്രയങ്ങളെല്ലാംതന്നെ കേരളത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കും ടൂറിസം മേഖലയിലെ ഉണർവിനും സഹായകരമായിട്ടുള്ളതാണ്. കോവിഡാനന്തരം വിനോദസഞ്ചാര വകുപ്പ് നടത്തിവരുന്ന വിവിധ പദ്ധതികളുടെയും പരിപാടികളുടെയും ഫലമായാണ് ഈ വളർച്ചയുണ്ടായിട്ടുള്ളതെന്നത് വ്യക്തമാണ്. കോവിഡ് കാലത്തെ അപേക്ഷിച്ച് കേരളത്തിലെ വിനോദസഞ്ചാര മേഖലയിൽനിന്നുള്ള വരുമാനത്തിൽ വലിയ വർദ്ധനവുണ്ടാക്കാൻ നമുക്ക് സാധിച്ചു. 2020-ൽ 11335.96 കോടി രൂപയും 2021-ൽ 12285.91 കോടി രൂപയുമാണ് വരുമാനം. 2022-ൽ ഇത് 35168.42 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്.

(സി) പരമ്പരാഗത ജീവിതരീതികൾക്കും ഗ്രാമീണ വിനോദസഞ്ചാരത്തിനും പ്രാധാന്യം നൽകുന്ന സ്ട്രീറ്റ് ടൂറിസം പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനം വിജയകരമായിരുന്നോ; രണ്ടാംഘട്ട പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

സ്ട്രീറ്റ് പദ്ധതി: ടൂറിസം ഫോർ ഇൻക്ലൂസീവ് ഗ്രോത്ത് എന്ന യു.എൻ.ഡബ്ല്യു.റ്റി.ഒ.-യുടെ പുതിയ ടൂറിസം മുദ്രാവാക്യത്തിന്റെ

അടിസ്ഥാനത്തിൽ സംസ്ഥാന ഉത്തരവാദിത്ത ടൂറിസം മിഷൻ കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട 10 പ്രദേശങ്ങളിൽ നടപ്പാക്കുന്ന പദ്ധതിയാണ് സ്ട്രീറ്റ് പദ്ധതി. സുസ്ഥിരവും ഉത്തരവാദിത്ത പൂർണ്ണവുമായ വിനോദസഞ്ചാരത്തിന് പ്രാധാന്യം നൽകുന്നതും വ്യക്തമായി കണ്ടറിയാനാവുന്നതും അനുഭവവേദ്യത ഉറപ്പാക്കുന്നതും പരമ്പരാഗത ജീവിതരീതികൾക്കും ഗ്രാമീണ ടൂറിസത്തിനും പ്രാധാന്യം നൽകുന്നതുമായ വിനോദസഞ്ചാര കേന്ദ്രങ്ങളെന്ന ലക്ഷ്യത്തിലൂന്നിയാണ് ഈ പദ്ധതി തയ്യാറാക്കിയത്. ആദ്യഘട്ടത്തിൽ കോഴിക്കോട് ജില്ലയിലെ കടലുണ്ടി, പാലക്കാട് ജില്ലയിലെ തൃത്താല, പട്ടിത്തറ, കണ്ണൂർ ജില്ലയിലെ പിണറായി, അഞ്ചരക്കണ്ടി, കോട്ടയം ജില്ലയിലെ മറവൻതുരുത്ത്, മാഞ്ചിറ, കാസർഗോഡ് ജില്ലയിലെ വലിയപറമ്പ, ഇടുക്കി ജില്ലയിലെ കാന്തല്ലൂർ, വയനാട് ജില്ലയിലെ ചേകാടി എന്നിങ്ങനെ 10 പ്രദേശങ്ങളിലാണ് ആരംഭിച്ചിരിക്കുന്നത്. പദ്ധതിയുടെ ഭാഗമായി വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെടുത്താനുതകുന്ന 1000 തദ്ദേശീയ യൂണിറ്റുകൾ രൂപീകരിക്കാനും ലക്ഷ്യമിടുന്നു. ഇവയിൽ വനിതാ സംരംഭങ്ങൾക്കും പാർശ്വവൽകൃത ജനവിഭാഗങ്ങളുടെ പദ്ധതികൾക്കും

കാർഷിക വിനോദസഞ്ചാര പദ്ധതികൾക്കും പ്രത്യേക സ്കീമുകളും നടപ്പാക്കാനുദ്ദേശിക്കുന്നു. പദ്ധതി കേരളത്തിന്റെ വിനോദസഞ്ചാര മേഖലയിൽ വലിയ മാറ്റങ്ങൾക്കും കുതിച്ച് ചാട്ടത്തിനും വഴിയൊരുക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഉത്തരവാദിത്ത ടൂറിസം ഡെസ്റ്റിനേഷനുകളുടെ തീമാറ്റിക് സോണിംഗ് മോഡൽ സുസ്ഥിര ഉപജീവനമാർഗ്ഗ ഉത്തരവാദിത്ത ടൂറിസം വില്ലേജുകളാക്കി മാറ്റുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. തദ്ദേശവാസികളുടെയും തദ്ദേശീയമായ സ്വാശ്രയ ഗ്രൂപ്പുകളുടെയും സഹായത്തോടെ പുതിയ ഡെസ്റ്റിനേഷനുകൾ കണ്ടെത്തിയും നിലവിലുള്ളവയെ റീബ്രാൻഡ് ചെയ്തുമാണ്, സ്ട്രീറ്റ് ആരംഭിച്ചിരിക്കുന്നത്. ഓരോ പദ്ധതി പ്രദേശത്തും സാധ്യതക്കനുസരിച്ച് ഗ്രീൻ സ്ട്രീറ്റ്, കൾച്ചറൽ സ്ട്രീറ്റ്, എത്നിക് ക്യുസീൻ/ഫുഡ് സ്ട്രീറ്റ്, വില്ലേജ് ലൈഫ് എക്സ്പീരിയൻസ്/ എക്സ്പീരിയൻഷ്യൽ ടൂറിസം സ്ട്രീറ്റ്, അഗ്രി ടൂറിസം സ്ട്രീറ്റ്, വാട്ടർ സ്ട്രീറ്റ്, ആർട്ട് സ്ട്രീറ്റ് എന്നിങ്ങനെ വിവിധ സ്ട്രീറ്റുകൾ രൂപീകരിക്കുകയും കുറഞ്ഞത് 3 സ്ട്രീറ്റുകളെങ്കിലും പദ്ധതിയുടെ ഭാഗമായി ഓരോ പ്രോജക്ട് ഏരിയയിലും നടപ്പാക്കുകയുമാണ് പദ്ധതിയിലൂടെ ലക്ഷ്യമാക്കുന്നത്. സ്ട്രീറ്റ് പദ്ധതിയുടെ

ആദ്യഘട്ടത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ച 10 പ്രദേശങ്ങളിലെ പ്രവർത്തനങ്ങൾ വിവിധ തലത്തിൽ പുരോഗമിക്കുന്നു. വിശദ വിവരങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു. സ്ട്രീറ്റ് പദ്ധതിയുടെ പ്രചാരണത്തിനായി ബ്രോഷറുകൾ തയ്യാറാക്കി. സ്ട്രീറ്റ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ വാട്ടർ സ്ട്രീറ്റ് പദ്ധതിക്ക് ടൂറിസം രംഗത്തെ ഏറ്റവും വലിയ അവാർഡായ WTM ഗ്ലോബൽ Responsible Tourism Award – 2022 ലഭിക്കുകയുണ്ടായി. നടപ്പുസാമ്പത്തിക വർഷം, നിലവിൽ സ്ട്രീറ്റ് പദ്ധതി ആരംഭിച്ച 10 പ്രദേശങ്ങളിലെ തുടർ പ്രവർത്തനങ്ങളും പുതുതായി 6 സ്ഥലങ്ങളിൽ സ്ട്രീറ്റ് പദ്ധതി ആരംഭിക്കാനും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. അതിനായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ഡി) ഏതെല്ലാം പ്രദേശങ്ങളിലെ വിനോദസഞ്ചാര പദ്ധതികളാണ് ആഭ്യന്തര സഞ്ചാരികളെ ആകർഷിച്ചതെന്നും അവർക്ക് ആസ്വാദ്യമായതെന്നും പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

കേരള സർക്കാർ കോവിഡ് നിയന്ത്രണങ്ങൾ പിൻവലിച്ചതും ഓണാഘോഷം, വള്ളംകളികൾ, വിവിധ മേളകൾ തുടങ്ങിയവ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സംഘടിപ്പിച്ചതും വലിയ രീതിയിലുള്ള ആഭ്യന്തര ക്യാമ്പയിനുകൾ സംഘടിപ്പിച്ചതും ആഭ്യന്തര സഞ്ചാരികളെ വൻതോതിൽ ആകർഷിക്കുകയും കോവിഡ് ആഘാതം മറികടന്ന് ടൂറിസം മേഖലയിൽ പുത്തനുണർവ്വ് ഉണ്ടാകാനിടയാകുകയും ചെയ്തിട്ടുണ്ട്. കേരളത്തിന്റെ തനത് പ്രകൃതി സൗന്ദര്യവും വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാനസൗകര്യ വികസനങ്ങളും മികച്ച താമസ സൗകര്യങ്ങളും ആഭ്യന്തര വിനോദസഞ്ചാരികളെ ആകർഷിക്കുന്നുണ്ട്. കൂടാതെ കാരവൻ ടൂറിസം, പിൽഗ്രിം ടൂറിസം, ബാക്ക് വാട്ടർ (പുരവഞ്ചികൾ) ടൂറിസം, ഉത്തരവാദിത്ത ടൂറിസം, സി.ബി.എൽ., അഡ്വഞ്ചർ ടൂറിസം തുടങ്ങിയവയും നല്ല തോതിൽ ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കുന്നുണ്ട്.

**ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിക്ക് എം.എൽ.എ.-യുടെ**

**ആസ്തി വികസന ഫണ്ടിൽ നിന്നും തുക**

**172 (1440)** <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിഹിതം നീക്കിവയ്ക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും തുക നീക്കിവയ്ക്കുന്നതിന് അനുമതി നൽകുന്ന ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഉത്തരവ് ഇല്ലെങ്കിൽ പ്രസ്തുത പദ്ധതിക്ക് എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്ന് തുക നീക്കിവയ്ക്കാൻ അനുമതി നൽകുന്നതിനാവശ്യമായ നടപടികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

(എ&ബി) 27-07-2023-ലെ സ.ഉ.(സാധാ) നം. 371/2023/ടൂറിസം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

**കൊല്ലത്തെ ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം**

**173 (1441)** <u>**ശ്രീ. എം. മുകേഷ്**</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കൊല്ലം മണ്ഡലത്തിലെ ഉളിയകോവിൽ വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിൽ പ്രവർത്തിക്കുന്ന ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ആശ്രാമത്തെ ഗസ്റ്റ് ഹൗസ് മാനേജരുടെ ക്വാർട്ടേഴ്സ് നിൽക്കുന്ന സ്ഥലം ലഭിക്കുന്നതിനായി സമർപ്പിച്ച നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് കെട്ടിടം നിർമ്മിക്കുന്നതിനായി പ്രസ്തുത ഭൂമി ലഭ്യമാക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) കൊല്ലം മണ്ഡലത്തിലെ ഉളിയകോവിൽ വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിൽ പ്രവർത്തിക്കുന്ന ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ആശ്രാമത്തെ ഗസ്റ്റ് ഹൗസ് മാനേജരുടെ ക്വാർട്ടേഴ്സ് നിൽക്കുന്ന സ്ഥലം ലഭ്യമാക്കുന്നതിനായി സമർപ്പിച്ച നിവേദനത്തിന്മേൽ വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെയും ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്

ഡയറക്ടറുടെയും റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി. തുടർ നടപടികളുടെ ഭാഗമായി കൊല്ലം ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ബോർഡ് ഓഫ് ഗവർണേഴ്സിന്റെ അനുമതി ലഭ്യമാക്കി വേണ്ട നടപടികൾ സ്വീകരിക്കാൻ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**എവറസ്റ്റ് പര്യവേഷണം പൂർത്തിയാക്കിയ ഉദ്യോഗസ്ഥന്റെ സേവനം**

**174 (1442)** **<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>:** താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ടൂറിസം വകുപ്പിൽനിന്നും 2 ലക്ഷം രൂപ സ്പോൺസർഷിപ്പോടുകൂടി 2022-ൽ എവറസ്റ്റ് പര്യവേഷണം വിജയകരമായി പൂർത്തിയാക്കിയ സർക്കാർ ഉദ്യോഗസ്ഥന്റെ സേവനം ടൂറിസം പ്രൊമോഷനുമായി ബന്ധപ്പെട്ട പദ്ധതികളിൽ പ്രയോജനപ്പെടുത്താൻ തയ്യാറാകുമോ; എങ്കിൽ ഇതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

പരിശോധിക്കാവുന്നതാണ്.

## ബീച്ചുകൾ ഉൾപ്പെടെ വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കാൻ നടപടി

**175 (1443)** ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ബീച്ചിലെ മാലിന്യ കാഴ്ചകൾ വിദേശ വിനോദസഞ്ചാരി സാമൂഹ്യ മാധ്യമങ്ങളിലൂടെ പങ്കുവച്ചത് ശ്രദ്ധയിൽപ്പെട്ടിരുന്നോ; നിരവധി വിനോദസഞ്ചാരികൾ എത്തുന്ന ബീച്ച് വൃത്തിയായി സംരക്ഷിക്കുന്നതിന് സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

'ആലപ്പുഴ ബീച്ചിലെ മാലിന്യം' എന്ന പേരിൽ സാമൂഹ്യ മാധ്യമത്തിൽ വീഡിയോ പ്രചരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടത് പരിശോധിച്ചിരുന്നു. എന്നാൽ വിനോദസഞ്ചാര വകുപ്പ് പരിശോധിച്ച വീഡിയോ ആലപ്പുഴ ബീച്ചിലേത് അല്ലെന്നാണ് പരിശോധനയിൽ വ്യക്തമായത്. 'ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ' പദ്ധതിപ്രകാരം ആലപ്പുഴ ബീച്ച് ശുചീകരണത്തിനായി 45 കുടുംബശ്രീ പ്രവർത്തകരെ നിയോഗിക്കുകയും ഇപ്രകാരം ശേഖരിക്കുന്ന മാലിന്യം ദൈനംദിനാടിസ്ഥാനത്തിൽ നീക്കം ചെയ്യാനും ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ബീച്ചുകൾ ഉൾപ്പെടെയുള്ള വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുന്നതിനും സഞ്ചാരികളെ ആകർഷിക്കുന്ന രീതിയിൽ വൃത്തിയായി പരിപാലിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

വിനോദസഞ്ചാര കേന്ദ്രങ്ങളെ ആരോഗ്യകരമായി നിലനിർത്താനും ശുചിത്വം ഉറപ്പാക്കാനും ഗുണനിലവാരം ഉയർത്താനുമായി കുടുംബശ്രീകളുടെ സഹകരണത്തോടെ, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖേന 'ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ' പദ്ധതി നടപ്പാക്കിവരുന്നു.

(സി) പ്രസ്തുത പദ്ധതികൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഏതൊക്കെ ഇനത്തിലാണ് തുക ചെലവഴിച്ചത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിക്കായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ഇപ്രകാരമാണ്:

| കാലാവധി | തുക (രൂപയിൽ) |
|---|---|
| 2021 മേയ് മുതൽ 2022 മാർച്ച് വരെ | - 8,57,05,530/- |

2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ - 9,23,81,323/-

2023 ഏപ്രിൽ മുതൽ ഓഗസ്റ്റ് വരെ - 4,69,05,675/-

**ആകെ - 22,49,92,528/-**

ജീവനക്കാർക്ക് പ്രതിഫലവും യൂണിഫോമും നൽകാനും ശുചീകരണ പ്രവർത്തനങ്ങൾക്കുള്ള ഉപകരണങ്ങൾ വാങ്ങാനുമാണ് തുക വിനിയോഗിക്കുന്നത്.

**നൂതന ടൂറിസം പദ്ധതികൾ**

**176 (1444)** ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൈതൃക ടൂറിസം, മുസിരിസ് ടൂറിസം തുടങ്ങിയ പദ്ധതികൾ വ്യാപിപ്പിക്കാനും സ്ത്രീ സൗഹൃദ ടൂറിസം ശൃംഖല, നൈറ്റ് ലൈഫ് ആസ്വാദന പദ്ധതി എന്നിവയ്ക്ക് തുടക്കംകുറിക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പൈതൃക ടൂറിസം പദ്ധതിയുടെ ഭാഗമായി നടന്നുവരുന്ന തലശ്ശേരി പൈതൃക പദ്ധതിയും ആലപ്പുഴ ഹെറിറ്റേജ് പദ്ധതിയും മുസിരീസ് ഹെറിറ്റേജ് പദ്ധതിയും കൂടുതൽ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ

പദ്ധതിപ്രദേശങ്ങൾ കണ്ടെത്തുന്ന ക്രമത്തിൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. സ്ത്രീ സൗഹൃദ ടൂറിസം ശൃംഖല, നൈറ്റ് ലൈഫ് ആസ്വാദന പദ്ധതി എന്നിവ നടപ്പിലാക്കുന്നത് സംബന്ധിച്ച് നടപടികൾ നടന്നുവരുന്നു. ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി സ്ത്രീ സൗഹൃദ വിനോദസഞ്ചാര പദ്ധതി നടപ്പാക്കിവരുന്നു. ഇതിൽ വിദേശ-ആഭ്യന്തര വിനോദസഞ്ചാരികൾക്കായി നൈറ്റ് ലൈഫ് ടൂറിസം ആരംഭിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരവളപ്പിൽ രാത്രികാല ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിനായി പ്രവൃത്തികൾ ആരംഭിച്ചുകഴിഞ്ഞു. കൂടാതെ ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ട് എന്ന പദ്ധതിയുടെ ആദ്യഘട്ടമായി നൈറ്റ് ലൈഫ് ടൂറിസം പ്രോത്സാഹിപ്പിക്കാനുതകുംവിധം 30 കെട്ടിടങ്ങളുടെ ഇല്യൂമിനേഷൻ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാനത്തിന്റേതായ ഒരു ടൂറിസം വികസന മാതൃക രൂപപ്പെടുത്തുന്നതിനും ഇവിടത്തെ ടൂറിസം സാധ്യതകളെ പ്രയോജനപ്പെടുത്തുന്നതിനും ടൂറിസ്റ്റ് കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുന്നതിനും

ടൂറിസ്റ്റുകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

സംസ്ഥാനത്തിന്റേതായ ഒരു ടൂറിസം വികസന മാതൃക രൂപപ്പെടുത്തുന്നതിനും ഇവിടത്തെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും ടൂറിസ്റ്റ് കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുന്നതിനും ടൂറിസ്റ്റുകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുമായുള്ള പ്രവർത്തനങ്ങൾ വിനോദസഞ്ചാര വകുപ്പ് നടത്തിവരുന്നു. ടൂറിസ്റ്റുകൾ ധാരാളം എത്തുന്ന ടൂറിസം കേന്ദ്രങ്ങളിൽ ശുചിത്വം ഉറപ്പുവരുത്തുന്നതിനായി ടൂറിസം വകുപ്പ് ക്ലീൻ ഡെസ്റ്റിനേഷൻ എന്ന പദ്ധതി വഴി സംസ്ഥാനത്തെ 117 ഡെസ്റ്റിനേഷനുകളിൽ കുടുംബശ്രീ മുഖേന മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിനുപുറമേ തെരഞ്ഞെടുത്ത വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ജൈവ-അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ എയ്റോബിൻ സാങ്കേതികത്വം വഴിയും പ്രവർത്തിക്കുന്ന ബിന്നുകളിൽ ശേഖരിച്ച് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എം.സി.എഫ്.(മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി)-ൽ

എത്തിച്ച് നല്കുന്ന ഒരു പദ്ധതിയും വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കിവരുന്നു. കോവളം ടൂറിസം കേന്ദ്രത്തിൽ എക്കോ പ്രിസർവ് എന്ന NGO മുഖേന ജൈവ-അജൈവ മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിച്ചുവരുന്നു. കേരളത്തിന്റെ തനത് ടൂറിസം മാതൃക രൂപപ്പെടുത്തുന്നതിനായി പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതിയിൽ പ്രകൃതി സൗഹൃദമായി ടൂറിസം പ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം വഴി നടത്തിവരുന്നുണ്ട്. വിവിധ ഉത്സവങ്ങളും സാംസ്കാരിക പരിപാടികളും മതസരാധിഷ്ഠിത വിനോദങ്ങളും ടൂറിസവുമായി കോർത്തിണക്കി ആകർഷകങ്ങളാക്കി ആവിഷ്കരിക്കുന്നുണ്ട്. കേരളാ ടൂറിസം മുന്നോട്ടുവയ്ക്കുന്ന പുതിയ മാതൃകകളായി കാരവൻ ടൂറിസം, ഹെലി ടൂറിസം, സിനിമാ ടൂറിസം, സ്ത്രീ സൗഹൃദ ടൂറിസം, ക്രൂയിസ് ടൂറിസം തുടങ്ങിയവ സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് വകുപ്പ് നടത്തിവരുന്നത്. പ്രത്യേക പരിശീലനം ലഭിച്ച ടൂറിസം പോലീസിനെ 14 ജില്ലകളിലായി നിയോഗിച്ചിട്ടുണ്ട്. കുട്ടികൾക്കായുള്ള സുരക്ഷിതത്വത്തിനുവേണ്ടി സീറോ ടോളറൻസ് സോൺ ക്യാമ്പയിൻ ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന ആരംഭിച്ചിട്ടുണ്ട്.

ബീച്ചുകളിലും മറ്റുചില മേഖലകളിലും പ്രത്യേക പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനവും ഉറപ്പാക്കിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ജല സാഹസിക ടൂറിസത്തിന്റെ സാധ്യതകളെ പ്രയോജനപ്പെടുത്തുന്നതിനായി ഏതെല്ലാം പദ്ധതികളാണ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ജല സാഹസിക ടൂറിസത്തിന്റെ സാധ്യതകളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി മുഖേന അന്താരാഷ്ട്രതലത്തിൽ ധാരാളം മത്സരങ്ങളും ഫെസ്റ്റുകളും സംഘടിപ്പിച്ചുവരുന്നു.

1. മലബാർ റിവർ ഫെസ്റ്റിവൽ
2. ചാലിയാർ റിവർ ചലഞ്ച്
3. ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റ്
4. പിണറായി വാട്ടർ ഫെസ്റ്റിവൽ 2023
5. കയാക്കിംഗ് ചാമ്പ്യൻഷിപ്പ്

കൂടാതെ ജലസാഹസിക ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ചുവടെ സൂചിപ്പിക്കുന്ന മറ്റ് പ്രവർത്തനങ്ങളും നടത്തിവരുന്നു.

1. സാഹസിക ടൂറിസം രജിസ്ട്രേഷൻ

2. സർഫിംഗ് ട്രെയിനിംഗ് പ്രോഗ്രാം

3. സർഫിംഗ് അക്കാദമി, ഗോദീശ്വരം, കോഴിക്കോട്

4. ഫ്ലോട്ടിംഗ് ബ്രിഡ്ജ്

5. കയാക്കിംഗ് അക്കാദമി, തുഷാരഗിരി

ഒട്ടേറെ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന ജലവിനോദമായ വള്ളംകളി മത്സരങ്ങൾ ചാമ്പ്യൻസ് ബോട്ട് ലീഗ് വഴി നടത്തുന്നുണ്ട്.

## ധനകാര്യ വകുപ്പിന്റെ എതിർപ്പിനെ മറികടന്ന് വിനോദസഞ്ചാര വകുപ്പിൽ നടത്തിയ പ്രവൃത്തികൾ

**177 (1445)** <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനകാര്യ വകുപ്പ് എതിർത്തിട്ടും മന്ത്രിസഭയുടെ അംഗീകാരത്തോടെ വിനോദസഞ്ചാര വകുപ്പ് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ/പ്രവർത്തനങ്ങൾ/തീരുമാനങ്ങൾ എന്തൊക്കെയാണ്?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനകാര്യ വകുപ്പ് എതിർത്തിട്ടും മന്ത്രിസഭയുടെ അംഗീകാരത്തോടെ വിനോദസഞ്ചാര വകുപ്പിൽ പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല.

(ബി) മേൽപ്പറഞ്ഞ ഓരോ വിഷയത്തിലും ധനകാര്യ വകുപ്പ് നൽകിയ റിമാർക്ക്സ് എന്തായിരുന്നു; ഓരോ തീരുമാനവും സംബന്ധിച്ച ക്യാബിനറ്റ് നോട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഓരോന്നും നടപ്പാക്കിയതിലൂടെ എത്ര രൂപയുടെ ബാധ്യതയുണ്ടായതായി കണക്കാക്കുന്നു; വിശദമാക്കുമോ?

ബാധകമല്ല.

**ആലത്തൂർ മണ്ഡലത്തിൽ വിദ്യാഭ്യാസ നവീകരണ പദ്ധതികൾ**

**178 (1446)** ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, വിദ്യാകിരണം, കിഫ്ബി, പ്ലാൻ ഫണ്ട് എന്നിവ ഏതൊക്കെ എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ

സെക്കൻഡറി വിദ്യാലയങ്ങൾക്കാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ സ്കൂളുകൾക്ക് മേൽപ്പറഞ്ഞ പദ്ധതികൾ പ്രകാരം അനുവദിച്ച തുകയും പദ്ധതികളിലെ ഓരോ പ്രവൃത്തികൾക്കും അനുവദിച്ച തുകയും പ്രവൃത്തികളുടെ സ്ഥിതിഗതിയും വ്യക്തമാക്കാമോ; പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസികൾ ഏതെന്നും വ്യക്തമാക്കാമോ?

(എ&ബി) ആലത്തൂർ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം (വിദ്യാകിരണം) പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി താഴെപ്പറയുന്ന സ്കൂളുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. പ്രസ്തുത സ്കൂളുകളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

<u>5 കോടി കിഫ്ബി പദ്ധതി</u>

ജി.എച്ച്.എസ്.എസ്. കിഴക്കഞ്ചേരി സ്കൂളിന്റെ നിർമ്മാണം പൂർത്തീകരിച്ചു.

<u>3 കോടി കിഫ്ബി പദ്ധതി</u>

3 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട ആലത്തൂർ ജി.ജി. എച്ച്.എസ്.എസ്.-ന് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണത്തിനുള്ള ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണ്.

എരുമയൂർ ജി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണത്തിനുള്ള DPR തയ്യാറാക്കിയിരുന്നു. ചില ഭേദഗതികൾ ആവശ്യമായി വന്നിട്ടുണ്ട്. പുതുക്കിയ DSR/GST നിരക്ക് പ്രകാരം 3.90 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. DPR ഭേദഗതി വരുത്തി കിഫ്ബിയുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ഒരു കോടി കിഫ്ബി പദ്ധതി

ഒരു കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട ജി.എച്ച്.എസ്. കുനിശ്ശേരി, ജി.എച്ച്.എസ്. മുടപ്പല്ലൂർ എന്നീ സ്കൂളുകളുടെ DPR കിഫ്ബി അംഗീകരിച്ചു. ടെൻഡർ നടപടി പൂർത്തിയാക്കി വർക്ക് അവാർഡ് ചെയ്തിരുന്നു. എന്നാൽ കരാർ റദ്ദാക്കേണ്ട സാഹചര്യമുണ്ടായി. തുടർന്ന് പുതുക്കിയ DSR/GST

നിരക്കുകളിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ജി.എച്ച്.എസ്. കുനിശ്ശേരി സ്കൂളിന്റെ sub project revision-നുവേണ്ടി കിഫ്ബിക്ക് സമർപ്പിച്ചിരിക്കുന്നു. ജി.എച്ച്.എസ്. മുടപ്പല്ലൂർ സ്കൂളിന്റെ Project Execution Document (PED) അംഗീകാരത്തിന് കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണത്തിനുള്ള തുടർനടപടികൾ SPV-യായ കില സ്വീകരിക്കുന്നതാണ്. തേൻകുറിശ്ശി ജി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണം പൂർത്തീകരിച്ചു. പുതിയങ്കം ജി.യു.പി.എസ്.-ന്റെ നിർമ്മാണം അവസാനഘട്ടത്തിലാണ്, 99 ശതമാനത്തോളം നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

<u>പ്ലാൻ ഫണ്ട് (സെക്കൻഡറി)</u>

പ്ലാൻ ഫണ്ട് ഉപയോഗിച്ച് ജി.എച്ച്.എസ്. കുഴൽമന്ദം സ്കൂളിന് കെട്ടിട നിർമ്മാണത്തിന് 675 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. നിർവ്വഹണ ഏജൻസി പൊതുമരാമത്ത് വകുപ്പാണ്. നിലവിൽ 95 ശതമാനം നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

<u>പ്ലാൻ ഫണ്ട് (ഹയർ സെക്കൻഡറി)</u>

2016-17 വർഷത്തിൽ ഹയർ സെക്കൻഡറി പ്ലാൻ ഫണ്ട് ഉപയോഗിച്ച് ജി.എച്ച്.എസ്.എസ്. കല്ലിങ്കൽപ്പാടം സ്കൂളിന് കെട്ടിട നിർമ്മാണത്തിന് 330 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. നിർവ്വഹണ ഏജൻസി പൊതുമരാമത്ത് വകുപ്പായിരുന്നു. നിലവിൽ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്.

**സ്കൂൾ ഉച്ചഭക്ഷണ പദ്ധതി**

**179 (1447)** <u>**ശ്രീ. ടി. വി. ഇബ്രാഹിം:**</u>

<u>**ശ്രീ. കെ. പി. എ. മജീദ്:**</u>

<u>**ശ്രീ. പി. കെ. ബഷീർ:**</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്ക് നിലവിൽ അനുവദിക്കുന്ന തുക നിശ്ചയിച്ചത് എന്നാണെന്ന് അറിയിക്കുമോ?

ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനായി സ്കൂളുകൾക്ക് മൂന്ന് വ്യത്യസ്ത സ്ലാബുകളിൽ തുക അനുവദിക്കുന്ന സമ്പ്രദായം നിലവിൽ വന്നത് 2016 സെപ്റ്റംബർ 5-ന് ആണ്.

(ബി) ഉച്ചഭക്ഷണ പദ്ധതിക്കായി ഇപ്പോൾ നൽകിവരുന്ന ധനസഹായം വർദ്ധിപ്പിച്ച് നൽകേണ്ടതാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ഉച്ചഭക്ഷണ പദ്ധതിയുടെ ഫുഡ് ബാസ്ക്കറ്റിൽ ഉൾപ്പെടുന്ന ചില ഭക്ഷ്യവസ്തുക്കളുടെ വിലയിൽ വന്നിട്ടുള്ള വർദ്ധനവ് കണക്കിലെടുക്കുമ്പോൾ നിലവിൽ അനുവദിക്കുന്ന തുക അപര്യാപ്തമാണെന്ന് കാണുന്നുണ്ട്. പദ്ധതി നടത്തിപ്പിന് സ്കൂളുകൾക്ക് അനുവദിക്കുന്ന തുക (മെറ്റീരിയൽ കോസ്റ്റ്) പരിഷ്കരിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഉച്ചഭക്ഷണ പദ്ധതിയിൽ ഒൻപത് മുതൽ ഹയർ സെക്കൻഡറി തലംവരെയുള്ള വിദ്യാർത്ഥികളെയും ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉച്ചഭക്ഷണ പദ്ധതിയിൽ ഒൻപത് മുതൽ ഹയർ സെക്കൻഡറി തലംവരെയുള്ള വിദ്യാർത്ഥികളെ ഉൾപ്പെടുത്തുന്നത് നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**സ്കൂളുകളിൽ ഉച്ചഭക്ഷണം സംബന്ധിച്ച്**

**180 (1448)** <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ ഉച്ചഭക്ഷണം നൽകുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിൽ എത്ര രൂപയാണ് കുടിശ്ശികയായി നൽകാനുള്ളത്?

2023 ജൂൺ, ജൂലൈ മാസങ്ങളിൽ ഉച്ചഭക്ഷണം വിതരണം ചെയ്ത ഇനത്തിൽ സ്കൂളുകൾക്ക് 83.49 കോടി രൂപ വിതരണം ചെയ്യാനുണ്ട്.

(ബി) ഒരു കുട്ടിക്ക് എത്ര രൂപ നിരക്കിലാണ് തുക അനുവദിക്കുന്നത്?

ചുവടെ പരാമർശിക്കുന്ന മൂന്ന് വ്യത്യസ്ത സ്ലാബുകളിലായാണ് തുക അനുവദിക്കുന്നത്.

സ്ലാബ് I - 150 കുട്ടികൾ വരെ - കുട്ടിയൊന്നിന് പ്രതിദിനം 8/- രൂപ

സ്ലാബ് II - 151 മുതൽ 500 കുട്ടികൾ വരെ - കുട്ടിയൊന്നിന് പ്രതിദിനം 7/- രൂപ

സ്ലാബ് III – 500-ന് മുകളിൽ - കുട്ടിയൊന്നിന് പ്രതിദിനം 6/-രൂപ

(സി) 2015-16 അധ്യയന വർഷം ഒരു കുട്ടിക്ക് എത്ര രൂപ നിരക്കിലാണ് തുക അനുവദിച്ചിരുന്നത്?

കുട്ടിയൊന്നിന് 5/- രൂപ നിരക്കിലാണ് തുക അനുവദിച്ചിരുന്നത്. 05-09-2016-ലെ സ.ഉ. (സാധാ) നം. 2911/2016/പൊ.വി.വ. പ്രകാരം നിലവിലുള്ള രീതിയിൽ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

**വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകൾ**

**181 (1449)** <u>ശ്രീ. എം. നൗഷാദ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിൽ താൽക്കാലിക ക്രമീകരണങ്ങൾ എന്ന നിലയിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എത്ര ഓഫീസുകളുണ്ട്; അവ ഏതൊക്കെയാണ് വിശദമാക്കാമോ;

(ബി) പ്രസ്തുത ഓഫീസുകൾ സ്ഥിരം കെട്ടിടങ്ങളിലേയ്ക്ക് മാറ്റാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇവയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; ആയതിനായി ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിട്ടുള്ളത്, പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കണമെന്ന് നിശ്ചയിച്ച തീയതി തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ-സി) സംസ്ഥാനത്തെ വിദ്യാഭ്യാസ ഉപ ഡയറക്ടർമാരുടെ കാര്യാലയങ്ങളൊന്നും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നില്ല.

**ഉച്ചഭക്ഷണ നിലവാരം മെച്ചപ്പെടുത്താൻ നടപടി**

**182 (1450)** <u>ഡോ. എം. കെ. മുനീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ ഉച്ചഭക്ഷണത്തിനായി ഒരു കുട്ടിക്ക് എത്ര രൂപയാണ് അനുവദിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ?

പ്രവൃത്തിദിനങ്ങൾ കണക്കാക്കി കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനായി സ്കൂളുകൾക്ക് തുക അനുവദിക്കുന്നത്. ചുവടെ പരാമർശിക്കുന്ന മൂന്ന് വ്യത്യസ്ത സ്ലാബുകളിലായാണ് തുക അനുവദിക്കുന്നത്.

സ്ലാബ് I - 150 കുട്ടികൾ വരെ - കുട്ടിയൊന്നിന് പ്രതിദിനം 8/- രൂപ

സ്ലാബ് II - 151 മുതൽ 500 കുട്ടികൾ വരെ - കുട്ടിയൊന്നിന് പ്രതിദിനം 7/- രൂപ

സ്ലാബ് III - 500 ന് മുകളിൽ - കുട്ടിയൊന്നിന് പ്രതിദിനം 6/- രൂപ

(ബി) ഉച്ചഭക്ഷണത്തിന് എന്തെല്ലാം വിഭവങ്ങൾ നൽകാനാണ് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉച്ചഭക്ഷണമായി ചോറും അതിനോടൊപ്പം രണ്ട് കറികളും നൽകാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇതിനുപുറമെ, കുട്ടികൾക്ക് സപ്ലിമെന്ററി

ന്യൂട്രീഷന്റെ ഭാഗമായി പാൽ (150 മില്ലിലിറ്റർ വീതം ആഴ്ചയിൽ രണ്ട് ദിവസം), മുട്ട/നേന്ത്രപ്പഴം (ആഴ്ചയിൽ ഒരു ദിവസം) എന്നിവയും നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ഉച്ചഭക്ഷണത്തിന് നൽകുന്ന വിഹിതം അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതി നടത്തിപ്പിന് സ്കൂളുകൾക്ക് അനുവദിക്കുന്ന തുക (മെറ്റീരിയൽ കോസ്റ്റ്) പരിഷ്കരിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

**നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ സ്കൂൾ ബസ്സുകൾ**

**183 (1451)** <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ജി.ജി.എച്ച്.എസ്. നെയ്യാറ്റിൻകര, ജി.യു.പി.എസ്. പുതിച്ചൽ, ജെ.ബി.എസ്. നെയ്യാറ്റിൻകര എന്നീ സ്കൂളുകൾക്ക് എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച്

സ്കൂൾ ബസ് വാങ്ങുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് എം-ഫയൽ നം.എം2/162/2023 തീയതി 21-06-2023 പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയ കത്തിന്മേൽ നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ (B2/5583/2023 ഫയൽ നമ്പർ) ബസ് വാങ്ങുന്നതിന് മറുപടി നൽകാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) ഭരണാനുമതി നൽകിയ തുകയെക്കാൾ ബസിന് വില വർദ്ധിച്ചാൽ ആ തുക ആരാണ് നൽകേണ്ടതെന്നും സമയബന്ധിതമായി നടപടികൾ പൂർത്തീകരിക്കേണ്ടതിൽ വീഴ്ച വരുത്തുന്നവരുടെ പേരിൽ എന്ത് നടപടി സ്വീകരിക്കുമെന്നും വ്യക്തമാക്കാമോ?

(എ&ബി) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ജി.ജി.എച്ച്.എസ്. നെയ്യാറ്റിൻകര, ജി.യു.പി.എസ്. പുതിച്ചൽ, ജെ.ബി.എസ്. നെയ്യാറ്റിൻകര എന്നീ സ്കൂളുകൾക്ക് ബസ് വാങ്ങി നൽകിയിട്ടുണ്ടോയെന്ന വിവരം ആരാഞ്ഞുകൊണ്ടുള്ള 21-06-2023-ലെ സർക്കാർ കത്തിന് 08-08-2023-ലെ

കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

**മട്ടന്നൂർ ഹയർ സെക്കൻഡറി സ്കൂളുകളിലെ എൻ.എസ്.എസ്. യൂണിറ്റ്**

**184 (1452)** <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിലെ കൂടാളി ഹയർ സെക്കൻഡറി സ്കൂൾ, സി.എച്ച്.എം. ഹയർ സെക്കൻഡറി സ്കൂൾ, കാവുംപടി എന്നീ സ്കൂളുകളിലെ എൻ.എസ്.എസ്. (നാഷണൽ സർവീസ് സ്കീം) യൂണിറ്റുകളെ എയ്ഡഡ് യൂണിറ്റുകളാക്കി മാറ്റുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷയിൽ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ?

അപേക്ഷ ഹയർസെക്കൻഡറി ഡയറക്ടറേറ്റിൽ ലഭിച്ചിട്ടുണ്ട്. അൺ എയ്ഡഡ് യൂണിറ്റുകളെ ഗ്രാന്റ്-ഇൻ-എയ്ഡ് യൂണിറ്റുകളാക്കാൻ സംസ്ഥാന എൻ.എസ്.എസ്. സെൽ നടപടികൾ സ്വീകരിക്കുമ്പോൾ ടി അപേക്ഷകൾ പരിഗണിക്കുന്നതാണ്.

(ബി) പ്രസ്തുത സ്കൂളുകളിലെ എൻ.എസ്.എസ്. യൂണിറ്റുകളെ എയ്ഡഡ് യൂണിറ്റുകളാക്കി മാറ്റുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പ്രസ്തുത അപേക്ഷ പരിഗണിക്കുന്നതിനായി സംസ്ഥാന എൻ.എസ്.എസ്. ഓഫീസർക്ക് ശിപാർശ നൽകുന്നതും പുതിയ ഫണ്ടഡ് യൂണിറ്റുകൾ ലഭ്യമാകുന്ന മുറയ്ക്ക് സംസ്ഥാന എൻ.എസ്.എസ്. ഓഫീസിൽനിന്നും അനുവദിച്ചുനൽകുന്നതുമാണ്.

**ഫയൽ തീർപ്പാക്കൽ**

**185 (1453)** <u>ശ്രീ. എം. വിജിൻ</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ വകുപ്പിൽ തീർപ്പാകാതെ കിടക്കുന്ന ഫയലുകളുടെ വിശദാംശം ലഭ്യമാക്കാമോ?

പൊതു വിദ്യാഭ്യാസ വകുപ്പിൽ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം ആകെ 82300 ഫയലുകൾ തീർപ്പാക്കാനുണ്ട്.

| | |
|---|---|
| ഗവ. സെക്രട്ടേറിയറ്റിലെ പൊതുവിദ്യാഭ്യാസ വകുപ്പിലെ വിവിധ സെക്ഷനുകൾ | 17423 |

| | |
|---|---|
| പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് | 53292 |
| ഹയർ സെക്കൻഡറി ഡയറക്ടറേറ്റ് | 11459 |
| വൊക്കേഷണൽ ഹയർ സെക്കൻഡറി | 126 |

(ബി) കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിലേയ്ക്കായി അദാലത്തുകൾ നടത്തുകയും മൂന്ന വർഷത്തിലധികം പഴക്കമുള്ള ഫയലുകൾ അടിയന്തരമായി തീർപ്പാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ എല്ലാ കീഴ്കാര്യാലയങ്ങൾക്കും നൽകുകയും ചെയ്തിട്ടുണ്ട്.

**ചാവക്കാട് ബി.ആർ.സി.-യിലേയ്ക്ക് ശിക്ഷക് സദൻ കോമ്പൗണ്ടിൽക്കൂടി വഴി**

**186 (1454)** ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് ബി.ആർ.സി.-യിലേയ്ക്ക് ശിക്ഷക് സദൻ കോമ്പൗണ്ടിൽ കൂടി വഴി അനുവദിക്കുന്നത് സംബന്ധിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(ബി) പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?**

ദേശീയ അധ്യാപക ക്ഷേമ ഫൗണ്ടേഷന്റെ സംസ്ഥാനതല പ്രവർത്തക സമിതി അനൗദ്യോഗിക അംഗങ്ങളുടെ യോഗം ദേശീയ അധ്യാപക ക്ഷേമ ഫൗണ്ടേഷൻ സെക്രട്ടറി/ട്രഷററുമായ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ചേമ്പറിൽ 26-07-2023-ന് കൂടിയ യോഗത്തിൽ പ്രസ്തുത വിഷയം അജണ്ടയിൽ ഉൾപ്പെടുത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ പ്രവർത്തകസമിതി അനൗദ്യോഗിക അംഗങ്ങളിൽനിന്ന് മൂന്നുപേർക്ക് ചുമതല നൽകിയിട്ടുണ്ട്.

**സ്കൂളുകളിൽ കുട്ടികളുടെ മൊബൈൽ ഉപയോഗം**

**187 (1455)** <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ കുട്ടികൾ മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിന് നിലവിൽ എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കുട്ടികൾ കൊണ്ടുവരുന്ന മൊബൈൽ ഫോൺ സ്കൂൾ സമയത്ത് സ്വിച്ച് ഓഫ് ചെയ്ത് സൂക്ഷിക്കാമെന്ന് ബാലാവകാശ കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) കുട്ടികളുടെ മൊബൈൽ ഫോൺ ഉപയോഗവുമായി ബന്ധപ്പെട്ട് എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് നിലവിൽ പുറപ്പെടുവിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

(എ-സി) സ്കൂൾ കുട്ടികൾക്ക് മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിന് അനുമതി നൽകിയിരുന്നത് കോവിഡ് കാലത്ത് ഓൺലൈൻ ക്ലാസ്സ് അറ്റൻഡ് ചെയ്യുന്നതിനുവേണ്ടി മാത്രമായിരുന്നു. സ്കൂളുകളിൽ മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിന് വിലക്കേർപ്പെടുത്തിയിട്ടുള്ളതും ഇത് കർശനമായും പാലിക്കുന്നുണ്ടോയെന്ന് സ്കൂൾ അധികൃതർ പ്രത്യേകം ശ്രദ്ധിക്കണമെന്നും നിർദ്ദേശം നൽകിക്കൊണ്ടുള്ള സർക്കുലറുകൾ എല്ലാ സ്കൂളുകൾക്കും നൽകിയിട്ടുള്ളതുമാണ്. ഹയർ സെക്കൻഡറി വിഭാഗത്തിൽ ബാലാവകാശ കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ക്ലാസ്സ് സമയങ്ങളിൽ അധ്യാപകരും വിദ്യാർഥികളും മൊബൈൽ ഫോൺ

ഉപയോഗിക്കുന്നതും ഫെയ്സ് ബുക്ക്, വാട്സ്ആപ്പ് തുടങ്ങിയ സാമൂഹിക മാധ്യമങ്ങൾ ഉപയോഗിക്കുന്നതും കർശനമായി നിയന്ത്രിക്കാൻ എല്ലാ ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽമാർക്കും നിർദ്ദേശം നൽകിക്കൊണ്ട് പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർ സെക്കൻഡറി വിഭാഗത്തിൽനിന്ന് 25-01-20218-ൽ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ ഹൈക്കോടതി ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കുട്ടികൾക്കിടയിൽ മൊബൈൽ ഫോൺ ഉപയോഗം കുറയ്ക്കുന്നതിനും ഇത്തരം കാര്യങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും വിദ്യാലയങ്ങളിൽ കരിയർ ഗൈഡൻസ് ആൻഡ് കൗൺസിലിംഗിന്റെ നേതൃത്വത്തിൽ (സൈബർ വെൽനസ് പ്രോഗ്രാം, പോസിറ്റീവ് പാരന്റിംഗ്) എന്നീ പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നുണ്ട്.

**സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതിക്കുള്ള തുക**

**188 (1456)** <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതിക്കായി നിലവിൽ ഒരു കുട്ടിക്ക് എത്ര രൂപയാണ് അനുവദിച്ചുനൽകുന്നത്; പ്രസ്തുത തുക അനുവദിക്കുന്നതിന്റെ മാനദണ്ഡമെന്താണ്; കുട്ടികളുടെ ഉച്ചഭക്ഷണ മെനുവിൽ എന്തൊക്കെ കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ?

സ്കൂൾ പ്രവൃത്തിദിനങ്ങൾ കണക്കാക്കി ചുവടെ പരാമർശിക്കുന്ന മൂന്ന് വ്യത്യസ്ത സ്ലാബുകളിലായാണ് തുക അനുവദിക്കുന്നത്.

സ്ലാബ് I - 150 കുട്ടികൾ വരെ - കുട്ടിയൊന്നിന് പ്രതിദിനം 8/- രൂപ

സ്ലാബ് II - 151 മുതൽ 500 കുട്ടികൾ വരെ - കുട്ടിയൊന്നിന് പ്രതിദിനം 7/- രൂപ

സ്ലാബ് III - 500 ന് മുകളിൽ - കുട്ടിയൊന്നിന് പ്രതിദിനം 6/- രൂപ

ചോറും ഇലവർഗ്ഗങ്ങളടക്കമുള്ള പച്ചക്കറികളും പയർവർഗ്ഗങ്ങളും ഉപയോഗിച്ച് തയ്യാറാക്കുന്ന പോഷകപ്രദവും ഗുണമേന്മയുള്ളതുമായ രണ്ട് കറികൾ ഉൾപ്പെടുന്നതാണ് ഉച്ചഭക്ഷണ മെനു. ഇതോടൊപ്പം, സപ്ലിമെന്ററി ന്യൂട്രീഷന്റെ ഭാഗമായി പാൽ (150 മില്ലിലിറ്റർ വീതം ആഴ്ചയിൽ രണ്ട് ദിവസം), മുട്ട/നേന്ത്രപ്പഴം (ആഴ്ചയിൽ ഒരു ദിവസം) എന്നിവയും കുട്ടികൾക്ക് നൽകിവരുന്നു.

(ബി) ഭക്ഷ്യവസ്തുക്കളുടെ വിപണി വിലയുമായി താരതമ്യം ചെയ്യുമ്പോൾ നിലവിൽ അനുവദിക്കുന്ന തുക വളരെ പരിമിതമാണെന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; ഉച്ചഭക്ഷണ പദ്ധതിക്കുള്ള തുക വിപണിയിലെ വിലനിലവാരത്തിന് അനുസൃതമായി വർദ്ധിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉച്ചഭക്ഷണ പദ്ധതിയുടെ ഫുഡ് ബാസ്ക്കറ്റിൽ ഉൾപ്പെടുന്ന ചില ഭക്ഷ്യവസ്തുക്കളുടെ വിലയിൽ വന്നിട്ടുള്ള വർദ്ധനവ് കണക്കിലെടുക്കുമ്പോൾ നിലവിൽ അനുവദിക്കുന്ന തുക അപര്യാപ്തമാണെന്ന് കാണുന്നുണ്ട്. പദ്ധതി നടത്തിപ്പിന് സ്കൂളുകൾക്ക് അനുവദിക്കുന്ന തുക (മെറ്റീരിയൽ കോസ്റ്റ്) പരിഷ്കരിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) സ്കൂളുകളിൽ ഉച്ചഭക്ഷണം വിതരണം ചെയ്ത ഇനത്തിൽ നാളിതുവരെ എത്ര തുക അധ്യാപകർക്ക് വിതരണം ചെയ്യാനുണ്ട്; വിശദമാക്കുമോ; കുടിശ്ശിക തുക വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

2023 ജൂൺ, ജൂലൈ മാസങ്ങളിൽ ഉച്ചഭക്ഷണം വിതരണം ചെയ്ത ഇനത്തിൽ സ്കൂളുകൾക്ക് 83.49 കോടി രൂപ വിതരണം ചെയ്യാനുണ്ട്. പദ്ധതിക്കുള്ള ആദ്യ ഗഡു കേന്ദ്രവിഹിതം ഇതുവരെ ലഭ്യമായിട്ടില്ല. കേന്ദ്ര വിഹിതം ലഭ്യമായാൽ ആനുപാതിക സംസ്ഥാന വിഹിതവും ചേർത്ത് സ്കൂളുകൾക്ക് കുടിശ്ശികയുള്ള തുക വിതരണം ചെയ്യുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

**താൽക്കാലിക അധ്യാപകരുടെ ഒഴിവ് /വേതനം**

**189 (1457)** <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷം പൊതു വിദ്യാലയങ്ങളിൽ (പ്രൈമറി മുതൽ ഹയർ സെക്കൻഡറിവരെ (സർക്കാർ/എയ്ഡഡ്)) എത്ര താൽക്കാലിക അധ്യാപകരെ നിയമിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ?

വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത അധ്യാപകരുടെ ശമ്പളം മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ശമ്പളം ലഭ്യമാകാത്തത് എന്തുകൊണ്ടെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത അധ്യാപകർക്ക് എന്നുമുതൽ ശമ്പളം നൽകാൻ കഴിയുമെന്ന് വിശദമാക്കുമോ;

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിയമിതരാകുന്ന താൽക്കാലിക ജീവനക്കാരുടെ സ്പാർക്ക് ഐ.ഡി. അംഗീകരിച്ച് നൽകേണ്ട ചുമതല ധനകാര്യ വകുപ്പിൽനിന്നും മാറ്റി അതത് വകുപ്പുകൾക്ക് നൽകിയിരുന്നു. ഇപ്രകാരം വിദ്യാഭ്യാസ വകുപ്പിൽ DDO-മാരായി ചുമതലപ്പെടുത്തിയിരുന്നത് സീനിയർ ഫിനാൻസ് & അക്കൗണ്ട്സ് ഓഫീസറെയാണ്. SPARK-ൽ നിലവിലുള്ള ഒരു HOD ലോഗിൻ മുഖേന കേരളത്തിലെ എല്ലാ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെയും മുഴുവൻ താൽക്കാലിക ജീവനക്കാരുടെയും സ്പാർക്ക് ഐ.ഡി. അംഗീകരിച്ച് സമയബന്ധിതമായി വേതനം നൽകാൻ കഴിയാത്ത സാഹചര്യമുണ്ടായതിനാൽ സംസ്ഥാനത്തെ വിദ്യാഭ്യാസ ഉപ

ഡയറക്ടർമാർക്കും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും വകുപ്പിൽ നിയമിതരാകുന്ന താൽക്കാലിക ജീവനക്കാരുടെ സ്പാർക്ക് ഐ.ഡി. അംഗീകരിച്ച് നൽകുന്നതിന് സർക്കാർ അനുമതി നൽകുകയും യുദ്ധകാലാടിസ്ഥാനത്തിൽ ഈ നടപടി പൂർത്തീകരിക്കുന്നതിന് കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) പൊതു വിദ്യാലയങ്ങളിലെ അധ്യാപക ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തുന്നത് പരിഗണനയിലുണ്ടോ; വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

പരിഗണനയിലില്ല.

**അരുവിക്കര നിയോജകമണ്ഡലത്തിലെ അൺ-ഇക്കണോമിക്ക് സ്കൂളുകൾ**

**190 (1458)** <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിൽ അൺ-ഇക്കണോമിക്ക് വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്കൂളുകളുടെ വിവരങ്ങൾ പഞ്ചായത്ത് തലത്തിൽ നൽകുമോ;

(ബി) ഇതിൽ ഓരോ സ്കൂളിലെയും വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും എണ്ണം അറിയിക്കാമോ?

(എ&ബി) അരുവിക്കര നിയോജകമണ്ഡലത്തിൽ അൺ-ഇക്കണോമിക് വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്കൂളുകളുടെയും വിദ്യാർഥികളുടെയും അധ്യാപകരുടെയും വിവരങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ അനുബന്ധമായി+ ചേർക്കുന്നു.

## ഹയർ സെക്കൻഡറി തിരുവനന്തപുരം മേഖല ഓഫീസിൽ ഫയലുകൾ കെട്ടിക്കിടക്കുന്നതിനെതിരെ നടപടി

**191 (1459)** ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കൻഡറി തിരുവനന്തപുരം മേഖല ഓഫീസിൽ അധ്യാപകരുടെ പെൻഷൻ, പ്രിൻസിപ്പൽ നിയമനം എന്നിവ സംബന്ധിച്ച ഫയലുകൾ അംഗീകാരം ലഭിക്കാതെ വളരെ നാളുകളായി കിടക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എങ്കിൽ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

പെൻഷൻ, നിയമന അംഗീകാരം തുടങ്ങിയ അടിയന്തര പ്രാധാന്യമുള്ള ഫയലുകളിൽ മുൻഗണനാ ക്രമത്തിൽ നടപടികൾ സ്വീകരിക്കാൻ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഒരു മേഖല ഡയറക്ടറും അക്കൗണ്ട്സ് ഓഫീസറും ഓഫീസിന്റെ മേൽനോട്ടം വഹിക്കുമ്പോൾ എന്തുകൊണ്ട് ഫയലുകൾ വർഷങ്ങളായി തീർപ്പാകാതെ കിടക്കുന്നുവെന്നത് അന്വേഷിച്ച് നടപടി സ്വീകരിക്കുമോ?

ഹയർസെക്കൻഡറി തിരുവനന്തപുരം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റിൽ സർക്കാർ തലത്തിലും പൊതുവിദ്യാഭ്യാസ ഡയറക്ടറും നേരിട്ട് പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) അഞ്ച് വർഷം കഴിഞ്ഞ എത്ര ഫയലുകൾ തീർപ്പാകാതെ കിടക്കുന്നുവെന്ന് വ്യക്തമാക്കുമോ?

22 ഫയലുകൾ.

**എയ്ഡഡ് സ്കൂൾ അധ്യാപകരുടെ ഡെപ്യൂട്ടേഷൻ വ്യവസ്ഥകൾ**

**192 (1460)** <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് മറ്റ് വകുപ്പുകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നതിന് അനുമതിയുണ്ടോ; വിശദമാക്കാമോ?

ഉണ്ട്.

(ബി) നിലവിൽ എയ്ഡഡ് സ്കൂൾ അധ്യാപകർ മറ്റ് വകുപ്പുകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. സെക്കൻഡറി വിഭാഗത്തിൽ

സമഗ്രശിക്ഷാ പ്രോജക്ട്, കോട്ടയം- 2

ബാലാവകാശ കമ്മീഷൻ അംഗം- 1

എം.എൽ.എ.-യുടെ പി.എ.- 1

എസ്.എസ്.കെ. തിരുവനന്തപുരം- 1

വിവിധ ബി.ആർ.സി.-കൾ- 8 എന്നിങ്ങനെയും വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ 8 പേരും ഡെപ്യൂട്ടേഷനിൽ ജോലി ചെയ്തുവരുന്നു. ഹയർ സെക്കൻഡറി വിഭാഗത്തിലെ വിവരം ശേഖരിച്ചുവരുന്നു.

**2022, 2023 വർഷങ്ങളിൽ നടത്തിയ കെ-ടെറ്റ് പരീക്ഷ**

**193 (1461)** **ശ്രീമതി ദെലീമ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022, 2023 വർഷങ്ങളിൽ കെ-ടെറ്റ് പരീക്ഷ എഴുതിയ ഉദ്യോഗാർത്ഥികളിൽ എത്ര പേർ വിജയിച്ചുവെന്ന് വിശദമാക്കാമോ?

2022 ഫെബ്രുവരി - 29174

2022 ഒക്ടോബർ - 33138

2023 മാർച്ച് - 24709

(ബി) 2022, 2023 വർഷങ്ങളിൽ ആകെ എത്ര കെ-ടെറ്റ് പരീക്ഷ നടന്നുവെന്ന് വ്യക്തമാക്കാമോ?

2022-ൽ രണ്ട് കെ-ടെറ്റ് പരീക്ഷകളാണ് നടന്നിട്ടുള്ളത്. 2023-ൽ ആദ്യ കെ-ടെറ്റ് പരീക്ഷ പൂർത്തീകരിച്ച് ഫലപ്രഖ്യാപനം നടത്തിയിട്ടുള്ളതും

നിലവിൽ സർവ്വീസിലുള്ള അധ്യാപകർക്കുവേണ്ടിയുള്ള പ്രത്യേക കെ-ടെറ്റ് പരീക്ഷാ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുള്ളതും സെപ്റ്റംബർ മാസം 10, 16 തീയതികളിലായി പരീക്ഷ നടത്തുന്നതുമാണ്.

(സി) കെ-ടെറ്റ് പരീക്ഷ പാസ്സായ ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കറ്റ് വിതരണം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ സർട്ടിഫിക്കറ്റ് വിതരണത്തിന്റെ കാലതാമസം വിശദമാക്കാമോ?

നിലവിൽ 2022 ഒക്ടോബർ മാസത്തിലെ കെ-ടെറ്റ് വിജ്ഞാപന പ്രകാരം**വരെ** പരീക്ഷ എഴുതി വിജയിച്ചവർക്ക് ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ പ്രമാണ പരിശോധന പൂർത്തീകരിച്ച് സർട്ടിഫിക്കറ്റുകൾ അനുവദിച്ചുനൽകിയിട്ടുണ്ട്. 01-06-2023-നുശേഷം വെരിഫിക്കേഷൻ നടത്തിയവരുടെ സർട്ടിഫിക്കറ്റുകൾ അനുവദിച്ച് നൽകിയിട്ടില്ല. കെ-ടെറ്റ് പരീക്ഷ എഴുതി വിജയിക്കുന്ന പരീക്ഷാർത്ഥികളുടെ പ്രമാണ പരിശോധന നടത്തുന്നതിന് പരീക്ഷാഭവനിൽനിന്നും സമയം അനുവദിച്ചുനൽകുകയും പ്രസ്തുത സമയപരിധിക്കുള്ളിൽ നടപടികൾ പൂർത്തീകരിച്ച് ബന്ധപ്പെട്ട ജില്ലാ

വിദ്യാഭ്യാസ ഓഫീസിൽനിന്നും പരീക്ഷാ കമ്മീഷണറുടെ ഓഫീസിലേയ്ക്ക് ഓൺലൈനായി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സർട്ടിഫിക്കറ്റുകൾ അനുവദിച്ചുനൽകുന്നത്. പ്രസ്തുത സമയപരിധിയിൽ പ്രമാണ പരിശോധന പൂർത്തീകരിക്കാതിരിക്കുകയും വൈകി പൂർത്തീകരിക്കുകയും ചെയ്യുന്നവരുടെ സർട്ടിഫിക്കറ്റുകളാണ് പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽനിന്ന് അനുവദിച്ചുനൽകാനുള്ളത്.

(ഡി) റിസൾട്ട് വന്നാൽ ഉടൻതന്നെ സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പരീക്ഷാ ഫലപ്രഖ്യാപനത്തിനുശേഷം അപേക്ഷാർത്ഥികളുടെ അസ്സൽ പ്രമാണ പരിശോധന ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ പൂർത്തീകരിച്ച് ആയതിന്റെ റിപ്പോർട്ട് ഓൺലൈനായി പരീക്ഷാഭവനിൽ ലഭിച്ച് പരീക്ഷാഭവനിലെ പരിശോധനകളും പൂർത്തീകരിച്ചശേഷം മാത്രമേ കെ-ടെറ്റ് അസ്സൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ.

**പഠനനിലവാരം ഉയർത്താനും ഒഴിവുകൾ നികത്താനും നടപടികൾ**

**194 (1462)** <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ മേഖലയിൽ പഠന നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ഇതിനകം ചെയ്ത പ്രവൃത്തികളും ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളും വിശദമാക്കുമോ?

പൊതുവിദ്യാഭ്യാസ മേഖലയിൽ പഠന നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യ വികസനം മുതൽ അക്കാദമിക് മോണിറ്ററിംഗ് വരെയുള്ള മേഖലകളിൽ സമഗ്രമായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പഠന നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പും അനുബന്ധ ഏജൻസികളായ എസ്.സി.ഇ.ആർ.ടി., എസ്.എസ്.കെ., ഡയറ്റ്, കൈറ്റ്, സീമാറ്റ്, എസ്.ഐ.ഇ.ടി. എന്നിവർ സംയുക്തമായും തനത് പ്രവർത്തനങ്ങൾ ആവിഷ്കരിച്ചും നടപ്പിലാക്കുന്നുണ്ട്. കരിക്കുലം റിവിഷൻ, പാഠപുസ്തക പരിഷ്കരണം, അധ്യാപകരുടെ പ്രീസർവ്വീസ്/ഇൻസർവ്വീസ് ട്രെയിനിംഗുകൾ

എന്നിവ എസ്.സി.ഇ.ആർ.ടി. വഴിയും അടിസ്ഥാന സൗകര്യ വികസനത്തിനൊപ്പം ഡിജിറ്റൽ പഠനത്തിനും ബോധനത്തിനും ആവശ്യമായ സൗകര്യങ്ങൾ കൈറ്റ് വഴിയും ലഭ്യമാകുന്നു. സമഗ്രശിക്ഷയുടെ നേതൃത്വത്തിൽ പ്രൈമറി/സെക്കൻഡറി/ഹയർ സെക്കൻഡറി വിദ്യാഭ്യാസ ഗുണനിലവാരത്തിൽ പ്രത്യേക ഊന്നൽ നൽകി നിരവധി പദ്ധതികൾ പഠനനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ചെയ്തുവരുന്നു. അക്കാദമിക് നിലവാരം ഉയർത്തുന്നതിനും അധ്യാപകരുടെ പരിശീലനത്തിനും എസ്.എസ്.കെ.-യുടെ ആഭിമുഖ്യത്തിലുള്ള STARS പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്. വിദ്യാകിരണം പദ്ധതിയിലൂടെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനവും വിവിധ അക്കാദമിക് നിലവാരം ഉയർത്തുന്ന പദ്ധതികളും നടപ്പിൽ വരുത്തുന്നുണ്ട്. ഇതുകൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികളായ ശ്രദ്ധ, ഫോക്കസ് സ്കൂൾ, മോഡൽ സ്കൂൾസ്, മോഡൽ ഇൻക്ലൂസീവ് സ്കൂൾ, സ്പെഷ്യൽ എൻറിച്ച്മെന്റ് പ്രോഗ്രാം എന്നിവയിലൂടെ അക്കാദമിക് നിലവാരം ഉയർത്തി വിദ്യാഭ്യാസ മേഖലയിൽ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാകാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്.

ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ അക്കാദമിക് നിലവാരം ഉയർത്തുന്നതിനായി ആവിഷ്കരിക്കപ്പെട്ട പദ്ധതിയാണ് EAP (Enhancement of Academic Programme).

2023-24 വർഷത്തിൽ EAP-യുടെ ഭാഗമായി താഴെ പറയുന്ന പദ്ധതികൾ നടത്താൻ ഉദ്ദേശിക്കുന്നു.

1. HSST: Higher Secondary School Teachers Transformation Programme. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ചേർന്ന് പത്ത് ദിവസത്തെ റസിഡൻഷ്യൽ പരിശീലന പരിപാടി.

2. Promotion of Research Among Higher Secondary School Teachers (Mini Research Project).

3. Academic Monitoring- Training for Officers and Educational visits to all schools.

പുതിയ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതോടൊപ്പം നിലവിൽ വിവിധ ഏജൻസികൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ തുടരാനും സംസ്ഥാനതലം

മുതൽ വിദ്യാലയതലം വരെയുള്ള അക്കാദമിക മോണിറ്ററിംഗ് ശാക്തീകരിക്കാനും നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ ഇദംപ്രഥമമായി ദേശീയ നൈപുണ്യ യോഗ്യത ചട്ടക്കൂട് (NSQF) അധിഷ്ഠിതമായ വൊക്കേഷണൽ കോഴ്സുകൾ പരിശീലിപ്പിക്കാൻ 2018-19 വിദ്യാഭ്യാസ വർഷം മുതൽ ആരംഭിച്ചു.

വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലെ വിദ്യാർഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി.

Quality Enhancement Programme

പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്കുള്ള പ്രത്യേക പഠന സഹായ പദ്ധതി.

Industry Academic Partnership

വൊക്കേഷണൽ വിഷയങ്ങളുടെ പഠനം കൂടുതൽ അനുഭവവേദ്യവും വ്യവസായബന്ധിയുമാക്കുന്ന തരത്തിൽ ഓരോ എൻ.എസ്.ക്യൂ.എഫ്. കോഴ്സുമായും ബന്ധപ്പെട്ട വ്യവസായത്തെ സ്കൂളുമായി ബന്ധിപ്പിക്കുന്ന പ്രവർത്തനങ്ങളാണിവ.

On the job Training Expert Interaction, Industry Visits, Panel discussion with Industries എന്നിവ ഉദാഹരണങ്ങളാണ്.

Professional development Programme for teachers

വൊക്കേഷണൽ വിഭാഗം അധ്യാപകർക്ക് അതത് വ്യവസായ മേഖലകളിലെ Professionalism വളർത്തുന്നതിന് സഹായകരമായ വിധത്തിൽ Industry linked ആയ പരിശീലനമാണിത്.

Promising English

വി.എച്ച്.എസ്.ഇ. വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനവും ആശയ വിനിമയശേഷിയും മെച്ചപ്പെടുത്തുന്നതിനുള്ള പ്രത്യേക പരിപാടി.

Positive Parenting

പഠന കാര്യങ്ങളിൽ യാഥാർത്ഥ്യ ബോധത്തോടെയും ആശയപരമായ വ്യക്തതയോടെയും ഇടപെടുന്നതിന് രക്ഷാകർത്താക്കളെ പ്രാപ്തരാക്കുന്ന പരിപാടി.

Skill Day- Vocational Expo

വൊക്കേഷണൽ പഠന പ്രവർത്തനങ്ങളുടെ ഭാഗമായി ഉൽപ്പാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾ, സേവനങ്ങൾ, പഠന തുടർച്ചയായി ലഭിക്കാവുന്ന ഉപരിപഠന സാധ്യതകൾ, തൊഴിൽ സാധ്യതകൾ എന്നിവ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിനായി വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലും തുടർന്ന് മേഖല/സംസ്ഥാന തലങ്ങളിലും സംഘടിപ്പിക്കുന്ന പ്രദർശന വിൽപ്പന മേളകളാണിവ.

Digital Content & Learning Material Development

State Institute of Educational Technology (SIET)-യുടെ സഹായത്തോടെ വൊക്കേഷണൽ പഠന ഭാഗങ്ങളേയും പഠന പ്രവർത്തനങ്ങളേയും digitalize ചെയ്യുന്ന പ്രവർത്തനം വലിയ

മതിപ്പുളവാക്കുകയും പഠനം ആയാസകരമല്ലാതെയാക്കുന്നതിൽ സഹായിക്കുകയും ചെയ്യുന്നു.

(ബി) സർക്കാർ സ്കൂളുകളിൽ ഒഴിഞ്ഞുകിടക്കുന്ന അധ്യാപക, അനധ്യാപക തസ്തികകൾ എത്രയുണ്ടെന്നും പഠന നിലവാരം ഉയർത്തുന്നതിനുവേണ്ടി ഇത് എന്നത്തേയ്ക്ക് നികത്താൻ കഴിയുമെന്നുമുള്ള വിശദാംശങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ?

സർക്കാർ സ്കൂളുകളിൽ എൽ.പി., യു.പി., ഹൈസ്കൂൾ തലങ്ങളിൽ ഒഴിഞ്ഞുകിടക്കുന്ന അധ്യാപക/പ്രധാനാധ്യാപക തസ്തികകളുടെയും ഹയർസെക്കൻഡറി/വൊക്കേഷണൽ ഹയർ സെക്കൻഡറി തലത്തിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെയും വിവരങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു. പ്രസ്തുത ഒഴിവുകളുടെ നിയമാനുസൃത വിഹിതം യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകളിലേയ്ക്കുള്ള നിയമനങ്ങൾ നടത്തുന്നതാണ്. പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്ത അധ്യാപക തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപക നിയമനം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടത്തിയിട്ടുണ്ട്. പ്രധാനാധ്യാപക തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനുവേണ്ട സെലക്ട് ലിസ്റ്റ് 04-08-2023-ൽ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി ഒഴിവുകളിൽ നിയമനം നടത്തുന്നതിനായുള്ള നടപടികൾ നടന്നുവരുന്നു.

സർക്കാർ ഹയർ സെക്കൻഡറി അധ്യാപക നിയമനം സംസ്ഥാനതലത്തിലാണ്. അതിനാൽ സ്കൂളുകളിലുണ്ടാകുന്ന ഒഴിവുകളിൽ അധ്യാപകർ/പ്രിൻസിപ്പൽ നിയമനം, ട്രാൻസ്ഫർ എന്നിവ മുഖേന നിയമനങ്ങൾ നടത്തപ്പെടുന്നതിനാൽ ഒഴിവുകളുടെ എണ്ണത്തിൽ കാലാകാലങ്ങളിൽ മാറ്റമുണ്ടാകുന്നു.

(സി) എയ്ഡഡ് സ്കൂളുകളിൽ എത്ര അധ്യാപകരുടെ നിയമനങ്ങൾ അംഗീകരിക്കാതെ കിടക്കുന്നുണ്ടെന്ന വിശദാംശങ്ങൾ ജില്ലതിരിച്ച് ലഭ്യമാക്കുമോ; നിയമനാംഗീകാരം വേഗത്തിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

എയ്ഡഡ് സ്കൂളുകളിൽ നിയമനങ്ങൾ അംഗീകരിക്കാതെ കിടക്കുന്ന അധ്യാപകരുടെ വിവരങ്ങൾ ജില്ല തിരിച്ച് അനുബന്ധമായി+ ചേർത്തിരിക്കുന്നു.

സംസ്ഥാനത്തൊട്ടാകെ നിയമനാംഗീകാരം ലഭിക്കാത്ത 8565 എയ്ഡഡ് സ്കൂൾ അധ്യാപകരുണ്ട്. മാനേജർമാർ നടത്തിയ നിയമാനുസൃത നിയമനങ്ങൾ ഭിന്നശേഷി സംവരണ വ്യവസ്ഥകൾകൂടി പാലിച്ച് അംഗീകാര നടപടികൾ ത്വരിതപ്പെടുത്തുന്നതിന് നടപടികളെടുത്തിട്ടുണ്ട്.

(ഡി) പശ്ചാത്തല സൗകര്യ വികസനത്തിന്റെ ഭാഗമായി സർക്കാർ പ്രൈമറി വിദ്യാലയങ്ങളുടെ കെട്ടിട നിർമ്മാണത്തിന് പുതിയ പാക്കേജ് ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ പ്ലാൻ ഫണ്ട് പദ്ധതികളിൽ ഉൾപ്പെടുത്തി നടത്തുന്ന പ്രവൃത്തികളിൽ പ്രൈമറി സ്കൂളുകളും ഉൾപ്പെടുന്നുണ്ട്. പുതിയ പാക്കേജ് ഉണ്ടാക്കുന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) സ്വന്തമായി ഭൂമിയില്ലാത്ത പ്രൈമറി സ്കൂളുകൾക്ക് ഭൂമി വാങ്ങുന്നതിന് പ്രത്യേക പരിഗണന നൽകുമോയെന്ന് വ്യക്തമാക്കുമോ?

2019-ലെ ബഡ്ജറ്റ് ഖണ്ഡിക 104 പ്രകാരം സ്വന്തമായി സ്ഥലമില്ലാത്തതും സ്ഥലപരിമിതിയുള്ളതുമായ സ്കൂളുകൾക്ക് സ്ഥലം വാങ്ങുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. അതിൽ സംസ്ഥാനത്തെ അർഹമായ എല്ലാ സ്കൂളുകളെയും ഉൾപ്പെടുത്തി നടപടികൾ സ്വീകരിക്കുന്നതാണ്.

**പൊതുവിദ്യാഭ്യാസ സംരക്ഷണ പദ്ധതി**

**195 (1463)** <u>**ശ്രീ തോമസ് കെ. തോമസ്:**</u>
<u>**ശ്രീ കോവൂർ കുഞ്ഞുമോൻ:**</u>
<u>**ശ്രീ. കെ. പി. മോഹനൻ:**</u>
<u>**ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:**</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുവിദ്യാഭ്യാസ രംഗത്ത് മികവ് ലക്ഷ്യം വച്ച് സമഗ്രമായ ഇടപെടലിനായി ആസൂത്രണം ചെയ്ത പദ്ധതിയാണ്

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം. വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി വളർത്തുക എന്നതിനായിരുന്നു ഊന്നൽ നൽകിയത്. ഇതിന്റെ ഭാഗമായി ഭൗതിക സൗകര്യവികസനം, ശാസ്ത്ര സാങ്കേതികവിദ്യാ സംവിധാനങ്ങളടക്കം പ്രയോജനപ്പെടുത്തിയുള്ള ആധുനികവൽക്കരണം, അക്കാദമിക മികവിനായുള്ള പദ്ധതികൾ, പൊതുവിദ്യാഭ്യാസ രംഗത്ത് വർദ്ധിത തോതിൽ സമൂഹ പങ്കാളിത്തം എന്നിവയെല്ലാം ആസൂത്രണം ചെയ്ത് നടപ്പാക്കുകയായിരുന്നു പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ ചെയ്തത്. അതിന്റെ തുടർച്ചയും വളർച്ചയുമാണ് നവകേരളം കർമ്മപദ്ധതി 2-ന്റെ ഭാഗമായ വിദ്യാകിരണം മിഷനിലൂടെ നിർവ്വഹിക്കുന്നത്.

(ബി) പ്രായോഗിക ജീവിത വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള പ്രത്യേക പാഠനം ഒന്നാം ക്ലാസ്സ് മുതൽ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ആരോഗ്യ ജീവിത നൈപുണി വിദ്യാഭ്യാസം</u>

ജീവിത നൈപുണി വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് 1 മുതൽ 12-ാം ക്ലാസ് വരെയുള്ള പാഠ്യപദ്ധതി എസ്.സി.ഇ.ആർ.ടി. തയ്യാറാക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ അധ്യാപകർക്കുള്ള കൈപ്പുസ്തകവും കുട്ടികൾക്കുള്ള വർക്ക് ബുക്കുകളും മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നട എന്നീ ഭാഷകളിൽ പരിഭാഷപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

കേരളത്തിലെ തെരഞ്ഞെടുത്ത ജില്ലകളിലെ സ്കൂളുകളിൽ ഇവ പരീക്ഷണാർത്ഥം നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഫലപ്രാപ്തി എത്രത്തോളമെന്നത് പഠന വിധേയമാക്കിയിട്ടുണ്ട്. 2022-23 വർഷം മുതൽ പട്ടിക വികസന വകുപ്പിന്റെ പരിധിയിൽ വരുന്ന 20 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിന്റെ ഫലപ്രാപ്തിയും പരിശോധിക്കുന്നുണ്ട്.

2023-ൽ നടക്കുന്ന പാഠ്യപദ്ധതി പരിഷ്കരണത്തിൽ വിവിധ വിഷയങ്ങളിൽ ജീവിത നൈപുണ്യ വികാസവുമായി ബന്ധപ്പെട്ട പാഠഭാഗങ്ങൾ ഇന്റഗ്രേറ്റ് ചെയ്ത് ഉൾപ്പെടുത്തുന്നതാണ്.

(സി) കൗമാരക്കാർക്ക് അവരുടെ ജീവിത പ്രതിസന്ധികളെ തരണം ചെയ്യുന്നതിനായി സ്കൂളുകളിൽ ബോധവൽക്കരണ ക്ലാസ്സുകൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ആസ്വദിച്ച് അറിവ് നേടാനും ആവശ്യമായ ജീവിത നൈപുണികൾ പരിശീലിക്കാനും കാര്യക്ഷമമായി ജീവിക്കാനും കൗമാരക്കാരായ വിദ്യാർത്ഥികളെ പ്രാപ്തരാക്കുകയെന്ന ലക്ഷ്യത്തോടെ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് 'അഡോളസെന്റ് അവയർനെസ് പ്രോഗ്രാം-കരുത്തും കരുതലും' പൊതുവിദ്യാലയങ്ങളിലെ ഹൈസ്കൂൾ ക്ലാസ്സുകളിലെ കൗമാരക്കാരായ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി 'ടീൻസ് ക്ലബ്' രൂപീകരിച്ച് കൗമാരം 'കരുത്തും കരുതലും' മാർഗ്ഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങളാണ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നത്.

കൗമാരക്കാരായ കുട്ടികൾക്ക് അവർ അഭിമുഖീകരിക്കുന്ന ജീവിത പ്രതിസന്ധികൾ തരണം ചെയ്യുന്നതിനുവേണ്ട പിന്തുണ നൽകാൻ അധ്യാപകരെ പ്രാപ്തരാക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. ഈ മേഖലയിലുള്ള പഠനങ്ങളുടെയും ആധുനിക

കാഴ്ചപ്പാടുകളെയും ഉൾക്കൊണ്ടുകൊണ്ട് കൗമാരക്കാരുടെ ഗൈഡൻസും കൗൺസലിംഗും എങ്ങനെയായിരിക്കണമെന്ന സമീപന രേഖ എസ്.സി.ഇ.ആർ.ടി. വികസിപ്പിച്ചിട്ടുണ്ട്. വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് പ്രത്യേക ബോധവൽക്കരണ ക്ലാസ്സുകൾ ചില ഘട്ടങ്ങളിൽ വേണ്ടിവരുമെങ്കിലും മുഴുവൻ അധ്യാപകരെയും കൗമാരക്കാരുടെ ഗൈഡൻസിന് അനുയോജ്യമായ മനോവൃത്തിയുള്ളവരാക്കി തീർക്കുകയെന്നതും പ്രധാനമാണ്. ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ അധ്യാപകർക്കുള്ള പരിശീലനത്തിൽ കൗമാര വിദ്യാഭ്യാസം ഒരു പ്രധാന മേഖലയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

പലവിധ വികാരങ്ങളുടെ കുത്തൊഴുക്ക് അനുഭവപ്പെടുന്ന കാലമാണ് കൗമാരം. അതിനെ നിയന്ത്രിക്കാനുള്ള ശേഷി മുതിരുന്നതനുസരിച്ചേ കൈവരിക്കാനാകുകയുള്ളൂ. വികാരങ്ങൾക്ക് അടിപ്പെട്ടുപോകാതെ സന്ദർഭാനുസരണം പെരുമാറാനുള്ള പരിശീലനം കൗമാരഘട്ടത്തിലുള്ള കുട്ടികൾക്ക് ലഭിക്കേണ്ടതുണ്ട്. വൈകാരിക സുസ്ഥിതി കൈവരിക്കുന്നതിനുള്ള ആദ്യപടി വികാരങ്ങളെ അറിയുക എന്നതാണ്.

വൈകാരിക സുസ്ഥിതി കൈവരിക്കുന്നതിന് ഒരാൾ സ്വയം അറിയേണ്ടതുണ്ട്. ഇതിന് കുട്ടികൾക്ക് പരസ്പരം സഹായിക്കാൻ കഴിയും. പരസ്പരം മനസ്സിലാക്കുകയും വ്യക്തിത്വത്തെ ശക്തിപ്പെടുത്താൻ കുട്ടികളെ സഹായിക്കുകയും ചെയ്യുക എന്നതാണ് പരിശീലനത്തിന്റെ മുഖ്യ ലക്ഷ്യം.

കൗമാരക്കാരുടെ ആവശ്യങ്ങളും ആശങ്കകളും മനസ്സിലാക്കി ആരോഗ്യകരമായ ഇടപെടലുകൾ നടത്തി അവരുടെ സമഗ്രമായ വളർച്ചയിൽ അധ്യാപകരെയും രക്ഷകർത്താക്കളെയും പങ്കാളികളാക്കുന്ന തരത്തിലുള്ള പരിപാടികളാണ് പരിശീലനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സുസ്ഥിരവികസനത്തിലും മാനവികതയിലും ഊന്നിയ ഗുണാത്മക/ വികസനാത്മക (Positive developmental approach) സമീപനമായിരിക്കണം കൗമാര വിദ്യാഭ്യാസത്തിൽ സ്വീകരിക്കേണ്ടത്. പങ്കാളിത്ത രീതികൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് പ്രവർത്തനങ്ങൾ നടപ്പാക്കാനാണ് അധ്യാപകർക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്. അതിന്റെ ഭാഗമായി കൗമാര വിദ്യാർത്ഥിയെ പ്രചോദിപ്പിക്കുന്ന, ചിന്തിപ്പിക്കുന്ന സംഘ ചർച്ചകൾ, ഡിബേറ്റുകൾ, ആത്മപ്രകാശനത്തിനുതകുന്ന റോൾ, സന്ദർഭ-സംഭവ,

പങ്കാളിത്തവും ചിത്രീകരണവും ഉൾക്കൊള്ളുന്ന നാടകാവതരണങ്ങൾ, നേരനുഭവ പരിപാടികൾ, ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്നതിനുള്ള സന്ദർഭങ്ങൾ സൃഷ്ടിക്കലുകൾ, നേതൃത്വ പരിശീലന പരിപാടികൾ, യഥാർത്ഥ ജീവിതാനുഭവങ്ങളിലുള്ള ഇടപെടലുകൾ ഗവേഷണ പ്രവർത്തനങ്ങൾ എന്നിവയെല്ലാം വിദ്യാലയങ്ങളിൽ സംഘടിപ്പിക്കും.

അതോടൊപ്പംതന്നെ ശരിയായ പഠനങ്ങളുടെയോ സമീപനങ്ങളുടെയോ അടിസ്ഥാനത്തിലല്ലാതെ അശാസ്ത്രീയമായി സ്കൂളുകളിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനെ നിയന്ത്രിക്കുകയും ചെയ്യേണ്ടതുണ്ട്. സ്കൂളുകളിൽ നടക്കുന്ന ഗൈഡൻസ് കൗൺസിലിംഗ് പരിപാടികളെ ഏകോപിപ്പിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനുമുള്ള സ്ഥിരസംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയിട്ടുണ്ട്.

**മലമ്പുഴ അകത്തേത്തറ ഗവൺമെന്റ് യു.പി. സ്കൂൾ കെട്ടിട നിർമ്മാണം**

**196 (1464)** <u>ശ്രീ. എ. പ്രഭാകരൻ</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ട് കോടി രൂപ പ്ലാൻ ഫണ്ട് ചെലവഴിച്ച് നിർമ്മിച്ച മലമ്പുഴ മണ്ഡലത്തിലെ അകത്തേത്തറ ഗവൺമെന്റ് യു.പി. സ്കൂളിലെ പുതിയ കെട്ടിടത്തിൽ ക്ലാസുകൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

അകത്തേത്തറ ഗവൺമെന്റ് യു.പി. സ്കൂളിൽ നിർമ്മിച്ച പുതിയ കെട്ടിടത്തിൽ ക്ലാസ്സുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കെട്ടിടത്തിന് കംപ്ലീഷൻ സർട്ടിഫിക്കറ്റ്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവ ലഭിച്ചിട്ടുണ്ടോയെന്നും ഇവ നൽകേണ്ട അധികാരികൾ ആരെല്ലാമാണെന്നും അറിയിക്കാമോ?

പ്രസ്തുത സ്കൂളിന് കംപ്ലീഷൻ സർട്ടിഫിക്കറ്റ്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവ ലഭിച്ചിട്ടുണ്ട്. കംപ്ലീഷൻ സർട്ടിഫിക്കറ്റ് ജില്ലാ പഞ്ചായത്തും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ബ്ലോക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയറുമാണ് നൽകേണ്ടത്.

**എം.ജി.എൽ.സി. നിർത്തലാക്കൽ**

**197 (1465)** <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററുകൾ നിർത്തലാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ?

കാസർഗോഡ് ജില്ലയിൽ നിലവിലുണ്ടായിരുന്ന 52 എം.ജി.എൽ.സി.-കളിൽ ഒരു എം.ജി.എൽ.സി. നിലനിർത്തിക്കൊണ്ട് ബാക്കി 51 എണ്ണം നിർത്തലാക്കിയിട്ടുണ്ട്.

(ബി) ഇത്തരത്തിലുള്ള ഏകാധ്യാപക വിദ്യാലയങ്ങൾ പ്രവർത്തിച്ച കെട്ടിടങ്ങൾ, സ്ഥലങ്ങൾ എന്നിവ എന്ത് ചെയ്യാനാണ് ആലോചിക്കുന്നതെന്ന് വിശദീകരിക്കാമോ;

(സി) ഇവ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) അനാഥമായി കിടക്കുന്ന കെട്ടിടങ്ങളും സ്ഥലങ്ങളും അന്യാധീനപ്പെട്ടുപോകാനും ദുരുപയോഗം ചെയ്യാനുമുള്ള സാധ്യത ഇല്ലാതാക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

(ബി-ഡി) പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കെട്ടിടങ്ങൾ എൽ.പി. സ്കൂളിനും എസ്.എസ്.കെ. നടത്തുന്ന പ്രാദേശിക പ്രതിഭാ കേന്ദ്രങ്ങൾക്കും നൽകാനും തദ്ദേശ സ്വയംഭരണ വകുപ്പിനുകീഴിലുള്ള കെട്ടിടങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുതന്നെ വിട്ടുനൽകാനും തീരുമാനമെടുത്തിട്ടുണ്ട്. അതുപ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള കെട്ടിടങ്ങൾ കൈമാറാൻ അതത് ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കെട്ടിടങ്ങളും സ്ഥലങ്ങളും അന്യാധീനപ്പെട്ട് പോകാതിരിക്കാനാണ് മേൽ തീരുമാനം കൈക്കൊണ്ടിട്ടുള്ളത്.

## ഞാറക്കൽ ജി.എൽ.പി.ജി. സ്കൂൾ വക സ്ഥലത്തെ അങ്കണവാടി കെട്ടിട നിർമ്മാണം

**198 (1466)** <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഞാറക്കൽ ഗ്രാമപഞ്ചായത്തിലെ 5-ാം വാർഡിൽ പൂട്ടിപ്പോയ ഞാറക്കൽ ജി.എൽ.പി.ജി. സ്കൂൾ വക 25 സെന്റ് സ്ഥലത്തിൽ 3 സെന്റ് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം നിലനിർത്തുമോ?

സ്ഥലത്തിന്റെ ഉടമസ്ഥാവകാശം വകുപ്പിൽതന്നെ നിലനിർത്തുന്നതാണ്.

(ബി) 107-ാം നമ്പർ അങ്കണവാടി കെട്ടിടത്തിന്റെ ശോച്യാവസ്ഥ പരിഗണിച്ച് പുതിയ അങ്കണവാടി കെട്ടിടം നിർമ്മിക്കാൻ അനുമതിക്കായി എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർ 21-01-2023-നും 16-05-2023-നും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച അപേക്ഷകളിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ; അനുമതി നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

അനുമതി നൽകിയിട്ടില്ല. വിദ്യാഭ്യാസ ഉപഡയറക്ടറിൽനിന്നും ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരികയാണ്.

**തിരുവനന്തപുരം ജില്ലയിൽ ചലഞ്ച് ഫണ്ട് പദ്ധതി**

199 (1467) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചലഞ്ച് ഫണ്ട് പദ്ധതി പ്രകാരം എത്ര എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാണ് തിരുവനന്തപുരം ജില്ലയിൽ കെട്ടിടങ്ങളും മറ്റ് ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെടുത്തുന്നതിനുമായി ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിലെ ഹോളിക്രോസ് എൽ.പി. സ്കൂൾ, പാലപ്പൂര് എന്ന സ്കൂളിന് ചലഞ്ച് ഫണ്ട് പദ്ധതി പ്രകാരം ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ചലഞ്ച് ഫണ്ട് ആവശ്യപ്പെട്ട് തിരുവനന്തപുരം ജില്ലയിൽനിന്നും എത്ര സ്കൂളുകൾ അപേക്ഷ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

ചലഞ്ച് ഫണ്ട് ആവശ്യപ്പെട്ട് 3 സ്കൂളുകൾ അപേക്ഷ നൽകിയിട്ടുണ്ട്.

(സി) ഈ സാമ്പത്തിക വർഷത്തിൽ ചലഞ്ച് ഫണ്ട് അനുവദിക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

തുക വകയിരുത്തിയിട്ടില്ല.

**മന്ത്രിസഭയുടെ അംഗീകാരത്തോടെ നടപ്പാക്കിയ പദ്ധതികൾ**

**200 (1468)** ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനകാര്യ വകുപ്പിന്റെ എതിർപ്പിനെ മറികടന്നുകൊണ്ട് പൊതുവിദ്യാഭ്യാസ വകുപ്പ് പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ മന്ത്രിസഭയുടെ അംഗീകാരത്തോടെ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ/പ്രവർത്തനങ്ങൾ/ തീരുമാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) മേൽപ്പറഞ്ഞ ഓരോ വിഷയത്തിലും ധനകാര്യ വകുപ്പ് നൽകിയ റിമാർക്ക്സ് എന്തായിരുന്നുവെന്ന് അറിയിക്കാമോ; ഓരോ തീരുമാനവും സംബന്ധിച്ച ക്യാബിനറ്റ് നോട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ/പ്രവർത്തനങ്ങൾ/തീരുമാനങ്ങൾ നടപ്പാക്കിയതിലൂടെ എത്ര രൂപയുടെ ബാധ്യതയുണ്ടായെന്ന് അറിയിക്കാമോ; വിശദാംശം നൽകുമോ?

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനകാര്യ വകുപ്പിന്റെ എതിർപ്പിനെ അവഗണിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് പദ്ധതി പ്രവർത്തനങ്ങളൊന്നും നടപ്പാക്കിയിട്ടില്ല.

**ഉച്ചഭക്ഷണ പദ്ധതിക്കുള്ള തുക വർദ്ധിപ്പിക്കാൻ നടപടി**

**201 (1469)** ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യവസ്തുക്കളുടെയും പാചകവാതകത്തിന്റെയും വിലവർദ്ധനവിന്റെ അടിസ്ഥാനത്തിൽ സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതിക്ക് അനുവദിക്കുന്ന തുക വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉച്ചഭക്ഷണ പദ്ധതിയുടെ ഫുഡ് ബാസ്ക്കറ്റിൽ ഉൾപ്പെടുന്ന ചില ഭക്ഷ്യവസ്തുക്കളുടെ വിലയിൽ വന്നിട്ടുള്ള വർദ്ധനവ് കണക്കിലെടുക്കുമ്പോൾ നിലവിൽ അനുവദിക്കുന്ന തുക അപര്യാപ്തമാണെന്ന് കാണുന്നുണ്ട്. പദ്ധതി നടത്തിപ്പിന് സ്കൂളുകൾക്ക് അനുവദിക്കുന്ന തുക (മെറ്റീരിയൽ കോസ്റ്റ്) പരിഷ്കരിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) പ്രസ്തുത തുക ഏറ്റവും ഒടുവിൽ വർദ്ധിപ്പിച്ചത് എന്നാണ്; നിലവിൽ ഓരോ കുട്ടിക്കും അനുവദിക്കുന്ന തുക എത്ര വീതമാണെന്നും ഇത് എത്ര രൂപയായി വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

തുക ഏറ്റവും ഒടുവിൽ വർദ്ധിപ്പിച്ചത് 2016 സെപ്റ്റംബറിലാണ്. ചുവടെ പരാമർശിക്കുന്ന മൂന്ന് വ്യത്യസ്ത സ്ലാബുകളിലായാണ് തുക അനുവദിക്കുന്നത്.

സ്ലാബ് I - 150 കുട്ടികൾ വരെ - കുട്ടിയൊന്നിന് പ്രതിദിനം 8/- രൂപ

സ്ലാബ് II - 151 മുതൽ 500 കുട്ടികൾ വരെ - കുട്ടിയൊന്നിന് പ്രതിദിനം 7/- രൂപ

സ്ലാബ് III – 500-ന് മുകളിൽ - കുട്ടിയൊന്നിന് പ്രതിദിനം 6/- രൂപ

പദ്ധതി നടത്തിപ്പിന് സ്കൂളുകൾക്ക് അനുവദിക്കുന്ന തുക (മെറ്റീരിയൽ കോസ്റ്റ്) പരിഷ്കരിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) പി.ടി.എ.-യുടെ സഹകരണത്തോടെ സ്കൂളുകളിൽ ഉച്ചഭക്ഷണം നടത്തുന്നതിന് നിലവിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഇല്ല. പി.ടി.എ. പ്രസിഡന്റ് ചെയർമാനും പ്രഥമാധ്യാപകൻ/ പ്രഥമാധ്യാപിക കൺവീനറുമായ സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റിക്കാണ് സ്കൂൾ തലത്തിൽ ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പ് ചുമതല നൽകിയിട്ടുള്ളത്. പി.ടി.എ., എസ്.എം.സി., എം.പി.ടി.എ. എന്നിവയുമായി സഹകരിച്ചുകൊണ്ടാണ് സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റി അതിന്റെ ചുമതലകൾ നിർവ്വഹിക്കേണ്ടത്.

(ഡി) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്ക് അനുവദിച്ച തുക അധ്യാപകർക്ക് സമയബന്ധിതമായി മാറി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്കുള്ള 2023-24 വർഷത്തെ ആദ്യ ഗഡു കേന്ദ്രവിഹിതം ഇതുവരെ ലഭ്യമായിട്ടില്ല. കേന്ദ്ര വിഹിതം ലഭ്യമായാൽ ആനുപാതിക സംസ്ഥാന വിഹിതവും ചേർത്ത് സ്കൂളുകൾക്ക് അർഹതപ്പെട്ട തുക വിതരണം ചെയ്യുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

## നടക്കാവ് ഗവ. ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾകെട്ടിട നിർമ്മാണം

**202 (1470)** <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നടക്കാവ് ഗവ. ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ കെട്ടിട നിർമ്മാണത്തിന് എത്ര തുകയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ?

നടക്കാവ് ഗവ. ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ കെട്ടിട നിർമ്മാണത്തിനായി 3 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പുതുക്കിയ DSR നിരക്ക് പ്രാബല്യത്തിൽ വന്നതോടെ കെട്ടിട നിർമ്മാണത്തിനാവശ്യമായ തുക 3.90 കോടി രൂപയായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ?

പ്രസ്തുത സ്കൂൾ കെട്ടിട നിർമ്മാണത്തിനായി പി.ടി.എ. നിർദ്ദേശിച്ചിരുന്ന സ്ഥലത്ത് കെട്ടിടം നിർമ്മിക്കാൻ സ്ഥലപരിമിതിയുണ്ട്. കൂടാതെ, നിർദ്ദിഷ്ട

സ്ഥലത്ത് നിർമ്മാണ സാമഗ്രികൾ എത്തിക്കാനുള്ള തടസ്സമുള്ളതിനാലും പകരം സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(സി) പദ്ധതി കാലതാമസം കൂടാതെ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

സ്ഥലം ലഭ്യമായാലുടൻ ഡി.പി.ആർ. തയ്യാറാക്കി കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കാൻ നിർവ്വഹണ ഏജൻസിയായ കിലയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കുന്നത്തുനാട് മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം**

**203 (1471)** <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ കിഫ്ബി, പ്ലാൻ ഫണ്ട് എന്നിവ മുഖേന കെട്ടിട നിർമ്മാണത്തിനായി ഭരണാനുമതി നൽകിയിട്ടുള്ള സ്കൂളുകളുടെ വിശദാംശം ലഭ്യമാക്കാമോ?

ഗവൺമെന്റ് എൽ.പി.എസ്. വടവുകാട് - 1 കോടി പ്ലാൻ ഫണ്ട്

ഗവൺമെന്റ് യു.പി.എസ്. നോർത്ത് വാഴക്കുളം - 1 കോടി പ്ലാൻ ഫണ്ട്

ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ, കടയിരിപ്പ് - 3 കോടി കിഫ്ബി ഫണ്ട്

ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ, പോത്തിക്കര -1 കോടി കിഫ്ബി ഫണ്ട്

ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ, സൗത്ത് വാഴക്കുളം - 5 കോടി കിഫ്ബി ഫണ്ട്

ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ, പഴന്തോട്ടം - 2 കോടി പ്ലാൻ ഫണ്ട്

കിഫ്ബി ഫണ്ട് - ഒരു കോടി മുപ്പത് ലക്ഷം

ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ, മുടിക്കൽ - 3 കോടി പ്ലാൻ ഫണ്ട്

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ?

ഗവൺമെന്റ് എൽ.പി.എസ് വടവുകാട് - കെട്ടിട നിർമ്മാണം പൂർത്തിയായി.

ഗവൺമെന്റ് യു.പി.എസ്. നോർത്ത് വാഴക്കുളം- കെട്ടിട നിർമ്മാണം പൂർത്തിയായി.

ഗവൺമെന്റ് എച്ച്.എസ്.എസ്. കടയിരിപ്പ് - കെട്ടിട നിർമ്മാണം പൂർത്തിയായി.

ഗവൺമെന്റ് എച്ച്.എസ്.എസ്. പോത്തിക്കര - ടെൻഡർ അംഗീകരിച്ചു.

ഗവൺമെന്റ് എച്ച്.എസ്.എസ്. സൗത്ത് വാഴക്കുളം - കെട്ടിട നിർമ്മാണം പൂർത്തിയായി.

ഗവൺമെന്റ് എച്ച്.എസ്.എസ്. പഴന്തോട്ടം - ഡി.പി.ആർ. അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

ഗവൺമെന്റ് എച്ച്.എസ്.എസ്. മുടിക്കൽ - പഴയ കെട്ടിടം പൊളിക്കാനുള്ള നടപടികൾ ചെയ്തുകൊണ്ടിരിക്കുന്നു.

(സി) പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഗവൺമെന്റ് എൽ.പി.എസ്. വടവുകോട്- എൽ.എസ്.ജി.ഡി.

ഗവൺമെന്റ് യു.പി.എസ്. നോർത്ത് വാഴക്കുളം - പി.ഡബ്ല്യൂ.ഡി.

ഗവൺമെന്റ് എച്ച്.എസ്.എസ്. കടയിരിപ്പ് - കൈറ്റ്

ഗവൺമെന്റ് എച്ച്.എസ്.എസ്. പോത്തിക്കര – കില

ഗവൺമെന്റ് എച്ച്.എസ്.എസ്. സൗത്ത് വാഴക്കുളം - കൈറ്റ്

ഗവൺമെന്റ് എച്ച്.എസ്.എസ്. പഴന്തോട്ടം - പി.ഡബ്ല്യൂ.ഡി.

ഗവൺമെന്റ് എച്ച്.എസ്.എസ്. മുടിക്കൽ - പി.ഡബ്ല്യൂ.ഡി.

(ഡി) പ്രസ്തുത സ്കൂൾ കെട്ടിട നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഗവൺമെന്റ് എൽ.പി.എസ്. വടവുകോട് - കെട്ടിടനിർമ്മാണം പൂർത്തിയായി.

ഗവൺമെന്റ് യു.പി.എസ്. നോർത്ത് വാഴക്കുളം - കെട്ടിടനിർമ്മാണം പൂർത്തിയായി.

ഗവൺമെന്റ് എച്ച്.എസ്.എസ്. കടയിരിപ്പ് - കെട്ടിടനിർമ്മാണം പൂർത്തിയായി.

ഗവൺമെന്റ് എച്ച്.എസ്.എസ്. പോത്തിക്കര - നടപടി സ്വീകരിച്ചിട്ടുണ്ട് .

ഗവൺമെന്റ് എച്ച്.എസ്.എസ്. സൗത്ത് വാഴക്കുളം - കെട്ടിടനിർമ്മാണം പൂർത്തിയായി.

ഗവൺമെന്റ് എച്ച്.എസ്.എസ്. പഴന്തോട്ടം - നടപടി സ്വീകരിച്ചിട്ടുണ്ട് .

ഗവൺമെന്റ് എച്ച്.എസ്.എസ്. മുടിക്കൽ - നടപടി സ്വീകരിച്ചിട്ടുണ്ട്.

**കുണ്ടറയിൽ കിച്ചൺ കം സ്റ്റോർ പദ്ധതി**

**204 (1472)** <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിച്ചൺ കം സ്റ്റോർ പദ്ധതി പ്രകാരം കുണ്ടറ നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള കെട്ടിട നിർമ്മാണങ്ങളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

കുണ്ടറ നിയോജകമണ്ഡലത്തിലെ 14 വിദ്യാലയങ്ങളാണ് കിച്ചൺ കം സ്റ്റോർ പദ്ധതിയിൽ ഉൾപ്പെടുന്നത്. ഇതിൽ രണ്ട് സ്കൂളുകൾ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കിച്ചൺ കം സ്റ്റോർ നിർമ്മാണത്തിനായി ട്രഷറി അലോട്ട്മെന്റ് മുഖാന്തരം അനുവദിച്ച തുക മാറിയെടുക്കാൻ സാധിക്കാത്തതിനാൽ 12 വിദ്യാലയങ്ങൾക്ക് നിർമ്മാണം ആരംഭിക്കാൻ

സാധിച്ചിട്ടില്ല. കിച്ചൺ കം സ്റ്റോർ പദ്ധതി പൂർത്തീകരണത്തിനായി 112 കോടി രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

## കോട്ടയം ജില്ലയിലെ ചലഞ്ച് ഫണ്ട് പ്രവൃത്തികൾ

**205 (1473)** ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ ഏതെല്ലാം എയ്ഡഡ് സ്കൂളുകളാണ് ചലഞ്ച് ഫണ്ട് അനുവദിക്കുന്നതിനായി അപേക്ഷ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കോട്ടയം ജില്ലയിൽ ചലഞ്ച് ഫണ്ട് അനുവദിക്കുന്നതിനായി അപേക്ഷ നൽകിയ സ്കൂളുകളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1. | സെന്റ് റോക്കീസ് യു.പി. സ്കൂൾ, കോട്ടയം |
| 2. | എൻ.എസ്.എം.സി.എം.എസ്. എൽ.പി. സ്കൂൾ, മൂലേടം |
| 3. | സെന്റ് തോമസ് യു.പി. സ്കൂൾ, കുറുമുള്ളൂർ |
| 4. | ശ്രീകൃഷ്ണ വി.എച്ച്.എസ്.എസ്., കുറിച്ചിത്താനം |
| 5. | സെന്റ് ലിറ്റിൽ തെരേസാസ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ, വൈക്കം |

| | |
|---|---|
| 6. | സെന്റ് ജോസഫ് എൽ.പി. സ്കൂൾ, ഇരവിമംഗലം |
| 7. | വി.ബി.യു.പി. സ്കൂൾ, തൃക്കൊടിത്താനം |

(ബി) അവയിൽ ഏതെല്ലാം സ്കൂളുകൾക്കാണ് ചലഞ്ച് ഫണ്ട് മുഖേനയുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഭരണാനുമതി ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

പ്രസ്തുത 7 സ്കൂളുകൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

**എൻ.സി.ഇ.ആർ.ടി.-യുടെ പത്താം ക്ലാസ് പാഠ്യപദ്ധതി പരിഷ്കരണം**

**206 (1474)** <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം ക്ലാസ് പാഠ്യപദ്ധതി പരിഷ്കരിക്കാനുള്ള എൻ.സി.ഇ.ആർ.ടി.-യുടെ തീരുമാനത്തെ തുടർന്ന് ഏതൊക്കെ പാഠഭാഗങ്ങളാണ് ഒഴിവാക്കിയിട്ടുള്ളതെന്ന് വിഷയം തിരിച്ച് വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എൻ.സി.ഇ.ആർ.ടി. പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി പത്താം ക്ലാസിൽ പരിഷ്കരിച്ച പാഠപുസ്തകങ്ങൾ നിലവിൽ വന്നിട്ടില്ല. എന്നാൽ നിലവിലുള്ള പത്താം ക്ലാസ് പാഠപുസ്തകങ്ങളിൽ 2023-24 അധ്യയന വർഷത്തിലേയ്ക്ക് ചില പാഠഭാഗങ്ങൾ പാഠപുസ്തകത്തിൽനിന്നും ഒഴിവാക്കുകയും അവ എൻ.സി.ഇ.ആർ.ടി. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. വിഷയം തിരിച്ച് ഒഴിവാക്കിയ പാഠഭാഗങ്ങൾ ഇതോടൊപ്പം അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു. സംസ്ഥാന സിലബസ് നടപ്പിലാക്കിയിട്ടുള്ള കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ എൻ.സി.ഇ.ആർ.ടി. പത്താം ക്ലാസിലെ പാഠഭാഗങ്ങൾ ഒഴിവാക്കുന്നത് ബാധിക്കുകയില്ല.

(ബി) ഓരോ പാഠഭാഗവും ഒഴിവാക്കുന്നതിന് എന്ത് കാരണമാണ് എൻ.സി.ഇ.ആർ.ടി. നൽകിയിട്ടുള്ളത്; വിശദമാക്കാമോ?

മറ്റ് വിഷയങ്ങളിൽ ആവർത്തിച്ച് വന്നിട്ടുള്ള ആശയങ്ങൾ, താഴ്ന്ന ക്ലാസുകളിലോ ഉയർന്ന ക്ലാസുകളിലോ ആവർത്തിച്ച് വരുന്ന ആശയങ്ങൾ, കടുപ്പമേറിയ ആശയങ്ങൾ, ക്ലാസിൽ പഠനം നടക്കാതെതന്നെ കുട്ടികൾക്ക്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മറ്റ് മാർഗ്ഗങ്ങളിലൂടെ വിവരങ്ങൾ ലഭ്യമാകുന്ന ഭാഗങ്ങൾ, നിലവിലെ സാഹചര്യത്തിൽ അപ്രസക്തമായ ആശയങ്ങൾ എന്നിങ്ങനെ പൊതുവായ ചില കാരണങ്ങൾ പാഠഭാഗങ്ങൾ ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് എൻ.സി.ഇ.ആർ.ടി. നൽകിയിട്ടുണ്ട്.

(സി) ജനാധിപത്യ സംവിധാനത്തെക്കുറിച്ചുള്ള പാഠഭാഗങ്ങൾ എൻ.സി.ഇ.ആർ.ടി. ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ അതിനെതിരെ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; പ്രസ്തുത കത്തിന്റെ/റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ജനാധിപത്യ സംവിധാനത്തെക്കുറിച്ചുള്ള പാഠഭാഗങ്ങൾ എൻ.സി.ഇ.ആർ.ടി. ഒഴിവാക്കിയിട്ടുണ്ട്. അതിനെതിരെ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്രത്തെ അറിയിച്ചിട്ടില്ല.

**സി.ബി.എസ്.ഇ. സിലബസിലെ മാറ്റങ്ങളും തുടർ നടപടികളും**

**207 (1475)** ശ്രീ. വി. ശശി:
ശ്രീ. പി. എസ്. സുപാൽ:

ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ ചരിത്രത്തിലെ നിർണ്ണായക സംഭവങ്ങൾ ഒഴിവാക്കിക്കൊണ്ട് എൻ.സി.ഇ.ആർ.ടി. പന്ത്രണ്ടാം ക്ലാസ് വരെയുള്ള പാഠപുസ്തകങ്ങൾ തയ്യാറാക്കിയിട്ടുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇന്ത്യാ ചരിത്രത്തിലെ പ്രമേയങ്ങൾ എന്ന രണ്ടാം വർഷ ചരിത്ര പാഠപുസ്തകത്തിലെ King and chronicles, understanding partition എന്നീ പ്രമേയങ്ങളും ലോകചരിത്രത്തിലെ പ്രമേയങ്ങൾ എന്ന പ്ലസ് വൺ ചരിത്ര പാഠപുസ്തകത്തിൽനിന്നും From the Beginning of Time, The Central Islamic Lands, Confrontation of Cultures, The Industiral Revolution എന്നീ പ്രമേയങ്ങളും ഒഴിവാക്കി.

(ബി) ഈ സാഹചര്യത്തിൽ കേരളം പിന്തുടരുന്ന മതനിരപേക്ഷവും സാമൂഹികനീതിയിൽ അധിഷ്ഠിതവുമായ വിദ്യാഭ്യാസ മാതൃക വിശദമാക്കുമോ?

എസ്.സി.ഇ.ആർ.ടി. പുറത്തിറക്കുന്ന എല്ലാ പാഠപുസ്തകങ്ങളിലും സാമൂഹ്യ നീതി ഉറപ്പാക്കുന്നതിനും മതനിരപേക്ഷത വളർത്തുന്നതിനും വേണ്ടിയുള്ള ആശയങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പുതിയ പാഠ്യപദ്ധതി പരിഷ്കരണത്തിലും ഈ ആശയങ്ങൾക്ക് പ്രഥമ പരിഗണനയാണ് നൽകുന്നത്.

(സി) സർക്കാർ നടപ്പിലാക്കാനുദ്ദേശിക്കുന്ന പുതുക്കിയ പാഠ്യ പദ്ധതിയിൽ സി.ബി.എസ്.ഇ. സിലബസ് പ്രകാരം കേന്ദ്രസർക്കാർ ഒഴിവാക്കിയ ചരിത്ര പാഠങ്ങളും ശാസ്ത്ര പാഠങ്ങളും ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

ഉണ്ട്. റാഷണലൈസേഷന്റെ ഭാഗമായി പ്ലസ് വൺ, പ്ലസ് ടു ക്ലാസുകളിൽ എൻ.സി.ഇ.ആർ.ടി. ഒഴിവാക്കിയ പാഠഭാഗങ്ങൾ ഉൾപ്പെടുത്തി പകരം എസ്.സി.ഇ.ആർ.ടി. പ്ലസ് വൺ, പ്ലസ് ടു ക്ലാസുകളിലേയ്ക്ക് അഡീഷണൽ ടെക്സ്റ്റ് ബുക്കുകൾ, ചരിത്രം, രാഷ്ട്രതന്ത്രശാസ്ത്രം, സാമ്പത്തികശാസ്ത്രം. സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങളിൽ തയ്യാറാക്കിയിട്ടുണ്ട്. പുതിയ പാഠ്യപദ്ധതിയിൽ സി.ബി.എസ്.ഇ. സിലബസ്

പ്രകാരം കേന്ദ്ര സർക്കാർ ഒഴിവാക്കിയ ചരിത്രപാഠങ്ങളും ശാസ്ത്രപാഠങ്ങളും ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു.

(ഡി) സംസ്ഥാനത്തെ സി.ബി.എസ്.ഇ. വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾ ഇന്ത്യയുടെ യഥാർത്ഥ ചരിത്രം പഠിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

സി.ബി.എസ്.ഇ. സിലബസ് തയ്യാറാക്കുന്നത് സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിൽ വരുന്നതല്ല.

**വള്ളിക്കുന്ന് ജി.എഫ്.എൽ.പി. സ്കൂൾ നവീകരണം**

**208 (1476)** ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ തീരദേശ പ്രദേശത്ത് പ്രവർത്തിക്കുന്ന ജി.എഫ്.എൽ.പി. സ്കൂളിൽ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ അടക്കമുള്ള നവീകരണ പ്രവർത്തനങ്ങൾ നടത്താൻ ഫൈസൽ ഫൗണ്ടേഷൻ സമർപ്പിച്ച പ്രൊപ്പോസലിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

പ്രസ്തുത പ്രൊപ്പോസലിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രൊപ്പോസലിന്മേൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ (ഫയൽ നമ്പർ അടക്കമുള്ള) വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വിശദമായ റിപ്പോർട്ട് നൽകാൻ പരപ്പനങ്ങാടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പി.എൽ(1)/13086/ഡി.ജി.ഇ./2023 എന്ന ഫയലിലാണ് പ്രസ്തുത വിഷയം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ കൈകാര്യം ചെയ്യുന്നത്.

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രസ്തുത പദ്ധതിക്ക് ആവശ്യമായ അനുമതി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പരപ്പനങ്ങാടി എ.ഇ.ഒ.-യുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**നിലമ്പൂർ സബ്ജില്ലയിലെ സ്കൂൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി**

**209 (1477)** <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നിലമ്പൂർ ഗവ. മോഡൽ യു.പി. സ്കൂളിനെ ഗവ. എൽ.പി.എസ്. വീട്ടിക്കുത്തിലേയ്ക്ക് മാറ്റി സ്ഥാപിച്ച് പ്രസ്തുത സ്ഥലം നിലമ്പൂർ ജില്ലാ ആശുപത്രിയുടെ സമഗ്ര വികസനത്തിനായി വിട്ടുനൽകാൻ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

രണ്ട് സ്കൂളുകളിലെയും കുട്ടികളുടെയും അധ്യാപകരുടെയും എണ്ണം, സ്ഥല വിസ്തൃതി, ഭൗതിക സാഹചര്യങ്ങൾ, അയൽപ്പക്ക സ്കൂളുകളുടെ വിവരങ്ങൾ (ദൂരപരിധി), വാഹനസൗകര്യം, ടി സ്കൂളുകളിലെ രക്ഷാകർത്താക്കളുടെ അഭിപ്രായം എന്നിവ ഉൾപ്പെടുത്തി നേരിട്ടുള്ള സ്കൂൾ സന്ദർശന റിപ്പോർട്ട് വ്യക്തമായ ശിപാർശ സഹിതം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് മലപ്പുറം ഡി.ഡി.ഇ., വണ്ടൂർ ഡി.ഇ.ഒ. എന്നിവർക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർ 07-08-2023-ന് നേരിട്ട് സ്ഥലം സന്ദർശിക്കുകയും

റിപ്പോർട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയത്തിൽ മലപ്പുറം ഡെപ്യൂട്ടി ഡയറക്ടർ, വണ്ടൂർ ഡി.ഇ.ഒ. എന്നിവരോട് വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നോ; ഇവർ നൽകിയ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പ്രസ്തുത വിഷയത്തിൽ മലപ്പുറം ഡി.ഡി.ഇ., വണ്ടൂർ ഡി.ഇ.ഒ. എന്നിവരുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു.

(സി) പ്രസ്തുത വിഷയത്തിൽ തുടർന്നുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; അതുമായി ബന്ധപ്പെട്ട ഫയലുകൾ ഏതെല്ലാം കാര്യാലയങ്ങളിലാണ് നിലവിലുള്ളതെന്നും ഫയൽ നമ്പർ അടക്കമുള്ള വിശദാംശങ്ങളും അറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റിപ്പോർട്ട് വിശദമായി പരിശോധിച്ച ശേഷമേ തുടർ നടപടിക്രമം സംബന്ധിച്ച് തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. ഇതുമായി ബന്ധപ്പെട്ട വിവിധ കാര്യാലയങ്ങളിലെ ഫയൽ നമ്പർ താഴെ കൊടുക്കുന്നു.

| കാര്യാലയം | ഫയൽ നം. |
|---|---|
| സർക്കാർ | എഫ്3/02/2023/പൊ.വി.വ. |
| പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് | എൻ.എസ്.3/8007/2023/ഡിജിഇ |
| വിദ്യാഭ്യാസ ഉപഡയറക്ടർ, മലപ്പുറം | ഡി.ഡി.ഇ.എം.പി.എം./11302/2023/D8 |
| ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വണ്ടൂർ | ഡി.ഇ.ഒ.ഡബ്ല്യൂ.ഡി.ആർ./1653/2023-എ 3 |

(ഡി) സംസ്ഥാനത്ത് എവിടെയെങ്കിലും വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ പൊതു ആവശ്യങ്ങൾക്കായി വിട്ടുനൽകിയിട്ടുണ്ടോ; എങ്കിൽ സ്ഥലം, സ്ഥാപനങ്ങളുടെ പേര് എന്നിവ ഉൾപ്പെടെ വിശദാംശം ലഭ്യമാക്കാമോ?

വിവരം അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**എൽ.പി., യു.പി. അധ്യാപകരുടെ ഒഴിവുകൾ**

**210 (1478)** ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ഥാനത്ത് എൽ.പി., യു.പി. സ്കൂൾ അധ്യാപകരുടെ ഒഴിവുകൾ കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

സംസ്ഥാനത്ത് എൽ.പി. വിഭാഗത്തിൽ 1042 ഒഴിവുകളും യു.പി. വിഭാഗത്തിൽ 565 ഒഴിവുകളും കണക്കാക്കിയിട്ടുണ്ട്.

(ബി) അധ്യാപക നിയമനങ്ങൾ വൈകിക്കുകയും ഉദ്യോഗാർത്ഥികളുടെ അവസരങ്ങൾ നിഷേധിക്കുകയും ചെയ്യുന്നതായി പരാതിയുണ്ടായിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) എൽ.പി., യു.പി. അധ്യാപക തസ്തികകളിലെ ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

**കക്കയം ഗവ. എൽ.പി. സ്കൂളിനായി നിർമ്മിച്ച പുതിയ കെട്ടിടം**

**211 (1479)** ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി കൂരാച്ചുണ്ടിലെ കക്കയം ഗവൺമെന്റ് എൽ.പി. സ്കൂളിനായി പുതിയ കെട്ടിടം നിർമ്മിച്ചിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് കെട്ടിട നിർമ്മാണം പൂർത്തിയാക്കിയത്; ഏത് ഫണ്ടാണ് ഇതിനായി വിനിയോഗിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉണ്ട്. 2015-ൽ കെട്ടിട നിർമ്മാണം പൂർത്തിയായി. എസ്.എസ്.എ. ഫണ്ടും പഞ്ചായത്ത് ഫണ്ടും നിർമ്മാണ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കെട്ടിടം നിർമ്മിച്ചതുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

പരാതി ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രസ്തുത കെട്ടിടത്തിലേക്ക് സ്കൂൾ മാറ്റാൻ കഴിയാത്ത സാഹചര്യം എന്താണെന്ന് അറിയിക്കാമോ?

സ്കൂളിന് റോഡ് സൗകര്യവും കുടിവെള്ള സൗകര്യവും കളിസ്ഥലവുമില്ലാത്തതിനാൽ പ്രസ്തുത കെട്ടിടത്തിലേയ്ക്ക് സ്കൂൾ മാറ്റാൻ കഴിഞ്ഞിട്ടില്ല.

**കുന്നംകുളം ബോയ്സ് എച്ച്.എസ്.എസ്.-ലെ കായിക വിദ്യാർത്ഥികളുടെ പഠനവും പരിശീലനവും**

**212 (1480)** **ശ്രീ. എ. സി. മൊയ്തീൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം ബോയ്സ് എച്ച്.എസ്.എസ്.-ൽ 7 മുതൽ +2 വരെയുള്ള ക്ലാസ്സുകളിൽ കായിക വിദ്യാർത്ഥികൾ പഠിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഇവരുടെ പഠനത്തിനും മറ്റ് സൗകര്യങ്ങൾക്കും ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിലുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) എങ്കിൽ പ്രസ്തുത കായിക വിദ്യാർത്ഥികൾക്ക് ഉണ്ടായിട്ടുള്ള ആശങ്കകൾ പരിഹരിച്ച് പഠനവും കായിക പരിശീലനവും മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ?

(ബി&സി) കുന്നംകുളം ബോയ്സ് എച്ച്.എസ്.എസ്.-ലെ തൃശ്ശൂർ സ്പോർട്സ് ഡിവിഷനിൽ പരിശീലനം നൽകുന്ന കുട്ടികൾക്ക് ഹോസ്റ്റൽ കെട്ടിടമില്ലാത്തതിനാൽ ഇൻഡോർ സ്റ്റേഡിയത്തിലാണ് പാർപ്പിച്ചിരിക്കുന്നത്. 24-02-2023-ലെ സ.ഉ.(സാധാ) നം. 65/2023/കാ.യു.വ. നമ്പർ സർക്കാർ ഉത്തരവുപ്രകാരം തൃശ്ശൂർ സ്പോർട്സ് ഡിവിഷനിൽ ഹോസ്റ്റൽ ബിൽഡിംഗ് നിർമ്മിക്കുന്നതിന് 4.57 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഹോസ്റ്റൽ ബിൽഡിംഗ് നിർമ്മിക്കുന്നതിന്റെ നടപടികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്വീകരിച്ചുവരുന്നുണ്ട്.

**വൊക്കേഷണൽ ഹയർ സെക്കൻഡറി പരിഷ്കരണം**

**213 (1481)** <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർ സെക്കൻഡറി കോഴ്സുകൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

2018-19-ൽ സംസ്ഥാനത്തെ തെരഞ്ഞെടുത്ത 66 സർക്കാർ വി.എച്ച്.എസ്. സ്കൂളുകളിൽ ദേശീയ നൈപുണ്യ യോഗ്യതാ ചട്ടക്കൂടിന് (എൻ.എസ്.ക്യൂ.എഫ്.) അനുസൃതമായ വൊക്കേഷണൽ കോഴ്സുകൾ ആരംഭിച്ചു. 2019-20-ൽ 101 വി.എച്ച്.എസ്.ഇ. സ്കൂളുകളിലും, 2020-21 അധ്യയന വർഷം മുതൽ എയ്ഡഡ് വി.എച്ച്.എസ്.ഇ. സ്കൂളുകൾ ഉൾപ്പെടെ സംസ്ഥാനത്തെ 389 വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലെയും വൊക്കേഷണൽ കോഴ്സുകൾ ദേശീയ നിലവാരത്തിലേയ്ക്ക് മാറ്റി. ഇപ്പോൾ സംസ്ഥാനത്ത് എല്ലാ വി.എച്ച്.എസ്.ഇ. സ്കൂളുകളിലും ആധുനികവൽക്കരിച്ച കോഴ്സുകൾ മാത്രമാണ് നടത്തിവരുന്നത്.

(ബി) വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ലാബുകൾ ഉൾപ്പെടെയുള്ളവയുടെ

ആധുനികവൽക്കരണത്തിനും എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

വി.എച്ച്.എസ്.ഇ. സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനങ്ങളുടെ ഭാഗമായി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി 7 കോടി രൂപയും ലാബുകളുടെ നവീകരണത്തിന് ഒരുകോടി രൂപയും 2023-24 വർഷത്തിലെ വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.

(സി) വി.എച്ച്.എസ്.ഇ. പഠനം വിജയകരമായി പൂർത്തീകരിച്ച വിദ്യാർത്ഥികൾക്ക് തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിന് സഹായമൊരുക്കാറുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

വി.എച്ച്.എസ്.ഇ. പാസ്സായ വിദ്യാർത്ഥികൾക്ക് തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനുവേണ്ടി എല്ലാ വർഷവും ജില്ലാ അടിസ്ഥാനത്തിലും സംസ്ഥാന അടിസ്ഥാനത്തിലും ജോബ് ഫെയർ (തൊഴിൽ മേളകൾ) നടത്തിവരുന്നു. 2022-23 വർഷത്തിൽ നടത്തിയ ജോബ് ഫെയറിൽ 8513 പേർ പങ്കെടുക്കുകയും 1260 പേർക്ക് തൊഴിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. 385 തൊഴിൽ ദാതാക്കൾ മേളയിൽ പങ്കെടുത്തു. ഇതുകൂടാതെ 389 സ്കൂളുകളിലും

തൊഴിലവസരങ്ങൾ പരിചയപ്പെടുത്തുന്നതിനുവേണ്ടി കരിയർ സെമിനാർ, കരിയർ സ്ലേറ്റ് തുടങ്ങിയ പദ്ധതികളും നടത്തിവരുന്നു.

**ജില്ലകളിലെ പ്ലസ് വൺ പ്ലസ് ടു ബാച്ചുകൾ**

**214 (1482)** ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ ജില്ലയിലെയും പ്ലസ് വൺ/പ്ലസ് ടു ബാച്ചുകളുടെ എണ്ണം സയൻസ്, കോമേഴ്സ്, ഹ്യൂമാനിറ്റീസ് എന്നിങ്ങനെ വിഷയം തിരിച്ച് വ്യക്തമാക്കുമോ?

പ്ലസ് വൺ ബാച്ചുകളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഓരോ ജില്ലയിലും കഴിഞ്ഞ അധ്യയന വർഷം പത്താം ക്ലാസ് വിജയിച്ച് ഉപരിപഠനത്തിന് അർഹത നേടിയ വിദ്യാർത്ഥികളുടെ എണ്ണം വ്യക്തമാക്കുമോ?

കഴിഞ്ഞ അധ്യയന വർഷം എസ്.എസ്.എൽ.സി. പാസ്സായ വിദ്യാർഥികളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ അനുബന്ധമായി+ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ഹയർ സെക്കൻഡറി വകുപ്പിലെ പൊതു സ്ഥലംമാറ്റം**

**215 (1483)** ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കൻഡറി അധ്യാപകരുടെ പൊതു സ്ഥലംമാറ്റം ഈ അധ്യയന വർഷത്തിൽ നടത്തുമോ എന്നതിന്റെ വിശദാംശം നൽകുമോ?

ഹയർ സെക്കൻഡറി അധ്യാപകരുടെ പൊതു സ്ഥലംമാറ്റം ഈ അധ്യയന വർഷത്തിൽ നടത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

(ബി) എല്ലാ വകുപ്പിലും പൊതു സ്ഥലംമാറ്റത്തിന് മാനദണ്ഡം നിശ്ചയിച്ച് ഉത്തരവുണ്ടെങ്കിലും ഹയർ സെക്കൻഡറി വകുപ്പിൽ ആയത് നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

പൊതുവിദ്യാഭ്യാസ ഹയർ സെക്കൻഡറി വിഭാഗത്തിലും പൊതുസ്ഥലം മാറ്റത്തിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. 02-03-2019-ലെ സ.ഉ. (സാധാ) നം. 838/2019/പൊ.വി.വ. ഉത്തരവ് പ്രകാരമുള്ള സ്ഥലംമാറ്റ മാനദണ്ഡമനുസരിച്ചാണ് സ്ഥലം മാറ്റങ്ങൾ നടന്നുവരുന്നത്.

(സി) ഹയർ സെക്കൻഡറി വകുപ്പിൽ കംപാഷണേറ്റ് എംപ്ലോയ്മെന്റിൽ അനർഹർ കടന്നുകൂടി മറ്റുള്ളവരുടെ അവസരം നഷ്ടപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**മലബാർ മേഖലയിലെ പ്ലസ് വൺ പ്രവേശനം**

216 (1484) ഡോ. എം. കെ. മുനീർ:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിൽ പ്ലസ് വൺ പ്രവേശനത്തിന് മതിയായ അവസരങ്ങൾ ലഭിക്കുന്നില്ലെന്നത് പരിശോധിച്ചിട്ടുണ്ടോ?

2023-24 അധ്യയന വർഷത്തെ പ്രവേശന നടപടികൾ ആരംഭിക്കുന്നതിനുമുമ്പും ഓരോ അലോട്ട്മെന്റ് കഴിയുമ്പോഴും മലബാർ മേഖലയിലെ ജില്ലകളിലെ പ്ലസ് വൺ പ്രവേശന സ്ഥിതി താലൂക്ക് അടിസ്ഥാനത്തിൽ പരിശോധിച്ച് വിലയിരുത്തി ആവശ്യമായ നടപടികൾ

സ്വീകരിച്ചിട്ടുണ്ട്. മൂന്നാം സപ്ലിമെന്ററി അലോട്ട്മെന്റിനുശേഷം മലബാർ മേഖലയിലെ ജില്ലകളിൽ പ്രവേശനത്തിന് ശേഷിക്കുന്നവരുടെയും ലഭ്യമായ സീറ്റുകളുടെയും വിവരം അനുബന്ധമായി+ ചേർക്കുന്നു.

(ബി) എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് മുഴുവൻ എ പ്ലസ് നേടിയ വിദ്യാർത്ഥികൾക്കുപോലും പ്ലസ്‌വണിന് ഇഷ്ട കോഴ്സും സ്ഥാപനവും ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ പ്ലസ്‌വണിന് അധിക ബാച്ചുകളും ഡിവിഷനുകളും സീറ്റുകളും വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്ലസ് വൺ പ്രവേശനം ലളിതവും സുതാര്യവുമാക്കുന്നതിനും സാമൂഹിക നീതി ഉറപ്പാക്കുന്നതിനുമായി കഴിഞ്ഞ പതിനഞ്ച് വർഷമായി ഏകജാലക പ്രവേശനമെന്ന കേന്ദ്രീകൃത അലോട്ട്മെന്റ് സംവിധാനം നടപ്പിലാക്കി വരുന്നതിനാൽ ഏതെങ്കിലും പ്രത്യേക സ്കൂളിലോ കോഴ്സിലോ പ്ലസ്‌വൺ-ന് പ്രവേശനം വേണമെന്ന അപേക്ഷകൾ പരിഗണിക്കാൻ കഴിയില്ല. എങ്കിലും അർഹരായ വിദ്യാർത്ഥികൾക്ക് ഏകജാലക പ്രവേശനത്തിലൂടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മെറിറ്റടിസ്ഥാനത്തിൽ അവർ ആഗ്രഹിക്കുന്ന സ്കൂളുകളിലും കോഴ്സുകളിലും പ്രവേശനം ലഭിക്കുന്നുണ്ട്.

## കുളത്തൂർ കോലത്തുകര ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ കെട്ടിട നിർമ്മാണം

217 (1485) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കുളത്തൂർ കോലത്തുകര ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ നിർമ്മിച്ച പുതിയ കെട്ടിടത്തിന്റെ ആകെ നിർമ്മാണ ചെലവ് എത്ര രൂപയാണെന്നും കെട്ടിട നിർമ്മാണം പൂർത്തിയായത് എന്നാണെന്നും അറിയിക്കാമോ?

പുതിയ കെട്ടിടത്തിന്റെ ആകെ നിർമ്മാണചെലവ് 4,94,70,477/- രൂപ (നാല് കോടി തൊണ്ണൂറ്റിനാല് ലക്ഷത്തി എഴുപതിനായിരത്തി നാനൂറ്റി എഴുപത്തിയേഴ് രൂപ) ആണ്. 12-07-2022-ന് കെട്ടിട നിർമ്മാണം പൂർത്തിയായി.

(ബി) പ്രസ്തുത കെട്ടിടം അധ്യയനത്തിനായി തുറന്നു കൊടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

പ്രസ്തുത കെട്ടിടത്തിൽ അധ്യയനം നടന്നുവരുന്നു.

**അഴീക്കോട് ഹയർ സെക്കൻഡറി സ്കൂളുകളിൽ അധിക ബാച്ചുകൾ**

**218 (1486)** ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2023-ൽ എസ്.എസ്.എൽ.സി. പരീക്ഷാഫലം വന്നതിനുശേഷം അഴീക്കോട് മണ്ഡലത്തിലെ ഹയർ സെക്കൻഡറി സ്കൂളുകളിൽ അധിക ബാച്ചുകൾ അനുവദിച്ചുനൽകിയിട്ടുണ്ടോ; വിശദീകരിക്കാമോ?

അഴീക്കോട് മണ്ഡലത്തിലെ ഹയർ സെക്കൻഡറി സ്കൂളുകളിൽ അധിക ബാച്ചുകൾ അനുവദിച്ചുനൽകിയിട്ടില്ല.

**ഐരാണിക്കുളം ഗവ. ഹയർ സെക്കൻഡറി സ്കൂളിന് പുതിയ കെട്ടിടം**

**219 (1487)** ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ ഐരാണിക്കുളം ഗവ. ഹയർ സെക്കൻഡറി സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ 150 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിൽ സ്വീകരിച്ച നടപടിയും എപ്പോൾ അനുമതി നൽകാൻ കഴിയുമെന്നും അറിയിക്കാമോ?

(എ&ബി) ഉണ്ട്. കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ ഐരാണിക്കുളം ഗവ. ഹയർ സെക്കൻഡറി സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ 150 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ വന്നിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മലബാർ മേഖലയിൽ കൂടുതൽ ഹയർ സെക്കൻഡറി ബാച്ചുകൾ ആരംഭിക്കുന്നതിന് നടപടി**

**220 (1488)** **<u>ശ്രീ. മഞ്ഞളാംകുഴി അലി:</u>**
**<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u>**
**<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u>**
**<u>ശ്രീ. പി. കെ. ബഷീർ:</u>** താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിൽനിന്നും എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ചവർക്ക് ഉപരിപഠനത്തിന് ആവശ്യമായ പ്ലസ് വൺ സീറ്റുകൾ ലഭ്യമല്ലെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) കഴിഞ്ഞ വർഷം പ്ലസ്‌വണിന് മുപ്പത് ശതമാനം മാർജിനൽ സീറ്റ് വർദ്ധനവും താൽക്കാലിക ബാച്ചുകളും അനുവദിച്ചിട്ടും അനേകം കുട്ടികൾക്ക് ഉപരിപഠന അവസരം നിഷേധിക്കപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) മലബാർ മേഖലയിലെ ഹയർ സെക്കൻഡറി പ്രവേശനത്തിലെ പ്രതിസന്ധിയെ സംബന്ധിച്ച പ്രൊഫസർ കാർത്തികേയൻ കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ഡി) മലബാർ മേഖലയിൽ കൂടുതൽ ഹയർ സെക്കൻഡറി ബാച്ചുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**ഹയർ സെക്കൻഡറി പ്രവേശന നടപടികൾ പഠിച്ച സമിതിയുടെ റിപ്പോർട്ട്**

**221 (1489)** <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കൻഡറി പ്രവേശന നടപടികൾ സംബന്ധിച്ച് പഠിക്കാൻ സ.ഉ. (സാധാ) നം. 8329/2022/GEDN തീയതി 22-12-2022 പ്രകാരം നിയമിക്കപ്പെട്ട സമിതിയുടെ റിപ്പോർട്ട് എന്നാണ് ലഭിച്ചതെന്നും റിപ്പോർട്ടിന്റെ പകർപ്പും ലഭ്യമാക്കാമോ;

(ബി) റിപ്പോർട്ടിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമാണെന്നും ഇത് വ്യക്തമാക്കുന്ന ഫയൽ നോട്ട്, ഉത്തരവ്, സർക്കുലർ, യോഗനടപടിക്കുറിപ്പ് എന്നിവയുടെ പകർപ്പും ലഭ്യമാക്കാമോ;

(സി) റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുന്നില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**തിരൂരങ്ങാടി മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണ പുരോഗതി**

**222 (1490)** <u>ശ്രീ. കെ. പി. എ. മജീദ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ സ്കൂൾ കെട്ടിട നിർമ്മാണത്തിന് കിഫ്ബി മുഖേന തുക അനുവദിച്ച സ്കൂളുകളുടെ വിശദവിവരങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

(എ&ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന സ്കൂളുകളിലാണ് നിർമ്മാണം നടക്കുന്നത്.

**5 കോടി കിഫ്ബി പദ്ധതി**

5 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട് നിർവ്വഹണ ഏജൻസിയായി കൈറ്റിനെ ചുമതലപ്പെടുത്തിയ നെടുവ ഗവ. എച്ച്.എസ്.എസ്.-ന്റെ നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നിർവ്വഹിച്ചു.

**3 കോടി കിഫ്ബി പദ്ധതി**

3 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട് നിർവ്വഹണ ഏജൻസിയായി കൈറ്റിനെ ചുമതലപ്പെടുത്തിയ പുതുപ്പറമ്പ് ജി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണം പൂർത്തിയായി. ഉദ്ഘാടനം നിർവ്വഹിച്ചു.

നിർവ്വഹണ ഏജൻസിയായി കിലയെ ചുമതലപ്പെടുത്തിയ ജി.യു.പി.എസ്. ക്ലാരി സ്കൂളിന്റെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. സാങ്കേതികാനുമതി ലഭിച്ചു. Sub Project Revision-ന് വേണ്ടി കിഫ്ബിയിൽ സമർപ്പിച്ചിരിക്കുന്നു.

നിർവ്വഹണ ഏജൻസിയായി കിലയെ ചുമതലപ്പെടുത്തിയ ജി.എം.യു.പി.എസ്. വെണ്ണിയൂർ സ്കൂളിന്റെ ഡി.പി.ആർ. കിഫ്ബിയുടെ പരിഗണനയിലാണ്.

നിർവ്വഹണ ഏജൻസിയായി കിലയെ ചുമതലപ്പെടുത്തിയ ജി.വി.എച്ച്. എസ്.എസ്. ചെട്ടിയാൻ കിണർ സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന്

നിശ്ചയിച്ചിരിക്കുന്ന സ്ഥലത്തിന് പകരം മറ്റൊരു സ്ഥലം കണ്ടെത്തി മണ്ണ് പരിശോധന നടത്തിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

നിർവ്വഹണ ഏജൻസിയായി കൈറ്റിനെ ചുമതലപ്പെടുത്തിയ ജി.എച്ച്.എസ്.എസ്. തൃക്കുളം സ്കൂളിന്റെ നിർമ്മാണം പൂർത്തിയായി. ഉദ്ഘാടനം നിർവ്വഹിച്ചു.

ജി.എച്ച്.എസ്.എസ്. തിരൂരങ്ങാടി സ്കൂളിന്റെ നിർവ്വഹണ ഏജൻസിയായി കൈറ്റിനെ ചുമതലപ്പെടുത്തിയിരുന്നെങ്കിലും പിന്നീട് കിറ്റ്കോയെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ കിറ്റ്കോ സ്വീകരിച്ചുവരുന്നുണ്ട്.

**1 കോടി കിഫ്ബി പദ്ധതി**

1 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട് താഴെപ്പറയുന്ന 3 സ്കൂളുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. നിർവ്വഹണ ഏജൻസിയായി കിലയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

ജി.എം.എൽ.പി.എസ്. ചെറുമുക്ക്, ജി.എം.യു.പി.എസ്. കൊടിഞ്ഞി, ജി.എം.യു.പി.എസ്. കക്കാട് എന്നീ 3 സ്കൂളുകൾക്കും KMBR/KPBR/കവറേജ് പ്രശ്നമുള്ളതായി ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഇത് പരിഹരിക്കുന്നതിനുള്ള സാധ്യത ആരാഞ്ഞുവരുന്നു.

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി തിരൂരങ്ങാടി മണ്ഡലത്തിലെ ക്ലാരി ജി.യു.പി.സ്കൂൾ, വെന്നിയൂർ ജി.എം.യു.പി. സ്കൂൾ എന്നിവയുടെ കെട്ടിട നിർമ്മാണത്തിന് അനുവദിച്ച തുക എത്രയാണെന്നും പ്രസ്തുത പ്രവൃത്തികൾ വൈകുന്നതിന്റെ കാരണമെന്താണെന്നും അറിയിക്കാമോ?

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ ക്ലാരി ജി.യു.പി. സ്കൂൾ, വെന്നിയൂർ ജി.എം.യു.പി. സ്കൂൾ എന്നീ സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിന് 3 കോടി കിഫ്ബി ഫണ്ട് അനുവദിച്ചിരുന്നു. പുതുക്കിയ DSR/GST നിരക്ക് പ്രാബല്യത്തിൽ വന്നതിന്റെ ഭാഗമായി 3.90 കോടി രൂപയായി പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതായി വന്നു.

(ഡി) പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിന് ഇനി പൂർത്തീകരിക്കാനുള്ള നടപടികൾ എന്തെല്ലാമാണെന്നും പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസികൾ ഏതാണെന്നും ഈ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

നിർവ്വഹണ ഏജൻസിയായി കിലയെ ചുമതലപ്പെടുത്തിയ പ്രസ്തുത സ്കൂളുകളിൽ ജി.യു.പി.എസ്. ക്ലാരി സ്കൂളിന്റെ ഡി.പി.ആർ. കിഫ്ബി അംഗീകരിക്കുകയും സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. Sub Project Revision-നുവേണ്ടി കിഫ്ബിയിൽ സമർപ്പിച്ചിരിക്കുന്നു. ജി.എം.യു.പി.എസ്. വെണ്ണിയൂർ സ്കൂളിന്റെ ഡി.പി.ആർ. കിഫ്ബിയുടെ പരിഗണനയിലാണ്.

**ഹയർ സെക്കൻഡറി മേഖലയിലെ സീറ്റുകളുടെ അപര്യാപ്തത**

**223 (1491)** <u>ശ്രീ. ടി. വി. ഇബ്രാഹിം:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിലെ ഹയർ സെക്കൻഡറി പ്രവേശനത്തിനുവേണ്ടി ഈ വർഷം ഉണ്ടായിരുന്ന അപേക്ഷകരുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ; ഓരോ കോഴ്സിനും സ്ഥിരം ബാച്ചുകളിലുള്ള സീറ്റുകളുടെ എണ്ണത്തിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

മലബാർ മേഖലയിലെ പാലക്കാട് മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിൽ ഈ വർഷമുണ്ടായിരുന്ന അപേക്ഷകരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ജില്ല | ആകെ അപേക്ഷകർ | മാതൃജില്ലക്ക് പുറമേ അപേക്ഷിച്ചവരുടെ എണ്ണം | ജില്ലക്കകത്തുള്ള അപേക്ഷകരുടെ എണ്ണം |
|---|---|---|---|
| പാലക്കാട് | 44230 | 6444 | 37786 |
| കോഴിക്കോട് | 47182 | 4010 | 43172 |
| മലപ്പുറം | 81022 | 7008 | 74014 |
| വയനാട് | 12049 | 140 | 11909 |
| കണ്ണൂർ | 36968 | 2222 | 34746 |
| കാസർഗോഡ് | 19435 | 730 | 18705 |

ഓരോ കോഴ്സിനും സ്ഥിരം ബാച്ചുകളിലുള്ള സീറ്റുകളുടെ എണ്ണത്തിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | സയൻസ് | ഹ്യൂമാനിറ്റീസ് | കോമേഴ്സ് |
|---|---|---|---|
| പാലക്കാട് | 16175 | 7800 | 10585 |
| കോഴിക്കോട് | 19190 | 9016 | 12986 |
| മലപ്പുറം | 27076 | 15980 | 21815 |
| വയനാട് | 4725 | 3080 | 3190 |
| കണ്ണൂർ | 16225 | 7215 | 11075 |
| കാസർഗോഡ് | 7125 | 4585 | 5950 |

(ബി) ഈ അധ്യയന വർഷത്തിൽ ഏതെല്ലാം ബാച്ചുകളാണ് മറ്റ് സ്ഥലങ്ങളിലേയ്ക്ക് മാറ്റിയതെന്ന് വ്യക്തമാക്കുമോ; മാർജിനൽ ഇൻക്രീസ്, അധിക ബാച്ച് എന്നിവമൂലമുണ്ടായ സീറ്റുകളുടെ വർദ്ധനവിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

2023-24 അധ്യയന വർഷം മറ്റ് സ്ഥലങ്ങളിലേയ്ക്ക് മാറ്റിയ ബാച്ചുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| സ്കൂൾ കോഡ് | സ്കൂളിന്റെ പേര് | കോഴ്സ് കോഡ് |
|---|---|---|
| 1015 | ഗവ.എച്ച്.എസ്.എസ്., പേട്ട, തിരുവനന്തപുരം | 1 |

| | | |
|---|---|---|
| 1023 | ഗവ. മോഡൽ ബോയ്സ് എച്ച്.എസ്.എസ്., തൈക്കാട്, തിരുവനന്തപുരം | 1 |
| 1041 | ഗവ. ബോയ്സ് എച്ച്.എസ്.എസ്., ചാല, തിരുവനന്തപുരം | 1 |
| 2029 | മുഹമ്മദൻ ഗവ. എച്ച്.എസ്.എസ്., എടത്തറ, പത്തനാപുരം | 10 |
| 3011 | ഗവ. എച്ച്.എ.സ്.എസ്., കോയിപ്പുറം, പത്തനംതിട്ട | 1 |
| 4014 | ഗവ. എച്ച്.എസ്.എസ്., തിരുവൻവണ്ടൂർ, ചെങ്ങന്നൂർ, ആലപ്പുഴ | 1 |
| 5002 | ഗവ. എച്ച്.എസ്.എസ്., കടപ്പൂർ, കോട്ടയം | 1 |
| 5013 | ഗവ. ബോയ്സ് എച്ച്.എസ്.എസ്., വൈക്കം, കോട്ടയം | 10 |
| 5017 | ഗവ. എച്ച്.എസ്.എസ്., അരീപ്പറമ്പ്, വിജയപുരം, കോട്ടയം | 1 |
| 5018 | ഗവ. എച്ച്.എസ്.എസ്., കുടമാളൂർ, കോട്ടയം | 1 |
| 8013 | ഗവ. എച്ച്.എസ്.എസ്., വെറ്റിലപ്പാറ, തൃശ്ശൂർ | 1 |
| 9016 | ഗവ. എച്ച്.എസ്.എസ്., മുന്നൂർക്കോട്, തൃക്കടീരി വഴി, പാലക്കാട് | 1 |
| 9031 | പെരുമാട്ടി പഞ്ചായത്ത് എച്ച്.എസ്.എസ്., കന്നിമാറി, ചിറ്റൂർ, പാലക്കാട് | 1 |
| 10011 | ഗവ. എച്ച്.എസ്.എസ്., കായണ്ണ, മറ്റമോട് പി.ഒ, കോഴിക്കോട് | 1 |

മാർജിനൽ ഇൻക്രീസ്, അധിക ബാച്ച് എന്നിവ മൂലമുണ്ടാകുന്ന സീറ്റുകളുടെ വർദ്ധനവ് അനുബന്ധമായി+ ചേർക്കുന്നു.

(സി) ഇപ്പോൾ അനുവദിച്ച അധിക ബാച്ച് സ്ഥിരമാക്കുന്നതിനും പുതിയ ഹയർ സെക്കൻഡറി സ്കൂളും ബാച്ചും അനുവദിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

(ഡി) ഹയർ സെക്കൻഡറി സീറ്റുകളുടെ അപര്യാപ്തത പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയോഗിച്ച പ്രൊഫ. കാർത്തികേയൻ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഈ റിപ്പോർട്ടിന്റെ ഉള്ളടക്കം പരസ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അത് പരിശോധിച്ചുവരുന്നു.

**പ്ലസ് വൺ പ്രവേശന നടപടി**

**224 (1492)** ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. എം. വിജിൻ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് അധ്യയന വർഷം പ്ലസ് വൺ പ്രവേശനം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പിൽ ഏകജാലക സംവിധാനം വഴിയാണ് പ്രവേശന നടപടികൾ നടന്നുവരുന്നത്. ഏകജാലക സംവിധാനത്തിൽ രണ്ട് ഘട്ടങ്ങളുണ്ട്. മുഖ്യ ഘട്ടവും സപ്ലിമെന്ററി ഘട്ടവും. മുഖ്യഘട്ടത്തിൽ പ്രവേശനം ലഭിക്കാത്ത കുട്ടികൾക്ക് സപ്ലിമെന്ററി ഘട്ടത്തിൽ അപേക്ഷ പുതുക്കുന്നതിനും പുതിയ അപേക്ഷ നൽകുന്നതിനും സൗകര്യമുണ്ട്.

ഹയർ സെക്കൻഡറിയിൽ 2021-2022 അധ്യയന വർഷം അനുവദിച്ച 81 താൽക്കാലിക ബാച്ചുകൾ ഈ വർഷവും തുടരുന്നുണ്ട്. ഇതിൽ ഒരു ബാച്ച് കൊല്ലം ജില്ലയിലും 5 ബാച്ചുകൾ തൃശ്ശൂർ ജില്ലയിലും 14 ബാച്ചുകൾ പാലക്കാട് ജില്ലയിലും 18 ബാച്ചുകൾ കോഴിക്കോട് ജില്ലയിലും 31 ബാച്ചുകൾ മലപ്പുറം ജില്ലയിലും 2 ബാച്ചുകൾ വയനാട് ജില്ലയിലും 9 ബാച്ചുകൾ കണ്ണൂർ ജില്ലയിലും ഒരു ബാച്ച് കാസർഗോഡ് ജില്ലയിലുമാണ്.

81 ബാച്ചുകൾക്ക് പുറമേ ആദിവാസി ഗോത്രവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിക്കത്തക്കവിധം രണ്ട് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ (ഗവ. മോഡൽ റസിഡൻഷ്യൽ സ്കൂൾ നല്ലൂർനാട്, ഗവ. മോഡൽ റസിഡൻഷ്യൽ സ്കൂൾ, കൽപ്പറ്റ) ഹ്യൂമാനിറ്റീസ് ബാച്ചുകൾ അനുവദിച്ചിട്ടുള്ളത് ഈ വർഷവും തുടരുന്നുണ്ട്.

ഇത്തരത്തിലുള്ള 83 ബാച്ചുകൾക്ക് പുറമേ ഈ വർഷം ആദ്യം തന്നെ വിവിധ ജില്ലകളിൽ നിന്നും 14 ബാച്ചുകൾ മലപ്പുറം ജില്ലയിലേയ്ക്ക് ഷിഫ്റ്റ് ചെയ്തിട്ടുണ്ട്. ഈ വർഷം പ്രവേശനത്തിന് മുൻപായിത്തന്നെ തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ 7 ജില്ലകളിലെ സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിൽ 30% മാർജിനൽ സീറ്റ് വർദ്ധനവും എല്ലാ എയ്ഡഡ് സ്കൂളുകളിലും 20% മാർജിനൽ സീറ്റ് വർദ്ധനവും ആവശ്യപ്പെടുന്ന എയ്ഡഡ് സ്കൂളുകളിൽ 10% അധിക മാർജിനൽ സീറ്റ് വർദ്ധനവും അനുവദിച്ചിട്ടുണ്ട്. കൊല്ലം, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ എല്ലാ സർക്കാർ/എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിലും 20% മാർജിനൽ സീറ്റ് വർദ്ധനവും

അനുവദിച്ചിട്ടുണ്ട്. ഹയർ സെക്കൻഡറി പ്രവേശനത്തിനായി അപേക്ഷിച്ച എല്ലാവർക്കും പ്രവേശനം ഉറപ്പാക്കുന്നതിനായി മലബാർ മേഖലയിൽ പാലക്കാട് മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിൽ ആകെ 97 ബാച്ചുകൾ താൽക്കാലികമായി അനുവദിച്ചിട്ടുണ്ട്. പാലക്കാട്-4, കോഴിക്കോട്-11, മലപ്പുറം-53, വയനാട്-4, കണ്ണൂർ-10, കാസർഗോഡ്-15 എന്നിങ്ങനെയാണ് ബാച്ചുകൾ അനുവദിച്ചിട്ടുള്ളത്. ഇതിൽ സയൻസ് കോമ്പിനേഷനിൽ 17-ഉം, ഹ്യൂമാനിറ്റീസ് കോമ്പിനേഷനിൽ 52-ഉം, കോമേഴ്സ് കോമ്പിനേഷനിൽ 28-ഉം ആണ്.

(ബി) ഉയർന്ന വിജയം നേടിയവർക്കുപോലും പ്രവേശനം ലഭിക്കുന്നില്ലെന്ന നിലയിൽ പ്ലസ് വൺ പ്രവേശനം പ്രതിസന്ധിയിലാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ പ്ലസ് വൺ പ്രവേശനം ലളിതവും സുതാര്യവും സാമൂഹിക നീതി ഉറപ്പാക്കുന്നതിനുമായി കഴിഞ്ഞ 15 വർഷമായി ഏകജാലക പ്രവേശനമെന്ന കേന്ദ്രീകൃത അലോട്ട്മെന്റ് സംവിധാനംവഴി

നടപ്പിലാക്കി വരുന്നതിനാൽ അർഹരായ വിദ്യാർത്ഥികൾക്ക് ഏകജാലക പ്രവേശനത്തിലൂടെ മെറിറ്റടിസ്ഥാനത്തിൽ അവർ ആഗ്രഹിക്കുന്ന സ്കൂളുകളിലും കോഴ്സുകളിലും പ്രവേശനം ലഭിക്കുന്നുണ്ട്.

(സി) പ്ലസ് വൺ ക്ലാസ്സുകൾ ആരംഭിച്ച ദിവസം സ്കൂളുകളിൽ പ്രത്യേക പൊതുമീറ്റിംഗ് നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നോ?

ഹയർ സെക്കൻഡറിയിൽ 2023 ജൂലൈ 5-ന് പ്ലസ് വൺ ക്ലാസ്സുകൾ ആരംഭിച്ച ദിവസം വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ഉൾക്കൊള്ളിച്ച് പൊതുമീറ്റിംഗ് സംഘടിപ്പിച്ചിരുന്നു. വൊക്കേഷണൽ ഹയർ സെക്കൻഡറിയിൽ സ്കൂൾ തുറന്ന ദിവസം കരിയർ ഗൈഡൻസ് ആൻഡ് കൗൺസിലിംഗ് സെല്ലുകളുടെ നേതൃത്വത്തിൽ 'നവീനം' എന്ന പരിപാടി സംഘടിപ്പിച്ചു. എൻ.എസ്.ക്യൂ.എഫ്./സ്കിൽ കോഴ്സുകളുടെ സാധ്യതകളെയും അവസരങ്ങളെയുംകുറിച്ച് വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും അവഗാഹം സൃഷ്ടിക്കുന്നതിന് ഇത് സഹായിക്കുന്നു.

(ഡി) സ്കൂൾ പ്രവർത്തനം, ആരോഗ്യപരമായ കാര്യങ്ങൾ, മയക്കുമരുന്നിനെതിരായ അവബോധം, അച്ചടക്ക കാര്യങ്ങൾ എന്നിവയിൽ

കുട്ടികളിൽ അവബോധം സൃഷ്ടിക്കാൻ മീറ്റിംഗുകൾ നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകാമോ?

ഹയർ സെക്കൻഡറിയിൽ സ്കൂൾ പ്രവർത്തനം, ആരോഗ്യപരമായ കാര്യങ്ങൾ, മയക്കുമരുന്നിനെതിരായ അവബോധം, അച്ചടക്ക കാര്യങ്ങൾ എന്നിവയിൽ കുട്ടികളിൽ അവബോധം സൃഷ്ടിക്കാൻ സ്കൂൾ തുറന്ന ദിവസം തന്നെ പൊതു മീറ്റിംഗിൽ സന്ദേശം നൽകിയിരുന്നു. തുടർ മീറ്റിംഗുകളും പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നതാണ്. വൊക്കേഷണൽ ഹയർ സെക്കൻഡറിയിൽ സ്കൂൾ പി.ടി.എ., കരിയർ ഗൈഡൻസ് ആൻഡ് കൗൺസിലിംഗ് സെൽ, എൻ.എസ്.എസ്. എന്നിവയുമായി ചേർന്ന് ലഹരി/മയക്കുമരുന്ന് ഉപയോഗത്തിനെതിരെ വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനായി യെല്ലോ ലൈൻ ക്യാമ്പയിൻ, ഹാബിറ്റ് സ്ലേറ്റ്, ഹെൽത്ത് ആൻഡ് അരീന, ജാഗ്രത മതിൽ തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

**തിരൂരങ്ങാടി ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ട് നിർമ്മാണം**

**225 (1493)** <u>ശ്രീ. കെ. പി. എ. മജീദ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം തിരൂരങ്ങാടി സർക്കാർ ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ട് നിർമ്മാണത്തിന് അനുവദിച്ച തുക എത്രയാണെന്നും ഇതിന്റെ പ്രവർത്തനോദ്ഘാടനം കഴിഞ്ഞിട്ടും നിർമ്മാണ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണമെന്താണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി നിലവിൽ ഏതാണെന്നും ആയതിന്റെ ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണെന്നും ഫയൽ നമ്പർ സഹിതം അറിയിക്കുമോ;

(സി) സ്കൂൾ ഗ്രൗണ്ട് നിർമ്മാണം ആരംഭിക്കുന്നതിന് ഇതുവരെ സ്വീകരിച്ചതും ഇനി സ്വീകരിക്കാനുള്ളതുമായ നടപടികൾ എന്തെല്ലാമാണെന്നും ആയത് എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നത് സംബന്ധിച്ചും വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

(എ-സി) തിരൂരങ്ങാടി ഗവ. ഹയർ സെക്കൻഡറി സ്കൂളിന്റെ നവീകരണത്തിനായി 3,36,08,399/- രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ പ്ലാനിൽ മാറ്റം വരുത്തുന്നതിന് തീരുമാനിക്കുകയും സ്പോർട്സ് കേരള ഫൗണ്ടേഷൻ എൻജിനീയറിംഗ് വിഭാഗം സൈറ്റ് സന്ദർശിച്ച് ചുറ്റുമതിൽ, ഫുട്ബോൾ ഗ്രൗണ്ട്, ഗ്യാലറി, ഡ്രെയിനേജ്, പാർക്കിംഗ് ഏരിയ, ഫെൻസിംഗ്, സ്വിമ്മിംഗ് പൂൾ, ചേഞ്ച് റൂം, ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നിവയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ സത്വരമായി ആരംഭിക്കുന്നതിന്റെ നടപടികൾ സ്വീകരിച്ചുവരുന്നു. കേരള സ്പോർട്സ് ഫൗണ്ടേഷനെയാണ് പ്രസ്തുത നിർമ്മാണ പ്രവൃത്തികൾക്കായി നിലവിൽ ചുമതലപ്പെടുത്തിയിരിക്കുന്നത്. എം2/151/2023/പൊ.വി.വ. നമ്പർ ഫയലിൽ പ്രസ്തുത വിഷയം കൈകാര്യം ചെയ്തുവരുന്നു.

(ഡി) മേൽ സൂചിപ്പിച്ച പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നിലവിൽ ആവശ്യമായ തുക എത്രയാണ്; ആയതിന് അനുമതി ലഭ്യമാക്കിയിട്ടുണ്ടോ: എങ്കിൽ പ്രസ്തുത അനുമതിയുടെ പകർപ്പ് സഹിതം ലഭ്യമാക്കാമോ?

ഭരണാനുമതി നൽകിയ G.O. (Rt) 5050/2017/GEDN dated 29-12-2017 നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

**ഉറുദു അധ്യാപകരും ഭാഷാ പഠനവും**

**226 (1494)** <u>ശ്രീ. കുറുക്കോളി മൊയ്തീൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉറുദു അധ്യാപകരുടെ ഒരു വർഷ പരിശീലന കോഴ്സായ ഡിപ്ലോമ ഇൻ ലാംഗ്വേജ് എഡ്യൂക്കേഷൻ (ഡി.എൽ.ഇ.ഡി.) കോഴ്സ് 2 വർഷമായി നീട്ടി പരിഷ്കരിക്കുന്നതിനായി 2017-ൽ നിർത്തിവച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കോഴ്സ് പുനഃസ്ഥാപിക്കാത്തതിനെത്തുടർന്ന് ഉറുദു അധ്യാപക ക്ഷാമം നേരിടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോഴ്സ് നിർത്തലാക്കിയതിനെത്തുടർന്ന് സർവ്വീസിൽ നിന്നും വിരമിക്കുന്ന ഉറുദു അധ്യാപകർക്ക് പകരം ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനുപോലും യോഗ്യരായ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉദ്യോഗാർത്ഥികൾ ഇല്ലാത്ത സാഹചര്യത്തിൽ കോഴ്സ് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉറുദു അധ്യാപക യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ കുറവ് പരിഹരിക്കുന്നതിനും ഉറുദു ബി.എ. പഠനം കഴിഞ്ഞ വിദ്യാർത്ഥികൾക്ക് ഉറുദു ബി.എഡ്. പഠനം സാധ്യമല്ലാത്ത സാഹചര്യവും പരിഗണിച്ച് സർക്കാർ, എയ്ഡഡ് മേഖലയിൽ ഉറുദു ബി.എഡ്. കോഴ്സ് ആരംഭിക്കുന്നതിനും തലശ്ശേരി, കോഴിക്കോട് ഗവൺമെന്റ് ടീച്ചേഴ്സ് ട്രെയിനിംഗ് സെന്ററുകളിൽ ഉറുദു ബി.എഡ്. കോഴ്സ് ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കോഴിക്കോട് സർക്കാർ ടീച്ചർ എഡ്യൂക്കേഷൻ കോളേജിലും തലശ്ശേരി ബ്രണ്ണൻ ടീച്ചർ എഡ്യൂക്കേഷൻ കോളേജിലും ബി.എഡ്. ഉറുദു ഓപ്ഷൻ അനുവദിക്കുന്ന വിഷയം പരിഗണനയിലാണെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് അറിയിച്ചിട്ടുണ്ട്.

(ഡി) എത്ര ഹൈസ്കൂളുകളിൽ ഉറുദു ഒന്നാം ഭാഷയായി പഠിക്കാനുള്ള സൗകര്യമുണ്ട്; കഴിഞ്ഞ വർഷം എത്ര കുട്ടികൾ ഉറുദു ഒന്നാം ഭാഷയായി എസ്.എസ്.എൽ.സി. പരീക്ഷ എഴുതി തുടർ പഠനത്തിന് യോഗ്യത നേടിയിട്ടുണ്ടെന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

| ക്രമ നമ്പർ | ജില്ല | ഉറുദു ഒന്നാം ഭാഷയായി പഠിക്കാനുള്ള സൗകര്യം നിലവിലുള്ള സ്കൂളുകൾ |
|---|---|---|
| 1 | ആലപ്പുഴ | 2 |
| 2 | പാലക്കാട് | 36 |
| 3 | മലപ്പുറം | 141 |
| 4 | കോഴിക്കോട് | 78 |
| 5 | വയനാട് | 16 |
| 6 | കണ്ണൂർ | 59 |
| 7 | കാസർഗോഡ് | 13 |
| | **ആകെ** | **345** |

| ക്രമ നമ്പർ | ജില്ല | ഉറുദു ഒന്നാം ഭാഷയായി എസ്.എസ്.എൽ.സി. പരീക്ഷ എഴുതി തുടർ പഠനത്തിന് യോഗ്യത നേടിയ കുട്ടികളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 2 |
| 2 | ആലപ്പുഴ | 15 |
| 3 | കോട്ടയം | 12 |

| | | |
|---|---|---|
| 4 | എറണാകുളം | 36 |
| 5 | തൃശ്ശൂർ | 623 |
| 6 | പാലക്കാട് | 1042 |
| 7 | മലപ്പുറം | 5854 |
| 8 | കോഴിക്കോട് | 1394 |
| 9 | വയനാട് | 268 |
| 10 | കണ്ണൂർ | 1499 |
| 11 | കാസർഗോഡ് | 326 |
| | **ആകെ** | **11071** |

(ഇ) നിലവിൽ എത്ര സർക്കാർ എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ ഉറുദു ഭാഷ പഠിക്കാനുള്ള സൗകര്യമുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

| ക്രമ നം. | ജില്ലകൾ | സ്കൂളുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 1 |
| 2 | ആലപ്പുഴ | 2 |
| 3 | എറണാകുളം | 2 |
| 4 | തൃശ്ശൂർ | 3 |
| 5 | പാലക്കാട് | 1 |
| 6 | മലപ്പുറം | 52 |
| 7 | കോഴിക്കോട് | 18 |

| | | |
|---|---|---|
| 8 | വയനാട് | 2 |
| 9 | കണ്ണൂർ | 17 |
| 10 | കാസർഗോഡ് | 7 |
| | **ആകെ** | **105** |

(എഫ്) ഓരോ വർഷവും എസ്.എസ്.എൽ.സി.-ക്ക് ഉറുദു ഒന്നാം ഭാഷയായി പഠിച്ച് തുടർ പഠനത്തിന് യോഗ്യത നേടുന്ന കുട്ടികൾക്ക് ഹയർ സെക്കൻഡറി തലത്തിൽ ഉറുദു പഠിക്കുന്നതിന് അവസരം വളരെ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഹയർ സെക്കൻഡറി തലത്തിൽ ഉറുദു ഭാഷ പഠിക്കുന്നതിന് കൂടുതൽ അവസരമുണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**മലപ്പുറം ജില്ലയിലെ പ്ലസ് വൺ പ്രവേശനം**

**227 (1495)** <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽനിന്ന് കഴിഞ്ഞ വർഷം എസ്.എസ്.എൽ.സി. പാസ്സായവരുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ?

മലപ്പുറം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ നിന്ന് 28035, എയ്ഡഡ് സ്കൂളുകളിൽ നിന്ന് 43461 എന്നിങ്ങനെ ആകെ 71496 വിദ്യാർത്ഥികളാണ് മലപ്പുറം ജില്ലയിലെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽനിന്ന് കഴിഞ്ഞ വർഷം എസ്.എസ്.എൽ.സി. പാസ്സായത്. ഇതിനുപുറമേ 6455 കുട്ടികൾ അൺ-എയ്ഡഡ് സ്കൂളുകളിൽ പഠിച്ച് എസ്.എസ്.എൽ.സി. പാസ്സായിട്ടുണ്ട്.

(ബി) മലപ്പുറം ജില്ലയ്ക്ക് പുറത്തുനിന്ന് എസ്.എസ്.എൽ.സി. പാസ്സായവരിൽ എത്ര കുട്ടികൾ മലപ്പുറം ജില്ലയിൽ പ്ലസ് വണ്ണിന് അപേക്ഷിച്ചുവെന്ന് വ്യക്തമാക്കാമോ?

7008 പേർ മലപ്പുറം ജില്ലയ്ക്ക് പുറത്തുനിന്ന് മലപ്പുറം ജില്ലയിൽ അപേക്ഷ നൽകിയിട്ടുണ്ട്.

(സി) സർക്കാർ, എയ്ഡഡ് മേഖലയിൽ വർദ്ധിപ്പിച്ച സീറ്റുകൾ ഉൾപ്പെടെ മലപ്പുറം ജില്ലയിൽ എത്ര പ്ലസ് വൺ സീറ്റുകൾ ലഭ്യമാണെന്ന് വ്യക്തമാക്കാമോ?

സർക്കാർ സ്കൂളുകളിൽ 33925 സീറ്റുകൾ, എയ്ഡഡ് സ്കൂളുകളിൽ 25765 സീറ്റുകൾ, അൺ-എയ്ഡഡ് സ്കൂളുകളിൽ 11286 സീറ്റുകൾ ഉൾപ്പെടെ ആകെ 70976 പ്ലസ് വൺ സീറ്റുകൾ ലഭ്യമാണ്.

## പ്ലസ് വൺ സീറ്റുകൾ

**228 (1496)** ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ ജില്ലയിൽനിന്നും ഈ വർഷം പത്താം ക്ലാസ് വിജയിച്ച് ഉന്നത പഠനത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ ജില്ലയിലും നിലവിൽ എത്ര പ്ലസ് വൺ സീറ്റുകളുണ്ടെന്ന് വിഷയം തിരിച്ച് വ്യക്തമാക്കുമോ?

(എ&ബി) വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഈ വർഷം പുതുതായി പ്ലസ് വൺ സീറ്റുകൾ അനുവദിച്ചിട്ടുള്ള ജില്ലകൾ ഏതൊക്കെയാണ്; എത്ര സീറ്റുകൾ വീതം അനുവദിച്ചിട്ടുണ്ട്; വിഷയം തിരിച്ച് വ്യക്തമാക്കാമോ?

കൊല്ലം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മാർജിനൽ സീറ്റ് വർദ്ധനവും താൽക്കാലിക അധിക ബാച്ചുകളും നൽകിയിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ മാർജിനൽ സീറ്റ് വർദ്ധനവും അനുവദിച്ചിട്ടുണ്ട്.

വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

(ഡി) ഉന്നത പഠനത്തിന് യോഗ്യത നേടിയ മുഴുവൻ വിദ്യാർത്ഥികൾക്കും പ്രവേശനം ലഭിക്കാനുള്ള പ്ലസ് വൺ സീറ്റുകൾ നിലവിലില്ലാത്ത ജില്ലകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ എന്ത് ബദൽ മാർഗ്ഗമാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

നിലവിൽ എല്ലാ ജില്ലകളിലും മതിയായ പ്ലസ് വൺ സീറ്റുകളുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## എസ്.എസ്.എൽ.സി. പ്രായപരിധിയും തുല്യതാ പരീക്ഷയും

**229 (1497)** <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. പരീക്ഷ പാസ്സാകുന്നതിന് പ്രായപരിധി നിശ്ചയിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കാമോ?

നിലവിലുള്ള വിജ്ഞാപന പ്രകാരം എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്നതിന് പരീക്ഷാർത്ഥികൾക്ക് ജൂൺ മാസം 1-ാം തീയതി 14 വയസ്സ് പൂർത്തിയായിരിക്കേണ്ടതാണ്. കുറഞ്ഞ പ്രായപരിധിയിൽ 6 മാസം വരെ ഇളവ് അനുവദിക്കുന്നതിന് ജില്ലാ വിദ്യാഭ്യാസ ആഫീസർക്കും 6 മാസത്തിലധികമുള്ള വയസ്സിളവ് 02-11-2011-ലെ സ.ഉ.(എം.എസ്) 224/2011/പൊ.വി.വ. പ്രകാരം സർക്കാരിനും അനുവദിക്കുന്നതിനുള്ള അധികാരമുണ്ട്. സ്കൂളുകളിൽ റഗുലർ വിഭാഗത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്നതിന് ഉയർന്ന പ്രായപരിധി നിശ്ചയിച്ചിട്ടില്ല.

(ബി) എൻ.ഐ.ഒ.എസ്. പരീക്ഷ പാസ്സായ വിദ്യാർത്ഥികൾക്ക് എസ്.സി.ഇ.ആർ.ടി.-യുടെ തുല്യതാ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് പ്രായ പരിധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണ്; ഇതുസംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രായപരിധി നിശ്ചയിക്കുന്നതിന് ഇടയാക്കിയ സാഹചര്യം വിശദമാക്കാമോ?

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിന്റെ സെക്കൻഡറി/ സീനിയർ സെക്കൻഡറി കോഴ്സുകൾ പാസ്സായ വിദ്യാർത്ഥികൾക്ക് തുല്യതാ സർട്ടിഫിക്കറ്റ് നൽകുന്നതിനുവേണ്ടി പ്രായപരിധി നിശ്ചിയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് സ.ഉ.(സാധാ)നം.4411/2019/പൊ.വി.വ., തീയതി 24-10-2019 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ ഔപചാരിക വിദ്യാഭ്യാസത്തിലൂടെ നേടാൻ കഴിയുന്ന എല്ലാവിധ അനുഭവങ്ങളും ലഭ്യമാക്കുന്ന തരത്തിലുള്ള അക്കാദമികവും ഭൗതികവുമായ സംവിധാനങ്ങൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിൽ ലഭ്യമാണ്. ഇത്തരം സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് പഠനം പൂർത്തിയാക്കാൻ കേരളത്തിലെ എല്ലാ വിഭാഗം കുട്ടികൾക്കും കഴിയുന്ന സാഹചര്യവും നിലവിലുണ്ട്. വളരെ വികസിതമായ അക്കാദമിക അന്തരീക്ഷം കേരളത്തിൽ നിലനിൽക്കെ ഔപചാരിക സ്വഭാവത്തിൽ നിന്നും ഏറെ വിഭിന്നമായി പഠന അനുഭവങ്ങൾ ലഭ്യമാകാതെ കേവലം പരീക്ഷാ കേന്ദ്രീകൃതമായി നടന്നുവരുന്ന രീതിയാണ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിന്റെ സെക്കൻഡറി/സീനിയർ സെക്കൻഡറി കോഴ്സുകളുടെ ഭാഗമായി നടക്കുന്നത്. ഇത്തരം ലഘുവായ മാർഗ്ഗങ്ങളിലൂടെ കോഴ്സുകൾ പാസ്സായി സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കുന്നവരുടെ എണ്ണം വർഷാവർഷം കൂടിവരികയാണ്. സെക്കൻഡറി/സീനിയർ സെക്കൻഡറി കോഴ്സുകളുടെ ഭാഗമായി നേടിയെടുക്കുന്ന ശേഷികളും നൈപുണികളും പ്രായോഗിക ജീവിതത്തിന്റെ ഭാഗമായാണ് പ്രയോഗവൽക്കരിക്കപ്പെടുന്നത്. അത്തരത്തിൽ നേടേണ്ട ശേഷികളും ക്ലാസ് റൂം അനുഭവവും ടീച്ചറും കുട്ടിയും തമ്മിലുള്ള ബന്ധം ഉൾപ്പെടെയുള്ളവ എൻ.ഐ.ഒ.എസ്.-ന്റെ ഭാഗമായി ലഭ്യമാകുന്നില്ലെന്നുള്ളതാണ് പൊതുവായി വിലയിരുത്തപ്പെടുന്നത്.

കേരളത്തിലെ സെക്കൻഡറിയുടെയും സീനിയർ സെക്കൻഡറിയുടെയും ഭാഗമായി പഠിക്കുന്ന ഉള്ളടക്ക വിഭാഗങ്ങളിൽ വളരെക്കുറവ് വിഭാഗം മാത്രമാണ് NIOS-ൽ പഠിക്കുന്നത്. പ്രായപരിധി നിശ്ചയിക്കുന്നതിലൂടെ വിദൂര വിദ്യാഭ്യാസത്തിലൂടെ കോഴ്സുകൾ പാസ്സാകുന്നവരുടെ എണ്ണം കുറയ്ക്കാനാകും. ഇത്തരത്തിലുള്ള കാരണങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രായപരിധി നിശ്ചയിക്കാൻ പ്രധാനമായും ഇടയായത്.

(സി) എസ്.എസ്.എൽ.സി. വിദ്യാർത്ഥികളുടേതിന് സമാനമായി എൻ.ഐ.ഒ.എസ്. പാസ്സായവർക്കും തുല്യത ലഭിക്കാൻ പ്രായപരിധി ഏകീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

കേരള പരീക്ഷാഭവന്റെ നേതൃത്വത്തിൽ നടന്നുവരുന്ന റഗുലർ രീതിയിലുള്ള എസ്.എസ്.എൽ.സി.-യെയും NIOS നടത്തുന്ന സെക്കൻഡറി കോഴ്സുകളെയും ഒരേ രീതിയിൽ പരിഗണിക്കാൻ കഴിയില്ല. വിഷയങ്ങളുടെ ഉള്ളടക്കം, എണ്ണം എന്നിവ പരിശോധിക്കുമ്പോഴും NIOS കോഴ്സിനേക്കാൾ കേരള എസ്.എസ്.എൽ.സി.-യുടെ അക്കാദമിക നിലവാരം വളരെ മെച്ചപ്പെട്ട

നിലയിലാണ്. ഇതുകൂടാതെ റഗുലർ കോഴ്സുകളെ വിദൂര രീതിയിൽ നടക്കുന്ന കോഴ്സുകളുമായി ഒരുപോലെ താരതമ്യപ്പെടുത്താനും കഴിയില്ല. ആയതിനാൽ പ്രായപരിധി ഏകീകരിക്കാൻ കഴിയില്ല.

(ഡി) പ്രായപരിധി ഏകീകരിക്കാത്തതുമൂലം തത്തുല്യ പരീക്ഷ പാസ്സാകുന്ന വിദ്യാർത്ഥികൾക്ക് ഒരു വർഷം നഷ്ടമാകുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഹയർ സെക്കൻഡറി സ്കൂളുകൾ/ബാച്ചുകൾ**

**230 (1498)** <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1990-നുശേഷം സംസ്ഥാനത്ത് അനുവദിച്ച ഹയർ സെക്കൻഡറി സ്കൂളുകൾ, ബാച്ചുകൾ എന്നിവയുടെ എണ്ണം ജില്ല, വർഷം എന്നിവയുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) ഹയർ സെക്കൻഡറി സ്കൂളുകൾ, ബാച്ചുകൾ അനുവദിച്ച് പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് ഹയർ സെക്കൻഡറി ആരംഭിച്ചത് 1990-91 കാലയളവ് മുതലാണ്. നാളിതുവരെ സംസ്ഥാനത്തെ ഹയർ സെക്കൻഡറിയിൽ 46 കോഴ്സ് കോമ്പിനേഷനുകളിലായി സ്ഥിരമായും താൽക്കാലികമായതുമുൾപ്പെടെ 7220 ബാച്ചുകൾ പ്രവർത്തിച്ചുവരുന്നു. 1990-ൽ 31 സ്കൂളുകളിൽ ഓരോ ബാച്ച് വീതം ആരംഭിച്ചുകൊണ്ടാണ് കേരളത്തിൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസം ആരംഭിച്ചത്. തുടർന്ന് 1991, 1997, 1998, 2000, 2002, 2004, 2009, 2010, 2014, 2015 എന്നീ വർഷങ്ങളിലാണ് ഹയർ സെക്കൻഡറി മേഖലയിൽ പ്രധാനമായും അധിക സ്കൂളുകളും ബാച്ചുകളും അനുവദിച്ചത്. വിവിധങ്ങളായ അൻപതിൽപ്പരം സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് ഹയർ സെക്കൻഡറി സ്കൂളുകളും ബാച്ചുകളും അനുവദിച്ചത്. അത് ജില്ല, വർഷം അടിസ്ഥാനത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. എന്നാൽ നിലവിൽ അവ ക്രോഡീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ആയത് പൂർത്തീകരിച്ച് വിവരങ്ങൾ ലഭ്യമാക്കുന്നതാണ്.

(സി) 2016 ജൂണിനുശേഷം സംസ്ഥാനത്ത് എത്ര ഹയർ സെക്കൻഡറി സ്കൂളുകളിൽ സ്ഥിരം ബാച്ചുകൾ അനുവദിച്ചിട്ടുണ്ട്; അതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

2016 ജൂണിനുശേഷം സംസ്ഥാനത്തെ ഹയർ സെക്കൻഡറി വിദ്യാലയങ്ങളിൽ സ്ഥിര ബാച്ചുകൾ അനുവദിച്ച വിദ്യാലയങ്ങളുടെ പട്ടിക ഉള്ളടക്കം+ ചെയ്യുന്നു.

(ഡി) 2016-നുശേഷം സംസ്ഥാനത്തെ ഹയർ സെക്കൻഡറി സ്കൂളുകളിൽ അനുവദിച്ച താൽക്കാലിക ബാച്ചുകളുടെ എണ്ണം ജില്ല, വർഷം എന്നിവയുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

താൽക്കാലിക ബാച്ചുകൾ അനുവദിച്ച വിദ്യാലയങ്ങളുടെ പട്ടിക ഇതോടൊപ്പം ഉള്ളടക്കം+ ചെയ്യുന്നു.

(ഇ) 2016-നുശേഷം കുട്ടികളില്ലെന്നത് ശ്രദ്ധയിൽപ്പെട്ടതിനാൽ ഷിഫ്റ്റ് ചെയ്ത ബാച്ചുകളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

2018-നുശേഷം ഷിഫ്റ്റ് ചെയ്ത ബാച്ചുകളുടെ പട്ടിക ഉള്ളടക്കം+ ചെയ്യുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സ്കൂളുകളിൽ ലഹരി ഉപയോഗം

**231 (1499)** <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ ലഹരി ഉപയോഗം തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

സ്കൂൾ പി.ടി.എ. പ്രസിഡന്റ് അധ്യക്ഷനായും പ്രധാനാധ്യാപകൻ കൺവീനറായും പൊതുജന പിന്തുണയോടെ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ജനജാഗ്രതാ സമിതിയുടെ നിരീക്ഷണത്തിൽ ലഹരി പദാർത്ഥങ്ങൾ സ്കൂളിനുള്ളിൽ എത്തുന്നില്ലെന്ന് ഉറപ്പുവരുത്തുന്നുണ്ട്. എല്ലാ അധ്യാപകർക്കും രക്ഷിതാക്കൾക്കും കുട്ടികൾക്കും ലഹരി വിരുദ്ധ ബോധവൽക്കരണത്തിന്റെ ഭാഗമായി ബോധവൽക്കരണ പരിശീലന ക്ലാസ്സ് നൽകിയിട്ടുണ്ട്. ലഹരി വിരുദ്ധ തീവ്രയജ്ഞ പരിപാടിയുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2022 നവംബർ 1-ന് ഹൈസ്കൂൾ, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി

തലത്തിൽ വിദ്യാർഥികളെ ഉൾപ്പെടുത്തി സംസ്ഥാന വ്യാപകമായി ലഹരി വിരുദ്ധ ശൃംഖല തീർത്തിട്ടുണ്ട്. സ്കൂളിനുള്ളിലും പരിസരത്തും ലഹരിവസ്തുക്കൾ കൈമാറ്റം ചെയ്യപ്പെടാൻ സാധ്യതയുള്ള ഹോട്ട് സ്പോട്ടുകൾ കണ്ടെത്തി അവ ഒഴിവാക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. എല്ലാ സ്കൂളുകളിലും 100 വാര ചുറ്റളവിൽ പുകയില ഉൽപ്പന്നങ്ങൾ വിൽക്കുന്നില്ലെന്നും കൈമാറ്റം ചെയ്യുന്നില്ലെന്നും ജനജാഗ്രതാ സമിതി ഉറപ്പുവരുത്തുകയും ലഹരി മുക്ത പ്രദേശമാക്കി യെല്ലോ ലൈൻ ക്യാമ്പയിൻ നടത്തുകയും ചെയ്തിട്ടുണ്ട്. ലഹരി വിരുദ്ധ സന്ദേശം ഉൾക്കൊള്ളുന്ന ഷോർട്ട് ഫിലിം തയ്യാറാക്കിയിട്ടുണ്ട്. ഓൾ ഇന്ത്യ റേഡിയോ, എഫ്.എം., ദൂരദർശൻ, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിൽ ലഹരി വിരുദ്ധ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നുണ്ട്. സ്കൂൾ, സബ്ജില്ല, ജില്ല, സംസ്ഥാനതല കലോത്സവങ്ങൾ, ശാസ്ത്രമേള, കായിക മേള ഗെയിംസ്, മറ്റു പൊതു പരിപാടികൾക്കായി തയ്യാറാക്കുന്ന പോസ്റ്ററുകൾ, ബാനറുകൾ, ഫ്ലെക്സ്, നോട്ടീസ്, പ്രോഗ്രാം ചാർട്ട് എന്നിവയിൽ 'NO TO DRUGS' എന്ന ലോഗോ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്കൂൾ പരിസരത്തുള്ള ലഹരി വസ്തുക്കളെ സംബന്ധിച്ചുള്ള പരാതികളും കുറ്റകൃത്യങ്ങളെ സംബന്ധിച്ചുള്ള

വിവരങ്ങളും രഹസ്യമായി എക്സൈസ് വകുപ്പിനെ അറിയിക്കുന്നതിനായി സൗകര്യം ചെയ്തിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ മേൽനോട്ടത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ 3 മേഖലാ വിമുക്തി കൗൺസിലിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലേയ്ക്കായി 2023-2024 സാമ്പത്തിക വർഷം 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി കുട്ടികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം സംബന്ധിച്ചുള്ള ബോധവൽക്കരണം, അധ്യാപക രക്ഷാകർതൃ അവബോധം നൽകുന്നതിലേയ്ക്കായുള്ള മൊഡ്യൂൾ നിർമ്മാണം പൂർത്തീകരിച്ച് തുടർ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ഹയർ സെക്കൻഡറി വിഭാഗത്തിൽ ഹയർ സെക്കൻഡറി കരിയർ ഗൈഡൻസ് ആൻഡ് അഡോളസെന്റ്സ് വിഭാഗം ഗവൺമെന്റ് മെഡിക്കൽ കോളേജിലെ CDC (Child Development Centre)-യുടെ ആഭിമുഖ്യത്തിൽ "Life Style disease and intervention programme" എന്ന പദ്ധതിയിലൂടെ വിദ്യാർത്ഥികൾക്കിടയിലെ ജീവിതശൈലീ രോഗങ്ങൾ തടയുന്നതിന്

ആദ്യഘട്ടം എന്ന നിലയിൽ എല്ലാ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളുകളിലും പ്രവർത്തനങ്ങൾ നടത്തിവരുന്നു. പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്കിടയിലെ പ്രസ്തുത മയക്കുമരുന്ന് ഉപയോഗവും വ്യാപന ശ്രമങ്ങളും തടയാനുള്ള ബോധവൽക്കരണവും മയക്കുമരുന്നിനടിമകളായ കുട്ടികളെ ലഹരി മുക്തമാക്കുന്നതിനുള്ള ചില നടപടികളും ഈ പദ്ധതിയിലൂടെ നടത്തിവരുന്നു. സംസ്ഥാനത്തെ 1680 സർക്കാർ, എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിലെ സൗഹൃദ ക്ലബ്ബുകൾ മുഖാന്തരം ലഹരി ഉപയോഗവും വ്യാപന ശ്രമങ്ങളും തടയുന്നതിനുള്ള ബോധവൽക്കരണം നടത്താനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട് ആൻഡ് ഗൈഡ്സ് ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി വിദ്യാർത്ഥികൾക്കിടയിൽ മത്സരങ്ങൾ സംഘടിപ്പിച്ച് മദ്യം, മയക്കുമരുന്ന്, മറ്റ് ലഹരി പദാർത്ഥങ്ങൾ എന്നിവ ഉപയോഗിക്കുന്നതുകൊണ്ടുണ്ടാകുന്ന ദൂഷ്യഫലങ്ങൾക്ക് എതിരായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സെമിനാർ പോസ്റ്റർ ക്യാമ്പയിൻസ്, എക്സിബിഷൻ, പദയാത്രകൾ, തെരുവ് നാടകങ്ങൾ, ലഘുലേഖ വിതരണം തുടങ്ങിയ

പ്രവർത്തനങ്ങളിലൂടെ ബോധവൽക്കരണവും നടത്തിവരുന്നുണ്ട്. മേൽപ്പറഞ്ഞവ കൂടാതെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് (SPC), നാഷണൽ സർവ്വീസ് സ്കീം (NSS) തുടങ്ങിയ ഏജൻസികളുടെ വിവിധ പരിപാടികളിൽ മയക്കുമരുന്നിനെതിരായ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. എക്സൈസ് വകുപ്പിന്റേതായ സഹകരണവും സ്കൂൾതല ബോധവൽക്കരണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നുണ്ട്. സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പിലാക്കുന്ന ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ലഹരിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിനും സംസ്ഥാനത്തെ എല്ലാ സിലബസിലുമുള്ള സ്കൂളുകളിലും വിദ്യാഭ്യാസ ഓഫീസുകളിലും നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ വിശദമായ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ ലഹരി ഉപയോഗത്തിന്റെ പാർശ്വഫലങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ എക്സൈസ് വകുപ്പിന്റെ സഹകരണത്തോടെ നടത്തുന്നുണ്ട്. കൂടാതെ വകുപ്പുതലത്തിൽ കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ്

സെല്ലിന്റെ നേതൃത്വത്തിൽ ഇൻസൈറ്റ് എന്ന പ്രോഗ്രാം നടത്തുന്നു. നാഷണൽ സർവ്വീസ് സ്കീം (NSS) പ്രവർത്തനങ്ങളുടെ ഭാഗമായി ലഹരി, മയക്കുമരുന്ന് ഉപയോഗത്തിനെതിരെ വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനായി Yellow line campaign, Habit slate, Health & Arena, ജാഗ്രതാ മതിൽ തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. ഇവയ്ക്കായി സംസ്ഥാന എക്സൈസ്, പോലീസ്, ആരോഗ്യ വകുപ്പുകൾ സഹകരണം നൽകുന്നുണ്ട്.

(ബി) 2016 മുതൽ നാളിതുവരെ ലഹരി ഉപയോഗിച്ചതായി കണ്ടെത്തിയ സ്കൂൾ കുട്ടികളുടെ എണ്ണമെത്ര; ആൺകുട്ടികൾ, പെൺകുട്ടികൾ ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) ലഹരി ഉപയോഗത്തെത്തുടർന്ന് ലഹരി വിപണനം ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടതായി കണ്ടെത്തിയ എത്ര കുട്ടികളുണ്ട്; ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും എണ്ണം വേർതിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഈ കാലയളവിൽ ദുരൂഹ സാഹചര്യങ്ങളിൽ മരണപ്പെട്ട സ്കൂൾ വിദ്യാർത്ഥികളിൽ എത്രപേർ ലഹരി ഉപയോഗിച്ചിരുന്നതായി കണ്ടെത്തിയിട്ടുണ്ട്; വിശദാംശം നൽകുമോ?

(ബി-ഡി) സ്കൂൾ കുട്ടികൾ ലഹരി ഉപയോഗിക്കുന്നതായും സ്കൂളുകളിൽ ലഹരി ഉപയോഗം, ലഹരി വിപണനം ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങളിൽ കുട്ടികൾ ഏർപ്പെട്ടതായും ലഹരി ഉപയോഗംമൂലം ദുരൂഹ സാഹചര്യങ്ങളിൽ വിദ്യാർഥികൾ മരണപ്പെട്ടതായും കണ്ടെത്തിയിട്ടില്ല. ഹയർ സെക്കണ്ടറി വിഭാഗത്തിൽ പ്രസ്തുത വിവരങ്ങൾ ശേഖരിച്ചുവരുന്നു. വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ ഇത്തരം കേസുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

**മലപ്പുറം ജില്ലയിലെ എസ്.എസ്.എൽ.സി. പാസ്സായവരുടെ ഉപരിപഠനം**

**232 (1500)** <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-ലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ മലപ്പുറം ജില്ലയിൽ നിന്ന് എത്ര വിദ്യാർത്ഥികൾ ഉപരിപഠനത്തിന് അർഹത നേടിയിട്ടുണ്ട്;

അർഹത നേടിയ എല്ലാ വിദ്യാർത്ഥികൾക്കും മലപ്പുറം ജില്ലയിൽത്തന്നെ ഉപരിപഠനത്തിന് അവസരം ലഭ്യമാക്കിയിട്ടുണ്ടോ; അതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

2023-ലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ മലപ്പുറം ജില്ലയിൽ നിന്ന് 77951 വിദ്യാർത്ഥികൾ ഉപരിപഠനത്തിന് അർഹത നേടിയിട്ടുണ്ട്. 2021-2022 അധ്യയന വർഷം അനുവദിച്ച 81 (എൺപത്തി ഒന്ന്) താൽക്കാലിക ബാച്ചുകൾ ഈ വർഷവും തുടരുന്നുണ്ട്. ഇതിൽ 31 (മുപ്പത്തി ഒന്ന്) ബാച്ചുകൾ മലപ്പുറം ജില്ലയിലാണ്. കൂടാതെ ഈ വർഷം ആദ്യം തന്നെ വിവിധ ജില്ലകളിൽ നിന്നും 14 (പതിനാല്) ബാച്ചുകൾ മലപ്പുറം ജില്ലയിലേയ്ക്ക് ഷിഫ്റ്റ് ചെയ്തിട്ടുണ്ട്. പ്രവേശനത്തിന് മുൻപായിത്തന്നെ സർക്കാർ സ്കൂളുകളിൽ 30% മാർജിനൽ സീറ്റ് വർദ്ധനവും എല്ലാ എയ്ഡഡ് സ്കൂളുകളിലും 20% മാർജിനൽ സീറ്റ് വർദ്ധനവും ആവശ്യപ്പെടുന്ന എയ്ഡഡ് സ്കൂളുകളിൽ 10% അധിക മാർജിനൽ സീറ്റ് വർദ്ധനവും അനുവദിച്ചിട്ടുണ്ട്. രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റിനുശേഷം ഹയർ സെക്കൻഡറി പ്രവേശനത്തിനായി അപേക്ഷിച്ച എല്ലാവർക്കും പ്രവേശനം ഉറപ്പാക്കുന്നതിനായി മലബാർ

മേഖലയിൽ പാലക്കാട് മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിൽ ആകെ 97 (തൊണ്ണൂറ്റി ഏഴ്) ബാച്ചുകൾ താൽക്കാലികമായി അനുവദിച്ചതിൽ 53 എണ്ണം മലപ്പുറം ജില്ലയിലാണ്.

(ബി) മലപ്പുറം ജില്ലയിൽ ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി, ടെക്നിക്കൽ വിദ്യാഭ്യാസം തുടങ്ങി വിവിധ വിദ്യാഭ്യാസ മേഖലയിൽ സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് സ്ഥാപനങ്ങളിൽ എത്ര സീറ്റുകളാണ് നിലവിലുള്ളത്; തരംതിരിച്ച് വിശദവിവരം ലഭ്യമാക്കാമോ?

ഹയർ സെക്കൻഡറി മേഖലയിൽ സർക്കാർ സ്കൂളുകളിൽ 33925 സീറ്റുകളും എയ്ഡഡ് സ്കൂളുകളിൽ 25765-ഉം അൺ-എയ്ഡഡ് സ്കൂളുകളിൽ 11286-ഉം ഉൾപ്പെടെ 70976 സീറ്റുകളും വൊക്കേഷണൽ ഹയർ സെക്കൻഡറിയിൽ 2820 സീറ്റുകളും ഐ.റ്റി.ഐ. മേഖലയിൽ 5484-ഉം പോളിടെക്നിക് മേഖലയിൽ 880 സീറ്റുകളും ലഭ്യമാണ്. ഇതിനുപുറമേ ഐ.റ്റി.സി., ഓപ്പൺ സ്കൂൾ മേഖലയിലും സീറ്റുകൾ ലഭ്യമാണ്.

(സി) മലപ്പുറം ജില്ലയിൽ ഹയർ സെക്കൻഡറിക്ക് പുതിയ ബാച്ചുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

ഈ വർഷം ആദ്യം തന്നെ വിവിധ ജില്ലകളിൽ നിന്നും 14 (പതിനാല്) ബാച്ചുകൾ മലപ്പുറം ജില്ലയിലേയ്ക്ക് ഷിഫ്റ്റ് ചെയ്തിട്ടുണ്ട്. ഇതിനുപുറമേ മലബാർ മേഖലയിൽ പാലക്കാട് മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിൽ ആകെ 97 (തൊണ്ണൂറ്റി ഏഴ്) ബാച്ചുകൾ താൽക്കാലികമായി അനുവദിച്ചതിൽ 53 എണ്ണം മലപ്പുറം ജില്ലയിലാണ്.

(ഡി) എല്ലാ വിഷയങ്ങളിലും എ+ നേടിയ വിദ്യാർത്ഥികൾക്കും ഉപരിപഠത്തിന് അർഹത നേടിയ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കും അവർ ആവശ്യപ്പെടുന്ന വിഷയങ്ങൾക്ക് ആവശ്യപ്പെടുന്ന വിദ്യാലയങ്ങളിൽ തന്നെ പ്രവേശനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉപരിപഠനത്തിന് അർഹത നേടിയ 40 ശതമാനത്തിലധികം ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് അവർ ആവശ്യപ്പെടുന്ന സ്കൂൾ/കോഴ്സിൽ അധിക സീറ്റ് സൃഷ്ടിച്ച് പഠനം ഉറപ്പാക്കുന്നുണ്ട്. സംസ്ഥാനത്തെ ഹയർ സെക്കൻഡറി സ്കൂളുകളിലെ പ്ലസ് വൺ പ്രവേശനം ലളിതവും സുതാര്യവുമാക്കുന്നതിനും സാമൂഹികനീതി ഉറപ്പാക്കുന്നതിനുമായി കഴിഞ്ഞ പതിനഞ്ച് വർഷമായി ഏകജാലക പ്രവേശനമെന്ന കേന്ദ്രീകൃത

അലോട്ട്മെന്റ് സംവിധാനം നടപ്പിലാക്കിവരുന്നതിനാൽ ഏതെങ്കിലും പ്രത്യേക സ്കൂളിലോ കോഴ്സിലോ പ്ലസ് വണിന് പ്രവേശനം വേണമെന്ന അപേക്ഷകൾ പരിഗണിക്കാൻ കഴിയില്ല. എങ്കിലും അർഹരായ വിദ്യാർത്ഥികൾക്ക് ഏകജാലക പ്രവേശനത്തിലൂടെ മെറിറ്റടിസ്ഥാനത്തിൽ അവർ ആഗ്രഹിക്കുന്ന സ്കൂളുകളിലും കോഴ്സുകളിലും പ്രവേശനം ലഭിക്കുന്നുണ്ട്.

**തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ സ്കൂൾ മെച്ചപ്പെടുത്താൻ പ്രവർത്തനങ്ങൾ**

**233 (1501)** ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം ബോയ്സ് എച്ച്.എസ്.എസ്. കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ സ്കൂളിൽ നിലവിൽ എന്തെല്ലാം സൗകര്യങ്ങളാണുള്ളതെന്ന് വിശദമാക്കാമോ?

കുന്നംകുളം ബോയ്സ് എച്ച്.എസ്.എസ്. കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ സ്കൂളിൽ പ്രധാനമായും 400 മീറ്റർ സിന്തറ്റിക് ട്രാക്ക്, ഡ്രെയിനേജ് സംവിധാനത്തോടുകൂടിയ നാച്വറൽ ഫുട്ബോൾ ടർഫ്, അനുബന്ധ സൗകര്യങ്ങൾ, ഇൻഡോർ സ്റ്റേഡിയം, പ്രാക്ടീസ് ഗ്രൗണ്ട്,

ഗ്യാലറി ബിൽഡിംഗ്, കുട്ടികൾക്കുവേണ്ടിയുള്ള കായിക ഉപകരണങ്ങൾ തുടങ്ങിയ സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്. സ.ഉ.(സാധാ)നം. 65/2023/കാ.യു.വ. തീയതി 24-02-2023 പ്രകാരം കുന്നംകുളം സ്പോർട്സ് ഡിവിഷനിൽ ഹോസ്റ്റൽ ബിൽഡിംഗ് നിർമ്മിക്കുന്നതിനായി 4,57,13,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടോട്ടൽ സ്റ്റേഷൻ സർവ്വേ, സോയിൽ ഇൻവെസ്റ്റിഗേഷൻ എന്നിവ പൂർത്തിയാക്കി ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ കായിക യുവജനകാര്യ വകുപ്പിന്റെ നിർമ്മാണ പ്രവർത്തികളുടെ എസ്.പി.വി. ആയ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്വീകരിച്ചുവരുന്നു.

(ബി) കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങൾ കായിക വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതിന് ശാസ്ത്രീയമായി ഏതെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

(ബി&സി) നടത്തിയിട്ടില്ല.

**മാവേലിക്കരയിലെ പുരാതനമായ സ്കൂളുകളുടെ നവീകരണ പ്രവർത്തനങ്ങൾ**

**234 (1502)** <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 225 വർഷത്തിൽ കൂടുതൽ പഴക്കമുള്ള മാവേലിക്കര ഗവ. എൽ.പി.എസ്.-ന്റെ നവീകരണത്തിനും പുതിയ ബഹുനില മന്ദിരത്തിന്റെ നിർമ്മാണത്തിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; ആവശ്യമായ തുക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

225 വർഷത്തിൽ കൂടുതൽ പഴക്കമുള്ള മാവേലിക്കര ഗവ. എൽ.പി.എസ്.-ന്റെ നവീകരണത്തിനും പുതിയ ബഹുനില മന്ദിര നിർമ്മാണത്തിനും നിലവിൽ തുക അനുവദിച്ചിട്ടില്ല.

(ബി) 217 വർഷത്തിലധികം പഴക്കമുള്ള മാവേലിക്കര ഗവ. വൊക്കേഷണൽ & ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിൽ പുതിയ ബഹുനില മന്ദിര നിർമ്മാണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

മാവേലിക്കര ഗവൺമെന്റ് വൊക്കേഷണൽ ആന്റ് ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന് 1 കോടി കിഫ്ബി

പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. Sub Project Revision-നുവേണ്ടി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭ്യമായാലുടൻ തുടർനടപടി സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത സ്കൂളുകൾ പൈതൃക സ്മാരക പട്ടികയിൽ ഉൾപ്പെടുത്തി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

മാവേലിക്കര ഗവൺമെന്റ് വൊക്കേഷണൽ ആൻഡ് ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിനെയും മാവേലിക്കര ഗവൺമെന്റ് എൽ.പി.എസ്.-നെയും പൈതൃക സ്കൂൾ സംരക്ഷണ പദ്ധതിയിൽ പരിഗണിക്കുന്നതിനായുള്ള പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചുവരുന്നു.

**വനാതിർത്തിയിലെ സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ**

**235 (1503)** ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെർക്കിസ്റ്റൻ എസ്റ്റേറ്റ് ലയത്തിലെ കുട്ടികൾ ഉൾപ്പെടെ പഠിക്കുന്ന പൊന്മുടി യു.പി. സ്കൂളിൽ ചുറ്റുമതിൽ സൗകര്യങ്ങൾ ഇല്ലാത്തതിനാൽ

വന്യമൃഗശല്യം നേരിടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന് അടിയന്തര പരിഹാര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പൊന്മുടി ഗവ. യു.പി. സ്കൂൾ ചുറ്റുമതിൽ ഇല്ലാത്തതിനാൽ വന്യമൃഗശല്യം നേരിടുന്നത് വളരെ ഗൗരവത്തോടെ കാണുന്നുണ്ട്. വിതുര പഞ്ചായത്തിൽ നിന്നും മുൻവർഷങ്ങളിൽ ചുറ്റുമതിൽ നിർമ്മിക്കുന്നതിനുള്ള ഫണ്ട് സ്കൂളിന് ലഭ്യമായിരുന്നെങ്കിലും വനം വകുപ്പിൽ നിന്നുള്ള പ്രതികൂല മറുപടി കാരണം പൂർണ്ണതോതിൽ ചുറ്റുമതിൽ നിർമ്മാണം നടന്നിരുന്നില്ല. പ്രസ്തുത വിവരങ്ങളും സ്കൂളിലെ ബുദ്ധിമുട്ടും കാണിച്ച് സ്കൂൾ അധികൃതർ വനം വകുപ്പിലും അപേക്ഷ സമർപ്പിച്ചിരുന്നു. ഈ വിഷയത്തിന്മേൽ ബാലാവകാശ കമ്മീഷൻ സ്വമേധയാ കേസെടുക്കുകയും (CRMP No. 6369/01 -R/C1/2022/KeScPCR)) ബാലാവകാശ കമ്മീഷന്റെ നേതൃത്വത്തിൽ 09-08-2023-ന് 11 മണിക്ക് സ്ഥലം സന്ദർശിക്കുകയും വിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥർ, വനം വകുപ്പ് ഉദ്യോഗസ്ഥർ, സർവ്വേ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരടക്കം സംയുക്തമായി

രേഖകളുടെ പരിശോധന നടത്തുകയും ചെയ്തു. ഇതുസംബന്ധിച്ച പരിശോധനാ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഗോത്രവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ ഉൾപ്പെടെ പഠിക്കുന്ന വനാതിർത്തികളിലെ സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**സ്കൂളുകൾക്ക് ഭൂമി വാങ്ങാൻ പദ്ധതി**

**236 (1504)** <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി ഭൂമിയോ കെട്ടിടമോ ഇല്ലാത്ത സ്കൂളുകൾക്ക് ഭൂമി വാങ്ങുന്നതിനായി പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

സ്വന്തമായി ഭൂമി ഇല്ലാത്തതോ ഭൂമി അപര്യാപ്തമായതോ ആയ സ്കൂളുകൾക്ക് ഭൂമി വാങ്ങുന്നതിനായി 2019 കേരള ബഡ്ജറ്റിൽ ഖണ്ഡിക 104

പ്രകാരം പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ടി പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി ബന്ധപ്പെട്ട സ്കൂളുകളുടെ വിശദമായ പ്രൊപ്പോസലുകൾ പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ് തലത്തിൽ ക്രോഡീകരിച്ചുവരുന്നു. പ്രസ്തുത പ്രൊപ്പോസലുകൾ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഭൂമിയില്ലാത്ത സ്കൂളുകൾക്ക് സ്വന്തമായി ഭൂമി വാങ്ങുന്നതിനുവേണ്ടി കിഫ്ബിയിൽ പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര സ്കൂളുകൾക്ക് വേണ്ടിയാണെന്ന് വിശദമാക്കാമോ?

ഭൂമിയില്ലാത്ത സ്കൂളുകൾക്ക് സ്വന്തമായി ഭൂമി വാങ്ങുന്നതിന് കിഫ്ബിയിൽ പദ്ധതി സമർപ്പിച്ചിട്ടില്ല.

**സർക്കാർ-എയ്ഡഡ് മേഖലകളിലെ അധ്യാപക നിയമനം**

**237 (1505)** ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ-എയ്ഡഡ് മേഖലകളിലെ എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ

നിലവിൽ നിയമന അംഗീകാരം ലഭിക്കാനുള്ള അധ്യാപകരുടെ എണ്ണം ജില്ല തിരിച്ചും വിഷയം തിരിച്ചും വ്യക്തമാക്കാമോ?

എൽ.പി., യു.പി., ഹൈസ്കൂൾ വിഭാഗങ്ങളിലെ വിശദാംശങ്ങൾ അനുബന്ധം (എ)+-യിലും ഹയർ സെക്കൻഡറി വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗങ്ങളിലെ വിശദാംശങ്ങൾ യഥാക്രമം അനുബന്ധം (ബി)+, (സി)+ എന്നിവയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഹൈസ്കൂൾ വിഭാഗത്തിലെ വിഷയം തിരിച്ചുള്ള വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) അധ്യാപക തസ്തികയിലേയ്ക്ക് സമയബന്ധിതമായി നിയമനം നടക്കാത്തതിനാലും നിയമനങ്ങളുടെ അംഗീകാരം അനിയന്ത്രിതമായി വൈകുന്നതിനാലും സർക്കാർ-എയ്ഡഡ് മേഖലകളിലെ സ്കൂളുകളിൽ പ്രതിസന്ധി നേരിടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ പരിഹാര നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർക്കാർ സ്കൂളുകളിൽ 2023-24-ന് മുമ്പുണ്ടായ ഒഴിവുകൾക്ക് ആനുപാതികമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എയ്ഡഡ് മേഖലയിലെ നിയമനാംഗീകാര ഫയലുകളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് കുടിശ്ശിക തുക**

**238 (1506)** <u>ശ്രീമതി ഉമ തോമസ്:</u> താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അധ്യാപകർക്കും അധ്യാപകേതര ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഇനത്തിൽ വിതരണം ചെയ്യാനുള്ള തുക കുടിശ്ശികയായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏത് കാലയളവ് മുതലുള്ള അപേക്ഷകളിലാണ് ആനുകൂല്യം വിതരണം ചെയ്യാൻ കുടിശ്ശികയുള്ളതെന്നും പ്രസ്തുത തുക എന്നുമുതൽ വിതരണം ചെയ്യാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

ഉണ്ട്. എയ്ഡഡ് പ്രൈമറി വിഭാഗത്തിൽ 2020 മുതലും സെക്കൻഡറിതലം വരെയുള്ള മറ്റുവിഭാഗങ്ങളിൽ 2021 മുതലും മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് തുക കുടിശ്ശികയായിട്ടുണ്ട്. ഹയർ സെക്കൻഡറി വിഭാഗത്തിൽ 2022-23 കാലയളവ് മുതലും വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ 2018 മുതലും മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് തുക കുടിശ്ശികയായിട്ടുണ്ട്. മെഡിക്കൽ റീ ഇംബേഴ്സ്മെന്റിന് വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിന്റെ ലഭ്യതയ്ക്കനുസരിച്ച് തുക വിതരണം ചെയ്യാനാകും.

**അധ്യാപകരുടെ അന്തർജില്ല സ്ഥലംമാറ്റത്തിലെ മാനദണ്ഡങ്ങൾ**

**239 (1507)** <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധ്യാപകരുടെ അന്തർജില്ല സ്ഥലംമാറ്റങ്ങളുടെ നിലവിലെ പരിധി എത്ര ശതമാനമാണ്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

അധ്യാപകരുടെ അന്തർജില്ല സ്ഥലം മാറ്റങ്ങളുടെ നിലവിലെ പരിധി 10 ശതമാനമാണ്. 24-12-2021-ലെ സ.ഉ. (അച്ചടി) നം. 27/2021/പൊ.വി.വ.

ഉത്തരവ് പ്രകാരമാണ് അന്തർജില്ല സ്ഥലംമാറ്റം 10 ശതമാനമാക്കിയിട്ടുള്ളത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

(ബി) അന്തർജില്ല സ്ഥലംമാറ്റങ്ങളുടെ മാനദണ്ഡത്തിൽ മാറ്റം വരുത്താനിടയായ സാഹചര്യമെന്താണെന്ന് വിശദമാക്കാമോ?

02-12-1991-ലെ സ.ഉ. (പി) നം.36/91/പി&എ.ആർ.ഡി. ഉത്തരവിൽ ഓരോ വകുപ്പിലെയും ഓരോ വിഭാഗത്തിലെയും ഓരോ വർഷവുമുണ്ടാകുന്ന ഒഴിവുകളുടെ 10 ശതമാനം മാത്രമേ അന്തർജില്ല സ്ഥലംമാറ്റത്തിന് നൽകാവൂവെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ മാനദണ്ഡങ്ങൾ പൊതു വിദ്യാഭ്യാസ വകുപ്പിൽ നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായാണ് 24-12-2021-ലെ സ.ഉ. (അച്ചടി) നം. 27/2021/പൊ.വി.വ. ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

(സി) മാനദണ്ഡത്തിൽ മാറ്റം വരുത്തിയതുകാരണം റാങ്ക് ലിസ്റ്റുകളിൽ നിന്നും നടക്കുന്ന നിയമനം കുറയുന്നുവെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പ്രസ്തുത പോരായ്മ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

(സി&ഡി) സ.ഉ. (അച്ചടി) നം 27/2021/പൊ.വി.വ. തീയതി 24-12-2021 സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റ സംവരണ ശതമാനം 10 ശതമാനമാക്കി കുറയ്ക്കുകയാണ് ചെയ്തിരിക്കുന്നത്. അതിനാൽ പ്രസ്തുത മാറ്റം റാങ്ക് ലിസ്റ്റുകളിൽനിന്നും നടക്കുന്ന നിയമനത്തെ ബാധിക്കുന്നില്ല.

**ഭിന്നശേഷി അധ്യാപകരുടെ ശമ്പളവും സംവരണവും**

**240 (1508)** <u>**ശ്രീ. എ. പി. അനിൽ കുമാർ:**</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണത്തിലൂടെ നിയമിതരായവരിൽ ഇനിയും എത്ര അധ്യാപകർക്ക് ശമ്പളവും അംഗീകാരവും നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ?

303 (മുന്നൂറ്റി മൂന്ന്)

(ബി) ഭിന്നശേഷി വിഭാഗത്തിൽ അധ്യാപക യോഗ്യത നേടിയ ഉദ്യോഗാർത്ഥികളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

ഭിന്നശേഷി വിഭാഗത്തിൽ അധ്യാപക യോഗ്യത നേടിയ ഉദ്യോഗാർത്ഥികളുടെ എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി+ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) പി.എസ്.സി. നിയമനങ്ങളിൽ ഭിന്നശേഷി നിയമനങ്ങൾ ഉൾപ്പെടെ എല്ലാ നിയമനങ്ങളും ജില്ലാടിസ്ഥാനത്തിൽ നടക്കുമ്പോൾ എയ്ഡഡ് വിഭാഗത്തിൽ ഭിന്നശേഷി നിയമനം ജില്ലാതലത്തിൽ നടത്തേണ്ടതില്ലെന്ന തീരുമാനം സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി നിയമന നടപടികൾ ബന്ധപ്പെട്ട മാനേജ്മെന്റുകളാണ് നടപ്പിലാക്കുന്നത്.

(ഡി) യോഗ്യരായ ഭിന്നശേഷി അധ്യാപകരുടെ അഭാവത്തിൽ പി.എസ്.സി. മറ്റ് വിഭാഗത്തിൽനിന്നും നിയമനങ്ങൾ നടത്തുന്നതുപോലെ എയ്ഡഡ് മേഖലയിലെ സമാന നിയമനങ്ങൾക്ക് അംഗീകാരം നൽകാൻ നിർദ്ദേശമുണ്ടോ; വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

RPWD Act 2016 വകുപ്പ് 34(2) പ്രകാരം ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിന് 25-06-2022-ലെ സ.ഉ.(കൈ)നം.111/2022/പൊ.വി.വ. ഉത്തരവുപ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ഭിന്നശേഷി നിയമനത്തിനായി എയ്ഡഡ് സ്കൂളുകളിൽ ബാക്ക്‌ലോഗ് കണക്കാക്കി റോസ്റ്റർ തയ്യാറാക്കാനും സർക്കാർ സ്കൂളിൽ പ്രസ്തുത നിയമനത്തിനുള്ള ഒഴിവ് കണ്ടെത്താൻ ജില്ലാടിസ്ഥാനത്തിൽ റോസ്റ്റർ തയ്യാറാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; സർക്കാർ സ്കൂളുകളിൽ ജില്ലാടിസ്ഥാനത്തിൽ ഭിന്നശേഷി സംവരണം പാലിക്കുന്നുണ്ടോയെന്ന് വിശദീകരിക്കാമോ?

മാനേജ്മെന്റ് അടിസ്ഥാനത്തിൽ റോസ്റ്റർ തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതും നടപടി പുരോഗമിച്ചുവരുന്നതുമാണ്. സർക്കാർ സ്കൂളുകളിൽ പി.എസ്.സി. മുഖേന ഭിന്നശേഷി സംവരണം പാലിച്ചാണ് നിയമനങ്ങൾ നടത്തുന്നത്.

(എഫ്) 2018 മുതൽ ശമ്പളം ലഭിക്കാതെ ജോലിയിൽ തുടരുന്ന മുഴുവൻ അധ്യാപകർക്കും നിയമനാംഗീകാരവും ശമ്പളവും നൽകാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

സ.ഉ.(കൈ)നം.29/2023/പൊ.വി.വ. തീയതി 24-03-2023 സർക്കാർ ഉത്തരവ് പ്രകാരവും ഇതോടനുബന്ധിച്ചുള്ള അനുബന്ധ ഉത്തരവുകൾ പ്രകാരവും ഭിന്നശേഷി സംവരണം സംബന്ധിച്ച റോസ്റ്റർ, റിക്വിസിഷൻ എന്നിവ സമർപ്പിച്ച മാനേജ്മെന്റുകളിലെ 18-11-2018 മുതൽ 08-11-2021 വരെയുണ്ടായ ഒഴിവുകളിൽ നടത്തിയ നിയമനങ്ങൾ താൽക്കാലികമായി ശമ്പള സ്കെയിലിലും 08-11-2021-ന് ശേഷമുണ്ടായ ഒഴിവുകളിൽ നടത്തിയ നിയമനങ്ങൾ ദിവസവേതനാടിസ്ഥാനത്തിലും അംഗീകരിച്ചുനൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**പുതിയതായി സൃഷ്ടിച്ച അധ്യാപക തസ്തികകൾ**

**241 (1509)** <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ സ്റ്റാഫ് ഫിക്സേഷന്റെ ഭാഗമായി 2022-23 അധ്യയന വർഷം എത്ര അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

6043 അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ഇതുവഴി എൽ.പി.എസ്.ടി., യു.പി.എസ്.ടി. തസ്തികകളിലേയ്ക്ക് ഓരോ ജില്ലയിൽനിന്നും സർക്കാർ സ്കൂളുകളിൽ എത്ര നിയമനം നടത്താൻ കഴിയുമെന്ന് ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിലെ 2023-2024-ലെ തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയായിട്ടില്ല. അത് പൂർത്തീകരിച്ചാൽ മാത്രമേ ടി ജില്ലകളിലെ കൃത്യമായ എണ്ണം ലഭ്യമാകുകയുള്ളൂ. മറ്റു ജില്ലകളിലെ വിശദാംശങ്ങൾ അനുബന്ധമായി+ ഉൾപ്പെടുത്തിയിട്ടുണ്ട്.

### പൊതുവിദ്യാലയങ്ങളിലെ തസ്തിക നിർണ്ണയം

**242 (1510)** <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പൊതുവിദ്യാലയങ്ങളിലെ തസ്തിക നിർണയം വഴി എത്ര പുതിയ തസ്തികകൾക്കാണ് അംഗീകാരം നൽകിയതെന്ന് എൽ.പി., യു.പി., ഹൈസ്കൂൾ തിരിച്ചും സർക്കാർ, എയ്ഡഡ് മേഖല തിരിച്ചും കണക്കുകൾ ലഭ്യമാക്കാമോ?

ആകെ 6043 തസ്തികകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ പുതുതായി അംഗീകാരം നൽകിയ തസ്തികകൾ എൽ.പി., യു.പി., ഹൈസ്കൂൾ തിരിച്ചും സർക്കാർ, എയ്ഡഡ് മേഖല തിരിച്ചും കണക്കുകൾ വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(സി) പ്രസ്തുത തസ്തികകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നടപടി സ്വീകരിച്ചുവരുന്നു.

**ഹൈസ്കൂളുകളിലെ ഇംഗ്ലീഷ് അധ്യാപക തസ്തിക**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**243 (1511)** <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈസ്കൂളുകളിൽ ഇംഗ്ലീഷിനെ ഒരു ഭാഷാ വിഷയമാക്കി പരിഗണിച്ച് 2021-22 അധ്യയന വർഷം മുതൽ തസ്തികകൾ അനുവദിക്കണമെന്ന ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ 03-08-2022-ൽ സ.ഉ.(സാധാ)നമ്പർ 4497/2022/പൊ.വി.വ. പ്രകാരം നിയോഗിച്ച സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2023-24 സ്റ്റാഫ് ഫിക്സേഷനിൽ ഇംഗ്ലീഷിനെ ഒരു ഭാഷാ വിഷയമായി കണക്കാക്കി പീരിഡ് അടിസ്ഥാനത്തിൽ സ്ഥിരം തസ്തികകൾ സൃഷ്ടിക്കാൻ തീരുമാനിച്ചിരുന്നോ;

(ബി) എങ്കിൽ 2023-24 സ്റ്റാഫ് ഫിക്സേഷനിൽ ഇംഗ്ലീഷിനെ ഒരു ഭാഷാ വിഷയമായി കണക്കാക്കി പീരിഡ് അടിസ്ഥാനത്തിൽ സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(എ&ബി) സർക്കാർ പരിശോധിച്ചുവരുന്നു.

(സി) 2022-23 സ്റ്റാഫ് ഫിക്സേഷനശേഷം സർക്കാർ സ്കൂളുകളിലെ എച്ച്.എസ്.റ്റി. ഇംഗ്ലീഷ് അധ്യാപകരുടെ ആകെ ഒഴിവുകൾ ജില്ല തിരിച്ച് വിശദാംശം നൽകുമോ?

തിരുവനന്തപുരം-12, കൊല്ലം-12, പത്തനംതിട്ട-ഇല്ല, ആലപ്പുഴ-6, കോട്ടയം-54, ഇടുക്കി-2, എറണാകുളം-ഇല്ല, തൃശ്ശൂർ-6, പാലക്കാട്-14, മലപ്പുറം-32, കോഴിക്കോട്-5, വയനാട്-1, കണ്ണൂർ-2, കാസർഗോഡ്-4.

**ശമ്പള കുടിശ്ശിക വിതരണം ചെയ്യണമെന്ന ഹൈക്കോടതി വിധി**

**244 (1512)** ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂൾ അധ്യാപകരുടെയും അനധ്യാപകരുടെയും ശമ്പള കുടിശ്ശിക താമസംവിനാ വിതരണം ചെയ്യണമെന്ന ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദീകരിക്കാമോ?

എയ്ഡഡ് സ്കൂൾ അധ്യാപകരുടെയും അനധ്യാപകരുടെയും ശമ്പള കുടിശ്ശിക താമസംവിനാ വിതരണം ചെയ്യണമെന്ന ഹൈക്കോടതിയുടെ

വിധികൾ നടപ്പിലാക്കുമ്പോൾ സംസ്ഥാനം അഭിമുഖീകരിക്കേണ്ടിവരുന്ന സാമ്പത്തിക പ്രത്യാഘാതങ്ങൾ കണക്കിലെടുത്ത് ടി വിധികളിന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തുവരികയാണ്. കൂടാതെ അപ്പീലും തള്ളുന്ന കേസുകളിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി മുമ്പാകെ ധനകാര്യ വകുപ്പ് സ്പെഷ്യൽ ലീവ് പെറ്റീഷനുകളും ഫയൽ ചെയ്തുവരികയാണ്. ചില കേസുകളിൽ കുടിശ്ശിക തുക പണമായി അനുവദിച്ചുനൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത വിധി നടപ്പാക്കുന്നതിനെതിരെ സർക്കാർ സുപ്രീംകോടതിയെ സമീപിച്ചിട്ടുണ്ടോയെന്നും ഏത് സാഹചര്യത്തിലാണ് സമീപിച്ചതെന്നും വ്യക്തമാക്കാമോ?

ഉണ്ട്. കേരളത്തിൽ ഏഴായിരത്തോളം വരുന്ന എയ്ഡഡ് മേഖലയിലെ നിയമനങ്ങൾ കാലാകാലങ്ങളായി സ്കൂൾ മാനേജർമാർ നടത്തുകയും ശമ്പളം, ശമ്പള പരിഷ്കരണ കുടിശ്ശിക, പെൻഷൻ തുടങ്ങിയ ചെലവുകൾ Direct Payment System വഴി സംസ്ഥാന സർക്കാർ വഹിക്കുന്നതുവഴി സർക്കാർ ഖജനാവിന് കനത്ത സാമ്പത്തിക ബാധ്യതയാണുണ്ടാകുന്നത്. ഇത്തരം

മേഖലയിൽ നടത്തുന്ന നിയമനങ്ങൾ പിന്നീട് മുൻകാല പ്രാബല്യത്തോടെ ചട്ടങ്ങളിൽ ഇളവ് വരുത്തി വിവിധ ഉത്തരവുകൾ പ്രകാരം അംഗീകരിക്കപ്പെടുമ്പോൾ പ്രസ്തുത നിയമനങ്ങൾ അംഗീകരിക്കപ്പെട്ട തീയതി മുതൽ ടി നിയമനം അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവ് തീയതി വരെയുള്ള ശമ്പള കുടിശ്ശിക ഒറ്റയടിക്ക് അനുവദിക്കുന്നത് സംസ്ഥാന ഖജനാവിൽ ഇടയ്ക്കിടയ്ക്ക് അപ്രതീക്ഷിത ബാധ്യത/ cash flow ഉണ്ടാകാനും സംസ്ഥാനത്തിന്റെ ways and means സ്ഥിതിയെ പ്രതികൂലമായി ബാധിക്കാനും സാധ്യതയുള്ളതിനാലാണ് പ്രസ്തുത വിധി നടപ്പിലാക്കുന്നതിനെതിരെ ധനകാര്യ വകുപ്പ് സുപ്രീംകോടതിയെ സമീപിച്ചിട്ടുള്ളത്.

(സി) മേൽപ്പറഞ്ഞ വിധിയുടെ അടിസ്ഥാനത്തിൽ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് ആവശ്യമായിവരുന്ന തുകയുടെ വിശദാംശം നൽകാമോ?

ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് ഏകദേശം 207,28,23,937/- രൂപ ആവശ്യമായി വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. ഭിന്നശേഷി

സംവരണവുമായി ബന്ധപ്പെട്ട് തടഞ്ഞുവച്ചിട്ടുള്ള നിയമനങ്ങൾക്ക് മുൻകാല പ്രാബല്യത്തോടെ അംഗീകാരം നൽകുമ്പോൾ പ്രതീക്ഷിത ചെലവിൽ ഗണ്യമായ വർദ്ധനവുണ്ടാകും.

**കണ്ണൂർ ജില്ലയിലെ ഗവൺമെന്റ് യു.പി. സ്കൂളുകൾ**

**245 (1513)** ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ഗവൺമെന്റ് യു.പി. സ്കൂളുകളിൽ യു.പി. വിഭാഗത്തിൽ അധ്യാപകരായി ജോലി ചെയ്തിരുന്ന എത്ര പി.ഡി. ടീച്ചർ, യു.പി.എസ്. അധ്യാപകരാണ് 2023 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ സർവ്വീസിൽനിന്ന് വിരമിച്ചത്; അതിലൂടെ യു.പി. വിഭാഗത്തിൽ എത്ര ഒഴിവുകളാണ് ജില്ലയിലുണ്ടായത്; എത്ര ഒഴിവുകളാണ് ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്ന് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തത്; വിരമിക്കൽമൂലം റിപ്പോർട്ട് ചെയ്യപ്പെട്ട മുഴുവൻ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതിരിക്കാനുള്ള കാരണം വ്യക്തമാക്കാമോ?

എൽ.പി., യു.പി. തസ്തികകളിൽനിന്ന് 3/2023, 4/2023, 5/2023, 6/2023 മാസങ്ങളിൽ 60 പേർ വിരമിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 21 ഒഴിവുകൾ യു.പി. വിഭാഗത്തിൽ ഉണ്ടായിട്ടുണ്ട്. നിലവിലുള്ള റേഷ്യോ പ്രകാരം 18 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ജില്ലയിലെ ഗവൺമെന്റ് സ്കൂളുകളിൽ 2013 അധ്യയന വർഷം നടത്തിയ എച്ച്.എം. പ്രൊമോഷനിൽ യു.പി. വിഭാഗത്തിലെ പി.ഡി. ടീച്ചർ, യു.പി.എസ്. അധ്യാപകർ എന്നിവരിൽ എത്ര പേർക്കാണ് എച്ച്.എം. പ്രെമോഷൻ ലഭിച്ചതെന്ന് അറിയിക്കാമോ?

37 പേർക്ക് പ്രൊമോഷൻ ലഭിച്ചിട്ടുണ്ട്.

(സി) അതിലൂടെ എത്ര യു.പി.എസ്.ടി. ഒഴിവുകളാണ് ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ റിപ്പോർട്ട് ചെയ്തത്; അതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു; റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ കാരണം അറിയിക്കാമോ?

21 ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2023-24 വർഷത്തെ തസ്തിക നിർണ്ണയത്തിനുശേഷം ഒഴിവുകൾ കണക്കാക്കി ബാക്കിയുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സമീപ ജില്ലകളിലെ വിദ്യാഭ്യാസ ഓഫീസുകളിൽനിന്ന് എച്ച്.എം. പ്രൊമോഷനായതിലൂടെയുണ്ടായ യു.പി.എസ്.ടി. വേക്കൻസികൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുമ്പോൾ കണ്ണൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽനിന്ന് ഇത്തരം ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

2023-24 വർഷത്തെ തസ്തിക നിർണ്ണയം പൂർത്തിയായതിനുശേഷമേ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(ഇ) 2022-23 വർഷം അധ്യാപക തസ്തിക നിർണ്ണയം നടത്തിയതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിൽ എത്ര യു.പി.എസ്./പി.ഡി. ടീച്ചർ ഒഴിവുകൾ

ഉണ്ടായിട്ടുണ്ട്; പ്രസ്തുത പോസ്റ്റ് ഫിക്സേഷൻ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

2022-23 വർഷത്തെ അധ്യാപക തസ്തിക നിർണ്ണയത്തിനുശേഷം ലഭ്യമായിട്ടുള്ള യു.പി.എസ്.ടി.-യിലെ 23 ഒഴിവുകളിലും, എൽ.പി.എസ്.ടി.-യിലെ 22 ഒഴിവുകളിലും ചട്ടപ്രകാരമുള്ള ശതമാനം കണക്കാക്കി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വൊക്കേഷണൽ ഹയർ സെക്കൻഡറി പരീക്ഷയുടെ ഉത്തര പേപ്പർ മൂല്യനിർണയം**

**246 (1514)** <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-ലും 2023-ലും നടന്ന വൊക്കേഷണൽ ഹയർ സെക്കൻഡറി ഒന്നാം വർഷ, രണ്ടാം വർഷ പൊതു പരീക്ഷകളുടെ ഉത്തരപേപ്പർ മൂല്യനിർണ്ണയം നടത്തിയ പയ്യന്നൂർ മേഖലയിലുള്ള അധ്യാപകർക്ക് ഡി.എ.,

ടി.എ., ഉത്തരപേപ്പർ മൂല്യനിർണ്ണയ വേതനം എന്നിവ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

ഇല്ല. 2022-ലും 2023-ലും നടന്ന വി.എച്ച്.എസ്.ഇ. ഒന്നും രണ്ടും വർഷ പൊതുപരീക്ഷയുടെ ഉത്തരക്കടലാസ് മൂല്യനിർണ്ണയം നടത്തിയ പയ്യന്നൂർ മേഖലയിലുള്ള അധ്യാപകർക്ക് ഡി.എ./ടി.എ., ഉത്തരപേപ്പർ മൂല്യനിർണ്ണയ വേതനം നൽകാനുള്ളതിൽ 2022 ഒന്നാം വർഷ മൂല്യനിർണ്ണയ ക്യാമ്പിന് നൽകാനുള്ള തുക 12,23,842/- രൂപ 09-06-2023 തീയതിയിലെ വി.എക്സ്4/1132/22 നമ്പർ നടപടിക്രമ ഉത്തരവുപ്രകാരം നൽകിയിട്ടുണ്ട്. 2022 മാർച്ച് രണ്ടാം വർഷത്തെ തുകയായ 9,61,220/- രൂപ വി.എക്സ്4/835/2022, തീയതി 01-09-2022 ഉത്തരവുപ്രകാരം അനുവദിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) 2021-ലെ ഒന്നാംവർഷ രണ്ടാംവർഷ പരീക്ഷ, 2021-ലെ ഒന്നാംവർഷ ഇംപ്രൂവ്മെന്റ് പരീക്ഷ, 2022-ലെ ഒന്നാം വർഷ രണ്ടാം വർഷ പരീക്ഷ, 2022-ലെ ഒന്നാം വർഷ ഇംപ്രൂവ്മെന്റ് പരീക്ഷ, 2023-ലെ ഒന്നാം

വർഷ രണ്ടാം വർഷ പരീക്ഷ എന്നീ വൊക്കേഷണൽ ഹയർ സെക്കൻഡറി പൊതു പരീക്ഷകളുടെ ഇൻവിജിലേഷൻ, ഡെപ്യൂട്ടി സൂപ്രണ്ട് ഡ്യൂട്ടികൾ നിർവ്വഹിച്ച പയ്യന്നൂർ മേഖലയിലുള്ള അധ്യാപകർക്ക് ഡി.എ., ടി.എ., ഉൾപ്പെടെയുള്ള വേതനം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

2021-ലെ ഒന്നും രണ്ടും വർഷ പരീക്ഷകൾ, 2021-ലെ ഒന്നാം വർഷ ഇംപ്രൂവ്മെന്റ് പരീക്ഷ, 2022-ലെ ഒന്നും രണ്ടും വർഷ പരീക്ഷകൾ, 2022-ലെ ഒന്നാം വർഷ ഇംപ്രൂവ്മെന്റ് പരീക്ഷ, 2023-ലെ ഒന്നാം വർഷ രണ്ടാം വർഷ പരീക്ഷ എന്നീ വി.എച്ച്.എസ്.ഇ. പൊതുപരീക്ഷകളുടെ ഇൻവിജിലേഷൻ, ഡെപ്യൂട്ടി സൂപ്രണ്ട് ഡ്യൂട്ടികൾ നിർവ്വഹിച്ച പയ്യന്നൂർ മേഖലയിലെയും മറ്റ് മേഖലകളിലെയും അധ്യാപകർക്ക് ഡി.എ./ടി.എ., ഉൾപ്പെടെയുള്ള വേതനം നൽകാൻ കഴിഞ്ഞിട്ടില്ല. NSQF പ്രായോഗിക പരീക്ഷയ്ക്കുവേണ്ടിയുള്ള ചെലവിന് SSK-യിൽനിന്ന് ലഭ്യമായ ഫണ്ട് അപര്യാപ്തമായതിനാൽ തനത് ഫണ്ടിൽനിന്നും NSQF പ്രായോഗിക പരീക്ഷയുടെ ചെലവിനായി ഉപയോഗിക്കേണ്ടിവന്നു. അതിനാലാണ് സ്കൂളുകൾക്ക് മേൽപ്പറഞ്ഞ

ചെലവുകൾക്കുള്ള തുക നൽകാൻ സാധിക്കാതിരുന്നത്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പരീക്ഷാ ചെലവുകൾക്ക് ചെലവായ തുക അനുവദിക്കുന്നതാണ്.

**അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം**

**247 (1515)** ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറഞ്ഞത് അഞ്ച് വർഷമെങ്കിലും പ്രവർത്തിച്ചതും ദേശീയ വിദ്യാഭ്യാസ നയത്തിന്റെ മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പിന്നാക്ക മേഖലകളിൽ പ്രവർത്തിക്കുന്നതും കേരള വിദ്യാഭ്യാസ നിയമത്തിലെ വ്യവസ്ഥകൾ പാലിക്കുന്നതുമായ അൺ എയ്ഡഡ് സ്കൂളുകൾക്ക് അടിയന്തരമായി അംഗീകാരം നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് ജി.ഒ.(എം.എസ്.)നം.22/2019/പൊ.വി.വ. തീയതി 01-03-2019 (സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സിലബസ്), ജി.ഒ.(എം.എസ്.)നം. 45/2019/പൊ.വി.വ. തീയതി 30-05-2019 (സംസ്ഥാന സിലബസ്) എന്നീ ഉത്തരവുകൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവുകൾ പ്രകാരം ആർ.റ്റി.ഇ. ആക്ടിലെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി അപേക്ഷ സമർപ്പിക്കുന്ന സ്കൂളുകൾക്ക് നിലവിൽ അംഗീകാരം നൽകുന്നുണ്ട്.

(സി) നിലവിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകളുടെ വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകളുടെ വിവരം ഏറ്റവും ഒടുവിൽ ശേഖരിച്ചത് 2021-22 വർഷത്തെ U-DISE പ്രകാരമുള്ള സ്ഥിതി വിവര കണക്കിലാണ്. അതുപ്രകാരം അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി+ ചേർക്കുന്നു.

**ഭിന്നശേഷി വിദ്യാർത്ഥികൾക്കായി സവിശേഷ വിദ്യാലയങ്ങൾ**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**248 (1516)** ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. ആന്റണി ജോൺ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷി വിദ്യാർത്ഥികൾക്കായി സ്ഥാപിച്ച സവിശേഷ വിദ്യാലയങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട ജീവിതം സാധ്യമാക്കുന്നതിന് അത്തരം വിദ്യാലയങ്ങൾ എത്രത്തോളം സഹായകമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഭിന്നശേഷിക്കാരായ കുട്ടികൾ പഠിക്കുന്ന സർക്കാർ/എയ്ഡഡ് മേഖലയിലെ വിദ്യാലയങ്ങൾ ഉൾപ്പെടെ സവിശേഷ വിദ്യാലയങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. സ്പെഷ്യൽ സ്കൂൾ പാക്കേജ് പ്രകാരം ധനസഹായം നൽകുന്ന എൻ.ജി.ഒ.-കൾ, പഞ്ചായത്ത് എന്നിവ നടത്തുന്ന സ്പെഷ്യൽ സ്കൂളുകളുടെ പ്രവർത്തനങ്ങളും വിലയിരുത്തുന്നുണ്ട്. കുട്ടികൾക്കാവശ്യമായ തെറാപ്പി, കലാ-കായിക വിഷയങ്ങൾ എന്നിവയ്ക്ക് പുറമേ സ്പെഷ്യൽ എഡ്യൂക്കേഷനിൽ യോഗ്യത നേടിയ അധ്യാപകർ, നഴ്സ്,

ആയ എന്നിവരുടെ സേവനവും സ്പെഷ്യൽ സ്കൂൾ പാക്കേജ് മുഖേന സ്പെഷ്യൽ സ്കൂളുകളിൽ ലഭ്യമാക്കുന്നുണ്ട്.

(ബി) സവിശേഷ വിദ്യാലയങ്ങളിൽ ഏകീകരിച്ച പ്രവർത്തന പാക്കേജ് നടപ്പാക്കിയിട്ടുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് അതുവഴി ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ?

ഭിന്നശേഷിക്കാരായ കുട്ടികൾ പഠിക്കുന്നതും എൻ.ജി.ഒ.-കൾ, പഞ്ചായത്ത് എന്നിവ നടത്തുന്നതുമായ സ്പെഷ്യൽ സ്കൂളുകൾക്ക് പ്ലാൻ ഫണ്ടിൽനിന്നും സാമ്പത്തിക സഹായം അനുവദിച്ചിരുന്നു. 2019 മുതൽ സാമ്പത്തിക സഹായം അനുവദിക്കുന്നതിനായി സ്പെഷ്യൽ സ്കൂൾ പാക്കേജ് നടപ്പിലാക്കുകയും സർക്കാർ ഉത്തരവുകളിലെ മാനദണ്ഡങ്ങൾ പ്രകാരം സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ, കുട്ടികളുടെ എണ്ണം, നിശ്ചിത യോഗ്യതയുള്ള ജീവനക്കാർ, സ്കൂളുകൾ നൽകുന്ന സേവനങ്ങൾ എന്നിവ പരിഗണിച്ച് സ്കൂളുകളെ എ, ബി, സി, ഡി ഗ്രേഡുകൾ തിരിച്ച് സാമ്പത്തിക സഹായം അനുവദിക്കുകയും ചെയ്യുന്നു. ലഭ്യമാകുന്ന ഫണ്ടിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്കുള്ള ഓണറേറിയം, കുട്ടികൾക്കുള്ള

കണ്ടിൻജൻസി, മെഡിക്കൽ ചെക്കപ്പ്, യൂണിഫോം അലവൻസ് എന്നതിനുപുറമേ തെറാപ്പി ഉപകരണങ്ങൾ, കളിപ്പാട്ടങ്ങൾ എന്നിവ വാങ്ങുന്നതിനും തുക അനുവദിക്കുന്നു. ഇതിലൂടെ കുട്ടികൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്നു.

(സി) കാഴ്ച/ശ്രവണ പരിമിതരായ വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന സവിശേഷ സ്കൂളിലെ അധ്യാപകർക്ക് പരിശീലന-ശാക്തീകരണ പരിപാടികൾ നടപ്പാക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

എസ്.സി.ഇ.ആർ.ടി. മുഖേന പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു. 2023-24 വർഷത്തെ പ്ലാൻ ഫണ്ടിൽനിന്നും ശ്രവണ/കാഴ്ച പരിമിതിയുള്ള കുട്ടികളെ പഠിപ്പിക്കുന്ന സർക്കാർ സ്പെഷ്യൽ സ്കൂളുകളിലെ പ്രഥമാധ്യാപകർക്കും അധ്യാപകർക്കും പരിശീലനം നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**ഒറ്റപ്പാലം കടമ്പഴിപ്പുറം ഗവ. യു.പി. സ്കൂളിൽ ഇൻഡോർ സ്റ്റേഡിയം**

**249 (1517)** <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം മണ്ഡലത്തിലെ കടമ്പഴിപ്പുറം ഗവ. യു.പി. സ്കൂൾ ഗ്രൗണ്ടിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനായി ചീഫ് എഞ്ചിനീയർ 12-03-2023-ന് സിഇ/ബിഎൽ/പിഎൽ3/പിഎൽകെഡി/1067/2023 എന്ന നമ്പർ ഫയൽ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചുകൊടുത്തതിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

പ്രസ്തുത ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ നൽകിയ 592 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

**നഗരൂർ നെടുംപറമ്പ് ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ പ്രൊജക്ടറുകളുടെ മോഷണം**

**250 (1518)** <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ മണ്ഡലത്തിലെ നഗരൂർ നെടുംപറമ്പ് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ പ്രൊജക്ടറുകൾ മോഷണം പോയതിന്മേൽ

സ്വീകരിച്ച തുടർനടപടികൾ, ഏർപ്പെടുത്തിയ ബദൽ സംവിധാനങ്ങൾ എന്നിവ വിശദമാക്കുമോ?

ആറ്റിങ്ങൽ മണ്ഡലത്തിലെ നഗരൂർ നെടുംപറമ്പ് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ 20-03-2020-നും 02-04-2020-നും മധ്യേ നടന്ന മോഷണത്തിൽ സ്കൂളിൽനിന്നും 4 പ്രൊജക്റ്ററുകൾ മോഷണം പോകുകയും 02-04-2020-ൽ നഗരൂർ പോലീസ് സ്റ്റേഷനിൽ ക്രൈം.191/2020, 454 & 380 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയുമാണ്. പ്രസ്തുത സ്കൂളിൽ മോഷണം നടന്നിട്ടുള്ള വിവരം കൈറ്റ്, ഹയർ സെക്കൻഡറി ഡയറക്ടറേറ്റ്, ജില്ലാ പഞ്ചായത്ത്, ആർ.ഡി.ഡി. എന്നീ ഓഫീസുകളിൽ അറിയിച്ചിട്ടുണ്ട്.

2022-23-ലെ എസ്.എസ്.കെ. ഫണ്ടിൽനിന്നും 33,000/- രൂപ ചെലവഴിച്ച് ഒരു പ്രൊജക്ടർ വാങ്ങി ക്ലാസ്സ് റൂമിൽ ഉപയോഗപ്പെടുത്തുന്നുണ്ടെന്നും കൂടാതെ ലാപ്ടോപ് ഉപയോഗിച്ച് അധ്യയനം നടന്നുവരുന്നുണ്ടെന്നും സ്കൂൾ പ്രിൻസിപ്പൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**മാവേലിക്കര മണ്ഡലത്തിൽ സ്കൂളുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ**

**251 (1519)** <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ച മാവേലിക്കര ഗവ. വൊക്കേഷണൽ ആൻഡ് ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ, കുടശ്ശനാട് ഗവ. ഹയർ സെക്കൻഡറി സ്കൂൾ, ചുനക്കര വി.എച്ച്.എസ്. സ്കൂൾ എന്നിവയുടെ നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; അതിന്റെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മാവേലിക്കര മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ച മാവേലിക്കര ഗവ. വൊക്കേഷണൽ ആൻഡ് ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ, ചുനക്കര വി.എച്ച്.എസ്. സ്കൂൾ എന്നിവയുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

1 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട മാവേലിക്കര ഗവ. വൊക്കേഷണൽ ആൻഡ് ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിന്റെ കെട്ടിട

നിർമ്മാണത്തിന് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചു. Sub Project Revision-നുവേണ്ടി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭ്യമായാലുടൻ നടപടി സ്വീകരിക്കുന്നതാണെന്ന് കില അറിയിച്ചിട്ടുണ്ട്.

1 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട കുടശ്ശനാട് ഗവ. ഹയർ സെക്കൻഡറി സ്കൂളിന്റെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. നിലവിൽ നിർമ്മാണങ്ങൾക്ക് പുതുക്കിയ DSR/GST നിരക്കുകൾ ബാധകമായതിനാൽ പുതുക്കിയ നിരക്ക് പ്രകാരമുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയുടെ സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് കില അറിയിച്ചിട്ടുണ്ട്.

3 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട ചുനക്കര വി.എച്ച്.എസ്. സ്കൂളിന്റെ നിർമ്മാണത്തിനുള്ള എസ്.പി.വി.-യായി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ നിർമ്മാണങ്ങൾക്ക് പുതുക്കിയ DSR/GST നിരക്കുകൾ ബാധകമായതിനാൽ പുതുക്കിയ നിരക്ക് പ്രകാരമുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് ഡി.പി.ആർ. കിഫ്ബിയുടെ

അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. കിഫ്ബിയുടെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് കില അറിയിച്ചിട്ടുണ്ട്.

(ബി) മാവേലിക്കര മണ്ഡലത്തിൽ പ്ലാൻ ഫണ്ട് അനുവദിച്ച കുന്നം ഗവ. ഹയർ സെക്കൻഡറി സ്കൂൾ, ഗവ. വൊക്കേഷണൽ ആൻഡ് ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ, കുടശ്ശനാട് ഗവ. എച്ച്.എസ്.എസ്. എന്നിവയുടെ നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കുന്നം ഹയർസെക്കൻഡറി സ്കൂൾ കെട്ടിടം നിർമ്മാണത്തിനായി 32.57 ലക്ഷം രൂപ ഭരണാനുമതി നൽകിയിട്ടുണ്ട്. ടെൻഡർ നടപടികൾ തുടങ്ങിയിട്ടില്ല.

ഗവൺമെന്റ് വൊക്കേഷണൽ ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ കെട്ടിട നിർമ്മാണത്തിനായി രണ്ടുകോടി രൂപ പ്ലാൻ ഫണ്ട് അനുവദിച്ചിട്ടുണ്ട്. താഴത്തെ നില പണിയുന്നതിനായി ഒരു കോടി രൂപയുടെ കിഫ്ബി ഫണ്ട് അനുവദിച്ചുനൽകിയിട്ടുണ്ട്. കിഫ്ബിയിൽനിന്നും സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതാണ്. ഈ ഫണ്ട്

ഉപയോഗിച്ചുള്ള കെട്ടിട നിർമ്മാണം പൂർത്തിയായശേഷം പ്ലാൻ ഫണ്ട് ഉപയോഗിച്ചുള്ള മുകൾനില കെട്ടിട നിർമ്മാണം ആരംഭിക്കുന്നതാണ്.

കുടശ്ശനാട് ഗവൺമെന്റ് എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണത്തിനായി രണ്ടുകോടി രൂപ പ്ലാൻ ഫണ്ട് അനുവദിച്ചിട്ടുണ്ട്. കൂടാതെ 1.39 കോടി രൂപ കിഫ്ബി ഫണ്ടും ടി സ്കൂളിന് അനുവദിച്ചിട്ടുണ്ട്. സാങ്കേതികാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി നിർമ്മാണ ഏജൻസിയായ കില അറിയിച്ചിട്ടുണ്ട്. കിഫ്ബി ഫണ്ട് ഉപയോഗിച്ച് താഴെ നിലയിലെ കെട്ടിട നിർമ്മാണം പൂർത്തിയായശേഷം പ്ലാൻ ഫണ്ട് ഉപയോഗിച്ച് മുകൾ നില കെട്ടിട നിർമ്മാണം ആരംഭിക്കുന്നതാണ്.

**സ്കൂളുകളിൽ സോഷ്യൽ മീഡിയയെക്കുറിച്ചുള്ള ബോധവൽക്കരണം**

**252 (1520)** <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്കൂൾ തലത്തിൽ ഇൻസ്റ്റഗ്രാം, ഫേസ്ബുക്ക്, സ്നാപ്ചാറ്റ് തുടങ്ങിയ സോഷ്യൽ മീഡിയയെക്കുറിച്ചുള്ള ബോധവൽക്കരണം നടത്താൻ കഴിയുമോ;

ഇതുകൂടാതെ നവമാധ്യമങ്ങൾ വഴിയും വിവിധ ഘട്ടങ്ങളിലായി സ്കൂളുകളിൽ ബോധവൽക്കരണം നടത്താൻ കഴിയുമോ; വ്യക്തമാക്കാമോ?

സ്കൂൾ തലത്തിൽ ഇൻസ്റ്റഗ്രാം, ഫേസ്ബുക്ക്, സ്നാപ്ചാറ്റ് തുടങ്ങിയ സോഷ്യൽ മീഡിയയെക്കുറിച്ചുള്ള ബോധവൽക്കരണം കൈറ്റ് മുഖേന നടത്തുന്നതാണ്. സ്കൂളുകളിൽ ആധുനിക സാങ്കേതികവിദ്യയുടെ ഉപയോഗം ഉറപ്പുവരുത്തുന്നതിന് സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും ഹൈടെക് ഉപകരണങ്ങളും സൗകര്യങ്ങളും ലഭ്യമാക്കുകയും അവ ഫലപ്രദമായി പ്രയോഗിക്കുന്നതിന് പ്രത്യേക പരിശീലനം അധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും കൈറ്റിന്റെ നേതൃത്വത്തിൽ നൽകുകയും ചെയ്തിട്ടുണ്ട്. രണ്ടായിരത്തി ഇരുന്നൂറോളം സ്കൂളുകളിൽ പ്രവർത്തിക്കുന്ന 180000-ത്തിലധികം ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബ് അംഗങ്ങൾ നവമാധ്യമങ്ങൾ, സാമൂഹ്യ മാധ്യമങ്ങൾ, സാങ്കേതിക ഉപകരണങ്ങളുടെയും സൗകര്യങ്ങളുടെയും സുരക്ഷിതമായ ഉപയോഗം, സൈബർ സുരക്ഷ തുടങ്ങിയ മേഖലകളിൽ പരിശീലനം നേടുകയും സ്കൂളുകളിലെ മറ്റ് കുട്ടികൾക്കും 3 ലക്ഷത്തിലധികം അമ്മമാർക്കും പ്രത്യേക

പരിശീലനം നൽകുകയും ചെയ്തു. സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ഡിജിറ്റൽ സാക്ഷരതാ പദ്ധതിയുടെ പ്രവർത്തനങ്ങളിലും ലിറ്റിൽ കൈറ്റ്സ് പങ്കാളികളാണ്. സംസ്ഥാനത്തെ മുഴുവൻ വിദ്യാർത്ഥികൾക്കും പോക്സോയുമായി ബന്ധപ്പെട്ട് അവബോധം നൽകാൻ ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർ സെക്കൻഡറി വിഭാഗം കരിയർ ഗൈഡൻസ് ആൻഡ് അഡോളസന്റ് കൗൺസലിംഗ് സെല്ലും സമഗ്ര ശിക്ഷ കേരളയുമായി ചേർന്ന് സൗഹൃദ കോർഡിനേറ്റർമാർ ഉൾപ്പെടെ 4 അധ്യാപകർക്ക് POCSO എന്ന വിഷയത്തെ മുൻനിർത്തി ഏകദിന പരിശീലനം നൽകുകയുണ്ടായി. അതിൽ ഒരു സെഷനായി സൈബർ സുരക്ഷ ഉൾപ്പെടുത്തിയിരുന്നു. ഹയർ സെക്കൻഡറി രണ്ടാം വർഷ വിദ്യാർത്ഥികൾക്ക് പരിശീലനം ലഭിച്ച അധ്യാപകരുടെ നേതൃത്വത്തിൽ സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട് ക്ലാസ്സുകൾ നടത്തിക്കഴിഞ്ഞു. ആദ്യവർഷ വിദ്യാർത്ഥികൾക്ക് ആഗസ്റ്റ് മാസത്തോടെ ടി വിഷയവുമായി ബന്ധപ്പെട്ട് ക്ലാസ്സുകൾ നടത്താൻ പദ്ധതിയിട്ടിട്ടുണ്ട്. വൊക്കേഷണൽ ഹയർ

സെക്കൻഡറി വിഭാഗത്തിൽ കരിയർ ഗൈഡൻസ് ആൻഡ് കൗൺസിലിംഗ് സെല്ലിന്റെ നേതൃത്വത്തിൽ സോഷ്യൽ മീഡിയകളെക്കുറിച്ച് കുട്ടികൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നതിനായി സൈബർ വെൽനസ് പ്രോഗ്രാം, പോസിറ്റീവ് പാരന്റിംഗ് എന്നീ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

**സ്കോൾ കേരള**

**253 (1521)** ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കോൾ കേരളയിൽ കഴിഞ്ഞ രണ്ട് വർഷമായി രജിസ്റ്റർ ചെയ്ത കുട്ടികളുടെ എണ്ണം എത്രയാണ്?

സ്കോൾ-കേരളയിൽ 2021 അധ്യയന വർഷം ഹയർ സെക്കൻഡറി കോഴ്സിന് 38687 വിദ്യാർത്ഥികളും 2022 അധ്യയന വർഷം 39988 വിദ്യാർത്ഥികളും ഉൾപ്പെടെ കഴിഞ്ഞ രണ്ട് വർഷമായി ആകെ 78675 വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പൊതു വിദ്യാഭ്യാസ മേഖലയിൽ എത്ര കുട്ടികളാണ് ഈ വർഷം പുതുതായി ചേർന്നിട്ടുള്ളതെന്നും അതിൽ ഒന്നാം ക്ലാസ്സിലേയ്ക്ക് അഡ്മിഷൻ എടുത്തിട്ടുള്ള കുട്ടികളുടെ എണ്ണം എത്രയാണെന്നും വിശദമാക്കാമോ; കഴിഞ്ഞ വർഷം ഇത് എത്രയായിരുന്നുവെന്നുകൂടി വ്യക്തമാക്കാമോ?

പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 2023-24 അധ്യയന വർഷം സർക്കാർ എയ്ഡഡ് മേഖലയിൽ രണ്ടു മുതൽ പത്ത് വരെ ക്ലാസ്സുകളിലായി 42881 കുട്ടികൾ പുതുതായി വന്നുചേർന്നിട്ടുണ്ട്. 258149 കുട്ടികളാണ് 2023-24 അധ്യയന വർഷം ഒന്നാം ക്ലാസ്സിലേയ്ക്ക് സർക്കാർ, എയ്ഡഡ് മേഖലയിൽ അഡ്മിഷൻ എടുത്തിട്ടുള്ളത്. 2022-23 അധ്യയന വർഷം രണ്ട് മുതൽ പത്ത് വരെ ക്ലാസ്സുകളിലായി സർക്കാർ, എയ്ഡഡ് മേഖലയിൽ 119970 കുട്ടികളാണ് പുതുതായി വന്നുചേർന്നത്. 268302 കുട്ടികളാണ് 2022-23 അധ്യയന വർഷം ഒന്നാം ക്ലാസ്സിലേയ്ക്ക് സർക്കാർ, എയ്ഡഡ് മേഖലയിൽ അഡ്മിഷൻ എടുത്തിരുന്നത്.

(സി) കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ പൊതുവിദ്യാഭ്യാസ മേഖലയിൽ സൃഷ്ടിച്ച അധ്യാപക-അനധ്യാപക തസ്തികകൾ എത്രയെന്ന് വ്യക്തമാക്കാമോ?

2019-20 അധ്യയന വർഷത്തിനുശേഷം 2022-23 അധ്യയന വർഷം മാത്രമാണ് തസ്തിക നിർണയം നടന്നിട്ടുള്ളത്. 2022-23-ൽ അധ്യാപക-അനധ്യാപക തസ്തികകളിലായി 6043 അധിക തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

**സ്കൂളുകളിൽ അടുക്കള, ടോയ്‌ലറ്റ് ബ്ലോക്ക് എന്നിവയുടെ നിർമ്മാണം**

**254 (1522)** **ശ്രീ. ജി. സ്റ്റീഫൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഫണ്ടുപയോഗിച്ച് അടുക്കള, ടോയ്‌ലറ്റ് ബ്ലോക്ക് എന്നിവ നിർമ്മിക്കുന്നതിന് ഈ സർക്കാർ അധികാരമേറ്റശേഷം അനുമതി നൽകിയ തിരുവനന്തപുരം ജില്ലയിലെ സ്കൂളുകളുടെ വിവരം ലഭ്യമാക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ബാരിയർ ഫ്രീ സ്കൂൾ പദ്ധതിയിൽ ഉൾപ്പെടുത്തി സവിശേഷ സഹായം ആവശ്യമുള്ള കുട്ടികൾക്കായുള്ള ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ ടോയ്‌ലറ്റ്, അടുക്കള എന്നിവ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയ സ്കൂളുകളുടെ വിവരം അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(ബി) ഇവയിൽ പണി പൂർത്തിയായവയുടെ ലിസ്റ്റ് നൽകാമോ?

2022-23 സാമ്പത്തിക വർഷത്തിലാണ് ടോയ്‌ലറ്റ് നിർമ്മാണത്തിന് ഭരണാനുമതി നൽകിയത്. അതിനാൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. അടുക്കള നിർമ്മാണം പൂർത്തീകരിച്ച സ്കൂളുകളുടെ വിവരം അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

### പൂഞ്ഞാർ മണ്ഡലത്തിലെ വിദ്യാഭ്യാസ പദ്ധതികൾ

**255 (1523)** <u>**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:**</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന വിദ്യാഭ്യാസ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) ഈ സർക്കാർ അധികാരമേറ്റശേഷം പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ അടിസ്ഥാന സൗകര്യവികസനത്തിനായി പൊതു വിദ്യാഭ്യാസ വകുപ്പ് ഭരണാനുമതി നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

### സ്കൂൾ ബോർഡുകൾ മാതൃഭാഷയിലേയ്ക്ക് മാറ്റാൻ നടപടി

**256 (1524)** <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) വിദ്യാലയങ്ങളുടെ ബോർഡുകൾ മാതൃഭാഷയിലാക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ അപ്രകാരം ബോർഡുകൾ മാറ്റിയിട്ടുള്ളതും ഇനി മാറ്റേണ്ടതുമായ എത്ര വിദ്യാലയങ്ങളുണ്ടെന്ന് അറിയിക്കാമോ?

വിദ്യാലയങ്ങളുടെ ബോർഡുകൾ മാതൃഭാഷയിലാക്കണമെന്ന് 18-05-2021-ലെ സർക്കാർ പരിപത്രം പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ബോർഡ് മാറ്റിയിട്ടുള്ള വിദ്യാലയങ്ങൾ - (എച്ച്.എസ്.ഇ., വി.എച്ച്.എസ്.ഇ.) ഉൾപ്പെടെ 10557. ഇനി മാറ്റേണ്ടതായ വിദ്യാലയങ്ങൾ (എച്ച്.എസ്.ഇ., വി.എച്ച്.എസ്.ഇ.) ഉൾപ്പടെ 1704.

(ബി) കയ്പ്പമംഗലം നിയോജകമണ്ഡലത്തിലെ വിദ്യാലയങ്ങളുടെ ബോർഡുകൾ മാതൃഭാഷയിലേയ്ക്ക് മാറ്റിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കയ്പ്പമംഗലം നിയോജകമണ്ഡലത്തിലെ (എച്ച്.എസ്.ഇ., വി.എച്ച്.എസ്.ഇ.) ഉൾപ്പെടെ 8 വിദ്യാലയങ്ങളുടെ ബോർഡുകൾക്കൂടി മാതൃഭാഷയിലേയ്ക്ക് മാറ്റേണ്ടതായിട്ടുണ്ട്.

**കോന്നി മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തികൾ**

**257 (1525)** <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി മണ്ഡലത്തിൽ നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ച ചിറ്റാർ ഗവ. എച്ച്.എസ്.എസ്. കലഞ്ഞൂർ, ഗവ. എൽ.പി.എസ്. കുന്നിട, ഗവ. എൽ.പി.എസ്. കോന്നി, പേരൂർക്കുളം ഗവ. എൽ.പി.എസ്. എന്നീ സ്കൂളുകളുടെ ഭരണാനുമതി ലഭിച്ച തീയതിയും നിർമ്മാണ പ്രവൃത്തികളുടെ പുരോഗതിയും തടസ്സങ്ങളും വിശദമാക്കാമോ?

പ്രസ്തുത സ്കൂളുകളിൽ ഭരണാനുമതി നൽകിയ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

**പട്ടാമ്പി മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി**

**258 (1526)** <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്തും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷവും വിവിധ ബഡ്ജറ്റുകളിൽ കിഫ്ബി പദ്ധതിയിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉൾപ്പെടുത്തി പട്ടാമ്പി നിയോജകമണ്ഡലത്തിൽ പ്രഖ്യാപിച്ച സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി വിവരം അറിയിക്കാമോ;

(ബി) ഒരോ സ്കൂളുകൾക്കും അനുവദിച്ച തുകയും സ്കൂളുകളുടെ വിവരവും ഉൾപ്പെടെയുള്ള വിശദാംശം അറിയിക്കാമോ?

(എ&ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പട്ടാമ്പി നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച സ്കൂളുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

**5 കോടി കിഫ്ബി പദ്ധതി**

5 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട നടുവട്ടം ഗവ. ജനതാ എച്ച്.എസ്.എസ്.-ന്റെ നിർമ്മാണം പൂർത്തിയായി, ഉദ്ഘാടനം നിർവ്വഹിച്ചു.

**3 കോടി കിഫ്ബി പദ്ധതി**

3 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട GHSS വാടാനക്കുറിശ്ശി, GVHSS കൊപ്പം എന്നീ സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.

GHSS പട്ടാമ്പി സ്കൂളിന്റെ നിർമ്മാണം പൂർത്തീകരിച്ചു.

GHSS ചൂണ്ടംപറ്റ സ്കൂളിന്റെ നിർമ്മാണം ആരംഭിച്ചു.

GOHSS പട്ടാമ്പി സ്കൂളിന് DPR തയ്യാറാക്കി സാങ്കേതികാനുമതി 01-07-2023-ന് ലഭിച്ചിട്ടുണ്ട്. Project Execution Document (PED) തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

GUPS പട്ടാമ്പി സ്കൂളിന്റെ DPR തയ്യാറാക്കി. റെയിൽവേയുടെ NOC ആവശ്യമായിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**1 കോടി കിഫ്ബി പദ്ധതി**

1 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട GHS വിളയൂർ, GUPS നരിപ്പറമ്പ എന്നീ സ്കൂളുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

വല്ലപ്പുഴ GHS, GHS കൊടുമുണ്ട എന്നീ സ്കൂളുകളുടെ DPR അംഗീകരിച്ചു. സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. Project Execution Document (PED) തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) എത്ര സ്കൂൾ കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും എത്ര എണ്ണം നിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

**5 കോടി കിഫ്ബി പദ്ധതി**

നിർമ്മാണം ആരംഭിച്ചത് - 1

പൂർത്തീകരിച്ചത് - 1

**3 കോടി കിഫ്ബി പദ്ധതി**

നിർമ്മാണം ആരംഭിച്ചത് - 4

പൂർത്തീകരിച്ചത് - 3

**1 കോടി കിഫ്ബി പദ്ധതി**

നിർമ്മാണം ആരംഭിച്ചത് - 2

പൂർത്തീകരിച്ചത് - 2

ഡി) നാളിതുവരെ നിർമ്മാണം ആരംഭിക്കുന്നതിന് സാധിക്കാത്ത സ്കൂളുകളുടെ വിവരവും കാരണവും സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട 2 സ്കൂളുകളുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല. GOHSS പട്ടാമ്പി സ്കൂളിന് DPR തയ്യാറാക്കി സാങ്കേതിക അനുമതി 01-07-2023-ന് ലഭിച്ചിട്ടുണ്ട്. Project Execution Document (PED) തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ

സ്വീകരിച്ചുവരുന്നു. GUPS പട്ടാമ്പി സ്കൂളിന്റെ DPR തയ്യാറാക്കി. റെയിൽവേയുടെ NOC ആവശ്യമായിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

1 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട 2 സ്കൂളുകളുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല. വല്ലപ്പുഴ GHS, GHS കൊടുമുണ്ട എന്നീ സ്കൂളുകളുടെ DPR അംഗീകരിച്ചു. സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ട്. Project Execution Document (PED) തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**നെന്മാറ മണ്ഡലത്തിലെ സ്കൂളുകളുടെ പ്രവൃത്തി**

**259 (1527)** <u>ശ്രീ. കെ. ബാബു (നെന്മാറ)</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിൽ നെന്മാറ ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിന് അഞ്ച് കോടി രൂപയും വട്ടേക്കാട് ജി.യു.പി. സ്കൂളിന് ഒരു കോടി രൂപയും കെട്ടിട നിർമ്മാണത്തിനായി അനുവദിച്ചിട്ടും പ്രസ്തുത പ്രവൃത്തി

പൂർത്തീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാരണം വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജി.ബി.എച്ച്.എസ്. നെന്മാറ സ്കൂളിന് അഞ്ചുകോടി രൂപ അനുവദിച്ചതിൽ അക്കാദമിക് ബ്ലോക്ക് നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തിയിട്ടുണ്ട്. ഇതിൽ ഉൾപ്പെട്ട സെമിനാർ ബ്ലോക്ക് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. അക്കാദമിക് ബ്ലോക്ക് നിർമ്മാണം പൂർത്തീകരിക്കാനുണ്ടായ കാലതാമസവും സെമിനാർ ബ്ലോക്ക് നിർമ്മിക്കുന്ന സ്ഥലത്തെ പഴയ കെട്ടിടം പൊളിച്ച് നീക്കാത്തതും നിർമ്മാണം നടക്കാത്തതിന് കാരണമായി. ജി.എം.യു.പി.എസ്. വട്ടേക്കാട് സ്കൂളിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തിയുടെ ഭാഗമായുള്ള രണ്ടാമത്തെ പാർട്ട് ബിൽ അനുവദിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**കെ.ഇ.ആർ. പ്രകാരമുള്ള തസ്തിക നിർണ്ണയം**

**260 (1528)** <u>ശ്രീ. പി. ഉബൈദുള്ള</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 അധ്യയന വർഷം സ്കൂളുകളിൽ ആറാം പ്രവൃത്തി ദിവസത്തെ കുട്ടികളുടെ എണ്ണം ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഡിവിഷൻ, ജില്ല എന്നീ അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ?

ആറാം പ്രവൃത്തി ദിവസത്തെ കുട്ടികളുടെ എണ്ണം ശേഖരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്+.

(ബി) ജൂലൈ 15-നകം തസ്തിക നിർണ്ണയം നടത്തണമെന്ന കെ.ഇ.ആർ. ചാപ്റ്റർ XXIII-ലെ വ്യവസ്ഥ പ്രകാരമുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ?

നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) തസ്തിക നിർണ്ണയം പൂർത്തിയാക്കിയിട്ടില്ലെങ്കിൽ കാരണം അറിയിക്കാമോ; കെ.ഇ.ആർ. ചട്ടം മറികടക്കുന്നതിന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉത്തരവ്/വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാക്കുന്നതിന് 08-09-2023 വരെ ഇളവ് അനുവദിച്ചിട്ടുണ്ട്. തസ്തികകളുടെ പ്രാബല്യ തീയതി 15-07-2023 തന്നെയാണ്.

**ഡി.എൽ.എഡ്. കോഴ്സ് സർട്ടിഫിക്കറ്റ്**

**261 (1529)** <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കൊല്ലംകോട്ടുള്ള സെന്റ് മേരീസ് കെ.ബി.ആർ. ഐ.ടി.ഐ.-യിൽനിന്ന് 2020-22 വർഷത്തിൽ ഡി.എൽ.എഡ്. (ഡിപ്ലോമോ ഇൻ എലമെന്ററി എഡ്യൂക്കേഷൻ) പൂർത്തീകരിച്ച വിദ്യാർത്ഥികൾക്ക് കോഴ്സ് സർട്ടിഫിക്കറ്റ്, മാർക്ക് ലിസ്റ്റ് എന്നിവ ലഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഡി.എൽ.എഡ്. കോഴ്സ് പൂർത്തിയാക്കിയ പ്രസ്തുത കോളേജിലെ 17 വിദ്യാർത്ഥികൾക്ക് ജോലിക്ക് അപേക്ഷിക്കാൻ പറ്റാത്ത സാഹചര്യത്തിൽ അടിയന്തരമായി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണ് എന്നുകൂടി അറിയിക്കാമോ?

കെ.ബി.ആർ. ഐ.ടി.ഇ.-യിൽനിന്നും 23-06-2023-ന് ഡയറ്റിൽനിന്നും ലഭ്യമായ നിരന്തര വിലയിരുത്തൽ സ്കോർ പരീക്ഷാഭവനിലേയ്ക്ക് അയച്ചു കൊടുത്തിട്ടുണ്ട്. അതിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്.

**കോട്ടയം ജില്ലയിൽ യു.പി.എസ്.ടി. തസ്തികയിലെ ഒഴിവുകൾ**

**262 (1530)** <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ യു.പി.എസ്.ടി. തസ്തികയിൽ ലാംഗ്വേജ് അധ്യാപകർ ഒഴികെ എത്ര അധിക തസ്തികകളാണ് 2022-2023 വർഷത്തെ തസ്തിക നിർണ്ണയത്തിനുശേഷം

സൃഷ്ടിക്കപ്പെട്ടിട്ടുള്ളതെന്നും അവ ഏതെല്ലാം സ്കൂളുകളിലാണെന്നും വ്യക്തമാക്കുമോ?

കോട്ടയം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ യു.പി.എസ്.ടി. തസ്തികയിൽ 5 അധിക തസ്തികളുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

1. എ.ബി.ബി.എം. ജി.യു.പി.എസ്., കുമരകം - 1

2. ജി.എച്ച്.എസ്.എസ്., തൃക്കൊടിത്താനം - 3

3. ജി.വി.എച്ച്.എസ്.എസ്., തിടനാട് - 1

(ബി) പ്രസ്തുത ഒഴിവുകളിൽ എത്രയെണ്ണമാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തതെന്നും ഏതെല്ലാം സ്കൂളുകളിലെ ഒഴിവുകളാണ് റിപ്പോർട്ട് ചെയ്യാത്തതെന്നും ചെയ്യാത്തതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കുമോ?

പ്രസ്തുത തസ്തികകളിൽ റേഷ്യോ പ്രകാരമുള്ള 85% ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കോട്ടയം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ 2023 വർഷം യു.പി.എസ്.ടി. തസ്തികയിൽനിന്നും എത്ര അധ്യാപകർക്ക് പ്രധാന അധ്യാപകരായി സ്ഥാനക്കയറ്റം ലഭിച്ചു; സ്ഥാനക്കയറ്റം ലഭിച്ച അധ്യാപകരുടെ പേര്, സ്കൂളിന്റെ പേര് എന്നിവ വ്യക്തമാക്കുമോ?

യു.പി.എസ്.ടി. തസ്തികയിൽനിന്നും 3 അധ്യാപകർക്ക് പ്രധാന അധ്യാപകരായി സ്ഥാനക്കയറ്റം ലഭിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

1. ശ്രീമതി ജെസ്സിമോൾ ജോർജ്ജ്, എം.ജി.എച്ച്.എസ്.എസ്., പാല

2. ശ്രീമതി ടെനി മേരി ഫിലിപ്പ്, ജി.എച്ച്.എസ്.എസ്., നെടുംകുന്നം

3. ശ്രീമതി സിന്ധു കെ.ഡി., ജി.എച്ച്.എസ്., കോത്തല

**സ്കൂൾ പാചക തൊഴിലാളികളുടെ ആനുകൂല്യങ്ങൾ**

**263 (1531)** <u>ശ്രീ. മഞ്ഞളാംകുഴി അലി</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പാചക തൊഴിലാളികളുടെ തൊഴിൽ സമയം എപ്രകാരമാണ്; വേതനം എത്രയാണ്; നിലവിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇവർക്ക് നൽകിവരുന്നത്; വിശദമാക്കാമോ?

സ്കൂൾ ഉച്ച ഭക്ഷണ കമ്മിറ്റിയോ പ്രഥമാധ്യാപകൻ/അധ്യാപികയോ നിഷ്കർഷിക്കുന്ന സമയക്രമമനുസരിച്ചാണ് പാചക തൊഴിലാളികൾ അവരിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നത്. സ്കൂൾ ഉച്ച ഭക്ഷണ പദ്ധതി ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ കേന്ദ്ര സർക്കാർ സ്കൂൾ ഉച്ച ഭക്ഷണ പാചകത്തൊഴിലാളികൾക്ക് 600/- രൂപ കേന്ദ്ര വിഹിതവും 400/- രൂപ സംസ്ഥാന വിഹിതവും എന്ന അനുപാതത്തിൽ ആകെ 1000/- രൂപയാണ് പ്രതിമാസ ഓണറേറിയമായി അനുവദിച്ചിട്ടുള്ളത്. എന്നാൽ കേരളത്തിൽ സംസ്ഥാന സർക്കാരിന്റെ അധിക വിഹിതംകൂടി ഉൾപ്പെടുത്തി പ്രതിദിനം 600 മുതൽ 675 രൂപ വരെ ഓണറേറിയമായി സ്കൂൾ ഉച്ച ഭക്ഷണ പാചക തൊഴിലാളികൾക്ക് നൽകുന്നുണ്ട്. നിലവിൽ മറ്റ് ആനുകൂല്യങ്ങളൊന്നും ഇവർക്ക് നൽകുന്നില്ല.

(ബി) പ്രസ്തുത ജീവനക്കാർക്ക് യഥാസമയം ശമ്പളം നൽകാൻ കഴിയാറില്ലെന്ന സാഹചര്യം നിലവിലുണ്ടോ; എങ്കിൽ എത്ര മാസത്തെ കുടിശ്ശികയുണ്ട്; യഥാസമയം ശമ്പളം വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനായി അനുവദിക്കുന്ന 60:40 അനുപാതത്തിലുള്ള കേന്ദ്ര-സംസ്ഥാന വിഹിതവും പാചക തൊഴിലാളികൾക്ക് സംസ്ഥാനം നൽകുന്ന അധിക വിഹിതവും ഉൾപ്പെടെയുള്ള തുക പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പേരിൽ പദ്ധതി നടത്തിപ്പിനുള്ള എസ്.എൻ.എ. അക്കൗണ്ടിലേയ്ക്ക് ലഭ്യമാക്കിയശേഷം പബ്ലിക് ഫിനാൻസ് മാനേജ്മെന്റ് സിസ്റ്റം (പി.എഫ്.എം.എസ്.) വഴിയാണ് പദ്ധതി നടത്തിപ്പിനുള്ള പല തലങ്ങളിലേയ്ക്ക് വിതരണം ചെയ്യുന്നത്. കേന്ദ്ര-സംസ്ഥാന വിഹിതവും സംസ്ഥാന അധിക വിഹിതവും എസ്.എൻ.എ. അക്കൗണ്ടിലേയ്ക്ക് സമയബന്ധിതമായി ലഭിക്കുന്നതിന് കാലതാമസമുണ്ടാകുമ്പോഴാണ് പാചക തൊഴിലാളികളുടെ ഓണറേറിയം യഥാസമയം നൽകാൻ കഴിയാതെ വരുന്നത്. ഫണ്ട് ലഭ്യമായിട്ടുള്ള

മാസങ്ങളിലെല്ലാം ആദ്യ ദിനങ്ങളിൽത്തന്നെ പാചകത്തൊഴിലാളികളുടെ വേതനം നൽകാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ 2023 ജൂൺ, ജൂലൈ മാസത്തെ ഓണറേറിയം പാചകത്തൊഴിലാളികൾക്ക് കുടിശ്ശികയുണ്ട്. അത് വിതരണം നടത്താനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

(സി) വിരമിക്കുന്ന പാചകത്തൊഴിലാളികൾക്ക് എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ; നിശ്ചിത കാലം ജോലി ചെയ്ത തൊഴിലാളികൾക്ക് വിരമിക്കൽ ആനുകൂല്യം നൽകുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ?

പാചകത്തൊഴിലാളികളുടെ വേതനം ഓണറേറിയമായാണ് നൽകിവരുന്നത്. ഇവർക്ക് വിരമിക്കൽ പ്രായം നിശ്ചയിച്ചിട്ടില്ല. സേവനം മതിയാക്കുകയോ എന്തെങ്കിലും വ്യക്തമായ കാരണങ്ങൾ ചൂണ്ടിക്കാട്ടി ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പിനായി എല്ലാ സ്കൂൾ അധ്യയന വർഷാരംഭത്തിലും പുറപ്പെടുവിക്കുന്ന പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുന്ന സർക്കുലറിലെ മാനദണ്ഡങ്ങൾ പാലിച്ച് സ്കൂൾ ഉച്ചഭക്ഷണ

കമ്മിറ്റി ജോലിയിൽനിന്ന് പിരിച്ചുവിടുകയോ ചെയ്യുന്ന പാചകത്തൊഴിലാളികൾക്ക് മറ്റ് പ്രത്യേക ആനുകൂല്യങ്ങളൊന്നുംതന്നെ നിലവിൽ അനുവദിച്ചിട്ടില്ല.

**എറണാകുളം ജില്ലയിലെ യു.പി. സ്കൂൾ ടീച്ചർ തസ്തികയിലെ ഒഴിവുകൾ**

**264 (1532)** ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഗവൺമെന്റ് സ്കൂളുകളിലെ യു.പി. സ്കൂൾ ടീച്ചർ തസ്തികയിൽ (മലയാളം മീഡിയം) നിലവിൽ എത്ര ഒഴിവുകളുണ്ട്; പ്രസ്തുത ഒഴിവുകൾ എപ്രകാരം ഉണ്ടായതാണെന്ന വിവരം സ്കൂൾ തിരിച്ച് ലഭ്യമാക്കാമോ?

യു.പി.എസ്.ടി. തസ്തികയിൽ നിലവിൽ 58 ഒഴിവുകളുണ്ട്. ഈ ഒഴിവുകളിൽ 25 ഒഴിവുകൾ ബൈട്രാൻസ്ഫർ കേഡറിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ബാക്കിയുള്ള ഒഴിവുകൾ 2023-ലെ വിരമിക്കൽ ഒഴിവുകളും 2023-ലെ പ്രധാനാധ്യാപക പ്രൊമോഷൻ ഒഴിവുകളുമാണ്. ഒഴിവുകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത ഒഴിവുകളിൽ എപ്രകാരം നിയമനം നടത്തുന്നതിനു വേണ്ടിയാണ് മാറ്റിവച്ചിരിക്കുന്നതെന്ന് അറിയിക്കാമോ; ഓരോ വിഭാഗത്തിനും മാറ്റി വച്ചിരിക്കുന്ന ഒഴിവുകളുടെ എണ്ണം വേർതിരിച്ച് വിശദമാക്കാമോ?

പ്രസ്തുത ഒഴിവുകളിൽ 25 ഒഴിവുകൾ ബൈട്രാൻസ്ഫർ കേഡറിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ബാക്കിയുള്ള ഒഴിവുകൾ 2023 വർഷത്തെ തസ്തിക നിർണ്ണയം പൂർത്തിയായതിനുശേഷം കേഡർ പ്രകാരം റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) 2022-23 അധ്യയന വർഷം എറണാകുളം ജില്ലയിലെ ഗവൺമെന്റ് സ്കൂളുകളിലെ എത്ര അധിക തസ്തികകളുടെ അംഗീകാരത്തിനായാണ് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിലേയ്ക്ക് ശിപാർശ ലഭിച്ചിട്ടുള്ളതെന്നും അതിൽ എത്ര തസ്തികകൾക്ക് അംഗീകാരം നൽകിയെന്നും സ്കൂളുകൾ തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

2022-23 അധ്യയന വർഷം എറണാകുളം ജില്ലയിലെ ഗവൺമെന്റ് സ്കൂളുകളിലെ 135 അധിക തസ്തികകളുടെ അംഗീകാരത്തിനായി

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിലേയ്ക്ക് ശിപാർശ ലഭിച്ചിരുന്നു. അതിൽ 122 അധിക തസ്തികകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. സ്കൂൾ തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു+.

(ഡി) കഴിഞ്ഞ വർഷത്തെ അധിക തസ്തികകൾമൂലം എറണാകുളം ജില്ലയിലുണ്ടായ യു.പി. സ്കൂൾ ടീച്ചർ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

2022-23 വർഷം അനുവദിച്ച അധിക തസ്തികകൾ ഉൾപ്പെടുത്തി 2022-23 വർഷത്തെ തസ്തിക നിർണ്ണയം പുനർനിർണ്ണയിക്കുന്ന നടപടി പൂർത്തിയായിവരുന്നു. ടി നടപടി പൂർത്തിയാക്കി കേഡർ പ്രകാരം പി.എസ്.സി.-ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതാണ്.

**അധ്യാപക തസ്തികകൾ നികത്താൻ നടപടി**

**265 (1533)** ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിലെ അധ്യാപകരുടെ കുറവ് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

വിലയിരുത്തിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പ് അതത് വർഷം നടത്തുന്ന തസ്തിക നിർണ്ണയത്തിനുശേഷം ഒഴിവുള്ള തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിന് പി.എസ്.സി.-ക്ക് വേക്കൻസി റിപ്പോർട്ട് ചെയ്തുവരുന്നുണ്ട്. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ അധ്യാപക ക്ഷാമം പരിഹരിക്കുന്നതിന് ദിവസ വേതനാടിസ്ഥാനത്തിൽ നിയമനങ്ങളും നടത്തുന്നുണ്ട്.

(ബി) സർക്കാർ സ്കൂളുകളിലെ അധ്യാപക തസ്തികകൾ അംഗീകരിച്ച് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനായി സ്വീകരിച്ച നടപടികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

2022-23 വർഷത്തെ തസ്തിക നിർണ്ണയത്തിനുശേഷം കണ്ടെത്തിയിട്ടുള്ള അധിക തസ്തികകളിലേയ്ക്കുള്ള ഒഴിവുകളും നിലവിലുള്ള ഒഴിവുകളും പി.എസ്.സി.-യിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ

സ്വീകരിച്ചുവരുന്നു. 2023-24 വർഷത്തെ തസ്തിക നിർണ്ണയ നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) സർക്കാർ സ്കൂളുകളിലെ എത്ര അധ്യാപക ഒഴിവുകളിലാണ് നിലവിൽ നിയമനം നടത്താനുള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(ഡി) ഈ അധ്യയന വർഷം അധ്യാപക നിയമനം നടത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

നിലവിലുള്ള ഒഴിവുകൾ നേരിട്ടുള്ള നിയമനം, ബൈട്രാൻസ്ഫർ നിയമനം, പ്രൊമോഷൻ, അന്തർജില്ലാ സ്ഥലംമാറ്റം എന്നിവ മുഖേന നികത്തുന്നതിനായുള്ള നടപടികൾ ജില്ലാതലത്തിൽ സ്വീകരിച്ചുവരുന്നു.

## പാലക്കാട് ജില്ലയിൽ എച്ച്.എസ്.ടി. ഫിസിക്കൽ സയൻസ് തസ്തികയിൽ ഒഴിവുകൾ

266 (1534) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പാലക്കാട് ജില്ലയിൽ എച്ച്.എസ്.ടി. ഫിസിക്കൽ സയൻസ് തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്; നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?

നിലവിലുള്ള 25 ഒഴിവുകളിൽ 21 എണ്ണം പി.എസ്.സി.-യിലേയ്ക്ക് യഥാസമയം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 2022-23 വർഷത്തെ തസ്തിക നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ ജില്ലയിൽ എച്ച്.എസ്.ടി. ഫിസിക്കൽ സയൻസിൽ എത്ര തസ്തികകൾ കണ്ടെത്തിയിട്ടുണ്ട്; ഇതിന്റെ അടിസ്ഥാനത്തിൽ പുതിയ തസ്തികകൾ അനുവദിക്കാൻ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണ്; വിശദീകരിക്കുമോ?

2022-23 വർഷത്തെ തസ്തിക നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ പുതിയ തസ്തിക നിർണ്ണയ ഉത്തരവുകൾ റിവൈസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ടി നടപടി പൂർത്തിയായതിനുശേഷം മാത്രമേ പുതിയ തസ്തികകൾ സംബന്ധിച്ച വിവരം ലഭ്യമാവുകയുള്ളൂ.

(സി) ജില്ലയിൽ പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി ഉടൻ അവസാനിക്കുമെന്നിരിക്കെ ഒഴിവുള്ള എല്ലാ തസ്തികകളിലും നിയമനം നടത്താനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

പി.എസ്.സി.-യിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്.

**ഭിന്നശേഷി സംവരണവും അധ്യാപക വേതനവും**

**267 (1535)** <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>:
<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>:
<u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയുടെ വിധിന്യായപ്രകാരം അധ്യാപകരുടെ നിയമനങ്ങൾ അംഗീകരിക്കാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടോ; വിശദമാക്കാമോ?

ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിന്യായം അടിസ്ഥാനപ്പെടുത്തി നിയമനങ്ങൾ അംഗീകരിക്കുന്നത് സംബന്ധിച്ച് 24-03-2023-ലെ സ.ഉ. (കൈ)

നം.29/2023/പൊ.വി.വ. ഉത്തരവും അനുബന്ധ മറ്റ് ഉത്തരവുകൾ/ സർക്കുലറുകൾ പ്രകാരവും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയിലും ഹൈക്കോടതിയിലും നിലനിൽക്കുന്ന ഹർജികളിൽ പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) എങ്കിൽ ഇത് ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട ബഹുമാനപ്പെട്ട കോടതി, സർക്കാർ ഉത്തരവുകൾ പാലിച്ച് നിയമനങ്ങൾ അംഗീകരിക്കുന്നതിന് വിദ്യാഭ്യാസ ആഫീസർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) എയ്ഡഡ് മേഖലയിലെ അൺ-ഇക്കണോമിക് ആയിട്ടുള്ള വിദ്യാലയങ്ങളിലെ അധ്യാപകർക്ക് കിട്ടിക്കൊണ്ടിരിക്കുന്ന ദിവസവേതനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**എറണാകുളം ജില്ലയിൽ എൽ.പി./യു.പി. സ്കൂൾ ടീച്ചർ ഒഴിവുകൾ**

**268 (1536)** <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ എൽ.പി., യു.പി. സ്കൂൾ ടീച്ചർ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് സ്കൂൾ വേർതിരിച്ച് വിശദമാക്കാമോ; പ്രസ്തുത ഒഴിവുകളിൽ എപ്രകാരം നിയമനം നടത്തുന്നതിനാണ് മാറ്റിവച്ചിരിക്കുന്നതെന്ന് തസ്തിക തിരിച്ച് വിശദമാക്കാമോ?

എറണാകുളം ജില്ലയിൽ എൽ.പി.എസ്.ടി. തസ്തികയിൽ 42 ഒഴിവുകളും യു.പി.എസ്.ടി. തസ്തികയിൽ 58 ഒഴിവുകളും നിലവിലുണ്ട്. യു.പി.എസ്.ടി. തസ്തികയിലെ ഒഴിവുകളിൽ 25 ഒഴിവുകൾ തസ്തികമാറ്റ നിയമനങ്ങൾക്ക് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള ഒഴിവുകൾ 2023-24 വർഷത്തെ തസ്തിക നിർണ്ണയം പൂർത്തിയായതിനുശേഷം കേഡർ കണക്കാക്കി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. സ്കൂളുകൾ തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) 2022-23 അധ്യയന വർഷത്തെ പ്രസ്തുത തസ്തികകളിലെ എത്ര അധികം ഡിവിഷനുകൾക്കാണ് എറണാകുളം ഡി.ഡി. ഓഫീസിൽനിന്നും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിലേയ്ക്ക് ശിപാർശ നൽകിയതെന്നും അതിൽ എത്രയെണ്ണത്തിന് അംഗീകാരം ലഭിച്ചുവെന്നും സ്കൂളുകളുടെ പേര്, തസ്തിക എന്നിവ വേർതിരിച്ച് വിശദമാക്കാമോ?

എറണാകുളം ഡി.ഡി. ഓഫീസിൽനിന്ന് എൽ.പി.എസ്.ടി. തസ്തികയിൽ 14 ഒഴിവുകളും യു.പി.എസ്.ടി. തസ്തികയിൽ 13 ഒഴിവുകളും ഡയറക്ടർക്ക് ശിപാർശ ചെയ്തിരുന്നു. അതിൽ അംഗീകാരം ലഭിച്ചിട്ടുള്ള സ്കൂൾ, തസ്തിക എന്നിവ അനുബന്ധമായി ചേർക്കുന്നു+.

(സി) ജില്ലയിലെ 2023-24 വർഷത്തെ തസ്തിക നിർണ്ണയ നടപടികൾ വൈകുന്നതിനാൽ പ്രസ്തുത തസ്തികയിലെ നിലവിലുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത സ്ഥിതിയുണ്ടോ; ഒഴിവുകൾ അടിയന്തരമായി റിപ്പോർട്ട് ചെയ്യാനുള്ള നിർദേശം നൽകുമോ?

2023-24 വർഷത്തെ തസ്തിക നിർണ്ണയം പൂർത്തിയാക്കുന്ന മുറയ്ക്കേ ഒഴിവുകൾ സ്ഥിരീകരിക്കപ്പെടുകയുള്ളൂ. ആയതിനാൽ ഒഴിവുകൾ റിപ്പോർട്ട്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്തിട്ടില്ല. എന്നാൽ മുൻ വർഷത്തെ നിലവിലുള്ള യു.പി.എസ്.ടി. തസ്തികയിലെ 25 ഒഴിവുകൾ ബൈട്രാൻസ്ഫർ നിയമനത്തിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) കഴിഞ്ഞ വർഷത്തെ അധിക തസ്തികകൾ പ്രസ്തുത ജില്ലയിലെ സ്കൂളുകൾക്ക് പുനർനിർണ്ണയിച്ച് നൽകുന്നതിനായി എ.ഇ.ഒ., ഡി.ഇ.ഒ. ഓഫീസുകളിൽ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഏതെല്ലാം സ്കൂളുകളിൽ പുനർനിർണ്ണയം പൂർത്തിയായെന്ന് വിശദമാക്കാമോ?

നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഇ) 2024-25 അധ്യയന വർഷം പ്രസ്തുത തസ്തികകളിൽനിന്ന് എത്ര അധ്യാപകരും പ്രധാന അധ്യാപകരും വിരമിക്കുമെന്ന് തസ്തിക, സ്കൂൾ എന്നിവ തിരിച്ച് വിവരം നൽകാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

### സർക്കാർ വിദ്യാലയങ്ങളിലെ അധ്യാപക നിയമനം

**269 (1537)** ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കഴിഞ്ഞ അധ്യയന വർഷം വിരമിച്ച സർക്കാർ അധ്യാപകരുടെ എണ്ണം എത്രയെന്ന് എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി എന്നിങ്ങനെ എണ്ണം, വിഷയം തിരിച്ച് വ്യക്തമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) അപ്രകാരം വന്നിട്ടുള്ള മുഴുവൻ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

വിശേഷാൽ ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള റേഷ്യോ പ്രകാരമുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) കഴിഞ്ഞ വർഷത്തെ കണക്കെടുപ്പിൽ കണ്ടെത്തിയ അധ്യാപക തസ്തികകൾക്ക് ധനവകുപ്പിന്റെയും മന്ത്രിസഭയുടെയും അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. 07-07-2023-ലെ സ.ഉ. (കൈ) നം.95/2023/പൊ.വി.വ. പ്രകാരം സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 2022-2023 അധ്യയന വർഷത്തെ തസ്തിക

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർണ്ണയത്തിന്റെ ഭാഗമായി 6043 അധിക തസ്തികകൾക്ക് അനുമതി നൽകിയിട്ടുണ്ട്.

(ഡി) പുതിയ അധ്യയന വർഷത്തെ കണക്കെടുപ്പിൽ കണ്ടെത്തിയിട്ടുള്ള അധ്യാപക ഒഴിവുകളുടെ എണ്ണം എത്രയാണ്; വിശദാംശം നൽകുമോ?

സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ഈ അധ്യയന വർഷത്തെ തസ്തിക നിർണ്ണയ നടപടികൾ നടന്നുവരുന്നു.

**വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ എൻ.എസ്.ക്യൂ.എഫ്.**

**270 (1538)** **ശ്രീ. ടി. സിദ്ദിഖ്:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എസ്.ക്യൂ.എഫ്. (നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിം വർക്ക്) വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ ആരംഭിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ?

2018-19 അധ്യയന വർഷത്തിൽ സംസ്ഥാനത്തെ തെരഞ്ഞെടുത്ത 66 സർക്കാർ വി.എച്ച്.എസ്. സ്കൂളുകളിൽ ദേശീയ നൈപുണ്യ യോഗ്യതാ ചട്ടക്കൂടിന് (എൻ.എസ്.ക്യൂ.എഫ്.) അനുസൃണമായ വൊക്കേഷണൽ കോഴ്സുകൾ ആരംഭിക്കുകയുണ്ടായി.

(ബി) എൻ.എസ്.ക്യൂ.എഫ്.-ന് മുമ്പുള്ള പാഠ്യ പദ്ധതിയിൽ വൊക്കേഷണൽ അധ്യാപകർ ഒരു വർഷം എത്ര മണിക്കൂർ ക്ലാസ് എടുത്തിരുന്നു; വ്യക്തമാക്കാമോ?

എൻ.എസ്.ക്യൂ.എഫ്.-ന് മുമ്പുള്ള പാഠ്യപദ്ധതിയിൽ വൊക്കേഷണൽ അധ്യാപകരുടെ ജോലിഭാരം മാസ്റ്റർ ടൈം ടേബിൾ അനുസരിച്ച് ആഴ്ചയിൽ 12 മണിക്കൂർ (പിരീഡ്) (8 മണിക്കൂർ തിയറി പിരീഡും 4 മണിക്കൂർ പ്രാക്ടിക്കൽ പിരീഡും) ആണ് ക്ലാസ് എടുത്തിരുന്നത്. സ്കൂൾ സാധ്യായ ദിവസങ്ങളുടെ അടിസ്ഥാനത്തിൽ അധ്യാപകർ ഒരു വർഷം എടുക്കുന്ന ആകെ പിരീഡുകളുടെ എണ്ണം വ്യത്യസ്തമായിരിക്കും. അന്നത്തെ സിലബസ് അനുസരിച്ച് ഒരു വൊക്കേഷണൽ വിഷയത്തിൽ ഒരു വർഷത്തിൽ 140 മണിക്കൂർ തിയറി പിരീഡും 130 മണിക്കൂർ പ്രാക്ടിക്കൽ പീരീഡുമാണ് ഉണ്ടായിരുന്നത്.

(സി) എൻ.എസ്.ക്യൂ.എഫ്. പാഠ്യ പദ്ധതിയനുസരിച്ച് വൊക്കേഷണൽ അധ്യാപകർ ഒരു വർഷം എത്ര മണിക്കൂർ ക്ലാസുകൾ എടുക്കണം; വിശദമാക്കാമോ?

എൻ.എസ്.ക്യൂ.എഫ്. പാഠ്യപദ്ധതിയനുസരിച്ച് വൊക്കേഷണൽ അധ്യാപകർ ഒരു ആഴ്ചയിൽ 8.5 മണിക്കൂർ (പിരീഡ്) ക്ലാസ്സുകൾ എടുക്കേണ്ടതാണ്.

(ഡി) എൻ.എസ്.ക്യൂ.എഫ്. പാഠ്യ പദ്ധതിയനുസരിച്ച് വിവിധ ജോബ് റോളുകൾ പഠിപ്പിക്കുന്നതിനായി അധ്യാപകർക്കുവേണ്ട യോഗ്യതകൾ എന്തെല്ലാം?

എൻ.എസ്.ക്യൂ.എഫ്. പാഠ്യപദ്ധതിയനുസരിച്ച് വിവിധ ജോബ് റോളുകൾ പഠിപ്പിക്കുന്നതിനായി അദ്ധ്യാപകർക്ക് വേണ്ട യോഗ്യതകൾ അതത് കോഴ്സുകളിലെ ക്വാളിഫിക്കേഷൻ പായ്ക്കുകളിൽ (QP) വിവക്ഷിച്ചിട്ടുണ്ട്.

(ഇ) നിലവിലെ അദ്ധ്യാപകരിൽ എത്ര പേർ അതിനനുസരിച്ചുള്ള യോഗ്യത നേടിയിട്ടുണ്ട്; വിശദമാക്കാമോ?

നിലവിലുള്ള അധ്യാപകർ വി.എച്ച്.എസ്.ഇ. വിശേഷാൽ ചട്ടം പ്രകാരം ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവരാണ്. NSQF കോഴ്സുകളുമായി ബന്ധപ്പെടുത്തി അവരുടെ യോഗ്യത താരതമ്യം ചെയ്തിട്ടില്ല.

## ഹയർ സെക്കൻഡറി പ്രിൻസിപ്പൽ നിയമനത്തിന് ഹിന്ദി അധ്യാപകരുടെ യോഗ്യതകൾ

**271 (1539) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:</u>** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹിന്ദി പ്രചാരസഭ നടത്തുന്ന ആചാര്യ കോഴ്സ് ബി.എഡ്.-ന് തുല്യമായി അംഗീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; അതിന്റെ ഓർഡറും വിശദാംശങ്ങളും ലഭ്യമാക്കുമോ?

കേരള യൂണിവേഴ്സിറ്റി 21-12-2021-ലെ 7388/2021/UOK ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

(ബി) ഹയർ സെക്കൻഡറി പ്രിൻസിപ്പൽ നിയമനത്തിന് ഭാഷാവിഷയങ്ങൾ ഉൾപ്പെടെയുള്ള യോഗ്യതയുടെ മാനദണ്ഡങ്ങൾ വിശദമാക്കാമോ; ഉത്തരവ് ലഭ്യമാക്കാമോ?

വിഷയാടിസ്ഥാനത്തിലല്ല പ്രിൻസിപ്പൽ നിയമനങ്ങൾ നടത്തിവരുന്നത്. KER Chapter XXXII Rule 6(1)-ൽ പരാമർശിച്ചിട്ടുള്ള യോഗ്യതകളുടെ അടിസ്ഥാനത്തിൽ സീനിയോറിറ്റിയനുസരിച്ച് ഏത് വിഷയക്കാർക്കും പ്രിൻസിപ്പലാകുന്നതിന് തടസ്സമില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) പരീക്ഷ കമ്മീഷണർ നടത്തുന്ന ഡിപ്ലോമ/ഹിന്ദി ഭാഷ അധ്യാപക ട്രെയിനിംഗ് സർട്ടിഫിക്കറ്റ് കോഴ്സുകളെ ഹയർ സെക്കൻഡറി പ്രിൻസിപ്പൽ നിയമനത്തിന് ഹിന്ദി അധ്യാപകരുടെ യോഗ്യതകളിൽ പരിഗണിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

XXXII Rule 6(4)-ൽ ചേർത്തിട്ടുള്ള നോട്ട് (iii)-ൽ ഭാഷാധ്യാപക കോഴ്സ് പാസ്സായിട്ടുള്ളവരെ ബി.എഡ്. നേടുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇങ്ങനെ അധ്യാപകരായി നിയമിക്കപ്പെടുന്നവർക്ക് പിന്നീട് പ്രിൻസിപ്പലാകുന്നതിന് തടസ്സമില്ല.

(ഡി) പ്രസ്തുത കോഴ്സുകൾ ബി.എഡ്.-ന് തുല്യമായി അംഗീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഇ) കേരള ഹിന്ദി പ്രചാരസഭ നടത്തുന്ന ആചാര്യ കോഴ്സ് ബി.എഡ്.-ന് തുല്യമായി അംഗീകരിച്ചിട്ടുണ്ടെങ്കിൽ പരീക്ഷ കമ്മീഷണർ നടത്തുന്ന ഡിപ്ലോമ/ഹിന്ദി ഭാഷ അധ്യാപക ട്രെയിനിംഗ് സർട്ടിഫിക്കറ്റ് കോഴ്സും ബിരുദവുമുള്ളവരെ ബി.എഡ്.-ന് തുല്യമായി അംഗീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാമോ?

(ഡി&ഇ) തുല്യത അംഗീകരിക്കേണ്ടത് ബന്ധപ്പെട്ട യൂണിവേഴ്സിറ്റികളാണ്.

**അധ്യാപക തസ്തികകളിലെ ഭിന്നശേഷി സംവരണം**

**272 (1540)** <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷി സംവരണം പാലിച്ച് നിയമനങ്ങൾ നടത്തുന്നതിനായി നാളിതുവരെ എത്ര സ്കൂൾ മാനേജ്മെന്റുകൾ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദാംശം നൽകുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) കോടതിവിധിയും സർക്കാർ ഉത്തരവുമുണ്ടായിട്ടും ഭിന്നശേഷി നിയമനത്തിനായി സമയബന്ധിതമായി നടപടിക്രമങ്ങൾ പൂർത്തീകരിക്കാത്ത മാനേജ്മെന്റുകൾക്കെതിരെ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭിന്നശേഷി നിയമനത്തിനായി സമയബന്ധിത നടപടിക്രമങ്ങൾ പൂർത്തീകരിക്കാത്ത മാനേജ്മെന്റുകൾക്കെതിരെ ചട്ടപ്രകാരം നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കോടതി നിർദ്ദേശപ്രകാരമുള്ള ഭിന്നശേഷി സംവരണം നടപ്പാക്കിക്കൊണ്ട് അധ്യാപക തസ്തികകളിൽ നിയമനം പുനരാരംഭിക്കുന്നതിനും നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

നടപടികൾ സ്വീകരിച്ചുവരുന്നു.

**പേരാമ്പ്ര മണ്ഡലത്തിലെ സ്കൂളുകൾ**

**273 (1541)** ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ മേഞ്ഞാണ്യം എൽ.പി. സ്കൂൾ സർക്കാരിന് വിട്ടുനൽകിയിരുന്നോ; എങ്കിൽ പ്രസ്തുത സ്കൂൾ ഏറ്റെടുക്കൽ നടപടികളുടെ പുരോഗതി വിശദമാക്കുമോ?

പേരാമ്പ്ര മണ്ഡലത്തിലെ മേഞ്ഞാണ്യം എൽ.പി. സ്കൂൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച അപേക്ഷ ഇതുവരെയും ലഭിച്ചിട്ടില്ല.

(ബി) ശ്രീവാസുദേവാശ്രമം ഹയർ സെക്കൻഡറി സ്കൂൾ സർക്കാർ ഏറ്റെടുത്ത് ഉത്തരവായത് എന്നാണെന്ന് വ്യക്തമാക്കുമോ; 2015-നുശേഷം സ്കൂൾ മാനേജരുടെ മരണത്തെത്തുടർന്ന് പ്രസ്തുത സ്കൂളിലെ നിലവിലെ അധ്യാപകരുടെയും അനധ്യാപകരുടെയും സർവ്വീസ് സംബന്ധമായ പ്രശ്നങ്ങൾ നാളിതുവരെ പരിഹരിക്കപ്പെട്ടിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത വിഷയങ്ങൾ പരിഹരിക്കുന്നതിന് എം.എൽ.എ. വിളിച്ചുചേർത്ത ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗത്തിന്റെ തീരുമാനമനുസരിച്ച് വടകര ഡി.ഇ.ഒ.-യ്ക്ക് സ്കൂൾ പ്രിൻസിപ്പൽ സമർപ്പിച്ച പ്രൊപ്പോസലുകളിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ; ആയത് സംബന്ധിച്ച് ഡി.ഇ.ഒ. പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(ബി&സി) നടുവത്തൂർ ശ്രീവാസുദേവാശ്രമം ഹയർ സെക്കൻഡറി സ്കൂൾ 17-02-2021-ലെ സ.ഉ. (എം.എസ്.) നം. 82/2021/പൊ.വി.വ പ്രകാരം സർക്കാർ തത്വത്തിൽ ഏറ്റെടുത്തു. 04-06-2022-ലെ സ.ഉ.(സാധാ) നം. 3392/2022/പൊ.വി.വ പ്രകാരം പൂർണ്ണമായി ഏറ്റെടുത്തു. പൊതുവിദ്യാഭ്യാസ

ഡയറക്ടറുടെ 07-08-2023-ലെ എ.സി.ഡി.വി1/268379/2022/ എച്ച്.എസ്.ഇ. നമ്പർ ഉത്തരവുപ്രകാരം വാസുദേവാശ്രമം ഹയർ സെക്കൻഡറി സ്കൂളിലെ ജീവനക്കാർക്ക് ആനുകൂല്യങ്ങൾ അനുവദിച്ച് നൽകാൻ വടകര ഡി.ഇ.ഒ.-യെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു. ഇതുസംബന്ധിച്ച തുടർനടപടികൾ വടകര ജില്ലാ വിദ്യാഭ്യാസ ആഫീസിൽ സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത സ്കൂളിലെ നിലവിലെ ഹെഡ്മിസ്ട്രസ് ആരാണെന്നും ഇവർക്ക് എച്ച്.എം. ആയി അപ്രൂവൽ ലഭിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ എച്ച്.എം.-ന്റെ നിയമനം എപ്രകാരമാണെന്നും വ്യക്തമാക്കുമോ?

01-12-2019 മുതൽ സ്കൂളിലെ പ്രധാന അദ്ധ്യാപികയുടെ ചുമതല അധ്യാപികയായ ശ്രീമതി ഗീതാ പൊയ്യത്ത് ആണ് നിർവ്വഹിച്ചുവരുന്നത്. പ്രധാനാധ്യാപികയായി അംഗീകാരം ലഭിക്കാതെയാണ് പ്രസ്തുത ചുമതല നിർവഹിച്ചുവരുന്നത്.

01-12-2015-ന് സ്കൂൾ മാനേജർ മരണപ്പെട്ടതിനാൽ പ്രധാനാധ്യാപക നിയമനം അംഗീകരിച്ചിരുന്നില്ല. 01-12-2019 മുതൽ പ്രധാനാധ്യാപക ചുമതല

വഹിച്ചുവരുന്ന ശ്രീമതി ഗീതാ പൊയ്യത്താണ് ടി സ്കൂളിലെ സീനിയർമോസ്റ്റ് അധ്യാപിക. കെ.ഇ.ആർ. പ്രകാരം അക്കൗണ്ട് ടെസ്റ്റ്, കെ.ഇ.ആർ. എന്നീ പരീക്ഷകൾ വിജയിക്കുകയും 12 വർഷം ഗ്രാജ്വേറ്റ് സർവീസുമുള്ള അധ്യാപകരിൽ സീനിയർമോസ്റ്റ് ആയ അധ്യാപകനെയാണ് പ്രധാനാധ്യാപക തസ്തികയിൽ പരിഗണിക്കുന്നത്.

(ഇ) ഹയർ സെക്കൻഡറി വിഭാഗത്തിലെ അധ്യാപകരുടെയും ജീവനക്കാരുടെയും പ്രൊമോഷൻ, പ്രൊബേഷൻ നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടത് ആരാണെന്നും അതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

സർക്കാർ മേഖലയിൽ അധ്യാപകരുടെയും ഒന്നാം ഗസറ്റഡ് തസ്തിക വരെയുള്ള അനധ്യാപകരുടെയും പ്രൊമോഷൻ, പ്രൊബേഷൻ എന്നിവ നടത്തുന്നത് പൊതുവിദ്യാഭ്യാസ ഡയറക്ടറാണ്. രണ്ടാം ഗസറ്റഡ് തസ്തികയിൽ സർക്കാരാണ് നിർവ്വഹിക്കുന്നത്. എയ്ഡഡ് മേഖലയിൽ ബന്ധപ്പെട്ട ആർ.ഡി.ഡി.-മാരാണ് ഇതുസംബന്ധിച്ച് നടപടി സ്വീകരിക്കേണ്ടത്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 07-08-2023-ലെ

എ.സി.ഡി.വി1/268379/2022/എച്ച്.എസ്.ഇ. നമ്പർ ഉത്തരവ് പ്രകാരം വാസുദേവാശ്രമം ഹയർ സെക്കൻഡറി സ്കൂളിലെ ജീവനക്കാർക്ക് ആനുകൂല്യങ്ങൾ അനുവദിച്ചുനൽകാൻ വടകര ഡി.ഇ.ഒ.-യെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു. ഇതുസംബന്ധിച്ച തുടർ നടപടികൾ വടകര ജില്ലാ വിദ്യാഭ്യാസ ആഫീസിൽ സ്വീകരിച്ചുവരുന്നു.

(എഫ്) നിലവിൽ പ്രസ്തുത സ്കൂളിൽ ഹൈസ്കൂൾ വിഭാഗത്തിൽ എത്ര അധ്യാപകരുടെ ഒഴിവുകളുണ്ടെന്നും പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

എച്ച്.എസ്.ടി. (എൻ.എസ്.)- 1. ഒഴിവ് നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**അധ്യാപക ഒഴിവുകൾ നികത്താൻ കഴിയാത്ത അവസ്ഥ**

**274 (1542)** **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 22-01-2021-ലെ ജി.ഒ. (എം.എസ്.) 28/2021 നമ്പർ ഉത്തരവുമൂലം എയ്ഡഡ് മേഖലയിൽ പത്ത് വർഷത്തിലധികമായി ലീവ് വേക്കൻസിയിൽ തുടർച്ചയായി ജോലി ചെയ്തുവന്നിരുന്ന അധ്യാപകർക്ക് 2020-21 അധ്യയന വർഷത്തിൽവന്ന സ്ഥിരം ഒഴിവുകളിൽ നിയമനം നടത്താൻ കഴിയാതെ വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഇത്തരം കേസുകളിൽ 15-07-2021 മുതൽ നിയമനം നടത്തുന്നതിന് 06-07-2021-ലെ സ.ഉ. (സാധാ) നം. 3287/2021/പൊ.വി.വ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ 01-11-2021 മുതലാണ് സ്കൂളുകൾ തുറന്നുപ്രവർത്തിച്ചിട്ടുള്ളത്.

(ബി) കോവിഡ് പ്രതിസന്ധിയുടെ സമയത്ത് പുറപ്പെടുവിച്ച പ്രസ്തുത ഉത്തരവ് മുഖേന 2020-21 അധ്യയന വർഷത്തിൽ വന്ന സ്ഥിരം ഒഴിവുകളിൽ നിയമനം നടത്താൻ സാധിക്കാതെ വന്നതുകാരണം സർവ്വീസ് ബ്രേക്ക് ഉണ്ടാകുകയും ലഭിക്കുമായിരുന്ന സർവ്വീസ് നഷ്ടപ്പെടുകയും ചെയ്ത എത്ര എയ്ഡഡ് അധ്യാപകരുണ്ട്; വ്യക്തമാക്കാമോ?

രണ്ട് എയ്ഡഡ് അധ്യാപകരുണ്ട്.

(സി) തങ്ങളുടേതല്ലാത്ത കാരണത്താൽ ലഭിക്കേണ്ടിയിരുന്ന അനവധി വർഷത്തെ തുടർസർവ്വീസ് പ്രസ്തുത ഉത്തരവുമൂലം നഷ്ടപ്പെട്ട എയ്ഡഡ് അധ്യാപകർക്ക് സർവ്വീസ് ബ്രേക്ക് വരാതെ അർഹതപ്പെട്ട സർവ്വീസ് കാലയളവ് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**ഇംഗ്ലീഷ് അധ്യാപകരുടെ താൽക്കാലിക നിയമനം**

**275 (1543)** ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ഡിവിഷൻ മാത്രമുള്ള ഗവൺമെന്റ് ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് വിഷയം പഠിപ്പിക്കുന്നതിന് കഴിഞ്ഞ അധ്യയന വർഷം താൽക്കാലികാടിസ്ഥാനത്തിൽ അധ്യാപകരെ നിയോഗിച്ചിരുന്നത് ഉചിതമായിരുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

3, 4 ഡിവിഷനുകൾ മാത്രമുള്ള സർക്കാർ/എയ്ഡഡ് ഹൈസ്കൂളിലാണ് 2022-23 വർഷത്തേയ്ക്ക് മാത്രം എച്ച്.എസ്.ടി. (ഇംഗ്ലീഷ്) അധ്യാപകരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കാൻ അനുമതി നൽകിയിരുന്നത്.

അപ്രകാരം നിയമിച്ചത് കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാ പഠനത്തിന് ഗുണകരമായിരുന്നു.

(ബി) ഈ അധ്യയന വർഷവും പ്രസ്തുത സ്കൂളുകളിൽ താൽക്കാലിക അടിസ്ഥാനത്തിൽ ഇംഗ്ലീഷ് അധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) നടപടി സ്വീകരിച്ചുവെങ്കിൽ എത്ര അധ്യാപകരെ ഇപ്രകാരം നിയമിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദാംശം നൽകാമോ?

(ബി&സി) നടപടി സ്വീകരിക്കുന്നതാണ്. 2023-24-ലെ തസ്തിക നിർണ്ണയം പൂർത്തീകരിക്കുന്നതിന് 2023 സെപ്റ്റംബർ 8 വരെ സമയം അനുവദിച്ചിട്ടുണ്ട്. അതിനുശേഷമേ ഇപ്രകാരം എത്ര അധ്യാപകരെ നിയമിച്ചിട്ടുണ്ടെന്നുള്ള കൃത്യമായ വിവരം ക്രോഡീകരിക്കാനാകുകയുള്ളൂ.

**കന്നഡ മീഡിയത്തിലെ അധ്യാപക നിയമനം**

**276 (1544)** <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കന്നഡ ന്യൂനപക്ഷ പഞ്ചായത്തായ ദേലംപാടിയിൽ പ്രവർത്തിക്കുന്ന അഡൂർ ഗവൺമെന്റ് ഗേൾസ് ഹയർ

സെക്കൻഡറി സ്കൂളിൽ കന്നഡ മീഡിയത്തിലെ എച്ച്.എസ്.റ്റി. സോഷ്യൽ സയൻസ് അധ്യാപക നിയമനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കന്നഡ ഭാഷയിൽ പ്രാവീണ്യമില്ലാത്ത അധ്യാപികയെ മാറ്റിനൽകണമെന്ന കുട്ടികളുടെയും പി.ടി.എ.-യുടെയും ആവശ്യം പരിഗണിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കന്നട ഭാഷയിൽ പ്രാവീണ്യമില്ലാത്ത അധ്യാപികയെ മാറ്റി നിയമിക്കണമെന്ന പരാതിയിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത ജില്ലയിൽ ഇത്തരത്തിലുള്ള അധ്യാപക നിയമനം ആവർത്തിക്കാതിരിക്കാൻ പി.എസ്.സി.-യുമായി കൂടിയാലോചിച്ച് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ?

കന്നട മീഡിയം തസ്തികയ്ക്കുള്ള യോഗ്യതാ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി. ഇന്റർവ്യൂ നടത്തി ഭാഷാ പരിജ്ഞാനം പരിശോധിച്ച് നിയമന ശിപാർശ ലഭ്യമാക്കുന്നതിന്റെ അടിസ്ഥാനത്തിലാണ്

നിയമനം നടത്തിവരുന്നത്. എങ്കിലും ഈ വിഷയത്തിൽ എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**വയനാട് ജില്ലയിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ**

**277 (1545)** **ശ്രീ. ഒ. ആർ. കേളു:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്നും ഏതെല്ലാം തസ്തികകൾ എത്ര കാലമായി ഒഴിഞ്ഞു കിടക്കുന്നുവെന്നും വ്യക്തമാക്കാമോ?

177 ഒഴിവുകൾ. (ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു+)

(ബി) പ്രസ്തുത തസ്തികകൾ നികത്താൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഒഴിവുകൾ നിയമാനുസൃതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ദിവസവേതനക്കാരായ എത്ര അധ്യാപകർ വയനാട് ജില്ലയിൽ നിലവിൽ ജോലി ചെയ്തുവരുന്നുവെന്ന കണക്ക് തസ്തിക തിരിച്ച് വ്യക്തമാക്കാമോ?

| | | |
|---|---|---|
| എൽ.പി.എസ്.ടി. | - | 173 |
| യു.പി.എസ്.ടി. | - | 186 |
| എച്ച്.എസ്.ടി. | - | 137 |
| ജൂനിയർ ലാംഗ്വേജ് | - | 29 |
| ആകെ | - | 525 |

**എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണം**

**278 (1546)** ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിലെ അധ്യാപക നിയമനത്തിൽ ഭിന്നശേഷി വിഭാഗത്തിലുള്ളവർക്ക് എത്ര പേർക്കാണ് നാളിതുവരെ നിയമനം

നൽകിയിട്ടുള്ളതെന്ന് ജില്ല, വിഷയം, എൽ.പി., യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്. എന്നിവ തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

എൽ.പി., യു.പി., എച്ച്.എസ്. വിശദാംശങ്ങളും എച്ച്.എസ്.എസ്. വിവരങ്ങളും അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്+.

(ബി) ഭിന്നശേഷി സംവരണം നടപ്പിലാക്കുമ്പോൾ റൊട്ടേഷൻ വ്യവസ്ഥ പാലിക്കുന്നതിന്റെ അശാസ്ത്രീയത കാരണം ഒരു വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രം മുൻഗണന ലഭിക്കുന്നുവെന്ന പരാതി പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

RPWD Act 2016-ലെ വകുപ്പ് 34 പ്രകാരമുള്ള സംവരണ റൊട്ടേഷൻ അനുസരിച്ചാണ് തുടർനടപടികൾ സ്വീകരിച്ചുവരുന്നത്.

(സി) സ്ഥാപനാടിസ്ഥാനത്തിലുള്ള പ്രസ്തുത റൊട്ടേഷൻ വ്യവസ്ഥ ജില്ലാടിസ്ഥാനത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

എയ്ഡഡ് മേഖലയിൽ ഓരോ മാനേജ്മെന്റിനെയും ഓരോ സ്ഥാപനം എന്ന നിലയിലാണ് ഭിന്നശേഷി സംവരണം നിലവിൽ നടപ്പിലാക്കി വരുന്നത്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**തൃശ്ശൂർ, കോട്ടയം ജില്ലകളിലെ യു.പി. സ്കൂൾ അസിസ്റ്റന്റ് തസ്തിക**

**279 (1547)** **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ, കോട്ടയം ജില്ലകളിലെ സർക്കാർ സ്കൂളുകളിൽ യു.പി. സ്കൂൾ അസിസ്റ്റന്റ് തസ്തികയിൽ (ലാംഗ്വേജ് അധ്യാപക തസ്തിക ഒഴികെ) നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ?

തൃശ്ശൂർ- 31 , കോട്ടയം- 14

(ബി) 2022-23-ൽ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ അധിക തസ്തികകൾ അനുവദിച്ചിട്ടുള്ള ജി.ഒ.(എം.എസ്.) നം. 95/2023/ജി.ഇ.ഡി.എൻ. ഉത്തരവിൻപ്രകാരം കോട്ടയം ജില്ലയിൽ സർക്കാർ സ്കൂളുകളിൽ എത്ര യു.പി. സ്കൂൾ അസിസ്റ്റന്റ് (ലാംഗ്വേജ് അധ്യാപകർ ഒഴികെ) തസ്തികകളാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്; വിശദമാക്കാമോ?

5 തസ്തികകൾ.

(സി) സൃഷ്ടിക്കപ്പെട്ട പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

നിയമാനുസൃത എണ്ണം ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് ഓഫീസിൽനിന്നുള്ള അനെർട്ടിലെ ഇൻസ്പെക്ഷൻ**

**280 (1548)** <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് ഓഫീസിൽനിന്നും എത്ര പ്രാവശ്യം അനെർട്ടിൽ ഇൻസ്പെക്ഷൻ നടത്തിയിട്ടുണ്ട്; അതിന്റെ റിപ്പോർട്ട് അനെർട്ടിന് സമർപ്പിച്ചിട്ടുണ്ടോ; പരിശോധനാ റിപ്പോർട്ടിന്റെ എല്ലാ പകർപ്പുകളും ലഭ്യമാക്കാമോ?

തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും 20-01-2018, 29-12-2022 തീയതികളിലായി രണ്ട് തവണ അനെർട്ടിൽ ഇൻസ്പെക്ഷൻ നടത്തിയിട്ടുണ്ട്. റിപ്പോർട്ട് അനെർട്ടിന് ലഭ്യമാക്കിയിട്ടുണ്ട്. അത് അനുബന്ധമായി ചേർത്തിട്ടുണ്ട്[+].

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പരിശോധനാ റിപ്പോർട്ടിൽ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.) മുഖാന്തരം നിയമിച്ചവരെ പിരിച്ചുവിടണമെന്ന് ശിപാർശ ചെയ്തിട്ടുണ്ടായിരുന്നോ?

ഇല്ല. പി.എസ്.സി.-യുടെ നിയമന പരിധിയിൽപ്പെടാത്ത എല്ലാ ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിച്ച് നികത്തേണ്ടതാണെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) അനെർട്ടിൽ സി.എം.ഡി. മുഖാന്തരം നിയമിച്ചവരുടെ മുൻകാല പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോ?

അനെർട്ടിൽനിന്നുള്ള തൊഴിൽ പരിചയം തിരുവനന്തപുരം പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് ഓഫീസിൽ ഉദ്യോഗാർത്ഥികൾ ചേർത്തിട്ടുണ്ട്. എന്നാൽ സി.എം.ഡി. മുഖാന്തരം നിയമിച്ചവരുടെ തൊഴിൽ പരിചയമാണോ എന്ന വിവരം പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് ഓഫീസിൽ ലഭ്യമല്ല.

(ഡി) എങ്കിൽ പ്രൊഫഷണൽ എംപ്ലോയ്മെന്റിൽ രജിസ്റ്റർ ചെയ്ത വ്യക്തികളെ തന്നെയാണോ അനെർട്ടിലെ ഉദ്യോഗാർഥി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ പേരും തസ്തികയും വെളിപ്പെടുത്താമോ; പ്രസ്തുത നിയമനം നിയമാനുസൃതമാണോ; ഇല്ലെങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിക്കുമെന്ന് അറിയിക്കാമോ?

തിരുവനന്തപുരം പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് ഓഫീസിൽ അറിയിച്ച എക്സിക്യൂട്ടീവ് അസിസ്റ്റന്റ് (ഐ.റ്റി.), പ്രോജക്ട് ലീഡ് സോളാർ സിറ്റി, എക്സിക്യൂട്ടീവ് അസിസ്റ്റന്റ് ടു സി.ഇ.ഒ., സീനിയർ അക്കൗണ്ട്സ് ഓഫീസർ, എക്സിക്യൂട്ടീവ് അസിസ്റ്റന്റ്- അക്കൗണ്ട്സ് എന്നീ അഞ്ച് തസ്തികയിലെ ഒഴിവുകളിലേയ്ക്ക് തിരുവനന്തപുരം പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അർഹരായ ഉദ്യോഗാർഥികളുടെ ലിസ്റ്റ് അനെർട്ടിൽ നൽകിയിട്ടുണ്ട്.

ലിസ്റ്റിൽ ഉൾപ്പെട്ടവരുടെയും അഭിമുഖത്തിൽ തെരഞ്ഞെടുത്തവരുടെയും പേരുകൾ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർഥികളുടെ യോഗ്യതകൾ പരിശോധിച്ച് ഉറപ്പുവരുത്തി നിയമനം നൽകേണ്ടത് ഉദ്യോഗദായകനാണ്. തിരുവനന്തപുരം പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് ഓഫീസിൽ അറിയിച്ച ഒഴിവുകളുടെ അടിസ്ഥാനത്തിൽ നൽകിയ ലിസ്റ്റിൽനിന്നുള്ള നിയമന വിവരം ഉദ്യോഗദായകൻ അറിയിച്ചിട്ടുണ്ട്. ഒഴിവുകളുടെ അടിസ്ഥാനത്തിൽ അർഹരായ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് മാത്രമാണ് എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തരം നൽകുന്നത്. നിയമനം സംബന്ധിച്ചുള്ള നടപടിക്രമങ്ങളിൽ എംപ്ലോയ്മെന്റ് വകുപ്പിന് യാതൊരു പങ്കുമില്ല.

**പയ്യന്നൂരിൽ കരിയർ ഡെവലപ്മെന്റ് സെന്ററിന്റെ പ്രവർത്തനം**

**281 (1549)** **ശ്രീ. ടി. ഐ. മധുസൂദനൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂരിൽ അനുവദിച്ച കരിയർ ഡെവലപ്മെന്റ് സെന്ററിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കാമോ?

പയ്യന്നൂർ കേന്ദ്രമായി കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ള കണ്ടങ്കാളി വികസന സമിതിയുടെ ഉടമസ്ഥതയിലുള്ള ഭൂമി വകുപ്പിന്റെ/സർക്കാരിന്റെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(ബി) കരിയർ ഡെവലപ്മെന്റ് സെന്ററിനായി കണ്ടെത്തിയ ഭൂമിയിൽ സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഈ സാമ്പത്തിക വർഷംതന്നെ ഭരണാനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; അറിയിക്കാമോ?

കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിന് കണ്ടങ്കാളി വികസന സമിതിയുടെ പേരിലുള്ള ഭൂമി വകുപ്പിന്റെ പേരിൽ രജിസ്റ്റർ ചെയ്തതിനുശേഷം കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതി പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്കേ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

**ഗിഗ് സമ്പ്രദായത്തിൽ പണിയെടുക്കുന്നവർ**

**282 (1550)** **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:**
**ശ്രീ. ഇ. കെ. വിജയൻ:**
**ശ്രീ. പി. ബാലചന്ദ്രൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര തലത്തിലുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോമുകളുടെ നിയന്ത്രണത്തിലുള്ള ഗിഗ് തൊഴിലാളികൾ കടുത്ത ചൂഷണത്തിനും ഉയർന്ന ജോലി സമ്മർദ്ദത്തിനും ഇരയാകുന്നുവെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ?

ഉണ്ട്. തൊഴിലാളികൾക്ക് വേതനം ലഭിക്കുന്നത് കുറവാണെന്നത് സംബന്ധിച്ച് ലഭിച്ച പരാതി ലേബർ കമ്മീഷണർ അനുരഞ്ജന ചർച്ച ക്രമീകരിച്ച് തർക്കം ഒത്തുതീർപ്പാക്കിയിട്ടുണ്ട്.

(ബി) ഗിഗ് സമ്പ്രദായത്തിൽ പണിയെടുക്കുന്നവർ ജീവനക്കാരെന്നോ തൊഴിലാളികളെന്നോ നിർണ്ണയിക്കപ്പെടാത്തതിനാൽ തൊഴിലാളി വിഭാഗത്തിന്റെ ആനുകൂല്യങ്ങൾ ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ?

ഉണ്ട്. ഗിഗ് സമ്പ്രദായത്തിൽ പണിയെടുക്കുന്നവർ തൊഴിലാളികൾ തന്നെയാണെങ്കിലും ഇവർക്ക് നിശ്ചിത തൊഴിലുടമയില്ല എന്നതിനാലാണ് ഇവരുടെ ആനുകൂല്യങ്ങളും സേവന വ്യവസ്ഥകളും സംബന്ധിച്ച് അനിശ്ചിതാവസ്ഥ നിലനിൽക്കുന്നത്. നിലവിൽ കേന്ദ്രസർക്കാർ

നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സോഷ്യൽ സെക്യൂരിറ്റി കോഡിൽ ഗിഗ് തൊഴിലാളികളും ഉൾപ്പെടുന്നുണ്ടെന്നതിനാൽ ടി കോഡ് നടപ്പിലാക്കുന്ന മുറയ്ക്ക് ഇവരുടെ ആനുകൂല്യങ്ങളിലും നിയമ പരിരക്ഷ ലഭിക്കുന്നതാണ്.

(സി) മൊബൈൽ ആപ്പുകൾവഴി മാത്രം നിർദ്ദേശങ്ങൾ ലഭിക്കുകയും തൊഴിൽ ദാതാവിനെക്കുറിച്ച് കൃത്യമായ വിവരങ്ങൾ തൊഴിലാളികൾക്ക് ലഭിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യം നിലനിൽക്കുമ്പോൾ ഇത്തരം മൊബൈൽ ആപ്പുകളും ഇവരുടെ പ്രവർത്തന രീതികളും നിരീക്ഷിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ?

പരിഗണനയിലില്ല.

(ഡി) ഗിഗ് തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിനായി ഒരു സമഗ്ര നിയമം കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

കേന്ദ്രസർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സോഷ്യൽ സെക്യൂരിറ്റി കോഡിൽ ഗിഗ് തൊഴിലാളികളും ഉൾപ്പെടുന്നുണ്ടെന്നതിനാൽ ടി കോഡ് നടപ്പിലാക്കുന്ന മുറയ്ക്ക് ഇവരുടെ ആനുകൂല്യങ്ങളിലും നിയമ പരിരക്ഷ

ലഭിക്കുന്നതാണ്. ഗിഗ് തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിനായി ഒരു സമഗ്ര നിയമം കൊണ്ടുവരുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

**തൊഴിൽ വൈദഗ്ധ്യം മെച്ചപ്പെടുത്തുന്നതിനുള്ള നൈപുണ്യ പദ്ധതികൾ**

283 (1551) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലാളികളുടെ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനായി പ്രത്യേകമായ നൈപുണ്യ പദ്ധതി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; സാങ്കേതികവിദ്യയിൽ ഉണ്ടാകുന്ന മാറ്റം ഉൾക്കൊണ്ട് തൊഴിലാളികളുടെ തൊഴിൽ വൈദഗ്ധ്യം കാലോചിതമായി മെച്ചപ്പെടുത്താൻ പ്രസ്തുത പദ്ധതി എങ്ങനെയെല്ലാം സഹായകമാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കുമോ?

സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) വിവിധ മേഖലകളിൽ എല്ലാ

വിഭാഗത്തിൽപ്പെട്ടവർക്കും നൈപുണ്യ പരിശീലനം നൽകിവരുന്നു. കെയ്സും ലേബർ കമ്മീഷണറേറ്റും സംയുക്തമായി കാലഹരണപ്പെട്ടതും കാലഹരണഭീഷണി നേരിടുന്നതുമായ തൊഴിൽ മേഖലകളിൽ പ്രവർത്തിക്കുന്നവരെയും പ്രവർത്തിച്ചിരുന്നവരെയും പ്രവർത്തിക്കാൻ താൽപ്പര്യമുള്ളവരുമായ ലേബർ വെൽഫെയർ ബോർഡുകളിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികളെ കണ്ടെത്തി നൂതന നൈപുണ്യ പരിശീലനം നൽകി സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനായി "പ്രതീക്ഷ" എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതിവഴി മേൽപ്പറഞ്ഞ തൊഴിൽ മേഖലയിൽനിന്നുമുള്ള തൊഴിലാളികളെ കാലാനുസൃതമായ പരിശീലനം നൽകി വിവിധ മേഖലകളിൽ പുനർവിന്യസിപ്പിക്കുന്നതിനും അവരെ സ്കിൽ രജിസ്ട്രി എന്ന മൊബൈൽ ആപ്ലിക്കേഷനിൽ രജിസ്റ്റർ ചെയ്യിപ്പിച്ച് സ്ഥിര വരുമാനം കണ്ടെത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**(ബി) നൈപുണ്യ വികസനത്തിനായി ട്രെയിനിംഗ് സെന്ററുകൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?**

സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) വിവിധ മേഖലകളിൽ എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും നൈപുണ്യ പരിശീലനം നൽകുന്നതിന്റെ ഭാഗമായി ട്രെയിനിംഗ് സെന്ററുകൾ രൂപീകരിച്ചിട്ടുണ്ട്. ആയതിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

1) നഴ്സിംഗ് മേഖലയിൽ നൈപുണ്യ വികസനത്തിനായി തിരുവനന്തപുരം ജില്ലയിൽ NICE (Nursing Institute for Career Enhancement) എന്ന സ്ഥാപനം KASE-ന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു.

2) KASE-ന് കീഴിൽ ഓയിൽ & റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ Enlighten Skills Program for Oil & Rig (ESPOiR) എറണാകുളം ജില്ലയിലെ അങ്കമാലിയിലുള്ള ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ പ്രവർത്തിച്ചുവരുന്നു.

3) നിർമ്മാണ മേഖലയിൽ രാജ്യാന്തര നിലവാരത്തിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ കൺസ്ട്രക്ഷൻ മേഖലകളിൽ

കൊല്ലം ജില്ലയിലെ ചവറയിൽ Indian Institute of Infrastructure and Construction (IIIC) പ്രവർത്തിച്ചുവരുന്നു.

4) KASE-ഉം ഒഡെപെക് (ODEPC)-യുമായി സഹകരിച്ച് Multi Language Learning Institute എന്ന പേരിൽ അങ്കമാലിയിൽ ഇൻകെൽ ടവറിൽ IELTS/OET പരിശീലന കേന്ദ്രം പ്രവർത്തിച്ചുവരുന്നു.

5) കേന്ദ്ര നവീകരണ ഊർജ്ജ മന്ത്രാലയത്തിന്റെ സംസ്ഥാന നോഡൽ ഏജൻസിയായ അനെർട്ടും (ഏജൻസി ഫോർ ന്യൂ ആൻഡ് റിന്യൂവബിൾ എനർജി റിസർച്ച് ആൻഡ് ടെക്നോളജി) കെയ്സും സഹകരിച്ചുകൊണ്ട് ഈ മേഖലയിലെ ആദ്യത്തെ മികവിന്റെ കേന്ദ്രം തിരുവനന്തപുരത്ത് പ്രവർത്തിച്ചുവരുന്നു.

6) സംസ്ഥാനത്തുടനീളം മൂല്യവർദ്ധിത ഉൽപ്പന്ന മേഖലയിലും സേവന മേഖലയിലും കൂടുതൽ പുതിയ വ്യവസായ സംരംഭങ്ങൾ സൃഷ്ടിക്കുന്നതിനായി വ്യവസായ വകുപ്പിനുകീഴിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റുമായി (KIED) സഹകരിച്ച് എന്റർപ്രൈസ് ഡെവലപ്മെന്റ് സെന്റർ (EDC)/ഇൻക്യുബേറ്റർ-കോ-

വർക്കിംഗ് സ്പേസ് എന്ന പേരിൽ സംരംഭകത്വ വികസന പരിശീലന കേന്ദ്രം പ്രവർത്തിച്ചുവരുന്നു.

7) സംസ്ഥാനത്ത് Life Science മേഖലയിൽ സംരഭകത്വവും തൊഴിൽ സാധ്യതയും ഉയർത്തുക എന്ന ലക്ഷ്യത്തോടെ നെയ്യാറ്റിൻകരയിൽ സ്ഥിതി ചെയ്യുന്ന Noorul Islam Institute of Medical Science (NIMS) & Research Foundation എന്ന സ്ഥാപനവുമായി ചേർന്ന് Life Science മേഖലയിൽ ഒരു മികവിന്റെ കേന്ദ്രം പ്രവർത്തിച്ചുവരുന്നു.

8) ഗ്രാമീണ മേഖലയിലെ യുവജനങ്ങൾക്ക് ലോകോത്തര നൈപുണ്യ പരിശീലനം കൂടുതൽ പ്രയോജനകരമായ രീതിയിൽ നൽകുന്നതിനായി കൗശൽ കേന്ദ്രകൾ രൂപീകരിച്ചിട്ടുണ്ട്. കൗശൽ കേന്ദ്രകൾ കൊല്ലം ജില്ലയിലെ ചവറയിലും പാലക്കാട് ജില്ലയിലെ കുറ്റനാട്ടും കോഴിക്കോട് ജില്ലയിലെ പാളയത്തും കാസർഗോഡ് ജില്ലയിലെ ബേഡഡുക്കയിലും പ്രവർത്തിച്ചുവരുന്നു. നൈപുണ്യ വികസനത്തിനായി പുതിയ ട്രെയിനിംഗ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി പെൻഷൻ**

**284 (1552) ശ്രീ. റോജി എം. ജോൺ:**

ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്കുള്ള പെൻഷന്റെ വിശദാംശം നൽകാമോ?

കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ അംഗമായി ചേരുന്ന തീയതി മുതൽ 60 വയസ്സ് വരെയുള്ള കാലയളവിൽ കുടിശ്ശികയില്ലാതെ അംശദായം അടയ്ക്കുന്ന സജീവ അംഗങ്ങൾക്കാണ് പെൻഷന് അർഹതയുള്ളത്. 60 വയസ്സ് പൂർത്തിയാക്കിയ മാസത്തിന്റെ പിറ്റേ മാസം 1-ാം തീയതി മുതലാണ് പെൻഷൻ അനുവദിക്കുന്നത്. നിലവിൽ പ്രതിമാസ പെൻഷൻ 1600/- രൂപയാണ്. കാലാകാലങ്ങളിൽ സർക്കാർ ഉത്തരവ് അനുസരിച്ച് പെൻഷൻ നിരക്കിൽ മാറ്റം വരുത്തുന്നുണ്ട്.

(ബി) പ്രസ്തുത പെൻഷൻ സമയബന്ധിതമായി നൽകുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

നിലവിൽ 2022 നവംബർ മാസം വരെയുള്ള പെൻഷനാണ് ബോർഡിൽനിന്നും വിതരണം നടത്തിയിട്ടുള്ളത്. ബോർഡിന്റെ തനത് ഫണ്ടിൽനിന്നാണ് പെൻഷൻ വിതരണം നടത്തുന്നത്. നിലവിൽ ബോർഡ് സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാലാണ് സമയബന്ധിതമായി പെൻഷൻ അനുവദിച്ചുനൽകാൻ സാധിക്കാത്തത്.

(സി) നിലവിൽ പെൻഷൻ നൽകാൻ കുടിശ്ശികയുണ്ടോ; എങ്കിൽ കുടിശ്ശിക അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. നിലവിൽ 8 മാസത്തെ (2022 ഡിസംബർ മാസം മുതൽ 2023 ജൂലൈ മാസം വരെ) പെൻഷൻ കുടിശ്ശിക നൽകാനുണ്ട്. ബോർഡിന്റെ പ്രധാന വരുമാന മാർഗ്ഗം ഗാർഹിക-വാണിജ്യ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ചെലവിന്റെ ഒരു ശതമാനം നിരക്കിൽ പിരിച്ചെടുക്കുന്ന സെസ്സ് തുകയാണ്. ബോർഡിന്റെ വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായും പെൻഷൻ കുടിശ്ശിക അടിയന്തരമായി നൽകുന്നതിന്റെ ഭാഗമായും സെസ് അദാലത്തുകൾ നടത്തി സെസ് തുക ഊർജ്ജിതമായി

പിരിച്ചുവരുന്നുണ്ട്. സെസ്സ് പിരിവ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി സെസ്സ് പിരിച്ചെടുക്കുന്നതിന് തീരുമാനമായിട്ടുണ്ട്.

**അന്താരാഷ്ട്ര ലേബർ കോൺക്ലേവ് നിർദ്ദേശങ്ങൾ**

**285 (1553)** ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 മേയ് മാസം നടന്ന അന്താരാഷ്ട്ര ലേബർ കോൺക്ലേവിൽ വ്യവസായ-തൊഴിലാളി സംഘടനകളും പ്രതിനിധികളും അക്കാദമിക് വിദഗ്ധരും തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് മുന്നോട്ടുവച്ച നിർദ്ദേശങ്ങളുടെ വിശദാംശങ്ങൾ അറിയിക്കാമോ?

അന്താരാഷ്ട്ര ലേബർ കോൺക്ലേവുമായി ബന്ധപ്പെട്ട് വിവിധ സെഷനുകളിലായാണ് ചർച്ചകളും പേപ്പർ പ്രസന്റേഷനുകളും നടന്നത്. പ്രസ്തുത സെഷനുകളുടെ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

Rights, legislation and social protection

Skilling and future forms of work

Internal migration and migrant workers rights

Care workers, scheme workers and domestic workers

Traditional industries: Problems of transition

Gig and platform workers welfare

Labour Statistics in India

മേൽ സെഷനുകളുമായി ബന്ധപ്പെട്ട വിഷയങ്ങളിന്മേലുള്ള ചർച്ചകളുടെയും പേപ്പറുകളുടെയും അടിസ്ഥാനത്തിൽ ഒരു കരട് റിപ്പോർട്ട് കേരള സംസ്ഥാന ആസൂത്രണ ബോർഡിൽ തയ്യാറാക്കി വരുന്നുണ്ട്.

(ബി) വകുപ്പിന്റെ ചുമതലയിൽ ഒരേ സ്വഭാവത്തിൽ പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡുകൾ സംയോജിപ്പിക്കുന്നതിന്, അതിലുണ്ടായ നിർദ്ദേശത്തെത്തുടർന്ന് സ്വീകരിച്ച നടപടികളും ഇപ്പോഴത്തെ പുരോഗതിയും വിശദമാക്കാമോ?

തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിച്ച് ആകെ ബോർഡുകളുടെ എണ്ണം 11 ആയി

കുറയ്ക്കുന്നതിന് 29-06-2020-ലെ സ.ഉ. (കൈ) നം. 35/2020/തൊഴിൽ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. കേരള കൈത്തറി ക്ഷേമനിധി ബോർഡ് ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡുമായും കേരള ആഭരണത്തൊഴിലാളി ക്ഷേമനിധി ബോർഡ് കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ബോർഡുമായും കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമ ബോർഡ് എന്നിവ ലേബർ വെൽഫെയർ ഫണ്ട് ബോർഡുമായും കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡുമായും സംയോജിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ബോർഡ് അമാൽഗമേഷനിൽ സമർപ്പിക്കുവാനുള്ള സംയോജിത കരട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

**അസംഘടിത മേഖലയിലെ തൊഴിൽ പ്രശ്നങ്ങൾ**

**286 (1554)** **ശ്രീ. സി. എച്ച്. കുഞ്ഞമ്പു:**
**ശ്രീ. കെ. ആൻസലൻ:**
**ശ്രീ. കെ. ജെ. മാക്സി:**
**ശ്രീ. ടി. ഐ. മധുസൂദനൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംഘടിത മേഖലയിലെ തൊഴിലാളികളെ ശാക്തീകരിക്കുന്നതിനായി വ്യത്യസ്ത കർമ്മ പദ്ധതികൾ ഏകോപിപ്പിച്ച് ഒറ്റ പദ്ധതിയായി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യ സംരക്ഷണ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി അവശതയനുഭവിക്കുന്ന മരംകയറ്റ തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതി, അസംഘടിത ദിവസവേതന തൊഴിലാളികൾക്കുള്ള ആശ്വാസ നിധി, അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യം എന്നീ മൂന്ന് വ്യത്യസ്ത കർമ്മ പദ്ധതികൾ ഏകോപിപ്പിച്ച് അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യ സംരക്ഷണം എന്ന ഒറ്റ പദ്ധതിയാക്കി നടപ്പിലാക്കിവരുന്നു.

കൂടാതെ കേരള ആർട്ടിസാൻസ് ക്ഷേമനിധി സ്കീം 2011, കേരള ഗാർഹിക തൊഴിലാളി ക്ഷേമനിധി സ്കീം 2011, കേരള പാചക തൊഴിലാളി

ക്ഷേമനിധി സ്കീം 2011, കേരള ബാർബർ & ബ്യൂട്ടീഷ്യൻ തൊഴിലാളി നിധി സ്കീം 2004, കേരള ക്ഷേത്ര തൊഴിലാളി ക്ഷേമനിധി സ്കീം 2011, കേരള അലക്ക് തൊഴിലാളി ക്ഷേമനിധി സ്കീം 2004 എന്നിവ ഏകോപിപ്പിച്ചുകൊണ്ട് 02-02-2016-ലെ സ.ഉ. (അച്ചടി) നം. 24/2016/തൊഴിൽ പ്രകാരം അസംഘടിത സാമൂഹ്യ സുരക്ഷാ പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

(ബി) അസംഘടിതരായ ദിവസവേതന തൊഴിലാളികൾ, മരംകയറ്റ തൊഴിലാളികൾ, അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾ എന്നീ വിഭാഗങ്ങൾക്ക് സഹായങ്ങൾ ലഭ്യമാക്കുന്നതിനായി പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശം നൽകാമോ?

അസംഘടിതരായ ദിവസവേതന തൊഴിലാളികൾ, മരംകയറ്റ തൊഴിലാളികൾ, അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾ എന്നീ വിഭാഗങ്ങളിൽ കേരള സംസ്ഥാന അസംഘടിത സാമൂഹ്യ സുരക്ഷാ ബോർഡിൽ അംഗത്വം നേടുന്ന അർഹരായവർക്ക് പദ്ധതി വിഭാവനം

ചെയ്യുന്ന എല്ലാ ആനുകൂല്യങ്ങളും അർഹതയ്ക്കനുസരിച്ച് പദ്ധതി വ്യവസ്ഥയ്ക്ക് വിധേയമായി നൽകിവരുന്നു. അസംഘടിത ദിവസവേതന തൊഴിലാളികൾക്കുള്ള ആശ്വാസനിധിയിൽനിന്നും ഏതെങ്കിലും തരത്തിലുള്ള ക്ഷേമ പദ്ധതികളിൽ ഉൾപ്പെട്ടിട്ടില്ലാത്തവരും എന്നാൽ ദിവസ വേതന തൊഴിലാളികളുടെ നിർവ്വചനത്തിൽ വരുന്നവരുമായ തൊഴിലാളികൾക്ക് തൊഴിലിനിടയിൽ അപകടത്തിൽ പരിക്കുപറ്റിയാൽ 2,000/- രൂപ ധനസഹായം നൽകിവരുന്നു. കേരള മരംകയറ്റ തൊഴിലാളി അവശതാ പെൻഷൻ പദ്ധതിവഴി അവശതയനുഭവിക്കുന്ന മരംകയറ്റ തൊഴിലാളികൾക്ക് പ്രതിമാസം 1,600/- രൂപ നിരക്കിൽ പെൻഷൻ അനുവദിക്കുന്നു. സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യം പദ്ധതിവഴി നിലവിൽ ബോർഡ് വിഹിതം ഉൾപ്പെടെ 15,000/- രൂപ വീതം ഒരോ സ്ത്രീ തൊഴിലാളികൾക്കും പ്രസവാനുകൂല്യമായി ലഭ്യമാക്കുന്നു.

2023-24 വർഷ ബഡ്ജറ്റിൽ അസംഘടിത സാമൂഹ്യ സുരക്ഷാ പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള 800.00 ലക്ഷം രൂപയിൽ 30 ലക്ഷം രൂപ അസംഘടിത ദിവസവേതന തൊഴിലാളികൾക്കുള്ള

ആശ്വാസനിധിക്കായും 270 ലക്ഷം രൂപ കേരള മരംകയറ്റ തൊഴിലാളി അവശതാ പെൻഷൻ പദ്ധതിക്കായും 5 കോടി രൂപ അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യം പദ്ധതിക്കായുമാണ് വകയിരുത്തിയിട്ടുള്ളത്. 07-07-2023-ലെ സ.ഉ.(സാധാ) നം. 842/2023/തൊഴിൽ പ്രകാരം മേൽ തുകയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് വഴി എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നത്; വിശദാംശം നൽകാമോ?

കേരള സംസ്ഥാന അസംഘടിത സാമൂഹ്യ സുരക്ഷാ ബോർഡിന് കീഴിൽ അംഗത്വം നിലനിർത്തുന്ന കാലയളവിൽ തൊഴിലാളികൾക്ക് ചികിത്സാനുകൂല്യം, പ്രസവാനുകൂല്യം, വിരമിക്കൽ ആനുകൂല്യം, വിവാഹ സഹായം, ശവസംസ്കാര ആനുകൂല്യം, ജോലി സംബന്ധമായ മരണസഹായം, അവശതാ പെൻഷൻ, കുടുംബ പെൻഷൻ, വിദ്യാഭ്യാസ ആനുകൂല്യം, മരണാനന്തരാനുകൂല്യം എന്നിവയും 60 വയസ്സ് പൂർത്തിയായി

പദ്ധതിയിൽനിന്ന് വിരമിക്കുന്നവർക്ക് വാർദ്ധക്യകാല ക്ഷേമം ഉറപ്പുവരുത്തുന്നതിന് സർക്കാർ അതത് കാലങ്ങളിൽ നിശ്ചയിക്കുന്ന ക്ഷേമപെൻഷൻ എന്നിവയും അനുവദിച്ചുവരുന്നു. പ്രസ്തുത ബോർഡുവഴി നൽകുന്ന ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

**തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നുള്ള പെൻഷൻ**

**287 (1555)** ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ വിഹിതം അടയ്ക്കുന്ന തൊഴിലാളികൾക്ക് എത്ര രൂപയാണ് റിട്ടയർമെന്റ് ആനുകൂല്യമായി നൽകുന്നത്; എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഇത് കണക്കാക്കുന്നത്; വിഹിതമായി അടച്ച തുകപോലും തിരികെ ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ അംഗമായിരുന്ന അംഗം അംശദായമായി നിധിയിൽ അടച്ചിട്ടുള്ള തുകയും അംശദായം അടച്ച

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തീയതികൾ കണക്കിലെടുത്ത് അംശദായ തുകയ്ക്ക് 5.5% പലിശയും ചേർത്ത തുകയുൾപ്പെടെയാണ് നിലവിൽ റിട്ടയർമെന്റ് ആനുകൂല്യമായി വിതരണം ചെയ്തുവരുന്നത്.

1995-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി പദ്ധതി, ഖണ്ഡിക 28 എ-യിലെ വ്യവസ്ഥ പ്രകാരമാണ് റിട്ടയർമെന്റ് ആനുകൂല്യം കണക്കാക്കുന്നത്. വിഹിതമായി അടച്ച തുകപോലും തിരികെ ലഭിക്കുന്നില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കൊറോണ കാലയളവിൽ അംശദായം ഓൺലൈനിൽ അടച്ചിരുന്നവർക്ക് ജില്ലാ ഓഫീസിൽ പുതുക്കാതിരുന്നതിനാൽ കുടിശ്ശികയുണ്ടെന്നുപറഞ്ഞ് പെൻഷനും മറ്റാനുകൂല്യങ്ങളും തടയപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇല്ല. കോവിഡ്-19 പ്രതിസന്ധിയുമായി ബന്ധപ്പെട്ട പ്രത്യേക സാഹചര്യം പരിഗണിച്ച് 2020 മാർച്ച് മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ അംശദായം കുടിശ്ശിക വരുത്തി അംഗത്വം നഷ്ടമായ റിട്ടയർമെന്റ് തീയതി കഴിഞ്ഞ തൊഴിലാളികളിൽനിന്നും കുടിശ്ശിക

ഈടാക്കി പെൻഷൻ അനുവദിക്കുന്നതിന് സർക്കാർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ, ബോർഡിൽനിന്നും ടി കാലയളവിലെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുള്ളതാണ്. കൂടാതെ, അംശദായ കുടിശ്ശിക വരുത്തുന്ന അംഗങ്ങളിൽനിന്നും കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി പദ്ധതി ഖണ്ഡിക 21എ (1), (2) പ്രകാരം ഈടാക്കേണ്ട പിഴ കോവിഡ് പ്രതിസന്ധി പരിഗണിച്ച് സർക്കാർ അനുമതിയുടെ അടിസ്ഥാനത്തിൽ 31-12-2021 വരെ ഒഴിവാക്കി നൽകുകയും ചെയ്തിരുന്നു.

**(സി) തുടക്കം മുതൽ അറുപത് വയസ്സുവരെ അംശദായം അടയ്ക്കുകയും അവസാനത്തെ ഒന്നോ രണ്ടോ മാസം കുടിശ്ശിക വരുത്തുകയും ചെയ്തവർക്ക് നിലവിൽ പെൻഷൻ അനുവദിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; ഇത് പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ?**

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ തുടക്കം മുതൽ അറുപത് വയസ്സുവരെ അംശദായം അടയ്ക്കുകയും അവസാനത്തെ ഒന്നോ രണ്ടോ മാസം കുടിശ്ശിക വരുത്തുകയും ചെയ്തവർക്ക് പെൻഷൻ അനുവദിക്കാതിരുന്നിട്ടില്ല.

(ഡി) പെൻഷൻ അപേക്ഷകൾ കാലതാമസം വരുത്താതെ പരിശോധിക്കുന്നതിനും അനുവദിക്കുന്നതിനും പ്രത്യേക സമയപരിധി നിശ്ചയിക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും 60 വയസ്സ് പൂർത്തിയായി റിട്ടയർ ചെയ്യുന്ന അംഗങ്ങൾ കൃത്യമായ രേഖകൾ സഹിതം യഥാസമയം ഓൺലൈനിൽ സമർപ്പിക്കുന്ന അപേക്ഷകളിൽ രേഖകളുടെ കൃത്യത ഉറപ്പാക്കി അതത് മാസം തന്നെ തീർപ്പാക്കിവരുന്നുണ്ട്.

(ഇ) വിധവകളും വികലാംഗരും ആയിട്ടുള്ള തയ്യൽ തൊഴിലാളികൾക്ക് വിധവ/വികലാംഗ പെൻഷനുകളോടൊപ്പം തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽനിന്നുള്ള പെൻഷൻകൂടി ലഭ്യമാക്കുന്നതിന് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുമോ?

വിധവകളും വികലാംഗരും ആയിട്ടുള്ള തയ്യൽ തൊഴിലാളികൾക്ക് വിധവ, വികലാംഗ പെൻഷനുകളോടൊപ്പം തയ്യൽ തൊഴിലാളി ക്ഷേമനിധി പെൻഷൻകൂടി ലഭ്യമാക്കുന്നതിന് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം പരിഗണനയിലില്ല. 23-09-2020-ലെ സ.ഉ.(കൈ) നമ്പർ

97/2020/ധന-യിലെ വ്യവസ്ഥ പ്രകാരം 06-02-2017-ന് മുൻപ് സാമൂഹ്യ സുരക്ഷാ പെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനും വാങ്ങിവരുന്നവർക്ക് ക്ഷേമനിധി ബോർഡ് പെൻഷൻ സാധാരണ നിരക്കിലും ഒരു സാമൂഹ്യ സുരക്ഷ പെൻഷൻ 600/- രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ട്. കൂടാതെ, വികലാംഗനായ വ്യക്തിക്ക് വികലാംഗ പെൻഷന് പുറമേ മറ്റൊരു സാമൂഹ്യ സുരക്ഷാ പെൻഷൻ/ക്ഷേമനിധി ബോർഡ് പെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കാനും അർഹതയുണ്ട്.

**ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ**

**288 (1556)** <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാനത്ത് തൊഴിൽ തേടിയെത്തുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് തൊഴിൽ തേടിയെത്തുന്ന അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യപരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് 2017 മുതൽ ആവാസ് പദ്ധതി

നിലവിലുണ്ട്. ടി പദ്ധതി പ്രകാരം 516320 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് മുഖേന നടത്തുന്ന കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൻ കീഴിൽ നിലവിൽ 164761 അതിഥി തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

സംസ്ഥാനത്ത് തൊഴിൽ തേടിയെത്തുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തുന്നതിനും അവരുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനുമായി തൊഴിൽ വകുപ്പ് "അതിഥി പോർട്ടൽ" പ്രാവർത്തികമാക്കിയിട്ടുണ്ട്. അതിലൂടെ സംസ്ഥാനത്തേയ്ക്ക് കുടിയേറുന്നതിന് മുമ്പുതന്നെ അതിഥി തൊഴിലാളികളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും സഹായിക്കുന്നു. തൊഴിലുടമക്കും കരാറുകാർക്കും തൊഴിലാളികളെ കണ്ടെത്തുന്നതിനും അവരവരുടെ തൊഴിലാളികളുടെ വിശദാംശങ്ങൾ സമർപ്പിക്കുന്നതിനും പോർട്ടലിലൂടെ സാധിക്കുന്നു. അതിഥി പോർട്ടൽ, മൊബൈൽ ആപ്ലിക്കേഷനാക്കുന്നതിനുള്ള അന്തിമ നടപടികൾ നടന്നുവരുന്നു.

(ബി) 1979-ലെ ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആൻഡ് കണ്ടീഷൻസ് ഓഫ് സർവീസ്) ആക്ട് പ്രകാരം ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള വ്യവസ്ഥകൾ നിലവിൽ നടപ്പാക്കുന്നുണ്ടോ; അത് ഫലപ്രദമാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ തൊഴിലും സേവന വ്യവസ്ഥകളും സംരക്ഷിക്കുന്നതിനുള്ള കേന്ദ്ര നിയമമായ 1979-ലെ ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആൻഡ് കണ്ടീഷൻസ് ഓഫ് സർവീസ്) ആക്ട് പ്രകാരമാണ് ഇതര സംസ്ഥാന തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം, രജിസ്ട്രേഷൻ എന്നിവയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും നിലവിൽ ചെയ്യുന്നത്. ടി നിയമപ്രകാരം അഞ്ചോ അതിലധികമോ ഇതരസംസ്ഥാന തൊഴിലാളികൾ ഒരു കോൺട്രാക്ടർ മുഖേന ജോലി ചെയ്യുന്ന എല്ലാ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുക്കേണ്ടത് നിർബന്ധമാണ്. അതുപോലെ ഇതരസംസ്ഥാന കുടിയേറ്റ തൊഴിലാളികളെ റിക്രൂട്ട് ചെയ്യുവാനോ നിയമിക്കുവാനോ നിർദ്ദേശിക്കുന്ന

ഓരോ കരാറുകാരനും ലൈസൻസും നേടേണ്ടതുണ്ട്. എന്നാൽ കോൺട്രാക്ടർ മുഖേനയല്ലാതെ ഒറ്റയ്ക്ക് വരുന്ന ഇതരസംസ്ഥാന കുടിയേറ്റ തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതിന് ആക്റ്റിൽ വ്യവസ്ഥയില്ല.

സംസ്ഥാനത്തേയ്ക്ക് ജോലി തേടിയെത്തുന്ന എല്ലാ ഇതരസംസ്ഥാന തൊഴിലാളികളെയും രജിസ്റ്റർ ചെയ്യിക്കുവാനും ടി തൊഴിലാളികൾക്ക് അർഹതപ്പെട്ട ക്ഷേമപദ്ധതികൾ നൽകുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള Inter State Migrant Workers (Registration and Welfare) Kerala Ordinance, സർക്കാരിന്റെ പരിഗണനയിലാണ്. ടി ഓർഡിനൻസ് കൊണ്ടുവരുന്നതിന്റെ ഉദ്ദേശ്യംതന്നെ ഇതരസംസ്ഥാന തൊഴിലാളികളെ നിർബന്ധമായി രജിസ്റ്റർ ചെയ്യിക്കുക എന്നുള്ളതാണ്.

(സി) സംസ്ഥാനത്ത് എത്ര ഇതര സംസ്ഥാന തൊഴിലാളികളുണ്ടെന്ന കണക്ക് തൊഴിൽ വകുപ്പിൽ ലഭ്യമാണോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

സംസ്ഥാനത്ത് ആവാസ് പദ്ധതി പ്രകാരവും കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരവും രജിസ്റ്റർ ചെയ്തിട്ടുള്ള ഇതര സംസ്ഥാന തൊഴിലാളികളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു+.

**അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ**

**289 (1557)** **ശ്രീ. സനീഷ്കുമാർ ജോസഫ്:**
**ശ്രീ. അൻവർ സാദത്ത്:**
**ശ്രീ. ടി. ജെ. വിനോദ്:**
**ശ്രീമതി ഉമ തോമസ്:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തതിനേക്കാൾ അധികം അതിഥി തൊഴിലാളികൾ ജോലി ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ കൃത്യമായി നടത്തുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് 2017-ൽ നിലവിൽ വന്ന ആവാസ് പദ്ധതി പ്രകാരം 516320 തൊഴിലാളികൾ രജിസ്റ്റർ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്തിട്ടുണ്ട്. കൂടാതെ കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് മുഖേന നടത്തുന്ന കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൻ കീഴിൽ നിലവിൽ 164761 അതിഥി തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ഇതരസംസ്ഥാന തൊഴിലാളികളുടെ തൊഴിൽ നിയന്ത്രിക്കുന്നതിനും അവരുടെ സേവന വ്യവസ്ഥകൾക്കുമായി നിലവിൽ കേന്ദ്ര നിയമമായ 1979-ലെ Interstate Migrant Workers (Regulation of Employment & Conditions of Services) Act നിലവിലുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം, രജിസ്ട്രേഷൻ എന്നിവയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും നിലവിൽ ചെയ്യുന്നത് മേൽ നിയമത്തിന്റെ അടിസ്ഥാനത്തിലാണ്. ടി നിയമപ്രകാരം അഞ്ചോ അതിലധികമോ ഇതരസംസ്ഥാന തൊഴിലാളികൾ ഒരു കോൺട്രാക്ടർ മുഖേന ജോലി ചെയ്യുന്ന എല്ലാ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുക്കേണ്ടത് നിർബന്ധമാണ്. അതുപോലെ ഇതരസംസ്ഥാന കുടിയേറ്റ തൊഴിലാളികളെ റിക്രൂട്ട് ചെയ്യാനോ നിയമിക്കുവാനോ നിർദ്ദേശിക്കുന്ന ഓരോ കരാറുകാരനും ലൈസൻസും

നേടേണ്ടതുണ്ട്. കോൺട്രാക്ടർ മുഖേനയല്ലാതെ ഒറ്റയ്ക്ക് എത്തുന്ന ഇതര സംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്യാൻ ആക്റ്റിൽ വ്യവസ്ഥയില്ല.

(സി) പ്രസ്തുത സംവിധാനം കാര്യക്ഷമമാണോയെന്ന് അറിയിക്കുമോ;

(ഡി) അതിഥി തൊഴിലാളികളുടെ വിവരങ്ങൾ ശേഖരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

(സി&ഡി) കാര്യക്ഷമമാണ്. അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യപരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് 2017 മുതൽ ആവാസ് പദ്ധതിയും കൂടാതെ കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് മുഖേന നടത്തുന്ന കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയും നിലവിലുണ്ട്. ആവാസ് പദ്ധതി പ്രകാരം 516320 തൊഴിലാളികളും തൊഴിലാളി ക്ഷേമപദ്ധതിയിൻ കീഴിൽ നിലവിൽ 164761 അതിഥി തൊഴിലാളികളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

മുൻവർഷങ്ങളിൽ നടന്ന പ്രളയത്തെയും കോവിഡ് മഹാമാരിയെയും തുടർന്ന് കേരളത്തിൽ ജോലി ചെയ്യുന്ന ഇതരസംസ്ഥാന

തൊഴിലാളികളെക്കുറിച്ച് കൃത്യമായ കണക്കുകൾ ലഭ്യമാകാതെ വന്നപ്പോഴാണ് കേരളത്തിൽ ജോലി ചെയ്യുന്ന ഇതരസംസ്ഥാന തൊഴിലാളികളെ വെബ്പോർട്ടൽ മുഖേന രജിസ്ട്രേഷൻ ചെയ്യുന്നത് നിർബന്ധമാക്കിയത്. സംസ്ഥാനത്തേയ്ക്ക് ജോലി തേടി എത്തുന്ന എല്ലാ ഇതരസംസ്ഥാന തൊഴിലാളികളെയും രജിസ്റ്റർ ചെയ്യിക്കുവാനും ടി തൊഴിലാളികൾക്ക് അർഹതപ്പെട്ട ക്ഷേമപദ്ധതികൾ നൽകുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള Inter State Migrant Workers (Registration and Welfare) Kerala Ordinance, സർക്കാർ പരിഗണനയിലാണ്. രജിസ്റ്റർ ചെയ്യാത്ത ഇതരസംസ്ഥാന തൊഴിലാളികൾക്കും തൊഴിൽ ദാതാവിനും ശിക്ഷാനടപടികളും ഉൾപ്പെടുത്തിയാണ് ടി ഓർഡിനൻസ് തയ്യാറാക്കിയിട്ടുള്ളത്. ഓർഡിനൻസ് കൊണ്ടുവരുന്നതിന്റെ ഉദ്ദേശംതന്നെ ഇതരസംസ്ഥാന തൊഴിലാളികളെ നിർബന്ധമായി രജിസ്റ്റർ ചെയ്യിക്കുക എന്നുള്ളതാണ്.

### അന്യസംസ്ഥാന തൊഴിലാളികൾ ക്രിമിനൽ കുറ്റങ്ങളിൽ ഉൾപ്പെടുന്നത്

**290 (1558)** ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാന തൊഴിലാളികൾ കൊലപാതകം ഉൾപ്പെടെയുള്ള ക്രിമിനൽ കുറ്റങ്ങളിൽ ഏർപ്പെടുന്നത് തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2016 മുതൽ നാളിതു വരെ നടന്ന കുറ്റകൃത്യങ്ങളിൽ എത്ര ഇതരസംസ്ഥാന തൊഴിലാളികൾ ഉൾപ്പെട്ടിട്ടുണ്ട്; വിശദമാക്കുമോ?

ഉണ്ട്. 2016 മുതൽ നാളിതുവരെ നടന്ന കുറ്റകൃത്യങ്ങളിൽ 8418 ഇതര സംസ്ഥാന തൊഴിലാളികൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന ഇതരസംസ്ഥാന തൊഴിലാളികളെ തിരിച്ചറിയുന്നതിനായി അവരുടെ എണ്ണമെടുക്കാനും തിരിച്ചറിയൽ രേഖകൾ നൽകാനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഇതര സംസ്ഥാന തൊഴിലാളികളുടെ പേരും മറ്റ് വിവരങ്ങളും അവർ താമസിച്ചുവരുന്ന കെട്ടിടയുടമയുടെയും ആരുടെ കീഴിലാണോ അവർ ജോലി ചെയ്യുന്നത് തുടങ്ങിയ വിവരങ്ങളും പോലീസ് സ്റ്റേഷനുകളിലെ Migrant Labour Register-ൽ രേഖപ്പെടുത്തുകയും കൂടാതെ ടി ആളുകളുടെ മേൽവിലാസങ്ങൾ, ആധാർ കാർഡ്, തിരിച്ചറിയൽ കാർഡ് വിവരങ്ങൾ ഡാറ്റാ ഷീറ്റിൽ രേഖപ്പെടുത്തി പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിച്ചുവരുകയും

ചെയ്യുന്നുണ്ട്. ടി ആളുകൾക്ക് ക്രിമിനൽ പശ്ചാത്തലമുണ്ടോയെന്ന് മനസ്സിലാക്കാൻ Inter-operable Criminal Justice System (ICJS) സംവിധാനം ഉപയോഗിച്ച് പരിശോധിച്ചുവരുന്നതാണ്. കൂടാതെ ജനമൈത്രി പോലീസുദ്യോഗസ്ഥരും സ്പെഷ്യൽ ബ്രാഞ്ച് പോലീസുദ്യോഗസ്ഥരും അതിഥി തൊഴിലാളികൾ താമസിക്കുന്ന ഇടങ്ങൾ സന്ദർശിച്ച് സ്ഥിതി വിവരങ്ങൾ നിരീക്ഷിച്ചുവരികയും പരിശോധനകൾ നടത്തിവരികയും ചെയ്യുന്നുണ്ട്. സംശയിക്കുന്നവരുടെ വിരലടയാളങ്ങൾ ശേഖരിച്ചും പരിശോധന നടത്തിവരുന്നുണ്ട്.

അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് 2017 മുതൽ നിലവിലുള്ള "ആവാസ്" പദ്ധതി പ്രകാരം 516320 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിഥി തൊഴിലാളികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും രജിസ്ട്രേഷൻ പ്രാവർത്തികമാക്കുന്നതിനുമായി തൊഴിൽ വകുപ്പ് "അതിഥി പോർട്ടൽ" പ്രാവർത്തികമാക്കിയിട്ടുണ്ട്. സംസ്ഥാനത്തേയ്ക്ക് ജോലി തേടിയെത്തുന്ന എല്ലാ ഇതരസംസ്ഥാന തൊഴിലാളികളെയും രജിസ്റ്റർ

ചെയ്യിക്കുവാനും ടി തൊഴിലാളികൾക്ക് അർഹതപ്പെട്ട ക്ഷേമപദ്ധതികൾ നൽകുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള Inter State Migrant Workers (Registration and Welfare) Kerala Ordinance സർക്കാർ പരിഗണനയിലാണ്. ഓർഡിനൻസ് കൊണ്ടുവരുന്നതിന്റെ ഉദ്ദേശ്യംതന്നെ ഇതരസംസ്ഥാന തൊഴിലാളികളെ നിർബന്ധമായി രജിസ്റ്റർ ചെയ്യിക്കുക എന്നുള്ളതാണ്.

(സി) ഇതരസംസ്ഥാന തൊഴിലാളികൾക്ക് പോലീസ് ക്ലിയറൻസും രജിസ്ട്രേഷനും നിർബന്ധമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കേരളത്തിൽ ജോലി ചെയ്യുന്നതിന് ഇവ നിർബന്ധമാക്കുമോ?

ഇല്ല. Inter State Migrant Workers (Registration and Welfare) Kerala Ordinance നിലവിൽ വരുന്നതുവഴി രജിസ്ട്രേഷൻ നിർബന്ധിതമാക്കാൻ സാധിക്കും. പോലീസ് ക്ലിയറൻസ് നിർബന്ധമാക്കുന്ന വിഷയം തൊഴിൽ വകുപ്പിന്റെ പരിഗണനയിലില്ല.

(ഡി) ജോലിക്കായി ഇവരെ കൊണ്ടുവരുന്ന ഏജന്റുമാർ, കോൺട്രാക്ടർമാർ എന്നിവർ തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ

ബന്ധപ്പെട്ട ലേബർ കമ്മീഷണർക്കും പോലീസ് സ്റ്റേഷനിലും റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ചവരുത്തിയാൽ അവർക്കെതിരെ നിയമ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഇതരസംസ്ഥാന തൊഴിലാളികളുടെ തൊഴിൽ നിയന്ത്രിക്കുന്നതിനും അവരുടെ സേവന വ്യവസ്ഥകൾക്കുമായി നിലവിലുള്ള 1979-ലെ Interstate Migrant Workers (Regulation of Employment & Conditions of Services) Act പ്രകാരമാണ് ഇതര സംസ്ഥാന തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം, രജിസ്ട്രേഷൻ എന്നിവയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും നിലവിൽ ചെയ്തുവരുന്നത്. ടി നിയമപ്രകാരം അഞ്ചോ അതിലധികമോ ഇതരസംസ്ഥാന തൊഴിലാളികൾ ഒരു കോൺട്രാക്ടർ മുഖേന ജോലി ചെയ്യുന്ന എല്ലാ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുക്കേണ്ടത് നിർബന്ധമാണ്. അതുപോലെ ഇതരസംസ്ഥാന കുടിയേറ്റ തൊഴിലാളികളെ റിക്രൂട്ട് ചെയ്യാനോ നിയമിക്കുവാനോ നിർദ്ദേശിക്കുന്ന ഓരോ കരാറുകാരനും ലൈസൻസും നേടേണ്ടതുണ്ട്. അതിൽ വീഴ്ചവരുത്തുന്നവർക്കെതിരെ നിയമപ്രകാരം നടപടി സ്വീകരിക്കാൻ സാധിക്കും. തൊഴിലാളികളെ സംബന്ധിച്ച

വിവരങ്ങൾ പോലീസ് സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്യാൻ നിയമം അനുശാസിക്കുന്നില്ല.

(ഇ) ഇതരസംസ്ഥാന തൊഴിലാളികളുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ, പോലീസ് ക്ലിയറൻസ്, തിരിച്ചറിയൽ രേഖ ഇല്ലാത്തവരെ മടക്കി അയയ്ക്കൽ, തൊഴിലാളികളെ കൊണ്ടുവരുന്നത് ബന്ധപ്പെട്ട വകുപ്പുകളിൽ റിപ്പോർട്ട് ചെയ്യൽ, ആയതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കൽ തുടങ്ങിയ കാര്യങ്ങൾ കൃത്യമായി നടപ്പിലാക്കുന്നതിനായി നിയമനിർമ്മാണം പരിഗണിക്കുമോ; വെളിപ്പെടുത്തുമോ?

സംസ്ഥാനത്തേയ്ക്ക് ജോലി തേടിയെത്തുന്ന എല്ലാ ഇതരസംസ്ഥാന തൊഴിലാളികളെയും രജിസ്റ്റർ ചെയ്യിക്കാനും ടി തൊഴിലാളികൾക്ക് അർഹതപ്പെട്ട ക്ഷേമപദ്ധതികൾ നൽകുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള Inter State Migrant Workers (Registration and Welfare) Kerala Ordinance സർക്കാർ പരിഗണനയിലാണ്. രജിസ്റ്റർ ചെയ്യാത്ത ഇതരസംസ്ഥാന തൊഴിലാളികൾക്കും തൊഴിൽ ദാതാവിനും ശിക്ഷാ വ്യവസ്ഥ ഉൾപ്പെടുത്തിയാണ് ടി ഓർഡിനൻസ് തയ്യാറാക്കിയിട്ടുള്ളത്. ഓർഡിനൻസ്

കൊണ്ടുവരുന്നതിന്റെ ഉദ്ദേശ്യംതന്നെ ഇതരസംസ്ഥാന തൊഴിലാളികളെ നിർബന്ധമായി രജിസ്റ്റർ ചെയ്യിക്കുക എന്നുള്ളതാണ്. പോലീസ് ക്ലിയറൻസ്, തിരിച്ചറിയൽ രേഖ ഇല്ലാത്തവരെ മടക്കി അയയ്ക്കൽ, തൊഴിലാളികളെ കൊണ്ടുവരുന്നത് ബന്ധപ്പെട്ട വകുപ്പുകളിൽ റിപ്പോർട്ട് ചെയ്യൽ, അതിൽവീഴ്ച വരുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കൽ തുടങ്ങിയ കാര്യങ്ങൾ നടപ്പിലാക്കുന്നതിനായി നിയമനിർമ്മാണം തൊഴിൽ വകുപ്പിന്റെ പരിഗണനയിലില്ല.

**സംസ്ഥാനത്തെ അതിഥി തൊഴിലാളികളുടെ വിവര ശേഖരണം**

**291 (1559)** **<u>ശ്രീമതി ഉമ തോമസ്</u>:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

**(എ) തൊഴിൽ വകുപ്പ് എന്നുമുതലാണ് അതിഥി തൊഴിലാളികളുടെ വിവരശേഖരണം ആരംഭിച്ചതെന്നും അതിഥി തൊഴിലാളികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിന് എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും എന്തൊക്കെ വിവരങ്ങളാണ് ശേഖരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?**

അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യപരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് 2017 നവംബർ 1-ന് “ആവാസ്”

എന്ന പേരിൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നിലവിൽ വന്നു. ടി പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത 516320 അതിഥി തൊഴിലാളികളുടെ ജില്ല തിരിച്ചുള്ള എണ്ണം, സംസ്ഥാനം തിരിച്ചുള്ള വിവരം, ജെൻഡർ അടിസ്ഥാനത്തിലുള്ള വിവരം എന്നിവ ലഭ്യമാണ്. അതിഥി തൊഴിലാളികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും രജിസ്ട്രേഷൻ പ്രാവർത്തികമാക്കുന്നതിനുമായി തൊഴിൽ വകുപ്പ് "അതിഥി പോർട്ടൽ" പ്രാവർത്തികമാക്കിയിട്ടുണ്ട്. നിലവിൽ എല്ലാ വകുപ്പുകളുമായി ഏകോപിപ്പിച്ചുകൊണ്ട് ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്കേഴ്സിന്റെ വിവര ശേഖരണത്തിനായി ഒരു കേന്ദ്രീകൃത പോർട്ടൽ എന്ന രീതിയിലാണ് അതിഥി പോർട്ടൽ വികസിപ്പിച്ചിട്ടുള്ളത്. ആയതിലൂടെ സംസ്ഥാനത്തേയ്ക്ക് കുടിയേറുന്നതിന് മുമ്പുതന്നെ അതിഥി തൊഴിലാളികളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും തൊഴിലുടമയ്ക്കും കരാറുകാർക്കും തൊഴിലാളികളെ കണ്ടെത്തുന്നതിനും അവരവരുടെ തൊഴിലാളികളുടെ വിശദാംശങ്ങൾ സമർപ്പിക്കുന്നതിനും ടി പോർട്ടലിലൂടെ സാധിക്കുന്നു. ടി പോർട്ടൽ മുഖേന അതിഥി തൊഴിലാളികൾക്ക് നേരിട്ടും കോൺട്രാക്ടർമാർ/എംപ്ലോയർമാർ വഴിയും രജിസ്ട്രേഷൻ

നടത്താവുന്നതാണ്. രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി "അതിഥി ആപ്പ്" എന്ന ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിന്റെ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.

(ബി) വകുപ്പിന്റെ വിവരശേഖരണത്തിൽ ക്രിമിനൽ പശ്ചാത്തലമുള്ള അതിഥി തൊഴിലാളികളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ?

ആവാസ് പദ്ധതി പ്രകാരമുള്ള അതിഥി തൊഴിലാളികളുടെ വിവര ശേഖരണത്തിൽ ക്രിമിനൽ പശ്ചാത്തലം സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിട്ടില്ല.

**ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും നിയന്ത്രണവും സംബന്ധിച്ച നടപടികൾ**

**292 (1560)** ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ എറണാകുളം പെരുമ്പാവൂരിൽ ജിഷ എന്ന പെൺകുട്ടി ഇതര സംസ്ഥാന തൊഴിലാളിയാൽ കൊല്ലപ്പെട്ട സാഹചര്യത്തിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും നിയന്ത്രണവും സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് പ്രഖ്യാപിച്ചിരുന്നത്; വിശദമാക്കാമോ?

2016 ജൂൺ മാസത്തിലെ ഗവർണേഴ്സ് സ്പീച്ചിൽ സംസ്ഥാനത്തിന്റെ തൊഴിൽ ശക്തിയുടെ പ്രധാന ഭാഗമായിരിക്കുന്ന അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളികളെ തിരിച്ചറിയുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനും നടപടികൾ ആരംഭിക്കുമെന്നും അവർക്കുവേണ്ടി 'ആവാസ്' (AAWAZ) എന്നൊരു പുതിയ പദ്ധതി, ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതായും കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമത്തിനും നിയന്ത്രണത്തിനുമായി ഒരു സമഗ്ര നിയമനിർമ്മാണം കൊണ്ടുവരുമെന്നും പ്രഖ്യാപിച്ചിരുന്നു. അതിൻപ്രകാരവും ജിഷ കൊലപാതകത്തിന്റെ സാഹചര്യത്തിലും ഇതരസംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷനും ആരോഗ്യ ഇൻഷ്വറൻസും ഏർപ്പെടുത്തുന്നതിനായി തൊഴിൽ വകപ്പിനുകീഴിൽ 2017 മുതൽ ആവാസ് എന്ന പേരിൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം 2022 ആഗസ്റ്റ് 31 വരെ 516320 അതിഥി തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ, തൊഴിൽ മാനദണ്ഡങ്ങൾ, തിരിച്ചറിയൽ രേഖകൾ എന്നിവ സംബന്ധിച്ച് നിലവിൽ എന്തൊക്കെ വിവരങ്ങളാണ് കൈവശമുള്ളത്; ഇവ സൂക്ഷിക്കുന്നതിനായി എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് തൊഴിൽ തേടിയെത്തുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ ഇൻഷ്വറൻസും ലക്ഷ്യം വച്ചുകൊണ്ട് തൊഴിൽ വകുപ്പിനുകീഴിൽ 2017 മുതൽ ആവാസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2022 ആഗസ്റ്റ് 31 വരെ 516320 അതിഥി തൊഴിലാളികൾ ടി പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആധാർ, പാൻ കാർഡ്, വോട്ടേഴ്സ് ഐ.ഡി., ബാങ്ക് പാസ്സ് ബുക്ക് തുടങ്ങിയ എതെങ്കിലും തിരിച്ചറിയൽ രേഖകൾ, അതിഥിതൊഴിലാളികളിൽനിന്നും സ്വീകരിക്കുന്ന വ്യക്തിഗത വിവരങ്ങൾ, അവരുടെ ബയോമെട്രിക് വിവരങ്ങൾ എന്നിവ ആവാസ് പദ്ധതിയിൻ കീഴിൽ ശേഖരിച്ചിട്ടുണ്ട്. അതിഥി തൊഴിലാളികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും രജിസ്ട്രേഷൻ പ്രാവർത്തികമാക്കുന്നതിനുമായി തൊഴിൽ വകപ്പ് അതിഥി പോർട്ടൽ

പ്രാവർത്തികമാക്കിയിട്ടുണ്ട്. അതിലൂടെ സംസ്ഥാനത്തേയ്ക്ക് കുടിയേറുന്നതിനുമുമ്പുതന്നെ ടി തൊഴിലാളികളുടെ വ്യക്തിപരവും തൊഴിൽപരവുമായ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും സഹായിക്കുന്നു. തൊഴിലുടമയ്ക്കും കരാറുകാർക്കും തൊഴിലാളികളെ കണ്ടെത്തുന്നതിനും അവരവരുടെ തൊഴിലാളികളുടെ വിശദാംശങ്ങൾ സമർപ്പിക്കുന്നതിനും പോർട്ടലിലൂടെ സാധിക്കുന്നു. ടി പോർട്ടൽ മൊബൈൽ ആപ്ലിക്കേഷനാക്കുന്നതിനുള്ള അന്തിമ നടപടികൾ നടന്നുവരുന്നു. 07-08-2023 മുതൽ സംസ്ഥാന വ്യാപകമായി അതിഥി പോർട്ടൽ രജിസ്ട്രേഷൻ നടന്നുവരുന്നു. 23-08-2023 വരെ 61349 തൊഴിലാളികളെ അതിഥി പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്തിട്ടുണ്ട്. മേൽ വിവരങ്ങൾ State Data Centre-ൽ സൂക്ഷിക്കുന്നു.

(സി) സംസ്ഥാനത്ത് ആകെ എത്ര ഇതര സംസ്ഥാന തൊഴിലാളികളാണ് നിലവിലുള്ളത്; ഇവർ ഏതൊക്കെ സംസ്ഥാനങ്ങളിൽനിന്നുള്ളവരാണ്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ആവാസ് പദ്ധതി പ്രകാരം 516320 അതിഥി തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൻ കീഴിൽ നിലവിൽ 164761 അതിഥി തൊഴിലാളികളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവരുടെ ജില്ല തിരിച്ചുള്ള കണക്കും സംസ്ഥാനം തിരിച്ചുള്ള കണക്കും അനുബന്ധമായി ചേർക്കുന്നു+.

(ഡി) ഇതര സംസ്ഥാന തൊഴിലാളികൾക്കായി പുതിയ നിയമനിർമ്മാണവും പുതിയ ആപ്പും പുറത്തിറക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ എന്തൊക്കെയായിരിക്കും പ്രസ്തുത നിയമത്തിലും ആപ്പിലും ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന പ്രധാന കാര്യങ്ങളെന്ന് വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്തേയ്ക്ക് ജോലി തേടിയെത്തുന്ന എല്ലാ ഇതരസംസ്ഥാന തൊഴിലാളികളെയും രജിസ്റ്റർ ചെയ്യിക്കുവാനും ടി തൊഴിലാളികൾക്ക് അർഹതപ്പെട്ട ക്ഷേമപദ്ധതികൾ നൽകുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള Inter State Migrant Workers (Registration and Welfare) Kerala Ordinance പുറപ്പെടുവിക്കുന്ന വിഷയം സർക്കാർ പരിഗണനയിലാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അതിഥി തൊഴിലാളികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും രജിസ്ട്രേഷൻ പ്രാവർത്തികമാക്കുന്നതിനുമായി തൊഴിൽ വകുപ്പ് പ്രാവർത്തികമാക്കിയിട്ടുള്ള അതിഥി പോർട്ടൽ, മൊബൈൽ ആപ്ലിക്കേഷനാക്കുന്നതിനുള്ള അന്തിമ നടപടികൾ നടന്നുവരുന്നു.

**അതിഥി തൊഴിലാളികളുടെ വിവരശേഖരണത്തിനായി മൊബൈൽ ആപ്പ്**

**293 (1561)** ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിഥി തൊഴിലാളികളുടെ വിവരശേഖരണത്തിനായി മൊബൈൽ ആപ്പ് ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; പ്രസ്തുത തീരുമാനമെടുത്തത് എന്നാണ്; നാളിതുവരെ ഇക്കാര്യത്തിൽ എന്തൊക്കെ തുടർനടപടി സ്വീകരിച്ചിട്ടുണ്ട്; മൊബൈൽ ആപ്പ് എന്നത്തേയ്ക്ക് പ്രവർത്തനസജ്ജമാക്കാൻ സാധിക്കും; എന്തൊക്കെ വിവരശേഖരണമാണ് നടത്തുന്നത്; വ്യക്തമാക്കുമോ?

ഉണ്ട്. കോവിഡ് മഹാമാരിയെത്തുടർന്ന് കേരളത്തിൽ ജോലി ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികളെക്കുറിച്ച് കൃത്യമായ കണക്കുകൾ ലഭ്യമാകാതെ വന്നപ്പോൾ 2020-ലാണ് ടി തൊഴിലാളികളുടെ

രജിസ്ട്രേഷനായി ഒരു മൊബൈൽ പോർട്ടൽ വികസിപ്പിക്കാൻ തീരുമാനമെടുത്തത്. അതിഥി തൊഴിലാളികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും രജിസ്ട്രേഷൻ പ്രാവർത്തികമാക്കുന്നതിനുമായി തൊഴിൽ വകുപ്പ് "അതിഥി പോർട്ടൽ" പ്രാവർത്തികമാക്കിയിട്ടുണ്ട്. ടി പോർട്ടൽ, മൊബൈൽ ആപ്ലിക്കേഷനാക്കുന്നതിനുള്ള അന്തിമ നടപടികൾ നടന്നുവരുന്നു.

(ബി) അതിഥിത്തൊഴിലാളികളുടെ ബയോമെട്രിക് വിവരങ്ങൾ അവരുടെ ആധാർ ഉൾപ്പെടെയുള്ള തിരിച്ചറിയൽ രേഖകളുമായി താരതമ്യം ചെയ്ത് ആധികാരികത ഉറപ്പാക്കുന്നതിന് മൊബൈൽ ആപ്പിൽ സംവിധാനമുണ്ടോ; വിശദാംശം നൽകുമോ?

നിലവിൽ സംവിധാനമില്ല. തൊഴിലാളികളുടെ വ്യക്തിഗത വിവരങ്ങൾ ആധാർ ഉൾപ്പെടെയുള്ള രേഖകളുമായി പരിശോധിച്ച് ഉറപ്പുവരുത്തിയാണ് രജിസ്ട്രേഷൻ അനുവദിക്കുന്നത്.

(സി) അതിഥിത്തൊഴിലാളികൾ എന്ന വ്യാജേന അയൽ രാജ്യങ്ങളിൽ നിന്നുള്ളവർപോലും സംസ്ഥാനത്ത് എത്തിച്ചേരുന്നതായി റിപ്പോർട്ടുകളുള്ള

സാഹചര്യത്തിൽ തിരിച്ചറിയൽ രേഖകൾ ഓൺലൈനായി വെരിഫിക്കേഷൻ നടത്താൻ സാധിക്കുന്ന രീതിയിൽ തൊഴിലാളികളുടെ വിവരശേഖരണം നടത്തുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ; വിശദാംശം നൽകുമോ?

അതിഥിത്തൊഴിലാളി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് NIC രൂപീകരിച്ച അതിഥി പോർട്ടലിലൂടെ സംസ്ഥാന വ്യാപകമായി അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ നടപ്പിലാക്കിവരുന്നു. അതിഥി തൊഴിലാളി ക്യാമ്പുകൾ, വർക്ക് സൈറ്റുകൾ, കെട്ടിടങ്ങൾ എന്നിവിടങ്ങൾ സന്ദർശിച്ച് തൊഴിലാളികളുടെ വിവരങ്ങൾ നേരിട്ട് പരിശോധിച്ച് രജിസ്ട്രേഷൻ ചെയ്യുന്ന നടപടികളാണ് നിലവിൽ ചെയ്തുവരുന്നത്. പ്രസ്തുത പോർട്ടലിൽ അതിഥി തൊഴിലാളികളുടെ വെരിഫിക്കേഷൻ ഓൺലൈനായി നടത്താൻ നിലവിൽ സംവിധാനമില്ല.

**എംപ്ലോയ്മെന്റ് ഓഫീസ് പ്രവർത്തനം**

**294 (1562)** <u>ശ്രീ. കെ. യു. ജനീഷ് കുമാർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി താലൂക്ക് കേന്ദ്രമാക്കി എംപ്ലോയ്മെന്റ് ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ കോന്നി ആസ്ഥാനമാക്കി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കാൻ കഴിയില്ല.

(ബി) കോന്നിയിൽ അനുവദിച്ച കൗശൽ കേന്ദ്രത്തിന്റെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നും ആദ്യഘട്ടത്തിൽ ഏതൊക്കെ കോഴ്സുകളാണ് ആരംഭിക്കുന്നതെന്നും വിശദീകരിക്കാമോ?

നിർമ്മാണ പ്രവർത്തനങ്ങൾ ജൂൺ മാസം ആരംഭിച്ച് ദ്രുതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കും. പ്രാദേശിക പരിഗണനകൾകൂടി കണക്കിലെടുത്ത് അഭ്യസ്തവിദ്യരായ യുവാക്കൾക്ക് നിലവിൽ കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമായിട്ടുള്ള വ്യാവസായിക സേവന രംഗങ്ങൾക്കിണങ്ങുന്ന തൊഴിൽ പരിശീലന പരിപാടികൾ കോന്നി കൗശൽ കേന്ദ്രയിലൂടെ നടപ്പിലാക്കാനുദ്ദേശിക്കുന്നു.

**തൊഴിൽ മേഖലയിലെ മിനിമം വേതനം**

**295 (1563)** **ശ്രീ. ഡി. കെ. മുരളി:**

ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിൽ തൊഴിലാളികൾക്ക് ഏറ്റവും ഉയർന്ന കൂലി ലഭിക്കുന്ന സംസ്ഥാനമെന്ന റിസർവ് ബാങ്കിന്റെ അംഗീകാരം കേരളത്തിന് ലഭിച്ചിട്ടുണ്ടോ; നിർമ്മാണ, കാർഷിക, കാർഷികേതര മേഖലകളിലും കൂടുതൽ വേതനം ലഭിക്കുന്ന സംസ്ഥാനമായി കേരളത്തെ അംഗീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. 19-11-2022-ൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ച "Handbook of Statistics on Indian States, 2021-22” പ്രകാരം കേരളത്തിൽ ജോലി ചെയ്യുന്ന നിർമ്മാണ തൊഴിലാളികളുടെ ശരാശരി പ്രതിദിന വേതനം 837.30 രൂപയായും കാർഷിക മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ശരാശരി പ്രതിദിന വേതനം 726.80 രൂപയായും കാർഷികേതര മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ശരാശരി പ്രതിദിന വേതനം 681.80 രൂപയായും രേഖപ്പെടുത്തിയിട്ടുണ്ട്. ടി തുക മറ്റ്

സംസ്ഥാനങ്ങളിലെ തൊഴിലാളികൾക്ക് നൽകിവരുന്ന പ്രതിദിന വേതനത്തേക്കാൾ ഉയർന്ന നിരക്കിലാണ്. കൂടാതെ, ദേശീയ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ തൊഴിലാളികൾക്ക് നൽകുന്ന കൂലി ഇരട്ടിയിലധികവുമാണ്. പ്രസ്തുത വിവരം വിലയിരുത്തി രാജ്യത്ത് തൊഴിലാളികൾക്ക് ഏറ്റവും കൂടുതൽ ദിവസ വേതനം നൽകുന്ന സംസ്ഥാനമായി കേരളത്തെ കണക്കാക്കപ്പെട്ടിരിക്കുന്നു. ദേശീയ തലത്തിൽ അംഗീകാരത്തിന് പ്രാപ്തമാകുന്ന നിലയിൽ സംസ്ഥാനത്ത് തൊഴിൽ മേഖലയെ മാറ്റുക എന്ന ലക്ഷ്യത്തിലേയ്ക്കായി സംസ്ഥാനത്തെ 87 തൊഴിൽ മേഖലകളെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തുകയും അതിൽ 85 മേഖലകളുടെ മിനിമം വേതനം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഏതെല്ലാം തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്; ഏതെല്ലാം മേഖലകളിൽ വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?

മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ 87 തൊഴിൽ മേഖലകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ 85 തൊഴിൽ മേഖലകളിൽ മിനിമം വേതനം

നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി തൊഴിൽ മേഖലകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

മിനിമം വേതനം നിശ്ചയിച്ച 85 തൊഴിൽ മേഖലകളിൽ 72 മേഖലകളുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. മിനിമം വേതനം പുതുക്കി നിശ്ചയിച്ച തൊഴിൽ മേഖലകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു+.

**പെരിങ്ങോം ഗവൺമെന്റ് ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണം**

**296 (1564)** <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഗവൺമെന്റ് ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണത്തിൽ ബാക്കിയുണ്ടായിരുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാൻ ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത എസ്റ്റിമേറ്റിന് ഈ സാമ്പത്തിക വർഷം ഭരണാനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) ഉണ്ട്. എന്നാൽ ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണത്തിന്റെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് മുഴുവൻ ജോലിയുടെയും പുതുക്കിയ എസ്റ്റിമേറ്റ് ഏറ്റവും ഉചിതമായ നിരക്കിൽ (നടപ്പിലാക്കിയ ജോലികൾക്ക് മുൻപ് സമ്മതിച്ചിരുന്ന നിരക്കിലും ബാക്കിയുള്ള പ്രവൃത്തികൾക്ക് DSoR നിരക്കിലും) എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുവാനായി PWD ചീഫ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന വിഷയം പരിശോധിക്കുന്നതാണ്.

**തിരുവമ്പാടി ഗവൺമെന്റ് ഐ.ടി.ഐ.-ക്ക് പുതിയ കെട്ടിടം**

**297 (1565)** <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന തിരുവമ്പാടി ഗവൺമെന്റ് ഐ.ടി.ഐ. പുതുതായി നിർമ്മിക്കുന്ന കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിലേയ്ക്കായി ഫണ്ട് അനുവദിക്കുന്നതിനുള്ള നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ:

(ബി) ഐ.ടി.ഐ. മാറ്റി സ്ഥാപിക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) നിലവിൽ തിരുവമ്പാടി ഐ.ടി.ഐ.-യുടെ കെട്ടിടനിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. തിരുവമ്പാടി ഐ.ടി.ഐ.-യുടെ കെട്ടിടനിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് പുതിയ കെട്ടിടത്തിലേയ്ക്ക് മാറുന്നതിനുള്ള ഫണ്ട് അനുവദിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**പേരാമ്പ്ര ഐ.ടി.ഐ. കെട്ടിട നിർമ്മാണം**

**298 (1566)** ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ മുതുകാട് പേരാമ്പ്ര ഐ.ടി.ഐ.-യ്ക്കുവേണ്ടി സ്ഥലം ഏറ്റെടുത്തതും തറക്കല്ലിട്ടതും ഏതൊക്കെ തീയതികളിലാണെന്ന് വ്യക്തമാക്കാമോ?

പേരാമ്പ്ര ഐ.ടി.ഐ.-യ്ക്കുവേണ്ടി 23-11-2019-ന് സ്ഥലം ഏറ്റെടുക്കുകയും 06-02-2021-ന് കെട്ടിട നിർമ്മാണത്തിന് തറക്കല്ലിടുകയും ചെയ്തു.

(ബി) ഐ.ടി.ഐ. കെട്ടിടത്തിന്റെ ടെൻഡർ നടപടി പൂർത്തീകരിച്ചത് എന്നാണ്?

കെട്ടിടനിർമ്മാണത്തിന്റെ ടെൻഡർ നടപടികൾ 22-08-2022-ന് പൂർത്തീകരിച്ചു.

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ;

(ഡി) പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

(സി&ഡി) കെട്ടിട നിർമ്മാണം നടത്തേണ്ട സ്ഥലത്ത് നിർമ്മാണ പ്രവൃത്തികൾക്ക് തടസ്സമായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുവാൻ കഴിയാത്തതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ഇതുവരെയും ആരംഭിച്ചിട്ടില്ല. പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിക്ഷിപ്തമായതിനാൽ മരങ്ങൾ മുറിച്ചുമാറ്റുന്നതിലേയ്ക്കായി റവന്യൂ വകുപ്പിന് അപേക്ഷ സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 22-11-2022, 09-12-2022, 30-12-2022 തീയതികളിൽ റവന്യൂ അധികാരികൾ പരസ്യ ലേലം നടത്തിയെങ്കിലും സോഷ്യൽ ഫോറസ്ട്രി വകുപ്പ് നിശ്ചയിച്ച അടിസ്ഥാന വിലയ്ക്ക് ലേലം കൊള്ളാൻ ലേലത്തിൽ പങ്കെടുത്തവരാരും

തയ്യാറാകാത്തതിനാൽ ലേലം ഉറപ്പിക്കാൻ സാധിച്ചിട്ടില്ല. ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ലെങ്കിൽ പ്രവൃത്തി എപ്പോൾ തുടങ്ങുമെന്നും എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കാമോ?

കെട്ടിടനിർമ്മാണം നടത്തേണ്ട സ്ഥലത്ത് നിർമ്മാണ പ്രവൃത്തികൾക്ക് തടസ്സമായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്ന മുറയ്ക്ക് കെട്ടിടനിർമ്മാണം ആരംഭിക്കുന്നതാണ്.

(എഫ്) ഐ.ടി.ഐ. നിലവിൽ പ്രവർത്തിക്കുന്നത് വാടക കെട്ടിടത്തിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

**ഗവൺമെന്റ് ഐ.ടി.ഐ.-കളിലെ ജൂനിയർ ഇൻസ്ട്രക്ടർ തസ്തിക**

**299 (1567)** <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ഐ.ടി.ഐ.-കളിൽ ജൂനിയർ ഇൻസ്ട്രക്ടർ (സിവിൽ) എത്ര തസ്തികകൾ നിലവിലുണ്ട്?

151 തസ്തികകൾ നിലവിലുണ്ട്.

(ബി) പ്രസ്തുത തസ്തികയിലെ നിയമന രീതി എങ്ങനെയാണ്?

കേരള ക്രാഫ്റ്റ്സ്മാൻ സബോർഡിനേറ്റ് സർവീസ് റൂൾസ് പ്രകാരം 3:1 എന്ന അനുപാതത്തിൽ നേരിട്ടും വകുപ്പിലെ വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽനിന്ന് പ്രൊമോഷൻ വഴിയുമാണ് ഒഴിവുകൾ നികത്തുന്നത്.

(സി) പ്രസ്തുത തസ്തികയിൽ 2024 ഡിസംബർ വരെ എത്ര ഒഴിവുകൾ പ്രതീക്ഷിക്കുന്നുണ്ട്?

2024 ഡിസംബർ വരെ വിരമിക്കൽവഴി ഒഴിവുകൾ ഉണ്ടാകുന്നില്ല.

(ഡി) ഗ്രൂപ്പ് ഇൻസ്ട്രക്ടർ (സിവിൽ) തസ്തികയിലേയ്ക്ക് പ്രൊമോഷൻ അനുവദിക്കുന്ന രീതി എങ്ങനെയാണ്?

വ്യാവസായിക പരിശീലന വകുപ്പിൽ ഇൻസ്ട്രക്ടർമാരുടെ ഗ്രേഡ് പ്രൊമോഷൻ തസ്തികയാണ് ഗ്രൂപ്പ് ഇൻസ്ട്രക്ടർ തസ്തിക. ഗ്രൂപ്പ് ഇൻസ്ട്രക്ടർ തസ്തികയിലേയ്ക്ക് ഓരോ ട്രേഡിലേയ്ക്കും പ്രത്യേകം പ്രത്യേകം ട്രേഡ് തിരിച്ചല്ല പ്രൊമോഷൻ അനുവദിക്കുന്നത്. ആയതുപ്രകാരം ഗ്രൂപ്പ് ഇൻസ്ട്രക്ടർ (സിവിൽ) എന്ന ട്രേഡ് തിരിച്ചുള്ള തസ്തികയിലേയ്ക്കായി പ്രൊമോഷൻ

അനുവദിക്കുന്നില്ല. വിശേഷാൽ ചട്ട പ്രകാരം വകുപ്പിലെ മുഴുവൻ സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റിലെ ജീവനക്കാരിൽനിന്നും ഗ്രൂപ്പ് ഇൻസ്ട്രക്ടർ തസ്തികയിലേക്ക് ചുവടെ പറയുന്ന അനുപാതത്തിലാണ് സ്ഥാനക്കയറ്റം അനുവദിക്കുന്നത്.

ഓരോ ഒൻപത് ഒഴിവുകളിലെയും നാലാമത്തെയും എട്ടാമത്തെയും ഒഴിവുകൾ ഡിപ്ലോമ യോഗ്യതയുള്ളവർക്കും ഒൻപതാമത്തെ ഒഴിവ് ബി.ടെക് യോഗ്യതയുള്ളവർക്കും മറ്റ് 6 എണ്ണം ജനറൽ കാറ്റഗറിക്കുമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്.

(ഇ) നിലവിൽ പ്രസ്തുത തസ്തികയിലേയ്ക്ക് എത്ര പേർക്ക് പ്രൊമോഷൻ നൽകാനുണ്ട്; ആയത് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ ഗ്രൂപ്പ് ഇൻസ്ട്രക്ടർ തസ്തികയിൽ 41 ഒഴിവുകളുണ്ട്. ടി ഒഴിവുകളിലേയ്ക്ക് സ്ഥാനക്കയറ്റം നടത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

**കുഴൽമന്ദം വെള്ളപ്പാറ ഐ.ടി.ഐ.-യിൽ പുതിയ ട്രേഡ്**

**300 (1568)** <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കുഴൽമന്ദം വെള്ളപ്പാറ ഐ.ടി.ഐ.-യിൽ പുതിയ ട്രേഡുകൾ തുടങ്ങുന്നതിന് ട്രെയിനിംഗ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ ട്രേഡുകൾ തുടങ്ങുന്നതിനാണ് പ്രൊപ്പോസൽ സമർപ്പിട്ടുള്ളത്; പ്രസ്തുത ട്രേഡുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ കുഴൽമന്ദം ഐ.ടി.ഐ.-യിൽ ഫാഷൻ ഡിസൈൻ ടെക്നോളജി ട്രേഡ് പുതുതായി ആരംഭിക്കാനും റഫ്രിജറേഷൻ ആൻഡ് എയർ കണ്ടീഷനിംഗ് ടെക്നീഷ്യൻ, ഫിറ്റർ, വെൽഡർ എന്നീ സ്ഥാപനത്തിൽ നിലവിലുള്ള ട്രേഡുകളിൽ അധിക യൂണിറ്റ് ആരംഭിക്കാനും പ്രൊപ്പോസൽ ട്രെയിനിംഗ് ഡയറക്ടർ സമർപ്പിച്ചിരുന്നു. എന്നാൽ സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ആയത് പരിഗണിക്കാനാകില്ലെന്ന് തീരുമാനമെടുക്കുകയുണ്ടായി.

**പുതിയ ഐ.ടി.ഐ.-കൾ ആരംഭിക്കാൻ നടപടി**

**301 (1569)** <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23-ലെ ബഡ്ജറ്റിൽ തീരദേശ, മലയോര മേഖലകളിൽ പുതിയ ഐ.ടി.ഐ.-കൾ ആരംഭിക്കുമെന്ന പ്രഖ്യാപനത്തെത്തുടർന്ന് സർക്കാർ ഇതുസംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

2022-23-ലെ ബഡ്ജറ്റിൽ തീരദേശ മലയോര മേഖലകളിൽ പുതിയ ഐ.ടി.ഐ ആരംഭിക്കാൻ 2 കോടി രൂപ വകകൊള്ളിച്ചിരുന്നു. ഇതിന്റെ ഭാഗമായി ടി മേഖലയിൽ ഐ.ടി.ഐ ആരംഭിക്കുന്നതിനായി ബന്ധപ്പെട്ട പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവരുമായി കൂടിയാലോചന നടത്തി സാധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കി നൽകാൻ വ്യാവസായിക പരിശീലന വകുപ്പിലെ 5 ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാരേയും ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ ടി റിപ്പോർട്ട് 2022-23 സാമ്പത്തിക വർഷത്തിൽ ലഭ്യമാകാത്തതിനാൽ ആ വർഷം തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞില്ല. തുടർന്ന് 2023-24 ബഡ്ജറ്റിൽ

തീരദേശ മലയോര മേഖലകളിൽ പുതിയ ഐ.ടി.ഐ ആരംഭിക്കാൻ 2 കോടി രൂപ വകകൊള്ളിച്ചിരുന്നു. അതിൽ തുടർനടപടി സ്വീകരിച്ചതിൽ ആലപ്പുഴ നിയമസഭാ മണ്ഡലത്തിൽ പുതിയ ഐ.ടി.ഐ. ആരംഭിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവെങ്കിലും നിലവിലെ സാമ്പത്തിക സ്ഥിതിയിൽ സർക്കാരിന് അധിക ബാധ്യത ഏറ്റെടുക്കാൻ നിർവ്വാഹമില്ലാത്തതിനാൽ ടി ഐ.ടി.ഐ. ആരംഭിക്കണമെന്ന ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന് തീരുമാനമെടുക്കുകയുണ്ടായി.

(ബി) തിരൂർ നിയോജകമണ്ഡലത്തിൽ പുതിയ ഐ.ടി.ഐ. ആരംഭിക്കണമെന്ന ആവശ്യത്തെത്തുടർന്ന് സർക്കാർ 03-10-2022-ന് ട്രെയിനിംഗ് ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടതുപ്രകാരം റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

തിരൂർ നിയോജകമണ്ഡലത്തിൽ പുതിയ ഐ.ടി.ഐ. ആരംഭിക്കുന്നതിനുള്ള ശിപാർശ സർക്കാരിൽ ലഭ്യമായിട്ടില്ല.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന തൊഴിൽ ലഭിച്ചവർ**

**302 (1570)** <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരുടെ എണ്ണം എത്രയാണെന്ന് ബിരുദതലം, ബിരുദതലത്തിന് താഴെ, ബിരുദാനന്തര ബിരുദം, മറ്റ് പ്രൊഫഷണൽ യോഗ്യത എന്നിവ തിരിച്ച് അറിയിക്കുമോ?

സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിലവിൽ 2870046 ഉദ്യോഗാർഥികൾ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ബിരുദ തലത്തിൽ 557312-ഉം ബിരുദ തലത്തിന് താഴെ 2312734-ഉം ബിരുദാനന്തര ബിരുദ തലത്തിൽ 127778-ഉം പ്രൊഫഷണൽ യോഗ്യതയുള്ള 133181-ഉം ഉദ്യോഗാർഥികൾ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന എത്ര പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന 4851 പേർക്ക് സ്ഥിര നിയമനവും 18826 പേർക്ക്

താൽക്കാലിക നിയമനവും ഉൾപ്പെടെ ആകെ 23677 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്.

**കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്**

**303 (1571)** **ശ്രീ. പി. മമ്മിക്കുട്ടി:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കെയ്സ്)-ന്റെ പ്രവർത്തനം വിശദമാക്കാമോ?

കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ പ്രവർത്തനം വിശദീകരിക്കുന്ന കുറിപ്പ് അനുബന്ധമായി ചേർക്കുന്നു+.

(ബി) കെയ്സുമായി ചേർന്ന് ഏതെല്ലാം രാജ്യങ്ങളിൽ എംപ്ലോയർ മീറ്റ് സംഘടിപ്പിച്ചിട്ടുണ്ട്; ഇതുവഴി എത്ര പേർക്ക് ജോലി ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഈ സർക്കാരിന്റെ കാലഘട്ടത്തിൽ കെയ്സ് തൊഴിൽ വകുപ്പിന് കീഴിലുള്ള ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് (ODEPC)-മായി ചേർന്നാണ് എംപ്ലോയർ മീറ്റ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംഘടിപ്പിച്ചിട്ടുള്ളത്. പ്രസ്തുത പരിപാടിയിൽ 120-ഓളം കമ്പനികൾ പങ്കെടുക്കുകയുണ്ടായി. നിലവിൽ ഉദ്യോഗാർത്ഥികൾക്ക് ജോലി നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

**കണ്ണൂർ മണ്ഡലത്തിലെ തോട്ടട ഇ.എസ്.ഐ. ആശുപത്രി**

**304 (1572)** **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ മണ്ഡലത്തിലെ തോട്ടട ഇ.എസ്.ഐ. ആശുപത്രിയിൽ നിലവിൽ ഫാർമസിസ്റ്റിന്റെ തസ്തിക ഇല്ലാത്തതിനാൽ ഫാർമസിസ്റ്റിന്റെ സ്ഥിരം തസ്തിക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

തോട്ടട ഇ.എസ്.ഐ. ആശുപത്രിയിൽ നിലവിൽ ഫാർമസിസ്റ്റിന്റെ ഒരു സ്ഥിരം തസ്തികയും കൂടാതെ ഫാർമസി ഔട്ട്‌ലെറ്റ് പ്രവർത്തിപ്പിക്കുന്നതിന് ഒരു താൽക്കാലിക തസ്തികയുമുണ്ട്. സ്ഥിരം തസ്തികയിൽ ജീവനക്കാരൻ ജോലി ചെയ്തുവരുന്നുണ്ട്.

(ബി) താൽക്കാലികമായി ഫാർമസിസ്റ്റിനെ നിയമിക്കുമ്പോൾ ആറ് മാസത്തേയ്ക്ക് മാത്രമേ നിയമിക്കാൻ പാടുള്ളൂവെന്ന നിയമമുണ്ടോ;

ഫാർമസിസ്റ്റിനെ നിയമിക്കുമ്പോൾ കുറഞ്ഞത് ഒരു വർഷത്തേയ്ക്കെങ്കിലും നിയമനം നൽകിയാൽ മാത്രമേ ഇതിനുവേണ്ടിയുള്ള ഉദ്യോഗാർത്ഥികളെ ലഭിക്കുകയുള്ളൂ എന്നതിനാൽ ഇതിനുവേണ്ട നടപടി സ്വീകരിക്കുമോ?

താൽക്കാലിക തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 179 ദിവസം എന്ന കണക്കിൽ മാത്രമേ താൽക്കാലിക ജീവനക്കാരെ നിയമിക്കാൻ സാധിക്കുകയുള്ളൂ.

**അച്ചൻകോവിലിൽ ദേവസ്വം ഭൂമിയിലെ താമസക്കാരുടെ പുനരധിവാസം**

**305 (1573)** ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിലെ അച്ചൻകോവിലിൽ ദേവസ്വം ഭൂമിയിലെ ഒമ്പത് താമസക്കാരെ പകരം ഭൂമി കണ്ടെത്തി മാറ്റി പാർപ്പിക്കണമെന്ന കോടതി ഉത്തരവിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ അറിയിക്കുമോ;

(ബി) പ്രസ്തുത ഭൂമിയിലെ താമസക്കാരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി കൊല്ലം ജില്ലാ കളക്ടർ പ്രൊപ്പോസൽ തയ്യാറാക്കി സർക്കാരിന് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രൊപ്പോസലിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ?

(എ&ബി) കൊല്ലം പുനലൂർ താലൂക്കിൽ ആര്യങ്കാവ് വില്ലേജിൽ അച്ചൻകോവിലിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് വക ഭൂമിയിൽ അനധികൃതമായി പ്രവേശിച്ച് താമസമാക്കിയ 9 കുടുംബങ്ങളെ ഒഴിപ്പിക്കുന്നതിനായി തിരുവിതാംകൂർ ദേവസ്വം ബോർഡ് ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 4191/2010 നമ്പർ കേസിന്റെ 01-06-2011-ൽ പുറപ്പെടുവിച്ച വിധിന്യായം പാലിക്കുന്നതിന്റെ ഭാഗമായി, റവന്യൂ വകുപ്പുമന്ത്രി തലത്തിൽ യോഗം ചേർന്ന് ചർച്ച ചെയ്തിട്ടുള്ളതും ടി യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലാ കളക്ടർ തയാറാക്കി സമർപ്പിച്ച ഡോക്കുമെന്റേഷനിലെ അപാകതകൾ പരിഹരിച്ച് പ്രസ്തുത കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയുമാണ്.

(സി) ഇവരുടെ പുനരധിവാസത്തിനായി ഹൈക്കോടതി റവന്യൂ വകുപ്പിനെ ചുമതലപ്പെടുത്തിയ വിഷയവുമായി ബന്ധപ്പെട്ട വിവിധ സർക്കാർ ഫയലുകളുടെ വിശദാംശങ്ങൾ അറിയിക്കുമോ?

സർക്കാർ ഫയൽ നം. M1/49/2022/REV. ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ഫയൽ നം. LR/587/2022/LR(K3). കളക്ടറേറ്റിലെ ഫയൽ നം. L6-36302/2010, DCKLM/12445/2023-L14.

**ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ഫയലിന്മേൽ സ്വീകരിച്ച നടപടിക്രമങ്ങൾ**

**306 (1574)** ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ബി8/6332/2021 ഫയലിന്മേൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ വിശദീകരിക്കുമോ;

(ബി) പ്രസ്തുത ഫയലിന്മേൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ?

(എ&ബി) കോഴിക്കോട് ജില്ലയിൽ താമരശ്ശേരി താലൂക്കിൽ കട്ടിപ്പാറ വില്ലേജിലെ രണ്ടുകണ്ടി-വട്ടച്ചുഴലി പ്രദേശത്തെ പുഴപുറമ്പോക്ക് വസ്തുക്കൾക്ക് പട്ടയം നൽകുന്ന വിഷയത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ 14-03-2023-ലെ എൽ.ആർ ബി8/6332/2021 നമ്പർ കത്ത് പ്രകാരം

സർക്കാരിൽ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളതും അത് REV/L2/33/2023/REV ഫയലിൽ പരിശോധിച്ച് വരുന്നതുമാണ്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ചില അധിക വിവരങ്ങൾകൂടി ലഭ്യമാക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് 19-04-2023-ലെ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. മറുപടി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. ഇക്കാര്യത്തിൽ അന്തിമതീരുമാനം കൈക്കൊള്ളാത്ത സാഹചര്യത്തിൽ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെയും സർക്കാരിലെയും ഫയലുകൾ തീർപ്പാക്കിയിട്ടില്ല.

**കുടിയേറിയ ഇതര സംസ്ഥാനക്കാർക്കുള്ള ജാതി സർട്ടിഫിക്കറ്റ്**

**307 (1575)** <u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് കുടിയേറുകയും കേരളത്തിൽ സ്ഥിരതാമസമാക്കുകയും ചെയ്ത പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ട ഉത്തരവ്/സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഇതര സംസ്ഥാനങ്ങളിൽനിന്ന് സംസ്ഥാനത്ത് കുടിയേറി താമസിക്കുന്നവർക്ക് നിലവിൽ പട്ടികജാതി/പട്ടികവർഗ്ഗ സമുദായ സാക്ഷ്യപത്രം അനുവദിക്കുന്നത് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള 12-02-1986-ലെ സ.ഉ. (കൈ) നം.10/86/പജ.പവ.വി.വ. ഉത്തരവിന്റെയും കേരള ലാൻഡ് റവന്യൂ മാന്വൽ വാല്യം VI-ലെ ഖണ്ഡിക 244-ലെ വ്യവസ്ഥകളുടെയും അടിസ്ഥാനത്തിലാണ്. പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

(1) ഒരു വ്യക്തി പ്രസിഡൻഷ്യൽ വിജ്ഞാപനത്തിന്റെ സമയത്ത് (1950-ൽ) തന്റെ " Permanent place of residence"-ൽനിന്നും താൽക്കാലികമായി മറ്റൊരു സ്ഥലത്ത് (for education, job etc.) കുടിയേറിയ ആളാണെങ്കിൽ, അയാൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പദവി, സാക്ഷ്യപത്രം, മറ്റാനുകൂല്യങ്ങൾ എന്നിവ ടിയാന്റെ “State of origin"-ൽ മാത്രമേ ലഭ്യമാകുകയുള്ളൂ. ടിയാൻ അവകാശപ്പെടുന്ന ജാതി, migrated State-ലെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽക്കൂടി, കുടിയേറിയ സ്ഥലത്ത് പദവി

ലഭിക്കുകയില്ലായെന്നുമാത്രമല്ല, അയാളെ migrant ആയി മാത്രമേ കണക്കാക്കുകയുള്ളൂ.

(2) 1950-ലെ വിജ്ഞാപനത്തിന് മുൻപ് ഒരു സംസ്ഥാനത്തുനിന്നും മറ്റൊരു സംസ്ഥാനത്തിലേയ്ക്ക് സ്ഥിരമായി കുടിയേറിയവർക്ക് അവർ അവകാശപ്പെടുന്ന ജാതി രണ്ട് സംസ്ഥാനത്തും നിലവിലുള്ള പട്ടികജാതി/പട്ടികവർഗ്ഗ പട്ടികകളിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ, കുടിയേറിയ സംസ്ഥാനത്ത് പദവി, സാക്ഷ്യപത്രം, മറ്റാനുകൂല്യങ്ങൾ എന്നിവ ലഭ്യമാകുന്നതാണ്. ടിയാന്റെ State of origin-ൽ യാതൊരാനുകൂല്യവും ലഭിക്കുകയില്ല.

(3) 1950-നുശേഷം ഒരു സംസ്ഥാനത്തുനിന്നും മറ്റൊരു സംസ്ഥാനത്ത് താൽക്കാലികമായി കുടിയേറിയ വ്യക്തി, തന്റെ Origin of State-ൽനിന്നും പിതാവിനു ലഭിച്ച സാക്ഷ്യപത്രം ഹാജരാക്കി സാക്ഷ്യപത്രം നേടാവുന്നതാണ്. പക്ഷേ പട്ടികജാതി പട്ടികവർഗ്ഗ പദവി, ആനുകൂല്യം എന്നിവ Origin of state-ൽ മാത്രമേ ലഭിക്കുകയുള്ളൂ. ചുരുക്കത്തിൽ, മറ്റ് സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് കുടിയേറിയ ഒരാൾക്ക്

പദവിയും സമുദായ സാക്ഷ്യപത്രവും മറ്റാനുകൂല്യങ്ങളും ലഭിക്കുന്നതിന് താഴെപ്പറയുന്ന വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

•1950-ൽ (വിജ്ഞാപനം പുറപ്പെടുവിച്ച സമയം) permanent resident ആയിരിക്കണം.

•അവകാശപ്പെടുന്ന ജാതി state of origin-ലെ പട്ടികജാതി പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെട്ടിരിക്കണം.

•അവകാശപ്പെടുന്ന ജാതി കേരളത്തിലെ പട്ടികജാതി പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതായിരിക്കണം.

പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) 1950-ന് മുൻപ് കേരളത്തിലേയ്ക്ക് കുടിയേറി പാർത്തിട്ടുള്ളവരുടെ പിൻതലമുറകളിൽപ്പെടുന്നവർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് താമസമുണ്ടാകാറുള്ളതും ചിലപ്പോൾ സർട്ടിഫിക്കറ്റ് നിഷേധിക്കപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

എറണാകുളം ജില്ലയിൽ ഒഴികെ മറ്റ് ജില്ലകളിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 1950-ന് മുൻപ് കുടിയേറിപ്പാർത്ത പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഉൾപ്പെട്ടിരുന്നവരുടെ പിൻതലമുറയ്ക്ക് എല്ലാ മാനദണ്ഡങ്ങളും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പാലിച്ച് അനുവദിച്ച ജാതി സർട്ടിഫിക്കറ്റിന്റെ കാലാവധി നിലനിൽക്കെ തന്നെ മറ്റാവശ്യത്തിന് ജാതി സർട്ടിഫിക്കറ്റ് നിഷേധിക്കുന്ന സാഹചര്യം നിലനിൽക്കുന്നത് പരിശോധിക്കുമോ?

സർട്ടിഫിക്കറ്റുകൾ പൊതു ആവശ്യത്തിനായാണ് അനുവദിക്കുന്നത്. സർട്ടിഫിക്കറ്റുകൾ പ്രത്യേകമായി ഏത് ആവശ്യത്തിനാണെന്ന് എഴുതി നൽകാത്തതിനാലും സർട്ടിഫിക്കറ്റുകളുടെ കാലാവധി നിലനിൽക്കെ അപേക്ഷകന് അനുവദിക്കപ്പെട്ട സർട്ടിഫിക്കറ്റ് കാലാവധിക്കുള്ളിൽ എത്ര പ്രാവശ്യം വേണമെങ്കിലും ലഭ്യമാക്കാനുള്ള സൗകര്യം ഇ-ഡിസ്ട്രിക്ട് ഡാറ്റാ ബേസിൽ അനുവദനീയമായതിനാലും മറ്റ് ആവശ്യത്തിന് ജാതി സർട്ടിഫിക്കറ്റ് നിഷേധിക്കുന്ന സാഹചര്യമുണ്ടാകുന്നില്ല.

(ഡി) മേൽപ്പറഞ്ഞ സാഹചര്യങ്ങളിൽ ഒരു തവണ അനുവദിച്ച ജാതി സർട്ടിഫിക്കറ്റിന്റെ കാലാവധി നിലനിൽക്കെ 12-02-1986-ലെ സർക്കാർ ഉത്തരവ് (കൈ) 10/1986/പ.ജ.പ.വ.വി.വ.-ന്റെ അടിസ്ഥാനത്തിനുള്ള നടപടിക്രമങ്ങളിലൂടെ വീണ്ടും ജാതി സർട്ടിഫിക്കറ്റ് അനുവദിക്കാൻ ശ്രമിക്കുന്നത് പലപ്പോഴും ജാതി സർട്ടിഫിക്കറ്റ് വൈകുന്നതിനോ

നിഷേധിക്കുന്നതിനോ ഇതുമൂലം ഈ വിഭാഗത്തിൽപ്പെടുന്നവർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടാനും ഇടയാകുന്നത് പരിഗണിച്ച് മാദനണ്ഡങ്ങളിൽ ആവശ്യമായ തിരുത്തൽ വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് പട്ടികജാതി/പട്ടികവർഗ വികസന വകുപ്പിൽനിന്നും കേന്ദ്ര മന്ത്രാലയത്തിന് കത്തയച്ചിട്ടുണ്ട്.

**മലപ്പുറം ജില്ലയിലെ മൂത്തേടം വില്ലേജിലെ മിച്ചഭൂമി കേസ്**

**308 (1576)** **ശ്രീ. പി. വി. അൻവർ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിൽ മൂത്തേടം വില്ലേജിന് കീഴിൽ എസ്.ആർ. 156/97 നമ്പർ മിച്ചഭൂമി കേസ് സംബന്ധിച്ച് നിലമ്പൂർ താലൂക്ക് ലാൻഡ് ബോർഡിൽ 2016 മുതൽ 2023 ജൂലൈ വരെ എത്ര തവണ

സിറ്റിംഗ് നടന്നുവെന്നും സിറ്റിംഗിൽ സ്വീകരിച്ച തുടർനടപടികളും വിശദമാക്കാമോ?

മലപ്പുറം ജില്ലയിൽ നിലമ്പൂർ താലൂക്ക് ലാൻഡ് ബോർഡിൽ പുതിയറ ഉണ്ണി അലവി എന്നയാളിന്റെ പേരിൽ എസ്.ആർ. 156/1997 നമ്പർ മിച്ചഭൂമി കേസ് നിലവിൽ വിചാരണയിലാണ്. 2016-2023 കാലയളവിൽ ഈ കേസുമായി ബന്ധപ്പെട്ട് പതിനൊന്ന് സിറ്റിംഗുകൾ നടന്നിട്ടുണ്ട്. 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ വകുപ്പ് 101 പ്രകാരം താലൂക്ക് ലാൻഡ് ബോർഡുകൾക്ക് സിവിൽ കോടതിയുടെ അധികാരമാണുള്ളത്. അതുപ്രകാരം നോട്ടീസ് നൽകൽ, വിചാരണ, തെളിവെടുപ്പ്, അവകാശികളുടെയും എതിർകക്ഷികളുടെയും അവകാശവാദങ്ങൾ കേൾക്കൽ, അവകാശവാദങ്ങൾക്കനുസൃതമായി തുടർ തെളിവെടുപ്പ് നടത്തൽ, രേഖകളുടെയും അടിയാധാരങ്ങളുടെയും പരിശോധന എന്നിങ്ങനെ സിവിൽ കോടതിയുടേതായ നടപടിക്രമങ്ങൾ പ്രസ്തുത കേസിലും അനുവർത്തിച്ചുവരുന്നു.

(ബി) പ്രസ്തുത കേസിലെ 155 കർഷക കുടുംബങ്ങൾ മിച്ചഭൂമി കേസിൽ ഉൾപ്പെട്ടതല്ലെന്ന് നിലമ്പൂർ താലൂക്ക് ലാൻഡ് ബോർഡ് സ്പെഷ്യൽ ഡെപ്യൂട്ടി തഹസീൽദാർ 2017-ൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; കേസിലുൾപ്പെട്ടതല്ലെന്ന് റിപ്പോർട്ട് സമർപ്പിച്ച 155 കുടുംബങ്ങളുടെ പേരും വിലാസവും ലഭ്യമാക്കാമോ?

റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ശ്രീ. പുതിയറ ഉണ്ണി അലവിയുടെ മിച്ചഭൂമി കേസിൽ ഏകദേശം 2105 ഏക്കർ ഭൂമിയാണ് ഉൾപ്പെട്ടിട്ടുള്ളത്. ഈ ഭൂമി മുഴുവൻ ഡിക്ലറിന്റെ കൈവശത്തിലല്ല. നൂറുകണക്കിന് ആളുകളുടെ കൈവശത്തിലാണ് ഇപ്പോൾ ഈ ഭൂമിയുള്ളത്. അതുകൊണ്ടുതന്നെ ഈ കൈവശക്കാരെല്ലാവരും ഈ മിച്ചഭൂമി കേസിൽ interested party-കളാണ്. ഇതിൽപ്പെട്ട 155 ആളുകളുടെ രേഖകൾ പരിശോധിച്ചിട്ടുണ്ട്. അടിസ്ഥാന രേഖകൾ ഇല്ലെങ്കിലും ഇവർക്ക് ലാൻഡ് ട്രൈബ്യൂണലിൽനിന്ന് ക്രയസർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. മിച്ചഭൂമി കേസിൽ ഉൾപ്പെട്ട ഭൂമിയിൽ കുടിയാൻമാർ ഉണ്ടെങ്കിൽ ഒഴിവാക്കിക്കൊടുക്കണമെന്ന് 85 (1) വകുപ്പിന്റെ

പ്രൊവൈസോയിൽ വ്യവസ്ഥയുള്ളതിനാൽ ഇവരുടെ ഭൂമി മിച്ചഭൂമിയുടെ പരിധിയിൽനിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

155 കുടുംബങ്ങളുടെ പേരും വിലാസവും അനുബന്ധമായി ചേർക്കുന്നു+.

(സി) പ്രസ്തുത കേസിൽ ഉൾപ്പെട്ടതല്ലെന്ന് റിപ്പോർട്ട് സമർപ്പിച്ചിട്ടും ഫയൽ തീർപ്പാക്കാതെ നീതി നിഷേധിക്കപ്പെട്ട് കഴിയുന്നത് സംബന്ധിച്ച് സർക്കാരിന്റെ "കരുതലും കൈതാങ്ങിലും" ലഭിച്ച പരാതിയിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ?

എസ്.ആർ. 156/97 നമ്പർ മിച്ചഭൂമി കേസിൽ 2105 ഏക്കറോളം ഭൂമിയാണ് ഉൾപ്പെട്ടിരിക്കുന്നത്. അതിൽ നൂറുകണക്കിന് കൈവശക്കാരുണ്ട്. ഇതിൽ ഉൾപ്പെട്ട ബഹുഭൂരിപക്ഷം പേരും ക്ലെയിം പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ എല്ലാവരും രേഖകൾ സമർപ്പിച്ചിട്ടില്ല. 155 ഭൂഉടമകളുടെ രേഖാ പരിശോധന മാത്രമേ പൂർത്തിയായിട്ടുള്ളൂ. ബാക്കി ക്ലെയിം പെറ്റീഷൻ പൂർത്തിയാകാത്തതുകൊണ്ടാണ് ഉത്തരവ് പുറപ്പെടുവിക്കാൻ കഴിയാത്തത്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഈ കേസിലെ ഡിക്ലറന്റ് ശ്രീ. പുതിയറ ഉണ്ണി അലവിയുടെ അവകാശികൾ കൈവശം വയ്ക്കുന്ന രേഖയുള്ള ഭൂമിയും രേഖകൾ ഇല്ലാതെയുള്ള ഭൂമിയും സംബന്ധിച്ച് ലാൻഡ് ബോർഡ് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

താലൂക്ക് ലാൻഡ് ബോർഡുകൾ സിവിൽ കോടതിയുടേതായ നടപടികളാണ് അനുവർത്തിക്കുന്നത് എന്നതിനാൽ നിയമം അനുശാസിക്കുന്ന തരത്തിലുള്ള എല്ലാ പരിശോധനകളും നടത്തുന്നതാണ്. ഡിക്ലറന്റും എതിർ കക്ഷികളും interested പാർട്ടികൾക്കും രേഖകൾ സമർപ്പിക്കാവുന്നതാണ്. ഈ ഭൂമി കൈവശം വച്ചിരിക്കുന്ന ധാരാളം ആളുകൾ ഇനിയും രേഖകൾ സമർപ്പിക്കാനുണ്ട്. ആയതുകൂടി പരിശോധിച്ച് മിച്ചഭൂമി കേസിൽ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഭൂപ്രശ്നങ്ങൾ കൂടുതലുള്ള നിലമ്പൂർ താലൂക്കിലെ മൂത്തേടം വില്ലേജിൽ റീ-സർവ്വെ നടപടികൾ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുന്നത് പരിഗണിക്കുമോ?

ഡിജിറ്റൽ സർവ്വേ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിച്ചുവരുന്നു.

**ചാലക്കുടി റവന്യൂ ടവർ നിർമ്മാണം**

**309 (1577)** ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലും മറുപടി പ്രസംഗത്തിലും പ്രഖ്യാപിച്ച റവന്യൂ ടവറുകൾ/മിനി സിവിൽ സ്റ്റേഷനുകൾ ഏതൊക്കെയെന്നും അതിനായി എത്ര തുക വകയിരുത്തിയിരുന്നുവെന്നും വ്യക്തമാക്കാമോ?

2016-2017 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ 17 റവന്യൂ ടവറുകൾക്കായി 250 കോടി രൂപയും 2016-17 ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ 8 റവന്യൂ ടവർ/മിനി സിവിൽ സ്റ്റേഷനുകൾക്കായി (10 കോടി രൂപ വീതം) 80 കോടി രൂപയും

KIIFB-ൽനിന്നും വകയിരുത്തുകയുണ്ടായി. പ്രസ്തുത റവന്യൂ ടവർ/മിനി സിവിൽ സ്റ്റേഷനുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) ഇതിൽ ഏതൊക്കെ പൂർത്തീകരിച്ചുവെന്നും നിർമ്മാണം ആരംഭിച്ചവ/പുരോഗമിക്കുന്നവ ഏതൊക്കെയെന്നും വെളിപ്പെടുത്തുമോ?

കടകംപള്ളി റവന്യൂ ടവറിന്റെ നിർമ്മാണവും വെള്ളരിക്കുണ്ട് മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. മട്ടന്നൂർ റവന്യൂ ടവറിന്റെ നിർമ്മാണം പുരോഗമിക്കുന്നു.

(സി) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളവ ഏതൊക്കെയെന്ന് അറിയിക്കുമോ?

പട്ടാമ്പി, വടകര, നിലമ്പൂർ, മുളന്തുരുത്തി എന്നീ റവന്യൂ ടവറുകളുടെയും ചടയമംഗലം, പത്തനാപുരം എന്നീ മിനി സിവിൽ സ്റ്റേഷനുകളുടെയും വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതൊക്കെ റവന്യൂ ടവറുകൾ/മിനി സിവിൽ സ്റ്റേഷനുകൾക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ ടവറുകൾ/മിനി സിവിൽ സ്റ്റേഷൻ പദ്ധതികൾക്കൊന്നുംതന്നെ കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടില്ല.

(ഇ) ചാലക്കുടിയിൽ റവന്യൂ ടവർ നിർമ്മിക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ?

കിഴക്കേ ചാലക്കുടി വില്ലേജിൽ 293/2, 294/1 എന്നീ സർവ്വേ നമ്പറുകളിലായി 0.2253 ഹെക്ടർ ഭൂമിയിൽ ചാലക്കുടി റവന്യൂ ടവർ നിർമ്മാണത്തിനായി 24.63 കോടി രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട് കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് തയ്യാറാക്കിയിട്ടുള്ളതും ആയതിന് ഭരണാനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുമാണ്.

**റവന്യൂ വകുപ്പിലെ ഓൺലൈൻ സേവനങ്ങൾ**

**310 (1578)** <u>**ശ്രീ. പി. മമ്മിക്കുട്ടി:**</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ പൊതുജനങ്ങൾക്ക് എന്തെല്ലാം സേവനങ്ങൾ ഓൺലൈൻവഴി ലഭിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

റവന്യൂ വകുപ്പിന് കീഴിൽ വരുന്ന മുഴുവൻ ഓഫീസ് സംവിധാനങ്ങളുടെയും ആധുനികീകരണത്തിനും വിവിധ ഓഫീസ് സേവനങ്ങൾ ആവശ്യമുള്ളവർക്ക് വേഗത്തിൽ സുതാര്യമായി സേവനങ്ങൾ ലഭ്യമാക്കുന്നതിനും പരമാവധി സേവനങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിലാക്കി ഇ-ഗവേണൻസ് സംവിധാനത്തിലൂടെ നൽകുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. സുതാര്യത ഉറപ്പാക്കിക്കൊണ്ട് റവന്യൂ ഓഫീസുകളിൽനിന്നും ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത വകുപ്പുമായി ബന്ധപ്പെട്ട പരാതികളും ആവശ്യങ്ങളും ജില്ലാതലത്തിൽ വേഗത്തിൽ തീർപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വിശദമാക്കാമോ?

റവന്യൂ വകുപ്പിൽനിന്നും ലഭിക്കേണ്ട സേവനങ്ങൾ പരമാവധി ഡിജിറ്റൽവൽക്കരിച്ചതിലൂടെ സേവന ലഭ്യതയുടെ വേഗതയും സുതാര്യതയും ഇതിനകം വർദ്ധിച്ചിട്ടുള്ളതാണ്. വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിന് തനതായ പോർട്ടലുകൾ തയ്യാറാക്കുന്നതിനുപുറമേ പൊതുജനങ്ങളുടെ പരാതികൾ കൈകാര്യം ചെയ്യുന്നതിനും അതുമായി ബന്ധപ്പെട്ട നടപടി സ്വീകരിക്കുന്നതിനും ഓൺലൈൻ സംവിധാനങ്ങൾ തയ്യാറാക്കി നടപ്പിലാക്കിയിട്ടുണ്ട്.

ലാൻഡ് റവന്യൂ വകുപ്പിൽനിന്നും ലഭിക്കേണ്ട സേവനങ്ങൾ സംബന്ധിച്ചോ റവന്യൂ ഉദ്യോഗസ്ഥരെക്കുറിച്ചോ പൊതുജനങ്ങൾക്ക് പരാതിയുണ്ടെങ്കിൽ ഇത്തരം പരാതികൾ ഓൺലൈനായി മേലധികാരികൾക്ക് സമർപ്പിക്കുന്നതിന് "Complaints" എന്ന പേരിൽ ഒരു ഓൺലൈൻ സംവിധാനം ലാൻഡ് റവന്യൂ പോർട്ടലിൽ തയ്യാറാക്കിയിട്ടുണ്ട്.

പൊതുജനങ്ങൾക്ക് https://lrd.kerala.gov.in/webkbt/paraathi/index.php എന്ന ലിങ്ക് മുഖാന്തരം ടി സംവിധാനം ഉപയോഗിക്കാവുന്നതാണ്. പരാതി സമർപ്പിക്കുന്ന വ്യക്തിയുടെ വിവരങ്ങൾ തികച്ചും രഹസ്യമായിരിക്കും. പൊതുജനങ്ങൾക്ക് ഫോൺ മുഖാന്തരവും പരാതികൾ സമർപ്പിക്കാവുന്നതാണ്. അതിനായി 18004255255 എന്ന ടോൾ ഫ്രീ നമ്പർ ഉപയോഗിക്കാവുന്നതാണ്.

പൊതുജനങ്ങൾ സേവനങ്ങൾക്കായി ഏറ്റവും കൂടുതൽ ബന്ധപ്പെടുന്ന വില്ലേജ് ഓഫീസുകളിൽ കളക്ടറേറ്റുകളിലെയും താലൂക്ക് ഓഫീസുകളിലെയും ഇൻസ്പെക്ഷൻ വിഭാഗത്തിലെ ഉദ്യോഗസ്ഥർ പരിശോധന നടത്താറുണ്ട്. ഈ പ്രവർത്തനങ്ങൾ ഓട്ടോമേറ്റ് ചെയ്യുന്നതിനായി “Inspection" മൊഡ്യൂൾ തയ്യാറാക്കിയിട്ടുണ്ട്. ടി സംവിധാനത്തിലൂടെ പരിശോധന നടത്തേണ്ട ഓഫീസുകളിലേയ്ക്ക് പരിശോധനാ ഉദ്യോഗസ്ഥരെ നിയമിക്കുവാനും പരിശോധനാ വിവരങ്ങൾ ഓൺലൈനായി എന്റർ ചെയ്യുന്നതിനും ഇത്തരം റിപ്പോർട്ടുകൾ സംസ്ഥാന തലത്തിൽ ക്രോഡീകരിക്കുന്നതിനും സാധിക്കുന്നതാണ്. ഈ സംവിധാനത്തിലൂടെ ലഭിക്കുന്ന പരിശോധന

റിപ്പോർട്ടുകൾ സംസ്ഥാന തലത്തിൽ വരെയുള്ള ചാർജ്ജ് ഓഫീസർമാർക്ക് നിരീക്ഷിക്കുവാനും നടപടികൾ സ്വീകരിക്കുവാനും നിലവിൽ സാധിക്കും. വിവിധ ഓഫീസുകളിൽ മിന്നൽ പരിശോധന നടത്തുന്നതിന് "Surprise Inspection" എന്ന ഓൺലൈൻ സംവിധാനവും നിലവിലുണ്ട്.

**കൈവശ ഭൂമിയുടെ തരം മാറ്റിക്കിട്ടുന്നതിന് ലളിതമായ നടപടിക്രമം**

**311 (1579)** ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടെ സംസ്ഥാനത്ത് കൈവശ ഭൂമിയുടെ തരം മാറ്റിക്കിട്ടുന്നതിന് ലഭിച്ചിട്ടുള്ള അപേക്ഷകളിൽ തീർപ്പാക്കാത്ത അപേക്ഷകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

06-08-2023 വരെ തീർപ്പാക്കാത്ത അപേക്ഷകളുടെ ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു+. തരംമാറ്റ നടപടികൾ വേഗതയിലാക്കാൻ RDO Sub-collector-മാരുടെ ശിൽപ്പശാല, ഇതിനായി sop (Standard Operation Procedure), പ്രത്യേകമായ അദാലത്തുകൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. Offline അപേക്ഷകളിൽ 98% തീർപ്പാക്കിയിട്ടുമുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഭൂമിയുടെ തരംമാറ്റം ചെയ്യുന്നതിനുള്ള അപേക്ഷകളിന്മേലുള്ള നടപടിക്രമം ലളിതവും വേഗത്തിലുമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; എത്ര നാളുകൾക്കുള്ളിൽ നടപടികൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

ഭൂമിയുടെ തരംമാറ്റം ചെയ്യുന്നതിനുള്ള അപേക്ഷകളിന്മേലുള്ള നടപടിക്രമം ലളിതവും വേഗത്തിലുമാക്കാൻ 27 (സി) പ്രകാരമുള്ള നടപടിക്രമങ്ങൾ കൂടുതൽ ലഘൂകരിക്കുന്നതിനായി 05-08-2023-ലെ സ.ഉ. (സാധാ) നം. 2886/2023/ആർ.ഡി. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻപ്രകാരം കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകളിലെ സബ് ഡിവിഷൻ ആവശ്യമില്ലാത്ത കേസുകളിൽ ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസറുടെ നടപടിക്രമം തഹസിൽദാർ എൻഡോഴ്സ് ചെയ്ത് വില്ലേജ് ഓഫീസർക്ക് 48 മണിക്കൂറിനകം നൽകി റവന്യൂ രേഖകളിൽ തരംമാറ്റം വരുത്തേണ്ടതാണ്. സബ്ഡിവിഷൻ ആവശ്യമായിട്ടുള്ള കേസുകളിൽ റവന്യൂ ഡിവിഷണൽ ഓഫീസുകളിൽനിന്നുമുള്ള ഉത്തരവിനോടൊപ്പം തരംമാറ്റ

അപേക്ഷയിലെ സ്കെച്ച് പകർപ്പുകൂടി നൽകേണ്ടതാണ്. ഇപ്രകാരം സബ് ഡിവിഷൻ ആവശ്യമായ കേസുകളിൽ ഒരാഴ്ചയ്ക്കകം സർവ്വേ നടത്താൻ പറ്റാത്ത താലൂക്കുകളിലെല്ലാംതന്നെ സബ്ഡിവിഷൻ നമ്പർ ReLis മുഖേനയുണ്ടാക്കി റവന്യൂ രേഖകളിൽ മാറ്റംവരുത്തി കരം ഒടുക്കി നൽകേണ്ടതും സ്കെച്ചിന്റെ പകർപ്പ് താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും സപ്ലിമെന്ററി അടിസ്ഥാന നികുതി രജിസ്റ്റർ മാതൃകയിൽ ഫയൽ ചെയ്ത് സൃഷ്ടിക്കേണ്ടതുമാണ്. ഇത്തരം കേസുകൾ പിന്നീട് സർവ്വേ നടത്തേണ്ടതും സർവ്വേ പെൻഡിംഗാണെന്ന വിവരം ReLis-ലും ബന്ധപ്പെട്ട രജിസ്റ്ററുകളിലും രേഖപ്പെടുത്തേണ്ടതുമാണ്.

കൂടാതെ, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഏതെങ്കിലുമോ എല്ലാമോ അധികാരങ്ങൾ വിനിയോഗിക്കുന്നതിന് സർക്കാർ പൊതുവായോ പ്രത്യേകിച്ചോ പുറപ്പെടുവിക്കുന്ന ഉത്തരവുപ്രകാരം ചുമതലപ്പെടുത്തുന്ന ഡെപ്യൂട്ടി കളക്ടർ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥരെയും റവന്യൂ ഡിവിഷണൽ ഓഫീസർമാരായി നിയോഗിക്കുന്നതിന് നിയമ ഭേദഗതി ചെയ്യുന്നതിനുള്ള

നടപടിയും സ്വീകരിച്ചുവരുന്നു. ലഭ്യമായ അപേക്ഷകളിന്മേലുള്ള നടപടികൾ ഒരു വർഷ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

**ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കാൻ നടപടി**

**312 (1580)** ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിൽനിന്നും ജനങ്ങൾക്ക് ലഭിക്കേണ്ട ഓൺലൈൻ സേവനങ്ങൾ സമയബന്ധിതമായി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഓൺലൈൻ സേവനങ്ങൾ സീനിയോറിറ്റി പ്രകാരം സമയബന്ധിതമായി ജനങ്ങൾക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) റവന്യൂ വകുപ്പിന്റെ സേവനങ്ങൾ പൂർണമായും ഓൺലൈനിൽ ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

റവന്യൂ വകുപ്പിന്റെ സേവനങ്ങൾ പൂർണ്ണമായും ഓൺലൈനിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നിലവിൽ ലാൻഡ് റവന്യൂ വകുപ്പിൽനിന്നും ജനങ്ങൾക്ക് ലഭ്യമാകുന്ന ഓൺലൈൻ സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**പെട്രോൾ പമ്പുകൾക്കുള്ള എൻ.ഒ.സി.**

**313 (1581)** ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി പെട്രോൾ പമ്പുകൾ തുടങ്ങാനായി കളക്ടറേറ്റിൽനിന്നും ലഭിക്കേണ്ട എൻ.ഒ.സി. (നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്) ലഭിക്കുന്നതിനായി വിവിധ വകുപ്പുകളുടെ ഏകോപനമില്ലാത്തതിനാൽ വർഷങ്ങളുടെ കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പുതിയ സംരംഭകർക്ക് പെട്രോൾ പമ്പ് തുടങ്ങാനുള്ള എൻ.ഒ.സി. സമയബന്ധിതമായി നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത സേവനങ്ങൾക്ക് വിവിധ വകുപ്പുകൾ ഉൾപ്പെടെ സമയ പരിധി നിശ്ചയിച്ച് സംരംഭകർക്കുള്ള അധിക സാമ്പത്തിക ബാധ്യത ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) പെട്രോൾ പമ്പിന് എൻ.ഒ.സി. അനുവദിക്കുന്നതിനായി ജില്ലാ കളക്ടർമാർക്ക് ലഭ്യമാകുന്ന അപേക്ഷകളിൽ അന്വേഷണ റിപ്പോർട്ടിനായി ബന്ധപ്പെട്ട തഹസിൽദാർ, ജില്ലാ പോലീസ് മേധാവി, ജില്ലാ ഫയർ ഓഫീസർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (റോഡ്സ് ഡിവിഷൻ), (ദേശീയ പാത) എന്നിവർക്ക് അയച്ചുകൊടുക്കുകയും റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് യോഗ്യതയുള്ള അപേക്ഷകളിൽ കാലതാമസം കൂടാതെ എൻ.ഒ.സി. നൽകിവരികയും ചെയ്യുന്നു.

നിലവിൽ മറ്റ് വകുപ്പുകളുടെ റിപ്പോർട്ടുകൾ ലഭ്യമാക്കി നിയമപരമായ നടപടിക്രമങ്ങൾ പാലിച്ചാണ് ജില്ലാ കളക്ടർമാർ ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചുവരുന്നത്. ചില കേസുകളിൽ സ്കെച്ചിലെ പോരായ്മകളും പെട്രോൾ പമ്പ് തുടങ്ങുന്നതിനെതിരെ സമീപവാസികളുടെ എതിർപ്പുകളും കാരണം NOC അനുവദിക്കുന്നതിൽ കാലതാമസം നേരിടാറുണ്ട്.

**മാവൂർ വില്ലേജിലെ ചെറൂപ്പ ദേശത്തെ റവന്യൂ ഭൂമി**

**314 (1582)** <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ വില്ലേജിലെ ചെറൂപ്പ ദേശത്ത് റീ-സർവ്വേ 21/1, 21/5-ൽപ്പെട്ട റവന്യൂ ഭൂമി നിലവിലുണ്ടോ; എങ്കിൽ ഇതിന്റെ വിസ്തൃതി എത്രയാണെന്ന് വ്യക്തമാക്കാമോ?

മാവൂർ വില്ലേജിൽ ചെറൂപ്പ ദേശത്ത് റീ സർവ്വെ നമ്പർ 21/1, 21/5-ൽ റവന്യൂ ഭൂമി നിലവിലില്ല. ടി ഭൂമി POB ( Prohibitory Order Booked) ലാൻഡ് ആയിട്ടാണ് വില്ലേജ് രേഖകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. മാവൂർ വില്ലേജ് ചെറൂപ്പ ദേശത്തെ POB ലാൻഡ് വിസ്തീർണ്ണം ഇപ്രകാരമാണ് :-

1. റിസ 21/1 :- 1.32 ഏക്കർ

2. റിസ 21/5 :- 56 സെന്റ്

(ബി) പ്രസ്തുത ഭൂമിയുടെ വില്ലേജ് സ്കെച്ച് ലഭ്യമാക്കാമോ?

ടി ഭൂമിയുടെ സ്കെച്ച് നിശ്ചിത ഫീസ് ഒടുക്കിയാൽ വില്ലേജ് ഓഫീസിൽനിന്നും അനുവദിക്കുന്നതാണ്.

(സി) പ്രസ്തുത ഭൂമി സർവ്വേ ചെയ്ത് അതിരുകൾ മാർക്ക് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ടി ഭൂമി സർവ്വേ ചെയ്ത് അതിരുകൾ മാർക്ക് ചെയ്തിട്ടുള്ളതാണ്.

**വില്ലേജ് ഓഫീസുകൾ ജനസൗഹൃദമാക്കാൻ നടപടി**

315 (1583) ശ്രീ. എം. എം. മണി:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകൾ കൂടുതൽ ജനസൗഹൃദമാക്കുന്നതിനും കാലതാമസമില്ലാതെ സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനും ആവിഷ്കരിച്ച് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

വിലയിരുത്തിയിട്ടുണ്ട്. എല്ലാ വില്ലേജ് ഓഫീസുകളും ജനസൗഹൃദമാക്കുന്നതിന്റെ ഭാഗമായി സ്മാർട്ട് വില്ലേജുകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി 657 വില്ലേജ് ഓഫീസുകൾക്ക് ഭരണാനുമതി

നൽകിയിട്ടുള്ളതിൽ 397 വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതും അവശേഷിച്ച 260 വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലുമാണ്. റവന്യൂ വകുപ്പിന് കീഴിൽ വരുന്ന മുഴുവൻ ഓഫീസ് സംവിധാനങ്ങളുടെയും ആധുനികവൽക്കരണത്തിനും വിവിധ ഓഫീസ് സേവനങ്ങൾ ആവശ്യമുള്ളവർക്ക് വേഗത്തിൽ സുതാര്യമായി സേവനങ്ങൾ ലഭ്യമാക്കുന്നതിനും പരമാവധി സേവനങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിലാക്കി ഇ-ഗവേണൻസ് സംവിധാനത്തിലൂടെ നൽകുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. സുതാര്യത ഉറപ്പാക്കിക്കൊണ്ട് റവന്യൂ ഓഫീസുകളിൽനിന്നും ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു+.

(ബി) വില്ലേജ് ഓഫീസുകളിലെ അഴിമതി തടയുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വില്ലേജ് ഓഫീസുകളിൽ അഴിമതി ഇല്ലാതാക്കാൻ ലാൻഡ് റവന്യൂ വകുപ്പിൽ സുശക്തമായ ആഭ്യന്തര വിജിലൻസ് സംവിധാനം നിലവിലുണ്ട്. ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽത്തന്നെ ഒരു അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ മൂന്ന് സെക്ഷനുകളിലായി പരിശോധനാ വിഭാഗം പ്രവർത്തിച്ചുവരുന്നു. ഓരോ സെക്ഷനിലും ഒരു സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ജൂനിയർ സൂപ്രണ്ടുമാർ, ക്ലാർക്കുമാർ എന്നിവരടങ്ങുന്ന ഒരു സംഘം നിലവിലുള്ളതും ഈ ടീം കളക്ടറേറ്റുകൾ, റവന്യൂ ഡിവിഷണൽ ഓഫീസുകൾ, താലൂക്ക് ഓഫീസുകൾ, സ്പെഷ്യൽ ഓഫീസുകൾ, വില്ലേജ് ഓഫീസുകൾ എന്നിവ യഥാസമയം പരിശോധിച്ച് വരുന്നതുമാണ്. പതിവ് പരിശോധനകൾക്ക് പുറമെ സർക്കാർ, ലാൻഡ് റവന്യൂ കമ്മീഷണർ എന്നിവർ ഏൽപ്പിക്കുന്ന പരാതികളിന്മേൽ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നതിനും ആകസ്മിക ത്വരിത പരിശോധനകൾ ഉൾപ്പെടെ നടത്തുന്നതിനും ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ പരിശോധനാ വിഭാഗങ്ങൾക്ക് അധികാരമുണ്ട്. മാത്രവുമല്ല സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട പരിശോധനകൾ നടത്തുന്നതിനായി

സീനിയർ ഫിനാൻസ് ഓഫീസറുടെ നേതൃത്വത്തിൽ സീനിയർ സൂപ്രണ്ട് സെക്ഷൻ ഹെഡ്ഡായി ഒരു ആഭ്യന്തര ഓഡിറ്റ് വിംഗും പ്രവർത്തിച്ചുവരുന്നു. ഇപ്രകാരം ലാൻഡ് റവന്യൂ വകുപ്പിന്റെ കീഴിൽ വരുന്ന വില്ലേജ് ഓഫീസുകൾ ഉൾപ്പടെയുള്ള എല്ലാ റവന്യൂ ഓഫീസുകളിലും സമഗ്ര പരിശോധന നടത്തുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ പരിശോധനാ വിഭാഗവും ഓഡിറ്റ് വിഭാഗവും പ്രവർത്തിച്ചുവരുന്നുണ്ട്.

ജില്ലകളിൽ ഒരു സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഇൻസ്പെക്ഷൻ ആൻഡ് വിജിലൻസ് എന്ന പേരിൽ ഒരു സെക്ഷൻ പ്രവർത്തിച്ചുവരുന്നു. ജില്ലയ്ക്കകത്തു വരുന്ന മുഴവൻ റവന്യൂ ഓഫീസുകളിലും പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ടി ടീമിന് അധികാരമുണ്ട്. ഇപ്രകാരം നടത്തുന്ന പരിശോധനയിൽ കണ്ടെത്തുന്ന ക്രമക്കേടുകൾക്ക് ജില്ലാ കളക്ടർ തലത്തിൽ നടപടി സ്വീകരിച്ചുവരുന്നതും ഗൗരവകരമായ ക്രമക്കേടുകൾ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ അറിയിക്കാറുള്ളതും ഇത്തരം കേസുകളിന്മേൽ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽനിന്നും നടപടി സ്വീകരിച്ചു വരുന്നതുമാണ്.

ഇതിനുപുറമെ സംസ്ഥാനത്തെ വിവിധ ജില്ലകളെ ഉൾപ്പെടുത്തി 3 മേഖലകളായി തിരിച്ച് ഓരോ മേഖലയും ഒരു വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നതുമാണ്. സർക്കാർ, ലാൻഡ് റവന്യൂ കമ്മീഷണർ എന്നിവർ ഏൽപ്പിക്കുന്ന പരാതികളിലും പൊതുജനങ്ങളിൽനിന്ന് നേരിട്ട് ലഭിക്കുന്ന പരാതികളിലും അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വിജിലൻസ് ഡെപ്യൂട്ടി കളക്ടർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. കൂടാതെ താലൂക്ക് തലത്തിൽ ഡെപ്യൂട്ടി തഹസിൽദാരുടെ നേതൃത്വത്തിൽ ഒരു പരിശോധനാ വിഭാഗവും സജീവമായി പ്രവർത്തിക്കുന്നതും വില്ലേജ് ഓഫീസ് ജീവനക്കാർക്കെതിരെ ലഭിക്കുന്ന പരാതികളിന്മേൽ സത്വര നടപടികൾ സ്വീകരിച്ചുവരുന്നതും ഗൗരവതരമായ സംഗതികളിന്മേൽ അച്ചടക്കനടപടി ഉൾപ്പടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. താലൂക്ക് ഓഫീസിൽ ഓരോ ഡെപ്യൂട്ടി തഹസിൽദാർമാർക്കും ചാർജ്ജ് ഓഫീസർ എന്ന നിലയിൽ നിശ്ചിത വില്ലേജുകളുടെ ചാർജ്ജ് നൽകിവരുന്നു. ടി ചാർജ്ജ് ഓഫീസർമാർ പ്രസ്തുത വില്ലേജുകളുടെ പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തി പോരായ്മകൾ

പരിഹരിച്ച വരുന്നതുമാണ്. അഴിമതി വിവരം വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ അറിയിക്കുന്നതിന് വിജിലൻസ് അധികാരിയുടെ ഫോൺ നമ്പർ ഉൾപ്പെടെ മേൽവിലാസം കാണിക്കുന്ന ബോർഡുകൾ വില്ലേജ് ഓഫീസുകൾ ഉൾപ്പടെ എല്ലാ റവന്യൂ ഓഫീസുകളിലും സ്ഥാപിച്ചിട്ടുണ്ട്.

പാലക്കയം വില്ലേജ് ഓഫീസിലെ കൈക്കൂലി കേസിന്റെ പശ്ചാത്തലത്തിൽ വിവിധ ജില്ലകളിലെ ഡെപ്യൂട്ടി കളക്ടർമാർ, കളക്ടറേറ്റ് പരിശോധന വിഭാഗത്തിലെയും കമ്മീഷണറേറ്റ് പരിശോധന വിഭാഗത്തിലെയും സീനിയർ ഓഫീസർമാരെ ഉൾപ്പെടുത്തി വിവിധ തലത്തിൽ പരിശോധനകൾ നടത്തിയിട്ടുള്ളതും പ്രസ്തുത പരിശോധനാ റിപ്പോർട്ട് വിലയിരുത്തുകയും ചെയ്തിട്ടുള്ളതാണ്. ILDM ആസ്ഥാനമായി പൊതുജനങ്ങളുടെ പരാതി പരിഹാരം/സംശയ നിവാരണം എന്നിവയ്ക്കായി പ്രവർത്തിക്കുന്ന ടോൾഫ്രീ നമ്പറിൽ അഴിമതി സംബന്ധിച്ച പരാതികൾ കൂടി ഉൾപ്പെടുത്തിയിട്ടുള്ളതും അതിലേയ്ക്കായി അധിക ജീവനക്കാരെ നിയോഗിച്ചിട്ടുള്ളതുമാണ്. അഴിമതി സംബന്ധിച്ച പരാതികൾ

ഓൺലൈനായി സ്വീകരിക്കുന്നതിലേയ്ക്കായി LRD പോർട്ടലിൽ ഒരു മൊഡ്യൂൾ തയ്യാറാക്കിയിട്ടുള്ളതും പ്രസ്തുത പോർട്ടലിൽ ലഭിക്കുന്ന പരാതികൾ പരിശോധിച്ച് നടപടി സ്വീകരിച്ചുവരുന്നതുമാണ്. താലൂക്ക് തലത്തിൽ ചാർജ്ജ് ഓഫീസർമാർ ഒരു മാസത്തിൽ 5 മുതൽ 10 വരെ വില്ലേജ് ഓഫീസുകൾ സന്ദർശിച്ച് പരിശോധന നടത്തുമെന്നും റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ലാൻഡ് റവന്യൂ കമ്മീഷണർ, ജോയിന്റ് കമ്മീഷണർ, ജില്ലാ കളക്ടർമാർ, ഡെപ്യൂട്ടി കളക്ടർമാർ, എന്നിവർ മാസത്തിൽ കുറഞ്ഞത് 2 വില്ലേജ് ഓഫീസുകൾ സന്ദർശിച്ച് പരിശോധന നടത്തുന്നതിനും റവന്യൂ വിജിലൻസ്, കമ്മീഷണറേറ്റ് പരിശോധന വിഭാഗം, കളക്ടറേറ്റ് പരിശോധന വിഭാഗം എന്നീ ടീമുകൾ മാസത്തിൽ 500 വില്ലേജ് ഓഫീസുകൾ സന്ദർശിക്കണമെന്നും റവന്യൂ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആഴ്ചതോറും ചേരുന്ന റവന്യൂ സെക്രട്ടറിയേറ്റ് യോഗത്തിൽ തീരുമാനിച്ചിട്ടുള്ളതാണ്.

പരിശോധനാ വിഭാഗങ്ങളിൽ ജോലി ചെയ്തുവരുന്ന ജീവനക്കാർ ലാൻഡ് റവന്യൂ വകുപ്പിൽ കൈകാര്യം ചെയ്തുവരുന്ന നിയമങ്ങളിലും

ചട്ടങ്ങളിലും അവഗാഹമുള്ളവരും ഇവയിൽ കാലാകാലങ്ങളിലുണ്ടാകുന്ന ഭേദഗതികൾക്ക് അനുസൃതമായി പ്രവർത്തിക്കുന്നതിന് ടി ജീവനക്കാർക്ക് റവന്യൂ വകുപ്പിലെ പരിശീലന കേന്ദ്രമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റുവഴി പരിശീലനം നൽകിവരുന്നുമുണ്ട്.

ഇത്തരത്തിൽ വളരെ കാര്യക്ഷമവും സമഗ്രവുമായ രീതിയിൽ വില്ലേജ് ഓഫീസ് ഉൾപ്പെടെയുള്ള റവന്യൂ ഓഫീസുകളിലെ അഴിമതി തടയുന്നതിനായി ലാൻഡ് റവന്യൂ വകുപ്പ് സജീവമായി പ്രവർത്തിക്കുന്നുണ്ട്.

കൂടാതെ റവന്യൂ സേവനങ്ങൾ നിഷേധിക്കുന്നത് സംബന്ധിച്ച് സർക്കാരിൽ ലഭിക്കുന്ന ഗൗരവമുള്ള പരാതികൾ സർക്കാർതലത്തിൽ നേരിട്ട് അന്വേഷിക്കുന്നതിനാൽ പരാതിയുടെ സ്വഭാവമനുസരിച്ച് റവന്യൂ വകുപ്പിലെ വിവിധ സെക്ഷനുകളിലെ ജീവനക്കാരെ ഉൾപ്പെടുത്തി ഈ ഇൻസ്പെക്ഷൻ സ്ക്വാഡ് 23-03-2022-ലെ സ.ഉ. (സാധാ) നം. 1293/2022/റവ പ്രകാരം രൂപീകരിച്ചിട്ടുണ്ട്. തുടർന്ന്, റവന്യൂ വകുപ്പിനെ പൂർണ്ണമായും അഴിമതിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ Zero Corruption Campaign ആരംഭിച്ചതിന്റെ ഭാഗമായി നിലവിലെ സർക്കാർതല പരിശോധനാ വിഭാഗം

വിപുലീകരിച്ച് ശക്തിപ്പെടുത്തുന്നതിനായി ജില്ലകൾ നിശ്ചയിച്ചുകൊണ്ട് ഏഴ് സ്ക്വാഡുകൾ രൂപീകരിച്ച് 17-08-2023-ലെ സ.ഉ. (സാധാ) 3037/2023/RD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) എല്ലാ വില്ലേജ് ഓഫീസുകളിലും ജനകീയ സമിതികളുടെ പ്രവർത്തനം തൃപ്തികരമായി നടത്താൻ സാധിക്കുന്നുണ്ടോ; അവ ശക്തിപ്പെടുത്തുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

എല്ലാ വില്ലേജ് ഓഫീസുകളിലും ജനകീയ സമിതികളുടെ പ്രവർത്തനം സാമാന്യം തൃപ്തികരമായി നടത്താൻ സാധിക്കുന്നുണ്ട്. കൂടാതെ അവ ശക്തിപ്പെടുത്തുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തി വരുന്നുമുണ്ട്. വില്ലേജുതല ജനകീയ സമിതി റിപ്പോർട്ട് ശേഖരണത്തിനായി ഗൂഗിൾ ഫോം, ഗൂഗിൾ ഷീറ്റ് എന്നിവ തയ്യാറാക്കി നൽകിയിട്ടുള്ളതും ആയത് ജില്ലാ നോഡൽ ഓഫീസർമാർക്കും ചാർജ്ജ് ഓഫീസർമാർക്കും കാണുന്നതിന് സാധിക്കുന്നതുമാണ്. ജനകീയ സമിതി കൂടിയതായുള്ള

സാക്ഷ്യപത്രം തൊട്ടടുത്ത പ്രവർത്തി ദിവസംതന്നെ ലാൻഡ് റവന്യൂ കമ്മീഷണർക്ക് ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

**സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി**

**316 (1584)** <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഇതിനോടകം എത്ര വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകൾ ആക്കിയിട്ടുണ്ടെന്നും എത്ര എണ്ണത്തിന്റെ നിർമ്മാണം നടന്നുവരുന്നുണ്ടെന്നും വ്യക്തമാക്കാമോ?

സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഇതിനോടകം 657 വില്ലേജ് ഓഫീസുകൾക്ക് ഭരണാനുമതി നൽകിയിട്ടുള്ളതും അതിൽ 397 വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റിയിട്ടുള്ളതും അവശേഷിച്ച 260 വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലുമാണ്.

(ബി) ഈ പദ്ധതിയിൻ കീഴിൽ ആലപ്പുഴ ജില്ലയിൽ പൂർത്തിയാക്കിയ വില്ലേജ് ഓഫീസുകൾ ഏതൊക്കെയെന്നും ഏതൊക്കെ വില്ലേജ് ഓഫീസുകളുടെ നിർമ്മാണമാണ് നടന്നുവരുന്നതെന്നും അറിയിക്കുമോ?

പ്രസ്തുത പദ്ധതിയിൻകീഴിൽ ആലപ്പുഴ ജില്ലയിൽ നിർമ്മാണം പൂർത്തിയാക്കിയതും നിർമ്മാണം നടന്നുവരുന്നതുമായ വില്ലേജ് ഓഫീസുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു+.

(സി) സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളും സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിനായി ഇതുവരെ എത്ര രൂപയാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വിവിധ വർഷങ്ങളിലായി വാർഷിക പദ്ധതി, നവീകരണം വഴി സ്മാർട്ട്, റീബിൽഡ് കേരള ഇനിഷ്യേറ്റീവ്, ആസ്തി വികസന ഫണ്ട്, പൊതുമരാമത്ത് വകുപ്പ് എന്നിവയുടെ ഫണ്ട് വിനിയോഗിച്ച് സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി 657 വില്ലേജ് ഓഫീസുകൾക്ക് ഭരണാനുമതി നൽകിയിട്ടുള്ളതിൽ 397 വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതും അവശേഷിച്ച 260 വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലുമാണ്. പ്രസ്തുത പദ്ധതിയിനത്തിൽ നാളിതുവരെ 273.71 കോടി രൂപ ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

**നിർമ്മിതി മുഖേന ആലപ്പുഴ മണ്ഡലത്തിൽ നടന്നുവരുന്ന പ്രവൃത്തികൾ**

**317 (1585)** **ശ്രീ. പി. പി. ചിത്തരഞ്ജൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പ് മുഖേന ആലപ്പുഴ മണ്ഡലത്തിൽ ഏതൊക്കെ പ്രവൃത്തികളാണ് നടന്നുവരുന്നതെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പ് മുഖേന ആലപ്പുഴ മണ്ഡലത്തിൽ നടന്നുവരുന്ന പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരവും ചുവടെ ചേർക്കുന്നു.

| നം. | പ്രവൃത്തി | നിർമ്മാണ ഏജൻസി | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | ആലപ്പുഴ സബ് കളക്ടറുടെ ക്വാർട്ടേഴ്സ് നവീകരണം | പി.ഡബ്ല്യു.ഡി. | നിർമ്മാണം അന്തിമ ഘട്ടത്തിലാണ് |
| 2 | വില്ലേജ് ഓഫീസ്, മണ്ണഞ്ചേരി | ജില്ലാ നിർമ്മിതി കേന്ദ്രം | നിർമ്മാണം പ്രാരംഭഘട്ടത്തിലാണ് |
| 3 | വില്ലേജ് ഓഫീസ്, കലവൂർ | കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം | നിർമ്മാണം പ്രാരംഭഘട്ടത്തിലാണ് |

(ബി) നിർമ്മിതി മുഖേന ആലപ്പുഴ മണ്ഡലത്തിൽ നടന്നുവരുന്ന പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ?

നിർമ്മിതി മുഖേന ആലപ്പുഴ മണ്ഡലത്തിൽ നടന്നുവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(സി) ഭവന നിർമ്മാണ വകുപ്പ് മുഖേന ആലപ്പുഴ മണ്ഡലത്തിൽ ഏതൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ?

ആലപ്പുഴ മണ്ഡലത്തിൽ മെഡിക്കൽ കോളേജിൽ ചികിത്സ തേടുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും താമസ സൗകര്യം ലഭ്യമാക്കുന്നതിനുള്ള ആശ്വാസ് വാടക വീട് പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി 5 കോടി രൂപയുടെ ഭരണാനുമതി കേരള

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് നൽകിയിട്ടുള്ളതും പ്രസ്തുത പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നതുമാണ്.

**വൈപ്പിൻ നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ**

**318 (1586)** <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 28-06-2022-ലെ ദുരന്തനിവാരണ (ബി) വകുപ്പിന്റെ 535/2022/ഡി.എം.ഡി. നമ്പർ ഉത്തരവ് പ്രകാരം 266 ലക്ഷം രൂപയ്ക്ക് പുതിയ ഭരണാനുമതി ലഭ്യമായ വൈപ്പിൻ നിയോജകമണ്ഡലത്തിലെ 33 പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

28-06-2022-ലെ സ.ഉ. (സാധാ) 535/2022/ഡി.എം.ഡി. നമ്പർ ഉത്തരവ് പ്രകാരം 266 ലക്ഷം രൂപ ഭരണാനുമതി നൽകിയ വൈപ്പിൻ നിയോജകമണ്ഡലത്തിലെ 33 പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) നാളിതുവരെ പ്രസ്തുത പ്രവൃത്തികളിൽ എത്രയെണ്ണം ആരംഭിക്കാൻ സാധിച്ചെന്നും എത്രയെണ്ണത്തിന് പ്രവർത്തനാനുമതി ലഭ്യമായെന്നും എത്ര തുക ലാപ്സായെന്നും വിശദമാക്കാമോ;

(സി) എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവർത്തനാനുമതി ലഭ്യമാക്കുന്നതിൽ സമയബന്ധിതമായി നടപടി സ്വീകരിക്കാത്തതിനാൽ അനുവദിച്ച തുക നഷ്ടമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(ബി&സി) ഭരണാനുമതി നൽകിയ ടി പ്രവൃത്തികൾ ഒന്നുംതന്നെ ആരംഭിച്ചിട്ടില്ല. അനുവദിച്ച പ്രവൃത്തികളിൽ 11 പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനാനുമതി നൽകിയിട്ടുണ്ടെങ്കിലും 27-04-2023-നുള്ളിൽ കരാറിൽ ഏർപ്പെട്ടിട്ടില്ലാത്തതിനാൽ ടി പ്രവൃത്തികൾ സ്വമേധയാ റദ്ദായിട്ടുണ്ട്. ഭരണാനുമതി പുതുക്കി നൽകുന്നതിനുള്ള പ്രൊപ്പോസലുകൾ ജില്ലാ കളക്ടറിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് അത് പരിശോധിച്ച് ഭരണാനുമതി പുതുക്കി നൽകുന്ന നടപടികൾ സ്വീകരിക്കുന്നുണ്ട്.

## ധനകാര്യ വകുപ്പിന്റെ എതിർപ്പിനെ മറികടന്ന് മന്ത്രിസഭയുടെ അംഗീകാരത്തോടെ നടപ്പാക്കിയ പദ്ധതികൾ

**319 (1587)** <u>**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):**</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനകാര്യ വകുപ്പിന്റെ എതിർപ്പിനെ മറികടന്നുകൊണ്ട് മന്ത്രിസഭയുടെ അംഗീകാരത്തോടെ റവന്യൂ വകുപ്പ് എന്തൊക്കെ പദ്ധതികൾ/പ്രവർത്തനങ്ങൾ/തീരുമാനങ്ങൾ നടപ്പാക്കിയിട്ടുണ്ട്;

(ബി) മേൽപ്പറഞ്ഞ ഓരോ വിഷയത്തിലും ധനകാര്യ വകുപ്പ് മന്ത്രിസഭയ്ക്ക് നൽകിയ റിമാർക്സ് എന്തായിരുന്നു; ഓരോ തീരുമാനവും സംബന്ധിച്ച ക്യാബിനറ്റ് നോട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഓരോന്നും നടപ്പാക്കിയതിലൂടെ എത്ര രൂപയുടെ ബാധ്യതയുണ്ടായതായി കണക്കാക്കിയിട്ടുണ്ട്; വിശദാംശം നൽകുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനകാര്യ വകുപ്പിന്റെ എതിർപ്പിനെ മറികടന്നുകൊണ്ട് മന്ത്രിസഭയുടെ

അംഗീകാരത്തോടെ റവന്യൂ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ/പ്രവർത്തനങ്ങൾ/തീരുമാനങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+. ഇതുമായി ബന്ധപ്പെട്ട സാമ്പത്തിക ബാധ്യത കണക്കാക്കിയിട്ടില്ല. മേൽപ്പറഞ്ഞ തീരുമാനങ്ങളെടുത്ത ഫയലുകളിലെ ധനകാര്യ വകുപ്പ് നൽകിയ റിമാർക്സ് അടങ്ങിയ ക്യാബിനറ്റ് നോട്ടിന്റെ പകർപ്പുകൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു+.

**തോട്ടഭൂമിയിലെ കയ്യേറ്റം തിരിച്ചുപിടിക്കാൻ നടപടി**

**320 (1588)** ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോട്ടഭൂമി ഉൾപ്പെടെയുള്ളവയിലെ കയ്യേറ്റങ്ങൾ തടയുന്നതിനും കയ്യേറിയ ഭൂമി തിരികെ പിടിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് തോട്ടഭൂമി ഉൾപ്പെടെയുള്ള സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റം കണ്ടെത്തുന്നതിനും സമയബന്ധിതമായി ഒഴിപ്പിക്കുന്നതിനും കേരള ഭൂസംരക്ഷണ നിയമം 1957-ഉം ആയതിലെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചട്ടങ്ങളും 2009-ലെ ഭൂസംരക്ഷണ ഭേദഗതി നിയമത്തിലെ വ്യവസ്ഥകളും പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അത്തരം കയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 10-09-2018-ൽ സ.ഉ. (സാധാ) നം.3778/2018/റവ നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിൻപ്രകാരം ജില്ലാ തലത്തിലും താലൂക്ക് തലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുള്ളതും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് താലൂക്ക് സർവ്വെയറുടെ സഹായത്തോടെ സ്ഥലപരിശോധനകൾ നടത്തി കയ്യേറ്റം തടയുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിലാക്കുന്നതിലേയ്ക്കായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ജോയിന്റ് കമ്മീഷണർ, അസിസ്റ്റന്റ് കമ്മീഷണർ തുടങ്ങിയ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽ രൂപീകരിച്ചിട്ടുള്ള മോണിറ്ററിംഗ് സെൽ വഴിയും തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. 08-11-2008-ന് ശേഷമുള്ള കയ്യേറ്റമാണെങ്കിൽ 2009-ലെ കേരള ഭൂസംരക്ഷണ (ഭേദഗതി) നിയമ പ്രകാരം കയ്യേറ്റ

കക്ഷിക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കയ്യേറ്റ കേസുകളിന്മേൽ ഉണ്ടാകുന്ന അപ്പീൽ/റിവിഷൻ ഹർജികളിൽ തീരുമാനമെടുക്കുന്നതിനുള്ള അധികാരം ഒഴികെ കേരള ഭൂസംരക്ഷണ നിയമപ്രകാരം ജില്ലാ കളക്ടർക്കുള്ള അധികാരങ്ങൾ സിദ്ധിച്ചിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജലസേചനം, പൊതുമരാമത്ത്, വനം തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് കേരള ഭൂസംരക്ഷണ നിയമ നടപടികളിലൂടെ കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ട്. ടി വകുപ്പുകളുടെ കൈവശമുള്ള ഭൂമിലെ കയ്യേറ്റം ശ്രദ്ധയിൽപ്പെടുത്തുന്ന മുറയ്ക്ക് അത് അളന്ന് തിട്ടപ്പെടുത്തി മഹസ്സർ, സ്കെച്ച് എന്നിവ സഹിതം ടി വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കേരള ഭൂസംരക്ഷണ നിയമ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനായി റവന്യൂ വകുപ്പ് കൈമാറി വരുന്നു. കേരള ഭൂസംരക്ഷണ നിയമ പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് അധികാരം സിദ്ധിച്ചിട്ടില്ലാത്ത വകുപ്പുകളുടെ ഭൂമിയിലെ കയ്യേറ്റം റവന്യൂ വകുപ്പ് മുഖാന്തരവും ഒഴിപ്പിച്ച് ഏറ്റെടുത്ത് കൈമാറി വരുന്നു.

(ബി) ഇപ്രകാരം കയ്യേറിയ തോട്ടഭൂമിയിൽ ഈ സർക്കാർ കാലയളവിൽ ഇതുവരെ പിടിച്ചെടുത്ത ഭൂമിയുടെയും ഇനിയും പിടിച്ചെടുക്കാനുള്ള ഭൂമിയുടെയും വിശദാംശങ്ങൾ വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ഹാരിസൺസ് മലയാളം ലിമിറ്റഡും സമാനമായ കമ്പനികളും നിയമ വിരുദ്ധമായി കൈവശം വച്ചിരിക്കുന്ന ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട സിവിൽ കോടതികളിൽ കേസുകൾ ഫയൽ ചെയ്യുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് 06-06-2019-ൽ സ.ഉ. (കൈ) 172/2019/റവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സിവിൽ കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ ജില്ലാ തലത്തിൽ പുരോഗമിച്ചുവരുന്നു. നിലവിൽ കോട്ടയം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, തിരുവനന്തപുരം ജില്ലകളിലെ 35960.63 ഏക്കർ ഭൂമിക്കെതിരെ 13 സിവിൽ കേസുകൾ സർക്കാർ ഫയൽ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പാലക്കാട്, മലപ്പുറം ജില്ലകളിലൊഴികെയുള്ള മറ്റ് ജില്ലകളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തോട്ട ഭൂമികളൊന്നും പിടിച്ചെടുത്തിട്ടില്ലാത്തതാണ്.

മലപ്പുറം ജില്ലയിൽ ഏറനാട് താലൂക്കിൽ പന്തല്ലൂർ ഭഗവതി ക്ഷേത്രംവക ഭൂമി കൈവശം വച്ചിരുന്ന ബലന്നൂർ പ്ലാന്റേഷൻ & ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ കയ്യേറ്റം കേരള ഭൂ സംരക്ഷണ നിയമപ്രകാരം ഒഴിപ്പിച്ച് പ്രസ്തുത ഭൂമി ഏറ്റെടുത്തിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ തോട്ടഭൂമിയിലെ കയ്യേറ്റം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>പാലക്കാട്</u>

| | |
|---|---|
| സിവിൽ കേസുകൾ ഫയൽ ചെയ്യുന്നതിന് നടപടി സ്വീകരിച്ച് വരുന്നത് | 6 എസ്റ്റേറ്റുകൾ (6473.57 ഏക്കർ) |
| ഇ.എഫ്.എൽ./വി.എ. ആയി പ്രഖ്യാപിച്ചിട്ടുള്ളത് | 5 എസ്റ്റേറ്റുകൾ |
| വിശദവിവരങ്ങൾ സമർപ്പിക്കുന്നതിന് തഹസിൽദാർക്ക് നിർദ്ദേശം നൽകിയത് | 13 എസ്റ്റേറ്റുകൾ |

<u>വനം വകുപ്പിലേയ്ക്ക് ഏറ്റെടുക്കേണ്ട തോട്ട ഭൂമികൾ</u>

| ക്രമ നമ്പർ | എസ്റ്റേറ്റുകളുടെ എണ്ണം | വിസ്തീർണ്ണം (ഏക്കർ) | റിമാർക്സ് |
|---|---|---|---|
| 1 | 20 എസ്റ്റേറ്റുകൾ | 2669.99 | പാട്ടക്കരാർ റദ്ദ് ചെയ്യപ്പെട്ടവ |
| 2 | 13 എസ്റ്റേറ്റുകൾ | 3359.69 | പാട്ടക്കരാർ ലംഘനം കണ്ടെത്തി സർക്കാർ തലത്തിൽ നടപടി തുടരുന്നവ |
| 3 | 8 എസ്റ്റേറ്റുകൾ | 1566.70 | പുതുതായുള്ള പാട്ടക്കരാർ ലംഘനം വനം വകുപ്പിൽനിന്നും റിപ്പോർട്ട് ചെയ്തത് |
| ആകെ | 41 എസ്റ്റേറ്റുകൾ | 7596.32 | |

പാലക്കാട് ജില്ലയിൽ പാട്ടക്കാലാവധി കഴിഞ്ഞ 12 തോട്ട ഭൂമികൾ വനംവകുപ്പ് നിലവിൽ ഏറ്റെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(സി) പ്രസ്തുത മേഖലയിലെ കയ്യേറ്റ ഭൂമി പിടിച്ചെടുക്കുന്നതിൽ കോടതി വ്യവഹാരങ്ങളുമായി ബന്ധപ്പെട്ട് എത്രത്തോളം ഭൂമിയും കോടതി വ്യവഹാരങ്ങളും നിലവിലുണ്ടെന്നും അവ സർക്കാരിൽ നിക്ഷിപ്തമാക്കാൻ സ്വീകരിച്ചുവരുന്ന തുടർനടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

06-06-2019-ലെ സ.ഉ. (കൈ) 172/2019/റവ നമ്പർ ഉത്തരവിൻപ്രകാരം സിവിൽ കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപടികൾ ജില്ലാതലത്തിൽ പുരോഗമിച്ചുവരുന്നു. നിലവിൽ കോട്ടയം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, തിരുവനന്തപുരം ജില്ലകളിലെ 35960.63 ഏക്കർ ഭൂമിക്കെതിരെ 13 സിവിൽ കേസുകൾ സർക്കാർ ഫയൽ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+. ഉടമസ്ഥത സ്ഥാപിക്കുന്നതിനായി സർക്കാർ ഫയൽ ചെയ്തുവരുന്ന സിവിൽ കേസുകളിലെ അന്തിമ വിധിന്യായത്തിന് വിധേയമായി മാത്രമേ പ്രസ്തുത കയ്യേറ്റ ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിലെ നെല്ലിയാമ്പതി വില്ലേജിലെ 314.4508 ഹെക്ടർ ഭൂമി സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ WP(C)34072/2014(H) നമ്പർ കേസ് നിലവിലുണ്ട്.

മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിൽ പന്തല്ലൂർ ഭഗവതി ക്ഷേത്രംവക ഭൂമി കയ്യേറ്റം ഒഴിപ്പിച്ചതിനെതിരായി ബലന്നൂർ പ്ലാന്റേഷൻ & ഇൻഡസ്ട്രീസ് ലിമിറ്റഡ് ഫയൽ ചെയ്ത SLP(C) 20879/18 നമ്പർ കേസ് സുപ്രീം കോടതിയുടെ പരിഗണനയിലാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പട്ടയം നൽകൽ

**321 (1589)** <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര പേർക്ക് പട്ടയം നൽകിയെന്ന് ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശം നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2 വർഷക്കാലയളവിനുള്ളിൽ സംസ്ഥാനത്ത് 121604 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള വിവരം അനുബന്ധമായി ചേർക്കുന്നു+.

(ബി) പട്ടയം നൽകൽ വിഷയത്തിൽ വകുപ്പ് നടത്തിവരുന്ന തുടർനടപടികൾ എന്തെന്ന് അറിയിക്കാമോ?

എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യവുമായി പ്രവർത്തിക്കുന്ന കേരളത്തിലെ റവന്യൂ വകുപ്പ് ഏറ്റവും പ്രാധാന്യത്തോടെ നടപ്പാക്കുന്ന കർമ്മ പദ്ധതിയാണ് പട്ടയ മിഷൻ.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മലയോര മേഖല, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, വിവിധ കോളനികളിൽ താമസിക്കുന്നവർ എന്നിവർക്ക് അടിയന്തര പ്രാധാന്യത്തിൽ പട്ടയം നൽകുന്നതിനാണ് മിഷൻ രൂപീകരിച്ചിട്ടുള്ളത്. പട്ടയ വിതരണം ഊർജ്ജിതമാക്കുന്നതിനും സമയബന്ധിതമായി നടത്തുന്നതിനും വേണ്ടിയുള്ള പ്രവർത്തനം ഏകോപിപ്പിക്കാനും നിരീക്ഷിക്കാനും ആവശ്യമായ നിർദ്ദേശങ്ങൾ തത്സമയം നൽകാനുമാണ് പട്ടയ മിഷൻ ലക്ഷ്യം വയ്ക്കുന്നത്. കൂടാതെ മലയോര മേഖലകളിൽ പട്ടയ പ്രശ്നങ്ങൾ ക്രോഡീകരിച്ച് അവ പരിശോധിച്ചുവരുന്നതും പട്ടയം ലഭിക്കാത്ത കോളനികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിന് താലൂക്ക്-വില്ലേജ് തലത്തിൽ നടപടികൾ നടന്നുവരുന്നതുമാണ്. പട്ടയ മിഷന്റെ ഘടനയ്ക്ക് രൂപം നൽകിക്കൊണ്ട് 19-04-2023-ലെ സ.ഉ. (കൈ) 87/2023/RD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്+. പട്ടയ മിഷന്റെ ഭാഗമായി പട്ടയ പ്രശ്നങ്ങൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ കണ്ടെത്തി പരിഹാരം കാണുന്നതിനാണ് പട്ടയ അസംബ്ലികൾ നടത്തിവരുന്നത്. തഹസിൽദാറിൽ

+. നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുറയാത്ത ഒരു ഉദ്യോഗസ്ഥനെ എല്ലാ മണ്ഡലങ്ങളുടെയും നോഡൽ ഓഫീസർമാരായി നിയമിക്കുകയും അതത് നിയോജകമണ്ഡലത്തിലെ എം.എൽ.എ.-മാരുടെ അധ്യക്ഷതയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി പട്ടയ അസംബ്ലി കൂടാൻ ജില്ലകൾക്ക് നിർദ്ദേശം നൽകിയിരുന്നു. സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിൽ 124 എണ്ണത്തിൽ പട്ടയ അസംബ്ലികൾ കൂടുന്നതിനുള്ള തീയതി എം.എൽ.എ.-മാരിൽനിന്നും ലഭ്യമായിട്ടുള്ളതും 121 പട്ടയ അസംബ്ലികൾ നടത്തിയിട്ടുള്ളതുമാണ്. കൂടാതെ പട്ടയ വിതരണത്തിന് തടസ്സമായി നിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തി ഓരോ വില്ലേജിലെയും ഭൂരഹിതരുടെ എണ്ണം, ഭൂമിയുടെ ലഭ്യത, പട്ടയ വിതരണത്തിനുള്ള തടസ്സം എന്നിവ കണ്ടെത്തി രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനായി ഓൺലൈൻ പോർട്ടലായ പട്ടയ ഡാഷ്ബോർഡും പട്ടയ മിഷന്റെ ഭാഗമായി സജ്ജീകരിച്ചിട്ടുണ്ട്.

**കുന്നംകുളം നിയോജകമണ്ഡലത്തിൽ പട്ടയ വിതരണം**

**322 (1590)** <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കുന്നംകുളം നിയോജകമണ്ഡലത്തിൽ എത്ര പട്ടയമാണ് വിതരണം ചെയ്തതെന്ന് വിശദമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് കുന്നംകുളം നിയോജകമണ്ഡലത്തിൽ 12 വിവിധ ഭൂപതിവ് പ്രകാരമുള്ള പട്ടയങ്ങളും 15 വനഭൂമി പട്ടയങ്ങളും 103 മിച്ചഭൂമി പട്ടയങ്ങളും 1314 ലാൻഡ് ട്രിബ്യൂണൽ ക്രയസർട്ടിഫിക്കറ്റുകളുമടക്കം 1444 പട്ടയങ്ങൾ അനുവദിച്ചിട്ടുള്ളതാണ്.

(ബി) നിലവിൽ പട്ടയം ലഭിക്കുന്നതിന് എത്ര അപേക്ഷകളാണ് ലഭ്യമായിട്ടുള്ളതെന്ന് വിശദമാക്കാമോ?

നിലവിൽ പട്ടയം ലഭിക്കുന്നതിന് 537 വിവിധ ഭൂപതിവ് ചട്ടങ്ങൾ പ്രകാരമുള്ള അപേക്ഷകളും 91 വനഭൂമി പട്ടയ അപേക്ഷകളും 1401 ക്രയസർട്ടിഫിക്കറ്റുകൾക്കുള്ള അപേക്ഷകളടക്കം 2029 അപേക്ഷകളാണ് ഈ സർക്കാരിന്റെ കാലത്ത് ലഭിച്ചിട്ടുള്ളത്.

(സി) ഇതിൽ എത്ര അപേക്ഷകളാണ് തീർപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

2029 അപേക്ഷകളിൽ 1444 അപേക്ഷകൾ തീർപ്പാക്കിയിട്ടുള്ളതാണ്.

**പട്ടയ അസംബ്ലി**

**323 (1591)** <u>ശ്രീ. ഡി. കെ. മുരളി</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിച്ച പട്ടയ അസംബ്ലിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ?

പട്ടയ പ്രശ്നങ്ങൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ കണ്ടെത്തി അതിനുള്ള പരിഹാരം കാണുന്നതിനാണ് പട്ടയ അസംബ്ലികൾ നടത്തി വരുന്നത്. നിയോജകമണ്ഡലങ്ങളിൽ ഡെപ്യൂട്ടി കളക്ടർമാരെയും തഹസിൽദാർമാരെയും നോഡൽ ഓഫീസർമാരായി നിയമിക്കുകയും അതത് നിയോജകമണ്ഡലത്തിലെ MLA-മാരുടെ അധ്യക്ഷതയിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ജനപ്രതിനിധികളെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി പട്ടയ അസംബ്ലി കൂടാൻ

ജില്ലകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിൽ 135 എണ്ണത്തിൽ പട്ടയ അസംബ്ലികൾ കൂടുന്നതിനുള്ള തീയതി എം.എൽ.എ.-മാരിൽനിന്നും ലഭ്യമായിട്ടുള്ളതും 135 പട്ടയ അസംബ്ലികൾ നടത്തിയിട്ടുള്ളതുമാണ്.

(ബി) ആയതിന്റെ ഘടന, ചുമതലകൾ എന്നിവ വിശദമാക്കാമോ?

ഘടന

ചെയർമാൻ: എം.എൽ.എ.

കൺവീനർ: നിയോജകമണ്ഡലാടിസ്ഥാനത്തിൽ നിയോഗിച്ചിട്ടുള്ള നോഡൽ ഓഫീസർ (തഹസിൽദാർ റാങ്കിൽ കുറയാതെ)

അംഗങ്ങൾ:

- ഗ്രാമപഞ്ചായത്ത് മെമ്പർ/മുനിസിപ്പൽ കൗൺസിലേഴ്സ്/ കോർപ്പറേഷൻ കൗൺസിലേഴ്സ്
- ബ്ലോക്ക് പഞ്ചായത്ത് മെമ്പർ
- ജില്ലാ പഞ്ചായത്ത് മെമ്പർ
- ബന്ധപ്പെട്ട ഡെപ്യൂട്ടി തഹസിൽദാർമാർ
- സെക്രട്ടറി, ഗ്രാമപഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ

- വില്ലേജ് ഓഫീസർമാർ

നിയോജമണ്ഡലാടിസ്ഥാനത്തിൽ യോഗം ചേർന്ന് ഓരോ വാർഡിലും പട്ടയം കിട്ടാൻ അവശേഷിക്കുന്നവരുടെ ലിസ്റ്റ് തയ്യാറാക്കി പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ലഭ്യമാക്കുക, പട്ടയം നൽകാൻ അനുയോജ്യമായ ഭൂമിയുടെ വിവരങ്ങൾ ലഭ്യമാക്കുക എന്നിവയാണ് പട്ടയ അസംബ്ലികളുടെ ചുമതല.

(സി) എത്ര നിയോജകമണ്ഡലങ്ങളിൽ ഇതിനോടകം പട്ടയ അസംബ്ലി ചേർന്നിട്ടുണ്ട്; വിശദമാക്കാമോ?

ഇതിനോടകം 135 നിയോജകമണ്ഡലങ്ങളിൽ പട്ടയ അസംബ്ലികൾ ചേർന്നിട്ടുണ്ട്. ജില്ലാ അടിസ്ഥാനത്തിലുള്ള വിവരം അനുബന്ധമായി ചേർക്കുന്നു+.

**പട്ടയം**

**324 (1592)** <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) അഴീക്കോട് നോർത്ത്, സൗത്ത് എന്നീ വില്ലേജുകളിൽ നൂറോളം പേർക്ക് പട്ടയമില്ലാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; വിശദമാക്കാമോ?

അഴിക്കോട് നോർത്ത് വില്ലേജിൽ 70 പേർക്കും അഴിക്കോട് സൗത്ത് വില്ലേജിൽ 41 പേർക്കും പട്ടയം ലഭിച്ചിട്ടില്ല. ടി വസ്തു കടൽപ്പുറമ്പോക്കായതിനാൽ മുൻപ് കൈവശരേഖ അനുവദിച്ചുനൽകിയ വസ്തുവിൽ സ്ഥിരതാമസക്കാരായവർക്ക് പട്ടയം അനുവദിക്കുന്ന വിഷയം നിലവിലുള്ള ചട്ടപ്രകാരം പരിശോധിച്ചശേഷം മാത്രമേ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ. പ്രസ്തുത വിഷയത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ, ജില്ലാ കളക്ടർ എന്നിവരുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കാവുന്നതാണ്.

**സ്ഥലത്തിന് പട്ടയം ലഭിക്കുന്നതുമായി ബന്ധപ്പെട്ട ഉത്തരവ്**

**325 (1593)** ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ കേരളശ്ശേരി വില്ലേജിൽ കുണ്ടളശ്ശേരി അംശം ദേശത്ത് കേശവൻകുട്ടി, കൃഷ്ണൻകുട്ടി മുതൽ പേരുടെ പേരിലുണ്ടായിരുന്ന സ്ഥലത്തിന് പട്ടയം ലഭിക്കുന്നതുമായി ബന്ധപ്പെട്ട് പാലക്കാട് തഹസിൽദാരുടെ ഡി3-4037/2006 എന്ന ഉത്തരവിൽ പരാമർശിക്കുന്നത് എന്താണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ശ്രീ. കേശവൻകുട്ടി, കൃഷ്ണൻകുട്ടി മുതൽപേരുടെ പേരിൽ വനഭൂമിയിൽനിന്ന് വിട്ടുകിട്ടിയതും കേരളശ്ശേരി വില്ലേജ്, കുണ്ടളശ്ശേരി അംശം, ബ്ലോക്ക് 6-ൽ സർവ്വെ 418/1, 406/9, ബ്ലോക്ക് 7-ൽ സർവ്വെ-19 എന്നിവയിൽ ഉൾപ്പെടുന്നതുമായ ഭൂമി സബ്ഡിവിഷൻ ചെയ്ത റിവൈസ്ഡ് റെക്കോർഡ്, സബ്ഡിവിഷൻ സ്റ്റേറ്റ്മെന്റ്, സ്കെച്ച് എന്നിവ താലൂക്ക്, വില്ലേജ് റെക്കോർഡുകളിൽ മാറ്റംവരുത്തുന്നതിനായി താലൂക്ക് സർവ്വെയർക്ക്

നൽകിക്കൊണ്ടുള്ള കത്താണ് 23-04-2007-ലെ ഡി3-4037/2006. പ്രസ്തുത കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

**മഞ്ചേശ്വരം താലൂക്കിലെ പട്ടയം അപേക്ഷകൾ**

**326 (1594)** ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ പട്ടയത്തിനായി 2016 മേയ് മുതൽ 2023 ജൂലൈ 31 വരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വില്ലേജ് തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്ര പേർക്ക് പട്ടയം ലഭ്യമായിട്ടുണ്ടെന്ന് വില്ലേജ് തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(സി) മഞ്ചേശ്വരം താലൂക്കിലെ വില്ലേജ് ഓഫീസുകളിൽ പട്ടയത്തിനായുള്ള അപേക്ഷകളിൽ തീരുമാനമാകാതെ കെട്ടിക്കിടക്കുന്ന അപേക്ഷകളുടെ വിശദവിവരങ്ങൾ വില്ലേജ് തിരിച്ച് ലഭ്യമാക്കുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പട്ടയത്തിനായുള്ള അപേക്ഷകളിൽ വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് ലഭ്യമായിട്ടും താലൂക്ക് ഓഫീസുകളിൽ നിലവിൽ കെട്ടിക്കിടക്കുന്ന അപേക്ഷകളുടെ വിശദവിവരങ്ങൾ വില്ലേജ് തിരിച്ച് വ്യക്തമാക്കുമോ?

(എ-ഡി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ഇ) പ്രസ്തുത താലൂക്കിൽ ലാൻഡ് അസൈൻമെന്റ് കമ്മിറ്റി തീരുമാനമുണ്ടായിട്ടും പട്ടയം അനുവദിക്കാത്ത ഫയലുകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; ഈ ഫയലുകളിൽ പട്ടയം അനുവദിക്കുന്നതിന് കാലതാമസമുണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

മഞ്ചേശ്വരം താലൂക്കിൽ ലാൻഡ് അസൈൻമെന്റ് കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ള ഭൂരിഭാഗം അപേക്ഷകളിലും പട്ടയം അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ളവയിൽ ഡിസ്റിസർവേഷൻ ആവശ്യമായ ഫയലുകളിൽ അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എസ്.സി./എസ്.ടി. വിഭാഗത്തിന് മാത്രമായി മാറ്റിവച്ചിട്ടുള്ള സർക്കാർ ഭൂമിയിൽ മറ്റ് വിഭാഗക്കാർ കയ്യേറി താമസിക്കുന്ന കേസുകളിൽ ഭൂമി പതിവ് അനുവദിക്കുന്നതിന്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജനറൽ അസൈൻമെന്റ് കാറ്റഗറിയിൽനിന്ന് സമാന വിസ്തീർണ്ണമുള്ളതും പതിവിന് ലഭ്യമായതുമായ ഭൂമി കണ്ടെത്തി മാറ്റിവയ്ക്കേണ്ടതുണ്ട്. എന്നാൽ ജി.എ. കാറ്റഗറിയിൽ പകരം വയ്ക്കുന്നതിന് ഭൂമി ആവശ്യത്തിന് ലഭ്യമല്ലാത്തതിനാൽ ഇത്തരം കേസുകളിൽ ഡിസ്റിസർവേഷൻ പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് പ്രയാസം നേരിടുന്നു.

**അരൂർ മണ്ഡലത്തിലെ പട്ടയ വിതരണം**

**327 (1595)** ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂച്ചാക്കൽ സബ്ട്രഷറിക്കായി കണ്ടെത്തിയ അരൂർ മണ്ഡലത്തിലെ പാണാവള്ളി പഞ്ചായത്ത് പത്താം വാർഡിൽ പൂച്ചാക്കൽ പോലീസ് സ്റ്റേഷന് സമീപമുള്ള പുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തണമെന്നുള്ള അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

പൂച്ചാക്കൽ സബ് ട്രഷറി നിർമ്മാണത്തിനായി കണ്ടെത്തിയ പാണാവള്ളി വില്ലേജിലെ സർവ്വെ നം. 61/1-ൽപ്പെട്ട ഭൂമി സർവ്വെയർ അളന്ന്

തിരിച്ചിട്ടുള്ളതും നാല് കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുള്ളതുമാണ്. പി.ഡബ്ല്യ.ഡി. റോഡ് വിഭാഗം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കയ്യേറ്റവുമായി ബന്ധപ്പെട്ട് വിജയകുമാരി മുതൽപേർ ഫയൽ ചെയ്ത WP(C) 19722/23 നമ്പർ കേസ് നിലവിലുണ്ട്.

(ബി) പ്രസ്തുത പ്രദേശത്തെ എത്ര പേർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രദേശത്ത് വിതരണം ചെയ്ത പട്ടയത്തിന്റെ രേഖകൾ വിശദമാക്കാമോ?

(ബി&സി) സർവ്വെ നമ്പർ 61/1-ൽപ്പെട്ട വസ്തുവിൽനിന്നും എൽ.എ. 5/66 (കെ.എൻ. രവി, കാരിച്ചാൽ, വെളിയിൽ), എൽ.എ. 22/71 (ഗോപാലകൃഷ്ണനുണ്ണി, കണ്ണംകുളങ്ങര മഠം), എൽ.എ. 45/80 (കെ.എൻ. നാരായണപിള്ള, അരുന്ധതി മന്ദിരം), എൽ.എ. 11/73 (രവീന്ദ്രൻപിള്ള, കേശവസദനം) എന്നിവർക്കാണ് പട്ടയം വിതരണം ചെയ്തിട്ടുള്ളത്.

(ഡി) പ്രസ്തുത പ്രദേശത്ത് ആരെങ്കിലും അനധികൃതമായി പട്ടയമുണ്ടാക്കി സർക്കാർ ഭൂമി സ്വന്തമാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ടി സർവ്വെയിലെ ഭൂമിക്ക് അനധികൃതമായി ആധാരം ചമച്ച് കൈവശം വച്ചതിനുശേഷം കൈമാറ്റം ചെയ്ത 2 വ്യക്തികൾക്കെതിരെ കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിച്ചുവരുന്നു.

(ഇ) പ്രസ്തുത പ്രദേശത്ത് റീ സർവ്വെ നടത്തി സ്വകാര്യ വ്യക്തികൾ കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി തിരിച്ചുപിടിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

പാണാവള്ളി വില്ലേജിൽ റീസർവ്വെ നടന്നിട്ടില്ലാത്തതാണ്. സംസ്ഥാനത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന ഡിജിറ്റൽ റീ സർവ്വേയുടെ ഭാഗമായി ആരെങ്കിലും സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്നതായി തെളിയുന്നപക്ഷം സർക്കാർ ഭൂമി തിരിച്ചുപിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതായിരിക്കും.

**പൂഞ്ഞാർ മണ്ഡലത്തിലെ പട്ടയ വിതരണം**

**328 (1596)** <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ ഏഴായിരത്തോളം പട്ടയ അപേക്ഷകളിന്മേൽ പട്ടയ വിതരണത്തിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ, എരുമേലി വടക്ക്, എരുമേലി തെക്ക്, കോരുത്തോട് എന്നീ മൂന്ന് വില്ലേജുകളിൽ 9 സർവ്വെ നമ്പരുകളിലായി കിടക്കുന്ന സ്ഥലങ്ങൾ റീസർവ്വെ റിക്കാർഡിൽ ഭൂമിയുടെ തരം രേഖപ്പെടുത്തുന്ന ഭാഗത്ത് പുറമ്പോക്ക്, ഫോറസ്റ്റ്, പുരയിടം എന്നും ആയതിന്റെ റിമാർക്സ് കോളത്തിൽ ഹിൽമൻ സെറ്റിൽമെന്റ് എന്നും രേഖപ്പെടുത്തിയിരിക്കുന്നു.

എരുമേലി വടക്ക്, എരുമേലി തെക്ക്, കോരുത്തോട് എന്നീ മൂന്ന് വില്ലേജുകളിലായുള്ള 1450 ഹെക്ടർ പ്രദേശത്ത് ഏഴായിരത്തിൽപ്പരം ആളുകൾ താമസിച്ചുവരുന്നു. ഇവരിൽ മറ്റ് ജനവിഭാഗങ്ങളോടൊപ്പം

ഗണ്യമായ തോതിൽ മലയരയ, ഉള്ളാട വിഭാഗങ്ങളും ഉൾപ്പെട്ടുവരുന്നു. ടി ആളുകൾക്ക് 02-06-2020-ലെ സ.ഉ. (ആർ.ടി.) നം. 2020/2020/റവ നമ്പർ ഗവൺമെന്റ് ഉത്തരവ് (ജണ്ടക്ക് പുറത്ത് വരുന്ന സ്ഥലത്ത് റിക്കാർഡുകളിൽ നിലം, തരിശ്, പുരയിടം എന്ന് രേഖപ്പെടുത്തിയിട്ടുള്ള വസ്തുക്കൾ പട്ടികവർഗ്ഗക്കാർക്ക് പതിച്ച് നൽകുന്ന) പ്രകാരം പട്ടയം നൽകണമെന്ന് കാണിച്ച് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ ടി സ്ഥലങ്ങൾ ജണ്ടക്ക് പുറത്ത് സ്ഥിതി ചെയ്യുന്നതാണെന്നും എന്നാൽ വനഭൂമിയുടെ പരിധിയിൽ വരുന്നതിനാൽ പതിച്ച് നൽകുന്നത് നിയമാനുസൃതമല്ലെന്നും വനം വകുപ്പ് അറിയിച്ചിട്ടുള്ളതാണ്.

പ്രസ്തുത സ്ഥലങ്ങൾ 1980-ലെ വന സംരക്ഷണ നിയമത്തിൽ ഉൾപ്പെട്ട് വരുന്നതാണെന്നും അവിടെ താമസിക്കുന്നവർക്ക് 2006-ലെ വനാവകാശ നിയമപ്രകാരം വനാവകാശ രേഖ നൽകിയിട്ടുള്ളതാണെന്നും ടി ഭൂമി വനം വകുപ്പിന്റെ റിക്കാർഡുകളിൽ ട്രൈബൽ സെറ്റിൽമെന്റ്, ഗിരിവർഗ്ഗകോളനി എന്നിങ്ങനെയാണ് കാണുന്നതെന്നും 02-06-2020-ലെ സർക്കാർ ഉത്തരവ് പ്രകാരം സ്ഥലം പതിച്ചുകൊടുത്താൽ അത് നിലവിലുള്ള കോടതി

ഉത്തരവുകളുടെയും 1980-ലെ വന സംരക്ഷണ നിയമത്തിന്റെയും ലംഘനമാകുമെന്നും കേന്ദ്രാനുമതി ലഭ്യമാക്കിയും ജോയിന്റ് വെരിഫിക്കേഷൻ നടത്തിയും മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ മാത്രമേ പട്ടയം അനുവദിക്കാവൂ എന്നും വനം വകുപ്പ് അറിയിച്ചിട്ടുണ്ട്.

എന്നാൽ റിമാർക്സ് കോളത്തിൽ എന്തുതന്നെ രേഖപ്പെടുത്തിയാലും മുമ്പ് വനം വകുപ്പ് വിട്ടുനൽകിയ ഭൂമിയാണ് എന്നത് പരിഗണിച്ച് ടി സർക്കാർ ഉത്തരവുപ്രകാരം ഭൂമി പതിച്ച് നൽകാനാകുമോയെന്ന് സർക്കാർ പരിശോധിച്ചുവരികയാണ്. ഇതുകൂടാതെ എരുമേലി തെക്ക് വില്ലേജിൽ പമ്പാവാലി-എയ്ഞ്ചൽ വാലി പ്രദേശങ്ങളിൽ സ.ഉ. (കൈ.) 502/2015/റവ ഉത്തരവുപ്രകാരം വിതരണം ചെയ്തിരുന്ന പട്ടയങ്ങൾ റദ്ദ് ചെയ്ത് പുതിയ റീ സർവ്വേ പ്രകാരം കൈവശത്തിന്റെ അടിസ്ഥാനത്തിൽ പുതിയ പട്ടയങ്ങൾ നൽകാൻ തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

(ബി) മണ്ഡലത്തിലെ മലയോര മേഖലയിലെ പട്ടയവിതരണം കൂടുതൽ വേഗത്തിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

പമ്പാവാലി-എയ്ഞ്ചൽ വാലി പ്രദേശങ്ങളിൽ നാളിതുവരെ 650 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതും 50 എണ്ണം പട്ടയ നടപടി പൂർത്തീകരിച്ച് വിതരണത്തിനായി തയ്യാറാക്കിയിട്ടുള്ളതുമാണ്. വിതരണം ചെയ്തിട്ടുള്ളവയിൽ പോക്കുവരവ് നടപടി, അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ചെയ്തുവരുന്നു. അവശേഷിക്കുന്ന 850 കേസുകളിൽ സ്കെച്ച്, മഹസർ എന്നിവ തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. വിദേശത്തുള്ളവർ, മരണപ്പെട്ടവർ, അവകാശ തർക്കം എന്നീ കാരണങ്ങളാൽ 350 പട്ടയകേസുകളിൽ നടപടി സ്വീകരിക്കാൻ സാധിച്ചിട്ടില്ലാത്തതാണ്. ഇതുകൂടാതെ എരുമേലി തെക്ക് വില്ലേജിൽ സ.ഉ. (കൈ) 502/2015/റവ ഉത്തരവുപ്രകാരം വിതരണം ചെയ്തിരുന്ന പട്ടയങ്ങളിൽ പുതിയ റീ സർവ്വേയുടെ അടിസ്ഥാനത്തിൽ കൈവശം പരിശോധിച്ച് പുതിയ പട്ടയങ്ങൾ നൽകാൻ തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

**പട്ടയ വിതരണം**

**329 (1597)** <u>ശ്രീ. പി. പി. ചിത്തരഞ്ജൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടയം ലഭിക്കാനുള്ള എത്ര അപേക്ഷകളാണ് ആലപ്പുഴ നിയോജക മണ്ഡലത്തിൽനിന്നും ലഭിച്ചിട്ടുള്ളതെന്ന് വില്ലേജ് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടയം ലഭിക്കുന്നതിനായി 176 അപേക്ഷകൾ ആലപ്പുഴ നിയോജകമണ്ഡലത്തിൽ ലഭിച്ചിട്ടുണ്ട്. അതിന്റെ വില്ലേജ് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ആര്യാട് തെക്ക് - 84

കോമളപുരം - 28

മണ്ണഞ്ചേരി - 37

പാതിരപ്പള്ളി - 6

മുല്ലയ്ക്കൽ - 2

കലവൂർ - 16

മാരാരിക്കുളം വടക്ക് - 3

(ബി) പ്രസ്തുത അപേക്ഷകളിൽ എത്ര പേർക്ക് പട്ടയം ലഭിച്ചുവെന്ന വിവരം ലഭ്യമാക്കാമോ?

55 അപേക്ഷകർക്ക് പട്ടയം നൽകിയിട്ടുണ്ട്.

(സി) ഇനിയും പട്ടയം ലഭിക്കാത്തവരുടെ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ?

പട്ടയം ലഭിക്കാത്ത ബാക്കിയുള്ള അപേക്ഷകളിൽ ഭൂരിഭാഗവും നിലവിലെ ഭൂമി പതിവ് നിയമപ്രകാരം പതിവിന് വിധേയമല്ലാത്ത റോഡ്, തോട്, കടൽക്കര പുറമ്പോക്കിൽ ഉൾപ്പെട്ടുവരുന്നവയാണ്. ടി അപേക്ഷകൾ തീരുമാനമെടുക്കുന്നതിനായി പട്ടയ ഡാഷ്ബോർഡിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. കുടികിടപ്പ് പട്ടയം, ദേവസ്വം പട്ടയം മുതലായ അപേക്ഷകളിൽ വിചാരണ ഉൾപ്പെടെയുള്ള നടപടികൾ തുടർന്നുവരുന്നതാണ്.

**പട്ടയ ഭൂമിയിലെ മരങ്ങൾ മുറിക്കുന്നതിന് നിരോധനം**

**330 (1598)** <u>ശ്രീ. പി. ജെ. ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയഭൂമിയിൽ കർഷകർ നട്ടുവളർത്തിയ മരങ്ങൾ മുറിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത മരങ്ങൾ ഏതൊക്കെയാണെന്നും നിരോധനത്തിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

(എ&ബി) പതിച്ച് നൽകിയ ഭൂമിയിൽ കർഷകർ നട്ട് വളർത്തിയതും കിളിർത്ത് വരുന്നതുമായ വൃക്ഷങ്ങൾ മുറിക്കുന്നതിന് മാത്രമായി വിലക്ക് ഏർപ്പെടുത്തിയിട്ടില്ല. ഇക്കാര്യത്തിൽ വ്യക്തത വരുത്തികൊണ്ട് 24-10-2020-ൽ സ.ഉ. (കൈ) 261/2020/റവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവ് ദുരുപയോഗം ചെയ്ത സാഹചര്യത്തിൽ അത് റദ്ദാക്കിയിട്ടുള്ളതാണ്. എന്നാൽ ഇക്കാര്യത്തിൽ ഒരു പുതിയ ഉത്തരവ് പുറപ്പെടുവിക്കുന്നകാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

**മത്സ്യത്തൊഴിലാളികൾക്ക് പട്ടയം**

**331 (1599)** **<u>ശ്രീ. പി. പി. ചിത്തരഞ്ജൻ:</u>** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ തീരദേശം ഉൾപ്പെടുന്ന ജില്ലകളിൽനിന്ന് എത്ര പട്ടയങ്ങളാണ് മത്സ്യത്തൊഴിലാളികൾക്ക് നൽകിയതെന്ന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് പട്ടയം നൽകുന്നതിന്റെ വിവരങ്ങൾ തൊഴിലടിസ്ഥാനത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചുവരുന്നില്ല. അതിനാൽ മത്സ്യത്തൊഴിലാളികൾക്ക് നൽകിയ പട്ടയങ്ങളുടെ വ്യക്തമായ കണക്ക് ലഭ്യമല്ല. എന്നിരുന്നാലും പ്രാദേശികാന്വേഷണത്തിൽ ജില്ലാ കളക്ടർമാർക്ക് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു+.

(ബി) തീരദേശ മേഖലയിൽ പട്ടയം നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തീരദേശ മേഖലയിൽ CRZ പരിധിക്ക് പുറത്ത് താമസിക്കുന്ന ജനങ്ങളുടെ പട്ടയ അപേക്ഷകൾ പരിശോധിച്ച് അർഹമായ അപേക്ഷകളിന്മേൽ പട്ടയം നൽകുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതുകൂടാതെ പട്ടയ അസംബ്ലി മുഖേന പട്ടയം ലഭിക്കാത്ത മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ വിവരശേഖരണം നടത്തുകയും അവരുടെ അപേക്ഷകളിന്മേൽ ആവശ്യമായ തുടർനടപടി ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

**ദുരന്തനിവാരണ വകുപ്പ് മുഖേന അനുവദിച്ച റോഡുകളുടെ നിർമ്മാണം**

**332 (1600)** <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗുരുവായൂർ മണ്ഡലത്തിൽ 2021-22, 2022-2023 എന്നീ സാമ്പത്തിക വർഷങ്ങളിൽ ദുരന്തനിവാരണ വകുപ്പ് മുഖേന അനുവദിച്ച റോഡുകളുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഗുരുവായൂർ മണ്ഡലത്തിൽ 2021-22, 2022-2023 എന്നീ സാമ്പത്തിക വർഷങ്ങളിൽ ദുരന്തനിവാരണ വകുപ്പ് മുഖേന അനുവദിച്ച റോഡുകളുടെ

നിർമ്മാണ പുരോഗതി സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു+.

**പ്രകൃതി ക്ഷോഭം നേരിട്ടവർക്ക് ധനസഹായം**

**333 (1601)** ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് തുടരെത്തുടരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന ശക്തമായ മഴയിലും കാറ്റിലും ഉരുൾപ്പൊട്ടലിലും മറ്റ് പ്രകൃതി ക്ഷോഭങ്ങളിലുമായുണ്ടായ നാശനഷ്ടങ്ങൾ, മരണങ്ങൾ, വീട് നഷ്ടപ്പെട്ടവർ, കൃഷിനാശം സംഭവിച്ചവർ തുടങ്ങിയവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് തുടരെത്തുടരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന ശക്തമായ മഴയിലും കാറ്റിലും ഉരുൾപ്പൊട്ടലിലും മറ്റ് പ്രകൃതി ക്ഷോഭങ്ങളിലുമായുണ്ടായ നാശനഷ്ടങ്ങൾ, മരണങ്ങൾ, വീട് നഷ്ടപ്പെട്ടവർ, കൃഷിനാശം സംഭവിച്ചവർ തുടങ്ങിയവ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇതുമൂലം സംസ്ഥാനത്തിനുണ്ടായ സാമ്പത്തിക ബാധ്യത എത്രയാണെന്നും ഇതുമായി ബന്ധപ്പെട്ട് എത്ര കോടി രൂപയുടെ കേന്ദ്ര സഹായം അഭ്യർത്ഥിച്ചിട്ടുണ്ടെന്നും എന്തു തുക ലഭ്യമായിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഇതുമൂലം സംസ്ഥാനത്തിന് ഏകദേശം 8300 കോടി രൂപയുടെ സാമ്പത്തിക ബാധ്യത വന്നിട്ടുള്ളതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. 2020-2021 സാമ്പത്തിക വർഷം സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ കേന്ദ്രവിഹിതമായി 251.20 കോടി രൂപയും 2022-2023 സാമ്പത്തിക വർഷം 264.00 കോടി രൂപയും നടപ്പുസാമ്പത്തിക വർഷം അനുവദിക്കേണ്ട ഒന്നാംഗഡുവായ 138.80 കോടി രൂപയും ലഭ്യമായിട്ടുണ്ട്.

(സി) പ്രസ്തുത പ്രകൃതി ദുരന്തത്തിൽപ്പെട്ട എത്ര പേർക്ക് ധനസഹായം നൽകി; എത്ര പേർക്ക് വീട് നിർമ്മിച്ചു നൽകി; എത്ര പേർക്ക് വീട് നിർമ്മിച്ച് നൽകാനുള്ള നടപടികൾ സ്വീകരിച്ചു; എന്തൊക്കെ പുനർനിർമ്മാണ പ്രവൃത്തികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ?

പ്രകൃതി ദുരന്തത്തിൽപ്പെട്ട ഏകദേശം 306957 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. പ്രകൃതി ക്ഷോഭത്തിൽ വീട് നഷ്ടപ്പെടുന്നവർക്ക് നാശനഷ്ടത്തിന്റെ ശതമാനം കണക്കാക്കി ധനസഹായം അനുവദിച്ച് നൽകുകയാണ് ചെയ്യുന്നത്. പ്രകൃതി ക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് ദുരന്ത പ്രതികരണ നിധി പ്രകാരം വീട് നിർമ്മിച്ച് നൽകുന്നില്ല. ഭവനനാശം സംഭവിച്ചവരുടെ എണ്ണവും ധനസഹായവും അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ഡി) ഇതിനായി നാളിതുവരെ ചെലവാക്കിയ തുകയുടെ വിശദാംശം ലഭ്യമാക്കുമോ?

263.07 കോടി രൂപ നാളിതുവരെ ചെലവായിട്ടുണ്ട്.

**പൂഞ്ഞാർ മണ്ഡലത്തിൽ പ്രകൃതി ദുരന്തത്തിന് അനുവദിച്ച നഷ്ടപരിഹാരം**

**334 (1602)** **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) 2021 ഒക്ടോബറിലുണ്ടായ പ്രളയത്തിലും ഉരുൾപൊട്ടലിലും പൂഞ്ഞാർ മണ്ഡലത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് അനുവദിച്ച നഷ്ടപരിഹാരം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

2021 ഒക്ടോബർ മാസത്തിലെ പ്രളയത്തിലും ഉരുൾപൊട്ടലിലും പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട് അപേക്ഷ സമർപ്പിച്ച 92 കുടുംബങ്ങളിൽ 91 കുടുംബങ്ങൾക്ക് വസ്തു വാങ്ങുന്നതിനുള്ള ധനസഹായം അനുവദിച്ചിട്ടുള്ളതാണ്. ബാക്കിയുള്ള ഒരു അപേക്ഷകൻ പുതിയ വസ്തു വാങ്ങിയതിനുള്ള ആധാരം ഹാജരാക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണ്. 91 ആളുകൾക്ക് വാങ്ങിയ സ്ഥലത്ത് വീട് നിർമ്മിക്കുന്നതിനായി 95,100/- രൂപ വീതം SDRF-ൽനിന്നും അനുവദിച്ചിട്ടുള്ളതാണ്. ഇവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 3,04,900/- രൂപ വീതം അനുവദിക്കുന്നതിന് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്.

(ബി) വീട് പൂർണ്ണമായും നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് അനുവദിച്ച നഷ്ടപരിഹാരം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(സി) നഷ്ടപരിഹാരം പൂർണ്ണമായും വിതരണം ചെയ്യുന്നതിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

(ബി&സി) പൂർണ്ണമായും വീട് നഷ്ടമായ 54 കുടുംബങ്ങളിൽ 52 കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനായുള്ള SDRF വിഹിതം പൂർണ്ണമായും അനുവദിച്ചിട്ടുള്ളതാണ്. 54 കുടുംബങ്ങൾക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി വിഹിതം അനുവദിക്കുന്നതിന് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്.

**കാലവർഷക്കെടുതിയിലുണ്ടായ നാശനഷ്ടങ്ങളും നഷ്ടപരിഹാരവും**

**335 (1603)** <u>ശ്രീമതി ഉമ തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാലവർഷക്കെടുതിയിൽ സംസ്ഥാനത്ത് എത്ര കോടി രൂപയുടെ നാശനഷ്ടങ്ങളുണ്ടായതായാണ് കണക്കാക്കിയിട്ടുള്ളത്; എത്ര പേർക്ക് ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട്: ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാലവർഷക്കെടുതിയിൽ സംസ്ഥാനത്ത് ഏകദേശം 8300 കോടി രൂപയുടെ

നാശനഷ്ടങ്ങളുണ്ടായതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. 274 പേരുടെ ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു+.

(ബി) കാലവർഷക്കെടുതിയിൽ നാശനഷ്ടമുണ്ടായവർക്കും ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബങ്ങൾക്കും നഷ്ടപരിഹാര ഇനത്തിൽ വിതരണം ചെയ്തിട്ടുള്ള തുകയുടെ കണക്ക് വ്യക്തമാക്കാമോ; പ്രസ്തുത സംഭവങ്ങളിൽ ഇനിയും എത്ര പേർക്ക് നഷ്ടപരിഹാരം വിതരണം ചെയ്യാൻ ബാക്കിയുണ്ട്; വിശദാംശങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ?

കാലവർഷക്കെടുതിയിൽ നാശനഷ്ടമുണ്ടായവർക്കും ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബങ്ങൾക്കും നഷ്ടപരിഹാര ഇനത്തിൽ വിതരണം ചെയ്തിട്ടുള്ള തുകയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു+.

**പടിഞ്ഞാറ്റുമുറി കീഴ്തൃക്കോവിൽ ക്ഷേത്രത്തിന്റെ സംരക്ഷണഭിത്തി**

**336 (1604)** <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ പടിഞ്ഞാറ്റുമുറി കീഴ് തൃക്കോവിൽ ക്ഷേത്രത്തിന്റെ കടലുണ്ടിപ്പുഴയോട് ചേർന്നുള്ള ഭാഗം ഇടിഞ്ഞുതാഴ്ന്ന് ക്ഷേത്രം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അപകടാവസ്ഥയിലായ സാഹചര്യത്തിൽ പുഴയോരം ഭിത്തി കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തിക്ക് റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും തുക അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും തുക അനുവദിക്കുന്നതിനായി സർക്കാർ തലത്തിലെ അപ്രൈസൽ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ?

(എ&ബി) ടി വിഷയം സംബന്ധിച്ച് പ്രൊപ്പോസൽ സർക്കാർ തലത്തിൽ ലഭിച്ചിട്ടില്ലാത്തതും ടി വിഷയം സർക്കാർ തലത്തിൽ പരിശോധിച്ചിട്ടില്ലാത്തതുമാണ്. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**ചവിട്ടുവേലിക്കടവ് റഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതി**

**337 (1605)** **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന കോട്ടയം ജില്ലയിലെ മീനച്ചിലാറ്റിലെ ഏറ്റവും വീതി കൂടിയ ചവിട്ടുവേലിക്കടവ് (നാല്പാമരം-സൂര്യകാലടിമന-നട്ടാശ്ശേരി) റഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

19-11-2015-ലെ സർക്കാർ ഉത്തരവ് സ.ഉ. (ആർ.റ്റി.) നം. 6032/15/ആർ.ഡി നമ്പർ പ്രകാരം റിവർ മാനേജെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി കോട്ടയം ജില്ലയിലെ ചവിട്ടുവേലിക്കടവ് (നാല്പാമരം സൂര്യകാലടിമന-നട്ടാശ്ശേരി) റഗുലേറ്റർ കം ബ്രിഡ്ജ് ഉൾപ്പെടെ കേരളത്തിലെ വിവിധ ജില്ലകളിലെ 9 പാലങ്ങൾ നിർമ്മിക്കുന്നതിന് 32 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയുണ്ടായി. ടി പദ്ധതി നടത്തിപ്പിലേയ്ക്ക് പത്തനംതിട്ട ജില്ലാ നിർമ്മിതി കേന്ദ്രത്തെ നോഡൽ ഏജൻസിയായി നിശ്ചയിച്ചിരുന്നു.

ടി പാലങ്ങളുടെ നിർമ്മാണത്തിനായുള്ള കരാർ ഏറ്റെടുത്തിരുന്നത് M/s. SERMS Infrastructure Pvt. Ltd, തിരുവനന്തപുരമായിരുന്നു. കൂടാതെ ടി പദ്ധതിയുടെ ടെക്നിക്കൽ സപ്പോർട്ടിനുവേണ്ടി Integral Solutions, Kochi-യെ നിയമിക്കുകയും ചെയ്തു.

ടി 9 പാലങ്ങളിൽ പത്തനംതിട്ട ജില്ലയിലെ 3 പാലങ്ങളും കോട്ടയം ജില്ലയിലെ 2 പാലങ്ങളും ഉൾപ്പെടെ 5 പാലങ്ങളുടെ നിർമ്മാണമാണ് ആരംഭിച്ചിരുന്നത്. പ്രസ്തുത പാലങ്ങളുടെ പിയർ ക്യാപ് വരെയുള്ള നിർമ്മാണം ഏകദേശം 40 % പൂർത്തീകരിച്ചിരുന്നതുമാണ്.

Rate Revision, പ്രവൃത്തിയുടെ പരിധി കുറച്ചതുമൂലം ഡെക്ക് സ്ലാബിന്റെ ഡിസൈൻ ചേഞ്ച്, പുതിയ പെർഫോമൻസ് ഗ്യാരന്റി നൽകുന്നതിനുള്ള അനുവാദം എന്നിവയിൽ തീരുമാനമെടുക്കണമെന്നും എഗ്രിമെന്റിൽ പറയുംപ്രകാരം മൊബിലൈസേഷൻ അഡ്വാൻസ്, പാർട്ട് ബിൽ എന്നിവ ലഭിച്ചില്ലെന്നും ആരോപണം ഉന്നയിച്ചുകൊണ്ട് കമ്പനി ടി പാലങ്ങളുടെ നിർമ്മാണം നിർത്തിവയ്ക്കുന്നതിനായി ടെർമിനേഷൻ നോട്ടീസ് നൽകിയിട്ടുള്ളതും പ്രസ്തുത പാലങ്ങളുടെ നിർമ്മാണ പ്രവൃത്തി നിർത്തിവച്ചിട്ടുള്ളതും 1/2019 നമ്പരായി ആർബിട്രേഷൻ കേസ് കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ളതുമാണ്. ടി ആർബിട്രേഷൻ കേസിൽ 17-10-2020-ൽ അവാർഡായിട്ടുള്ളതും ടി അവാർഡിനെതിരെ

ബഹുമാനപ്പെട്ട പത്തനംതിട്ട ജില്ലാ കോടതിയിൽ അപ്പീൽ (op (Arb) 38 / 2021) ഫയൽ ചെയ്തിട്ടുള്ളതുമാകുന്നു.

22-10-2020-ൽ റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാന ഉന്നത തല സമിതി യോഗത്തിൽ ടി 5 പാലങ്ങളുടെ നിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടിയെന്ന നിലയ്ക്ക് ഡിസൈൻ സ്ലാബിന്റെ ചേഞ്ച് സംബന്ധിച്ച് സാങ്കേതികമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിനെ ചുമതലപ്പെടുത്തിയിരുന്നു. ടി പാലങ്ങളുടെ ഡിസൈൻ സംബന്ധിച്ച രേഖകൾ M/s. Integral Solutions കൈമാറാത്തതിനാൽ തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിന് ടി റിപ്പോർട്ട് സമർപ്പിക്കുവാൻ സാധിക്കാത്തതാണ്.

കൂടാതെ 16-11-2022-ലെ സംസ്ഥാന ഉന്നത തല സമിതി യോഗത്തിൽ ടി 9 പാലങ്ങളുടെ നിർമ്മാണം പുനരാരംഭിക്കുന്ന വിഷയത്തിൽ ചർച്ച ചെയ്ത് നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ, ഇറിഗേഷൻ വകുപ്പ് എഞ്ചിനീയർ, PWD റോഡ്സ് & ബ്രിഡ്ജസ്

എഞ്ചിനീയർ എന്നിവരെക്കൂടി ഉൾപ്പെടുത്തി ഒരു യോഗം ചേരുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ 15-02-2023-ൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് യോഗം ചേർന്നിട്ടുള്ളതാണ്.

ടി യോഗത്തിന്റെ അടിസ്ഥാനത്തിൽ ടി 9 പാലങ്ങളിൽ നിർമ്മാണം ആരംഭിച്ച 5 പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും ടി പാലങ്ങളുടെ നിർമ്മാണ ചുമതലയുണ്ടായിരുന്ന M/s. Serms Infra structure Pvt.Ltd, ടെക്നിക്കൽ സപ്പോർട്ട് ഏജൻസിയായ ഇന്റഗ്രൽ സൊല്യൂഷൻസ് കൊച്ചി എന്നിവരെയും ഉൾക്കൊള്ളിച്ചുകൊണ്ട് 28-02-2023-ൽ യോഗം ചേർന്നിട്ടുള്ളതാണ്.

ടി യോഗത്തിൽ പ്രസ്തുത പാലങ്ങളുടെ പണി പുനരാരംഭിക്കാൻ താൽപ്പര്യമില്ലെന്ന വിവരം M/s. Serms Infrastructure Pvt. Ltd-ന്റെ പ്രതിനിധി അറിയിച്ചിട്ടുള്ളതുമാണ്. കൂടാതെ ടി പാലങ്ങളുടെ പണി സ്തംഭിച്ചിരിക്കുന്നതിനാൽ അതിന്റെ സ്റ്റെബിലിറ്റി ഉൾപ്പെടെയുള്ള കാര്യങ്ങൾ

പരിശോധിച്ച് മാത്രമേ തുടരാൻ കഴിയൂവെന്ന് പി.ഡബ്ല്യൂ.ഡി. ബ്രിഡ്ജസ് ഡിപ്പാർട്ട്മെന്റും പാലങ്ങളുടെ പണി പുനരാരംഭിക്കുന്നതിനുള്ള സാങ്കേതിക മികവ് നിലവിലില്ലായെന്ന് പത്തനംതിട്ട ജില്ലാ നിർമ്മിതി കേന്ദ്രം പ്രോജക്ട് മാനേജർ, നിർമ്മിതി കേന്ദ്രവും വ്യക്തമാക്കിയിട്ടുള്ളതാകുന്നു.

(ബി) എത്ര വർഷമായി ടി പദ്ധതി മുടങ്ങിക്കിടക്കുന്നുവെന്ന് വ്യക്തമാക്കാമോ?

ടി പാലങ്ങളുടെ നിർമ്മാണം 5 വർഷമായി മുടങ്ങിക്കിടക്കുകയാണ്.

(സി) ഭാഗികമായി പണി നടന്നിട്ടുള്ള ഈ പദ്ധതി അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

19-11-2015-ലെ സർക്കാർ ഉത്തരവ് സ.ഉ. (ആർ.റ്റി.) നം. 6032/15/ആർ.ഡി. നമ്പർ പ്രകാരം റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി കോട്ടയം ജില്ലയിലെ ചവിട്ടുവേലിക്കടവ് (നാല്പാമരം സൂര്യകാലടിമന-നട്ടാശ്ശേരി) റഗുലേറ്റർ കം ബ്രിഡ്ജ് ഉൾപ്പെടെ കേരളത്തിലെ വിവിധ ജില്ലകളിലെ 9 പാലങ്ങൾ നിർമ്മിക്കുന്നതിന് 32 കോടി രൂപയ്ക്ക്

ഭരണാനുമതി നൽകുകയുണ്ടായി. ടി പദ്ധതി നടത്തിപ്പിലേയ്ക്ക് പത്തനംതിട്ട ജില്ലാ നിർമ്മിതി കേന്ദ്രത്തെ നോഡൽ ഏജൻസിയായി നിശ്ചയിച്ചിരുന്നു.

ടി പാലങ്ങളുടെ നിർമ്മാണത്തിനായുള്ള കരാർ ഏറ്റെടുത്തിരുന്നത് M/s. SERMS Infrastructure Pvt. Ltd, തിരുവനന്തപുരമായിരുന്നു. കൂടാതെ ടി പദ്ധതിയുടെ ടെക്നിക്കൽ സപ്പോർട്ടിനുവേണ്ടി Integral Solutions, Kochi-യെ നിയമിക്കുകയും ചെയ്തു.

ടി 9 പാലങ്ങളിൽ പത്തനംതിട്ട ജില്ലയിലെ 3 പാലങ്ങളും കോട്ടയം ജില്ലയില 2 പാലങ്ങളും ഉൾപ്പെടെ 5 പാലങ്ങളുടെ നിർമ്മാണമാണ് ആരംഭിച്ചിരുന്നത്. പ്രസ്തുത പാലങ്ങളുടെ പിയർ ക്യാപ് വരെയുള്ള നിർമ്മാണം ഏകദേശം 40% പൂർത്തീകരിച്ചിരുന്നതുമാണ്.

Rate Revision, പ്രവൃത്തിയുടെ പരിധി കുറച്ചതുമൂലം ഡെക്ക് സ്ലാബിന്റെ ഡിസൈൻ ചേഞ്ച്, പുതിയ പെർഫോമൻസ് ഗ്യാരന്റി നൽകുന്നതിനുള്ള അനുവാദം എന്നിവയിൽ തീരുമാനമെടുക്കണമെന്നും എഗ്രിമെന്റിൽ പറയുംപ്രകാരം മൊബിലൈസേഷൻ അഡ്വാൻസ്, പാർട്ട് ബിൽ എന്നിവ ലഭിച്ചില്ലെന്നും ആരോപണമുന്നയിച്ചുകൊണ്ട് കമ്പനി ടി പാലങ്ങളുടെ

നിർമ്മാണം നിർത്തിവയ്ക്കുന്നതിനായി ടെർമിനേഷൻ നോട്ടീസ് നൽകിയിട്ടുള്ളതും പ്രസ്തുത പാലങ്ങളുടെ നിർമ്മാണ പ്രവൃത്തി നിർത്തി വച്ചിട്ടുള്ളതും 1/2019 നമ്പരായി ആർബിട്രേഷൻ കേസ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ളതുമാണ്. ടി ആർബിട്രേഷൻ കേസിൽ 17-10-2020-ൽ അവാർഡായിട്ടുള്ളതും ടി അവാർഡിനെതിരെ പത്തനംതിട്ട ജില്ലാ കോടതിയിൽ അപ്പീൽ (op (Arb) 38/2021) ഫയൽ ചെയ്തിട്ടുള്ളതുമാകുന്നു.

22-10-2020-ൽ റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാന ഉന്നതതല സമിതി യോഗത്തിൽ ടി 5 പാലങ്ങളുടെ നിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടി എന്ന നിലയ്ക്ക് ഡിസൈൻ സ്ലാബിന്റെ ചേഞ്ച് സംബന്ധിച്ച് സാങ്കേതികമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിനെ ചുമതലപ്പെടുത്തിയിരുന്നു. ടി പാലങ്ങളുടെ ഡിസൈൻ സംബന്ധിച്ച രേഖകൾ M/s. Integral Solutions കൈമാറാത്തതിനാൽ

തിരുവനന്തപുരം കോളേജ് ഓഫ് എൻജിനീയറിംഗിന് ടി റിപ്പോർട്ട് സമർപ്പിക്കാൻ സാധിക്കാത്തതാണ്.

കൂടാതെ 16-11-2022-ലെ സംസ്ഥാന ഉന്നതതല സമിതി യോഗത്തിൽ ടി 9 പാലങ്ങളുടെ നിർമ്മാണം പുനരാരംഭിക്കുന്ന വിഷയത്തിൽ ചർച്ച ചെയ്ത് നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ, ഇറിഗേഷൻ വകുപ്പ് എഞ്ചിനീയർ, PWD റോഡ്സ് & ബ്രിഡ്ജസ് എഞ്ചിനീയർ എന്നിവരെക്കൂടി ഉൾപ്പെടുത്തി യോഗം ചേരുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ 15-02-2023-ൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് യോഗം ചേർന്നിട്ടുള്ളതാണ്.

ടി യോഗത്തിന്റെ അടിസ്ഥാനത്തിൽ ടി 9 പാലങ്ങളിൽ നിർമ്മാണം ആരംഭിച്ച 5 പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും ടി പാലങ്ങളുടെ നിർമ്മാണ ചുമതലയുണ്ടായിരുന്ന M/s. Serms Infrastructure Pvt. Ltd., ടെക്നിക്കൽ സപ്പോർട്ട് ഏജൻസിയായ ഇന്റഗ്രൽ സൊല്യൂഷൻസ്,

കൊച്ചി എന്നിവരെയും ഉൾക്കൊള്ളിച്ചുകൊണ്ട് 28-02-2023-ൽ യോഗം ചേർന്നിട്ടുള്ളതാണ്.

ടി യോഗത്തിൽ പ്രസ്തുത പാലങ്ങളുടെ പണി പുനഃരാരംഭിക്കാൻ താൽപ്പര്യമില്ലെന്ന വിവരം M/s. Serms Infrastructure Pvt. Ltd-ന്റെ പ്രതിനിധി അറിയിച്ചിട്ടുള്ളതുമാണ്. കൂടാതെ, ടി പാലങ്ങളുടെ പണി സ്തംഭിച്ചിരിക്കുന്നതിനാൽ അതിന്റെ സ്റ്റെബിലിറ്റി ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ച് മാത്രമേ നിർമ്മാണം തുടരാൻ കഴിയൂവെന്ന് പി.ഡബ്ല്യൂ.ഡി. ബ്രിഡ്ജസ് ഡിപ്പാർട്ട്മെന്റും പാലങ്ങളുടെ പണി പുനരാരംഭിക്കുന്നതിനുള്ള സാങ്കേതിക മികവ് നിലവിലില്ലെന്ന് പത്തനംതിട്ട ജില്ലാ നിർമ്മിതി കേന്ദ്രം പ്രോജക്ട് മാനേജറും വ്യക്തമാക്കിയിട്ടുള്ളതാകുന്നു.

**നെൽവയൽ തണ്ണീർത്തടങ്ങൾ നികത്തൽ**

**338 (1606)** <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് അനധികൃതമായി നെൽവയൽ തണ്ണീർത്തടങ്ങൾ നികത്തിയത് സംബന്ധിച്ച്

എത്ര പരാതികൾ റവന്യൂ വകുപ്പിന് ലഭിച്ചിട്ടുണ്ട്; എത്ര പരാതികളിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

മറുപടി അനുബന്ധമായി ചേർക്കുന്നു+.

(ബി) നെൽവയൽ തണ്ണീർത്തടങ്ങൾ അനധികൃതമായി നികത്തിയത് സംബന്ധിച്ച് പരാതി ലഭിച്ചാൽ സ്വീകരിക്കുന്ന തുടർനടപടികൾ എന്തൊക്കെയാണ് വ്യക്തമാക്കുമോ?

പരാതി ലഭിച്ചാൽ കൃഷി ഓഫീസർ, വില്ലേജ് ഓഫീസർ എന്നിവർ മുഖേന അന്വേഷണം നടത്തി അനധികൃതമായി നികത്തപ്പെട്ടതാണോയെന്ന് പരിശോധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, സെക്ഷൻ 13 പ്രകാരം, ഭൂവുടമകളെയും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും നേരിൽ കേൾക്കുകയും (ആവശ്യമെങ്കിൽ റവന്യൂ ഡിവിഷണൽ ഓഫീസർ പരിശോധന നടത്തിയും) അനധികൃതമായി നികത്തപ്പെട്ടതാണെന്ന് ബോധ്യപ്പെടുന്നപക്ഷം ടി ഭൂമി പൂർവ്വസ്ഥിതിയിലാക്കാൻ ജില്ലാ കളകർമാർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉത്തരവ് പുറപ്പെടുവിക്കുകയും റവന്യൂ ഡിവിഷണൽ ഓഫീസർമാർ, വില്ലേജ് ഓഫീസർമാർ എന്നിവർ മുഖാന്തരം ഉത്തരവ് നടപ്പിലാക്കുകയും ചെയ്യുന്നു.

(സി) മേൽപ്പറഞ്ഞവയിൽ എത്ര കേസുകളിൽ നെൽവയൽ തണ്ണീർത്തടങ്ങൾ പൂർവ്വസ്ഥിതിയിലാക്കാൻ സാധിച്ചിട്ടുണ്ടെന്നുള്ള വിശദാംശങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ?

തിരുവനന്തപുരം - 27 കേസുകളിൽ പൂർവ്വ സ്ഥിതിയിലാക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്;

കൊല്ലം - 19 കേസുകളിൽ പൂർവ്വസ്ഥിതിയിലാക്കി;

പത്തനംതിട്ട - 22 കേസുകളിൽ പൂർവ്വസ്ഥിതിയിലാക്കി;

ആലപ്പുഴ - 3 കേസുകളിൽ പൂർവ്വസ്ഥിതിയിലാക്കി;

കോട്ടയം - 105 കേസുകളിൽ പൂർവ്വസ്ഥിതിയിലാക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്;

ഇടുക്കി - 4 കേസുകളിൽ പൂർവ്വസ്ഥിതിയിലാക്കി (17 കേസുകളിൽ പൂർവ്വസ്ഥിതിയിലാക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.);

എറണാകുളം - 9 കേസുകളിൽ പൂർവ്വസ്ഥിതിയിലാക്കി;

തൃശ്ശൂർ - 7 കേസുകളിൽ പൂർവ്വസ്ഥിതിയിലാക്കി;

പാലക്കാട് - 15 കേസുകളിൽ പൂർവ്വസ്ഥിതിയിലാക്കി

മലപ്പുറം - 21 കേസുകളിൽ പൂർവ്വസ്ഥിതിയിലാക്കി (171 കേസുകളിൽ പൂർവ്വസ്ഥിതിയിലാക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്);

കോഴിക്കോട് 1 കേസിൽ പൂർവ്വസ്ഥിതിയിലാക്കി (76 കേസുകളിൽ പൂർവ്വസ്ഥിതിയിലാക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.);

വയനാട് - 7 കേസുകളിൽ പൂർവ്വസ്ഥിതിയിലാക്കി;

കണ്ണൂർ - 10 കേസുകളിൽ പൂർവ്വസ്ഥിതിയിലാക്കി;

കാസർഗോഡ് - 6 കേസുകളിൽ പൂർവ്വസ്ഥിതിയിലാക്കി.

**മാനന്തവാടി താലൂക്കിലെ പേരിയ വില്ലേജിലെ ഭൂമി വ്യവഹാരം**

**339 (1607)** ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടിയിൽ മെഡിക്കൽ കോളേജ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന പേരിയ വില്ലേജിലെ ഭൂമിയുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള വ്യവഹാരങ്ങൾ നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉണ്ട്.

(ബി) എങ്കിൽ ഏത് കോടതിയിലാണെന്നും കേസിന്റെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ?

ശ്രീചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുവേണ്ടി കുഴിക്കൂറുകളുടെ വില മാത്രം നൽകി ഗ്ലൻ ലെവൻ എസ്റ്റേറ്റ് ഏറ്റെടുത്തതിനെതിരെ എസ്റ്റേറ്റ് അധികൃതർ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WA 196/2016 നമ്പർ കേസിന്റെ 10/06/2022-ലെ വിധിന്യായത്തിനെതിരെ ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ സർക്കാർ SLP(C)99-100/2023 നമ്പർ ഹർജി ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ് തീർപ്പായിട്ടില്ല.

(സി) നിലവിൽ ഈ ഭൂമിയിൽ പ്രസ്തുത നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിൽ എന്തെങ്കിലും നിയമതടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്താണ് നിയമതടസ്സമെന്നും ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ?

ഉണ്ട്. കുഴിക്കൂറുകളുടെ വില മാത്രം നൽകി ഗ്ലൻ ലെവൻ എസ്റ്റേറ്റ് ഏറ്റെടുത്തതിനെതിരെ എസ്റ്റേറ്റ് അധികൃതർ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WA 196/2016 നമ്പർ കേസിന്റെ 10-06-2022-ലെ വിധി പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുണ്ടായിരുന്ന സർക്കാർ ഉത്തരവ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി റദ്ദാക്കുകയും 2013-ലെ LARR Act പ്രകാരമുള്ള ലാൻഡ് അക്വിസിഷൻ നടപടികൾ രണ്ട് മാസത്തിനുള്ളിൽ തുടങ്ങേണ്ടതാണെന്ന് ഉത്തരവാകുകയും ചെയ്തിരുന്നുവെങ്കിലും പ്രസ്തുത വിധിന്യായത്തിനെതിരെ സുപ്രീംകോടതി മുമ്പാകെ സർക്കാർ SLP(C)99-100/2023 നമ്പർ ഹർജി ഫയൽ ചെയ്തിരിക്കുകയാണ്. നിലവിൽ കേസ് സുപ്രീംകോടതിയുടെ പരിഗണനയിലാണ്.

**കടുത്തുരുത്തി മണ്ഡലത്തിലെ റെയിൽവേ മേൽപ്പാലങ്ങളുടെ സ്ഥലമെടുപ്പ്**

**340 (1608)** <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ റെയിൽവേ മേൽപ്പാലങ്ങളായ കടുത്തുരുത്തി, കുറുപ്പന്തറ, കോതനല്ലൂർ മേൽപ്പാലങ്ങളുടെ സ്ഥലമെടുപ്പ് പുരോഗതി വിശദീകരിക്കാമോ?

<u>കടുത്തുരുത്തി റെയിൽവേ മേൽപ്പാലം</u>

കടുത്തുരുത്തി റെയിൽവേ മേൽപ്പാല നിർമ്മാണത്തിനുവേണ്ടി ഭൂമിയേറ്റെടുക്കുന്നതിലേയ്ക്കായി SIA പഠനം നടത്തുന്നതിന് കേരള വോളണ്ടറി ഹെൽത്ത് സർവ്വീസസിനെ നിയമിച്ച് 05-07-2023-ൽ 4(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുള്ളതും കരട് റിപ്പോർട്ടിന്മേൽ 14-08-2023-ന് പൊതു അഭിപ്രായ സ്വീകരണ യോഗം ചേരുന്നതിന് തീരുമാനിച്ചിട്ടുള്ളതുമാണ്.

<u>കുറുപ്പന്തറ റെയിൽവേ മേൽപ്പാലം</u>

കുറുപ്പന്തറ റെയിൽവേ മേൽപ്പാല നിർമ്മാണത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കായി ആകെയുള്ള 68 എൽ.എ. കേസുകളിൽ 61 എണ്ണത്തിൽ അവാർഡ് പാസ്സാക്കിയിട്ടുള്ളതാണ്. അഡീഷണൽ റിക്വിസിഷനിൽ ഉൾപ്പെട്ടുവരുന്ന ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കായി ബി.വി.ആർ. അംഗീകരിച്ചിട്ടുള്ളതാണ്. ഹൈക്കോടതിയിൽ WP(C) 18680/2021 നമ്പർ

കേസിൽ സ്റ്റേ നിലനിൽക്കുന്നതിനാൽ തുടർനടപടികൾ തടസ്സപ്പെട്ടിരിക്കുകയാണ്.

<u>കോതനല്ലൂർ റെയിൽവേ മേൽപ്പാലം</u>

കോതനല്ലൂർ റെയിൽവേ മേൽപ്പാല നിർമ്മാണത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കായി LARR Act 2013 പ്രകാരം 11(1) വിജ്ഞാപനം 13-03-2023-ന് പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത പദ്ധതിയുടെ ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട് സർവ്വെ ചെയ്ത കോതനല്ലൂർ വില്ലേജിലെ ബ്ലോക്ക് നമ്പർ 35-സർവ്വെ നമ്പർ 49, 314, 327 എന്നിവയുടെ സർവ്വെ സബ് ഡിവിഷൻ സ്കെച്ചുകൾ ജില്ലാ സർവ്വെ സൂപ്രണ്ട് അംഗീകരിച്ചിട്ടുള്ളതാണ്. LARR ACT 2013 പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത മേൽപ്പാലങ്ങൾക്ക് എന്തുമാത്രം സ്ഥലമാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്; എത്ര തുക ചെലവാകുമെന്ന് വ്യക്തമാക്കാമോ?

<u>കടുത്തുരുത്തി റെയിൽവേ മേൽപ്പാലം</u>

കടുത്തുരുത്തി റെയിൽവേ മേൽപ്പാല നിർമ്മാണത്തിനുവേണ്ടി 0.5501 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുന്നത്. നിലവിൽ SIA പഠനമാണ്

നടന്നുവരുന്നത്. LARR Act 2013 പ്രകാരം അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ കൃത്യമായി തുക നിർണ്ണയിച്ചിട്ടില്ല.

<u>കുറുപ്പന്തറ റെയിൽവേ മേൽപ്പാലം</u>

കുറുപ്പന്തറ റെയിൽവേ മേൽപ്പാല നിർമ്മാണത്തിനുവേണ്ടി 0.2922 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുന്നത്. പ്രസ്തുത ഭൂമിയേറ്റെടുക്കൽ നടപടികൾക്കായി ഏകദേശം 8,73,75,388/- രൂപ ആവശ്യമായി വരുന്നതാണ്.

<u>കോതനല്ലൂർ റെയിൽവേ മേൽപ്പാലം</u>

കോതനല്ലൂർ റെയിൽവേ മേൽപ്പാല നിർമ്മാണത്തിനുവേണ്ടി 0.5284 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുന്നത്. പ്രസ്തുത ഭൂമിയേറ്റെടുക്കൽ നടപടികൾക്കായി ഏകദേശം 5,22,44,028/- രൂപ ആവശ്യമായി വരുന്നതാണ്.

(സി) പ്രസ്തുത മേൽപ്പാലങ്ങളുടെ സ്ഥലമെടുപ്പ് നടപടിക്ക് റെയിൽവേയുടെ അനുമതി ലഭിച്ചിട്ടുണ്ടോ; അതിന്റെ സാമൂഹ്യാഘാത പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

കടുത്തുരുത്തി റെയിൽവേ മേൽപ്പാലം

കടുത്തുരുത്തി റെയിൽവേ മേൽപ്പാല നിർമ്മാണത്തിനായി ജി.എ.ഡി.-ക്ക് റെയിൽവേയിൽനിന്നും അനുമതി ലഭിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കായി SIA പഠനം നടത്തുന്നതിന് കേരള വോളണ്ടറി ഹെൽത്ത് സർവ്വീസസ് എന്ന ഏജൻസിയെ നിയമിച്ച് 05-07-2023-ൽ 4(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതും കരട് റിപ്പോർട്ടിന്മേൽ 14-08-2023-ന് പൊതു അഭിപ്രായ സ്വീകരണയോഗം ചേരുന്നതിന് തീരുമാനിച്ചിട്ടുള്ളതുമാണ്.

കുറുപ്പന്തറ റെയിൽവേ മേൽപ്പാലം

കുറുപ്പന്തറ റെയിൽവേ മേൽപ്പാല നിർമ്മാണത്തിനായി ജി.എ.ഡി.-ക്ക് റെയിൽവേയിൽനിന്നും അനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കുവേണ്ടി

സാമൂഹ്യാഘാത പഠന ഏജൻസിയായ അനിത സി ചാക്കോ, മണവത്ത് കരോട്ട്, നീറിക്കാട് പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.

<u>കോതനല്ലൂർ റെയിൽവേ മേൽപ്പാലം</u>

കോതനല്ലൂർ റെയിൽവേ മേൽപ്പാല നിർമ്മാണത്തിനായി റെയിൽവെയിൽനിന്നും അനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കായി SIA പഠനം കേരള വോളണ്ടറി ഹെൽത്ത് സർവ്വീസസ് എന്ന ഏജൻസി നടത്തിയിട്ടുള്ളതും റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്.

(ഡി) ഈ പദ്ധതികൾമൂലം എത്ര കുടുംബങ്ങൾ കുടിയൊഴിപ്പിക്കപ്പെടുമെന്ന് വ്യക്തമാക്കാമോ; സ്ഥലമെടുപ്പിന്റെ കല്ലിടൽ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

<u>കടുത്തുരുത്തി റെയിൽവേ മേൽപ്പാലം</u>

കടുത്തുരുത്തി റെയിൽവേ മേൽപ്പാല നിർമ്മാണത്തിനായി ഭൂമിയേറ്റെടുക്കുമ്പോൾ ഒരു കുടുംബം പൂർണ്ണമായും കുടിയൊഴിപ്പിക്കപ്പെടും.

പ്രസ്തുത പദ്ധതിക്കുവേണ്ടിയുള്ള കല്ലിടൽ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്.

കുറുപ്പന്തറ റെയിൽവേ മേൽപ്പാലം

കുറുപ്പന്തറ റെയിൽവേ മേൽപ്പാല നിർമ്മാണത്തിനായി ഭൂമിയേറ്റെടുക്കുന്നതുമൂലം രണ്ട് കുടുംബങ്ങൾക്ക് വീടുകൾ നഷ്ടപ്പെടുന്നതാണ്. പ്രസ്തുത പദ്ധതിക്കുവേണ്ടിയുള്ള കല്ലിടൽ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്.

കോതനല്ലൂർ റെയിൽവേ മേൽപ്പാലം

കോതനല്ലൂർ റെയിൽവേ മേൽപ്പാല നിർമ്മാണത്തിനായി ഭൂമിയേറ്റെടുക്കുന്നതുമൂലം ഒരു തരത്തിലുള്ള കുടിയൊഴിപ്പിക്കലുമുണ്ടാകുന്നില്ല. പ്രസ്തുത പദ്ധതിക്കുവേണ്ടിയുള്ള കല്ലിടൽ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്.

(ഇ) ഈ പദ്ധതികൾ ഓരോന്നിനുമായി പുറപ്പെടുവിച്ച നോട്ടിഫിക്കേഷനുകൾ ഏതെല്ലാമാണെന്ന് പ്രോജക്ട് തിരിച്ച്

വിശദീകരിക്കാമോ; ഇവയുടെ അന്തിമ നോട്ടിഫിക്കേഷനുകൾ വൈകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

കടുത്തുരുത്തി റെയിൽവേ മേൽപ്പാലം

കടുത്തുരുത്തി റെയിൽവേ മേൽപ്പാല നിർമ്മാണത്തിനായി ഭൂമിയേറ്റെടുക്കുന്നതിലേയ്ക്കായി 4(1) നോട്ടിഫിക്കേഷൻ 05-07-2023-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. സാമൂഹ്യാഘാത പഠന അന്തിമ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് LARR Act പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

കുറുപ്പന്തറ റെയിൽവേ മേൽപ്പാലം

LARR Act 2013 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള നോട്ടിഫിക്കേഷനുകൾ ചുവടെ ചേർക്കുന്നു.

1. 4(1) നോട്ടിഫിക്കേഷൻ - 20-05-2019

2. 11 (1) നോട്ടിഫിക്കേഷൻ – 16-07-2020

3. 11 (1) അനുബന്ധ വിജ്ഞാപനം - 15-04-2021

4. 19(1) പ്രഖ്യാപനം - 14-07-2022

WP(C) 18680/2021 നമ്പർ കേസിൽ സ്റ്റേ നിലനിൽക്കുന്നതിനാൽ തുടർനടപടികൾ തടസ്സപ്പെട്ടിരിക്കുകയാണ്.

കോതനെല്ലൂർ റെയിൽവേ മേൽപ്പാലം

LARR Act 2013 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള നോട്ടിഫിക്കേഷനുകൾ ചുവടെ ചേർക്കുന്നു.

1. 4(1) നോട്ടിഫിക്കേഷൻ - 15-07-2022

2. 11 (1) നോട്ടിഫിക്കേഷൻ - 13-03-2023

സർവ്വെ നടപടികൾ പൂർത്തീകരിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**ഏറ്റുമാനൂർ-എറണാകുളം റോഡിലെ സ്ഥലമെടുപ്പ് നടപടികൾ**

**341 (1609)** ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റുമാനൂർ-എറണാകുളം റോഡിലെ അപകടകരമായ വളവുകൾ നികത്തുന്നതിനാവശ്യമായ സ്ഥലമെടുപ്പ് നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയുടെ സാമൂഹ്യാഘാത പഠനം പൂർത്തിയായിട്ടുണ്ടോ; ഈ പദ്ധതിക്കായുള്ള അതിർത്തി കല്ലിടൽ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഈ പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്നതു സംബന്ധിച്ചുള്ള 11(1) നോട്ടിഫിക്കേഷൻ സർക്കാർ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; അതിന്റെ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

(എ-സി) കോട്ടയം ജില്ലയിലെ കാണക്കാരി, കോതനല്ലൂർ, മാഞ്ഞൂർ, മുട്ടുചിറ, കടുതുരുത്തി, വടയാർ വില്ലേജുകളിൽ ഉൾപ്പെട്ട 1.9652 ഹെക്ടർ ഭൂമി ഏറ്റുമാനൂർ-എറണാകുളം റോഡിലെ അപകട വളവുകൾ നിവർത്തുന്നതിന് ആവശ്യമായ സ്ഥലം എൽ.എ.ആർ.ആർ. ആക്ട് 2013 പ്രകാരം ഏറ്റെടുക്കുന്നതിന് ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതും സാമൂഹ്യാഘാത പഠനം നടത്തുന്നതിന് രാജഗിരി ഔട്ട്റീച്ച് സർവ്വീസ് സൊസൈറ്റിയെ ചുമതലപ്പെടുത്തി 4(1) വിജ്ഞാപനം 03-06-2022-ലെ 1825-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്.

സാമൂഹ്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി വിദഗ്ധ സമിതിയെ രൂപീകരിച്ചിട്ടുള്ളതും വിദഗ്ധ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് എൽ.എ.ആർ.ആർ. നിയമം സബ് സെക്ഷൻ (2) സെക്ഷൻ 8 പ്രകാരം അനുമതി നൽകിയിട്ടുള്ളതുമാണ്. തുടർന്ന്, 11(1) വിജ്ഞാപനം 10-07-2023-ലെ 2266-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്.

അലൈൻമെന്റിൽ ഉൾപ്പെട്ടുവരുന്ന ഭൂമിയിലെ അതിർത്തിക്കല്ലുകളെല്ലാം പരിശോധനയിൽ കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതിനാൽ നഷ്ടപ്പെട്ടുപോയവ പുനഃസ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട അർത്ഥനാധികാരിക്ക് നൽകിയിട്ടുള്ളതുമാണ്. അതിർത്തിക്കല്ലുകൾ പുനഃസ്ഥാപിക്കുന്ന മുറയ്ക്ക് ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ പുനരധിവാസ പുനഃസ്ഥാപന പാക്കേജ്, 19(1) പ്രഖ്യാപനം, അവാർഡ് എന്നിവ പാസാക്കി സ്ഥലം

അർത്ഥനാധികാരിക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ഈരാറ്റുപേട്ട ബൈപ്പാസ് നിർമ്മാണത്തിനായി ഭൂമിയേറ്റെടുക്കൽ നടപടി**

**342 (1610)** **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഈരാറ്റുപേട്ട ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് നിശ്ചയിച്ച പുതിയ അലൈൻമെന്റ് പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വേഗത്തിലാക്കി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഈരാറ്റുപേട്ട ബൈപ്പാസ് നിർമ്മാണത്തിന് ഭൂമിയേറ്റെടുക്കുന്നതിനുള്ള പുതുക്കിയ

അലൈൻമെന്റ് പ്രകാരമുള്ള അർത്ഥന അർത്ഥനാധികാരിയായ പൊതുമരാമത്ത് (നിരത്ത്) വിഭാഗം ലഭ്യമാക്കിയിട്ടില്ല. അത് ലഭ്യമാക്കുന്ന മുറയ്ക്ക് RFCTLARR Act 2013 പ്രകാരമുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ സ്വീകരിക്കുന്നതാണ്.

**ഓരോടം പാലം-വെലോങ്ങര ബൈപ്പാസ് ഭൂമിയേറ്റെടുക്കലിന് സ്വീകരിച്ച നടപടികൾ**

**343 (1611)** ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ ഓരോടം പാലം - വെലോങ്ങര ബൈപ്പാസ് നിർമ്മാണത്തോടനുബന്ധിച്ച് 01-07-2023-ലെ ജി.ഒ. (ആർ.റ്റി.) നം. 2420/2023/ആർഡി പ്രകാരം ഭൂമിയേറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ഭൂമിയേറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; പ്രവൃത്തിക്കാവശ്യമായ മുഴുവൻ ഭൂമിയും ഏറ്റെടുക്കുന്ന നടപടികൾ എത്ര സമയത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്നാണ്

കരുതുന്നത്; പ്രസ്തുത നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) മലപ്പുറം ജില്ലയിൽ അങ്ങാടിപ്പുറം വില്ലേജിൽ ഉൾപ്പെട്ട 1.26 ഹെക്ടർ സ്ഥലം ഓരാടം പാലം-വെലോങ്ങര ബൈപ്പാസ് റോഡ് നിർമ്മാണത്തിന് LARR Act, 2013 പ്രകാരം ഏറ്റെടുക്കുന്നതിന് ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതും അലൈൻമെന്റ് കല്ലുകൾ സ്ഥാപിച്ചിട്ടുള്ളതുമാണ്.

1961-ലെ കേരള സർവ്വേയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6(1)-ാം വകുപ്പ് പ്രകാരമുള്ള വിജ്ഞാപനം കേരള ഗസറ്റിൽ (അസാധാരണം) 2227-ാം നമ്പരായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

LARR Rules, 2015, 4(3) പ്രകാരമുള്ള കണ്ടിൻജൻസി ചാർജ്ജ് അർത്ഥനാധികാരി കെട്ടിവയ്ക്കുന്ന മുറയ്ക്ക് സാമൂഹിക പ്രത്യാഘാത പഠനം (4(1) വിജ്ഞാപനം) നടത്തി ആക്ടിൽ നിഷ്കർഷിക്കുന്ന സമയക്രമം പാലിച്ച് സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ഗ്രീൻഫീൽഡ് ഹൈവേ നിർമ്മാണത്തോടനുബന്ധിച്ചുള്ള നഷ്ടപരിഹാരം**

**344 (1612)** ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രീൻഫീൽഡ് ഹൈവേ കടന്നുപോകുന്ന പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിലെ സ്ഥലവും കെട്ടിടവും നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ?

(ബി) എങ്കിൽ ഓരോ ജില്ലയിലും എത്ര പേർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്?

(എ&ബി) ഗ്രീൻഫീൽഡ് ഹൈവേ എൻ.എച്ച് 966 കടന്നുപോകുന്ന പാലക്കാട്, മലപ്പുറം ജില്ലകളിൽ നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കോഴിക്കോട് ജില്ലയിൽ നിലവിൽ 177 പേർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

(സി) നഷ്ടപരിഹാരം നൽകുന്നതിന് മുൻഗണന നിശ്ചയിച്ചിട്ടുണ്ടോ?

നഷ്ടപരിഹാരം നൽകുന്നതിന് മുൻഗണന നിശ്ചയിച്ചിട്ടില്ല.

(ഡി) കെട്ടിടങ്ങളിൽ വ്യാപാരം നടത്തുന്നവരുടെ ഫർണിച്ചർ ഉൾപ്പെടെയുള്ള വസ്തുക്കൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇല്ല. ഫർണിച്ചർ ഉൾപ്പെടെയുള്ള ജംഗമസ്വത്തുക്കൾക്ക് നഷ്ടപരിഹാരം നൽകാൻ വ്യവസ്ഥയില്ല.

എൽ.എ.ആർ.ആർ ആക്ട് 2013 സെക്ഷൻ 26, 27, 28, 29, 30 പ്രകാരമാണ് നഷ്ടപരിഹാരം നിശ്ചയിക്കുന്നത്. ഭൂമിയുടെ കമ്പോളവില നിശ്ചയിക്കുന്ന രീതി എൽ.എ.ആർ.ആർ. ആക്ട്, 2013 സെക്ഷൻ 26 പ്രകാരമാണ്.

ഈ കമ്പോളവിലയോടൊപ്പം നഗരപ്രദേശങ്ങളിൽ നിന്നുള്ള ദൂരത്തെ അടിസ്ഥാനമാക്കി 1 മുതൽ 2 വരെയുള്ള ഘടകം (factor) കൊണ്ട് ഗുണിച്ച് കിട്ടുന്ന തുകയും ഏറ്റെടുക്കുന്ന ഭൂമിയിൽ സ്ഥിതി ചെയ്യുന്ന എല്ലാ സ്ഥാവര വസ്തുക്കളുടെയും മറ്റ് ആസ്തികളുടെയും വൃക്ഷങ്ങളുടെയും സസ്യങ്ങളുടെയും മൂല്യം ഉൾപ്പെടെ ചേർത്ത് കിട്ടുന്ന തുകയും അതിന്റെ 100 ശതമാനത്തിന് തുല്യമായ തുക സോലേഷ്യമായും കൂട്ടി കിട്ടിയ തുക അവാർഡ് തുകയായി

നിശ്ചയിക്കുന്നതും പ്രസ്തുത അവാർഡ് തുകയിൽ, 3 (എ) വിജ്ഞാപനം പുറപ്പെടുവിക്കുന്ന തീയതി മുതൽ അവാർഡ് പ്രഖ്യാപിക്കുന്ന തീയതി വരെ 12% പലിശയും നൽകുന്നു. കൂടാതെ RFCTLARR Act, 2013 ഷെഡ്യൂൾ (2) പ്രകാരം പുനരധിവാസത്തിന് അർഹതയുള്ള കച്ചവടക്കാർക്ക് പുനരധിവാസ ആനുകൂല്യം ലഭിക്കുന്നതാണ്.

**കടുത്തുരുത്തി സർക്കാർ പോളിടെക്നിക് ഭൂമിയുടെ സർവ്വേ നടപടികൾ**

**345 (1613)** <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി ഗവ. പോളിടെക്നിക് കോളേജിന്റെ കൈവശമുണ്ടായിരുന്നതും ഗ്രാമപഞ്ചായത്ത് വിലയ്ക്ക് വാങ്ങിയതുമായ 19 ഏക്കർ 39.147 സെന്റ് സ്ഥലത്തിൽനിന്നും ഓരോ സ്ഥാപനത്തിനും കൈമാറേണ്ട ഭൂമിയുടെ വിസ്തീർണ്ണവും സ്ഥാനവും പൊതുവായ വഴിക്ക് നീക്കിയിട്ടുള്ള സ്ഥലത്തിന്റെ വീതിയും പഞ്ചായത്തിൽനിന്നും ലഭ്യമായിട്ടുണ്ടോയെന്നും സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(ബി) കടുത്തുരുത്തി പോളിടെക്നിക്കിനായി ഏറ്റെടുത്ത സ്ഥലത്തിന്റെ എൽ.എ സ്കെച്ചുകൾ ലഭിക്കുന്നതിനുണ്ടായിരിക്കുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത സർവ്വെ നടപടികൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിന് കോട്ടയം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുമോയെന്നും കഴിഞ്ഞ 7 വർഷമായി ഈ പ്രവർത്തനങ്ങൾ ഇഴഞ്ഞ് നീങ്ങുന്നതിന് പരിഹാരം കാണുമോയെന്നും വ്യക്തമാക്കാമോ?

(എ-സി) കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത ഭൂമിയിൽ ഓരോ സ്ഥാപനത്തിനും കൈമാറേണ്ട ഭൂമിയുടെ വിശദാംശങ്ങൾ സൂചിപ്പിച്ചുകൊണ്ട് പഞ്ചായത്തിൽനിന്നും കത്ത് ലഭിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പോളിടെക്നിക്കിലേക്കുള്ള വഴിയും പോളിടെക്നിക്കും പഞ്ചായത്തുവക സ്ഥലങ്ങളും അളന്ന് തിട്ടപ്പെടുത്തി സർവ്വെ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതും ടി സർവ്വെ സ്കെച്ച് വിഷൻ & മിഷൻ പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുള്ളതുമാണ്.

**ഭൂമി തരം മാറ്റൽ**

**346 (1614)** ശ്രീ. എൻ. എ. നെല്ലിക്കുന്ന്:

ശ്രീ. കെ. പി. എ. മജീദ്:

ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി തരം മാറ്റുന്നതിനായി ലഭിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസമുണ്ടാകുന്നതായ പരാതികൾ പരിശോധിച്ചിട്ടുണ്ടോ?

പരാതികൾ പരിശോധിച്ചിട്ടുണ്ട്. പ്രസ്തുത പരാതികൾ മുൻഗണനാക്രമം പാലിച്ച് നിയമാനുസൃതം പരിഹരിക്കുന്നതിന് ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിവരുന്നു.

(ബി) ഇക്കാര്യത്തിൽ അധികാര വികേന്ദ്രീകരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്. ഇതിനായി നിയമഭേദഗതി ആവശ്യമായതിനാൽ അക്കാര്യം സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(സി) തരംമാറ്റൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

തരംമാറ്റൽ നടപടികൾ വേഗതയിലാക്കാൻ RDO – Sub collector-മാരുടെ ശില്പശാല: ഇതിനായി SOP (Standard Operation Procedure, പ്രത്യേകമായ അദാലത്തുകൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. Offline അപേക്ഷകളിൽ 98% തീർപ്പാക്കിയിട്ടുമുണ്ട്.

ഭൂമിയുടെ തരംമാറ്റം ചെയ്യുന്നതിനുള്ള അപേക്ഷകളിന്മേലുള്ള നടപടിക്രമം ലളിതവും വേഗത്തിലുമാക്കാൻ 27 (സി) പ്രകാരമുള്ള നടപടിക്രമങ്ങൾ കൂടുതൽ ലഘൂകരിക്കുന്നതിനായി 05-08-2023-ലെ സ.ഉ. (സാധാ) നം.2886/2023/ആർ.ഡി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻപ്രകാരം കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകളിലെ സബ് ഡിവിഷൻ ആവശ്യമില്ലാത്ത കേസുകളിൽ ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസറുടെ നടപടിക്രമം, തഹസിൽദാർ എൻഡോഴ്സ് ചെയ്ത്, വില്ലേജ്

ഓഫീസർക്ക് 48 മണിക്കൂറിനകം നൽകി റവന്യൂ രേഖകളിൽ തരംമാറ്റം വരുത്തേണ്ടതാണ്. സബ്ഡിവിഷൻ ആവശ്യമായിട്ടുള്ള കേസുകളിൽ റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ നിന്നുമുള്ള ഉത്തരവിനോടൊപ്പം തരംമാറ്റ അപേക്ഷയിലെ സ്കെച്ച് പകർപ്പുകൂടി നൽകേണ്ടതാണ്. ഇപ്രകാരം സബ്ഡിവിഷൻ ആവശ്യമായ കേസുകളിൽ ഒരാഴ്ചയ്ക്കകം സർവ്വേ നടത്താൻ പറ്റാത്ത താലൂക്കുകളിലെല്ലാംതന്നെ സബ്ഡിവിഷൻ നമ്പർ ReLIS മുഖേനയുണ്ടാക്കി, റവന്യൂ രേഖകളിൽ മാറ്റം വരുത്തി കരം ഒടുക്കി നൽകേണ്ടതും സ്കെച്ചിന്റെ പകർപ്പ് താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും സപ്ലിമെന്ററി അടിസ്ഥാന നികുതി രജിസ്റ്റർ മാതൃകയിൽ ഫയൽ ചെയ്ത് സൂക്ഷിക്കേണ്ടതുമാണ്. ഇത്തരം കേസുകൾ പിന്നീട് സർവ്വേ നടത്തേണ്ടതും സർവ്വേ പെൻഡിംഗാണെന്ന വിവരം ReLIS-ലും ബന്ധപ്പെട്ട രജിസ്റ്ററുകളിലും രേഖപ്പെടുത്തേണ്ടതുമാണ്.

കൂടാതെ, കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഏതെങ്കിലുമോ എല്ലാമോ അധികാരങ്ങൾ വിനിയോഗിക്കുന്നതിന് സർക്കാർ പൊതുവായോ പ്രത്യേകിച്ചോ

പുറപ്പെടുവിക്കുന്ന ഉത്തരവുപ്രകാരം ചുമതലപ്പെടുത്തുന്ന ഡെപ്യൂട്ടി കളക്ടർ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥരെയും റവന്യൂ ഡിവിഷണൽ ഓഫീസർമാരായി നിയോഗിക്കുന്നതിന് നിയമ ഭേദഗതി ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

**ബാലുശ്ശേരി മണ്ഡലത്തിലെ ഒരങ്കോക്കുന്ന് കോളനിയിൽ ഭൂമിയില്ലാത്തവർക്ക് ഭൂമി**

**347 (1615)** <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ കാന്തലാട് വില്ലേജിലെ ഒരങ്കോക്കുന്ന് കോളനിയിൽ വേറെ ഭൂമിയില്ലാത്തവർക്ക് പാറ പുറമ്പോക്ക് ഭൂമി പതിച്ചുകൊടുക്കുന്നതിൽ കാലതാമസം വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത കോളനിയിൽ താമസിക്കുന്നവർക്ക് ലൈഫ് മിഷൻ പദ്ധതിയിൽ വീട് ലഭിച്ചിട്ടും ഭൂമി ലഭിക്കാത്തതുകാരണം വീടുവയ്ക്കാൻ

കഴിയാത്ത പ്രതിസന്ധി പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കാമോ?

പാറപുറമ്പോക്ക് പതിവിന് വിധേയമല്ലാത്തതിനാൽ ബാലുശ്ശേരി മണ്ഡലത്തിലെ കാന്തലാട് വില്ലേജിലെ ഒരങ്കോക്കുന്ന് കോളനിയിൽ താമസിക്കുന്നവരുടെ പാറ ഒഴികെയുള്ള ഭൂമി അളന്ന് തിരിച്ച് ഇനം മാറ്റി ഭൂമി പതിച്ചു കൊടുക്കുന്നത് സംബന്ധിച്ച വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് കോഴിക്കോട് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ജില്ലാ കളക്ടറിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**പാട്ട ഭൂമി തിരിച്ചുപിടിക്കാൻ നടപടി**

**348 (1616)** <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ടക്കാലാവധി കഴിഞ്ഞും പാട്ട വ്യവസ്ഥകൾ ലംഘിച്ചും കൈവശം വച്ചിരിക്കുന്ന ഭൂമി തിരിച്ചുപിടിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

ഈ വിഷയത്തിൽ 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ സെക്ഷൻ 15 (4), 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ ഭൂമി പതിവ് ചട്ടങ്ങളിലെ സെക്ഷൻ 17, 1957-ലെ കേരള ഭൂസംരക്ഷണ നിയമം എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പാട്ടക്കാലാവധി കഴിഞ്ഞ കേസുകളിൽ പാട്ടം റദ്ദ് ചെയ്ത് 1957-ലെ ഭൂസംരക്ഷണ നിയമപ്രകാരം ടി ഭൂമി സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കൂടാതെ, നിയമാനുസൃത നോട്ടീസ് നൽകി പാട്ടക്കുടിശ്ശിക ഒടുക്കുന്നതിനുള്ള അവസരം നൽകിയിട്ടും തുക ഒടുക്കാത്ത കേസുകളിൽ റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികളിലൂടെ പാട്ടക്കുടിശ്ശിക ഈടാക്കുന്നതിനും പാട്ടം റദ്ദ് ചെയ്ത് സർക്കാർ അധീനതയിലേക്ക് ഏറ്റെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പാട്ടവ്യവസ്ഥ ലംഘിച്ച് ഭൂമി കൈവശം വച്ചിരിക്കുന്ന കേസുകളിലും പാട്ടം റദ്ദ് ചെയ്ത് സർക്കാർ അധീനതയിലേക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇതുമായി ബന്ധപ്പെട്ട് പാട്ടക്കാലാവധി കഴിഞ്ഞതും പാട്ട വ്യവസ്ഥകൾ ലംഘിച്ചതുമായ എത്ര ഹെക്ടർ ഭൂമി ഈ സർക്കാർ നാളിതുവരെ പിടിച്ചെടുത്തുവെന്നും ഇനി പിടിച്ചെടുക്കാനുള്ളവയുടെ വിശദാംശങ്ങളും വ്യക്തമാക്കുമോ?

അനുബന്ധമായി ചേർക്കുന്നു.+

(സി) ഇത്തരത്തിൽ കൈവശം വച്ചിരിക്കുന്ന ഭൂമി പിടിച്ചെടുക്കുന്നതിൽ കോടതി വ്യവഹാരങ്ങളുമായി ബന്ധപ്പെട്ട് എത്രത്തോളം ഭൂമിയും കോടതി വ്യവഹാരങ്ങളും നിലവിലുണ്ടെന്നും അവ സർക്കാരിൽ നിക്ഷിപ്തമാക്കാൻ സ്വീകരിച്ചുവരുന്ന തുടർ നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

അനുബന്ധമായി+ ചേർക്കുന്നു. ഇതുകൂടാതെ ഹാരിസൺ മലയാളം ഉൾപ്പെടെയുള്ള കമ്പനികളുടെ കൈവശത്തിലിരിക്കുന്ന പാട്ടക്കാലാവധി കഴിഞ്ഞതും അനധികൃതമായി കൈവശം വെച്ചിരിക്കുന്നതുമായ ഭൂമി തിരിച്ചു പിടിക്കുന്നതിന് 06-06-2019-ലെ സ.ഉ.(കൈ) 172/2019/റവ. ഉത്തരവ് പ്രകാരം നടപടി സ്വീകരിച്ചുവരുന്നു. നാളിതുവരെ 13 കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+

**കൊണ്ടോട്ടി മണ്ഡലത്തിലെ വെള്ളപ്പൊക്ക ദുരിതാശ്വസത്തിൽ ഉൾപ്പെടുത്തിയ റോഡുകൾ**

349 (1617) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിൽ 2019-20, 2020-21, 2021-22 എന്നീ വർഷങ്ങളിൽ വെള്ളപ്പൊക്ക ദുരിതാശ്വാസത്തിൽ ഉൾപ്പെടുത്തി അനുവദിച്ച റോഡുകളുടെ വിശദാംശങ്ങൾ സർക്കാർ ഉത്തരവുകൾ സഹിതം ലഭ്യമാക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) ഇതിൽ ഏതെങ്കിലും പ്രവൃത്തി നടത്താൻ സാധിക്കാത്തതോ റദ്ദ് ചെയ്തതോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കൊണ്ടോട്ടി മണ്ഡലത്തിൽ 2019-20, 2020-21, 2021-22 എന്നീ വർഷങ്ങളിൽ വെള്ളപ്പൊക്ക ദുരിതാശ്വാസത്തിൽ ഉൾപ്പെടുത്തി റോഡ് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയ ഉത്തരവുകളുടെ പകർപ്പുകളും പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും റദ്ദ് ചെയ്ത പ്രവൃത്തികളുടെ വിവരവും അനുബന്ധമായി+ ചേർത്തിരിക്കുന്നു.

**വടകര താലൂക്ക് ഓഫീസ്**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

350 (1618) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തീപിടുത്തത്തെ തുടർന്ന് വടകര താലൂക്ക് ഓഫീസിന്റെ പ്രവർത്തനം താൽക്കാലിക കെട്ടിടത്തിലേക്ക് മാറ്റിയപ്പോൾ കെട്ടിടത്തിലെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത കാരണം ജീവനക്കാരും പൊതുജനങ്ങളും നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ വടകര താലൂക്ക് ഓഫീസിന് 1507 ച.സ്ക്വയർ മീറ്റർ പ്ലിന്ത് ഏരിയയുള്ള പുതിയ കെട്ടിട നിർമ്മാണത്തിനായി 8.227 കോടി രൂപയ്ക്കുള്ള റഫ് കോസ്റ്റ് എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതും പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നകാര്യം പരിശോധിക്കുന്നതിലേക്കായി പ്രൈസ് സോഫ്റ്റ്വെയറിൽ തയ്യാറാക്കിയ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് എത്രയുംവേഗം

സമർപ്പിക്കാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

**നെല്ലിപ്പൊയിൽ വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം**

**351 (1619)** ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി താലൂക്കിലെ ശോച്യാവസ്ഥയിലായ നെല്ലിപ്പൊയിൽ വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ&ബി) 2023-24 സാമ്പത്തിക വർഷത്തെ കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ എന്ന പദ്ധതിയിലുൾപ്പെടുത്തി നെല്ലിപ്പൊയിൽ വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

## എൻ.ജി.ഒ. ക്വാർട്ടേഴ്സിലെ ജീവനക്കാരുടെ പുനരധിവാസത്തിനായുള്ള ഫ്ലാറ്റ് നിർമ്മാണം

**352 (1620)** ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ ആസ്ഥാനത്ത് കോടതി സമുച്ചയം നിർമ്മിക്കുന്നതിന് എൻ.ജി.ഒ ക്വാർട്ടേഴ്സ് വക സർക്കാർ ഭൂമി വിട്ട് നൽകിയിട്ടുള്ള സാഹചര്യത്തിൽ എൻ.ജി.ഒ. ക്വാർട്ടേഴ്സിലെ താമസക്കാരായിരുന്ന ജീവനക്കാരുടെ പുനരധിവാസത്തിനായി ഫ്ലാറ്റ് നിർമ്മിക്കുന്നതിനായി അനുമതി ലഭിച്ചിട്ടുള്ള പദ്ധതിയുടെ നടപടികൾ എപ്രകാരമാണ് പുരോഗമിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി ടെൻഡർ ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ: വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) കൊല്ലം ജില്ലാ ആസ്ഥാനത്ത് 01-12-2021-ലെ GO(Rt) 1070/2021/PWD പ്രകാരം ഫ്ലാറ്റ് ടൈപ്പ് എൻ.ജി.ഒ. ക്വാർട്ടേഴ്സസ് നിർമ്മാണത്തിനായി 26.8503 കോടിയുടെ ഭരണാനുമതി

ലഭ്യമായിട്ടുള്ളതാണ്. നിലവിൽ ഉണ്ടായിരുന്ന എൻ.ജി.ഒ. ക്വാർട്ടേഴ്സ് പൊളിച്ചശേഷം ആകെയുള്ള 1.3637 ഹെക്ടർ സ്ഥലത്തിൽ 0.95 ഹെക്ടർ സ്ഥലത്ത് കോടതി സമുച്ചയവും 0.4148 ഹെക്ടർ സ്ഥലത്ത് എൻ.ജി.ഒ. ക്വാർട്ടേഴ്സും നിർമ്മിക്കാനായിരുന്ന പദ്ധതി. നിലവിലുണ്ടായിരുന്ന 21 ക്വാർട്ടേഴ്സുകൾ പൊളിച്ചുനീക്കുകയും എ.ആർ. പ്ലാൻ തയ്യാറാക്കുകയും സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തുകയും ചെയ്തു. ആയത് ഇപ്പോൾ ഡിസൈൻ വിംഗിലേയ്ക്ക് ഡിസൈൻ ചെയ്യുന്നതിനായി കൈമാറിയിട്ടുണ്ട്. കോടതി സമുച്ചയത്തിനായി തയ്യാറാക്കിയ പ്ലാൻ മാറ്റം വരുത്തി തറ വിസ്തീർണ്ണം വർദ്ധിപ്പിച്ച് പുനർ രൂപകല്പന ചെയ്തിരുന്നു. ഇപ്രകാരം കോടതി സമുച്ചയത്തിന്റെ പുതിയ പ്ലാൻ പ്രകാരം അതിന്റെ പാർക്കിംഗ് ഏരിയ എൻ.ജി.ഒ. ക്വാർട്ടേഴ്സിനായി നീക്കിവച്ചിരിക്കുന്ന സ്ഥലത്തേയ്ക്കുകൂടി വ്യാപിപ്പിച്ചിരിക്കുകയാണ്. അതിനാൽ എൻ.ജി.ഒ. ക്വാർട്ടേഴ്സിന്റെ നിലവിലുള്ള പ്ലാൻ അനുസരിച്ച് കെട്ടിടം നിർമ്മിക്കാനുള്ള സ്ഥലം ലഭ്യമല്ലാത്ത അവസ്ഥയുണ്ട്. സ്ഥലം കണ്ടെത്താനുള്ള ശ്രമം തുടരുകയാണ്.

**സ്മാർട്ട് വില്ലേജുകൾ**

**353 (1621)** <u>ശ്രീ. എം. രാജഗോപാലൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നിലവിൽ എത്ര വില്ലേജുകൾ സ്മാർട്ട് വില്ലേജുകളായി പ്രഖ്യാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ 36 വില്ലേജുകൾ സ്മാർട്ട് ആക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയിൽ 31 വില്ലേജുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതും 3 വില്ലേജുകളുടെ നിർമ്മാണം അന്തിമ ഘട്ടത്തിലുമാണ്. ബാക്കി 2 വില്ലേജുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്.

(ബി) ഭൂമി തരം മാറ്റുന്നതിന് ഉൾപ്പെടെ വില്ലേജ് ഓഫീസുകളിൽ ലഭിക്കുന്ന പരാതികൾ സമയബന്ധിതമായി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഭൂമി തരം മാറ്റുന്നതിന് ഉൾപ്പെടെ വില്ലേജ് ഓഫീസുകളിൽ ലഭിക്കുന്ന പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുള്ള നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്.

**തെന്നല വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം**

**354 (1622)** ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിൽ തെന്നല വില്ലേജ് ഓഫീസിനായുള്ള പുതിയ കെട്ടിട നിർമ്മാണ നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് കോഴിച്ചെന ഭാഗത്തായി നാഷണൽ ഹൈവേയുടെ കൈവശത്തിലുള്ള ഭൂമിയിൽനിന്നും ആവശ്യമുള്ള സ്ഥലം അനുവദിക്കുന്നതിന്റെ നടപടികൾ എന്തെല്ലാമായെന്നും പ്രസ്തുത പ്രവൃത്തിയുടെ ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത ഭൂമി തെന്നല വില്ലേജിന് ലഭ്യമാക്കുന്നതിന് ഇനി എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കാമോ?

(എ-സി) മലപ്പുറം ജില്ലയിൽ തിരൂരങ്ങാടി താലൂക്കിൽ തെന്നല വില്ലേജിൽ പൂക്കിപ്പറമ്പിനും കോഴിച്ചെനയ്ക്കും ഇടയിൽ റോഡിന് കിഴക്കുവശത്ത് വാളക്കുളം അംശത്തിൽപ്പെട്ടതും പൊതുമരാമത്ത് വകുപ്പിന്റെ കൈവശത്തിലുള്ളതും സർവ്വേ നമ്പർ 246/2B-ൽപ്പെട്ടതുമായ 0.1862 ഹെക്ടർ സ്ഥലത്തിന്റെ വടക്കുകിഴക്ക് ഭാഗം വരുന്ന 20 സെന്റ് സ്ഥലം വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിനും അനുബന്ധ ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനുമായി പൊതുമരാമത്ത് (എൻ.എച്ച്) വിഭാഗത്തിൽനിന്നും നിരാക്ഷേപ പത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ മലപ്പുറം ജില്ലാ കളക്ടർ DCMPM/1012/2021-B6 നമ്പർ ഫയലിൽ സ്വീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിൽനിന്നും എൻ.ഒ.സി. ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പ്രസ്തുത വില്ലേജിന് ഭൂമി ലഭ്യമാക്കുന്ന ജില്ലാ കളക്ടറുടെ നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ.

**സ്മാർട്ട് വില്ലേജ് ഓഫീസ്**

**355 (1623)** ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിൽ എത്ര സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

തരൂർ മണ്ഡലത്തിൽ സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിന് പ്ലാൻ പദ്ധതി പ്രകാരം 3 വില്ലേജ് ഓഫീസുകൾക്കും റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിപ്രകാരം 5 വില്ലേജ് ഓഫീസുകൾക്കുമാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. അതിൽ പ്ലാൻ പദ്ധതിപ്രകാരം ഭരണാനുമതി നൽകിയിട്ടുള്ള കണ്ണമ്പ്ര-2 വില്ലേജ് ഓഫീസിന്റെയും റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിപ്രകാരം ഭരണാനുമതി നൽകിയിട്ടുള്ള കണ്ണമ്പ്ര-1, വടക്കഞ്ചേരി-2, തരൂർ-1 എന്നീ വില്ലേജ് ഓഫീസുകളുടെയും കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ ഏതെല്ലാം വില്ലേജ് ഓഫീസ് കെട്ടിടങ്ങളിലാണ് നിലവിൽ സ്മാർട്ട് വില്ലേജ് ഓഫീസാക്കുന്നതിനുള്ള പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പ്ലാൻ പദ്ധതി പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ള കോട്ടായി-1 വില്ലേജ് ഓഫീസിന്റെയും റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ള കാവശ്ശേരി 1, തരൂർ 2 എന്നീ വില്ലേജ് ഓഫീസുകളുടെയും കെട്ടിട നിർമ്മാണം പുരോഗമിച്ചുവരുന്നു. കൂടാതെ 2023-24 സാമ്പത്തിക വർഷത്തെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത മണ്ഡലത്തിലെ പുതുക്കോട് വില്ലേജ് ഓഫീസിനും സ്മാർട്ട് വില്ലേജ് കെട്ടിട നിർമ്മാണം നിർവ്വഹിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

**തിരൂരങ്ങാടി വില്ലേജ് ഓഫീസ്**

**356 (1624)** ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി വില്ലേജ് ഓഫീസ് പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിന്റെ നടപടികൾ എന്തെല്ലാമായി എന്നതിന്റെ വിശദവിവരം ലഭ്യമാക്കാമോ?

തിരൂരങ്ങാടി വില്ലേജ് റീ.സ.358/10 ബി-യിൽപ്പെട്ട സ്ഥലത്ത് സ്ഥിതി ചെയ്യുന്നതും മുമ്പ് താലൂക്ക് ഓഫീസിലെ ഇലക്ഷൻ വിഭാഗം പ്രവർത്തിച്ചിരുന്നതുമായ കെട്ടിടമാണ് തിരൂരങ്ങാടി വില്ലേജ് ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനായി കണ്ടെത്തിയത്. പ്രസ്തുത കെട്ടിടം ഉൾപ്പെടെ താലൂക്ക് ഓഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടവും അതുൾപ്പെടുന്ന സ്ഥലവും 1968-ലെ കേരള പ്രാചീന സ്മാരകങ്ങളും പുരാവസ്തു സങ്കേതങ്ങളും പുരാവശിഷ്ടങ്ങളും ആക്ടിലെ വ്യവസ്ഥകൾ പ്രകാരം 2013 മേയ് 13-ന് സംരക്ഷിത സ്മാരകമായി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പ്രസ്തുത സർക്കാർ വിജ്ഞാപനത്തിൽ പരാമർശിച്ച ഭൂമിയിൽ ഉൾപ്പെട്ടതും മുമ്പ് താലൂക്ക് ഓഫീസ് ഇലക്ഷൻ വിഭാഗം പ്രവർത്തിച്ചിരുന്നതുമായ കെട്ടിടം പുരാവസ്തു പ്രാധാന്യമില്ലാത്തതും പുതുതായി നിർമ്മിതി കേന്ദ്രം നിർമ്മിച്ചിട്ടുള്ളതുമാകയാൽ ടി കെട്ടിടവും അത് നിലനിൽക്കുന്ന സ്ഥലവും സംരക്ഷിത സ്മാരകപട്ടികയിൽ നിന്നും ഒഴിവാക്കി നൽകുവാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് ഓഫീസ് ഇലക്ഷൻ വിഭാഗം പ്രവർത്തിച്ചിരുന്നതുമായ കെട്ടിടം

നിലനിൽക്കുന്ന ഭൂമി ഡീനോട്ടിഫൈ ചെയ്ത് സർക്കാർ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്.

(ബി) പ്രസ്തുത നടപടികൾ സംബന്ധിച്ച ഫയൽ ഏത് ഓഫീസിലാണെന്നും പ്രസ്തുത ഫയലിൽ ഇനി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുള്ളതെന്നും വിശദമാക്കാമോ?

മൂന്ന് വർഷക്കാലത്തിനുള്ളിൽ എല്ലാ വില്ലേജുകളും സ്മാർട്ടാക്കുകയാണ് ഈ സർക്കാരിന്റെ ലക്ഷ്യം. ഇതനുസരിച്ച് ഒരു വില്ലേജ് സ്മാർട്ടാക്കാൻ അറ്റകുറ്റപണികൾ മാത്രം മതിയാകുന്നവ, പൂർണ്ണമായും പുതിയ കെട്ടിടം പണിയേണ്ടവ, സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കേണ്ടവ എന്നിങ്ങനെ പ്രത്യേകം തരംതിരിച്ച് മുൻഗണനാക്രമത്തിൽ നടപടികൾ സ്വീകരിച്ചുവരികയാണ്.

**വില്ലേജ് ഓഫീസുകളിൽ ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ നടപടി**

**357 (1625)** **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കച്ചേരി, പുതിയങ്ങാടി, എലത്തൂർ വില്ലേജ് ഓഫീസുകളിൽ ജീവനക്കാരുടെ കുറവുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ പ്രസ്തുത കുറവ് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

എലത്തൂർ വില്ലേജ് ഓഫീസിൽ വില്ലേജ് ഓഫീസർ തസ്തികയിൽ ഉണ്ടായിരുന്ന ഒഴിവ് നികത്തിയിട്ടുണ്ട്. സ്പെഷ്യൽ വില്ലേജ് ഓഫീസറുടെ (എസ്.വി.ഒ.) തസ്തികയിലെ ഒഴിവ് നികത്തിയിട്ടില്ല. പുതിയങ്ങാടി വില്ലേജ് ഓഫീസിൽ എസ്.വി.ഒ.-യുടെ ഒഴിവായിരുന്നു ഉണ്ടായിരുന്നത്. അതിനുപകരം ഒരു വില്ലേജ് അസിസ്റ്റന്റിനെ അധികമായി നിയമിച്ചിട്ടുണ്ട്. കച്ചേരി വില്ലേജ് ഓഫീസിലെ രണ്ട് വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരിൽ ഒരാളെ ജോലിക്രമീകരണ വ്യവസ്ഥയിൽ കോഴിക്കോട് താലൂക്ക് ഓഫീസിൽ ഇലക്ഷൻ വിഭാഗത്തിൽ നിയമിച്ചിട്ടുണ്ട്. പ്രസ്തുത വില്ലേജ്

ഓഫീസുകളിൽ അനുവദിക്കപ്പെട്ട തസ്തികകളിൽ കുറവ് വന്നതിൽ ഉടൻ നിയമനം നടത്തുന്നതാണ്.

**റവന്യൂ വകുപ്പിലെ പ്രൊമോഷൻ**

**358 (1626)** ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിലെ തഹസിൽദാർ/സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് പ്രൊമോഷനുവേണ്ടിയുള്ള ഡി.പി.സി. ലിസ്റ്റിലേയ്ക്ക് അർഹരായവരുടെ ഫയലുകൾ പരിശോധിക്കുന്നതും ശരിയായ മുൻഗണനാക്രമം പാലിച്ച് പ്രൊമോഷൻ ഉത്തരവിറക്കുന്നതും ആരെല്ലാമാണെന്ന് അറിയിക്കാമോ?

കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് 1958-ന്റെ പാർട്ട് II ജനറൽ റൂൾസ് റൂൾ 28 പ്രകാരം പി.എസ്.സി. മെമ്പർ ചെയർമാനും ലാൻഡ് റവന്യൂ കമ്മീഷണർ കൺവീനറും സർക്കാർ പ്രതിനിധി (ഡെപ്യൂട്ടി സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ) അംഗവുമായ ഡി.പി.സി. (ലോവർ) ആണ് തഹസിൽദാർ/സീനിയർ

സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട് സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നത്. പ്രസ്തുത സെലക്ട് ലിസ്റ്റിൽനിന്നും ഒഴിവുകൾ നിലവിൽ വരുന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് ലാൻഡ് റവന്യൂ കമ്മീഷണറാണ്.

(ബി) 29-05-2023-ലെ ഡി.പി.സി. ലോവർ അഡ്ഹോക്ക് യോഗത്തിൽ യോഗ്യത നേടിയവരിൽ 31-05-2023-ന് വിരമിക്കുന്ന ചിലർക്കുമാത്രം പ്രൊമോഷൻ അനുവദിച്ച് 30-05-2023-ൽ ഉത്തരവിറക്കിയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. റ്റി. പി. ജോർജ്ജ് മുതൽപേർ ഫയൽ ചെയ്ത ഒ.എ. (ഇകെഎം) 281/2023 നമ്പർ കേസിൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 23-03-2023-ലെ ഉത്തരവുപ്രകാരം 2022 പ്രാബല്യത്തിൽ പ്രസ്തുത പരാതികക്ഷികളെ തഹസിൽദാർ/സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നതിനുള്ള ടിയാന്മാരുടെ അപേക്ഷ പരിഗണിക്കുന്നതിനായി ഡി.പി.സി. (ലോവർ) അഡ്ഹോക്ക് യോഗം ചേരുന്നതിനും പ്രസ്തുത ഉത്തരവ് കിട്ടി ഒരു

മാസത്തിനകം ടി യോഗം ചേരുന്നതിനും നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 29-05-2023-ൽ ഡി.പി.സി. (ലോവർ) അഡ്ഹോക്ക് യോഗം ചേരുകയും പ്രസ്തുത ജീവനക്കാരെ 2022-ലെ സെലക്ട് ലിസ്റ്റിലുൾപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുകയും ചെയ്തിരുന്നു. പ്രസ്തുത കേസിലെ പരാതികക്ഷികളായ ശ്രീ. റ്റി. പി. ജോർജ്ജ്, ശ്രീമതി. നന്ദിനി സി., ശ്രീ. ഡായി മാത്യു, ശ്രീ. റാഷിമോൻ സി.എ. എന്നിവർ 21-02-2022-ന് യോഗ്യത നേടിയതിനാൽ ഈ തീയതിക്കുശേഷം കൂടുന്ന അഡ്ഹോക്ക് ഡി.പി.സി. പ്രകാരം യോഗ്യതാ തീയതിക്ക് ശേഷമുള്ള വേക്കൻസികളിലേയ്ക്ക് സീനിയോറിറ്റിക്കനുസൃതമായി ഉൾപ്പെടുത്താവുന്ന തരത്തിൽ ഇവരുടെ സ്ഥാനക്കയറ്റത്തിനുള്ള ക്ലെയിം നിലനിൽക്കുമെന്നും ടി ജീവനക്കാർക്ക് 2022-ലെ സെലക്ട് ലിസ്റ്റിൽ സ്ഥാനത്തിനുള്ള അർഹതയുള്ളതായും പ്രസ്തുത യോഗം കണ്ടെത്തുകയും 31-05-2023-ൽ വിരമിക്കുന്നത് പരിഗണിച്ച് 2 ജീവനക്കാർക്ക് തഹസിൽദാർ/സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി 30-05-2023-ൽ ഉത്തരവ് നൽകുകയുമാണ് ചെയ്തത്.

(സി) 30-05-2023-ലെ LR/2236/2023/LR(E2) നമ്പർ ഉത്തരവ് പ്രകാരം പ്രൊമോഷൻ ലഭിച്ചവരുടെ ഡി.പി.സി. സെലക്ട് ലിസ്റ്റിലെ ക്രമനമ്പരുകൾ അറിയിക്കാമോ?

12-06-2023-ൽ ചേർന്ന ഡി.പി.സി. (ലോവർ) യോഗം 2022-ലെ സെലക്ട് ലിസ്റ്റ് റിവൈസ് ചെയ്ത് തയ്യാറാക്കിയത് പ്രകാരം ശ്രീ. റ്റി. പി. ജോർജ്ജിന്റെ സെലക്ട് ലിസ്റ്റിലെ ക്രമ നം. 8-ഉം ശ്രീ. റാഷിമോൻ സി. എ.-യുടേത് 50-ഉം ആണ്.

(ഡി) റവന്യൂ വകുപ്പിൽനിന്നും 31-05-2023-ൽ വിരമിച്ച എത്ര പേർ 29-05-2023-ലെ ഡി.പി.സി. ലോവർ അഡ്ഹോക്ക് 2022 സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നുവെന്ന് പറയാമോ; ഇവർക്കെല്ലാം പ്രൊമോഷൻ നൽകിയിരുന്നോ?

ഒ.എ. (ഇ.കെ.എം.) 281/2023 നമ്പർ കേസിലെ പരാതികക്ഷികളായ ശ്രീ. റ്റി. പി. ജോർജ്ജ്, ശ്രീമതി നന്ദിനി സി., ശ്രീ. ഡായി മാത്യു, ശ്രീ. റാഷിമോൻ സി. എ. എന്നിവരുടെ യോഗ്യത പരിഗണിക്കുന്നതിനാണ് 29-05-2023-ൽ ഡി.പി.സി. (ലോവർ) അഡ്ഹോക്ക് യോഗം ചേർന്നത്.

ടി ജീവനക്കാരിൽ ശ്രീ. റ്റി. പി. ജോർജ്ജ്, ശ്രീ. റാഷിമോൻ സി. എ. എന്നിവരാണ് 31-05-2023-ൽ വിരമിച്ചത്. ടി 2 ജീവനക്കാർക്കും സ്ഥാനക്കയറ്റം 30-05-2023-ൽ നൽകിയിരുന്നു.

(ഇ) സെലക്ട് ലിസ്റ്റിലെ 50-ാമത്തെ ക്രമനമ്പർകാരന് പ്രൊമോഷൻ നൽകിയിട്ടും അതിനുമുമ്പുള്ളവരും 31-05-2023-ൽ വിരമിക്കുന്നവരുമായ പലരെയും പ്രൊമോഷൻ നൽകാതെ ഒഴിവാക്കിയത് എന്തു കാരണത്താലാണെന്ന് വ്യക്തമാക്കാമോ; ഇപ്രകാരം ഒഴിവാക്കുന്നതിന് ഉത്തരവുകളോ നിർദ്ദേശങ്ങളോ നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പി.എസ്.സി. 29-05-2023-ൽ ഡി.പി.സി. (ലോവർ) അഡ്ഹോക്ക് യോഗം ചേർന്നിരുന്നുവെങ്കിലും സെലക്ട് ലിസ്റ്റുകൾ റിവൈസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട ഒ.പി. (കെ.എ.റ്റി) 378/2021 നമ്പർ കേസിൽ ബഹുമാനപ്പെട്ട ഹൈക്കോടതി അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ ശ്രീ. റ്റി. പി. ജോർജ്ജ്, ശ്രീമതി നന്ദിനി സി. ശ്രീ. ഡായി മാത്യു, ശ്രീ. റാഷിമോൻ സി. എ. എന്നിവരുടെ സെലക്ട്

ലിസ്റ്റിലെ സ്ഥാനം നിർണ്ണയിക്കാൻ കഴിയില്ലെന്ന് തീരുമാനിച്ചിരുന്നു. എന്നാൽ ടി ജീവനക്കാർക്ക് സെലക്ട് ലിസ്റ്റിൽ സ്ഥാനം ലഭിച്ച് സ്ഥാനക്കയറ്റത്തിനുള്ള യോഗ്യതയുണ്ടെന്ന് ബോദ്ധ്യപ്പെട്ടതിന്റെയും ശ്രീ. റ്റി. പി. ജോർജ്ജ്, ശ്രീ. റാഷിമോൻ സി. എ. എന്നിവർ 31-05-2023-ൽ വിരമിക്കുന്നതും പരിഗണിച്ചാണ് ടി ജീവനക്കാർക്ക് 30-05-2023-ൽ സ്ഥാനക്കയറ്റം നൽകിയത്. പിന്നീട് 12-06-2023-ൽ ഡി.പി.സി. (ലോവർ) യോഗം ചേരുകയും 2022-ലെ സെലക്ട് ലിസ്റ്റ് റിവൈസ് ചെയ്ത് തയ്യാറാക്കിയ പ്രകാരം ടി ജീവനക്കാർക്ക് അർഹമായ സ്ഥാനം നിർണ്ണയിച്ചുനൽകുകയും ചെയ്തു. പ്രസ്തുത സെലക്ട് ലിസ്റ്റ് തയ്യാറാക്കിയ ശേഷമാണ് നിലവിലുണ്ടായിരുന്ന മുഴുവൻ ഒഴിവുകളിലേയ്ക്കും സെലക്ട് ലിസ്റ്റിലെ സ്ഥാനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നൽകിയത്.

**ജീവനക്കാരന്റെ റിട്ടയർമെന്റ് ആനുകൂല്യം ലഭിക്കാത്തത്**

**359 (1627)** <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്ക് ഹൊസബെട്ട് വില്ലേജ് ഓഫീസിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിന്നും 11-10-2019-ന് വിരമിച്ച ശ്രീ. അബ്ദുള്ള യു. എന്നയാളുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ടിയാന് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ലഭിക്കാൻ വൈകുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(ബി) ഇതുസംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മീഷണർ ഓഫീസിലെ എൽ.ആർ.എൻ 3-26831/2021 നമ്പർ ഫയൽ സെക്രട്ടറിയേറ്റിലെ റവന്യൂ റ്റി3-169/2021 നമ്പർ ഫയൽ എന്നിവയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം താലൂക്ക് ഹൊസബെട്ട് വില്ലേജ് ഓഫീസിലെ പാർട്ട് ടൈം സ്വീപ്പർ ആയിരുന്ന ശ്രീ. അബ്ദുള്ള യു. രോഗബാധയെത്തുടർന്ന് 22-06-2018 മുതൽ ടിയാളുടെ വിരമിക്കൽ തീയതിയായ 31-10-2019 വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ ശിപാർശ ചെയ്ത് ലാൻഡ് റവന്യൂ കമ്മീഷണർ 28-07-2021-ലെ എൽ.ആർ.എ.3-

26831/2020 നമ്പർ കത്ത് പ്രകാരം സർക്കാരിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ REV-T3/160/2021-REV ഫയലിൽ പരിശോധിക്കുകയും 05-07-2017-ലെ സ.ഉ. (പി) നം. 08/2017/ഉ.ഭ.പ.വ. പ്രകാരം പാർട്ട്- ടൈം കണ്ടിജന്റ് ജീവനക്കാർക്ക് ഒരു കലണ്ടർ വർഷം അർഹമായ സാഹചര്യങ്ങളിൽ ഭരണ വകുപ്പുകൾക്ക് പരമാവധി 240 ദിവസം വരെ മാത്രമേ ശൂന്യവേതനാവധി അനുവദിക്കാൻ വ്യവസ്ഥയുള്ളൂ എന്നതിനാൽ ടിയാന് ശൂന്യവേതനാവധി അനുവദിക്കുന്നതിന്മേൽ ധനകാര്യ, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പുകളുടെ അഭിപ്രായം ആവശ്യമായതിനാൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടുകയും തുടർന്ന് ടിയാന്റെ ശൂന്യവേതനാവധി കാലയളവ് ഏതൊക്കെ സർവ്വീസ് ആനുകൂല്യങ്ങൾക്കാണ് ബാധകമാകുന്നത് എന്നതിന്മേൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഭിപ്രായം തേടുകയും പാർട്ട് ടൈം ജീവനക്കാർക്ക് ശൂന്യവേതനാവധി അനുവദിക്കുമ്പോൾ അനുവദിക്കാവുന്ന സേവന/വേതന ആനുകൂല്യങ്ങൾ വ്യവസ്ഥ ചെയ്തിട്ടുള്ള 20-07-2023-ലെ സ.ഉ.(പി) 13/2023/ഉ.ഭ.പ.വ.

ഉത്തരവിന്റെ പകർപ്പ് സഹിതം ഫയൽ 08-08-2023-ന് ടി വകുപ്പ് മടക്കി നൽകുകയും ചെയ്തിട്ടുണ്ട്. തുടർ നടപടി സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത വ്യക്തിയുടെ പെൻഷൻ ഉൾപ്പെടെയുള്ള റിട്ടയർമെന്റ് ആനുകൂല്യങ്ങൾ എപ്പോൾ ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. അബ്ദുള്ള യു.-ന് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്ന മുറയ്ക്ക് ടിയാന് പെൻഷൻ ഉൾപ്പെടെയുള്ള റിട്ടയർമെന്റ് ആനുകൂല്യങ്ങൾ അനുവദിക്കാൻ കഴിയുന്നതാണ്.

**കോഴിക്കോട് താലൂക്കിൽ സർവേയർമാരുടെ കുറവ്**

**360 (1628)** <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിൽ ആവശ്യത്തിന് സർവ്വേയർമാരില്ലാത്തതിനാൽ ഫയലുകൾ തീർപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോഴിക്കോട് താലൂക്കിൽ ഫയലുകൾ തീർപ്പാക്കുന്നതിന് സാധ്യമായ തരത്തിൽ എല്ലാ നടപടികളും സ്വീകരിച്ചിട്ടുള്ളതാണ്.

(ബി) സർവ്വേയർമാരുടെ കുറവ് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദീകരിക്കാമോ?

4 സർവ്വേയർമാരെ ജോലിക്രമീകരണ വ്യവസ്ഥയിൽ റീസർവ്വെ ഓഫീസിൽനിന്നും നിയമിച്ചിട്ടുള്ളതും ഫയലുകളിൽ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

(സി) ഫയൽ അദാലത്ത് മാതൃകയിൽ സർവ്വെ വിഭാഗത്തിലെ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ പ്രത്യേക അദാലത്ത് നടത്തുമോ; വിശദമാക്കാമോ?

ഫയൽ അദാലത്ത് മാതൃകയിൽ ഫയലുകൾ പ്രത്യേക അദാലത്ത് നടത്തി തീർപ്പാക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് ആവശ്യമെങ്കിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**റവന്യൂ-ഭവന നിർമ്മാണ വകുപ്പിന് കീഴിലുള്ള ഓഫീസുകൾ**

**361 (1629)** <u>**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ റവന്യൂ-ഭവന നിർമ്മാണ വകുപ്പിന് കീഴിലുള്ള ഓഫീസുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ റവന്യൂ-ഭവന നിർമ്മാണ വകുപ്പിന് കീഴിലുള്ള ഓഫീസുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**(i) ലാൻഡ് റവന്യൂ വകുപ്പ്**

1. ആർ.ഡി. ഓഫീസ്, കാഞ്ഞങ്ങാട്
2. ആർ.ഡി. ഓഫീസ്, കാസർഗോഡ്
3. താലൂക്ക് ഓഫീസ്, ഹോസ്ദുർഗ്
4. താലൂക്ക് ഓഫീസ്, കാസർഗോഡ്
5. താലൂക്ക് ഓഫീസ്, മഞ്ചേശ്വരം
6. താലൂക്ക് ഓഫീസ്, വെള്ളരിക്കുണ്ട്
7. തഹസിൽദാർ (ആർ.ആർ) ഓഫീസ്, കാസർഗോഡ്

8. സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) ഓഫീസ് കാസർഗോഡ്

9. സ്പെഷ്യൽ തഹസിൽദാർ(എൽ.ആർ.),ഓഫീസ് കാസർഗോഡ്

10. സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) , കിഫ്ബി ഓഫീസ്,

കാസർഗോഡ്

11. സ്പെഷ്യൽ തഹസിൽദാർ (എൽ.എ), പി.ഡബ്ല്യ.ഡി ഓഫീസ്,

കാസർഗോഡ്

12. കളക്ടറേറ്റ്

13. സ്പെഷ്യൽ തഹസിൽദാർ (എൽ.എ.എൻ.എച്ച് യൂണിറ്റ് 1) ഓഫീസ്,

കാസർഗോഡ്

14. സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (എൽ.എ.എൻ.എച്ച്) ഓഫീസ്,

കാസർഗോഡ്

15. സ്പെഷ്യൽ തഹസിൽദാർ (എൽ.എ.എൻ.എച്ച് യൂണിറ്റ് II) ഓഫീസ്,

കാഞ്ഞങ്ങാട്

**(ii) സർവ്വേയും ഭൂരേഖയും വകുപ്പ്**

1. ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

2. അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം (റീസർവ്വെ), കാസർഗോഡ്

3. റീസർവ്വെ സൂപ്രണ്ടിന്റെ കാര്യാലയം, കാസർഗോഡ്

4. റീസർവ്വെ സൂപ്രണ്ടിന്റെ കാര്യാലയം, കുമ്പള

5. റീസർവ്വെ സൂപ്രണ്ടിന്റെ കാര്യാലയം, മഞ്ചേശ്വരം

6. ജില്ലാ സർവ്വെ സൂപ്രണ്ട് ഓഫീസ്, കാസർഗോഡ്

(iii) കാസർഗോഡ് ജില്ലയിൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഒരു ഡിവിഷൻ ഓഫീസാണുളളത്.

(ബി) പ്രസ്തുത ഓഫീസുകളിലെ തസ്തികകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഇവയിൽ അനുവദിക്കപ്പെട്ടതും ഒഴിഞ്ഞുകിടക്കുന്നതുമായ തസ്തികകൾ ഏതൊക്കെയാണെന്നും എത്രയാണെന്നും വ്യക്തമാക്കാമോ?

(ബി&സി)) അനുബന്ധമായി ചേർത്തിരിക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ഡി) പ്രസ്തുത തസ്തികകൾ എത്രകാലമായി ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

(i) ലാൻഡ് റവന്യൂ വകുപ്പിൽ സ്പെഷ്യൽ തഹസിൽദാർ, സീനിയർ ക്ലാർക്ക് തസ്തികകൾ കഴിഞ്ഞ ഒരു മാസത്തിലധികമായി ഒഴിഞ്ഞുകിടക്കുന്നു. ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റ് തസ്തികകൾ കഴിഞ്ഞ 6 മാസത്തിലധികമായി ഒഴിഞ്ഞുകിടക്കുന്നു. വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികകൾ കഴിഞ്ഞ 2 മാസത്തിലധികമായി ഒഴിഞ്ഞുകിടക്കുന്നു.

(ii) സർവ്വേയും ഭൂരേഖയും വകുപ്പിലെ ജില്ലാ സർവ്വേ സൂപ്രണ്ട്, ഹെഡ് ഡ്രാഫ്റ്റ്സ്മാൻ, ഒന്നാം തരം/രണ്ടാം തരം സർവ്വെയർ, ഒന്നാം തരം/രണ്ടാം തരം ഡ്രാഫ്റ്റ്സ്മാൻ, സീനിയർ ക്ലാർക്ക്, ട്രേസർ എന്നീ തസ്തികകൾ കഴിഞ്ഞ 8 മാസക്കാലമായി ഒഴിഞ്ഞുകിടക്കുന്നുണ്ട്.

(ഇ) പ്രസ്തുത തസ്തികകൾ ഒഴിഞ്ഞുകിടക്കാനുള്ള കാരണമെന്താണെന്നും എപ്പോൾ നികത്തുമെന്നും വ്യക്തമാക്കാമോ?

സീനിയോറിറ്റി സംബന്ധിച്ച ഒരു കോടതി വ്യവഹാരം നടക്കുന്നതിനാലാണ് ലാൻഡ് റവന്യൂ വകുപ്പിൽ തഹസിൽദാർ, സീനിയർ

ക്ലാർക്ക് തസ്തികകളിൽ സ്ഥാനക്കയറ്റം നടക്കാതെ ഒഴിഞ്ഞുകിടക്കുന്നത്. ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റ്, വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികകളിൽ പി.എസ്.സി നിയമന ശിപാർശ ലഭിക്കാത്തതിനാലാണ് നിയമനം നടക്കാതിരിക്കുന്നത്. സ്ഥാനക്കയറ്റം അനുവദിക്കുന്ന മുറയ്ക്കും പി.എസ്.സി. നിയമന ശിപാർശ അയയ്ക്കുന്ന മുറയ്ക്കും നിയമനം നടത്തുവാൻ കഴിയുന്നതാണ്. സർവ്വേയും ഭൂരേഖയും വകുപ്പിൽ 2023-ലെ പൊതുസ്ഥലമാറ്റത്തിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയത് പൂർത്തിയാകുന്നമുറയ്ക്ക് ഒഴിവ് നികത്തുവാൻ കഴിയുന്നതാണ്.

**പയ്യന്നൂർ താലൂക്കിൽ ഇലക്ഷൻ വിംഗ്**

**362 (1630)** ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-ൽ രൂപീകൃതമായ പയ്യന്നൂർ താലൂക്കിൽ ഇലക്ഷൻ വിംഗ് സ്ഥാപിക്കാനാവശ്യമായ നടപടികൾ പരിഗണനയിലുണ്ടോ; അറിയിക്കാമോ?

നിലവിലെ പയ്യന്നൂർ നിയമസഭാ നിയോജകമണ്ഡലം തളിപ്പറമ്പ് ഇ.ആർ.ഒ. & തഹസിൽദാരുടെ കീഴിലും കല്യാശ്ശേരി നിയമസഭാ നിയോജകമണ്ഡലം കണ്ണൂർ ഇ.ആർ.ഒ. തഹസിൽദാരുടെ കീഴിലുമാണുള്ളത്. പ്രസ്തുത രണ്ട് മണ്ഡലങ്ങളുംകൂടി ഉൾപ്പെടുത്തി പയ്യന്നൂർ താലൂക്ക് ഇലക്ഷൻ വിംഗ് രൂപീകരിക്കുന്നതിനും പയ്യന്നൂർ തഹസിൽദാറിനെ പയ്യന്നൂരിലെ ഇ.ആർ.ഒ-ആയി നിയമിക്കുന്നതിനുമുള്ള ലാൻഡ് റവന്യൂ കമ്മീഷണറുടെ ശിപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പയ്യന്നൂർ താലൂക്ക് ഇലക്ഷൻ വിംഗിലേയ്ക്ക് ഒരു ഡെപ്യൂട്ടി തഹസിൽദാർ, 2 ക്ലാർക്ക്, ഒരു ഓഫീസ് അറ്റൻഡന്റ് എന്നീ ജീവനക്കാരെ പുനർവിന്യസിക്കുന്നതിന് ആവശ്യമായ ജീവനക്കാർ വകുപ്പിൽ നിലവിലില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഇലക്ഷൻ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**കണ്ണൂർ റീസർവ്വേ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ജീവനക്കാര്യം**

**363 (1631)** <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ റീസർവ്വേ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റായ മുഹമ്മദ് കുഞ്ഞി അപകടത്തിൽപ്പെട്ട് ശരീരം തളർന്ന് കിടപ്പിലായതിനാൽ ആർ.പി.ഡബ്ല്യൂ.ഡി. ആക്ട് 2016-ലെ സെക്ഷൻ 20/4 അനുസരിച്ച് അനുയോജ്യമായ നിയമനം ലഭിക്കുന്നതിന് വേണ്ടി സമർപ്പിച്ച അപേക്ഷയിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) അംഗപരിമിതരായ സഹോദരിമാർ ഉൾപ്പെടുന്ന കുടുംബത്തിലുള്ള ബധിരനും മൂകനുമായ പ്രസ്തുത വ്യക്തിയുടെ അപേക്ഷ പരിഗണിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) കണ്ണൂർ റവന്യൂ ഭരണത്തിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ. പി. മുഹമ്മദ് കുഞ്ഞി സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ടിയാന് മുമ്പ് അനുവദിച്ച ശൂന്യവേതനാവധിക്ക് തുടർച്ചയായി 01-06-2020 മുതൽ 31-05-2023 വരെ 25-05-2023-ലെ സ.ഉ.(സാധാ)

നം.1993/2023/ആർ.ഡി. പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുകയുണ്ടായി. ശ്രീ. മുഹമ്മദ് കുഞ്ഞിയുടെ അപകടത്തെത്തുടർന്ന് RPWD Act 2016 പ്രകാരമുള്ള മറ്റ് ആനുകൂല്യങ്ങൾ അനുവദിക്കാമോ എന്ന വിഷയം പരിശോധിച്ചുവരുന്നു.

**ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ നിയമനം**

**364 (1632)** ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാരിൽ നിന്നുള്ള 10-10-2022-ലെ റവ-റ്റി2/237/2022/റവ. നമ്പർ ഉത്തരവിനുശേഷം ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ നിയമിച്ചവർക്ക് ആർക്കുംതന്നെ പ്രസ്തുത ഉത്തരവിലെ യോഗ്യതകൾ ഇല്ലാത്തവരാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ഉത്തരവിനുശേഷം റവന്യൂ കമ്മീഷണറേറ്റിൽ നിയമിച്ച എല്ലാവരുടെയും പേരും തസ്തികയും അവർ വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസ് എന്നിവിടങ്ങളിൽ ജോലി ചെയ്ത കാലയളവ് എന്നിവ തരം തിരിച്ച് നൽകാമോ?

10-10-2022-ലെ റവ-റ്റി2/237/2022/റവ. നമ്പർ സർക്കാർ കത്തിലെ നിർദ്ദേശപ്രകാരമുള്ള നടപടികൾ, ഇനിയൊരു നിർദ്ദേശമുണ്ടാകുന്നതുവരെ നിർത്തിവയ്ക്കുന്നതിന് 29-10-2022-ലെ സി3-309-2022-ആർ.ഡി. കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

10-10-2022-ലെ റ്റി 2/237/2022/റവ നമ്പർ കത്ത് പ്രകാരമുള്ള ഉത്തരവിനുശേഷം റവന്യൂ കമ്മീഷണറേറ്റിൽ നിയമിച്ച എല്ലാവരുടെയും പേരും തസ്തികയും അവർ വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസ് എന്നിവിടങ്ങളിൽ ജോലി ചെയ്ത കാലയളവ് എന്നിവ അനുബന്ധമായി+ ചേർക്കുന്നു.

**വില്ലേജ്-താലൂക്കുതല അദാലത്തുകൾവഴി ജനങ്ങൾക്ക് ലഭിച്ച നേട്ടങ്ങൾ**

**365 (1633)** <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടന്നുവരുന്ന താലൂക്കുതല അദാലത്തുകൾ വഴി ജനങ്ങൾക്ക് ലഭിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

മന്ത്രിസഭയുടെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് 2023 ഏപ്രിൽ, മേയ് മാസങ്ങളിലായി താലൂക്ക് ആസ്ഥാനങ്ങളിൽ മന്ത്രിമാരുടെ നേതൃത്വത്തിൽ കരുതലും കൈത്താങ്ങും എന്ന പേരിൽ പ്രത്യേക പരാതിപരിഹാര താലൂക്കുതല അദാലത്തുകൾ നടത്തുയിട്ടുള്ളതാണ്. പ്രസ്തുത അദാലത്തിൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ലഭിച്ച 24188 അപേക്ഷകളിൽ 14416 അപേക്ഷകളിന്മേൽ നടപടികൾ പൂർത്തിയാക്കി തീർപ്പാക്കിയിട്ടുള്ളതും 9772 അപേക്ഷകളിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. തലസ്ഥാനത്തേയ്ക്കുപോയി ബന്ധപ്പെട്ട മന്ത്രിമാരെ കണ്ട് പരാതികൾ സമർപ്പിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കി വിവിധ മന്ത്രിമാർ ജനങ്ങളുടെ അടുത്തേയ്ക്ക് നേരിട്ട് എത്തിച്ചേർന്ന് പരാതി സ്വീകരിക്കുന്നതിനും ആയത് പരിഹരിക്കുന്നതിനും താലൂക്കുതല അദാലത്ത് സഹായകരമായിട്ടുണ്ട്. മിക്ക കേസുകളിലും കക്ഷികൾക്ക് അനുകൂലമായ തീരുമാനം അദാലത്തിൽ ഉണ്ടാകുകയും ഉടൻ തീരുമാനമെടുക്കാൻ കഴിയാത്ത പരാതികൾ സംബന്ധിച്ച് സർക്കാരിലേയ്ക്ക് റിപ്പോർട്ടുകൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ സമർപ്പിച്ചിട്ടുള്ളതുമാണ്.

(ബി) വില്ലേജ്-താലൂക്ക് തലങ്ങളിലെ ഫയൽ തീർപ്പാക്കലിന് എല്ലാ മൂന്നുമാസം കൂടുമ്പോഴും അദാലത്തുകൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നിലവിൽ ഇക്കാര്യങ്ങളിൽ സർക്കാർ തീരുമാനമെടുത്തിട്ടില്ല. ആവശ്യമെങ്കിൽ അത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) വില്ലേജ്-താലൂക്ക് തലങ്ങളിൽനിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന വിവിധ സേവനങ്ങളുടെ കാലദൈർഘ്യം കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) വില്ലേജ്-താലൂക്ക് തലങ്ങളിലെ ജോലി ഭാരം കണക്കിലെടുത്ത് കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

(സി&ഡി) പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

**വളാഞ്ചേരി സബ് ട്രഷറി നിർമ്മാണം**

**366 (1634)**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി സബ് ട്രഷറി ഓഫീസ് നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച് സർക്കാരിൽനിന്നും ആവശ്യപ്പെട്ട അധികവിവര റിപ്പോർട്ട് മലപ്പുറം കളക്ടേറ്റിൽനിന്നും ലഭ്യമായിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ലഭ്യമായിട്ടില്ല.

(ബി) പ്രസ്തുത റിപ്പോർട്ട് മലപ്പുറം കളക്ടറോട് സർക്കാർ ആവശ്യപ്പെട്ടത് എന്നാണെന്ന് വ്യക്തമാക്കുമോ?

മലപ്പുറം ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലാന്റ് റവന്യൂ കമ്മീഷണർ മുഖാന്തരം ലഭ്യമാക്കുന്നതിലേയ്ക്കായി 20-08-2022-ലെ എൽ1/83/2022/റവ നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

(സി) ട്രഷറി നിർമ്മാണത്തിന് ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച് മലപ്പുറം കളക്ടേറ്റ് നാളിതുവരെ സ്വീകരിച്ച നടപടികൾ ഫയൽ നമ്പർ സഹിതം വിശദമാക്കുമോ?

വളാഞ്ചേരി സബ്‌ട്രഷറി നിർമ്മാണവുമായി ബന്ധപ്പെട്ട വിശദമായ പ്രൊപ്പോസൽ സഹിതമുള്ള റിപ്പോർട്ട് ലഭ്യമാക്കാൻ മലപ്പുറം ജില്ലാ കളക്ടറേറ്റിലെ DCMPM/12843/2022-B4 നമ്പർ ഫയൽ പ്രകാരം തിരൂർ തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

**റവന്യൂ വകുപ്പ് മുഖേന നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ**

**367 (1635)** **ശ്രീ. കെ. ഡി. പ്രസേനൻ:** താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പ് മുഖേന എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ആലത്തൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റിബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലും പ്ലാൻ പദ്ധതിയിലും ഉൾപ്പെടുത്തി ആലത്തൂർ നിയോജകമണ്ഡലത്തിൽ സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ പുനർനിർമ്മാണമാണ് റവന്യൂ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നത്.

ആലത്തൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ആലത്തൂർ (പ്ലാൻ പദ്ധതി), എരിമയൂർ 1, കുഴൽമന്ദം 1, മേലാർക്കോട്; തേങ്കുറിശ്ശി 1, തേങ്കുറിശ്ശി 2, വണ്ടാഴി 2, മംഗലംഡാം എന്നീ വില്ലേജ് ഓഫീസുകളുടെ പുനർ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൽ കുഴൽമന്ദം 1, വണ്ടാഴി 2, മംഗലംഡാം എന്നീ വില്ലേജ് ഓഫീസുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

**തേഞ്ഞിപ്പാലം വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിന് ഭൂമി നൽകാൻ നടപടി**

**368 (1636)** **ശ്രീ. പി. അബ്ദുൽ ഹമീദ്:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ തേഞ്ഞിപ്പാലം വില്ലേജ് ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനായി ഭൂമി വിട്ടുനൽകുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ?

മലപ്പുറം ജില്ലയിൽ തിരൂരങ്ങാടി താലൂക്കിൽ തേഞ്ഞിപ്പാലം വില്ലേജിൽ ബ്ലോക്ക് 4-ൽ റീസർവ്വേ 53-ൽപ്പെട്ടതും പൊതുമരാമത്ത് വകുപ്പിന്റെ കൈവശത്തിലുള്ളതുമായ 2.6060 ഹെക്ടർ ഭൂമിയിൽനിന്നും 8.11

ആർ ഭൂമി വില്ലേജ് ഓഫീസ് നിർമ്മാണത്തിന് അനുവദിക്കുന്നതിന് നിരാക്ഷേപ പത്രം ലഭ്യമാക്കുന്നതിനായി പൊതുമരാമത്ത് (നിരത്ത്) വിഭാഗത്തിന് കത്ത് നൽകിയിട്ടുള്ളതാണ്.

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ നിലവിലുള്ള ഫയലിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

പ്രസ്തുത വിഷയം സംബന്ധിച്ച് ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ ഫയൽ നിലവിലില്ല. സ.ഉ. (പി) നം.31/2018/റവ. തീയതി 05-06-2018 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 50 സെന്റ് വരെയും മുനിസിപ്പാലിറ്റി ഏരിയയിൽ 25 സെന്റ് ഭൂമി വരെയും കോർപ്പറേഷൻ പരിധിയിൽ 10 സെന്റ് ഭൂമി വരെയും കൈമാറി നൽകുന്നതിന് ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുള്ളതാണ്.

(സി) ഭൂമി വിട്ടുനൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

പൊതുമരാമത്ത് (നിരത്ത്) വിഭാഗത്തിൽനിന്നും നിരാക്ഷേപ പത്രം ലഭ്യമായാലുടൻ അടിയന്തര തുടർനടപടി സ്വീകരിക്കുന്നതാണ്.

**കുണ്ടറ മണ്ഡലത്തിലെ ഫ്ലഡ് റോഡുകളുടെ പ്രവർത്തന പുരോഗതി**

**369 (1637)** ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടറ മണ്ഡലത്തിലെ ഫ്ലഡ് റോഡുകളുടെ 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെയുള്ള പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

കുണ്ടറ മണ്ഡലത്തിലെ ഫ്ലഡ് റോഡുകളുടെ 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെയുള്ള പ്രവൃത്തികളുടെ പുരോഗതി റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു+.

**ഭൂമി തരം മാറ്റൽ**

**370 (1638)** ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാഞ്ഞങ്ങാട് ആർ.ഡി.ഒ. ഓഫീസിൽ ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകളുടെ എണ്ണം; ആയതിൽ തീർപ്പുകൽപ്പിച്ച അപേക്ഷകൾ എത്രയെന്നും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാഞ്ഞങ്ങാട് ആർ.ഡി. ഓഫീസിൽ ഭൂമി തരം മാറ്റുന്നതിനായി 6138 അപേക്ഷകൾ ലഭ്യമായിട്ടുള്ളതും അതിൽ 2667 അപേക്ഷകൾ തീർപ്പുകൽപ്പിച്ചിട്ടുള്ളതുമാണ്.

(ബി) പ്രസ്തുത അപേക്ഷകളിൽ തീർപ്പുകൽപ്പിക്കാത്തവയുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകാമോ?

പ്രസ്തുത അപേക്ഷയിൽ 3471 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട ഫോറം നം.5 ഉൾപ്പെടെയുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിനായി കൃഷി ഓഫീസർമാർ,

വില്ലേജ് ഓഫീസർമാർ എന്നിവരിൽനിന്നും റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

കൃത്യമായ ഇടവേളകളിൽ യോഗം കൂടി അപേക്ഷകളുടെ തീർപ്പാക്കൽ പുരോഗതി സംബന്ധിച്ച് അവലോകനവും നടത്താറുണ്ട്. പ്രാദേശികതല നിരീക്ഷണ സമിതിയുടെ യോഗം കൃത്യമായ ഇടവേളകളിൽ ചേരുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് ജില്ലാതല അധികൃത സമിതി മുഖേന നിർദ്ദേശം നൽകിയിട്ടുമുണ്ട്. കൂടാതെ, KSREC-യുടെ റിപ്പോർട്ട് ആവശ്യമായ കേസുകളിൽ യഥാസമയം റിപ്പോർട്ട് ലഭ്യമാക്കണമെന്ന നിർദ്ദേശവും നൽകിയിട്ടുള്ളതാണ്. കൂടാതെ തരം മാറ്റി അപേക്ഷകൾ തീർപ്പാക്കുന്നതിന് ചുമതലയുള്ള ആർ.ഡി.ഒ.-മാരുടെ അധികാരം വികേന്ദ്രീകരിക്കുന്നതിനുള്ള ശിപാർശ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**ആധാർ അധിഷ്ഠിത യുണീക് തണ്ടപ്പേർ പദ്ധതി**

**371 (1639)** <u>ശ്രീ. കെ. പി. മോഹനൻ</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാർ അധിഷ്ഠിത യുണീക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ആധാർ അധിഷ്ഠിത യുണീക് തണ്ടപ്പേർ പദ്ധതിയുമായി ബന്ധപ്പെട്ട് 12-02-2020-ൽ സ.ഉ.(സാധാ) നം. 552/2020/റവ., 09-12-2021-ൽ സ.ഉ.(പി) നം. 204/2021/റവ, 16-06-2022-ൽ സ.ഉ.(സാധാ) നം.2626/2022/റവ എന്നീ സർക്കാർ ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്. അവ അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ?

ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതുവഴി ഒരു ഭൂ ഉടമയുടെ പേരിൽ സംസ്ഥാനത്തുള്ള മുഴുവൻ ഭൂമിയുടെയും വിവരങ്ങൾ ആധാർ അധിഷ്ഠിതമായ ഒരു തണ്ടപ്പേരിൽ ലഭ്യമാകുകയും അതുവഴി ജനങ്ങൾക്ക് സുഗമവും സുതാര്യവുമായി ഭൂമി സംബന്ധമായ ഇടപാടുകൾ നടത്തുന്നതിന് സാധിക്കുന്നതുമാണ്. യുണീക് തണ്ടപ്പേർ ഉപയോഗിച്ച് ഏതൊരു വ്യക്തിക്കോ അധികാരപ്പെടുത്തിയിട്ടുള്ള ഏതൊരു

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉദ്യോഗസ്ഥനോ ആധാർ നമ്പറോ യുണീക് തണ്ടപ്പേർ നമ്പറോ ഉപയോഗിച്ച് സംസ്ഥാനതലത്തിൽ ഒരാളുടെ കൈവശത്തിലുള്ള ഭൂമി സെർച്ച് ചെയ്യുന്നതിനും ആധാർ നമ്പർ സെർച്ച് ചെയ്ത് ലഭിക്കുന്ന റിസൾട്ടിൽ ഒറ്റയ്ക്കോ കൂട്ടവകാശമായതോ ആയ എല്ലാ ഭൂമിയും ലിസ്റ്റ് ചെയ്യുന്നതിനും യുണീക് തണ്ടപ്പേർ സെർച്ച് ചെയ്ത് ലഭിക്കുന്ന റിസൾട്ടിൽ ടി പേരിലുള്ള എല്ലാ ലാൻഡ് പാർസലുകളും ലിസ്റ്റ് ചെയ്യുന്നതിനും സാധ്യമാക്കുന്നതിനുവേണ്ടിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. ഇപ്രകാരം ഭൂപരിഷ്കരണ നിയമപ്രകാരം പരിധിയിൽ കവിഞ്ഞ ഭൂമി കൈവശം വച്ചിട്ടുള്ളത് കണ്ടെത്തുന്നതിന് സഹായകരമാകുന്നതാണ്. സംസ്ഥാനത്തെ ഏതൊരു കൈവശക്കാരനും അയാളുടെ ഭൂമിയുടെ സർവ്വെ നമ്പരും മറ്റ് വിവരങ്ങളും ഓർമ്മയിൽ സൂക്ഷിക്കാതെ ആധാർ നമ്പർ ഉപയോഗിച്ച് അറിയാൻ കഴിയുന്നതാണ്. കൈവശക്കാരന്റെ ആധാരങ്ങളുടെ പകർപ്പും കരം തീർത്ത രസീതും ഭൂമിയുടെ സ്കെച്ചും തുടങ്ങി ഭൂമി സംബന്ധമായ എല്ലാ വിവരങ്ങളും പെട്ടെന്ന് ലഭിക്കാൻ സാധിക്കും. ഭൂമി സംബന്ധമായ റവന്യൂ രേഖകൾ കാര്യക്ഷമമാക്കൽ, ഉപഭോക്താക്കൾക്ക് മികച്ച ഓൺലൈൻ

സേവനങ്ങൾ നൽകൽ, ഭൂരേഖകളിൽ കൃത്യത നിലനിർത്തൽ, അനർഹരായ ആളുകളെ കണ്ടെത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് പദ്ധതി സഹായകമാകും. ഭൂമിയുടെ വിശദാംശങ്ങൾ മറച്ചുവയ്ക്കുക, വിവിധ റവന്യൂ നിയമങ്ങൾ ദുരുപയോഗം ചെയ്യുക തുടങ്ങിയവയിലൂടെയുള്ള നിയമ ലംഘനങ്ങൾ കണ്ടെത്തുന്നതിനും പ്രസ്തുത പദ്ധതി സഹായിക്കും.

**വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച ഉത്തരവുകൾ**

**372 (1640)** <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1903-ലെ റവന്യൂ സെറ്റിൽമെന്റ് കാലയളവിൽ നിലവിലുണ്ടായിരുന്ന പത്തനാപുരം, ചെങ്കോട്ട താലൂക്കുകളിൽ ഉൾപ്പെട്ടുവന്നിരുന്ന വില്ലേജുകൾ ഏതൊക്കെയാണെന്നും ഏതൊക്കെ വില്ലേജുകൾ വിഭജിച്ചാണ് തെന്മല വില്ലേജ് രൂപീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ; പ്രസ്തുത വില്ലേജ് രൂപീകരിച്ചുകൊണ്ടുള്ള 1985-ലെ സർക്കാർ ഉത്തരവ് ലഭ്യമാക്കാമോ?

1903-ലെ റവന്യൂ സെറ്റിൽമെന്റ് കാലയളവിൽ പത്തനാപുരം താലൂക്കിൽ പട്ടാഴി, മൈലം, തലവൂർ, വിളക്കുടി, പുനലൂർ, ഇടമുളയ്ക്കൽ, അഞ്ചൽ, പത്തനാപുരം വില്ലേജുകളും ചെങ്കോട്ട താലൂക്കിൽ ചെങ്കോട്ട, കർക്കടി, കൊളിയറ, പുളുർ, മേക്കര, അച്ചൻപുത്തുർ, ഇലത്തുർ, ക്ലങ്ങാട്, ആയിക്കുടി, പാമ്പൂർവടകര വില്ലേജുകളും ഉൾപ്പെട്ടുവന്നിരുന്നു. പത്തനാപുരം വില്ലേജ് വിഭജിച്ചാണ് തെന്മല വില്ലേജ് രൂപീകരിച്ചിട്ടുള്ളത്. പ്രസ്തുത വില്ലേജ് രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവ് കാലപ്പഴക്കം കാരണം ലഭ്യമല്ല.

(ബി) 1903-ലെ റവന്യൂ സെറ്റിൽമെന്റ് കാലയളവിൽ നിലവിലുണ്ടായിരുന്ന വില്ലേജുകളിൽ അഞ്ചൽ, പത്തനാപുരം വില്ലേജുകൾ വിഭജിച്ച് രൂപീകരിച്ച വില്ലേജുകൾ ഏതൊക്കെയാണ് വിശദമാക്കാമോ?

1903-ലെ റവന്യൂ സെറ്റിൽമെന്റ് കാലയളവിൽ നിലവിലുണ്ടായിരുന്ന വില്ലേജുകളിൽ അഞ്ചൽ വില്ലേജ് വിഭജിച്ച് കുളത്തുപ്പുഴ, തിങ്കൾക്കരിക്കകം, അലയമൺ, ചണ്ണപ്പേട്ട വില്ലേജുകളും പത്തനാപുരം വില്ലേജ് വിഭജിച്ച് പിറവന്തുർ, പുന്നല, ഇടമൺ, തെന്മല വില്ലേജുകളും രൂപീകരിച്ചിട്ടുള്ളതാണ്.

(സി) നിലവിലെ പുനലൂർ താലൂക്കിൽ ഉൾപ്പെട്ടുവരുന്ന ആര്യങ്കാവ് വില്ലേജ് ഏത് കാലയളവിൽ ഏത് വില്ലേജ് വിഭജിച്ചാണ് രൂപീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; അതുസംബന്ധിച്ച സർക്കാർ ഉത്തരവ് ലഭ്യമാക്കുമോ?

നിലവിലെ പുനലൂർ താലൂക്കിൽ ഉൾപ്പെട്ടുവരുന്ന ആര്യങ്കാവ് വില്ലേജ് ചെങ്കോട്ട താലൂക്കിലെ പുളിയറ വില്ലേജ് വിഭജിച്ചാണ് രൂപീകരിച്ചിട്ടുള്ളത്. കാലപ്പഴക്കം കാരണം ടി വില്ലേജ് വിഭജിച്ച കാലയളവ്/ ഉത്തരവ് ലഭ്യമല്ല.

**നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള മാനദണ്ഡം**

**373 (1641)** <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസത്തിനും തൊഴിലിനും ഒ.ബി.സി. സംവരണം ലഭിക്കുന്നതിനായി പ്രൊഫഷണൽ/വ്യവസായം/വാണിജ്യം (കാറ്റഗറി 4) എന്നീ വിഭാഗങ്ങളിൽ ഉൾപ്പെട്ടവരുടെ മക്കൾക്ക് ഒ.ബി.സി. നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിനുള്ള അർഹത നിശ്ചയിക്കുന്നത് കേന്ദ്ര/സംസ്ഥാന സർക്കാരിന്റെ ഏത് ഉത്തരവ് അല്ലെങ്കിൽ ഓഫീസ്

മെമ്മോറാണ്ടം അനുസരിച്ചുള്ള വരുമാന മാനദണ്ഡപ്രകാരമാണെന്ന് അറിയിക്കാമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് നൽകുമോ?

കേന്ദ്ര വിദ്യാഭ്യാസ-ഉദ്യോഗ ആവശ്യങ്ങൾക്ക് കേന്ദ്ര പേഴ്സണൽ മന്ത്രാലത്തിന്റെ 08-09-1993-ലെ 36012/22/93/Estt.(SCT) മെമ്മോറാണ്ടത്തിലെ മാനദണ്ഡങ്ങൾക്കനുസൃതമായാണ് നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് അനുവദിക്കുന്നത്. പ്രസ്തുത മെമ്മോറാണ്ടത്തിന്റെ പകർപ്പ് അനുബന്ധമായി+ ചേർത്തിരിക്കുന്നു. കേരളത്തിലെ ഉദ്യോഗാവശ്യങ്ങൾക്ക് 26-09-2009-ലെ G.O.(P) No.81/2009/SCSTDD സർക്കാർ ഉത്തരവ് പ്രകാരവും വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് 01-01-2015-ലെ G.O.(P)No.1/2015/BCDD സർക്കാർ ഉത്തരവ് പ്രകാരവുമാണ് സാക്ഷ്യപത്രങ്ങൾ അനുവദിക്കുന്നത്. 26-09-2009-ലെ G.O.(P)No. 81/2009/SCSTDD സർക്കാർ ഉത്തരവിന്റെയും 01-01-2015-ലെ G.O.(P)No.1/2015/BCDD സർക്കാർ ഉത്തരവിന്റെയും പകർപ്പ് അനുബന്ധമായി+ ചേർത്തിരിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത വിഷയത്തിൽ കേന്ദ്ര സർക്കാരിലെ ഡിപ്പാർട്ട്മെന്റ് ഓഫ് പേഴ്സണൽ ആൻഡ് ട്രെയിനിംഗിന്റെ 27-5-2013-ലെ ഒ.എം.36033/1/2013-ഇ.എസ്.റ്റി.റ്റി.(ആർ.ഇ.എസ്.) നമ്പർ ഓഫീസ് മെമ്മോറാണ്ടം പ്രകാരമുള്ള വരുമാന മാനദണ്ഡമാണ് ഇവിടെയും അംഗീകരിക്കുന്നതെങ്കിൽ അതിലെ നിബന്ധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത ഓഫീസ് മെമ്മോറാണ്ടത്തിൽ മാതാപിതാക്കളുടെ വാർഷിക വരുമാനം (ശമ്പള കാർഷികേതര) 4.5 ലക്ഷത്തിൽ നിന്നും 6 ലക്ഷം രൂപയായി ഉയർത്തി നിശ്ചയിച്ചിരുന്നു. ഈ വരുമാന പരിധി 13-09-2017-ലെ അതേ നമ്പർ ഓഫീസ് മെമ്മോറണ്ടം പ്രകാരം 8 ലക്ഷം രൂപയായി ഉയർത്തി നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ചേർത്തിരിക്കുന്നു. കേന്ദ്ര ഓഫീസ് മെമ്മോറാണ്ടത്തിലേയും സംസ്ഥാന സർക്കാർ ഉത്തരവുകളിലേയും വാർഷിക വരുമാനം സംബന്ധിച്ച മാനദണ്ഡങ്ങൾ സമാനമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) തുടർച്ചയായി കണക്കാക്കുന്ന മൂന്ന് സാമ്പത്തിക വർഷത്തിൽ ഏതെങ്കിലും ഒരു സാമ്പത്തിക വർഷം 8 ലക്ഷം രൂപയിൽ കുറവാണ് മാതാപിതാക്കളുടെ വരുമാനമെങ്കിൽ അപേക്ഷകന് ഒ.ബി.സി. നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിനുള്ള അർഹതയുണ്ടോയെന്ന് വിശദമാക്കുമോ?

മാതാപിതാക്കളുടെ വാർഷിക വരുമാനം തുടർച്ചയായ മൂന്ന് സാമ്പത്തിക വർഷം 8 ലക്ഷം രൂപയിൽ അധികരിക്കുന്നപക്ഷം അവരെ ക്രീമിലെയറായി കണക്കാക്കി സംവരണത്തിൽനിന്നും ഒഴിവാക്കുമെന്നതാണ് വ്യവസ്ഥ. തുടർച്ചയായ മൂന്ന് വർഷത്തിൽ ഏതെങ്കിലും വർഷം 8 ലക്ഷം രൂപയിൽ താഴെയാണ് മാതാപിതാക്കളുടെ ശമ്പള കാർഷികേതര വരുമാനമെങ്കിൽ നിലവിലെ ഉത്തരവുകൾ അനുസരിച്ച് അവരുടെ മക്കൾക്ക് സംവരണാനുകൂല്യം ലഭ്യമാകുന്നതാണ്.

**ഇടുക്കി ജില്ലയിലെ ഏലം കുത്തകപ്പാട്ട ഭൂമിയുടെ വിശദാംശങ്ങൾ**

**374 (1642)** <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ഏലം കുത്തകപ്പാട്ട ഭൂമിയുടെ വിശദാംശങ്ങൾ സംബന്ധിച്ച് സുപ്രീംകോടതി സർക്കാരിനോട് റിപ്പോർട്ട് തേടിയിട്ടുണ്ടോ; എന്തൊക്കെ വിശദാംശങ്ങളാണ് കോടതി ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. സുപ്രീം കോടതിയിൽ നിലവിലുള്ള ശ്രീ. ഗോദവർമ്മ തിരുമുൽപ്പാട് Vs യൂണിയൻ ഓഫ് ഇന്ത്യ കേസ് WP(C) No. 202/95-ലെ IA 1408/2005, IA 1457/2005, IA 1462/2005, IA 1787/2007, IA 1863-1864/2007 & IA 3453/2012 പ്രകാരമുള്ള ഹർജികൾ 17-02-2023-ൽ ബഹുമാനപ്പെട്ട കോടതി പരിഗണിക്കുകയും കാർഡമം ഹിൽ റിസർവ്വുമായി ബന്ധപ്പെട്ട ചുവടെ ചേർക്കുന്ന വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ബഹുമാനപ്പെട്ട സുപ്രീം കോടതി 12-07-2023 മുതൽ ആറ് ആഴ്ചത്തേയ്ക്ക് സമയം സർക്കാരിന് അനുവദിച്ച് നൽകുകയുമുണ്ടായി.

i) To file an affidavit indicating how many a) pattas, b) leases, c) renewal of leases, d) change of land use, e) sale, f) transfer has been permitted in the Cardamom Hill Reserve (CHR) area after 25-10-1980 i.e. date of coming into force of Forest (Conservation) Act, 1980.

ii) To file an affidavit indicating the extent of land within the CHR under the possession and control of Revenue Department and Forest Department respectively.

iii) To produce the report of Expert Committee constituted by State of Kerala pursuant of the orders of this Hon'ble Court dated 12-12-1996 in respect of CHR area.

iv) To file a compilation of all the relevant acts, rules and regulations mentioned in the CEC Report and the affidavit filed by the State Government.

മറുപടി നൽകുന്നതിന് സുപ്രീം കോടതി സർക്കാരിന് 12-07-2023 മുതൽ ആറ് ആഴ്ച്ചത്തെ സമയം അനുവദിച്ചുനൽകുകയുണ്ടായി.

**(ബി) ഇതുസംബന്ധിച്ച് സുപ്രീം കോടതിയിൽ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?**

ബഹുമാനപ്പെട്ട സുപ്രീം കോടതി മുമ്പാകെ സമർപ്പിക്കേണ്ട മറുപടി തയ്യാറാക്കിവരുന്നു.

**വില്ലേജുതല ജനകീയ സമിതികൾ**

**375 (1643)** <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം വില്ലേജ് ഓഫീസുകളിലാണ് വില്ലേജുതല ജനകീയ സമിതികൾ രൂപീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിലെ എല്ലാ വില്ലേജുകളിലും വില്ലേജുതല ജനകീയ സമിതി രൂപീകരിച്ചിട്ടുണ്ട്.

(ബി) വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിൽ പ്രസ്തുത സമിതികൾക്ക് നിർണ്ണായക പങ്ക് വഹിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

വിലയിരുത്തിയിട്ടുണ്ട്. ഭൂസംരക്ഷണ കാര്യത്തിലും ജനക്ഷേമ പ്രവർത്തനങ്ങളിലും ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് പൊതുജനങ്ങളുടെ ഭൂമി സംബന്ധമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും പൊതുജനങ്ങളുടെ സഹകരണത്തോടെ വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി എല്ലാ

വില്ലേജ് ഓഫീസുകളിലും എല്ലാ മാസത്തിലേയും മൂന്നാമത്തെ വെള്ളിയാഴ്ചകളിൽ ഉച്ചയ്ക്കുശേഷം മൂന്ന് മണിക്കാണ് വില്ലേജുതല ജനകീയ സമിതികൾ യോഗം ചേരുന്നത്. വില്ലേജ് ഓഫീസുകളുടെ അടിസ്ഥാനസൗകര്യ വികസനങ്ങൾ, വില്ലേജ് നിവാസികളുടെ പട്ടയ പ്രശ്നങ്ങൾ, പൊതുജനങ്ങളെ വിവിധ റവന്യൂ സേവനങ്ങൾ പരിചയപ്പെടുത്തുന്നതിനുള്ള റവന്യൂ ഇ-സാക്ഷരത തുടങ്ങിയ നിരവധി പ്രശ്നങ്ങളിൽ ഭാഗഭാക്കാകുന്നതിനും പ്രസ്തുത പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും വില്ലേജുതല ജനകീയ സമിതികൾക്ക് നിർണ്ണായക പങ്ക് വഹിക്കാനായിട്ടുണ്ട്. ലാൻഡ് റവന്യൂ കമ്മീഷണർ നിശ്ചയിച്ചുനൽകുന്ന പൊതുവിഷയങ്ങളും പ്രാദേശിക പ്രധാന്യമുള്ള വിഷയങ്ങളുമാണ് വില്ലേജുതല ജനകീയ സമിതിയുടെ ആവശ്യങ്ങളായി ചർച്ച ചെയ്ത് പരിഹാരം കാണുന്നത്.

**അനധികൃത മണൽ വാരൽ തടയാൻ നടപടി**

**376 (1644)** <u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടവിലെ മണൽ വാരുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുള്ള പൊതുവ്യവസ്ഥകൾ എന്തൊക്കെയാണ്; വിശദീകരിക്കാമോ?

കടവുകളിൽനിന്നും മണൽ വാരുന്നതിന് 2001-ലെ കേരള നദിതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമം, വകുപ്പ് 12-ലെ പൊതു വ്യവസ്ഥകൾ ബാധകമാണ്. ടി നിയമത്തിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

കൂടാതെ, ടി വ്യവസ്ഥകൾക്ക് പുറമെ 2006-ലെ എൻവയോൺമെന്റ് ഇംപാക്ട് അസസ്സ്മെന്റ് വിജ്ഞാപനത്തിന്റെ 14-08-2018-ലെ ഭേദഗതി പ്രകാരമുള്ള സംസ്ഥാന പാരിസ്ഥിതികാഘാത നിർണ്ണയ അതോറിറ്റിയിൽ (State Environment Impact Assessment Authority-SEIAA) നിന്നും ലഭിക്കുന്ന പാരിസ്ഥിതിക അനുമതി (Environmental Clearance) നിർബന്ധമാണ്. കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച സസ്റ്റയിനബിൾ സാൻഡ് മൈനിംഗ് മാനേജ്മെന്റ് ഗൈഡ്‌ലൈൻസ്-2016, എൻഫോഴ്സ്മെന്റ് ആൻഡ് മോണിറ്ററിംഗ് ഗൈഡ്‌ലൈൻസ് ഓൺ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാൻഡ് മൈനിംഗ്-2020 എന്നിവ പ്രകാരമുള്ള നിരീക്ഷണ സംവിധാനങ്ങളും ആവശ്യമാണ്.

സംസ്ഥാനത്ത് മണൽ ഖനനം ആരംഭിക്കുന്നതിന്റെ ഭാഗമായി പാരിസ്ഥിതികാനുമതി ലഭിക്കുന്നതിനാവശ്യമായ ഡിസ്ട്രിക്റ്റ് സർവ്വേ റിപ്പോർട്ട് (കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളുടെ) തയ്യാറാക്കുന്നതിനായി കേന്ദ്ര സർക്കാർ സ്ഥാപനമായ തിരുവനന്തപുരത്തെ CSIR (Council of Scientific & Industrial Research) -NIIST (National Institute for Interdisciplinary Science and Technology), 14-02-2022-ലെ GO(Rt)No.694/2022/RD, 28-03-2023-ലെ GO(Rt)No.1372/2023/RD എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ചുതലപ്പെടുത്തി ഉത്തരവായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനം തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കൊല്ലം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ 7 ജില്ലകളുടെ കരട് DSR തയ്യാറാക്കി

ഐ.എൽ.ഡി.എം. ഡയറക്ടർ മുഖേന ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് സമർപ്പിച്ചിട്ടുണ്ട്.

ടി കരട് DSR, SEIAA (State Environment Impact Assessment Authority) മുമ്പാകെ സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട ജില്ലകളിൽ സ്വീകരിച്ചുവരുന്നു. കൂടാതെ പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി എന്നീ ജില്ലകളുടെ കരട് DSR തയ്യാറാക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(ബി) പെർമിറ്റ് ഇല്ലാതെ മണൽ കടത്തുന്ന വാഹന ഉടമകൾക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ കഴിയുന്നത്; വിശദീകരിക്കാമോ?

2001-ലെ കേരള നദിതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമം, വകുപ്പ് 23 പ്രകാരം പെർമിറ്റ് ഇല്ലാതെ അനധികൃതമായി ഒരു കടവിൽനിന്നും ഏതെങ്കിലുമൊരാൾ മണൽ കടത്തിക്കൊണ്ടുപോകുന്ന പക്ഷം റവന്യൂ വകുപ്പിലെ വില്ലേജ് ഓഫീസറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനോ അഥവാ സ്റ്റേഷൻ ഹൗസ് ഓഫീസറുടെ പദവിയിൽ

താഴെയല്ലാത്ത ഒരു പോലീസ് ഉദ്യോഗസ്ഥനോ അത്തരം വാഹനങ്ങൾ, പണിയായുധങ്ങൾ, ഉപകരണങ്ങൾ, മറ്റു സാധനങ്ങൾ എന്നിവയും മണൽ ഉൾപ്പെടെ പിടിച്ചെടുക്കാനുള്ള അധികാരമുണ്ട്. അവ പ്രസ്തുത നിയമത്തിലെ വകുപ്പ് 23 A-യിലെ വ്യവസ്ഥകൾക്ക് വിധേയമായി കണ്ടുകെട്ടുന്നതാണ്. കൂടാതെ വകുപ്പ് 20 പ്രകാരം ഇത്തരം നിയമലംഘനം നടത്തുന്ന ഏതൊരാളും രണ്ടുവർഷംവരെയാകാവുന്ന തടവുശിക്ഷയോ അഞ്ചുലക്ഷം രൂപവരെയാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയുള്ള ശിക്ഷയോ ലംഘനം തുടരുന്ന സംഗതിയിൽ അങ്ങനെ ലംഘനം തുടരുന്ന ഓരോ ദിവസത്തിനും അൻപതിനായിരം രൂപ വരെയാകാവുന്ന അധിക പിഴ ശിക്ഷയുംകൂടി നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

(സി) ഇപ്രകാരം മണൽ കടത്തുന്ന വാഹനങ്ങൾ കണ്ടുകെട്ടാൻ വ്യവസ്ഥയുണ്ടോ; ഇതിനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കാമോ?

ഉണ്ട്. അനധികൃത മണൽ കടത്തലിനുപയോഗിച്ചതും കേരള നദിതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമത്തിലെ വകുപ്പ് 23 പ്രകാരം പിടിച്ചെടുക്കുകയും ചെയ്ത വാഹനങ്ങൾ പ്രസ്തുത നിയമത്തിലെ

വകുപ്പ് 23 A, 2002-ലെ പ്രസ്തുത നിയമത്തിന്റെ ചട്ടങ്ങളിലെ ചട്ടം നം.27 എന്നിവയിൽ വ്യവസ്ഥചെയ്തിട്ടുള്ള നടപടിക്രമങ്ങൾ പ്രകാരം കണ്ടുകെട്ടുന്നതാണ്. 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമത്തിന്റെയും 2002-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ചട്ടത്തിന്റെയും പകർപ്പുകൾ അനുബന്ധമായി+ ചേർക്കുന്നു.

**റീ ബിൽഡ് കേരളം പദ്ധതി സംബന്ധിച്ച്**

**377 (1645)** <u>**ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:**</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ നിയോജകമണ്ഡലത്തിൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ഏതെല്ലാം പ്രവൃത്തികളാണ് റീബിൽഡ് കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) കണ്ണൂർ നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | കണ്ണൂർ താലൂക്ക് കോൺഫറൻസ് ഹാൾ | 39 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ച് ഉദ്ഘാടനം കഴിഞ്ഞു. |
| 2 | കണ്ണൂർ കളക്ടറേറ്റ്-അഡീഷണൽ ബ്ലോക്ക് നിർമ്മാണം (ദുരന്ത നിവാരണം) | 360 ലക്ഷം | നിർമ്മാണ പ്രവൃത്തി പുരോഗമിക്കുന്നു. |
| 3 | കണ്ണൂർ കളക്ടറേറ്റ് റൂഫിന്റെ പ്രവൃത്തികൾ | 54.16 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു. |
| 4 | കളക്ടറേറ്റ് നവീകരണം | 129 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു. പ്രസ്തുത പ്രവൃത്തിയിലുൾപ്പെട്ട നവീകരിച്ച ഓഡിറ്റോറിയത്തിന്റെ ഉദ്ഘാടനം കഴിഞ്ഞു. |

**മലപ്പുറം ജില്ലയിലെ വഖഫ് ഭൂമി**

**378 (1646)** <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ റവന്യൂ രേഖകളായ എ രജിസ്റ്റർ, ബേസിക് ടാക്സ് രജിസ്റ്റർ, കൈവശ രജിസ്റ്റർ, പോക്കുവരവ് രജിസ്റ്റർ എന്നീ രേഖകളിൽ വഖഫ് എന്നോ വഖഫ് ഭൂമി എന്നോ മുറപ്രകാരം രേഖപ്പെടുത്തിയിട്ടുള്ള ഭൂമികളുടെ വിവരങ്ങൾ താലൂക്ക്, വില്ലേജ് തിരിച്ച് വസ്തുവിന്റെ രജിസ്ട്രേഷൻ രേഖ പ്രകാരമുള്ള പേര്, ബ്ലോക്ക് നമ്പർ, സർവ്വേ നമ്പർ, ഭൂവിസ്തൃതി തുടങ്ങിയവ സഹിതം ലഭ്യമാക്കാമോ;

(ബി) റവന്യൂ രേഖകളിൽ വഖഫ് എന്നോ വഖഫ് ഭൂമി എന്നോ രേഖപ്പെടുത്തുന്നത് ഏത് സാഹചര്യങ്ങളിലാണെന്നും ആരാണ് ഇതിനായി അപേക്ഷ സമർപ്പിക്കേണ്ടതെന്നും ഇതിനായുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ; ഏതെല്ലാം രജിസ്ട്രേഷൻ രേഖകളാണ് ഇതിനായി പരിഗണിക്കുകയെന്നും അറിയിക്കാമോ;?

(എ&ബി) വഖഫ് വസ്തുക്കളുടെ സർവ്വേ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിനായി ബഹുമാനപ്പെട്ട റവന്യൂ വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ ബഹുമാനപ്പെട്ട വഖഫ് വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 30-11-2021-ന് ചേർന്ന

യോഗത്തിൽ അതത് വില്ലേജുകളിൽ തണ്ടപ്പേർ/BTR റിമാർക്സ് കോളത്തിലും ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) എന്ന ആപ്ലിക്കേഷനിലെ ബന്ധപ്പെട്ട ഫീൽഡിലും വഖ്ഫ് ഭൂമിയെന്ന് രേഖപ്പെടുത്തുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാൻ ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത തീരുമാനപ്രകാരം അതത് വില്ലേജുകളിൽ തണ്ടപ്പേർ/BTR രജിസ്റ്ററിലെ റിമാർക്സ് കോളത്തിലും ReLIS ആപ്പിക്കേഷനിലെ ബന്ധപ്പെട്ട ഫീൽഡിലും വഖഫ് ഭൂമിയെന്ന് രേഖപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ IT Cell-നും എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതും പുരോഗതി വിവരം ജില്ലാ കളക്ടർമാരിൽനിന്നും ലഭ്യമാക്കി വരുന്നതുമാണ്. ഇത് പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ വില്ലേജ് തിരിച്ചുള്ള വസ്തു വിവരങ്ങൾ ലഭ്യമാകുകയുള്ളൂ.

കേന്ദ്ര വഖഫ് നിയമത്തിലെ വകുപ്പ് 36 പ്രകാരം എല്ലാ വഖഫ് വസ്തുക്കളും വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്തിരിക്കണമെന്നും ടി നിയമത്തിലെ വകുപ്പ് 37 പ്രകാരം പ്രസ്തുത വഖഫ് വസ്തുക്കളുടെ വിശദാംശങ്ങളടങ്ങുന്ന രജിസ്റ്റർ വഖഫ് ബോർഡ് സൂക്ഷിക്കേണ്ടതും

അതിലെ വിശദാംശങ്ങൾ അതത് വഖഫ് വസ്തുക്കളുടെ അധികാര പരിധിയിലുള്ള ബന്ധപ്പെട്ട ലാൻഡ് റെക്കോർഡ്സ് ഓഫീസുകളിലേയ്ക്ക് അയയ്ക്കേണ്ടതും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ലാൻഡ് റെക്കോർഡ് ഓഫീസ് നിലവിലുള്ള നടപടിക്രമമനുസരിച്ച് വഖഫ് രജിസ്ട്രേഷൻ തീയതി മുതൽ ആറ് മാസത്തിനുള്ളിൽ ലാൻഡ് റെക്കോർഡിൽ ആവശ്യമായ എൻട്രികൾ നടത്തുകയോ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട എതിർപ്പുകൾ ബോർഡിനെ അറിയിക്കുകയോ ചെയ്യണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) റവന്യൂ രേഖകളിൽ വഖഫ് എന്നോ വഖഫ് ഭൂമിയെന്നോ രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയുടെ ഉടമസ്ഥാവകാശവും കൈവശാവകാശവും ആർക്കാണെന്നും ഭൂനികുതി അടവാക്കേണ്ടത് ആരാണെന്നും വഖഫ് ബോർഡുകൾക്ക് വേണ്ടിയാണോ അതോ വഖഫ് ബോർഡ് ചുമതലപ്പെടുത്തുന്നവരാണോ നികുതി അടവാക്കേണ്ടതെന്നും വിശദമാക്കാമോ?

വഖഫ് ഭൂമിയുടെ കൈവശാവകാശവും ഭൂനികുതി അടയ്ക്കേണ്ട ചുമതലയും ടി ഭൂമി ഏത് സ്ഥാപനത്തിന്റെ പേരിലാണ് പോക്കുവരവ് ചെയ്യുന്നത് ആ സ്ഥാപനത്തിനായിരിക്കും.

(ഡി) വഖഫ് (അമെൻഡ്മെന്റ്) ആക്ട് 2013 പ്രകാരം വഖഫിൽ രജിസ്റ്റർ ചെയ്ത ഭൂമിയുടെ റവന്യൂ രേഖകളിൽ വഖഫ് എന്നോ വഖഫ് ഭൂമിയെന്നോ നിർബന്ധമായും രേഖപ്പെടുത്തണമെന്ന നിർദ്ദേശമുണ്ടോയെന്നും ഇത്തരത്തിലുള്ള നിർദ്ദേശം റവന്യൂ വകുപ്പിൽ ലഭിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച കത്തുകളുൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേരളത്തിലെ മുഴുവൻ വഖഫ് സ്ഥാപനങ്ങളുടെയും മേൽനോട്ടവും നിയന്ത്രണവും 1995-ലെ വഖഫ് നിയമം 32 പ്രകാരം കേരള സ്റ്റേറ്റ് വഖഫ് ബോർഡിൽ നിക്ഷിപ്തമാണ്. പ്രസ്തുത നിയമത്തിലെ വകുപ്പ് 36 പ്രകാരം എല്ലാ വഖഫ് വസ്തുക്കളും വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്തിരിക്കണമെന്നും ടി നിയമത്തിലെ വകുപ്പ് 37 പ്രകാരം പ്രസ്തുത വഖഫ് വസ്തുക്കളുടെ വിശദാംശങ്ങളടങ്ങുന്ന രജിസ്റ്റർ വഖഫ് ബോർഡ്

സൂക്ഷിക്കേണ്ടതും അതിലെ വിശദാംശങ്ങൾ അതത് വഖഫ് വസ്തുക്കളുടെ അധികാര പരിധിയിലുള്ള ബന്ധപ്പെട്ട ലാൻഡ് റെക്കോർഡ്സ് ഓഫീസുകളിലേക്ക് അയയ്ക്കേണ്ടതും അത് ലഭ്യമാകുന്ന മുറയ്ക്ക് ലാൻഡ് റെക്കോർഡ് ഓഫീസ്, നിലവിലുള്ള നടപടിക്രമമനുസരിച്ച് ഇതേ നിയമത്തിലെ വകുപ്പ് 37(2), 37(3) പ്രകാരം വഖഫ് രജിസ്ട്രേഷൻ തീയതി മുതൽ ആറ് മാസത്തിനുള്ളിൽ ലാൻഡ് റെക്കോർഡിൽ ആവശ്യമായ എൻട്രികൾ നടത്തുകയോ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട എതിർപ്പുകൾ ബോർഡിനെ അറിയിക്കുകയോ ചെയ്യണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതുപ്രകാരം വഖഫുകളും വഖഫ് വസ്തുക്കളും ബോർഡിൽ രജിസ്റ്റർ ചെയ്യുന്ന മുറയ്ക്ക് അതത് ജില്ലാ രജിസ്ട്രാർമാർക്കും വില്ലേജ് ഓഫീസർമാർക്കും മേൽ പ്രകാരമുള്ള നടപടികൾക്കായി വഖഫ് ബോർഡ് ഓഫീസിൽനിന്നും കത്ത് നൽകാറുള്ളതാണ്.

**ഭൂമിതരം മാറ്റത്തിലൂടെ ലഭിക്കുന്ന പണം**

**379 (1647)** ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. യു. എ. ലത്തീഫ്:

ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിതരം മാറ്റത്തിലൂടെ ലഭിക്കുന്ന പണം കാർഷിക അഭിവൃദ്ധി ഫണ്ടിൽ നിക്ഷേപിക്കണമെന്ന വ്യവസ്ഥ ലംഘിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

(ബി) അനധികൃതമായി നികത്തപ്പെട്ട കൃഷിഭൂമി പൂർവ്വസ്ഥിതിയിലാക്കാൻ പ്രസ്തുത തുക ഉപയോഗിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

(എ&ബി) നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം കാർഷിക അഭിവൃദ്ധി ഫണ്ടിന്റെ ചുമതലക്കാരനായ സംസ്ഥാനതല ഉദ്യോഗസ്ഥനായി ലാൻഡ് റവന്യൂ കമ്മിഷണറെ നിയോഗിച്ചുകൊണ്ട്, 30-07-2022-ലെ സ.ഉ. (അച്ചടി) നം.211/2022/RD ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 13 പ്രകാരം അനധികൃതമായി നികത്തപ്പെട്ട നിലം പൂർവ്വസ്ഥിതിയിലാക്കേണ്ട ആവശ്യത്തിലേയ്ക്കായി കാർഷിക അഭിവൃദ്ധി ഫണ്ടിലേയ്ക്ക് തുക അനുവദിച്ച

നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ലാൻഡ് റവന്യൂ കമ്മീഷണർ നൽകിയ ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ഭൂമി തരം മാറ്റത്തിലൂടെ ഇതേവരെ സർക്കാരിന് ലഭിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ?

ഭൂമി തരം മാറ്റത്തിലൂടെ 2023 ജൂൺ വരെയുള്ള സർക്കാരിന് ലഭിച്ച തുകയുടെ വിശദാംശം പട്ടിക രൂപത്തിൽ അനുബന്ധമായി+ ചേർക്കുന്നു.

**പോക്കുവരവ് ചെയ്യുന്നതിലെ കാലതാമസം**

**380 (1648)** <u>**ശ്രീ. മാണി. സി. കാപ്പൻ:**</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വസ്തുക്കൾ വില്പന നടത്തി ആധാരം ലഭിച്ചതും എന്നാൽ യഥാസമയം പോക്കുവരവ് ചെയ്യാത്തതുമായ ആധാരങ്ങൾ പോക്കുവരവ് ചെയ്യാൻ വില്ലേജ് ഓഫീസിൽ സമർപ്പിക്കുമ്പോൾ വിവിധ കാരണങ്ങൾ പറഞ്ഞ് കാലതാമസം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർഷങ്ങളായി പോക്കുവരവ് ചെയ്യാൻ കഴിയാഞ്ഞ അപേക്ഷകർക്ക് സമയബന്ധിതമായി അത് ചെയ്യാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പോക്കുവരവ് അനുവദിക്കേണ്ടതായ ആധാരത്തിന്റെ പകർപ്പ് സഹിതം വില്ലേജ് ഓഫീസിൽ അപേക്ഷ സമർപ്പിച്ചാൽ ചട്ടപ്രകാരം പോക്കുവരവ് അനുവദിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കാറുണ്ട്.

(ബി) ഇത്തരത്തിൽ വർഷങ്ങളുടെ കാലതാമസം നേരിട്ട അപേക്ഷകർ പോക്കുവരവ് ചെയ്യാനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പാലിക്കേണ്ടത്; വിശദമാക്കാമോ?

പോക്കുവരവ് ചെയ്യുന്നതിന് കാലതാമസം നേരിട്ട അപേക്ഷകൾ പോക്കുവരവ് ചെയ്യുന്നതിനായി അതിന്റെ ബാധ്യതാ സർട്ടിഫിക്കറ്റ്, ആധാരം എന്നിവയും വസ്തു കൈവശമുണ്ടോയെന്ന സ്ഥലപരിശോധനയും നടത്തി 1966-ലെ കേരള പോക്കുവരവ് ചട്ടപ്രകാരം പോക്കുവരവ് ചെയ്ത് നൽകുന്നു.

**മലപ്പുറം ജില്ലയിൽ ഭൂമി തരം മാറ്റം**

**381 (1649)** **ശ്രീ. എ. പി. അനിൽ കുമാർ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ഭൂമി തരം മാറ്റുന്നതിന് ആകെ എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലയിൽ ആകെ 45337 അപേക്ഷകൾ 06-08-2023 വരെ ലഭിച്ചിട്ടുണ്ട്.

(ബി) ഇതിൽ എത്ര അപേക്ഷകളാണ് തീർപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

06-08-2023 വരെ 24637 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.

(സി) ഭവന നിർമ്മാണത്തിനായി ഭൂമി തരം മാറ്റുന്നതിന് നേരിടുന്ന കാലതാമസം കാരണം സാധാരണക്കാർ പ്രയാസം അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കാലതാമസം പരിഹരിക്കുന്നതിന്

എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

ഭവന നിർമ്മാണത്തിനായി ഭൂമി തരം മാറ്റുന്നതിന് നേരിടുന്ന കാലതാമസം കാരണം സാധാരണക്കാർ പ്രയാസം അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലതാമസം ഇല്ലാതാക്കാനുള്ള അടിയന്തര നടപടികൾ നടപ്പിലാക്കിവരുന്നുണ്ട്. ചുമതലകൾ വികേന്ദ്രീകരിച്ച് അപേക്ഷകൾ വേഗത്തിലാക്കാൻ ആലോചിക്കുന്നുണ്ട്.

മുൻഗണനാക്രമം പാലിച്ചുകൊണ്ട് വില്ലേജ് ഓഫീസർ/കൃഷി ഓഫീസറുടെ റിപ്പോർട്ട് ലഭ്യമാക്കിയും ആവശ്യമെങ്കിൽ നേരിട്ട് സ്ഥലപരിശോധന നടത്തിയും കെ.എസ്.ആർ.ഇ.സി.-യുടെ റിപ്പോർട്ട് ലഭ്യമാക്കിയും വളരെ സൂക്ഷ്മതയോടെയും അവധാനതയോടെയുമാണ് തരംമാറ്റ അപേക്ഷകളിൽ ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ആഫീസർ തീർപ്പുകൽപ്പിക്കുന്നത്.

മേൽ പ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ ലൈഫ് മിഷൻ ഭവന പദ്ധതിയിൽ ഉൾപ്പെട്ടവയും അനുകമ്പാർഹമായ മറ്റ് കാരണങ്ങൾ

വ്യക്തമാക്കിയും സമർപ്പിക്കുന്നവയ്ക്ക് മുൻഗണന നൽകി തീർപ്പുകൽപ്പിക്കണമെന്ന വ്യവസ്ഥ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയറിൽ ഉൾപ്പെടുത്തിക്കൊണ്ട് ഇക്കാര്യത്തിൽ കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

കൂടാതെ, ഭൂമിയുടെ തരംമാറ്റം ചെയ്യുന്നതിനുള്ള അപേക്ഷകളിന്മേലുള്ള നടപടിക്രമം ലളിതവും വേഗത്തിലുമാക്കാൻ 27 (സി) പ്രകാരമുള്ള നടപടിക്രമങ്ങൾ കൂടുതൽ ലഘൂകരിക്കുന്നതിനായി 05-08-2023-ലെ സ.ഉ. (സാധാ) നം.2886/2023/ആർഡി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതുപ്രകാരം കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകളിലെ സബ് ഡിവിഷൻ ആവശ്യമില്ലാത്ത കേസുകളിൽ ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസറുടെ നടപടിക്രമം തഹസിൽദാർ എൻഡോഴ്സ് ചെയ്ത് വില്ലേജ് ഓഫീസർക്ക് 48 മണിക്കൂറിനകം നൽകി റവന്യൂ രേഖകളിൽ തരംമാറ്റം വരുത്തേണ്ടതാണ്. സബ്ഡിവിഷൻ ആവശ്യമായിട്ടുള്ള കേസുകളിൽ റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ നിന്നുമുള്ള ഉത്തരവിനോടൊപ്പം തരംമാറ്റ

അപേക്ഷയിലെ സ്കെച്ച് പകർപ്പുകൂടി നൽകേണ്ടതാണ്. ഇപ്രകാരം സബ് ഡിവിഷൻ ആവശ്യമായ കേസുകളിൽ ഒരാഴ്ചയ്ക്കകം സർവ്വേ നടത്താൻ പറ്റാത്ത താലൂക്കുകളിലെല്ലാംതന്നെ സബ് ഡിവിഷൻ നമ്പർ ReLIS മുഖേനയുണ്ടാക്കി റവന്യൂ രേഖകളിൽ മാറ്റം വരുത്തി കരം ഒടുക്കി നൽകേണ്ടതും സ്കെച്ചിന്റെ പകർപ്പ് താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും സപ്ലിമെന്ററി അടിസ്ഥാന നികുതി രജിസ്റ്റർ മാതൃകയിൽ ഫയൽ ചെയ്ത് സൂക്ഷിക്കേണ്ടതുമാണ്. ഇത്തരം കേസുകൾ പിന്നീട് സർവ്വേ നടത്തേണ്ടതും സർവ്വേ പെൻഡിംഗാണെന്ന വിവരം ReLIS-ലും ബന്ധപ്പെട്ട രജിസ്റ്ററുകളിലും രേഖപ്പെടുത്തേണ്ടതുമാണ്.

## പെരിയാർവാലി കനാൽ പുറമ്പോക്കിലെ കുടുംബങ്ങൾക്ക് കൈവശാവകാശരേഖ നൽകാൻ നടപടി

**382 (1650)** <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ പെരിയാർവാലി കനാൽ പുറമ്പോക്കിൽ എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ പെരിയാർവാലി കനാൽ പുറമ്പോക്കിൽ 100 കുടുംബങ്ങൾ താമസിച്ചുവരുന്നുണ്ട്.

(ബി) ഇതിൽ എത്ര കുടുംബങ്ങൾക്ക് കൈവശാവകാശരേഖ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

51 പേർക്ക് കൈവശരേഖ നൽകിയിട്ടുണ്ട്.

(സി) പുറമ്പോക്കിൽ താമസിക്കുന്ന എത്ര കുടുംബങ്ങൾ പട്ടയത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും അതിന്മേൽ സ്വീകരിച്ച നടപടികൾ എന്താണെന്നും വ്യക്തമാക്കാമോ?

പതിച്ചുനൽകാവുന്ന പുറമ്പോക്കിൽ താമസിക്കുന്ന 21 കുടുംബങ്ങൾ നിലവിൽ പട്ടയത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം വില്ലേജ് ഓഫീസിൽനിന്നും പ്രൊഫോർമ റിപ്പോർട്ടും സ്കെച്ചും വാങ്ങി പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്.

**അഴിമതി കേസിലെ ഉദ്യോഗസ്ഥർക്കെതിരെയുള്ള നടപടികൾ**

**383 (1651)** ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ റവന്യൂ വകുപ്പിൽ എത്ര ഉദ്യോഗസ്ഥരെ അഴിമതി/കൈക്കൂലി കേസിൽ പിടികൂടിയിട്ടുണ്ട്; ഇതിൽ എത്ര പേരെ സർവ്വീസിൽനിന്ന് പിരിച്ചുവിട്ടിട്ടുണ്ട്; എത്ര പേരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്; ഇവരിൽ എത്ര പേരെ സർവ്വീസിൽ തിരിച്ചെടുത്തിട്ടുണ്ട്; നിലവിൽ സസ്പെൻഷനിൽ തുടരുന്ന എത്ര പേരുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ റവന്യൂ വകുപ്പിൽ 106 ഉദ്യോഗസ്ഥരെ അഴിമതി/കൈക്കൂലി കേസിൽ പിടികൂടിയിട്ടുണ്ട്. ഇതിൽ 2 പേരെ സർവ്വീസിൽനിന്നും പിരിച്ചുവിട്ടിട്ടുണ്ട്. 104 പേരെയും സേവനത്തിൽനിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. ഇതിൽ 79 പേരെ സർവ്വീസിൽ തിരിച്ചെടുത്തിട്ടുണ്ട്. നിലവിൽ 25 പേർ സസ്പെൻഷനിൽ തുടരുന്നു.

(ബി) റവന്യൂ വകുപ്പിനെ അഴിമതി മുക്തമാക്കുന്നതിന് എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പാക്കുന്നത്; ഇതിനായി മുൻ സർക്കാരിന്റെ കാലം

മുതൽ നാളിതുവരെ എത്ര തുക ഏതൊക്കെ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

ലാൻഡ് റവന്യൂ വകുപ്പിൽ സുശക്തമായ ആഭ്യന്തര വിജിലൻസ് സംവിധാനം നിലവിലുണ്ട്. ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽ അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ മൂന്ന് സെക്ഷനുകളിലായി പരിശോധനാ വിഭാഗം പ്രവർത്തിച്ചുവരുന്നു. ഓരോ സെക്ഷനിലും ഒരു സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ജൂനിയർ സൂപ്രണ്ടുമാർ, ക്ലാർക്കുമാർ എന്നിവരടങ്ങുന്ന ഒരു സംഘം നിലവിലുള്ളതും ഈ ടീം കളക്ടറേറ്റുകൾ, റവന്യൂ ഡിവിഷണൽ ഓഫീസുകൾ, താലൂക്ക് ഓഫീസുകൾ, സ്പെഷ്യൽ ഓഫീസുകൾ, വില്ലേജ് ഓഫീസുകൾ എന്നിവ യഥാസമയം പരിശോധിച്ചുവരുന്നതുമാണ്. പതിവ് പരിശോധനകൾക്ക് പുറമെ സർക്കാർ, ലാൻഡ് റവന്യൂ കമ്മീഷണർ എന്നിവർ ഏൽപ്പിക്കുന്ന പരാതികളിന്മേൽ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആകസ്മിക ത്വരിത പരിശോധനകൾ ഉൾപ്പടെ നടത്തുന്നതിനും ഈ കാര്യാലയത്തിലെ പരിശോധനാ വിഭാഗങ്ങൾക്ക് അധികാരമുണ്ട്. മാത്രവുമല്ല സാമ്പത്തിക

ക്രമക്കേടുകളുമായി ബന്ധപ്പെട്ട പരിശോധനകൾ നടത്തുന്നതിനായി സീനിയർ ഫിനാൻസ് ഓഫീസറുടെ നേതൃത്വത്തിൽ സീനിയർ സൂപ്രണ്ട് സെക്ഷൻ ഹെഡായി ഒരു ആഭ്യന്തര ഓഡിറ്റ് വിംഗും പ്രവർത്തിച്ചുവരുന്നു. ഇപ്രകാരം ലാൻഡ് റവന്യൂ വകുപ്പിന്റെ കീഴിൽ വരുന്ന വില്ലേജ് ഓഫീസുകൾ ഉൾപ്പെടെയുള്ള എല്ലാ റവന്യൂ ഓഫീസുകളിലും സമഗ്ര പരിശോധന നടത്തുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ പരിശോധനാ വിഭാഗവും ഓഡിറ്റ് വിഭാഗവും പ്രവർത്തിച്ചുവരുന്നു.

ജില്ലകളിൽ ഒരു സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഇൻസ്പെക്ഷൻ ആൻഡ് വിജിലൻസ് എന്ന പേരിൽ ഒരു സെക്ഷൻ പ്രവർത്തിച്ചുവരുന്നുണ്ട്. ജില്ലയ്ക്കകത്തുവരുന്ന മുഴുവൻ റവന്യൂ ഓഫീസുകളിലും പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ടി ടീമിന് അധികാരമുണ്ട്. ഇപ്രകാരം നടത്തുന്ന പരിശോധനയിൽ കണ്ടെത്തുന്ന ക്രമക്കേടുകൾക്ക് ജില്ലാ കളക്ടർ തലത്തിൽ നടപടി സ്വീകരിച്ചുവരുന്നതും ഗൗരവതരമായ ക്രമക്കേടുകൾ സർക്കാർ/ലാൻഡ് റവന്യൂ കമ്മീഷണർ തലത്തിൽ അറിയിക്കാറുള്ളതുമാണ്. ഇത്തരം കേസുകളിന്മേൽ ഉചിത തലത്തിൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

ഇതിനുപുറമെ സംസ്ഥാനത്തെ വിവിധ ജില്ലകളെ ഉൾപ്പെടുത്തി മേഖലകളായി തിരിച്ച് ഓരോ മേഖലയിലും ഓരോ വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ നേതൃത്വത്തിൽ പരിശോധനകൾ നടന്നുവരുന്നുണ്ട്. സർക്കാർ, ലാൻഡ് റവന്യൂ കമ്മീഷണർ എന്നിവർ ഏൽപ്പിക്കുന്ന പരാതികളിലും പൊതുജനങ്ങളിൽനിന്ന് നേരിട്ട് ലഭിക്കുന്ന പരാതികളിലും അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വിജിലൻസ് ഡെപ്യൂട്ടി കളക്ടർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. കൂടാതെ താലൂക്ക് തലത്തിൽ ഡെപ്യൂട്ടി തഹസിൽദാരുടെ നേതൃത്വത്തിൽ ഒരു പരിശോധനാ വിഭാഗവും സജീവമായി പ്രവർത്തിക്കുന്നുണ്ട്. വില്ലേജ് ഓഫീസ് ജീവനക്കാർക്കെതിരെ ലഭിക്കുന്ന പരാതികളിന്മേൽ സത്വര നടപടികൾ സ്വീകരിച്ചുവരുന്നതും ഗൗരവതരമായ സംഗതികളിന്മേൽ അച്ചടക്കനടപടി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. താലൂക്ക് ഓഫീസിൽ ഓരോ ഡെപ്യൂട്ടി തഹസിൽദാർമാർക്കും ചാർജ്ജ് ഓഫീസർ എന്ന നിലയിൽ നിശ്ചിത വില്ലേജുകളുടെ ചാർജ്ജ് നൽകിവരുന്നു. ടി ചാർജ്ജ് ഓഫീസർമാർ പ്രസ്തുത വില്ലേജുകളുടെ പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തി പോരായ്മകൾ

പരിഹരിച്ചുവരുന്നതും അഴിമതി വിവരം വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ അറിയിക്കുന്നതിന് വിജിലൻസ് അധികാരിയുടെ ഫോൺ നമ്പർ ഉൾപ്പെടെ മേൽവിലാസം കാണിക്കുന്ന ബോർഡുകൾ വില്ലേജ് ഓഫീസുകൾ ഉൾപ്പെടെ എല്ലാ റവന്യൂ ഓഫീസുകളിലും സ്ഥാപിച്ചിട്ടുള്ളതുമാണ്.

സംസ്ഥാനത്തെ ഏറ്റവും വലിയ വകുപ്പുകളിൽ ഒന്നായ റവന്യൂ വകുപ്പിനെ Zero Corruption Department ആയി മാറ്റുന്നതിനാവശ്യമായ സഹകരണം ലഭിക്കുന്നതിനായി വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെയും അംഗീകൃത സർവ്വീസ് സംഘടനാ പ്രതിനിധികളുടെയും യോഗം 05-06-2023-ന് റവന്യൂ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ കൂടുകയും വിശദമായ ചർച്ചകളുടെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന നടപടികൾ കൈക്കൊള്ളുകയുമുണ്ടായി.

1. വകുപ്പിനെ പൂർണ്ണമായും അഴിമതിവിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച Zero Corruption ക്യാമ്പയിന്റെ ഭാഗമായി എല്ലാ

മാസവും സംസ്ഥാനത്തെ 500 വില്ലേജുകളിൽ ഇൻസ്പെക്ഷൻ നടത്താനുള്ള സംവിധാനം രൂപപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനും ജനകീയ സമിതികളുടെ സഹായത്തോടെ അഴിമതി വിരുദ്ധ ക്യാമ്പയിൻ ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

3. അഴിമതി വിരുദ്ധ പ്രവർത്തനങ്ങളിൽ വിവിധ സർവ്വീസ് സംഘടനകൾ സജീവമായ ഇടപെടലുകൾ നടത്തുന്നതാണെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അത് പ്രത്യക്ഷത്തിൽ പൊതുജനസമക്ഷം വരത്തക്ക രീതിയിലുള്ള ബോധവത്കരണ പ്രവർത്തനങ്ങളും പ്രചാരണ പരിപാടികളും വിവിധ സംഘടനകൾ മുൻകൈയെടുത്ത് സംഘടിപ്പിക്കാൻ തീരുമാനമായി.

4. വകുപ്പിലെ പരിശോധനാ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി റവന്യൂ വകുപ്പിലെ അഡീഷണൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി തലങ്ങളിലുള്ള ഉദ്യോഗസ്ഥരെ

തലവന്മാരാക്കിക്കൊണ്ടും അണ്ടർ സെക്രട്ടറി മുതൽ അസിസ്റ്റന്റ് വരെയുള്ള ഉദ്യോഗസ്ഥരെ അംഗങ്ങളാക്കിക്കൊണ്ടും ആദ്യഘട്ടമായി 7 ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. ഈ ടീമുകൾ 14 ജില്ലകളിലും മാസത്തിൽ കുറഞ്ഞത് രണ്ട് ഓഫീസുകളിലെങ്കിലും പരിശോധന നടത്തുക എന്ന ലക്ഷ്യത്തോടെ പ്രവർത്തനം നടത്തിവരുന്നുണ്ട്.

5. ILDM ആസ്ഥാനമായി റവന്യൂ സേവനങ്ങൾ സംബന്ധിച്ച പൊതുജനങ്ങളുടെ പരാതി പരിഹാരം/സംശയനിവാരണം എന്നിവയ്ക്ക് പുറമെ റവന്യൂ സേവനങ്ങൾ/വകുപ്പിനെ സംബന്ധിച്ച പരാതികൾ എന്നിവകൂടി അറിയിക്കുന്നതിനുള്ള സംവിധാനം 18004255255 എന്ന ടോൾ ഫ്രീ നമ്പറിൽ 10-06-2023 മുതൽ ഏർപ്പെടുത്തിയിട്ടുണ്ട്. ടി സംവിധാനം മുഖേന റവന്യൂ ഉദ്യോഗസ്ഥർ ഉൾപ്പെട്ട അഴിമതി, കൈക്കൂലി എന്നിവ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽകൊണ്ടുവരാൻ പൊതുജനങ്ങൾക്ക് സാധിക്കുന്നതാണ്.

6. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കുന്നതിനും സുതാര്യമായ രീതിയിൽ പരിഹരിക്കുന്നതിനുമുള്ള ഒരു

റവന്യൂ പോർട്ടൽ, IT സെല്ലിന്റെ സഹായത്തോടെ, CMO പോർട്ടൽ മാതൃകയിൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നു. പൊതുജനങ്ങൾക്ക് 18004255255 എന്ന ടോൾ ഫ്രീ നമ്പർ കൂടാതെ ഓൺലൈനായി പരാതി സമർപ്പിക്കുന്നതിന് www.ird.kerala.gov.in എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ജില്ല, ഉദ്യോഗസ്ഥന്റെ കാര്യാലയം എന്നിവ തെരഞ്ഞെടുത്ത് ഉദ്യോഗസ്ഥന്റെ തസ്തിക, പേര്, പരാതിയുടെ വിവരങ്ങൾ എന്നിവ നൽകിയതിനുശേഷം പരാതി പൊതുജനങ്ങൾക്ക് സമർപ്പിക്കാം. എഴുതി തയ്യാറാക്കിയ പരാതിയോ അനുബന്ധ രേഖകളോ ഉൾപ്പെടുത്താനുള്ള സംവിധാനവും ലഭ്യമാണ്. ഉദ്യോഗസ്ഥന്റെ തസ്തിക, പരാതിക്കാധാരമായ ഉദ്യോഗസ്ഥന്റെ പേര് എന്നിവ നൽകാതെയും അപേക്ഷ സമർപ്പിക്കാവുന്നതാണ്. വിവരം തരുന്നവരുടെ പേരുവിവരങ്ങൾ ശേഖരിക്കുന്നില്ല. പൊതുജനങ്ങളുടെ പരാതി സംസ്ഥാന തലത്തിൽ നോഡൽ ഓഫീസർമാർ പരിശോധിച്ച് ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥർക്കോ മേഖലാ റവന്യൂ വിജിലൻസ് ഡെപ്യൂട്ടി കളക്ടർമാർക്കോ കൈമാറി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

7. റവന്യൂ വിജിലൻസ്, ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ സ്പെഷ്യൽ വിംഗ്, കളക്ടറേറ്റിലെ ഇൻസ്പെക്ഷൻ വിംഗ് എന്നീ ടീമുകളും ബഹുമാനപ്പെട്ട മന്ത്രി, റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ലാൻഡ് റവന്യൂ കമ്മീഷണർ, കളക്ടർമാർ, ഡെപ്യൂട്ടി കളക്ടർമാർ എന്നിവരും ഒരു മാസം ചുരുങ്ങിയത് 2 തവണയായി 500 വില്ലേജുകൾ സന്ദർശിക്കണമെന്ന തീരുമാനം 19-07-2023-ലെ 82-ാമത് റവന്യൂ സെക്രട്ടേറിയറ്റ് യോഗത്തിൽ കൈക്കൊള്ളുകയുണ്ടായി. ഇതുപ്രകാരം നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ, റവന്യൂ ഓഫീസുകളിലെ ഇൻസ്പെക്ഷൻ സംബന്ധിച്ച് റവന്യൂ വിജിലൻസിന്റെ റിപ്പോർട്ട് എല്ലാ മാസവും 30-ാംതീയതിക്ക് മുമ്പായി സർക്കാരിൽ ലഭ്യമാക്കാനും ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇപ്രകാരം സംസ്ഥാന ഭരണ നിർവ്വഹണത്തിലെ ഏറ്റവും വലുതും പൊതുജനങ്ങളുമായി നേരിട്ട് ഇടപഴകുന്നതുമായ വകുപ്പ് എന്ന നിലയിൽ അഴിമതി വിമുക്തമാക്കി റവന്യൂ വകുപ്പിന്റെ യശസ്സ് ഉയർത്തിപ്പിടിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് വിജയകരമായി നടപ്പിലാക്കി

വരുന്നുണ്ട്. റവന്യൂ വകുപ്പ് അഴിമതി വിമുക്തമാക്കുന്നതിനായി പ്രത്യേകമായി തുക അനുവദിക്കുകയോ ചെലവഴിക്കുകയോ ചെയ്തിട്ടില്ല.

**ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനം**

**384 (1652)** <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രൂപ്പ് വില്ലേജുകൾ വിഭജിച്ച് സ്വതന്ത്ര വില്ലേജുകളാക്കി പുതിയ ഓഫീസുകൾ അനുവദിക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(ബി) പുതുക്കാട് മണ്ഡലത്തിലെ മുകുന്ദപുരം താലൂക്കിൽ ഉൾപ്പെടുന്ന തൃശ്ശൂർ, കല്ലൂർ ഗ്രൂപ്പ് വില്ലേജുകൾ വിഭജിച്ച് രണ്ട് വില്ലേജ് ഓഫീസുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) സംസ്ഥാനത്തിന്റെ പൊതുധനസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്കുമാത്രമേ ഗ്രൂപ്പ് വില്ലേജുകൾ വിഭജിച്ച് പുതിയ വില്ലേജുകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിക്കാൻ സാധിക്കുകയുള്ളൂ.

**സുനാമി കോളനികളുടെ പുനരുദ്ധാരണം**

**385 (1653)** ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള സുനാമി കോളനികളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാകുമോ; പ്രസ്തുത കോളനികൾ നിലവിൽ ഏതൊക്കെ വകുപ്പുകളുടെ കൈവശമാണെന്ന് വ്യക്തമാക്കാമോ?

ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി+ ചേർക്കുന്നു.

(ബി) സുനാമി കോളനികളിലെ വീടുകൾ അറ്റകുറ്റപ്പണികൾ നടത്താത്തതുകാരണം ശോചനീയാവസ്ഥയിലാണുള്ളതെന്നും പലതും ഉപയോഗയോഗ്യമല്ലാതെ ഒഴിഞ്ഞുകിടക്കുകയാണെന്നുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വടകര മണ്ഡലത്തിലെ ഒഞ്ചിയം പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന സുനാമി കോളനിയിലെ വീടുകൾ അറ്റകുറ്റപ്പണികൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടത്താതെ വളരെ പരിതാപകരമായ അവസ്ഥയിലാണോ; ആയത് പരിശോധിക്കുകയുണ്ടായോ?

സുനാമി കോളനിയിലെ വീടുകൾ പരിശോധിച്ചതിൽ ചില വീടുകൾ അറ്റകുറ്റപ്പണികൾ നടത്താത്തതായി കണ്ടെത്തിയിട്ടുണ്ട്.

(ഡി) സുനാമി കോളനിയിലെ വീടുകൾ അറ്റകുറ്റപ്പണികൾ നടത്തി വാസയോഗ്യമാക്കി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി കൈമാറുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളെ ചുമതലപ്പെടുത്തി പ്രസ്തുത വീടുകൾ വാസയോഗ്യമാക്കി മാറ്റാൻ സാധിക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഇ) എങ്കിൽ ഒഞ്ചിയം ഗ്രാമപഞ്ചായത്തിലെ സുനാമി കോളനിയിലെ വീടുകൾ അറ്റകുറ്റപ്പണികൾ നടത്തി ഗുണഭോക്താക്കൾക്ക് കൈമാറുന്നതിനായി ഗ്രാമപഞ്ചായത്തിനെ ചുമതലപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; അതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് തയ്യാറാകുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(ഡി&ഇ) 03-07-2020-ലെ സ.ഉ. (സാധാ)592/2020-ഡി.എം.ഡി പ്രകാരം എല്ലാ സുനാമി വീടുകൾ/ഫ്ലാറ്റുകളുടെ പരിപാലന ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി ഉത്തരവായിട്ടുണ്ട്. ഒഴിഞ്ഞ് കിടക്കുന്ന ഫ്ലാറ്റുകൾ അനുവദിക്കുന്നതിന് അർഹരെ കണ്ടെത്തി ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിക്കുന്നപക്ഷം ജില്ലാ കളക്ടർ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**പ്ലാന്റേഷൻ ഭൂമി ഏറ്റെടുക്കാൻ നടപടി**

**386 (1654)** **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:** താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്കിലെ വടക്കേക്കളം പ്ലാന്റേഷൻ മിച്ചഭൂമി കേസുമായി ബന്ധപ്പെട്ട കോടതി വ്യവഹാരങ്ങൾ ഒഴിവാക്കി പ്ലാന്റേഷൻ ഭൂമി ഏറ്റെടുക്കുന്ന നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

തലപ്പിള്ളി താലൂക്കിലെ വടക്കാഞ്ചേരി, പാർളിക്കാട് വില്ലേജുകളിലായി വടക്കേക്കളം പ്ലാന്റേഷന്റെ 73.73 ഏക്കർ ഭൂമി 18-08-2000-ലെ TLB SR 980/TPY നമ്പർ ഉത്തരവ് പ്രകാരം മിച്ചഭൂമിയായി ഏറ്റെടുത്ത് ഉത്തരവായിട്ടുള്ളതാണ്. ടി ഭൂമിയിൽനിന്ന് 63.73 ഏക്കർ ഭൂരഹിതരല്ലാത്ത കേരളം പദ്ധതിയിലേയ്ക്കും 10 ഏക്കർ സഹകരണ എഞ്ചിനീയറിംഗ് കോളേജിനുംവേണ്ടി ലാൻഡ് ബോർഡിൽനിന്ന് റിസർവ് ചെയ്ത് ഉത്തരവായിട്ടുള്ളതുമാണ്. എന്നാൽ ടി ഭൂമിയിൽ CRP LR 44/2013, WP(C) 12210/14 എന്നീ കേസുകൾ നിലനിൽക്കുന്നതിനാലും അതിൽ CRP LR 44/2013 നമ്പർ കേസിൽ സ്റ്റേയുള്ളതിനാലും പതിച്ചുകൊടുക്കാൻ സാധിച്ചിട്ടില്ല. മേൽ നമ്പർ കേസിൽ early posting petition ഫയൽ ചെയ്യുന്നതിനും കേസിലെ സ്റ്റേ നീക്കി എത്രയും വേഗം തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും അഡ്വക്കേറ്റ് ജനറലിന് കത്ത് നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറുമായി വിഷയം വിശദമായി ചർച്ച ചെയ്യുന്നതിന് ലോ ഓഫീസർ

മുഖാന്തരം സീനിയർ ഗവൺമെന്റ് പ്ലീഡറെ നേരിൽ കണ്ട് ചർച്ച നടത്തി എത്രയും വേഗം തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**വിദ്യാഭ്യാസ വായ്പകളിലെ റവന്യൂ റിക്കവറി നടപടികൾ**

**387 (1655)** <u>ശ്രീ. കെ. പി. മോഹനൻ</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പകളിൽ റവന്യൂ വകുപ്പ് മുഖേന നടപ്പിലാക്കുന്ന റിക്കവറി നടപടികളിൽ നിയമ ഭേദഗതി വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) പ്രത്യേക പരിഗണന നൽകി വിദ്യാഭ്യാസ വായ്പകൾക്ക് റവന്യൂ റിക്കവറി നടപടികളിൽ സാവകാശം അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

(എ&ബി) ഇല്ല. ബന്ധപ്പെട്ട വകുപ്പിലെ അർത്ഥനാധികാരി അർത്ഥന നൽകുന്ന മുറയ്ക്കാണ് റവന്യൂ വകുപ്പ് റിക്കവറി നടപടികൾ ആരംഭിക്കുന്നത്. നിലവിലെ റവന്യൂ റിക്കവറി നിയമ പ്രകാരം ലോൺ കുടിശ്ശിക എഴുതിത്തള്ളാനോ പലിശ ഒഴിവാക്കി നൽകാനോ ജപ്തി നടപടികൾ

നിർത്തിവയ്ക്കാനോ റവന്യൂ വകുപ്പിന് അധികാരമില്ല. ആയതിനാൽ വിദ്യാഭ്യാസ വായ്പകൾക്ക് മാത്രമായി സാവകാശം അനുവദിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ വിവിധ ധനകാര്യ സ്ഥാപനങ്ങൾ അർത്ഥനാധികാരിയായ റവന്യൂ റിക്കവറി നടപടികളിൽ സാവകാശവും ഗഡുക്കളും അനുവദിക്കുന്നതിനുള്ള നിയമ ഭേദഗതി സർക്കാരിന്റെ പരിഗണനയിലാണ്.

**ഭൂപതിവ് ചട്ടഭേദഗതി**

**388 (1656)** <u>**ശ്രീ. പി. ജെ. ജോസഫ്:**</u>
<u>**ശ്രീ. മോൻസ് ജോസഫ്:**</u>
<u>**ശ്രീ. അനൂപ് ജേക്കബ്:**</u>
<u>**ശ്രീ. മാണി. സി. കാപ്പൻ:**</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപതിവ് ചട്ടങ്ങൾ 1964, 1993 എന്നിവയിൽ ഭേദഗതി വരുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. 1960-ലെ ഭൂപതിവ് നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് ഒരു ബിൽ 15-ാം കേരള നിയമസഭയുടെ 9-ാം സമ്മേളനത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ബിൽ നിയമസഭ പാസ്സാക്കുകയാണെങ്കിൽ

ആയതിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി 1960-ലെ നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള വിവിധ ചട്ടങ്ങൾക്ക് ബാധകമാകുന്ന രീതിയിൽ ഭേദഗതി ചട്ടം ആവശ്യമായി വരുന്നതാണ്.

(ബി) ഈ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിൽ ഏർപ്പെടുത്തിയിട്ടുള്ള നിർമ്മാണ നിരോധനം പിൻവലിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; നിർമ്മാണ നിരോധനം മൂലം കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രസ്തുത ഉത്തരവ് റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ?

ഇടുക്കി ജില്ലയിൽ മാത്രമായി "നിർമ്മാണ നിരോധനം" ഏർപ്പെടുത്തിയിട്ടില്ല. നിലവിലുള്ള ഭൂപതിവ് ചട്ടങ്ങൾ പ്രകാരം പതിച്ച് കൊടുത്ത ഭൂമിയിൽ അനുവദനീയമായ പ്രവൃത്തി മാത്രമേ പതിവ് ഭൂമികളിൽ നടത്താൻ സാധിക്കുകയുള്ളൂ. ഭൂപതിവ് ഭേദഗതി ചട്ടങ്ങൾ നിലവിൽ വരുമ്പോൾ പതിവ് ഭൂമികളെ സംബന്ധിച്ച് നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹൃതമാകാൻ കഴിയുന്നതാണ്.

**കാക്കോട്ടുമൂല ഗവ. യു.പി.എസ്-ലേയ്ക്കുള്ള പാതയുടെ പുനർനിർമ്മാണം**

**389 (1657)** <u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം മണ്ഡലത്തിലെ കാക്കോട്ടുമൂല ഗവ. യു.പി.എസ്.-ലേക്കുള്ള പാത റവന്യൂ പുറമ്പോക്കിൽപ്പെട്ട് കിടക്കുന്നതിനാൽ ഈ പാത പുനർനിർമ്മിക്കുന്നതിന് അനുവാദം നൽകണമെന്ന അപേക്ഷ വകുപ്പിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ അപേക്ഷയിന്മേൽ റവന്യൂ വകുപ്പ് കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത സ്കൂളിലേയ്ക്കുള്ള ഏക റോഡ് കണക്റ്റിവിറ്റിയാണ് ഈ പാതയെന്നിരിക്കെ സ്കൂളിന് സ്ഥിരമായി പാത വിട്ടുനൽകുന്നതിനുള്ള തീരുമാനമുണ്ടാകണമെന്ന സ്ഥലം എം.എൽ.എ.-യുടെ കത്തിന്മേൽ വകുപ്പ് അനുകൂല തീരുമാനമെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) ഇരവിപുരം കാക്കോട്ടുമൂല ഗവ. യു.പി.എസ്.-ലേയ്ക്കുള്ള പാത പുനർനിർമ്മിക്കുന്നതിന് ഭൂമി അനുവദിക്കണമെന്ന അപേക്ഷ റവന്യൂ വകുപ്പിന്റെ പരിഗണയിലുള്ളതാണ്. ഇതിനായി മയ്യനാട് വില്ലേജിൽ

മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ലാറ്റുകൾ/ വീടുകൾ നിർമ്മിക്കുമ്പോൾ സൃഷ്ടിക്കുന്ന വഴി കാക്കോട്ടുമൂല ഗവ. മോഡൽ സ്കൂളിനുകൂടി ഉപയോഗിക്കത്തക്ക വിധത്തിൽ ഉപയോഗാനുമതി നൽകുന്നത് സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മീഷണർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. നിയമപരമായ രീതിയിൽ ടി വിഷയത്തിൽ തീരുമാനം കൈക്കൊള്ളുന്നതായിരിക്കും.

**ഡിജിറ്റൽ സർവ്വേ ഉപകരണങ്ങൾ**

**390 (1658)** <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>**:** താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ <u>നടത്തുന്നതിനായുള്ള</u> ഉപകരണങ്ങൾ വാങ്ങിയ സ്ഥാപനത്തിൽനിന്നും ഏതൊക്കെ കമ്പനിയുടെ റോബോട്ടിക് ടോട്ടൽ സ്റ്റേഷൻ മെഷീൻ, റിയൽ ടൈം കൈനമാറ്റിക് റോവർ മെഷീൻ, ടാബ്‌ലെറ്റ് പി.സി. എന്നീ ഉപകരണങ്ങൾ എത്രയെണ്ണം എത്ര രൂപ നിരക്കിലാണ് സർക്കാർ ലഭ്യമാക്കിയതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വെ നടത്തുന്നതിനായുള്ള ഉപകരണങ്ങൾ വാങ്ങിയ സ്ഥാപനത്തിൽനിന്നും ഏതൊക്കെ കമ്പനിയുടെ റോബോട്ടിക് ടോട്ടൽ സ്റ്റേഷൻ മെഷീൻ, റിയൽ ടൈം കൈനമാറ്റിക് റോവർ മെഷീൻ, ടാബ്‌ലെറ്റ് പി.സി. എന്നീ ഉപകരണങ്ങളുടെ brand/ company name, നിരക്ക്, മെഷീനുകളുടെ എണ്ണം എന്നിവ സംബന്ധിച്ച വിവരം അനുബന്ധമായി+ ചേർക്കുന്നു.

രണ്ട് ഘട്ടങ്ങളിലായാണ് സപ്ലൈ ഓർഡർ നൽകിയിട്ടുള്ളത്. ഇതിൽ ഒന്നാം ഘട്ടമായി നൽകിയിട്ടുള്ള സപ്ലൈ ഓർഡർ പ്രകാരം RTK, R-ETS, TABLET PC എന്നിവയുടെ വിലവിവരം അനുബന്ധമായി+ ചേർക്കുന്നു. രണ്ടാം ഘട്ടമായി നൽകിയ സപ്ലൈ ഓർഡർ പ്രകാരം RTK, TABLET PC എന്നിവയുടെ വിലവിവരം അനുബന്ധമായി+ ചേർക്കുന്നു.

**ഡിജിറ്റൽ സർവ്വേ**

**391 (1659)** ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ നടത്താനായി ഉപകരണങ്ങൾ വാങ്ങിയ സ്ഥാപനത്തിന് കരാർ പ്രകാരം എത്ര രൂപയാണ് നൽകേണ്ടതെന്നും എത്ര രൂപയാണ് നാളിതുവരെ നൽകിയതെന്നും വിശദമാക്കാമോ?

സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വെ നടത്താനായി ഉപകരണങ്ങൾ വാങ്ങുന്നതിന് രണ്ട് ഘട്ടങ്ങളിലായാണ് സപ്ലൈ ഓർഡർ നൽകിയിട്ടുള്ളത്. 1st സപ്ലൈ ഓർഡർ പ്രകാരം 200,63,85,205/- രൂപയും സെക്കൻഡ് സപ്ലൈ ഓർഡർ പ്രകാരം 63,84,78,500/- രൂപയും ചേർത്ത് (ടാക്സ് ഉൾപ്പെടെ) ആകെ 264,48,63,705/- രൂപയാണ് ഉപകരണങ്ങൾ വാങ്ങിയ സ്ഥാപനത്തിന് കരാർ പ്രകാരം നൽകാനുള്ളത്. നാളിതുവരെ 118,49,63,492/- രൂപ (IGST, TDS ഇനത്തിലുള്ള 2,02,50,987/- രൂപ ഉൾപ്പെടെ) കമ്പനിക്ക് നൽകിയിട്ടുണ്ട്.

**റോബോട്ടിക് ടോട്ടൽ സ്റ്റേഷൻ മെഷീൻ വിവരങ്ങൾ**

**392 (1660)** <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ നടത്താൻ ഉപകരണങ്ങൾ വാങ്ങുന്നതിനായി പുറത്തിറക്കിയ ദർഘാസിൽ ഒരു റോബോട്ടിക് ടോട്ടൽ സ്റ്റേഷൻ മെഷീന്റെ വിലയായി എത്ര രൂപയാണ് കാണിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ നടത്താൻ ഉപകരണങ്ങൾ വാങ്ങുന്നതിനായി പുറത്തിറക്കിയ ദർഘാസിൽ ഒരു റോബോട്ടിക് ടോട്ടൽ സ്റ്റേഷൻ മെഷീന്റെ വിലയായി 14,03,689/- രൂപയാണ് കാണിച്ചിട്ടുള്ളത്.

(ബി) ഇതുസംബന്ധിച്ച് കമ്പനിയുമായി ഏർപ്പെട്ട കരാർ പ്രകാരം എത്ര റോബോട്ടിക് ടോട്ടൽ സ്റ്റേഷൻ മെഷീൻ വാങ്ങണമെന്നും എത്ര എണ്ണമാണ് വാങ്ങിയതെന്നും വ്യക്തമാക്കാമോ?

കമ്പനിയുമായി ഏർപ്പെട്ട കരാർ പ്രകാരം 700 റോബോട്ടിക് ടോട്ടൽ സ്റ്റേഷൻ മെഷീൻ (R-ETS) വാങ്ങണമെന്ന് തീരുമാനിച്ചിരുന്നു. എന്നാൽ സംസ്ഥാനത്താകമാനം നടത്തിയ ഡിജിറ്റൽ സർവ്വേയ്ക്ക് ടി ഉപകരണങ്ങൾ ഉപയോഗിച്ചതിൽനിന്നും R-ETS മെഷീനുകളെക്കാൾ RTK ഉപകരണങ്ങൾ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയുമെന്നും ഫീൽഡ്

സർവ്വേക്ക് കൂടുതൽ യോജിച്ചതാണെന്നും കൂടാതെ മനുഷ്യ വിഭവശേഷി കുറവായിരിക്കുമെന്നും മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ R-ETS മെഷീനുകൾ 700-ൽ നിന്നും 200 ആയി കുറച്ചു.

(സി) കരാർ കമ്പനി നൽകിയ റോബോട്ടിക് ടോട്ടൽ സ്റ്റേഷൻ മെഷീന്റെ സ്പെസിഫിക്കേഷനും നിർമ്മിച്ച കമ്പനിയുടെ വിവരവും നൽകാമോ?

റോബോട്ടിക് ടോട്ടൽ സ്റ്റേഷൻ മെഷീന്റെ സ്പെസിഫിക്കേഷൻ അനുബന്ധമായി ചേർത്തിട്ടുണ്ട്+[1]. റോബോട്ടിക് ടോട്ടൽ സ്റ്റേഷൻ മെഷീൻ നിർമ്മിച്ച കമ്പനി Leica/Hexagon ആണ്.

(ഡി) റോബോട്ടിക് ടോട്ടൽ സ്റ്റേഷൻ മെഷീൻ വാങ്ങിയ ഇനത്തിൽ എത്ര രൂപയാണ് കമ്പനിക്ക് നൽകിയതെന്ന് വ്യക്തമാക്കാമോ?

RTK, R-ETS, TABLET PC എന്നിവയുടെ 1st സപ്ലൈ ഓർഡർ പ്രകാരം 200,63,85,205/- രൂപയും, 2nd സപ്ലൈ ഓർഡർ പ്രകാരം 63,84,78,500/- രൂപയും ചേർത്ത് ആകെ 264,48,63,705/- രൂപയാണ് ഉപകരണങ്ങൾ വാങ്ങിയ സ്ഥാപനത്തിന് കരാർ പ്രകാരം നൽകാനുള്ളത്. നാളിതുവരെ 1st

1 + നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സപ്ലൈ ഓർഡർ പ്രകാരം നൽകാനുള്ള 200,63,85,205/- രൂപയിൽ 1,18,49,63,492/- രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

**ഡിജിറ്റൽ സർവ്വേ ഉപകരണങ്ങൾ**

**393 (1661)** ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ നടത്താനായി ഉപകരണങ്ങൾ വാങ്ങാൻ ഹെക്സഗൺ ജിയോ സിസ്റ്റംസ് ഇന്ത്യ എന്ന കമ്പനിയുമായി ഏർപ്പെട്ട കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ?

സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ നടത്താനായി ഉപകരണങ്ങൾ വാങ്ങാൻ ഹെക്സഗൺ ജിയോ സിസ്റ്റംസ് ഇന്ത്യ എന്ന കമ്പനിയുമായി ഏർപ്പെട്ട കരാറിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

**ഡിജിറ്റൽ സർവ്വേ പൂർത്തീകരിക്കാൻ നടപടി**

**394 (1662)** ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്:
ശ്രീ. പ്രമോദ് നാരായൺ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ, വിശദാംശം ലഭ്യമാക്കാമോ?

"എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്" എന്നീ പ്രഖ്യാപിത ലക്ഷ്യങ്ങളോടെ സംസ്ഥാനത്ത് 1550 വില്ലേജുകളിലെ ഡിജിറ്റൽ സർവ്വെ റെക്കോർഡുകൾ നാലു വർഷംകൊണ്ട് പൂർത്തിയാക്കുന്നതിനുള്ള 858.42 കോടി രൂപയുടെ ബൃഹത് പദ്ധതിക്കാണ് സർക്കാർ തുടക്കംകുറിച്ചിട്ടുള്ളത്. പദ്ധതിയുടെ ആദ്യത്തെ മൂന്ന് വർഷങ്ങളിൽ 400 വില്ലേജുകൾ വീതവും നാലാം വർഷം 350 വില്ലേജുകളും ഉൾപ്പെടെയാണ് ആകെ 1550 വില്ലേജുകൾ കണക്കാക്കിയിരിക്കുന്നത്. ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 200 വില്ലേജുകളിൽ 32 വില്ലേജുകളുടെ സർവ്വെ അതിരടയാള നിയമം 9(2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് തുടർനടപടികൾ പുരോഗതിയിലാണ്. പ്രസ്തുത 200 വില്ലേജുകളിലായി 131373 ഹെക്ടർ പുരോഗതിയാർജ്ജിച്ചിട്ടുണ്ട്.

രണ്ടാംഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളുടെ പ്രാരംഭ ജോലികളും നടന്നുവരുന്നു.

(ബി) ഏതൊക്കെ സ്ഥലങ്ങളിൽ ഡിജിറ്റൽ സർവ്വേ പൂർത്തിയായിട്ടുണ്ടെന്ന് അറിയിക്കാമോ?

ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 200 വില്ലേജുകളിൽ 32 വില്ലേജുകളുടെ സർവ്വെ അതിരടയാള നിയമം 9(2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുള്ളതും തുടർന്ന് ലഭ്യമായ പരാതികൾ പരിഹരിക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലുമാണ്.

(സി) ഭൂമി സംബന്ധമായ കേസുകളും പരാതികളുമുള്ള സ്ഥലങ്ങളിൽ സർവ്വേ പൂർത്തീകരിക്കുന്നതിന് രൂപീകരിച്ചിട്ടുള്ള കർമ്മപദ്ധതിയുടെ വിശദാംശം അറിയിക്കുമോ?

ഭൂമി സംബന്ധമായ കേസുകൾ നിലവിലുള്ള സ്ഥലങ്ങളിൽ കോടതി ഉത്തരവുകൾക്ക് വിധേയമായി സർവ്വെ നടപടികൾ പൂർത്തിയാക്കുന്നതാണ്. പൂർണ്ണ ജനപങ്കാളിത്തത്തോടെയാണ് ഡിജിറ്റൽ സർവ്വെ നടത്തുന്നത്. പദ്ധതി സംബന്ധിച്ച വിവരം ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും

ഡിജിറ്റൽ സർവ്വെയുടെ പ്രാധാന്യത്തെക്കുറിച്ച് വിശദീകരിക്കുന്നതിനും ഭൂമി സംബന്ധമായ ആശങ്കകൾ പരിഹരിക്കുന്നതിനും ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളിലെ എല്ലാ വാർഡുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമ സഭകളായി സർവ്വെ സഭകൾ സംഘടിപ്പിച്ച് ഡിജിറ്റൽ സർവ്വെ പദ്ധതിയെ സംബന്ധിച്ച് വിശദീകരിച്ച് നൽകിയിട്ടുണ്ട്. ഓരോ വില്ലേജിലും എല്ലാ ഭൂവുടമകളെയും പങ്കെടുപ്പിച്ചുകൊണ്ട് വാർഡ് തലത്തിൽ ജാഗ്രതാ സമിതി സംഘടിപ്പിച്ച് ഡിജിറ്റൽ റീസർവ്വെ സംബന്ധിച്ച അവബോധം നൽകിവരുന്നു. കൂടാതെ സർവ്വെ സംബന്ധമായ സംശയങ്ങൾക്ക് മറുപടി നൽകുന്നതിനായി 1800-4255-080 എന്ന ടോൾഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുള്ളതുമാണ്. ഡിജിറ്റൽ സർവ്വെയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും സർവ്വെ സംബന്ധിച്ച് പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനും "എന്റെ ഭൂമി" എന്ന ഓൺലൈൻ പോർട്ടൽ സജ്ജീകരിച്ചിട്ടുള്ളതും സർവ്വെ വിവരം

ഭൂവുടമസ്ഥരുടെ മൊബൈൽ ഫോണിൽ SMS ആയി നൽകുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുള്ളതുമാണ്.

(ഡി) ഡിജിറ്റൽ സർവ്വേയ്ക്ക് നിയമ ഭേദഗതികൾ ആവശ്യമായി വന്നിട്ടുണ്ടോ; ഏതൊക്കെ നിയമങ്ങളിലാണ് ഭേദഗതിക്ക് ഉദ്ദേശിക്കുന്നതെന്ന വിശദാംശം അറിയിക്കുമോ?

ഡിജിറ്റൽ സർവ്വെ പദ്ധതി സുഗമമായി നടപ്പിലാക്കുന്നതിന് കേരള സർവ്വെ അതിരടയാള ചട്ടം 1964-ൽ ഭേദഗതികൾ വരുത്തുന്നതിനുള്ള ശിപാർശ സർക്കാർ പരിഗണനയിലാണ്. കൂടാതെ നിലവിലെ സർവ്വെ, റവന്യൂ നിയമ സംവിധാനത്തിലൂടെ മാത്രം പരിഹരിക്കാൻ സാധിക്കാത്ത അപാകതകൾ പരിഹരിക്കുന്നതിന് ഒരു സെറ്റിൽമെന്റ് നിയമം കൊണ്ടുവരുന്നതിനുള്ള നടപടികളും സർക്കാരിന്റെ പരിഗണനയിലാണ്.

**കാസർഗോഡ് ജില്ലയിലെ സർവ്വേ നടപടികൾ**

**395 (1663)** <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വില്ലേജുകളിൽ സർവ്വേ നടപടികൾ പൂർത്തിയായെന്നും എത്ര വില്ലേജുകളിൽ സർവ്വേ നടപടികൾ നടന്നുവരുന്നുണ്ടെന്നും വിശദമാക്കാമോ?

സംസ്ഥാനത്താകെയുള്ള 1666 വില്ലേജുകളിൽ 922 വില്ലേജുകളുടെ റീസർവ്വെ ജോലികൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. കാലഘട്ടത്തിനനുസൃതമായി ഡിജിറ്റൽ രീതിയിൽ ഐ.ടി. അധിഷ്ഠിത സേവനം ജനങ്ങൾക്ക് ലഭ്യമാക്കുക, ഇനിയൊരു റീസർവ്വെ ആവശ്യമില്ലാത്തവിധം മാപ്പുകൾ നാളതീകരിച്ച് പരിപാലിക്കുക, നിലവിലെ പോരായ്മകൾ പരിഹരിച്ച് കുറ്റമറ്റ സർവ്വെ റിക്കാർഡുകൾ തയ്യാറാക്കുക തുടങ്ങിയ ലക്ഷ്യത്തോടെ സംസ്ഥാനത്താകെയുള്ള 1666 വില്ലേജുകളിൽ നിലവിൽ ഡിജിറ്റലായി സർവ്വെ പൂർത്തിയാക്കിയിട്ടുള്ളതും പുരോഗതിയിലുള്ളതുമായ 116 വില്ലേജുകളൊഴികെ ശേഷിക്കുന്ന 1550 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വെ നാല് വർഷംകൊണ്ട് പൂർത്തിയാക്കുന്നതിനുള്ള 858.42 കോടി രൂപയുടെ ബൃഹത് പദ്ധതിയായ ഡിജിറ്റൽ സർവ്വെയ്ക്ക് തുടക്കംകുറിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ ആദ്യത്തെ മൂന്ന്

വർഷങ്ങളിൽ 400 വില്ലേജുകൾ വീതവും നാലാം വർഷം 350 വില്ലേജുകളും ഉൾപ്പെടെയാണ് ആകെ 1550 വില്ലേജുകൾ കണക്കാക്കിയിരിക്കുന്നത്. ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 200 വില്ലേജുകളിൽ 32 വില്ലേജുകളുടെ സർവ്വെ അതിരടയാള നിയമം 9(2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് തുടർനടപടികൾ പുരോഗതിയിലാണ്. പ്രസ്തുത 200 വില്ലേജുകളിലായി 131373 ഹെക്ടർ പുരോഗതിയാർജ്ജിച്ചിട്ടുണ്ട്. രണ്ടാംഘട്ട 200 വില്ലേജുകളുടെ പ്രാരംഭ ജോലികൾ നടന്നുവരുന്നു.

(ബി) കാസർഗോഡ് ജില്ലയിലെ സർവ്വേ നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കാസർഗോഡ് ജില്ലയിലെ 26 വില്ലേജുകളിൽ റീസർവ്വെ നടപടികൾ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളതാണ്. ഡിജിറ്റൽ സർവ്വെ പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിലെ 18 വില്ലേജുകളുടെ സർവ്വെ പ്രവർത്തനമാണ് ആരംഭിച്ചിട്ടുള്ളത്. ഇതിൽ മാതൃകാ വില്ലേജായി തെരഞ്ഞെടുത്ത ഉജാറുൾവാർ വില്ലേജിൽ കേരള സർവ്വെ അതിരടയാള നിയമം 9(2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച്

തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കാസർഗോഡ് ജില്ലയിൽ ഡിജിറ്റൽ റീസർവ്വെ പ്രകാരം 8462.0253 ഹെക്ടർ (05-08-2023 വരെ) ഭൂമിയുടെ സർവ്വെ നിർവ്വഹിച്ചിട്ടുണ്ട്.

(സി) സർവ്വേ നടപടികൾ സ്വീകരിച്ച വില്ലേജുകളിൽ ആയതിലെ അപാകതകൾ സംബന്ധിച്ച് കാസർഗോഡ് ജില്ലയിൽനിന്നും ലഭിച്ച പരാതികളുടെ എണ്ണവും അതിൽ പരിഹരിച്ച പരാതികൾ എത്രയെന്നും ബാക്കിയുള്ളവ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വില്ലേജുകൾ തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കാസർഗോഡ് ജില്ലയിൽ റീസർവ്വെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയ 26 വില്ലേജുകളിൽ റീസർവ്വെ അപാകത സംബന്ധിച്ച് ലഭിച്ച പരാതികൾ, പരിഹരിച്ച പരാതികൾ, പരിഹരിക്കാൻ ബാക്കിയുള്ളവ എന്നിവയുടെ വില്ലേജ് തിരിച്ചുള്ള വിവരം അനുബന്ധമായി+ ചേർക്കുന്നു.

**പ്രത്യേക സർവ്വേ ടീമിനെ നിയമിക്കാൻ നടപടി**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**396 (1664)** <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം, റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധനയിൽ മണ്ണാർക്കാട് മണ്ഡലത്തിൽ 1-1-1977-ന് മുൻപ് വനഭൂമി കൈവശം വച്ചിരിക്കുന്നവരിൽ അർഹരായവർ എത്രയെന്ന് വില്ലേജ് അടിസ്ഥാനത്തിൽ വിശദമാക്കുമോ?

മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ 01-01-1977-ന് മുൻപ് വനഭൂമി കൈവശം വച്ചിരിക്കുന്നവർ

| **വില്ലേജ്** | **അർഹരായവരുടെ എണ്ണം** |
|---|---|
| കോട്ടോപ്പാടം - 1 | 122 |
| അലനല്ലൂർ -3 | 10 |
| പയ്യനെടം | 3 |
| കള്ളമല (അട്ടപ്പാടി താലൂക്ക്) | 95 |
| അഗളി (അട്ടപ്പാടി താലൂക്ക്) | 74 |
| ഷോളയൂർ (അട്ടപ്പാടി താലൂക്ക്) | 5 |

(ബി) വനഭൂമി അളന്നുതിരിക്കുന്നതിനായി നിയമിച്ച താലൂക്കിലെ സർവ്വേയർമാരെ മറ്റുജോലികൾക്കായി നിയോഗിച്ചതുമൂലം സർവ്വേ നടപടികൾ തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

01-01-1977-ന് മുമ്പ് വനഭൂമി കൈവശംവച്ചുവരുന്നവരുടെ കൈവശഭൂമിയിൽ സംയുക്ത പരിശോധന നടത്തി പട്ടയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട സർവ്വെ ജോലികൾ നിർവ്വഹിക്കുന്നതിന് മണ്ണാർക്കാട് താലൂക്ക് സർവ്വെയർമാരെ നിയോഗിച്ചിട്ടില്ലാത്തതാണ്. എന്നാൽ പ്രസ്തുത സർവ്വെ ജോലികൾ നിർവ്വഹിക്കുന്നതിന് സ്പെഷ്യൽ ഡ്രൈവിലേക്കായി ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം മറ്റ് 4 സർവ്വെയർമാരെയും 2 ടോട്ടൽ സ്റ്റേഷൻ മെഷീനുകളും അനുവദിച്ചിട്ടുള്ളതും സർവ്വെ നടപടികൾ പുരോഗതിയിലുമാണ്. സംയുക്ത പരിശോധന നടത്തി അംഗീകരിച്ച ലിസ്റ്റിലെ 291 പേരുടെ കൈവശ സ്ഥലങ്ങൾ അളന്നുതിട്ടപ്പെടുത്തുന്നതിന്റെ ഭാഗമായി കോട്ടോപ്പാടം-1 വില്ലേജിലെ 10 പ്ലോട്ടുകളുടെ സർവ്വെ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതും തുടർന്നുള്ള

കൈവശങ്ങളുടെ വനാതിർത്തി നിർണ്ണയിച്ചിട്ടില്ലാത്തതിനാൽ ടി വില്ലേജിലെ സർവ്വെ പ്രവർത്തനങ്ങൾ താൽക്കാലികമായി നിർത്തിവച്ചിട്ടുള്ളതും തുടർന്ന് പാലക്കയം വില്ലേജിന്റെ കൈവശ സ്ഥലങ്ങളുടെ സർവ്വെ നടപടികൾ നിർവ്വഹിക്കുകയും ചെയ്തിരുന്നു.

ഫോറസ്റ്റ് മിനി സർവ്വെ ടീം വനാതിർത്തി നിർണ്ണയിച്ചതിനുശേഷമേ കോട്ടോപ്പാടം-1 വില്ലേജിലെ ബാക്കി സർവ്വെ ആരംഭിക്കാൻ കഴിയുകയുള്ളൂ. ഈ സാഹചര്യത്തിൽ ടി സർവ്വേയ്ക്ക് നിയോഗിച്ചിട്ടുള്ള ടീമിനെ ഡിജിറ്റൽ സർവ്വേയ്ക്കും ഗ്രീൻഫീൽഡ് സർവ്വേയ്ക്കുമായി മാറ്റി നിയോഗിച്ചിട്ടുള്ളതാണ്.

(സി) ഭൂമി അളന്നുതിരിക്കുന്നതിനായി കൂടുതൽ അപേക്ഷകർ ഉള്ളതിനാൽ ഒരു പ്രത്യേക സർവ്വേ ടീമിനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഈ വിഷയത്തിൽ ജില്ലാ എസ്റ്റാബ്ലിഷ്മെന്റിൽ നിലവിലുള്ള സർവ്വേയർമാരെ ജോലിയുടെ പ്രാധാന്യമനുസരിച്ച് ഉചിതമായ രീതിയിൽ നിയോഗിക്കുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർ മുഖേന സ്വീകരിച്ചുവരുന്നു.

## ഡിജിറ്റൽ സർവ്വേ സംബന്ധിച്ച പരാതികൾ

**397 (1665)** <u>ശ്രീ. പി. ജെ. ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ സർവ്വേ നടപടികളുടെ പുരോഗതി, ഏതൊക്കെ ജില്ലകളിൽ സർവ്വേ നടക്കുന്നു എന്നതുസംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കാമോ?

"എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്" എന്നീ പ്രഖ്യാപിത ലക്ഷ്യങ്ങളോടെ സംസ്ഥാനത്ത് 1550 വില്ലേജുകളിലെ ഡിജിറ്റൽ സർവ്വെ റിക്കാർഡുകൾ നാല് വർഷംകൊണ്ട് പൂർത്തിയാക്കുന്നതിനുള്ള 858.42 കോടി രൂപയുടെ ബൃഹത് പദ്ധതിക്കാണ് സർക്കാർ തുടക്കം കുറിച്ചിട്ടുള്ളത്. എല്ലാ ജില്ലകളിൽനിന്നുമായി ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 200 വില്ലേജുകളിൽ 32 വില്ലേജുകളുടെ സർവ്വെ അതിരടയാള നിയമം 9(2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് തുടർനടപടികൾ പുരോഗതിയിലാണ്. പ്രസ്തുത 200

വില്ലേജുകളിലായി 131373 ഹെക്ടർ പുരോഗതിയാർജ്ജിച്ചിട്ടുണ്ട്. രണ്ടാംഘട്ടത്തിലേയ്ക്ക് തെരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളുടെ പ്രാരംഭ ജോലികളും അന്തിമഘട്ടത്തിലാണ്.

(ബി) ഡിജിറ്റൽ സർവ്വേ നടപടികൾ സംബന്ധിച്ച് ഉണ്ടായിട്ടുള്ള വിവിധ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ആദ്യഘട്ടത്തിൽ 14 ജില്ലകളിലായി തെരഞ്ഞെടുത്ത 200 വില്ലേജുകളിൽ 32 വില്ലേജുകളുടെ സർവ്വെ അതിരടയാള നിയമം 9(2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച വില്ലേജുകളിൽ പരാതി ലഭ്യമായിട്ടുണ്ട്. എങ്കിലും പരമ്പരാഗത റീസർവ്വെയുമായി താരതമ്യം ചെയ്യുമ്പോൾ ഡിജിറ്റൽ റീസർവ്വെയിൽ പരാതിയുടെ എണ്ണം തുലോം കുറവാണ്. അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുജന പങ്കാളിത്തത്തോടെയാണ് ഡിജിറ്റൽ സർവ്വെ നടത്തുന്നത്. പദ്ധതി സംബന്ധിച്ച വിവരം ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും പദ്ധതിയുടെ പ്രാധാന്യത്തെക്കുറിച്ച് വിശദീകരിക്കുന്നതിനും പദ്ധതി

സംബന്ധിച്ച ആശങ്കകൾ പരിഹരിക്കുന്നതിനും ആദ്യഘട്ട സർവ്വേയ്ക്കായി തെരഞ്ഞെടുത്ത വില്ലേജുകളിലെ എല്ലാ വാർഡുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമസഭകളായി സർവ്വെ സഭകൾ സംഘടിപ്പിച്ച് ഡിജിറ്റൽ സർവ്വെ പദ്ധതിയെ സംബന്ധിച്ച് വിശദീകരിച്ച് നൽകിയിട്ടുണ്ട്. കൂടാതെ ഓരോ വില്ലേജിലും എല്ലാ ഭൂവുടമകളെയും പങ്കെടുപ്പിച്ചുകൊണ്ട് വാർഡ് തലത്തിൽ ജാഗ്രതാ സമിതി സംഘടിപ്പിച്ച് ഡിജിറ്റൽ റീസർവ്വെ സംബന്ധിച്ച അവബോധം നൽകിവരുന്നു. സർവ്വെ സംബന്ധമായ സംശയങ്ങൾക്ക് മറുപടി നൽകുന്നതിനായി 1800-4255-080 എന്ന ടോൾഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുള്ളതും ഡിജിറ്റൽ സർവ്വെ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും സർവ്വെ സംബന്ധിച്ച് പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനും “എന്റെ ഭൂമി” എന്ന ഓൺലൈൻ പോർട്ടലും സജ്ജീകരിച്ചിട്ടുള്ളതുമാണ്. സർവ്വെ ചെയ്യുന്ന വിവരം ഭൂവുടമസ്ഥരുടെ മൊബൈൽ ഫോണിൽ SMS ആയി നൽകുന്നതിനുള്ള സംവിധാനവും പദ്ധതിയുടെ ഭാഗമായി ഒരുക്കിയിട്ടുണ്ട്.

**കണ്ണൂർ ജില്ലയിലെ ഡിജിറ്റൽ റീസർവ്വേ**

**398 (1666)** <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്ന ഡിജിറ്റൽ റീസർവ്വേയുടെ വിശദാംശം ലഭ്യമാക്കാമോ?

"എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്" എന്നീ പ്രഖ്യാപിത ലക്ഷ്യങ്ങളോടെ സംസ്ഥാനത്ത് 1550 വില്ലേജുകളിലെ ഡിജിറ്റൽ സർവ്വെ നാലു വർഷംകൊണ്ട് പൂർത്തിയാക്കുന്നതിനുള്ള 858.42 കോടി രൂപയുടെ ബൃഹത് പദ്ധതിക്കാണ് സർക്കാർ തുടക്കംകുറിച്ചിട്ടുള്ളത്. പദ്ധതിയുടെ ആദ്യത്തെ മൂന്ന് വർഷങ്ങളിൽ 400 വില്ലേജുകൾ വീതവും നാലാം വർഷം 350 വില്ലേജുകളും ഉൾപ്പെടെയാണ് ആകെ 1550 വില്ലേജുകൾ കണക്കാക്കിയിരിക്കുന്നത്. ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 200 വില്ലേജുകളിൽ 32 വില്ലേജുകളുടെ സർവ്വെ അതിരടയാള നിയമം 9(2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് തുടർ നടപടികൾ പുരോഗതിയിലാണ്. പ്രസ്തുത 200

വില്ലേജുകളിലായി 131373 ഹെക്ടർ പുരോഗതിയാർജ്ജിച്ചിട്ടുണ്ട്. രണ്ടാംഘട്ടത്തിലേയ്ക്ക് തെരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളുടെ പ്രാരംഭ ജോലികളും നടന്നുവരുന്നു.

(ബി) ഇതുവരെയായി എത്ര ഹെക്ടർ സ്ഥലം റീസർവ്വേ ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്; അറിയിക്കുമോ?

ഡിജിറ്റൽ സർവ്വെയുടെ ആദ്യ ഘട്ടത്തിൽ തെരഞ്ഞെടുത്ത 200 വില്ലേജുകളിലായി 131373 ഹെക്ടർ ഭൂമി സർവ്വെ നിർവ്വഹിച്ചിട്ടുള്ളതാണ്.

(സി) കണ്ണൂർ ജില്ലയിൽ ഇതുവരെയായി എത്ര വില്ലേജുകളിൽ റീസർവ്വേ പൂർത്തിയായിട്ടുണ്ട്?

സംസ്ഥാനത്ത് ആരംഭിച്ച ഡിജിറ്റൽ സർവ്വെയുടെ ഒന്നാംഘട്ടത്തിൽ കണ്ണൂർ ജില്ലയിലെ 14 വില്ലേജുകളുടെ സർവ്വെ പ്രവർത്തനമാണ് ആരംഭിച്ചിട്ടുള്ളത്. ഇതിൽ മാതൃകാ വില്ലേജായി തെരഞ്ഞെടുത്ത അഴീക്കോട് സൗത്ത് വില്ലേജിന്റെ സർവ്വെ അതിരടയാള നിയമം 9 (2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. കണ്ണൂർ ജില്ലയിൽ ഡിജിറ്റൽ സർവ്വെ പ്രകാരം

12657.1856 ഹെക്ടർ (05-08-023 വരെ) ഭൂമി സർവ്വെ നിർവ്വഹിച്ചിട്ടുണ്ട്.

(ഡി) കണ്ണൂർ ജില്ലയിൽ അടുത്ത ഘട്ടത്തിൽ ഏതൊക്കെ വില്ലേജുകളിലാണ് റീസർവ്വേ ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഡിജിറ്റൽ സർവ്വെ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കണ്ണൂർ ജില്ലയിലെ എടക്കാട്, അഴീക്കോട് നോർത്ത്, ചിറക്കൽ, പാപ്പിനിശ്ശേരി, കല്യാശ്ശേരി, വലിയന്നൂർ, ധർമ്മടം, കീഴല്ലൂർ, എരഞ്ഞോളി, കേളകം, കീഴൂർ, ചുഴലി, തളിപ്പറമ്പ്, പെരളം എന്നീ വില്ലേജുകളിലാണ് സർവ്വെ നിർവ്വഹിക്കാൻ ഉദ്ദേശിക്കുന്നത്.

**ഡിജിറ്റൽ സർവ്വേ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ഗ്ലോബൽ ടെൻഡർ**

**399 (1667)** **ശ്രീ. സജീവ് ജോസഫ്:**
**ശ്രീ. സനീഷ്കുമാർ ജോസഫ്:**
**ശ്രീ. സണ്ണി ജോസഫ്:**
**ശ്രീ. ഷാഫി പറമ്പിൽ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വെ നടത്തുന്നതിനായി ഉപകരണങ്ങൾ വാങ്ങിയത് ഗ്ലോബൽ ടെൻഡർ വിളിക്കാതെ രണ്ടു കമ്പനികൾക്കുമാത്രം അവസരമൊരുക്കിയാണെന്ന ആരോപണം വാസ്തവമാണോ;

(ബി) ഇ-ടെൻഡറുമായി ബന്ധപ്പെട്ട് നിഷ്കർഷിച്ചിട്ടുള്ള പത്രപരസ്യം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) പത്രപരസ്യം അപര്യാപ്തമാണെന്ന് കണ്ടെത്തി അത് മറികടക്കാനായി പ്രത്യേക ഉത്തരവിറക്കിയിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ടെൻഡറിനായി സ്റ്റോർസ് പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾക്ക് ഇളവ് നൽകി ടെൻഡറിൽ പങ്കെടുത്ത സ്ഥാപനത്തിൽ നിന്നുതന്നെ ഉപകരണങ്ങൾ വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നോ; വ്യക്തമാക്കാമോ?

(എ-ഡി) അല്ല. ഡിജിറ്റൽ സർവ്വെ നടത്തുന്നതിനായി ഉപകരണങ്ങൾ, ഗ്ലോബൽ ടെൻഡർ മുഖേന (ഇ-ടെൻഡർ) നടപടികൾ

പൂർത്തിയാക്കിയാണ് വാങ്ങിയിട്ടുള്ളത്. ഡിജിറ്റൽ സർവ്വെ ജോലികൾക്കായി ഉപയോഗിക്കുന്ന ആധുനിക സർവ്വെ ഉപകരണങ്ങൾ ഒരു അതുല്യ ശ്രേണിയിൽപ്പെട്ടവയും കൂടാതെ പരിമിതമായ എണ്ണം വിതരണക്കാർ മാത്രവുമാണുള്ളത്. സ്റ്റോർസ് പർച്ചേസ് മാനുവലിൽ പറഞ്ഞിരിക്കുന്ന പ്രകാരം ഡയറക്ടർ ജനറൽ ഓഫ് ഇന്റലിജൻസ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് പുറത്തിറക്കിയ പ്രതിവാര ഇന്ത്യൻ ട്രേഡ് ജേണലിൽ ടെൻഡർ വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിലുള്ള ടെൻഡർ സംബന്ധിച്ചുള്ള പതിനാലോളം ടെൻഡർ വെബ്സൈറ്റുകളിലും/സോഷ്യൽ മീഡിയ പേജുകളിലും വന്നിട്ടുള്ളതുമാണ്. സർവ്വേ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന എല്ലാ കമ്പനികളെയും ബോധവാന്മാരാക്കുന്നതിനും പ്രീ-ബിഡ് കോൺഫറൻസിൽ പങ്കെടുക്കുന്നതിനും എല്ലാവിധ സംശയങ്ങളും ദൂരീകരിക്കുന്നതിനുംവേണ്ട നടപടികൾ സ്വീകരിക്കുകയും അവയുടെ വീഡിയോ റിക്കോർഡിംഗ് അടക്കമുള്ള എല്ലാ റെക്കോർഡുകളും സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. 12 പേർ നേരിട്ട് ഓൺലൈനായി പങ്കെടുത്തുകൊണ്ടും 6 പേർ ഇ-മെയിലായി

ചോദ്യങ്ങൾ സമർപ്പിച്ചുകൊണ്ടും പ്രീ-ബിഡ് കോൺഫറൻസിൽ പങ്കെടുത്തിട്ടുണ്ട്.

ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ഇ-ടെൻഡർ കേരള സർക്കാരിന്റെ ഇ-പ്രൊക്യൂർമെന്റ് പോർട്ടലിൽ (www.etenders.kerala.gov.in) പ്രസിദ്ധീകരിക്കുകയും തുടർന്ന് നിയമപ്രകാരം ടെൻഡർ ഓപ്പൺ ചെയ്തതുപ്രകാരം ജനക് പൊസിഷനിംഗ് ആൻഡ് സർവ്വേയിംഗ് സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ്, ഹെക്സഗൺ ജിയോ സിസ്റ്റംസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്നിങ്ങനെ രണ്ട് കമ്പനികൾ ടെൻഡറിൽ പങ്കെടുക്കുകയും എന്നാൽ മൂല്യനിർണ്ണയത്തിനുശേഷം ഒരു ബിഡ് മതിയായ സാങ്കേതിക യോഗ്യത നേടിയിട്ടില്ലെന്ന് ടെക്നിക്കൽ കമ്മിറ്റി കണ്ടെത്തുകയും സാങ്കേതികമായി യോഗ്യതയുള്ള ഒരൊറ്റ ടെൻഡർ മാത്രമേ ഉണ്ടാകുവെന്ന് വ്യക്തമായതിനാൽ റീ-ടെൻഡറിന് പോകാൻ സാങ്കേതിക സമിതി തീരുമാനിക്കുകയും ചെയ്തു. തുടർന്ന് ആദ്യ റീടെൻഡർ 23-02-2022-ന് പ്രസിദ്ധീകരിച്ചു. ഇതുപ്രകാരവും ജനക് പൊസിഷനിംഗ് ആൻഡ് സർവ്വേയിംഗ് സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ്, ഹെക്സഗൺ ജിയോസിസ്റ്റംസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്

എന്നിങ്ങനെ രണ്ട് കമ്പനികളാണ് ടെൻഡറിൽ പങ്കെടുത്തത്. പ്രീ-ക്വാളിഫിക്കേഷൻ ഘട്ടത്തിൽ ഒരു ബിഡ്ഡർ മാത്രമേ പിക്യൂ മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ളൂവെന്ന് ടെക്നിക്കൽ കമ്മറ്റി വിലയിരുത്തുകയും സാങ്കേതിക മൂല്യനിർണ്ണയത്തിനുശേഷം പിക്യൂ യോഗ്യതയുള്ള ബിഡ്ഡറും സാങ്കേതിക യോഗ്യത നേടിയിട്ടില്ലെന്ന് ടെക്നിക്കൽ കമ്മിറ്റി നിരീക്ഷിക്കുകയും ചെയ്തു. തുടർന്ന് യോഗ്യതയുള്ള ബിഡ്ഡർമാർ ഇല്ലാത്തതിനാൽ വീണ്ടും റീ ടെൻഡർ ചെയ്യാൻ ടെക്നിക്കൽ കമ്മറ്റി തീരുമാനിച്ചു.

രണ്ടാമത്തെ റീ ടെൻഡറിൽ AllTerra Solutions LLP, Hexagon Geosystems India Private Limited എന്നീ രണ്ട് ബിഡ്ഡർമാർ പങ്കെടുക്കുകയും, ടി രണ്ടു ബിഡ്ഡർമാരും പ്രീക്വാളിഫിക്കേഷനും സാങ്കേതിക മാനദണ്ഡവും നേടിയതിനാൽ ഫിനാൻഷ്യൽ ബിഡ് 12-05-2022-ന് ഓപ്പൺ ചെയ്യുകയും ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ Hexagon Geosystems India Private Limited സ്ഥാപനത്തെ L1 ആയി തെരഞ്ഞെടുക്കുകയും ചെയ്തു.

ഡിജിറ്റൽ സർവ്വേയുമായി ബന്ധപ്പെട്ട പ്രവർത്തികൾ നടത്തുന്നതിനുവേണ്ടി ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്ക് മതിയായ പ്രചാരണം നടത്തുന്നതിലേക്ക് വിവര പൊതുജന സമ്പർക്ക വകുപ്പിന് കത്ത് നൽകിയിട്ടുള്ളതാണ്. കൂടാതെ ഇ-ടെൻഡർ നടപടികളുമായി ബന്ധപ്പെട്ട പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് NIC-ക്കും, വിവര പൊതുജന സമ്പർക്ക വകുപ്പിനും ചുമതലയുള്ളതിനാൽ ഇതുമായി ബന്ധപ്പെട്ട് കത്ത് നൽകിയിട്ടുണ്ട്. അതുപ്രകാരം ദേശാഭിമാനി, മാതൃഭൂമി എന്നീ ദിനപത്രത്തിൽ പരസ്യം വന്നിട്ടുണ്ട്. തികച്ചും സാങ്കേതിക കാരണങ്ങളാൽ ഇംഗ്ലീഷ് പത്രങ്ങളിൽ പരസ്യം വന്നില്ല. എന്നാൽ സ്റ്റോർസ് പർച്ചേസ് മാന്വൽ പ്രകാരം ഇംഗ്ലീഷ് പത്രത്തിൽക്കൂടി പരസ്യം വരേണ്ടതുണ്ട് എന്നതുകൊണ്ട് ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെയും സ്റ്റോർസ് പർച്ചേസ് വകുപ്പിന്റെയും അനുമതി ലഭിക്കുകയാണെങ്കിൽ L1 ബിഡ്ഡറിൽനിന്നും ഉപകരണങ്ങൾ വാങ്ങാമെന്ന് ഡിപ്പാർട്ട്മെന്റ് പർച്ചേസ് കമ്മിറ്റിയും ശിപാർശ ചെയ്തിരുന്നു. തുടർന്ന് ധനകാര്യ സ്റ്റോർസ് പർച്ചേസ് വകുപ്പുകളുടെ അഭിപ്രായം തേടുകയും രാജ്യത്തുതന്നെ സർവ്വേ ഇൻഡസ്ട്രിയൽ

പ്രവർത്തിക്കുന്ന പ്രധാന ബിഡ്ഡർമാരും ചെറുകിട ബിഡ്ഡർമാരും പുതുമുഖങ്ങളും ഉൾപ്പെടെ 18 ബിഡ്ഡർമാർ പ്രീബിഡ് മീറ്റിംഗുകളിൽ പങ്കെടുത്തിട്ടുണ്ടെന്ന വസ്തുത കണക്കിലെടുത്തും ഈ നടപടിയിലൂടെ ടെൻഡറിനെക്കുറിച്ചുള്ള വ്യാപകമായ പ്രചാരണം ഉറപ്പാക്കിയിട്ടുണ്ട് എന്നുള്ളതുകൊണ്ടും പദ്ധതി നടപ്പിലാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും മന്ത്രിസഭാ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് പ്രസ്തുത വകുപ്പുകൾ അനുമതി നൽകിയിരുന്നു. ഇ-പ്രൊക്യൂർമെന്റ് പോർട്ടലിന്റെ ആവിഷ്കാരത്തോടെ പത്രപരസ്യം തന്നെ പ്രസിദ്ധീകരിക്കുന്ന നടപടി കേന്ദ്ര സർക്കാർ ഒഴിവാക്കിയിട്ടുണ്ടെന്ന വസ്തുതയും ഇത്തരത്തിൽ പത്രപരസ്യം കേന്ദ്ര സർക്കാർ ഒഴിവാക്കുന്നതിന് അനുസൃതമായി സംസ്ഥാന സ്റ്റോർസ് പർച്ചേസ് മാന്വലിൽ ഭേദഗതി വരുത്തിയിട്ടില്ല എന്നതും വീണ്ടും കാലതാമസം വരുത്തേണ്ടതില്ല എന്നതും കണക്കിലെടുത്തും മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ L1 ബിഡ്ഡറായ Hexagon Geosystems India Pvt Ltd എന്ന സ്ഥാപനത്തിൽനിന്നും ഉപകരണങ്ങൾ വാങ്ങാൻ അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

**ഡിജിറ്റൽ സർവ്വേ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടെൻഡർ**

**400 (1668)** <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u>
<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):</u>
<u>ശ്രീ. സി. ആർ. മഹേഷ്:</u>

<u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വെ നടത്തുന്നതിനായി ഉപകരണങ്ങൾ വാങ്ങാനായി ടെൻഡർ ക്ഷണിച്ചിരുന്നോ; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വെ നടത്തുന്നതിനായി ഉപകരണങ്ങൾ വാങ്ങാനായി ഗ്ലോബൽ ടെൻഡർ ക്ഷണിച്ചിരുന്നു. പ്രസ്തുത ടെൻഡർ നോട്ടീസിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

രാജ്യത്തിലെ തന്നെ ലാൻഡ് സർവ്വെ രംഗത്തെ വിദഗ്ധരായ Survey of India, National Informatics Centre (NIC), Kerala State Remote Sensing & Environment centre (KSREC), Kerala State IT Mission (KSITM), Kerala State Council for Science, Technology & Environment (KSCSTE), College of

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

Engineering Thiruvananthauram (CET) എന്നിവിടങ്ങളിലെ സാങ്കേതിക വിദഗ്ധരും സർവ്വെ വകുപ്പിലെ സീനിയർ ഉദ്യോഗസ്ഥരും ഉൾപ്പെട്ട ടെക്നിക്കൽ കമ്മിറ്റിയുടെ മേൽനോട്ടത്തിലാണ് ടെൻഡർ സ്പെസിഫിക്കേഷനും RFP-യും അന്തിമമാക്കി ടെൻഡർ നടപടിയിലേയ്ക്ക് പോയിട്ടുള്ളത്.

ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ച സ്പെസിഫിക്കേഷൻ അനുസരിച്ച് Procurement Portal ആയ etenders.kerala.gov.in എന്ന ഓപ്പൺ ടെൻഡർ പോർട്ടലിൽ പബ്ലിഷ് ചെയ്ത് നിയമാനുസൃത നടപടികളിലൂടെ ഏറ്റവും സുതാര്യമായ രീതിയിലാണ് പർച്ചേസ് നടപടികൾ സ്വീകരിച്ച് L1 ബിഡ്ഡറെ തെരഞ്ഞെടുത്തിട്ടുള്ളത്. കൂടാതെ L1 ബിഡ്ഡർ ലഭ്യമാക്കിയ ഉപകരണങ്ങൾ ടെക്നിക്കൽ കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ഫീൽഡിൽ പരീക്ഷണം നടത്തി ഉപകരണങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കിയതിനുശേഷമാണ് വിതരണാനുമതി നൽകിയിട്ടുള്ളത്.

(ബി) പ്രസ്തുത ടെൻഡർ പത്രങ്ങളിൽ പരസ്യപ്പെടുത്താതെ സർക്കാർ വെബ്സൈറ്റിൽ മാത്രമാണോ പരസ്യം നൽകിയിരുന്നത്; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ?

പത്രങ്ങളിൽ പരസ്യം നൽകിയിട്ടുള്ളതാണ്. ഇതിനോടൊപ്പം വ്യാപകമായ പ്രചാരണം ഉറപ്പാക്കുന്നതിനുള്ള മറ്റ് നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഡിജിറ്റൽ സർവ്വെ പ്രോഗ്രാമിനായി ലഭ്യമാക്കേണ്ട ആധുനിക സർവ്വെ ഉപകരണങ്ങൾ ഒരു അതുല്യ ശ്രേണിയിൽ (niche category) പെട്ടതാണ്. കൂടാതെ പരിമിത എണ്ണം വിതരണക്കാർ മാത്രമാണ് രാജ്യത്തുള്ളത്. സ്റ്റോർസ് പർച്ചേസ് മാന്വലിൽ പറഞ്ഞിരിക്കുന്ന പ്രകാരം ഡയറക്ടർ ജനറൽ ഓഫ് ഇന്റലിജൻസ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് പുറത്തിറക്കിയ പ്രതിവാര ഇന്ത്യൻ ട്രേഡ് ജേണലിൽ ടെൻഡർ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് സർക്കാർ ഉറപ്പുവരുത്തിയിട്ടുണ്ട്. മാത്രവുമല്ല, ടെൻഡർ ഇ-പ്രൊക്യൂർമെന്റ് പോർട്ടലിൽ പ്രസിദ്ധീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ടെൻഡർ സംബന്ധിച്ച വിവരം

പതിനാലോളം ടെൻഡർ വെബ്സൈറ്റുകളിലും/സോഷ്യൽ മീഡിയ പേജുകളിലും വന്നിട്ടുണ്ട്.

രാജ്യത്തെ സർവ്വെ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന എല്ലാ കമ്പനികളെയും ടെൻഡർ നടപടികളെക്കുറിച്ച് ബോധവാന്മാരാക്കുന്നതിനും പ്രീ-ബിഡ് കോൺഫറൻസിൽ പങ്കെടുപ്പിക്കുന്നതിനും എല്ലാവിധ സംശയങ്ങളും ദൂരീകരിക്കുന്നതിനുംവേണ്ട നടപടികളും സ്വീകരിച്ചിരുന്നു. കൂടാതെ ടെൻഡറിൽ ചെറുതും വലുതുമായ എല്ലാ ബിഡ്ഡർമാരുടെയും പങ്കാളിത്തം ഉറപ്പാക്കാൻ വിവിധ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെയും മതിയായ പ്രചാരണം നൽകുകയും ചെയ്തിട്ടുണ്ട്. പ്രീ ബിഡ് ടെൻഡറിൽ നേരിട്ട് ഓൺലൈനായി പങ്കെടുത്ത 12 ബിഡ്ഡർമാരും ഇ-മെയിൽവഴി ചോദ്യങ്ങൾ ഉന്നയിച്ച് പങ്കെടുത്ത 6 ബിഡ്ഡർമാരും ഉൾപ്പെടെ 18 പേരുടെ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

(സി) കരാർ പ്രകാരം നൽകേണ്ട ഉപകരണങ്ങൾ കമ്പനി നൽകിയിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ?

കരാർ പ്രകാരം നൽകേണ്ട ഉപകരണങ്ങൾ കമ്പനി നൽകിയിട്ടുണ്ട്.

(ഡി) ഏതുതരം ഉപകരണങ്ങളാണ് നൽകേണ്ടതെന്നും അതിന്റെ ഗുണമേന്മ എന്തായിരിക്കണമെന്നും കരാറിൽ വിശദീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

ഏതുതരം ഉപകരണങ്ങളാണ് നൽകേണ്ടതെന്നും അതിന്റെ ഗുണമേന്മ എന്തായിരിക്കണമെന്നും നിശ്ചയിക്കുന്നതിന് രാജ്യത്തിലെതന്നെ ലാൻഡ് സർവ്വെ രംഗത്തെ വിദഗ്ദ്ധരായ Survey of India, National Informatics Centre (NIC), Kerala State Remote Sensing & Environment Centre (KSREC), Kerala State IT Mission (KSITM), Kerala State Council for Science, Technology & Environment (KSCSTE), College of Engineering Thiruvananthapuram (CET) എന്നിവിടങ്ങളിലെ സാങ്കേതികവിദഗ്ദ്ധരും സർവ്വെ വകുപ്പിലെ സീനിയർ ഉദ്യോഗസ്ഥരും ഉൾപ്പെട്ട ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതും ടി ടെക്നിക്കൽ കമ്മിറ്റിയുടെ മേൽനോട്ടത്തിലാണ് ടെൻഡർ സ്പെസിഫിക്കേഷനും RFP-യും അന്തിമമാക്കി നിയമാനുസരണം ടെൻഡർ നടപടി പൂർത്തിയാക്കി ടെക്നിക്കൽ കമ്മിറ്റിയുടെ മേൽനോട്ടത്തിൽ

ഫീൽഡിൽ പരീക്ഷണം നടത്തി ഉപകരണങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കി വിതരണാനുമതി നൽകിയിട്ടുള്ളത്. അതനുസരിച്ച് കരാറിൽ ഏർപ്പെടുകയും ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

**ഡിജിറ്റൽ സർവ്വേ ഉപകരണങ്ങളുടെ ഗുണനിലവാരമില്ലായ്മ**

**401 (1669)** ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. ടി. സിദ്ദിഖ്:

ശ്രീമതി ഉമ തോമസ്:

ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജുകളിലെ ഡിജിറ്റൽ സർവ്വേയുടെ പുരോഗതി വിശദമാക്കാമോ?

സംസ്ഥാനത്തെ 1550 വില്ലേജുകളിലെ ഡിജിറ്റൽ സർവ്വേ റിക്കാർഡുകൾ നാല് വർഷംകൊണ്ട് പൂർത്തിയാക്കുന്നതിനുള്ള 858.42 കോടി രൂപയുടെ ബൃഹത് പദ്ധതിയാണ് 2022 നവംബർ 1-ന് തുടക്കം കുറിച്ചിട്ടുള്ളത്. പദ്ധതിയുടെ ആദ്യത്തെ മൂന്ന് വർഷങ്ങളിൽ 400 വില്ലേജുകൾ വീതവും നാലാം വർഷം 350 വില്ലേജുകളും ഉൾപ്പെടെയാണ് ആകെ 1550 വില്ലേജുകൾ കണക്കാക്കിയിരിക്കുന്നത്. ആദ്യഘട്ടത്തിൽ

തെരഞ്ഞെടുത്ത 200 വില്ലേജുകളിൽ 32 വില്ലേജുകളുടെ 9 (2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് തുടർനടപടികൾ പുരോഗതിയിലാണ്. പ്രസ്തുത 200 വില്ലേജുകളിലായി 131373 ഹെക്ടർ പുരോഗതിയാർജ്ജിച്ചിട്ടുണ്ട്. ഇതിൽ 90 ശതമാനത്തിൽ കൂടുതൽ ഫീൽഡ് സർവ്വെ ജോലികൾ പൂർത്തിയായ 39 വില്ലേജുകളും 80 ശതമാനത്തിൽ കൂടുതൽ ഫീൽഡ് സർവ്വെ ജോലികൾ പൂർത്തിയായ 18 വില്ലേജുകളും 70 ശതമാനത്തിൽ കൂടുതൽ ഫീൽഡ് സർവ്വെ ജോലികൾ പൂർത്തിയായ 9 വില്ലേജുകളും 50 ശതമാനത്തിൽ കൂടുതൽ ഫീൽഡ് സർവ്വെ ജോലികൾ പൂർത്തിയായ 15 വില്ലേജുകളും എന്നിങ്ങനെ ആകെ 50 ശതമാനത്തിന് മുകളിൽ പുരോഗതി കൈവരിച്ച 81 വില്ലേജുകളാണുള്ളത്. കൂടുതൽ ഉപകരണങ്ങൾ ലഭിച്ചിട്ടുള്ളതിനാൽ തുടർന്നുള്ള ഘട്ടങ്ങളിൽ കൂടുതൽ വേഗതയിൽ പുരോഗതിയാർജ്ജിക്കാൻ കഴിയുന്നതാണ്. കൂടാതെ രണ്ടാംഘട്ട 200 വില്ലേജുകളുടെ പ്രാരംഭ ജോലികളും അന്തിമഘട്ടത്തിലാണ്.

(ബി) ഡിജിറ്റൽ സർവ്വേയ്ക്ക് കരാർ കമ്പനി നൽകിയ ഉപകരണങ്ങളിൽ പലതും ഗുണമേന്മയില്ലാത്തവയും കൃത്യതയോടെയും പൂർണ്ണശേഷിയോടെയും

പ്രവർത്തിക്കാത്തവയുമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കരാർ കമ്പനി നൽകിയ ഉപകരണങ്ങളുടെ ഗുണനിലവാരമില്ലായ്മയാണോ ഡിജിറ്റൽ സർവ്വേ പുരോഗമിക്കാത്തതിന്റെ പ്രധാന കാരണമെന്ന് വ്യക്തമാക്കാമോ?

ഇല്ല. നിലവിൽ ഡിജിറ്റൽ സർവ്വെ ജോലികൾ പുരോഗതിയിലാണ്. ആദ്യമായാണ് ആധുനിക ഡിജിറ്റൽ ഉപകരണങ്ങൾ ഉപയോഗിച്ച് സംസ്ഥാന തലത്തിൽ വ്യാപകമായി സർവ്വെ ചെയ്യുന്നത്. ആധുനിക ഡിജിറ്റൽ സർവ്വെ ഉപകരണങ്ങളായ RTK rover, റോബോട്ടിക് ടോട്ടൽ സ്റ്റേഷൻ, ടാബ്‌ലെറ്റ് പിസി എന്നിവ ഉപയോഗിച്ച് സർവ്വെ ചെയ്യുന്നതും ജിയോ കോർഡിനേറ്റ് അടിസ്ഥാനത്തിലുള്ള പുതിയ സർവ്വെ രീതികൾ പിന്തുടരുന്നതിനും വകുപ്പിലെ ജീവനക്കാർക്ക് മതിയായ പരിശീലനം നൽകി പുരോഗതി കൂട്ടുന്നതിനുള്ള സത്വര നടപടികളാണ് സ്വീകരിച്ചുവരുന്നത്. നിലവിലെ ഡിജിറ്റൽ സർവ്വെ ജോലികൾ വിലയിരുത്തിയതിൽ സർവ്വെ ജോലികൾ പൂർത്തിയാക്കി 32 വില്ലേജുകളുടെ

9 (2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1996 കാലഘട്ടം മുതലാണ് കേരളത്തിൽ ടോട്ടൽ സ്റ്റേഷൻ ഉപയോഗിച്ച് സർവ്വെ നടപടികൾ നടത്തിത്തുടങ്ങിയത്. 26 വർഷംകൊണ്ട് ടോട്ടൽ സ്റ്റഷൻവഴി 85000 ഹെക്ടർ ഭൂമിയുടെ റീസർവ്വെയാണ് നടത്തിയിട്ടുള്ളത്. എന്നാൽ ഡിജിറ്റൽ റീസർവ്വെ സംസ്ഥാനത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയ 7 മാസക്കാലയളവിൽ 131373 ഹെക്ടർ ഭൂമി പുതിയ സർവ്വെ ഉപകരണങ്ങൾ വഴി സർവ്വെ ചെയ്യാൻ കഴിഞ്ഞതുവഴി ഡിജിറ്റൽ റീസർവ്വെയുടെ കൃത്യതയും വേഗതയും ഗുണമേന്മയും പ്രത്യക്ഷമായിത്തന്നെ മനസ്സിലാക്കാൻ കഴിയുന്നതാണ്.

**ഡിജിറ്റൽ സർവ്വേയുടെ നിലവിലെ പുരോഗതി**

**402 (1670)** <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര വില്ലേജുകളിലാണ് ഡിജിറ്റൽ സർവ്വേ നടക്കുന്നതെന്നും ഡിജിറ്റൽ സർവ്വേയുടെ നിലവിലെ പുരോഗതിയെന്താണെന്നും വിശദമാക്കാമോ?

സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ ഡിജിറ്റലായി സർവ്വെ നടന്ന 116 വില്ലേജുകൾ ഒഴികെയുള്ള 1550 വില്ലേജുകളിലാണ് ഡിജിറ്റൽ സർവ്വെ ചെയ്യാൻ ഉദ്ദേശിക്കുന്നത്. ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 200 വില്ലേജുകളിൽ 32 വില്ലേജുകളുടെ സർവ്വെ പൂർത്തീകരിച്ച് സർവ്വെ അതിരടയാള നിയമം 9(2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് തുടർ നടപടികൾ പുരോഗതിയിലാണ്. പ്രസ്തുത 200 വില്ലേജുകളിലായി 131373 ഹെക്ടർ സർവ്വെ ചെയ്തിട്ടുണ്ട്. രണ്ടാംഘട്ടത്തിലേയ്ക്ക് തെരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളുടെ പ്രാരംഭ ജോലികളും അന്തിമഘട്ടത്തിലാണ്.

(ബി) എത്ര വില്ലേജുകളിൽ ഡിജിറ്റൽ സർവ്വേ പൂർത്തികരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 200 വില്ലേജുകളിൽ 32 വില്ലേജുകളുടെ സർവ്വെ അതിരടയാള നിയമം 9(2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുള്ളതും തുടർന്ന് ലഭ്യമായ പരാതികൾ പരിഹരിക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലുമാണ്.

(സി) കൂടുതൽ വില്ലേജുകളിൽ ഡിജിറ്റൽ സർവ്വേ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

2022 നവംബർ 1-ന് തുടക്കംകുറിച്ച ഡിജിറ്റൽ സർവെ പദ്ധതിയുടെ ആദ്യത്തെ മൂന്ന് വർഷങ്ങളിൽ 400 വില്ലേജുകൾ വീതവും നാലാം വർഷം 350 വില്ലേജുകളും സർവ്വെ ചെയ്ത് ആകെ 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വെ നാല് വർഷത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

## ഡിജിറ്റൽ സർവ്വേ നടത്താനുള്ള ഉപകരണങ്ങൾ

**403 (1671)** <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ നടത്താനായി ഉപകരണങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ?

സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ നടത്താനായി ഉപകരണങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റിന്റെ പകർപ്പ് അനുബന്ധമായി+ ചേർത്തിരിക്കുന്നു.

**ഡിജിറ്റൽ സർവ്വേ**

**404 (1672)** <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>**:** താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ നടത്തുന്നതിനായുള്ള ഉപകരണങ്ങൾ വാങ്ങാനായി ക്ഷണിച്ച ടെൻഡർ രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ നടത്തുന്നതിനായുള്ള ഉപകരണങ്ങൾ വാങ്ങാനായി ക്ഷണിച്ച ടെൻഡർ രേഖകളുടെ ടെൻഡർ നോട്ടീസ്, RFP എന്നിവയുടെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

**ഡിജിറ്റൽ സർവ്വേയ്ക്കുവേണ്ടി വാങ്ങിയ ടാബ്‌ലറ്റ് പി.സി.**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**405 (1673)** ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ നടത്താനായി ഉപകരണങ്ങൾ വാങ്ങുന്നതിനായി പുറത്തിറക്കിയ ദർഘാസിൽ ഒരു ടാബ്‌ലറ്റ് പി.സി.-യുടെ വിലയായി എത്ര രൂപയാണ് കാണിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഏറ്റവും ആക്യുറസി ആവശ്യമുള്ള ഡിജിറ്റൽ സർവ്വെയിൽ വിവിധ പ്രതികൂല കാലാവസ്ഥകളെ അതിജീവിക്കുന്ന തരത്തിലുള്ള ഹൈ സ്പെസിഫിക്കേഷനുള്ള Rugged features, High processing capacity, RAM എന്നിവ ഉൾപ്പെടുത്തിയ ടാബുകളാണിവ. കൂടാതെ ഇവ സർവ്വെ പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ രീതിയിൽ 8 മുതൽ 12 മണിക്കൂർ വരെ ബാറ്ററി ബാക്കപ്പ് നിൽക്കുന്നതും ഡ്രോൺ ഇമേജുകൾ പോലുള്ള ഹൈ ക്വാളിറ്റി Imageries ഒട്ടും കാലതാമസം കൂടാതെ പ്രോസസ്സ് ചെയ്ത് കാണിക്കുന്നതിനും സൂര്യപ്രകാശത്തിലും വ്യക്തമായി ഡിസ്‌പ്ലേ ചെയ്യുന്നതിനും പര്യാപ്തമായ ഉപകരണങ്ങളാണ്. ഇത്തരം ടാബുകളെ മറ്റ് പ്രോസസ്സറുള്ള Low end ടാബുകളുമായി താരതമ്യം ചെയ്യാൻ

സാധിക്കുകയില്ല. ഏറ്റവും കുറഞ്ഞ തുകയ്ക്കാണ് ടി ഉപകരണങ്ങൾ ഏറ്റവും സുതാര്യമായ രീതിയിൽ ഇ-ടെൻഡർ പ്രക്രിയയിലൂടെ വാങ്ങിയിട്ടുള്ളത്. End point security, MDM (Mobile Device Management), 5 വർഷത്തേക്കുള്ള ബബർ ടു ബബർ വാറണ്ടി ചെലവുകൾ ഉൾപ്പെടെ ദർഘാസിൽ ഒരു ടാബ്‌ലറ്റ് പി.സി.-യുടെ വിലയായി 2,82,217/- രൂപയാണ് കാണിച്ചിട്ടുള്ളത്.

(ബി) ഇതുസംബന്ധിച്ച കരാർപ്രകാരം എത്ര ടാബ്‌ലറ്റ് പി.സി. വാങ്ങണമെന്നും എത്ര എണ്ണമാണ് വാങ്ങിയതെന്നും വ്യക്തമാക്കാമോ; കരാറെടുത്ത കമ്പനി നൽകിയ ടാബ്‌ലെറ്റ് പി.സി.-യുടെ സ്പെസിഫിക്കേഷനും നിർമ്മാണ കമ്പനിയുടെ വിവരവും നൽകാമോ?

ആദ്യ സപ്ലൈ ഓർഡർ പ്രകാരം 1200 ടാബ്‌ലെറ്റ് പി.സി.-കളും രണ്ടാം സപ്ലൈ ഓർഡർ പ്രകാരം 500 ടാബ്‌ലെറ്റ് പി.സി.-കളും ചേർത്ത് ആകെ 1700 ടാബ്‌ലെറ്റ് പി.സി.-കൾ വാങ്ങുന്നതിനാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. ആയതിൽ നിലവിൽ 1700 ടാബ്‌ലെറ്റ് പി.സി.-കൾ കമ്പനി വിതരണം ചെയ്തിട്ടുണ്ട്. Zebra കമ്പനിയുടെ ടാബ്‌ലെറ്റ് പി.സി.-കൾ ആണ്

വാങ്ങിയിട്ടുള്ളത്. RFP പ്രകാരമുള്ള ടാബ്‌ലെറ്റ് പി.സി.-യുടെ സ്പെസിഫിക്കേഷൻ അനുബന്ധമായി+ ചേർക്കുന്നു.

Items - 10 inch Tablet PC (as per 1st &2nd supply order)

Brand/Company name - Zebra

Rate - 2,82,217/-

Numbers - 1700

(സി) ടാബ്‌ലെറ്റ് പി.സി. വാങ്ങിയ ഇനത്തിൽ എത്ര രൂപയാണ് കരാർ എടുത്ത കമ്പനിക്ക് നൽകിയതെന്ന് വ്യക്തമാക്കാമോ?

1st സപ്ലൈ ഓർഡർ പ്രകാരം 200,63,85,205/- രൂപയും, 2nd സപ്ലൈ ഓർഡർ പ്രകാരം 63,84,78,500/- രൂപയും ചേർത്ത് ആകെ 264,48,63,705/- രൂപയാണ് കരാർ പ്രകാരമുള്ള സർവ്വെ ഉപകരണങ്ങൾ വാങ്ങിയതിന് (ടാബ്‌ലെറ്റ് പി.സി. ഉൾപ്പെടെ) സ്ഥാപനത്തിന് നൽകാനുള്ളത്. എന്നാൽ, നാളിതുവരെ 1st സപ്ലൈ ഓർഡർ പ്രകാരം നൽകാനുള്ള 200,63,85,205/- രൂപയിൽ 1,18,49,63,492/- രൂപ (നികുതി ഉൾപ്പെടെ) സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. കമ്പനി സമർപ്പിച്ചിട്ടുള്ള ഇൻവോയിസ് അനുസരിച്ച് എല്ലാ സർവ്വെ ഉപകരണങ്ങൾക്കുംകൂടിയുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തുകയുടെ 70 ശതമാനം തുക ആദ്യ ഘട്ടത്തിൽ നൽകുന്നതിനാണ് കരാറിൽ നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ നാളിതുവരെ 59 ശതമാനം തുക മാത്രമേ നൽകിയിട്ടുള്ളൂ.

**ഡിജിറ്റൽ സർവ്വേ ഉപകരണങ്ങൾ വാങ്ങാനായി കരാർ**

**406 (1674)** ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വെ നടത്തുന്നതിന് ഉപകരണങ്ങൾ വാങ്ങാനായി ഹെക്സഗൺ ജിയോ സിസ്റ്റംസ് ഇന്ത്യ എന്ന കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വെ നടത്തുന്നതിന് ഉപകരണങ്ങൾ വാങ്ങാനായി ഹെക്സഗൺ ജിയോ സിസ്റ്റംസ് ഇന്ത്യ എന്ന കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

(ബി) ഗ്ലോബൽ ടെൻഡർ നടപടികളിലൂടെയാണോ പ്രസ്തുത കമ്പനിയെ തെരഞ്ഞെടുത്തതെന്ന് വ്യക്തമാക്കാമോ;

(സി) അല്ലെങ്കിൽ ഗ്ലോബൽ ടെൻഡർ ക്ഷണിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

(ബി&സി) ഗ്ലോബൽ ടെൻഡർ (ഇ-ടെൻഡർ) നടപടികളിലൂടെ 3 തവണ ടെൻഡർ നടപടികൾ ക്ഷണിച്ച് നിയമാനുസൃത നടപടികൾ പൂർത്തിയാക്കിയാണ് ഹെക്സഗൺ ജിയോ സിസ്റ്റംസ് ഇന്ത്യ എന്ന കമ്പനിയെ തെരഞ്ഞെടുത്തിട്ടുള്ളത്.

(ഡി) ഇ-ടെൻഡർ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണോ പ്രസ്തുത കമ്പനിയെ തെരഞ്ഞെടുത്തതെന്ന് വ്യക്തമാക്കാമോ?

ഇ-ടെൻഡർ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് പ്രസ്തുത കമ്പനിയെ തെരഞ്ഞെടുത്തത്. ഇ-പ്രൊക്യൂർമെന്റ് പോർട്ടലിൽ ടെൻഡർ പ്രസിദ്ധീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ടെൻഡർ

സംബന്ധിച്ച വിവരം 14-ഓളം ടെൻഡർ വെബ്സൈറ്റുകളിലും/സോഷ്യൽ മീഡിയ പേജുകളിലും വന്നിട്ടുള്ളതുമാണ്.

**റീസർവ്വേ നടപടികൾ**

407 (1675) ശ്രീ. മോൻസ് ജോസഫ്:

ശ്രീ. പി. ജെ. ജോസഫ്:

ശ്രീ. അനൂപ് ജേക്കബ്:

ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീസർവ്വെ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് റീസർവ്വെ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി സംസ്ഥാനത്താകെയുള്ള 1666 വില്ലേജുകളിൽ നിലവിൽ ഡിജിറ്റലായി സർവ്വെ പൂർത്തിയാക്കിയിട്ടുള്ളതും പുരോഗതിയിലുള്ളതുമായ 116 വില്ലേജുകളൊഴികെ ശേഷിക്കുന്ന 1550 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വെ പൂർത്തിയാക്കുന്നതിന് ഡിജിറ്റൽ സർവ്വെ പദ്ധതി 01-11-2022-ൽ

ആരംഭിച്ചിട്ടുണ്ട്. 858 കോടി രൂപയുടെ ബൃഹത് പദ്ധതിയാണ് സർക്കാർ വിഭാവനം ചെയ്തത്. ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 200 വില്ലേജുകളിൽ 32 വില്ലേജുകളുടെ സർവ്വെ പൂർത്തീകരിച്ച് സർവ്വെ അതിരടയാള നിയമം 9(2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് തുടർ നടപടികൾ പുരോഗതിയിലാണ്. പ്രസ്തുത 200 വില്ലേജുകളിലായി 131373 ഹെക്ടർ സർവ്വെ ചെയ്തിട്ടുണ്ട്. രണ്ടാംഘട്ടത്തിലേയ്ക്ക് തെരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളുടെ പ്രാരംഭ ജോലികളും അന്തിമഘട്ടത്തിലാണ്.

ഡിജിറ്റൽ സർവ്വെ പദ്ധതിക്കായി 1500 സർവ്വെയർമാരെയും 3200 ഹെൽപ്പർമാരെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കരാറടിസ്ഥാനത്തിൽ നിയമിക്കാൻ തീരുമാനിക്കുകയും നിയമനം നടത്തിയിട്ടുള്ളതുമാണ്. ആധുനിക സർവ്വെ ഉപകരണങ്ങളായ Continuously Operating Reference Stations (CORS), Real Time Kinematic Rover (RTK), Robotic ETS, Tablet PC എന്നിവ ഉപയോഗിച്ചാണ് ഡിജിറ്റൽ സർവ്വെ നടത്തുന്നത്. പദ്ധതിയിൽ പൂർണ്ണ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനായി ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള വില്ലേജുകളിലെ എല്ലാ വാർഡുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ

സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമസഭകളായി സർവ്വെ സഭയും സർവ്വെ ജാഗ്രതാ സമിതിയും സംഘടിപ്പിച്ച് ഡിജിറ്റൽ സർവ്വെ പദ്ധതിയെ സംബന്ധിച്ച് വിശദീകരിച്ച് നൽകിയിട്ടുണ്ട്. കൂടാതെ സർവ്വെ സംബന്ധമായ സംശയങ്ങൾക്ക് മറുപടി നൽകുന്നതിനായി 1800-4255-080 എന്ന ടോൾ ഫ്രീ നമ്പർ നൽകിയിട്ടുള്ളതും ഡിജിറ്റൽ സർവ്വെ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും സർവ്വെ സംബന്ധിച്ച് പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനും "എന്റെ ഭൂമി" എന്ന ഓൺലൈൻ പോർട്ടലും NIC മുഖേന തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഏതെല്ലാം ജില്ലകളിൽ റീസർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

റീസർവ്വെ നടപടികൾ എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുള്ളതും സംസ്ഥാനത്താകെയുള്ള 1666 വില്ലേജുകളിൽ 922 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളതുമാണ്.

ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ചിട്ടുള്ള റീസർവ്വെ പ്രകാരം ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 200 വില്ലേജുകളുടെ റീസർവ്വെ നടപടികൾ പൂർത്തീകരിച്ചുവരുന്നു. സംസ്ഥാനത്തെ 14 ജില്ലകളിൽനിന്നും പ്രാധാന്യമനുസരിച്ച് തെരഞ്ഞെടുത്ത 200 വില്ലേജുകൾവീതം ഡിജിറ്റൽ സർവ്വെ പൂർത്തീകരിക്കുകയും അത്തരത്തിൽ 4 വർഷംകൊണ്ട് 1550 വില്ലേജുകളുടെയും ഡിജിറ്റൽ റീസർവ്വെ പൂർത്തിയാക്കുകയുമാണ് ലക്ഷ്യം. അതിനാൽ ജില്ലാടിസ്ഥാനത്തിൽ പൂർത്തീകരണ പുരോഗതി വിലയിരുത്താനാകില്ല.

(സി) റീസർവ്വെ നടപടികൾ പൂർത്തിയായ വില്ലേജുകളിലെ അപാകതകൾ സംബന്ധിച്ച പരാതികൾ പരിഹരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ?

റീസർവ്വെ നടപടികൾ പൂർത്തിയാക്കി റവന്യൂ ഭരണത്തിനായി റിക്കാർഡുകൾ കൈമാറിയിട്ടുള്ള വില്ലേജുകളിൽ റീസർവ്വെ അപാകത സംബന്ധിച്ച് ലഭിച്ച പരാതികൾ ഏറിയ പങ്കും പരിഹരിച്ചിട്ടുള്ളതാണ്. നിലവിൽ ലഭ്യമായ സർവ്വെയർമാരുടെ സേവനം പ്രയോജനപ്പെടുത്തി

അപേക്ഷകളുടെ മുൻഗണനാക്രമത്തിൽ പരാതിക്കിടവരാത്തവിധം ടി പരാതികൾ പരിഹരിച്ചുവരുന്നു.

(ഡി) റീസർവ്വെ നടപടികളിലെ അപാകതകൾ പരിഹരിക്കുന്നതിനായി രൂപീകരിച്ച സ്പെഷ്യൽ ഡ്രൈവിന്റെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

റീസർവ്വെ അപാകതകൾ പരിഹരിക്കുന്നതിന് സ്പെഷ്യൽ ഡ്രൈവുകൾ സംഘടിപ്പിച്ച് നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. റീസർവ്വെ അപാകത സംബന്ധിച്ച് സംസ്ഥാനത്താകെ 700345 പരാതികൾ ലഭിച്ചതിൽ 557240 പരാതികൾ പരിഹരിച്ചിട്ടുള്ളതും 143105 പരാതികൾ പരിഹരിക്കാൻ ശേഷിക്കുന്നതുമാണ്.

(ഇ) റീസർവ്വേ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ആധുനിക സാങ്കേതിക ഉപകരണങ്ങൾ പ്രയോജനപ്പെടുത്തി കൃത്യതയോടും സമയബന്ധിതമായും ഡിജിറ്റൽ റീസർവ്വെ പൂർത്തിയാക്കുന്നതിന് ആദ്യത്തെ മൂന്ന് വർഷങ്ങളിൽ 400 വില്ലേജുകൾ

വീതവും നാലാം വർഷം 350 വില്ലേജുകളും സർവ്വെ ചെയ്ത് ആകെ 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വെ നാലുവർഷത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

**ഡിജിറ്റൽ സർവ്വേ പുരോഗതി**

**408 (1676)** <u>ശ്രീ. വി. ആർ. സുനിൽകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡിജിറ്റൽ സർവ്വേ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

"എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്" എന്നീ പ്രഖ്യാപിത ലക്ഷ്യങ്ങളോടെ സംസ്ഥാനത്ത് 1550 വില്ലേജുകളിലെ ഡിജിറ്റൽ സർവ്വെ റിക്കാർഡുകൾ നാല് വർഷംകൊണ്ട് പൂർത്തിയാക്കുന്നതിനുള്ള ബൃഹത് പദ്ധതിക്കാണ് സർക്കാർ തുടക്കം കുറിച്ചിട്ടുള്ളത്. പദ്ധതിയുടെ ആദ്യത്തെ മൂന്ന് വർഷങ്ങളിൽ 400 വില്ലേജുകൾ വീതവും നാലാം വർഷം 350 വില്ലേജുകളും ഉൾപ്പെടെയാണ്

ആകെ 1550 വില്ലേജുകൾ കണക്കാക്കിയിരിക്കുന്നത്. ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 200 വില്ലേജുകളിൽ 15 വില്ലേജുകളുടെ സർവ്വെ അതിരടയാള നിയമം 9 (2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് തുടർനടപടികൾ പുരോഗതിയിലാണ്. പ്രസ്തുത 200 വില്ലേജുകളിലായി 124014.83 ഹെക്ടർ പുരോഗതിയാർജ്ജിച്ചിട്ടുണ്ട്. രണ്ടാംഘട്ട 200 വില്ലേജുകളുടെ പ്രാരംഭ ജോലികളും നടന്നുവരുന്നു.

(ബി) നിലവിലെ സ്ഥിതിയിൽ എത്രകാലംകൊണ്ട് സംസ്ഥാനത്തെ റീസർവ്വെ പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഡിജിറ്റൽ റീസർവ്വെ നാലുവർഷത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

(സി) ഡിജിറ്റൽ സർവ്വേ സമയത്തുതന്നെ ഭൂവുടമസ്ഥരുടെ പരാതികൾ പരിഹരിക്കുന്നതിനും അവരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

പൂർണ്ണ ജനപങ്കാളിത്തത്തോടെയാണ് ഡിജിറ്റൽ സർവ്വെ നടത്തുന്നത്. പദ്ധതി സംബന്ധിച്ച വിവരം ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും

ഡിജിറ്റൽ സർവ്വെയുടെ പ്രാധാന്യത്തെക്കുറിച്ച് വിശദീകരിക്കുന്നതിനും ഭൂസംബന്ധമായ ആശങ്കകൾ പരിഹരിക്കുന്നതിനും ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളിലെ എല്ലാ വാർഡുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമസഭകളായി സർവ്വെ സഭകൾ സംഘടിപ്പിച്ച് ഡിജിറ്റൽ സർവ്വെയുടെ പ്രാധാന്യവും പദ്ധതിയിൽ ജനങ്ങളുടെ പങ്കും ഡിജിറ്റൽ സർവ്വെ പദ്ധതിയുടെ ഗുണങ്ങളും വിശദീകരിച്ച് വ്യക്തമായ മാർഗ്ഗരേഖയും സർവ്വെ സഭകളിൽ വിശദീകരിച്ച് നൽകിയിട്ടുണ്ട്.

കൂടാതെ ഓരോ വില്ലേജിലും എല്ലാ ഭൂവുടമകളെയും പങ്കെടുപ്പിച്ചുകൊണ്ട് വാർഡ് തലത്തിൽ ജാഗ്രതാ സമിതി സംഘടിപ്പിച്ച് ഡിജിറ്റൽ റീസർവ്വെ സംബന്ധിച്ച അവബോധം നൽകിവരുന്നു. സർവ്വെ സംബന്ധമായ സംശയങ്ങൾക്ക് മറുപടി നൽകുന്നതിനായി 1800-4255-080 എന്ന ടോൾഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുള്ളതുമാണ്. കൂടാതെ ഡിജിറ്റൽ സർവ്വെയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും സർവ്വേ സംബന്ധിച്ച് പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനും

“എന്റെ ഭൂമി” എന്ന ഓൺലൈൻ പോർട്ടലും സജ്ജീകരിച്ചിട്ടുള്ളതും സർവ്വെ വിവരം ഭൂവുടമസ്ഥരുടെ മൊബൈൽ ഫോണിൽ SMS ആയി നൽകുന്നതിനുള്ള സംവിധാനവും പദ്ധതിയുടെ ഭാഗമായി ഒരുക്കിയിട്ടുണ്ട്.

**തരംമാറ്റപ്പെട്ട ഭൂമിയുടെ വിശദാംശങ്ങൾ**

**409 (1677)** ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-ലെ നെൽവയൽ-തണ്ണീർത്തട നിയമ ഭേദഗതി നടപ്പിലാക്കിയശേഷം എത്ര ഹെക്ടർ ഭൂമി തരംമാറ്റം നടത്തിയിട്ടുണ്ടെന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

2018-ലെ നെൽവയൽ-തണ്ണീർത്തട നിയമ ഭേദഗതി നടപ്പിലാക്കിയ ശേഷം തരംമാറ്റം നടത്തിയ ഭൂമിയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം - 348.75.11 ഹെക്ടർ

കൊല്ലം - 561.95.84 ഹെക്ടർ

പത്തനംതിട്ട - 196.07.08 ഹെക്ടർ

| | | |
|---|---|---|
| ആലപ്പുഴ | - | 526.41.54 ഹെക്ടർ |
| കോട്ടയം | - | 411.41.64 ഹെക്ടർ |
| ഇടുക്കി | - | 83.34.71 ഹെക്ടർ |
| എറണാകുളം | - | 746.84.59 ഹെക്ടർ |
| തൃശ്ശൂർ | - | 1069.78.95 ഹെക്ടർ |
| പാലക്കാട് | - | 412.04.98 ഹെക്ടർ |
| മലപ്പുറം | - | 357.54.12 ഹെക്ടർ |
| കോഴിക്കോട് | - | 428.45.2 ഹെക്ടർ |
| വയനാട് | - | 90.99 ഹെക്ടർ |
| കണ്ണൂർ | - | 548.44.73 ഹെക്ടർ |
| കാസർഗോഡ് | - | 303.54.14 ഹെക്ടർ |

**വടകരയിലെ റവന്യൂ ടവർ നിർമ്മാണം**

**410 (1678)** ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകരയിൽ റവന്യൂ ടവർ നിർമ്മിക്കുന്നതിനായുള്ള പദ്ധതി സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഏറ്റെടുത്തത് എന്നാണെന്ന് വ്യക്തമാക്കാമോ?

2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലും മറുപടി പ്രസംഗത്തിലും കിഫ്ബി ധനസഹായത്തോടുകൂടി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച വടകര റവന്യൂ ടവർ ഉൾപ്പെടെയുള്ള റവന്യൂ ടവറുകളുടെയും മിനി സിവിൽ സ്റ്റേഷനുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ 31-08-2018-ലെ സ.ഉ. (സാധാ) നം. 3570/2018/റവ നമ്പർ ഉത്തരവുപ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ളതാണ്.

(ബി) റവന്യൂ ടവർ നിർമ്മാണത്തിന്റെ എസ്റ്റിമേറ്റും ഡ്രോയിംഗുകളും ഉൾപ്പെടെയുള്ള ഡോക്യുമെന്റ്സ് ആദ്യമായി ബോർഡ് കിഫ്ബിക്ക്

സമർപ്പിച്ചത് എന്നാണെന്നും ഇതിൽ എന്തൊക്കെ റെക്റ്റിഫിക്കേഷനുകളും കൂട്ടിച്ചേർക്കലുകളുമാണ് അന്ന് കിഫ്ബി ആവശ്യപ്പെട്ടതെന്നും ഇവ ആവശ്യപ്പെട്ടുകൊണ്ട് കിഫ്ബി ഡോക്യുമെന്റ് മടക്കിയത് എന്നാണെന്നുമുള്ള വിശദാംശം അറിയിക്കുമോ?

പ്രസ്തുത റവന്യൂ ടവർ നിർമ്മാണത്തിന്റെ എസ്റ്റിമേറ്റും ഡ്രോയിംഗുകളും ഉൾപ്പെടെയുള്ള ഡോക്യുമെന്റ്സ് ആദ്യമായി ബോർഡ് 26-11-2021-ലാണ് കിഫ്ബി പോർട്ടൽ മുഖേന കിഫ്ബിക്ക് സമർപ്പിച്ചത്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ലേ-ഔട്ട്, ഡ്രായിംഗ്സ്, ഡിസൈൻ, എസ്റ്റിമേറ്റ്, സ്ഥല വിന്യാസം തുടങ്ങിയ പരാമർശങ്ങളടങ്ങിയ 185 ക്വറികളാണ് കിഫ്ബി ഉന്നയിച്ച് 31-01-2022-ൽ ബോർഡിന് മടക്കുകയുണ്ടായത്.

(സി) ഇതിനുശേഷം എത്ര തവണയാണ് തിരുത്തൽ വരുത്തിയ ഡോക്യുമെന്റുകൾ സമർപ്പിക്കുകയും വീണ്ടും തിരുത്താൻ ആവശ്യപ്പെട്ട് മടക്കുകയും ചെയ്തിട്ടുള്ളത്; ഓരോ തവണയും സമർപ്പിച്ച തീയതിയും മടക്കിയ തീയതിയും അറിയിക്കുമോ?

പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് കിഫ്ബി 31-01-2022-ൽ ഡോക്യുമെന്റ്സ് മടക്കിയതിനെത്തുടർന്ന് തിരുത്തൽ വരുത്തിയ ഡോക്യുമെന്റുകൾ സമർപ്പിക്കുകയും വീണ്ടും തിരുത്താൻ ആവശ്യപ്പെട്ട് മടക്കുകയും ചെയ്ത തീയതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **കിഫ്ബിക്ക് ബോർഡ് സമർപ്പിച്ച തീയതി** | **കിഫ്ബി മടക്കിയ തീയതി** |
| --- | --- |
| 30-03-2022 | 16-04-2022 |
| 21-05-2022 | 24-05-2022 |
| 23-06-2022 | 21-07-2022 |
| 03-12-2022 | 21-12-2022 |
| 04-01-2023 | 17-01-2023 |
| 17-01-2023 | 25-01-2023 |
| 02-02-2023 | 22-06-2023 |
| 16-08-2023 | നിലവിൽ കിഫ്ബിയുടെ പരിഗണനയിലാണ്. |

(ഡി) ഏറ്റവും ഒടുവിൽ റെക്ടിഫിക്കേഷൻ ആവശ്യപ്പെട്ട് കിഫ്ബി ഡോക്യുമെന്റുകൾ മടക്കിയത് എന്നാണെന്നും എന്തൊക്കെ റെക്ടിഫിക്കേഷനുകളാണ് കിഫ്ബി ഇതിൽ ആവശ്യപ്പെട്ടിട്ടുള്ളതെന്നും വിശദമാക്കാമോ?

ഏറ്റവും ഒടുവിൽ കിഫ്ബി പോർട്ടൽ മുഖേന ഡോക്യുമെന്റുകൾ മടക്കിയത് 22-06-2023-ൽ ആണ്. ഡ്രോയിംഗ്, ഡിസൈൻ സംബന്ധിച്ചും സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസ് സംബന്ധിച്ചുമുള്ള റെക്ടിഫിക്കേഷനുകളാണ് ആവശ്യപ്പെട്ടിരുന്നത്.

(ഇ) കിഫ്ബി ആവശ്യപ്പെട്ടിട്ടുള്ളവയിൽ ഭവന നിർമ്മാണ ബോർഡിന് തിരുത്തലുകൾ വരുത്താൻ കഴിയാത്ത എന്തെങ്കിലും റെക്ടിഫിക്കേഷനുകൾ ഉൾപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ റെക്ടിഫിക്കേഷനുകൾ വരുത്തി ഡോക്യൂമെന്റുകൾ എന്നത്തേയ്ക്ക് കിഫ്ബിക്ക് സമർപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

കിഫ്ബി ആവശ്യപ്പെട്ടിട്ടുള്ളവയിൽ ഭവന നിർമ്മാണ ബോർഡിന് തിരുത്തലുകൾ വരുത്താൻ കഴിയാത്ത റെക്ടിഫിക്കേഷനുകൾ ഉൾപ്പെട്ടിട്ടില്ല. ഡിസൈനും ഡ്രായിംഗുകളും സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസും സംബന്ധിച്ച റെക്ടിഫിക്കേഷൻ വരുത്തി ഡോക്യുമെന്റുകൾ 16-08-2023-ൽ കിഫ്ബിക്ക് സമർപ്പിച്ചിട്ടുള്ളതാണ്.

**പട്ടാമ്പി മണ്ഡലത്തിലെ റവന്യൂ ടവർ നിർമ്മാണം**

**411 (1679)** **<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ ഹൗസിംഗ് ബോർഡ് നടപ്പിലാക്കുന്ന റവന്യൂ ടവർ നിർമ്മാണത്തിന്റെ പുരോഗതിയുടെ വിശദാംശം നൽകാമോ?

പട്ടാമ്പി റവന്യൂ ടവറിന്റെ നിർമ്മാണത്തിനായി കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ടിന് 09-09-2021-ലെ സ.ഉ.(സാധാ)നം.3020/2021/റവ നമ്പർ പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. പ്രസ്തുത പദ്ധതി റിപ്പോർട്ട് നിലവിൽ കിഫ്ബിയുടെ പരിഗണനയിലാണ്.

(ബി) പ്രസ്തുത നിർമ്മാണത്തിനായി എത്ര രൂപയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടെന്ന വിവരവും ഭരണാനുമതിയുടെ പകർപ്പും ലഭ്യമാക്കുമോ?

പ്രസ്തുത നിർമ്മാണത്തിനായി 36.54 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കുകയും തുടർന്ന് കിഫ്ബിയുമായി നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ പദ്ധതിച്ചെലവ് 27.71 കോടി രൂപയായി

കുറച്ചതിൻപ്രകാരം കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് തയ്യാറാക്കിയ പുതുക്കിയ ഡി.പി.ആർ. നിലവിൽ കിഫ്ബിയുടെ പരിഗണനയിലുമാണ്. ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

**ഹൗസിംഗ് ബോർഡിന്റെ കൈവശമുള്ള ഭൂമിയിൽ ഭവന സമുച്ചയം**

**412 (1680)** <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി ടൗണിൽ ഹൗസിംഗ് ബോർഡിന്റെ കൈവശമുള്ള ഭൂമിയിൽ ഭവന സമുച്ചയം നിർമ്മിക്കുന്നതിന് 29-02-2016-ലെ ജി.ഒ. (എം.എസ്.) നമ്പർ.17/2016/എച്ച്.എസ്.ജി. പ്രകാരം സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് അനുമതി ലഭ്യമായെങ്കിലും നാളിതുവരെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിൽനിന്ന് സർക്കാർ പിന്മാറിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

(എ&ബി) കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരി ടൗണിൽ ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ 14 നിലകളുള്ള 1112.56 ച.മീ. വിസ്തീർണ്ണമുള്ള 72 ഫ്ലാറ്റുകൾ അടങ്ങുന്ന ഒരു റെസിഡൻഷ്യൽ അപ്പാർട്ട്മെന്റ് പാരസ്പര്യ പദ്ധതിയായി നിർമ്മിക്കുന്നതിന് ഉപഭോക്താക്കളിൽനിന്നും മുൻകൂറായി തുക സ്വരൂപിക്കണമെന്ന വ്യവസ്ഥയിലും ഇതുമൂലമുണ്ടാകുന്ന യാതൊരു സാമ്പത്തിക ബാധ്യതയും സർക്കാർ ഏറ്റെടുക്കുന്നതല്ലെന്നും ടി പദ്ധതി സമയബന്ധിതമായി നിലവിൽ നിശ്ചയിച്ചിട്ടുള്ള പ്രോജക്ട് കോസ്റ്റിൽ ചെലവ് നിയന്ത്രിച്ചുകൊണ്ട് പൂർത്തിയാക്കണമെന്ന വ്യവസ്ഥയിലും നടപ്പിലാക്കുന്നതിന് 29-02-2016-ലെ ജി.ഒ.(എം.എസ്) നമ്പർ.17/2016/എച്ച്.എസ്.ജി. പ്രകാരം പദ്ധതി അംഗീകരിച്ച് ഉത്തരവായിരുന്നുവെങ്കിലും ഫ്ലാറ്റുകൾക്ക് മതിയായ സ്വീകാര്യത ലഭ്യമാകാത്തതിനാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടില്ല. സർക്കാരിന്റെ പ്ലാൻ ഫണ്ട് വിനിയോഗിച്ചല്ല പദ്ധതി നടപ്പിലാക്കുന്നത്.

ഉപഭോക്താക്കളിൽനിന്നും മുൻകൂറായി തുക സ്വരൂപിച്ചാണ് പദ്ധതി നടപ്പിലാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളത്. 29-02-2016-ലെ ജി.ഒ. (എം.എസ്) നമ്പർ.17/2016/എച്ച്.എസ്.ജി. നമ്പർ സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

**കാസർഗോഡ് നഗരസഭയിലെ തളങ്കര പ്രദേശത്ത് തുറമുഖ വകുപ്പിന്റെ ടൂറിസം പദ്ധതി**

**413 (1681)** <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നഗരസഭയിലെ തളങ്കര പ്രദേശത്ത് ടൂറിസം പദ്ധതി നടപ്പിലാക്കാൻ തുറമുഖ വകുപ്പ് പദ്ധതി ആവിഷ്കരിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ?

തളങ്കര പ്രദേശത്ത് ടൂറിസം പദ്ധതികളൊന്നും ഇതുവരെ നടപ്പിലാക്കിയിട്ടില്ല.

(ബി) തുറമുഖ വകുപ്പുമന്ത്രി പങ്കെടുത്ത യോഗത്തിൽ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിൽ ഇതുമായി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബന്ധപ്പെട്ട പ്രോജക്ട് ഡിസ്‌പ്ലേ ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രോജക്ടിന്റെ വിശദാംശം നൽകാമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം പ്രവർത്തനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും എസ്റ്റിമേറ്റ് തുക എത്രയാണെന്നും ഭരണാനുമതി എപ്പോൾ ലഭ്യമാകുമെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രോജക്ട് തയ്യാറാക്കിയതാരാണെന്ന് അറിയിക്കാമോ?

(ബി-ഡി) തളങ്കരയിലെ കേരള മാരിടൈം ബോർഡിന്റെ ഭൂമിയിൽ സ്വകാര്യ വ്യക്തികളുടെ നിക്ഷേപത്തോടെ ടൂറിസം പ്രവൃത്തികൾക്ക് സാധ്യതയുണ്ടോയെന്ന് പരിശോധിക്കുന്നതിനായി തുറമുഖ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നിക്ഷേപ സംഗമങ്ങൾ നടത്തിയിരുന്നു. തുടർ നടപടികൾ പരിഗണനയിലാണ്.

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണ പുരോഗതി**

**414 (1682)** ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീമതി സി. കെ. ആശ:

**ശ്രീ. സി. സി. മുകുന്ദൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ വൻകിട പദ്ധതികളിലൊന്നായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ നിർമ്മാണ പുരോഗതികൾ നിരന്തരം വിലയിരുത്തി വരുന്നുണ്ട്. കരാർ കമ്പനി സമർപ്പിച്ച പുതുക്കിയ ഷെഡ്യൂൾ പ്രകാരം 2024 ഡിസംബറിൽ തുറമുഖത്തിന്റെ ഒന്നാംഘട്ടം പൂർത്തീകരിക്കാമെന്നാണ് കരുതുന്നത്. ഒക്ടോബർ 4-ാം തീയതി ക്രെയിനുകൾ വഹിച്ചുകൊണ്ടുള്ള വലിയ കപ്പൽ വിഴിഞ്ഞത്തെത്തും. അതിനനുസൃതമായി പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ നിർമ്മാണം പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. ഗേറ്റ് കോംപ്ലക്സിന്റെയും ട്രാൻസ്ഫോർമറുകളുടെയും ഉദ്ഘാടനം നിർവഹിച്ചു. വർക്ക് ഷെഡിന്റെ പ്രവർത്തനം ആരംഭിച്ചു. പുലിമുട്ട് 2300 മീറ്റർ പൂർത്തിയാക്കി. 400 മീറ്റർ

നീളമുള്ള ആദ്യബർത്തിന്റെ നിർമ്മാണം പൂർത്തിയായിവരുന്നു. തുറമുഖത്തേയ്ക്കുള്ള റോഡിന്റെയും മറ്റ് യൂട്ടിലിറ്റി സർവ്വീസുകളുടേയും നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിവരുന്നു. മറ്റെല്ലാ ഘടകങ്ങളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ പുരോഗമിച്ചുവരുന്നു.

(ബി) ക്രെയിനുകൾ ഉൾപ്പെടെയുള്ള ആധുനിക സാങ്കേതിക സംവിധാനങ്ങൾ തുറമുഖത്ത് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ഒക്ടോബർ ആദ്യവാരത്തിൽ ക്രെയിനുകൾ വിഴിഞ്ഞം തുറമുഖത്തെത്തിത്തുടങ്ങുമെന്നാണ് കരാർ കമ്പനി അറിയിച്ചിരിക്കുന്നത്.

(സി) അന്താരാഷ്ട്ര തുറമുഖ പരിപാലനവുമായി ബന്ധപ്പെട്ട ഇന്റർനാഷണൽ ഷിപ്പ് ആൻഡ് പോർട്ട് ഫെസിലിറ്റി സെക്യൂരിറ്റി കോഡ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് ലഭിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ;

(ഡി) വിഴിഞ്ഞം തുറമുഖത്തിന് അന്താരാഷ്ട്ര നിലവാരത്തിലുള്ള സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ

ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

(സി&ഡി) അന്താരാഷ്ട്ര തുറമുഖ പരിപാലനവുമായി ബന്ധപ്പെട്ട് ISPS സർട്ടിഫിക്കേഷൻ ലഭ്യമാക്കുവാനുള്ള നടപടികൾ കൺസഷനയർ സ്വീകരിച്ചുവരുന്നുണ്ട്. ഇതുസംബന്ധിച്ച് വിവിധ ഏജൻസികൾ രണ്ടുവട്ടം ഇൻസ്പെക്ഷനുകൾ നടത്തിയിട്ടുണ്ട്. അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കമ്പനി തുടർ നടപടികൾ സ്വീകരിച്ചുവരികയാണ്.

(ഇ) വിഴിഞ്ഞം തുറമുഖത്തുനിന്നും കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിന് അന്താരാഷ്ട്ര ഏജൻസികളുടെ താല്പര്യപത്രം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പൊതു-സ്വകാര്യ പങ്കാളിത്ത അടിസ്ഥാനത്തിലുള്ള തുറമുഖത്തിന്റെ നടത്തിപ്പ് ചുമതല കരാർ കമ്പനിയിലാണ് നിക്ഷിപ്തമായിട്ടുള്ളത്. കരാർ പ്രകാരമുള്ള വാണിജ്യ സാധ്യതകൾ കൺസഷനയർ ആണ് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നത്.

**വിഴിഞ്ഞം തുറമുഖത്തുനിന്നും കപ്പൽ സർവ്വീസ്**

**415 (1683)** <u>ശ്രീ. കുറുക്കോളി മൊയ്തീൻ:</u>

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u>

<u>ശ്രീ. പി. അബ്ദുൽ ഹമീദ്:</u>

<u>ഡോ. എം. കെ. മുനീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി സംസ്ഥാനത്തെ മറ്റ് തുറമുഖങ്ങളിലേയ്ക്ക് കപ്പൽ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) എങ്കിൽ ഏതെല്ലാം തുറമുഖങ്ങളിലേയ്ക്ക് സർവ്വീസ് നടത്താനാണ് ഉദ്ദേശിക്കുന്നത്?

(എ&ബി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ആരംഭിക്കുന്നതോടുകൂടി അഴീക്കൽ, ബേപ്പൂർ, കൊല്ലം തുറമുഖങ്ങളെ ബന്ധിപ്പിച്ച് കപ്പൽ സർവ്വീസ് നടത്തുന്നതിനുള്ള സാധ്യതകൾ കേരള മാരിടൈം ബോർഡ് പരിശോധിക്കുന്നുണ്ട്. കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിലേയ്ക്ക് സർവ്വീസ് നടത്താനാണ് ഉദ്ദേശിക്കുന്നത്.

(സി) ഇതിനായി അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങൾക്ക് ISPS അംഗീകാരം ലഭിച്ചിട്ടുണ്ട്. ബേപ്പൂർ തുറമുഖത്തിന്റെ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തി പുരോഗമിച്ചുവരുന്നു. നിലവിൽ അഴീക്കൽ തുറമുഖത്തുള്ള ചന്ദ്രഗിരി ഡ്രഡ്ജർ അറ്റകുറ്റപ്പണി നടത്തി അഴീക്കൽ, വിഴിഞ്ഞം തുറമുഖങ്ങളിൽ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**വിഴിഞ്ഞം പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി**

**416 (1684)** ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്ടിൽനിന്നും കേരളത്തിലേയ്ക്ക് വലിയ വാഹനങ്ങളിൽ കരിങ്കല്ല് കൊണ്ടുവരുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണം വിഴിഞ്ഞം തുറമുഖ നിർമ്മാണത്തെ പ്രതികൂലമായി ബാധിക്കുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

തമിഴ്നാട് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണം നിലവിൽ മദ്രാസ് ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ തമിഴ്നാട്ടിൽ നിന്നും തടസ്സരഹിതമായി കരിങ്കല്ല് ലഭിക്കുന്നുണ്ട്.

(ബി) ബേക്ക് വാട്ടർ നിർമ്മാണത്തിനായി എത്ര മെട്രിക് ടൺ കല്ല് വേണ്ടിവരുമെന്നാണ് പ്രതീക്ഷിക്കുന്നത്?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ബ്രേക്ക് വാട്ടർ നിർമ്മാണത്തിനായി 69 ലക്ഷം മെട്രിക് ടൺ കരിങ്കല്ല് വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) വിഴിഞ്ഞം പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

2015 ഡിസംബർ 5-ന് നിർമ്മാണം ആരംഭിച്ച വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാം ഘട്ടം കരാർ പ്രകാരം 2019 ഡിസംബർ 3-ന് പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ കരാർ പ്രകാരമുള്ള പൂർത്തീകരണ തീയതിക്കുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കരാർ കമ്പനിക്ക് സാധിച്ചിട്ടില്ല. പദ്ധതിയുടെ നിർണ്ണായക ഘടകമായ പുലിമുട്ട് നിർമ്മാണത്തിലുണ്ടായ കാലതാമസമാണ് സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കാൻ സാധിക്കാതെ വന്നത്. കരാർ കമ്പനി നേരിട്ട് ക്വാറികൾ സ്ഥാപിച്ചും പാർട്ട്ണർഷിപ്പ് വ്യവസ്ഥയിൽ ക്വാറികൾ സ്ഥാപിച്ചും വിവിധ സർക്കാർ ഏജൻസികളെ ഏകോപിപ്പിച്ചും ആവശ്യത്തിന് കല്ല് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

പുലിമുട്ട് നിർമ്മാണത്തിന്റെയും മറ്റ് പ്രവൃത്തികളുടെയും പുരോഗതി നിരന്തരം വിലയിരുത്തി സംസ്ഥാനത്തിന്റെ വികസനത്തിനുതകത്തക്ക വിധത്തിൽ പദ്ധതി എത്രയുംവേഗം പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതിനാണ് ശ്രമിച്ചുവരുന്നത്.

**വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനുള്ള പാറ സംഭരണം**

**417 (1685)** <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി നാളിതുവരെ എത്ര ലക്ഷം ടൺ പാറ സംഭരിച്ചിട്ടുണ്ട്; എത്ര ലക്ഷം ടൺ പാറ ഉപയോഗപ്പെടുത്തിയിട്ടുണ്ട്; ഇനി എത്ര ലക്ഷം ടൺ പാറ ആവശ്യമുണ്ട്; പ്രസ്തുത പാറ കണ്ടെത്തുന്നതിനായി സർക്കാരും നിർമ്മാണ കമ്പനിയും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

പദ്ധതിക്കായി കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ കരാർ കമ്പനി സ്വന്തമായും പാർട്ട്ണർഷിപ്പ് വ്യവസ്ഥയിലും ആരംഭിച്ച ക്വാറികളിൽനിന്നും തമിഴ്നാട്ടിലെ തിരുനെൽവേലി ജില്ലയിലെ ക്വാറികളിൽ നിന്നുമാണ് പാറ സംഭരിക്കുന്നത്. വിവിധ സർക്കാർ ഏജൻസികളെ ഏകോപിപ്പിച്ചുകൊണ്ട് ആവശ്യമായ അനുമതികൾ ലഭ്യമാക്കുന്നതിനായി സർക്കാർ ആവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ട്.

(ബി) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനായി തമിഴ്നാട്ടിൽനിന്നും എത്ര ലക്ഷം ടൺ പാറ നാളിതുവരെ കൊണ്ടുവന്നിട്ടുണ്ട്; ആകെ എത്ര ടൺ പാറ കൊണ്ടുവരാനാണ് ഉദ്ദേശിച്ചിരുന്നത്; നിലവിൽ തമിഴ്നാട്ടിൽനിന്നും പാറ കൊണ്ടുവരുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിനായി 19.12 ലക്ഷം മെട്രിക് ടൺ കരിങ്കല്ല് തമിഴ്നാട്ടിൽനിന്നും നാളിതുവരെ ലഭ്യമാക്കിയിട്ടുണ്ട്. പാറ കൊണ്ടുവരുന്നതിന് തമിഴ്നാട് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണം നിലവിൽ മദ്രാസ് ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ തമിഴ്നാട്ടിൽനിന്നും തടസ്സ രഹിതമായി കരിങ്കല്ല് ഇപ്പോൾ ലഭിക്കുന്നുണ്ട്.

**അഴീക്കൽ തുറമുഖത്ത് കപ്പലുകൾക്കാവശ്യമായ ശുദ്ധജല വിതരണം**

**418 (1686)** <u>ശ്രീ. കെ. വി. സുമേഷ്</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കൽ തുറമുഖത്ത് കപ്പലുകൾക്കാവശ്യമായ ശുദ്ധജല വിതരണത്തിനായി വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് 2022-23-ലെ ബജറ്റ് വിഹിതത്തിൽ അനുവദിച്ച തുക പ്രകാരമുള്ള പ്രവൃത്തിയുടെ പുരോഗതി അറിയിക്കുമോ?

അഴീക്കൽ തുറമുഖത്ത് കപ്പലുകൾക്കാവശ്യമായ ശുദ്ധജല വിതരണത്തിനായി വാട്ടർ അതോറിറ്റിയുടെ പ്രത്യേക പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് തുക നിക്ഷേപിച്ചെങ്കിലും പണി ആരംഭിച്ചിട്ടില്ല. 2021-ൽ ജി.എസ്.ടി-യിൽ ഉണ്ടായ വർദ്ധനകാരണം എസ്റ്റിമേറ്റ് കണക്കാക്കിയപ്പോൾ അടങ്കൽ തുക 2 കോടി രൂപയിൽ കൂടുതലായതിനാലാണ് പണി ആരംഭിക്കാത്തത്. പുതുക്കിയ നിരക്കിലുള്ള പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റും പ്രൊപ്പോസലും തയ്യാറാക്കി സമർപ്പിക്കാൻ കണ്ണൂരിലെ കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(ബി) വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ആരംഭിച്ചിട്ടില്ല.

(സി) പ്രവൃത്തി വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പൊന്നാനി തുറമുഖ വികസനം**

**419 (1687)** <u>ശ്രീ. പി. നന്ദകുമാർ</u>**:** താഴെ കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച പൊന്നാനി തുറമുഖത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും അവ എത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

പൊന്നാനി തുറമുഖ വികസനവുമായി ബന്ധപ്പെട്ട് 90 കോടി രൂപയുടെ ഒരു DPR ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. പൊന്നാനി തുറമുഖത്തിന്റെ വാർഫ് നിർമ്മാണം, മറ്റ് അനുബന്ധ

പ്രോജക്റ്റുകളാണ് ഡി.പി.ആർ.-ൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. പ്രസ്തുത ഡി.പി.ആർ. പ്രകാരം ആദ്യ ഘട്ടമായ 100 മീറ്റർ വാർഫിന്റെ നിർമ്മാണത്തിനായി 20.23 കോടി രൂപയുടെ ഭരണാനുമതി നൽകുന്നതിന് ധനകാര്യ വകുപ്പിന്റെ അംഗീകാരം തേടിയിരിക്കുകയാണ്. ടി പ്രവൃത്തി സാഗർമാലയിൽ ഉൾപ്പെടുത്തി 50% കേന്ദ്ര ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന വിഷയവും പരിശോധനയിലാണ്.

**അഴീക്കൽ തുറമുഖത്തെ ഡ്രെഡ്ജിംഗ് മെറ്റീരിയൽസ് നീക്കം ചെയ്യുന്ന പ്രവൃത്തി**

**420 (1688)** <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കൽ തുറമുഖത്തെ ഡ്രെഡ്ജിംഗ് മെറ്റീരിയൽസ് നീക്കം ചെയ്യുന്ന പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ?

അഴീക്കൽ തുറമുഖത്തെ രണ്ട് ബണ്ടുകളിലായി മെക്കാനിക്കൽ ഡ്രഡ്ജിംഗിലൂടെ സമാഹരിച്ച മെറ്റീരിയൽസ് നീക്കം ചെയ്യുന്നതിന് 11-01-2019, 31-12-2021, 06-08-2022, 29-11-2022 എന്നീ തീയതികളിലായി 4 തവണ ടെൻഡർ ക്ഷണിച്ചെങ്കിലും ആരും പങ്കെടുക്കാതിരിക്കുകയോ

Single bid ആകുകയോ estimated rate-നേക്കാൾ കുറവാകുകയോ ആണ് ചെയ്തിട്ടുള്ളത്. അതിനാൽ ടെണ്ടർ നൽകാൻ കഴിഞ്ഞിട്ടില്ല. എസ്റ്റിമേറ്റ് റേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിക്ക് നാലാമത് ഇ-ടെൻഡർ വിളിച്ചതിന്റെ പുരോഗതി അറിയിക്കാമോ;

(സി) ടെൻഡർ ഓപ്പൺ ചെയ്ത് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

(ബി&സി) നാലാമത് റീടെൻഡർ വിളിച്ചതിൽ Bund 1-ലെ മണൽ വാങ്ങുന്നതിന് ആരും പങ്കെടുത്തില്ല. Bund 2-ലെ ടെൻഡറിൽ Estimate Rate 1187.15/ടൺ ആണെന്നിരിക്കെ 1st Bidder ടണ്ണിന് 605/- രൂപയാണ് ക്വാട്ട് ചെയ്തിരിക്കുന്നത്. ഇത് Estimate തുകയേക്കാൾ 49% കുറവാണ്. 2nd Bidder ടണ്ണിന് 400/- രൂപയാണ് ക്വാട്ട് ചെയ്തിരിക്കുന്നത്. ഇത് Estimate തുകയേക്കാൽ 66% കുറവാണ്. 4-ാം തവണ ടെൻഡർ വിളിച്ചിട്ടും മെറ്റീരിയലിന് Estimate Rate ലഭിക്കാത്തതിനാൽ പ്രസ്തുത വിഷയം പരിശോധിച്ചുവരികയാണ്.

(ഡി) മെറ്റീരിയൽസ് വാങ്ങുന്നതിന് ആരെങ്കിലും തയ്യാറായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ?

നാലാമത് വിളിച്ച ടെൻഡറിൽ Bund 1-ലെ മെറ്റീയൽ വാങ്ങുന്നതിന് ആരും പങ്കെടുത്തില്ല. Bund 2-ലെ മെറ്റീരിയൽ വാങ്ങുന്നതിന് **Smt.** Ramsy K. V., **Shri** Jomon John എന്നിവർ ടെൻഡറിൽ പങ്കെടുത്തിട്ടുണ്ട്. Smt. Ramsy K.V ടണ്ണിന് 605/- രൂപയാണ് ക്വാട്ട് ചെയ്തത്. ഇത് Estimate തുകയേക്കാൽ 49% കുറവാണ്. Shri Jomon John ടണ്ണിന് 400/- രൂപയാണ് ക്വാട്ട് ചെയ്തത്. ഇത് Estimate തുകയേക്കാൽ 66% കുറവാണ്.

**ജലയാനങ്ങളുടെ സുരക്ഷാ സംവിധാനങ്ങൾ പരിശോധിക്കാൻ നടപടി**

**421 (1689)** ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാരിടൈം ബോർഡ് രൂപീകരിച്ചതോടെ സംസ്ഥാനത്തെ ഉൾനാടൻ ജലഗതാഗത ബോട്ടുകളും യാനങ്ങളും രജിസ്റ്റർ ചെയ്യുന്നതിനും രജിസ്ട്രേഷൻ പുതുക്കുന്നതിനും കഴിയാതെ വരുന്ന സാഹചര്യം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

2021-ലെ കേന്ദ്ര ഉൾനാടൻ ജലഗതാഗത നിയമമനുസരിച്ച് ഉൾനാടൻ ജലയാനങ്ങളുടെ രജിസ്ട്രേഷനും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കുമായി കേരള മാരിടൈം ബോർഡിനെ ഇംപ്ലിമെന്റിംഗ് ഏജൻസിയായി നിയമിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. അതോടെ ഇപ്പോഴുള്ള തടസ്സങ്ങൾ പരിഹൃതമാകും.

(ബി) സ്പെഷ്യൽ റൂൾസുണ്ടാക്കി പി.എസ്.സി. വഴി ഉദ്യോഗസ്ഥരെ നിയമിക്കാൻ കാലതാമസമെടുക്കുന്ന സാഹചര്യത്തിൽ പകരം സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കരാർ അടിസ്ഥാനത്തിൽ സർവ്വേയർമാരെ നിയമിച്ച് കാലതാമസം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) അടിക്കടിയുണ്ടാകുന്ന ജലയാനങ്ങളുടെ അപകടങ്ങളുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ ജലാശയങ്ങളിലും കായലുകളിലും

ഉൾനാടൻ ജലാശയങ്ങളിലും സർവ്വീസ് നടത്തുന്ന ടൂറിസ്റ്റ് ബോട്ടുകൾ, ശിക്കാറുകൾ, വഞ്ചി വീട് (ഹൗസ് ബോട്ട്), യാത്രാ ബോട്ടുകൾ, ജങ്കാറുകൾ എന്നിവയിലെ സുരക്ഷാ സംവിധാനങ്ങൾ പരിശോധിക്കുന്നതിനും യാത്രക്കാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനും എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

കർശനമായ വ്യവസ്ഥകളോടെയാണ് യാനങ്ങൾക്ക് ലൈസൻസ് നൽകുന്നത്. ജലയാനങ്ങളിലെ അപകടങ്ങൾ ഒഴിവാക്കുന്നതിനായി സർവ്വേയർമാരുടെ നേതൃത്വത്തിൽ ആകസ്മിക പരിശോധനകൾ നടത്തി നിയമത്തിൽ അനുശാസിക്കുന്ന പിഴ ഈടാക്കുകയോ മറ്റ് നടപടികളോ എടുത്തുവരുന്നുണ്ട്. നിലവിൽ ഉൾനാടൻ ജലയാനങ്ങൾക്ക് രജിസ്ട്രേഷൻ നൽകുന്ന സമയങ്ങളിൽ യാനത്തിലെ യാത്രകൾക്ക് തേർഡ് പാർട്ടി ഇൻഷ്വറൻസ് ഉണ്ടെന്ന് ഉറപ്പാക്കുന്നുണ്ട്. 2021-ലെ കേന്ദ്ര ഉൾനാടൻ ജലഗതാഗത നിയമം യാനത്തിലെ ജീവനക്കാർക്കും ഇൻഷ്വറൻസ് വേണമെന്ന് അനുശാസിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട ചട്ടങ്ങൾ കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന മുറയ്ക്ക് യാത്രക്കാർക്കും ജീവനക്കാർക്കും

ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ലൈസൻസ് ഇല്ലാതെ ജലയാനങ്ങൾ**

**422 (1690)** ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം മേഖലയിൽ ലൈസൻസ് ഇല്ലാതെ നിരവധി ജലയാനങ്ങൾ പ്രവർത്തിക്കുന്നതുമൂലം അപകടങ്ങൾ ആവർത്തിക്കപ്പെടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്ത് ടൂറിസം മേഖലയിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ജലയാനങ്ങൾ കണ്ടെത്തുന്നതിന് കേരള മാരിടൈം ബോർഡ്, പോലീസ്, റവന്യൂ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പരിശോധനകൾ നടത്തുകയും അംഗീകാരമില്ലാത്ത ജലയാനങ്ങളെ

കണ്ടെത്തി ഡിറ്റൻഷൻ, പിഴയീടാക്കൽ തുടങ്ങിയ നിയമ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

(ബി) സംസ്ഥാനത്തെ ടൂറിസം മേഖലയിൽ സർക്കാർ അനുമതിയോടെ സർവ്വീസ് നടത്തുന്ന എത്ര ജലയാനങ്ങളുണ്ട്; വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ ടൂറിസം മേഖലയിൽ സർക്കാർ അനുമതിയോടെ സർവ്വീസ് നടത്തുന്ന 3180 ജലയാനങ്ങളുണ്ട്. വിശദ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(സി) സർക്കാർ അനുമതിയോടെ സർവ്വീസ് നടത്തുന്നതിനാവശ്യമായ രേഖകൾ എന്തൊക്കെയാണ്; ആയത് നേടുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

പുതിയ ബോട്ടുകൾ നിർമ്മിക്കുന്നതിന് അംഗീകൃത കൺസൾട്ടന്റ്സ് തയ്യാറാക്കി നൽകിയ ഡ്രോയിംഗ്സ്, പ്രിലിമിനറി സ്റ്റെബിലിറ്റി, നിശ്ചിത ഫീസ് എന്നിവ സഹിതം ബന്ധപ്പെട്ട പോർട്ട് ഓഫ് രജിസ്ട്രിയിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. മേൽപ്പറഞ്ഞ രേഖകൾ മാരിടൈം ബോർഡിലെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർവ്വേയർ പരിശോധിച്ചതിനുശേഷം കെ.ഐ.വി. അംഗീകാരമുള്ള യാർഡിലാണ് ബോട്ടിന്റെ നിർമ്മാണം നടത്തേണ്ടത്. ബോട്ടിന്റെ നിർമ്മാണം തുടങ്ങിയശേഷം ഹൾ നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് സർവ്വേയർ ബോട്ടിന്റെ ഹൾ സർവ്വേ നടത്തും. ഹൾ ലോഞ്ചിംഗിനുള്ള അനുമതി ലഭിച്ചതിനുശേഷമേ ബാക്കിയുള്ള നിർമ്മാണം പൂർത്തീകരിക്കാനാവുകയുള്ളൂ. തുടർന്ന് ജീവനക്കാരുടെ സർട്ടിഫിക്കറ്റുകൾ, ബോട്ടിൽ ആവശ്യമുള്ള ജീവൻ രക്ഷാ ഉപകരണങ്ങൾ, അഗ്നിശമന ഉപകരണങ്ങൾ തുടങ്ങിയവയും ബോട്ടിന്റെ കണ്ടീഷനും നേരിൽ പരിശോധിച്ച് സർവ്വേയർ സർവ്വേ (ഫിറ്റ്നസ്) സർട്ടിഫിക്കറ്റ് നൽകും. സർവ്വേ സർട്ടിഫിക്കറ്റ് ഉപയോഗിച്ച് ഇൻഷ്വറൻസ് സർട്ടിഫിക്കറ്റും മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റും എടുത്തതിനുശേഷം ഇവയുടെ പകർപ്പ്, ഡിക്ലറേഷൻ ഓഫ് ഓണർഷിപ്പ്, നിശ്ചിത ഫീസ് എന്നിവ സഹിതം രജിസ്ട്രേഷനുവേണ്ടി മാരിടൈം ബോർഡിൽ അപേക്ഷിക്കണം. അപേക്ഷയും അനുബന്ധ രേഖകളും

പരിശോധിച്ച് യാനങ്ങളുടെ രജിസ്റ്ററിംഗ് അതോറിറ്റിയാണ് ബോട്ടിന് രജിസ്ട്രേഷൻ നൽകുന്നത്.

(ഡി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആവശ്യമായ രേഖകളില്ലാതെയും മാനദണ്ഡങ്ങൾ ലംഘിച്ചും സർവ്വീസ് നടത്തുന്ന ജലയാനങ്ങളെ കണ്ടെത്തുന്നതിനായി എത്ര പരിശോധനകൾ നടത്തിയിട്ടുണ്ട്; ഏതൊക്കെ ഏജൻസികൾ ചേർന്നാണ് പരിശോധനകൾ നടത്തിയിട്ടുള്ളത്; എത്ര ജലയാനങ്ങൾ മാനദണ്ഡങ്ങൾ ലംഘിച്ചതായി കണ്ടെത്തിയിട്ടുണ്ട്; വിശദമാക്കാമോ?

കൊല്ലത്ത് നടത്തിയ 8 പരിശോധനകളിൽ 31 ജല യാനങ്ങളും വിഴിഞ്ഞത്ത് നടത്തിയ പരിശോധനയിൽ 2 ജലയാനങ്ങളും മാനദണ്ഡങ്ങൾ ലംഘിച്ചതായി കണ്ടെത്തി പിഴ ഈടാക്കിയിട്ടുണ്ട്.

ആലപ്പുഴ പോർട്ട് ഓഫ് രജിസ്ട്രിയിൽ വിവിധ തീയതികളിലായി 17 ഇൻസ്പെക്ഷനുകൾ നടത്തിയിട്ടുണ്ട്. കെ.ഐ.വി. മാനദണ്ഡങ്ങൾ പാലിക്കാത്തതായി കണ്ടെത്തിയ 135 ജലയാനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. കേരള മാരിടൈം ബോർഡും പോലീസ് വകുപ്പും

ചേർന്നാണ് സംയുക്തമായി പരിശോധനകൾ നടത്തുന്നത്. ഇൻസ്പെക്ഷൻ വിംഗ് രൂപീകൃതമായതിനുശേഷം കൊടുങ്ങല്ലൂർ പോർട്ട് ഓഫ് രജിസ്ട്രിയുടെ കീഴിൽ 3 പരിശോധനകൾ നടത്തിയിട്ടുണ്ട്. അതുപ്രകാരം 4 ബോട്ടുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പോലീസ് വകുപ്പ് കൊടുങ്ങല്ലൂർ പോർട്ട് ഓഫ് രജിസ്ട്രിയുടെ പരിധിയിൽ പരിശോധനകൾ നടത്തിവരുന്നുണ്ട്. ബേപ്പൂർ പോർട്ടോഫീസിന്റെ പരിധിയിൽ എട്ട് ടൂറിസ്റ്റ് പോയിന്റുകളിൽ പരിശോധനകൾ നടത്തിയിട്ടുണ്ട്. പോർട്ട്, പോലീസ്, തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ പ്രതിനിധികൾ ഫയർ ഫോഴ്സ്, റവന്യൂ എന്നീ ഏജൻസികൾ ചേർന്നാണ് പരിശോധന നടത്തിയത്. രണ്ട് ജലയാനങ്ങൾ മാനദണ്ഡം ലംഘിച്ചതായി കണ്ടെത്തിയിട്ടുണ്ട്. തുറയൂർ പഞ്ചായത്തിനുകീഴിൽ പ്രവർത്തിക്കുന്ന മറീന സോളാർ ക്രൂയിസ് എന്ന ബോട്ടിന് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റില്ലാത്തതിനാൽ പ്രവർത്തനം നിർത്തിവയ്പ്പിച്ചു. ബേപ്പൂർ ചാലിയം ജങ്കാർ സർവ്വീസ് നടത്തുന്ന കൊച്ചിൻ സർവ്വീസ് - III എന്ന ജങ്കാറിന് ആവശ്യമായ ഫിറ്റ്നസ് ഇല്ലാത്തതിനാൽ സ്റ്റോപ്പ് മെമ്മോ നൽകി.

അഴീക്കൽ പോർട്ടോഫീസിന്റെ പരിധിയിൽ പറശ്ശിനിക്കടവ്, കണ്ണൂർ, തലശ്ശേരി, മാഹി, മോന്താൽ എന്നീ പ്രദേശങ്ങളും കാസർഗോഡ് ജില്ലയിലെ കോട്ടപ്പുറം, അച്ചാംതുരുത്തി എന്നീ പ്രദേശങ്ങളിലും പരിശോധനകൾ നടത്തിയിട്ടുണ്ട്. 17 ജലയാനങ്ങൾ മാനദണ്ഡങ്ങൾ ലംഘിച്ച് സർവ്വീസ് നടത്തുന്നതായി കണ്ടെത്തി. 5,58,300/- രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്.

**മ്യൂസിയങ്ങളുടെ ആധുനികവത്കരണം**

**423 (1691)** <u>ശ്രീമതി ശാന്തകുമാരി കെ.:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മ്യൂസിയങ്ങളുടെ ആധുനികവത്കരണത്തിനും നവീകരണത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുരാവസ്തു, പുരാരേഖാ, മ്യൂസിയം വകുപ്പുകളുടെ കീഴിലുള്ള മ്യൂസിയങ്ങളുടെ

ആധുനികവൽക്കരണവും നവീകരണവും ലക്ഷ്യമിട്ട് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ആയവ ചുവടെ ചേർക്കുന്നു.

**പുരാവസ്തു വകുപ്പ്**

1. കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയത്തിന്റെ സമഗ്ര നവീകരണ പുനഃസജ്ജീകരണ പ്രവർത്തനങ്ങൾ 3,37,41,000/- രൂപ അടങ്കലിൽ 2022 ജൂലൈ മാസം വകുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്.

2. മലപ്പുറം ജില്ലാ പൈതൃക മ്യൂസിയത്തിന്റെ സജ്ജീകരണ പ്രവർത്തനങ്ങൾക്കായി മ്യൂസിയം സജ്ജീകരിക്കാൻ ഉദ്ദേശിക്കുന്ന തിരൂരങ്ങാടി പഴയ ഹജ്ജൂർ കച്ചേരി നിർമ്മിതിയുടെ സമഗ്ര സംരക്ഷണ പ്രവൃത്തികൾ പൂർത്തീകരിക്കുകയുണ്ടായി. മ്യൂസിയം സജ്ജീകരണത്തിനായുള്ള വിശദമായ പദ്ധതി രൂപരേഖ തയാറാക്കി മ്യൂസിയം സജ്ജീകരണ പ്രവൃത്തികൾ നോഡൽ ഏജൻസിയായ കേരളം മ്യൂസിയം മുഖേന ആരംഭിച്ചിട്ടുണ്ട്.

3. സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും തിരുവിതാംകൂർ പട്ടാള ആസ്ഥാന മന്ദിരത്തിൽ നിലകൊള്ളുന്നതുമായ നിയമസഭാ സുവർണ്ണ

ജൂബിലി മ്യൂസിയം നിർമ്മിതിയുടെ സംരക്ഷണ പ്രവൃത്തികൾ 2022 ഒക്ടോബർ മാസം പുരാവസ്തു വകുപ്പ് പൂർത്തിയാക്കിയിരുന്നു.

4. വകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും നിലവിൽ ഒരു മ്യൂസിയം പ്രവർത്തിച്ചുവരുന്നതുമായ കണ്ണൂർ അറയ്ക്കൽ കെട്ടിന്റെ അടിയന്തിര സംരക്ഷണ പ്രവൃത്തികൾ 2022 ആഗസ്റ്റ് മാസം വകുപ്പ് പൂർത്തിയാക്കുകയുണ്ടായി.

5. തക്കല പത്മനാഭപുരം കൊട്ടാര വളപ്പിലെ മ്യൂസിയം കെട്ടിടങ്ങളുടെ സംരക്ഷണ ജോലികൾ വകുപ്പ് 2022 സെപ്റ്റംബറിൽ പൂർത്തിയാക്കുകയുണ്ടായി. മ്യൂസിയം നവീന രീതിയിൽ പുനഃസജ്ജികരിക്കുന്ന പ്രവൃത്തികൾ നിലവിൽ നടന്നുവരുന്നു.

6. തൃശ്ശൂർ ശക്തൻ തമ്പുരാൻ കൊട്ടാരം മ്യൂസിയം നവീന രീതിയിൽ പുനഃസജ്ജീകരിക്കുന്ന പ്രവൃത്തികൾ നിലവിൽ നടന്നുവരുന്നു.

7. ഇടുക്കി ജില്ല പൈതൃക മ്യൂസിയം നവീന രീതിയിൽ സജ്ജീകരിച്ച് പൊതുജനങ്ങൾക്ക് തുറന്നു നൽകി.

8. പാലക്കാട് ജില്ല പൈതൃക മ്യൂസിയം നവീന രീതിയിൽ സജ്ജീകരിച്ച് പൊതുജനങ്ങൾക്ക് തുറന്നുനൽകി.

9. പയ്യന്നൂർ ഗാന്ധി സ്മൃതി മ്യൂസിയത്തിന്റെ സജ്ജീകരണ പ്രവൃത്തികൾ പൂർത്തീകരിക്കുകയും പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുകയും ചെയ്തിട്ടുള്ളതാണ്.

10. കണ്ണൂർ കണ്ടോന്താർ പഴയ ട്രാൻസിറ്റ് ജയിലിൽ പ്രാദേശിക ചരിത്ര മ്യൂസിയം സജ്ജീകരിച്ച് പൊതുജനങ്ങൾക്ക് തുറന്നുനൽകി.

11. കണ്ണൂർ ചെമ്പന്തൊട്ടിയിൽ സജ്ജീകരിക്കുന്ന ബിഷപ്പ് വള്ളോപ്പിള്ളി സ്മാരക കുടിയേറ്റ മ്യൂസിയത്തിന്റെ സജ്ജീകരണ പ്രവൃത്തികൾ മ്യൂസിയം സജ്ജീകരണ നോഡൽ ഏജൻസിയായ കേരളം മ്യൂസിയം മുഖേന പുരോഗമിച്ചുവരുന്നു.

12. എറണാകുളം ജില്ല പൈതൃക മ്യൂസിയത്തിന്റെ നവീകരണ പുനഃസജ്ജീകരണ പ്രവൃത്തികൾ പൂർത്തീകരിക്കുകയും പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുകയും ചെയ്തിട്ടുള്ളതാണ്.

**പുരാരേഖാ വകുപ്പ്**

1. <u>താളിയോല രേഖാ മ്യൂസിയം സജ്ജീകരണം:-</u> സംസ്ഥാന ആർക്കൈവ്സ് വകുപ്പിൽ സൂക്ഷിച്ചിട്ടുള്ള അമൂല്യങ്ങളായ താളിയോല രേഖകളെക്കുറിച്ചും അതിൽ പ്രതിപാദിക്കുന്ന കേരള ചരിത്രത്തെക്കുറിച്ചുമുള്ള വിവരങ്ങൾ പൊതുജനങ്ങളിൽ എത്തിക്കുന്നതിലേയ്ക്കായി വകുപ്പിന്റെ മേഖലാ ഓഫീസായ തിരുവനന്തപുരം സെൻട്രൽ ആർക്കൈവ്സിൽ താളിയോല രേഖാ മ്യൂസിയം സജ്ജീകരിച്ച് 2022 ഡിസംബർ 22-ന് പൊതുജനങ്ങൾക്ക് തുറന്നുനൽകി.

2. <u>ആർക്കൈവൽ ഗ്യാലറി, കുയിലിമല, പൈനാവ്, ഇടുക്കി:</u> സംസ്ഥാന ആർക്കൈവ്സ് വകുപ്പിന്റെ ഹെറിറ്റേജ് സെന്ററുകളിൽ ഒന്നായ ഇടുക്കി ജില്ലാ ഹെറിറ്റേജ് സെന്ററിൽ ചരിത്രരേഖകൾ പ്രദർശിപ്പിച്ചുകൊണ്ടുള്ള ഒരു ആർക്കൈവൽ ഗ്യാലറി സജ്ജീകരിച്ചിട്ടുണ്ട്. ടി ആർക്കൈവൽ ഗ്യാലറിയുടെ ഉദ്ഘാടനം 2022 സെപ്റ്റംബർ 19-ന് പുരാവസ്തു പുരാരേഖാ മ്യൂസിയം വകുപ്പുമന്ത്രി നിർവ്വഹിക്കുകയുണ്ടായി.

**മ്യൂസിയം മൃഗശാലാ വകുപ്പ്**

1) <u>തിരുവനന്തപുരം നേപ്പിയർ മ്യൂസിയം:</u> നേപ്പിയർ മ്യൂസിയത്തിന്റെ സമ്പൂർണ്ണമായ നവീകരണ പ്രവൃത്തികൾ നടത്തുന്നതിന് സർക്കാർ നോഡൽ ഏജൻസിയായ M/s. കേരളം ചരിത്ര പൈതൃക മ്യൂസിയം മുഖേന തയ്യാറാക്കിയ 127314215/- രൂപയുടെ DPR-ന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. അപ്രകാരം നവീകരണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

2) <u>തിരുവനന്തപുരം - നാച്വറൽ ഹിസ്റ്ററി മ്യൂസിയം:</u> മ്യൂസിയം മൃഗശാലാ വകുപ്പിന്റെ തിരുവനന്തപുരം ഡയറക്ടറേറ്റിൽ 1964-ൽ സ്ഥാപിതമായ നാച്വറൽ ഹിസ്റ്ററി മ്യൂസിയത്തിന്റെ സമ്പൂർണ്ണ നവീകരണം ലക്ഷ്യമിട്ട് അന്താരാഷ്ട്ര നിലവാരത്തിൽ നവീകരണ പ്രവൃത്തികൾ പൂർത്തിയാക്കി. 07-01-2021-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മ്യൂസിയത്തിന്റെ ഉദ്ഘാടനം നടത്തി നാടിന് സമർപ്പിച്ചു.

3) <u>തിരുവനന്തപുരം - ശ്രീചിത്ര ആർട്ട് ഗ്യാലറിയുടെ നവീകരണം:</u> ശ്രീചിത്ര ആർട്ട് ഗ്യാലറി വിശ്വപ്രസിദ്ധനായ ചിത്രകാരൻ രാജാ രവിവർമ്മയുടെയും റഷ്യൻ ചിത്രകാരന്മാരായ നിക്കോളാസ് റോറിച്ച്, സ്വറ്റ്

സ്ളോവിക് റോറിച്ച് എന്നിവരുടെയും മറ്റ് നിരവധി പ്രശസ്തരായ ചിത്രകാരൻമാരുടെയും പെയിന്റിംഗുകളാൽ അലംകൃതമാണ്. ടി ആർട്ട് ഗ്യാലറി കെട്ടിടം ലോകോത്തര നിലവാരത്തിൽ നവീകരിക്കുന്നതിന് പുരാവസ്തു വകുപ്പ് മുഖേന കെട്ടിടത്തിന്റെ സംരക്ഷണ പ്രവൃത്തികൾ നടത്തുകയുണ്ടായി. തുടർന്ന് ആധുനിക രീതിയിൽ പ്രദർശന സംവിധാനം സജ്ജമാക്കുന്നതിനായി ടി ആർട്ട് ഗ്യാലറി കെട്ടിടത്തിന് സമീപം പുതിയതായി രാജാരവിവർമ്മ ആർട്ട് ഗ്യാലറി കെട്ടിടം നിർമ്മിക്കുകയും അപ്രകാരം 40 വർഷമായുള്ള ചിത്രകാരന്മാരുടെയും ചരിത്രകാരന്മാരുടെയും ചിരകാല സ്വപ്നം 2023 വർഷത്തിൽ സാക്ഷാത്കരിക്കുന്ന അവസാനഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരികയുമാണ്.

4) <u>തിരുവനന്തപുരം ശ്രീചിത്ര എൻക്ലേവ്:</u> മ്യൂസിയം മൃഗശാലാ വകുപ്പ് ഡയറക്ടറേറ്റിലെ ശ്രീചിത്ര എൻക്ലേവ് കെട്ടിടത്തിന്റെ സമ്പൂർണ്ണമായ സംരക്ഷണ പ്രവൃത്തികൾ പുരാവസ്തു വകുപ്പ് മുഖേന നിർവ്വഹിച്ചു. കൂടാതെ ടി മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിട്ടുള്ള തിരുവിതാംകൂർ മഹാരാജാവ് ഉപയോഗിച്ചിരുന്ന വസ്തുക്കളുടെ സംരക്ഷണ പ്രവൃത്തികൾ നടന്നുവരുന്നു. ടി

എൻക്ലേവ് മ്യൂസിയത്തിന്റെ പ്രധാന ആകർഷണമായ ചുമർ ചിത്രത്തിന്റെ (മ്യൂറൽ പെയിന്റിംഗ്) പുനരുദ്ധാരണ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് ആറൻമുള വാസ്തുവിദ്യാ ഗുരുകുലത്തിലെ വിദഗ്ധരെക്കൊണ്ട് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ഭരണാനുമതി തേടുന്നതിനുള്ള നടപടികൾ മ്യൂസിയം ഡയറക്ടർ സ്വീകരിച്ചുവരുന്നു.

5. തൃശ്ശൂർ സംസ്ഥാന മ്യൂസിയം മൃഗശാല: മ്യൂസിയം മൃഗശാലാ വകുപ്പിന്റെ അനുബന്ധ സ്ഥാപനമായ തൃശ്ശൂർ സംസ്ഥാന മ്യൂസിയം മൃഗശാലയിലെ ആർട്ട് മ്യൂസിയത്തിന്റെ സമ്പൂർണ്ണമായ പുനരുദ്ധാരണ പ്രവൃത്തികൾ സംസ്ഥാന സർക്കാർ പൊതുമേഖലാ സ്ഥാപനമായ M/s. നിർമ്മിതി കേന്ദ്ര മുഖേന നടത്തി പൊതുജനങ്ങൾക്കായി സമർപ്പിച്ചു. തുടർന്ന് രണ്ടാം ഘട്ടമായി മൾട്ടി പർപ്പസ്സ് മ്യൂസിയം കെട്ടിടത്തിന്റെ സമ്പൂർണ്ണമായ പുനരുദ്ധാരണ പ്രവൃത്തികൾ സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിട വിഭാഗം മുഖേന ദ്രുതഗതിയിൽ നടന്നുവരുന്നു.

6. കോഴിക്കോട് ആർട്ട് ഗ്യാലറി & കൃഷ്ണമേനോൻ മ്യൂസിയം: കോഴിക്കോട് ആർട്ട് ഗ്യാലറി & കൃഷ്ണമേനോൻ മ്യൂസിയം കെട്ടിടത്തിന്റെ

സമ്പൂർണ്ണമായ സംരക്ഷണ പ്രവൃത്തികൾ മുന്നിൽക്കണ്ട് നിലവിൽ പുരാവസ്തു വകുപ്പ് മുഖേന സംരക്ഷണ പ്രവൃത്തികൾ ദ്രുതഗതിയിൽ നടത്തിവരുന്നു.

7) <u>വയനാട് - കുങ്കിച്ചിറ പൈതൃക മ്യൂസിയം:</u> മ്യൂസിയം മൃഗശാലാ വകുപ്പിന് കീഴിൽ വയനാട് ജില്ലയിലെ കുങ്കിച്ചിറയിൽ ഒന്നാം ഘട്ടമായി പൂർത്തീകരിച്ച പൈതൃക മ്യൂസിയത്തിന്റെ സജ്ജീകരണ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. 2023 സെപ്തംബർ മാസത്തിൽ എല്ലാ നവീകരണ പ്രവൃത്തികളും പൂർത്തീകരിച്ച് നാടിന് സമർപ്പിക്കും.

8) <u>കണ്ണൂരിൽ പുതുതായി കൈത്തറി മ്യൂസിയം സ്ഥാപിക്കൽ:</u> മ്യൂസിയം മൃഗശാലാ വകുപ്പിന് കീഴിൽ ഉത്തര മലബാറിന്റെ പരമ്പരാഗതമായ കൈത്തറി തറികളുടെയും ഖാദി വസ്തുക്കളുടെയും നേർക്കാഴ്ച ഒരുക്കിക്കൊണ്ടുള്ള പുതിയ കൈത്തറി മ്യൂസിയം കണ്ണൂർ പയ്യാമ്പലം ടൗണിൽ സ്ഥാപിച്ച് 16-05-2023-ൽ ഉദ്ഘാടനം നടത്തി നാടിന് സമർപ്പിച്ചു.

മ്യൂസിയം മൃഗശാലാ വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലുള്ള മ്യൂസിയങ്ങൾ ആധുനികവൽക്കരിച്ചതിന്റെ ഭാഗമായി ടി മ്യൂസിയങ്ങൾ സന്ദർശിക്കുന്ന

ഭിന്നശേഷിക്കാരായ സന്ദർശകർക്ക് ഭൗതിക സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി മ്യൂസിയങ്ങളിൽ സ്പെഷ്യൽ ടോയ്‌ലറ്റുകൾ, റാമ്പുകൾ, വാഹന പാർക്കിംഗ് സംവിധാനം, ലിഫ്റ്റ് മൊബൈൽ ആപ്പ് സംവിധാനം എന്നിവ സജ്ജമാക്കുകയും അത് ഉപയോഗപ്രദമായ രീതിയിൽ ഉപയോഗിച്ചുവരികയും ചെയ്യുന്നു.

(ബി) പുരാരേഖകൾ ചരിത്ര ഗവേഷണങ്ങൾക്കുകൂടി പ്രയോജനപ്പെടുത്തുന്ന രീതിയിൽ വിദ്യാർഥികൾക്കും അധ്യാപകർക്കും ചരിത്ര ഗവേഷകർക്കുമൊക്കെ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

പുരാരേഖാ വകുപ്പിലെ ചരിത്രരേഖകൾ ഗവേഷകർക്ക് പ്രയോജനപ്പെടുത്തുന്നതിനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസ് ഒടുക്കി ഗവേഷണാനുമതി നേടുന്നതിനും രേഖകളുടെ പകർപ്പ് കൈപ്പറ്റുന്നതിനും സൗകര്യമൊരുക്കിയിട്ടുണ്ട്. ഓൺലൈൻ മുഖേന ഗവേഷണാനുമതി നേടുന്നതിനുള്ള സൗകര്യവും വകുപ്പ് ഇപ്പോൾ ഒരുക്കിയിട്ടുണ്ട്.

**കോന്നി ആനക്കൂട്ടിൽ മ്യൂസിയം നിർമ്മാണം**

**424 (1692)** <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി ആനക്കൂട്ടിൽ പുരാവസ്തു വകുപ്പ് അനുവദിച്ച മ്യൂസിയത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതിയും മ്യൂസിയം എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കുമോ?

കോന്നിയിൽ ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിനായി വനം വകുപ്പിന്റെ കൈവശമുള്ള കെട്ടിടം പുരാവസ്തു വകുപ്പിന് കൈമാറുന്നതിന് വനം വകുപ്പ് താൽപ്പര്യം അറിയിച്ചെങ്കിലും ധാരണാപത്രം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അംഗീകരിച്ച് നൽകിയിട്ടില്ല. പ്രസ്തുത കെട്ടിടം നാഷണൽ മെഡിസിനൽ പ്ലാന്റ്സ് ബോർഡിന്റെ കീഴിലുള്ള പദ്ധതിപ്രകാരം അനുവദിച്ച തുകയിൽനിന്നും നിർമ്മിച്ചതായതിനാൽ കേന്ദ്ര സർക്കാരിന്റെ അനുമതിയില്ലാതെ പുരാവസ്തു വകുപ്പിന് കൈമാറാൻ സാധ്യമല്ലെന്ന് 03-05-2023-ൽ സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ്

കൺസർവേറ്റർ പുരാവസ്തു വകുപ്പ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. മേൽ വിഷയത്തിൽ അനന്തര നടപടികൾ സ്വീകരിച്ചുവരികയാണ്.

**മലപ്പുറം ജില്ലയിലെ പൈതൃക മ്യൂസിയം**

**425 (1693)** ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലപ്പുറം ജില്ലയിലെ പൈതൃക മ്യൂസിയങ്ങൾ വികസിപ്പിക്കുന്നതിനായി സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

തിരൂരങ്ങാടിയിൽ പഴയ താലൂക്ക് ഓഫീസ് പ്രവർത്തിച്ചിരുന്ന ഹജൂർ കച്ചേരി മന്ദിരത്തിലാണ് മലപ്പുറം ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നത്. ഇതിന്റെ ഭാഗമായി ടി സ്മാരകത്തിന്റെ ഘടനാ സംരക്ഷണ പ്രവൃത്തികൾ പൂർത്തിയാക്കി. തുടർന്ന് ടി സ്മാരകത്തിൽ മ്യൂസിയം സജ്ജീകരിക്കുന്നതിലേയ്ക്ക് 3.89 കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മ്യൂസിയം

സജ്ജീകരണത്തിന് ആവശ്യമായ ഷോക്കേസുകൾ, പാനലുകൾ, ഡിജിറ്റൽ ഉപകരണങ്ങൾ, ശബ്ദ-വെളിച്ച വിതാനങ്ങൾ തുടങ്ങിയവയും പ്രദർശന വസ്തുക്കളെക്കുറിച്ചുള്ള പഠനത്തിനും ക്യൂറേറ്റോറിയൽ നോട്ട് തയ്യാറാക്കൽ, മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടെ പൂർണ്ണമായ തോതിലുള്ള ഒരു മ്യൂസിയം സജ്ജീകരിച്ച് പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുന്നതിനാണ് ഡി.പി.ആർ.-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. മ്യൂസിയം സജ്ജീകരണം നിർവ്വഹിക്കുന്ന സർക്കാർ നോഡൽ ഏജൻസിയായ ഇന്ററാക്ടീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരള (കേരളം മ്യൂസിയം)യുമായി പുരാവസ്തു വകുപ്പ് ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുകയും മ്യൂസിയം സജ്ജീകരണ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**പുരാതന കിണർ സംരക്ഷിക്കുന്നതിന് നടപടി**

**426 (1694)** <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിൽ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിലെ അഞ്ചാംപരത്തി ദേശത്ത് അടുത്തിടെ കുഴിയെടുത്തപ്പോൾ കണ്ടെത്തിയ പുരാതനകാലത്ത് നിർമ്മിക്കപ്പെട്ടതാണെന്ന് കരുതപ്പെടുന്ന കിണറിനെക്കുറിച്ചുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കിണറിനെ മുസിരിസ് പ്രോജക്ടുമായി ബന്ധപ്പെടുത്തി സംരക്ഷിക്കുന്നതിന് പദ്ധതിയുണ്ടോ;

(ബി) കിണറിന്റെ പഴക്കവും പ്രാധാന്യവും മനസ്സിലാക്കുന്നതിന് ശാസ്ത്രീയമായ ചരിത്ര പഠനം നടത്താൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(എ&ബി) തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം മണ്ഡലത്തിൽ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിലെ അഞ്ചാംപരത്തി ദേശത്ത് അടുത്തിടെ കുഴിയെടുത്തപ്പോൾ കണ്ടെത്തിയ പുരാതന കാലത്ത് നിർമ്മിക്കപ്പെട്ടതാണെന്ന് കരുതുന്ന കിണറും അതുനിൽക്കുന്ന സ്ഥലവും പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള തൃപ്പൂണിത്തുറ ഹിൽപ്പാലസ് മ്യൂസിയം

ചാർജ്ജ് ഓഫീസറും മറ്റ് ഉദ്യോഗസ്ഥരും സന്ദർശിക്കുകയും പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. ഇവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രീയ തുടർ പഠനങ്ങളുടെ സാധ്യത പരിശോധിച്ച് പുരാവസ്തു വകുപ്പ് തുടർനടപടി സ്വീകരിക്കുന്നതാണ്. അതിനുശേഷം മുസിരിസ് പ്രോജക്ടുമായി ബന്ധപ്പെടുത്തിയുള്ള സംരക്ഷണകാര്യം പരിശോധിക്കുന്നതാണ്.

**പത്മനാഭപുരം കൊട്ടാരത്തിന്റെയും പുരാവസ്തു മ്യൂസിയത്തിന്റെയും വികസനം**

**427 (1695)** ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്മനാഭപുരം കൊട്ടാരത്തിന്റെയും പുരാവസ്തു മ്യൂസിയത്തിന്റെയും വികസന പ്രവർത്തനങ്ങൾക്കായി പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

കേരള പുരാവസ്തുവകുപ്പിന്റെ അധീനതയിലുള്ള തക്കല പത്മനാഭപുരം കൊട്ടാരത്തിന്റെ ഗ്യാലറികളുടെ പുനഃസജ്ജീകരണത്തിനുള്ള പദ്ധതിക്ക്

ഭരണാനുമതി നൽകിയിട്ടുണ്ട്. ഗ്യാലറി സജ്ജീകരണ പ്രവൃത്തികൾ സർക്കാർ നോഡൽ ഏജൻസിയായ ഇന്ററാക്ടീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരള (കേരളം മ്യൂസിയം) ആണ് നടത്തുന്നത്. ടി പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) പ്രസ്തുത ചരിത്ര നിർമ്മിതിയിലേയ്ക്ക് എത്തുന്ന റോഡുകളുടെ വികസനത്തിന് നടപടികൾ സ്വീകരിക്കുമോ; സന്ദർശകർക്ക് ഗുണകരമാവുന്ന രീതിയിൽ ആവശ്യമായ അടിസ്ഥാന ഗതാഗത സംവിധാനം ഉറപ്പുവരുത്തുന്നതിന് തമിഴ്നാട് സർക്കാരുമായി ധാരണയുണ്ടാക്കുമോ?

തമിഴ്നാട്ടിലെ ടി റോഡുകളുടെ നവീകരണവും വികസന പ്രവർത്തനങ്ങളും തമിഴ്നാട് സർക്കാരിനുമാത്രമേ നിർവ്വഹിക്കാൻ സാധിക്കുകയുള്ളൂ. പുരാവസ്തു വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ സാധ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**പുരാതന ദാരുശില്പങ്ങളുടെയും കൊത്തുപണികളുടെയും സംരക്ഷണം**

**428 (1696)** <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഏതൊക്കെ ആരാധനാലയങ്ങളിൽ പുരാവസ്തു-പുരാരേഖ വകുപ്പ് നടത്തിയ പഠനങ്ങളിൽ കാലപ്പഴക്കമുള്ള പുരാവസ്തുക്കളും പുരാരേഖകളും കണ്ടെത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) അവ സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി) കാസർഗോഡ് ജില്ലയിലെ അനന്തപുരം ക്ഷേത്രം അതിന്റെ ചരിത്രപരവും പുരാവസ്തുപരവും കലാപരവുമായ സവിശേഷതകൾ കണക്കിലെടുത്ത് പുരാവസ്തു വകുപ്പിന്റെ ഒരു സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചിട്ടുണ്ട്. പൂർണ്ണമായും വെള്ളത്താൽ ചുറ്റപ്പെട്ട ക്ഷേത്രത്തിലെ ചുവർ ചിത്രങ്ങളും ശിലാലിഖിതങ്ങളും ഇതിന്റെ പ്രത്യേകതയാണ്.

സമയാസമയങ്ങളിൽ സംരക്ഷിത സ്മാരകത്തിന്റെ സംരക്ഷണ ജോലികൾ നടത്തിവരുന്നു.

കാസർഗോഡ് ജില്ലയിലെ കല്ല്യോട്ട് ശ്രീഭഗവതി ക്ഷേത്രത്തിൽ സൂക്ഷിച്ചിരുന്ന താളിയോലകളും ഗ്രന്ഥങ്ങളും പുരാരേഖാ വകുപ്പിന് കൈമാറിയിട്ടുണ്ട്. പ്രസ്തുത രേഖകൾ വകുപ്പിലെ മാനുസ്ക്രിപ്റ്റ് ട്രാൻസ്‌ലേറ്റർമാരുടെ സഹായത്തോടെ മൊഴിമാറ്റം നടത്തി പകർത്തിയെഴുതി സൂക്ഷിക്കുന്നുണ്ട്.

(സി) മടിയൻ ക്ഷേത്രപാലക ക്ഷേത്രത്തിലെ പുരാതന ദാരുശില്പങ്ങളും കൊത്തുപണികളും സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കാസർഗോഡ് ജില്ലയിലെ മടിയൻകുലോം ക്ഷേത്ര പാലക ക്ഷേത്രം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിനായി കരട് വിജ്ഞാപനം സർക്കാരിൽ ലഭിച്ചിരുന്നു. എന്നാൽ ജില്ലാ കളക്ടർ നൽകിയ സർവ്വെ നമ്പരിലെ വ്യത്യാസം കാരണം ഇക്കാര്യത്തിൽ വ്യക്തത വരുത്തി പ്രാഥമിക വിജ്ഞാപനത്തിന്റെ കരട് സമർപ്പിക്കുന്നതിന്

പുരാവസ്തു വകുപ്പ് ഡയറക്ടറോട് നിർദ്ദേശിച്ചിട്ടുണ്ട്. അത് ലഭിച്ചാൽ മാത്രമേ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച് തുടർനടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

**കണ്ണൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ**

**429 (1697)** <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ മണ്ഡലത്തിൽ പുരാവസ്തു-പുരാരേഖ വകുപ്പിനുകീഴിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) അതിൽ നിർമ്മാണം പൂർത്തീകരിച്ച പ്രവൃത്തികളും നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

(എ&ബി) കണ്ണൂർ മണ്ഡലത്തിൽപ്പെടുന്നതും പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതുമായ അറയ്ക്കൽ

കൊട്ടാരത്തിന്റെ സംരക്ഷണ പ്രവൃത്തികൾ 2022-23 സാമ്പത്തിക വർഷത്തിലും കണ്ണൂർ പയ്യാമ്പലം വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിന്റെ സംരക്ഷണ പ്രവൃത്തികൾ 2023-24 സാമ്പത്തിക വർഷത്തിലും പുരാവസ്തു വകുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്. കണ്ണൂർ മണ്ഡലത്തിൽപ്പെട്ട പയ്യാമ്പലത്ത് മുരിക്കഞ്ചേരി കേളുവിന് സ്മാരകം പണിയുന്നതിലേയ്ക്ക് ജില്ലാ നിർമ്മിതി കേന്ദ്രത്തിന് വിശദമായ ഒരു പദ്ധതി രൂപരേഖ തയ്യാറാക്കി നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്മാരകം നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്നതിന് കണ്ണൂർ II വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പുരാരേഖാ വകുപ്പിനുകീഴിൽ കണ്ണൂർ മണ്ഡലത്തിൽ പ്രവർത്തിക്കുന്ന സയൻസ് പാർക്കിനോട് ചേർന്ന് ജില്ലാ പൈതൃക കേന്ദ്രത്തിന്റെ പ്രദർശനശാല പ്രവർത്തിച്ചുവരുന്നു. കേരള സംസ്കാരത്തെക്കുറിച്ചും കണ്ണൂർ ജില്ലയെ സംബന്ധിക്കുന്നതുമായ രേഖകളാണ് ഇവിടെ പ്രദർശിപ്പിച്ചിരിക്കുന്നത്. അത്യപൂർവ്വമായ മുളക്കരണം, താളിയോലകൾ, ഗ്രന്ഥങ്ങൾ എന്നിവ ഇവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്.

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1405-ന്റെ ഉത്തരം ലഭ്യമായിട്ടില്ല.]

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

*********